# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

2017 മേയ് 11, വ്യാഴം

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 166 - നമ്പർ 11

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

2017 മേയ് 11, വ്യാഴം

സ്പീക്കർ
**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. വി. ശശി**

സെക്രട്ടറി
**ശ്രീ. വി. കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ
**ശ്രീമതി കെ. ചാന്ദ്നി റാണി**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

98/2020.

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. മാത്യൂ ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. തോമസ് ചാണ്ടി |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


*പേജ്*

**I. ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ .. 1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ .. 29

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 29
(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 71

**II. ഗവർണറുടെ സന്ദേശം**

2014-ലെ കേരള മാരിടൈം ബോർഡ് ബിൽ മടക്കി
അയച്ചത് സംബന്ധിച്ച് .. 350

**III. അടിയന്തരപ്രമേയം**

പകർച്ചവ്യാധി നിയന്ത്രണം .. 354
(അവതരണാനുമതി നിഷേധിച്ചു)

**IV. ശ്രദ്ധ ക്ഷണിക്കൽ**

(1) ജലസംരക്ഷണ പദ്ധതികൾ
—ശ്രീ. കെ. ബി. ഗണേഷ് കുമാർ .. 375

(2) കൊച്ചി വാട്ടർ മെട്രോ
—ശ്രീ. ഹൈബി ഈഡൻ .. 382

**V. സബ്മിഷൻ**

1. കമ്മിറ്റി പ്രാതിനിധ്യം
—ശ്രീ. പി. ടി. തോമസ് .. 384

2. ജീവൻരക്ഷാ ഉപകരണങ്ങൾ അനുവദിക്കൽ
—ശ്രീമതി സി . കെ. ആശ .. 386

3. ബേക്കൽ ടൂറിസം
—ശ്രീ. കെ. കുഞ്ഞിരാമൻ .. 387

4. സീരിയലുകളുടെ നിലവാരം
—ശ്രീ. കെ. വി. അബ്ദുൾ ഖാദർ .. 390

*പേജ്*

5. ബൈപ്പാസിന് ഭരണാനുമതി
—ശ്രീ. റോജി എം. ജോൺ .. 391

6. ചികിത്സാപ്പിഴവുമൂലമുള്ള മരണം
—ശ്രീ. കെ. എം. ഷാജി .. 393

7. കെ. എസ്. ടി. പി. റോഡ് നിർമ്മാണം
—ശ്രീ രാജു എബ്രഹാം .. 396

8. മുൻഗണനാ ലിസ്റ്റ്
—ശ്രീ. എ. എൻ. ഷംസീർ .. 398

9. സ്റ്റേഡിയത്തിന്റെ നവീകരണം
—ശ്രീ. കെ. എം. മാണി .. 399

10. കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഭരണസമിതി
—ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ .. 400

**VI. മേശപ്പുറത്തുവച്ച കടലാസുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകൾ .. 403

**VII. റിപ്പോർട്ട് സമർപ്പണം**

(1) കാര്യോപദേശക സമിതിയുടെ ഏഴാമത് റിപ്പോർട്ട് .. 410

(2) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ ഏഴാമത് റിപ്പോർട്ട് .. 410

**VIII. റിപ്പോർട്ട് പരിഗണന**

കാര്യോപദേശക സമിതിയുടെ ഏഴാമത് റിപ്പോർട്ട് .. 410

**IX. ധനകാര്യം**

2017-18 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും .. 410

**X. അനുബന്ധം** .. 528

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

*2017 മേയ് 11, വ്യാഴം*

വാല്യം 166] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 11

നിയമസഭ 2017 മേയ് മാസം 11-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ...... ഓർഡർ...... ചോദ്യം നമ്പർ *331

ശ്രീ. സണ്ണി ജോസഫ് : സർ, വൈദ്യുതി വകുപ്പുമന്ത്രിയുടെ സ്ത്രീവിരുദ്ധ പരാമർശങ്ങളിൽ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തിക്കൊണ്ട് ഞങ്ങൾ ചോദ്യം ചോദിക്കുന്നില്ല.

ശ്രീ. ഹൈബി ഈഡൻ: സർ, മന്ത്രിയുടെ സ്ത്രീവിരുദ്ധ പരാമർശത്തിൽ പ്രതിഷേധിച്ച് ഞങ്ങൾ മന്ത്രിയെ ബഹിഷ്കരിക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ ചോദ്യം ഞങ്ങൾ ബഹിഷ്കരിക്കുകയാണ്.

ശ്രീ. അൻവർ സാദത്ത് : സർ, ചോദ്യം ചോദിക്കുന്നില്ല.

(വൈദ്യുതി വകുപ്പുമായി ബന്ധപ്പെട്ട ചോദ്യം ബഹിഷ്കരിക്കുന്നതായി ചോദ്യകർത്താക്കൾ അറിയിച്ചതിനാൽ നക്ഷത്രചിഹ്നമിട്ട 331-ാം നമ്പർ ചോദ്യം സഭയിൽ എടുത്തില്ല.)

മി. സ്പീക്കർ : ചോദ്യം നമ്പർ * 332

## നിർമ്മാണ മേഖലയിലെ പ്രതിസന്ധി

1 (*332) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അയൽ സംസ്ഥാനങ്ങളെ അപേക്ഷിച്ച് കെട്ടിട നിർമ്മാണ സാമഗ്രികളുടെ വില കൂടുന്നത് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതുമൂലം നിർമ്മാണ മേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ: സർ,

(എ) കെട്ടിട നിർമ്മാണ സാമഗ്രികളുടെ വില കൂടുന്നത് വിലയിരുത്തിയിട്ടുണ്ട്. എല്ലാവിധ ഖനന പ്രവർത്തനങ്ങൾക്കും പാരിസ്ഥിതിക അനുമതി നിർബന്ധമാക്കിക്കൊണ്ട് കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥാ മന്ത്രാലയത്തിന്റെ വിജ്ഞാപനവും ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഉത്തരവും പുറപ്പെടുവിച്ചതിനെത്തുടർന്ന് കേരളത്തിലെ രണ്ടായിരത്തിലധികം വരുന്ന ചെറുകിട കരിങ്കൽ ക്വാറികൾ പ്രവർത്തനം നിർത്തിവയ്ക്കേണ്ട സാഹചര്യം സംജാതമായതിനെത്തുടർന്ന് കരിങ്കല്ലിന്റെ ഉൽപ്പാദനം കുറഞ്ഞിട്ടുണ്ട്. നിലവിൽ പാരിസ്ഥിതികാനുമതി തേടിയിട്ടുള്ള ക്വാറികൾക്കാണ് അനുമതി നൽകിവരുന്നത്. കരിങ്കല്ലിന്റെ ഉൽപ്പാദനം കുറഞ്ഞ സാഹചര്യത്തിൽ കരിങ്കല്ലിനും മെറ്റലിനും എം.-സാൻഡിനും വില വർദ്ധിച്ചിട്ടുള്ളതായി അറിയാൻ സാധിച്ചിട്ടുണ്ട്. ഓരോ ജില്ലയിലെയും വില വ്യത്യസ്തമാണ്. സിമന്റിന്റെ ശരാശരി വില 2017 ഏപ്രിൽ മാസം 50 കിലോഗ്രാമിന്റെ പേപ്പർ ബാഗിന് RAMCO, Sankar, Chettinad, ACC എന്നീ ബ്രാൻഡുകൾക്ക് യഥാക്രമം 411.83, 411.25, 400.93, 419.33 രൂപയായിരുന്നു (state average). മലബാർ സിമന്റ്സിന്റെ പരമാവധി ചില്ലറ വില 405 രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. എന്നാൽ demonitisation-നെത്തുടർന്ന് സിമന്റിന്റെ പരമാവധി വില കുറഞ്ഞിരുന്നു. 29-7-2016, 10-5-2017 തീയതികളിൽ ഉൽപ്പാദകരുടെയും ഡീലർമാരുടെയും യോഗം വിളിച്ച് സിമന്റ് വില വർദ്ധിക്കുന്നത് നിയന്ത്രിക്കുന്നതിനെ സംബന്ധിച്ച് ചർച്ച ചെയ്തിരുന്നു. ഉയർന്ന ക്വാളിറ്റി ഇഷ്ടികയുടെ വില 2015-16-ൽ 10000 എണ്ണത്തിന് 8,162 രൂപ (state average) ആയിരുന്നു. സ്റ്റീലിന്റെ വില കിലോഗ്രാമിന് 2017 ഏപ്രിലിൽ 8 mm, 10mm, 16 mm-ന് യഥാക്രമം 45.36, 45.15, 45.29 രൂപയായിരുന്നു.

(ബി) ഖനന, നിർമ്മാണ മേഖലയിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 28-12-2016, 28-3-2017 എന്നീ തീയതികളിലും വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 13-12-2016-ലും ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 21-3-2017-ലും യോഗം കൂടി പ്രശ്നങ്ങൾ വിലയിരുത്തിയിട്ടുണ്ട്. നിർമ്മാണ മേഖലയ്ക്കാവശ്യമായ ഉൽപ്പന്നങ്ങളുടെ ലഭ്യതയ്ക്കായി ഖനനവുമായി ബന്ധപ്പെട്ട പാരിസ്ഥിതികാനുമതി നൽകുന്നതിന് ജില്ലാ കളക്ടർ ചെയർമാനായി എൻവയോൺമെന്റ് ഇംപാക്ട് അസസ്മെന്റ് അതോറിറ്റികൾ നിലവിൽ വന്നിട്ടുണ്ട്. ഇങ്ങനെ പാരിസ്ഥിതികാനുമതി ദ്രുതഗതിയിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. വിവിധ ജില്ലകളിലെ ഡാമുകളിൽനിന്നും സാങ്കേതിക മാനദണ്ഡമനുസരിച്ച് നീക്കം ചെയ്യാവുന്ന മണൽ നിയമപ്രകാരം അനുവദനീയമായ രീതിയിൽ സംഭരിച്ച് വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, കെട്ടിട നിർമ്മാണത്തിൽ പ്രത്യേകിച്ച് ഭവന നിർമ്മാണത്തിൽ 'ലൈഫ്' പദ്ധതിയിലൂടെ വലിയ കുതിച്ചുചാട്ടം നടത്താനൊരുങ്ങുകയാണ് കേരള സർക്കാർ. എന്നാൽ നിർമ്മാണ സാമഗ്രികളുടെ അനിയന്ത്രിതമായ വിലവർദ്ധനവ് വലിയ പ്രശ്നം സൃഷ്ടിക്കുന്നു. സിമന്റിന് യഥാർത്ഥ വില 150 മുതൽ 200 രൂപ വരെ ആയിരിക്കെ പ്രമുഖ കമ്പനികൾ 410 മുതൽ 430 രൂപ വരെ ഈടാക്കുകയാണ്. ഈ കൊള്ള അവസാനിപ്പിക്കാൻ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; മലബാർ സിമന്റിന്റെ ലഭ്യത കൂട്ടുവാനുള്ള സർക്കാരിന്റെ ഇടപെടൽ സംബന്ധിച്ച് വിശദീകരിക്കാമോ?

ശ്രീ. എ. സി. മൊയ്തീൻ : സർ, സിമന്റ് ഉൽപ്പാദകർ പ്രധാനമായുള്ളത് കേരളത്തിന് പുറത്താണ്. ആന്ധ്രാപ്രദേശിലെയും തമിഴ്നാട്ടിലെയും സിമെന്റ് കമ്പനികളാണ് പ്രധാനമായും കേരള മാർക്കറ്റിൽ സിമന്റ് എത്തിക്കുന്നത്. മലബാർ സിമന്റിന്റെ മാർക്കറ്റ് ഷെയർ 7 ശതമാനത്തിൽ താഴെയാണ്. സിമെന്റ് കമ്പനികളുടെ കാർട്ടലാണ് ഇന്ത്യയിലെ സിമന്റിന്റെ വില നിശ്ചയിക്കുന്നത്. കേരളം നല്ല മാർക്കറ്റാണ്. ഞാൻ നേരത്തെ മറുപടിയിൽ പറഞ്ഞു, ഡീമോണിറ്റൈസേഷന്റെ ഭാഗമായി സിമന്റിന്റെ വില അൽപ്പം കുറഞ്ഞതാണ്. ഉൽപ്പാദനച്ചെലവിൽ വർദ്ധനവുണ്ടായിട്ടില്ല; യാതൊരു കാരണവുമില്ലാതെയാണ് ഇങ്ങനെ വില വർദ്ധിപ്പിച്ചിട്ടുള്ളത്. ഇന്നലെ സിമന്റ് കമ്പനിക്കാരുടെയും ഡീലർമാരുടെയും യോഗം വിളിച്ചുചേർത്തിരുന്നു. സർക്കാർ വളരെ ശക്തമായി ഇക്കാര്യത്തിൽ ഇടപെടുമെന്ന് സൂചിപ്പിച്ചതിനെത്തുടർന്ന് അവർ വില കുറയ്ക്കുന്ന കാര്യം ആലോചിക്കാമെന്ന് സമ്മതിച്ചിട്ടുണ്ട്. ഇടക്കാലത്ത് മലബാർ സിമന്റ് പ്രശ്നത്തിലായിരുന്നു. നമുക്കാവശ്യമായ ലാറ്ററൈറ്റ് കിട്ടാനില്ലാത്തതിന്റെ പ്രശ്നം,

കേസുകൾ, അതിനെത്തുടർന്നുണ്ടായ പ്രതിസന്ധി എന്നിവ തരണം ചെയ്തതിന്റെ ഫലമായി മലബാർ സിമെന്റിന്റെ ഉൽപ്പാദനം പ്രതിദിനം 1300 ടൺ ആയിട്ടുണ്ട്. അത് 2000 ടൺ ആക്കി വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ചേർത്തലയിലെ പ്ലാന്റിലും അതുപോലെതന്നെ കോട്ടയത്തെ ട്രാവൻകൂർ സിമന്റ്സിലും ഗ്രേവ് സിമന്റ് വൻതോതിൽ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യാനും മാർക്കറ്റിൽ നല്ലതുപോലെ ഇടപെടാനും മലബാർ സിമന്റ്സിന്റെ പരിശ്രമം തുടരുകയാണ്.

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u> : സർ, നിയമാനുസൃതമായി നദികളിൽ നിന്നെടുക്കുന്ന മണൽ പ്രാദേശികവാസികൾക്ക് ലഭ്യമാകുന്നില്ല. ഇത് പലപ്പോഴും സംഘർഷത്തിനിടയാക്കുന്നു. കോട്ടപ്പുറത്ത് അഴീക്കോട് നിന്ന് എടുക്കുന്ന മണൽ കോഴിക്കോട്ടേക്കാണ് മണൽ മാഫിയ ഉൾപ്പെടെ കൊണ്ടുപോകുന്നത്. തദ്ദേശവാസികൾക്ക് മണൽ സുതാര്യമായി ലഭിക്കുന്നതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് വിശദീകരിക്കാമോ?

<u>ശ്രീ. എ. സി. മൊയ്തീൻ</u> : സർ, മണൽ ലഭ്യതയുടെ കാര്യത്തിൽ വലിയ പ്രശ്നമുണ്ട്. മണൽ ഖനനം ചെയ്യുന്നതിന് നിയമാനുസൃതമുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കണം. ഭാരതപ്പുഴയിൽ മണലുണ്ട്. വാട്ടർ ലെവലിനേക്കാൾ മുകളിൽ കൂനയായി കിടക്കുന്ന മണലെടുക്കാം. പക്ഷെ അവിടെ സാൻഡ് ഓഡിറ്റ് ഇതുവരെ നടന്നിട്ടില്ല. റവന്യൂ വകുപ്പ് സാൻഡ് ഓഡിറ്റിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. അങ്ങനെ ലഭ്യമാകുന്ന മണൽ പൊതുമേഖലയിൽ സംഭരിച്ച് മിതയായ വിലയ്ക്ക് ലഭ്യമാക്കാൻ കഴിയുന്ന നടപടികളെക്കുറിച്ച് സർക്കാർ ആലോചിക്കുകയാണ്.

<u>ശ്രീ. എൽദോ എബ്രഹാം</u> : സർ, ശങ്കർ, രാംകോ, എ.സി.സി., ചെട്ടിനാട്, അൾട്രാടെക് എന്നീ കമ്പനികളുടെ സിമന്റുകൾ യഥാക്രമം നാഗർകോവിൽ, മധുര, കോയമ്പത്തൂർ എന്നിവിടങ്ങളിലാണ് ഉൽപ്പാദിപ്പിക്കുന്നത്. ഇത്തരം കമ്പനികളുടെ പരസ്പര മത്സരം ഒഴിവാക്കാൻ, നേരത്തെ ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ, അവരുടെ കാർട്ടൽ ഫോർമേഷനുണ്ട്. യഥേഷ്ടം സിമന്റിന്റെ വില വർദ്ധിപ്പിക്കാൻ ഇവർ തുടങ്ങുമ്പോൾ ഇതിനെ തടയിടാനും പരാതിപ്പെടാനും സർക്കാർ തയ്യാറാകുമോ; പാകിസ്ഥാൻ ഉൾപ്പെടെയുള്ള രാജ്യങ്ങളിൽനിന്ന് കൊച്ചിൻ പോർട്ടിലേയ്ക്ക് സിമന്റ് ഹോൾസെയിൽ ട്രേഡർമാർ ഇറക്കുമതി ചെയ്യുന്നുണ്ട്. അങ്ങനെ ഇറക്കുമതി ചെയ്യപ്പെടുന്ന സിമന്റിന്റെ വിലയുടെയും നിലവാരത്തിന്റെയും കാര്യത്തിൽ ആദ്യം സൂചിപ്പിച്ച സിമന്റിന്റെ കുത്തകകളായ കമ്പനികളുടെയും കൊച്ചിൻ പോർട്ടിലേയ്ക്ക് ഇറക്കുമതി ചെയ്യപ്പെടുന്ന സിമന്റിന്റെയും വിലയിൽ ഏകദേശം 60 രൂപയുടെ വ്യത്യാസമുണ്ടെന്നാണ് പറയപ്പെടുന്നത്. അങ്ങനെയെങ്കിൽ

പാകിസ്ഥാൻ, ടർക്കി ഉൾപ്പെടെയുള്ള രാജ്യങ്ങളിൽനിന്ന് കൊച്ചിയിൽ ഇറക്കുമതി ചെയ്യപ്പെടുന്ന ഹോൾസെയിൽ ട്രേഡർമാരെ പ്രോത്സാഹിപ്പിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, മറുപടിയിൽ ഇക്കാര്യം സൂചിപ്പിച്ചതാണ്. സിമന്റ് ഉൽപ്പാദകർ പരസ്പരം യോജിച്ചാണ് വിലയുടെമേലുള്ള നിയന്ത്രണം ഏർപ്പെടുത്തുന്നത്. അതിന്റെ ഭാഗമായാണ് ഉൽപ്പാദനച്ചെലവിൽ യാതൊരു വർദ്ധനയുമില്ലാതെ അന്യായമായി ഇപ്പോൾ വർദ്ധിപ്പിച്ച വില തുടർന്നു പോകാനാവില്ലെന്ന് ആ കമ്പനികളെ വിളിച്ച് സർക്കാർ ഇന്നലെ വ്യക്തമാക്കിയത്. അവർ പൊതുവെ അവരുടേതായ ന്യായങ്ങളൊക്കെ നിരത്തിയെങ്കിലും അതിനനുകൂലമായ സമീപനം സ്വീകരിച്ചിട്ടുണ്ട്. കേരളത്തിൽ ലൈഫ് പോലുള്ള പദ്ധതികൾ വരുമ്പോൾ നിർമ്മാണ പ്രവർത്തനങ്ങൾക്ക് വേഗത കൂടും. കിഫ്ബിയുമായി ബന്ധപ്പെട്ട പദ്ധതികൾ വരുമ്പോൾ സിമന്റിന്റെയും മറ്റ് നിർമ്മാണ സാമഗ്രികളുടെയും ആവശ്യം വർദ്ധിക്കുകയാണ്. ഈ കാര്യത്തിൽ സർക്കാർ അതിശക്തമായ ഇടപെടൽ നടത്താനാണുദ്ദേശിക്കുന്നത്. ഇപ്പോൾ പാകിസ്ഥാനിൽനിന്ന് ഉൾപ്പെടെ സിമന്റ് വരുന്നുണ്ട്. ഇവിടെ വന്ന് ഫ്ലൈ ആഷുംകൂടി മിക്സ് ചെയ്തു കൊടുക്കുന്ന സ്ഥിതിയാണുള്ളത്. കൊച്ചിൻ പോർട്ടിൽ മലബാർ സിമന്റ്സിന് 7 ഏക്കർ സ്ഥലമുണ്ട്. അവിടെ ഇറക്കുമതി ചെയ്ത ക്ലിംഗർ ഉപയോഗിച്ച് ഇതുപോലെ ഫ്ലൈ ആഷും ചേർത്ത് സിമന്റ് ഉൽപ്പാദിപ്പിച്ച് മാർക്കറ്റിലെ മലബാർ സിമന്റ്സിന്റെ ഷെയർ വർദ്ധിപ്പിക്കാനും വില നിയന്ത്രിക്കാനുമുള്ള പരിശ്രമങ്ങൾ സർക്കാർ തുടരും.

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, കുറച്ചുമാസങ്ങൾക്കുമുമ്പ് ചെന്നൈയിൽ ഒരു വലിയ ചുഴലിക്കാറ്റ് വീശിയപ്പോൾ അവിടത്തെ വ്യാവസായിക പാർക്കുകൾ, ഐ.ടി. പാർക്കുകൾ തുടങ്ങിയവയുടെ സ്ട്രക്ച്ചറുകൾ തകർന്നതും അതോടൊപ്പം ഗ്ലാസ്സ് ഫസാഡൊക്കെ പറന്നുപോയതും ടി.വി.യിൽ ചർച്ചയായതാണ്. നമ്മുടെ നാട്ടിൽ പുതിയതായി നിർമ്മിക്കുന്ന ഐ.ടി. പാർക്കുകളിലും മറ്റ് വ്യാവസായിക സമുച്ചയങ്ങളിലും ഇതുപോലെ പ്രകൃതി ദുരന്തങ്ങൾ വരികയാണെങ്കിൽ അതിന് സംരക്ഷണം ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, ഇത്തരത്തിലൊരു പ്രത്യേക സ്ഥിതിവിശേഷം ചൂണ്ടിക്കാണിച്ചത് സർക്കാർ പരിശോധിക്കും. കേരളത്തിൽ സ്വീകരിക്കാൻ കഴിയുന്ന സുരക്ഷാ നടപടികൾ അക്കാര്യത്തിൽ സ്വീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, നിർമ്മാണ പ്രവർത്തനങ്ങൾക്ക് വേണ്ടിവരുന്ന ക്വാറി ഉൽപ്പന്നങ്ങൾക്ക് വില നിശ്ചയിക്കുന്നത് ക്വാറി ഉടമകൾ തന്നെയാണ്. അത് തോന്നിയതുപോലെ നിശ്ചയിച്ചുകൊണ്ടിരിക്കുകയാണ്. ജില്ലാ കളക്ടർ ലെവലിൽ ഒരു മീറ്റിംഗ് വിളിച്ചുകൂട്ടി ഇതിന്റെ ന്യായമായ വില നിശ്ചയിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. എ. സി. മൊയ്തീൻ : സർ, കരിങ്കൽ ക്വാറികളുടെ കാര്യത്തിൽ ഇടക്കാലത്തുണ്ടായ സുപ്രീം കോടതി വിധിയും മറ്റുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഞാൻ നേരത്തെ മറുപടിയിൽ പറഞ്ഞു. അതിന്റെ ഭാഗമായി ലഭ്യതയുടെ കുറവുണ്ടായപ്പോൾ സ്വാഭാവികമായും നിലവിലുള്ള വൻകിട ഉൽപ്പാദകർ യാതൊരു ന്യായീകരണവുമില്ലാതെ വില വർദ്ധിപ്പിച്ചിട്ടുണ്ട്. ആ കാര്യത്തിൽ സർക്കാർ ഇടപെടും. ഉൽപ്പാദനച്ചെലവുമായി യാതൊരു ബന്ധവുമില്ലാതെയാണ് പലപ്പോഴും ഡിമാന്റ് അനുസരിച്ച് വില വർദ്ധിപ്പിക്കുന്നത്. ആ കാര്യത്തിൽ ജില്ലാതലത്തിലും സംസ്ഥാന സർക്കാർ ഇടപെട്ടുകൊണ്ട് ആവശ്യമായ ക്രമീകരണമുണ്ടാക്കും.

ശ്രീ. കെ. ഡി. പ്രസേനൻ : സർ, ഇവിടെ 'ലൈഫ്' പോലുള്ള പദ്ധതികൾ സർക്കാർ പ്രഖ്യാപിച്ചു. ലക്ഷക്കണക്കിന് പാവപ്പെട്ടവർക്ക് വീട് പണിതുകൊടുക്കാൻ പോവുകയാണ്. ഈ സന്ദർഭത്തിൽ നിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് വ്യവസായ വകുപ്പോ പൊതുമേഖലാ സ്ഥാപനങ്ങളുടെ നേതൃത്വത്തിലോ പുറമ്പോക്കുകൾ അല്ലെങ്കിൽ ലീസിന് തരാൻ സന്നദ്ധരാകുന്ന സ്വകാര്യ വ്യക്തികളുടെ സ്ഥലങ്ങൾ ഏറ്റെടുത്ത് കരിങ്കൽ ക്വാറികളും മണൽ ഖനനവും നടത്താൻ തയ്യാറാകുമോ; അതല്ലെങ്കിൽ മറ്റുപല സംസ്ഥാനത്തും ഉപയോഗിച്ചുവരുന്ന ബദൽ നിർമ്മാണ സാമഗ്രികൾ പൊതുമേഖലകളിൽ നിർമ്മിക്കാൻ സന്നദ്ധമാകുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, കേരളത്തിന്റെ സാഹചര്യത്തിൽ ഉൽപ്പാദിപ്പിക്കാൻ കഴിയുന്ന ബദൽ നിർമ്മാണ സാമഗ്രികളുടെ സാദ്ധ്യതകളെ സംബന്ധിച്ച് സർക്കാർ പരിശോധിച്ചുവരികയാണ്. ഖനനം പൊതുമേഖല യിലാക്കുന്നതിനുള്ള ആലോചനകളെക്കുറിച്ച് നേരത്തേ പറഞ്ഞിട്ടുണ്ട്. മണലിന്റെ കാര്യത്തിൽ നേരത്തേ ഒരു ചോദ്യത്തിന് മറുപടിയായി ഞാൻ വ്യക്തമാക്കുകയുണ്ടായി. എന്നാൽ കരിങ്കൽ ക്വാറികൾ സ്വകാര്യ വ്യക്തികളുടേതുൾപ്പെടെയുള്ള സ്ഥലത്താണുള്ളത്. അതിന്റെ ഭാഗമായുള്ള പ്രശ്നങ്ങൾ അതുമായി ബന്ധപ്പെട്ടുണ്ട്. സുപ്രീംകോടതി വിധിയുടെ ഭാഗമായി ഏത് ഖനനം നടക്കണമെങ്കിലും 5 ഹെക്ടറിന് താഴെയുള്ളതിന് പാരിസ്ഥിതികാനുമതി വേണം. പാരിസ്ഥിതികാനുമതി ലളിതമാക്കാനും 5 ഹെക്ടറിന് താഴെയുള്ള ഭൂമിയ്ക്ക് വൻതോതിൽ നിശ്ചയിച്ചിരുന്ന

ഫീസ് കുറയ്ക്കാനുമൊക്കെയുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരികയാണ്. കേരളത്തിൽ ഇത്തരം ഉൽപ്പന്നങ്ങൾ ലഭ്യമാകുന്ന ക്വാറികളുണ്ടാകുമ്പോൾ സ്വാഭാവികമായും വിലയുടെ കാര്യത്തിൽ കുറവുണ്ടാവുകയും അതുപോലെ കേരളത്തിന്റെ ആവശ്യകതയ്ക്കനുസരിച്ച് ഉൽപ്പാദിപ്പിക്കാൻ കഴിയുമെന്നുമാണ് കരുതുന്നത്.

ശ്രീ. മുരളി പെരുനെല്ലി: സർ, കെട്ടിട നിർമ്മാണ രംഗത്ത് സിമന്റ് പോലെതന്നെ വളരെ പ്രധാനപ്പെട്ട ഒരു ഘടകമാണ് വാർക്ക കമ്പി. വാർക്ക കമ്പി എന്നു കേൾക്കുമ്പോൾ ബഹളം വയ്ക്കരുത്. വാർക്ക കമ്പിയുടെ നിർമ്മാണത്തിൽ ദോഷവശങ്ങളുണ്ട്. ഗുണമുള്ള കമ്പികളല്ല പലപ്പോഴും മാർക്കറ്റിൽ വരുന്നതെന്ന വാർത്ത സമീപ ദിവസങ്ങളിൽ ദിനപ്പത്രങ്ങളിൽ വരികയുണ്ടായി. അതുകൊണ്ട് കെട്ടിട നിർമ്മാണത്തിലെ വളരെ പ്രധാനപ്പെട്ട ഘടകമായ വാർക്ക കമ്പിയുടെ ഗുണനിലവാരം ഉറപ്പാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, നിർമ്മാണ മേഖലയിൽ സർക്കാർ ഉപയോഗിക്കുന്ന സംവിധാനങ്ങൾക്കെല്ലാം ഗുണമേന്മ ഉറപ്പാക്കാനുള്ള നടപടികൾ ബന്ധപ്പെട്ട വകുപ്പുകൾ സ്വീകരിക്കുന്നുണ്ട്. ഈ മേഖലയിൽ സ്ക്രാപ്പ് കമ്പിയാക്കി കൊണ്ടുവരുന്നത് സംബന്ധിച്ചുള്ള പ്രശ്നങ്ങളുണ്ട്. കേന്ദ്ര സർക്കാർ നിലപാടിന്റെ ഭാഗമായി സ്റ്റീലിന് അൽപ്പം വിലക്കുറവുണ്ടായിട്ടുണ്ട്. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് കമ്പിയുടെ വില 50 രൂപയിൽ നിന്ന് 45 രൂപയിലേയ്ക്ക് ചുരുങ്ങിയിട്ടുണ്ട്. ഗുണനിലവാരത്തിന്റെ കാര്യത്തിൽ കർശനമായ പരിശോധന നടത്താനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. റ്റി. വി. രാജേഷ് : സർ, നമ്മുടെ സംസ്ഥാനത്ത് അസംസ്കൃത വസ്തുക്കളുടെ കടുത്ത ദൗർലഭ്യം കാരണം നിർമ്മാണ മേഖല വലിയ പ്രതിസന്ധിയിലാണ്. ജില്ലാ തലത്തിലുള്ള അപേക്ഷകൾ പലതും കെട്ടിക്കിടക്കുകയാണ്. ഒരു അപേക്ഷ ലഭിച്ചുകഴിഞ്ഞാൽ എത്ര ദിവസത്തിനുള്ളിൽ തീർപ്പ് കൽപ്പിക്കാൻ കഴിയും? അതുപോലെ കോടിക്കണക്കിന് പദ്ധതികളാണ് പ്രഖ്യാപിച്ചിട്ടുള്ളത്. നമ്മുടെ ഹൈവേ ആറുവരിയാക്കാൻ പോകുകയാണ്. അതുപോലെ കിഫ്ബിയിൽ റോഡുകളും പാലങ്ങളും ഉൾപ്പെടെ നിരവധി പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. എന്നാൽ കേരളത്തിന്റെ ഏറ്റവും വലിയ പ്രശ്നം ഇതിനാവശ്യമായ മെറ്റീരിയൽ ലഭ്യമല്ല എന്നുള്ളതാണ്. ഇതിന് എന്താണ് പരിഹാരം; ഖനനം പൊതുമേഖല യിലാക്കിയതുകൊണ്ടുമാത്രം ഈ ദൗർലഭ്യം നമുക്ക് പരിഹരിക്കാൻ കഴിയില്ല. ഇതിനുള്ള ബദൽ എന്താണ്; അത് സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടന്നിട്ടുണ്ടോ, സർക്കാർ ഇതുമായി ബന്ധപ്പെട്ട് ഭാവിയിൽ എന്ത് ചെയ്യാനാണുദ്ദേശിക്കുന്നത്?

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, കേരളത്തിൽ ഖനന മേഖലയിലുണ്ടായ പ്രതിസന്ധിയെക്കുറിച്ച് ഞാൻ സൂചിപ്പിച്ചു. കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെയും സുപ്രീംകോടതി വിധിയുടെയും ഭാഗമായി 2000-ത്തിലധികം കരിങ്കൽ ക്വാറികളുടെ പ്രവർത്തനം നിലച്ചിട്ടുണ്ട്. ഇവ നിയമവിധേയമായി പ്രവർത്തിപ്പിക്കാനുള്ള നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത്. ഇതിനുള്ള അപേക്ഷാ ഫോറം ലഘൂകരിക്കാനും അവർക്കാവശ്യമായ സഹായങ്ങൾ നൽകാനും ജില്ലാതല സമിതികളിൽ ഈ അപേക്ഷ വളരെ പെട്ടെന്ന് തീർപ്പാക്കാനുമുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. എന്നാൽ ചെറുകിട ക്വാറി ഉടമകൾ ഈ കാര്യത്തോട് വേണ്ടത്ര വേഗതയിൽ പ്രതികരിക്കുന്നില്ല. നിയമവിധേയമായി ക്വാറികൾ പ്രവർത്തിപ്പിക്കാൻ കഴിയുന്ന രീതിയിൽ എല്ലാ ജില്ലകളിലും ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ ക്വാറി ഉടമകളുടെ യോഗം ചേർന്ന് വളരെ പെട്ടെന്ന് അപേക്ഷ സമർപ്പിക്കാൻ ലളിതമായ രീതിയിലുള്ള ഫോമുകൾ തയ്യാറാക്കി. കേരളത്തിൽ 2000-ത്തോളം ക്വാറികൾ പ്രവർത്തിക്കുന്നിടത്ത് 284 അപേക്ഷകളാണ് വന്നിട്ടുള്ളത്. മറ്റൊരു കാര്യം എല്ലാ പ്രദേശത്തും നിയമവിധേയമായി പ്രവർത്തിക്കുന്നവയ്ക്ക് എതിരായി പ്രക്ഷോഭങ്ങളും വരുന്നുണ്ട്. ഇത്തരം വിരോധാഭാസം നിലനിൽക്കുന്നുണ്ട്. ക്വാറികളുടെ നിയമവിധേയമായിട്ടുള്ള പ്രവർത്തനം സർക്കാർ ഉറപ്പുവരുത്തണം. അത് ചെങ്കൽ ഉൾപ്പെടെയുള്ള മേഖലയിലുണ്ട്. അതിന് മൈനിംഗ് പ്ലാന്റ് വേണ്ട എന്നു മാത്രമേയുള്ളൂ. പക്ഷേ പാരിസ്ഥിതികാനുമതി ഉണ്ടായിരിക്കണം. ഇവയെ നിയമവിധേയമായി പ്രവർത്തിപ്പിക്കാൻ വളരെ വേഗത്തിലുള്ള നടപടികളാണ് സ്വീകരിക്കുന്നത്. ക്വാറി നടത്തുന്ന ചെറുകിടക്കാർ ഉൾപ്പെടെയുള്ളവർ നിയമവിധേയമായി അപേക്ഷ സമർപ്പിച്ചാൽ വളരെ വേഗത്തിൽ നടപടിക്രമങ്ങൾ പൂർത്തീകരിക്കാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, നമ്മുടെ നിർമ്മാണ മേഖലയിൽ വിഘാതമായി നിൽക്കുന്നത് അങ്ങയുടെ കീഴിലുള്ള മൈനിംഗ് ആൻഡ് ജിയോളജി ഡിപ്പാർട്ട്മെന്റാണ്. അങ്ങ് പറഞ്ഞ പല പ്രശ്നങ്ങളും ഇവിടെ നിലനിൽക്കുന്നുണ്ട്. ആ പ്രശ്നങ്ങൾക്ക് പരിഹാര മാർഗ്ഗവുമുണ്ട്. കാരണം ജില്ലാ കളക്ടർമാർക്ക് അനുമതി നൽകാനുള്ള അധികാരം നൽകിക്കൊണ്ടുള്ള ഉത്തരവുണ്ട്. മൈനിംഗ് ആൻഡ് ജിയോളജി ഡിപ്പാർട്ട്മെന്റ് യഥാർത്ഥത്തിൽ കൺസ്ട്രക്ഷനെ എതിർക്കുകയാണ്. എന്നാൽ ന്യായമായ രൂപത്തിലുള്ള കൺസ്ട്രക്ഷന് കൂട്ടുനിൽക്കുന്നുമില്ല. അതുകൊണ്ട് മൈനിംഗ് ആൻഡ് ജിയോളജി ഡിപ്പാർട്ട്മെന്റിൽ നടന്നുകൊണ്ടിരിക്കുന്ന ഇതുപോലുള്ള നടപടികൾ നിയന്ത്രിക്കുന്നതിനുവേണ്ടി അങ്ങ് സത്വരമായി ഇടപെടുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, അങ്ങ് സൂചിപ്പിച്ച കാര്യം ഏതെങ്കിലും പ്രത്യേക കേസിനെക്കുറിച്ചുള്ളതാണെങ്കിൽ അത് പ്രത്യേകം പരിശോധിക്കാം. മൈനിംഗ് ആൻഡ് ജിയോളജി ഡിപ്പാർട്ട്മെന്റ് നിയമവിധേയമല്ലാത്ത ഒരു കാര്യത്തിലും ഇടപെടുന്നില്ല. നിയമവിധേയമായ കാര്യങ്ങളിൽ ജനങ്ങൾക്ക് ദ്രോഹകരമല്ലാത്ത നിലപാടുകൾ സ്വീകരിക്കുന്ന ഒരു സമീപനമാണ് മൈനിംഗ് ആൻഡ് ജിയോളജി ഡിപ്പാർട്ട്മെന്റ് സ്വീകരിച്ചിട്ടുള്ളത്. ഏതെങ്കിലും പ്രത്യേക കേസുകൾ അതല്ലാതെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിൽ അത് പറഞ്ഞാൽ അക്കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

മി. സ്പീക്കർ: ചോദ്യം നമ്പർ (* 333) മായി ചോദ്യം നമ്പർ (* 339 ) ക്ലബ്ബ് ചെയ്യുന്നതിന് റിക്വസ്റ്റ് നൽകിയിട്ടുണ്ട്. അത് ക്ലബ്ബ് ചെയ്യുകയാണ്.

**രണ്ടാം മാന്ദ്യവിരുദ്ധ പാക്കേജ്**

2 (* 333) ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. എം. ഉമ്മർ :
ശ്രീ. കെ. എം. ഷാജി :
ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ ) രണ്ടാം മാന്ദ്യവിരുദ്ധ പാക്കേജിന്റെ ലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) കിഫ്ബി മുഖേനയല്ലാതെ മാന്ദ്യവിരുദ്ധ പാക്കേജിൽ എന്തെല്ലാം പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്; അവയുടെ വിശദവിവരം ലഭ്യമാക്കുമോ;

(സി) ഇതിന്റെ ഫലമായി സാമ്പത്തിക മേഖലയിൽ എന്തെല്ലാം ചലനങ്ങളുണ്ടാക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത് ; അത് എന്നുമുതൽ പ്രകടമാകുമെന്ന് വിശദമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ,

(എ&ബി) 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ മുരടിച്ചുകൊണ്ടിരിക്കുന്ന കേരള സമ്പദ്ഘടനയെ ഉത്തേജിപ്പിക്കാനും പാവങ്ങളെ സംരക്ഷിച്ചുകൊണ്ടുതന്നെ ദ്രുതഗതിയിലുള്ള സാമ്പത്തിക വളർച്ച ഉറപ്പുവരുത്താനും 12,000 കോടി രൂപയുടെ രണ്ടാം മാന്ദ്യ വിരുദ്ധ പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്. ഈ പാക്കേജിൽ വലിയ റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ, പാർക്കുകൾ തുടങ്ങിയ പദ്ധതികളും 8000 കോടി രൂപയുടെ ഭൂമി ഏറ്റെടുക്കലും ഉൾപ്പെടുന്നു. ആകെ 20,000 കോടി രൂപ ആവശ്യമായ രണ്ടാം മാന്ദ്യ വിരുദ്ധ പാക്കേജിലുൾപ്പെട്ട പദ്ധതികൾ നടപ്പിലാക്കുന്നതിനാവശ്യമായ പണം ബഡ്ജറ്റിനുപുറമേനിന്നും

കണ്ടെത്തി ലക്ഷ്യം കൈവരിക്കുന്നതിനായാണ് 1999-ലെ കിഫ് ആക്ട് പ്രകാരം നിലവിൽ വന്ന കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിനെ 2016-ൽ ഭേദഗതി ചെയ്ത് സജ്ജമാക്കിയിട്ടുള്ളത്. 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രഖ്യാപനമനുസരിച്ച് രണ്ടാം മാന്ദ്യ വിരുദ്ധ പാക്കേജിലുൾപ്പെട്ട പദ്ധതികൾ കിഫ്ബി ധനസഹായം മുഖേന നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഇത് ഒരു പ്രത്യേക മേഖലയുടെ മാത്രം വികസനം ഉദ്ദേശിച്ചു കൊണ്ടല്ല, മറിച്ച് ആരോഗ്യം, വിദ്യാഭ്യാസം, തൊഴിൽ, വൈദ്യുതി വിതരണം, പൊതുമരാമത്ത്, കുടിവെള്ള വിതരണം മുതലായ സാമൂഹിക മേഖലകളുൾപ്പെടെ സംസ്ഥാനത്തെ മിക്കവാറും എല്ലാ മേഖലകളിലുമുള്ള സമഗ്രമായ വികസനമാണ് രണ്ടാം മാന്ദ്യ വിരുദ്ധ പാക്കേജ് ലക്ഷ്യമിടുന്നത്.

(സി) 1999-ലെ കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ആക്ട് പ്രകാരം നിലവിൽ വന്ന കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിനെ സെബിയും ആർ.ബി.ഐ.-യും അംഗീകരിച്ചിട്ടുള്ള നൂതന ധന സമാഹരണ മാർഗ്ഗങ്ങൾ പ്രയോജനപ്പെടുത്തി ബഡ്ജറ്റിന് പുറമേനിന്നും ഫണ്ട് കണ്ടെത്തി സംസ്ഥാനത്തെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പിലാക്കാനുതകുന്ന രീതിയിൽ ഭേദഗതി ചെയ്ത് കിഫ് ആക്ടിലൂടെ സജ്ജമാക്കിയിട്ടുണ്ട്. വാർഷിക ബഡ്ജറ്റ് പ്രഖ്യാപന പ്രകാരം കിഫ് മുഖേന നടപ്പിലാക്കുന്നതിനായി പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികളും കിഫ്ബി ധനസഹായം മുഖേന നടപ്പിലാക്കുന്നതിനായി സർക്കാർ നിർദ്ദേശിക്കുന്ന പദ്ധതികളുമാണ് നിലവിൽ കിഫ്ബി വഴി നടപ്പിലാക്കി വരുന്നത്. ഇതുപ്രകാരം കിഫ് ബോർഡിന്റെ 27-ാമത് യോഗം 4,004.86 കോടി രൂപ മുതൽമുടക്കുള്ള പദ്ധതികൾ അംഗീകരിക്കുകയും 28-ാമത് യോഗം 8041.65 കോടി രൂപ മുതൽമുടക്കുള്ള പദ്ധതികൾക്കും വ്യവസ്ഥകൾക്ക് വിധേയമായി അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. വൻകിട പദ്ധതികളുൾപ്പെടുന്ന സംസ്ഥാനത്തെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള ഫണ്ട് ബഡ്ജറ്റിലൂടെ മാത്രം ലഭ്യമാക്കുക എന്നത് ഒരു വെല്ലുവിളിയാണ്. ബഡ്ജറ്റിന് പുറമേനിന്നും വിവിധ ധനാഗമ മാർഗ്ഗങ്ങളിലൂടെയും കിഫ്ബി സ്വരൂപിക്കുന്ന പണം കേരളത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് വൻതോതിൽ നിക്ഷേപം നടത്തുന്നതുവഴി വിവിധ മേഖലകൾ ശക്തിപ്പെടുകയും അതുവഴി സമഗ്ര പുരോഗതി കൈവരിക്കാൻ സാധിക്കുകയും ചെയ്യുന്നതാണ്. ഇതിന്റെ ഫലമായി സംസ്ഥാനത്ത് സാമ്പത്തിക മേഖലയിൽ വർദ്ധിച്ച ഉണർവുണ്ടാകുകയും അതുവഴി സർക്കാരിന്റെ ധനസ്ഥിതി മെച്ചപ്പെടുകയും ചെയ്യുമെന്നുമാണ് പ്രതീക്ഷ. രണ്ടാം മാന്ദ്യ വിരുദ്ധ പാക്കേജിൽ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള പ്രാഥമിക നടപടികൾ ആരംഭിച്ചിട്ടുള്ള ഈ സാഹചര്യത്തിൽ പ്രകടമായ പുരോഗതി സമീപഭാവിയിൽത്തന്നെ കൈവരിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## മാന്ദ്യവിരുദ്ധ പാക്കേജ്

3 (* 339) ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ഡോ. എം. കെ. മുനീർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ മോശമായ സാമ്പത്തിക അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി 2016-17 വർഷത്തിൽ പ്രഖ്യാപിച്ച മാന്ദ്യവിരുദ്ധ പാക്കേജ് പ്രവർത്തക്ഷമമായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻപ്രകാരം 2016-17 വർഷത്തിൽ ഏറ്റെടുത്ത പദ്ധതികൾ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ;

(സി) പ്രസ്തുത പ്രവർത്തനംമൂലം സാമ്പത്തിക രംഗത്ത് എന്തെല്ലാം മാറ്റം വരുത്താൻ കഴിഞ്ഞുവെന്ന് വിശദമാക്കുമോ ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ,

(എ) 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ മുരടിച്ചുകൊണ്ടിരിക്കുന്ന കേരള സമ്പദ്ഘടനയെ ഉത്തേജിപ്പിക്കാനും പാവങ്ങളെ സംരക്ഷിച്ചുകൊണ്ടുതന്നെ ദ്രുതഗതിയിലുള്ള സാമ്പത്തിക വളർച്ച ഉറപ്പുവരുത്താനും 20,000 കോടി രൂപയുടെ രണ്ടാം മാന്ദ്യ വിരുദ്ധ പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്. വലിയ റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ, പാർക്കുകൾ തുടങ്ങിയ മേഖലകളിൽ 20,000 കോടി രൂപയുടെ മൂലധനച്ചെലവും 8,000 കോടി രൂപയുടെ ഭൂമി ഏറ്റെടുക്കലും ഈ പാക്കേജിൽ ഉൾപ്പെടുന്നു. ഇതിനാവശ്യമായ പണം ബഡ്ജറ്റിന് പുറമേനിന്നും സെബിയും ആർ.ബി.ഐ.യും അംഗീകരിച്ചിട്ടുള്ള നൂതന ധനസമാഹരണ മർഗ്ഗങ്ങളിലൂടെ കണ്ടെത്തുന്നതിനുതകുംവിധം 1999-ലെ കിഫ് ആക്ട് ഭേദഗതി ചെയ്യുകയും അതുവഴി കിഫ്ബിയുടെ ഘടന സമഗ്രമായി പരിഷ്ക്കരിക്കുയും ചെയ്തിട്ടുണ്ട്. ടി ഭേദഗതി അക്ടിൽ നിഷ്ക്കർഷിച്ചിട്ടുള്ളതിൻപ്രകാരമുള്ള പ്രവർത്തനങ്ങൾ കിഫ്ബിയിൽ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. അതോടൊപ്പം മാന്ദ്യവിരുദ്ധ പാക്കേജിൽ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികളുടെ നിർവ്വഹണത്തിനാവശ്യമായ പ്രാരംഭ പ്രവൃത്തികളും ദ്രുതഗതിയിൽ പുരോഗമിക്കുന്നു.

(ബി) 2016-17 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച രണ്ടാം മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികളാണ് നിലവിൽ കിഫ്ബി വഴി നടപ്പിലാക്കുന്നത്. രണ്ടാം മാന്ദ്യവിരുദ്ധ പാക്കേജിൽ

ഉൾപ്പെട്ടിട്ടുള്ള പദ്ധതികളുടെ പട്ടിക അനുബന്ധമായി* ചേർത്തിട്ടുണ്ട്. 7-11-2016-ൽ കൂടിയ കിഫ്ബിയുടെ 27-ാമത് ബോർഡ് യോഗം 4004.86 കോടി രൂപ മുതൽമുടക്കുള്ള 48 പദ്ധതികൾക്കും 21-3-2017-ൽ കൂടിയ 28-ാമത് ബോർഡ് യോഗം 8041.65 കോടി രൂപ മുതൽമുടക്കുള്ള 53 പദ്ധതികൾക്കും വ്യവസ്ഥകൾക്ക് വിധേയമായും അംഗീകാരം നൽകിയിട്ടുണ്ട്. ഇവ അനുബന്ധമായി* ചേർത്തിട്ടുണ്ട്. കിഫ്ബിയുടെ 27-ാമത് ബോർഡ് യോഗം അംഗീകാരം നൽകിയ പദ്ധതികളുടെ പ്രവർത്തന പുരോഗതി അനുബന്ധമായി* ചേർത്തിട്ടുണ്ട്. 21-2-2017-ൽ കൂടിയ 28-ാമത് ബോർഡ് യോഗം അംഗീകാരം നൽകിയ പദ്ധതികളുടെ നിർവ്വഹണത്തിനാവശ്യമായ പ്രാരംഭ നടപടികൾ പുരോഗമിക്കുന്നു.

(സി) 1999-ലെ കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ആക്ട് പ്രകാരം നിലവിൽ വന്ന കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിനെ സെബിയും ആർ.ബി.ഐ.യും അംഗീകരിച്ചിട്ടുള്ള നൂതന ധനസമാഹരണ മാർഗ്ഗങ്ങൾ പ്രയോജനപ്പെടുത്തി ബഡ്ജറ്റിന് പുറമേനിന്നും ഫണ്ട് കണ്ടെത്തി സംസ്ഥാനത്തെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പിലാക്കാനുതകുന്ന രീതിയിൽ ഭേദഗതി ചെയ്ത കിഫ് ആക്ടിലൂടെ സജ്ജമാക്കിയിട്ടുണ്ട്. വാർഷിക ബഡ്ജറ്റ് പ്രഖ്യാപന പ്രകാരം കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികളും കിഫ്ബി ധനസഹായം മുഖേന നടപ്പിലാക്കുന്നതിനായി സർക്കാർ നിർദ്ദേശിക്കുന്ന പദ്ധതികളുമാണ് നിലവിൽ കിഫ്ബി വഴി നടപ്പിലാക്കി വരുന്നത്. ഇതുപ്രകാരം കിഫ് ബോർഡിന്റെ 27-ാമത് യോഗം 4004.86 കോടി രൂപ മുതൽമുടക്കുള്ള പദ്ധതികൾ അംഗീകരിക്കുകയും 28-ാമത് യോഗം 8041.65 കോടി രൂപ മുതൽമുടക്കുള്ള പദ്ധതികൾക്കും വ്യവസ്ഥകൾക്ക് വിധേയമായി അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. വൻകിട പദ്ധതികളുൾപ്പെടുന്ന സംസ്ഥാനത്തെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള ഫണ്ട് ബഡ്ജറ്റിലൂടെ മാത്രം ലഭ്യമാക്കുക എന്നത് ഒരു വെല്ലുവിളിയാണ്. ബഡ്ജറ്റിന് പുറമേനിന്നും വിവിധ ധനാഗമ മാർഗ്ഗങ്ങളിലൂടെ കിഫ്ബി സ്വരൂപിക്കുന്ന പണം കേരളത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് വൻതോതിൽ നിക്ഷേപം നടത്തുന്നതുവഴി വിവിധ മേഖലകൾ ശക്തിപ്പെടുകയും അതുവഴി സമഗ്ര പുരോഗതി കൈവരിക്കാൻ സാധിക്കുകയും ചെയ്യുന്നതാണ്. ഇതിന്റെ ഫലമായി സംസ്ഥാനത്തെ സാമ്പത്തിക മേഖലയിൽ വർദ്ധിച്ച ഉണർവ്വുണ്ടാകുകയും അതുവഴി സർക്കാരിന്റെ ധനസ്ഥിതി മെച്ചപ്പെടുമെന്നുമാണ് പ്രതീക്ഷ. രണ്ടാം മാന്ദ്യവിരുദ്ധ പാക്കേജിൽ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള പ്രാഥമിക നടപടികൾ ആരംഭിച്ചിട്ടുള്ള ഈ സാഹചര്യത്തിൽ പ്രകടമായ പുരോഗതി സമീപഭാവിയിൽ തന്നെ കൈവരിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, സർക്കാരിന്റെ ധനസ്ഥിതി മെച്ചപ്പെടുത്തി വികസനത്തിന് പണം കണ്ടെത്തുന്നതിനുപകരം ബഡ്ജറ്റിന് പുറത്ത് കിഫ്ബി വഴി പണം സ്വരൂപിക്കാനാണ് സർക്കാരിന്റെ ശ്രമം. അത് വിജയിക്കുന്നുണ്ടോ എന്ന് സംശയമാണ്. ക്യാഷ് ഫ്ലോ കൃത്യമല്ലെങ്കിൽ കടം വാങ്ങിയ വീടും സ്ഥലവും നഷ്ടപ്പെടും. കടം തരാനും ആരുമുണ്ടാകില്ല. ഇതുവരെ ജനറൽ ഒബ്ലിഗേഷൻ ബോണ്ട്, റവന്യൂ ബോണ്ട്, ബാങ്കുകളിൽ നിന്നുള്ള ടേം ലോൺ എന്നിവയിലൂടെ എത്ര സംഖ്യയാണ് സ്വരൂപിക്കാൻ കഴിഞ്ഞിട്ടുള്ളത്? അങ്ങ് ഇവിടെ പന്ത്രണ്ടായിരം കോടി രൂപയുടെ എ.എസ്.-ന് അംഗീകാരം നൽകിയിട്ടുണ്ടെന്ന് പറഞ്ഞു. അതെങ്ങനെയാണ് തിരികെ നൽകുക? അതുപോലെ കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടി വഴി കിട്ടുന്ന ഇൻസ്റ്റാൾമെന്റ് കിഫ്ബിയിൽ അടയ്ക്കാൻ കഴിയില്ല. നിയമപ്രകാരം അതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, കിഫ്ബി ഫണ്ടിൽ 3227 കോടി രൂപയുണ്ട്. ഇപ്പോൾ വായ്പയെടുക്കേണ്ട ആവശ്യമില്ല. കാരണം, പണം ആവശ്യമുള്ളപ്പോൾ വായ്പയെടുത്താൽ മതി, വായ്പയെടുത്ത് വച്ചിരുന്നാൽ അതിന്റെ പലിശ നൽകണം. തൽക്കാലം തുടങ്ങിവച്ച പദ്ധതികൾക്ക് നൽകാൻ പണമുണ്ട്. അടുത്ത ഓരോ മാസവും എത്രകോടി രൂപ നൽകേണ്ടിവരുമെന്നൊരു അനുമാന കണക്കുണ്ടാക്കുന്നുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ വായ്പയെടുക്കാനാണ് ഉദ്ദേശിക്കുന്നത്. അതുകൊണ്ട് ഇതുവരെയും വായ്പയെടുത്തിട്ടില്ല. വായ്പയെടുക്കുന്നതിന് യാതൊരു പ്രയാസവുമില്ല. മോട്ടോർ വെഹിക്കിൾ ടാക്സിന്റെ പകുതിയും പെട്രോൾ സെസ്സും എല്ലാവർഷവും കിഫ്ബിക്ക് നൽകണമെന്ന് നിയമസഭ തന്നെ തീരുമാനിച്ചിട്ടുണ്ട്. 2020-30 ആകുമ്പോഴേയ്ക്കും ഒരു ലക്ഷം കോടി രൂപ ഈയിനത്തിൽ കിട്ടും. എടുക്കുന്ന വായ്പയുടെ പലിശയടയ്ക്കാൻ ഇത് മതിയാകും. ഇത് മുഴുവൻ അങ്ങനെ നൽകണമെന്നില്ല. പകുതി പ്രോജക്ടുകൾ വരുമാനാർജ്ജിത പദ്ധതികളാണ്. ഇപ്പോൾ FACT-ന്റെ ഭൂമി ഏറ്റെടുത്ത് പെട്രോ കെമിക്കൽ പാർക്കിലെ സ്ഥാപനങ്ങൾക്ക് വിൽക്കുമ്പോൾ നിശ്ചയമായും വായ്പ തിരിച്ചടയ്ക്കാൻ കഴിയും. ഉത്തരം നീണ്ടുപോയതിനാൽ കെ.എസ്.എഫ്.ഇ.യുടെ കാര്യം മറ്റാരെങ്കിലും ചോദിച്ചാൽ പറയാം.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, പ്രവർത്തനക്ഷമതയുടെ അടിസ്ഥാനത്തിൽ മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും സെബിയുടെ മാർഗ്ഗരേഖപ്രകാരം സർക്കാർ ഗ്യാരന്റിയോടെ കടപ്പത്രമിറക്കാൻ അനുമതി നൽകുന്നതാണെന്ന്

അങ്ങയുടെ മാന്ദ്യവിരുദ്ധ പാക്കേജ് പ്രഖ്യാപനത്തിൽ പറഞ്ഞിരുന്നു. ഇതിന് ഏതെങ്കിലും മുനിസിപ്പാലിറ്റിയോ കോർപ്പറേഷനോ മുന്നോട്ടുവന്നിട്ടുണ്ടോ; സർക്കാർ എന്തെങ്കിലും നൽകിയിട്ടുണ്ടോ; അതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണ്?

ഡോ. ടി. എം. തോമസ് ഐസക്: സർ, അതിനൊക്കെ ധാരാളം തയ്യാറെടുപ്പുകൾ വേണ്ടതുണ്ട്. അത് പൂർത്തീകരിച്ചിട്ടില്ല. അതുകൊണ്ട് ഇതുവരെ അങ്ങനെയൊരു കോർപ്പറേഷനും കടം നേരിട്ട് വാങ്ങിയിട്ടില്ല. കേരള ചരിത്രത്തിൽ ഒറ്റത്തവണ മാത്രമേ ഇത്തരത്തിൽ മുനിസിപ്പൽ ബോണ്ട് ഇറക്കിയിട്ടുള്ളൂ. അത് കോഴിക്കോട് മുനിസിപ്പാലിറ്റി 1950-കളിൽ ചെയ്തതാണ്. അതിനുശേഷം ആരും ബോണ്ടിറക്കിയിട്ടില്ല. ഇപ്പോൾ നമ്മൾ സജീവമായി പരിഗണിക്കുന്നുണ്ട്. പക്ഷെ അതിന് ധാരാളം ചിട്ടകൾ രൂപപ്പെടുത്തേണ്ടതുണ്ട്.

ശ്രീ. എം. ഉമ്മർ: സർ, സംസ്ഥാനത്തിന്റെ വായ്പാ പരിധി മൂന്ന് ശതമാനമാണ്. അത് നാല് ശതമാനമാക്കാൻ കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽത്തന്നെ അത് സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് ധന ഉത്തരവാദിത്ത ബഡ്ജറ്റ് മാനേജ്മെന്റ് ആക്ട് ഭേദഗതി വരുത്താതെ സാധിക്കുമോ; അങ്ങനെയെങ്കിൽ ഇതെല്ലാം മറികടന്നുകൊണ്ട് മാന്ദ്യവിരുദ്ധ പാക്കേജ് നടപ്പിലാക്കാൻ കഴിയുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, കേന്ദ്ര സർക്കാരിന്റെ അനുവാദം ലഭിച്ചിട്ടില്ല. നമ്മുടെ കടബാദ്ധ്യതകൾ സംസ്ഥാന വരുമാനത്തിന്റെ 25 ശതമാനത്തിൽ താഴെയാണെങ്കിൽ വായ്പാ പരിധി മൂന്നരവരെ ആകാമെന്ന് കേന്ദ്ര സർക്കാരിന്റെ ഒരു കണ്ടീഷനുണ്ട്. നമ്മുടെ കടബാദ്ധ്യത 29 ശതമാന മായതിനാൽ നമുക്കെടുക്കാൻ കഴിയില്ല. എഫ്.ആർ.ബി.എം. ആക്ട് ലംഘിക്കാ തിരിക്കാൻവേണ്ടിയാണ് നമ്മൾ കിഫ്ബി കൊണ്ടുവന്നത്. സംസ്ഥാന ബഡ്ജറ്റിലേയ്ക്കോ സംസ്ഥാന സർക്കാരിന്റെ ഏതെങ്കിലും വകുപ്പിലേയ്ക്കോ പത്തു പൈസ ഇതിൽനിന്ന് എടുക്കില്ല. എഫ്.ആർ.ബി.എം. ആക്ട് നിലവിലുള്ളതുകൊണ്ടാണ് എടുക്കാത്തത്. അതുകൊണ്ട് കിഫ്ബി വഴി എടുക്കുന്ന വായ്പ എഫ്.ആർ.ബി.എം. ആക്ടിന്റെ പരിധി ലംഘിക്കില്ല.

ശ്രീ. കെ. എം. ഷാജി: സർ, 2017-ലെ പുതുക്കിയ ബഡ്ജറ്റിലൂടെ രണ്ടാം മാന്ദ്യവിരുദ്ധ പാക്കേജ് നടപ്പിലാക്കുന്നതിന് പന്ത്രണ്ടായിരം കോടി രൂപയുടെ പാക്കേജ് പ്രഖ്യാപിച്ചു. കിഫ്ബി അതിന്റെ പദ്ധതികൾ പ്രഖ്യാപിച്ചു. പക്ഷെ 26-4-2017-ന് ശ്രീ. മഞ്ഞളാംകുഴി അലിക്ക് രേഖാമൂലം നൽകിയ മറുപടിയിൽ പറയുന്നത്, ഇതുവരെ ഒരൊറ്റ വ്യക്തിയിൽനിന്നും കിഫ്ബിയിലേയ്ക്ക് നിക്ഷേപം

ലഭിച്ചിട്ടില്ലെന്നാണ്. അത്തരമൊരു പശ്ചാത്തലത്തിൽ ഇതൊരു സ്വപ്നമായി മാറുകയാണോ; ഈ സാഹചര്യത്തിൽ രണ്ടാം മാന്ദ്യവിരുദ്ധ പാക്കേജുമായി സർക്കാർ മുന്നോട്ടുപോകുന്നുണ്ടോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, കിഫ്ബി രൂപംകൊണ്ടിട്ട് ആറ് മാസമല്ലേ ആയിട്ടുള്ളൂ. ഈ ആറുമാസത്തിനിടയിൽ 12,000 കോടി രൂപയും ഇപ്പോൾ വരാൻ പോകുന്ന 2000 കോടി രൂപയും ചേർന്ന് പതിനാലായിരം കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം കൊടുക്കുകയെന്നുപറഞ്ഞാൽ ചെറിയ കാര്യമാണോ? എ.ഡി.ബി. വായ്പ, കെ.എസ്.ടി.പി.യുടെ വായ്പ തുടങ്ങിയവ യൊക്കെയല്ലേ നമ്മൾ എടുത്തിട്ടുള്ളത്. എത്ര വർഷത്തെ നെഗോസിയേഷന്റെ അടിസ്ഥാനത്തിലാണ് ഈ വായ്പകളൊക്കെ എടുത്തിട്ടുള്ളത്. എത്ര ടീമുകൾ ഇവിടെ സന്ദർശിക്കും. എത്ര കൺസൽട്ടന്റുമാർ വർക്ക് ചെയ്യും. എന്നിട്ടാണ് നാലായിരം കോടി രൂപയുടെ ഒരു കെ.എസ്.ടി.പി. പദ്ധതി ലഭിക്കുന്നത്. ആറ് മാസത്തിനുള്ളിൽ നമ്മൾ പതിനാലായിരം കോടി രൂപയുടെ പ്രോജക്ടുകൾക്ക് അംഗീകാരം നൽകുന്നുവെന്നത് ചെറിയ കാര്യമാണോ? സാധാരണഗതിയിൽ എടുക്കുന്നതിനെക്കാൾ എത്ര ചുരുങ്ങിയ സമയമാണ് എടുത്തിട്ടുള്ളത്. ഇത് ഇനിയും സ്പീഡപ്പ് ചെയ്യണമെന്ന അഭിപ്രായത്തോട് പൂർണ്ണ യോജിപ്പാണ് .

ശ്രീ. പി. കെ. അബ്ദു റബ്ബിനുവേണ്ടി ശ്രീ. ടി. വി. ഇബ്രാഹിം : സർ, കിഫ്ബിയടക്കമുള്ളത് മാന്ദ്യവിരുദ്ധ പാക്കേജാണ്. മാന്ദ്യം ഏറ്റവും കൂടുതൽ റിഫ്ലക്ട് ചെയ്യപ്പെട്ടിട്ടുള്ളത് ഐ.ടി., ടൂറിസം മേഖലകളിലാണ്. രണ്ടാം മാന്ദ്യവിരുദ്ധ പാക്കേജിന്റെ ഭാഗമായി ഇപ്പോൾ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾ ഏത് മേഖലയെയാണ് ഉണർത്തിയിട്ടുള്ളത്; അവിടെയൊക്കെ തൊഴിൽ നഷ്ടവും വരുമാന നഷ്ടവും നികത്താൻ സാധിച്ചിട്ടുണ്ടോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഇപ്പോൾ പല കാരണങ്ങൾ കൊണ്ടും മുരടിപ്പ് ബാധിക്കുന്നൊരു മേഖലയാണ് ടൂറിസം. ഡെസ്റ്റിനേഷൻ ഡെവലപ്മെന്റാണ് കിഫ്ബി ഇതിൽ ചെയ്യുന്ന സംഭാവന. നിലവിലിരിക്കുന്ന പദ്ധതികൾക്ക് പണം മുടക്കാൻ കഴിയില്ല. മലബാറിൽ രണ്ട് ഡസനോളം പുതിയ കേന്ദ്രങ്ങൾ നിർണ്ണയിച്ചിട്ടുണ്ട്. അവിടെ വരുന്ന ഇൻവെസ്റ്റേഴ്സിന് പണം മുടക്കാൻ എന്തൊക്കെ സൗകര്യം വേണമെന്ന് -അതായത് റോഡ്, ഇലക്ട്രിസിറ്റി, മറ്റുള്ള ഇൻഫ്രാസ്ട്രക്ച്ചർ, കോമൺ ഫെസിലിറ്റീസ് തുടങ്ങിയവ-അവരോടുകൂടി കൺസൾട്ട് ചെയ്തിട്ട് ഒരു പാക്കേജായി നൽകുകയാണ്. മുഴിപ്പിലങ്ങാടിയിൽ ഇൻവെസ്റ്റ്മെന്റ് വന്നാൽ അതിനുള്ള സൗകര്യങ്ങൾ കിഫ്ബിയിൽനിന്ന് വായ്പയെടുത്താണ് ചെയ്യുന്നത്. മേജർ പർച്ചേസുകളായ ബിനാലെ ഫൗണ്ടേഷന്റെ ആസ്പിൻവാൾ

സമുച്ചയം, ആലപ്പുഴയിലെ ആസ്പിൻവാൾ സമുച്ചയം ഇതൊക്കെ ഏറ്റെടുക്കാം. ഇതൊക്കെ സാധാരണ ഗതിയിൽ ചെയ്യാൻ കഴിയുന്നതാണ്. ഇന്ന് നഷ്ടപ്പെട്ടാൽ പിന്നെ അത് എല്ലാക്കാലത്തേയ്ക്കും നഷ്ടപ്പെട്ടുപോകുന്നതാണ്. ഉണർവ്വുണ്ടായോ എന്നു ചോദിച്ചാൽ ഇന്ന് തീരുന്നതല്ല ഈ മാന്ദ്യം. കാരണം ഗൾഫ് വരുമാനത്തിലുണ്ടാകാൻ പോകുന്ന ഇടിവും പ്രതിസന്ധിയും ഈ മാന്ദ്യത്തെ രൂക്ഷമാക്കാൻ പോകുകയാണ്. പക്ഷെ അതിനുള്ള പ്രതിവിധിയായി ഈ വിധത്തിലുള്ള ഇൻവെസ്റ്റ്മെന്റ് വർദ്ധിപ്പിക്കാനാണ് ശ്രമിക്കുന്നത്.

ശ്രീ. ടി. എ. അഹമ്മദ് കബീറിനുവേണ്ടി <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, നമ്മുടെ സംസ്ഥാനത്തിന്റെ മാന്ദ്യം അവസാനിപ്പിക്കാൻ ലക്ഷ്യമിട്ട് ആവിഷ്ക്കരിക്കുന്ന ഏത് പദ്ധതിയും സ്വാഗതാർഹമാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് ഇങ്ങനെയൊരു ആശയം ഉദിച്ചത് അഭിനന്ദനീയമാണ്. ഇക്കാര്യത്തിൽ ഞാൻ അദ്ദേഹത്തെ അഭിനന്ദിക്കുകയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് ചോദിക്കാനുള്ളത്, അമ്പതിനായിരം കോടി രൂപയാണ് കിഫ്ബിയിൽ ലക്ഷ്യമിട്ടിരിക്കുന്നത്. ഇതുവരെ അഞ്ഞൂറ് കോടി രൂപ മാത്രമാണ് നിക്ഷേപമായി വന്നിട്ടുള്ളത്. ജനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾക്കാണ് മുൻതൂക്കം നൽകേണ്ടത്. എന്റെ മണ്ഡലത്തിലെയൊരു കാര്യം ഞാനിവിടെ സബ്മിഷനായി അവതരിപ്പിച്ചു. കാസർകോട്ടെ ഏറ്റവും രൂക്ഷമായൊരു പ്രശ്നമാണ് ജനങ്ങൾക്ക് ഉപ്പുവെള്ളം കുടിക്കേണ്ടി വരുന്നത്. അത് അവസാനിപ്പിക്കാൻ 27 കോടി രൂപ വേണമെന്നാണ് ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി പറഞ്ഞത്. കിഫ്ബിയിൽനിന്ന് ഈ തുക നൽകണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. മറ്റൊന്ന് കാസർകോട്ടെ പ്രധാനപ്പെട്ട നാഷണൽ ഹൈവേയുടെ സൈഡിൽ പൈപ്പ്‌ലൈൻ കൊണ്ടുവന്നിട്ട് പദ്ധതി പ്രഖ്യാപിച്ചിട്ട് ഒരു വർഷമായി. നാഷണൽ ഹൈവേ അധികൃതർ പൈപ്പിടാൻ അനുവദിക്കുന്നില്ല. കാരണം, വാട്ടർ അതോറിറ്റി 12 ലക്ഷം രൂപയാണ് അവർക്ക് നൽകേണ്ടത്. ജലവിഭവ വകുപ്പുമന്ത്രി പറയുന്നത് ഇതൊന്നുമില്ലെന്നാണ്. അതുകൊണ്ട് ഇതിനൊരു പരിഹാരം കാണണം.

<u>ഡോ. ടി. എം. തോമസ് ഐസക്</u> : സർ, കിഫ്ബിയിൽ നിന്ന് രണ്ടാമത് പറഞ്ഞ കാര്യത്തിന് പരിഹാരമുണ്ടാക്കാൻ കഴിയില്ല. കാരണം, അത് നമ്മുടെ ബഡ്ജറ്റിന്റെ ഭാഗമായി നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തിയാണ്. ആദ്യം പറഞ്ഞത് വളരെ ശരിയാണ്; അത് നമുക്ക് നോക്കാം. സർക്കാരിന് തുറന്ന മനസ്സാണുള്ളത്. പക്ഷെ ഇന്നിപ്പോൾ അനൗൺസ് ചെയ്യാൻ കഴിയില്ല. അത് വേണ്ട എന്നല്ല, എത്ര കൂടുതൽ നൽകാൻ കഴിയുമെന്നാണ് നോക്കുന്നത്. സാധാരണ ധനകാര്യ വകുപ്പ് ചെലവ് ചുരുക്കാനാണ് ശ്രമിക്കുന്നത്. കാരണം, ബഡ്ജറ്റിൽനിന്ന് കൃത്യമായി

പണം നൽകണം. അമ്പതിനായിരം കോടി രൂപ എങ്ങനെ പദ്ധതികളാക്കി നടപ്പാക്കാമെന്നുള്ള പരിശോധനയാണ് നടത്തുന്നത്. ഇപ്പോൾ അംഗീകരിച്ച പ്രോജക്ടുകളിൽ കുടിവെള്ളത്തിനാണ് മുന്തിയ പരിഗണന ലഭിച്ചിട്ടുള്ളത്. ഏതാണ്ട് മൂവായിരത്തിലധകം കോടി രൂപയുടെ പ്രോജക്ടുകൾ അംഗീകരിച്ചിട്ടുണ്ട്. ഇന്നലെ റിവ്യൂ ചെയ്തപ്പോൾ ആയിരത്തിൽപ്പരം കോടി രൂപയുടെ പ്രോജക്ടുകൾ ടെണ്ടറിംഗ് സ്റ്റേജ് കഴിഞ്ഞിരിക്കുന്നു. കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് നിശ്ചയമായും ആവശ്യമായ തുക നൽകാൻ കഴിയും.

ശ്രീ. സി. മമ്മൂട്ടി: സർ, കിഫ്ബി എന്ന പദ്ധതി നല്ല ഭാവനയുള്ള പരിപാടിയാണ്. പ്രോജക്ട് തുടങ്ങുമ്പോൾ പണത്തിന്റെ ആവശ്യമില്ല. കാരണം, ടെണ്ടർ കൊടുത്ത് പണികഴിഞ്ഞ് ബിൽ പേയ്മെന്റിനുവരുമ്പോൾ മാത്രമേ പണത്തിന്റെ ആവശ്യം വരികയുള്ളൂ. പക്ഷെ എണ്ണായിരം കോടി രൂപ ഭൂമി ഏറ്റെടുക്കുന്നതിന് വേണ്ടിവരുമെന്ന് പറയുന്നുണ്ട്. സെൻട്രൽ ആക്ട് നിലവിൽ വന്നതോടുകൂടി ഭൂമി ഏറ്റെടുക്കൽ അത്ര എളുപ്പമുള്ള കാര്യമല്ല. കാരണം, ആറു മാസം സാമൂഹിക ആഘാത പഠനത്തിനുതന്നെ വേണം. സാമൂഹിക ആഘാത പഠനം നടത്തി അതിന്റെ റിപ്പോർട്ട് വന്ന് എല്ലാ പ്രോസസ്സും കഴിഞ്ഞതിനുശേഷം മാത്രമേ ഡി.പി.ആർ. തയ്യാറാക്കി പ്രോജക്ട് നടപ്പിലാക്കാൻ കഴിയുകയുള്ളൂ. ഈയൊരു സാഹചര്യത്തിൽ സെൻട്രൽ ആക്ടിന്റെ ഭാഗമായി സാമൂഹിക ആഘാത പഠനം നടത്തി ഇതിന്റെ പ്രക്രിയ പൂർത്തിയാക്കാൻതന്നെ ഒരു വർഷമെങ്കിലുമെടുക്കും. എന്നിട്ട് ഡി.പി.ആർ. തയ്യാറാക്കി വരുമ്പോൾ ഈ പദ്ധതി എങ്ങനെ നടപ്പാക്കാൻ സാധിക്കും എന്നാണ് എന്റെ ചോദ്യം.

ഡോ. ടി. എം. തോമസ് ഐസക്: സർ, കഴിഞ്ഞ ദിവസം റവന്യൂ വകുപ്പുമന്ത്രിയുമായും എല്ലാ ജില്ലാ കളക്ടർമാരുമായും ഇക്കാര്യം ചർച്ച ചെയ്യുകയുണ്ടായി. അക്കാര്യം വേഗത്തിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. റോഡിനുവേണ്ടി ഭൂമി ഏറ്റെടുക്കുന്ന കാര്യത്തിന് ഇന്നലെയും രണ്ട് എം.എൽ.എ.മാർ വന്നിരുന്നു. ഭൂമി ഏറ്റെടുക്കുന്നതിന് ആദ്യം ഭരണ വകുപ്പ് എ.എസ്. നൽകണം. റോഡിന്റെ ഡി.പി.ആർ. വിശദമായി തയ്യാറാക്കട്ടെ. പലപ്പോഴും ഇൻവെസ്റ്റിഗേഷനും മറ്റും വേണ്ടിവരും. ഇതിന്റെ ഫെയ്സ് I-ന് ഭൂമി ഏറ്റെടുക്കണം. ഭൂമി ഏറ്റെടുക്കലിന് സാമൂഹ്യ പ്രത്യാഘാത പഠനം വേണം. സാമൂഹ്യ പ്രത്യാഘാത പഠനമെന്നാൽ എത്രപേരെ ഡിസ്പ്ലെയ്സ് ചെയ്യേണ്ടിവരുമെന്ന് കണക്കാക്കുന്നതാണ്. എത്രപേരെ അവിടെനിന്നും മാറ്റി പാർപ്പിക്കണം, എത്ര കടകൾ പോകും, എത്ര പേർക്ക് ജോലി പോകും എന്നെല്ലാം നോക്കണ്ടേ? അത് വേണമെങ്കിൽ വേഗത്തിൽ ചെയ്യാം; ജില്ലാ കളക്ടർമാർക്ക് അതിനുള്ള നടപടി സ്വീകരിക്കാം. സാധാരണഗതിയിൽ ഇംപാക്ട് സ്റ്റഡി നടത്തി ഇത്രപേരുടെ റീഹാബിലിറ്റേഷന്

ഇത്ര കോടി ചെലവുവരുമെന്ന് കണക്കാക്കും. ഈ പൈസ കൊടുക്കണ്ടേ? റോഡിന്റെ ഡി.പി.ആർ. ആകുമ്പോഴേക്കും ഭൂമി ഏറ്റെടുക്കലാകാം. റോഡിന്റെ ഡി.പി.ആർ.-ന് വിശദമായ അപ്രെയ്സൽ നടത്തുമ്പോൾ ഭൂമിയുടെ അക്വിസിഷൻ ആരംഭിക്കാനാകും. ആ രീതിയിലാണ് സംവിധാനം ചെയ്യുന്നത്. ബഹുമാനപ്പെട്ട അങ്കമാലി എം.എൽ.എ.യുടെ ഒരു സബ്മിഷനുണ്ടായിരുന്നു, അതിന്റെകൂടി അടിസ്ഥാനത്തിലാണ് പറയുന്നത്. ഇത് പരിശോധിച്ച് സ്പീഡപ് ചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത് രണ്ടായി മാറ്റി ഭൂമി ഏറ്റെടുക്കൽ വേറെയാക്കാം. ലാൻഡ് ബോണ്ടാണ് നൽകുക. മൂന്ന് രീതിയിൽ ഇത് നൽകാം - റെഡി ക്യാഷ് വേണമെങ്കിൽ അങ്ങനെ നൽകാം; ഉദാരമായ പലിശയുടെ അടിസ്ഥാനത്തിലുള്ള ബുള്ളറ്റ് പേയ്മെന്റുണ്ട്, 5-7 വർഷം കഴിയുമ്പോൾ വേണമെങ്കിൽ അങ്ങനെ ചെയ്യാം; അതല്ല മാസാമാസം പലിശ ലഭിക്കുന്ന രീതി വേണമെങ്കിൽ അങ്ങനെ ചെയ്യാം, ഇങ്ങനെയുള്ള ചോയ്സുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ തീരുമാനം എടുത്തുകഴിഞ്ഞാൽ അപ്പോൾത്തന്നെ പണം നൽകും.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, അങ്ങ് ഇത്തവണയും സ്റ്റിമുലസ് പാക്കേജ് കൊണ്ടുവന്നതിനെ സ്വാഗതം ചെയ്യുകയാണ്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് അങ്ങ് മാന്ദ്യവിരുദ്ധ പാക്കേജും മലബാർ പാക്കേജുമെല്ലാം കൊണ്ടുവന്നു. അതിൽ പലതും ആ സർക്കാരിന്റെ ഭരണകാലത്ത് തീർക്കാനോ പണി തുടങ്ങാനോ സാധിച്ചിട്ടില്ല. പിന്നീട് വന്ന യു.ഡി.എഫ്. സർക്കാർ അതൊന്നും വഴിയിലുപേക്ഷിക്കാതെ പദ്ധതി നടപ്പിലാക്കി. അതിൽ ഞങ്ങൾക്ക് വലിയ സന്തോഷമുണ്ട്. പക്ഷേ പ്രശ്നം അതല്ല, ഇപ്പോൾ കടമെടുക്കേണ്ട പ്രശ്നമില്ലെന്ന് അങ്ങ് പറഞ്ഞു. നമ്മുടെ ബോറോയിംഗ് കപ്പാസിറ്റിയുടെ പ്രശ്നം വരും. ഡിപ്പാർട്ട്മെന്റ് ഓഫ് എക്കണോമിക് അഫയേഴ്സ് ഒരു വാളുമായി നിൽപ്പുണ്ടെന്ന് അങ്ങേയ്ക്കറിയാം. ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഇൻസ്റ്റിറ്റ്യൂഷണൽ ഫൈനാൻസിംഗിന് കേരള ബാങ്ക് പോലെ എന്തെങ്കിലുമൊരു പദ്ധതി അങ്ങയുടെ മനസ്സിലുണ്ടോ; ഇതിനുള്ള ഫണ്ട് കേരളത്തിൽ നിന്നുതന്നെ സമാഹരിക്കാനുള്ള പദ്ധതിയെപ്പറ്റി അങ്ങ് ആലോചിച്ചിട്ടുണ്ടോ; ഇത് നാല് വർഷത്തിനുള്ളിൽ പൂർത്തിയാക്കാൻ അങ്ങൊരു പദ്ധതി തയ്യാറാക്കുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, അവസാനമെടുക്കുന്നതെല്ലാം അടുത്ത സർക്കാരിന്റെ കാലത്തേയ്ക്ക് പോകും. സർക്കാരുകൾ തുടർച്ചയല്ലേ. ഇപ്പോൾ ഉദ്ഘാടനം ചെയ്യുന്നതിൽ പലതും നിങ്ങളുടെ ഭരണകാലത്ത് തുടങ്ങിയതല്ലേ, അതങ്ങനെയാണ്. ഇതിൽ ഓർക്കേണ്ട ഒരു കാര്യമുണ്ട്. കടം വാങ്ങുന്നതിനുള്ള നിയന്ത്രണം മാത്രമല്ല വേറൊരു നിയന്ത്രണവുമുണ്ട്. വരുമാനവും ചെലവും സമാസമമാക്കണം. വായ്പ എടുക്കുന്നത് ഒരു കാരണവശാലും റവന്യൂ

ചെലവിൽ ഉൾപ്പെടാൻ പാടില്ല. ആഗോള സാമ്പത്തികമാന്ദ്യം വന്നപ്പോൾ കേന്ദ്ര സർക്കാരിനും ഇത് തെറ്റിക്കേണ്ടി വന്നു. അതുകൊണ്ട് ഒരു ഇളവ് കിട്ടിയിരിക്കുകയാണ്. കർശനമായ നിയന്ത്രണം വരാൻ പോകുകയാണ്. അക്കാര്യത്തിൽ സംശയം വേണ്ട. ആ നിയന്ത്രണം വന്നുകഴിഞ്ഞാൽ കടംവാങ്ങിയ പത്തുപൈസ ചെലവാക്കേണ്ടി വരികയില്ല. അഞ്ച് വർഷം കഴിയുമ്പോൾ 30,000 കോടി രൂപയെങ്കിലും സംസ്ഥാനം ഒരു വർഷം വായ്പയെടുക്കും. ആ വായ്പ എടുത്തുകഴിഞ്ഞാൽ അത് നൽകാനുള്ള വിൽ അന്നില്ലെങ്കിൽ 10 ശതമാനം പലിശയ്ക്ക് വായ്പയെടുത്തിട്ട് 3-4 ശതമാനം പലിശയ്ക്ക് റിസർവ് ബാങ്കിന്റെ സെക്യൂരിറ്റിയിൽ നിക്ഷേപിക്കേണ്ടിവരും. ഒരു ലക്ഷം കോടി രൂപയാണ് ഇന്ന് സംസ്ഥാനങ്ങൾ ഇത്തരത്തിൽ റിസർവ് ബാങ്കിന്റെ സെക്യൂരിറ്റിയിൽ നിക്ഷേപിച്ചിട്ടുള്ളത്. അഞ്ച് വർഷം കഴിയുമ്പോൾ നമ്മുടെ റവന്യൂ ഡെഫിസിറ്റ് പോകുമെന്ന കണക്കുകൂട്ടൽ പ്രകാരമാണ് അന്ന് 5000 കോടി രൂപയുടെ പാക്കേജ് പ്രഖ്യാപിച്ചിട്ടുള്ളത്. അത് ഫലവത്തായില്ല; പക്ഷെ പ്രശ്നമില്ലാതെ കാര്യങ്ങൾ തീർന്നു.

ഡോ. എം. കെ. മുനീർ: സർ, കിഫ്ബി ആക്ടിലെ അമെന്റ്മെന്റിൽ ആൾട്ടർനേറ്റീവായി ഫണ്ട് മൊബിലൈസ് ചെയ്യുന്നതിനുള്ള ഒരു ക്ലോസ് ചേർത്തിട്ടുണ്ട്. ആ ക്ലോസ് പ്രകാരം, ഫണ്ട് മൊബിലൈസ് ചെയ്യുകയാണെങ്കിൽ സെബിയുടെയോ റിസർവ് ബാങ്കിന്റെയോ ക്ലിയറൻസ് ആവശ്യമില്ല. സെബിയുടെയും ആർ.ബി.ഐ.യുടെയും ക്ലിയറൻസില്ലാതെ ആൾട്ടർനേറ്റീവായി ഫണ്ട് വാങ്ങാനുള്ള ഒരു വകുപ്പ് വെബ്സൈറ്റിൽ ചേർത്തിരിക്കുകയാണ്. ഇത് വരുന്നതോടുകൂടി നമുക്ക് വായ്പ എടുക്കാൻ സാധിക്കും. തിരിച്ചടവ് സംബന്ധിച്ച് ആരും നോക്കാനില്ല. കാരണം, ബഡ്ജറ്റിൽ ഇല്ലാത്തതുകൊണ്ട് സർക്കാരിന് നോക്കാൻ കഴിയില്ല. ഒരു ബോർഡാണ് ഇത് മുഴുവൻ നിയന്ത്രിക്കുന്നത്. ആർ.ബി.ഐ.ക്കോ സെബിക്കോ ഒന്നും പറയാൻ സാധിക്കാത്ത രീതിയിൽ ഇത് തിരിച്ചടയ്ക്കുന്നതിന് കർശന നിയന്ത്രണങ്ങളുണ്ടാകും. വാങ്ങുന്നതിന് യാതൊരു നിയന്ത്രണങ്ങളുമില്ലാത്ത അവസ്ഥ വരുമ്പോൾ മൊത്തത്തിലുള്ള സാമ്പത്തിക തകർച്ചയിലേയ്ക്ക് ഈ മാന്ദ്യവിരുദ്ധ പദ്ധതി പോകില്ലേ; അമെന്റ്മെന്റിൽ ഈയൊരു ക്ലോസ് കൂട്ടിച്ചേർക്കാനുള്ള കാരണമെന്തായിരുന്നു?

ഡോ. ടി. എം. തോമസ് ഐസക്: സർ, വായ്പ അല്ലെങ്കിൽ മറ്റ് വരുമാന സ്രോതസ്സുകളെല്ലാം എണ്ണിപ്പറഞ്ഞിട്ടുണ്ട്. ബോണ്ട് മാർക്കറ്റിൽ നിന്ന് പണമെടുക്കുന്നതിനുവേണ്ടിയാണ് സെബിയുടെയും ആർ.ബി.ഐ.യുടെയുമെല്ലാം നിബന്ധന വയ്ക്കുന്നത്. സാധാരണ ബോണ്ട് മാർക്കറ്റിൽനിന്നും ഇൻഫ്രാസ്ട്രക്ച്ചറിനുവേണ്ടി ദീർഘനാളത്തേയ്ക്ക് വായ്പയെടുക്കാനാകില്ല. അതിന്

പ്രത്യേക സ്ട്രക്ച്ചർ തയ്യാറാക്കിയിട്ടുണ്ട്. കിഫ്ബി നേരിട്ടായിരിക്കില്ല, അതിന് പ്രത്യേക ഇൻസ്ട്രുമെന്റ്സുണ്ടാക്കണം. ശ്രീ. വി. എസ്. സെന്തിൽ ചെയർമാനായ ഒരു കമ്മിറ്റി വിശദമായി പഠിച്ച് കിഫ്ബിയുടെ കീഴിൽ സെബിയും ആർ.ബി.ഐ.യും പറയുന്ന മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള സംവിധാനങ്ങൾ എങ്ങനെയുണ്ടാക്കാമെന്ന് റിപ്പോർട്ട് വച്ചുകഴിഞ്ഞു. അതൊരു സ്കീം മാത്രമാണ്. ഇപ്പോൾ NIDA (നബാർഡ് ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് അസിസ്റ്റൻസ്) ഇൻസ്റ്റിറ്റ്യൂഷണൽ ഫിനാൻസ് തരും; കെ.എസ്.എഫ്.ഇ.യോട് ചോദിക്കാം; നമ്മുടെ ട്രഷറിയിൽ ഇപ്പോൾ പബ്ലിക് അക്കൗണ്ടുണ്ട്. പബ്ലിക് അക്കൗണ്ടിലുള്ള പണമെന്ന് പറയുന്നത് ട്രഷറി സേവിംഗ്സ് ബാങ്കിൽ വരുന്ന നെറ്റ് ഇൻക്രീസാണ്. പക്ഷെ ഇപ്പോൾ ഒരു പ്രശ്നമുള്ളത്, പബ്ലിക് അക്കൗണ്ടിൽ നെറ്റ് ഇൻക്രീസ് കൂടിക്കഴിഞ്ഞാൽ അത് നമ്മുടെ വായ്പാ പരിധിക്കുള്ളിൽ കിഴിക്കും. അതുകൊണ്ട് പണ്ടത്തെപ്പോലെ സേവിംഗ്സ് ബാങ്കിൽ ആരെങ്കിലും ഡെപ്പോസിറ്റ് ചെയ്താൽ അത് ഉപയോഗിക്കാമെന്ന് പറയുന്നതിൽ അർത്ഥമില്ല. അപ്പോൾ നമ്മൾ എന്താണ് ചെയ്യുന്നത്? ഈ വർദ്ധന കിഫ്ബി ബോണ്ടിലേയ്ക്ക്, സേവിംഗ്സ് ബാങ്കിൽ നിക്ഷേപിക്കും. അപ്പോൾ വളരെ താഴ്ന്ന പലിശ ലഭിക്കും, ഫ്രീ ഫ്ലോട്ടാണ്. സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും മുഴുവൻ പേയ്മെന്റും ട്രഷറി സേവിംഗ്സ് ബാങ്കുവഴി നൽകാൻ തീരുമാനിക്കുന്നു. അവിടെ നിന്നും എപ്പോൾ വേണമെങ്കിലും, പിറ്റേന്ന് വേണമെങ്കിലും മുഴുവൻ ശമ്പളവും പിൻവലിക്കാം, ഒരു തടസ്സവുമില്ല. ഇത്ര ശതമാനം പണം ഇന്നയിന്ന അക്കൗണ്ടുകളിലേയ്ക്ക് ഇന്നയിന്ന ദിവസങ്ങളിലായി മാറ്റിയിടണമെന്ന് വേണമെങ്കിൽ സ്റ്റാൻഡിംഗ് ഓർഡർ കൊടുക്കാം. അതിനുള്ള സംവിധാനമുണ്ട്. ഇതിന്റെ ഫലമെന്തായിരിക്കുമെന്ന് അറിയുമോ; ഒരു വർഷം 1000-2000 കോടി രൂപ ഫ്രീ ഫ്ലോട്ട് ലഭിക്കും. 4 ശതമാനം പലിശയാണ് നമ്മൾ കൊടുക്കുന്നത്. അത് കിഫ്ബി ബോണ്ടിൽ നിക്ഷേപിക്കും. നാല് ശതമാനം പലിശയിൽ ഇന്ത്യയിൽ മറ്റെവിടെ വായ്പ ലഭിക്കും? ഇങ്ങനെ പല സ്രോതസ്സുകളുണ്ട്. ആ സ്രോതസ്സുകൾ വഴി പരമാവധി ഫണ്ട് സ്വരൂപിക്കും. കടക്കെണിയിലേയ്ക്കൊന്നും പോകില്ല.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, കുടിവെള്ള പദ്ധതിക്ക് കിഫ്ബിയിൽ 3,000 കോടി രൂപയുണ്ടെന്ന് പറഞ്ഞു. പ്ലാനിലുള്ള ചില പദ്ധതികളുടെ സെക്കൻഡ് സ്റ്റേജിനാണ് കിഫ്ബിയിൽ പണം നീക്കിവച്ചിട്ടുള്ളത്. പ്ലാനിലുള്ളതും ടെണ്ടർ കഴിഞ്ഞതുമായ പദ്ധതികൾക്ക് പണമില്ലെന്ന് പറഞ്ഞ് നിർത്തിവച്ചിരിക്കുകയാണ്. അതിന് കിഫ്ബി ഫണ്ടിംഗ് ഉപയോഗിക്കാൻ കഴിയുമോയെന്ന് പരിശോധിക്കുമോ?

ഡോ. ടി. എം. തോമസ് ഐസക് : സർ, അത് സെൻട്രലി സ്പോൺസേർഡ് സ്കീമിന്റേതാണ്. ഭാവിയിൽ സുലഭമായി പണം ലഭിക്കുമെന്നുള്ള കണക്കുകൂട്ടലിൽ കേരള സർക്കാർ ധാരാളം പദ്ധതികൾ ഏറ്റെടുത്തു. പൈപ്പ് ലൈൻ സ്ഥാപിക്കുന്നത്

പരിഗണനയിലിരിക്കുന്നതെടുത്താൽ ഏകദേശം 1200 കോടി രൂപ വേണ്ടിവരും. എന്നാൽ കേന്ദ്ര സർക്കാർ തുക അനുവദിക്കുന്നില്ല. ഇനി ആ 1200 കോടി രൂപ ലഭിക്കില്ല. ഈ പ്രോജക്ടുകളെല്ലാം ടെണ്ടർ ചെയ്തുകഴിഞ്ഞ് എല്ലാം അവസാന രൂപത്തിലായിട്ടുണ്ട്. അതിനാൽ ഇത് കിഫ്ബിയിലേയ്ക്ക് നേരിട്ട് എടുക്കാൻ കഴിയില്ല. കാരണം ബഡ്ജറ്റിൽ വന്നതാണ്, അതെടുത്തു കഴിഞ്ഞാൽ നാളെ വിമർശനമുണ്ടാകും. അതിനാൽ അവയൊക്കെ റീ-ടെണ്ടർ ചെയ്ത് കിഫ്ബിയിലേയ്ക്ക് കൊണ്ടുവരും. കിഫ്ബി ചട്ടപ്രകാരം തന്നെ റീടെണ്ടർ ചെയ്യും. ബഡ്ജറ്റിൽ വച്ചതിനുള്ള പണം നൽകലായിരിക്കില്ല; ആ പ്രോജക്ടുകൾ മുന്നോട്ടുകൊണ്ടു പോകുന്നതിന് കിഫ്ബിയെ ഉപയോഗപ്പെടുത്തും. പക്ഷേ പാലക്കാട് തുടങ്ങാത്ത കുറേ പ്രോജക്ടുകളുണ്ട്. ഇന്നലെ അത് ചർച്ച ചെയ്തു. ഒന്നുകൂടി ടെണ്ടർ വിളിക്കേണ്ടി വരുന്ന കാലതാമസം വരും.

ശ്രീ. കെ. സി. ജോസഫ്: സർ, അങ്ങയുടെ സ്വപ്നങ്ങൾ പൂവണിയാൻ ഞങ്ങൾ ആശംസിക്കുകയാണ്. ഞങ്ങളുടെ ഉൽക്കണ്ഠ പങ്കുവയ്ക്കുന്നതേയുള്ളൂ, അങ്ങയെ നിരുത്സാഹപ്പെടുത്തുകയല്ല. പെട്രോൾ, ഡീസൽ എന്നിവയുടെ സെസ്സും മോട്ടോർ വാഹനങ്ങളുടെ നികുതിയുമാണ് നിയമപ്രകാരം കിഫ്ബിയുടെ അടിസ്ഥാന ഫണ്ടെന്ന് അങ്ങ് വ്യക്തമായി പറഞ്ഞു. ഇപ്പോൾ ജി.എസ്.ടി. വരാൻ പോകുകയാണ്. അത് വരുമ്പോൾ മുഴുവൻ ജി.എസ്.ടി.യിലേക്ക് പോകും. ഈ സാഹചര്യത്തിൽ കിഫ്ബിക്കുവേണ്ടി ജി.എസ്.ടി.യിൽ പണം വകയിരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; അതല്ലെങ്കിൽ സംസ്ഥാന ബഡ്ജറ്റിൽ ആവശ്യമായ ഫണ്ട് വകയിരുത്തുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, കിഫ്ബി പ്രതീക്ഷിക്കുന്ന വരുമാനത്തിന്റെ 15% മാത്രമാണ് പെട്രോ സെസ്സിൽ നിന്നുള്ളത്. മോട്ടോർ വെഹിക്കിൾ ടാക്സിൽ നിന്നാണ് കൂടുതലും വരിക. എങ്കിലും 5 വർഷം കഴിഞ്ഞാൽ, ജി.എസ്.ടി. കൗൺസിൽ തീരുമാനിച്ചാൽ ഈ 15% ഒരുപക്ഷേ ഇതിലേയ്ക്ക് വരാം. പക്ഷേ കേന്ദ്ര സർക്കാരിന് രണ്ട് ലക്ഷം കോടി രൂപയാണ് പെട്രോളിൽ നിന്ന് ലഭിക്കുന്നത്. സംസ്ഥാന സർക്കാരുകൾക്കും ഏതാണ്ട് അത്ര തന്നെ തുക ലഭിക്കുകയാണ്. അതുകൊണ്ട് ഇതിനെ 75% വാറ്റോടുകൂടി ജി.എസ്.ടി. കൗൺസിൽ എന്നെങ്കിലും അംഗീകരിക്കുമെന്ന് എനിക്ക് തോന്നുന്നില്ല. അങ്ങനെയൊരു പ്രശ്നം വരുമ്പോൾ കൂടുതൽ പണം ലഭ്യമാക്കാൻ നമുക്ക് വേറൊരു രീതി കണ്ടെത്തണം. അത് നമുക്ക് ചർച്ചചെയ്യാം; പരിശോധിക്കാം. വിമർശനങ്ങളുന്നയിക്കുന്നതിൽ യാതൊരു പ്രയാസവുമില്ല; അതൊക്കെ ദുരുദ്ദേശ്യപരമാണെന്ന് കരുതുന്നുമില്ല. ആശങ്കകളും അപകടങ്ങളും ഓരോ തവണയുമുണ്ടാകുമ്പോഴും പ്രതിപക്ഷമായാലും ഭരണകക്ഷിയായാലും ചൂണ്ടിക്കാണിക്കുകയും പരിശോധിക്കുകയും ചെയ്താൽ മാത്രമേ ഇത് നേരായ രീതിയിൽ പോകുകയുള്ളൂ. വിമർശിച്ചതുകൊണ്ട് എതിരാണ് എന്നുള്ള മനോഭാവമില്ല.

ശ്രീമതി വീണാ ജോർജ്ജ്: സർ, മാന്ദ്യവിരുദ്ധ പാക്കേജിനെക്കുറിച്ചാണ് നമ്മൾ സംസാരിക്കുന്നത്. ഇവിടെ സഭയിൽ തന്നെ പരാമർശിച്ച - ഗ്ലോബൽ സ്ലോ ഡൗൺ; അത് നമ്മൾ വിചാരിച്ചതിനേക്കാൾ വളരെ സ്റ്റീപ്പാണ്. ഐ.ടി. മേഖലയിൽ വിദേശരാജ്യങ്ങളിലെ മലയാളികൾക്ക് ഉൾപ്പെടെ ജോലി നഷ്ടപ്പെടുന്നതിന്റെ ഫ്രീക്വൻസി വളരെ കൂടുതലാണ്. സംസ്ഥാനത്ത് കഴിഞ്ഞ സർക്കാരിന്റെ മദ്യനയംമൂലം ഇന്ന് മദ്യവില്പനയിൽ നിന്നുള്ള വരുമാനം 35 ശതമാനം കുറഞ്ഞിരിക്കുകയാണ്. ഈ ഒരു ഗ്യാപ് നമ്മൾ പ്രതീക്ഷിച്ചതിനെക്കാളും വളരെ വലുതാണ്. അതുകൊണ്ട് ഈ പാക്കേജുമൂലമുള്ള ഫലം കുറച്ചുകൂടി സമയമെടുത്തുണ്ടാകുന്നതാണ്. എങ്ങനെയാണ് ഈ ഗ്യാപ് ഫിൽ ചെയ്യാൻ സർക്കാർ ഉദ്ദേശിക്കുന്നത്?

ഡോ. ടി. എം. തോമസ് ഐസക്: സർ, രണ്ട് രീതിയിലുണ്ട്. ഒന്ന്, 1,000 കോടി രൂപ മുതൽമുടക്കിയാൽ അതിന്റെ Multiplier effect ഉണ്ട്. ആയിരം കോടി രൂപയുടെ നിക്ഷേപമെന്നാൽ ആയിരം കോടി വരുമാനമല്ല. അപ്പോൾ Multiplier impact ഉണ്ടാകാം. രണ്ടാമത്തേത്, ഇപ്പോൾ സിമന്റിന്റെ ചർച്ചയിൽ എല്ലാവരും പറഞ്ഞല്ലോ, കിഫ്ബി വരുന്നുണ്ട്; പ്രോജക്ടുകൾ വരുന്നുണ്ട്; സിമന്റിന് വില കൂടാൻ പോകുന്നു; ഡിമാന്റ് കൂടാൻ പോകുന്നു എന്നൊക്കെ. ഈ മനോഭാവം വളരെ പ്രധാനമാണ്. ഇൻവെസ്റ്റർ എന്നാൽ cold calculation ഒന്നുമല്ല, ഇതൊരു ചൂതാട്ടം പോലെയാണ്; ആവേശമാണ്. അതിനെയാണ് animal spirits എന്ന് John Maynard Keynes വിളിക്കുന്നത്. ഇത്രയും വലിയ നിക്ഷേപം വരുന്നത് ശുഭാപ്തി വിശ്വാസംകൊണ്ടാണ്. കാര്യങ്ങൾ നേരെയാകും; ഇൻവെസ്റ്റ്മെന്റുണ്ടാകും. Psychological impact, Mutliplier impact എന്നിങ്ങനെ രണ്ട് രീതിയിലാണ് മാന്ദ്യവിരുദ്ധ പാക്കേജ്.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ലോക സാമ്പത്തിക രംഗത്തുതന്നെ മാന്ദ്യം രൂക്ഷമായിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണ്. അങ്ങിവിടെ വളരെ അപകടകരമായ ഒരു കാര്യമാണ് ചെയ്തുകൊണ്ടിരിക്കുന്നത്. വേറൊന്നുമല്ല, ഈ നിയമസഭയ്ക്ക് ഇതിൽ യാതൊരു നിയന്ത്രണവുമില്ല; സെബിക്ക് നിയന്ത്രണമില്ല; റിസർവ് ബാങ്കിന് നിയന്ത്രണമില്ല. അങ്ങേയ്ക്ക് ഇഷ്ടമുള്ളതുപോലെ കടമെടുക്കാനുള്ള അധികാരം; Who will scrutinize this? ഈ സഭയ്ക്കുള്ള നിയന്ത്രണമെന്താണ്; കേന്ദ്ര സർക്കാരിനോ സെബിക്കോ റിസർവ് ബാങ്കിനോ ഉള്ള നിയന്ത്രണമെന്താണ്? ഇത് മറ്റ് സംസ്ഥാനങ്ങളിലും ചെയ്തുകഴിഞ്ഞാൽ ഇഷ്ടാനുസരണം ആർക്കും ലോണെടുക്കാം, ചെലവഴിക്കാമെന്ന് വന്നാൽ ഒരു പ്രൂഡന്റ് ബഡ്ജറ്ററി മാനേജ്മെന്റായി ഇതിനെ കണക്കാക്കാൻ കഴിയില്ല. അങ്ങ് ധനതത്വശാസ്ത്രമറിയാവുന്ന ഒരാളാണ്. ഒരു ഫെഡറൽ സംവിധാനത്തിൽ

സംസ്ഥാന സർക്കാരിന് ഇങ്ങനെ യാതൊരു നിയന്ത്രണവുമില്ലാതെ കടമെടുക്കാനുള്ള അവസരം നൽകിയാൽ എന്ത് ചെയ്യും? ഈ സർക്കാർ മാറി വേറൊരു സർക്കാർ വരും; സർക്കാരുകൾ തുടർച്ചയാണ്. കഴിഞ്ഞ മാന്ദ്യവിരുദ്ധ പാക്കേജിന്റെ മുഴുവൻ ബാദ്ധ്യതയും യു.ഡി.എഫ്. സർക്കാരിന്റെ തലയിൽ വന്നു. അതുകൊണ്ട് യാതൊരു നിയന്ത്രണവുമില്ലാതെ ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നത് ഒരു പ്രൂഡന്റ് ഫൈനാൻഷ്യൽ മാനേജ്മെന്റിനോ ബഡ്ജറ്ററി മാനേജ്മെന്റിനോ ഗുണകരമല്ല. സംസ്ഥാന നിയമസഭയെപ്പോലും നോക്കുകുത്തിയാക്കിക്കൊണ്ട് കിഫ്ബി മാത്രം ഇക്കാര്യങ്ങൾ ചെയ്യുന്നത് സാമ്പത്തികരംഗത്ത് കൂടുതൽ അരാജകത്വം ഭാവിയിലുണ്ടാക്കുമെന്നുള്ള ആശങ്ക ഞാൻ പങ്കുവയ്ക്കുകയാണ്.

ഡോ. ടി. എം. തോമസ് ഐസക് : സർ, These are very dangerous times. ശരിയാണ്, we have to learn to live dangerously. അല്ലാതെ വിറച്ചുനിന്നിട്ട് യാതൊരു കാര്യവുമില്ല. അതാണ് നമ്മുടെ മനോഭാവം. ഈ നിയമസഭയിൽ ഇപ്പോൾ എന്താണ് ചെയ്തുകൊണ്ടിരിക്കുന്നത്; കൺട്രോളല്ലേ? ഇത് തുടങ്ങിയതിനുശേഷം ഈ സഭയിൽ കിഫ്ബിയെപ്പറ്റി എത്ര പ്രാവശ്യം വിശദമായി ചർച്ച ചെയ്തിരിക്കുന്നു.

ശ്രീ. രമേശ് ചെന്നിത്തല: സർ, ചർച്ചയേയുള്ളൂ. What is the control of this house? അങ്ങ് ബഡ്ജറ്റിനോടൊപ്പം ഇതിന്റെ ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റുപോലും വച്ചില്ല. ഈ സഭയിലെ 140 അംഗങ്ങൾക്കും കിഫ്ബിയുടെ മാനേജ്മെന്റുമായി ഒരു ബന്ധവുമില്ല. House is not accountable.

ഡോ. ടി. എം. തോമസ് ഐസക്: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ ചോദ്യത്തെ വളരെ ഗൗരവത്തിൽ എടുക്കുകയാണ്. നമ്മുടെ നിയമസഭ ചർച്ച ചെയ്തുവെന്ന് മാത്രമല്ല, ഈ കിഫ്ബി ചെയ്യുന്നതെന്താണ്? നിയമസഭ അംഗീകരിക്കുന്ന അല്ലെങ്കിൽ ക്യാബിനറ്റ് അംഗീകരിക്കുന്ന പദ്ധതികൾക്ക് പണം നൽകുന്നുവെന്നല്ലാതെ വെറെ എന്തെങ്കിലും തീരുമാനിക്കുന്നുണ്ടോ? നമ്മൾ ഒരു കാര്യം ചെയ്യാൻ തീരുമാനിക്കുന്നതിന് പണമുണ്ടാക്കി തരുന്നതല്ലാതെ എന്ത് വലിയ പാതകമാണ് ഈ ബോർഡ് ചെയ്യുന്നത്? ബോർഡ് ചോദിക്കുമ്പോൾ പൈസ ലഭിക്കണമെങ്കിൽ ഉത്തരവാദിത്വമുള്ളവർ അവിടെയിരിക്കണം. ആ മുഖങ്ങളെ മാർക്കറ്റ് അംഗീകരിക്കണം. ശ്രീ. വിനോദ് റായ്, മുൻ റിസർവ് ബാങ്ക് ഗവർണർ ഉഷാ തൊറാട്ട്, നബാർഡിന്റെ മുൻ ചെയർമാൻ തുടങ്ങിയ ആളുകളെയല്ലേ വച്ചിട്ടുള്ളത് ? സത്യം പറഞ്ഞാൽ അവർ നമ്മുടെ കേരളത്തോടുള്ള സ്നേഹം കൊണ്ട് കടം തരികയാണ്. നമ്മുടെ നാടിനോടുള്ള ഒരു മമത. തോന്നിയവാസം നടത്താൻ അവർ അനുവദിക്കുമെന്ന് നിങ്ങൾക്ക് തോന്നുന്നുണ്ടോ? അനുവദിക്കില്ല എന്നുമാത്രമല്ല, മാർക്കറ്റിംഗ് അറിയാവുന്നതുകൊണ്ടാണ് കൈനീട്ടുമ്പോൾ പണം നൽകുന്നത്; ഇത് സുരക്ഷിതമാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് എന്തിനാണ് ഇത്ര വലിയ ആശങ്കയെന്ന് മനസ്സിലാകുന്നില്ല. വിവിധ വകുപ്പുകൾ തയ്യാറാക്കുന്ന പദ്ധതികൾക്കുള്ള പണം കണ്ടെത്തുന്നതിനാണ് കിഫ്ബിയെ ഉപയോഗിക്കുന്നത്. അല്ലാതെ കിഫ്ബി സ്വതന്ത്രമായി കുറേ പണം കൊണ്ടുവന്ന് ഏതെങ്കിലും വഴിക്ക് ചെലവഴിക്കുകയല്ല ചെയ്യുന്നത്. വിവിധ പദ്ധതികൾ വിവിധ വകുപ്പുകൾ തയ്യാറാക്കും. അതിന്റെ ഭാഗമായുള്ള പണമാണ് കിഫ്ബിയിലൂടെ ചെലവഴിക്കപ്പെടുന്നത്. ഒരു തരത്തിലുള്ള സാമ്പത്തിക അരാജകത്വവും അതിന്റെ ഭാഗമായി ഉണ്ടാകില്ല.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ പറഞ്ഞത് മനസ്സിലാവാതെയാണ് അങ്ങ് പറയുന്നത്. സാധാരണഗതിയിൽ ബഡ്ജറ്റിന് പുറത്തുള്ള ബോറോയിംഗ് ആണെങ്കിൽപ്പോലും ഈ സഭ അറിയണ്ടേ? What is the control of this House? ജനപ്രതിനിധി സഭയായ ഈ ഹൗസിന് എന്ത് കൺട്രോളാണുള്ളത്.

മി. സ്പീക്കർ: ചോദ്യം നമ്പർ *334

## ഖാദിയുടേയും മറ്റു ഗ്രാമവ്യവസായങ്ങളുടേയും പുരോഗതി

4 (* 334) ശ്രീ. പി. കെ. ശശി:
ശ്രീ. സി. കൃഷ്ണൻ:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. പുരുഷൻ കടലുണ്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഖാദിയുടെയും മറ്റ് ഗ്രാമവ്യവസായങ്ങളുടെയും പുരോഗതിക്കായുള്ള പദ്ധതികൾ അറിയിക്കാമോ;

(ബി) ഈ മേഖലയിൽ തൊഴിലുപകരണങ്ങളുടെ ആധുനിക വൽക്കരണത്തിനും സാങ്കേതികവിദ്യാ വികസനത്തിനും ഗുണമേന്മാ വർദ്ധനവിനും ഖാദി ഗ്രാമവ്യവസായ ബോർഡ് മുഖേന ചെയ്യുന്നുദ്ദേശിക്കുന്ന കാര്യങ്ങൾ എന്തെല്ലാമാണ്;

(സി) കാലാനുസൃതമായി അഭിരുചിക്കുണ്ടാകുന്ന മാറ്റങ്ങൾക്കനുസരിച്ച് ഖാദിവസ്തുങ്ങളുടെ ഡിസൈനിംഗിൽ മാറ്റം വരുത്തി വിപണിയിൽ സ്ഥാനം ഉറപ്പിക്കാനായി പരിശീലന പരിപാടി സംഘടിപ്പിക്കുമോ എന്നറിയിക്കാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ,

(എ) പ്രത്യേക തൊഴിൽദാന പദ്ധതിയനുസരിച്ച് ഗ്രാമ വ്യവസായങ്ങളുടെ പുരോഗതിക്കായി പുതിയ ഗ്രാമ വ്യവസായ യൂണിറ്റുകൾ തുടങ്ങുന്നതിന് വ്യക്തികൾ,

സഹകരണ സംഘങ്ങൾ, സ്ഥാപനങ്ങൾ, സ്വയം സഹായ സംഘങ്ങൾ എന്നിവയ്ക്ക് വായ്പ ലഭ്യമാക്കുകയും ടി യൂണിറ്റുകൾക്ക് മാർജിൻ മണി നൽകുകയും ചെയ്യുന്ന പദ്ധതി കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് നടപ്പിലാക്കിവരുന്നു. ഗ്രാമ വ്യവസായങ്ങളുടെ പുരോഗതിക്കായി പ്രധാനമന്ത്രിയുടെ തൊഴിൽദാന പദ്ധതി പ്രകാരം പുതിയ ഗ്രാമ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിനായി വ്യക്തികൾക്ക് 25% മുതൽ 35% വരെ മാർജിൻ മണി നൽകിവരുന്നു. ഖാദിമേഖലയുടെ പുരോഗതിക്കായി ഉൽപ്പാദന കേന്ദ്രങ്ങളിൽ ആവശ്യമായ അസംസ്കൃത സാധനങ്ങൾ യഥാസമയം ലഭ്യമാക്കൽ, റെഡിമെയ്ഡ് പാവ് ലഭ്യമാക്കൽ, ആയാസരഹിതവും ഉൽപ്പാദനക്ഷമത കൂടിയതുമായ യന്ത്രസാമഗ്രികൾ ലഭ്യമാക്കൽ, അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തിയിട്ടുള്ള ഉൽപ്പാദന കേന്ദ്രങ്ങൾ, ഉൽപ്പന്നങ്ങൾ യഥാസമയം വിറ്റഴിക്കുന്നതിനുള്ള വിപണന കേന്ദ്രങ്ങൾ, മിനിമം കൂലി, ഉൽപ്പാദന ഇൻസെന്റീവ്, ഉത്സവ ബത്ത, ക്ഷേമനിധി, ഇ.എസ്.ഐ. ആനുകൂല്യങ്ങൾ തുടങ്ങിയവ ആവിഷ്കരിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും വാർഷിക പദ്ധതികളിൽ ഖാദിയുടെ പുരോഗതിക്ക് ആവശ്യമായവയും ഉൾപ്പെടുത്തുന്നുണ്ട്. ഖാദി മേഖലയിലെ ആധുനികവൽക്കരണവും ഈ മേഖലയ്ക്ക് ഉണർവ് പകർന്നിട്ടുണ്ട്.

(ബി) ഈ മേഖലയിൽ തൊഴിലുപകരണങ്ങളുടെ ആധുനികവൽക്കരണത്തിനും സാങ്കേതികവിദ്യാ വികസനത്തിനും ഗുണമേന്മാ വർദ്ധനവിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മെച്ചപ്പെട്ട തൊഴിൽ അന്തരീക്ഷം പ്രദാനം ചെയ്യുന്നതിനായി ആയാസം കുറഞ്ഞ യന്ത്രസാമഗ്രികൾ ഉപയോഗപ്പെടുത്തുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ട്. തൊഴിലുപകരണങ്ങളുടെ ആധുനിക വൽക്കരണത്തിനും സാങ്കേതികവിദ്യാ വികസനത്തിനും ഒരു ഗവേഷണ വികസന വിഭാഗം പ്രവർത്തിച്ചുവരുന്നു. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി പോലുള്ള സാങ്കേതിക വികസന സ്ഥാപനങ്ങളുടെ ഉപദേശങ്ങളും ഇക്കാര്യത്തിൽ സ്വീകരിച്ചുവരുന്നു. ഇത്തരത്തിലുള്ള മാറ്റങ്ങളിലൂടെ മെച്ചപ്പെട്ട ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും തൊഴിലാളികൾക്ക് കൂടുതൽ കൂലിയും ലക്ഷ്യമിടുന്നു.

പരമ്പരാഗത രീതിയിലൂന്നിയുള്ള മാറ്റങ്ങൾ മാത്രമേ ഖാദി മേഖലയിൽ അനുവദനീയമായുള്ളൂ എന്നതിനാൽ ഈ മേഖലയിൽ മാറ്റം വരുത്തുന്നതിന് പരിമിതികളുണ്ട്. എന്നിരുന്നാലും ആയാസരഹിതമായ യന്ത്രസാമഗ്രികൾ തൊഴിലാളികൾക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഇതോടൊപ്പം തന്നെ സൗരോർജ്ജം ഉപയോഗപ്പെടുത്തി യന്ത്രസാമഗ്രികൾ പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടിയുമായും കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് മുന്നോട്ടു പോകുന്നു.

(സി) ഇത്തരത്തിലുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനും സെമിനാറുകൾ, വർക്ഷോപ്പുകൾ എന്നിവ സംഘടിപ്പിക്കുന്നതിനും കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് നടപടികൾ ആരംഭിക്കുകയും രണ്ട് മേഖലാ സെമിനാറുകൾ നടത്തുകയുമുണ്ടായി. കൂടാതെ ഇത്തരം പരിശീലന പ്രക്രിയകൾക്ക് ഈ മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെയും ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ്‌ലൂം ടെക്നോളജി പോലുള്ള സാങ്കേതിക സ്ഥാപനങ്ങളുടെയും സഹായവും കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് സ്വീകരിക്കുന്നതാണ്. കാലാനുസൃതമായ അഭിരുചിക്കനുസരിച്ച് വസ്ത്ര നിർമ്മാണത്തിനായി കൊല്ലം, കോട്ടയം, ആലപ്പുഴ, പയ്യന്നൂർ, പാലക്കാട് എന്നിവിടങ്ങളിൽ റെഡിമെയ്ഡ് ഗാർമെന്റ് യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു.

<u>ശ്രീ. പി. കെ. ശശി</u>: സർ, ഖാദി ഗ്രാമവ്യവസായങ്ങളുടെ നവീകരണത്തിനും പുരോഗതിക്കുംവേണ്ടി ബഹുമാനപ്പെട്ട മന്ത്രി പ്രഖ്യാപിച്ച കാര്യങ്ങളെല്ലാം സ്വാഗതാർഹമാണ്. ദേശീയ പ്രസ്ഥാനത്തിന് ഊടും പാവും നെയ്തെടുക്കുന്നതിൽ ചരിത്രപരമായ പങ്ക് ഖാദിക്കുണ്ട്. ദേശീയപ്രസ്ഥാനത്തിന്റെ പൈതൃകം പറയുന്നവർ, ഖാദി മേഖലയെയും അതുമായി ബന്ധപ്പെട്ട തൊഴിലാളികളെയും പരിപൂർണ്ണമായി വിസ്മരിക്കുകയാണ് ചെയ്തിട്ടുള്ളത്. അതിനുദാഹരണം, ഏറ്റവുമവസാനം ഖാദി തൊഴിലാളികളുടെ മിനിമം വേജ് പ്രഖ്യാപിച്ചത് 2010 ജനുവരിയിലായിരുന്നു. ഇൻകം സപ്പോർട്ട് സ്കീമിന്റെ ഭാഗമായാണ് അത് നൽകിയത്. തൊഴിലാളികളുടെ വേതനത്തിൽ നാളിതുവരെ ഒരു നയാപൈസയുടെ വർദ്ധനവുണ്ടായിട്ടില്ല. തൊഴിലാളികളുടെ മിനിമം വേജ് പുതുക്കി നിശ്ചയിക്കാനും ഖാദിയെ സംരക്ഷിക്കാനും ഉതകുംവിധത്തിൽ തറികളും ചർക്കകളും ആധുനികവൽക്കരിക്കാനും മെഷീനുകളുടെ സ്പെയർ പാർട്സ് ആവശ്യത്തിനനുസരിച്ച് ലഭ്യമാക്കാനുമുള്ള നടപടികൾ സർക്കാർ സ്വീകരിക്കുമോ?

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, ഖാദി മേഖലയിലെ തൊഴിലാളികളുടെ വേതനം വളരെ പരിമിതമാണെന്ന് എല്ലാവർക്കുമറിയാം. മിനിമം 500 രൂപയെങ്കിലും വേതനം ലഭ്യമാക്കണമെന്ന ലക്ഷ്യംവച്ചാണ് സർക്കാർ പ്രവർത്തിക്കുന്നത്. തൊഴിലാളികളുടെ വേതന പരിഷ്കരണവുമായി ബന്ധപ്പെട്ട് ശ്രീ. പി. കെ. ഗുരുദാസൻ ചെയർമാനായി ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. ആ കമ്മിറ്റിയുടെ റിപ്പോർട്ട് ഉടനെ ലഭ്യമാകും, അതിന്റെ ഭാഗമായിട്ടുള്ള തീരുമാനമെടുക്കും. ഖാദി മേഖലയിൽ ആധുനികവൽക്കരണം കൂടുതൽ നടത്താൻ കഴിയില്ല; ഖാദിയുടെ സ്വഭാവം നിലനിർത്തിക്കൊണ്ട് മുന്നോട്ട് പോകണം. ഖാദി മേഖലയിൽ യന്ത്രസാമഗ്രികളുടെ നവീകരണത്തിനുള്ള നിലപാടാണ് സർക്കാർ സ്വീകരിക്കുന്നത്. ആവശ്യമായ സഹായങ്ങൾ ആ മേഖലയ്ക്ക് നൽകാനുള്ള പദ്ധതികൾ ആവിഷ്കരിച്ചുവരികയാണ്.

ശ്രീ. പി. കെ. ശശി: സർ, കോട്ടൺ ഉപയോഗിച്ചാണ് ഇപ്പോൾ നെയ്യുന്നത്. സിൽക്ക് ഫൈബർ ഉപയോഗപ്പെടുത്തി സിൽക്ക് വസ്ത്രങ്ങൾ ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞാൽ നല്ലതുപോലെ മാർക്കറ്റ് ചെയ്യാൻ സാധിക്കും. അതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുമോ? ഗ്രാമ വ്യവസായത്തിന്റെ ഭാഗമായി തേൻ, എണ്ണ, സോപ്പ് എന്നീ ഉൽപ്പന്നങ്ങൾക്ക് നല്ല പേരും പ്രശസ്തിയുമുണ്ടായിരുന്നതാണ്. എന്നാൽ ഇന്ന് ഇവയുടെ ഉൽപ്പാദനം നടക്കുന്നില്ല. ഇതിന്റെ യൂണിറ്റുകളൊക്കെ പ്രവർത്തനരഹിതമാണ്. ഈ കാര്യത്തിൽ സർക്കാർ ശ്രദ്ധിക്കുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, ഖാദി മേഖലയിൽ സിൽക്കിന്റെ ഉൽപ്പാദനം ഇപ്പോൾ നടക്കുന്നുണ്ട്; എന്നാൽ വളരെ പരിമിതമാണ്. മാർക്കറ്റിൽ ആവശ്യകത കൂടുതലുള്ളതുകൊണ്ട് ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. തേൻ ഉൾപ്പെടെയുള്ള മറ്റ് ഖാദി ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം കുറഞ്ഞിട്ടില്ല, മെച്ചപ്പെട്ട രീതിയിൽ വരുന്നുണ്ട്. ആ മേഖലയിൽ കൂടുതൽ ഇടപെടുന്നതിനുള്ള പദ്ധതികൾ സർക്കാർ ആവിഷ്കരിക്കുന്നുണ്ട്.

ശ്രീ. സി. കൃഷ്ണൻ : സർ, ദേശീയ പതാക ഖാദി വസ്ത്രത്തിലാണ് നിർമ്മിക്കുന്നത്. ഖാദി തുണിയിൽ മാത്രമേ ദേശീയപതാക നിർമ്മിക്കാവൂ എന്ന് ഭരണഘടനയിൽ തന്നെ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഖാദിക്ക് അത്രയും പ്രാധാന്യമുണ്ട് എന്നാണിത് വ്യക്തമാക്കുന്നത്. ഖാദി മസ്‌ലിൻ, ധാക്ക മസ്‌ലിൻ, ഖാദി സിൽക്ക് ഉൾപ്പെടെയുള്ള ഖാദി വസ്ത്രങ്ങൾ ഏത് കാലാവസ്ഥയേയും അതിജീവിക്കാൻ കഴിയുന്നവയാണ്. സമ്മർ കൂൾ എന്നാണ് ഖാദി അറിയപ്പെടുന്നത്. ഇങ്ങനെയുള്ള വസ്ത്രം നിർമ്മിക്കുന്ന തൊഴിലാളികൾക്ക് കഠിനമായ കായികാദ്ധ്വാനം ആവശ്യമാണ്. ഒരു മീറ്റർ നൂല് ഉൽപ്പാദിപ്പിക്കണമെങ്കിൽ ആയിരം തവണ ഇരുമ്പ് ചക്രം തിരിക്കണം. പരമ്പരാഗത രീതിയിലുള്ള നൂല് ഉൽപ്പാദനമെന്നത് കൈകൊണ്ട് ചർക്ക തിരിക്കുക എന്നുള്ളതാണ്. അതിനുപകരം ഒരു ചർക്കയിൽ ക്വാർട്ടർ എച്ച്.പി. മോട്ടോർ, അതായത് തയ്യൽ മെഷീനിൽ ഉപയോഗിക്കുന്നതു പോലുള്ള ഒരുപകരണം ഘടിപ്പിച്ചാൽ ആയാസരഹിതമായി നൂൽ ഉൽപ്പാദിപ്പിക്കാൻ സാധിക്കും. പരമ്പരാഗതത്തിന്റെ പേരിൽ ഇത് നിഷേധിച്ച് നമ്മുടെ സഹോദരിമാരുടെ ജീവൻതന്നെ ഇല്ലാതാക്കുന്ന ഉൽപ്പാദനരീതിയാണ് ഇന്നുള്ളത്. അതിൽ മാറ്റം വരുത്താൻ, മറ്റ് പരമ്പരാഗത മേഖലയിലെന്നതുപോലെ ഖാദി മേഖലയിലും നവീകരണം ആവശ്യമാണ്. ഈ കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കാൻ അങ്ങ് തയ്യാറാകുമോ ?

ശ്രീ. എ. സി. മൊയ്തീൻ: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ഖാദി മേഖലയിൽ, പരമ്പരാഗത രീതിയിൽ നൂൽ നൂൽക്കുന്നതും നെയ്യുന്നതും വലിയ അദ്ധ്വാനഭാരമുള്ളതാണ്. ഖാദിയുടെ സ്വഭാവം നമുക്ക് നിലനിർത്തണം. കൈത്തറിപ്പോലെതന്നെ ഒരു പ്രത്യേക വിഭാഗമാണ് ഖാദിയും. ഖാദിയുടെ സ്വഭാവം നഷ്ടപ്പെടുത്താതെ അദ്ധ്വാനഭാരം ലഘൂകരിക്കുന്നതിനുള്ള ഗവേഷണ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. പരിമിതമായ രീതിയിലാണെങ്കിലും അതിന്റെ നടപടികളിലേയ്ക്ക് സർക്കാർ കടന്നിട്ടുണ്ട്. അത് വിപുലമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

ശ്രീ. സി. കെ. ഹരീന്ദ്രൻ : സർ, നമ്മുടെ സംസ്ഥാനത്ത് നിരവധി ഖാദി യൂണിറ്റുകൾ അടഞ്ഞുകിടക്കുന്നതായി കാണാൻ കഴിയുന്നുണ്ട്. വ്യക്തികൾ, സഹകരണസംഘങ്ങൾ, സ്ഥാപനങ്ങൾ, സ്വയം സഹായ സംഘങ്ങൾ ഇവയുടെ നേതൃത്വത്തിൽ ആരംഭിച്ച ഗ്രാമവ്യവസായ യൂണിറ്റുകളാണ് പ്രവർത്തനരഹിതമായത്. ലക്ഷക്കണക്കിന് രൂപ ലോണെടുത്താണ് പലതും ആരംഭിച്ചത്. ലോണിന്റെ അൻപതും അറുപതും ശതമാനം വരെ തുക അടയ്ക്കുകയും പിന്നീട് അടയ്ക്കാൻ കഴിയാതെ വരികയും ചെയ്തിട്ടുണ്ട്. അടയ്ക്കാനുള്ള തുക അടച്ച് തീർക്കാനും യൂണിറ്റുകൾ തുറന്ന് പ്രവർത്തിക്കാനും വൺടൈം സെറ്റിൽമെന്റിൽ ഉൾപ്പെടുത്തി പരിഹാരം കാണാനുമുള്ള നടപടി സർക്കാർ സ്വീകരിക്കുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, സെപ്റ്റംബർ 30 വരെ സർക്കാർ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. ആവശ്യമായ ആനുകൂല്യങ്ങൾ നൽകി വായ്പാ കുടിശ്ശിക തിരിച്ചടവ് ഉറപ്പാക്കാനുള്ള നടപടി സ്വീകരിക്കും. വിവിധ യൂണിറ്റുകളുടെ ഇത്തരം പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ടുകൂടി ഉൾപ്പെടുത്തി ഖാദി ബോർഡ് ആവശ്യമായ സഹായം നൽകാനും യൂണിറ്റുകളെ പുനരുദ്ധരിച്ച് സ്ത്രീകളുൾപ്പെടെയുള്ളവർക്കുകൂടി തൊഴിൽ നൽകാനുമുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

ശ്രീ. പുരുഷൻ കടലുണ്ടി: സർ, ഖാദി മേഖലയ്ക്ക് നല്ല ഉണർവാണ് സംസ്ഥാനത്തുണ്ടായിരിക്കുന്നത്. കേരളത്തിൽ നല്ല മാർക്കറ്റുള്ളതുകൊണ്ട് ഖാദി ബ്രാൻഡ് വ്യാപകമാക്കാൻ നടപടികളുണ്ടോ; വ്യാജ ഖാദി ഉൽപ്പന്നങ്ങൾ മാർക്കറ്റിലിറങ്ങുന്നത് കണ്ടുപിടിക്കാനും തടയാനും എന്ത് സംവിധാനമാണ് സർക്കാരിനുള്ളത്?

ശ്രീ. എ. സി. മൊയ്തീൻ: സർ, ഖാദിയുടെ ഗുണമേന്മ ഉറപ്പുവരുത്തി ഖാദി ബോർഡിന്റെ സ്റ്റാളുകൾവഴിയും സഞ്ചരിക്കുന്ന വിൽപ്പനശാലകൾവഴിയും

വ്യാജമല്ലാത്തവ വിൽക്കാനുള്ള നടപടികളുണ്ട്. ഈ വർഷം കോട്ടയത്ത് ഒരു ഖാദി മാൾ ആരംഭിക്കണമെന്ന് സർക്കാർ ആലോചിക്കുന്നുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള ഖാദിയുടെ വരവ് തടയാൻ കഴിയില്ല. നമ്മുടെ ഖാദി ഉൽപ്പന്നങ്ങൾ ബ്രാൻഡ് ചെയ്ത് നല്ലതുപോലെ മാർക്കറ്റ് ചെയ്യാൻ കഴിയുന്ന രീതിയാണ് സർക്കാർ സ്വീകരിക്കുന്നത്.

ശ്രീ. എൽദോസ് കുന്നപ്പിള്ളി: സർ, എല്ലാ ജില്ലകളിലും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായി ഖാദി ബോർഡ് മുഖേന സ്വയംതൊഴിൽ പദ്ധതി നടപ്പിലാക്കുന്നുണ്ട്. നിലവിൽ അതിന് സബ്സിഡിയുമുണ്ട്. ഈ തുകയും സബ്സിഡിയും വർദ്ധിപ്പിക്കാനുള്ള നടപടി സർക്കാർ സ്വീകരിക്കുമോ ?

ശ്രീ. എ. സി. മൊയ്തീൻ: സർ, ജില്ലാ പഞ്ചായത്തിന്റെ പദ്ധതികളുമായി ബന്ധപ്പെട്ട് ഖാദി ബോർഡിന് എന്തുചെയ്യാൻ കഴിയുമെന്നുള്ളത് ആലോചിക്കാം. സബ്സിഡി നൽകിവരുന്നുണ്ട്. ഇതിന്റെ തുക വർദ്ധിപ്പിക്കുന്ന കാര്യം ഖാദി ബോർഡിന്റെ പദ്ധതിവിഹിതവും കേന്ദ്ര സർക്കാരിന്റെ അസിസ്റ്റന്റ്സുമായൊക്കെ ബന്ധപ്പെട്ടാണിരിക്കുന്നത്. ജില്ലകളിൽ ഇത്തരം കാര്യങ്ങൾ നടത്തുന്നതിനുള്ള ക്രമീകരണത്തെക്കുറിച്ച് ഈ ചോദ്യത്തിന്റെ അടിസ്ഥാനത്തിൽ ആലോചിക്കാവുന്നതാണ്. ഇപ്പോൾ വനിതകൾക്കും എസ്.സി./എസ്.ടി. പോലുള്ള പ്രത്യേക വിഭാഗങ്ങൾക്കും പദ്ധതികൾക്ക് വേണ്ടി 25% മുതൽ 35% വരെ സബ്സിഡി നൽകുന്നുണ്ട്.

മി. സ്പീക്കർ : ഓർഡർ.... ഓർഡർ..... ചോദ്യോത്തര വേള അവസാനിച്ചിരിക്കുകയാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### കെ. എസ്.ഇ.ബി.യുടെ കാര്യക്ഷമത

5 (*331) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.യുടെ പ്രവർത്തന കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള കരാറിൽ (ഉദയ്) സംസ്ഥാനം ഒപ്പുവച്ചിട്ടുണ്ടോ;

(ബി) കെ.എസ്.ഇ.ബി.യുടെ സഞ്ചിത ബാധ്യത സർക്കാർ ഏറ്റെടുക്കുന്നതിനുള്ള കരാറിലെ സാമ്പത്തിക ഭാഗത്തിലും സംസ്ഥാനം ഒപ്പുവച്ചിട്ടുണ്ടോ;

(സി) മറ്റ് ഭൂരിപക്ഷം സംസ്ഥാനങ്ങളും കേന്ദ്രസഹായത്തോടെ കടബാധ്യത യില്ലാതാക്കുന്ന കരാറിൽ ഒപ്പുവച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ കടബാധ്യത ഏറ്റെടുത്ത് കെ.എസ്.ഇ.ബി.യെ കടവിമുക്തവും, കാര്യക്ഷമവുമാക്കുന്നതിന് ലഭിച്ച അവസരത്തിൽ നിന്നും സംസ്ഥാനം വിട്ടുനിന്നതും അതിന് ലഭിക്കുമായിരുന്ന കേന്ദ്ര സഹായം വേണ്ടെന്ന് വച്ചതും എന്തുകൊണ്ടെന്ന് വെളിപ്പെടുത്തുമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ) സംസ്ഥാന സർക്കാർ ഉടമസ്ഥതയിലുള്ള വൈദ്യുത വിതരണ കമ്പനികളുടെ സാമ്പത്തിക നിലയും പ്രവർത്തനമികവും മെച്ചപ്പെടുത്തുന്നതിനായി കേന്ദ്രസർക്കാർ പ്രഖ്യാപിച്ച 'ഉദയ് ' പദ്ധതിയുടെ സാമ്പത്തിക ഭാഗം ഒഴിവാക്കി പ്രവർത്തന മികവ് വർദ്ധിപ്പിക്കുന്നതിനുള്ള ഭാഗം മാത്രം ഉൾപ്പെടുത്തിയ ധാരണാ പത്രത്തിൽ 15-3-2017-ൽ ഒപ്പുവച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി & ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പദ്ധതിപ്രകാരം സാമ്പത്തിക ബാദ്ധ്യത സംസ്ഥാന സർക്കാർ ഏറ്റെടുക്കേണ്ടതുണ്ട്. ബാദ്ധ്യത സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നത് കേരളത്തിന്റെ സാഹചര്യത്തിൽ പ്രായോഗികമല്ല. മറ്റു സംസ്ഥാനങ്ങളിലെ ഇലക്ട്രിസിറ്റി കമ്പനികളുടെ കടബാദ്ധ്യതയുമായി തട്ടിച്ചു നോക്കുമ്പോൾ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ കടബാദ്ധ്യത ആശങ്ക ഉളവാക്കുന്നതല്ല. സാമ്പത്തിക നിയന്ത്രണ പരിപാടികളിലൂടെയും കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടപ്പിലാക്കിയും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് നിലവിലുള്ള ബാദ്ധ്യത സമയബന്ധിതമായി തീർക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഇക്കാരണങ്ങളാൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ കടബാദ്ധ്യത ഏറ്റെടുക്കുന്ന പദ്ധതിയിൽ ചേരാൻ തീരുമാനിച്ചില്ല.

**കാരുണ്യ ചികിത്സാ പദ്ധതി**

6 (*335) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് കാരുണ്യ ചികിത്സാ പദ്ധതിയുടെ പേരിൽ വ്യാപക അഴിമതി നടന്നു എന്ന ആരോപണത്തെക്കുറിച്ച് നടത്തിയ അന്വേഷണത്തിൽ കണ്ടെത്തിയ പ്രധാന കാര്യങ്ങൾ എന്തൊക്കെയാണ്;

(ബി) വിവിധ ആരോഗ്യപദ്ധതികൾ സംയോജിപ്പിച്ച് സൗജന്യ ചികിത്സ ഉറപ്പുവരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) പ്രസ്തുത പദ്ധതി പ്രാവർത്തികമാകുന്നതുവരെ കാരുണ്യ പദ്ധതിയിൽ കൂടുതൽ രോഗങ്ങൾക്കുള്ള ചികിത്സകൾ കൂടി ഉൾപ്പെടുത്തി വിപുലീകരിച്ച് ബജറ്റ് പിന്തുണയോടെ ശാക്തീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) 2011-2016 കാലയളവിൽ കാരുണ്യാ ലോട്ടറി ഫണ്ടിലെ ക്രമക്കേടുകൾ സംബന്ധിച്ച് ശ്രീ. ജി. സുരേഷ് കുമാർ എന്നയാൾ ബഹു.മാനപ്പെട്ട വിജിലൻസ് കോടതിയിൽ ഫയൽ ചെയ്ത സി.എം.പി. നമ്പർ 165/16 എന്ന പരാതിയിന്മേൽ വിജിലൻസ് ആൻഡ് ആന്റികറപ്ഷൻ ബ്യൂറോ സത്വര അന്വേഷണം നടത്തി തുടർ നടപടികൾ ആവശ്യമില്ലെന്ന ശിപാർശയോടെ 13-3-2017-ൽ റിപ്പോർട്ട് കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. കോടതിയുടെ അന്തിമ ഉത്തരവ് ലഭ്യമായിട്ടില്ല.

കൂടാതെ കാരുണ്യാ ചികിത്സാ പദ്ധതിയുമായി ബന്ധപ്പെട്ട് വിജിലൻസ് ആൻഡ് ആന്റികറപ്ഷൻ ബ്യൂറോ, കോഴിക്കോട് യൂണിറ്റ് മിന്നൽ പരിശോധന നടത്തുകയും ക്രമക്കേടുകൾ ഒന്നും കണ്ടെത്താത്തതിനാൽ തുടർ നടപടി അവസാനിപ്പിക്കുകയുമുണ്ടായി. കാരുണ്യാ പദ്ധതിയുമായി ബന്ധപ്പെട്ട് ആലപ്പുഴ മെഡിക്കൽ കോളേജിൽ ശസ്ത്രക്രിയാ ഉപകരണങ്ങൾ വാങ്ങിയതിലുള്ള ക്രമക്കേടുകൾ സംബന്ധിച്ച് വിജിലൻസ് ആൻഡ് ആന്റികറപ്ഷൻ ബ്യൂറോ, ആലപ്പുഴ യൂണിറ്റ് മിന്നൽ പരിശോധന നടത്തുകയും കുറ്റാരോപിതർക്ക് വകുപ്പുതല നടപടി ശിപാർശ ചെയ്ത് റിപ്പോർട്ട് സമർപ്പിക്കുകയുമുണ്ടായി. പ്രസ്തുത ശിപാർശ തുടർ നടപടികൾക്കായി ആരോഗ്യ കുടുംബക്ഷേമ വകുപ്പിന് നൽകിയിട്ടുണ്ട്.

(ബി) വിവിധ ആരോഗ്യപദ്ധതികൾ സംയോജിപ്പിച്ച് സൗജന്യ ചികിത്സ ഉറപ്പുവരുത്തുന്നതിനായുള്ള പ്രൊപ്പോസൽ ആരോഗ്യകുടുംബക്ഷേമ വകുപ്പ് പരശോധിച്ചുവരുന്നു.

(സി) കാരുണ്യാ പദ്ധതി ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സോഫ്റ്റ്‌വെയർ നവീകരണം, കൂടുതൽ ജീവനക്കാരുടെ സേവനം ലഭ്യമാക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. വൃക്ക രോഗികളുടെ ചികിത്സാ ധനസഹായം

രണ്ട് ലക്ഷത്തിൽ നിന്നും മൂന്ന് ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ പദ്ധതിക്കായുള്ള ബഡ്ജറ്റ് വിഹിതമായി 2017-18 സാമ്പത്തിക വർഷം 350 കോടി രൂപ വകയിരുത്തുമെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

**സൗരോർജ്ജ നയം**

7 (*336) ശ്രീ. എൻ. വിജയൻ പിള്ള :
ശ്രീ. കെ.സുരേഷ് കുറുപ്പ് :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സൗരോർജ്ജ നയത്തിന്റെ കാതൽ വ്യക്തമാക്കാമോ;

(ബി) വീടുകളുടെ മേൽക്കൂരയിൽ സോളാർ പാനൽ സ്ഥാപിച്ച് 1000 മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കാനുള്ള പദ്ധതിയുടെ പുരോഗതി അറിയിക്കാമോ; സർക്കാർ ഓഫീസ് കെട്ടിടങ്ങളുടെ മുകളിൽ സൗരോർജ്ജ പാനൽ സ്ഥാപിച്ച് വൈദ്യുതി ഉത്പാദനം സാധ്യമായിട്ടുണ്ടോ;

(സി) അക്ഷയ സ്രോതസ്സുകളിൽ നിന്നുള്ള ഊർജ്ജോത്പാദനത്തിൽ അനെർട്ടിന്റെ പങ്ക് എന്താണെന്ന് അറിയിക്കാമോ; കഴിഞ്ഞ ബജറ്റിൽ ഈ ആവശ്യത്തിനായി അനെർട്ടിന് നീക്കിവച്ച തുക ഉപയോഗിച്ചുണ്ടാക്കിയ നേട്ടങ്ങൾ വിശദീകരിക്കാമോ;

(ഡി) ഈ സ്ഥാപനത്തിന്റെ പ്രവർത്തനം സംസ്ഥാനത്തിന്റെ ഊർജ്ജാവശ്യമനുസരിച്ച് വിപുലീകരിക്കാനും സാങ്കേതികവിദ്യ നവീകരിക്കുന്നതിനും പരിപാടിയുണ്ടോ എന്ന് അറിയിക്കാമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ) സംസ്ഥാനത്തെ സൗരോർജ്ജ ഉൽപ്പാദനം വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ 25-11-2013-ലെ സ.ഉ. (പി) നമ്പർ 49/2013/ഊ.വ. പ്രകാരം സൗരോർജ്ജ നയം രൂപീകരിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.* സംസ്ഥാനത്തിന്റെ സൗരോർജ്ജ സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനുവേണ്ടിയാണ് കേരളത്തിന്റെ സൗരോർജ്ജ നയം പ്രഖ്യാപിച്ചിട്ടുള്ളത്. സൗരോർജ്ജ നയത്തിൽ 2017-ഓടെ 500 മെഗാവാട്ടും 2030-ഓടെ 2500 മെഗാവാട്ടും സൗരോർജ്ജ വൈദ്യുത ഉൽപ്പാദനശേഷിയാണ് ലക്ഷ്യമിട്ടിട്ടുള്ളത്. നിലവിൽ വീടുകളിലും മറ്റും ഉപയോഗിക്കുന്ന ഇൻവെർട്ടറുകൾ സൗരോർജ്ജത്തിലേക്ക് മാറ്റുക, ഉപയോഗ്യയോഗ്യമല്ലാത്ത പ്രദേശങ്ങളിലും

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കനാലുകൾ, ജലസംഭരണികൾ, ക്വാറികൾ തുടങ്ങിയവയിലും സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുക, സൗരോർജ്ജ പദ്ധതികൾ നടപ്പാക്കുന്ന സ്ഥാപനങ്ങളെ എംപാനൽ ചെയ്യുക, സൗരോർജ്ജ സംവിധാനങ്ങളുടെ ബാലൻസ് ഓഫ് സിസ്റ്റം (പാനൽ ഒഴികെയുള്ള ഉപകരണങ്ങൾ) നിർമ്മിക്കാൻ പ്രോത്സാഹനം, സൗരോർജ്ജ വൈദ്യുതി ഉൽപ്പാദന സംവിധാനം, സൗരോർജ്ജ വാട്ടർ ഹീറ്ററുകൾ, സൗരോർജ്ജ സ്റ്റീം പാചകം എന്നിവ അനുയോജ്യമായ സ്ഥലങ്ങളിൽ നിർബന്ധമാക്കുക, സൗരോർജ്ജ പ്രോജക്ടുകളുടെ ഫണ്ടിംഗിനുള്ള വഴികൾ തുടങ്ങി ഒട്ടനവധി കാര്യങ്ങൾ സൗരോർജ്ജ നയത്തിൽ പ്രതിപാദിക്കുന്നുണ്ട്. 2000-നും 3000-നും ഇടയിൽ ചതുരശ്ര അടി തറ വിസ്തീർണ്ണമുള്ള എല്ലാ പുതിയ ഗാർഹിക കെട്ടിടങ്ങളിലും 500 വാട്ട് സോളാർ വൈദ്യുതി പ്ലാന്റും 3000-ന് മുകളിൽ ചതുരശ്ര അടി തറ വിസ്തീർണ്ണമുള്ളവയിൽ ചുരുങ്ങിയത് 1000 വാട്ട് സോളാർ പവർ പ്ലാന്റും സ്ഥാപിക്കണമെന്ന് സൗരോർജ്ജ നയം വിഭാവനം ചെയ്യുന്നുണ്ട്.

2000 സ്ക്വയർ ഫീറ്റിൽ അധികം തറ വിസ്തീർണ്ണമുള്ള ഗാർഹിക കെട്ടിടങ്ങളിൽ സൗരോർജ്ജ ഉപയോഗം നിർബന്ധമാക്കാനാണ് ഉദ്ദേശിക്കുന്നത്. 2000 മുതൽ 3000 സ്ക്വയർ ഫീറ്റ് തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളിൽ കുറഞ്ഞത് 100 ലിറ്റർ സൗരോർജ്ജ വാട്ടർ ഹീറ്ററും 500 വാട്ട് സൗരോർജ്ജ വൈദ്യുതി സംവിധാനവും 3000-ത്തിനകം സ്ക്വയർ ഫീറ്റ് തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളിൽ 100 ലിറ്റർ വാട്ടർ ഹീറ്ററും 1000 വാട്ട് സൗരോർജ്ജ വൈദ്യുത സംവിധാനവും സ്ഥാപിക്കണമെന്ന് സൗരോർജ്ജ നയം നിഷ്കർഷിക്കുന്നു. സൗരോർജ്ജ നയം സംബന്ധിച്ചുള്ള പൂർണ്ണ വിവരങ്ങൾ അനെർട്ടിന്റെ വെബ്സൈറ്റിൽ (www.anert.gov.in) ലഭ്യമാക്കിയിട്ടുമുണ്ട്.

(ബി) കേന്ദ്ര സർക്കാർ സബ്സിഡിയോടെ 10000 വീടുകളിൽ സോളാർ ഓഫ് ഗ്രിഡ് പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതിയായ 10000 റൂഫ് ടോപ്പ് സോളാർ പവർ പ്ലാന്റ് പദ്ധതി പ്രകാരം 9837 വീടുകളിൽ 1 കിലോവാട്ട് ശേഷിയുള്ള ഓഫ് ഗ്രിഡ് സോളാർ പവർ പ്ലാന്റുകൾ സ്ഥാപിച്ചു നൽകി. (ആകെ 9.837 മെഗാവാട്ട് സ്ഥാപിതശേഷി).

2016-17 സാമ്പത്തിക വർഷം അനെർട്ടുവഴി 11.8 മെഗാവാട്ട് വൈദ്യുതി സൗരോർജ്ജ പവർ പ്ലാന്റുകൾവഴി ഉൽപ്പാദിപ്പിക്കുന്ന പദ്ധതികൾക്ക് തുടക്കമിട്ടിട്ടുണ്ട്.

സർക്കാർ ഓഫീസ് കെട്ടിടങ്ങളുടെ മുകളിൽ സോളാർ പാനലുകൾ സ്ഥാപിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ കെ.എസ്.ഇ.ബി. ആരംഭിച്ചിട്ടുണ്ട്. കോഴിക്കോട് ജില്ലാ പഞ്ചായത്ത് 44 കെട്ടിടങ്ങളുടെ മുകളിൽ

480 കിലോവാട്ടും കണ്ണൂർ ജില്ലാ പഞ്ചായത്ത് 31 കെട്ടിടങ്ങളിൽ 670 കിലോവാട്ടും കൊല്ലം ജില്ലാ പഞ്ചായത്ത് ഫാം ഹൗസിൽ 5.5 കിലോവാട്ടും ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയുടെ കെട്ടിടങ്ങളിൽ 27 കിലോവാട്ടും സോളാർ പാനലുകൾ സ്ഥാപിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിനെ ചുമതലപ്പെടുത്തി ആവശ്യമായ ഫണ്ട് നൽകിയിട്ടുണ്ട്.

അനെർട്ട് മുഖേന സർക്കാർ ഓഫീസ് കെട്ടിടങ്ങളുടെ മുകളിൽ സൗരോർജ്ജ പാനൽ സ്ഥാപിച്ച് വൈദ്യുതി ഉൽപ്പാദനം സാദ്ധ്യമായിട്ടുണ്ട്. അനെർട്ടിന്റെ ആഭിമുഖ്യത്തിൽ ഡെമോൺസ്ട്രേഷൻ-ഡെപ്പോസിറ്റ്-കൺസൾട്ടൺസി സ്കീമുകളിലായി ആകെ 589 കിലോവാട്ട് സ്ഥാപിതശേഷിയുള്ള സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ചുകഴിഞ്ഞിട്ടുണ്ട്.

(സി) അക്ഷയ ഊർജ്ജ സ്രോതസ്സുകളായ സൗരോർജ്ജം, ജൈവോർജ്ജം എന്നിവ ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഉപകരണങ്ങളുടെയും സംവിധാനങ്ങളുടെയും പ്രചരണവും സബ്സിഡിയോടുകൂടിയുള്ള നിർമ്മാണ പ്രവർത്തനങ്ങളും അനെർട്ട് മുഖേന നടന്നുവരുന്നു. കൂടാതെ കാറ്റിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ സംരംഭകർക്ക് സാങ്കേതിക അനുമതിയും അനെർട്ട് മുഖേനയാണ് നൽകി വരുന്നത്. അനെർട്ട് മുഖേന 2016-17 വർഷത്തെ പദ്ധതിയുടെ ഭാഗമായി 2 കിലോവാട്ട് മുതൽ 10 കിലോവാട്ട് വരെ ശേഷിയുള്ള ശൃംഖലാബന്ധിത സോളാർ പവർ പ്ലാന്റുകൾ (ആകെ ശേഷി - 5000 കിലോവാട്ട്) കേന്ദ്ര-സംസ്ഥാന സർക്കാർ സബ്സിഡിയോടെ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും സ്ഥാപിച്ച് നൽകാനും 1 കിലോവാട്ട് മുതൽ 5 കിലോവാട്ട് വരെ ശേഷിയുള്ള ഓഫ് ഗ്രിഡ് സോളാർ പവർ പ്ലാന്റുകൾ (ആകെ ശേഷി-6400 കിലോവാട്ട്) കേന്ദ്ര-സംസ്ഥാന സർക്കാർ സബ്സിഡിയോടെ സ്ഥാപിച്ചുനൽകാനുമുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. കൂടാതെ ഇടുക്കി, പാലക്കാട്, വയനാട് ജില്ലകളിലെ ഒറ്റപ്പെട്ട വിദൂരസ്ഥലങ്ങളായ 2000 വീടുകളിൽ സോളാർ വൈദ്യുതീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

5000 കിലോവാട്ട് ശേഷിയുള്ള ശൃംഖലാബന്ധിത സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് വർക്ക് ഓർഡർ നൽകിക്കഴിഞ്ഞു. കൂടാതെ 4000 കിലോവാട്ട് ശേഷിയുള്ള ഓഫ്ഗ്രിഡ് സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. 2016-17 വർഷത്തെ പദ്ധതിപ്രകാരം ഇതേവരെ 2303 പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റുകളും 145 ക്യൂബിക് മീറ്റർ പ്രതിദിനശേഷിയുള്ള വൻകിട ബയോഗ്യാസ് പ്ലാന്റുകളും സർക്കാർ സബ്സിഡിയോടെ സ്ഥാപിച്ചുനൽകി. പാലക്കാട് കുഴൽമന്ദത്ത് 2 മെഗാവാട്ടിന്റെ ശൃംഖലാബന്ധിത സൗരോർജ്ജ പവർ പ്ലാന്റ് സ്ഥാപിച്ച് വൈദ്യുതി കെ.എസ്.ഇ.ബി. ഗ്രിഡിലേക്ക് നൽകിവരുന്നു.

സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ ഭാഗമായി അനെർട്ട് ഇതിനകം ഇടുക്കി ജില്ലയിൽ 1281 വീടുകളും പാലക്കാട് ജില്ലയിൽ 367 വീടുകളും വയനാട് ജില്ലയിൽ 16 വീടുകളും സൗരോർജ്ജ വൈദ്യുതി ലഭ്യമാക്കി വൈദ്യുതീകരിച്ച് കഴിഞ്ഞു.

2016-17 വർഷം ബയോഗ്യാസ് പ്ലാന്റുകൾ, സോളാർ വാട്ടർ ഹീറ്ററുകൾ, മെച്ചപ്പെട്ട വിറകടുപ്പുകൾ മുതലായവ സബ്സിഡി നൽകി സ്ഥാപിക്കുന്ന അക്ഷയ ഊർജ്ജ പദ്ധതി പ്രകാരം 1250 ലക്ഷം രൂപയും സൗരോർജ്ജ ഓഫ്ഗ്രിഡ്, ശൃംഖലാബന്ധിത പവർ പ്ലാന്റുകൾ, സമ്പൂർണ്ണ വൈദ്യുതീകരണം എന്നിവ നടപ്പിലാക്കുന്നതിനായി 2898 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ടായിരുന്നു.

(ഡി) സംസ്ഥാനത്തിന്റെ ഊർജ്ജ ആവശ്യം നിറവേറ്റുക എന്ന ലക്ഷ്യത്തോടെ കാലാകാലങ്ങളിൽ പ്രവർത്തന വ്യാപ്തി വർദ്ധിപ്പിക്കുവാനും നൂതന സാങ്കേതിക വിദ്യകളും ആശയങ്ങളും ഉൾക്കൊള്ളാനും അനെർട്ട് നടപടി സ്വീകരിക്കുന്നുണ്ട്.

## കോ-ഓപ്പറേറ്റീവ് ഫെഡറലിസം

8 (*337) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ :
ശ്രീ. എം. സ്വരാജ് :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോ-ഓപ്പറേറ്റീവ് ഫെഡറലിസം എന്ന ലക്ഷ്യപ്രാപ്തിക്കായി 14-ാം ധനകാര്യ കമ്മീഷൻ നൽകിയ നിർദ്ദേശങ്ങളും ശിപാർശകളും എന്തെല്ലാമാണ് ; ഇതിൻമേലുള്ള കേന്ദ്ര സർക്കാർ നിലപാട് വ്യക്തമാക്കിയിട്ടുണ്ടോ;

(ബി) ധനദൃഢീകരണത്തിനായി നിർദ്ദേശിച്ച മാർഗ്ഗങ്ങൾ വിശദമാക്കാമോ; ഇവയോടുള്ള സർക്കാർ നിലപാട് വ്യക്തമാക്കാമോ;

(സി) സർക്കാരിന്റെ പൊതു ചെലവുകളുടെ മാനേജ്മെന്റ് സംബന്ധിച്ച നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) കോ-ഓപ്പറേറ്റീവ് ഫെഡറലിസം എന്ന ലക്ഷ്യപ്രാപ്തിക്കായി 14-ാം ധനകാര്യ കമ്മീഷൻ നൽകിയ നിർദ്ദേശങ്ങളും ശിപാർശകളും അനുബന്ധമായി ചേർത്തിരിക്കുന്നു.* ഇതു സംബന്ധിച്ച് കേന്ദ്രസർക്കാർ നിലപാട് വ്യക്തമാക്കിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ധന ദൃഢീകരണത്തിനായി 14-ാം ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ച മാർഗ്ഗങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* ഇതിൽ പല നിർദ്ദേശങ്ങളും സംസ്ഥാന താൽപ്പര്യത്തിന് എതിരാണ്.

(സി) സർക്കാരിന്റെ പൊതുചെലവുകളുടെ മാനേജ്മെന്റ് സംബന്ധിച്ച 14-ാം ധനകാര്യ കമ്മീഷന്റെ നിർദ്ദേശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**കായികരംഗത്തെ വികസനത്തിനുള്ള പദ്ധതികൾ**

9 (*338) ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. ബി. സത്യൻ :
ശ്രീ. ആന്റണി ജോൺ :
ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ-അന്തർദ്ദേശീയ തലങ്ങളിൽ സംസ്ഥാനത്തെ കായികതാരങ്ങൾക്ക് മികവു നേടുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്;

(ബി) കായിക സർവകലാശാല രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ജി.വി.രാജ സ്പോർട്സ് സ്കൂളിനെയും കണ്ണൂർ സ്പോർട്സ് ഡിവിഷനെയും കായിക വകുപ്പ് ഏറ്റെടുക്കുന്ന നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(സി) വിവിധ സ്പോർട്സ് ഹോസ്റ്റലുകളുടെ നവീകരണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) വിവിധ കായിക മത്സരങ്ങളിൽ മികവ് തെളിയിക്കുന്ന വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് പ്രത്യേക പരിശീലനം നൽകി മികവുറ്റ താരങ്ങളാക്കി മാറ്റാൻ പരിപാടിയുണ്ടോ എന്നറിയിക്കുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) ദേശീയ-അന്തർദ്ദേശീയ തലങ്ങളിൽ സംസ്ഥാനത്തെ കായിക താരങ്ങൾക്ക് മികവുനേടുന്നതിനായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ ആവിഷ്കരിച്ചിട്ടുള്ള വിവിധ പദ്ധതികളായ "എലൈറ്റ് ട്രെയിനിംഗ് സ്കീം", സെൻട്രലൈസ്ഡ്/സ്കൂൾ/കോളേജ് സ്പോർട്സ് ഹോസ്റ്റൽ ട്രെയിനിംഗ് സ്കീം, 2020, 2024 വർഷങ്ങളിലെ ഒളിമ്പിക്സിൽ മെഡൽ നേടുന്നത് ലക്ഷ്യം കണ്ടുകൊണ്ട് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന "ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി" എന്നിവയാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ കായിക മേഖലയുടെ ഉന്നമനത്തിനായി ഒരു കായിക സർവ്വകലാശാല സ്ഥാപിക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചു വരികയാണ്. 13-2-2017-ലെ സ.ഉ. (എം.എസ്.) നമ്പർ 03/2017/കാ.യു.വ. പ്രകാരം ജി.വി.രാജാ സ്പോർട്സ് സ്കൂൾ, മൈലം, തിരുവനന്തപുരം, കണ്ണൂർ സ്പോർട്സ് ഡിവിഷൻ ഗേൾസ് വി.എച്ച്.എസ്.എസ്. എന്നിവയുടെ ഭരണ നിയന്ത്രണ ചുമതല കായിക വകുപ്പ് ഏറ്റെടുത്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) സ്പോർട്സ് ഹോസ്റ്റലുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ വൈസ് പ്രസിഡന്റ് ശ്രീമതി മേഴ്സിക്കുട്ടൻ, അഡ്മിനിസ്ട്രേറ്റീവ് ബോർഡ് അംഗങ്ങളായ ശ്രീ. എം. ആർ. രഞ്ജിത്ത്, ശ്രീ. ജോർജ്ജ് തോമസ് എന്നിവർ ഉൾപ്പെട്ട ഒരു മൂന്നംഗ സമിതിയെ പോരായ്മകൾ സംബന്ധിച്ച് പഠിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ കേരള സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റീവ് ബോർഡ് ചുമതലപ്പെടുത്തിയിരുന്നു. ടി സമിതി ഹോസ്റ്റലുകൾ നേരിട്ട് സന്ദർശിച്ച് കായിക താരങ്ങളുടെ പ്രകടനം, സ്ഥാപനങ്ങളിൽ നിന്നുള്ള പിന്തുണ, ഭക്ഷണം, താമസ സൗകര്യം, കളിക്കുന്നതിന്/പഠിക്കുന്നതിനുള്ള സൗകര്യങ്ങൾ, മറ്റ് സാഹചര്യങ്ങൾ എന്നിവ പ്രത്യേകം പ്രത്യേകം പരിഗണിച്ച് ഹോസ്റ്റലുകളെ കാറ്റഗറി എ, ബി, സി, ഡി വിഭാഗങ്ങളായി തരംതിരിച്ച് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.

എല്ലാ ജില്ലാ സ്പോർട്സ് കൗൺസിൽ സെക്രട്ടറിമാരോടും ജില്ലാ സ്പോർട്സ് ഓഫീസർമാരോടും ഹോസ്റ്റൽ പരിശോധിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഹോസ്റ്റലുകളിലെ ബോർഡിംഗ്/ലോഡ്ജിംഗ് ബില്ലുകൾ പരിശോധിച്ച് കൗണ്ടർസൈൻ ചെയ്ത് സംസ്ഥാന സ്പോർട്സ് കൗൺസിലിൽ ലഭ്യമാക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ ടെക്നിക്കൽ ഓഫീസർക്കും ഹോസ്റ്റൽ പരിശോധിക്കുവാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) നിലവിൽ പരിഗണനയിലില്ല.

**പുതിയ വൈദ്യുതി കണക്ഷനുകൾ**

10 (*340) <u>ശ്രീ. പി. വി. അൻവർ</u> :
<u>ശ്രീ. ജോർജ് എം. തോമസ്</u> :
<u>ശ്രീ. കെ. വി.അബ്ദുൾ ഖാദർ</u> :
<u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നൽകിയ പുതിയ വൈദ്യുതി കണക്ഷനുകൾ എത്രയെന്നും അതിനായി പുതുതായി സൃഷ്ടിച്ച വിതരണ സംവിധാനത്തിന്റെ വിശദാംശവും ലഭ്യമാണോ;

(ബി) അതിരൂക്ഷമായ വേനലിന്റെ ഫലമായുണ്ടായ ഉല്പാദനക്കുറവും ആവശ്യകതയിലുള്ള വർദ്ധനവും നേരിടുന്നതിനായി നടപ്പിലാക്കിയ ഡിമാന്റ് മാനേജ്മെന്റ് സപ്ലൈ വർദ്ധന പരിപാടികൾ എന്തെല്ലാമാണ്;

(സി) ഉപഭോക്തൃ സേവനം മെച്ചപ്പെടുത്തുന്നതിനായി നടപ്പിലാക്കിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മാർച്ച് 2017 വരെ ആകെ 404605 വൈദ്യുതി കണക്ഷനുകൾ നൽകിയിട്ടുണ്ട്. ടി കാലയളവിൽ 1732 കി. മീ. എച്ച്.റ്റി. ലൈൻ, 4949 കി. മീ. എൽ.റ്റി. ലൈൻ എന്നിവ നിർമ്മിക്കുകയും 2102 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. 5-5-2017-ലെ കണക്കുകൾ പ്രകാരം സർക്കാർ പ്രഖ്യാപിച്ച സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി പ്രകാരം അപേക്ഷിച്ച 150520 ഉണഭോക്താക്കളിൽ 147400 പേർക്കും കണക്ഷൻ നൽകിയിട്ടുണ്ട്.

(ബി) കാലവർഷക്കുറവുമൂലം ഉണ്ടായേക്കാവുന്ന വൈദ്യുതി പ്രതിസന്ധി തരണം ചെയ്യുവാനായി മദ്ധ്യകാല-ദീർഘകാല കരാറുകൾ മുഖേന (ഡി.ബി.എഫ്.ഒ.ഒ. പ്രകാരം) 2016 ഡിസംബർ മുതൽ ലഭ്യമാക്കേണ്ടിയിരുന്ന വൈദ്യുതി ജൂൺ 2016 മുതൽ ലഭ്യമാക്കുകവഴി ഡാമുകളിൽ വെള്ളം വേനൽക്കാലത്തേക്ക് സംഭരിക്കാൻ സാധിച്ചിട്ടുണ്ട്. ഇത് കൂടാതെ സംസ്ഥാനത്തിന് പുറത്തുനിന്നും വൈദ്യുതി കൊണ്ടുവരുന്നതിനുള്ള ദീർഘകാല-ഹ്രസ്വകാല കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്. 865 മെഗാവാട്ടിന്റെ ദീർഘകാല കരാറും 300 മെഗാ വാട്ട് റൗണ്ട് ദ ക്ലോക്ക് അടിസ്ഥാനത്തിലും 100 മെഗാ വാട്ടിന്റെ പീക്ക് സമയത്തുള്ള ഹ്രസ്വകാല കരാറിലും ഏർപ്പെട്ടിട്ടുണ്ട്. ഇതിൽ 315 മെഗാ വാട്ട് വൈദ്യുതി ദീർഘകാലാടിസ്ഥാനത്തിൽ 6-12-2016-ൽ ലഭിച്ചുതുടങ്ങി. 1-3-2017 മുതൽ 30-6-2017 വരെ ലഭിക്കേണ്ട 200 മെഗാ വാട്ട് ഹ്രസ്വകാല കരാർ അനുസരിച്ച് ലഭിക്കുന്നുണ്ട്. കൂടാതെ 2017 മാർച്ച് മുതൽ 2017 മേയ് അവസാനം വരെ 100 മെഗാ വാട്ട് 24 മണിക്കൂറും 100 മെഗാ വാട്ട് രാത്രി 6 മണിക്കൂറും ലഭിക്കുന്ന മറ്റൊരു ഹ്രസ്വകാല കരാറുപ്രകാരവും ഇപ്പോൾ വൈദ്യുതി ലഭിച്ചുകൊണ്ടിരിക്കുന്നുണ്ട്. ഇത് കഴിഞ്ഞുള്ള വൈദ്യുതി കമ്മി പവർ എക്സ്ചേഞ്ച്, അൺഷെഡ്യൂൾഡ് ഇന്റർചേഞ്ച്, കപ്പാസിറ്റർ അഡ്ജസ്റ്റുമെന്റ് എന്നിവവഴി നികത്താനാണ് ഉദ്ദേശിക്കുന്നത്.

(സി) സംസ്ഥാന വൈദ്യുതി ബോർഡിൽ ഉപഭോക്തൃ സേവനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഇ-സർവീസുകൾ ആരംഭിച്ചിട്ടുണ്ട്.

ഉപഭോക്തൃ സേവനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള അപേക്ഷാ ഫോറം ലളിതമാക്കുകയും കണക്ഷനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുകയും ചെയ്തു. വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള കാലതാമസം കുറയ്ക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

വൈദ്യുതി ഉപഭോക്താക്കൾക്ക് നൽകേണ്ട വിവിധ സേവനങ്ങളുമായി ബന്ധപ്പെട്ട ചട്ടങ്ങൾ പ്രസിദ്ധീകരിക്കുന്നത് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ ആണ്. വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകളുടെ എണ്ണം 2 ആയി ലഘൂകരിച്ച് (തിരിച്ചറിയൽ രേഖ, ഉടമസ്ഥാവകാശം തെളിയിക്കാനുള്ള രേഖ), വൈദ്യുതി കണക്ഷൻ നൽകാൻ വേണ്ടവിധത്തിൽ ചട്ടങ്ങളിൽ മാറ്റം വരുത്തുവാനും സർക്കാർ ആവശ്യപ്പെട്ടതനുസരിച്ച് റെഗുലേറ്ററി കമ്മീഷൻ ചട്ടങ്ങളിൽ മാറ്റം വരുത്തുകയും കെ.എസ്.ഇ.ബി. അത് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. മതിയായ ഉടമസ്ഥാവകാശ രേഖകൾ ഹാജരാക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് 100 ചതുരശ്ര മീറ്ററോ അതിൽ താഴെയോ വിസ്തൃതിയുള്ള വാസഗൃഹങ്ങൾക്ക് ഉടമസ്ഥാവകാശ രേഖയില്ലെങ്കിലും വൈദ്യുതി കണക്ഷൻ അനുവദിക്കുന്നതിന് 6-10-2016-ലെ സ.ഉ. (എംഎസ്.) നമ്പർ 22/2016/ഊ.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് (ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്)*. 1500 ചതുരശ്ര അടി വരെ വിസ്തീർണ്ണമുള്ള വ്യക്തിഗത വാസഗൃഹങ്ങൾക്ക് താൽക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വൈദ്യുതി കണക്ഷൻ നൽകുന്നതിന് 16-11-2016-ലെ സ.ഉ. (എംഎസ്.) നമ്പർ 170/2016/ത.സ്വ.ഭ.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്)*

## സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി

11 (*341) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. സി. എഫ്. തോമസ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ പൂർത്തീകരണം ഏതു ഘട്ടത്തിലാണ്; വിശദാംശം വ്യക്തമാക്കുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഈ പദ്ധതിയുടെ പ്രയോജനം എന്നുവരെ അപേക്ഷിച്ചവർക്കാണ് ലഭിക്കുകയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണത്തിന് എന്തെങ്കിലും സാങ്കേതിക തടസ്സങ്ങൾ നിലവിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ) 4-5-2017-ലെ കണക്ക് പ്രകാരം സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ രജിസ്റ്റർ ചെയ്ത 150520 ഗുണഭോക്താക്കളിൽ 147400 പേർക്കും ഇതിനോടകം വൈദ്യുതി കണക്ഷൻ നൽകിക്കഴിഞ്ഞു. വനം വകുപ്പിന്റെ അനുമതി താമസിച്ച് ലഭിച്ചതോ ലഭിക്കാത്തതോ ആയ പ്രദേശങ്ങളിലും മറ്റു ഭൂഉടമകളുടെ എതിർപ്പിനെത്തുടർന്ന് റവന്യൂ അധികൃതരുടെ തീർപ്പിനായി കാത്തിരിക്കുന്നതും നിശ്ചിത സമയത്തിനുള്ളിൽ വയറിംഗ് പൂർത്തിയാകാത്തതുമായ ഗുണഭോക്താക്കൾക്കാണ് പ്രധാനമായും വൈദ്യുതി കണക്ഷൻ നൽകാനാകാത്തത്. ഭൂഗർഭ കേബിൾ ഉപയോഗിച്ചുമാത്രം വൈദ്യുതി എത്തിക്കാൻ അനുവാദം ലഭിച്ച ചില കോളനികളിലും മാർച്ച് അവസാനവാരം മാത്രം അപേക്ഷ നൽകിയതുമായ ഉപഭോക്താക്കൾക്കും വൈദ്യുതി എത്തിക്കാൻ ഏതാനും ദിവസംകൂടി ആവശ്യമാണ്.

സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി വൈദ്യുതി ലൈൻ എത്തിപ്പെട്ടിട്ടില്ലാത്ത ഉൾനാടൻ പ്രദേശങ്ങളിൽ സൗരോർജ്ജനിലയം സ്ഥാപിച്ച് വൈദ്യുതി നൽകുന്നതിനുവേണ്ടി ഗുണഭോക്താക്കളെ കണ്ടെത്തി അവരുടെ ഭവനങ്ങൾ വൈദ്യുതീകരിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ച് പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) 2017 മാർച്ച് 31-നകം അപേക്ഷ സമർപ്പിച്ച വാസയോഗ്യമായ വീടുകൾക്കും അന്നേയ്ക്ക് പ്രവർത്തനക്ഷമമായ അങ്കണവാടികൾക്കും വൈദ്യുതി എത്തിക്കുക എന്നതാണ് സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ ലക്ഷ്യമിട്ടിരുന്നത്.

(സി) വനത്തിനുള്ളിലൂടെ വൈദ്യുതി വിതരണ ലൈനുകൾ സ്ഥാപിക്കാൻ വനം വകുപ്പിന്റെ അനുമതി ആവശ്യമാണ്. സംസ്ഥാന സർക്കാരിന്റെയോ കേന്ദ്ര സർക്കാരിന്റെയോ അനുമതി ആവശ്യമായി വരാറുണ്ട് എന്നതിനാൽ ഇതിന് കാലതാമസമുണ്ടാകാറുണ്ട്. ലൈൻ കടന്നുപോകുന്നതിനെ ഭൂഉടമകൾ എതിർത്താൽ റവന്യൂ അധികൃതരുടെ അനുമതിയോടുകൂടി മാത്രമേ ലൈൻ നിർമ്മിക്കാനാവുകയുള്ളൂ. വനം വകുപ്പിൽനിന്നും റവന്യൂ വകുപ്പിൽനിന്നും നല്ല സഹകരണം ലഭിക്കുന്നുണ്ട് എങ്കിലും സാങ്കേതിക തടസ്സങ്ങൾ പദ്ധതി പൂർത്തീകരണത്തിന് കാലതാമസമുണ്ടാക്കിയിട്ടുണ്ട്. ഗുണഭോക്താക്കൾതന്നെ വയറിംഗ് പൂർത്തിയാക്കി

അപേക്ഷിക്കണമെന്നാണ് സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ ഉദ്ദേശിച്ചിരുന്ന തെങ്കിലും ദാരിദ്ര്യരേഖയ്ക്ക് താഴെയും പട്ടികവർഗ്ഗത്തിലുംപെട്ട ഗുണഭോക്താക്കൾക്ക് കെ.എസ്.ഇ.ബി. വയറിംഗ് നടത്തി നൽകേണ്ടിവന്നിട്ടുണ്ട്.

ദുർഘടമായ ഭൂപ്രകൃതിയും വനമേഖലയും ഒറ്റപ്പെട്ടതും എത്തിപ്പെടാൻ ബുദ്ധിമുട്ടുള്ളതുമായ പ്രദേശങ്ങളിൽ സൗരോർജ്ജനിലയം സ്ഥാപിക്കാൻ വേണ്ട സോളാർ പാനലുകൾ, ബാറ്ററി, ഇൻവെർട്ടർ, സപ്പോർട്ടിംഗ് സ്ട്രക്ച്ചർ എന്നിവ എത്തിച്ച് പണി പൂർത്തീകരിക്കുന്നതിന് ധാരാളം വെല്ലുവിളികൾ നേരിടുന്നുണ്ട്.

## കേരള സഹകരണ ബാങ്ക്

12 (*342) ശ്രീ. അബ്ദുൽ ഹമീദ്. പി. :
ശ്രീ. എം. ഉമ്മർ :
ശ്രീ. പി. ഉബൈദുള്ള :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്കിന്റെ രൂപീകരണം സംബന്ധിച്ച നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണ് ; വിശദമാക്കുമോ;

(ബി) പ്രസ്തുത ബാങ്കിന്റെ രൂപീകരണവുമായി ബന്ധപ്പെട്ട് നിയമിച്ച സാധ്യതാപഠന കമ്മിറ്റിയുടെ ഘടന വിശദമാക്കുമോ;

(സി) പ്രസ്തുത കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) കേരളത്തിലെ 14 ജില്ലാ സഹകരണ ബാങ്കുകളെയും സംസ്ഥാന സഹകരണ ബാങ്കിനെയും സംയോജിപ്പിച്ച് കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള സാദ്ധ്യതകൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി രൂപീകരിച്ച അഞ്ചംഗ വിദഗ്ദ്ധ സമിതി 28-4-2017-ൽ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(ബി) വിദഗ്ദ്ധ സമിതിയുടെ ഘടന ചുവടെ ചേർക്കുന്നു:

1. ശ്രീ. എം. എസ്. ശ്രീറാം, പ്രൊഫസർ, ഐ.എ.എം. ബാംഗ്ലൂർ - ചെയർമാൻ

2. ശ്രീ. വി. എസ്. സെന്തിൽ ഐ.എ.എസ്., അഡീഷണൽ ചീഫ് സെക്രട്ടറി, പ്ലാനിംഗ് വകുപ്പ് - അംഗം

3. ശ്രീ. സി. പി. മോഹൻ, ചീഫ് ജനറൽ മാനേജർ (റിട്ടയേർഡ്) നബാർഡ് -അംഗം

4. ശ്രീ. റ്റി. പി. ബാലകൃഷ്ണൻ, ജനറൽ മാനേജർ (റിട്ടയേർഡ്) യൂണിയൻ ബാങ്ക്-അംഗം

5. ശ്രീ. പി. വേണുഗോപാൽ ഐ.എ.എസ്., സ്പെഷ്യൽ സെക്രട്ടറി, സഹകരണ വകുപ്പ് - മെമ്പർ സെക്രട്ടറി

(സി) വിദഗ്ദ്ധ സമിതി 28-4-2017-ൽ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ട് സർക്കാരിന്റെ പരിശോധനയിലാണ്.

## സോളാർ വൈദ്യുതി

13 (*343) ശ്രീ. മുഹമ്മദ് മുഹസിൻ പി.:
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ഇ. കെ.വിജയൻ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സോളാർ വൈദ്യുതി സംബന്ധിച്ച നയം വ്യക്തമാക്കുമോ;

(ബി) വേൾഡ് വൈൽഡ് ലൈഫ് ഫണ്ട്, വേൾഡ് ഇൻസ്റ്റിട്യൂട്ട് ഓഫ് സസ്റ്റെയ്നബിൾ എനർജി എന്നീ സംഘടനകൾ നടത്തിയ പഠന പ്രകാരം കേരളത്തിന് 44,456 മെഗാവാട്ട് സോളാർ വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള ശേഷിയുണ്ടെന്ന് വ്യക്തമാക്കിക്കൊണ്ടുള്ള റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് സോളാർ വൈദ്യുതി പാർക്ക് നിലവിലുണ്ടോ; ഉണ്ടെങ്കിൽ എത്ര യൂണിറ്റ് വൈദ്യുതിയാണ് പ്രസ്തുത നിലയത്തിൽ നിന്നും ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ) സംസ്ഥാനത്തെ സൗരോർജ്ജ ഉൽപ്പാദനം വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ 25-11-2013-ലെ സ.ഉ. (പി) നമ്പർ 49/2013/ഊ.വ. പ്രകാരം സൗരോർജ്ജ നയം രൂപീകരിച്ചിട്ടുണ്ട്. (ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്)*. സംസ്ഥാനത്തിന്റെ സൗരോർജ്ജ സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനുവേണ്ടിയാണ് കേരളത്തിന്റെ സൗരോർജ്ജ നയം പ്രഖ്യാപിച്ചിട്ടുള്ളത്. സൗരോർജ്ജ നയത്തിൽ 2017-ഓടെ 500 മെഗാവാട്ടും

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

2030-ഓടെ 2500 മെഗാവാട്ടും സൗരോർജ്ജ വൈദ്യുത ഉൽപ്പാദനശേഷിയാണ് ലക്ഷ്യമിട്ടിട്ടുള്ളത്. നിലവിൽ വീടുകളിലും മറ്റും ഉപയോഗിക്കുന്ന ഇൻവർട്ടറുകൾ സൗരോർജ്ജത്തിലേക്ക് മാറ്റുക, ഉപയോഗ യോഗ്യമല്ലാത്ത പ്രദേശങ്ങളിലും കനാലുകൾ, ജലസംഭരണികൾ, ക്വാറികൾ തുടങ്ങിയവയിലും സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുക, സൗരോർജ്ജ പദ്ധതികൾ നടപ്പാക്കുന്ന സ്ഥാപനങ്ങളെ എം-പാനൽ ചെയ്യുക, സൗരോർജ്ജ സംവിധാനങ്ങളുടെ ബാലൻസ് ഓഫ് സിസ്റ്റം (പാനൽ ഒഴികെയുള്ള ഉപകരണങ്ങൾ) നിർമ്മിക്കാൻ പ്രോത്സാഹനം, സൗരോർജ്ജ വൈദ്യുതി ഉൽപ്പാദന സംവിധാനം, സൗരോർജ്ജ വാട്ടർ ഹീറ്ററുകൾ, സൗരോർജ്ജ സ്റ്റീം പാചകം എന്നിവ അനുയോജ്യമായ സ്ഥലങ്ങളിൽ നിർബന്ധമാക്കുക, സൗരോർജ്ജ പ്രോജക്ടുകളുടെ ഫണ്ടിംഗിനുള്ള വഴികൾ തുടങ്ങി ഒട്ടനവധി കാര്യങ്ങൾ സൗരോർജ്ജ നയത്തിൽ പ്രതിപാദിക്കുന്നുണ്ട്. 2000-നും 3000-നും ഇടയിൽ ചതുരശ്ര അടി തറ വിസ്തീർണ്ണമുള്ള എല്ലാ പുതിയ ഗാർഹിക കെട്ടിടങ്ങളിലും 500 വാട്ട് സോളാർ വൈദ്യുതി പ്ലാന്റും 3000-ന് മുകളിൽ ചതുരശ്ര അടി തറ വിസ്തീർണ്ണമുള്ളവയിൽ ചുരുങ്ങിയത് 1000 വാട്ട് സോളാർ പവർ പ്ലാന്റും സ്ഥാപിക്കണമെന്ന് സൗരോർജ്ജ നയം വിഭാവനം ചെയ്യുന്നുണ്ട്.

2000 സ്ക്വയർ ഫീറ്റിൽ അധികം തറ വിസ്തീർണ്ണമുള്ള ഗാർഹിക കെട്ടിടങ്ങളിൽ സൗരോർജ്ജ ഉപയോഗം നിർബന്ധമാക്കാനാണ് ഉദ്ദേശിക്കുന്നത്. 2000 മുതൽ 3000 സ്ക്വയർ ഫീറ്റ് വരെ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളിൽ കുറഞ്ഞത് 100 ലിറ്റർ സൗരോർജ്ജ വാട്ടർ ഹീറ്ററും 500 വാട്ട് സൗരോർജ്ജ വൈദ്യുതി സംവിധാനവും 3000-ത്തിനകം സ്ക്വയർ ഫീറ്റ് തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളിൽ 100 ലിറ്റർ വാട്ടർ ഹീറ്ററും 1000 വാട്ട് സൗരോർജ്ജ വൈദ്യുത സംവിധാനവും സ്ഥാപിക്കണമെന്ന് സൗരോർജ്ജ നയം നിഷ്കർഷിക്കുന്നു. സൗരോർജ്ജ നയം സംബന്ധിച്ചുള്ള പൂർണ്ണ വിവരങ്ങൾ അനെർട്ടിന്റെ വെബ്സൈറ്റിൽ (www.anert.gov.in) ലഭ്യമാക്കിയിട്ടുമുണ്ട്.

(ബി) ഉണ്ട്. ഇത്തരത്തിൽ പല സംഘടനകളും പല അനുമാനങ്ങളിലൂടെ സൗരോർജ്ജ ഉൽപ്പാദനശേഷി നിർണ്ണയിച്ചുകൊണ്ടുള്ള കണക്കുകൾ തയ്യാറാക്കിയിട്ടുണ്ട്. ഡബ്ല്യൂ.ഡബ്ല്യൂ.എഫ്-ന്റെ റിപ്പോർട്ട് (The Energy Report-Kerala) അവരുടെ വെബ്സൈറ്റിൽ (www.wwfindia.org/?10341/The-Energy-Report-Kerala) ലഭ്യമാണ്. എന്നാൽ റിപ്പോർട്ടിലെ അനുമാനങ്ങൾ എത്രത്തോളം പ്രായോഗികമാക്കാമെന്നത് വിശദമായ പരിശോധനയിലൂടെ മാത്രമേ വ്യക്തമാകുകയുള്ളൂ. സോളാർ അടക്കമുള്ള അസ്ഥിര ഊർജ്ജ സ്രോതസ്സുകൾ വൈദ്യുതി ഗ്രിഡിൽ ഘടിപ്പിക്കുന്നതിന്റെ ഭാഗമായി ഉണ്ടാകുന്ന സ്റ്റബിലിറ്റി പ്രശ്നങ്ങൾകൂടി

ഇക്കാര്യത്തിൽ പരിഗണിക്കേണ്ടതുണ്ട്. നിശ്ചിത പരിധിക്കപ്പുറം അസ്ഥിര സ്രോതസ്സുകൾ ഗ്രിഡിൽ ഘടിപ്പിക്കുന്നത് പ്രായോഗികമല്ലെന്നാണ് ലോകമെമ്പാടുമുള്ള അനുഭവം.

(സി) സംസ്ഥാനത്ത് കാസർഗോഡ് ജില്ലയിൽ 200 മെഗാ വാട്ട് സോളാർ പാർക്ക് ദേശീയ സൗരോർജ്ജ മിഷന്റെ ഭാഗമായി നടപ്പിലാക്കാൻ ഉദ്ദേശിച്ചതിൽ അമ്പലത്തറയിൽ 36 മെഗാ വാട്ട് പദ്ധതി IREDA സ്ഥാപിച്ചുകഴിഞ്ഞു.

ഈ പദ്ധതിയിൽ നിന്നും 15-12-2016 മുതൽ നാളിതുവരെ (5-5-2017 വരെ) 11749718 യൂണിറ്റ് വൈദ്യുതി ലഭ്യമായിട്ടുണ്ട്.

## സി.എഫ്.എൽ.-ന് പകരം എൽ.ഇ.ഡി. ബൾബുകൾ

14 (*344) ശ്രീ. എം. സ്വരാജ് :

ശ്രീ. പുരുഷൻ കടലുണ്ടി :

ശ്രീ. എൻ. വിജയൻ പിള്ള :

ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപയോഗശൂന്യമായ സി.എഫ്.എൽ. ബൾബുകളിലെ മെർക്കുറി പാരിസ്ഥിതിക പ്രശ്നങ്ങളുണ്ടാക്കുന്നത് തടയാൻ ഇവ സംഭരിച്ച് ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് കെ.എസ്.ഇ.ബി. പദ്ധതി ആസൂത്രണം ചെയ്യുമോ;

(ബി) സി.എഫ്.എൽ.-ന് പകരം എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) വൈദ്യുതി ബോർഡിന്റെ എല്ലാ സ്ഥാപനങ്ങളിലും നിലവിലുള്ള സി.എഫ്.എൽ.-കൾ മാറ്റി എൽ.ഇ.ഡി. ബൾബുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇക്കാര്യത്തിലുള്ള പുരോഗതി അറിയിക്കാമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ) സി.എഫ്.എൽ. ശേഖരിച്ച് സംസ്കരിക്കുന്നത് ചെലവേറിയതും സാങ്കേതിക വൈദഗ്ധ്യം ആവശ്യമുള്ളതുമായതിനാൽ ഇതിനായി കെ.എസ്.ഇ.ബി. ലിമിറ്റഡ് പദ്ധതികളൊന്നും തയ്യാറാക്കിയിട്ടില്ല.

(ബി) എൽ.ഇ.ഡി. വിതരണം ചെയ്യുന്നതിനുള്ള സ്കീം നിലവിലുണ്ട്. എന്നാൽ സി.എഫ്.എൽ. ശേഖരിക്കുന്ന പ്രവർത്തനം കെ.എസ്.ഇ.ബി. ലിമിറ്റഡ് നടത്തുന്നില്ല.

(സി) ഉണ്ട്. സി.എഫ്.എൽ. മാത്രമല്ല, മറ്റുള്ള കാര്യക്ഷമത കുറഞ്ഞ വൈദ്യുതി ഉപകരണങ്ങളും മാറ്റി സ്ഥാപിച്ചുവരുന്നുണ്ട്. ഇതിന്റെ ആദ്യഘട്ടമായി തിരുവനന്തപുരം വൈദ്യുതി ഭവന്റെ 9-ാം നിലയിൽ റിന്യൂവബിൾ എനർജി ആന്റ് എനർജി സേവിംഗ്സിന്റെ ഓഫീസിൽ നിലവിലുള്ള ലൈറ്റുകളും ഫാനുകളും മാറ്റി ഊർജ്ജക്ഷമതയുള്ളവ സ്ഥാപിച്ചിട്ടുണ്ട്. ബാക്കി സ്ഥലത്ത് സ്ഥാപിക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

**കേരള സഹകരണ ബാങ്ക് രൂപീകരണം**

15 (*345) ശ്രീ. കെ. ആൻസലൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കോ-ഓപ്പറേറ്റീവ് ബാങ്ക് രൂപീകരിക്കുന്നതു സംബന്ധിച്ച് പഠനം നടത്തുന്നതിനായി രൂപീകരിച്ച വിദഗ്ധ സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സമയബന്ധിതമായി തുടർ നടപടികൾ സ്വീകരിക്കുന്നതിന് സമയരേഖ നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ;

(ബി) സംസ്ഥാന, ജില്ലാ സഹകരണ ബാങ്കുകളെ സംയോജിപ്പിക്കുന്നതോടൊപ്പം നിലവിൽ ജില്ലാ സഹകരണ ബാങ്കുകളുമായി ബന്ധിപ്പിച്ച് കോർ ബാങ്കിംഗ് സംവിധാനം ഏർപ്പെടുത്താൻ നിർബന്ധിതമാകുന്ന പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെയും മറ്റ് വായ്പാ സംഘങ്ങളുടെയും ഘടനയിലോ പ്രവർത്തനത്തിലോ മാറ്റം വരുത്തേണ്ടതായി വരുമോ എന്ന് വ്യക്തമാക്കാമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള സാദ്ധ്യതകൾ പഠിച്ച് റിപ്പോർട്ട് നൽകുന്നതിനായി നിയോഗിച്ച വിദഗ്ധ സമിതി 28-4-2017-ൽ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) നിലവിൽ ജില്ലാ സഹകരണ ബാങ്കുകളുമായി ബന്ധിപ്പിച്ച് ആധുനിക ബാങ്കിംഗ് സംവിധാനം ഏർപ്പെടുത്തേണ്ട പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളുടെയും മറ്റ് വായ്പാ സംഘങ്ങളുടെയും ഘടനയിൽ മാറ്റം വരുത്തേണ്ടതില്ല. റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

**ഊർജ്ജ സംരക്ഷണ പദ്ധതികൾ**

16 (*346) ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. എ. എം. ആരിഫ് :
പ്രൊഫ. കെ. യു. അരുണൻ:
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി പ്രതിസന്ധി രൂക്ഷമായിരിക്കുന്ന സാഹചര്യത്തിൽ ഊർജ്ജ സംരക്ഷണത്തിനായി എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിക്കാനുദ്ദേശിക്കുന്നത്;

(ബി) ഇതിന്റെ ഭാഗമായി ഉപഭോക്താക്കൾക്ക് കുറഞ്ഞ വിലയ്ക്ക് എൽ.ഇ.ഡി. ബൾബുകളും കാര്യക്ഷമതയുള്ള വൈദ്യുതോപകരണങ്ങളും ലഭ്യമാക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) മുഴുവൻ തെരുവ് വിളക്കുകളും എൽ.ഇ.ഡി. ആക്കി മാറ്റുന്നതിനും അവയ്ക്ക് ഓട്ടോമാറ്റിക് നിയന്ത്രണസംവിധാനം ഏർപ്പെടുത്തുന്നതിനും ഉള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ) വൈദ്യുതി പ്രതിസന്ധി രൂക്ഷമായിരിക്കുന്ന സാഹചര്യത്തിൽ ഊർജ്ജ സംരക്ഷണത്തിനായി കെ.എസ്.ഇ.ബി.എൽ. താഴെപ്പറയുന്ന നൂതന പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നു.

1. സർക്കാർ പ്രഖ്യാപിച്ച സി.എഫ്.എൽ./സാധാരണ ബൾബുകൾ മാറ്റി എൽ.ഇ.ഡി. ആക്കുന്ന പദ്ധതിയും സംസ്ഥാനത്തെ നിലവിലുള്ള തെരുവ് വിളക്കുകൾ മാറ്റി കാര്യക്ഷമത കൂടിയ എൽ.ഇ.ഡി. ബൾബുകൾ ആക്കുന്ന പദ്ധതിയും.

2. വൈദ്യുതി ബോർഡിന്റെ കെട്ടിടങ്ങളിൽ സ്റ്റാർ റേറ്റഡ് ഫാനുകൾ സ്ഥാപിക്കുന്ന പദ്ധതി.

3. കുടിവെള്ള പദ്ധതികളിലെ ഊർജ്ജ ക്ഷമത കുറഞ്ഞ പമ്പിംഗ് സമ്പ്രദായം ഊർജ്ജക്ഷമമാക്കുന്ന പദ്ധതി.

4. കെ.എസ്.ഇ.ബി.-യുടെ മേൽനോട്ടത്തിലുള്ള 41 ഇൻസ്പെക്ഷൻ ബംഗ്ലാവുകളിലെയും ഇലക്ട്രിക് ഗീസറുകൾ മാറ്റി ഊർജ്ജക്ഷമതയുള്ള സോളാർ വാട്ടർ ഹീറ്റർ സ്ഥാപിക്കുന്നതിനുള്ള പദ്ധതി.

5. ജില്ലാ പഞ്ചായത്ത്, കളക്ടറേറ്റ്, വൈദ്യുതി ബോർഡ് കെട്ടിടങ്ങളുടെ മുകളിൽ ഗ്രിഡ് ബന്ധിത സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്ന പദ്ധതി.

(ബി) സംസ്ഥാനത്തെ ഗാർഹിക ഉപഭോക്താക്കൾക്കിടയിൽ ഊർജ്ജ ക്ഷമതയുള്ള ഉപകരണങ്ങൾ ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഡൊമസ്റ്റിക് എഫിഷ്യന്റ് ലൈറ്റിംഗ് എന്ന പദ്ധതിയിലൂടെ 75 ലക്ഷം ഉപഭോക്താക്കൾക്ക് 2 എൽ.ഇ.ഡി. ബൾബുകൾ വീതം കുറഞ്ഞ നിരക്കിൽ നൽകിവരുന്നു.

(സി) കെ. എസ്. ഇ. ബി. എൽ. സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് അവരുടെ നിർദ്ദേശപ്രകാരവും ഫണ്ട് ഉപയോഗിച്ചും തെരുവ് വിളക്കുകൾ എൽ.ഇ.ഡി. ആക്കുന്നതിനും ഓട്ടോമാറ്റിക് നിയന്ത്രണ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു.

എനർജി മാനേജ്മെന്റ് സെന്റർ തെരുവ് വിളക്കുകൾ എൽ.ഇ.ഡി. ആക്കി മാറ്റുന്നതിലൂടെ ഊർജ്ജലാഭം നേടാമെന്ന് കാണിക്കുന്നതിനുള്ള മാതൃകാ പൈലറ്റ് പദ്ധതിയായി കേരളത്തിലെ എല്ലാ മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും 100 വീതം എൽ.ഇ.ഡി. തെരുവ് വിളക്കുകളും ഓട്ടോമാറ്റിക് നിയന്ത്രണ സംവിധാനവും സ്ഥാപിച്ചിട്ടുണ്ട്.

**വ്യവസായ വികസനം സംബന്ധിച്ച കെ.എസ്.ഐ.ഡി.സി. റിപ്പോർട്ട്**

17 (*347) <u>ശ്രീമതി ഗീതാ ഗോപി</u> :
<u>ശ്രീ. മുല്ലക്കര രത്നാകരൻ</u> :
<u>ശ്രീ. ചിറ്റയം ഗോപകുമാർ</u> :
<u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വ്യവസായ വികസനത്തിനുള്ള പ്രധാന തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) വൻകിട വ്യവസായങ്ങളെ സംസ്ഥാനത്തേക്ക് ആകർഷിക്കുന്നത് സംബന്ധിച്ച് കെ.എസ്.ഐ.ഡി.സി. സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഡി) വിവിധ വകുപ്പുകളിൽ നിന്നുള്ള ക്ലിയറൻസ് സർട്ടിഫിക്കറ്റുകളുടെ കാലാവധി ചുരുക്കണമെന്ന് ശിപാർശയുണ്ടോ;

(ഇ) നിയമം ദുരുപയോഗം ചെയ്ത് വ്യവസായ സംരംഭങ്ങളെ തകർക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്ന് റിപ്പോർട്ടിൽ ശിപാർശയുണ്ടോ; ഇക്കാര്യത്തിലുള്ള നിലപാട് വ്യക്തമാക്കുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) വർദ്ധിച്ച ജനസാന്ദ്രത, സ്ഥലത്തിന്റെ ലഭ്യതക്കുറവ്, മലിനീകരണം സംബന്ധിച്ചുള്ള പരിസരവാസികളുടെ ആശങ്ക തുടങ്ങിയവ പ്രധാന തടസ്സങ്ങളാണ്. അതിനാൽ പരിസ്ഥിതി സൗഹൃദപരമായ വ്യവസായങ്ങൾക്ക് പ്രാമുഖ്യം നൽകാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

(ബി-ഡി) കൂടുതൽ വ്യവസായ നിക്ഷേപം കേരളത്തിലേക്ക് ആകർഷിക്കുന്നതിനും അതുവഴി കൂടുതൽ തൊഴിൽ സാദ്ധ്യതയും നികുതിയിനത്തിലുള്ള വരുമാനവും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശം അനുസരിച്ച് ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് സംവിധാനം നടപ്പിലാക്കുന്നതിനായി സർക്കാർ കെ.എസ്.ഐ.ഡി.സി.-യെ നിയോഗിച്ചിരുന്നു. ആയതിലേക്കായി കെ.എസ്.ഐ.ഡി.സി. സമർപ്പിച്ച പഠന റിപ്പോർട്ട് സർക്കാർ അംഗീകരിച്ചു. പ്രസ്തുത റിപ്പോർട്ട് സർക്കാരിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിവിധ വകുപ്പുകളുടെ ചട്ടങ്ങളും നിയമങ്ങളും ലഘൂകരിക്കുന്നതിനുവേണ്ടിയും വിവിധ ക്ലിയറൻസിനുള്ള കാലതാമസം ഒഴിവാക്കി സംസ്ഥാനത്ത് വ്യവസായ നിക്ഷേപം പ്രോത്സാഹിപ്പിക്കുകയും ആയതിലൂടെ വാണിജ്യ വ്യവസായങ്ങൾ സുഗമമായും വേഗത്തിലും നടത്തുവാൻ ആവശ്യമായ പാരിസ്ഥിതിക അന്തരീക്ഷം സൃഷ്ടിക്കുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് 'കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആൻഡ് ഫെസിലിറ്റേഷൻ ആക്ട് ' എന്ന പേരിൽ നിയമ നിർമ്മാണം നടത്താൻ സർക്കാർ ആലോചിക്കുന്നത്.

1999-ലെ ഏകജാലക ക്ലിയറൻസ് സംവിധാനത്തിൽ കാലോചിതമായ മാറ്റം വരുത്താനും കൂടുതൽ ഫലപ്രദമാക്കാനും വേണ്ടിയുള്ള നിർദ്ദേശങ്ങൾ ഇതുസംബന്ധിച്ചുള്ള പഠനറിപ്പോർട്ടിൽ പറഞ്ഞപ്രകാരം വിവിധ വകുപ്പുകളുടെ ചട്ടങ്ങളും നിയമങ്ങളും ലഘൂകരിക്കാനും അവയുടെ നവീകരണം സംബന്ധിച്ചും സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്. വിവിധ വകുപ്പുകളുടെ അപേക്ഷാ ഫോറങ്ങൾ ഏകീകരിച്ച് ഒരു പൊതു അപേക്ഷാഫോറവും ഓൺലൈൻ സംവിധാനവും നടപ്പിലാക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഏക ജാലക ക്ലിയറൻസ്

സംവിധാനത്തിന്റെ മികച്ച പ്രവർത്തനത്തിന് 'ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആൻഡ് ഫെസിലിറ്റേഷൻ സെൽ' (ഐ.പി.എഫ്.സി.) വഴി ശക്തിപ്പെടുത്തേണ്ടതുണ്ട്. അതിന് ബന്ധപ്പെട്ട വകുപ്പുകളുടെ പ്രതിനിധികൾ ഉൾക്കൊള്ളുന്ന ഒരു സ്ഥിരം സെൽ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷനിൽ (കെ.എസ്.ഐ.ഡി.സി.) പ്രവർത്തിക്കുന്നതാണ്. ഈ സംവിധാനം ജില്ലാതലത്തിൽ പ്രായോഗികമാക്കുന്നതിനായി ജില്ലാ കളക്ടർ തലവനായി ബന്ധപ്പെട്ട വകുപ്പുകളിലെ പ്രതിനിധി ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന ഒരു ജില്ലാതല സമിതി രൂപീകരിക്കും.

(ഇ) അപ്രകാരം ഒരു ശിപാർശ ഇല്ല. എന്നാൽ വ്യവസായ നടത്തിപ്പിനെ ക്കുറിച്ച് ലഭിക്കുന്ന പരാതികൾ പരിഹരിക്കുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**പ്രാഥമിക സഹകരണ സംഘങ്ങൾക്ക് അപ്പെക്സ് സംഘം**

18 (*348) ശ്രീ. എൽദോ എബ്രഹാം :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വായ്പാ സംഘങ്ങൾ ഒഴികെയുള്ള പ്രാഥമിക സഹകരണ സംഘങ്ങൾക്ക് അപ്പെക്സ് സംഘം രൂപീകരിക്കുന്നതിന് പദ്ധതിയുണ്ടോ;

(ബി) ഏതൊക്കെ വിഭാഗങ്ങളിലുള്ള സംഘങ്ങൾക്കാണ് അപ്പെക്സ് സംഘം രൂപീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) അപ്പെക്സ് സംഘം രൂപീകരിക്കുന്നതിലൂടെ എന്തെല്ലാം നേട്ടങ്ങളുണ്ടാകു മെന്ന് വ്യക്തമാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) വായ്പാ സംഘങ്ങൾ ഒഴികെയുള്ള പ്രാഥമിക സഹകരണ സംഘങ്ങൾക്ക് അപ്പെക്സ് സംഘം രൂപീകരിക്കുന്നത് സംബന്ധിച്ച് സഹകരണ സംഘം രജിസ്ട്രാർ കൺവീനറായിട്ടുള്ള സമിതി സർക്കാരിന് ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

(ബി) പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ ഒഴികെയുള്ള ഇതര പ്രൈമറി വായ്പാ സംഘങ്ങൾക്ക് മാത്രമായി പ്രത്യേക കേന്ദ്ര സംഘങ്ങൾ ജില്ലകൾതോറും ആരംഭിക്കേണ്ടതും ഈ വിഭാഗത്തിനായി സംസ്ഥാനതല അപ്പെക്സ് സംഘം രൂപവൽക്കരിക്കേണ്ടതുമാണെന്നും മിസലേനിയസ് വിഭാഗത്തിൽപ്പെട്ടതും നിലവിൽ കേന്ദ്രസംഘങ്ങൾ ഇല്ലാത്തതുമായ പ്രൈമറി സംഘങ്ങൾക്ക് മാത്രമായി ജില്ലാടിസ്ഥാനത്തിൽ കേന്ദ്ര സംഘങ്ങൾ രൂപീകരിക്കേണ്ടതുമാണെന്ന ശിപാർശയാണ് സർക്കാരിന് ലഭ്യമായിട്ടുള്ളത്.

(സി) അപ്പെക്സ് സംഘത്തിൽനിന്നും പ്രാഥമിക സംഘങ്ങൾക്ക് ധനസഹായവും ഇതര സഹായങ്ങളും ലഭിക്കുന്നു. ഇതിലൂടെ പ്രാഥമിക സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. പ്രാഥമിക സംഘങ്ങളുടെ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്ന പദ്ധതികൾക്ക് രൂപം നൽകാൻ അപ്പെക്സ് സംഘങ്ങൾക്ക് കഴിയും.

**ഡീപ്-ഇ-ബിഡ്ഡിംഗ് പ്രകാരം വാങ്ങുന്ന വൈദ്യുതി**

19 (*349) ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. സി. ദിവാകരൻ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡീപ്-ഇ-ബിഡ്ഡിംഗ് (Discovery of Efficient Electricity Price) പ്രകാരം സംസ്ഥാനം വൈദ്യുതി വാങ്ങുന്നുണ്ടോ എന്നറിയിക്കുമോ;

(ബി) ഈ സംവിധാനം മുഖേന വൈദ്യുതി വാങ്ങുന്നത് സംസ്ഥാനത്തിന് എത്രമാത്രം ഗുണകരമാണ് എന്ന് വ്യക്തമാക്കുമോ;

(സി) ഡീപ്-ഇ-ബിഡ്ഡിംഗ് പ്രകാരം ഈ വർഷം എത്ര യൂണിറ്റ് വൈദ്യുതി വാങ്ങിയെന്നും ഇതിന്റെ ശരാശരി നിരക്ക് എത്രയാണെന്നും വ്യക്തമാക്കുമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ) ഇന്ത്യാ ഗവൺമെന്റിന്റെ കീഴിലുള്ള ഊർജ്ജ മന്ത്രാലയത്തിൽ നിന്നുമുള്ള 30-3-2016-ലെ ഓർഡർ നമ്പർ 23/25/2011-R & R (Vol.III) പ്രകാരം 2016 മേയ് മാസത്തിലും 1-3-2017 മുതൽ 31-5-2017 വരെയും ഡീപ്-ഇ-ബിഡ്ഡിംഗ് പോർട്ടൽ വഴി വൈദ്യുതി വാങ്ങിക്കൊണ്ടിരിക്കുന്നു.

(ബി) ഡീപ്-ഇ-ബിഡ്ഡിംഗ് പോർട്ടൽ മുഖാന്തരം വൈദ്യുതി വാങ്ങുമ്പോൾ ഇനിഷ്യൽ പ്രൈസ് ഓഫർ, ഇ-റിവേഴ്സ് ഓക്ഷൻ എന്നീ രണ്ട് ഘട്ടങ്ങളിലായി

ബിഡ്ഡർമാർ മത്സര ബുദ്ധിയോടെ ലേലത്തിൽ പങ്കെടുക്കുകയും തന്മൂലം പരമാവധി വില കുറച്ച് വൈദ്യുതി വാങ്ങാനുള്ള അവസരം വന്നുചേരുകയും ചെയ്യുന്നു. പ്രസ്തുത ബിഡ്ഡിംഗ് പ്രകാരം ലഭിക്കുന്ന വൈദ്യുതിയുടെ നിരക്ക് അതാതു സന്ദർഭങ്ങളിൽ വൈദ്യുതി കമ്പോളത്തിലെ ലഭ്യതയും ആവശ്യകതയും അനുസരിച്ച് മാറിക്കൊണ്ടിരിക്കുന്നതായാണ് കാണുന്നത്. എന്നാലും മറ്റ് ഹ്രസ്വകാല കരാറുകളുമായി താരതമ്യം ചെയ്യുമ്പോൾ ഈ നിരക്ക് വളരെ കുറവാണ്.

(സി) 2016-17 സാമ്പത്തിക വർഷത്തിൽ താഴെ കാണിച്ച പ്രകാരം ഡീപ്-ഇ-ബിഡ്ഡിംഗ് പോർട്ടലിലൂടെ വൈദ്യുതി വാങ്ങാനുള്ള കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

1. 2016 മേയ് 5-5-2016 മുതൽ 31-5-2016 വരെയുള്ള ഹ്രസ്വകാലത്തേക്ക് (27 ദിവസം) വൈദ്യുതി വാങ്ങുന്നതിനുള്ള കരാറിൽ ഏർപ്പെടുകയും 28.6208 മില്ല്യൺ യൂണിറ്റ് വൈദ്യുതി വാങ്ങുകയും ചെയ്തു. ഇതിന്റെ ശരാശരി നിരക്ക് (വെയിറ്റഡ് ആവറേജ്) യൂണിറ്റിന് 3.24 രൂപയാണ്.

2. 1-3-2017 മുതൽ 31-5-2017 വരെയുള്ള ഹ്രസ്വകാലത്തേക്ക് (3 മാസം) വൈദ്യുതി വാങ്ങുന്നതിനുള്ള കരാറിൽ ഏർപ്പെടുക വഴി 126.2079 മില്ല്യൺ യൂണിറ്റ് വൈദ്യുതി 30-4-2017 വരെ വാങ്ങിയിട്ടുണ്ട്. ഇപ്പോൾ മേയ് മാസത്തിലും ഈ വൈദ്യുതി കിട്ടിക്കൊണ്ടിരിക്കുന്നു. ഇതിന്റെ ശരാശരി നിരക്ക് (വെയിറ്റഡ് ആവറേജ്) യൂണിറ്റിന് 3.33 രൂപയാണ്.

## വൈദ്യുതി ബോർഡിലെ ഇ-സർവ്വീസുകൾ

20 (*350) ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. കെ. ദാസൻ :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വൈദ്യുതി ബോർഡിൽ ഉപഭോക്തൃ സേവനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഇ-സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) വൈദ്യുതി മുടക്കം, വൈദ്യുതി ബില്ല് എന്നിവ സംബന്ധിച്ച വിവരങ്ങൾ മൊബൈൽ ഫോണിലേയ്ക്ക് എസ്.എം.എസ്. വഴി അറിയിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) വൈദ്യുതി ബിൽ അടയ്ക്കുന്നതിന് മൊബൈൽ വാലറ്റ് സൗകര്യം നിലവിലുണ്ടോ;

(ഡി) വൈദ്യുതി കണക്ഷന് ഓൺലൈൻ അപേക്ഷാ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ) സംസ്ഥാന വൈദ്യുതി ബോർഡിൽ ഉപഭോക്തൃ സേവനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഇ-സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്.

(ബി) വൈദ്യുതി മുടക്കം, വൈദ്യുതി ബിൽ എന്നിവ സംബന്ധിച്ച വിവരങ്ങൾ മൊബൈൽ ഫോണിലേക്ക് എസ്.എം.എസ്. വഴി അറിയിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) വൈദ്യുതി ബിൽ അടയ്ക്കുന്നതിന് പേ.ടി.എം. (പേ ത്രൂ മൊബൈൽ), വോഡഫോൺ എം.പെസാ എന്നീ മൊബൈൽ വാലറ്റുകൾ വഴി സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

(ഡി) വൈദ്യുതി കണക്ഷന് ഓൺലൈൻ അപേക്ഷാ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കണക്ഷനുവേണ്ടി പോസ്റ്റ് ആവശ്യമില്ലാത്ത ഗാർഹിക ഉപഭോക്താക്കൾക്കും മറ്റ് ലോ ടെൻഷൻ ഉപഭോക്താക്കൾക്കും അപേക്ഷാ ഫീസിനോടൊപ്പം സെക്യൂരിറ്റി ഡെപ്പോസിറ്റും സർവ്വീസ് കണക്ഷനുവേണ്ട ചെലവും ഓൺലൈനിൽതന്നെ അടയ്ക്കാൻ കഴിയും. അപേക്ഷയുടെ പ്രിന്റൗട്ടും അപേക്ഷകന്റെ ഫോട്ടോയും മറ്റു രേഖകളും കണക്ഷൻ നൽകാൻ വരുന്ന കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥന്റെ കൈവശം ഏൽപ്പിച്ചാൽ മതിയാകും. പോസ്റ്റ് ആവശ്യമുള്ള സർവ്വീസ് കണക്ഷന് ആപ്ലിക്കേഷൻ ഫീസ് അപേക്ഷ നൽകുമ്പോൾ തന്നെ ഓൺലൈനായി അടയ്ക്കാൻ കഴിയും. സെക്യൂരിറ്റി ഡെപ്പോസിറ്റും സർവ്വീസ് കണക്ഷനുവേണ്ട ചെലവും സ്ഥല പരിശോധനയ്ക്കുശേഷം ഇ-മെയിൽ വഴിയും എസ്.എം.എസ് വഴിയും അറിയിക്കുന്നതാണ്. ഈ തുക കെ.എസ്.ഇ.ബി.യുടെ ഏത് സെക്ഷൻ ഓഫീസ് വഴിയും അടയ്ക്കാൻ കഴിയും.

## വ്യവസായ കുതിപ്പിനുള്ള പദ്ധതികൾ

21 (*351) ശ്രീ. എസ്. ശർമ്മ :
ശ്രീ. എം. മുകേഷ് :
ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ വഴി വ്യവസായ വികസനത്തിനായി സർക്കാർ നടത്തുന്ന ഇടപെടലുകൾ എന്തൊക്കെയെന്ന് അറിയിക്കാമോ;

(ബി) വ്യവസായ പാർക്കുകളുടെയും വ്യവസായ ശാലകളുടെയും ക്ലസ്റ്റർ രൂപീകരിച്ച് വ്യവസായ കുതിപ്പിന് ലക്ഷ്യമിടുന്ന കൊച്ചി-പാലക്കാട് വ്യവസായ ഇടനാഴി യാഥാർത്ഥ്യമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(സി) പ്രകൃതിയുടെ വരദാനമായ ധാതുമണൽ സംസ്ഥാനത്തെ വ്യവസായ പുരോഗതിക്ക് കുതിപ്പേകുന്ന വിധത്തിൽ, പൊതുമേഖലയിൽ ഇതിന്റെ ഖനനവും മൂല്യ വർദ്ധന ഉല്പന്ന നിർമ്മാണവും ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ.എസ്.ഐ.ഡി.സി.) സംസ്ഥാനത്ത് വ്യവസായ വികസനം ത്വരിതപ്പെടുത്തുന്നതിനും വ്യവസായ കുതിപ്പിനുമുള്ള വിവിധ പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. കെ.എസ്.ഐ.ഡി.സി. നടപ്പിലാക്കിവരുന്ന ബൃഹത് പദ്ധതികളാണ് ലൈഫ് സയൻസ് പാർക്ക്, മെഗാ ഫുഡ് പാർക്ക്, ലൈറ്റ് എഞ്ചിനീയറിംഗ് ഇൻഡസ്ട്രിയൽ പാർക്ക്, ഇലക്ട്രോണിക് ഹാർഡ്‌വെയർ പാർക്ക് എന്നിവ. വ്യവസായം ആകർഷിക്കുന്നതിനുവേണ്ടി എല്ലാ വ്യവസായ പാർക്കുകളിലും വ്യവസായ വളർച്ചാ കേന്ദ്രങ്ങളിലും അടിസ്ഥാന സൗകര്യങ്ങളുടെ വികസനം നടപ്പിലാക്കിവരുന്നു. വ്യവസായം തുടങ്ങുന്നതിലേക്കായി കെ.എസ്.ഐ.ഡി.സി. വായ്പകളും ഓഹരി പങ്കാളിത്തവും അനുവദിക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്നു.

സംസ്ഥാനത്ത് സംരംഭങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്ന സംരംഭകർക്ക് ആവശ്യമായ അനുമതികളും ക്ലിയറൻസുകളും വേഗത്തിൽ ലഭ്യമാക്കുന്നതിനായി നിലവിലുള്ള നിയമങ്ങളിൽ കാലോചിതമായ ഭേദഗതികൾ വരുത്തുവാനുള്ള പഠനം നടത്തുകയും അതുസംബന്ധിച്ച ശിപാർശാ റിപ്പോർട്ട് സർക്കാർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

കേരളത്തിനകത്ത് നടപ്പിലാക്കിയ ഓൺലൈൻ ഏകജാലക സംവിധാനത്തിലൂടെ വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള അനുമതികളും ക്ലിയറൻസുകളും നൽകുന്നതിലേക്കായി ബന്ധപ്പെട്ട വകുപ്പുകളിൽ തനതായ ഒരു വെബ് പോർട്ടലും പ്രവേശനകവാടവും സജ്ജമാക്കുവാനും സാധിച്ചിട്ടുണ്ട്. ഏകജാലക സംവിധാനത്തിലൂടെ കൂടുതൽ വ്യവസായ സംരംഭങ്ങൾക്ക് അനുമതി നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

വ്യവസായ നിക്ഷേപം വർദ്ധിപ്പിക്കുന്നതിനും വ്യവസായ പ്രവർത്തനങ്ങൾക്കും പുറമേ കെ.എസ്.ഐ.ഡി.സി. വനിതാ സംരംഭകരുടേയും സ്റ്റാർട്ട് അപ്പ് സംരംഭകരുടേയും ഉന്നമനത്തിനായി ഒരു പ്രത്യേക സാമ്പത്തിക സഹായപദ്ധതി കൂടി ആവിഷ്കരിച്ചിട്ടുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നുതന്നെ വ്യവസായങ്ങളുടെ സംരംഭകർക്കായി പ്രാഥമികതലത്തിലേക്ക് സഹായ സഹകരണങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും കെ.എസ്.ഐ.ഡി.സി. തുടർന്നും നൽകിവരുന്നു. നേരത്തെ പ്രഖ്യാപിച്ച ഏയ്ഞ്ചൽ ഫണ്ട്/സീഡ് ഫണ്ട് പദ്ധതികളും കെ.എസ്.ഐ.ഡി.സി. നടപ്പിലാക്കിവരുന്നു.

(ബി) വ്യവസായ പാർക്കുകളുടേയും വ്യവസായ ശാലകളുടെയും ക്ലസ്റ്റർ രൂപീകരിച്ച് വ്യവസായ കുതിപ്പിന് ലക്ഷ്യമിടുന്നതിന് കൊച്ചി മുതൽ പാലക്കാട് വരെ ഒരു ഹൈടെക്ക് വ്യവസായ ഇടനാഴി വികസിപ്പിച്ച് ബാംഗ്ലൂർ വരെ ബന്ധിപ്പിക്കുന്നതിനുള്ള വ്യവസായ ഇടനാഴി രൂപീകരണത്തിനുള്ള അപേക്ഷ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചു. ഇതിനെ തുടർന്ന് വ്യവസായ ഇടനാഴികളുടെ രൂപീകരണത്തിനായി ചുമതലപ്പെടുത്തിയിട്ടുള്ള National Industrial Corridor Development and Implementation Trust (NICDIT) നോട് പ്രസ്തുത പദ്ധതിയുടെ വിവരങ്ങൾ സമർപ്പിക്കാൻ കേന്ദ്രസർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

സംസ്ഥാന സർക്കാർ കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴിയുടെ പ്രാഥമിക രൂപരേഖ തയ്യാറാക്കുന്നതിനായി ഒരു വിദഗ്ധോപദേശ ഏജൻസിയെ നിയമിക്കാൻ കെ.എസ്.ഐ.ഡി.സി.-ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) സംസ്ഥാനത്തെ തീരപ്രദേശത്ത് ധാതുമണലിൽ നിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് ഒരു വ്യവസായ കോംപ്ലക്സ് സ്ഥാപിക്കുന്നത് സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 11-1-2017-ലെ ജി.ഒ. (ആർ.ടി.) നമ്പർ 61/2017/വ്യവ. പ്രകാരം താഴെപ്പറയുന്നവരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട് :

1. ഡോ. എം. പി. സുകുമാരൻ നായർ, ചെയർമാൻ, RIAB - ചെയർമാൻ.

2. ഡോ. എം. ബീന, മാനേജിംഗ് ഡയറക്ടർ, കെ.എസ്.ഐ.ഡി.സി., കിൻഫ്ര & കെ.ഇ.എം.ഡി.ഇ.എൽ. - മെമ്പർ

3. ശ്രീ. സഞ്ജയ് കൗൾ, ഐ.എ.എസ്., സ്പെഷ്യൽ സെക്രട്ടറി (വ്യവസായ വകുപ്പ്) - മെമ്പർ

4. മാനേജിംഗ് ഡയറക്ടർ, കെ. എം.എം.എൽ. - മെമ്പർ

5. മാനേജിംഗ് ഡയറക്ടർ, ടി.ടി.പി.എൽ. - മെമ്പർ

6. മാനേജിംഗ് ഡയറക്ടർ, ഐ.ആർ.ഇ.ലിമിറ്റഡ് - മെമ്പർ

7. ഡയറക്ടർ, മൈനിംഗ് ആന്റ് ജിയോളജി-മെമ്പർ

പ്രസ്തുത കമ്മിറ്റിയുടെ പഠന റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് സർക്കാർ നടപടി സ്വീകരിക്കുന്നതാണ്.

## വിനോദസഞ്ചാര മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം

22 (*352) ശ്രീ. ഒ. ആർ. കേളു :
ശ്രീ. വി. ജോയി :
ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിനോദസഞ്ചാര മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഭരണാനുമതി നൽകിയ പദ്ധതികൾ ഏതൊക്കെയാണെന്നും ഇവയിൽ ആരംഭിച്ച പദ്ധതികൾ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ യഥാസമയം പൂർത്തിയാക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇതിന്റെ ഭാഗമായി ഓരോ പദ്ധതിയെയും കുറിച്ചുള്ള അവലോകന യോഗങ്ങൾ യഥാസമയം ചേരുന്നതിനും ഇതുമായി ബന്ധപ്പെട്ട വകുപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമായി ഏകോപിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിനോദസഞ്ചാര മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി 161 പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

ഇവയിൽ ആരംഭിച്ച 60 പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

മറ്റ് പദ്ധതികൾ ആരംഭിക്കുന്നതിനുവേണ്ടിയുള്ള പ്രാരംഭ നടപടികൾ വിവിധ ഘട്ടങ്ങളിലാണ്.

(ബി & സി) നടപടി സ്വീകരിച്ചുവരുന്നു.

## സഹകരണ മേഖലയിൽ നിക്ഷേപ സമാഹരണയജ്ഞം

23 (*353) ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. പി. ടി. തോമസ്:
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സഹകരണ മേഖലയിൽ നിക്ഷേപ സമാഹരണയജ്ഞം നടപ്പിലാക്കിയിരുന്നോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) എത്രകോടി രൂപയാണ് സമാഹരിക്കാൻ ലക്ഷ്യമിട്ടിരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ലക്ഷ്യമിട്ടിരുന്ന തുക സമാഹരിക്കാൻ കഴിഞ്ഞോ എന്നും എത്ര കോടി രൂപ സമാഹരിച്ചു എന്നും വിശദമാക്കുമോ;

(ഡി) നിക്ഷേപ സമാഹരണയജ്ഞം പരാജയമാണെന്ന് അഭിപ്രായമുണ്ടോ; എങ്കിൽ വിശദമാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സഹകരണ മേഖലാ സംരക്ഷണ ക്യാമ്പയിനിന്റെ ഭാഗമായി 2016 ഡിസംബർ 10 മുതൽ 2017 ജനുവരി 31 വരെ നിക്ഷേപ സമാഹരണയജ്ഞം നടപ്പിലാക്കിയിരുന്നു.

(ബി) ഇപ്രകാരം നടപ്പിലാക്കിയ നിക്ഷേപസമാഹരണ യജ്ഞത്തിൽ നിക്ഷേപം സമാഹരിക്കുന്നതിനുള്ള ലക്ഷ്യ തുക (ടാർജറ്റ്) നിശ്ചയിച്ചിരുന്നില്ല.

(സി) നിക്ഷേപ സമാഹരണയജ്ഞത്തിൽ ലക്ഷ്യം നിശ്ചയിച്ചിരുന്നില്ല. നിക്ഷേപ സമാഹരണ കാലയളവിൽ 31,937.02 കോടി രൂപ സമാഹരിച്ചിട്ടുണ്ട്. എന്നാൽ സമാഹരിച്ചതിനേക്കാൾ കൂടുതൽ തുക പിൻവലിക്കപ്പെട്ടതിനാൽ അറ്റനിക്ഷേപത്തിൽ സംസ്ഥാനത്ത് ആകെ 6,386.18 കോടി രൂപയുടെ കുറവ് ഉണ്ടായിട്ടുണ്ട്.

(ഡി) ഇല്ല. കേന്ദ്ര സർക്കാർ 500, 1000 രൂപ നോട്ടുകൾ അസാധുവാക്കിയത് മുഖേന സഹകരണ മേഖല നേരിട്ട പ്രതിസന്ധി കാലയളവിൽ നടന്ന നിക്ഷേപ സമാഹരണയജ്ഞം ആയതിനാൽ ആയത് പരാജയമാണെന്ന് അഭിപ്രായമില്ല. സഹകരണ മേഖല പ്രത്യേകിച്ച് Credit Sector, ടി പ്രതിസന്ധി ഘട്ടത്തിൽ തകരാതെ പിടിച്ചുനിന്നത് ടി കാലത്ത് നടത്തിയ മേൽ പ്രവർത്തനങ്ങൾകൂടി കൊണ്ടാണ്.

## ആഴക്കടൽ മണൽഖനന സാദ്ധ്യത

24 (*354) ശ്രീ. കെ. എം. ഷാജി :
ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആഴക്കടൽ മണൽഖനന സാദ്ധ്യതയെക്കുറിച്ച് പഠനം നടത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ആഴക്കടൽ മണൽഖനനം ഉണ്ടാക്കുന്ന പാരിസ്ഥിതിക ആഘാതങ്ങളെയും ജനജീവിതത്തിനും കടൽ ജീവികളുടെ ആവാസവ്യവസ്ഥയ്ക്കും ഉണ്ടാക്കാവുന്ന പ്രതികൂല സ്വാധീനത്തെയും കണക്കിലെടുത്തിട്ടുണ്ടോ;

(സി) മണൽ ഖനനമേഖലയിൽ സുനാമിപോലുള്ള പ്രതിഭാസങ്ങൾക്കുള്ള സാധ്യതകളെക്കുറിച്ച് ഇത്തരം ഖനന പ്രവർത്തനം നടത്തുന്ന രാജ്യങ്ങളിലെ സ്ഥിതിയുമായി താരതമ്യം ചെയ്ത് പരിശോധിക്കുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) ഉണ്ട്. കേന്ദ്ര സ്ഥാപനമായ ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ സംസ്ഥാനത്തെ ആഴക്കടൽ മേഖലയിൽ പ്രധാനമായും പൊന്നാനി, ചാവക്കാട്, ആലപ്പുഴ, കൊല്ലം വടക്ക്, കൊല്ലം തെക്ക് എന്നീ അഞ്ച് ബ്ലോക്കുകളിൽ നിർമ്മാണാവശ്യത്തിനുള്ള മണൽ നിക്ഷേപം കണ്ടെത്തുകയും ഈ സാഹചര്യത്തിൽ ഈ വിഷയത്തെക്കുറിച്ച് കേരള സ്റ്റേറ്റ് ജിയോളജിക്കൽ പ്രോഗ്രാമിംഗ് ബോർഡിന്റെ യോഗത്തിൽ അവരുടെ പഠന റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ സർക്കാർ ആഴക്കടൽ മണൽ ഖനന സാദ്ധ്യതയെക്കുറിച്ച് ആലോചിക്കുകയും തുടർ നടപടികൾ നടത്താമെന്ന് തീരുമാനിക്കുകയും ചെയ്തു. എന്നാൽ ഓഫ് ഷോർ ഏരിയ മിനറൽ ഡെവലപ്മെന്റ് ആന്റ് റെഗുലേഷൻ ആക്ട് 2002, എൺവയോൺമെന്റ് (പ്രൊട്ടക്ഷൻ ആക്ട്) 1986, എൺവയോൺമെന്റൽ ഇംപാക്ട് അസസ്മെന്റ് നോട്ടിഫിക്കേഷൻ 2006, കോസ്റ്റൽ റഗുലേഷൻ സോൺ നോട്ടിഫിക്കേഷൻ 2011 എന്നിങ്ങനെ പല കേന്ദ്ര ആക്ടുകളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിലേ ആഴക്കടൽ ഖനനം സാദ്ധ്യമാവുകയുള്ളൂ.

(ബി) ആഴക്കടൽ മണൽ ഖനനം പൊതുവേ മത്സ്യമേഖല/മത്സ്യസമ്പത്തിനെ എങ്ങനെ ബാധിക്കുമെന്നും പ്രത്യേകിച്ച് ആവാസ വ്യവസ്ഥയെ എങ്ങനെ ബാധിക്കുമെന്നും Transitory മത്സ്യങ്ങളെ പ്രതികൂലമായി ബാധിക്കുമോ എന്നും കടൽ തട്ടിന്റെ ആകൃതിയിൽ വരുന്ന മാറ്റം Wave Transformation-നെ എങ്ങനെ ബാധിക്കുന്നുവെന്നും വിശദമായ പഠനം നടത്തേണ്ടതുണ്ട്. കേന്ദ്ര സ്ഥാപനങ്ങളായ ഫിഷറീസ് സർവേ ഓഫ് ഇന്ത്യ (FSI), സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (CMFRI), നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യാനോഗ്രാഫി (NIO) തുടങ്ങിയ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് വിശദമായ പഠനം നടത്തിയതിനുശേഷമേ ഇതിന്റെ തുടർ നടപടികൾ ഉണ്ടാവുകയുള്ളൂ. കൂടാതെ ബന്ധപ്പെട്ട അതോറിറ്റിയിൽ നിന്ന് പാരിസ്ഥിതികാനുമതിയുംകൂടെ ലഭ്യമായൽ മാത്രമേ ഖനന പ്രവർത്തനങ്ങൾ സാദ്ധ്യമാവുകയുള്ളൂ.

(സി) മേൽ പഠനങ്ങളിൽ സുനാമി പ്രതിഭാസംപോലുള്ള പ്രകൃതി ദുരന്തങ്ങളുടെ സാദ്ധ്യതകളും ഉൾപ്പെടുന്നതാണ്.

**കെ.എസ്.എഫ്.ഇ. ചിട്ടികൾക്ക് ആധാർ നിർബന്ധമാക്കൽ**

25 (*355) ശ്രീ. കെ. ബി. ഗണേഷ് കുമാർ :
ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ.നാണു :
ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ. ചിട്ടികൾക്ക് ആധാർ നിർബന്ധമാക്കാനുള്ള കാരണങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ; ഇത് സംബന്ധിച്ച് കേന്ദ്ര നിർദ്ദേശമുണ്ടോ; ആധാർ നിർബന്ധമാക്കിയതുകൊണ്ടുണ്ടായ നേട്ടങ്ങൾ വ്യക്തമാക്കുമോ;

(ബി) ഇതുമൂലം നിലവിലുള്ള ബിസിനസ്സിൽ എന്തെങ്കിലും തരത്തിലുള്ള കുറവോ വർദ്ധനവോ വരാനിടയുണ്ടോ;

(സി) കെ.എസ്.എഫ്.ഇ. തുടങ്ങാനിരിക്കുന്ന പ്രവാസി ചിട്ടിയെ ഇത് എങ്ങനെയൊക്കെയാണ് ബാധിക്കുക എന്ന് വ്യക്തമാക്കുമോ; ഇതേപ്പറ്റി പഠനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ പഠനം നടത്തുമോ;

(ഡി) സർക്കാർ സേവനങ്ങൾക്ക് ആധാർ നിർബന്ധമാക്കാൻ പാടില്ല എന്നുള്ള സുപ്രീംകോടതി വിധിയുടെ ലംഘനമാണിതെന്ന് കരുതുന്നുണ്ടോ; പ്രസ്തുത തീരുമാനം പുനഃപരിശോധിക്കാൻ നടപടി സ്വീകരിക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) കെ.എസ്.എഫ്.ഇ.-യിൽ ഈയിടെ നടന്ന സമ്പൂർണ്ണ കമ്പ്യൂട്ടർ ശൃംഖലാവൽക്കരണത്തിന്റെ ഭാഗമായി ഇടപാടുകാരുടെ വിശദവിവരങ്ങൾ ശാസ്ത്രീയമായി ക്രോഡീകരിക്കുന്നതിനും ഇടപാടുകൾ സുഗമമാക്കുന്നതിനും വേണ്ടിയാണ് ഇടപാടുകാരുടെ ആധാർ നമ്പർ ശേഖരിക്കാൻ ശാഖകൾക്ക് നിർദ്ദേശം നൽകിയത്. എന്നാൽ ഇത് ഇടപാടുകാരോട് അടിച്ചേൽപ്പിക്കുകയോ നിർബന്ധമാക്കുകയോ ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് കേന്ദ്ര നിർദ്ദേശം ഒന്നും തന്നെയില്ല. സമ്പൂർണ്ണ കമ്പ്യൂട്ടർ ശൃംഖലാവൽക്കരണത്തിന്റെ ഭാഗമായി വിവിധ ശാഖകളിലെ ഇടപാടുകാരുടെ രജിസ്റ്റർ ശാസ്ത്രീയമായി ക്രോഡീകരിക്കുന്നതുവഴി അവർക്ക് കെ.എസ്.എഫ്.ഇ. ഇടപാടുകൾ വേഗത്തിലും സുഗമമായും നടപ്പിലാക്കാവുന്നതാണ്. മാത്രമല്ല, ഭാവിയിൽ e-kyc-യും സിബിൽ പോലുള്ള

സംവിധാനങ്ങളും പ്രയോജനപ്പെടുത്തുന്നതിനും ആധാർ നമ്പറുകൾ നൽകുകവഴി ഇടപാടുകാർക്ക് കഴിയുന്നതാണ്. നിലവിൽ റിസർവ് ബാങ്കിന്റെ നിയമപ്രകാരം e-kyc സംവിധാനം പ്രയോജനപ്പെടുത്താൻ ആധാർ നമ്പറുകൾവഴി മാത്രമേ സാദ്ധ്യമാകൂ. ഒരു കമ്പ്യൂട്ടർവൽകൃത സംവിധാനത്തിൽ e-kyc സംവിധാന മായിരിക്കും ഭാവിയിൽ നടപ്പിൽ വരുത്താവുന്ന ഏറ്റവും ഉപഭോക്തൃ സൗഹൃദപരമായ സമ്പ്രദായം എന്നതുകൂടി കണക്കിലെടുത്താണ് ഇടപാടുകാരുടെ ആധാർ നമ്പറുകൾ ശേഖരിക്കാൻ ശാഖകൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളത്.

(ബി) കർശനമായി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടില്ലാത്തതിനാൽ ബിസിനസ്സിനെ ഇത് ഒരു തരത്തിലും ബാധിക്കാനിടയില്ല.

(സി) തുടങ്ങാനിരിക്കുന്ന പ്രവാസി ചിട്ടിയെ ഇത് ബാധിക്കാൻ ഇടയില്ല.

(ഡി) കെ. എസ്.എഫ്.ഇ. ചിട്ടിയിൽ ചേരുന്നതും വിളിച്ചെടുക്കുന്നതും ഒരു സർക്കാർ സേവനമായി കണക്കാക്കാനാവില്ല. മറിച്ച് ഓരോരുത്തരുടെയും സാമ്പത്തിക ആവശ്യങ്ങളും സാമ്പത്തിക ഭദ്രതയും ലക്ഷ്യം വച്ചുകൊണ്ടുള്ള തീരുമാനമാണത്. മാത്രമല്ല ആധാർ കാർഡ് ഇല്ല എന്നതുകൊണ്ട് കെ.എസ്.എഫ്.ഇ.-യുടെ സേവനം ലഭ്യമാകില്ല എന്ന ഒരു നിർദ്ദേശവും കെ.എസ്.എഫ്.ഇ. ഇടപാടുകാർക്ക് നൽകിയിട്ടില്ല. ഇത് ഇടപാടുകാർക്ക് കുറേക്കൂടി തസ്വരവും സുതാര്യവുമാക്കുന്നതിന് ശാഖകൾക്ക് നൽകിയ നിർദ്ദേശം മാത്രമാണ്. അതുകൊണ്ട് ഇത് സുപ്രീംകോടതി വിധിയുടെ ലംഘനമാകുന്നില്ല.

## സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിന് സ്വീകരിച്ച ധനകാര്യ മാനേജ്മെന്റ്

26 (*356) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. കെ. രാജൻ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച നോട്ട് നിരോധനവും മദ്യശാലകൾ പാതയോരങ്ങളിൽ നിന്ന് മാറ്റി സ്ഥാപിക്കണമെന്ന ബഹു. സുപ്രീംകോടതി വിധിമൂലം ഉണ്ടായിട്ടുള്ള പ്രതിസന്ധിയും സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ എപ്രകാരം ബാധിച്ചുവെന്ന് വിശദമാക്കുമോ;

(ബി) ഇത്തരത്തിൽ മുൻകൂട്ടി കാണാൻ കഴിയാത്ത തരത്തിൽ ഉണ്ടായ പ്രതിസന്ധികളെ മറികടക്കുന്നതിന് സ്വീകരിച്ച ധനകാര്യ മാനേജ്മെന്റ് സംബന്ധിച്ച് വിശദമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) നോട്ട് അസാധുവാക്കൽ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ ഉണ്ടാക്കിയ ഇടിവ് എത്രത്തോളമുണ്ടെന്ന് കൃത്യമായി തിട്ടപ്പെടുത്തുവാൻ സാധിച്ചിട്ടില്ല. അക്കൗണ്ടന്റ് ജനറലിൽ നിന്നും ലഭ്യമായ 31-12-2016-വരെയുള്ള താൽക്കാലിക കണക്കുകൾ പ്രകാരം 2016 ഒക്ടോബറിൽ 19.8 ശതമാനം വളർച്ച രേഖപ്പെടുത്തിയ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം ഡിസംബറിൽ കുറിച്ചത് (17.45 ശതമാനം താഴ്ച) 2.35 ശതമാനം വളർച്ച മാത്രമാണ്. 2016 ഒക്ടോബറിനെ അപേക്ഷിച്ച് നവംബറിൽ രജിസ്ട്രേഷൻ നികുതിയിൽ 30.26 ശതമാനത്തിന്റെയും ഡിസംബറിൽ വിൽപ്പന നികുതിയിൽ 17.43 ശതമാനത്തിന്റെയും രജിസ്ട്രേഷൻ നികുതിയിൽ 26.40 ശതമാനത്തിന്റെയും വാഹന നികുതിയിൽ 11.44 ശതമാനത്തിന്റെയും ആകെ തനത് വരുമാനത്തിൽ 16.33 ശതമാനത്തിന്റെയും കുറവുണ്ടായിട്ടുണ്ട്.

നോട്ട് നിരോധനം നിലവിൽ വന്നതിനുശേഷം 2016 നവംബർ 9 മുതൽ 2017 മാർച്ച് 31 വരെ എക്സൈസ് വകുപ്പ് മുഖേന പ്രതീക്ഷിച്ച വരുമാനം 924 കോടി രൂപയും ഈ കാലയളവിൽ ലഭിച്ച തുക 766.72 കോടി രൂപയുമാണ് (വകുപ്പുതല കണക്കുകൾ പ്രകാരം). ടി കാലയളവിൽ എക്സൈസ് വകുപ്പ് മുഖേന പ്രതീക്ഷിച്ച വരുമാനത്തിൽ 17.02 ശതമാനം കുറവുണ്ടായി. ടി കാലയളവിൽ 2015-16 സാമ്പത്തിക വർഷത്തിലെ സമാന കാലയളവിനെ അപേക്ഷിച്ച് നികുതി വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടില്ലാത്തതാണ്. 2015-16 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 2016-17 വർഷത്തിൽ ആകെ 4.59 ശതമാനം മാത്രമാണ് വരുമാന വർദ്ധനവ് ഉണ്ടായിട്ടുള്ളത്. മുൻവർഷം പ്രസ്തുത വർദ്ധനവ് 7.97 ശതമാനം ആയിരുന്നു.

ദേശീയ-സംസ്ഥാന പാതകൾക്ക് സമീപമുള്ള മദ്യവിൽപ്പനശാലകൾ അടച്ചുപൂട്ടണമെന്ന കോടതി ഉത്തരവുപ്രകാരം 1-4-2017 മുതൽ പ്രവർത്തിക്കാൻ കഴിയാതെയിരിക്കുന്ന മദ്യവിൽപ്പനശാലകൾ തുടർന്നും മാറ്റി സ്ഥാപിച്ച് പ്രവർത്തിപ്പിക്കുവാൻ കഴിയാതെ വരികയാണെങ്കിൽ ലൈസൻസ് ഫീസ് ഇനത്തിൽ മാത്രം സർക്കാരിന് ഉദ്ദേശം 35 കോടിയിലധികം രൂപയുടെ നഷ്ടം ഉണ്ടാകുവാനിടയുണ്ട്. നിലവിൽ കെ.എസ്.ബി.സി. മുഖേനയുള്ള വിദേശ മദ്യവിൽപ്പനയിലുണ്ടായിട്ടുള്ള കുറവ് ഇതേ അവസ്ഥ തുടരുകയാണെങ്കിൽ എക്സൈസ് ഡ്യൂട്ടി, ഗാലനേജ് ഫീ മുതലായ ഇനങ്ങളിൽ എക്സൈസ് വകുപ്പ് മുഖേന സർക്കാരിന് ലഭിക്കേണ്ട വരുമാനത്തിൽ 120 കോടിയോളം രൂപയുടെ നഷ്ടം ഉണ്ടാകുവാൻ സാദ്ധ്യതയുണ്ട്. കെ.എസ്.ബി.സി.യുടെ വിറ്റുവരവ് തുകയിൽ

നിലവിൽ പ്രതിദിനം 4.56 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്. ഇതേ അവസ്ഥ തുടരുകയാണെങ്കിൽ കെ.എസ്.ബി.സി.യുടെ വിറ്റുവരവിൽ 2016-17 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 2017-18 സാമ്പത്തിക വർഷത്തിൽ ഏകദേശം 1700 മുതൽ 2000 കോടി രൂപയുടെ കുറവുണ്ടാകുമെന്ന് കരുതുന്നു.

2016 ഏപ്രിൽ മാസത്തിൽ എക്സൈസ് വകുപ്പ് മുഖേന സർക്കാരിന് ലഭിച്ച ആകെ വരുമാനം 180.65 കോടി രൂപയാണ്. എന്നാൽ 2017 ഏപ്രിൽ മാസത്തിൽ എക്സൈസ് വകുപ്പ് മുഖേന സർക്കാരിന് ലഭിച്ച ആകെ വരുമാനം 142.69 കോടി രൂപ മാത്രമാണ്. കെ.എസ്.ബി.സി.യുടെ 2017 ഏപ്രിൽ മാസത്തെ ആകെ വിറ്റുവരവായ 1078 കോടി രൂപയിൽനിന്നും സെയിൽസ് ടാക്സ് ഇനത്തിൽ സർക്കാർ ഖജനാവിലേയ്ക്ക് അടച്ച തുക 755 കോടി രൂപയും 2017 ഏപ്രിൽ മാസത്തെ ആകെ വിറ്റുവരവായ 972 കോടി രൂപയിൽനിന്നും സെയിൽസ് ടാക്സ് ഇനത്തിൽ സർക്കാർ ഖജനാവിലേയ്ക്ക് അടച്ച തുക 680 കോടി രൂപയുമാണ്.

നിർദ്ദിഷ്ട പ്രതിസന്ധിമൂലം വാണിജ്യ നികുതി വകുപ്പിന്റെ നികുതി വരുമാനത്തിൽ 2016 ഡിസംബർ മാസത്തിൽ മുൻവർഷത്തെ അപേക്ഷിച്ച് 2 ശതമാനം കുറവ് (വകുപ്പുതല കണക്കുകൾ പ്രകാരം) സംഭവിച്ചിട്ടുണ്ട്.

അതേസമയം, സംസ്ഥാനത്തിന്റെ നികുതിയേതര വരുമാനത്തിൽ മുൻവർഷത്തെ അപേക്ഷിച്ച് 2016 നവംബറിൽ 23.33 ശതമാനത്തിന്റെയും ഡിസംബറിൽ 16.67 ശതമാനത്തിന്റെയും കുറവ് സംഭവിച്ചിട്ടുണ്ട്. 2016 ഒക്ടോബറിൽ 17.43 ശതമാനം വളർന്ന നികുതിയേതര വരുമാനം നവംബറിൽ മുൻമാസത്തെ അപേക്ഷിച്ച് 46.95 ശതമാനവും ഡിസംബറിൽ 59.16 ശതമാനവും ഇടിവ് രേഖപ്പെടുത്തുകയുണ്ടായി.

(ബി) സമാനമായ സാമ്പത്തിക പ്രതിസന്ധികളെ തരണം ചെയ്യുന്നതിനായി നികുതി സമാഹരിക്കുന്ന പ്രധാന വകുപ്പുകൾമുഖേന കൈക്കൊണ്ട നടപടികൾ ചുവടെ ചേർക്കുന്നു:

**രജിസ്ട്രേഷൻ വകുപ്പ്**

(i) 1-1-1986 മുതൽ 31-3-2010 വരെ കുടിശ്ശികയുണ്ടായിരുന്ന അണ്ടർ വാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിനായി G.O (P) No. 74/2016/TD ഉത്തരവ് പ്രകാരവും ഫ്ലാറ്റുകളുടെ അണ്ടർവാല്യുവേഷൻ കുടിശ്ശിക തീർപ്പാക്കുവാൻ G.O (P) No. 75/2016/TD ഉത്തരവ് പ്രകാരവും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിൽവരുത്തി.

(ii) ഫ്ലാറ്റുകളുടെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട റവന്യൂ നഷ്ടം തടയുന്നതിനായി Central PWD മാനദണ്ഡപ്രകാരമുള്ള വില നിർണ്ണയത്തിനായി കേരള മുദ്രപ്പത്ര നിയമത്തിൽ 28B എന്ന പുതിയ സെക്ഷൻ കൂട്ടിച്ചേർത്തു.

(iii) 2016-ലെ ഫിനാൻസ് ബില്ലിലൂടെ വിലയാധാരങ്ങളുടെ സ്റ്റാമ്പ് ഡ്യൂട്ടി 6-ൽ നിന്നും 8 ശതമാനമായി വർദ്ധിപ്പിച്ചു.

**എക്സൈസ് വകുപ്പ്**

(i) എക്സൈസ് വകുപ്പിന്റെ പ്രധാന വരുമാന സ്രോതസ്സ് ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന്റെ മേൽ ചുമത്തപ്പെടുന്ന എക്സൈസ് ഡ്യൂട്ടിയാണ്. ഇത്തരത്തിലുള്ള വരുമാനം വിദേശ മദ്യവിൽപ്പനയുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു. മദ്യവർജ്ജനം വഴി മദ്യത്തിന്റെ ഉപഭോഗം ഘട്ടം ഘട്ടമായി കുറച്ചുകൊണ്ടുവരികയാണ് സർക്കാരിന്റെ പ്രഖ്യാപിത നിലപാട്. ആയതിനാൽ മദ്യവിൽപ്പനയിൽ വർദ്ധനവ് വരുത്തി വരുമാനത്തിന്റെ വളർച്ചാനിരക്ക് കൂട്ടുന്നതിനുള്ള നടപടി സർക്കാർ ഉദ്ദേശിക്കുന്നില്ല. എന്നാൽ മദ്യത്തിന്റെ വിലയിലുണ്ടായ വർദ്ധനവുമൂലവും മറ്റ് വരുമാന സ്രോതസ്സുകൾ മുഖേനയും മുൻ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് എക്സൈസ് വകുപ്പ് വഴിയുള്ള വരുമാനത്തിൽ 7.54 ശതമാനം വർദ്ധനവ് ഉണ്ടാക്കുന്നതിന് സാധിച്ചിട്ടുണ്ട്.

(ii) അബ്കാരി കുടിശ്ശിക പിരിവ് ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി (ആംനെസ്റ്റി സ്കീം) 31-3-2017 വരെ പുനഃസ്ഥാപിച്ച് ഉത്തരവായിട്ടുള്ളതാണ്.

**വാണിജ്യ നികുതി വകുപ്പ്**

(i) മെറ്റൽ ക്രഷർ യൂണിറ്റുകൾ, മറ്റ് നിർമ്മാണ യൂണിറ്റുകൾ എന്നിവ രജിസ്ട്രേഷൻ എടുത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി തദ്ദേശഭരണ സ്ഥാപനങ്ങൾ മലിനീകരണ നിയന്ത്രണ ബോർഡ്, മൈനിംഗ് & ജിയോളജി വകുപ്പ്, ഇൻകം ടാക്സ് വകുപ്പ്, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് എന്നിവിടങ്ങളിൽ നിന്നും വിവരങ്ങൾ ശേഖരിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ii) ദീർഘകാലമായുള്ള നികുതി കുടിശ്ശികകൾ തീർപ്പാക്കുന്നതിലേക്കായി ആകർഷകമായ ആംനെസ്റ്റി പദ്ധതി നടപ്പിൽ വരുത്തി.

(iii) അന്തർ സംസ്ഥാന വിൽപ്പനയുടെ കാര്യത്തിൽ സി ഫോം വേരിഫിക്കേഷനുവേണ്ടി ഒരു പ്രത്യേക ടീമിനെ നിയോഗിച്ച് പരിശോധന നടത്തുകയും വ്യാജ ഫോമുകൾ കണ്ടെത്തുന്ന കേസുകളിൽ ഉയർന്ന നിരക്കിൽ നികുതി ഈടാക്കുവാൻ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(iv) ഇ-റിട്ടേണുകളിലും മറ്റ് രേഖകളിലും ഉള്ള പൊരുത്തക്കേടുകൾ കണ്ടുപിടിക്കുന്നതിനുള്ള സോഫ്റ്റ്‌വെയറിന്റെ വികസനം അവസാന ഘട്ടത്തിലാണ്.

(v) ഓൺലൈൻ തട്ടിപ്പുകളിലൂടെയുള്ള നികുതി വെട്ടിപ്പ് തടയുന്നതിനായുള്ള സൈബർ ഫോറൻസിക് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(vi) റെയിൽവേവഴി സംസ്ഥാനത്തിന് പുറത്തേക്ക് കൊണ്ടുപോകുന്ന ചരക്കുകൾക്കും ഇ-ഡിക്ലറേഷൻ നിർബന്ധമാക്കിയിട്ടുണ്ട്.

(vii) ഇറച്ചിക്കോഴി കള്ളക്കടത്ത് തടയുന്നതിനായി ചെക്ക്‌പോസ്റ്റുകളും ഇന്റലിജൻസ് സ്ക്വാഡുകളും വളരെ ജാഗ്രതയോടെ പ്രവർത്തിക്കുന്നു.

(viii)നികുതി വെട്ടിപ്പിനുള്ള ഒരു പ്രധാന മാർഗ്ഗമാണ് റെയിൽവേ വഴിയുള്ള കള്ളക്കടത്ത്. ഇത്തരം ചരക്കുകടത്ത് തടയുന്നതിനായി റെയിൽവേ സ്റ്റേഷനുകൾ കേന്ദ്രീകരിച്ചുള്ള ഇന്റലിജൻസ് സ്ക്വാഡുകളുടെ പരിശോധന ശക്തമാക്കിയിട്ടുണ്ട്.

(ix) വാണിജ്യ നികുതി വകുപ്പിന്റെ വിവിധ ചെക്ക് പോസ്റ്റുകളുടെ പരിസരത്ത് ഇന്റലിജൻസ് സ്ക്വാഡുകളെ വിന്യസിച്ച് നിരീക്ഷണം ശക്തമാക്കിയിട്ടുണ്ട്. ചെക്ക് പോസ്റ്റ് കടന്നുവരുന്ന വാഹനങ്ങളെ ഓവർ ചെക്ക് ചെയ്യുന്നതിനും സ്ക്വാഡുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(x) കാര്യക്ഷമത ഉയർത്തുന്നതിനായി കൂടുതൽ ശേഷിയുള്ള സെർവർ സ്ഥാപിക്കുകയും സിസ്റ്റം സ്ക്രൂട്ടിനി സാദ്ധ്യമാകുന്ന സോഫ്റ്റ്‌വെയർ ഉപയോഗപ്പെടുത്തുന്നതിനുമുള്ള നടപടികൾ പ്രാരംഭ ദിശയിലാണ്.

(xi) ഉപഭോക്താക്കൾ ബില്ല് ചോദിച്ച് വാങ്ങുന്നതിനെ പ്രോത്സാഹിപ്പിക്കുന്ന നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു. അതുപോലെ തന്നെ കമ്പ്യൂട്ടർ ബില്ലിംഗ് ഉള്ള വ്യാപാരികൾ അവരുടെ ബില്ലുകൾ തത്സമയം തന്നെ അപ്‌ലോഡ് ചെയ്യുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി നിയമനിർമ്മാണം നടത്താനും ഉദ്ദേശിക്കുന്നു.

(xii) കൂടുതൽ വ്യാപാരികളെ നികുതി വലയത്തിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ പരിഗണനയിലാണ്.

(xiii) അപ്പീൽ കേസുകളും കോടതി കേസുകളും എത്രയുംവേഗം തീർപ്പാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(xiv) റിട്ടേൺ സ്ക്രൂട്ടിനി, കുടിശ്ശിക അസസ്മെന്റ് എന്നിവ കാര്യക്ഷമമാക്കി വരുന്നു.

(xv) റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

(xvi) നികുതി ചോർച്ച തടയുന്നതിന് കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്.

**റൂപേ കിസാൻ ക്രെഡിറ്റ് കാർഡുകൾ**

27 (*357) പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. കെ. ബാബു :
ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ കിസാൻ ക്രെഡിറ്റ് കാർഡുകളും റുപേ കിസാൻ ക്രെഡിറ്റ് കാർഡുകളാക്കി മാറ്റണമെന്ന് കേന്ദ്രസർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിർദ്ദേശം പ്രാവർത്തികമാക്കുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(ബി) കാർഷിക വായ്പകൾ റുപേ ക്രെഡിറ്റ് കാർഡുകൾ മുഖേന മാത്രമേ നൽകാൻ പാടുള്ളൂ എന്ന വ്യവസ്ഥയുണ്ടോ; എങ്കിൽ ഈ നിബന്ധന കർഷകർക്ക് ഉണ്ടാക്കാനിടയുള്ള ബുദ്ധിമുട്ട് പരിശോധിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത നിർബന്ധിത പദ്ധതിക്ക് ഇന്റർനെറ്റ് ലഭ്യതയോടുകൂടിയ കമ്പ്യൂട്ടർ ശൃംഖല അധിഷ്ഠിതമായ കോർബാങ്കിംഗ് നടപ്പായിട്ടുണ്ടോ; ഇതിനായി സുരക്ഷിതമായ സോഫ്റ്റ്‌വെയർ ഉൾപ്പെടെയുള്ള സംവിധാനത്തിനായി ചെലവാക്കേണ്ടിവന്ന തുക പ്രാഥമിക സഹകരണ ബാങ്കുകൾക്ക് സഹായധനമായി നൽകുവാൻ സാധിക്കുമോ എന്ന് വ്യക്തമാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) ഉണ്ട്. നബാർഡ് മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി റുപേ കിസാൻ കാർഡ് പദ്ധതി നടപ്പിൽ വരുത്തുന്നതിലേക്കായി രജിസ്ട്രാറുടെ 17/17 നമ്പർ സർക്കുലറിലൂടെ സഹകരണ സംഘങ്ങൾക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ആയതുപ്രകാരമുള്ള നടപടി പുരോഗമിച്ചുവരുന്നു.

(ബി) 31-3-2017-നകം റുപേ കിസാൻ ക്രെഡിറ്റ് കാർഡ് പദ്ധതി പൂർത്തീകരിക്കണമെന്ന് നിർദ്ദേശമുണ്ട്. 31-3-2017-നകം കിസാൻ ക്രെഡിറ്റ് കാർഡ് അക്കൗണ്ടുകൾ റുപേ കിസാൻ കാർഡുകളാക്കി മാറ്റുന്നതിനുള്ള കാലതാമസംമൂലമുണ്ടാകുന്ന ബുദ്ധിമുട്ട് പരിശോധിച്ച് അനുയോജ്യമായ മേൽ നടപടി സ്വീകരിക്കുന്നതാണ്.

(സി) പ്രസ്തുത നിർബന്ധിത പദ്ധതിക്ക് മാത്രമായി ഇന്റർനെറ്റ് ലഭ്യതയോടുകൂടിയ കമ്പ്യൂട്ടർ ശൃംഖലയിൽ അധിഷ്ഠിതമായ കോർബാങ്കിംഗ് നടപ്പിലാക്കിയിട്ടില്ല. 25 കോടി രൂപ കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ ആധുനികവൽക്കരണത്തിനുമാത്രമായി 2017-18 വർഷത്തിൽ വകയിരുത്തിയിട്ടുണ്ട്. കോർബാങ്കിംഗ് സൊല്യൂഷന്റെ വികസനത്തിനും നിലവിലുള്ള സാങ്കേതിക വിദ്യയുടെ നിലവാരം ഉയർത്തുവാനും ദേശീയതലത്തിലുള്ള ഐ.ടി. വിദഗ്ദ്ധരെ താൽക്കാലികമായി നിയമിക്കുവാനും ദേശീയ തലത്തിലുള്ള ഐ.ടി. സ്ഥാപനങ്ങളുടെ സാങ്കേതിക സഹായം തേടുന്നതിനുമാണ് മേൽ തുക വകയിരുത്തിയിരിക്കുന്നത്.

## ഗ്രീൻ ബുക്കിലെ പദ്ധതികൾ

28 (*358) ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രീൻ ബുക്കിൽ പ്രഖ്യാപിച്ച എതെല്ലാം പദ്ധതികൾക്കാണ് ഈ സാമ്പത്തിക വർഷം ഭരണാനുമതി നൽകിയത്;

(ബി) സാമ്പത്തിക വർഷത്തിന്റെ ആദ്യ അഞ്ച് ദിവസം കൊണ്ട് ഭരണാനുമതി നൽകിയ മാതൃക, പദ്ധതി നിർവ്വഹണ കാര്യത്തിലും പുലർത്തുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;

(സി) ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽതന്നെ പദ്ധതി നിർവ്വഹണം ത്വരിതഗതിയിലാക്കുന്നതിന് 2017-18 സാമ്പത്തിക വർഷത്തിൽ 1516.88 കോടി രൂപയുടെ പദ്ധതികൾക്കാണ് ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുള്ളത്. ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട വകുപ്പുകൾ ഭരണാനുമതി നൽകുകയും പദ്ധതി നിർവ്വഹണം നടത്തുകയും ചെയ്യുന്നതാണ്. ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ സംബന്ധിച്ചുള്ള വിശദാംശങ്ങൾ അനുബന്ധത്തിൽ* കാണാവുന്നതാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി & സി) ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനുവേണ്ടി വർക്കിംഗ് ഗ്രൂപ്പിന്റെ സാമ്പത്തികാധികാരം 5 കോടിയിൽ നിന്നും 10 കോടിയായും സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിന്റെ സാമ്പത്തി കാധികാരം 10 കോടിയലധികമുള്ള പ്രോജക്റ്റുകൾക്കായും നിശ്ചയിച്ചുകൊണ്ട് 18-1-2017-ൽ സ. ഉ. (പി) നമ്പർ 4/2017/ധന. ഉത്തരവ് പുറപ്പെടുവിക്കുകയും വർക്കിംഗ് ഗ്രൂപ്പ്, സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗുകൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനായി നിർദ്ദേശം നൽകിക്കൊണ്ട് 31-3-2017-ൽ സർക്കുലർ നമ്പർ 22/2017/ധന. പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 5-4-2017-ന് ബഹു. മുഖ്യമന്ത്രി വിളിച്ചുചേർത്ത സെക്രട്ടറിമാരുടെ മീറ്റിംഗിൽ 60 ശതമാനം പ്ലാൻ സ്കീമുകൾക്കുള്ള ഭരണാനുമതിയും സാങ്കേതികാനുമതിയും 2017 ജൂൺ അവസാനത്തോടുകൂടിയും വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗുകൾ ജൂലൈ 2017-നും സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗുകൾ സെപ്റ്റംബർ 2017-നും RIDF പദ്ധതികൾക്ക് ഭരണാനുമതി ജൂൺ/ജൂലൈ മാസത്തോടുകൂടിയും പൂർത്തീകരി ക്കണമെന്നും തീരുമാനമെടുത്തിട്ടുണ്ട്.

30-3-2017-ലെ 20/2017 ധന. നമ്പർ സർക്കുലർ പ്രകാരം 2017-18 സാമ്പത്തിക വർഷം മുതൽ പദ്ധതി ചെലവുകൾ അവസാന മാസത്തിലേക്ക് മാറ്റി വയ്ക്കുന്നത് ഒഴിവാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത സർക്കുലർ പ്രകാരം മാർച്ച് മാസത്തിന് മുമ്പ് തദ്ദേശഭരണ സ്ഥാപനങ്ങൾ അടക്കം എല്ലാ വകുപ്പുകളും 85 ശതമാനം പദ്ധതിചെലവ് നടത്തിയിരിക്കണമെന്നും ബാക്കി 15 ശതമാനം മാർച്ച് മാസത്തിൽ ചെലവ് ചെയ്യാനുമാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഇപ്രകാരം പദ്ധതിവിഹിതം ചെലവഴിക്കുമ്പോൾ അവസാന പാദത്തിലെ ചെലവ് 33 ശതമാനത്തിൽ കൂടരുതെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

പദ്ധതി നിർവ്വഹണം സമയബന്ധിതവും കാര്യക്ഷമവുമാക്കുന്നതിന് വേണ്ടി ഓരോ മാസവും ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി അതാതു വകുപ്പ് സെക്രട്ടറിമാരുടെ പദ്ധതി അവലോകന യോഗം ചേരാറുണ്ട്. ഇതുകൂടാതെ ഓരോ പദ്ധതികൾക്കും വകയിരുത്തിയ പദ്ധതി വിഹിതവും അതിന് ചെലവായ തുകയും നിരീക്ഷിക്കുന്നതിന് പ്ലാൻ സ്പേസ് എന്ന മോണിറ്ററിംഗ് സംവിധാനം നിലവിലുണ്ട്.

### ആവശ്യാനുസരണം വൈദ്യുതി ലഭ്യമാക്കാനായി നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ

29 (*359) ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. പി. ഉണ്ണി :
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്ത് ആദ്യമായി സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കിയ സംസ്ഥാനത്ത് ആവശ്യാനുസരണം വൈദ്യുതി ലഭ്യമാക്കാനായി നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(ബി) 1000 മെഗാവാട്ട് സോളാർ വൈദ്യുതി ഉത്പാദിക്കുമെന്ന പ്രഖ്യാപിത നയം പ്രാവർത്തികമാക്കാനായി നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(സി) വൈദ്യുതി ക്ഷമതയുള്ള ഉപകരണങ്ങളുടെ ഉപയോഗത്തിനും സംസ്ഥാനത്തെ ബൾബുകളെല്ലാം എൽ. ഇ. ഡി.-യിലേയ്ക്ക് മാറ്റുന്നതിനും ജനകീയ ക്യാമ്പയിൻ നടത്താനുദ്ദേശിക്കുന്നുണ്ടോ; അതോടൊപ്പം തന്നെ വൈദ്യുതി ക്ഷമത കുറഞ്ഞ ഉപകരണങ്ങളുടെയും ഇൻവെർട്ടറുകളുടെയും വിൽപ്പന താൽക്കാലികമായെങ്കിലും നിയന്ത്രിക്കാൻ സാധിക്കുമോ എന്ന് പരിശോധിക്കുമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ) കേരളത്തിലെ വൈദ്യുതി ആവശ്യകതയുടെ 70 മുതൽ 80 ശതമാനം വരെ ആവശ്യകതയും നിറവേറ്റുന്നത് കേരളത്തിന് അകത്തുനിന്നും പുറത്തുനിന്നും വൈദ്യുതി വാങ്ങിയിട്ടാണ്. കെ.എസ്.ഇ.ബി.എൽ.-ന്റെ ഉടമസ്ഥതയിലുള്ള ജലവൈദ്യുത പദ്ധതികൾ, കെ.ഡി.പി.പി., ബി.ഡി.പി.പി. താപനിലയങ്ങൾ, കാറ്റ്, സൗരോർജ്ജം തുടങ്ങിയ പാരമ്പര്യേതര ഊർജ്ജനിലയങ്ങൾ എന്നിവയിൽ നിന്നുമുള്ള ആഭ്യന്തര ഉൽപ്പാദനം ഏകദേശം 2215 മെഗാവാട്ടാണ്. ആയതിനാൽ കേരളത്തിന്റെ ഊർജ്ജ ആവശ്യകത നിറവേറ്റാനായി ആഭ്യന്തര സ്രോതസ്സുകൾക്ക് പുറമേ കേരളത്തിന് പുറത്തുനിന്നും താഴെ സൂചിപ്പിച്ച പ്രകാരമുള്ള ഉൽപ്പാദകരിൽ നിന്നും ദീർഘകാല-ഹ്രസ്വകാല കരാറുകളിലൂടെ വൈദ്യുതി വാങ്ങി കേരളത്തിൽ എല്ലാവർക്കും 24X7 സമയവും വൈദ്യുതി വിതരണം നടത്താൻ കെ.എസ്.ഇ.ബി.എൽ. നടപടികൾ എടുത്തിട്ടുണ്ട്.

1. കേന്ദ്ര വൈദ്യുത നിലയങ്ങൾ

2. കേരളത്തിന് പുറത്തുനിന്നും ദീർഘകാല അടിസ്ഥാനത്തിൽ ഏർപ്പെട്ടിട്ടുള്ള വൈദ്യുതി വാങ്ങൽ കരാറുകൾ.

   (a) ധാരണാപത്രം മുഖേന (MoU Route)

   (b) ടെണ്ടർ മുഖേന (Bidding Route)

3. കേരളത്തിന് പുറത്ത് നിന്നും ഹ്രസ്വകാല അടിസ്ഥാനത്തിൽ ഏർപ്പെട്ടിട്ടുള്ള വൈദ്യുതി വാങ്ങൽ കരാറുകൾ

4. കേരളത്തിനുള്ളിൽ നിന്നുമുള്ള വൈദ്യുതി വാങ്ങൽ കരാറുകൾ

5. പവർ എക്സ്ചേഞ്ചിൽ നിന്നുമുള്ള വൈദ്യുതി വാങ്ങൽ

6. അൺ ഷെഡ്യൂൾഡ് ഇന്റർചേഞ്ച് (Unscheduled Interchange)

സംസ്ഥാനത്ത് ആവശ്യാനുസരണം വൈദ്യുതി ലഭ്യമാക്കുന്നതിനായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കാനുദ്ദേശിക്കുന്നു:

1. നിർമ്മാണം നടന്നുവരുന്ന 7 ജലവൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാനും മുടങ്ങിക്കിടക്കുന്ന 2 പദ്ധതികൾ പുനരാരംഭിച്ച് നിർമ്മാണം പൂർത്തിയാക്കാനും ഉദ്ദേശിക്കുന്നു. ഈ 9 പദ്ധതികൾ പൂർത്തിയാക്കുന്നതുവഴി ആകെ 165 മെഗാവാട്ട് സ്ഥാപിതശേഷി വർദ്ധനവാണ് ലക്ഷ്യമിടുന്നത്. ഈ പദ്ധതികൾ വഴി പ്രതിവർഷം 522.48 ദശലക്ഷം യൂണിറ്റ് വൈദ്യുതി അധികമായി ഉൽപ്പാദിപ്പിക്കുവാൻ സാധിക്കും.

2. ആകെ 156.6 മെഗാവാട്ട് സ്ഥാപിതശേഷി വരുന്ന 16 പുതിയ ജലവൈദ്യുത പദ്ധതികൾകൂടി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഈ പദ്ധതികൾ പൂർത്തിയാക്കുന്നതുവഴി 409.34 ദശലക്ഷം യൂണിറ്റ് അധിക വൈദ്യുതിയാണ് ലക്ഷ്യമിടുന്നത്. പദ്ധതികളുടെ ലിസ്റ്റ് അനുബന്ധമായി * ചേർത്തിരിക്കുന്നു.

(ബി) സംസ്ഥാനത്ത് സോളാർ വൈദ്യുത പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി നാളിതുവരെ 10.66 മെഗാവാട്ടിന്റെ 17 പദ്ധതികൾ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് നടപ്പിൽ വരുത്തിയിട്ടുണ്ട്. കൂടാതെ ഉപഭോക്താക്കൾ സ്ഥാപിക്കുന്ന സോളാർ നിലയങ്ങൾ GRID-ലേക്ക് ബന്ധിപ്പിക്കുന്നതുവഴി 6.19 മെഗാവാട്ടുകൂടി ലഭിക്കുന്നുണ്ട്. സ്വകാര്യ പൊതുമേഖലാ സംരംഭകരായ CIAL 20.4 മെഗാവാട്ടും ഹിൻഡാൽകോ 1 മെഗാവാട്ടും, ANERT 2 മെഗാവാട്ടും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ GRID-മായി ബന്ധിപ്പിച്ചിട്ടുണ്ട്. തുടർന്ന് 8.26 മെഗാവാട്ടിന്റെ 10 പദ്ധതികളുടെ നിർമ്മാണം നടന്നുവരുന്നു. 4.71 മെഗാവാട്ടിന്റെ 6 പദ്ധതികൾ ടെണ്ടർ ഘട്ടത്തിലുണ്ട്. കാസർഗോഡ് ജില്ലയിൽ 200 മെഗാവാട്ടിന്റെ ഒരു സോളാർ പാർക്കിന്റെ നിർമ്മാണം നടന്നുവരുന്നു. ഇതിൽ 50 മെഗാവാട്ട് പൂർത്തീകരിക്കാറായി. 200 മെഗാവാട്ടിന്റെ മറ്റൊരു സോളാർ നിലയം ചീമേനിയിൽ സ്ഥാപിക്കുന്നതിന് ലക്ഷ്യമിടുന്നു. സംസ്ഥാനത്തെ ജില്ലാ പഞ്ചായത്തിന്റെ കെട്ടിടങ്ങളുടെ മുകളിൽ സോളാർ പാനൽ സ്ഥാപിക്കുന്ന നടപടികളും നടന്നുവരുന്നു. 170 മെഗാവാട്ട് NTPC വഴി കായംകുളം തെർമൽ പ്ലാന്റ് സൈറ്റിൽ നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

200 മെഗാവാട്ട് reverse bidding വഴി സ്വകാര്യ വ്യക്തികളിൽനിന്നും വാങ്ങാനും അതുപോലെതന്നെ സ്വകാര്യ/സർക്കാർ കെട്ടിടങ്ങളുടെ മേൽക്കൂരയിലും ബോർഡിന്റെ സ്വന്തം സ്ഥലത്തും Local body-കളുമായി ചേർന്നു പദ്ധതികൾ നടപ്പിലാക്കിയും ലക്ഷ്യം കൈവരിക്കാനാകുമെന്ന് കണക്കാക്കുന്നു.

(സി) സെക്ഷൻ ഓഫീസുകൾവഴി സംസ്ഥാനത്ത് 1.5 കോടി ബൾബുകൾ വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നു. ഇതിൽ ഉദ്ദേശം 1 കോടി ബൾബുകൾ ഇതിനോടകം വിതരണം ചെയ്തിട്ടുണ്ട്. വൈദ്യുതിക്ഷമതയുള്ള ഉപകരണങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന് ജനകീയ ക്യാമ്പയിനുകൾ നടത്തുന്നതിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ മലപ്പുറം ജില്ലയിൽ നാഷണൽ സർവ്വീസ് സ്കീം വോളന്റിയേഴ്സായ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു ബൃഹത്തായ സർവ്വേ നടത്തുകയും അന്തിമ റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സർവ്വേയിലൂടെ ഊർജ്ജക്ഷമത കൂടിയ ഉപകരണങ്ങൾ ഉപയോഗിക്കുന്നതിന്റെ ആവശ്യകതയെക്കുറിച്ചും ഇൻവെർട്ടർപോലുള്ള ഉപകരണങ്ങളുടെ ഉപയോഗം നിയന്ത്രിക്കുന്നതിന്റെ ആവശ്യകതയെക്കുറിച്ചും ഉപഭോക്താക്കളെ ബോധവൽക്കരിക്കുന്നതിന് സാധിച്ചിട്ടുണ്ട്.

എനർജി കൺസർവേഷൻ വാരാചരണവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തുടനീളം നടത്തിയ സൈക്കിൾ റാലി/എക്സിബിഷൻ തുടങ്ങിയ ക്യാമ്പയിനുകളിൽ ഊർജ്ജക്ഷമതയുള്ള ഉപകരണങ്ങളുടെ ഉപയോഗത്തെപ്പറ്റി പരാമർശിച്ചിരുന്നു. ഇത്തരം ക്യാമ്പയിനുകൾ തുടർന്നും നടത്തുന്നതാണ്.

**പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണം**

30 (*360) ശ്രീ. എം. നൗഷാദ് :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ അഭിമാന സ്ഥാപനമായിരുന്ന കെൽട്രോൺ പുനരുദ്ധരിച്ച് വിപുലീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് വൻ നഷ്ടത്തിലായിരുന്ന കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസിനെ ലാഭകരമാക്കാൻ ഈ സർക്കാർ നടത്തിയ ഇടപെടലുകൾ അറിയിക്കാമോ; ഇത്തരത്തിൽ മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളെ കൂടി നവീകരിച്ച് വിപുലീകരിക്കാൻ പദ്ധതിയുണ്ടോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ) :

(എ) കേരളത്തിന്റെ അഭിമാന സ്ഥാപനമായിരുന്ന കെൽട്രോൺ പുനരുദ്ധരിച്ച് വിപുലീകരിക്കുന്നതിന് സംസ്ഥാന സർക്കാർ 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 20 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 10 കോടി രൂപ കെൽട്രോണിന്റെ നിർമ്മാണ സൗകര്യങ്ങളുടെ നവീകരണത്തിനും വികസനത്തിനുമാണ്. ബാക്കി 10 കോടി രൂപ കെൽട്രോണിന്റെ ഉപകമ്പനിയായ കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡിൽ നിലവിലുള്ള കപ്പാസിറ്റർ പ്ലാന്റിന്റെ നവീകരണത്തിനും എം.പി.പി. റെക്റ്റാങ്കുലർ കപ്പാസിറ്ററിന്റെ നിർമ്മാണ സൗകര്യങ്ങൾക്കും ടൂൾ റൂം നവീകരണത്തിനും ഇലക്ട്രോണിക്സ് മേഖലയിലെ ഗവേഷണത്തിനും വികസനത്തിനുമുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിനുമാണ് നീക്കിവച്ചിരിക്കുന്നത്.

(ബി) കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിന്റെ ലാഭകരമായ പ്രവർത്തനത്തിനുവേണ്ടി കേരള സ്റ്റേറ്റ് മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽനിന്നും കൂടുതൽ ഓർഡറുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു. നിലവിലുള്ള ഉൽപ്പാദനശേഷി മെച്ചപ്പെടുത്തുന്നതിനാവശ്യമായ പദ്ധതികൾക്ക് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ 475 ലക്ഷം രൂപയുടെ പ്രത്യേക ധനസഹായം കമ്പനിക്ക് സർക്കാർ നൽകിയിട്ടുണ്ട്.

കേരളത്തിലാവശ്യമായ നോൺ ബീറ്റാലാക്ടം മരുന്നുകൾ, ഇൻജക്ടബിൾസ്, ഹോസ്പിറ്റൽ ഡിസ്പോസിബിൾസ് എന്നിവ നിർമ്മിക്കുന്നതിനാവശ്യമായ വിപുലമായ വികസന പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. ഇതിനായി 2017-18-ൽ 18.15 കോടി രൂപ ബഡ്ജറ്റിൽ കമ്പനിക്കായി വകയിരുത്തിയിട്ടുണ്ട്. കൂടാതെ 10 കോടി രൂപയുടെ അധിക ധനസഹായം അനുവദിക്കുമെന്നും ബഡ്ജറ്റ് പ്രസംഗത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. സഞ്ചിതനഷ്ടം എഴുതിത്തള്ളുന്നതിനും സർക്കാർ വായ്പയും അതിന്മേലുള്ള പലിശയുമായിട്ടുള്ള 106 കോടി രൂപ മൂലധനമായി മാറ്റുവാനും ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഈ രീതിയിലുള്ള ഇടപെടലുകളിലൂടെ സ്ഥാപനത്തിന്റെ ലാഭകരമായ നടത്തിപ്പാണ് സർക്കാർ ലക്ഷ്യമിടുന്നത്.

നിലവിൽ കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് ബീറ്റാലാക്ടം, നോൺ ബീറ്റാലാക്ടം എന്നിങ്ങനെ രണ്ട് വിഭാഗം മരുന്നുകളാണ് കേരള സ്റ്റേറ്റ് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നൽകുന്നത്. ഇപ്പോൾ ബീറ്റാലാക്ടം ഇൻജക്ഷൻ പ്ലാന്റിനോട് അനുബന്ധമായി വിഭാവനം ചെയ്ത ഡ്രൈ പൗഡർ ഇൻജക്ഷൻ യൂണിറ്റ് ഉൽപ്പാദനസജ്ജമായിക്കഴിഞ്ഞു. കമ്പനിയുടെ ആധുനിക ലബോറട്ടറിക്ക് NABL അക്രെഡിറ്റേഷൻ ലഭിച്ചിട്ടുണ്ട്. കൂടാതെ നോൺ-ബീറ്റാലാക്ടം പ്ലാന്റിന്റെ നിർമ്മാണ ഉദ്ഘാടനം 6-5-2017-ൽ നടന്നു.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### തനത് വരുമാനം

1 (3176) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷത്തിലെ തനത് വരുമാനം എത്രയായിരുന്നു; പ്രതീക്ഷിച്ച വരുമാനം എത്ര;

(ബി) തനത് വരുമാനം വർദ്ധിച്ചുവോ; എങ്കിൽ എത്ര; വിശദാംശം നൽകാമോ;

(സി) 2016-17 വർഷത്തിലെ സംസ്ഥാനത്തിന്റെ നികുതിയേതര വരുമാനം പ്രതീക്ഷിച്ചത് എത്ര; ലഭിച്ചത് എത്ര;

(ഡി) കേന്ദ്ര നികുതി വിഹിതം, കേന്ദ്ര ധനസഹായം എന്നിവയിൽ പ്രതീക്ഷിച്ചതെത്ര; ലഭിച്ചതെത്ര; വിശദമാക്കാമോ;

(ഇ) 2017-18 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ തനത് വരുമാനം എത്രയാവും എന്നാണ് പ്രതീക്ഷിക്കുന്നത്; തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) 2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രകാരം വിവിധ സ്രോതസ്സുകളിൽനിന്നും പ്രതീക്ഷിച്ച വരുമാനവും അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം 2016 ഡിസംബർ 31 വരെ ഓരോ ഇനത്തിലും ലഭിച്ച തുകയുടേയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

(തുക കോടിയിൽ)

| | 2016-17-ൽ പ്രതീക്ഷിച്ചത് | 2016 ഡിസംബർ 31 വരെ ലഭിച്ചത് |
|---|---|---|
| സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം | 47613.61 | 30214.66 |
| സംസ്ഥാനത്തിന്റെ തനത് നികുതിയേതര വരുമാനം | 11359.52 | 5277.54 |
| കേന്ദ്ര നികുതി വിഹിതം | 14282.00 | 9567.59 |
| കേന്ദ്ര ധനസഹായം | 11361.72 | 5347.70 |

(ഡി) 2016 ഡിസംബർ 31 വരെയുള്ള സംസ്ഥാനത്തിന്റെ തനത് വരുമാനത്തിൽ മുൻവർഷത്തെ ഇതേ കാലയളവിനെ അപേക്ഷിച്ച് 10.03% വളർച്ച നേടുവാൻ കഴിഞ്ഞു.

(ഇ) 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം സംസ്ഥാനത്തിന്റെ തനത് വരുമാനമായി 65449.28 കോടി രൂപയാണ് പ്രതീക്ഷിക്കുന്നത്. സംസ്ഥാനത്തിന്റെ റവന്യൂ സമാഹരണം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കൂടുതൽ വ്യാപാരികളെ നികുതി വലയത്തിൽ കൊണ്ടുവരിക, റവന്യൂ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ഊർജ്ജിത നികുതി പിരിവ് യജ്ഞം നടത്തുക, റവന്യൂ റിക്കവറി നടപടികളുടെ വേഗത വർദ്ധിപ്പിക്കുക, അഴിമതി നിർമ്മാർജ്ജനം ചെയ്യുക, നികുതി വകുപ്പിലെ ഇന്റേണൽ ഓഡിറ്റ് സംവിധാനം ശക്തിപ്പെടുത്തുക, നികുതി വകുപ്പുകളുടെ സാങ്കേതിക നവീകരണം നടപ്പിലാക്കുക, നികുതി നിയമങ്ങളെക്കുറിച്ചുള്ള ഉപഭോക്തൃ അവബോധം വർദ്ധിപ്പിക്കുക, വ്യാപാരി സൗഹൃദ സമീപനം നടപ്പിലാക്കുക, നികുതി നിരക്കുകൾ യുക്തിസഹമാക്കുക എന്നീ പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. ഇതിനുപുറമേ ജി.എസ്.ടി. നടപ്പിലാക്കുന്നതിന്റെ ഭാഗമായി നികുതിയിനത്തിൽ കൂടുതൽ വരുമാനവും പ്രതീക്ഷിക്കുന്നുണ്ട്.

**ആസ്തി വികസന പദ്ധതി പ്രകാരമുള്ള പ്രവൃത്തികളുടെ ഭരണാനുമതി**

2 (3177) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി നിയോജകമണ്ഡലത്തിലെ 2016-17 വർഷത്തെ ആസ്തി വികസന പദ്ധതി പ്രകാരമുള്ള പ്രവൃത്തികളുടെ ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികളുടെ നിലവിലെ അവസ്ഥ എന്തെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ ഏതെല്ലാം പ്രവൃത്തികൾക്ക് ഇതുവരെ ഭരണാനുമതി നൽകിയിട്ടുണ്ട്; ഭരണാനുമതി ലഭിക്കാനുള്ള പ്രവൃത്തികൾ ഏതെന്നും അതിന്റെ നിലവിലുള്ള അവസ്ഥ എന്തെന്നും വ്യക്തമാക്കുമോ;

(സി) ഇവയ്ക്ക് ഭരണാനുമതി നൽകുന്നതിനുള്ള കാലതാമസത്തിന് കാരണം എന്തെന്ന് വ്യക്തമാക്കുമോ; അടിയന്തരമായി ഈ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) 2016-17 സാമ്പത്തിക വർഷം ശിപാർശ ചെയ്ത 9 പ്രവൃത്തികളിൽ ഒന്നിനും ഇതുവരെ ഭരണാനുമതി നൽകിയിട്ടില്ല. ഭരണാനുമതി ലഭ്യമാക്കാനുള്ള പ്രവൃത്തികളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.* 2016-17

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സാമ്പത്തിക വർഷം ലഭ്യമായ ശിപാർശകളിൽ ധനാനുമതിയും ഭരണാനുമതിയും പുറപ്പെടുവിക്കുന്നതിനായി വിശദമായ എസ്റ്റിമേറ്റും അനുബന്ധരേഖകളും ലഭ്യമാക്കുന്നതിനായി ബന്ധപ്പെട്ട ഭരണവകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) പ്രവൃത്തികളുടെ വിശദമായ എസ്റ്റിമേറ്റ് റിപ്പോർട്ടും അനുബന്ധരേഖകളും സമയബന്ധിതമായി ഭരണവകുപ്പുകളിൽ ലഭ്യമാകാത്തതാണ് കാലതാമസത്തിന് കാരണം.

2016-17 സാമ്പത്തിക വർഷം ലഭ്യമായ ശിപാർശകളിൽ ധനാനുമതിയും ഭരണാനുമതിയും പുറപ്പെടുവിക്കുന്നതിനായി എസ്റ്റിമേറ്റുകൾ എത്രയും വേഗം നൽകുന്നതിന് ബന്ധപ്പെട്ട ഭരണവകുപ്പ് സെക്രട്ടറിമാർക്കും നിർവ്വഹണ വകുപ്പുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

## നോട്ട് നിരോധനത്തിനുശേഷം രണ്ടാമതും നോട്ട് ക്ഷാമം ഉണ്ടാകാനുള്ള കാരണങ്ങൾ

3 (3178) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നോട്ട് നിരോധനത്തിനുശേഷം രണ്ടാമതും നോട്ട് ക്ഷാമം ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) വീണ്ടും നോട്ട് ക്ഷാമം ഉണ്ടാകാനുള്ള കാരണങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(സി) നോട്ട് ക്ഷാമം പോലുള്ളവ സൃഷ്ടിക്കുന്ന കൃത്രിമ മാന്ദ്യത്തിൽ നിന്നും സംസ്ഥാന സമ്പദ് വ്യവസ്ഥയെ സംരക്ഷിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) കേന്ദ്ര സർക്കാർ നടപ്പിലാക്കിയ നോട്ട് അസാധുവാക്കലിന്റെ ഫലമായി സംസ്ഥാനത്ത് അതിരൂക്ഷമായ കറൻസി ദൗർലഭ്യമാണ് അനുഭവപ്പെട്ടുവരുന്നത്. പ്രസ്തുത കറൻസി ക്ഷാമത്തിന്റെ തോത് ഏറിയും ഇറങ്ങിയും പ്രതിഫലിച്ചുവരുന്നു. അതിന്റെ ഭാഗമാണ് ഇക്കഴിഞ്ഞ ശമ്പളം, പെൻഷൻ വിതരണ കാലയളവിൽ ദൃശ്യമായ കറൻസി ക്ഷാമം.

(ബി) നോട്ട് ക്ഷാമം ഉണ്ടാകുവാനുള്ള പ്രധാന കാരണം അസാധുവാക്കിയ കറൻസിക്ക് തത്തുല്യമായ പുതിയ കറൻസി ലഭ്യമാക്കുവാൻ റിസർവ് ബാങ്കിന് കഴിയാതിരിക്കുന്നതാണ്. കറൻസി ക്ഷാമവും ബാങ്കുകൾ പുതിയ സർവ്വീസ്

ചാർജ്ജുകളും പിഴകളും നിശ്ചയിച്ചതും നിമിത്തം ജനങ്ങൾ വൻതോതിൽ കറൻസി നോട്ടുകൾ കയ്യിൽ സൂക്ഷിക്കുന്ന സാഹചര്യം തള്ളിക്കളയാനാകില്ല. ഇത് കറൻസി നോട്ടുകളുടെ ഒഴുക്കിനെ തടയുന്നതിനും അതുവഴി കറൻസിക്ഷാമത്തിനും കാരണമായിട്ടുണ്ടാകാം.

(സി) നോട്ട് അസാധുവാക്കൽ സംസ്ഥാനത്തിന്റെ സമസ്ത മേഖലകളെയും നിശ്ചലാവസ്ഥയിലാക്കുകയും സമ്പദ്‌വ്യവസ്ഥയെ മാന്ദ്യത്തിലേയ്ക്ക് തള്ളിവിടുകയും ചെയ്തിട്ടുള്ളതാണ്. പ്രസ്തുത മാന്ദ്യം തരണം ചെയ്യുന്നതിന് സർക്കാർ പദ്ധതികളിലൂടെയുള്ള ചെലവഴിക്കൽ വർദ്ധിപ്പിക്കുകയെന്നത് അത്യന്താപേക്ഷിതമായി കാണുന്നു. എന്നാൽ നോട്ട് അസാധുവാക്കൽ നികുതി വരുമാനത്തിലുണ്ടാക്കിയ വൻ ഇടിവ് മേൽദിശയിലുള്ള പ്രവർത്തനത്തിന്റെ വ്യാപ്തിയെ സാരമായി ബാധിച്ചിട്ടുണ്ട്. പക്ഷേ ഈ പരിമിതമായ സാഹചര്യത്തിലും പരമാവധി പൊതുപണം സമ്പദ്ഘടനയിലേയ്ക്ക് ഒഴുക്കുന്നതിന് ആത്മാർത്ഥവും ഊർജ്ജിതവുമായ പരിശ്രമം സർക്കാർ നടത്തിയിരുന്നു. എന്നാൽ റിസർവ് ബാങ്കിന്റെ നിയന്ത്രണങ്ങൾമൂലം ട്രഷറിയിലെ ക്രയവിക്രയങ്ങൾക്ക് തടസ്സം നേരിട്ടു. ട്രഷറി ഇടപാടുകൾക്ക് ഏർപ്പെടുത്തിയ നിയന്ത്രണമൂലം സംസ്ഥാനത്തിന്റെ പദ്ധതി പ്രവർത്തനങ്ങളുടെ വേഗത മന്ദീഭവിക്കുകയും സംസ്ഥാനത്തിന്റെ വികസന ക്ഷേമ പ്രവർത്തനങ്ങളെ മൊത്തത്തിൽ പിന്നോട്ടടിക്കുകയും ചെയ്തിട്ടുണ്ട്. എന്നിരുന്നാലും നിലവിലെ പ്രതിസന്ധി മറികടക്കുന്നതിന് ഹ്രസ്വകാല, ദീർഘകാല അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ സർക്കാർ കൈക്കൊണ്ടുവരുന്നു.

**സംസ്ഥാന പദ്ധതികൾക്കുള്ള കേന്ദ്രധനസഹായം**

4 (3179) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിൽ നിന്നും സംസ്ഥാന പദ്ധതികൾക്കുള്ള ധനസഹായം കുറഞ്ഞുവരുന്ന സാഹചര്യം പദ്ധതി നടത്തിപ്പിനെ പ്രതികൂലമായി ബാധിക്കുന്ന സ്ഥിതിവിശേഷം സൃഷ്ടിച്ചിട്ടുണ്ടോ; എങ്കിൽ എന്താണ് ഈ ഇനത്തിലെ ധനസഹായം കുറയുന്നതിന് ഇടയാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാന പദ്ധതികൾക്കുള്ള പരമാവധി ധനസഹായം നേടിയെടുക്കുന്നതിന് ഈ സർക്കാരിന് കഴിയാത്ത സാഹചര്യം പ്രത്യേകമായി വിലയിരുത്തിയിട്ടുണ്ടോ;

(സി) പദ്ധതി റിപ്പോർട്ടുകൾ യഥാസമയം കേന്ദ്രത്തിന് സമർപ്പിക്കാത്തത് കാരണം ഈ വിഹിതത്തിൽ കുറവുണ്ടായിട്ടുണ്ടോ; എങ്കിൽ ഈ കുറവ് ഏത് രീതിയിൽ നികത്തുന്നതിന് കഴിഞ്ഞിട്ടുണ്ട്;

(ഡി) കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നിന്നും പരമാവധി തുക നേടിയെടുക്കുന്ന തരത്തിൽ കാര്യക്ഷമമായ നടപടികൾ സ്വീകരിക്കുന്നതിന് പ്രത്യേക ശ്രദ്ധ നൽകുമോ?

<u>ഉത്തരം</u>

(എ) 14-ാം ധനകാര്യ കമ്മീഷൻ ശിപാർശപ്രകാരം സംസ്ഥാനങ്ങൾക്കുള്ള കേന്ദ്ര നികുതി വിഹിതം 32 ശതമാനത്തിൽനിന്നും 42 ശതമാനമായി വർദ്ധിപ്പിക്കുകയുണ്ടായി. എന്നാൽ സംസ്ഥാന പദ്ധതികൾക്കുള്ള സാധാരണ കേന്ദ്ര സഹായം (Normal Central Assistance), ഒറ്റത്തവണ കേന്ദ്ര സഹായം (One time Additional Central Assistance) എന്നിവ നിർത്തലാക്കിക്കൊണ്ടും മറ്റു ധനസഹായങ്ങളിൽ ആനുപാതികമായി കുറവ് വരുത്തിക്കൊണ്ടുമാണ് ഈ വർദ്ധനവ് കമ്മീഷൻ ശിപാർശ ചെയ്തിട്ടുള്ളത്. കൂടാതെ കേന്ദ്ര സർക്കാർ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഘടനയിൽ മാറ്റം വരുത്തുകയും ചില പദ്ധതികൾ മറ്റു പദ്ധതികളുമായി ലയിപ്പിക്കുകയും ചില പ്രധാന പദ്ധതികളെ കേന്ദ്രാവിഷ്കൃത പദ്ധതിയിൽനിന്നും ഒഴിവാക്കുകയും ചെയ്യുകയുണ്ടായി. ഒഴിവാക്കിയ പദ്ധതികളെ 50:50 അനുപാതത്തിൽ സംസ്ഥാനത്തിന് നടപ്പിലാക്കാവുന്നതാണ്. കൂടാതെ 60 ശതമാനത്തിന് മുകളിൽ കേന്ദ്ര വിഹിതം ലഭിച്ചിരുന്ന പല പദ്ധതികളുടെയും വിഹിതം കുറച്ച് 60:40 അനുപാതത്തിലാക്കിയത് പദ്ധതി നടത്തിപ്പിന് സംസ്ഥാനത്തിന് അധിക സാമ്പത്തിക ബാദ്ധ്യത വരുത്തിയിട്ടുണ്ട്.

(ബി) കേന്ദ്രാവിഷ്കൃത പദ്ധതികൾ സംബന്ധിച്ച കേന്ദ്ര നയമാണ് പ്രധാന പ്രതിബന്ധം. പുതുക്കിയ ഫണ്ടിംഗ് പാറ്റേൺ പദ്ധതി നടത്തിപ്പിൽ പ്രതിസന്ധി കളുണ്ടാക്കിയിട്ടുണ്ട്. അതുകൂടാതെ അഖിലേന്ത്യാതലത്തിൽ രൂപീകരിക്കപ്പെടുന്ന മാനദണ്ഡങ്ങൾ സംസ്ഥാനത്തിന് യോജിക്കാതെവരുന്ന പ്രശ്നങ്ങളും സംജാതമാകാറുണ്ട്. ഇക്കാര്യങ്ങളെല്ലാം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നുണ്ട്. കേന്ദ്രാവിഷ്കൃത ഫണ്ട് വിനിയോഗത്തിന്റെ കാര്യത്തിൽ വേണ്ട ശ്രദ്ധ ചെലുത്തുന്നതാണ്. ഈ പ്രതിസന്ധികൾ തരണം ചെയ്യാൻ സംസ്ഥാന സർക്കാർ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുകയും കേരളത്തിന് അനുയോജ്യമായി മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുവാൻ ആവശ്യപ്പെടാറുമുണ്ട്.

(സി & ഡി) കേന്ദ്ര ഗവൺമെന്റ് കേന്ദ്രാവിഷ്കൃത പദ്ധതി/കേന്ദ്ര പദ്ധതികൾക്കായി സംസ്ഥാനങ്ങൾക്ക് നൽകുന്ന ഫണ്ടും അവയുടെ വിനിയോഗവും നിരീക്ഷിക്കുന്നതിനായി ഒരു ഓൺലൈൻ സംവിധാനം (പി.എഫ്.എം.എസ്.) സംസ്ഥാനങ്ങളിൽ നടപ്പിലാക്കിവരികയാണ്. ധനകാര്യ വകുപ്പിന്റെ മേൽനോട്ടത്തിൽ സംസ്ഥാനത്തും കേന്ദ്ര സർക്കാരിന്റെ പി.എഫ്.എം.എസ്. ഓൺലൈൻ

സംവിധാനം ട്രഷറിയുമായി സംയോജിപ്പിച്ച് നടപ്പിലാക്കിവരികയാണ്. ഇതുപ്രകാരം പി.എഫ്.എം.എസ്. സംവിധാനത്തിലൂടെ കേന്ദ്ര പദ്ധതികൾ പ്രകാരം ലഭിക്കുന്ന ഫണ്ടും അവയുടെ വിനിയോഗവും നിരീക്ഷിക്കുന്നതിനായി എല്ലാ ഡിപ്പാർട്ട്മെന്റുകളും പി.എഫ്.എം.എസ്.-ൽ രജിസ്റ്റർ ചെയ്യുന്നതിന് ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥർക്ക് പരിശീലനം നൽകിവരുന്നു. പി.എഫ്.എം.എസ്. സംസ്ഥാനത്ത് പൂർണ്ണമായി നടപ്പിലാക്കിക്കഴിയുന്നതോടെ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കേന്ദ്രവിഹിതം യഥാസമയം ലഭിക്കുന്നുണ്ടോയെന്നും അവ സമയബന്ധിതമായി വിനിയോഗിക്കുന്നുണ്ടോയെന്നും നിരീക്ഷിക്കുവാൻ കഴിയും. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പ് നിരീക്ഷിക്കുന്നതിനും യഥാസമയം കേന്ദ്ര സർക്കാരിൽ നിന്ന് ഫണ്ട് വാങ്ങിയെടുക്കുന്നതിനുമായി ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിൽ കോ-ഓർഡിനേഷൻ സെൽ രൂപീകരിച്ചിട്ടുണ്ട്. ഈ സെൽ വിവിധ വകുപ്പുകളുടെ യോഗങ്ങൾ വിളിച്ചുകൂട്ടുകയും കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കേണ്ട ഫണ്ടുകളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുകയും ഫണ്ട് കേന്ദ്ര സർക്കാരിൽനിന്ന് കാലതാമസം കൂടാതെ വാങ്ങിച്ചെടുക്കുന്നതിനും കൂടുതൽ കേന്ദ്ര സഹായം ലഭിക്കുന്നതിനുമുള്ള പദ്ധതികൾ കേന്ദ്ര സർക്കാരിലേയ്ക്ക് അയച്ചുകൊടുക്കുന്നതിനുമുള്ള നടപടികൾ ത്വരിതപ്പെടുത്തുകയും ചെയ്തുവരുന്നുണ്ട്.

**കുടിശ്ശിക നികുതി**

5 (3180) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പിരിഞ്ഞുകിട്ടാനുള്ള കുടിശ്ശിക നികുതി പിരിച്ചെടുക്കാൻ എന്തെങ്കിലും ഊർജ്ജിത ശ്രമം നടത്തുന്നുണ്ടോ;

(ബി) കുടിശ്ശിക നികുതി എത്ര കോടി രൂപയെന്നാണ് നികുതി വകുപ്പ് കണക്കാക്കിയിട്ടുള്ളത് ?

<u>ഉത്തരം</u>

(എ) വകുപ്പ് തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

<u>വാണിജ്യ നികുതി വകുപ്പ്</u>

KGST, VAT, AIT, Luxury Tax എന്നീ ഇനങ്ങളിലുള്ള നികുതി കുടിശ്ശികകൾ പരമാവധി പിരിച്ചെടുക്കുന്നതിനായി പലിശ, പിഴ, പിഴപ്പലിശ എന്നിവയിൽ ഇളവ് നൽകിക്കൊണ്ടുള്ള ആംനസ്റ്റി പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്.

കേരളാ ഫിനാൻസ് ആക്ട് 2016 പ്രകാരം പ്രഖ്യാപിച്ചിരുന്ന 2016 മാർച്ച് 31 വരെ പൂർത്തിയാക്കിയ KGST അസസ്മെന്റ് പ്രകാരമുള്ള കുടിശ്ശിക തീർപ്പാക്കുവാനുള്ള കാലാവധി 28-2-2017-ൽ നിന്നും 31-12-2017 വരെയാക്കി ദീർഘിപ്പിച്ചിട്ടുണ്ട്.

വാറ്റ് ആംനസ്റ്റി പദ്ധതിപ്രകാരം 2005-06 മുതൽ 2010-11 വരെയുള്ള നികുതി കുടിശ്ശിക പൂർണ്ണമായും അടച്ചാൽ കുടിശ്ശികയുടെ പലിശയും പിഴത്തുകയുടെ 70 ശതമാനവും പിഴയുടെ പലിശയും ഇളവ് ചെയ്യുന്നതാണ്. ഈ കാലയളവിലെ കേന്ദ്ര വിൽപ്പന നികുതി പ്രകാരമുള്ള കുടിശ്ശികകളും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി തീർപ്പാക്കാവുന്നതാണ്. ഈ പദ്ധതിക്കായി അപേക്ഷിക്കാവുന്ന അവസാന തീയതി 2017 ജൂൺ 30-ഉം പദ്ധതി പ്രകാരം കണക്കാക്കിയ നികുതി കുടിശ്ശിക തുല്യ ഗഡുക്കളായി അടക്കേണ്ടുന്ന അവസാന തീയതി 2017 ഡിസംബർ 31-ഉമാണ്.

കാർഷികാദായ നികുതി, ആഡംബര നികുതി എന്നീ ഇനങ്ങളിലുള്ള 2010-11 വരെയുള്ള നികുതി കുടിശ്ശിക പൂർണ്ണമായും അടച്ചാൽ കുടിശ്ശികയുടെ പലിശയും പിഴത്തുകയുടെ 70 ശതമാനവും ഇളവു ചെയ്യുന്നതാണ്.

കൂടാതെ മുൻ സർക്കാരിന്റെ കാലത്ത് നൽകിയിരുന്ന എല്ലാ സർക്കാർ സ്റ്റേകളും റദ്ദാക്കുകയും വാണിജ്യ നികുതി അപ്പലേറ്റ് അധികാരിയുടെ മുൻപാകെ ഫയൽ ചെയ്യപ്പെട്ട അപ്പീലുകൾ എത്രയുംവേഗം തീർപ്പാക്കുന്നതിനായി അത്തരം അപ്പലേറ്റ് അധികാരികളുടെ എണ്ണം വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ഇതോടൊപ്പം എല്ലാ ജില്ലകളിലും ഉദ്യോഗസ്ഥരുടെ മീറ്റിംഗ് വിളിച്ചുകൂട്ടുകയും ടി മീറ്റിംഗുകളിൽ നൽകിയ നിർദ്ദേശത്തിന്റെ ഭാഗമായി റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികളും തുടർന്നുവരുന്നു. ജില്ലകൾ തോറും ഇതിനായി ഉദ്യോഗസ്ഥരുടെ പ്രത്യേക ടീമുകളെയും രൂപീകരിച്ചിട്ടുണ്ട്.

ലാൻഡ് റവന്യൂ വകുപ്പ്

റവന്യൂ വകുപ്പ് പ്രധാനമായും പിരിച്ചെടുക്കുന്നത് ലാൻഡ് റവന്യൂ ഇനങ്ങളും റവന്യൂ റിക്കവറി ഇനങ്ങളുമാണ്. കേരള റവന്യൂ റിക്കവറി ആക്ട് 1968 പ്രകാരം വകുപ്പുകൾ/സ്ഥാപനങ്ങൾക്ക് കുടിശ്ശികയായി ലഭിക്കുവാനുള്ള തുകകൾ അർത്ഥനകളുടെ അടിസ്ഥാനത്തിൽ കുടിശ്ശികക്കാരനെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച് പിരിച്ചെടുക്കുന്നു.

മോട്ടോർ വാഹന വകുപ്പ്

മോട്ടോർ വാഹന വകുപ്പിന്റെ ഓഫീസുകളിൽ എല്ലാ ബുധനാഴ്ചയും നികുതി പിരിവ് പ്രവർത്തനത്തിന് മാത്രമായി വേർതിരിച്ച് ഡിമാൻഡ് നോട്ടീസുകൾ അയയ്ക്കുക, റവന്യൂ റിക്കവറി നടപടികൾ എടുക്കുക, നികുതി അടയ്ക്കാതെ റോഡിൽ ഉപയോഗിക്കുന്ന വാഹനങ്ങൾ പിടിച്ചെടുക്കുക തുടങ്ങിയ ജോലികൾ ചെയ്തുവരുന്നുണ്ട്. കൂടാതെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.

രജിസ്ട്രേഷൻ വകുപ്പ്

1-1-1986 മുതൽ 31-3-2010 വരെ കുടിശ്ശികയുണ്ടായിരുന്ന അണ്ടർ വാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിനായി നികുതി വകുപ്പിന്റെ 21-7-2016-ലെ ജി.ഒ.(പി) നമ്പർ 74/16/റ്റി.ഡി. ഉത്തരവുപ്രകാരവും ഫ്ലാറ്റുകളുടെ അണ്ടർ വാല്യുവേഷൻ കുടിശ്ശിക തീർപ്പാക്കുവാനായി 21-7-2016-ലെ ജി.ഒ.(പി) നമ്പർ 75/16/റ്റി.ഡി. ഉത്തരവുപ്രകാരവും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിൽവരുത്തി.

എക്സൈസ് വകുപ്പ്

എക്സൈസ് വകുപ്പുവഴി നൽകുന്ന എല്ലാ ലൈസൻസുകൾക്കും പെർമിറ്റുകൾക്കും മുൻകൂറായി ഫീസ്/നികുതി ഈടാക്കിയശേഷമാണ് അനുമതി നൽകുന്നത്. ആയതിനാൽ എക്സൈസ് വകുപ്പുമായി ബന്ധപ്പെട്ട് നിലവിൽ നികുതി കുടിശ്ശിക ഉണ്ടാകുന്നില്ല. എന്നാൽ ചാരായ ഷാപ്പുകളും കള്ള് ഷാപ്പുകളും ലൈസൻസ് സ്ഥാപനങ്ങളും നടത്തി കിസ്ത് തുകയും ലൈസൻസ് ഫീയും അടയ്ക്കാൻ ലൈസൻസി മുടക്കം വരുത്തിയ ഇനത്തിൽ വളരെക്കാലമായി നിലനിൽക്കുന്ന അബ്കാരി കുടിശ്ശികയുമായി ബന്ധപ്പെട്ട് റവന്യൂ റിക്കവറി നടപടികൾ നടന്നുവരുന്നതും പല കേസുകളിലും ടിയാൻമാരുടെ വസ്തുവകകൾ ബോട്ട്-ഇൻ-ലാൻഡ് ആയി സർക്കാർ ഏറ്റെടുത്തിട്ടുള്ളതുമാണ്.

(ബി) വകുപ്പ് തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

വാണിജ്യ നികുതി വകുപ്പിൽ 31-3-2017 വരെയുള്ള കുടിശ്ശിക നികുതി 7582.38 കോടി രൂപയാണ്.

ലാൻഡ് റവന്യൂ വകുപ്പിൽ 2016-17 സാമ്പത്തിക വർഷത്തെ മുതൽ പിരിവ് ബാക്കി കണക്കുപ്രകാരം ലാൻഡ് റവന്യൂ, റവന്യൂ റിക്കവറി ഇനങ്ങളിൽ യഥാക്രമം 163.51 കോടി രൂപയും 2160.76 കോടി രൂപയും കുടിശ്ശികയായി വന്നിട്ടുണ്ട്.

31-12-2016 വരെയുള്ള കണക്കനുസരിച്ച് മോട്ടോർ വാഹന വകുപ്പിന്റെ നികുതി കുടിശ്ശിക 1710 കോടി രൂപയാണ്. ഇതിൽ കെ.എസ്.ആർ.ടി.സി.-യുടെ കുടിശ്ശിക 1389.28 കോടി രൂപയും വകുപ്പിന് മാത്രമായുള്ള കുടിശ്ശിക 320.71 കോടി രൂപയുമാണ്.

രജിസ്ട്രേഷൻ വകുപ്പിൽ 2017 മാർച്ച് വരെ അണ്ടർ വാല്യുവേഷൻ ഇനത്തിൽ ഏകദേശം 28.24 കോടി രൂപ പിരിച്ചെടുക്കാനുണ്ട് എന്ന് കണക്കാക്കിയിട്ടുണ്ട്.

അബ്കാരി കുടിശ്ശിക ഇനത്തിൽ നിലവിലുള്ള തുക 62,29,66,186 രൂപയാണ്. കാലാകാലങ്ങളിൽ കണക്കാക്കുന്ന പലിശകൂടി ചേരുമ്പോൾ നിലവിൽ 243 കോടി രൂപയോളം അബ്കാരി കുടിശ്ശികയായി നിലനിൽക്കുന്നു.

**സാമ്പത്തിക പ്രതിസന്ധി പരിഹരിക്കൽ**

6 (3181) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ വായ്പയെടുത്ത തുക എത്ര ; എവിടെ നിന്ന് ; മുൻവായ്പയും പലിശയും ഉൾപ്പെടെ തിരിച്ചടച്ച തുക എത്ര; നിത്യനിദാന ചെലവുകൾക്ക് ഉപയോഗിച്ച തുക എത്ര; ഇതിനായി വായ്പയെടുത്ത തുക എത്ര; നിർമ്മാണ പ്രവർത്തനങ്ങൾക്ക് ചെലവാക്കിയ തുക എത്ര; മൂലധന ചെലവുകൾക്ക് ഉപയോഗിച്ച തുക എത്ര; ഏറ്റെടുത്ത വികസന പ്രവൃത്തികൾ ഏതെല്ലാം; ഇതിനായി ചെലവാക്കിയ തുക എത്ര; ഇവയിൽ പൂർത്തീകരിച്ചവ ഏതെല്ലാം; പൂർത്തീകരിക്കാത്തവ ഏതെല്ലാം ; എന്നിവ വ്യക്തമാക്കുമോ;

(ബി) ഇവമൂലമുണ്ടായ സാമ്പത്തിക പ്രതിസന്ധി പരിശോധിച്ചുവോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) ഇത്തരം പ്രതിസന്ധിയിൽ നിന്നും രക്ഷ നേടാനായി ഈ സർക്കാർ നടത്തിയ അധികവിഭവ സമാഹരണം ഉൾപ്പെടെയുള്ള ധനസമാഹരണ സംവിധാനങ്ങൾ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ;

(ഡി) ട്രഷറി ശൃംഖലയിലെ കോർബാങ്കിംഗ് പ്രവർത്തനത്തിന്റെ പുരോഗതി എന്തെല്ലാം എന്നും ഇതുവഴിയുണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാം എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) മുൻ സർക്കാരിന്റെ ഭരണകാലത്ത് ആഭ്യന്തരകടവും കേന്ദ്ര സർക്കാരിൽ നിന്ന് എടുത്ത കടവും സ്മാൾ സേവിംഗ്സ് ആന്റ് പ്രോവിഡന്റ് ഫണ്ട് ഇനത്തിലുമായി എടുത്ത വായ്പ, വായ്പാ തിരിച്ചടവ്, പലിശ സംബന്ധിച്ച വിശദാംശങ്ങളും മൂലധന ചെലവുകൾ സംബന്ധിച്ച വിവരങ്ങളും ചുവടെ ചേർക്കുന്നു:

(തുക കോടിയിൽ)

| വർഷം | വായ്പാ തുക (മൊത്തം) | വായ്പാ തിരിച്ചടവ് | പലിശ | മൂലധന ചെലവുകൾ (എഫ് ലോൺ ഒഴികെ) |
|---|---|---|---|---|
| 2011-12 | 32780.89 | 22035.94 | 6293.6 | 3852.92 |
| 2012-13 | 37082.02 | 22939.38 | 7204.81 | 4603.29 |
| 2013-14 | 43814.81 | 28366.56 | 8265.38 | 4294.33 |
| 2014-15 | 50965.75 | 34534.58 | 9769.59 | 4254.59 |
| 2015-16 | 67920.36 | 45990.28 | 11110.62 | 7500.04 |

സംസ്ഥാനം എടുക്കുന്ന വായ്പയിൽ മുഖ്യപങ്കും വികസന പ്രവർത്തനങ്ങൾക്കാണ് വിനിയോഗിക്കുന്നത്. ഇതിൽ വളരെ ചെറിയ ഒരു പങ്കു മാത്രമേ നിത്യനിദാന ചെലവുകൾക്ക് ഉപയോഗിക്കുന്നുള്ളൂ.

(ബി) മുൻ സർക്കാരിന്റെ ഭരണകാലത്ത് ഫണ്ടിന്റെ പിൻബലം ഉറപ്പാക്കാതെയാണ് പല പദ്ധതികളും പ്രോജക്ടുകളും പ്രഖ്യാപിച്ചിരുന്നത്. ബഡ്ജറ്റിൽ പ്രഖ്യാപിക്കപ്പെട്ട നിരവധി പദ്ധതികളുടെ യഥാർത്ഥ ചെലവ് ബഡ്ജറ്റ് എസ്റ്റിമേറ്റിന്റെ 60 മുതൽ 70 ശതമാനം വരെയായിരുന്നു. ഇതുകാരണം വാർഷിക പദ്ധതികളുടെ നടത്തിപ്പ് സ്തംഭനാവസ്ഥയിലാവുകയും പൊതുനിക്ഷേപങ്ങളിൽ വൻപ്രത്യാഘാതം ഉളവാകുകയും സമൂഹത്തിലെ പാവപ്പെട്ട ജനവിഭാഗങ്ങളെ ഏറ്റവും കൂടുതൽ പ്രതികൂലമായി ബാധിക്കുകയും ചെയ്തിരുന്നു. നികുതി നികുതിയേതര വരുമാനം ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാതിരുന്നതും സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള സാമ്പത്തിക പ്രതിസന്ധിക്ക് കാരണമായിട്ടുണ്ട്.

(സി) അധിക വിഭവ സമാഹരണത്തിലൂടെയും അനാവശ്യ ചെലവ് നിയന്ത്രണത്തിലൂടെയും നികുതി പിരിവ് ഊർജ്ജിതമാക്കിയും അടിയന്തര പ്രാധാന്യമുള്ള വികസനക്ഷേമ പ്രവർത്തനങ്ങൾക്ക് പണം കണ്ടെത്താൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. വൻകിട ഇൻഫ്രാസ്ട്രക്ചർ പദ്ധതികൾ ഏറ്റെടുത്തു നടപ്പിലാക്കുന്നതിനായി 1999-ലെ കിഫ്ബി ആക്ട് പരിഷ്കരിച്ചുകൊണ്ട് സെബിയും ആർ.ബി.ഐ.-യും അംഗീകരിച്ചിട്ടുള്ള നൂതന ധനസമാഹരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുവാൻ കേരള ഇൻഫ്രാസ്ട്രക്ചർ ഫണ്ട് ബോർഡിനെ സജ്ജമാക്കിയിട്ടുണ്ട്. കിഫ്ബിയുടെ കീഴിൽ പൊതുമരാമത്ത്, ആരോഗ്യം, ഉന്നത വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിലായി 15,000 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ 20,000 കോടി രൂപയുടെ മറ്റ് വൻകിട പദ്ധതികൾ കിഫ്ബിയുടെ പരിഗണനയിലാണ്. നിലവിലുള്ള നികുതി സമാഹരണ

സംവിധാനത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി സർക്കാരിലേയ്ക്കുള്ള പണമൊടുക്കലും സർക്കാരിൽ നിന്നുള്ള പണ വിതരണവും ഓൺലൈനായി നിർവ്വഹിക്കുന്നതിനുള്ള ഇ-ട്രഷറി സംവിധാനം നടപ്പിലാക്കി ക്കഴിഞ്ഞു. ഇതുവഴി ഉപഭോക്താക്കൾക്ക് എപ്പോൾ വേണമെങ്കിലും സർക്കാരിലേയ്ക്ക് പണം അടയ്ക്കുന്നതിന് സൗകര്യമേർപ്പെടുത്തിയിട്ടുണ്ട്. ധനകാര്യ വകുപ്പ്, മറ്റു വകുപ്പുകൾ, ബഡ്ജറ്റ്, ഭാരതീയ റിസർവ് ബാങ്ക്, അക്കൗണ്ടന്റ് ജനറൽ, വിവിധ ബാങ്കുകൾ, വിവിധ ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസർമാർ തുടങ്ങിയ എല്ലാവരെയും ഒരു കുടക്കീഴിൽ സംയോജിപ്പിച്ച് ഇടപാടുകൾ പരസ്പരം ഓൺലൈനായി നടത്തുന്നതിനായി ഒരു ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം (IFMS) നടപ്പിലാക്കിയിട്ടുണ്ട്.

(ഡി) IFMS നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ ട്രഷറികളിലും കോർബാങ്കിംഗ് സംവിധാനം നിലവിലുണ്ട്. ആയതിന്റെ പൂർത്തീകരണ പ്രഖ്യാപനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി 23-2-2017-ന് നടത്തുകയുണ്ടായി.

കോർബാങ്കിംഗ് സംവിധാനം നടപ്പിലായതോടുകൂടി ഏത് ട്രഷറി മുഖേനയും ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേയ്ക്ക് പണം നിക്ഷേപിക്കുന്നതിനും ഏത് ട്രഷറിയിൽനിന്നും ടി.എസ്.ബി. അക്കൗണ്ടിലെ പണം പിൻവലിക്കുന്നതിനും സാധിക്കും. കൂടാതെ വിവിധ യൂട്ടിലിറ്റി പേയ്മെന്റുകൾക്കുള്ള (ഇലക്ട്രിസിറ്റി ചാർജ്ജ്, വാട്ടർ ചാർജ്ജ് തുടങ്ങിയവ അടയ്ക്കാനുള്ള) സൗകര്യം, ഏത് അക്കൗണ്ടിലേയ്ക്കും ഇലക്ട്രോണിക്കായി പണം കൈമാറ്റം ചെയ്യുന്നതിനുള്ള സൗകര്യം എന്നിവയും താമസംവിനാ സാദ്ധ്യമാകുന്നതാണ്.

## പെൻഷൻ ആനുകൂല്യങ്ങളും കുടിശ്ശികകളും

7 (3182) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1-7-2014 മുതൽ 31-12-2015 വരെ പെൻഷൻ പറ്റിയ ജീവനക്കാരുടെ ടെർമിനൽ ലീവ് സറണ്ടർ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; മൊത്തം എത്ര ജീവനക്കാർക്ക് എത്ര രൂപ ഈ ഇനത്തിൽ കുടിശ്ശിക ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) 1-7-2014 മുതൽ 31-12-2015 വരെ പെൻഷൻ പറ്റിയ ജീവനക്കാരുടെ ശമ്പള പരിഷ്കരണ അരിയർ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എത്ര രൂപ ഈ ഇനത്തിൽ നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) 1-7-2014 മുതൽ 31-12-2015 വരെ പെൻഷൻ പറ്റിയ ജീവനക്കാരുടെ പെൻഷൻ അരിയർ , ഗ്രാറ്റുവിറ്റി അരിയർ നൽകിയിട്ടുണ്ടോ; എത്ര ജീവനക്കാർക്ക് ഇതു നൽകാനുണ്ട്;

(ഡി) ആനുകൂല്യങ്ങൾ ലഭിക്കാതെ പെൻഷൻ പറ്റിയ ജീവനക്കാർ ബുദ്ധിമുട്ടുന്നത് പരിഹരിക്കാൻ ഗവണ്മെന്റ് എന്തൊക്കെ നടപടികളാണ് ചെയ്യാനുദ്ദേശിക്കുന്നത്?

<u>ഉത്തരം</u>

(എ) 1-7-2014 മുതൽ 31-1-2016 വരെ വിരമിച്ച 23143 ജീവനക്കാരുടെ ടെർമിനൽ ലീവ് സറണ്ടർ കുടിശ്ശികയായി 1-4-2017, 1-10-2017, 1-4-2018, 1-10-2018 എന്നീ തീയതികളിൽ നാല് ഗഡുക്കളായി അനുവദിക്കുന്നതിന് 20-1-2016-ലെ സ.ഉ.(അ) 9/2016/ധന ഉത്തരവിലെ ഖണ്ഡിക 9.1 പ്രകാരം തീരുമാനിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനുവേണ്ടി വരുന്ന ചെലവ് കണക്കാക്കിയിട്ടില്ല.

(ബി) ജീവനക്കാരുടെ 1-7-2014-നും 31-1-2016-നും ഇടയിലുള്ള ശമ്പള പരിഷ്കരണ കുടിശ്ശിക തുക പലിശ ഉൾപ്പെടെ 1-4-2017, 1-10-2017, 1-4-2018, 1-10-2018 എന്നീ തീയതികളിൽ നാല് തുല്യ ഗഡുക്കളായി അനുവദിക്കുന്നതിന് തീരുമാനിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ 1-7-2014-നും 31-3-2017-നും ഇടയിൽ വിരമിച്ച ജീവനക്കാർക്കും സർവ്വീസിന്റെ അവസാനവർഷം പ്രോവിഡന്റ് ഫണ്ട് അക്കൗണ്ട് തുടരേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുള്ള ജീവനക്കാർക്കും പ്രോവിഡന്റ് ഫണ്ട് അക്കൗണ്ട് നിർബന്ധമല്ലാത്ത പാർട്ട് ടൈം അദ്ധ്യാപകർക്കും ശമ്പള പരിഷ്കരണ കുടിശ്ശികയുടെ ആദ്യഗഡു പലിശ സഹിതം പണമായി നൽകുവാൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) 1-7-2014 മുതൽ 31-1-2016 വരെ വിരമിച്ച 23143 ജീവനക്കാരുടെ പെൻഷൻ, ഗ്രാറ്റുവിറ്റി എന്നിവ കുടിശ്ശികയായി 1-4-2017, 1-10-2017, 1-4-2018, 1-10-2018 എന്നീ തീയതികളിൽ നാല് ഗഡുക്കളായി അനുവദിക്കുന്നതിന് 20-1-2016-ലെ സ.ഉ.(അ) 9/2016/ധന ഉത്തരവിലെ ഖണ്ഡിക 9.1 പ്രകാരം തീരുമാനിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) സർവ്വീസിൽനിന്നും വിരമിച്ച എല്ലാ ജീവനക്കാർക്കും ശമ്പള പരിഷ്കരണത്തിന് മുൻപുണ്ടായിരുന്ന നിരക്കിൽ എല്ലാ ആനുകൂല്യങ്ങളും വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ സർക്കാരിന്റെ സാമ്പത്തികസ്ഥിതി കണക്കിലെടുത്ത് ശമ്പള

പരിഷ്കരണം വഴിയുള്ള ആനുകൂല്യങ്ങളുടെ കുടിശ്ശിക നാല് ഗഡുക്കളായി വിതരണം ചെയ്യുവാനാണ് തീരുമാനിച്ചിട്ടുള്ളത്.

**ഐ.എഫ്.എസ്. കോഡ്**

8 (3183) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ ബാങ്കുകൾ, എൽ.ഐ.സി. തുടങ്ങിയ ഇൻഷ്വറൻസ് സ്ഥാപനങ്ങൾ, സ്റ്റാർ ഹെൽത്ത്, ധനകാര്യ ഇൻഷ്വറൻസ് സ്ഥാപനങ്ങൾ മുതലായവ സംസ്ഥാന ട്രഷറി നല്കുന്ന ചെക്കുകൾ സ്വീകരിക്കാതെ വിലക്ക് കല്പിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) സംസ്ഥാന ട്രഷറികൾ തുടങ്ങി സഹകരണ ധനകാര്യ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള ധനകാര്യ ഇടപാടുസ്ഥാപനങ്ങൾക്ക് ഐ.എഫ്.എസ്. (IFS) കോഡ് നിലവിലുണ്ടോ;

(സി) ധനകാര്യസ്ഥാപനങ്ങൾ ധനകാര്യ ഇടപാടുകൾ നടത്തണമെങ്കിൽ കേന്ദ്ര സർക്കാർ ഐ.എഫ്.എസ്. കോഡ് നിർബന്ധമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ സംസ്ഥാന സർക്കാർ നിയന്ത്രണത്തിലുള്ള ധനകാര്യസ്ഥാപനങ്ങൾക്ക് ഐ.എഫ്.എസ്. കോഡ് ലഭ്യമാക്കാനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) പൊതുമേഖലാ ബാങ്കുകൾ, എൽ.ഐ.സി. തുടങ്ങിയ ഇൻഷ്വറൻസ് സ്ഥാപനങ്ങൾ, സ്റ്റാർ ഹെൽത്ത്, ധനകാര്യ ഇൻഷ്വറൻസ് സ്ഥാപനങ്ങൾ മുതലായവ ട്രഷറി ചെക്കുകൾക്ക് വിലക്ക് ഏർപ്പെടുത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സംസ്ഥാന ട്രഷറികൾക്ക് ഐ.എഫ്.എസ്. കോഡ് നിലവിലില്ല.

(സി) ഇന്ത്യയിലെ രണ്ട് പ്രധാനപ്പെട്ട settlement system ആയ RTGS, NEFT എന്നിവയിലൂടെ ഇലക്ട്രോണിക്കായി ഫണ്ട് ട്രാൻസ്ഫർ നടത്തുന്ന ഓരോ ബാങ്ക് ബ്രാഞ്ചിനെയും identify ചെയ്യുന്നതിനായി ഏർപ്പെടുത്തിയിട്ടുള്ളതാണ് ഐ. എഫ്. എസ്. കോഡ്. ഇത് പ്രധാനമായും ബാങ്ക് ബ്രാഞ്ചുകളെ തിരിച്ചറിയുന്നതിനുവേണ്ടിയുള്ളതാണ്. അതിനാൽ Electronic Fund Settlement-ന്റെ പരിധിയിൽ വരാത്ത സ്ഥാപനങ്ങൾക്ക് IFS കോഡ് ലഭിക്കാറില്ല. IFS കോഡ് നൽകുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ പൂർണ്ണമായും റിസർവ് ബാങ്കിന്റെയും കേന്ദ്ര മന്ത്രാലയത്തിന്റെയും പരിധിയിൽ വരുന്നതാണ്.

**പണമിടപാടുകൾ നടത്താൻ അനുമതിയുള്ള ബാങ്കുകൾ**

9 (T* 3184) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങൾ/യൂണിവേഴ്സിറ്റികൾ/ സ്വയംഭരണ സ്ഥാപനങ്ങൾ/കമ്മീഷനുകൾ/മറ്റ് സർക്കാർ നിയന്ത്രണമുള്ള കമ്പനികൾ/ അനുബന്ധ സ്ഥാപനങ്ങൾ എന്നിവയ്ക്ക് പണമിടപാടുകൾ നടത്താൻ അനുമതിയുള്ള ബാങ്കുകൾ ഏതെല്ലാം; വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് മേല്പറഞ്ഞ സ്ഥാപനങ്ങൾ കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും പ്രോജക്ടുകൾ നടപ്പിലാക്കുകയും അത്തരം പ്രോജക്ടുകൾക്ക് ലഭിക്കുന്ന കേന്ദ്ര സഹായവും സംസ്ഥാന സഹായവും ആയത് ദേശസാൽകൃത/ഷെഡ്യൂൾഡ് ബാങ്കുകളിൽ നിക്ഷേപിക്കുകയും ചെയ്യു കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(സി) ഇത്തരത്തിൽ 1990 ജനുവരി മുതൽ നാളിതുവരെയായി നടപ്പിലാക്കിയ പ്രോജക്ടുകൾക്ക് ലഭിച്ച സഹായം എത്ര; എത്ര ബാങ്കുകളിലാണ് നിക്ഷേപിച്ചത്; ഓരോ ബാങ്കിലും എത്ര തുക നിക്ഷേപിച്ചു; എത്ര തുക പിൻവലിച്ചു; ഓരോ പദ്ധതിയ്ക്കും എത്ര തുക പിൻവലിക്കാതെ ബാങ്കുകളിൽ കിടക്കുന്നു; ഇതിന് പലിശ ലഭിച്ചിട്ടുണ്ടോ തുടങ്ങിയ കാര്യങ്ങൾ പരിശോധിക്കാനുള്ള സംവിധാനമെന്താണ്; പ്രസ്തുത സംവിധാനം ഉപയോഗിച്ചുള്ള പരിശോധനയുടെ ഫലം വിശദമാക്കുമോ;

(ഡി) ഇതിൽ നിർത്തലാക്കിയ പ്രോജക്ടുകളുടെ ബാക്കി തുക ദേശസാൽകൃത ബാങ്കുകളിൽ ഇപ്പോഴും കിടക്കുന്ന കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ഇ) ഓരോ വകുപ്പിലെയും ഇത്തരം വിവരങ്ങൾ ലഭ്യമാക്കുമോ;

(എഫ്) സർക്കാർ തലത്തിൽ ഒരു പ്രത്യേക വിഭാഗം രൂപീകരിച്ച് ദേശസാൽകൃത ബാങ്കുകളിൽ കിടക്കുന്ന സംസ്ഥാന സർക്കാരിന് അർഹതപ്പെട്ട പണം തിട്ടപ്പെടുത്തി അത് തിരികെ കൊണ്ടുവരുവാൻ നടപടി സ്വീകരിക്കുമോ; ദേശസാൽകൃത ബാങ്കുകളിൽ ആകെ എത്ര പണം ഇത്തരത്തിൽ കിടക്കുന്നുണ്ട്; മറ്റ് ബാങ്കുകളിൽ എത്ര പണം ഉണ്ട്; വ്യക്തമായ വിവരം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന സർക്കാർ നൽകുന്ന ഫണ്ടുകൾ, ഗ്രാന്റ്-ഇൻ-എയ്ഡ് എന്നിവ ട്രഷറികളിൽത്തന്നെ നിലനിർത്തണമെന്നും ബാങ്കുകളിൽ നിക്ഷേപിക്കാൻ പാടില്ലെന്നുമാണ് കാലാകാലങ്ങളിൽ നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളത്. എന്നാൽ

*T. മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയ്ക്ക് ട്രഷറിയെക്കാൾ പലിശ ലഭിക്കുമെങ്കിൽ മാത്രം അവയുടെ തനത് ഫണ്ടുകൾ ദേശസാൽകൃത ബാങ്കുകൾ/വാണിജ്യ ബാങ്കുകൾ/സഹകരണ ബാങ്കുകൾ എന്നിവിടങ്ങളിൽ നിക്ഷേപിക്കാൻ അനുമതി നൽകിയിട്ടുണ്ട്. കൂടാതെ സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള സ്വയംഭരണ/സ്റ്റാറ്റ്യൂട്ടറി സ്ഥാപനങ്ങൾക്ക് ഗവൺമെന്റ് ഗ്രാന്റുകളും തനത് ഫണ്ടുകളും കൈകാര്യം ചെയ്യുന്നതിന് സ്വകാര്യ ബാങ്കുകളായ ഐ.സി.ഐ.സി.ഐ., എച്ച്.ഡി.എഫ്.സി., ആക്സിസ് ബാങ്കുകളുടെ സേവനവും ഉപയോഗപ്പെടുത്താൻ അനുമതി നൽകിയിട്ടുണ്ട്.

(ബി-ഇ) ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ പതിവ് പരിശോധനകളിൽ ഇക്കാര്യങ്ങൾ പരിശോധിക്കാറുണ്ട്. 27-3-2014-ലെ സർക്കുലർ നമ്പർ 31/2014/ധന. പ്രകാരം വാണിജ്യ ബാങ്കുകളിൽ സൂക്ഷിച്ചിരിക്കുന്ന സർക്കാർ പണം തിരിച്ച് സർക്കാർ ട്രഷറികളിലേയ്ക്ക് മാറ്റുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ബാങ്കിൽ നിലനിർത്താവുന്ന തുകയ്ക്ക് പരിധി നിശ്ചയിച്ച് നൽകിയിട്ടുണ്ട്.

(എഫ്) ധനകാര്യ പരിശോധനാ വിഭാഗം തുടർന്നും ഇക്കാര്യങ്ങൾ പരിശോധിച്ച് തുടർനടപടി കൈക്കൊള്ളുന്നതാണ്.

## എം.എൽ.എ.-എസ്.ഡി.എഫ്. മാനദണ്ഡങ്ങൾ

10 (3185) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.ഡി.എഫ്. വിനിയോഗിച്ച് എം.എൽ.എ. നിർവ്വഹിക്കുന്ന പ്രവൃത്തികൾക്ക് എന്തെല്ലാം മാനദണ്ഡങ്ങൾ പാലിക്കണമെന്നറിയിക്കാമോ;

(ബി) എത്ര ലക്ഷം രൂപ വരെയുള്ള പ്രവൃത്തികളെയാണ് ഇ-ടെണ്ടർ പരിധിയിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളത്; ഇത് സംബന്ധിച്ച് എന്തെങ്കിലും ഉത്തരവുകൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ അവ ലഭ്യമാക്കാമോ;

(സി) 15 ലക്ഷം രൂപ വരെയുള്ള പ്രവൃത്തികൾ ഗുണഭോക്തൃ കമ്മിറ്റികൾക്ക് ഏറ്റെടുത്ത് നിർവ്വഹിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ; ഉണ്ടെങ്കിൽ ആയത് വ്യക്തമാക്കാമോ?

### ഉത്തരം

(എ) എം.എൽ.എ.-എസ്.ഡി.എഫ്.-ന്റെ പൊതുവായ മാനദണ്ഡം 27-5-2004-ലെ സ.ഉ.(അ) നമ്പർ 247/2004/ധന ഉത്തരവുപ്രകാരം പുറപ്പെടുവിച്ചിട്ടുള്ളതാണ്. കാലാകാലങ്ങളിൽ പൊതു പ്രവൃത്തികൾക്ക് ബാധകമാവുന്ന

ഉത്തരവുകളുടെയോ/എം.എൽ.എ.മാരുടെ പൊതുവായ അഭിപ്രായങ്ങളുടെയോ അടിസ്ഥാനത്തിൽ പ്രസ്തുത ഉത്തരവിന് ആവശ്യമായ ഭേദഗതി ഉത്തരവുകളും നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) 29-3-2017-ലെ 18/2017/ധന നമ്പർ സർക്കുലർ പ്രകാരം എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധി ഉപയോഗിച്ച് നടപ്പിലാക്കുന്ന പതിനഞ്ച് ലക്ഷം രൂപവരെ എസ്റ്റിമേറ്റ് തുകയുള്ള മരാമത്ത് പ്രവൃത്തികൾ ഇ-ടെണ്ടർ വ്യവസ്ഥകളിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

(സി) ഇല്ല.

**എൽ.എ.സി.-എ.ഡി.എസ്. പ്രകാരം വാമനപുരം നിയോജകമണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ**

11 (3186) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷത്തിൽ എൽ.എ.സി.-എ.ഡി.എസ്. പദ്ധതിപ്രകാരം വാമനപുരം നിയോജകമണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതെല്ലാം; വിശദവിവരങ്ങൾ നൽകുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി)2016-17 സാമ്പത്തിക വർഷത്തിൽ എൽ.എ.സി.- എ.ഡി.എസ്. പദ്ധതി പ്രകാരം വാമനപുരം നിയോജകമണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികളും അവയുടെ പ്രവർത്തന പുരോഗതിയും സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**ആസ്തി വികസന ഫണ്ട്**

12 (3187) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 13-ാം കേരളാ നിയമസഭയുടെ കാലപരിധിയിൽ നിയമസഭാ സാമാജികർക്ക് പ്രതിവർഷം അനുവദിച്ചിരുന്ന ആസ്തി വികസന ഫണ്ടിൽ (എൽ.എ.സി.-എ.ഡി.എസ്.) നിന്നും നടപ്പാക്കാൻ ഭരണാനുമതി നൽകിയതും എന്നാൽ സാങ്കേതിക കാരണങ്ങളാൽ നടപ്പിലാക്കുവാൻ സാധ്യമാകാതിരുന്നതുമായ പദ്ധതികളുടെ തുക മറ്റു പദ്ധതികൾക്ക് നൽകുവാൻ നിയമതടസ്സമുണ്ടോ; വിശദീകരിക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇത് സംബന്ധിച്ച് സർക്കാർ 2016-ൽ പുറപ്പെടുവിച്ച സർക്കുലർ പുനഃപരിശോധിച്ച് ഇത്തരം സാഹചര്യങ്ങളിൽ ചെലവഴിക്കാൻ സാധിക്കാതെപോയ പദ്ധതികൾക്കുപകരം കുടിവെള്ളപദ്ധതി പോലുള്ള ജനോപയോഗപ്രദമായ പദ്ധതികൾക്ക് തുക നൽകുംവിധം സർക്കുലർ പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ & ബി) 12-4-2016-ലെ സർക്കുലർ നമ്പർ 33/2016/ധന. പ്രകാരം 2012-13 മുതൽ 2015-16 വരെയുള്ള സാമ്പത്തിക വർഷങ്ങളിലേയ്ക്കായി ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികൾക്ക് പകരമായി 1-4-2016-നുശേഷം മറ്റ് പ്രവൃത്തികൾ അനുവദനീയമല്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്. 13-ാം കേരള നിയമസഭയുടെ കാലപരിധിയിൽത്തന്നെയാണ് പ്രസ്തുത സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളത്. സർക്കുലറിലെ നിർദ്ദേശങ്ങൾ പുനഃപരിശോധിക്കുന്നത് പരിഗണനയിലില്ല.

## ഹൈമാസ്റ്റ് /മിനിമാസ്റ്റ് ലൈറ്റുകൾ

13 (3188) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഹൈമാസ്റ്റ്/മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് പൊതുവായ സ്പെസിഫിക്കേഷൻ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്പെസിഫിക്കേഷൻ 2016-17 വർഷത്തെ പ്രൊപ്പോസലുകൾക്ക് ബാധകമാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) 26-2-2017-ലെ സ.ഉ. (അ) നമ്പർ 27/2017/ധന. പ്രകാരം ആസ്തി വികസന ഫണ്ടുപയോഗിച്ച് ഹൈമാസ്റ്റ്/മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പ്രോജക്ടുകൾ അനുവദിക്കുന്നതിന് പുതിയ മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ധനകാര്യ വകുപ്പിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) NC-B3/183/2016-Fin എന്ന ഫയലിൽ പ്രസ്തുത ഉത്തരവ് 2018-19 സാമ്പത്തികവർഷം മുതൽ മാത്രം നടപ്പിലാക്കിയാൽ മതിയാകുമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി 5-5-2017-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## ആസ്തി വികസന ഫണ്ട് വിനിയോഗം

14 (3189) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ 2016-17-ലെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി ഏതൊക്കെ പ്രവൃത്തികൾക്കാണ് ഇതുവരെ ധനകാര്യ വകുപ്പ് ഭരണാനുമതി നൽകിയതെന്ന് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം പ്രവൃത്തികൾക്കാണ് ഇനി അനുമതി ലഭിക്കാനുള്ളത്;

(സി) വിശദമായ എസ്റ്റിമേറ്റ് ലഭിക്കുവാനുള്ള പ്രവൃത്തികൾ എതൊക്കയാണ്; വ്യക്തമാക്കാമോ;

(ഡി) എസ്റ്റിമേറ്റ് സമർപ്പിക്കാൻ ഉണ്ടായ കാലതാമസം വ്യക്തമാക്കാമോ;

(ഇ) ഓരോ ഫയലും ആരുടെ മേശപ്പുറത്താണ് പെന്റിംഗ് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) നാദാപുരം മണ്ഡലത്തിലെ 2016-17-ലെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി നാദാപുരം മണ്ഡലം-സമ്പൂർണ്ണ വൈദ്യുതീകരണം (58.70 ലക്ഷം രൂപ) എന്ന പ്രവൃത്തിക്ക് ധനകാര്യ വകുപ്പ് ധനാനുമതിയും ഭരണവകുപ്പ് (ഊർജ്ജ വകുപ്പ്) ഭരണാനുമതിയും നൽകിയിട്ടുണ്ട്.

(ബി & സി) ഇനി അനുമതി ലഭിക്കാനുള്ളതും വിശദമായ എസ്റ്റിമേറ്റ് ലഭിക്കുവാനുള്ളതുമായ പ്രവൃത്തികളുടെ വിവരം അനുബന്ധമായി* ചേർക്കുന്നു. വിശദമായ എസ്റ്റിമേറ്റ് ലഭിച്ചിട്ടുള്ള പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഡി) പ്രവൃത്തികളുടെ വിശദമായ എസ്റ്റിമേറ്റ് റിപ്പോർട്ടും അനുബന്ധരേഖകളും സമയബന്ധിതമായി ഭരണവകുപ്പിൽ ലഭ്യമാകാത്തതാണ് കാലതാമസത്തിന് കാരണം.

(ഇ) നാദാപുരം മണ്ഡലത്തിലെ ആസ്തി വികസന പദ്ധതി (2016-17) യുമായി ബന്ധപ്പെട്ട ഒരു ഫയലും ധനാകര്യ വകുപ്പിൽ പെൻഡിംഗിലില്ല.

## ആസ്തി വികസന പദ്ധതികൾ

15 (3190) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) 2011-2015 കാലയളവിൽ എം.എൽ.എ ആസ്തി. വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച ആലത്തൂർ നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ ഏതൊക്കെയാണ്;

(ബി) ഈ പ്രവൃത്തികളിൽ ഇനിയും പൂർത്തീകരിക്കാനുള്ളത് ഏതൊക്കെയാണ്; എഗ്രിമെന്റ് കാലാവധി കഴിഞ്ഞ പ്രവൃത്തികളുണ്ടോ;

(സി) മുടങ്ങിക്കിടക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ആസ്തി വികസന പദ്ധതി ആരംഭിച്ച 2012-13 സാമ്പത്തിക വർഷം മുതൽ 2015-16 വരെ എം.എൽ.എ. ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച ആലത്തൂർ നിയോജകമണ്ഡലത്തിലെ പ്രവൃത്തികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്.

(സി) മുടങ്ങിക്കിടക്കുന്ന പ്രവൃത്തികൾ ഒന്നും തന്നെയില്ല.

**കേരള ബാങ്ക് രൂപീകരണം**

16 (3191) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് രൂപീകരണം സംബന്ധിച്ച് പഠനം നടത്താൻ നിയോഗിച്ച സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ബി) കേരള ബാങ്കിന്റെ രൂപീകരണത്തോടെ സംസ്ഥാനത്ത് നിലവിലുള്ള ജില്ല, സംസ്ഥാന സഹകരണ ബാങ്കുകൾക്ക് ഒപ്പം ലയിപ്പിക്കുന്ന മറ്റ് ബാങ്കുകൾ ഏതെല്ലാം; വ്യക്തമാക്കാമോ;

(സി) കേരള ബാങ്കിന്റെ ഘടനയും പ്രവർത്തനവും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) വിദഗ്ദ്ധ സമിതി പഠനം നടത്തി 28-4-2017-ന് സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി & സി) വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് സർക്കാർ പരിശോധിച്ചശേഷം മാത്രമേ ഇത്തരം കാര്യങ്ങളിൽ തീരുമാനം കൈക്കൊള്ളുകയുള്ളൂ.

## സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

17 (3192) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജീവനക്കാർക്കും അദ്ധ്യാപകർക്കും പെൻഷൻകാർക്കും പ്രഖ്യാപിച്ച സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ പരിധിയിൽ ആരെല്ലാം ഉൾപ്പെടുന്നു; വിശദാംശം നൽകുമോ;

(ബി) പ്രീമിയം തുക ഓരോ വർഷവും വർദ്ധിപ്പിക്കുമോ; വർഷത്തിൽ ഒരു തവണ അംഗങ്ങൾക്ക് സൗജന്യ ഹെൽത്ത് ചെക്കപ്പിനുള്ള ആനുകൂല്യങ്ങളും ഉൾപ്പെടുത്തുമോ;

(സി) പദ്ധതിയിൽ ഒ.പി. വിഭാഗം രോഗികളെയും ഗുണഭോക്താക്കളായി ഉൾപ്പെടുത്തുമോ;

(ഡി) അംഗങ്ങളായി ചേരുവാനും ആനുകൂല്യങ്ങൾ വിതരണം ചെയ്യുവാനും പ്രത്യേക സോഫ്റ്റ്‌വെയർ സംവിധാനങ്ങൾ ഏർപ്പെടുത്തുമോ; വിശദമാക്കുമോ?

ഉത്തരം

(എ) സർക്കാർ ജീവനക്കാർ, പെൻഷൻകാർ, ആശ്രിതർ എന്നിവരെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ബി-ഡി) ടെണ്ടർ നടപടികളിലൂടെ ഇൻഷ്വറൻസ് കമ്പനിയെ നിശ്ചയിക്കുന്നതും ജീവനക്കാരുടെയും പെൻഷൻകാരുടെയും ആശ്രിതരുടെ വിവരങ്ങൾ ശേഖരിക്കുന്നതുൾപ്പെടെയുള്ള നടപടിക്രമങ്ങൾ പൂർത്തിയാകേണ്ടതുണ്ട്. പദ്ധതിയുടെ രൂപരേഖ തയ്യാറാകുന്നമുറയ്ക്ക് വിശദമായ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

## വിവിധ വകുപ്പുകളിൽ നിന്നും കേന്ദ്ര പൊതുമേഖലാ ബാങ്കുകളിൽ നിക്ഷേപിച്ചിട്ടുള്ള തുക

18 (3193) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളിൽ നിന്നും കേന്ദ്ര പൊതുമേഖലാ ബാങ്കുകളിൽ നിക്ഷേപിച്ചിട്ടുള്ള തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഇത്തരത്തിൽ കേന്ദ്ര പൊതുമേഖലാ ബാങ്കുകളിൽ നിക്ഷേപിച്ചിട്ടുള്ള തുകയുടെ വിശദാംശങ്ങൾ വകുപ്പ്/ബോർഡ്/കോർപ്പറേഷൻ/ തദ്ദേശ ഭരണ സ്ഥാപനം, ബാങ്ക്, തുക എന്നിവയുടെ അടിസ്ഥാനത്തിൽ വിശദീകരിക്കാമോ?

ഉത്തരം

(എ & ബി) നിലവിലുള്ള മാനദണ്ഡപ്രകാരം സർക്കാർ വകുപ്പുകൾക്ക് ബാങ്കുകളിൽ തുക നിക്ഷേപിക്കാനുള്ള അനുമതി നൽകിയിട്ടില്ല. സംസ്ഥാന സർക്കാർ നൽകുന്ന ഫണ്ടുകൾ, ഗ്രാന്റ്-ഇൻ-എയ്ഡുകൾ എന്നിവയുടെ ഇടപാടുകൾ ട്രഷറികളിലൂടെ മാത്രമേ നടത്തുവാൻ നിലവിൽ വ്യവസ്ഥകളുള്ളൂ. കേന്ദ്രാവിഷ്കൃത പദ്ധതികളിൽ അതാത് സ്കീം/പദ്ധതിയുടെ മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിരിക്കുന്ന നിബന്ധനകൾക്ക് വിധേയമായി ബാങ്ക് അക്കൗണ്ടിൽ തുക നിക്ഷേപിക്കുന്നതിന് മാത്രമാണ് അനുമതി നൽകിയിട്ടുള്ളത്.

**മങ്കട നിയോജകമണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ**

19 (3194) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മങ്കട നിയോജകമണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾക്കുവേണ്ടി 2016-17, 2017-18 വർഷത്തെ ബഡ്ജറ്റിൽ കിഫ്ബിയിൽ നിന്നും അനുവദിച്ച തുകകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) 2016-17, 2017-18 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രതിപാദിച്ചിട്ടുള്ളതും കിഫ്ബി മുഖാന്തരം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പ്രവൃത്തികളുടെ വിശദാംശങ്ങളും നിലവിലെ അവസ്ഥയും വിശദികരിക്കുമോ;

(സി) കിഫ്ബി ബോർഡ് കൂടിയ യോഗത്തിന്റെ മിനിട്ട്സിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ & ബി) സംസ്ഥാന സർക്കാരിന്റെ 2016-17 വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളതും 2017-18-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കാൻ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികളുമാണ് നിലവിൽ കിഫ്ബി വഴി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. ഇത് ഒരു പ്രത്യേക നിയോജകമണ്ഡലത്തെയോ ജില്ലയെയോ മാത്രം ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതികളല്ല. സംസ്ഥാനത്തിന്റെ സമഗ്രമായ

അടിസ്ഥാന സൗകര്യ വികസനമാണ് ഈ പാക്കേജിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. 7-11-2016-ൽകൂടിയ കിഫ് ബോർഡിന്റെ 27-ാമത് ബോർഡ് യോഗം 4004.86 കോടി രൂപ മുതൽ മുടക്കുള്ള 48 പദ്ധതികൾക്ക് അംഗീകാരം നൽകി. 21-3-2017-ൽ കൂടിയ കിഫ് ബോർഡിന്റെ 28-ാമത് ബോർഡ് യോഗം 8041.65 കോടി രൂപ മുതൽമുടക്കുള്ള 53 പദ്ധതികൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി അംഗീകാരം നൽകി. പദ്ധതികളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു*. കിഫ്ബി പദ്ധതികളുടെ പ്രവർത്തന പുരോഗതി അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട് *

(സി) കിഫ് ബോർഡിന്റെ 27-ഉം 28-ഉം ബോർഡ് യോഗത്തിന്റെ മിനിറ്റ്സിന്റെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

**കിഫ്ബി**

20 (3195) <u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി യുടെ നിലവിലുള്ള ഘടന വ്യക്തമാക്കാമോ;

(ബി) കിഫ്ബിയുടെ നാളിതുവരെയുള്ള പ്രവർത്തനങ്ങൾ എന്തൊക്കെ യായിരുന്നുവെന്ന് വിശദമാക്കാമോ;

(സി) കിഫ്ബി നാളിതുവരെ എത്ര തുകയുള്ള പ്രോജക്ടുകൾ ഏറ്റെടുത്തുവെന്ന് പറയാമോ;

(ഡി) കിഫ്ബിയുടെ പ്രവർത്തനം വിപുലമാക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്;

(ഇ) കിഫ്ബിയിൽ ഏതൊക്കെ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്നും ഏതൊക്കെ തസ്തികകളാണ് സൃഷ്ടിക്കാനുദ്ദേശിക്കുന്നതെന്നും പറയാമോ;

(എഫ്) കിഫ്ബിയിലെ നിയമന രീതി വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 2016-ലെ ഭേദഗതി ചെയ്ത കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ആക്ടിലെ 4-ാം ഖണ്ഡികപ്രകാരം അടിസ്ഥാന സൗകര്യ നിക്ഷേപ നിധിയുടെ ഭരണത്തിനും നിധിയിൽനിന്ന് ധനസഹായം നൽകുന്ന പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനും നടത്തിക്കൊണ്ടുപോകുന്നതിനുമായി കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി ബോർഡ് രൂപീകരിക്കുന്നതിന് നിഷ്കർഷിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ചെയർമാനും ധനകാര്യ വകുപ്പുമന്ത്രി വൈസ് ചെയർമാനുമായ ഈ ബോർഡിൽ ചീഫ് സെക്രട്ടറി,

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സംസ്ഥാന ആസൂത്രണ ബോർഡിന്റെ വൈസ് ചെയർമാൻ, നിയമവകുപ്പ് സെക്രട്ടറി, ധനകാര്യ സെക്രട്ടറി, ധനകാര്യ റിസോഴ്സ് സെക്രട്ടറി, ധനകാര്യം, സാമ്പത്തിക ശാസ്ത്രം, ബാങ്കിംഗ് എന്നിവയിൽ ഒന്നോ അതിലധികമോ മേഖലകളിൽ ദേശീയ പ്രശസ്തിയുള്ള ഒരു സ്ഥാപനത്തിൽ പ്രവർത്തിച്ചിട്ടുള്ള വിദഗ്ദ്ധരായ ഏഴ് സ്വതന്ത്ര അംഗങ്ങൾ എന്നിവർ അംഗങ്ങളും കിഫ്ബിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ മെമ്പർ സെക്രട്ടറിയുമാണ്. സാമ്പത്തിക രംഗവുമായി ബന്ധപ്പെട്ട സാങ്കേതിക കാര്യങ്ങളിൽ വിദഗ്ദ്ധരും പരിചയ സമ്പന്നരുമായ ഏഴ് സ്വതന്ത്ര അംഗങ്ങളെ കിഫ് ബോർഡിൽ ഉൾപ്പെടുത്തി ബോർഡ് പുനഃസംഘടിപ്പിച്ചുകൊണ്ടുള്ള വിജ്ഞാപനത്തിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

(ബി) 2016-17 ലെ പുതുക്കിയ ബഡ്ജറ്റ് പ്രഖ്യാപനത്തിൽ സംസ്ഥാനത്തെ അടിസ്ഥാന സൗകര്യ വികസനത്തിനായി ബഡ്ജറ്റിന് പുറമേനിന്നും പണം കണ്ടെത്തുന്നതിനുള്ള ഒരു കേന്ദ്രീകൃത ഏജൻസിയായി കിഫ്ബി പ്രവർത്തിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ഇപ്രകാരം പണം കണ്ടെത്തുന്നതിനായി സെബിയും ആർ.ബി.ഐ.-യും അംഗീകരിച്ചിട്ടുള്ള നൂതന ധനസമാഹരണ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനായി 1999-ലെ കിഫ് ആക്ട് സമഗ്രമായി ഭേദഗതി ചെയ്യുകയും നിധിയുടെ ഭരണത്തിനും അനുപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികളുടെ മേൽനോട്ടത്തിനും നടത്തിക്കൊണ്ടുപോകുന്നതിനുമായി കിഫ് ബോർഡ് പുനഃസംഘടിപ്പിക്കുകയും ചെയ്തു. കൂടാതെ നിധിയുടെ ട്രസ്റ്റിയായി പ്രവൃത്തി ക്കുന്നതിനും നിധിയുടെ എല്ലാ നിക്ഷേപങ്ങളും ഭേദഗതി ചെയ്ത കിഫ് ആക്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്കനുസൃതമാണെന്നും ബോർഡിലെ നിധി വകമാറ്റി ചെലവഴിക്കപ്പെടുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിനുമായി ബാങ്കിംഗ്, ധനകാര്യ റെഗുലേഷൻ, സാമ്പത്തിക വിപണികൾ, ഭരണ നിർവ്വഹണം അല്ലെങ്കിൽ സാമ്പത്തികം എന്നിവയിലേതെങ്കിലും ഒരു മേഖലയിൽ ദേശീയ തലത്തിലോ അന്തർദ്ദേശീയ തലത്തിലോ പരിചയ സമ്പന്നത തെളിയിച്ചവരുമായ അംഗങ്ങളെ ഉൾപ്പെടുത്തി ഒരു ഫണ്ട് ട്രസ്റ്റി & അഡ്വൈസറി കമ്മീഷൻ കിഫ്ബിയിൽ രൂപീകരിച്ചിട്ടുണ്ട്. 7-11-2016-ൽ കിഫ് ബോർഡിന്റെ 27-ാമത് ബോർഡ് യോഗം (പുനഃസംഘടിപ്പിച്ച കിഫ് ബോർഡിന്റെ ആദ്യ യോഗം) കൂടുകയും 4004.86 കോടി രൂപ മുതൽമുടക്കുള്ള 48 പദ്ധതികൾക്ക് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതികളുടെ നടപ്പാക്കലിനായി ചുമതലപ്പെടുത്തിയിട്ടുള്ള പദ്ധതി നിർവ്വഹണ ഏജൻസികൾ പദ്ധതികളുമായി ബന്ധപ്പെട്ട സ്ഥലമേറ്റെടുപ്പ്/ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. 21-3-2017-ൽ കൂടിയ കിഫ് ബോർഡിന്റെ 28-ാമത് ബോർഡ് യോഗം 8041.65 കോടി രൂപ മുതൽമുടക്കുള്ള 53 പദ്ധതികൾക്ക് വ്യവസ്ഥകൾക്ക്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വിധേയമായി അംഗീകാരം നൽകിയിട്ടുണ്ട്. അടുത്ത ബോർഡിലേയ്ക്ക് സമർപ്പിക്കേണ്ട പദ്ധതികളുടെ സൂക്ഷ്മ പരിശോധന നടന്നുവരുന്നു. അംഗീകരിച്ച പദ്ധതികളുടെ നടപ്പാക്കലിനാവശ്യമായ ആദ്യ ഗഡു തുകയ്ക്ക് കിഫ്ബിയിൽ നിലവിലുള്ള ഫണ്ട് പര്യാപ്തമാണ്. ഇതിനുപുറമേ പണം ആവശ്യം വരുന്ന ഘട്ടത്തിൽ ലാൻഡ് ബോണ്ടുകൾ ജനറൽ ഒബ്ലിഗേഷൻ ബോണ്ടുകൾ, റവന്യൂ ബോണ്ടുകൾ എന്നിവ പുറപ്പെടുവിക്കുന്നതിനും പശ്ചാത്തല നടപടികൾ സ്വീകരിച്ചുവരുന്നു. ബഡ്ജറ്റിൽനിന്നും ഇക്കാലയളവുവരെ കിഫ്ബിക്ക് ലഭ്യമാകേണ്ട തുക നിധിയിൽ നിക്ഷേപിച്ചിട്ടുണ്ട്.

(സി) 2016-17 സാമ്പത്തിക വർഷത്തിൽ കൂടിയ കിഫ്ബിയുടെ 27-ാം ബോർഡ് യോഗം 48 പദ്ധതികൾക്കും 28-ാം ബോർഡ് യോഗം നിബന്ധനകൾക്ക് വിധേയമായി 53 പദ്ധതികൾക്കും അംഗീകാരം നൽകിയിട്ടുണ്ട്. അംഗീകാരം ലഭിച്ച പദ്ധതി വിശദാംശങ്ങളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

(ഡി) കിഫ്ബിയുടെ വിപുലീകരണത്തിന്റെ ഭാഗമായി ധനകാര്യവും ഭരണനിർവ്വഹണവും വിഭാഗം, പദ്ധതി അവലോകന വിഭാഗം, ഇൻസ്പെക്ഷൻ വിഭാഗം എന്നീ മൂന്ന് വിഭാഗങ്ങൾ പുതുതായി രൂപവൽക്കരിച്ചിട്ടുണ്ട്. ഇതിനുപുറമേ ധനകാര്യവും ഭരണനിർവ്വഹണവും വിഭാഗത്തിൽ സെബി/ആർ.ബി.ഐ. എന്നിവിടങ്ങളിൽ നിന്നുള്ള വിദഗ്ദ്ധരുടെ സേവനം ലഭ്യമാക്കുന്നതിന് ഇൻസ്റ്റിറ്റ്യൂഷണൽ ഫിനാൻസ് ഗ്രൂപ്പ് വിഭാഗവും രൂപവൽക്കരിച്ചിട്ടുണ്ട്. കൂടാതെ മേൽപ്രസ്താവിച്ച വിഭാഗങ്ങളിലേയ്ക്ക് ആവശ്യമായ തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്.

(ഇ) 14-2-2017-ലെ സ.ഉ.(കൈ) നമ്പർ 77/2016/ധന ഉത്തരവ് പ്രകാരം കിഫ്ബിയിൽ നിലവിലുള്ളതും സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നതുമായ തസ്തികകൾ, അവയുടെ നിയമന രീതി എന്നിവ വിവരിച്ചിട്ടുണ്ട്. ടി ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

**കിഫ്ബി പദ്ധതികൾ**

21 (3196) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചടയംമംഗലം നിയോജകമണ്ഡലത്തിലേയ്ക്ക് 'കിഫ്ബി' പദ്ധതി പ്രകാരം ബഡ്ജറ്റിൽ പ്രഖ്യാപിച്ചതും ഭരണാനുമതി ലഭിച്ചിട്ടില്ലാത്തതുമായ പദ്ധതികൾക്ക് സത്വരം ഭരണാനുമതി നൽകുന്ന കാര്യം പരിഗണിക്കുമോ; ഇത് എപ്പോൾ ലഭ്യമാക്കുമെന്ന് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരിക്കുന്ന പദ്ധതികൾക്ക് ഭരണാനുമതി നൽകേണ്ടത് ബന്ധപ്പെട്ട ഭരണ വകുപ്പാണ്. കിഫ്ബി മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ 8-8-2016-ലെ സ.ഉ.(കൈ) നമ്പർ 315/2016/ധന. ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് കിഫ്ബിയുടെ വെബ്സൈറ്റിൽ ഭരണാനുമതി, വിശദമായ പ്രോജക്ട് റിപ്പോർട്ട്, കോസ്റ്റ് ബെനഫിറ്റ് അനാലിസിസ് എന്നിവയുൾപ്പെടെ അപ്‌ലോഡ് ചെയ്യേണ്ടതാണ്. അങ്ങനെ സമർപ്പിക്കുന്ന പദ്ധതികൾ കിഫ്ബിയുടെ പദ്ധതി അവലോകന വിഭാഗം സൂക്ഷ്മ പരിശോധന നടത്തി ബോർഡിന്റെ അംഗീകാരത്തിന് സമർപ്പിക്കുന്നതായിരിക്കും. ബോർഡ് അംഗീകാരം ലഭിക്കുന്ന പദ്ധതികൾക്ക് കിഫ്ബി ധനസഹായം നൽകുന്നതായിരിക്കും.

**തുല്യവേതനം**

22 (3197) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കരാർ/ദിവസ വേതന/എംപ്ലോയ്മെന്റ് നിയമനം ലഭിച്ചവർക്ക് അതേ തസ്തികയിലുള്ള സ്ഥിരനിയമനക്കാർക്ക് നൽകുന്ന വേതനം നൽകണമെന്ന് ബഹു. സപ്രീംകോടതിയും മുൻ പേ റിവിഷൻ കമ്മീഷനും ശിപാർശ ചെയ്തിരുന്നോ; വിശദമാക്കുമോ;

(ബി) എങ്കിൽ ആയതിന്റെ അടിസ്ഥാനത്തിൽ ഏതെല്ലാം വകുപ്പുകളിൽ പ്രസ്തുത നിർദ്ദേശാനുസരണം വേതനം നൽകി വരുന്നുണ്ട്; ഉത്തരവിന്റെ പകർപ്പടക്കം വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് കരാർ/ദിവസ വേതന/എംപ്ലോയ്മെന്റ് നിയമനം ലഭിച്ചവർക്ക് അതേ തസ്തികയിലുള്ള സ്ഥിര നിയമനക്കാർക്ക് നൽകുന്ന വേതന സ്കെയിലിന്റെ അടിസ്ഥാനത്തിൽ നിബന്ധനകൾക്ക് വിധേയമായി വേതനം നൽകണമെന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതി സിവിൽ അപ്പീൽ 213/2013 നമ്പർ കേസിൽ 26-10-2016-ലെ വിധിന്യായത്തിൽ ഉത്തരവായിട്ടുണ്ട്. പ്രസ്തുത വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ടി ശിപാർശ ഉൾക്കൊള്ളുന്ന ഫയൽ നമ്പർ 345222 ധനകാര്യ വകുപ്പ് പരിശോധിച്ചുവരികയാണ്.

(ബി) പ്രസ്തുത നിർദ്ദേശം പരിശോധിച്ചുവരികയാണ്.

**കിഫ്ബിവഴി നടപ്പിലാക്കുന്ന പദ്ധതികളിലെ വിജിലൻസ് പരിശോധനകൾ**

23 (3198) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി വഴി നടപ്പിലാക്കുന്ന പദ്ധതികളിന്മേൽ വിജിലൻസ് സ്വമേധയാ എന്തെങ്കിലും പരിശോധനകൾ നടത്തിയിട്ടുണ്ടോ; ഏതെങ്കിലും ഫയലുകൾ വിജിലൻസ് സംഘം പിടിച്ചെടുത്തിട്ടുണ്ടോ;

(ബി) പദ്ധതികളുടെ പ്രാരംഭ ഘട്ടത്തിൽ തന്നെ ഇത്തരം പരിശോധനകൾ നടത്തുന്നത് പദ്ധതിയെ ഏതെങ്കിലും തരത്തിൽ പ്രതികൂലമായി ബാധിക്കുമെന്ന് കരുതുന്നുണ്ടോ;

(സി) ഇത്തരം പരിശോധനകൾ ഏജൻസികളെ കണ്ടെത്തുന്നതിനും കരാറുകാരെ കണ്ടെത്തുന്നതിനും ഉള്ള നടപടിക്രമങ്ങളിൽ കാലതാമസമുണ്ടാക്കിയിട്ടുണ്ടോ; ഇത് ഈ ഫണ്ടിലേയ്ക്കുള്ള നിക്ഷേപത്തെ ഏതെങ്കിലും തരത്തിൽ സ്വാധീനിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) കിഫ് ബോർഡിന്റെ 27-ാം യോഗം അംഗീകരിച്ച പദ്ധതികളെക്കുറിച്ചുള്ള വിവരശേഖരണം മാത്രമേ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ കിഫ്ബിയിൽ നടത്തിയിട്ടുള്ളൂ. പദ്ധതികളിന്മേൽ ടി വകുപ്പിന്റെ യാതൊരുവിധ പരിശോധനയും നാളിതുവരെ നടന്നതായി അറിവില്ല. കിഫ്ബിയുടെ ഫയലുകളൊന്നും പിടിച്ചെടുത്തിട്ടില്ല.

(ബി & സി) വിജിലൻസ് വകുപ്പിൽനിന്നും എല്ലാ സർക്കാർ കാര്യാലയങ്ങളിലും നടന്നുവരുന്ന പതിവ് വിവരശേഖരണം മാത്രമേ കിഫ്ബിയിലും നടന്നിട്ടുള്ളൂ. ഇത്തരം വിവരശേഖരണം പദ്ധതി നടത്തിപ്പിനെയോ ഏജൻസികളെയോ കരാറുകാരെയോ കണ്ടെത്തുന്നതിനുള്ള നടപടിക്രമങ്ങളിൽ കാലതാമസം ഉണ്ടാക്കുമെന്ന് കരുതുന്നില്ല. മാത്രമല്ല, ഈ വിവരശേഖരണം ഫണ്ടിലേയ്ക്കുള്ള നിക്ഷേപത്തെയും ഒരു തരത്തിലും സ്വാധീനിച്ചിട്ടുള്ളതായി കരുതുന്നില്ല.

## പത്താം ശമ്പള പരിഷ്കരണത്തെത്തുടർന്നുണ്ടായ അനോമലികളിൽ പരിഹാരം

24 (3199) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്താം ശമ്പള പരിഷ്കരണത്തെത്തുടർന്നുണ്ടായ അനോമലികളിൽ എത്രയെണ്ണത്തിൽ ഇതേവരെ പരിഹാരമുണ്ടാക്കിയിട്ടുണ്ട്; അത് സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ; വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുമോ;

(ബി) ഇനി എത്ര അനോമലികൾ പരിഹരിക്കാനുണ്ടെന്നും ഏതൊക്കെ വകുപ്പുകളെ സംബന്ധിച്ചെന്നും വ്യക്തമാക്കുമോ;

(സി) അനോമലി സംബന്ധിച്ച 229127/ARC1/2016 എന്ന ഫയലിൽ ബന്ധപ്പെട്ട വകുപ്പിൽ നിന്നുള്ള ശിപാർശ ലഭിച്ചശേഷവും തീരുമാനം വൈകുന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ; എത്രയും വേഗം തീരുമാനം ഉണ്ടാകുമോ?

ഉത്തരം

(എ) ശമ്പള പരിഷ്കരണ അനോമലികൾ പരിഹരിച്ചുകൊണ്ട് 53 ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പുകൾ ധനകാര്യ വകുപ്പിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്. പകർപ്പ് ഉള്ളടക്കം ചെയ്തിട്ടുണ്ട്.*

(ബി) അനോമലികൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ലഭിച്ചു കൊണ്ടിരിക്കുന്നതിനാൽ എണ്ണവും വകുപ്പും ഇപ്പോൾ പറയുവാൻ നിർവ്വാഹമില്ല.

(സി) 229127/ARC1/2016/Fin ഫയൽ തുടർ പരിശോധനയ്ക്കുവേണ്ടി ധനകാര്യ വകുപ്പ് നിയമസഭാ സെക്രട്ടേറിയറ്റിൽനിന്നും ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ ലഭ്യമായിട്ടില്ല. ലഭ്യമാകുന്ന മുറയ്ക്ക് തീരുമാനം എടുക്കുന്നതാണ്.

## നികുതി വരുമാനം

25 (3200) ശ്രീ. റോജി എം. ജോൺ :
ശ്രീ. വി. എസ്.ശിവകുമാർ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ പതിനൊന്ന് മാസത്തെ പ്രവർത്തനങ്ങൾ കൊണ്ട് സംസ്ഥാനത്തെ നികുതി വരുമാനരംഗം ശുദ്ധീകരിക്കുവാൻ കഴിഞ്ഞുവെന്ന് അവകാശപ്പെടുന്നുണ്ടോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ നികുതിയിനത്തിൽ പിരിഞ്ഞുകിട്ടേണ്ട തുക എത്രയായിരുന്നുവെന്നും അതിൽ 31-3-2017 വരെ എന്ത് തുക പിരിച്ചെടുത്തുവെന്നും വെളിപ്പെടുത്തുമോ;

(സി) കുടിശ്ശിക തുക പിരിച്ചെടുക്കുവാൻ നിലവിൽ എന്തെങ്കിലും ബുദ്ധിമുട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ) നികുതി വരുമാന രംഗം ശുദ്ധീകരിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനുമായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

1. കാര്യക്ഷമത ഉയർത്തുന്നതിനായി കൂടുതൽ ശേഷിയുള്ള സർവർ സ്ഥാപിക്കുകയും സിസ്റ്റം സ്ക്രൂട്ടിനി സാദ്ധ്യമാകുന്ന സോഫ്റ്റ്‌വെയർ ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു.

2. ഉപഭോക്താക്കൾ ബില്ല് ചോദിച്ച് വാങ്ങുന്നതിനെ പ്രോത്സാഹിപ്പിക്കുന്ന നടപടികൾ സ്വീകരിച്ചു. അതുപോലെതന്നെ കമ്പ്യൂട്ടർ ബില്ലിംഗ് ഉള്ള വ്യാപാരികൾ അവരുടെ ബില്ലുകൾ തത്സമയംതന്നെ അപ്‌ലോഡ് ചെയ്യുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി നിയമനിർമ്മാണം നടത്താനുള്ള നടപടി സ്വീകരിച്ചുവരുന്നു.

3. കൂടുതൽ വ്യാപാരികളെ നികുതി വലയത്തിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

4. അപ്പീൽ കേസുകളും കോടതി കേസുകളും എത്രയും വേഗം തീർപ്പാക്കുന്നതിന് നടപടി സ്വീകരിച്ചു.

5. റിട്ടേൺ സ്ക്രൂട്ടിനി, കുടിശ്ശിക അസസ്മെന്റ് എന്നിവ കാര്യക്ഷമമാക്കി.

6. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തി.

7. നികുതി ചോർച്ച തടയുന്നതിന് കർശന നടപടി സ്വീകരിച്ചു.

8. ഓഡിറ്റ് വിസിറ്റ് വിഭാഗത്തെക്കൂടി ഉൾപ്പെടുത്തി ഇന്റേണൽ ഓഡിറ്റ് വിഭാഗം ശക്തിപ്പെടുത്തി.

9. 60 ലക്ഷം രൂപയിൽ കൂടുതൽ വിറ്റുവരവുള്ള അനുമാന നികുതിദായകർക്ക് ആംനസ്റ്റി പദ്ധതി നടപ്പിലാക്കി.

10. നികുതി ചോർച്ച ഒഴിവാക്കുന്നതിന്റെ ഭാഗമായി അനധികൃത മദ്യത്തിന്റെ ഉൽപ്പാദനം, വിതരണം, വിപണനം ഇവ തടയുന്നതിനായി ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ എക്സൈസ് വകുപ്പ് മുഖേന നടത്തിവരുന്നു.

11. എക്സൈസ് വകുപ്പുവഴി നൽകുന്ന എല്ലാ ലൈസൻസുകൾക്കും പെർമിറ്റുകൾക്കും മുൻകൂറായി ഫീസ്/നികുതി ഈടാക്കിയശേഷമാണ് അനുമതി നൽകുന്നത്. കെ.എസ്.ബി.സി., കൺസ്യൂമർഫെഡ് എന്നീ പൊതുമേഖലാ സ്ഥാപനങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്ന ഷോപ്പുകളുടെ ലൈസൻസ് ഫീസും റെന്റൽ തുകയും മുൻകൂറായി വാങ്ങിയശേഷമാണ് ലൈസൻസുകളുടെ കാലാവധി ദീർഘിപ്പിച്ച് നൽകുന്നത്. എഫ്.എൽ.1 ഷോപ്പുകളുടെ ആകെ റെന്റൽ തുകയുടെ 50% ഓരോ വർഷത്തേക്കും ലൈസൻസ് നൽകുന്ന സമയത്തും ബാക്കി 50% എട്ട് തുല്യ ഗഡുക്കളായി ജൂലായ് മാസം മുതൽ ഫെബ്രുവരി മാസം വരെയായി ഒടുക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

12. ആധാരങ്ങളുടെ രജിസ്ട്രേഷൻ ഫീസ് ഓൺലൈനായി അടയ്ക്കാനുള്ള സൗകര്യം ഏർപ്പെടുത്തി.

13. 1-1-1986 മുതൽ 31-3-2010 വരെ കുടിശ്ശിക ഉണ്ടായിരുന്ന അണ്ടർ വാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിനായി ജി.ഒ.(പി) നമ്പർ 74/16/റ്റി.ഡി. ഉത്തരവുപ്രകാരവും ഫ്ലാറ്റുകളുടെ അണ്ടർ വാല്യുവേഷൻ കുടിശ്ശിക തീർപ്പാക്കുവാൻ ജി.ഒ.(പി) നമ്പർ 75/16/റ്റി.ഡി. ഉത്തരവുപ്രകാരവും 'ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി' നടപ്പിൽ വരുത്തി. ഫ്ലാറ്റുകളുടെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട റവന്യൂനഷ്ടം തടയുന്നതിനായി സെൻട്രൽ പി.ഡബ്ല്യു.ഡി. മാനദണ്ഡപ്രകാരമുള്ള വിലനിർണ്ണയത്തിനായി കേരള മുദ്രപ്പത്ര നിയമത്തിൽ 28 (ബി) എന്ന പുതിയ സെക്ഷൻ കൂട്ടിച്ചേർത്തു. 2016-ലെ ഫിനാൻസ് ബില്ലിലൂടെ വിലയാധാരങ്ങളുടെ സ്റ്റാമ്പ് ഡ്യൂട്ടി 6-ൽനിന്ന് 8 ശതമാനമായി വർദ്ധിപ്പിച്ചു.

14. കാലപ്പഴക്കം ചെന്ന വാഹനങ്ങൾക്ക് ഗ്രീൻ ടാക്സ് ഏർപ്പെടുത്തിയതിലൂടെയും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെയും നികുതി അടയ്ക്കാത്തതിനാൽ പിടിച്ചിട്ടിരിക്കുന്ന വാഹനങ്ങൾ ലേലം ചെയ്ത് അതിൽനിന്നും കുടിശ്ശിക വസൂലാക്കുന്നതിലൂടെയും മോട്ടോർ വാഹന വകുപ്പ് മുഖേനയുള്ള നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ വാണിജ്യ നികുതി വകുപ്പിൽ പിരിഞ്ഞുകിട്ടേണ്ട നികുതി കുടിശ്ശിക (1-4-2016-ലെ കണക്കനുസരിച്ച്) 6883.98 കോടി രൂപയായിരുന്നു. അതിൽ 31-3-2017 വരെ 179.08 കോടി രൂപ പിരിച്ചെടുത്തു.

രജിസ്ട്രേഷൻ വകുപ്പ് മുഖേന 2016 മേയ് മാസം വരെ അണ്ടർ വാല്യുവേഷൻ ഇനത്തിൽ ഏകദേശം 30.30 കോടി രൂപ പിരിച്ചെടുക്കാനുണ്ടായിരുന്നു. ആയതിൽ 2017 മാർച്ച് വരെ 14.33 കോടി രൂപ പിരിച്ചെടുത്തിട്ടുണ്ട്.

ലാൻഡ് റവന്യൂ, റവന്യൂ റിക്കവറി ഇനങ്ങളിൽ യഥാക്രമം 71.65 കോടി രൂപയും 258.58 കോടി രൂപയും പിരിച്ചെടുക്കുവാനുണ്ടായിരുന്നു. ടി ഇനങ്ങളിൽ 31-3-2017 വരെ യഥാക്രമം 302.08 കോടി രൂപയും 691.54 കോടി രൂപയും പിരിച്ചെടുത്തിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ മോട്ടോർ വാഹന വകുപ്പിന്റെ നികുതി കുടിശ്ശിക 256.29 കോടി രൂപയായിരുന്നു. ഇതിൽ 31-12-2016-ൽ അവസാനപാദം വരെ 17.55 കോടി രൂപ പിരിച്ചെടുക്കുകയും 45.42 കോടി രൂപയ്ക്ക് ഇളവ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

എക്സൈസ് വകുപ്പുവഴി അബ്കാരി കുടിശ്ശികയുമായി ബന്ധപ്പെട്ട് പലിശയടക്കം പിരിച്ചെടുക്കാനുണ്ടായിരുന്ന തുക 243 കോടി രൂപയായിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 31-3-2017 വരെ ഈ ഇനത്തിൽ 1.57 കോടി രൂപ പിരിച്ചെടുത്തിട്ടുണ്ട്.

(സി) കുടിശ്ശിക തുക പിരിച്ചെടുക്കുവാൻ കോടതി സ്റ്റേമൂലം ബുദ്ധിമുട്ട് ഉണ്ടാകുന്നുണ്ട്.

**നികുതി വരുമാനം പങ്കുവയ്ക്കൽ-കേന്ദ്ര-സംസ്ഥാന നിരക്കിൽ മാറ്റം**

26 (3201) ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നികുതി വരുമാനം പങ്കുവയ്ക്കുന്ന കേന്ദ്ര-സംസ്ഥാന നിരക്കിൽ മാറ്റം വന്നിട്ടുണ്ടോ; എങ്കിൽ പുതിയ റേഷ്യോ എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) പുതുക്കിയ നിരക്ക് പ്രകാരം സംസ്ഥാന വിഹിതത്തിൽ കുറവ് വരുമോ;

(സി) പ്രസ്തുത കുറവ് സംസ്ഥാന പദ്ധതി നിർവ്വഹണങ്ങളെ ബാധിക്കുമോ; എങ്കിൽ എങ്ങനെ; വ്യക്തമാക്കുമോ;

(ഡി) കേന്ദ്ര വിഹിതത്തിൽ നിന്നുള്ള കുറവ് മൂലം ഉണ്ടാകാവുന്ന പ്രശ്നങ്ങൾ എപ്രകാരമാണ് തരണം ചെയ്യാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. പതിനാലാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം മാറ്റിവയ്ക്കപ്പെട്ട (ഡിവിസിബിൾ പൂൾ) നികുതി വരുമാനത്തിന്റെ 42% സംസ്ഥാന സർക്കാരുകൾക്ക് പങ്കുവച്ചു നൽകും. ഇതിൽ കേരളത്തിന്റെ വിഹിതം സേവന നികുതിയുടെ കാര്യത്തിൽ 2.526 ശതമാനവും മറ്റു നികുതികളുടെ കാര്യത്തിൽ 2.5 ശതമാനവുമാണ്.

(ബി-ഡി) അതേസമയം കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫണ്ടിംഗ് പാറ്റേണുകളിൽ ഗണ്യമായ മാറ്റം കൊണ്ടുവന്നു. ചില പദ്ധതികൾ ലയിപ്പിക്കുകയോ വേണ്ടെന്നു വയ്ക്കുകയോ ചെയ്തു. CSS-കളുടെ ഫണ്ടിംഗ് പാറ്റേണിൽ വന്ന മാറ്റം സംസ്ഥാനങ്ങളുടെ പദ്ധതി ബാദ്ധ്യത ഉയർത്തുന്നതാണ്. നികുതി വിഹിതത്തിന്റെ ശതമാനത്തിൽ കൊണ്ടുവന്ന മാറ്റം നൽകുന്ന മേന്മയെ ഇകഴ്ത്തുന്നതാണ് ഈ മാറ്റം.

### നികുതി കുടിശ്ശിക

27 (3202) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ ഉദ്യോഗസ്ഥ തലത്തിൽ വരുത്തുന്ന വീഴ്ചകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വാണിജ്യ നികുതി കുടിശ്ശിക വരുത്തുന്നവർക്കെതിരെയും നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെയും കർശനമായ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ചില വീഴ്ചകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നികുതി കുടിശ്ശികകൾ പലപ്പോഴും വിവിധ കാരണങ്ങളാൽ സമയബന്ധിതമായി പിരിച്ചെടുക്കാൻ കഴിയാതെ വരാറുണ്ട്. റവന്യൂ റിക്കവറിക്ക് റിക്വിസിഷൻ അയച്ച കേസുകളിൽ അപ്പീലുകളോ റിവിഷൻ ഹർജികളോ ഫയൽ ചെയ്യുമ്പോൾ അപ്പലേറ്റ് അതോറിറ്റികളിൽനിന്നും കോടതികളിൽനിന്നും സ്റ്റേ ഉത്തരവുകളും നികുതി/പെനാൽറ്റി ചുമത്തിയ ഉത്തരവുകൾ മോഡിഫൈ ചെയ്തുകൊണ്ടുമുള്ള ഉത്തരവുകളും ലഭിക്കുമ്പോൾ അതിനനുസൃതമായി റവന്യൂ റിക്കവറിക്ക് ശിപാർശ ചെയ്ത തുകകളിൽ വ്യത്യാസം വരാറുണ്ട്.

(ബി) വാണിജ്യ നികുതി കുടിശ്ശിക അടയ്ക്കുന്നതിൽ വീഴ്ച വരുത്തുന്നവർക്കെതിരെയും നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ ബോധപൂർവ്വം വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെയും കർശനമായ നടപടികൾ സ്വീകരിക്കാറുണ്ട്.

### കിഫ്ബി പദ്ധതികൾ

28 (3203) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 വർഷത്തെ ബഡ്ജറ്റിൽ എത്ര തുകയ്ക്കുള്ള പദ്ധതികൾക്കാണ് കിഫ്ബി അംഗീകാരം ലഭ്യമാക്കിയിട്ടുള്ളത്; വ്യക്തമാക്കുമോ;

(ബി) കിഫ്ബി പദ്ധതികൾ നടപ്പിലാക്കുന്നതിന് നിർവ്വഹണ ഏജൻസികളെ തീരുമാനിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഏതെല്ലാം ഏജൻസികളാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2017-18-ൽ കിഫ്ബിവഴി നടപ്പിലാക്കാനായി പ്രഖ്യാപിച്ച പദ്ധതികളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.* ഈ പദ്ധതികൾ ബന്ധപ്പെട്ട വകുപ്പുകൾ കിഫ്ബിയിലേയ്ക്ക് ഓൺലൈനായി സമർപ്പിക്കുന്നതും കിഫ്ബിയിൽ അവ പരിശോധിക്കുന്നതും സംബന്ധിച്ച പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നതേയുള്ളൂ. ഇത് പൂർത്തിയാകുന്ന മുറയ്ക്ക് അവ ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതാണ്.

(ബി) ഉണ്ട്. കിഫ്ബി മുഖേന നടപ്പാക്കേണ്ട പദ്ധതികളുടെ നിർവ്വഹണ ഏജൻസികളെ നിർദ്ദേശിക്കേണ്ടത് ബന്ധപ്പെട്ട ഭരണ വകുപ്പാണ്.

(സി) കിഫ്ബിയുടെ 27-ാമത്തെയും 28-ാമത്തെയും ബോർഡ് അംഗീകരിച്ച പദ്ധതികളുടെ നിർവ്വഹണ ഏജൻസികളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

**ചെക്ക്പോസ്റ്റിലെ അഴിമതി ഇല്ലാതാക്കാൻ കർമ്മ പരിപാടികൾ**

29 (3204) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2006-ലെ എൽ.ഡി.എഫ് ഗവൺമെന്റ് നടപ്പിലാക്കിയ അഴിമതി രഹിത വാളയാർ പോലെ ചെക്ക്പോസ്റ്റിലെ അഴിമതി ഇല്ലാതാക്കാൻ എന്തെങ്കിലും കർമ്മ പരിപാടികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

അഴിമതിരഹിത വാളയാർ പദ്ധതിയുടെ തുടർച്ചയായി സംസ്ഥാനത്തെ പ്രധാന അതിർത്തി ചെക്ക്പോസ്റ്റുകളിലും ഈ പദ്ധതി നടപ്പിലാക്കുകയും ആയത് തുടർന്നുവരികയും ചെയ്യുന്നുണ്ട്. പ്രത്യേകം തെരഞ്ഞെടുത്ത ജീവനക്കാരെയാണ് ഇത്തരം ചെക്ക്പോസ്റ്റുകളിൽ നിയമിക്കുന്നത്. ഈ ജീവനക്കാരുടെ ഭക്ഷണം, താമസം തുടങ്ങിയ ചെലവുകൾ സർക്കാരാണ് വഹിക്കുന്നത്. ഈ നടപടി ചെക്ക്പോസ്റ്റുകളിലെ അഴിമതി കുറയ്ക്കുന്നതിന് വളരെ സഹായകമായിട്ടുണ്ടെന്നാണ് വിലയിരുത്തൽ. സംസ്ഥാനത്തെ വാണിജ്യ നികുതി ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം സുഗമവും സുതാര്യവുമാക്കുന്നതിനായി പ്രധാന ചെക്ക്പോസ്റ്റുകളിൽ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

CCTV ക്യാമറകൾ സ്ഥാപിച്ച് വാഹന ഗതാഗതവും ജീവനക്കാരുടെ പ്രവർത്തനവും നിരീക്ഷിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജി.എസ്.ടി. സമ്പ്രദായം താമസിയാതെ നിലവിൽ വരുമ്പോൾ വാണിജ്യ നികുതി ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം പുനഃക്രമീകരിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

### ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

30 (3205) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുമ്പോൾ പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനികൾക്ക് മുൻഗണന നൽകുമോ; വ്യക്തമാക്കുമോ?

ഉത്തരം

IRDA-യുടെ അംഗീകാരമുള്ള നാല് പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനികൾക്ക് മുൻഗണ നൽകിക്കൊണ്ട് 28 ആരോഗ്യ ഇൻഷ്വറൻസ് കമ്പനികളെയും ടെണ്ടർ നടപടിക്രമം പാലിച്ചുകൊണ്ട് പരിഗണിക്കുന്നതിന് 24-4-2017-ലെ 54/2017/Fin. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

### എയ്ഡഡ് സ്കൂളുകൾക്ക് ഫണ്ട്

31 (3206) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.മാരുടെ പ്രാദേശിക വികസന ഫണ്ടിൽ (എസ്.ഡി.എഫ്.) നിന്നും എയ്ഡഡ് സ്കൂളുകളിലെ ഏതെല്ലാം പ്രവൃത്തികൾക്ക് ഫണ്ട് വിനിയോഗിക്കാവുന്നതാണെന്ന് അറിയിക്കാമോ;

(ബി) എയ്ഡഡ് സ്കൂളുകൾക്ക് അടുക്കള നിർമ്മാണത്തിന് പ്രസ്തുത ഫണ്ട് വിനിയോഗിക്കാൻ അനുമതിയുണ്ടോ?

ഉത്തരം

(എ) 26-11-2013-ലെ സ.ഉ. (അ) നമ്പർ 577/2013/ധന. ഉത്തരവുപ്രകാരം എയ്ഡഡ് സ്കൂളുകളിൽ കമ്പ്യൂട്ടർ, കമ്പ്യൂട്ടർ അക്സസറീസ് എന്നിവ വാങ്ങുന്നതിനും സ്മാർട്ട് ക്ലാസ്സ് റൂമിന് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനും പാചകപ്പുര, ശൗചാലയങ്ങൾ എന്നിവയുടെ നിർമ്മാണത്തിനും പ്രത്യേക വികസന നിധി വിനിയോഗിക്കുവാൻ അനുമതിയുണ്ട്.

(ബി) ഉണ്ട്.

**പദ്ധതി നിർവ്വഹണത്തിൽ ഉണ്ടാകുന്ന കാലതാമസം**

32 (3207) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പദ്ധതി നിർവ്വഹണത്തിന്റെ ഭൂരിഭാഗം ഫണ്ടും മാർച്ച് മാസത്തിലെ അവസാന ദിവസങ്ങളിലാണ് ചെലവഴിക്കുന്നത് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം പദ്ധതികൾക്ക് വേണ്ടത്ര പ്രാധാന്യം ലഭിക്കുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പദ്ധതി നിർവ്വഹണത്തിൽ ഉണ്ടാകുന്ന ഇത്തരം കാലതാമസത്തിന്റെ യാഥാർത്ഥ കാരണങ്ങളെ സംബന്ധിച്ച് പരിശോധന നടത്തുന്നതിനും മേലിൽ ഇത്തരം വീഴ്ചകൾ ഒഴിവാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി & സി) പദ്ധതി നിർവ്വഹണത്തിന് കൂടുതൽ പ്രാധാന്യം നൽകുന്നതിനും നിർവ്വഹണത്തിലെ കാലതാമസം ഒഴിവാക്കുന്നതിനുമായി 30-3-2017-ലെ 20/2017/ധന. നമ്പർ സർക്കുലർ പ്രകാരം 2017-18 സാമ്പത്തിക വർഷം മുതൽ പദ്ധതിച്ചെലവുകൾ അവസാന മാസത്തിലേയ്ക്ക് മാറ്റിവയ്ക്കുന്നത് ഒഴിവാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത സർക്കുലർ പ്രകാരം മാർച്ച് മാസത്തിന് മുമ്പ് തദ്ദേശഭരണ സ്ഥാപനങ്ങൾ അടക്കം എല്ലാ വകുപ്പുകളും 85 ശതമാനം പദ്ധതിച്ചെലവ് നടത്തിയിരിക്കണമെന്നും ബാക്കി 15 ശതമാനം മാർച്ച് മാസത്തിൽ ചെലവ് ചെയ്യാനുമാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഇപ്രകാരം പദ്ധതിവിഹിതം ചെലവഴിക്കുമ്പോൾ അവസാന പാദത്തിലെ ചെലവ് 33 ശതമാനത്തിൽ കൂടരുതെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

പദ്ധതി നിർവ്വഹണം സമയബന്ധിതവും കാര്യക്ഷമവുമാക്കുന്നതിന് വേണ്ടി ഓരോ മാസവും ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ അതാത് വകുപ്പ് സെക്രട്ടറിമാരുടെ പദ്ധതി അവലോകന യോഗം ചേരാറുണ്ട്. ഇതുകൂടാതെ ഓരോ പദ്ധതികൾക്കും വകയിരുത്തിയ പദ്ധതി വിഹിതവും അതിന് ചെലവായ തുകയും നിരീക്ഷിക്കുന്നതിന് പ്ലാൻ സ്പേസ് എന്ന മോണിറ്ററിംഗ് സംവിധാനം ആസൂത്രണ ബോർഡിൽ നിലവിലുണ്ട്. മാസംതോറുമുള്ള പദ്ധതിച്ചെലവിന്റെ

വിശദാംശങ്ങൾ മന്ത്രിമാരെ അറിയിക്കുകയും മുഖ്യമന്ത്രി വകുപ്പ് സെക്രട്ടറി തലത്തിൽ മൂന്ന് മാസത്തിലൊരിക്കൽ പദ്ധതി അവലോകനം നടത്തുകയും ചെയ്യുന്നുണ്ട്.

**പദ്ധതി നിർവ്വഹണത്തിന്റെ വേഗതയും കാര്യക്ഷമതയും**

33 (3208) ശ്രീ. സി. ദിവാകരൻ :
ശ്രീ. ജി. എസ്.ജയലാൽ :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പദ്ധതി നിർവ്വഹണത്തിന്റെ വേഗതയും കാര്യക്ഷമതയും കൂട്ടുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ;

(ബി) ഇതിനായി തയ്യാറാക്കുന്ന ഗ്രീൻബുക്കിന്റെ സവിശേഷതകൾ വിശദമാക്കുമോ;

(സി) ഏതെല്ലാം മേഖലകളിലും ഇനങ്ങളിലുമുള്ള പദ്ധതികളാണ് ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽത്തന്നെ പദ്ധതി നിർവ്വഹണം ത്വരിതഗതിയിലാക്കുന്നതിന് 2017-18 സാമ്പത്തിക വർഷത്തിൽ 1516.88 കോടി രൂപയുടെ പദ്ധതികൾക്ക് ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട വകുപ്പുകൾ ഭരണാനുമതി നൽകുകയും പദ്ധതി നിർവ്വഹണം നടത്തുകയും ചെയ്യുന്നതാണ്.

ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനുവേണ്ടി 18-1-2017-ലെ സ.ഉ.(പി) നമ്പർ 4/2017/ധന. ഉത്തരവുപ്രകാരം വർക്കിംഗ് ഗ്രൂപ്പിന്റെ സാമ്പത്തികാധികാരം 5 കോടിയിൽ നിന്നും 10 കോടിയായും സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിന്റെ സാമ്പത്തികാധികാരം 10 കോടിയിലധികമുള്ള പ്രോജക്ടുകൾക്കായും നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ വർക്കിംഗ്ഗ്രൂപ്പ്, സ്പെഷ്യൽ വർക്കിംഗ്ഗ്രൂപ്പ് മീറ്റിംഗുകൾ സമയബന്ധിതമായി നടത്തുന്നതിനായി 31-3-2017-ൽ സർക്കുലർ നമ്പർ 22/2017/ധന. പ്രകാരവും നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനുപുറമേ 5-4-2017-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർത്ത് സെക്രട്ടറിമാരുടെ മീറ്റിംഗിൽ 60% പ്ലാൻ

സ്കീമുകൾക്കുള്ള ഭരണാനുമതിയും സാങ്കേതികാനുമതിയും 2017 ജൂൺ അവസാനത്തോടുകൂടിയും വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗുകൾ ജൂലായ് 2017-നും സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗുകൾ സെപ്റ്റംബർ 2017-നും RIDF പദ്ധതികൾക്കുള്ള ഭരണാനുമതി ജൂൺ/ജൂലായ് മാസത്തോടുകൂടിയും പൂർത്തീകരിക്കണമെന്നും തീരുമാനമെടുത്തിട്ടുണ്ട്.

30-3-2017-ലെ 20/2017/ധന. നമ്പർ സർക്കുലർ പ്രകാരം 2017-18 സാമ്പത്തിക വർഷം മുതൽ പദ്ധതി ചെലവുകൾ അവസാന മാസത്തിലേയ്ക്ക് മാറ്റിവയ്ക്കുന്നത് ഒഴിവാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത സർക്കുലർ പ്രകാരം മാർച്ച് മാസത്തിന് മുമ്പ് തദ്ദേശഭരണ സ്ഥാപനങ്ങൾ അടക്കം എല്ലാ വകുപ്പുകളും 85 ശതമാനം പദ്ധതിച്ചെലവ് നടത്തിയിരിക്കണമെന്നും ബാക്കി 15 ശതമാനം മാർച്ച് മാസത്തിൽ ചെലവഴിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരം പദ്ധതി വിഹിതം ചെലവഴിക്കുമ്പോൾ അവസാന പാദത്തിലെ ചെലവ് 33 ശതമാനത്തിൽ കൂടരുതെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

പദ്ധതി നിർവ്വഹണം സമയബന്ധിതവും കാര്യക്ഷമവും ആക്കുന്നതിനുവേണ്ടി ഓരോ മാസവും ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി അതാത് വകുപ്പ് സെക്രട്ടറിമാരുടെ പദ്ധതി അവലോകനയോഗം ചേരാറുണ്ട്. ഇതുകൂടാതെ ഓരോ പദ്ധതിക്കും വകയിരുത്തിയ പദ്ധതി വിഹിതവും അതിന് ചെലവായ തുകയും നിരീക്ഷിക്കുന്നതിന് പ്ലാൻ സ്പേസ് എന്ന മോണിറ്ററിംഗ് സംവിധാനം നിലവിലുണ്ട്.

(ബി & സി) പദ്ധതി നിർവ്വഹണം സമയബന്ധിതവും കാര്യക്ഷമവുമാക്കുന്നതിന്റെ ഭാഗമായി പ്ലാൻ ഫണ്ടിൽ ഉൾപ്പെട്ടിട്ടുള്ളതും സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽത്തന്നെ നടപ്പിലാക്കേണ്ടതുമായ എല്ലാ പദ്ധതികളും മുൻഗണനാക്രമത്തിൽ ഉൾപ്പെടുത്തിയാണ് ഗ്രീൻ ബുക്ക് തയ്യാറാക്കിയിട്ടുള്ളത്. 2017-18 സാമ്പത്തിക വർഷത്തിൽ 1516.88 കോടി രൂപയുടെ പദ്ധതികൾക്കാണ് ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുള്ളത്.

## കാരുണ്യ ബെനവലന്റ് ഫണ്ട്

34 (3209) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാരുണ്യ ബെനവലന്റ് ഫണ്ട് വഴിയുള്ള ധനസഹായ വിതരണത്തിൽ ഏതൊക്കെ രോഗങ്ങൾക്കുള്ള ധനസഹായമാണ് വർദ്ധിപ്പിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

ഉത്തരം

കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി പ്രകാരം വൃക്കരോഗികൾക്കുള്ള ധനസഹായം 14-3-2017-ലെ (സാധാ) നമ്പർ 197/17/നി.വ. നമ്പർ സർക്കാർ ഉത്തരവനുസരിച്ച് രണ്ട് ലക്ഷത്തിൽനിന്നും മൂന്ന് ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്ത് ചികിത്സ തേടുന്ന മുഴുവൻ ഹീമോഫീലിയ രോഗികൾക്കും എ.പി.എൽ., ബി.പി.എൽ. വ്യത്യാസം കൂടാതെ ചികിത്സയ്ക്കുള്ള മരുന്നുകൾ ആജീവനാന്തം സൗജന്യമായി നൽകുന്നുണ്ട്.

**നെന്മാറ ആസ്തി വികസന പദ്ധതി**

35 (3210) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 വർഷത്തെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ നെന്മാറ നിയോജകമണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) ആസ്തി വികസന പദ്ധതികൾക്ക് സമയബന്ധിതമായി ഭരണാനുമതി നൽകുന്നതിന് ആവശ്യമായ നടപടികൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) 2016-17 വർഷത്തെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ നെന്മാറ നിയോജകമണ്ഡലം സമ്പൂർണ്ണ വൈദ്യുതീകരണം (45 ലക്ഷം രൂപ) എന്ന പ്രവൃത്തിക്ക് ഭരണാനുമതിയും കൊല്ലങ്കോട് ഗ്രാമപഞ്ചായത്ത്-കുതിരമൂളി-കള്ളിയമ്പാറ റോഡ് നവീകരണം (89.63 ലക്ഷം രൂപ) എന്ന പ്രവൃത്തിക്ക് ഭരണാനുമതിക്കുള്ള ധനാനുമതിയും ലഭിച്ചിട്ടുണ്ട്.

(ബി) ആസ്തി വികസന പദ്ധതി മുഖേന നടപ്പിലാക്കുന്ന പദ്ധതികൾക്ക് സമയബന്ധിതമായി ഭരണാനുമതി നൽകുന്നതിന് 22-7-2015-ലെ നമ്പർ 67/2015/ധന. സർക്കുലർപ്രകാരം ഭരണവകുപ്പുകൾക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ടി സർക്കുലർ അനുബന്ധമായി* ചേർക്കുന്നു. 2016-17 സാമ്പത്തിക വർഷം ലഭ്യമായ ശിപാർശകളിൽ ധനാനുമതിയും ഭരണാനുമതിയും പുറപ്പെടുവിക്കുന്നതിനായി എസ്റ്റിമേറ്റുകൾ എത്രയും വേഗം നൽകുന്നതിന് ബന്ധപ്പെട്ട ഭരണവകുപ്പ് സെക്രട്ടറിമാർക്കും നിർവ്വഹണ വകുപ്പുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## സംസ്ഥാന ബാങ്ക് രൂപീകരണം

36 (3211) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർക്കാർ പ്രൊമോട്ടറായി സംസ്ഥാന ബാങ്ക് രൂപീകരിക്കാനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) സംസ്ഥാന ബാങ്ക് രൂപീകരിക്കുന്നത് സംബന്ധിച്ച് പഠനം നടത്താൻ കമ്മിറ്റിയെ ചുമതലപ്പെടുത്തിയിരുന്നോ;സമിതി അദ്ധ്യക്ഷൻ ആരാണ് ; അംഗങ്ങൾ ആരെല്ലാമാണ്; വിശദമാക്കുമോ;

(സി) പ്രസ്തുത സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ റിപ്പോർട്ടിലെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്ത് നിലവിലുള്ള പ്രാഥമിക, അർബൻ, കാർഷിക സഹകരണ ബാങ്കുകളെക്കൂടി ഉൾപ്പെടുത്തി വിപുലമായ ബാങ്കിംഗ് സംവിധാനം ഏർപ്പെടുത്താൻ സാധിക്കുകയില്ലേ; ഇത് സംബന്ധിച്ച് തീരുമാനമെടുത്തിട്ടുണ്ടോ യെന്ന് വിശദമാക്കുമോ;

### ഉത്തരം

(എ) കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള സാദ്ധ്യതകൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സർക്കാർ 5 അംഗ വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിരുന്നു. വിദഗ്ദ്ധ സമിതി പഠനം നടത്തി 28-4-2017-ന് സമർപ്പിച്ച റിപ്പോർട്ട് സർക്കാരിന്റെ പരിശോധനയിലാണ്.

(ബി)

1. ശ്രീ. എം. എസ്. ശ്രീറാം., പ്രൊഫസർ, ഐ.ഐ.എം. ബാംഗ്ലൂർ- ചെയർമാൻ

2. ശ്രീ. വി. എസ്. സെന്തിൽ, ഐ.എ.എസ്., അഡീഷണൽ ചീഫ് സെക്രട്ടറി, പ്ലാനിംഗ് വകുപ്പ് - അംഗം

3. ശ്രീ. സി. പി. മോഹൻ, ചീഫ് ജനറൽ മാനേജർ (റിട്ടയേർഡ്) നബാർഡ്- അംഗം

4. ശ്രീ. റ്റി. പി. ബാലകൃഷ്ണൻ, ജനറൽ മാനേജർ (റിട്ടയേർഡ്), യൂണിയൻ ബാങ്ക് - അംഗം

5. ശ്രീ. പി. വേണുഗോപാൽ, ഐ.എ.എസ്., സ്പെഷ്യൽ സെക്രട്ടറി, സഹകരണ വകുപ്പ് - മെമ്പർ സെക്രട്ടറി

(സി) വിദഗ്ദ്ധ സമിതി പഠനം നടത്തി 28-4-2017-ന് സമർപ്പിച്ച റിപ്പോർട്ട് നിലവിൽ സർക്കാരിന്റെ പരിശോധനയിലാണ്.

(ഡി) വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് സർക്കാർ പരിശോധിച്ചശേഷം മാത്രമേ ഇത്തരം കാര്യങ്ങളിൽ തീരുമാനം കൈക്കൊള്ളുകയുള്ളൂ.

**നെന്മാറ നിയോജകമണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെട്ട പ്രവൃത്തികൾ**

37 (3212) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികളാണ് കിഫ്ബിയിൽ ഉൾപ്പെടുത്തി ഈ വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ തുടങ്ങുന്നതിന് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ & ബി) സംസ്ഥാന സർക്കാരിന്റെ 2016-17 വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളതും 2017-18-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കാൻ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികളുമാണ് നിലവിൽ കിഫ്ബി വഴി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. ഇത് ഒരു പ്രത്യേക നിയോജകമണ്ഡലത്തെയോ ജില്ലയെയോ മാത്രം ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതികളല്ല. സംസ്ഥാനത്തിന്റെ സമഗ്രമായ അടിസ്ഥാന സൗകര്യ വികസനമാണ് ഈ പാക്കേജിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. 7-11-2016-ൽ കൂടിയ കിഫ് ബോർഡിന്റെ 27-ാമത് യോഗം 4004.86 കോടി രൂപ മുതൽമുടക്കുള്ള 48 പദ്ധതികൾക്ക് അംഗീകാരം നൽകി. 21-3-2017-ൽ കൂടിയ കിഫ് ബോർഡിന്റെ 28-ാമത് യോഗം 8041.65 കോടി രൂപ മുതൽമുടക്കുള്ള 53 പദ്ധതികൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി അംഗീകാരം നൽകി. പദ്ധതികളുടെ ലിസ്റ്റ് അനുബന്ധമായി* ചേർക്കുന്നു. കിഫ് ബോർഡ് അനുമതി നൽകിയിട്ടുള്ള പദ്ധതികളുടെ പ്രവർത്തന പുരോഗതി റിപ്പോർട്ട് അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## നോട്ട് നിരോധനംമൂലം റവന്യൂ വരുമാനത്തിൽ കുറവ്

38 (3213) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോട്ട് നിരോധനംമൂലം സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിൽ കുറവ് ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ മേഖലകളിൽ നിന്നുമുള്ള വരുമാനത്തിലാണ് കുറവുണ്ടായതെന്ന് വ്യക്തമാക്കുമോ;

(ബി) നോട്ട് നിരോധനം സംസ്ഥാനത്തെ ഏതെങ്കിലും മേഖലയിൽ മാന്ദ്യം സൃഷ്ടിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) നോട്ട് നിരോധനംമൂലം സംസ്ഥാനത്ത് തൊഴിൽ നഷ്ടമുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) അക്കൗണ്ടന്റ് ജനറലിൽനിന്ന് ലഭ്യമായ 31-12-2016 വരെയുള്ള താൽക്കാലിക കണക്കുകൾ പ്രകാരം 2016 നവംബറിൽ സംസ്ഥാന എക്സൈസ് നികുതി വളർച്ച മുൻവർഷത്തെ അപേക്ഷിച്ച് 3.15 ശതമാനം കുറവ് രേഖപ്പെടുത്തിയപ്പോൾ ഡിസംബറിൽ രജിസ്ട്രേഷൻ നികുതിയിൽ 34.63 ശതമാനത്തിന്റെ ഇടിവുണ്ടായി. 2016 ഒക്ടോബറിൽ 19.8 ശതമാനം വളർച്ച രേഖപ്പെടുത്തിയ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം ഡിസംബറിൽ കുറിച്ചത് (17.45 ശതമാനം താഴ്ന്ന്) 2.35 ശതമാനം വളർച്ച മാത്രമാണ്. 2016 ഒക്ടോബറിനെ അപേക്ഷിച്ച് നവംബറിൽ രജിസ്ട്രേഷൻ നികുതിയിൽ 30.26 ശതമാനത്തിന്റെയും ഡിസംബറിൽ വിൽപ്പന നികുതിയിൽ 17.43 ശതമാനത്തിന്റെയും രജിസ്ട്രേഷൻ നികുതിയിൽ 26.40 ശതമാനത്തിന്റെയും വാഹന നികുതിയിൽ 11.44 ശതമാനത്തിന്റെയും ആകെ തനത് നികുതി വരുമാനത്തിൽ 16.33 ശതമാനത്തിന്റെയും കുറവുണ്ടായിട്ടുണ്ട്.

നോട്ട് അസാധുവാക്കലിന്റെ ഫലമായി കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സ്ഥിതി ദുർബ്ബലപ്പെടുന്നത് സംസ്ഥാനങ്ങൾക്കുള്ള ഗ്രാന്റുകളെ ബാധിക്കും. ഇതിനുപുറമേ, ആസന്നമായ സാമ്പത്തിക വളർച്ചയിലുണ്ടാകുന്ന ഇടിവ് കേന്ദ്ര സർക്കാരിന്റെ നികുതി വരുമാനത്തെ പ്രതികൂലമായി സ്വാധീനിക്കും. തന്മൂലം ഇത് സംസ്ഥാനത്തിലേയ്ക്കുള്ള നികുതി കൈമാറ്റം കുറയുന്നതിനുള്ള സാഹചര്യത്തിനിടയാക്കും. നോട്ട് റദ്ദാക്കലിന് ശേഷമുള്ള, സാമ്പത്തിക പ്രവർത്തനത്തിലുണ്ടായ മന്ദത,

സ്റ്റാമ്പ് നികുതി സമാഹരണത്തിൽ വന്ന കുറവ്, റിയൽ എസ്റ്റേറ്റ് മേഖലയിലുണ്ടായ തളർച്ച, മോട്ടോർ വാഹന നികുതി വരുമാനത്തിൽ വന്ന കുറവ് എന്നിവ കാരണം തനത് നികുതി വരുമാനത്തിൽ പ്രതീക്ഷിച്ചിരുന്ന 19 ശതമാനം വളർച്ച കൈവരിക്കാൻ കഴിഞ്ഞില്ല.

സംസ്ഥാനത്തിന്റെ നികുതിയേതര വരുമാനത്തിൽ മുൻവർഷത്തെ അപേക്ഷിച്ച് 2016 നവംബറിൽ 23.33 ശതമാനത്തിന്റെയും ഡിസംബറിൽ 16.67 ശതമാനത്തിന്റെയും കുറവ് സംഭവിച്ചിട്ടുണ്ട്. 2016 ഒക്ടോബറിൽ 17.43 ശതമാനം വളർന്ന നികുതിയേതര വരുമാനം നവംബറിൽ മുൻമാസത്തെ അപേക്ഷിച്ച് 46.95 ശതമാനവും ഡിസംബറിൽ 59.16 ശതമാനവും ഇടിവ് രേഖപ്പെടുത്തുകയുണ്ടായി.

(ബി) നോട്ട് നിരോധനം സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിൽ ഏൽപ്പിച്ച ഹ്രസ്വകാല ദീർഘകാല ആഘാതങ്ങൾ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് നൽകുന്നതിന് സംസ്ഥാന ആസൂത്രണ ബോർഡ് ഒരു കമ്മിറ്റി രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിന് ലഭ്യമാക്കിയിട്ടുണ്ട്.

നോട്ട് നിരോധനം സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ പ്രധാന പങ്ക് വഹിക്കുന്ന പരമ്പരാഗത മേഖലകളായ മത്സ്യബന്ധനം, കയർ, കൈത്തറി, കശുവണ്ടി, കൃഷി, തോട്ടങ്ങൾ തുടങ്ങിയ പലമേഖലകളിലും പൂർണ്ണമായും കറൻസി വിനിമയം നിലിൽക്കുന്നതിനാൽ ഇവയിൽ നിന്നുള്ള വരുമാനത്തെ ആശ്രയിച്ച് കഴിയുന്ന ലക്ഷക്കണക്കിനാളുകളെ സാരമായി ബാധിച്ചു. നോട്ട് ലഭ്യത കൂടുതൽ ആവശ്യമായ മേഖലകളായ ചെറുകിട വ്യാപാരം, ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, ഗതാഗതം എന്നിവ കേരള സമ്പദ്ഘടനയുടെ 40 ശതമാനത്തിന് മുകളിൽ വരുമാനം പ്രദാനം ചെയ്യുന്നവയാണ്. പ്രാഥമിക മേഖലയാവട്ടെ 16 ശതമാനവും. അങ്ങനെ 56 ശതമാനം വരുമാനം സംഭാവന ചെയ്യുന്ന സംസ്ഥാനത്തിന്റെ സാമ്പത്തിക മേഖല നോട്ട് പിൻവലിക്കലിന്റെ ആഘാതം നേരിടുകയാണ്. കഴിഞ്ഞ കുറച്ച് വർഷങ്ങളായി മാന്ദ്യം നേരിടുകയായിരുന്ന കാർഷിക മേഖല ഈ നയം മാറ്റത്തിന്റെ നേരിട്ടുള്ള ആഘാതമേറ്റുകൊണ്ടിരിക്കുകയാണ്. നിർമ്മാണ-ഗതാഗത-സംഭരണ മേഖലകളുടെ തിരിച്ചുവരവ് ഇനിയും താമസിച്ചേക്കാം. ഉയർന്ന വളർച്ച പ്രകടമാക്കിയ വ്യാപാര/ഹോട്ടൽ മേഖലകളും നോട്ട് പിൻവലിക്കലിന്റെ ആഘാതത്തിലാണ്. നവംബർ 8-നുശേഷം റിസർവ് ബാങ്ക് പുറത്തിറക്കിയ അറിയിപ്പുകൾ, പ്രത്യേകിച്ചും നവംബർ 14-ലെ സഹകരണ ബാങ്കുകളെയും സംഘങ്ങളെയും നോട്ട് കൈമാറ്റ പ്രക്രിയയിൽ നിന്ന് വിലക്കിക്കൊണ്ടുള്ള ഉത്തരവ് കേരളത്തെ പ്രതികൂലമായി ബാധിച്ചു. നോട്ടുകൾ മാറ്റി നൽകാനുള്ള അവകാശം

പ്രാഥമിക സഹകരണ സംഘങ്ങൾക്ക് നൽകാത്തതിനാൽ അവയുടെ പ്രവർത്തനത്തെയും തദ്വാരാ സംസ്ഥാനത്തിലെ മൊത്തം ധനകാര്യ ഇടപെടലുകളെയും അവതാളത്തിലാക്കി.

(സി) ഉണ്ടായിട്ടുണ്ട്. നിലവിലെ തൊഴിൽക്ഷാമം പരിഹരിക്കുവാൻ ചുവടെ ചേർക്കുന്ന നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട് :

1. പ്രതിവർഷം നേരിട്ടും അല്ലാതെയുമുള്ള 1000-നുമേൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന ഏറ്റവും കുറഞ്ഞത് 1000 സൂക്ഷ്മ വ്യവസായ സംരംഭങ്ങൾ വർഷംതോറും കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ മുഖേന ആരംഭിക്കുന്നതിന് ഒരു സമഗ്ര പദ്ധതി ആലോചനയിലാണ്.

2. നോട്ട് റദ്ദാക്കലിന്റെ ദുരിതം ലഘൂകരിക്കുന്നതിനായി പ്ലാന്റേഷൻ തൊഴിലാളികളുടെ കൂലി ട്രഷറി സേവിംഗ്സ് ബാങ്കിലൂടെ നൽകുന്നതിനായി ജില്ലാ കളക്ടർമാർക്ക് പലിശരഹിത പ്രത്യേക റ്റി.എസ്.ബി. അക്കൗണ്ട് തുറന്നു.

3. നോട്ട് നിരോധനത്തിന്റെ ഫലമായുള്ള സാമ്പത്തികമാന്ദ്യം മറികടക്കുന്നതിനായി സംസ്ഥാനത്തിന്റെ പശ്ചാത്തലവികസന മേഖലയിൽ സ്തംഭനാവസ്ഥയിലായിരുന്ന പല പ്രമുഖപദ്ധതികളും അതിവേഗം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

## വ്യാപാര മേഖലയിലെ നികുതി നിർണ്ണയം

39 (3214) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാപാര മേഖലയിലെ നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയ പിയർ റിവ്യൂ മെക്കാനിസത്തിന്റെ സവിശേഷതകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഇതുകൊണ്ട് വ്യാപാരികൾക്കും വാണിജ്യനികുതി വകുപ്പിനും ഉണ്ടായ നേട്ടങ്ങൾ എന്തെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പിയർ റിവ്യൂ സംവിധാനത്തിലൂടെ നികുതി നിർണ്ണയ അധികാരി തയ്യാറാക്കിയിട്ടുള്ള കരട് നോട്ടീസുകളും അസസ്മെന്റ് ഉത്തരവുകളും നികുതി വകുപ്പിലെ സമാന തസ്തികയിലുള്ള ഉദ്യോഗസ്ഥർ അവലോകനം ചെയ്യുന്നതിനും അവ മെച്ചപ്പെടുത്തുന്നതിനുമുള്ള അഭിപ്രായങ്ങൾ രേഖപ്പെടുത്തുന്നതിനുമുള്ള

അവസരം ഓൺലൈൻ സംവിധാനത്തിലൂടെ ലഭ്യമാക്കുന്നു. നികുതി നിർണ്ണയ അധികാരി എല്ലാ നോട്ടീസുകളും അസസ്മെന്റ് ഉത്തരവുകളും പിയർ റിവ്യൂവിന് വിധേയമാക്കേണ്ടതാണ്. പിയർ റിവ്യൂവിലൂടെ ലഭിക്കുന്ന അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ചശേഷം നികുതി നിർണ്ണയ അധികാരി ആവശ്യമായ തിരുത്തലുകളോ കൂട്ടിച്ചേർക്കലോ നടത്തി അന്തിമ ഉത്തരവ് പുറപ്പെടുവിക്കുകയും അവ പിയർ റിവ്യൂവിലൂടെതന്നെ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു.

കൂടാതെ പിയർ റിവ്യൂവിൽ ചേർത്തിട്ടുള്ള കരട് ഉത്തരവുകളും അന്തിമ ഉത്തരവുകളും വകുപ്പിലെ ആഡിറ്റ് വിഭാഗം പരിശോധനയ്ക്ക് വിധേയമാക്കുകയും തദ്വാര അസസ്മെന്റ് ഓഫീസുകളിൽ ആഡിറ്റ് വിഭാഗത്തിന്റെ നേരിട്ടുള്ള പരിശോധന കൂടുതൽ ഫലപ്രദമാക്കുവാനും സാധിക്കുന്നു.

(ബി) പിയർ റിവ്യൂ പ്രാബല്യത്തിൽ വന്നതോടുകൂടി വ്യാപാരികൾക്ക് ലഭിക്കുന്ന ഉത്തരവുകൾക്കും നോട്ടീസുകൾക്കും കൂടുതൽ വ്യക്തത വരികയും അനാവശ്യ ബുദ്ധിമുട്ടുകൾ ഒഴിവാക്കപ്പെടുകയും ചെയ്യുന്നു. വാണിജ്യനികുതി വകുപ്പിലെ ഉദ്യോഗസ്ഥർക്ക് അവരവർ പുറപ്പെടുവിക്കുന്ന ഉത്തരവുകളിലും നോട്ടീസുകളിലുമുള്ള അപാകതകൾ ഉടനെതന്നെ പരിഹരിക്കുന്നതിനും കൂടുതൽ വ്യക്തതയുള്ളതും കൃത്യമായതുമായ ഉത്തരവുകളും നോട്ടീസുകളും പുറപ്പെടുവിക്കുന്നതിനും സാധിക്കുന്നു.

പിയർ റിവ്യൂ സംവിധാനത്തിലൂടെ വകുപ്പിൽ കാര്യക്ഷമവും സമയബന്ധിതവുമായ ആഡിറ്റ് സൗകര്യവും ലഭ്യമാകുന്നു.

**ധനകാര്യ ഇടപാടുകൾ ട്രഷറികൾ വഴി നടത്തുവാനുള്ള നടപടി**

40 (3215) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ വിവിധ പദ്ധതികളുടെയും പ്രോജക്ടുകളുടെയും ധനകാര്യ ഇടപാടുകൾ ട്രഷറികൾ വഴി നടത്തുവാൻ നിർദ്ദേശം നൽകുമോ;

(ബി) വിവിധ വകുപ്പുകളുടെ നടപ്പിലായതും നടന്നുകൊണ്ടിരിക്കുന്നതുമായ പ്രോജക്ടുകളുടെ ദേശസാൽകൃത ബാങ്കുകളിലും ന്യൂജനറേഷൻ ബാങ്കുകളിലും ഉള്ള അക്കൗണ്ടുകൾ ട്രഷറിയിലേയ്ക്ക് മാറ്റുവാൻ നടപടി സ്വീകരിക്കുമോ;

(സി) വിവിധ വകുപ്പുകളുടെ കീഴിലുള്ള പ്രോജക്ടുകളുടെ പിൻവലിക്കാത്ത പണം എസ്.ബി.റ്റി, എസ്.ബി.ഐ., കാനറാ ബാങ്ക്, യൂണിയൻ ബാങ്ക്, ഇന്ത്യൻ ബാങ്ക്, സെൻട്രൽ ബാങ്ക് തുടങ്ങിയ ദേശസാൽകൃത ബാങ്കുകളുടെ അക്കൗണ്ടിൽ സ്ഥിരനിക്ഷേപമായി കിടക്കുന്ന കാര്യം ധനകാര്യ വകുപ്പ് പരിശോധിക്കുമോ; പ്രസ്തുത പണം തിരിച്ച് വാങ്ങുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) വിവിധ വകുപ്പ് മേധാവികൾക്ക് നിർദ്ദേശം നൽകി പ്രസ്തുത പണം സർക്കാരിന്റെ അക്കൗണ്ടിലേയ്ക്ക് കൊണ്ടുവരുവാൻ നടപടി സ്വീകരിക്കുമോ;

(ഇ) ഇത്തരത്തിൽ ഓരോ വകുപ്പിലും എത്ര തുക വീതം ഓരോ ബാങ്കിലും ഉണ്ടെന്ന വിവരം ജില്ലയും വകുപ്പും തിരിച്ച് വ്യക്തമാക്കുമോ;

(എഫ്) പ്രസ്തുത പണം തിരികെ ട്രഷറികളിൽ കൊണ്ടുവരുവാൻ നയപരമായ തീരുമാനം എടുക്കുമോ;

(ജി) ഇപ്രകാരം പണം തിരികെ കൊണ്ടുവരുവാൻ സംസ്ഥാന തലത്തിൽ ഒരു നോഡൽ ഓഫീസറെ നിയമിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) സംസ്ഥാന സർക്കാർ നൽകുന്ന ഫണ്ടുകൾ, ഗ്രാന്റ്-ഇൻ-എയ്ഡുകൾ എന്നിവ ട്രഷറികളിൽത്തന്നെ നിലനിർത്തണമെന്ന് കാലാകാലങ്ങളിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനുവിരുദ്ധമായി ബാങ്കിൽ നിലനിർത്തിയിരിക്കുന്ന പണം ട്രഷറികളിലേയ്ക്ക് മാറ്റണമെന്ന കർശന നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. (29-8-2009-ലെ 75/2009/ധന. നമ്പർ സർക്കുലർ, 6-1-2012-ലെ 3/2012/ധന. നമ്പർ സർക്കുലർ, 27-3-2014-ലെ 31/2014/ധന. നമ്പർ സർക്കുലർ). ഈ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ബാങ്കുകളിൽ നിലനിർത്തിയിരിക്കുന്ന പണം ട്രഷറികളിലേയ്ക്ക് മാറ്റുവാൻ നടപടി സ്വീകരിക്കുന്നതാണ്.

എന്നാൽ കേന്ദ്രാവിഷ്കൃത പദ്ധതിയുമായി ബന്ധപ്പെട്ട ഫണ്ടുകളിൽ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട നിർവ്വഹണ ഏജൻസികളുടെ ബാങ്ക് അക്കൗണ്ടുകളിൽ തുക കൈമാറണമെന്ന് കേന്ദ്ര സർക്കാർ നിഷ്കർഷിക്കുന്ന സാഹചര്യങ്ങളിൽ അപ്രകാരമാണ് ഫണ്ടുകൾ കൈമാറ്റം ചെയ്യപ്പെടുന്നത്. ചില സാഹചര്യങ്ങളിൽ നിർവ്വഹണ ഏജൻസികൾക്ക് കേന്ദ്ര സർക്കാർ നേരിട്ട് ഫണ്ടുകൾ നൽകാറുമുണ്ട്. സംസ്ഥാന ബഡ്ജറ്റ് വഴി തുക അനുവദിക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളിൽ (Centrally Sponsored Schemes) ബാങ്ക് അക്കൗണ്ടിൽ നിലനിർത്തേണ്ട തുകയുടെ പരിധി സംബന്ധിച്ചും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (18-12-2014-ലെ സ.ഉ.(പി) നമ്പർ 533/2014/ധന ഉത്തരവ്)

(സി) ഇക്കാര്യം പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ബാങ്കുകളിൽ നിലനിർത്തിയിരിക്കുന്ന പണം തിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

(ഇ) വിവരം ശേഖരിച്ചുവരുന്നു.

(എഫ്) സർക്കാർ നൽകുന്ന പണം ട്രഷറികളിൽത്തന്നെ നിലനിർത്തണമെന്ന് തന്നെയാണ് സർക്കാർ നയം.

(ജി) ഇതിനായി ഒരു നോഡൽ ഓഫീസറെ നിയമിക്കുന്നത് നിലവിൽ പരിഗണനയിലില്ല.

**സർക്കാർ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പകളുടെ പലിശ നിരക്ക് കുറയ്ക്കുന്ന നടപടി**

41 (3216) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള സംസ്ഥാന പിന്നോക്ക വികസന കോർപ്പറേഷനിൽ (കെ.എസ്.ബി.സി.ഡി.സി.) നിന്ന് അനുവദിക്കുന്ന വിവിധ വായ്പകളുടെയും സംസ്ഥാന ജീവനക്കാരുടെ ഹൗസ് ബിൽഡിംഗ് അഡ്വാൻസ് (എച്ച്.ബി.എ.)ന്റെയും പലിശ നിരക്കിൽ കുറവ് വരുത്തുന്ന കാര്യം പരിഗണനയിൽ ഉണ്ടോ ?

ഉത്തരം

കേരള സംസ്ഥാന പിന്നോക്ക വികസന കോർപ്പറേഷനിൽ (കെ.എസ്.ബി.സി.ഡി.സി.) നിന്ന് അനുവദിക്കുന്ന വായ്പകൾക്ക് പലിശ കുറയ്ക്കുന്നതുമായ ബന്ധപ്പെട്ട കാര്യങ്ങൾ ധനകാര്യ (എച്ച്.ബി.എ.) സെക്ഷനിൽ കൈകാര്യം ചെയ്യുന്നില്ല. ഇതുസംബന്ധിച്ച വിവരം കേരള സംസ്ഥാന പിന്നോക്ക വികസന കോർപ്പറേഷനിൽനിന്നും ശേഖരിച്ചുവരുന്നു എന്നറിയിക്കുന്നു. ധനകാര്യ (എച്ച്.ബി.എ.) സെക്ഷനിൽ സംസ്ഥാന സർക്കാർ സർവ്വീസിലുള്ള ജീവനക്കാർക്കും അദ്ധ്യാപകർക്കുമുള്ള ഭവന നിർമ്മാണ വായ്പയാണ് കൈകാര്യം ചെയ്യുന്നത്. സംസ്ഥാന സർവീസ് ജീവനക്കാർക്കും അദ്ധ്യാപകർക്കും 8% (വാർഷിക) സാധാരണ പലിശ നിരക്കിലാണ് ഭവന നിർമ്മാണ വായ്പ അനുവദിച്ചു നൽകുന്നത്. ഇതിൽ കുറവ് വരുത്തുന്നകാര്യം പരിഗണനയിലില്ല.

**ബിവറേജസ് റീട്ടെയിൽ ഔട്ട്‌ലെറ്റുകൾ പൂട്ടിയതിന് ശേഷമുള്ള വരുമാന നഷ്ടം**

42 (3217) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഹൈവേകളിലെ ബിവറേജസ് റീട്ടെയിൽ ഔട്ട്‌ലെറ്റുകൾ പൂട്ടിയതിന് ശേഷം എത്ര കോടി രൂപയുടെ വരുമാന നഷ്ടം ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

ഹൈവേയിലെ ബിവറേജസ് റീട്ടെയിൽ ഔട്ട്ലെറ്റുകൾ തുറന്ന് പ്രവർത്തിപ്പിക്കുവാൻ കഴിയാത്തതിനാൽ പ്രതിദിനം ഏകദേശം 3.88 കോടി രൂപയുടെ റവന്യൂ നഷ്ടമുണ്ടാകുന്നതായി കണക്കാക്കുന്നു.

**രൂക്ഷമായ കറൻസി ക്ഷാമം**

43 (3218) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. പി. ടി. തോമസ് :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017 മാർച്ച് മാസത്തെ ശമ്പളവും ഏപ്രിൽ മാസത്തെ പെൻഷനും കൃത്യസമയത്ത് വിതരണം ചെയ്യുവാൻ കഴിയാതെ വന്നിട്ടുണ്ടോ; എങ്കിൽ കാരണമെന്താണ്;

(ബി) എത്ര ട്രഷറികളിലാണ് ശമ്പളവും പെൻഷനും തടസ്സപ്പെട്ടത്;

(സി) നോട്ട് പിൻവലിക്കൽ കാലത്തുപോലും അനുഭവപ്പെടാത്ത രൂക്ഷമായ കറൻസി ക്ഷാമത്തിലേയ്ക്ക് സംസ്ഥാനം നീങ്ങിയതിന്റെ ഉത്തരവാദിത്വം ആർക്കാണ് ;

(ഡി) 2017 മാർച്ച് 31 ന് ട്രഷറിയിൽ മിച്ചമുണ്ടായിരുന്നത് എന്ത് തുകയാണ് ;

(ഇ) ഏപ്രിൽ മാസം സംസ്ഥാന ജീവനക്കാർക്കും പെൻഷൻകാർക്കും ശമ്പള പരിഷ്കരണത്തിന്റെയും പെൻഷൻ പരിഷ്കരണത്തിന്റെയും കുടിശ്ശികയായി എന്ത് തുക നൽകേണ്ടിവന്നു;

(എഫ്) സംസ്ഥാന ജീവനക്കാർക്ക് ശമ്പള പരിഷ്കരണത്തിന്റെ കുടിശ്ശിക പണമായി അനുവദിക്കാതിരുന്നത് എന്തുകൊണ്ടാണ് ; സാമ്പത്തിക വർഷത്തിന്റെ ആരംഭത്തിൽത്തന്നെ സർക്കാരിന്റെ സാമ്പത്തികസ്ഥിതി മോശമായതിനാലാണോ കുടിശ്ശിക പണമായി നൽകാതിരുന്നത്;

(ജി) ഏപ്രിൽ മാസത്തെ ശമ്പളം, പെൻഷൻ എന്നിവ നൽകുന്നതിന് വേണ്ടിയുള്ള തുക എപ്രകാരം സമാഹരിക്കുവാനാണ് ലക്ഷ്യമിടുന്നത്?

ഉത്തരം

(എ) 2017 മാർച്ച് മാസത്തെ ശമ്പളവും ഏപ്രിൽ മാസത്തെ പെൻഷനും ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിൽ കൃത്യമായി വരവ് വച്ചിരുന്നു. ഏജൻസി ബാങ്കുകളിൽനിന്നും ആവശ്യത്തിന് ഇംപ്രസ്റ്റ് തുക ലഭിക്കാത്തതുകാരണം അവർ ആവശ്യപ്പെടുന്ന തുക ട്രഷറികളിൽനിന്നും കറൻസിയായി നൽകുവാൻ കഴിയാത്ത സാഹചര്യം സംജാതമായിട്ടുണ്ട്.

(ബി) കേരളത്തിലെ 51 ട്രഷറികളിൽ ട്രഷറി ഇടപാടുകൾക്ക് കറൻസി ക്ഷാമം നേരിട്ടിട്ടുണ്ട്.

(സി) നോട്ട് അസാധുവാക്കലിന്റെ ഫലമായ കറൻസി ക്ഷാമമാണ് ഇപ്പോഴും സംസ്ഥാനത്ത് നിലനിൽക്കുന്നത്.

(ഡി) 2017 മാർച്ച് 31-ലെ ട്രഷറി മിച്ചം 1950.23 കോടി രൂപയായിരുന്നു.

(ഇ) ശമ്പള പരിഷ്കരണത്തിന്റെ കുടിശ്ശികയായി സംസ്ഥാന സർക്കാർ ജീവനക്കാർക്ക് 6-5-2017 വരെ 88,89,098 രൂപയും പെൻഷൻ പരിഷ്കരണത്തിന്റെ കുടിശ്ശികയായി 15,89,62,894 രൂപയും വിതരണം ചെയ്തിട്ടുണ്ട്.

(എഫ്) നടപ്പ് സാമ്പത്തിക വർഷാരംഭത്തിൽ അതിരൂക്ഷമായ കറൻസി ദൗർലഭ്യമാണ് സംസ്ഥാനത്തും പൊതുവെ ട്രഷറികളിലും അനുഭവപ്പെടുന്നത്. എന്നിരുന്നാലും ഇക്കാലയളവിൽത്തന്നെ വിഷുവിനോടനുബന്ധിച്ച് വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ കുടിശ്ശികസഹിതം വിതരണം ചെയ്യാൻ സർക്കാർ തീരുമാനിച്ചു. രൂക്ഷമായ കറൻസി ക്ഷാമവും സാമൂഹ്യസുരക്ഷാ പെൻഷനുകളുടെയും പെൻഷൻ പരിഷ്കരണ കുടിശ്ശികയുടെയും വിതരണത്തി നാവശ്യമയായ കറൻസിയുടെ തോതും പരിഗണിച്ചപ്പോൾ ശമ്പള പരിഷ്കരണ കുടിശ്ശികയുടെ വിതരണം ഏപ്രിൽ മാസത്തിൽ നടത്തുന്നത് അപ്രായോഗികമായിരുന്നു. അതിനാലാണ് ശമ്പള പരിഷ്കരണ കുടിശ്ശിക പി.എഫ്.-ൽ ലയിപ്പിക്കാൻ സർക്കാർ തീരുമാനിച്ചത്. എന്നാൽ അപ്രകാരം പി.എഫ്.-ൽ ലയിപ്പിക്കുന്ന കുടിശ്ശിക ലോക്ക്-ഇൻ പിരീഡ് ഇല്ലാത്തതിനാൽ എപ്പോൾ വേണമെങ്കിലും ജീവനക്കാരന് പിൻവലിക്കാവുന്നതാണ്.

(ജി) കറൻസി ക്ഷാമം ഏപ്രിൽ മാസത്തെ ശമ്പളം, പെൻഷൻ വിതരണത്തെ പ്രതികൂലമായി ബാധിച്ചുവെങ്കിലും സർക്കാരിന്റെ ക്രിയാത്മകമായ ഇടപെടലിലൂടെ മേൽ പ്രതിസന്ധി തരണം ചെയ്യുവാൻ സാധിച്ചിട്ടുണ്ട്.

**തലശ്ശേരി നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ**

44 (3219) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 വർഷത്തെ ബജറ്റിൽ തലശ്ശേരി നിയോജകമണ്ഡലത്തിലെ എന്തൊക്കെ പ്രവൃത്തികളാണ് ഉള്ളത് ;

(ബി) ഇതിൽ ഏതെല്ലാം പ്രവൃത്തികളിൽ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്;

(സി) പ്രസ്തുത ബജറ്റിൽ ഉൾപ്പെടുത്തിയ തലശ്ശേരി നിയോജകമണ്ഡലത്തിലെ മുഴുവൻ പ്രവൃത്തികളും ഇപ്പോൾ ഏത് ഘട്ടം വരെ എത്തി എന്ന് തരം തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ) സർക്കാർ ഉടമസ്ഥതയിൽ മൂലധന സ്വഭാവമുള്ള പ്രവൃത്തികൾ നടപ്പിലാക്കുന്നതിലേക്കായി നിയോജകമണ്ഡലം-ആസ്തി വികസന പദ്ധതിയുടെ കീഴിൽ (LAC-ADS), തലശ്ശേരി നിയോജകമണ്ഡലത്തിനായി 5 കോടി രൂപ 2016-17-ലെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതിയുടെ കീഴിലുള്ള പ്രവൃത്തികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.* 2016-17-ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള മറ്റ് പ്രവൃത്തികളെ സംബന്ധിച്ച് വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു. കിഫ്ബി മുഖാന്തരം നടപ്പിലാക്കുന്ന പ്രത്യേക നിക്ഷേപ പദ്ധതിയിൽപ്പെടുത്തി 75 കോടി രൂപയുടെ നാല് പ്രവൃത്തികളും ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി & സി) മലബാർ തലശ്ശേരി ഗവൺമെന്റ് ബ്രണ്ണൻ കോളേജിന് അക്കാദമിക് സെമിനാർ ബ്ലോക്ക് നിർമ്മാണം, സ്റ്റാഫ് ക്വാർട്ടേഴ്സ് നവീകരണ ജോലികൾ, ന്യൂ മാഹി പി.എച്ച്.സി.-ക്ക് കെട്ടിട നിർമ്മാണം, കതിരൂർ ആയുർവേദ ഡിസ്പെൻസറി കെട്ടിട നിർമ്മാണം, തലശ്ശേരി ഒബ്സർവേഷൻ ഹോമിൽ ബാക്കി ജോലികൾ, തലശ്ശേരി നാദാപുരം റോഡ് കി.മീ. 1/100 മുതൽ 3/650 വരെയും 6/400 മുതൽ 9/200 വരെയുമുള്ള പുനരുദ്ധാരണ പ്രവൃത്തികൾ (കേന്ദ്ര റോഡ് ഫണ്ട് സ്കീം) തുടങ്ങിയ പ്രവൃത്തികൾ ഇതിനകംതന്നെ പൂർത്തീകരിച്ചിട്ടുണ്ട്. മറ്റ് പ്രവൃത്തികൾ നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരികയാണ്. നിയോജകമണ്ഡലം ആസ്തി വികസന പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ സംബന്ധിച്ച് ലഭ്യമായ ശിപാർശകളിന്മേൽ ധനാനുമതിയും ഭരണാനുമതിയും പുറപ്പെടുവിക്കുന്നതിനായി വിശദമായ എസ്റ്റിമേറ്റും അനുബന്ധ രേഖകളും ലഭ്യമാക്കുന്നതിനായി ബന്ധപ്പെട്ട ഭരണ വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**വർക്കല നിയോജകമണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ**

45 (3220) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വർക്കല നിയോജകമണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികൾ കിഫ്ബിയിൽ ഉൾപ്പെടുത്തി നിർവ്വഹിക്കുവാൻ ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

സംസ്ഥാന സർക്കാരിന്റെ 2016-17 വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളതും 2017-18-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കാൻ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികളുമാണ് നിലിവിൽ കിഫ്ബിവഴി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. ഇത് ഒരു പ്രത്യേക നിയോജകമണ്ഡലത്തെയോ ജില്ലയെയോ മാത്രം ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതികളല്ല. സംസ്ഥാനത്തിന്റെ സമഗ്രമായ അടിസ്ഥാന സൗകര്യ വികസനമാണ് ഈ പാക്കേജിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. 7-11-2016-ൽ കൂടിയ കിഫ് ബോർഡിന്റെ 27-ാമത് യോഗം 4004.86 കോടി രൂപ മുതൽമുടക്കുള്ള 48 പദ്ധതികൾക്ക് അംഗീകാരം നൽകി. 21-3-2017-ൽ കൂടിയ കിഫ് ബോർഡിന്റെ 28-ാമത് യോഗം 8041.65 കോടി രൂപ മുതൽ മുടക്കുള്ള 53 പദ്ധതികൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി അംഗീകാരം നൽകി. പദ്ധതികളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

**ആലത്തൂർ മണ്ഡലത്തിലെ എ.ഡി.എസ്. പദ്ധതികൾ**

46 (3221) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ എ.ഡി.എസ്. പദ്ധതിയിൽ എത്ര പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത് ; വർഷം, തുക എന്നിവയുടെ ക്രമത്തിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇനിയും ഭരണാനുമതിക്കായി എത്ര പ്രവൃത്തികൾ പരിഗണനയിലുണ്ട്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ആലത്തൂർ മണ്ഡലത്തിൽ എ.ഡി.എസ്. പദ്ധതിയിൽ ഉൾപ്പെടുത്തി നാളിതുവരെ 32 പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. ഇവയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ബി) ഇനിയും ഭരണാനുമതിക്കായി 11 പ്രവൃത്തികൾ പരിഗണനയിലുണ്ട്. ഇവയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## അഴീക്കോട്, നീർക്കടവ് ഫിഷിംഗ് ഹാർബർ നിർമ്മാണം

47 (3222) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട്, നീർക്കടവ് ഫിഷിംഗ് ഹാർബർ നിർമ്മാണത്തിന് ബഡ്ജറ്റ് പ്രഖ്യാപനപ്രകാരമുള്ള ഫണ്ട് ലഭ്യമാക്കുന്നതിനുള്ള 994307/2016/ M(Fin. & Coir) നമ്പർ ഫയലിൽ അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) നീർക്കടവ് ഫിഷിംഗ് ഹാർബറിന്റെ പ്രാഥമിക നിർമ്മാണ പ്രവൃത്തികൾക്ക് 2 കോടി രൂപ അനുവദിക്കുന്നതിനുള്ള ഫയലിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തിക്കായി ഫണ്ട് ലഭ്യമാക്കുന്നതിന് കാലതാമസം ഒഴിവാക്കി അന്തിമ ഉത്തരവ് വേഗത്തിൽ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ ?

ഉത്തരം

(എ & ബി) അഴീക്കോട്, നീർക്കടവ് ഫിഷിംഗ് ഹാർബറിനായി രണ്ട് കോടി രൂപ അനുവദിച്ചുനൽകണമെന്ന ശ്രീ. കെ. എം. ഷാജി, എം.എൽ.എ. സമർപ്പിച്ച നിവേദനത്തിന്മേൽ തുടർനടപടികൾ കൈക്കൊണ്ടുവരികയാണ്.

(സി) ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് അനുമതി ഉത്തരവുകൾ ഭരണവകുപ്പ് പുറപ്പെടുവിക്കേണ്ടതുണ്ട്. അനുമതി ഉത്തരവുകൾ പുറപ്പെടുവിച്ചശേഷം നിർമ്മാണ പ്രവൃത്തികൾക്ക് വിഹിതം വകയിരുത്തേണ്ട ഘട്ടത്തിൽ ആവശ്യമായ തുക നടപടിക്രമങ്ങൾ പാലിച്ച് അനുവദിക്കുന്നതാണ്.

## ആസ്തിവികസന സ്കീം

48 (3223) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ആസ്തിവികസന സ്കീമിൽ ഉൾപ്പെടുത്തി നിർമ്മാണം നടത്തുന്നതിനുള്ള പ്രവൃത്തികൾ സംബന്ധിച്ച പ്രൊപ്പോസലുകൾക്കുള്ള വിശദമായ എസ്റ്റിമേറ്റ് അതാത് ഭരണവകുപ്പിൽ നിന്ന് ധനകാര്യവകുപ്പിൽ എത്തുന്നതിന് കാലതാമസം ഉണ്ടാവുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആസ്തിവികസന എസ്റ്റിമേറ്റുകൾ സമയബന്ധിതമായി സമർപ്പിക്കുന്നതിന് ഭരണ വകുപ്പുകൾക്ക് നിർദ്ദേശം നൽകുമോ; വിശദമാക്കാമോ;

(ബി) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ 2015-16 വർഷത്തെ ആസ്തിവികസന പ്രൊപ്പോസലുകൾ എന്നാണ് ധനകാര്യ വകുപ്പിൽ ലഭിച്ചത്; അത് ഭരണവകുപ്പുകൾക്ക് എന്ന് കൈമാറി; നാളിതുവരെ ഏതെല്ലാം വകുപ്പുകൾ ഡി.പി.ആർ സമർപ്പിച്ചു; വിശദാംശം നൽകാമോ?

ഉത്തരം

(എ) ഇക്കാര്യം സംബന്ധിച്ച് ബഹുമാനപ്പെട്ട എം.എൽ.എ.-മാർ ഉന്നയിക്കുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആസ്തി വികസന എസ്റ്റിമേറ്റുകൾ സമയബന്ധിതമായി സമർപ്പിക്കുന്നതിന് 22-7-2015-ലെ നമ്പർ 67/2015/ധന. സർക്കുലർ പ്രകാരം ഭരണ വകുപ്പുകൾക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ടി സർക്കുലർ അനുബന്ധമായി ചേർക്കുന്നു.* 2016-17 സാമ്പത്തിക വർഷം ലഭ്യമായ ശിപാർശകളിൽ ധനാനുമതിയും ഭരണാനുമതിയും പുറപ്പെടുവിക്കുന്നതിനായി എസ്റ്റിമേറ്റുകൾ എത്രയും വേഗം നൽകുന്നതിന് ബന്ധപ്പെട്ട ഭരണവകുപ്പ് സെക്രട്ടറിമാർക്കും നിർവ്വഹണ വകുപ്പുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ 2015-16 വർഷത്തെ ആസ്തി വികസന പ്രൊപ്പോസലുകൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.*

## കിഫ്ബിയുടെ ആസ്തി

49 (3224) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെ നാളിതുവരെയുള്ള ആസ്തി എത്രയെന്ന് പറയാമോ ; എവിടെ നിന്നൊക്കെ ഫണ്ട്/ഇൻവെസ്റ്റ്മെന്റ് ലഭ്യമാക്കുവാൻ സാധിച്ചിട്ടുണ്ട് ;

(ബി) പുതുതായി എവിടെ നിന്നൊക്കെ നിക്ഷേപങ്ങൾ ലഭ്യമാകുമെന്നാണ് കരുതുന്നത് ; ഇതിനുവേണ്ടി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ &ബി) 2015-16, 2016-17 വർഷങ്ങളിൽ ബഡ്ജറ്റിൽ വൻകിട വികസന പദ്ധതികളുടെ നടപ്പാക്കലിനായി 5475-00-800-92 (പ്ലാൻ) ശീർഷകത്തിൽ ഉൾപ്പെടുത്തിയിരുന്ന തുകയിൽ അവശേഷിച്ച 2498.41 കോടി രൂപ കിഫ്ബി വഴിയുള്ള പ്രവർത്തന സാക്ഷാൽക്കാരത്തിന്റെ ആദ്യനടപടി എന്ന നിലയിൽ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ മേൽ സൂചിപ്പിച്ച ഭേദഗതി ചെയ്ത കിഫ് ആക്ടിലെ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഖണ്ഡിക 7 പ്രകാരം മുൻ വർഷത്തെ മോട്ടോർ വാഹന നികുതിയുടെ 10 ശതമാനമായ 281.43 കോടി രൂപയും പെട്രോളിയം ഉൽപ്പന്നങ്ങളിൻമേലുള്ള മുഴുവൻ സെസ് തുകയായ 448.1 കോടി രൂപയും ഉൾപ്പെടെ ആകെ 3227.94 കോടി രൂപ കിഫ്ബിയുടെ അക്കൗണ്ടിൽ ലഭ്യമായിട്ടുണ്ട്. ഇതിനുപുറമേ ജനറൽ ഒബ്ലിഗേഷൻ ബോണ്ട്സ്, റവന്യൂ ഒബ്ലിഗേഷൻ ബോണ്ട്സ്, വാണിജ്യ/ സഹകരണ ബാങ്കുകളിൽനിന്ന് ടേം ലോൺ നൂതന ധനസമാഹരണ സംവിധാനങ്ങളായ InVIT, AIF, IDF എന്നിവവഴി ധനസമാഹരണത്തിനുള്ള മാർഗ്ഗങ്ങളും കിഫ്ബിയുടെ പരിഗണനയിലാണ്. അംഗീകരിക്കപ്പെട്ട പദ്ധതികളുടെ നിർവ്വഹണ പ്രവർത്തനങ്ങൾ ഇപ്പോൾ പ്രാരംഭഘട്ടത്തിലായതിനാൽ നിലവിലെ ഫണ്ട് പര്യാപ്തമാണ്. ഫണ്ട് കൂടുതലായി ആവശ്യമായി വരുന്ന മുറയ്ക്ക് ടി മാർഗ്ഗങ്ങളിൽ അനുയോജ്യമായവ അവലംബിക്കുന്നതാണ്.

**വഞ്ചിയൂർ അഡീഷണൽ സബ് ട്രഷറി മാറ്റുന്നതിന്റെ നടപടിക്രമങ്ങൾ**

50 (3225) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം വഞ്ചിയൂർ അഡീഷണൽ സബ് ട്രഷറി ഇപ്പോൾ സ്ഥിതിചെയ്യുന്ന കെട്ടിടത്തിൽ നിന്നും മാറ്റുവാൻ ഉത്തരവായിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടേക്കാണെന്നും സബ് ട്രഷറി മാറ്റുന്നതിന്റെ നടപടിക്രമങ്ങൾ ഏതുവരെയായി എന്നും വിശദീകരിക്കുമോ;

(ബി) പഴയ കളക്ടറേറ്റ് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന് കൈമാറ്റം ചെയ്തപ്പോൾ സബ് ട്രഷറി ഉൾപ്പെടെയുള്ള ഭാഗവും കൈമാറ്റം ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) സബ് ട്രഷറി മാറ്റി സ്ഥാപിക്കുന്നത് പുതിയ കെട്ടിടം നിർമ്മിച്ചാണോ പഴയ കെട്ടിടത്തിലേയ്ക്കാണോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വഞ്ചിയൂർ കോടതി പരിസരത്ത് ജുഡീഷ്യൽ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് വഞ്ചിയൂർ അഡീഷണൽ സബ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള അനുമതി ബഹുമാനപ്പെട്ട ഹൈക്കോടതി നൽകിയിട്ടുണ്ട്. ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഇൻകെൽ മുഖേന ട്രഷറികൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി സർക്കാർ നൽകിയിട്ടുണ്ട്. ഇതിൽ വഞ്ചിയൂർ അഡീഷണൽ സബ് ട്രഷറിയും ഉൾപ്പെടുന്നു.

(ബി) നിലവില അഡീഷണൽ സബ് ട്രഷറി പ്രവർത്തിക്കുന്നത് പഴയ കളക്ടറേറ്റ് കെട്ടിടത്തിലാണ്. ട്രഷറി ഉൾപ്പെടുന്ന പഴയ കളക്ടറേറ്റ് കെട്ടിടം കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന് കൈമാറ്റം ചെയ്തിട്ടുള്ളതാണ്.

(സി) പുതിയ കെട്ടിടം നിർമ്മിച്ചശേഷം അതിലേയ്ക്കായിരിക്കും വഞ്ചിയൂർ അഡീഷണൽ സബ് ട്രഷറി മാറ്റി സ്ഥാപിക്കുന്നത്.

**പൊതുമേഖലാ ബാങ്കുകളുടെ അമിത ഫീസ്**

51 (3226) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിച്ച് വരുന്ന പൊതുമേഖലാ ബാങ്കുകൾ സേവനങ്ങൾക്ക് അമിതമായ ഫീസുകൾ ഈടാക്കുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം പൊതുമേഖലാ ബാങ്കുകളാണ് അത്തരത്തിൽ സേവനങ്ങൾക്ക് അമിത ഫീസും നിശ്ചിത ശതമാനം ബാലൻസ് ഇല്ലാത്തതിന്റെ പേരിൽ പിഴയും ഈടാക്കുന്നത്; വ്യക്തമാക്കുമോ;

(സി) കേന്ദ്ര സർക്കാരിന്റെ നോട്ട് നിരോധനത്തിനുശേഷം ഡിജിറ്റൽ ഇടപാടുകൾ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിനുപകരം ഉപഭോക്താക്കളെ ബാങ്ക് ഇടപാടുകളിൽ നിന്നും അകറ്റുന്ന ഇത്തരം പ്രവണതകൾക്കെതിരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(ഡി) പൊതുമേഖലാ ബാങ്കുകൾ ഇത്തരം പ്രവണതകൾ തുടരുകയാണെങ്കിൽ യാതൊരു ഫീസും ഇല്ലാതെ സേവനം ചെയ്യുന്ന പോസ്റ്റ് ഓഫീസ് അക്കൗണ്ടുകളിൽ ജീവനക്കാരുടെ സാലറി, പെൻഷൻ തുകകൾ നിക്ഷേപിക്കുന്നതിന് അനുമതി നൽകുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പൊതുമേഖലാ ബാങ്കുകളിൽ പ്രധാനമായും എസ്.ബി.ഐ.യുമായി ബന്ധപ്പെട്ടാണ് അമിത ഫീസ് ഈടാക്കുന്നതായുള്ള പരാതികൾ ഉയർന്നുവന്നിട്ടുള്ളത്.

(സി) ഇക്കാര്യം കേന്ദ്ര സർക്കാരിന്റെയും ഭാരതീയ റിസർവ് ബാങ്കിന്റെയും ശ്രദ്ധയിൽപ്പെടുത്തുന്നതിനുള്ള നടപടികൾ സർക്കാർ കൈക്കൊള്ളുന്നതാണ്.

(ഡി) പോസ്റ്റോഫീസ് അക്കൗണ്ടുകളിൽ ജീവനക്കാരുടെയും പെൻഷൻകാരുടെയും ശമ്പളവും പെൻഷനും നിക്ഷേപിക്കുന്നത് നിലവിൽ പരിഗണനയിലില്ല. ശമ്പളവും പെൻഷനും ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുവഴി സ്വീകരിക്കുവാൻ ആഗ്രഹിക്കുന്നവർക്ക് ആയതിനുള്ള സൗകര്യം ഇപ്പോൾത്തന്നെ നിലവിലുണ്ട്.

## സംസ്ഥാനത്തെ ബാങ്കുകളിലുണ്ടായ നോട്ട് ക്ഷാമം

52 (3227) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശമ്പള ദിനങ്ങളോടനുബന്ധിച്ച് സംസ്ഥാനത്തെ ബാങ്കുകളിലുണ്ടായ നോട്ട് ക്ഷാമംമൂലം സംസ്ഥാനത്ത് ബാങ്കുകൾ മുഖേനയും ട്രഷറികൾ മുഖേനയും ശമ്പളവും പെൻഷനും വാങ്ങുന്ന ലക്ഷക്കണക്കിന് ജീവനക്കാർക്ക് പണം ലഭിക്കുന്നതിനായി വളരെ ബുദ്ധിമുട്ടേണ്ടിവന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ പ്രതിസന്ധി എങ്ങനെ മറികടക്കും;

(ബി) ശമ്പളദിനമാണെന്നറിഞ്ഞിട്ടും സംസ്ഥാനം ആവശ്യപ്പെട്ടിട്ടും ആവശ്യത്തിന് പണം ട്രഷറികളിലും ബാങ്കുകളിലും എത്തിക്കാതിരുന്നതിന്റെ ഉത്തരവാദിത്വം ആർക്കാണ്; ഒരു സംസ്ഥാനത്തെ ജനങ്ങളോട് മാത്രം റിസർവ് ബാങ്ക് ക്രൂരത കാട്ടുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സംസ്ഥാനത്തെ ബാങ്കുകളിൽ നിന്നും മതിയായ പണം ലഭിക്കാത്തതിനാൽ, സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെയും, പൊതുമേഖലാ സ്ഥാപനങ്ങളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ബാങ്ക് അക്കൗണ്ടുകളിലെ പണം അടുത്ത ശമ്പളദിനത്തിനുമുൻപായി സംസ്ഥാന ട്രഷറികളിലേയ്ക്ക് മാറ്റാനും അതുവഴി അടുത്തമാസത്തെ ശമ്പള ദിവസങ്ങളിൽ ജീവനക്കാർക്ക് യഥാസമയം ശമ്പളം ട്രഷറിയിൽനിന്ന് ലഭ്യമാക്കാനും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ട്രഷറികളിലെ നോട്ട് ക്ഷാമത്തിന് കെ.എസ്.എഫ്.ഇ.-യിൽ നിന്നും ബിവറേജസ് കോർപ്പറേഷനിൽനിന്നും ലോട്ടറി ഏജന്റുമാരിൽനിന്നും കളക്ഷൻ തുക സ്വീകരിച്ച് തുടങ്ങിയതിലൂടെ ഒരു പരിധിവരെ പരിഹാരമായിട്ടുണ്ട്. ബാങ്കിംഗ് ട്രഷറികളിൽ ചെലാനുകൾ നേരിട്ട് ട്രഷറി കൗണ്ടറുകൾ മുഖേന സ്വീകരിക്കുന്നതിനുള്ള സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ട്രഷറികൾക്ക് ആവശ്യമായ ഇംപ്രസ്റ്റ് തുക നൽകേണ്ടത് ബന്ധപ്പെട്ട ഏജൻസി ബാങ്കുകളാണ്. എന്നാൽ കേരളത്തിലെ 51 ട്രഷറികളിൽ ആവശ്യപ്പെടുന്ന തുകയൊന്നും ബാങ്കിൽനിന്നും ലഭിക്കാത്ത സാഹചര്യം ഉണ്ടായിട്ടുണ്ട്. ട്രഷറികൾ ആവശ്യപ്പെടുന്നത്ര കറൻസി ലഭിക്കാതെവരുന്ന സാഹചര്യത്തിൽ ട്രഷറി ഇടപാടുകൾക്ക് പ്രയാസം നേരിട്ടിട്ടുണ്ട്.

(സി) ട്രഷറികളിലെ കറൻസിക്ഷാമം പരിഹരിക്കുന്നതിനായി ബിവറേജസ് കോർപ്പറേഷൻ, ലോട്ടറി, കെ.എസ്.എഫ്.ഇ. എന്നിവയുടെ വരുമാനം ട്രഷറികളിൽ നേരിട്ട് അടയ്ക്കുന്നതിനും ബാങ്കിംഗ് ട്രഷറികളിൽ ചെലാനുകൾ നേരിട്ട് ട്രഷറി കൗണ്ടറുകൾ മുഖേന സ്വീകരിക്കുന്നതിനുള്ള സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. ഇതുവഴി ട്രഷറികളിലെ കറൻസി ക്ഷാമത്തിന് ഒരു പരിധി വരെ പരിഹാരമായിട്ടുണ്ട്.

## സ്പാർക്ക് സംവിധാനത്തിലുള്ള കാലതാമസം

53 (3228) <u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ കേരളവർമ്മ കോളേജിൽ 2014 ജൂൺ, ജൂലൈ മാസങ്ങളിൽ നിയമനം ലഭിച്ചിട്ടുള്ള അദ്ധ്യാപകരുടെ കുടിശ്ശിക ബില്ലുകൾ മാറുന്നതിന് സ്പാർക്ക് സംവിധാനത്തിൽ നിലവിലുള്ള കാലതാമസം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സാങ്കേതികപ്രശ്നം പരിഹരിക്കുന്നതിന് സർക്കാർ അടിയന്തിര നടപടികൾ സ്വീകരിക്കുമോ;

(സി) അരിയർ ബില്ലുകൾ മാറി നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് സ്പാർക്ക് അധികൃതർ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി & സി) സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിലെ ദീർഘകാലയളവിലുള്ള ശമ്പളക്കുടിശ്ശിക ബില്ലുകൾക്ക് അനുമതി നൽകുന്ന ഡി.ഡി.ഒ.-ക്കും അംഗീകാര അധികാരിക്കും സൂക്ഷ്മ പരിശോധന നടത്തുന്ന ട്രഷറി വകുപ്പിനും ഓഡിറ്റ് നടത്തുന്ന അക്കൗണ്ടന്റ് ജനറലിനുമുള്ള നടപടിക്രമങ്ങൾ സുഗമമാക്കുന്നതിന്റെ ഭാഗമായിട്ടാണ് വിവിധ ജീവനക്കാരുടെ വ്യത്യസ്തമായ ദീർഘകാലയളവിലേയ്ക്കുള്ള ശമ്പള കുടിശ്ശിക ഒറ്റ ബില്ലായി മാറുന്നതിനുള്ള സംവിധാനം സ്പാർക്കിൽ ഉൾപ്പെടുത്താത്തത്. എന്നാൽ ഓരോ ജീവനക്കാരന്റെയും ദീർഘകാലയളവിലുള്ള ശമ്പളക്കുടിശ്ശിക ബില്ലുകൾ ഓരോ ബില്ലായി മാറുന്നതിനുള്ള സംവിധാനം സ്പാർക്കിൽ ഇപ്പോൾത്തന്നെ ലഭ്യമാണ്. ഇതനുസരിച്ച് തൃശ്ശൂർ ശ്രീകേരളവർമ്മ കോളേജിലെ ദീർഘ കാലയളവിലുള്ള കുടിശ്ശിക ബില്ലുകൾ മാറുന്നതിന് സാങ്കേതിക തടസ്സങ്ങൾ ഒന്നുംതന്നെ സ്പാർക്കിൽ നിലവിലില്ല

**ബാങ്കുകളിൽ നോട്ട് ക്ഷാമം**

54 (3229) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ബാങ്കുകളിൽ നോട്ടുക്ഷാമം ഉണ്ടായതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) നോട്ടുക്ഷാമം ഉണ്ടായതിനെ തുടർന്ന് വരുമാനത്തിൽ കുറവ് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്

(ബി)ഉണ്ട്.

**സമ്പദ്ഘടനയിലെ മുരടിപ്പ്**

55 (3230) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമ്പദ്ഘടനയിലെ മുരടിപ്പ് മാറ്റുന്നതിനായി ഈ സർക്കാർ കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണ്;

(ബി) പ്രസ്തുത പ്രവർത്തനങ്ങൾമൂലം ദേശീയ ശരാശരിയേക്കാളും പിന്നിലായിരുന്ന നമ്മുടെ സാമ്പത്തിക വളർച്ചയിൽ എന്തു മാറ്റം ഉണ്ടാക്കുവാൻ കഴിഞ്ഞു എന്ന് വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തെ സാമ്പത്തിക വളർച്ചാ നിരക്ക് എത്രയായിരുന്നു; ഇപ്പോഴത്തെ വളർച്ചാ നിരക്ക് എത്രയായിരിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത്?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ നിശ്ചലാവസ്ഥയിലായിരുന്ന സമ്പദ്ഘടനയെ പുനരുജ്ജീവിപ്പിക്കാൻ കൈക്കൊണ്ട നടപടികളിൽ പ്രധാനപ്പെട്ടവ ഇവയാണ്.

(i) മൂലധനച്ചെലവിനായി വിപണിയിൽനിന്നും ഫണ്ട് സ്വരൂപിക്കുന്നതിനും നിലവിലെ സാമ്പത്തിക മാന്ദ്യം അതിജീവിക്കുന്നതിനായി 12,000 കോടി രൂപയുടെ മാന്ദ്യവിരുദ്ധ പാക്കേജ് നടപ്പിലാക്കുവാൻ 2016-17 ബഡ്ജറ്റിൽ വ്യവസ്ഥ ചെയ്ത് തുടർനടപടി സ്വീകരിച്ചുവരുന്നു.

(ii) 1999-ലെ കിഫ്ബി ആക്ട് പരിഷ്കരിച്ചുകൊണ്ട് സെബിയും ആർ.ബി.ഐ.-യും അംഗീകരിച്ചിട്ടുള്ള നൂതന ധനസമാഹരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുവാൻ കേരള ഇൻഫ്രാസ്ട്രക്ചർ ഫണ്ട് ബോർഡിനെ സജ്ജമാക്കുകയും ട്രഷറി ശൃംഖലയ്ക്ക് കോർ ബാങ്കിംഗ് സിസ്റ്റം നടപ്പിലാക്കുകയുംചെയ്തു.

(iii) വായ്പയെടുക്കുന്നതിന്റെ ഒരുഭാഗം ഉപയോഗപ്പെടുത്തി അതിന്റെ പലമടങ്ങ് പണം ബഡ്ജറ്റിനുപുറത്ത് സമാഹരിച്ച് സർക്കാർ നേതൃത്വത്തിൽ മുതൽമുടക്കി അതുവഴി സംസ്ഥാനത്തിന്റെ വളർച്ച ത്വരിതപ്പെടുത്തുവാൻ വേണ്ട നടപടികൾ അന്തിമഘട്ടത്തിലാണ്.

(iv) ഗുണഭോക്താക്കളെ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ലഭ്യമായ വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ കുടിശ്ശിക പൂർണ്ണമായും വിതരണം ചെയ്യുന്നതിനും സാമൂഹ്യ സുരക്ഷാപെൻഷനുകൾ കുടിശ്ശിക തീർത്ത് വീട്ടിലെത്തിക്കുകയെന്ന വാഗ്ദാനം പാലിക്കുവാനും സർക്കാരിന് കഴിഞ്ഞിട്ടുണ്ട്.

(v) 14 ജില്ലാ സഹകരണ ബാങ്കുകളെയും സംസ്ഥാന സഹകരണ ബാങ്കിനെയും സംയോജിപ്പിച്ചുകൊണ്ട് സഹകരണ മേഖലയിൽ കേരള കോ-ഓപ്പറേറ്റീവ് ബാങ്ക് രൂപീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(vi) വൈദ്യുതി പ്രസരണ നഷ്ടം ഗണ്യമായി കുറയ്ക്കുന്നതിനും ഊർജ്ജ ഇവാക്വേഷൻ ആവശ്യങ്ങൾ തൃപ്തിപ്പെടുത്തുന്നതിനും വിതരണ-പ്രസരണ ശൃംഖല മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ പ്രവർത്തനങ്ങൾ സ്വീകരിച്ചുവരുന്നു.

(vii) തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള സംസ്ഥാന സർക്കാർ വിഹിതം വർദ്ധിപ്പിച്ചു.

(vii) പത്താം ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾ പൂർണ്ണതോതിൽ അനുവദിച്ചു.

(ബി & സി) ഈ സർക്കാർ അധികാരത്തിൽ വന്നത് 2016 മേയ് മാസത്തിലാണ്. അതിനുശേഷം കൈക്കൊണ്ട മേൽ പ്രതിപാദിച്ച നടപടികളുടെ ഫലങ്ങൾ സമ്പദ്ഘടനയിൽ ദൃശ്യമായി തുടങ്ങുമെന്ന് പ്രതീക്ഷിക്കുന്നത് 2016-17 മുതലാണ്. എന്നാൽ പ്രസ്തുത കാലയളവിലെ ഇതുസംബന്ധിച്ച കണക്കുകൾ

ഇനിയും അന്തിമമാകാത്ത പശ്ചാത്തലത്തിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ച സംബന്ധിച്ച ആധികാരിക വിവരങ്ങൾ ലഭ്യമല്ല. കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്തെ സാമ്പത്തിക വളർച്ചാനിരക്ക് 2012-13-ൽ 6.50 ശതമാനവും 2013-14-ൽ 3.89 ശതമാനവും 2014-15-ൽ 7.31 ശതമാനവും (താൽക്കാലിക കണക്കുകൾ പ്രകാരം) 2015-16-ൽ (ത്വരിത കണക്കുകൾ പ്രകാരം) 8.10 ശതമാനവുമാണ്.

**മദ്യവില്പനയിലൂടെയുള്ള ആഭ്യന്തര വരുമാനം**

56 (3231) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ കഴിഞ്ഞ വർഷത്തെ വരുമാനത്തിൽ കേരള ബിവറേജസ് കോർപറേഷൻ, കൺസ്യൂമർ ഫെഡ് മദ്യവില്പനശാലകൾ , ബിയർ ആൻഡ് വൈൻ പാർലറുകൾ, കള്ള് ഷാപ്പുകൾ, ബാറുകൾ എന്നിവയിൽ നിന്ന് ലഭിച്ച വരുമാനം എത്രയെന്ന കണക്ക് ലഭ്യമാക്കാമോ; ഇതു കേരളത്തിന്റെ മൊത്തം അഭ്യന്തര വരുമാനത്തിന്റെ എത്ര ശതമാനം വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ബി) ദേശീയ സംസ്ഥാന പാതകൾക്ക് സമീപമുള്ള മദ്യവിൽപ്പനശാലകൾ അടച്ചുപൂട്ടണമെന്ന കോടതി ഉത്തരവ് കേരളത്തിന്റെ വരുമാനത്തിൽ എത്ര കുറവ് വരുത്തുമെന്ന് കരുതുന്നു;

(സി) 2016 ഏപ്രിൽ മാസത്തിലും 2017 ഏപ്രിൽ മാസത്തിലും മദ്യവ്യാപാര സ്ഥാപനങ്ങളിൽ നിന്ന് ലഭിച്ച വരുമാനം എത്രയായിരുന്നു;

(ഡി) പുതിയ നിയമങ്ങൾ ടൂറിസം വ്യവസായത്തിൽനിന്നുള്ള വരുമാനത്തിന് എത്രത്തോളം കുറവ് വരുത്തുമെന്ന് കരുതുന്നു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2016-17 സാമ്പത്തിക വർഷത്തിൽ വിദേശമദ്യ വിൽപ്പനയിലൂടെ വാണിജ്യനികുതി ഇനത്തിൽ 8778.29 കോടി രൂപയുടെയും എക്സൈസ് ഡ്യൂട്ടി, ലൈസൻസ് ഫീ, ട്രീ ടാക്സ് , ഗാലനേജ് ഫീ, റെന്റൽ എന്നിവയിലൂടെ 1969 കോടി രൂപയുടെയും വരുമാനമുണ്ടായിട്ടുണ്ട്. ഇത് കേരളത്തിന്റെ മൊത്തം വരുമാനത്തിന്റെ എത്ര ശതമാനം വരുമെന്ന് കണക്കാക്കിയിട്ടില്ല.

(ബി) വിദേശ മദ്യവിൽപ്പനയിൽ ഏകദേശം 2000 കോടി രൂപയുടെയും എക്സൈസ് ഡ്യൂട്ടി, ഗാലനേജ് ഫീ തുടങ്ങിയവയിൽ 120 കോടി രൂപയുടെയും ലൈസൻസ് ഫീസ് ഇനത്തിൽ 35 കോടി രൂപയുടെയും നഷ്ടമുണ്ടാകുമെന്ന് കണക്കാക്കിയിരിക്കുന്നു.

(സി) എക്സൈസ് വകുപ്പുമുഖേന 2016 ഏപ്രിൽ മാസത്തിൽ 180.65 കോടി രൂപയും 2017 ഏപ്രിൽ മാസത്തിൽ 142.69 കോടി രൂപയും വരുമാനമുണ്ടായിട്ടുണ്ട്. ബിവറേജസ് കോർപ്പറേഷൻ 2016 ഏപ്രിൽ മാസത്തിൽ 919 കോടി രൂപയും 2017 ഏപ്രിൽ മാസത്തിൽ 807 കോടി രൂപയും ഡ്യൂട്ടിയിനത്തിലും നികുതിയിനത്തിലുമായി സർക്കാരിലേയ്ക്ക് അടച്ചിട്ടുണ്ട്.

(ഡി) സംസ്ഥാനത്തെ ഹോട്ടലുകളിലെ MICE (മീറ്റിംഗുകൾ, ഇൻസെന്റീവുകൾ, കോൺഫറൻസുകൾ, എക്സിബിഷനുകൾ) വ്യവസായത്തിന്റെ വളർച്ചാ നിരക്ക് 9.1 ശതമാനത്തിൽനിന്നും 0.6 ശതമാനത്തിലേയ്ക്ക് കുപ്പുകുത്തുകയുണ്ടായി. ഇതിനുള്ള പ്രധാന കാരണങ്ങളിലൊന്ന് മദ്യനിയമങ്ങളിലുണ്ടായ മാറ്റമാണ്.

## 2016-17-ലെ റവന്യൂ വരുമാനം

57 (3232) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷത്തെ സംസ്ഥാനത്തെ ആകെ റവന്യൂ വരുമാനം എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ ഏറ്റവുമധികം വരുമാനം ലഭിച്ചത് ഏത് ഇനത്തിൽ നിന്നും ആയിരുന്നുവെന്ന് കണക്കാക്കാമോ;

(സി) മദ്യം, സ്വർണ്ണ വിൽപ്പന, ലോട്ടറി എന്നീ മേഖലയിൽ നിന്നുള്ള വരുമാനം പ്രത്യേകം വെളിപ്പെടുത്താമോ?

ഉത്തരം

(എ & ബി) അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം 2016 ഡിസംബർ 31 വരെ ലഭിച്ച ആകെ റവന്യൂ വരുമാനം 50407.49 കോടി രൂപയാണ്. ഇതിൽ വിൽപ്പന നികുതി ഇനത്തിലാണ് ഏറ്റവും കൂടുതൽ വരുമാനം ലഭിച്ചിട്ടുള്ളത് (23925.09 കോടി രൂപ)

(സി) 2016-17 സാമ്പത്തിക വർഷത്തിൽ കേരള സ്റ്റേറ്റ് ബിവറേജ് കോർപ്പറേഷൻ, കൺസ്യൂമർ ഫെഡ്, മദ്യവിൽപ്പനശാലകൾ, ബിയർ & വൈൻ

പാർലറുകൾ, കള്ള് ഷാപ്പുകൾ , ബാറുകൾ എന്നിവയിൽനിന്നും വിദേശമദ്യം, കള്ള് തുടങ്ങിയവയുടെ വിൽപ്പനയുമായി ബന്ധപ്പെട്ട എക്സൈസ് ഡ്യൂട്ടി, ലൈസൻസ് ഫീ, ട്രീ ടാക്സ്, ഗാലനേജ് ഫീ, റെന്റൽ മുതലായ ഇനങ്ങളിൽ എക്സൈസ് വകുപ്പ് മുഖേന സർക്കാരിന് ലഭിച്ച വരുമാനം 1969 കോടി രൂപയും ലോട്ടറി ടിക്കറ്റ് വിൽപ്പനയിലൂടെ 7394.90 കോടി രൂപയും (വിറ്റുവരവ്) മദ്യം, സ്വർണ്ണം, ലോട്ടറി എന്നിവയുടെ വിൽപ്പന നികുതിയിനത്തിൽ 9393.64 കോടി രൂപയും ലഭിച്ചിട്ടുണ്ട്.

## 2016-17 വാർഷിക പദ്ധതിയിലെ ചെലവ്

58 (3233) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 വാർഷിക പദ്ധതിയിലെ തുകയുടെ എത്ര ശതമാനം ചെലവായിട്ടുണ്ട്; വിശദവിവരം നൽകുമോ;

(ബി) 2017 മാർച്ച് 31-ലെ കണക്ക് ലഭ്യമായിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(സി) വരും വർഷങ്ങളിൽ ഭരണാനുമതി നൽകുന്നതിന് മാർച്ച് വരെ കാത്തിരിക്കുന്നതിന് പകരം സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽതന്നെ ഭരണാനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഏറ്റവും കുറവ് തുക ചെലവായിട്ടുള്ളത് ഏതെല്ലാം വകുപ്പുകളിലാണ്; വിശദവിവരം നൽകുമോ?

ഉത്തരം

(എ & ബി) 2016-17 സാമ്പത്തിക വർഷം വാർഷിക പദ്ധതിയിലെ തുകയുടെ 82 ശതമാനം ചെലവഴിച്ചു. വിശദവിവരം (2017- മാർച്ച് 31 -ലെ കണക്ക് പ്രകാരം) അനുബന്ധമായി ചേർക്കുന്നു.*

(സി) 5-4-2017-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ പദ്ധതി അവലോകന യോഗത്തിൽ 2017 ജൂൺ 30-നകം 60 ശതമാനം പദ്ധതികൾക്കും ഭരണാനുമതി നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മുഴുവൻ പദ്ധതികൾക്കും ഭരണാനുമതി 2017 സെപ്റ്റംബർ 30-നകം നൽകാനും നിർദ്ദേശിച്ചിട്ടുണ്ട്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) 2016-17 സാമ്പത്തിക വർഷം പദ്ധതിച്ചെലവ് 50 ശതമാനത്തിൽ താഴെയുള്ളത് തുറമുഖം (20%) ഉന്നത വിദ്യാഭ്യാസം (42%) എന്നീ വകുപ്പുകൾക്കാണ്. പദ്ധതിച്ചെലവ് വകുപ്പ് തിരിച്ച് അനുബന്ധമായി ചേർത്തിരിക്കുന്നു*

**ടാക്സ് ആംനസ്റ്റി പദ്ധതി**

59 (3234) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-17-ലെ പുതുക്കിയ ബജറ്റിൽ സംസ്ഥാനത്തെ വ്യാപാരികൾക്ക് നൽകിയ ടാക്സ് ആംനസ്റ്റി പദ്ധതിയിലൂടെ എത്ര തുക സമാഹരിക്കുവാൻ കഴിഞ്ഞുവെന്നും എത്ര വ്യാപാരികളെ പുതുതായി നികുതിയിലേയ്ക്ക് കൊണ്ടുവരുവാൻ കഴിഞ്ഞുവെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

2016-17-ലെ പുതുക്കിയ ബഡ്ജറ്റിൽ സംസ്ഥാനത്തെ വ്യാപാരികൾക്ക് നൽകിയ ടാക്സ് ആംനസ്റ്റി പദ്ധതിയിലൂടെ 5.85 കോടി രൂപ സമാഹരിക്കുവാൻ കഴിഞ്ഞു. 725 വ്യാപാരികളെ പുതുതായി നികുതിയിലേയ്ക്ക് കൊണ്ടുവരുവാൻ കഴിഞ്ഞു.

**ചരക്കുസേവന നികുതി**

60 (3235) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരക്കുസേവന നികുതി ഏർപ്പെടുത്തുന്നതു വഴി വാണിജ്യ നികുതി വകുപ്പിലെ തസ്തികകളിൽ പുനർനിർണ്ണയം വേണ്ടിവരുമെന്ന് കരുതുന്നുണ്ടോ;

(ബി) ഈ മാറ്റത്തിന്റെ അടിസ്ഥാനത്തിൽ വകുപ്പിൽ നിന്നും മറ്റ് വകുപ്പുകളിലേയ്ക്ക് ജീവനക്കാരുടെ വിന്യാസം ആവശ്യമായി വരുമെന്ന് കരുതുന്നുണ്ടോ;

(സി) ചരക്കുസേവന നികുതിയിലേയ്ക്കുള്ള മാറ്റത്തിന്റെ അടിസ്ഥാനത്തിൽ വാണിജ്യനികുതി വകുപ്പിലെ ഭരണതലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന മാറ്റങ്ങൾ എന്തൊക്കെയാണ്; ഇതിനായി എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) ചരക്കുസേവന നികുതി നിലവിൽ വരുമ്പോൾ നികുതി വകുപ്പിലെ തസ്തികകളിൽ പുനർനിർണ്ണയം വേണ്ടിവരും

(ബി) ചരക്കുസേവന നികുതി നിലവിൽ വരുമ്പോൾ സംസ്ഥാനങ്ങൾ കൈകാര്യം ചെയ്തിരുന്ന ഫയലുകൾക്കുപരി സേവന മേഖലയിലെ ഫയലുകൾകൂടി കൈകാര്യം ചെയ്യേണ്ടിവരുമെന്നതിനാൽ ജീവനക്കാരെ മറ്റ് വകുപ്പുകളിലേയ്ക്ക് വിന്യസിപ്പിക്കേണ്ടി വരുമെന്ന് കരുതുന്നില്ല.

(സി) ഇതുസംബന്ധിച്ച പ്രാരംഭ ചർച്ചകൾ നടന്നുവരുന്നു. അന്തിമ തീരുമാനമായിട്ടില്ല.

**അനധികൃതമായി ബസ്സുകളിൽ ചരക്ക് കടത്തുന്നതിനെതിരെ നടപടി**

61 (T* 3236) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്തർസംസ്ഥാന സർവ്വീസ് നടത്തുന്ന സ്വകാര്യ ഹൈടെക് വോൾവോ ബസ്സുകളിൽ ചരക്ക് കടത്തുന്നത് കണ്ടെത്താൻ വാണിജ്യ നികുതി വകുപ്പും ഇന്റലിജൻസ് സ്ക്വാഡും കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ നടത്തിയ പരിശോധനയിൽ എത്ര കേസ്സുകൾ പിടിക്കപ്പെട്ടുവെന്നും എന്ത് തുക പിഴ ഈടാക്കിയെന്നും വ്യക്തമാക്കുമോ;

(ബി) ഈ വക കടത്ത് കെ. എസ്. ആർ. ടി. സി. ബസ്സുകളിലും വ്യാപകമായി നടക്കുന്നതിനാൽ അവ പരിശോധനയിൽനിന്ന് ഒഴിവാക്കാതിരിക്കാൻ കർശന നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) അന്തർസംസ്ഥാന സർവ്വീസ് നടത്തുന്ന സ്വകാര്യ ഹൈടെക് വോൾവോ ബസ്സുകളിൽ ചരക്ക് കടത്തുന്നത് കണ്ടെത്താൻ വാണിജ്യ നികുതി വകുപ്പും ഇന്റലിജൻസ് സ്ക്വാഡും കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ നടത്തിയ പരിശോധനയിൽ 2799 കേസുകൾ പിടിക്കുകയും 229.48 ലക്ഷം രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) കെ. എസ്. ആർ.ടി.സി. ബസ്സുകളിലും പരിശോധന നടത്തുന്നതാണ്.

*T. മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## സ്വർണ്ണാഭരണങ്ങൾക്ക് ഏർപ്പെടുത്തിയ വാങ്ങൽ നികുതി

62 (3237) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വർണ്ണാഭരണങ്ങൾക്ക് ഏർപ്പെടുത്തിയ വാങ്ങൽ നികുതി പിൻവലിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് സ്വർണ്ണ വ്യാപാരികൾ നൽകിയ നിവേദനം അനുഭാവപൂർവ്വം പരിഗണിക്കുമോ?

ഉത്തരം

(എ &ബി) സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നതാണ്.

## കാർഷിക വരുമാനത്തിന് നികുതി

63 (3238) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക വരുമാനത്തിന് നികുതി ഏർപ്പെടുത്തുമെന്നുള്ള കേന്ദ്ര സർക്കാരിന്റെ നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) കാർഷിക നികുതി ഏർപ്പെടുത്തൽ കേന്ദ്ര സർക്കാരിന്റെ അധികാരപരിധിയിൽ വരുന്നതല്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) കാർഷിക വരുമാനം കർഷകരെ സംരക്ഷിക്കാനുള്ളതാണെന്ന വസ്തുത മനസ്സിലാക്കി കാർഷികനികുതി ചുമത്താനുള്ള കേന്ദ്ര സർക്കാരിന്റെ നീക്കം തടയുന്നതിനായി എന്തൊക്കെ നടപടികൾ ഇതുവരെ സ്വീകരിച്ചു; ഇനി എന്തൊക്കെ നടപടികൾ കർഷകരെ സഹായിക്കാൻ സ്വീകരിക്കുമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി &സി) ഇന്ത്യൻ ഭരണഘടനയുടെ 7-ാം ഷെഡ്യൂളിലെ സ്റ്റേറ്റ് ലിസ്റ്റിൽ 46-ാം എൻട്രിയാണ് കാർഷികാദായ നികുതി. ചരക്കുസേവന നികുതി നടപ്പിലാക്കുന്നതിനായി ഭരണഘടനാ ഭേദഗതി [The Constitution (One Hundred and First Amendment) Act, 2016] വരുത്തിയപ്പോഴും ഇതിന് യാതൊരു മാറ്റവും വരുത്തിയിട്ടില്ല. ആയതിനാൽ കാർഷികാദായ നികുതി ഏർപ്പെടുത്തൽ സംസ്ഥാന സർക്കാരിന്റെ അധികാരപരിധിയിൽ വരുന്നതാണ്.

**സബ് ട്രഷറിയുടെ പ്രവർത്തനം**

64 (3239) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കളമശ്ശേരിയിലെ സബ് ട്രഷറിയുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കാത്തതിനാൽ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ?

ഉത്തരം

കളമശ്ശേരി സബ് ട്രഷറിയുടെ പ്രവർത്തനം 1-3-2017-ലാണ് ആരംഭിച്ചത്. ട്രഷറിക്ക് വേണ്ട എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഏർപ്പെടുത്തുകയും കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഈ സബ് ട്രഷറിയിൽ ആവശ്യമായ ജീവനക്കാരെയും നിയമിച്ചുകഴിഞ്ഞിട്ടുണ്ട്. പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലൂടെ ട്രാൻസാക്ഷനുകൾ നടത്താനുള്ള ബ്രോഡ്ബാന്റ് കണക്ഷനും VPN കണക്ഷനും പ്രസ്തുത ട്രഷറിയിൽ ഇതിനോടകം ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ട്രാൻസാക്ഷനുകൾ വളരെക്കുറച്ച് മാത്രമേ കളമശ്ശേരി ട്രഷറിയിൽ നടന്നിട്ടുള്ളൂ. പുതിയ ട്രഷറിയിലേയ്ക്ക് ഗസറ്റ് വിജ്ഞാപന പ്രകാരം മറ്റ് ട്രഷറികൾ മുഖാന്തരം ഇടപാട് നടത്തിക്കൊണ്ടിരുന്ന ഡി.ഡി.ഒ.-മാർ മാറുന്നതിനുള്ള കാലതാമസംകൊണ്ടാണ് പ്രവർത്തനം പൂർണ്ണതോതിൽ സാദ്ധ്യമാകാത്തത്. താമസംവിനാപ്രസ്തുത ട്രഷറി പൂർണ്ണമായും പ്രവർത്തന സജ്ജമാകുന്നതാണ്.

**തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകിയ ബില്ലുകൾ മാറി തുക അനുവദിക്കുന്നതിനുള്ള ബുദ്ധിമുട്ട്**

65 (3240) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോട്ട് ക്ഷാമംമൂലം തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകിയ ബില്ലുകൾ മാറി തുക അനുവദിക്കുന്നതിന് ട്രഷറിയിൽ ബുദ്ധിമുട്ട് അനുഭവിച്ചിട്ടുണ്ട് എന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ സംസ്ഥാനത്ത് ഇത്തരത്തിൽ ഫണ്ട് ലഭിക്കാതെ പദ്ധതി പ്രവർത്തനം താറുമാറായ തദ്ദേശഭരണസ്ഥാപനങ്ങളുടെ പേര് വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) നോട്ട് ക്ഷാമംമൂലം നിലവിൽ ട്രഷറികളുടെ പ്രവർത്തനത്തിൽ ബുദ്ധിമുട്ട് നേരിടുന്നുണ്ടോ; ഉണ്ടെങ്കിൽ ഈ പ്രശ്നം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നോട്ട് ക്ഷാമം ട്രഷറി ഇടപാടുകളെ പൊതുവിൽ പ്രയാസത്തിലാക്കിയിട്ടുണ്ട്. എന്നാൽ പല പരിഹാര നടപടികളിലൂടെയും ഇതിന് ആശ്വാസമുണ്ടാക്കാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്.

(ബി) ട്രഷറികൾ ആവശ്യപ്പെടുന്നത്ര കറൻസി ലഭിക്കാതെ വരുന്ന സാഹചര്യത്തിൽ ട്രഷറി ഇടപാടുകൾക്ക് പ്രയാസം നേരിട്ടിട്ടുണ്ട്. ട്രഷറികളിലെ കറൻസിക്ഷാമം പരിഹരിക്കുന്നതിനായി ബിവറേജസ് കോർപ്പറേഷൻ, ലോട്ടറി, കെ.എസ്.എഫ്.ഇ. എന്നിവയുടെ വരുമാനം ട്രഷറികളിൽ നേരിട്ട് അടയ്ക്കുന്നതിനും ബാങ്കിംഗ് ട്രഷറികളിൽ ചെലാനുകൾ നേരിട്ട് ട്രഷറി കൗണ്ടറുകൾ മുഖേന സ്വീകരിക്കുന്നതിനുള്ള സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്.

**പെൻഷൻ വാങ്ങുന്നവർക്ക് പാസ്സ് ബുക്ക് പതിച്ചു നൽകൽ**

66 (3241) <u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ നിന്നും പെൻഷൻ വാങ്ങുന്നവർക്ക് പാസ്സ്ബുക്ക് പതിച്ചുനൽകുന്ന സംവിധാനം പര്യാപ്തമല്ലെന്ന് കാണിച്ച് ട്രഷറി വകുപ്പിന് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പരാതി പരിഹരിക്കാൻ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) പ്രായാധിക്യമുള്ളവരുടെ പ്രസ്തുത ബുദ്ധിമുട്ടിന് പരിഹാരമുണ്ടാക്കാനായി പണമിടപാടുള്ള ഏതു കൗണ്ടറിൽ നിന്നും പാസ്സ്ബുക്ക് കൂടി അപ്ഡേറ്റ് ചെയ്തു നൽകാൻ വേണ്ട നിർദ്ദേശം നൽകുമോയെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ആറ് ഇടപാടുകൾ വരെയുള്ള പാസ്സ്ബുക്ക് എൻട്രികൾ സേവിംഗ്സ് ബാങ്ക് കൗണ്ടറിൽനിന്നും പതിച്ചു കൊടുക്കുന്നു. ആറിൽ കൂടുതൽ എൻട്രികളുള്ള പാസ്സ്ബുക്കുകൾ ഹെൽപ്പ് ഡെസ്ക് വഴി പതിച്ചുനൽകുന്നു. കൂടാതെ പാസ്സ്ബുക്ക് പതിച്ചുനൽകുന്നതിനുള്ള പാസ്സ് ബുക്ക് പ്രിന്ററുകളുടെ സേവനവും ഉടനടി നടപ്പിൽ വരുത്തുവാൻ സാധിക്കും.

(സി) ചെക്ക് സ്ക്രൂട്ടിനി ചെയ്യുമ്പോൾത്തന്നെ പാസ്സ്ബുക്ക് പതിച്ചുനൽകുന്നുണ്ട്. ആറിൽക്കൂടുതൽ എൻട്രികൾ ഹെൽപ്പ് ഡെസ്കവഴി പതിച്ചുനൽകിവരുന്നു. ഈ ക്രമീകരണം ഇത്തരം പരാതികൾ ഒഴിവാക്കുന്നതിന് പര്യാപ്തമാണ്.

**മാവേലിക്കര സബ് ട്രഷറി ഓഫീസിലെ സൂപ്രണ്ട് തസ്തിക**

67 (3242) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര സബ് ട്രഷറി ഓഫീസിൽ നിലവിലുണ്ടായിരുന്ന സൂപ്രണ്ട് തസ്തിക മുതുകുളം സബ് ട്രഷറിയിലേയ്ക്ക് മാറ്റിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മാവേലിക്കര സബ് ട്രഷറിയുടെ പ്രവർത്തനത്തെ ഇത് സാരമായി ബാധിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത സൂപ്രണ്ട് തസ്തിക പുനഃസ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സൂപ്രണ്ടിന്റെ ഒരു തസ്തിക മാറ്റിയത് മാവേലിക്കര സബ് ട്രഷറിയുടെ പ്രവർത്തനത്തെ ബാധിച്ചിട്ടില്ല.

(സി) പ്രസ്തുത സൂപ്രണ്ട് തസ്തിക പുനഃസ്ഥാപിക്കേണ്ട അനിവാര്യത ഇല്ലാത്തതിനാൽ ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**കാസർഗോഡ് ജില്ലയിൽ പുതിയ സബ് ട്രഷറി**

68 (3243) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 5 വർഷത്തിനുള്ളിൽ സംസ്ഥാനത്ത് എത്ര പുതിയ സബ് ട്രഷറികൾ സ്ഥാപിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) കാസർഗോഡ് ജില്ലയിൽ പുതിയതായി സബ് ട്രഷറി തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എവിടെയെല്ലാമാണ് സ്ഥാപിക്കാനുദ്ദേശിക്കുന്നതെന്നും ഇതിനായി കൈക്കൊണ്ട പ്രാരംഭ നടപടികൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ സംസ്ഥാനത്ത് മൊത്തം 19 ട്രഷറികൾ പുതുതായി ആരംഭിച്ചിട്ടുണ്ട്. അവയുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| തിരുവനന്തപുരം | 1. വെള്ളനാട് സബ് ട്രഷറി<br>2. കുടപ്പനക്കുന്ന് സബ് ട്രഷറി |
| കോട്ടയം | 3.പെൻഷൻ പേയ്മെന്റ് സബ് ട്രഷറി, ചങ്ങനാശ്ശേരി<br>4. കുറവിലങ്ങാട് സബ് ട്രഷറി<br>5. അയർക്കുന്നം സബ് ട്രഷറി<br>6. എരുമേലി സബ് ട്രഷറി |
| ആലപ്പുഴ | 7. മുതുകുളം സബ്ട്രഷറി<br>8. നൂറനാട് സബ്ട്രഷറി |
| ഇടുക്കി | 9. മുരിക്കാശ്ശേരി സബ് ട്രഷറി |
| എറണാകുളം | 10. കളമശ്ശേരി സബ് ട്രഷറി |
| തൃശ്ശൂർ | 11. മെഡിക്കൽ കോളേജ് സബ് ട്രഷറി |
| മലപ്പുറം | 12. വേങ്ങര സബ് ട്രഷറി<br>13. എടവണ്ണ സബ് ട്രഷറി<br>14. എടക്കര സബ് ട്രഷറി<br>15. കോട്ടയ്ക്കൽ സബ് ട്രഷറി |
| കോഴിക്കോട് | 16. കൂരാച്ചുണ്ട് സബ് ട്രഷറി |
| വയനാട് | 17. നടവയൽ സബ് ട്രഷറി |
| കണ്ണൂർ | 18. ചെറുപുഴ സബ് ട്രഷറി |
| കാസർഗോഡ് | 19. മാലക്കല്ല് സബ് ട്രഷറി |

(ബി) കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ ആസ്ഥാനമാക്കി സബ്ട്രഷറി തുടങ്ങാൻ പ്രൊപ്പോസൽ ഉണ്ടായിരുന്നു. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പ്രസ്തുത സബ്ട്രഷറി ആരംഭിക്കുന്നത് തൽക്കാലത്തേയ്ക്ക് പരിഗണിക്കേണ്ടതില്ലെന്നും തീരുമാനമെടുത്തിരുന്നു.

**ട്രഷറികൾ ആധുനികവൽക്കരിക്കൽ**

69 (3244) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ട്രഷറികൾ ആധുനികവൽക്കരിക്കുവാൻ നടപടി സ്വീകരിക്കുമോ; ഇതിനായി എന്തെങ്കിലും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇവയെ ഉപഭോക്തൃ സൗഹൃദവും വയോജന സൗഹൃദവുമാക്കുവാൻ നടപടി സ്വീകരിക്കുമോ; പൊതുജനങ്ങളെ ആകർഷിക്കുവാൻ പറ്റുന്ന തരത്തിൽ ട്രഷറികളെ മാറ്റുവാൻ നടപടി സ്വീകരിക്കുമോ;വ്യക്തമാക്കുമോ;

(സി) ജീവനക്കാരുടെ മനോഭാവം മാറ്റുവാൻ ആവശ്യമായ പരിശീലനം നൽകുമോ;

(ഡി) വൈദ്യുതി ബിൽ, വെള്ളക്കരം, സ്കൂൾ ഫീസ് തുടങ്ങിയവ അടയ്ക്കുവാനും സേവനങ്ങൾ മൊബൈൽ ഫോൺ മുഖേന നൽകുവാനുള്ള സൗകര്യങ്ങളും സേവിംഗ്സ് ബാങ്ക് എ.ടി.എം. സംവിധാനവും ട്രഷറിയിൽ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ ട്രഷറികൾ ആധുനികവൽക്കരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനായി രണ്ട് പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

1. ട്രഷറികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതി (TIDP-Treasury Infrastructure Development Project)

2. ട്രഷറികളുടെ പ്രവർത്തനങ്ങൾ ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ പരിഷ്കരിക്കുന്നതിനുള്ള സംയോജിത ധനകാര്യ മാനേജ്മെന്റ് സംവിധാനം (IFMS- Integrated Financial Management System)

അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 10 ട്രഷറികൾ നിർമ്മിക്കുന്നതിനുള്ള തത്വത്തിലുള്ള ഭരണാനുമതി ഇതിനോടകം സർക്കാർ നൽകിക്കഴിഞ്ഞു. സംയോജിത ധനകാര്യ മാനേജ്മെന്റ് സംവിധാനം ട്രഷറികളിൽ നടപ്പിലാക്കിക്കഴിഞ്ഞു.

(ബി) ട്രഷറികളെ ഉപഭോക്തൃ സൗഹൃദവും വയോജന സൗഹൃദവുമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. സംയോജിത ധനകാര്യ മാനേജ്മെന്റ് സംവിധാനം ഏർപ്പെടുത്തിയതോടുകൂടി ട്രഷറികൾ ഉപഭോക്തൃ സൗഹൃദ സ്ഥാപനങ്ങളായി മാറിക്കഴിഞ്ഞു. ട്രഷറി ഇടപാടുകാരുടെ സൗകര്യാർത്ഥം കോർബാങ്കിംഗ് സംവിധാനം ഏർപ്പെടുത്തിക്കഴിഞ്ഞു. ഓൺലൈൻ സേവനങ്ങൾ നൽകാനുള്ള പദ്ധതിയും വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. മൊബൈൽ ബാങ്കിംഗ് ഉൾപ്പെടെ ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള എല്ലാ സൗകര്യങ്ങളും ഇടപാടുകാർക്ക് നൽകാനുള്ള നടപടിയും പുരോഗമിക്കുന്നു.

ട്രഷറികൾ വയോജന സൗഹൃദമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് കേന്ദ്രീകൃത പെൻഷൻ ഡാറ്റാബേസ് (PIMS) നടപ്പിലാക്കിക്കഴിഞ്ഞു. കൂടാതെ പെൻഷൻകാർക്ക് വേണ്ടിയുള്ള യൂസർ ക്രെഡൻഷ്യൽസ് ഉപയോഗിച്ച് അവരുടെ പെൻഷൻ വിശദാംശങ്ങൾ 'പെൻഷൻ പോർട്ടൽ ' മുഖാന്തരം അറിയുന്നതിനുള്ള സംവിധാനവും നിലവിലുണ്ട്. സംസ്ഥാനത്തെ ഏത് ട്രഷറിയിൽനിന്നും പെൻഷൻ വാങ്ങുന്നതിനുള്ള സൗകര്യവും നിലവിലുണ്ട്.

(സി) ജീവനക്കാരുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനും ഉപഭോക്തൃ സൗഹൃദ മനോഭാവം സൃഷ്ടിക്കുന്നതിനും ഉതകുന്ന രീതിയിലുള്ള തുടർ പരിശീലനങ്ങൾ എല്ലാ ജീവനക്കാർക്കും നൽകുന്ന പദ്ധതി തുടരുന്നു.

(ഡി) വൈദ്യുതി ബിൽ, വെള്ളക്കരം തുടങ്ങിയ 'യൂട്ടിലിറ്റി പേയ്മെന്റ്സ് ' അടയ്ക്കുവാനും സേവനങ്ങൾ മൊബൈൽ ഫോൺ മുഖേന നൽകുവാനുമുള്ള സൗകര്യങ്ങൾ ട്രഷറികളിൽ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. സംസ്ഥാനത്തെ ട്രഷറികളിൽ എ.ടി.എം. സംവിധാനം ഏർപ്പെടുത്തുന്നത് നിലവിൽ പരിഗണനയിലില്ല. എന്നാൽ ട്രഷറി അക്കൗണ്ടുകളിലുള്ള പണം അക്കൗണ്ട് ഉടമകൾക്ക് യഥേഷ്ടം ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് മാറ്റുന്നതിനും അതുവഴി ബാങ്ക് എ.ടി.എം.ലൂടെ തുക പിൻവലിക്കുന്നതിനുള്ള സൗകര്യം നടപ്പിലാക്കാനുമുള്ള നിർദ്ദേശം ഈ സർക്കാരിന്റെ പരിഗണനയിലുണ്ട്.

## ചട്ടഞ്ചാൽ സബ് ട്രഷറി

70 (3245) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ചട്ടഞ്ചാൽ സബ് ട്രഷറി നിലവിൽ എവിടെയാണ് പ്രവർത്തിക്കുന്നത്;

(ബി) പ്രസ്തുത സ്ഥാപനത്തിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം അനുവദിച്ചിട്ടുണ്ടോ; എങ്കിൽ സ്ഥലം അനുവദിച്ചിട്ട് എത്ര വർഷമായി;

(സി) അനുവദിച്ചിട്ടുള്ള സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ കാസർഗോഡ് താലൂക്കിൽ ചെമ്മനാട് ഗ്രാമപഞ്ചായത്തിൽ തെക്കിൽ വില്ലേജിൽ ചട്ടഞ്ചാൽ എന്ന സ്ഥലത്ത് സ്വകാര്യവ്യക്തിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലാണ് ചട്ടഞ്ചാൽ സബ്ട്രഷറി പ്രവർത്തിക്കുന്നത്.

(ബി) സ്ഥലം അനുവദിച്ചിട്ടുണ്ട്. 3 വർഷം.

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്. ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കിഫ്ബി ധനസഹായത്തോടുകൂടി ട്രഷറികൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് വിശദമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ചട്ടഞ്ചാൽ സബ്ട്രഷറിയുടെ ഡി.പി.ആർ. ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

## ട്രഷറികളുടെ കോർബാങ്കിംഗ് സംവിധാനം

71 (3246) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രഷറികളുടെ കോർബാങ്കിംഗ് സമ്പ്രദായം പൂർത്തിയായിട്ടുണ്ടോ; കോർ ബാങ്കിംഗ് പൂർത്തിയാകുന്ന മുറയ്ക്ക് എ.ടി.എം. സൗകര്യം ലഭ്യമാക്കുമോ;

(ബി) ട്രഷറി ഇടപാടുകളുടെ വർദ്ധനയ്ക്കനുസരിച്ച് ജീവനക്കാരുടെ വർദ്ധനവ് വന്നിട്ടുണ്ടോ;ഇടപാടുകാർക്ക് മെച്ചപ്പെട്ട സേവനം പെട്ടെന്ന് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) ട്രഷറി ജീവനക്കാരുടെ മനോഭാവം മാറുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്;

(ഡി) ജനങ്ങൾക്ക് കൃത്യമായ വിവരങ്ങൾ ട്രഷറികളിൽ നിന്നും നൽകുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; ഇതിന് ട്രഷറി ജീവനക്കാരിൽ നിന്നും സെലക്ട് ചെയ്ത് ജീവനക്കാർക്ക് പബ്ലിക് റിലേഷൻസിൽ പരിശീലനം നൽകുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ട്രഷറികളിൽ കോർബാങ്കിംഗ് സമ്പ്രദായം പൂർത്തിയായിട്ടുണ്ട്. സംസ്ഥാനത്തെ ട്രഷറികളിൽ എ.ടി.എം. സംവിധാനം ഏർപ്പെടുത്തുന്നത് നിലവിൽ പരിഗണനയിലില്ല. എന്നാൽ ട്രഷറി അക്കൗണ്ടുകളിലുള്ള പണം അക്കൗണ്ട് ഉടമകൾക്ക് യഥേഷ്ടം ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് മാറ്റുന്നതിനും അതുവഴി ബാങ്ക് എ.ടി.എം.-ലൂടെ തുക പിൻവലിക്കുന്നതിനുള്ള സൗകര്യം നടപ്പിലാക്കാനുമുള്ള നിർദ്ദേശം ഈ സർക്കാരിന്റെ പരിഗണനയിലുണ്ട്.

(ബി) വിവര വിനിമയ സാങ്കേതിക വിദ്യയുടെ അടിസ്ഥാനത്തിലുള്ള ആധുനീകരണം ട്രഷറികളിൽ വർദ്ധിച്ചുവരുന്ന ഇടപാടുകൾ കൈകാര്യം ചെയ്യാനും സേവനങ്ങളുടെ ഗുണനിലവാരം ഉയർത്തുന്നതിനും പര്യാപ്തമായ വിധത്തിലുള്ളതാണ്.

(സി) CTFM /ഐ.എം.ജി. എന്നിവയുമായി സഹകരിച്ച് ജീവനക്കാരുടെ സോഫ്റ്റ് സ്കിൽ വളർത്തിയെടുക്കുന്നതിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ഉതകുന്ന തരത്തിൽ തുടർച്ചയായ പരിശീലന പരിപാടികൾ ആവിഷ്കരിച്ച് നൽകിവരുന്നുണ്ട്.

(ഡി) ജനങ്ങൾക്ക് കൃത്യമായ വിവരങ്ങൾ നൽകുവാൻ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. പബ്ലിക് റിലേഷൻസ് ഉൾപ്പെടെയുള്ള വിഷയങ്ങളിൽ ജീവനക്കാർക്ക് ഐ.എം.ജി.-യിൽ പരിശീലനം നൽകിവരുന്നു. ജനങ്ങൾക്ക് കൃത്യമായ വിവരങ്ങൾ നൽകുന്നതിനായി ട്രഷറികളിൽ എൻക്വയറി കൗണ്ടറുകൾ പ്രവർത്തിക്കുന്നു. ചില ട്രഷറികളിൽ ഹെൽപ് ഡെസ്ക് സംവിധാനവും നിലവിലുണ്ട്. ട്രഷറികളിൽനിന്ന് ലഭിക്കുന്ന സേവനങ്ങളുടെ ചാർട്ട് പൗരാവകാശ രേഖ/സേവനാവകാശ രേഖ പ്രകാരം ട്രഷറികളിൽ പ്രദർശിപ്പിച്ചിട്ടുണ്ട്.

## ജില്ലാ ട്രഷറിയുടെ നിലവാരം ഉയർത്തൽ

72 (3247) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ ട്രഷറിയെ ജില്ലാ ട്രഷറിയുടെ നിലവാരത്തിൽ ഉയർത്തുവാൻ ധനകാര്യ വകുപ്പ് സ്വീകരിച്ച നടപടികളെ സംബന്ധിച്ച വിവരം ലഭ്യമാക്കുമോ;

(ബി) കോട്ടയ്ക്കൽ ട്രഷറിയിൽ ജീവനക്കാർ നേരിടുന്ന ജോലി ഭാരം പരിഗണിച്ച് അധിക തസ്തികകൾ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) ജില്ലയിലെ നിരവധി സർക്കാർ ഓഫീസുകളും വ്യവസായ സ്ഥാപനങ്ങളും ഇപ്പോഴും ട്രഷറികളെ ആശ്രയിക്കുന്നതിനാൽ കോട്ടയ്ക്കൽ ട്രഷറിയെ അപ്ഗ്രേഡ് ചെയ്യുന്നതിനുവേണ്ടി അടിയന്തര നടപടി സ്വീകരിക്കുമോ; വിവരം ലഭ്യമാക്കുമോ?

### ഉത്തരം

(എ) കോട്ടയ്ക്കൽ സബ്ട്രഷറിയെ ജില്ലാ ട്രഷറിയായി ഉയർത്തുന്ന വിഷയം സർക്കാർ വിശദമായി പരിശോധിക്കുകയും അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുമെന്നതിനാൽ നിരസിക്കുകയും ചെയ്തിരുന്നു. കൂടാതെ ട്രഷറികളിൽ ആധുനികവൽക്കരണവും കമ്പ്യൂട്ടർവൽക്കരണവും പൂർത്തിയാക്കി നിലവിലെ ട്രഷറികളുടെ പ്രവർത്തനം വിലയിരുത്തിയതിനുശേഷമേ ട്രഷറികളുടെ പദവി ഉയർത്തുന്ന കാര്യം സർക്കാർ പരിഗണിക്കുകയുള്ളൂ.

(ബി) നിലവിൽ ജോലിഭാരത്തിന് ആനുപാതികമായ ജീവനക്കാർ ടി ട്രഷറിയിലുണ്ട്.

(സി) കോട്ടയ്ക്കൽ ട്രഷറിയെ ജില്ലാ ട്രഷറിയായി അപഗ്രേഡ് ചെയ്യുന്ന വിഷയം സർക്കാർ വിശദമായി പരിശോധിക്കുകയും ഇതിന്റെ ആവശ്യകത ഇല്ലാത്തതിനാലും അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാക്കുമെന്നതിനാലും ഇത് നിരസിച്ചിരുന്നു. ആയതിനാൽ പ്രസ്തുത ട്രഷറി അപ്ഗ്രേഡ് ചെയ്യേണ്ട ആവശ്യമില്ല.

## വ്യാജ ലോട്ടറി

73 (3248) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാജ ലോട്ടറി സംബന്ധിച്ച് ധനകാര്യവകുപ്പ് അന്വേഷണം നടത്തിയിട്ടുണ്ടോ; വിവരം ലഭ്യമാക്കുമോ;

(ബി) വ്യാജ ലോട്ടറിയുമായി ബന്ധപ്പെട്ട് ഏജന്റുമാരുടെ ഭാഗത്തുനിന്ന് എന്തെങ്കിലും ഇടപെടലുകൾ ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഇത്തരം ഇടപെടലുകളിൽ ലോട്ടറി വകുപ്പിലെ ഉദ്യോഗസ്ഥരുടെ പങ്ക് അന്വേഷിക്കുമോ; വ്യക്തമാക്കുമോ;

(ഡി) ഏതെങ്കിലും ഉദ്യോഗസ്ഥരുടെ പേരിൽ ഇക്കാര്യത്തിൽ നടപടി എടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഇ) കുറ്റമറ്റരീതിയിൽ കേരള ഭാഗ്യക്കുറി നടത്തുവാൻ നടപടി സ്വീകരിക്കുമോ; ഭാഗ്യക്കുറി വകുപ്പിൽ വിജിലൻസ് സംവിധാനം നിലവിലുണ്ടോ; എങ്കിൽ ആയത് ശക്തമാക്കുവാൻ നടപടി സ്വീകരിക്കുമോ; കുറ്റക്കാർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ധനകാര്യവകുപ്പ് അല്ല പരിശോധിക്കുന്നത്. ഒറ്റപ്പെട്ടതാണെങ്കിലും വ്യാജ ലോട്ടറി ടിക്കറ്റുകൾ സംബന്ധിച്ച് ഉയർന്നുവന്ന പരാതികൾ സർക്കാർ ഗൗരവത്തോടെയാണ് പരിശോധിക്കുന്നത്. അതിനാൽ പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിച്ചുള്ള പോലീസ് അന്വേഷണമാണ് നടക്കുന്നത്. ശ്രദ്ധയിൽ വന്ന സംഭവങ്ങൾ ആസൂത്രിതമായ ഏതെങ്കിലും ശ്രമത്തിന്റെ ഭാഗമാണോ എന്നതും പരിശോധിക്കുന്നുണ്ട്.

(ബി) ഉണ്ട്. വ്യാജ ലോട്ടറിയുമായി ബന്ധപ്പെട്ട് ഇടപെടലുകൾ നടത്തിയിട്ടുണ്ടെന്ന് സംശയമുള്ള ഏജന്റുമാരുടെ ഏജൻസി റദ്ദ് ചെയ്ത് അവർക്കെതിരെ അന്വേഷണ നടപടികൾക്ക് ശിപാർശ ചെയ്തിട്ടുണ്ട്.

(സി) വ്യാജലോട്ടറി നടത്തിപ്പുമായി ബന്ധപ്പെട്ട് വകുപ്പിലെ ഉദ്യോഗസ്ഥർക്കെതിരെ നാളിതുവരെ ആരോപണങ്ങൾ ഉണ്ടായിട്ടില്ല.

(ഡി) ഇല്ല.

(ഇ) കുറ്റമറ്റ രീതിയിലാണ് ഭാഗ്യക്കുറി വകുപ്പിന്റെ പ്രവർത്തനം നടന്നുവരുന്നത്. ഭാഗ്യക്കുറി വകുപ്പിൽ വിജിലൻസ് സംവിധാനം നിലവിലില്ല. എന്നാൽ ക്രമക്കേടുകൾ കണ്ടെത്തുന്നപക്ഷം കുറ്റക്കാർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**ലോട്ടറി സംവിധാനത്തിലെ പരിഷ്കാരം**

74 (3249) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതരസംസ്ഥാന ലോട്ടറികൾ സംസ്ഥാനത്ത് വില്ക്കുന്നില്ല എന്ന് ഉറപ്പ് വരുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) നിലവിലുള്ള ലോട്ടറി സംവിധാനത്തിൽ എന്തെങ്കിലും പരിഷ്കാരം നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വ്യക്തമാക്കുമോ;

(സി) ലോട്ടറി ഏജന്റുമാർക്കും വില്പനക്കാർക്കും നൽകിവരുന്ന കമ്മീഷൻ ഉയർത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നിലവിൽ കേരളത്തിൽ ഇതര സംസ്ഥാന ഭാഗ്യക്കുറികളൊന്നും വില്പന നടത്തുന്നില്ല. സംസ്ഥാനത്ത് നിലവിലുള്ള ടാക്സ് ഓൺ പേപ്പർ ലോട്ടറീസ് ആക്ട് 2005 പ്രകാരം ഇതര സംസ്ഥാന ഭാഗ്യക്കുറികളുടെ കടന്നുവരവ് നിയന്ത്രിക്കാൻ നിലവിൽ സാധിക്കുന്നുണ്ട്.

(ബി) നിലവിൽ ഭാഗ്യക്കുറി ടിക്കറ്റുകളിൽ ബാർ കോഡ്, സീക്രട്ട് കോഡ് എന്നീ സുരക്ഷാ സംവിധാനങ്ങൾ ഉൾപ്പെടുത്തിയാണ് ടിക്കറ്റ് അച്ചടിക്കുന്നത്. ഭാഗ്യക്കുറി ടിക്കറ്റുകളിൽ സുരക്ഷാ സംവിധാനങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടി 23-11-2016-ലെ ജി. ഒ. (ആർ.ടി.) 910/2016/റ്റി.ഡി. നമ്പർ സർക്കാർ ഉത്തരവുപ്രകാരം രൂപീകരിച്ച ടെക്നിക്കൽ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള സുരക്ഷാ സംവിധാനങ്ങൾക്ക് പുറമേ Micro printing, Opaque text, Currency strips മുതലായ സുരക്ഷാ മാർഗ്ഗങ്ങൾകൂടി ആദ്യഘട്ടമായി ഉൾപ്പെടുത്തി ജൂൺ മാസത്തെ നറുക്കെടുപ്പുമുതൽ പ്രാബല്യത്തിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

**സമ്മാനഘടനയിലെ മാറ്റം**

75 (3250) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോട്ട് നിരോധനത്തിന്റെ പശ്ചാത്തലത്തിൽ ലോട്ടറിയിൽ നിന്നുള്ള വരുമാനത്തിൽ കുറവ് സംഭവിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) കേരള സംസ്ഥാന ലോട്ടറി ടിക്കറ്റുകളുടെ വില കുറച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) ലോട്ടറി സമ്മാനഘടനയിൽ മാറ്റം വരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഈ കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പരിശോധിച്ചിട്ടുണ്ട്. കേന്ദ്രസർക്കാർ കറൻസി പിൻവലിച്ച 2016 നവംബർ 8-നുശേഷം 2017 മാർച്ച് വരെ ലോട്ടറി വിൽപ്പനയിലുണ്ടായ കുറവു നിമിത്തം ഭാഗ്യക്കുറി വകുപ്പിന് ഏകദേശം 1048.17 കോടി രൂപയുടെ റവന്യൂ നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| മാസം | പ്രതീക്ഷിച്ച വരുമാനം (കോടി രൂപയിൽ ) | ലഭിച്ച വരുമാനം (കോടി രൂപയിൽ) | വരുമാന നഷ്ടം (കോടി രൂപയിൽ) |
|---|---|---|---|
| നവംബർ 2016 | 740.00 | 372.70 | 367.30 |
| ഡിസംബർ 2016 | 743.00 | 521.46 | 221.54 |
| ജനുവരി 2017 | 745.00 | 564.74 | 180.26 |
| ഫെബ്രുവരി 2017 | 745.00 | 568.94 | 176.06 |
| മാർച്ച് 2017 | 750.00 | 646.99 | 103.01 |
| ആകെ | 3723 | 2674.83 | 1048.17 |

(ബി) 50 രൂപ മുഖവിലയുള്ള സ്ത്രീശക്തി, നിർമ്മൽ, കാരുണ്യ, കാരുണ്യ പ്ലസ് എന്നീ ഭാഗ്യക്കുറികളുടെ മുഖവില കൂടി 30 രൂപയാക്കി കുറച്ച് എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടെയും (പൗർണ്ണമി, വിൻവിൻ, സ്ത്രീശക്തി, അക്ഷയ, കാരുണ്യ പ്ലസ്, നിർമ്മൽ, കാരുണ്യ) മുഖവില 30 രൂപയാക്കി ഏകീകരിച്ചുകൊണ്ട് സമ്മാനഘടനകൾ പരിഷ്കരിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

(സി) എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടെയും (പൗർണ്ണമി, വിൻവിൻ, സ്ത്രീശക്തി, അക്ഷയ, കാരുണ്യ പ്ലസ്, നിർമ്മൽ, കാരുണ്യ) മുഖവില 30 രൂപയാക്കി നിജപ്പെടുത്തിയും സമ്മാനങ്ങളുടെ എണ്ണത്തിലും സമ്മാന ശതമാനത്തിലും വർദ്ധനവ് വരുത്തിക്കൊണ്ടും ഏജന്റുമാർക്ക് മൂന്ന് സ്ലാബുകളിലായി ഡിസ്കൗണ്ട് അനുവദിച്ചുകൊണ്ടും സമ്മാനഘടനകൾ പരിഷ്കരിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു. 10 പരമ്പരകളിലായി പരമാവധി 90 ലക്ഷം ടിക്കറ്റുകൾ അച്ചടിക്കത്തക്ക വിധത്തിലാണ് എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടെയും സമ്മാനഘടനകൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നത്.

## ലോട്ടറി ടിക്കറ്റുകളുടെ വില ഏകീകരണം

76 (3251) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോട്ടറി ടിക്കറ്റുകളുടെ വില ഏകീകരണത്തിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇത് വഴി എന്ത് മാറ്റമാണ് പ്രതീക്ഷിക്കുന്നത്;

(ബി) സമ്മാനഘടന കൂടുതൽ ആകർഷകമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) വിറ്റുവരവിന്റെ എത്ര ശതമാനമാണ് നിലവിൽ സമ്മാനമായി നൽകി വരുന്നത്; ഇത് വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇത് എത്ര ശതമാനമായി വർദ്ധിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) ലോട്ടറി ഏജന്റുമാർക്ക് പുതിയതായി എന്തെങ്കിലും ആനുകൂല്യങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിച്ചിട്ടുണ്ടോ; മറ്റെന്തെല്ലാം പരിഷ്കരണങ്ങളാണ് ഈ രംഗത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) പ്രതിവാരഭാഗ്യക്കുറി ടിക്കറ്റുകളുടെ വില ഏകീകരിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു. ടിക്കറ്റുകളുടെ വില ഏകീകരിക്കുന്നതിലൂടെ വിറ്റുവരവിൽ വർദ്ധനവ് ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) സമ്മാനങ്ങളുടെ എണ്ണത്തിലും ശതമാനത്തിലും വർദ്ധനവ് വരുത്തിയും മൂന്ന് സ്ലാബുകളിലായി (2000 ടിക്കറ്റുകൾ വരെ 26%, 2000-നുമുകളിൽ 10000 ടിക്കറ്റുകൾ വരെ 27%, 10000 ടിക്കറ്റിനുമുകളിൽ 28%) ഏജന്റുമാർക്ക് ഡിസ്കൗണ്ട് അനുവദിച്ചുകൊണ്ട് എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടെയും സമ്മാനഘടനകൾ പരിഷ്കരിക്കാനുദ്ദേശിക്കുന്നു.

(സി) പ്രതിവാര ഭാഗ്യക്കുറികൾക്ക് നിലവിൽ നൽകിവരുന്നതും പരിഷ്കരിക്കാനുദ്ദേശിക്കുന്നതുമായ സമ്മാനഘടനകളിലെ സമ്മാനശതമാനം ചുവടെ ചേർക്കുന്നു:

| ലോട്ടറി | നിലവിലെ ഘടന | | പരിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഘടന | |
|---|---|---|---|---|
| | മുഖവില | സമ്മാനത്തിന്റെ ശതമാനം | മുഖവില | സമ്മാനത്തിന്റെ ശതമാനം |
| പൗർണ്ണമി | 30 | 43.292 | 30 | 48.062 |
| വിൻവിൻ | 30 | 43.662 | 30 | 48.285 |
| സ്ത്രീശക്തി | 50 | 39.417 | 30 | 48.125 |
| അക്ഷയ | 30 | 44.181 | 30 | 48.062 |
| കാരുണ്യ പ്ലസ് | 50 | 39.75 | 30 | 47.259 |
| നിർമ്മൽ | 50 | 39.268 | 30 | 48.051 |
| കാരുണ്യ | 50 | 38.728 | 30 | 47.285 |

(ഡി) ലോട്ടറി ഏജന്റുമാർക്ക് പുതിയതായി ആനുകൂല്യങ്ങൾ ഏർപ്പെടുത്തുന്ന കാര്യം പരിശോധിച്ചുവരുന്നു.

**ദേശീയ ഗെയിംസ് സംബന്ധിച്ച അഴിമതി**

77 (3252) <u>പ്രൊഫ. കെ. യു. അരുണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് നടന്ന ദേശീയ ഗെയിംസ് സംബന്ധിച്ച അഴിമതി അന്വേഷിക്കാൻ സംസ്ഥാന ഓഡിറ്റ് വകുപ്പിനെ ചുമതലപ്പെടുത്തിയിരുന്നോ;

(ബി) എങ്കിൽ ഓഡിറ്റ് റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത റിപ്പോർട്ടിൽ എത്ര രൂപയുടെ ക്രമക്കേട് കണ്ടെത്തിയിട്ടുണ്ട്;

(ഡി) എന്തെല്ലാം തുടർ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കായിക യുവജനകാര്യ (എ) വകുപ്പിന്റെ 18-2-2015-ലെ സർക്കാർ ഉത്തരവ് (കൈ.) 08/2015/കാ.യു.വ. നമ്പർ ഉത്തരവുപ്രകാരം ദേശീയ ഗെയിംസ് സംബന്ധിച്ച ഓഡിറ്റ് നിർവ്വഹിക്കുന്നതിന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനെ ചുമതലപ്പെടുത്തിയിരുന്നു.

(ബി) ഓഡിറ്റ് റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

(സി) ഓഡിറ്റിൽ കണ്ടെത്തിയ നഷ്ടം അധികച്ചെലവ്, പാഴ്ച്ചെലവ് എന്നിവ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

| | |
|---|---|
| നഷ്ടം | - 3.35 കോടി |
| അധികച്ചെലവ് | - 10.56 കോടി |
| പാഴ്ചെലവ് | - 10.98 കോടി |
| | ----------------- |
| ആകെ | - 24.89 കോടി |

(ഡി) കേരള സംസ്ഥാനത്ത് ഓഡിറ്റ് വകുപ്പിൽനിന്ന് ലഭ്യമായ കേരള ദേശീയ ഗെയിംസിനെ സംബന്ധിച്ച ഓഡിറ്റ് റിപ്പോർട്ട് ഭരണ വകുപ്പായ കായിക യുവജനകാര്യ വകുപ്പിന് സമർപ്പിക്കുകയും ടി വകുപ്പ് ദേശീയ ഗെയിംസ് സെക്രട്ടേറിയറ്റിൽ നിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ നടപടി സ്റ്റേറ്റ്മെന്റ് തുടർനടപടികൾക്കായി കേരള ഓഡിറ്റ് വകുപ്പിന് കൈമാറുകയും ചെയ്തു.

## കെ.എസ്.എഫ്.ഇ. ഇടപാടുകൾക്ക് ആധാർ

78 (3253) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ. ഇടപാടുകൾക്ക് ആധാർ നിർബന്ധമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) സർക്കാരുമായി ബന്ധപ്പെടുന്ന വിവിധ ആവശ്യങ്ങൾക്കായി ആധാർ നിർബന്ധമാക്കുന്നതുമായി ബന്ധപ്പെട്ട് നിലപാട് വ്യക്തമാക്കുമോ?

ഉത്തരം

(എ) ആധാർ നിർബന്ധമാക്കിയിട്ടില്ല. കെ.എസ്.എഫ്.ഇ.-യിൽ ഈയിടെ നടന്ന സമ്പൂർണ്ണ കമ്പ്യൂട്ടർ ശൃംഖലാവൽക്കരണത്തിന്റെ ഭാഗമായി ഇടപാടുകാരുടെ വിശദവിവരങ്ങൾ ശാസ്ത്രീയമായി ക്രോഡീകരിക്കുന്നതിനും ഇടപാടുകൾ സുഗമമാക്കുന്നതിനുംവേണ്ടി ഇടപാടുകാരുടെ ആധാർ നമ്പർ ശേഖരിക്കാൻ കെ.എസ്.എഫ്.ഇ. ശാഖകൾക്ക് നിർദ്ദേശം നൽകിയിരുന്നു. സമ്പൂർണ്ണ കമ്പ്യൂട്ടർ ശൃംഖലാ വത്കരണത്തിന്റെ ഭാഗമായി വിവിധ ശാഖകളിലെ ഇടപാടുകാരുടെ രജിസ്റ്റർ ശാസ്ത്രീയമായി ക്രോഡീകരിക്കുന്നതുവഴി അവർക്ക് കെ.എസ്.എഫ്.ഇ. ഇടപാടുകൾ വേഗത്തിലും സുഗമമായും നടപ്പിലാക്കാവുന്നതാണ്. കൂടാതെ ഭാവിയിൽ e-kyc-യും 'സിബിൽ' പോലുള്ള സംവിധാനങ്ങളും പ്രയോജനപ്പെടുത്തുന്നതിനും ആധാർ നമ്പറുകൾ നൽകുക വഴി ഇടപാടുകാർക്ക് കഴിയുന്നതാണ്. നിലവിൽ റിസർവ് ബാങ്കിന്റെ നിയമപ്രകാരം e-kyc സംവിധാനം പ്രയോജനപ്പെടുത്താൻ ആധാർ നമ്പറുകൾ വഴി മാത്രമേ സാദ്ധ്യമാകൂ.

(ബി) സർക്കാരുമായി ബന്ധപ്പെടുന്ന വിവിധ ആവശ്യങ്ങൾക്കായി ആധാർ നിർബന്ധമാക്കുന്നത് സംബന്ധിച്ച് തീരുമാനമെടുത്തിട്ടില്ല.

## കെ.എസ്.എഫ്.ഇ. ഇടപാടുകൾക്ക് ആധാർ

79 (3254) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ. ഇടപാടുകൾക്ക് നിലവിൽ ആധാർ നിർബന്ധമാണോ; എങ്കിൽ ചിട്ടി, വായ്പ, നിക്ഷേപം എന്നിവക്കെല്ലാം ആധാർ നിർബന്ധമാകുമോ എന്ന് വ്യക്തമാക്കുമോ;

(ബി) എന്നുമുതലാണ് പ്രസ്തുത നിബന്ധന നിലവിൽ വരുന്നതെന്ന് അറിയിക്കുമോ;

(സി) ആധാർ നമ്പർ ശേഖരിക്കുന്നതിന് എന്തൊക്കെ നടപടികൾ കെ.എസ്.എഫ്.ഇ. കൈക്കൊള്ളും; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) അല്ല. കെ.എസ്.എഫ്.ഇ.-യിൽ ഈയിടെ നടന്ന സമ്പൂർണ്ണ കമ്പ്യൂട്ടർ ശൃംഖലാവൽക്കരണത്തിന്റെ ഭാഗമായി ഇടപാടുകാരുടെ വിശദവിവരങ്ങൾ ശാസ്ത്രീയമായി ക്രോഡീകരിക്കുന്നതിനും ഇടപാടുകൾ സുഗമമാക്കുന്നതിനും വേണ്ടിയാണ് എല്ലാ ഇടപാടുകാരുടെയും ആധാർ നമ്പർ ശേഖരിക്കാൻ ശാഖകൾക്ക് നിർദ്ദേശം നൽകിയത്. എന്നാൽ ഇത് ഇടപാടുകാരോട് അടിച്ചേൽപ്പിക്കുകയോ നിർബന്ധമാക്കുകയോ ചെയ്തിട്ടില്ല.

(ബി) 29-3-2017-നാണ് ആധാർ നമ്പറുകൾ ശേഖരിക്കുന്നത് സംബന്ധിച്ച സർക്കുലർ ശാഖകൾക്ക് നൽകിയത്.

(സി) ആധാർ എടുത്തിട്ടുള്ളവർ പ്രസ്തുത വിവരങ്ങൾ ബന്ധപ്പെട്ട ശാഖയിൽ നൽകണമെന്ന് അഭ്യർത്ഥിക്കുകയാണ് ചെയ്യുന്നത്.

## കെ.എസ്.എഫ്.ഇ.യിലെ പെൻഷൻ പ്രായം

80 (3255) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.-യിലെ പെൻഷൻ പ്രായം നിശ്ചയിക്കുന്ന നടപടി കോടതിയുടെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ അനിശ്ചിതമായി നീണ്ടുപോകുന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എങ്കിൽ 58 വയസ്സുകഴിഞ്ഞ എത്ര ജീവനക്കാരാണ് കെ.എസ്.എഫ്.ഇ.-യിൽ നിലവിൽ സേവനമനുഷ്ഠിച്ചുവരുന്നത് എന്ന് വിശദമാക്കാമോ; ബ്രാഞ്ച് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(സി) പ്രസ്തുത അനിശ്ചിതത്വം തുടരുന്നതുമൂലം ജീവനക്കാർക്ക് അർഹമായ പ്രൊമോഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നിഷേധിക്കാൻ ഇടയായ സാഹചര്യം വിശദമാക്കാമോ ;

(ഡി) ഇടക്കാല ഉത്തരവ് ആയതിനാൽ അനിശ്ചിതത്വം ഒഴിവാക്കുന്നതിനും ജീവനക്കാർക്ക് അർഹമായ പ്രൊമോഷൻ നൽകുന്നതിനും നടപടികൾ സ്വീകരിക്കുമോ;

(ഇ) അതിന്റെ അടിസ്ഥാനത്തിൽ എൻട്രി കേഡറിൽ വരുന്ന ഒഴിവുകളിലേക്ക് അടിയന്തരമായി നിയമനം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പരിശോധിച്ചിട്ടുണ്ട്. ബഹു. ഹൈക്കോടതിയുടെ 27-7-2016-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 21-10-2016-ലെ സ.ഉ. (സാധാ.)നമ്പർ 817/2016/TD പ്രകാരം കെ.എസ്.എഫ്.ഇ. ജീവനക്കാരുടെ പെൻഷൻ പ്രായം 58 വയസ്സിൽനിന്നും 60 ആക്കി ഉയർത്തണമെന്നുള്ള 25-6-2014-ലെ കെ.എസ്.എഫ്.ഇ. ഡയറക്ടർ ബോർഡ് തീരുമാനം നിരസിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. എന്നിരുന്നാലും നിരവധി ജീവനക്കാർ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസുകളിലെ ഇടക്കാല ഉത്തരവുകളുടെ അടിസ്ഥാനത്തിൽ 58 വയസ്സിനുശേഷവും സർവ്വീസിൽ തുടർന്നുവരുന്നതിനാൽ ഈ വിഷയത്തിൽ ബഹു. ഹൈക്കോടതിയിൽ നിലവിലുള്ള കേസുകൾ എത്രയും പെട്ടെന്ന് തീർപ്പാക്കാൻ അഡ്വക്കേറ്റ് ജനറലിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ 8-5-2017-ലെ ഡയറക്ടർ ബോർഡ് യോഗം 25-6-2014-ലെ ഡയറക്ടർ ബോർഡ് തീരുമാനം റദ്ദാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ബി) 58 വയസ്സ് പൂർത്തിയായ 116 ജീവനക്കാർ കെ.എസ്.എഫ്.ഇ.-യിൽ നിലവിൽ സേവനമനുഷ്ഠിച്ചുവരുന്നുണ്ട്. ഇവരുടെ ശാഖതിരിച്ചുള്ള വിവരം ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) ബഹു. ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിരമിക്കൽ പ്രായമായ 58 വയസ്സ് പൂർത്തിയായതിനുശേഷവും വിവിധ തസ്തികകളിലായി 116 ജീവനക്കാർ തുടരുന്നുണ്ട്. ഇത് ജീവനക്കാരുടെ പ്രൊമോഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങളെ പ്രതികൂലമായി ബാധിക്കുന്നുണ്ട്.

(ഡി) ഈ വിഷയത്തിൽ ബഹു. ഹൈക്കോടതിയിൽ നിലവിലുള്ള കേസുകൾ എത്രയും പെട്ടെന്ന് തീർപ്പാക്കാൻ അഡ്വക്കേറ്റ് ജനറലിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ ഈ വിഷയത്തിലുള്ള WP(C) No. 2793/17-ന് സർക്കാർ കൗണ്ടർ അഫിഡവിറ്റ് ഫയൽ ചെയ്യുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഈ വിഷയവുമായി ബന്ധപ്പെട്ട എല്ലാ റിട്ട് പെറ്റീഷനുകളിലും common counter affidavit ഫയൽ ചെയ്യുവാൻ അഡ്വക്കേറ്റ് ജനറലിനോട് അഭ്യർത്ഥിച്ചിട്ടുമുണ്ട്.

(ഇ) എൻട്രി കേഡർ തസ്തികകളിൽ നിലവിലുള്ള ഒഴിവുകൾ കണക്കാക്കുന്ന അവസരത്തിൽ 58 വയസ്സിനുശേഷവും കമ്പനിയിൽ തുടരുന്ന ജീവനക്കാരെ പരിഗണിക്കാറില്ല. ആയതിനാൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികളുടെ അവസരം നഷ്ടപ്പെടുന്ന സാഹചര്യമുണ്ടായിട്ടില്ല.

**ഒഴിവുകൾ നികത്താൻ നടപടി**

81 (3256) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസിൽ വിവിധ തസ്തികകളിലായി എത്ര ഒഴിവുകളാണ് നിലവിൽ ഉള്ളത് എന്നത് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്താൻ കൈക്കൊണ്ട നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) കെ.എസ്.എഫ്.ഇ.-യിലെ എൻട്രി കേഡർ തസ്തികകളിൽ നിലവിലുള്ള ഒഴിവുകളും അവ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത തീയതിയും സംബന്ധിച്ച വിവരം താഴെ കൊടുക്കുന്നു:

| ക്രമ നമ്പർ | തസ്തിക | ആകെ ഒഴിവുകൾ | ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത തീയതി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | മാനേജർ ഗ്രേഡ് IV (പട്ടികജാതി/ പട്ടികവർഗ്ഗക്കാർക്കുള്ള സ്പെഷ്യൽ റിക്രൂട്ട്മെന്റ്) | 3 | 20-3-2017 |

| 1 | 2 | 3 | 4 |
|---|---|---|---|
| 2 | അസിസ്റ്റന്റ് | 111 | 12-7-2011 -5}വികലാംഗർ<br>9-12-2011 1} ”<br>6-2-2017 - 2<br>3-5-2017 - 103<br>-------<br>111 |
| 3 | ഡ്രൈവർ | 2 | 1-2-2017 |
| 4 | ഓഫീസ് അറ്റൻഡന്റ് | 33 | 20-6-2014 - 2<br>4-5-2016 -1<br>7-2-2017 -14<br>21-4-2017 - 16 |

**പുതിയകാവിൽ കെ.എസ്.എഫ്.ഇ. ശാഖ**

82 (3257) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുലശേഖരപുരം ഗ്രാമപഞ്ചായത്തിലെ പുതിയകാവിൽ കെ.എസ്.എഫ്.ഇ. ശാഖ സ്ഥാപിക്കുന്നത് സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; പ്രസ്തുത പരിശോധനയുടെ റിപ്പോർട്ട് ലഭ്യമാക്കുമോ; വിശദീകരിക്കുമോ;

(ബി) ഇത് സംബന്ധിച്ച് സ്ഥലം എം.എൽ.എ., ഗ്രാമപഞ്ചായത്ത് സമിതിയുടെ തീരുമാനം സഹിതം സമർപ്പിച്ച നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) പുതിയകാവിൽ കെ.എസ്.എഫ്.ഇ. ശാഖ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ-സി) കുലശേഖരപുരം ഗ്രാമപഞ്ചായത്തിലെ പുതിയകാവിൽ കെ.എസ്.എഫ്.ഇ.-യുടെ ഒരു ബ്രാഞ്ച് ആരംഭിക്കുന്നതിന് സ്ഥലം എം.എൽ.എ. ഗ്രാമപഞ്ചായത്ത് സമിതിയുടെ തീരുമാനം സഹിതം സമർപ്പിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ബിസിനസ്സ് പ്രായോഗികത വിലയിരുത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ കൊല്ലം റീജിയണൽ അസിസ്റ്റന്റ് ജനറൽ മാനേജരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭിച്ചതിനുശേഷം ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

## കെ.എസ്.എഫ്.ഇ. ബിസിനസ്സ് റിപ്പോർട്ട്

83 (3258) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.-യിൽ 2017 മാർച്ച് മാസം നടന്ന ബിസിനസ്സ് റിപ്പോർട്ട് പ്രകാരം വിവിധ തസ്തികളിലായി എത്ര പേർ വേണമെന്ന് അറിയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) കെ.എസ്.എഫ്.ഇ.-യിലെ പെൻഷൻ പ്രായം 58 ആയി നിജപ്പെടുത്തിയിരിക്കെ 58 വയസ്സ് കഴിഞ്ഞ ജീവനക്കാർ നിലവിൽ സർവ്വീസിൽ തുടരുന്നതു കൊണ്ട് കെ.എസ്.എഫ്.ഇ.-യിലെ ജീവനക്കാർക്കും റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്കും ഉണ്ടാകുന്ന ആശങ്ക പരിഹരിക്കുമോ;

(സി) പെൻഷൻ പ്രായം കഴിഞ്ഞിട്ടും സർവ്വീസിൽ തുടരുന്ന ജീവനക്കാരുടെ തസ്തികകൾ ഒഴിവുകളായി കണക്കാക്കി പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല. മാർച്ച് 2017 പ്രകാരമുള്ള ബിസിനസ്സ് പുനരവലോകനം പൂർത്തിയായി വരുന്നതേയുള്ളു.

(ബി & സി) വിരമിക്കൽ പ്രായമായ 58 വയസ്സിനുശേഷവും ജീവനക്കാർ സർവ്വീസിൽ തുടരുന്നതുമൂലം നിലവിലുള്ള ജീവനക്കാരുടെ പ്രൊമോഷൻ സാദ്ധ്യതകൾ വൈകുന്ന സാഹചര്യം നിലവിലുണ്ട്. എൻട്രി കേഡർ തസ്തികകളിൽ ഒഴിവുകൾ കണക്കാക്കുന്ന അവസരത്തിൽ 58 വയസ്സിനുശേഷവും കമ്പനിയിൽ തുടരുന്ന ജീവനക്കാരെ പരിഗണിക്കാറില്ല. ആയതിനാൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികളുടെ അവസരം നഷ്ടപ്പെടുന്ന സാഹചര്യമുണ്ടായിട്ടില്ല.

## മുദ്രപ്പത്രങ്ങൾക്ക് ക്ഷാമം

84 (3259) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറിയ തുകക്കുള്ള മുദ്രപ്പത്രങ്ങൾക്ക് ക്ഷാമം നേരിടുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലാ ട്രഷറിയുടെ പരിധിയിലുള്ള കിളിമാനൂർ സബ് ട്രഷറിയിലും ചെങ്ങന്നൂർ, ഇടുക്കി, തൃശ്ശൂർ ജില്ലാ ട്രഷറികളിലും ചെറിയ തുകയ്ക്കുള്ള മുദ്രപ്പത്രങ്ങൾക്ക് ഇപ്പോൾ ക്ഷാമമുള്ളതായി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.

(ബി) ചെറിയ തുകയ്ക്കുള്ള മുദ്രപ്പത്രങ്ങൾക്ക് (പ്രധാനമായും 50 രൂപ, 100 രൂപ മൂല്യമുള്ള മുദ്രപ്പത്രങ്ങൾ) ക്ഷാമം നേരിട്ടിട്ടുള്ള ട്രഷറികൾ അവ പരിഹരിക്കുന്നതിനായി സെൻട്രൽ സ്റ്റാമ്പ് ഡിപ്പോയിൽനിന്നോ അധികം സ്റ്റോക്കുള്ള മറ്റ് ട്രഷറികളിൽനിന്നോ ശേഖരിക്കുന്നതിനുള്ള നടപടികൾ ഇതിനോടകംതന്നെ സ്വീകരിച്ചിട്ടുണ്ട്.

**കയർ പിരി സംഘങ്ങൾ**

85 (3260) ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. എം. രാജഗോപാലൻ :
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർമേഖല പുനരുജ്ജീവിപ്പിക്കുന്നതിന്റെ ഭാഗമായി, ചകിരിയുടെ ലഭ്യത ഉറപ്പ് വരുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്;

(ബി) കയർ പിരി സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) കയർ വ്യവസായ മേഖലയിൽ നിലവിലുള്ള വിലസ്ഥിരതാ പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) ചകിരി ഉൽപ്പാദനം വ്യാപിപ്പിക്കുന്നതിനായി ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതാണ്. പാലക്കാട് ജില്ലയിലെ നെന്മാറയിൽ (പൊന്നാനി പ്രോജക്ട്) കയർഫെഡിന്റെ ആഭിമുഖ്യത്തിൽ 30000 തൊണ്ട് ചകിരിയാക്കാൻ കഴിയുന്ന 2 മെഷീനുകൾ ഉൾക്കൊള്ളുന്ന ഫാക്ടറി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കുടുംബശ്രീ യൂണിറ്റുകളുമായി ബന്ധപ്പെട്ട് എറണാകുളം മുതൽ വടക്കോട്ടുള്ള ജില്ലകളിൽ ഡി.എഫ്. മെഷീനുകൾ സ്ഥാപിച്ച് ചകിരി ഉൽപ്പാദനം വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇപ്രകാരം ഉൽപ്പാദിപ്പിക്കപ്പെടുന്ന ചകിരി

ബൈ-ബാക്ക് വ്യവസ്ഥയിൽ കയർഫെഡുവഴി സംഭരിക്കുന്നതിനും ആലോചിക്കുന്നു. 2017-18-ൽ 100 ചെറുകിട ചകിരി ഉൽപ്പാദന മില്ലുകൾ സ്ഥാപിക്കുന്നതിന് ലക്ഷ്യം വയ്ക്കുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കയർമേഖലയിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. രണ്ടാം പുനഃസംഘടനാ പദ്ധതി

2. എല്ലാ നിയന്ത്രണങ്ങളും എടുത്തുമാറ്റി പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ചുകൊണ്ട് സമ്പൂർണ്ണ യന്ത്രവൽക്കരണം

3. ഡി.എഫ്. മില്ലുകൾ സ്ഥാപിച്ച് കുടുംബശ്രീ അടക്കമുള്ള സംവിധാനങ്ങളുടെ സഹായത്തോടെ ചകിരി ഉൽപ്പാദനം

പുനഃസംഘടനയുടെ ഭാഗമായി പ്രവർത്തനക്ഷമമല്ലാത്ത സംഘങ്ങളെ പ്രവർത്തനക്ഷമമായവയോട് സഹകരണ നിയമപ്രകാരം കൂട്ടിച്ചേർക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. സംഘങ്ങൾക്ക് മാനേജീരിയൽ ഗ്രാന്റായി 3 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

കയർ മേഖലയിൽ സമ്പൂർണ്ണ യന്ത്രവൽക്കരണം നടപ്പാക്കുകയാണ്. ഈ നടപടി പരമ്പരാഗത മേഖലയിലെ തൊഴിലാളികളുടെ തൊഴിലിനെയും കൂലിയെയും ബാധിക്കാതിരിക്കാൻ സർക്കാർ പ്രത്യേകം ശ്രദ്ധിക്കുന്നു. ഇതിന്റെ ഭാഗമായി സംഘങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന കയർ മിനിമം കൂലി ഉറപ്പാക്കി കയർഫെഡ് സംഭരിക്കും. ഈ കയർ ഉപയോഗിച്ച് കയർ ഉൽപ്പന്നങ്ങൾ നെയ്യുന്നവരുടെ ഉൽപ്പന്നങ്ങൾ കയർ കോർപ്പറേഷൻ ക്രയവിലസ്ഥിരതാ പദ്ധതി വഴി സംഭരിക്കും. അവ ഡിസ്കൗണ്ട് നൽകി വിറ്റഴിക്കും.

തദ്ദേശഭരണ സ്ഥാപനങ്ങളിൽ MGNREGS-ന്റെ ഭാഗമായി കൃഷി-ജലം-മണ്ണ് സംരക്ഷണം, റോഡ് നിർമ്മാണം എന്നീ പ്രവർത്തനങ്ങളിൽ കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. മറ്റ് മേഖലകളിൽ കയർ ഭൂവസ്ത്രത്തിന്റെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനായി വിപുലമായ ബോധവൽക്കരണ പ്രചാരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

(സി) 2016-17 വർഷത്തിൽ ക്രയവിലസ്ഥിരതാ പദ്ധതി പ്രകാരം 77 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. ആയതിൽ 21,38,00,000 രൂപ കയർഫെഡിനും 55,62,00,000 രൂപ കേരള സ്റ്റേറ്റ് കയർ കോർപ്പറേഷനും നൽകിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം ഈ സാമ്പത്തിക വർഷം 2 ലക്ഷം ക്വിന്റൽ കയറും 200 കോടി രൂപയുടെ കയറുൽപ്പന്നങ്ങളും സംഭരിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്.

**സംരക്ഷണ നടപടി**

86 (3261) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട കയർ ഉത്പാദകരുടെ ഉത്പന്നങ്ങൾ സംസ്ഥാനത്തെ പൊതു മേഖലാ കയർ വ്യവസായ ശാലകൾ ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) തകർച്ചയുടെ വക്കിലെത്തി നിൽക്കുന്ന കയർ സഹകരണ സംഘങ്ങളെയും ചെറുകിട കയർ ഉത്പാദക യൂണിറ്റുകളെയും സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) കയർഫെഡ്, കയർ കോർപ്പറേഷൻ, ഫോമിൽ എന്നിവയാണ് കയർ മേഖലയിൽ പ്രവർത്തിക്കുന്ന അപ്പെക്സ്-പൊതുമേഖലാ സ്ഥാപനങ്ങൾ. ഇവ കയറും കയറുൽപ്പന്നങ്ങളും സംഭരിക്കുന്നുണ്ട്. കയർ വ്യവസായ മേഖലയിലെ സംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന മുഴുവൻ കയറും മിനിമംകൂലി ഉറപ്പാക്കി കയർഫെഡ് സംഭരിക്കും. ആദ്യഘട്ടത്തിൽ സഹകരണ സംഘങ്ങളെയാണ് സംഭരണത്തിന് ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ കയർ ഉപയോഗിച്ച് നെയ്യുന്ന കയർ ഉൽപ്പന്നങ്ങൾ കയർ കോർപ്പറേഷന്റെ ക്രയവിലസ്ഥിരതാ പദ്ധതിപ്രകാരം സംഭരിക്കും. അവ ഡിസ്കൗണ്ട് നൽകി വിറ്റഴിക്കും. ഇതാണ് കയർ മേഖലയിലെ സർക്കാർ നയം. 2016-17 വർഷത്തിൽ ക്രയവിലസ്ഥിരതാ പദ്ധതിപ്രകാരം 77 കോടി രൂപ കയർഫെഡിനും കയർ കോർപ്പറേഷനും നൽകിയിട്ടുണ്ട്.

(ബി) കയർ സഹകരണ സംഘങ്ങളുടെയും ചെറുകിട ഉൽപ്പാദക യൂണിറ്റുകളുടെയും സംരക്ഷണത്തിന് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പരമ്പരാഗത തൊഴിലാളികളുടെ തൊഴിലിനെയോ വരുമാനത്തെയോ ബാധിക്കാത്തവിധത്തിൽ സമ്പൂർണ്ണ യന്ത്രവൽക്കരണം നടത്തി കയർ മേഖലയെ ആധുനികവൽക്കരിക്കുക എന്നുള്ളതാണ് സർക്കാർ നയം. ഇതിന്റെ ഭാഗമായി സഹകരണ സംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന മുഴുവൻ കയറും മിനിമം കൂലി ഉറപ്പുവരുത്തി കയർഫെഡ് സംഭരിക്കും. ഈ കയർ ഉപയോഗിച്ച് നെയ്യുന്ന ചെറുകിട ഉൽപ്പാദകരുടെ ഉൽപ്പന്നം മുഴുവനും കയർ കോർപ്പറേഷൻ സംഭരിക്കും. ഇതിനായി ക്രയവില സ്ഥിരതാ ഫണ്ട് പദ്ധതി പ്രകാരം 2016-17-ൽ വകയിരുത്തിയിരുന്ന 77 കോടി രൂപ കയർഫെഡിനും കയർ കോർപ്പറേഷനും നൽകിയിട്ടുണ്ട്. തന്മൂലം കയറിന്റെ സംഭരണം കയർഫെഡ് വഴിയും ഉൽപ്പന്നങ്ങളുടെ സംഭരണം കയർ കോർപ്പറേഷൻ വഴിയും നടത്തുന്നതിന് കഴിയുന്നു.

കയർ സഹകരണ സംഘങ്ങളുടെ രണ്ടാം പുനഃസംഘടനയ്ക്കുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പുനഃസംഘടനയുടെ ഭാഗമായി പ്രവർത്തനക്ഷമമല്ലാത്ത സംഘങ്ങളെ പ്രവർത്തനക്ഷമമായവയോട് സഹകരണ നിയമപ്രകാരം കൂട്ടിച്ചേർക്കുന്നതാണ്. സംഘങ്ങൾക്ക് മൂന്ന് കോടി രൂപ മാനേജീരിയൽ ഗ്രാന്റായി അനുവദിച്ചിട്ടുണ്ട്.

ചകിരി ഉൽപ്പാദനം വ്യാപിപ്പിക്കുന്നതിന് ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതാണ്. പാലക്കാട് ജില്ലയിലെ നെന്മാറയിലും (പൊന്നാനി പ്രോജക്ട്) കയർഫെഡിന്റെ ആഭിമുഖ്യത്തിൽ 30000 തൊണ്ട് ചകിരിയാക്കാൻ കഴിയുന്ന 2 മെഷീനുകൾ ഉൾക്കൊള്ളുന്ന ഫാക്ടറി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്. കുടുംബശ്രീ യൂണിറ്റുകളുമായി ബന്ധപ്പെട്ട് എറണാകുളം മുതൽ വടക്കോട്ടുള്ള ജില്ലകളിൽ ഡി.എഫ്. മെഷീനുകൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

തദ്ദേശഭരണ സ്ഥാപനങ്ങളിൽ MGNREGS-ന്റെ ഭാഗമായി കൃഷി-ജല-മണ്ണ് സംരക്ഷണം, റോഡ് നിർമ്മാണം എന്നീ പ്രവർത്തനങ്ങളിൽ കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. മറ്റ് മേഖലകളിൽ കയർ ഭൂവസ്ത്രത്തിന്റെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനായി വിപുലമായ ബോധവൽക്കരണ പ്രചാരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

പ്രവർത്തന മൂലധനം നൽകുന്നതിന് 12 കോടി രൂപയും മുൻകാലങ്ങളിൽ കയർ സഹകരണ സംഘങ്ങൾക്ക് വിവിധ സ്കീമുകളിലായി ലഭിച്ച ഫണ്ടുകളിൽ മിച്ചമുള്ളത് പ്രവർത്തന മൂലധനമായി ഉപയോഗിക്കാൻ അനുവാദം നൽകുമെന്നും ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. കൂടാതെ കയർ സഹകരണ സംഘങ്ങളുടെ പുനഃസംഘടനയ്ക്കായി എൻ.സി.ഡി.സി. സഹായം തേടുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**കയർ വ്യവസായ പുനരുദ്ധാരണം**

87 (3262) ശ്രീ. കെ. ദാസൻ :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. വി. ജോയി :
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി തൊഴിലാളികൾ കടന്നു വരാത്ത കയർ വ്യവസായ മേഖലയിൽ ഉല്പാദനക്ഷമതാ വർദ്ധനവിന് യന്ത്രവത്ക്കരണം അനിവാര്യമായതിനാൽ, അത് വ്യാപകമാക്കുന്നതിനോടൊപ്പം നിലവിലുള്ള ആയിരക്കണക്കിന് പരമ്പരാഗത തൊഴിലാളികളെ മുഴുവൻ ഉൾക്കൊള്ളാൻ ശേഷിയുള്ള തരത്തിലാണോ യന്ത്രവത്ക്കരണം ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് പറയാമോ;

(ബി) കയർ വ്യവസായ നവീകരണം പോലെതന്നെ, പരമ്പരാഗത തൊഴിൽ ശക്തി ആഗിരണത്തിനും പ്രാധാന്യം നൽകിക്കൊണ്ടുള്ള പദ്ധതികൾ നടപ്പിലാക്കാൻ തയ്യാറാകുമോ?

<u>ഉത്തരം</u>

(എ) പുതുതായി തൊഴിലാളികൾ കടന്നുവരാത്ത കയർ വ്യവസായ മേഖലയിൽ ഉൽപ്പാദനക്ഷമതാ വർദ്ധനവിന് യന്ത്രവൽക്കരണം അനിവാര്യമാണെന്ന് ഈ സർക്കാർ വിലയിരുത്തിയിട്ടുണ്ട്. അതിന്റെ ഭാഗമായി സമ്പൂർണ്ണ യന്ത്രവൽക്കരണം കയർ മേഖലയിൽ നടപ്പാക്കുകയാണ്. ഈ നടപടി പരമ്പരാഗത വ്യവസായ മേഖലയിലെ തൊഴിലാളികളുടെ തൊഴിലിനെയും കൂലിയെയും ബാധിക്കാതെ ആയിരിക്കും നടപ്പിൽ വരുത്തുക. ഇതിന്റെ ഭാഗമായി പ്രവർത്തനക്ഷമമല്ലാത്ത സംഘങ്ങളെ പ്രവർത്തനക്ഷമമായവയോട് സഹകരണ നിയമപ്രകാരം കൂട്ടിച്ചേർക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി സംഘങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന കയറെല്ലാം മിനിമം കൂലി ഉറപ്പാക്കി കയർഫെഡ് സംഭരിക്കും. ഈ കയർ ഉപയോഗിച്ച് നെയ്യുന്ന ഉൽപ്പന്നങ്ങൾ കയർ കോർപ്പറേഷൻ ക്രയവിലസ്ഥിരതാ പദ്ധതി വഴി സംഭരിക്കും. അവ ഡിസ്കൗണ്ട് നൽകി വിറ്റഴിക്കും. 2016-17 വർഷത്തിൽ 17 കോടി ആയിരുന്ന ബഡ്ജറ്റ് വിഹിതം 77 കോടി ആയി ഉയർത്തി ചെലവഴിച്ചിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷവും ഇതിനാവശ്യമായ തുക വകകൊള്ളിച്ചിട്ടുണ്ട്.

ചകിരി ഉൽപ്പാദനം വ്യാപിപ്പിക്കുന്നതിന് ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതാണ്. പാലക്കാട് ജില്ലയിലെ നെന്മാറയിലും (പൊന്നാനി പ്രോജക്റ്റ്) കയർഫെഡിന്റെ ആഭിമുഖ്യത്തിൽ 30000 തൊണ്ട് ചകിരിയാക്കാൻ കഴിയുന്ന 2 മെഷീനുകൾ ഉൾക്കൊള്ളുന്ന ഫാക്ടറി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കുടുംബശ്രീ യൂണിറ്റുകളുമായി ബന്ധപ്പെട്ട് എറണാകുളം മുതൽ വടക്കോട്ടുള്ള ജില്ലകളിൽ ഡി.എഫ്. മെഷീനുകൾ സ്ഥാപിച്ച് ചകിരി ഉൽപ്പാദനത്തിന് നടപടി സ്വീകരിച്ചുവരുന്നു. 2017-18-ൽ 100 ചെറുകിട ചകിരി ഉൽപ്പാദന മില്ലുകൾ സ്ഥാപിക്കുന്നതിന് ലക്ഷ്യം വയ്ക്കുന്നു.

തദ്ദേശഭരണ സ്ഥാപനങ്ങളിൽ MGNREGS-ന്റെ ഭാഗമായി കൃഷി-ജല-മണ്ണ്

സംരക്ഷണം, റോഡ് നിർമ്മാണം എന്നീ പ്രവർത്തനങ്ങളിൽ കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കയർ ഭൂവസ്ത്രത്തിന്റെ ഉപയോഗം വർദ്ധിപ്പിക്കുന്നത് കയർ യാണിന് ഉയർന്ന ഡിമാന്റ് സൃഷ്ടിക്കും. തൊഴിൽ ശക്തി കേന്ദ്രീകൃതമായ കയർമേഖലയുടെ പ്രോത്സാഹനത്തിന് മേൽ സൂചിപ്പിച്ച പുതിയ പദ്ധതികൾ ഈ സർക്കാർ നടപ്പിലാക്കിവരുന്നു. ഇപ്രകാരം മേഖലയിലെ പരമ്പരാഗത വ്യവസായ തൊഴിലാളികളെയെല്ലാം ഉൾക്കൊള്ളാൻ കഴിയുന്നതാണ്.

(ബി) കയർ വ്യവസായ രംഗത്ത് നവീകരണവും ആധുനികവൽക്കരണവും നടപ്പിലാക്കുമ്പോൾത്തന്നെ നിലവിലുള്ള പരമ്പരാഗത തൊഴിലാളികളുടെ തൊഴിലിനും കൂലിക്കും യാതൊരുവിധ തടസ്സവും ഉണ്ടാകാതിരിക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഇതിന്റെ ഭാഗമായി സംഘങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന കയർ മുഴുവനും മിനിമം കൂലി ഉറപ്പാക്കി കയർഫെഡ് സംഭരിക്കും. ഈ കയർ ഉപയോഗിച്ച് നെയ്യുന്ന ഉൽപ്പന്നങ്ങൾ കയർ കോർപ്പറേഷൻ ക്രയവിലസ്ഥിരതാ പദ്ധതി വഴി സംഭരിക്കും. അവ ഡിസ്കൗണ്ട് നൽകി വിറ്റഴിക്കും. 2016-17 വർഷത്തിൽ 77 കോടി ഈ ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്. ഇത് പരമ്പരാഗത തൊഴിൽ ശക്തിയെ സംരക്ഷിക്കുന്നതിനുള്ള നടപടിയാണ്.

പ്രവർത്തനക്ഷമമല്ലാത്ത സംഘങ്ങൾ രണ്ടാം പുനഃസംഘടനാ പദ്ധതിയുടെ ഭാഗമായി പ്രവർത്തനക്ഷമമായ സംഘങ്ങളോട് സഹകരണ നിയമാനുസൃതം കൂട്ടിച്ചേർക്കപ്പെടുമ്പോൾ അത്തരം സംഘങ്ങൾ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് പര്യാപ്തമാകും.

## പ്രതിസന്ധിയും തൊഴിലില്ലായ്മയും

88 (3263) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മതിയായ ഓർഡറുകൾ ലഭിക്കാത്തതുമൂലം കയർ മേഖലയിലുണ്ടായിട്ടുള്ള പ്രതിസന്ധിയും തൊഴിലില്ലായ്മയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ബി) കടക്കെണിയിലായ കയർ തൊഴിലാളികളെ സംരക്ഷിക്കാൻ മുൻ സർക്കാർ ആരംഭിച്ച ഇൻകം സപ്പോർട്ട് സ്കീം ഇപ്പോൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ മറ്റെന്തെങ്കിലും ആശ്വാസ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കയർ മേഖലയിൽ പ്രതിസന്ധിയുണ്ടാകാതിരിക്കാൻ വേണ്ടിയുള്ള എല്ലാ നടപടികളും ഈ സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്. കയർപിരി മേഖലയിൽ പ്രതിസന്ധി ഉടലെടുത്തിട്ടുള്ളത് ഓർഡർ കുറവുമൂലമല്ല. മറിച്ച് ഉൽപ്പാദനം വർദ്ധിപ്പിച്ചതും അന്യസംസ്ഥാനങ്ങളിൽനിന്നുള്ള കയറിന്റെ വരവ് കൂടിയതുംമൂലമാണ്. സഹകരണ സംഘങ്ങൾ വഴി ഉൽപ്പാദിപ്പിക്കുന്ന മുഴുവൻ കയറും കയർഫെഡ് സംഭരിക്കുകയാണ്. ഇതിന് പരിഹാരമായി PPSS ഫണ്ടിൽ ഉൾപ്പെടുത്തി ഡിസ്കൗണ്ടുകൾ നൽകി കയർ വിപണനം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. തൻമൂലം വാങ്ങലിൽ 26 ശതമാനവും വിൽപ്പനയിൽ 22 ശതമാനവും വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്.

കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

1. ക്രയവിലസ്ഥിരതാ പദ്ധതി സമഗ്രമായി നടപ്പാക്കുന്നു.

2. ചെറുകിട ഉൽപ്പാദകരുടെയും അവരുടെ സഹകരണ സംഘങ്ങളുടെയും കയ്യിൽ സ്റ്റോക്ക് ഉണ്ടായിരുന്ന കയർ ഉൽപ്പന്നങ്ങൾ മുഴുവൻ ഒറ്റത്തവണയായി വില നൽകി സംഭരിച്ചു.

3. ചെറുകിട മേഖലയിൽ തുടർച്ചയായി ഉൽപ്പാദന പ്രവർത്തനങ്ങൾ നടക്കുന്നതിനായി പുതിയ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് മുൻകൂർ ഓർഡറുകൾ നൽകിക്കൊണ്ടിരുന്നു.

4. സംഭരിച്ച ഉൽപ്പന്നങ്ങൾ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ വിൽപ്പന നടത്തുന്നതിന് വിവിധ സംസ്ഥാന സർക്കാരുകളുമായി ധാരണാപത്രങ്ങൾ ഉണ്ടാക്കുകയും അതാത് സംസ്ഥാനങ്ങളിലെ പൊതുവിപണന ശൃംഖലകൾ വഴി ഉൽപ്പന്നങ്ങൾ വിൽപ്പന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.

5. കയർ ഉൽപ്പന്നങ്ങൾ കേരളത്തിൽ മുഴുവൻ പ്രദേശങ്ങളിലും വിപണനം നടത്തുന്നതിന് കയർ വകുപ്പിന്റെ നേതൃത്വത്തിൽ എല്ലാ കയർ പൊതുമേഖലാ സ്ഥാപനങ്ങളുടെയും സഹകരണത്തോടെ വരുന്ന ഓണക്കാലത്ത് പ്രത്യേക വിൽപ്പന ക്യാമ്പയിൻ നടത്തുന്നതിന് പരിപാടികൾ ആവിഷ്കരിച്ചു കഴിഞ്ഞു. ഈ വിൽപ്പന പ്രോത്സാഹിപ്പിക്കുന്നതിനായി കേരള സർക്കാർ ഉപഭോക്താക്കൾക്ക് റിബേറ്റ് നൽകുന്നതാണ്.

6. ചെറുകിട ഉൽപ്പാദകരുടെ ഉൽപ്പാദന പ്രവർത്തനങ്ങൾക്ക് സഹായകമായി അവർക്ക് ആവശ്യമുള്ള അസംസ്കൃത വസ്തുക്കൾ കയർഫെഡിൽനിന്നും മറ്റും സംഭരിച്ച് ഉൽപ്പാദക സഹകരണ സംഘങ്ങൾ മുഖാന്തരം അഡ്വാൻസ് ആയി നൽകുന്നു.

7. നിർമ്മിച്ച് സംഭരിക്കുന്ന ഉൽപ്പന്നങ്ങളുടെ വില ഉടനടി നൽകുന്നു.

കയർ കോർപ്പറേഷന്റെ തനത് കയറ്റുമതി പരമാവധി വർദ്ധിപ്പിക്കുന്നതിന് വിദേശങ്ങളിലെ പാരിസ്ഥിതിക-സാമൂഹിക അനുകൂല വിപണികളുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കടക്കെണിയിലായ കയർ തൊഴിലാളികളെ സംരക്ഷിക്കാൻ ആരംഭിച്ച ഇൻകം സപ്പോർട്ട് സ്കീം നിലവിലുണ്ട്. വി. എസ്. അച്ചുതാനന്ദൻ സർക്കാരാണ് ഇൻകം സപ്പോർട്ട് സ്കീമിന് രൂപം നൽകിയത്. പ്രസ്തുത പദ്ധതി പ്രകാരം 2016-17 സാമ്പത്തിക വർഷത്തിൽ 12,44,50,000 രൂപ അനുവദിച്ചുനൽകിയിട്ടുണ്ട്.

**കയർഫെഡിന്റെ ഗോഡൗണുകൾ**

89 (3264) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർഫെഡിന്റെ ഉടമസ്ഥതയിൽ പള്ളുരുത്തി -ഇടക്കൊച്ചി നോർത്ത് ഭാഗത്ത് പഷ്ണിത്തോടിന് സമീപമുള്ള ഗോഡൗണുകൾ ഇപ്പോൾ പ്രവർത്തന ക്ഷമമാണോ;

(ബി) ഗോഡൗൺ കെട്ടിടങ്ങൾ കാലപ്പഴക്കത്താൽ ജീർണ്ണിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കെട്ടിടങ്ങൾ തുടർന്ന് ഏതെങ്കിലും ആവശ്യങ്ങൾക്കായി ഉപയോഗിക്കാൻ ഉദ്ദേശമുണ്ടോയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കയർഫെഡിന്റെ ഉടമസ്ഥതയിൽ പള്ളുരുത്തി-ഇടക്കൊച്ചി നോർത്ത് ഭാഗത്ത് പഷ്ണിത്തോടിന് സമീപമുള്ള ഗോഡൗണുകൾ ഇപ്പോൾ പ്രവർത്തനക്ഷമമാണ്.

(ബി) ഗോഡൗണുകൾക്ക് സ്വാഭാവികമായ അറ്റകുറ്റപ്പണികൾ മാത്രമേ ആവശ്യമുള്ളൂ. ആയതിന്റെ പ്രാരംഭ നടപടിക്രമങ്ങൾ കേന്ദ്രസർക്കാർ സ്ഥാപനമായ എഫ്. ആർ.ബി. എൽ.-ന്റെ നേതൃത്വത്തിൽ നടന്നുവരികയാണ്.

(സി) ചകിരി, പിത്ത് എന്നിവയുടെ ഉൽപ്പാദനത്തിന്റെയും സംഭരണത്തിന്റെയും കേന്ദ്രമായി പ്രസ്തുത കെട്ടിടം ഉപയോഗിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**മോണോസൈറ്റിന്റെ ഉപയോഗം**

90 (3265) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചവറ ഐ. ആർ. ഇ.- യുടെ ഗോഡൗണിലെ കോൺക്രീറ്റ് അറകളിലെ മോണോസൈറ്റ് ശേഖരത്തിലെ ഒരുലക്ഷം ടൺ ഇപ്പോൾ ഏതാവശ്യത്തിനാണ് ഉപയോഗിച്ച് തുടങ്ങിയതെന്ന് വ്യക്തമാക്കാമോ;

(ബി) കേന്ദ്ര സർക്കാരിന്റെ മിനറൽ ഡിവിഷൻ, മോണോസൈറ്റിൽ നിന്നും തോറിയം വേർതിരിക്കുന്നത് നിർത്തിയതാണ് ഈ സ്റ്റോക്ക് വരാൻ കാരണമെന്ന വിവരം സത്യമാണോ; ഇപ്പോൾ കോടികൾ വിലയുള്ള തോറിയം ഉദ്പാദിപ്പിക്കാനാണോ അതോ മറ്റെന്തെങ്കിലും ആവശ്യത്തിനാണോ മോണോസൈറ്റ് ഉപയോഗിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) ചവറ ഐ. ആർ. ഇ.-യുടെ മോണോസൈറ്റ് ശേഖരം കടത്തികൊണ്ടു പോകാനാണ് ഇപ്പോൾ ഉപയോഗിച്ച് തുടങ്ങിയതെന്ന ആക്ഷേപം അന്വേഷിച്ച് റിപ്പോർട്ട് നൽകാമോ ;

(ഡി) കേരളത്തിൽ നിന്നുള്ള അനധികൃത മോണോസൈറ്റ് കടത്തൽ തടയാനും കരിമണൽ കടത്തുതടയാനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) ചവറ ഐ.ആർ.ഇ.-യുടെ പ്ലാന്റിൽ 25-30 ശതമാനം മോണോസൈറ്റ് അടങ്ങിയ 40000 ടൺ ധാതുമണലാണ് സംഭരിച്ചിട്ടുള്ളത്. ഐ.ആർ.ഇ.യിൽ പുതുതായി കമ്മീഷൻ ചെയ്ത സമ്പുഷ്ടീകരണ പ്ലാന്റിൽ 96 ശതമാനം വരെ മോണോസൈറ്റ് സമ്പുഷ്ടീകരണം നടത്താൻ ശേഷിയുണ്ട്. ഈ പ്ലാന്റിൽ സമ്പുഷ്ടീകരിച്ച ധാതുമണൽ തോറിയം നൈട്രേറ്റ്, ട്രൈ സോഡിയം ഫോസ്ഫേറ്റ്, ന്യൂക്ലിയർ ഗ്രേഡ് അമോണിയം ഡൈ യൂറനേറ്റ് എന്നീ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് ഒഡീഷയിലുള്ള ഐ.ആർ.ഇ.-യുടെ പ്ലാന്റിലേയ്ക്ക് കൊണ്ടുപോകുന്നുണ്ട്.

(ബി & സി) ഐ.ആർ.ഇ.-യുടെ ആലുവ പ്ലാന്റിലെ മോണോസൈറ്റ് സംസ്കരണ യൂണിറ്റ് 10 വർഷമായി പ്രവർത്തിക്കാത്തതുകൊണ്ടാണ്

മോണോസൈറ്റ് അടങ്ങിയ ധാതുമണൽ സ്റ്റോക്ക് വരാൻ കാരണം. ഐ.ആർ.ഇ.-യുടെ തന്നെ ഒഡീഷയിലുള്ള പ്ലാന്റിൽ തോറിയം, നൈട്രേറ്റ് അടക്കമുള്ള ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനാണ് ഈ ധാതുമണൽ ഇപ്പോൾ ഉപയോഗിക്കുന്നത്.

(ഡി) അനധികൃതമായി ധാതുമണൽ കടത്തിക്കൊണ്ടുപോകുന്നുവെന്ന പത്രവാർത്തകൾ വന്നതിനെത്തുടർന്ന് കരുനാഗപ്പള്ളി സർക്കിൾ ഇൻസ്പെക്ടർ, കൊല്ലം പോലീസ് സൂപ്രണ്ട്, കൊല്ലം ജില്ലാ കളക്ടർ എന്നിവരെ വിവരം അറിയിക്കുകയും ധാതുമണൽ കടത്ത് തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. മൈനിംഗ് & ജിയോളജി ദക്ഷിണമേഖലാ മിനറൽ സ്ക്വാഡിനോട് ധാതുമണൽ കടത്തിക്കൊണ്ടുപോകുന്നത് തടയുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ടി സ്ക്വാഡ് കൊല്ലം ജില്ലയിലെ തീരപ്രദേശങ്ങൾ കേന്ദ്രീകരിച്ച് പരിശോധന നടത്തിവരുന്നു. കരുനാഗപ്പള്ളി പോലീസ് സ്റ്റേഷന്റെ പരിധിയിൽ വരുന്ന തീരപ്രദേശത്ത് സ്ഥിരമായി പോലീസ് പിക്കറ്റ് നിലവിലുള്ളതാണ്. കൂടാതെ ഈ സ്ഥലത്ത് ഈ ആവശ്യത്തിലേയ്ക്ക് പോലീസ് പട്രോളിംഗ് നടത്തുന്നുണ്ട്. 28-12-2009-ലെ ജി.ഒ.(ആർ.ടി.)നമ്പർ 1603/09/ഐ.ഡി. നമ്പർ ഉത്തരവുകാരം കരുനാഗപ്പള്ളി സർക്കിൾ ഇൻസ്പെക്ടർ, കൊല്ലം ജില്ലാ അസിസ്റ്റന്റ് ജിയോളജിസ്റ്റ്, തഹസിൽദാർ എന്നിവരടങ്ങിയ ഒരു സ്ക്വാഡും ഹരിപ്പാട് സർക്കിൾ ഇൻസ്പെക്ടർ, ആലപ്പുഴ ജില്ലാ അസിസ്റ്റന്റ് ജിയോളജിസ്റ്റ്, തഹസിൽദാർ എന്നിവരടങ്ങിയ ഒരു സ്ക്വാഡും നിലവിലുണ്ട്. കൂടാതെ ആഭ്യന്തര വകുപ്പ് ഈ ആവശ്യത്തിലേയ്ക്കായി ഒരു സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിനെയും നിയോഗിച്ചിട്ടുണ്ട്.

### മെഗാ ഫുഡ് പാർക്ക്

91 (3266) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ ചേന്നം പള്ളിപ്പുറം പഞ്ചായത്തിൽ പ്രവർത്തനം ആരംഭിക്കുന്ന മെഗാ ഫുഡ് പാർക്ക് എന്നേത്തയ്ക്ക് ഉദ്ഘാടനം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്;

(ബി) പ്രസ്തുത പാർക്കിന്റെ നിർമ്മാണത്തിനായി കേന്ദ്ര വ്യവസായ/വാണിജ്യ മന്ത്രാലയത്തിൽ നിന്നും അനുവദിച്ച തുക എത്ര ; ആയതിൽ ചെലവായത് എത്ര; വ്യക്തമാക്കാമോ ;

(സി) സംസ്ഥാന സർക്കാർ ഈ മെഗാ ഫുഡ് പാർക്കിനായി എത്ര തുകയാണ് മുടക്കുന്നത്; അറിയിക്കാമോ;

(ഡി) എന്തെല്ലാം സൗകര്യങ്ങളാണ് പാർക്കിൽ ഒരുക്കുന്നത്; പൊതു ഇ.റ്റി.പി.-യും, എസ്.റ്റി.പി.-യും ഇവിടെ നിർമ്മിക്കുന്നുണ്ടോ; എങ്കിൽ ആയതിന്റെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; അറിയിക്കാമോ;

(ഇ) അവിടെ എത്ര സ്ഥലം എത്ര പേർക്ക് ഇതിനോടകം നൽകിയിട്ടുണ്ടെന്നും ആർക്കൊക്കെയെന്നും വ്യക്തമാക്കുമോ;

(എഫ്) ഇനിയും സ്ഥലം വ്യവസായികൾക്ക് നല്കാനുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ നടപടിക്രമം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) മെഗാ ഫുഡ് പാർക്ക് 2018 ജൂൺ മാസത്തിനുള്ളിൽ പണി പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്യാൻ ഉദ്ദേശിക്കുന്നു.

(ബി) പ്രസ്തുത പാർക്കിനായി കേന്ദ്ര ഭക്ഷ്യ സംസ്കരണ മന്ത്രാലയത്തിൽ നിന്നും 50 കോടി രൂപ ഗ്രാന്റ് അനുവദിച്ചതിൽ 15 കോടി രൂപ ലഭിക്കുകയും ടി തുകയിൽനിന്നും 7.44 കോടി രൂപ നാളിതുവരെ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത പാർക്കിനായി സംസ്ഥാന സർക്കാർ 69.15 കോടി രൂപ മുടക്കുന്നതാണ്

(ഡി) അടിസ്ഥാന സൗകര്യങ്ങളായ റോഡ്, ഡ്രെയിനേജ് സംവിധാനം, വൈദ്യുതി, വെള്ളം എന്നിവയും ഭക്ഷ്യസംസ്കരണത്തിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി ഫാക്ടറി ഷെഡ്, കോൾഡ് സ്റ്റോറേജ്, ഫ്രീസർ, ക്വാളിറ്റി ലാബ്, ഇ.റ്റി.പി. എന്നിവയും പ്രസ്തുത പാർക്കിൽ വിഭാവനം ചെയ്തിട്ടുണ്ട്.

പൊതു ഇ.റ്റി.പി.-യും എസ്.റ്റി.പി.-യും പാർക്കിൽ വിഭാവനം ചെയ്തിട്ടുണ്ട്. ഇ.റ്റി.പി.-യുടെ നിർമ്മാണത്തിനായി രണ്ടുപ്രാവശ്യം ടെണ്ടർ വിളിക്കുകയും യോഗ്യതയുള്ള കരാറുകാരുടെ അഭാവംമൂലം ടെണ്ടർ റദ്ദാക്കേണ്ടി വരികയുമാണുണ്ടായത്. പ്രസ്തുത ഇ.റ്റി.പി.ക്കായി അനുയോജ്യമായ മാറ്റങ്ങൾ വരുത്തി മൂന്നാമതായി ടെണ്ടർ 2017 മേയ് മാസം വിളിക്കുന്നതാണ്.

(ഇ) 19 യൂണിറ്റുകൾക്കായി 32.76 ഏക്കർ സ്ഥലം അനുവദിച്ചിട്ടുണ്ട്. വ്യവസായ സംരംഭകരുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു:

1. Yentrans Logistics Pvt. Ltd.
2. Premier Innovative Foods, Sea food processing
3. Aqua Sea foods
4. Salt Sea Foods
5. Premier Marine foods
6. Friends Marine Industries
7. Keshodwala Foods
8. GMG Exports
9. Monto Marine Pvt. Ltd.
10. Ghan Marine Exim
11. Busthan Al-Wathaniya
12. Profand Vayalat Pvt. Ltd.
13. Cresent Flexy Pack
14. Nas Food Exim
15. Mira Marine Foods
16. Kay Kay Sea Food India Pvt. Ltd.
17. Anna Fabha Exim
18. Grand Marine Exim
19. Grand Poly Pack

(എഫ്) അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണം പൂർത്തിയായശേഷം ഏകദേശം 12 ഏക്കറോളം സ്ഥലം പ്രസ്തുത പാർക്കിൽനിന്നും നൽകാൻ സാധിക്കും. ആയതിനുള്ള നടപടിക്രമങ്ങൾ കെ.എസ്.ഐ.ഡി.സി. മുഖേനയാണ് നടപ്പിലാക്കുന്നത്.

## സർക്കാരിന്റെ നിക്ഷേപം

92 (3267) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-2016 കാലയളവിൽ പൊതു മേഖലാ സ്ഥാപനങ്ങളിലും സർക്കാർ കമ്പനികളിലുമായിട്ടുള്ള സർക്കാരിന്റെ നിക്ഷേപം എത്രയാണ്;

(ബി) ഈ നിക്ഷേപങ്ങളിൽ നിന്നും ലഭിക്കുന്ന ആദായം എത്രയാണ് ;

(സി) സി. എ. ജി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇത് സംബന്ധിച്ച് എന്തെങ്കിലും നയം രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ) 2011-16 കാലയളവിൽ ബഡ്ജറ്റ് വിഹിതമായി പൊതുമേഖലാ സ്ഥാപനങ്ങളിൽ 565.47 കോടി രൂപ സർക്കാർ വകയിരുത്തിയിരുന്നു.

(ബി & സി) ഓഹരി നിക്ഷേപത്തിൽനിന്നും മൂലധനനിക്ഷേപത്തിൽ നിന്നുമുള്ള ആദായം വിലയിരുത്തി മറുപടി നൽകുന്നതാണ്.

## മാലിന്യം സംസ്കരിക്കുന്നതിന് ശാസ്ത്രീയ സംവിധാനം

93 (3268) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായശാലകളിൽ നിന്നും മാലിന്യങ്ങൾ നദികളിലേയ്ക്ക് ഒഴുക്കി വിടുന്നതായുള്ള മാധ്യമ വാർത്തകളിൽ ശരിയുണ്ടോ; ഇക്കാര്യം വകുപ്പ് പഠിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(ബി) വ്യവസായ ശാലകളിലെ മാലിന്യം സംസ്കരിക്കുന്നതിന് നിലവിൽ ശാസ്ത്രീയമായ സംവിധാനങ്ങൾ ഓരോ സ്ഥാപനത്തിലും ഉപയോഗിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുമോ; ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിച്ച് വിവരം പരസ്യപ്പെടുത്തുന്നതിന് തയ്യാറാകുമോ; എങ്കിൽ വിശദവിവരം നൽകുമോ?

ഉത്തരം

(എ & ബി) വ്യവസായശാലകളിൽ മലിനീകരണ നിയന്ത്രണത്തിന് സംവിധാനങ്ങൾ നിലവിലുണ്ട്. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കാറുണ്ട്.

## കൈത്തറി വ്യവസായം സംരക്ഷിക്കൽ

94 (3269) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കൈത്തറി വ്യവസായം സംരക്ഷിക്കുന്നതിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കുമോ;

(ബി) പ്രതിസന്ധിയിലായ കൈത്തറി സഹകരണ സംഘങ്ങളെ സഹായിക്കുന്നതിനും പുനരുജ്ജീവിപ്പിക്കുന്നതിനുമായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) കൈത്തറി സഹകരണ സംഘങ്ങളുടെ ഉത്പന്നങ്ങൾ വിപണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ വിശദീകരിക്കുമോ?

### ഉത്തരം

(എ) കേരളത്തിലെ കൈത്തറി വ്യവസായം സംരക്ഷിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി

2. പ്രാഥമിക കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം.

3. ഹാന്റെക്സ്, ഹാൻവീവ് എന്നിവയിലെ ഓഹരി പങ്കാളിത്തം

4. നെയ്ത്തുകാർക്ക് ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിനുള്ള സബ്സിഡി

5. ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനുള്ള മാർജിൻ മണി വായ്പ

6. കൈത്തറി മേഖലയിൽ സ്വയംതൊഴിൽ സൃഷ്ടിക്കൽ/ഹാന്റ്ലൂം ബിസിനസ്സ് ഇൻക്യുബേറ്റർ

7. നെയ്ത്തുകാർക്കും മറ്റ് തൊഴിലാളികൾക്കുമുള്ള പ്രചോദന പരിപാടി/കൈത്തറി തൊഴിലാളികൾക്കുള്ള ഉൽപ്പാദന പ്രോത്സാഹന ധനസഹായം

8. കൈത്തറി ഗ്രാമവും സമഗ്ര കൈത്തറി ഗ്രാമവും സ്ഥാപിക്കൽ

9. അംശദാന സമ്പാദ്യ പദ്ധതി

10. കൈത്തറി നെയ്ത്തുകാർക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി (മഹാത്മാഗാന്ധി ബുങ്കർ ബീമാ യോജന)

11. വിപണന കയറ്റുമതി പ്രോത്സാഹനം

12. കൈത്തറി സംഘങ്ങളുടെ ആധുനികവൽക്കരണവും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനവും

13. പരിശീലനം, നൈപുണ്യം, ശേഷി വികസനം

14. കൈത്തറിയുടെ പ്രചാരണം, പരിശീലനം , പഠനം, കൈത്തറി മാർക്ക് സ്കീമിന്റെ പ്രചാരണ സഹായം

15. കൈത്തറി തൊഴിലാളികളുടെ സർവ്വേ

(ബി) കൈത്തറി മേഖലയെ ശക്തിപ്പെടുത്തുന്നതിനായി സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് 2 ജോഡി കൈത്തറി യൂണിഫോം സൗജന്യമായി നൽകുന്ന പദ്ധതി രൂപീകരിച്ചു. ഈ പദ്ധതിപ്രകാരം സംസ്ഥാനത്തെ സ്കൂൾ കുട്ടികൾക്ക് യൂണിഫോം നൽകുക എന്നതിനുപുറമേ മേഖലയിലെ നെയ്ത്തുകാർക്ക് വർഷത്തിൽ കുറഞ്ഞത് 200 ദിവസമെങ്കിലും ജോലി നൽകി അവരുടെ വേതനം വർദ്ധിപ്പിക്കാനും ലക്ഷ്യമിട്ടിരിക്കുന്നു.

2017-18 വർഷത്തിൽ ഒരു വീട്ടിൽ ഒരു തറി പദ്ധതി നടപ്പിലാക്കുന്നു. ടി പദ്ധതിയിലൂടെ തറി സ്ഥാപിക്കാൻ കഴിവില്ലാത്തതും എന്നാൽ ഒരു അംഗത്തിനെങ്കിലും നെയ്ത്ത് അറിയാവുന്നതുമായ ഓരോ വീട്ടിലും തറി സ്ഥാപിക്കാൻ ചെലവിന്റെ 75 ശതമാനം സർക്കാർ സഹായം നൽകും. ഇതുവഴി കൈത്തറി മേഖലയിൽ കൂടുതൽ പേരെ ആകർഷിക്കുവാൻ സാധിക്കും.

പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങളിലെ ജീവനക്കാർക്കും നെയ്ത്തുകാർക്കും നെയ്ത്തിലുള്ള നൈപുണ്യം മെച്ചപ്പെടുത്തുന്നതിനും ഉൽപ്പാദനശേഷി വർദ്ധിപ്പിക്കുന്നതിനുംവേണ്ടി നെയ്ത്ത് സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ മുഖേന ആവശ്യമനുസരിച്ച് ഒരു പ്രദേശത്ത് പരിജ്ഞാനം ലഭിച്ച ഒരു ഡിസൈനറെ വീതം ഉൾപ്പെടുത്തി ഒരു വർഷത്തേയ്ക്ക് പരിശീലനം നൽകുന്ന പദ്ധതി നടപ്പിലാക്കുന്നു.

(സി) കൈത്തറി ഉൽപ്പന്നങ്ങൾക്ക് വിപണി ലഭിക്കുന്നതിനായി ജില്ലാതലത്തിൽ ഓണം, വിഷു, ക്രിസ്തുമസ്, റംസാൻ പോലുള്ള അവസരങ്ങളിൽ കൈത്തറി മേളകൾ നടത്താൻ ധനസഹായം അനുവദിക്കുന്നുണ്ട്. പ്രസ്തുത

മേളകളിൽ പങ്കെടുക്കുന്ന സഹകരണ സംഘങ്ങൾക്ക് ചെലവായ തുക ഗ്രാന്റ് ആയി അനുവദിക്കുന്നുണ്ട്. കൂടാതെ നിശ്ചിത കാലയളവിൽ വിൽപ്പന നടത്തുന്ന കൈത്തറി ഉൽപ്പന്നങ്ങൾക്ക് റിബേറ്റ് നൽകി വിൽപ്പനയെ സഹായിക്കുന്നു. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നടക്കുന്ന ട്രേഡ് ഫെസ്റ്റിവലുകളിൽ പങ്കെടുക്കുന്നതിന് സംഘങ്ങൾക്ക് ആവശ്യമുള്ള സഹായം നൽകിവരുന്നു. സംസ്ഥാനത്ത് സംഘടിപ്പിക്കുന്ന ബിസിനസ്സ് ടു ബിസിനസ്സ് മീറ്റുകളിൽ സംഘങ്ങളുടെ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിന് അവസരമൊരുക്കുന്നു. ഇന്ത്യ ഇന്റർനാഷണൽ ട്രേഡ് ഫെയറിൽ പങ്കെടുത്ത് ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിന് വേണ്ട സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നു.

## വ്യവസായ നിക്ഷേപം വർദ്ധിപ്പിക്കുന്നതിന് പദ്ധതി

95 (3270) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി എത്ര രൂപയുടെ വ്യവസായ നിക്ഷേപം ഉണ്ടായി എന്ന് വ്യക്തമാക്കുമോ;

(ബി) പുതിയ നിക്ഷേപകരെ ആകർഷിക്കുന്നതിനായി എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) നോക്കുകൂലി തൊഴിൽ സംസ്കാരം കേരളത്തിലേയ്ക്ക് നിക്ഷേപകർ കടന്നുവരുന്നതിന് തടസ്സമാണോ; വ്യക്തമാക്കുമോ;

(ഡി) കേരളത്തിൽ സംരംഭക സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 15535 സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ പുതുതായി ആരംഭിക്കുകയും അതുവഴി 1,38,711.73 ലക്ഷം രൂപയുടെ വ്യവസായ നിക്ഷേപവുമുണ്ടായി. കൂടാതെ കെ.എസ്.ഐ.ഡി.സി.-യുടെ സാമ്പത്തിക സഹായത്തോടെ വിവിധ വ്യവസായ പാർക്കുകളിൽ ആരംഭിച്ച യൂണിറ്റുകളിൽ ഏകദേശം 110 കോടി രൂപയുടെ വ്യവസായ നിക്ഷേപം ഉണ്ടായിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് വ്യവസായ നിക്ഷേപത്തിന് അനുകൂല സാഹചര്യം ഒരുക്കുന്നതിനും വ്യവസായ സംരംഭകർക്കുള്ള അനുമതിയും ലൈസൻസുകളും

അതിവേഗം ലഭ്യമാക്കുന്നതിനുമായി സർക്കാർ പഠനം നടത്തിയിരുന്നു. വാണിജ്യ നിക്ഷേപകർക്ക് അവരുടെ സംരംഭങ്ങൾ സുഗമമായും വേഗത്തിലും നടത്താനാവശ്യമായ പാരിസ്ഥിതികാന്തരീക്ഷം സൃഷ്ടിക്കുക എന്നതിനുവേണ്ടി 'കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട്' എന്ന പേരിൽ നിയമനിർമ്മാണം നടത്താൻ സർക്കാർ തീരുമാനമായിട്ടുണ്ട്. അതുവഴി വ്യവസായ മേഖലയിലെ വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട അനുമതികൾ സംബന്ധിച്ചുള്ള നിലവിലുള്ള സർക്കാർ നിയമങ്ങൾ/ചട്ടങ്ങൾ/ഉത്തരവുകൾ, നിലവിലുള്ള ഏകജാലക നിയമം, അടിസ്ഥാന സൗകര്യമേഖലയിലെ പുരോഗതി, അനുമതിക്കാവശ്യമായ പൊതു അപേക്ഷാഫോറം തുടങ്ങിയവ പരിഷ്കരിക്കാനും നടപടികൾ തുടങ്ങി. കൂടാതെ നിലവിലുള്ള ഏകജാലക ക്ലിയറൻസ് സംവിധാനത്തിന്റെ മികച്ച പ്രവർത്തനത്തിന് 'ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ സെൽ ' (ഐ.പി. എഫ്. സി.) ശക്തിപ്പെടുത്തേണ്ടതുണ്ട്. അതിന് ബന്ധപ്പെട്ട വകുപ്പുകളുടെ പ്രതിനിധികൾ ഉൾക്കൊള്ളുന്ന ഒരു സ്ഥിരം സെൽ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷനിൽ (കെ.എസ്.ഐ.ഡി.സി.) പ്രവർത്തിക്കുന്നതാണ്. ഈ സംവിധാനം ജില്ലാതലത്തിൽ പ്രായോഗികമാക്കുന്നതിനായി ജില്ലാ കളക്ടർ തലവനായി ബന്ധപ്പെട്ട വകുപ്പുകളിലെ പ്രതിനിധി ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന ഒരു ജില്ലാതല സമിതി രൂപീകരിക്കുക, ബന്ധപ്പെട്ട വകുപ്പുകളിലെയും ഏജൻസികളിലെയും അപേക്ഷാഫോറങ്ങൾ ഏകീകരിച്ച് ഒരു പൊതു ഏകീകൃത അപേക്ഷാഫോറം കൊണ്ടുവരിക എന്നീ നടപടികൾ ആരംഭിച്ചു.

(സി) 'നോക്കുകൂലി' സമ്പ്രദായം സംസ്ഥാനത്തെ നിക്ഷേപകരംഗത്തെ ബാധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) സംസ്ഥാനം നിക്ഷേപ സൗഹൃദമാക്കുന്നതിനായി വ്യാവസായിക പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിച്ച് സംരംഭകർക്ക് ഭൂമി അനുവദിച്ചിട്ടുണ്ട്. കൂടാതെ ഇത്തരം വ്യവസായ ഭൂമിയിൽ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി റോഡുകൾ നവീകരിക്കുന്നതിനും വൈദ്യുതി, ജലസൗകര്യം, ഖര-ദ്രവ്യ മാലിന്യ നിർമ്മാർജ്ജനം, പൊതു സേവനകേന്ദ്രങ്ങളുടെ നിർമ്മാണം എന്നിവയ്ക്കായി സ്ഥിരമായി ബഡ്ജറ്റിൽ വിഹിതം നൽകി പ്രവർത്തനങ്ങൾ നടത്തിവരുന്നു. കൂടാതെ വ്യവസായം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട എല്ലാ അനുബന്ധ അനുമതികളും ലഭിക്കുന്നതിനുള്ള സംവിധാനം എല്ലാ വ്യവസായ പാർക്കുകളിലും നടപ്പിലാക്കിയിട്ടുണ്ട്.

**അനധികൃത കുടിവെള്ള കച്ചവടം**

96 (T* 3271) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുപ്പിവെള്ളം കച്ചവടം നടത്തുന്ന സ്ഥാപനങ്ങൾ ഏതെല്ലാം, സംസ്ഥാനത്ത് പ്രവർത്തിക്കുന്നവ, മറ്റു സംസ്ഥാന സ്ഥാപനങ്ങൾ, മറ്റു സ്വകാര്യ സ്ഥാപനങ്ങൾ, റയിൽവേ തുടങ്ങിയ സർക്കാർ അധീനസ്ഥാപനങ്ങൾ ഏതെല്ലാം; വിശദാംശം വ്യക്തമാക്കുമോ;

(ബി) ഇവ സംസ്ഥാനത്ത് വിപണനം നടത്തുമ്പോൾ അവയുടെ ഗുണനിലവാര പരിശോധന ആരാണ് നടത്തുന്നതെന്നും, സംസ്ഥാന ഗുണനിലവാര പരിശോധനാ സർട്ടിഫിക്കറ്റില്ലാത്ത കുടിവെള്ള വിതരണ കമ്പനികളെ പരിശോധിക്കുവാൻ നിലവിലെ സംവിധാനങ്ങൾ എന്തെല്ലാമെന്നും, ഇത്തരത്തിൽ പരിശോധനകളിൽ കണ്ടെത്തി കേസ്സുകൾ രജിസ്റ്റർ ചെയ്തവ ഏതെല്ലാമെന്നും വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് വിപണനം നടത്തുന്ന കുപ്പിവെള്ളം ഗുണനിലവാരമുള്ളതും അവയുടെ വിപണനത്തിന് ഈടാക്കുവാനുള്ള വില നിശ്ചയിക്കുന്നത് സർക്കാർ നിയന്ത്രണത്തിലാക്കാനും, അനധികൃത കുടിവെള്ള കച്ചവടം (ഗുണനിലവാരമില്ലാത്ത കുടിവെള്ളം) തടയുവാനും ഈ സർക്കാർ എന്ത് നടപടികൾ സ്വീകരിക്കുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ-സി ) വിവരം ശേഖരിച്ചുനൽകുന്നതാണ്.

**വ്യവസായ അന്തരീക്ഷം വ്യവസായ സൗഹൃദമാക്കൽ**

97 (3272) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. അനിൽ അക്കര :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യവസായ അന്തരീക്ഷം കൂടുതൽ വ്യവസായ സൗഹൃദമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) തദ്ദേശ ഭരണ നിയമങ്ങളിലും ചട്ടങ്ങളിലും തദനുസൃതമായ ഭേദഗതി വരുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(സി) ഈ നിയമഭേദഗതിയിലൂടെ വ്യവസായങ്ങൾക്ക് ലൈസൻസ് നൽകുന്നതിനും റദ്ദാക്കുന്നതിനും പ്രാദേശിക ഭരണസ്ഥാപനങ്ങൾക്ക് നിലവിലുള്ള വിവേചനാധികാരം ഇല്ലാതാകുമോ;

(ഡി) ഗ്രീൻ വൈറ്റ് വിഭാഗത്തിൽപ്പെടുന്ന വ്യവസായശാലകൾ സ്ഥാപിക്കുന്നതിന് മുൻകൂർ അനുമതി വേണ്ടായെന്ന് തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ വ്യവസായ അന്തരീക്ഷം കൂടുതൽ വ്യവസായ സൗഹൃദമാക്കുന്നതിന് ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് സംരംഭം കേരളത്തിൽ നടപ്പിലാക്കുന്നതിനുള്ള നോഡൽ ഏജൻസിയായി കെ.എസ്.ഐ.ഡി.സി.യെ സർക്കാർ നിയോഗിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ വിവിധ മേഖലകളിൽ ചട്ടങ്ങളും വ്യവസായ നിയമങ്ങളുമനുസരിച്ച് നവീകരണം നടപ്പാക്കാനാവശ്യമായ നിർദ്ദേശങ്ങളും പരിഹാര മാർഗ്ഗങ്ങളും കണ്ടെത്തി മികച്ച രീതിയിൽ മുന്നോട്ടുകൊണ്ടുപോകാൻ ആവശ്യമായ നിർദ്ദേശങ്ങൾക്കായി M/s. KPMG-യെ ഒരു കൺസൾട്ടന്റായി നിയോഗിച്ചിട്ടുണ്ട്. കേരളത്തിലെ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് സംരംഭത്തെ ആസ്പദമാക്കി വിവിധ വകുപ്പുകളുടെ ചട്ടങ്ങളും നിയമങ്ങളും ലഘൂകരിക്കാനും നവീകരിക്കുവാനുമായുള്ള ഒരു പഠനം നടത്തി M/s. കെ.പി.എം.ജി. റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. കെ.പി.എം.ജി. പഠനം നടത്തി സമർപ്പിച്ച റിപ്പോർട്ടിൽ 1999-ലെ ഏകജാലക ക്ലിയറൻസ് സംവിധാനത്തിൽ കാലോചിതമായ മാറ്റം വരുത്തുവാനും കൂടുതൽ ഫലപ്രദമാക്കുവാനും വേണ്ടിയുള്ള നിർദ്ദേശങ്ങളും ഉൾപ്പെട്ടിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഈ പഠന റിപ്പോർട്ട് അടിസ്ഥാനത്തിലുള്ള ഓൺലൈൻ സംവിധാനവും പൊതുവായുള്ള ഒരു അപേക്ഷാഫോറവും (വിവിധ വകുപ്പുകളുടെ അപേക്ഷാ ഫോറങ്ങൾ ഏകീകരിച്ച് ഒരു ഏകീകൃത അപേക്ഷാഫോറം) നടപ്പിലാക്കുന്നതിനായി സർക്കാർ നിർദ്ദേശപ്രകാരം നാഷണൽ ഇൻഫോർമാറ്റിക് സെന്ററിനെ നിയോഗിച്ചിട്ടുണ്ട്. കൂടാതെ M/s. കെ.പി.എം.ജി.-യെ മേൽപ്പറഞ്ഞ ഓൺലൈൻ മെക്കാനിസം നടപ്പിലാക്കാൻ സഹായിക്കുന്ന പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റായി നിയമിച്ചിട്ടുണ്ട്. നാഷണൽ ഇൻഫോർമാറ്റിക് സെന്ററും M/s. കെ.പി.എം.ജി.-യും ഇതിന്റെ ജോലികൾ ആരംഭിച്ചിട്ടുണ്ട്.

(ബി & സി) ബന്ധപ്പെട്ട എല്ലാ നിയമങ്ങളിലും ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) തീരുമാനിച്ചിട്ടില്ല. കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിയും ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന്റെ കെട്ടിട നിർമ്മാണ ചട്ടങ്ങളും ഭക്ഷ്യ സുരക്ഷാ നിയമങ്ങളും പാലിക്കേണ്ടതുണ്ട്.

**തൊഴിൽ സംരംഭങ്ങൾ**

98 (3273) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കേരളത്തിൽ എത്ര തൊഴിൽ സംരംഭങ്ങൾക്ക് തുടക്കം കുറിക്കാൻ വ്യവസായവകുപ്പിന് കഴിഞ്ഞിട്ടുണ്ട്; അത് എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

സംസ്ഥാനത്ത് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിനുകീഴിൽ തുടക്കം കുറിച്ച തൊഴിൽ സംരംഭങ്ങളെ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*

**വൻകിട വ്യവസായങ്ങളെ ആകർഷിക്കാൻ നടപടി**

99 (3274) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൻകിട വ്യവസായങ്ങളെ ആകർഷിക്കാൻ നിലവിലുള്ള നിയമങ്ങളിലും ചട്ടങ്ങളിലും എന്തെല്ലാം ഇളവുകളാണ് പ്രഖ്യാപിച്ചിട്ടുള്ളത് ;

(ബി) വിവിധ വകുപ്പുകളിൽ നിന്നും ക്ലിയറൻസ് വാങ്ങുന്ന സമ്പ്രദായം ചുരുക്കണമെന്ന വ്യവസായികളുടെയും യുവസംരംഭകരുടെയും ആവശ്യത്തെ സർക്കാർ എങ്ങനെ നോക്കിക്കാണുന്നു; വ്യക്തമാക്കുമോ;

(സി) കേരളത്തിൽ വ്യവസായം നടത്തുന്നത് എളുപ്പത്തിലാക്കാൻ നിലവിലുള്ള ചുമട്ടുതൊഴിലാളി നിയമം ഉൾപ്പെടെ ഭേദഗതി വരുത്തുവാൻ നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ & ബി) സംസ്ഥാനത്ത് വ്യവസായ സൗഹൃദപരമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും വ്യവസായ സംരംഭകർക്കുള്ള സൗകര്യങ്ങൾ സമയബന്ധിതമായി നൽകുന്നതിനും വാണിജ്യ വ്യവസായങ്ങൾ സുഗമമായും വേഗത്തിലും നടത്താനാവശ്യമായ പാരിസ്ഥിതികാവസ്ഥ സൃഷ്ടിക്കുന്നതിനുമായി 'കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട്' എന്ന പേരിൽ നിയമനിർമ്മാണം നടത്താൻ സർക്കാർ തീരുമാനമായിട്ടുണ്ട്. അതുവഴി വ്യവസായ മേഖലയിലെ വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട അനുമതികൾ സംബന്ധിച്ചുള്ള നിലവിലുള്ള സർക്കാർ നിയമങ്ങൾ/ചട്ടങ്ങൾ/ഉത്തരവുകൾ, നിലവിലുള്ള ഏകജാലക നിയമം, അടിസ്ഥാന സ്വകാര്യമേഖലയിലെ പുരോഗതി, അനുമതിക്കാവശ്യമായ പൊതു അപേക്ഷാഫോറം തുടങ്ങിയവ പരിഷ്കരിക്കാൻ നടപടികൾ തുടങ്ങി. കൂടാതെ നിലവിലുള്ള ഏകജാലക ക്ലിയറൻസ് സംവിധാനത്തിന്റെ മികച്ച പ്രവർത്തനത്തിന് 'ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ സെൽ ' (ഐ.പി.എഫ്.സി.) ശക്തിപ്പെടുത്തേണ്ടതുണ്ട്. അതിന് ബന്ധപ്പെട്ട വകുപ്പുകളുടെ പ്രതിനിധികൾ ഉൾക്കൊള്ളുന്ന ഒരു സ്ഥിരം സെൽ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷനിൽ (കെ.എസ്.ഐ.ഡി.സി.) പ്രവർത്തിക്കുന്നതാണ്.

1999-ലെ ഏകജാലക ക്ലിയറൻസ് സംവിധാനത്തിൽ കാലോചിതമായ മാറ്റം വരുത്താനും കൂടുതൽ ഫലപ്രദമാക്കാനും വേണ്ടിയുള്ള നിർദ്ദേശങ്ങൾ ഇത് സംബന്ധിച്ചുള്ള പഠന റിപ്പോർട്ടിൽ പറഞ്ഞപ്രകാരം വിവിധ വകുപ്പുകളുടെ ചട്ടങ്ങളും നിയമങ്ങളും ലഘൂകരിക്കാനും അവയുടെ നവീകരണം സംബന്ധിച്ചും സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്. വിവിധ വകുപ്പുകളുടെ അപേക്ഷാ ഫോറങ്ങൾ ഏകീകരിച്ച് ഒരു പൊതു അപേക്ഷാഫോറവും ഓൺലൈൻ സംവിധാനവും നടപ്പിലാക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിനായി തൊഴിൽ വകുപ്പ് ഉൾപ്പെടെയുള്ള മറ്റു ബന്ധപ്പെട്ട വകുപ്പുകളെ സംബന്ധിച്ച പഠന റിപ്പോർട്ടിൽ കണ്ടെത്തിയ പ്രകാരം ആവശ്യമായ മാറ്റം വരുത്തേണ്ടതായ നിയമങ്ങൾ/ ചട്ടങ്ങൾ/ഉത്തരവുകളിൽ കാലോചിതമായ മാറ്റം വരുത്തുവാൻ സർക്കാർ തീരുമാനമായിട്ടുണ്ട്.

## വ്യവസായ പാർക്കുകളിൽ ഏകജാലക ക്ലിയറൻസ് ബോർഡ്

100 (3275) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുവാൻ ആവശ്യമായ വിവിധ ലൈസൻസുകളും ക്ലിയറൻസുകളും വേഗത്തിൽ ലഭ്യമാക്കാൻ വ്യവസായ പാർക്കുകളിൽ ഏകജാലക ക്ലിയറൻസ് ബോർഡ് രൂപീകരിക്കുവാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഇതിന്റെ ആസ്ഥാനങ്ങൾ എവിടെയൊക്കെയാണ്; ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) ഓരോ ജില്ലയിലെയും വ്യവസായസംരഭകർ ഏത് വ്യവസായ പാർക്കുകളിലാണ് അപേക്ഷ കൊടുക്കേണ്ടത്; പൂർണ്ണ വിവരം വിശദമാക്കാമോ;

(ഡി) ഏകജാലക ക്ലിയറൻസ് ബോർഡിലെ മെമ്പർമാർ ആരൊക്കെയാണ്; എതൊക്കെ വകുപ്പുകൾ ഒത്തുചേർന്നാണ് ബോർഡിന് രൂപം നൽകിയിരിക്കുന്നത്; വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ&ബി) ഉണ്ട്. കിൻഫ്രയുടെയും കെ.എസ്.ഐ.ഡി.സി.-യുടെയും താഴെപ്പറയുന്ന പാർക്കുകളിൽ ഏകജാലക ക്ലിയറൻസ് ബോർഡ് രൂപീകരിച്ചുകൊണ്ട് 3-5-2017-ലെ സ.ഉ. (എംഎസ്.) നമ്പർ 29/2017/വ്യവ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

1. കിൻഫ്രയുടെ മെഗാ ഫുഡ് പാർക്ക് , കോഴിപ്പാറ, പാലക്കാട്

2. കിൻഫ്രയുടെ വ്യവസായ പാർക്ക്, രാമനാട്ടുകര, കോഴിക്കോട്

3. കിൻഫ്രയുടെ വ്യവസായ പാർക്ക്, കുറ്റിപ്പുറം, മലപ്പുറം

4. കിൻഫ്രയുടെ വ്യവസായ പാർക്ക്, പുഴക്കൽപ്പാടം, തൃശ്ശൂർ

5. കെ.എസ്.ഐ.ഡി.സി.-യുടെ ബിസിനസ്സ് പാർക്ക്, അങ്കമാലി, എറണാകുളം

6. കെ.എസ്.ഐ.ഡി.സി.-യുടെ ലൈറ്റ് എഞ്ചിനീയറിംഗ് ഇൻഡസ്ട്രിയൽ പാർക്ക്, പാലക്കാട്

ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി* ചേർത്തിരിക്കുന്നു. ഏകജാലക ക്ലിയറൻസ് ബോർഡിന്റെ ആസ്ഥാനം അതാത് ജില്ലാ വ്യവസായ കേന്ദ്രങ്ങളിലാണ്.

(സി) വ്യവസായ വാണിജ്യ ഡയറക്ടറുടെ അധീനതയിലുള്ള എല്ലാ വ്യവസായ പാർക്കുകളും കേരള സംസ്ഥാന ഏകജാലക ക്ലിയറൻസ് ബോർഡ് നിയമം അനുസരിച്ച് ജില്ലാ ബോർഡിന്റ പരിധിയിൽ വരുന്നതാണ്. വ്യവസായ എസ്റ്റേറ്റുകളുടെ ലൈസൻസും ക്ലിയറൻസുകളും സംബന്ധിച്ച വിഷയം ജില്ലാ ബോർഡിന് പരിഗണിക്കാവുന്നതാണ്. ഓരോ ജില്ലയിലെയും വ്യവസായ സംരംഭകർ അപേക്ഷ നൽകേണ്ടത് അതാത് ജില്ലാ ബോർഡിന്റെ കൺവീനർക്കാണ്.

(ഡി) 1999-ലെ കേരള ഇൻഡസ്ട്രിയൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ആൻഡ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയ ഡെവലപ്മെന്റ് ആക്ടുപ്രകാരം സംസ്ഥാന ബോർഡ് മെമ്പർമാർ താഴെപ്പറയുന്നവരാണ്.

1. ഗവൺമെന്റ് ചീഫ് സെക്രട്ടറി (ചെയർമാൻ)

2. വ്യവസായം, ധനകാര്യം, തൊഴിൽ, തദ്ദേശസ്വയംഭരണം, റവന്യൂ, നികുതി, ജലസേചനം, ഊർജ്ജം, വനം എന്നീ വകുപ്പുകളുടെ ചുമതലയുള്ള ഗവൺമെന്റ് സെക്രട്ടറിമാർ

3. കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷന്റെ എക്സിക്യൂട്ടീവ് ഡയറക്ടർ

4. കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടർ ( കൺവീനർ )

5. വ്യവസായ-വാണിജ്യ വകുപ്പ് ഡയറക്ടർ

6. കേരള സംസ്ഥാന വ്യവസായ ഇൻഫ്രാസ്ട്രക്ച്ചർ വികസന കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടർ

7. കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ ചെയർമാൻ

8. കേരള ധനകാര്യ കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടർ

9. ചീഫ് ടൗൺ പ്ലാനർ

10. കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചെയർമാൻ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

11. ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ

12. ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പ് ഡയറക്ടർ

13. മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് ഡയറക്ടർ

14. ആരോഗ്യ വകുപ്പ് ഡയറക്ടർ

3-5-2017-ലെ സ.ഉ.(കൈ.)നമ്പർ 29/2017/വ്യവ. പ്രകാരം കിൻഫ്രയുടെയും കെ.എസ്.ഐ.ഡി.സി.യുടെയും പാർക്കുകളിൽ രൂപീകരിച്ച ഏകജാലക ക്ലിയറൻസ് ബോർഡിൽ താഴെപ്പറയുന്ന മെമ്പർമാരാണുള്ളത്.

1. അഡീഷണൽ ചീഫ് സെക്രട്ടറി, വ്യവസായ വകുപ്പ് (ചെയർമാൻ )

2. മാനേജിംഗ് ഡയറക്ടർ, കിൻഫ്ര/കെ.എസ്. ഐ.ഡി. സി. (പാർക്കിന്റെ നിയുക്ത അധികാരസ്ഥൻ) (കൺവീനർ)

3. ബന്ധപ്പെട്ട ജില്ലാ കളക്ടർ

4. ബന്ധപ്പെട്ട ജില്ലാ ഓഫീസർ, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്

5. ബന്ധപ്പെട്ട ജില്ലാ ഓഫീസർ, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്

6. ബന്ധപ്പെട്ട ജില്ലാ ടൗൺ പ്ലാനർ

7. ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം)

8. എക്സിക്യൂട്ടീവ് എഞ്ചിനീയർ, ബന്ധപ്പെട്ട ജില്ലാതല ഇലക്ട്രിക്കൽ ഡിവിഷൻ, കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ്

9. ബന്ധപ്പെട്ട ജില്ലാ ഓഫീസർ, ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ്

10. ബന്ധപ്പെട്ട ഡിവിഷണൽ ഓഫീസർ, ഫയർ ആന്റ് റെസ്ക്യൂ സർവീസ്

11. ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ,

12. ബന്ധപ്പെട്ട ജില്ലാ ലേബർ ഓഫീസർ

13. ഡെപ്യൂട്ടി കമ്മീഷണർ, വാണിജ്യ നികുതി വകുപ്പ്

14. കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ, പബ്ലിക് ഹെൽത്ത് ജില്ലാതല ഡിവിഷൻ

15. വ്യവസായ പാർക്കിന്റെ നിയുക്ത അധികാരി

## ചെറുകിട ഇടത്തരം വ്യവസായങ്ങൾ

101 (3276) ശ്രീ. ഹൈബി ഈഡൻ :

ശ്രീ. എൽദോസ് കുന്നപ്പിള്ളി :

ശ്രീ. വി. ഡി. സതീശൻ :

ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചെറുകിട-ഇടത്തരം വ്യവസായങ്ങൾ തുടങ്ങുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് എത്ര യൂണിറ്റുകൾ ഈ രംഗത്ത് ആരംഭിക്കുവാൻ ലക്ഷ്യമിട്ടു എന്നും അവയിൽ എത്ര യൂണിറ്റുകൾ പ്രാവർത്തികമാക്കി എന്നും വെളിപ്പെടുത്തുമോ;

(സി) ചെറുകിട ഇടത്തരം വ്യവസായങ്ങൾ തുടങ്ങുന്നതിനും അവയെ പ്രോത്സാഹിപ്പിക്കുന്നതിനും ഈ സർക്കാർ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കിയതെന്ന് വിവരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ചെറുകിട വ്യവസായ മേഖലയിലെ സമഗ്രവികസനത്തിനും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നൽകുന്നതിന് സംരംഭകരെ സഹായിക്കുന്നതിനും ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിച്ച് കൂടുതൽ നിക്ഷേപം ഉറപ്പുവരുത്തുന്നതിനുമായി "സംരംഭകത്വ സഹായ പദ്ധതി" വഴി സാമ്പത്തിക സഹായം നൽകുന്നുണ്ട്. പുതിയ സംരംഭകർക്ക് ദിശാബോധം നൽകി അവരെ വ്യവസായികൾ എന്ന നിലയ്ക്ക് വളർത്തിയെടുക്കുന്നതിന് ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ബിസിനസ്സ് ഇൻക്യുബേഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. ചെറുകിട വ്യവസായികളെ ആകർഷിക്കുന്നതിനായി ബിസിനസ്സ് ടു ബിസിനസ്സ് മീറ്റ്, വ്യവസായ സംഗമം, എല്ലാ ജില്ലകളിലും ഇൻവെസ്റ്റേഴ്സ് മീറ്റ്, സംരംഭകത്വ പരിശീലന പദ്ധതി, ടെക്നോളജി ക്ലിനിക്, സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം, എമർജിംഗ് കേരള തുടങ്ങിയവ സംഘടിപ്പിക്കുകയും അതിലൂടെ സംസ്ഥാനത്തെ ചെറുകിട വ്യവസായങ്ങൾക്ക് വിപണന സാദ്ധ്യത വർദ്ധിപ്പിക്കാൻ സാധിക്കുകയും ചെയ്തിട്ടുണ്ട്. ലൈസൻസുകളും ക്ലിയറൻസുകളും ലഭ്യമാക്കുന്നതിനായി ജില്ലാ സംസ്ഥാന തലങ്ങളിൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ബാങ്കേഴ്സ് സമിതികളിൽ വ്യവസായികളുടെ പ്രശ്നങ്ങൾ നിരന്തരമായി ഉന്നയിക്കുന്നുമുണ്ട്.

സംസ്ഥാനത്ത് ഉടനീളമുള്ള വ്യവസായ സംരംഭകരും റിസർച്ച്/സാങ്കേതിക സ്ഥാപനങ്ങളും തമ്മിൽ ശക്തമായ ഒരു ബന്ധം സ്ഥാപിച്ചുകൊണ്ട് വ്യവസായ മേഖലയിൽ നിലവിലുള്ള പല സാങ്കേതിക പ്രശ്നങ്ങൾക്കും പരിഹാരം കാണുക എന്ന ലക്ഷ്യത്തിനായി " Industry-Varsity Linkage Scheme" എന്ന പുതിയ പദ്ധതി നടപ്പിലാക്കുന്നതിനായി 2017-18 സാമ്പത്തിക വർഷത്തിൽ 100 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. 2017-18 വർഷത്തിലേയ്ക്ക് ചെറുകിട ഇടത്തരം വ്യവസായങ്ങൾ സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി 138.01 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. നൂതന ആശയങ്ങളോടെയുള്ള പുതിയ ചെറുകിട സംരംഭങ്ങൾക്ക് കെ.എസ്.ഐ.ഡി.സി. പ്രാരംഭ മൂലധനമായി 25 ലക്ഷം രൂപ വരെ വായ്പ നൽകുന്നു.

(ബി) 2016-17 സാമ്പത്തിക വർഷത്തിൽ സൂക്ഷ്മ ചെറുകിട ഇടത്തരം മേഖലയിൽ സ്ഥാപിക്കുവാൻ ലക്ഷ്യമിട്ടിരുന്നത് 15000 യൂണിറ്റുകളായിരുന്നു. എന്നാൽ 2016-17 സാമ്പത്തിക വർഷത്തിൽ ഈ മേഖലയിൽ 15535 യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്.

(സി) 2017-18 വർഷത്തേക്ക് ചെറുകിട ഇടത്തരം വ്യവസായങ്ങൾ സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി 138.01 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള വ്യവസായ ഏരിയ/പ്ലോട്ട് എന്നിവയിലെ സ്ഥലദൗർലഭ്യം കണക്കിലെടുത്ത് വേളി, ഷൊർണ്ണൂർ, പുന്നപ്ര, പുഴയ്ക്കൽപ്പാടം (രണ്ടാം ഘട്ടം) എന്നിങ്ങനെ നാല് ബഹുനില വ്യവസായ എസ്റ്റേറ്റുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. സംരംഭകത്വ സഹായ പദ്ധതിയിലൂടെ 2016-17 സാമ്പത്തിക വർഷത്തിൽ സ്റ്റാർട്ടപ്/ടെക്നിക്കൽ സബ്സിഡിയായി 98 എം.എസ്.എം.ഇ. യൂണിറ്റുകൾക്കും ഇൻവെസ്റ്റ്മെന്റ് സപ്പോർട്ടായി 939 യൂണിറ്റുകൾക്കും സ്റ്റേറ്റ് ഇൻവെസ്റ്റ്മെന്റ് സബ്സിഡിയായി 64 യൂണിറ്റുകൾക്കുംകൂടി ആകെ 46.32 കോടി രൂപ അനുവദിച്ചു.

സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായും നിലവിലുള്ള സംരംഭകരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായിട്ടും കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ വിവിധ സംരംഭകത്വ പരിശീലന പരിപാടികൾ നടത്തുന്നതിനായി 88.25 ലക്ഷം രൂപ 14 ജില്ലകൾക്കും കൂടി നൽകിയിരുന്നു. പ്രസ്തുത പരിപാടികളുടെ ഭാഗമായി സംരംഭകത്വ വികസന പരിപാടി (ഇ.ഡി.പി.), വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ സംരംഭക ബോധവൽക്കരണ പരിപാടി, നിക്ഷേപസംഗമങ്ങൾ (താലൂക്ക്, ജില്ലാതലം), ടെക്നോളജി ക്ലിനിക് ഉടങ്ങിയവ നടപ്പിലാക്കി.

സംരംഭകർക്ക് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ ലഭ്യമാക്കുന്നതിനും അവർ നേരിടുന്ന സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടിയും 14 ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും ബിസിനസ്സ് ഇൻക്യൂബേഷൻ സെന്ററുകൾ രൂപീകരിച്ചിട്ടുണ്ട്.

സിംഗിൾ വിൻഡോ ക്ലിയറൻസ് സംവിധാനത്തിലൂടെ സംരംഭകന് ആവശ്യമായ മുഴുവൻ ലൈസൻസുകളും ജില്ലാ വ്യവസായ കേന്ദ്രം വഴി ലഭ്യമാക്കാൻ നടപടി സ്വീകരിക്കും. പഞ്ചായത്ത് വകുപ്പ്, മലിനീകരണ നിയന്ത്രണ ബോർഡ് എന്നീ വകുപ്പുകളെ സമന്വയിപ്പിച്ച് വ്യവസായത്തിന് ആവശ്യമായ പ്രവർത്തനങ്ങൾ നടത്തിവരുന്നു. നൂതന ആശയങ്ങളോടെയുള്ള പുതിയ ചെറുകിട സംരംഭങ്ങൾക്ക് കെ.എസ്.ഐ.ഡി.സി. പ്രാരംഭ മൂലധനമായി 25 ലക്ഷം രൂപ വരെ വായ്പ നൽകുന്നു.

**ചെറുകിട/ഇടത്തരം വ്യവസായങ്ങളുടെ സംരക്ഷണവും പ്രോത്സാഹനവും**

102 (3277) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ചെറുകിട/ഇടത്തരം വ്യവസായങ്ങൾ സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുവാനുമായി എന്ത് നടപടികൾ സ്വീകരിച്ചുവരുന്നു എന്നു വ്യക്തമാക്കുമോ;

(ബി) ചെറുകിട/ഇടത്തരം വ്യവസായ സംരംഭകർക്ക് എന്തെല്ലാം സഹായങ്ങൾ നല്കിവരുന്നു; വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത സംരംഭങ്ങൾ തുടങ്ങാനും പ്രവർത്തനം മെച്ചപ്പെടുത്തുവാനും എന്ത് നടപടികളാണ് പുതുതായി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ചെറുകിട വ്യവസായ മേഖലയുടെ സമഗ്രവികസനത്തിനും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നൽകുന്നതിന് സംരംഭകരെ സഹായിക്കുന്നതിനും ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിച്ച് കൂടുതൽ നിക്ഷേപം ഉറപ്പുവരുത്തുന്നതിനുമായി "സംരംഭകത്വ സഹായ പദ്ധതി" വഴി സാമ്പത്തിക സഹായം നൽകുന്നുണ്ട്. പുതിയ സംരംഭകർക്ക് ദിശാബോധം നൽകി അവരെ വ്യവസായികൾ എന്ന നിലയ്ക്ക് വളർത്തിയെടുക്കുന്നതിന് ജില്ലാ വ്യവസായ

കേന്ദ്രങ്ങളിൽ ബിസിനസ്സ് ഇൻക്യുബേഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. ചെറുകിട വ്യവസായികളെ ആകർഷിക്കുന്നതിനായി ബിസിനസ്സ് ടു ബിസിനസ്സ് മീറ്റ്, വ്യവസായ സംഗമം, എല്ലാ ജില്ലകളിലും ഇൻവെസ്റ്റേഴ്സ് മീറ്റ്, സംരംഭകത്വ പരിശീലന പദ്ധതി, ടെക്നോളജി ക്ലിനിക്, സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം, എമർജിംഗ് കേരള തുടങ്ങിയവ സംഘടിപ്പിക്കുകയും അതിലൂടെ സംസ്ഥാനത്തെ ചെറുകിട വ്യവസായങ്ങൾക്ക് വിപണന സാധ്യത വർദ്ധിപ്പിക്കാൻ സാധിക്കുകയും ചെയ്തിട്ടുണ്ട്. ലൈസൻസുകളും ക്ലിയറൻസുകളും ലഭ്യമാക്കുന്നതിനായി ജില്ലാ സംസ്ഥാന തലങ്ങളിൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ബാങ്കേഴ്സ് സമിതികളിൽ വ്യവസായികളുടെ പ്രശ്നങ്ങൾ നിരന്തരമായി ഉന്നയിക്കുന്നുമുണ്ട്.

സംസ്ഥാനത്തുടനീളമുള്ള വ്യവസായ സംരംഭകരും റിസർച്ച്/സാങ്കേതിക സ്ഥാപനങ്ങളും തമ്മിൽ ശക്തമായ ഒരു ബന്ധം സ്ഥാപിച്ചുകൊണ്ട് വ്യവസായ മേഖലയിൽ നിലവിലുള്ള പല സാങ്കേതിക പ്രശ്നങ്ങൾക്കും പരിഹാരം കാണുക എന്ന ലക്ഷ്യത്തിനായി "Industry-Varsity Linkage Scheme" എന്ന പുതിയ പദ്ധതി നടപ്പിലാക്കുന്നതിനായി 2017-18 സാമ്പത്തിക വർഷത്തിൽ 100 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. 2017-18 വർഷത്തിലേയ്ക്ക് ചെറുകിട ഇടത്തരം വ്യവസായങ്ങൾ സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി 138.01 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. നൂതന ആശയങ്ങളോടെയുള്ള പുതിയ ചെറുകിട സംരംഭങ്ങൾക്ക് കെ.എസ്.ഐ.ഡി.സി. പ്രാരംഭ മൂലധനമായി 25 ലക്ഷം രൂപ വരെ വായ്പ നൽകുന്നു.

(ബി) ചെറുകിട/ഇടത്തരം വ്യവസായ സംരംഭകർക്കായി താഴെപ്പറയുന്ന പദ്ധതികൾ സർക്കാർ നടപ്പിലാക്കുന്നു.

1. നിലവിലുള്ള വ്യവസായ പ്രദേശങ്ങളുടെയും പ്ലോട്ടുകളുടെയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും ബഹുനില വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിക്കുകയും നിർമ്മിക്കുകയും ചെയ്യുന്നു.

2. തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെയും സംരംഭകരെ തൊഴിൽ അന്വേഷകരിൽനിന്നും തൊഴിൽദാതാക്കളായി മാറ്റുക എന്ന ലക്ഷ്യത്തോടെയും സംരംഭക സഹായ പദ്ധതി പ്രകാരം സംരംഭകർക്ക് ഒറ്റത്തവണ സഹായം നൽകിവരുന്നു. അതിൻപ്രകാരം പരമാവധി 30 ലക്ഷം രൂപ വരെ സഹായം നൽകുന്നു.

3. കേന്ദ്രാവിഷ്കൃത പദ്ധതിയായ പി.എം.ഇ.ജി.പി. പ്രകാരം സംരംഭകർക്ക് ബാങ്ക് വായ്പയും അനുബന്ധമായി സബ്സിഡിയും അനുവദിക്കുന്നു.

4. യുവ വിദ്യാർത്ഥികളിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇ.ഡി. ക്ലബുകൾ രൂപീകരിക്കുകയും അവയ്ക്ക് സാമ്പത്തിക സഹായവും ചെയ്യുന്നതു കൂടാതെ ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കുന്നു.

5. വ്യവസായ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന ഇ.ഡി.പി., ടെക്നോളജി ക്ലിനിക്, ഇൻവെസ്റ്റേഴ്സ് മീറ്റുകൾ, സെമിനാറുകൾ എന്നിവയിലും സംരംഭകരെ പങ്കെടുപ്പിക്കുന്നു.

6. സർവ്വകലാശാലകൾക്കും ഗവേഷണ സ്ഥാപനങ്ങൾക്കും സാങ്കേതിക ദാതാക്കൾക്കും ഗവേഷണം നടത്താൻ വേണ്ട സാമ്പത്തിക സഹായം ലഭ്യമാക്കാൻ ലക്ഷ്യമിട്ട് ഇൻഡസ്ട്രി വാഴ്സിറ്റി ലിങ്കേജ് എന്ന പുതിയ പദ്ധതിയും നടപ്പിലാക്കുന്നു.

(സി) എം.എസ്.എം.ഇ. മേഖലയിൽ 2017-18-ൽ 17500 സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഉതകുന്ന സഹായ സഹകരണങ്ങൾക്ക് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സ്കീമുകളുടെയും വിവിധ വകുപ്പുകളുടെ പ്രോജക്ടുകളുടെയും ഏകോപനം ഉറപ്പുവരുത്തിക്കൊണ്ട് നേതൃത്വം നൽകി. ഇതുവഴി 2,000 കോടി രൂപയുടെ നിക്ഷേപവും 75000 തൊഴിലവസരങ്ങളും ലക്ഷ്യമിടുന്നു.

ലക്ഷ്യം കൈവരിക്കുന്നതിന് ഉതകുന്ന രീതിയിൽ താഴെപ്പറയുന്ന പദ്ധതികളും ഈ സാമ്പത്തിക വർഷം നടപ്പിലാക്കുന്നതാണ് :

i. കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാം - 96 ലക്ഷം

ii. അഗ്രോ ഫുഡ് പ്രോ 2018 -53 ലക്ഷം

iii. Marketing Campaign Food safety -50 ലക്ഷം

iv. Industrial Promotional Activities (K-Bip)- 120 ലക്ഷം

v. ക്ലസ്റ്റർ ഡെവലപ്മെന്റ് പ്രോഗ്രാമിൽ 4 ക്ലസ്റ്ററുകൾ പൂർത്തീകരിക്കാൻ കഴിയുന്നതാണ്

- വുഡ് പ്രോസസ്സിംഗ് ക്ലസ്റ്റർ, കൊല്ലം
- വുഡ് ഫർണിച്ചർ ക്ലസ്റ്റർ, കണ്ണൂർ
- പ്രിന്റിംഗ് ക്ലസ്റ്റർ, കണ്ണൂർ
- സമോറിയൻസ് ഫർണിച്ചർ ക്ലസ്റ്റർ, കോഴിക്കോട്

ഇ.ഡി. ക്ലബ്ബുകൾ

സ്കൂൾ, കോളേജ് തലത്തിലെ വിദ്യാർത്ഥികളിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി ജില്ലകളിൽ ഇ.ഡി. ക്ലബ്ബുകൾ (Enterpreneurs Development Club) രൂപീകരിച്ചിട്ടുണ്ട്. രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ഇ.ഡി. ക്ലബ്ബുകളിലെ വിദ്യാർത്ഥികളിൽ സംരംഭക അവബോധമുണ്ടാക്കുന്നതിന് ബോധവൽക്കരണ പരിപാടികൾ നടത്തുകയും അങ്ങനെയുള്ള 300-ഓളം ക്ലാസ്സുകളിലായി ഏകദേശം 7500 വിദ്യാർത്ഥികളെ പങ്കാളികളാക്കുകയും ചെയ്യും.

*Industry -Varsity Linkage Scheme*

സംസ്ഥാനത്തുടനീളമുള്ള വ്യവസായ സംരംഭകരും റിസർച്ച്/സാങ്കേതിക സ്ഥാപനങ്ങളും തമ്മിൽ ശക്തമായ ഒരു ബന്ധം സ്ഥാപിച്ചുകൊണ്ട് വ്യവസായ മേഖലയിൽ നിലവിലുള്ള പല സാങ്കേതിക പ്രശ്നങ്ങൾക്കും പരിഹാരം കാണുക എന്നൊരു ലക്ഷ്യത്തിനായി "Industry-Varsity Linkage Scheme" എന്ന പദ്ധതി നടപ്പിലാക്കും ഇതിനായി 2017-18 സാമ്പത്തിക വർഷത്തിൽ 100 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു

ടെക്നിക്കൽ മാനേജ്മെന്റ് ഡെവലപ്മെന്റ് പ്രോഗ്രാം

കേരളത്തിലെ അഭ്യസ്തവിദ്യരായ 700 തൊഴിൽ രഹിതരായ യുവാക്കളുടെ നൈപുണ്യ വികസനത്തിനായി "Technical Management Development Programme" എന്ന പദ്ധതി കീഡിന്റെ സാങ്കേതിക സഹായത്തോടെ നടപ്പിലാക്കും

മാർജിൻ മണി ലോൺ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

ഇപ്പോൾ സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ ചെറുകിട സംരംഭകരുടെ കുടിശ്ശികയായ മാർജിൻ മണി ലോൺ പരമാവധി തീർപ്പാക്കുന്നതിന് അവസരമൊരുക്കും.

വ്യവസായ സംരംഭങ്ങൾക്ക് കാലതാമസം കൂടാതെ സംസ്ഥാനത്തെ നിക്ഷേപാന്തരീക്ഷം വ്യവസായ സൗഹൃദമാക്കാൻ ലോക ബാങ്ക് നിർദ്ദേശപ്രകാരമുള്ള ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് നടപ്പിലാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

**പുതിയ വ്യവസായ സംരംഭങ്ങൾ**

103 (3278) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേവികുളം നിയോജകമണ്ഡലത്തിൽ പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ നടപടിക്രമങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) ദേവികുളം നിയോജകമണ്ഡലത്തിൽ പുതിയ വ്യവസായ സംരംഭങ്ങൾ തുടങ്ങാൻ താൽപ്പര്യം പ്രകടിപ്പിച്ചുവരുന്ന സംരംഭകർക്ക് ജില്ലാ വ്യവസായ കേന്ദ്രത്തിൽനിന്നും സാദ്ധ്യമായ എല്ലാ സഹായങ്ങളും ലഭ്യമാക്കുന്നതാണ്.

<u>ഇ.എസ്.എസ്.</u> -ഉൽപ്പാദന വ്യവസായ സംരംഭങ്ങൾക്ക് സ്ഥിരം മൂലധനത്തിന്റെ 15 ശതമാനം മുതൽ 30 ശതമാനം വരെ ഇൻവെസ്റ്റ്മെന്റ് സപ്പോർട്ടായി നൽകുന്നു. (സ്ത്രീകൾ, യുവാക്കൾ, എസ്.സി./എസ്.ടി. എന്നിവർക്ക് അധികം 5 ശതമാനം അടക്കം) പരമാവധി 30 ലക്ഷം രൂപ കൂടാതെ നവീന സാങ്കേതികവിദ്യയോടെ സ്ഥാപിക്കുന്ന വ്യവസായങ്ങൾക്ക് 10 ശതമാനം ടെക്നോളജി സപ്പോർട്ട് അർഹമായ ഇൻവെസ്റ്റ്മെന്റ് സപ്പോർട്ടിന്റെ പകുതി ഉൽപ്പാദനം തുടങ്ങുന്നതിന് മുമ്പായി സ്റ്റാർട്ട് അപ് സപ്പോർട്ടായും നൽകുന്നുണ്ട്.

<u>പി.എം.ഇ.ജി.പി.</u> - ഉൽപ്പാദന സേവന സംരംഭകരുടെ ആകെ പദ്ധതി ചെലവിന്റെ 15 ശതമാനം മുതൽ 35 ശതമാനം വരെ ഗ്രാന്റ് നൽകുന്നു. ബാങ്ക് ലോൺ ബന്ധിത പദ്ധതി

<u>വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡ്</u> - സംരംഭങ്ങൾക്കാവശ്യമായ വിവിധ ലൈസൻസുകൾ, ക്ലിയറൻസുകൾ, എൻ.ഒ.സി. തുടങ്ങിയവയ്ക്കുള്ള അപേക്ഷകൾ ജില്ലാ കളക്ടർ ചെയർമാനും ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ കൺവീനറുമായ സമിതി ഏകജാലക സംവിധാനത്തിലൂടെ സ്വീകരിച്ച് ബന്ധപ്പെട്ട ഏജൻസികളിൽനിന്ന് ക്ലിയറൻസുകൾ ലഭ്യമാക്കി നൽകുന്നു.

<u>ഉദ്യോഗ് ആധാർ മെമ്മോറാണ്ടം</u>- സംരംഭകൻ സ്ഥാപനം തുടങ്ങിയതിനു ശേഷം ഉദ്യോഗ് ആധാർ മെമ്മോറാണ്ടം ഫയൽ ചെയ്യണം

<u>തദ്ദേശഭരണ സ്ഥാപനങ്ങൾ</u>-ജില്ലാ പഞ്ചായത്തിന്റെയും ബ്ലോക്ക് പഞ്ചായത്തിന്റെയും മുനിസിപ്പാലിറ്റികളുടെയും ചെറുകിട വ്യവസായ പദ്ധതികൾ നടപ്പിലാക്കുന്നു.

<u>പരിശീലനങ്ങൾ</u>-സംരംഭകത്വ വികസനം, സാങ്കേതിക, വൈദഗ്ദ്ധ്യ പരിശീലനങ്ങൾ തുടങ്ങിയവ നേരിട്ടും തദ്ദേശഭരണ സ്ഥാപനങ്ങൾ മറ്റ് ഏജൻസികൾ മുഖേനയും സംഘടിപ്പിക്കുന്നു.

സംരംഭകത്വ വികസന ക്ലബ്ബുകൾ-ഹയർ സെക്കണ്ടറി, കോളേജ്, സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ രൂപീകരിച്ച് വിവിധ സംരംഭകത്വ വികസന പരിപാടികൾ നടത്തുന്നതിന് ധനസഹായം നൽകുന്നുണ്ട്.

**പ്രവർത്തനം മെച്ചപ്പെടുത്തൽ**

104 (3279) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പൊതുമേഖല വ്യവസായ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത നടപടികളിലൂടെ എന്തെല്ലാം നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചിട്ടുണ്ട് എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസ്തുത നടപടികളിലൂടെ കൈവരിച്ച നേട്ടങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**വ്യവസായ വകുപ്പിന്റെ ഭൂമി**

105 (3280) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം സർക്കാർ വനിതാ കോളേജിന് കെട്ടിടം നിർമ്മിക്കുന്നതിന് മുൻ സർക്കാർ അനുവദിച്ച 5 ഏക്കർ ഭൂമി വിദ്യാഭ്യാസ വകുപ്പിന് കൈമാറുന്നതിന് വ്യവസായ വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) കെ.എസ്.ഐ.ഡി.സി.-യും ഇൻകെലും തമ്മിലുള്ള പാട്ടക്കരാർ പുതുക്കി നിശ്ചയിക്കണമെന്നാവശ്യപ്പെട്ട് ലാന്റ് റവന്യൂ കമ്മീഷണറുടെ നിർദ്ദേശ പ്രകാരം മലപ്പുറം ജില്ലാ കളക്ടർ അയച്ച കത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) കാലതാമസം കൂടാതെ പാട്ടക്കരാർ പുതുക്കി വിവരം റവന്യൂ വകുപ്പിനെ അറിയിക്കുവാനും കോളേജ് സ്ഥാപിക്കുവാൻ 5 ഏക്കർ ഭൂമി ഉന്നത വിദ്യാഭ്യാസ വകുപ്പിന് കൈമാറുന്നതിനും സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) മലപ്പുറം സർക്കാർ വനിതാ കോളേജിന് 5 ഏക്കർ സ്ഥലവും മലബാർ ക്യാൻസർ സെന്റർ &റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന് 25 ഏക്കർ സ്ഥലവും ചേർത്ത് 30 ഏക്കർ സ്ഥലം INKEL-KSIDC സംയുക്ത സംരംഭമായ INKID-ൽനിന്നും തിരിച്ചെടുക്കുന്നതിനും റവന്യൂ വകുപ്പിൽ നിക്ഷിപ്തമാക്കുന്നതിനുംവേണ്ടി 3-2-2016-ൽ ജി. ഒ. (ആർ.ടി)നമ്പർ 132/2016/ഐ.ഡി. പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവനുസരിച്ച് മലപ്പുറം ജില്ലയിലെ ഏറനാട് താലൂക്കിൽ ഉൾപ്പെട്ട പാണക്കാട് വില്ലേജിലെ 205/1, 205/2, 207/2 എന്നീ സർവ്വേ നമ്പറുകളിലുള്ള 5 ഏക്കർ ഭൂമി വനിതാ കോളേജ് സ്ഥാപിക്കുന്നതിനായി വിട്ടുകൊടുത്തിട്ടുണ്ട്.

(ബി & സി) കെ.എസ്.ഐ.ഡി.സി.യും ഇൻകെലും തമ്മിലുള്ള സംയുക്ത സംരംഭമായ ഇൻകിഡ് രൂപീകരിച്ചതും തുടർന്ന് മലപ്പുറത്ത് 243.79 ഏക്കർ ഭൂമി ഇൻകിഡിന് പാട്ട വ്യവസ്ഥയിൽ നൽകിയതും 26-7-2008-ലെ ജി.ഒ. (ആർ.ടി.) നമ്പർ 836/2008/വ്യവ. ഉത്തരവ് പ്രകാരമാണ്. എന്നാൽ 2-3-2016-ലെ റവന്യൂ വകുപ്പിന്റെ ജി.ഒ. (എംഎസ്.)നമ്പർ 224/2016/ആർ.ഡി. ഉത്തരവുപ്രകാരം 26-7-2008-ലെ മേൽ സർക്കാർ ഉത്തരവ് റദ്ദ് ചെയ്യപ്പെടുകയുണ്ടായി. ഇതിൽ ചില ന്യൂനതകതൾ ശ്രദ്ധയിൽപ്പെട്ടതിനാൽ വ്യക്തത വരുത്തിയതിനുശേഷം മാത്രമേ പാട്ടക്കരാർ പുതുക്കാൻ സാധിക്കുകയുള്ളൂ. ഇക്കാര്യത്തിൽ കാലതാമസം നേരിട്ടാലും ജില്ലാ കളക്ടർക്ക് കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ വിട്ടുനൽകിയിട്ടുള്ള ഭൂമിയിൽ കോളേജ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഉടനടി തുടങ്ങാവുന്നതാണ്.

## പരിസ്ഥിതി സൗഹൃദ വ്യവസായങ്ങൾ

106 (3281) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പരിസ്ഥിതി സൗഹാർദ്ദമായ വ്യവസായങ്ങളെ പരിപോഷിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് അറിയിക്കുമോ;

(ബി) ഇത്തരം വ്യവസായങ്ങൾക്ക് അനുമതി വേഗത്തിൽ ലഭ്യമാക്കുന്നതിനും ഇവർക്ക് കൂടുതൽ ഇളവുകൾ അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(സി) എങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ-സി) പരിസ്ഥിതി സൗഹൃദ വ്യവസായങ്ങളായ റെഡിമെയ്ഡ് ഗാർമെന്റ്സ്, ഫുഡ് പ്രോസസ്സിംഗ് എന്നിവയ്ക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 20 ശതമാനം സബ്സിഡി നൽകുന്നു. ജൈവ വിഘടിത പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനും പ്ലാസ്റ്റിക് റീ സൈക്ലിംഗ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും ജൈവവള നിർമ്മാണത്തിനും പാരമ്പര്യേതര ഊർജ്ജ ഉൽപ്പാദനത്തിനുള്ള യന്ത്രസാമഗ്രികൾ നിർമ്മിക്കുന്നതിനും 20 ശതമാനം സബ്സിഡി നൽകുന്നു. വ്യവസായ വാണിജ്യ വകുപ്പ് സംഘടിപ്പിക്കുന്ന സെമിനാറുകളിലും ഇൻവെസ്റ്റേഴ്സ് മീറ്റിംഗുകളിലും ബോധവൽക്കരണ പരിപാടികളിലും പരിസ്ഥിതി സൗഹൃദ വ്യവസായങ്ങൾ ആരംഭിക്കുന്നതിന്റെ പ്രാധാന്യം ഊന്നിപ്പറയാറുണ്ട്. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് പദ്ധതി പ്രാവർത്തികമാകുന്ന മുറയ്ക്ക് അനുമതി വേഗത്തിൽ ലഭ്യമാകുന്നതാണ്. നടപടിക്രമങ്ങൾ ലഘൂകരിച്ച് നിലവിലുള്ള നിയമങ്ങളിലും ചട്ടങ്ങളിലും ആവശ്യമായ ഭേദഗതി വരുത്തി വ്യാവസായിക അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശം ഇതിന്റെ ഭാഗമായി പരിഗണിച്ചുവരുന്നു.

**കുടിവെള്ള വിതരണ കമ്പനികൾക്ക് ലൈസൻസ്**

107 (T* 3282) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്താകെ കുപ്പികളിൽ കുടിവെള്ള വിതരണം നടത്തുന്ന കമ്പനികൾക്ക് ലൈസൻസ് നൽകുന്നത് ആരാണ്; മാനദണ്ഡങ്ങൾ വിശദീകരിക്കുമോ;

(ബി) കുപ്പിവെള്ള വിതരണത്തിന് ലൈസൻസ് നൽകുമ്പോൾ തന്നെ വിതരണത്തിന്റെ ഉറവിടം സംബന്ധിച്ച് ഗവൺമെന്റ് അന്വേഷിക്കാറുണ്ടോ ;

(സി) എങ്കിൽ അതിന്റെ നടപടിക്രമം അറിയിക്കുമോ; ബോട്ടിലുകളിലാക്കി വിതരണം നടത്തുന്ന വെള്ളം പരിശോധിക്കുന്നതിന് ഉള്ള സംവിധാനങ്ങൾ എന്തെല്ലാം;

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ഡി) ഈ പരിശോധനയ്ക്ക് പുറമേ ബോട്ടിലിലാക്കി വിൽക്കുന്ന വെള്ളത്തിന്റെ സ്രോതസ്സുകൂടി പരിശോധിക്കുന്നതിന് വ്യവസ്ഥ ഉണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ഇ) ഉണ്ടെങ്കിൽ അത് കൂടി പരിശോധനാ വിധേയമാക്കുമോ; അതിനായി സ്ക്വാഡ് രൂപീകരിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് കുപ്പിവെള്ള കമ്പനികൾക്ക് ലൈസൻസ് നൽകുന്നത് ഫാക്ടറി തുടങ്ങുന്ന സ്ഥലത്തെ തദ്ദേശഭരണ സ്ഥാപനങ്ങളാണ്.

കമ്പനികൾ തുടങ്ങുന്നതിന് താഴെപ്പറയുന്ന നടപടിക്രമങ്ങൾ പൂർത്തീകരിച്ചിരിക്കണം :

1. ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന്റെ നിർമ്മാണത്തിനുള്ള അനുമതി

2. മലിനീകരണ നിയന്ത്രണ ബോർഡ്, ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പ്, ഫയർ ആൻഡ് സേഫ്റ്റി വകുപ്പ്, ജില്ലാ മെഡിക്കൽ ഓഫീസ് എന്നിവയുടെ നിരാക്ഷേപ പത്രം

3. ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സ്, ഫുഡ് ആൻഡ് സേഫ്റ്റി സ്റ്റാൻഡേർഡ്സ് ഓഫ് ഇന്ത്യ എന്നിവയുടെ സർട്ടിഫിക്കറ്റുകൾ

4. സെയിൽസ് ടാക്സ് വകുപ്പിന്റെ രജിസ്ട്രേഷൻ

5. ജലസ്രോതസ്സുകളിൽനിന്നും ജലമെടുക്കാനുള്ള ജലവിഭവ വകുപ്പിന്റെ അനുമതി

(ബി) അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് അന്വേഷിക്കാറുണ്ട്.

(സി) ജലസ്രോതസ്സുകളിൽനിന്നും ജലമെടുക്കാനുള്ള ജലവിഭവ വകുപ്പിന്റെ അനുമതിക്കായി അപേക്ഷിക്കുന്ന മുറയ്ക്ക് അന്വേഷണം നടത്താറുണ്ട്.

ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സ്, ഫുഡ് ആൻഡ് സേഫ്റ്റി സ്റ്റാൻഡേർഡ്സ് ഓഫ് ഇന്ത്യ എന്നിവ നിഷ്കർഷിച്ചിരിക്കുന്ന എല്ലാവിധ പരിശോധനയും നടത്തി ഗുണമേന്മയുള്ള വെള്ളം മാത്രമേ കുപ്പിവെള്ളമായി പുറത്തിറക്കാൻ അനുമതി നൽകാറുള്ളു.

(സി & ഇ) ജലവിഭവ വകുപ്പിന് അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് സ്രോതസ്സിനെ ക്കുറിച്ച് വകുപ്പ് പരിശോധന നടത്തി മാത്രമേ അനുമതി നൽകാറുള്ളൂ.

## കരിമണലിന്റെ ദുരുപയോഗം

108 (3283) ശ്രീ. കെ. കൃഷ്ണൻകുട്ടി :

ശ്രീ. സി. കെ. നാണു :

ശ്രീ. എ. കെ. ശശീന്ദ്രൻ :

ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ഫിഷിംഗ് ഹാർബറിന്റെ ആഴം കൂട്ടുന്നതിന്റെ ഭാഗമായി ഇന്ത്യൻ റെയർ എർത്ത് എന്ന സ്ഥാപനം എടുത്തുമാറ്റിയ ഏകദേശം 3 ലക്ഷം ടൺ കരി മണ്ണ് അലക്ഷ്യമായി തീരത്ത് തന്നെ നിക്ഷേപിച്ചിട്ടുള്ളത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ധാതുമണലിന്റെ കുറവുമൂലം പ്രവർത്തനശേഷി പൂർണ്ണമായി ഉപയോഗിക്കാത്ത കെ.എം.എം.എൽ.-ന്റെ പ്രവർത്തനത്തിന് ഈ മണ്ണ് ഉടനടി ലഭ്യമാക്കുമോ;

(ബി) തോട്ടപ്പള്ളി ഭാഗത്തായി കൂട്ടിയിട്ടിരിക്കുന്ന ധാതുമണൽ വൻതോതിൽ കള്ളക്കടത്തായി പൊയ്ക്കൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ധാതുമണൽ കടത്തു തടയാൻ ഉടൻ നടപടി സ്വീകരിക്കുമോ; കള്ളക്കടത്ത് തടയാൻ പ്രസ്തുത ധാതു മണലിന് സംരക്ഷണം എർപ്പെടുത്തുമോ;

(സി) സംസ്ഥാനത്തിന് മുതൽക്കൂട്ടാവേണ്ട കോടികൾ വിലമതിക്കുന്ന മണ്ണ് വലിച്ചെറിഞ്ഞ് കള്ളക്കടത്തിന് കൂട്ടു നിൽക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

### ഉത്തരം

(എ) കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ചവറയിലെ ഇന്ത്യൻ റെയർ എർത്ത് കഴിഞ്ഞ നാല് വർഷങ്ങളായി ആവശ്യമായ അസംസ്കൃത ധാതുമണൽ ലഭിക്കാത്തതിനെത്തുടർന്ന് അടച്ചുപൂട്ടലിന്റ വക്കിലാണ്. ഈ പ്രതിസന്ധി മറികടക്കുന്നതിലേയ്ക്കായി തോട്ടപ്പള്ളി ഹാർബർ പ്രദേശത്തുനിന്നും ഡ്രഡ്ജ് ചെയ്യുന്ന മണൽ ലഭിക്കുന്നതിനായി സർക്കാരിനോട് അപേക്ഷിച്ചിരുന്നതും തുടർന്ന് സർക്കാർ ആയതിന് അനുമതി നൽകുകയും സർക്കാർ ഉത്തരവുകളിലൂടെ 2,03,000 ക്യൂബിക് മീറ്റർ ധാതുമണൽ തോട്ടപ്പള്ളി ഫിഷിംഗ് ഹാർബറിൽനിന്ന് ശേഖരിച്ച് ഗതാഗതം ചെയ്യുന്നതിനായി അനുവദിക്കുകയും ചെയ്തു. 7-2-2015 മുതൽ 16-7-2016 വരെ ഈ പ്രവൃത്തി തുടർന്നുവന്നിരുന്നു. തോട്ടപ്പള്ളി ഫിഷിംഗ്

ഹാർബറിന്റെ രണ്ടാംഘട്ട വികസനം ആവശ്യപ്പെട്ടുകൊണ്ട് ചില പ്രാദേശിക കരയോഗങ്ങൾ 16-7-2016-ൽ ഹാർബറിൽനിന്നുള്ള മണൽ ശേഖരണ പ്രവർത്തനം തടഞ്ഞിട്ടുള്ളതാണ്. പ്രസ്തുത ജോലി പുനരാരംഭിക്കുന്നതിനുള്ള ശ്രമങ്ങൾ പരാജയപ്പെടുകയാണുണ്ടായത്. തുടർന്ന് സർക്കാരിന്റെ നിർദ്ദേശപ്രകാരം ആലപ്പുഴ ജില്ലാ കളക്ടർ വിളിച്ചുകൂട്ടിയ യോഗത്തിൽ കരയോഗങ്ങളുമായി ധാരണയായതിനെത്തുടർന്ന് ധാതുമണൽ ശേഖരണ പ്രവർത്തനം പുനരാരംഭിച്ചിട്ടുള്ളതാണ്. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് ഈ ഇനത്തിൽ ഇന്ത്യൻ റെയർ എർത്ത് 5.53 കോടി രൂപ ഇതിനോടകം നൽകിയിട്ടുള്ളതുമാണ്. ഈ ധാതുമണൽ കെ.എം.എം.എൽ.-ന്റെ പ്രവർത്തനത്തിന് ലഭ്യമാക്കണമോയെന്ന കാര്യം സർക്കാർ പരിശോധിച്ചിട്ടില്ല.

(ബി) കരിമണൽ വൻതോതിൽ കടത്തിക്കൊണ്ടുപോകുന്നതായി മൈനിംഗ് & ജിയോളജി വകുപ്പ് നടത്തിയ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ അനധികൃതമായി ധാതുമണൽ കടത്തിക്കൊണ്ടുപോകുന്നുവെന്ന പത്രവാർത്തകൾ വന്നതിനെത്തുടർന്ന് കരുനാഗപ്പള്ളി സർക്കിൾ ഇൻസ്പെക്ടർ, കൊല്ലം പോലീസ് സൂപ്രണ്ട്, കൊല്ലം ജില്ലാ കളക്ടർ എന്നിവരെ വിവരം അറിയിക്കുകയും ധാതുമണൽ കടത്ത് തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. മൈനിംഗ് & ജിയോളജി ദക്ഷിണമേഖലാ മിനറൽ സ്ക്വാഡിനോട് ധാതുമണൽ കടത്തിക്കൊണ്ടുപോകുന്നത് തടയുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ടി സ്ക്വാഡ് കൊല്ലം ജില്ലയിലെ തീരപ്രദേശങ്ങൾ കേന്ദ്രീകരിച്ച് പരിശോധന നടത്തിവരുന്നു. കരുനാഗപ്പള്ളി പോലീസ് സ്റ്റേഷന്റെ പരിധിയിൽവരുന്ന തീരപ്രദേശത്ത് സ്ഥിരമായി പോലീസ് പിക്കറ്റ് നിലവിലുള്ളതാണ്. കൂടാതെ, ടി സ്ഥലത്ത് ഈ ആവശ്യത്തിലേയ്ക്ക് പോലീസ് പട്രോളിംഗ് നടത്തുന്നുണ്ട്. 28-12-2009-ലെ ജി.ഒ. (ആർറ്റി.) നമ്പർ 1603/09/ഐ.ഡി. നമ്പർ ഉത്തരവുപ്രകാരം കരുനാഗപ്പള്ളി സർക്കിൾ ഇൻസ്പെക്ടർ, കൊല്ലം ജില്ലാ അസിസ്റ്റന്റ് ജിയോളജിസ്റ്റ്, തഹസീൽദാർ എന്നിവരടങ്ങിയ ഒരു സ്ക്വാഡും ഹരിപ്പാട് സർക്കിൾ ഇൻസ്പെക്ടർ, ആലപ്പുഴ ജില്ലാ അസിസ്റ്റന്റ് ജിയോളജിസ്റ്റ്, തഹസീൽദാർ എന്നിവരടങ്ങിയ ഒരു സ്ക്വാഡും നിലവിലുണ്ട്. കൂടാതെ ആഭ്യന്തര വകുപ്പ് ഈ ആവശ്യത്തിലേയ്ക്കായി ഒരു സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിനെയും നിയോഗിച്ചിട്ടുണ്ട്.

(സി) ധാതുമണൽ കടത്ത് തടയുന്നതിന് മൈനിംഗ് & ജിയോളജി വകുപ്പ് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കള്ളക്കടത്തിന് ഉദ്യോഗസ്ഥർ കൂട്ടുനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## പരമ്പരാഗത തൊഴിൽ മേഖല

109 (T*3284) ശ്രീ. എസ്. ശർമ്മ :

ശ്രീ. സി. കെ. ഹരീന്ദ്രൻ :

ശ്രീ. വി. കെ. സി. മമ്മത് കോയ :

ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പരമ്പരാഗത തൊഴിൽ മേഖലയെ സംരക്ഷിക്കുന്നതിന് എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) പരമ്പരാഗത തൊഴിൽ മേഖലയിൽ ജോലി ചെയ്യുന്നവരുടെ വരുമാനവും തൊഴിൽ സംരക്ഷണവും ഉറപ്പുവരുത്തിക്കൊണ്ട് ഈ മേഖലകളെ നവീകരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ ?

### ഉത്തരം

(എ) പരമ്പരാഗത തൊഴിൽമേഖലയെ സംരക്ഷിക്കുന്നതിനും പരമ്പരാഗത വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും ക്രിയാത്മക നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. കൈത്തറി മേഖലയിൽ നെയ്ത്തുകാർക്ക് ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ യാൺ ബാങ്കുകൾവഴി ലഭ്യമാക്കുന്നതിനായി സബ്സിഡിയും മാർജിൻമണി വായ്പയും നൽകുന്ന പദ്ധതി, കൈത്തറിമേഖലയിൽ സ്വയംതൊഴിൽ സൃഷ്ടിക്കൽ പദ്ധതി, നെയ്ത്തുകാർക്കും മറ്റു തൊഴിലാളികൾക്കുമുള്ള പ്രചോദന പരിപാടി, കൈത്തറി തൊഴിലാളികൾക്കുള്ള ഉൽപ്പാദന പ്രോത്സാഹന ധനസഹായ പദ്ധതി, കൈത്തറി ഗ്രാമവും സമഗ്ര കൈത്തറി ഗ്രാമവും പദ്ധതി, അംശദാന സമ്പാദ്യ പദ്ധതി, കൈത്തറി നെയ്ത്തുകാർക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി, വിപണന-കയറ്റുമതി പ്രോത്സാഹന പദ്ധതി, കൈത്തറി സംഘങ്ങളുടെ ആധുനികവൽക്കരണ പദ്ധതി, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോത്സാഹന പദ്ധതി, പരിശീലനം നൈപുണ്യം ശേഷിവികസന പദ്ധതി, ഒരു വീട്ടിൽ ഒരു തറി പദ്ധതി, പ്രാഥമിക കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം, ഹാന്റെക്സ്, ഹാൻവീവ് എന്നിവയിലെ ഓഹരി പങ്കാളിത്തം എന്നിവ നടപ്പാക്കിവരുന്നു.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

കരകൗശല മെഖലയിൽ തൊഴിലാളികൾക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിന് ASHA എന്ന പദ്ധതി, വ്യവസായ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി പദ്ധതി, കരകൗശല ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി, പൊതു സേവന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി എന്നിവയും നടപ്പാക്കി വരുന്നു. കരകൗശല തൊഴിലാളികളുടെ പ്രോത്സാഹനത്തിനായി ദേശീയ അവാർഡിന്റെ മാതൃകയിൽ സംസ്ഥാന അവാർഡുകൾ നൽകുന്ന പദ്ധതിയും നടപ്പാക്കി വരുന്നു.

ഈറ്റ-പനമ്പ് നെയ്ത്ത് മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനായി ഈ മേഖലയിലെ പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ മുഖേന സാമൂഹ്യ യന്ത്രവൽകൃത പനമ്പ് നെയ്ത്ത് കേന്ദ്രങ്ങളുടെ ശാക്തീകരണം, സ്ലീവറിംഗ് യൂണിറ്റുകളുടെ സ്ഥാപനം, ഫീഡർ യൂണിറ്റുകൾ/പ്രീ-പ്രോസസ്സിംഗ് യൂണിറ്റുകൾ പുനഃക്രമീകരിച്ച് ശക്തിപ്പെടുത്തൽ, മൂല്യാധിഷ്ഠിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം എന്നിവയ്ക്കായി നടപടികൾ സ്വീകരിച്ചുവരുന്നു. മുളകൊണ്ടുള്ള വിവിധ കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിനുള്ള പരിശീലനം നൽകുന്നതിനായി ബാംബൂ ഇന്നവേഷൻ സെന്ററും മുള സംസ്കരിച്ച് ഫർണിച്ചർ നിർമ്മിക്കുന്നതിനായി ഇംപ്രഗ്നേഷൻ യൂണിറ്റും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

ഖാദി ഗ്രാമവ്യവസായ മേഖലയിൽ മിനിമം വേതന പദ്ധതി, നൂൽപ്പ് തൊഴിലാളികൾക്ക് ഇൻസെന്റീവ് പദ്ധതി, വായ്പാ പദ്ധതികൾ എന്നിവ നടപ്പാക്കി വരുന്നു. ഉൽപ്പാദനോപാധികളുടെ ആധുനികവൽക്കരണവും നടന്നുവരുന്നു.

പരമ്പരാഗത കശുവണ്ടി വ്യവസായ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കാൻ സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്.

കയർമേഖലയിൽ കയർ സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ പദ്ധതി പ്രകാരം പ്രവർത്തന മൂലധനം, അടിസ്ഥാന സൗകര്യവികസനത്തിനായി ധനസഹായം, വിപണി വികസന സഹായം, കയർമേഖലയിലെ സംരംഭകർക്ക് മാർജിൻ മണി വായ്പ, പ്രത്യേക നിക്ഷേപ സഹായ പദ്ധതി, ഉൽപ്പാദനവും വിപണന പ്രചോദനവും പദ്ധതി, വിലവ്യതിയാനം പരിഹരിക്കുന്നതിനുള്ള പദ്ധതി, ക്ലസ്റ്റർ വികസന പദ്ധതി, കയർപിരി/ഡീഫൈബറിംഗ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർ വഹിക്കുന്ന രീതിയിൽ ഇൻകം സപ്പോർട്ട് സ്കീം, കയർ തൊഴിലാളികൾക്ക് പെൻഷൻ പദ്ധതി എന്നിവ നടപ്പാക്കി വരുന്നു. കൂടാതെ പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ചുകൊണ്ട് യന്ത്രവൽക്കരണം നടത്തുന്നതിനും വിലവ്യതിയാനം പരിഹരിക്കുന്നതിനും കുടുംബശ്രീ അടക്കമുള്ള സംവിധാനങ്ങളുടെ സഹായത്തോടെ ചകിരി ഉൽപ്പാദനം നടത്തുന്നതിനും ക്ലസ്റ്റർ വികസന പദ്ധതി നടപ്പിലാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) പരമ്പരാഗത തൊഴിലാളികളുടെ തൊഴിൽ സംരക്ഷിച്ചുകൊണ്ട് അവരുടെ അദ്ധ്വാനഭാരം കുറയ്ക്കുന്നതിനായി ഉചിതമായ തോതിൽ യന്ത്രവൽക്കരണം നടത്തുന്നതിനും അവരുടെ സാങ്കേതിക മികവ് വർദ്ധിപ്പിക്കുന്നതിനും ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനും ആവശ്യമായ പരിശീലനങ്ങൾ നൽകുന്നതിനും സാങ്കേതിക സഹായം നൽകുന്നതിനും സർക്കാർ നടപടി സ്വീകരിച്ചുവരുന്നു.

കൈത്തറി മേഖലയിൽ ആധുനികവൽക്കരണത്തിന്റെയും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനത്തിന്റെയും ഭാഗമായി തറികളുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി പുതിയ സാങ്കേതികവിദ്യ ലഭ്യമാക്കൽ, നെയ്ത്തിന്റെ നിലവാരമുയർത്തൽ, മൂല്യവർദ്ധിത കൈത്തറി ഉൽപ്പന്നങ്ങളുടെ വികസനം എന്നിവയ്ക്കായി നടപടികൾ സ്വീകരിച്ചുവരുന്നു. കൈത്തറി തൊഴിലാളികളെ പൂർണ്ണമായി സംരക്ഷിക്കുന്ന വിധത്തിൽ നൂലും കൂലിയും സർക്കാർ നൽകി സ്കൂൾ യൂണിഫോം പദ്ധതി നടപ്പിലാക്കുന്നു.

കരകൗശലമേഖലയിൽ ആവശ്യമായ പരിശീലനം നൽകുന്നതിനും തൊഴിലാളികൾക്ക് ഒറ്റയ്ക്ക് ചെയ്യുന്നതിന് ചെലവേറിയതും ബുദ്ധിമുട്ടുള്ളതുമായ പ്രവർത്തനങ്ങൾ ഒരു കേന്ദ്രത്തിൽ ആവശ്യക്കാർക്ക് മിതമായ നിരക്കിൽ ലഭ്യമാക്കുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടെയും തെരഞ്ഞെടുക്കപ്പെട്ട പ്രദേശങ്ങളിൽ ക്ലസ്റ്ററുകൾമുഖേന പൊതുസേവന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കരകൗശലമേഖലയുടെ നവീകരണവും വിപണന സഹായവും പദ്ധതിയിലൂടെ ഈ മേഖലയിൽ ഭാഗികമായ ആധുനികവൽക്കരണം കരകൗശല വികസന കോർപ്പറേഷൻ, കാഡ്കോ, സുരഭി എന്നീ സ്ഥാപനങ്ങൾ വഴി നടപ്പാക്കുന്നു. കരകൗശല ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി ഓൺലൈൻ മാർക്കറ്റിംഗ് സംവിധാനത്തോടൊപ്പം ഷോറൂമുകൾ മുഖേന ആഭ്യന്തര വിപണനം ശക്തിപ്പെടുത്തിവരുന്നു. ടൂറിസം വകുപ്പുമായി ചേർന്ന് കേരളത്തനിമയോടുകൂടിയ വിവിധയിനം സുവനീറുകൾ വിപണനം നടത്തുവാൻ പദ്ധതി ആവിഷ്കരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

ഈറ്റ-പനമ്പ് നെയ്ത്ത് മേഖലയിൽ സാമൂഹ്യ യന്ത്രവൽകൃത പനമ്പ് നെയ്ത്ത് കേന്ദ്രങ്ങളുടെ ശാക്തീകരണം, സ്ലീവറിംഗ് യൂണിറ്റുകളുടെ സ്ഥാപനം, ഫീഡർ യൂണിറ്റുകൾ/പ്രീ-പ്രോസസിംഗ് യൂണിറ്റുകൾ പുനഃക്രമീകരിച്ച് ശക്തിപ്പെടുത്തൽ, മൂല്യാധിഷ്ഠിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം എന്നിവയ്ക്കായി നടപടികൾ സ്വീകരിച്ചുവരുന്നു.

ഖാദി ഗ്രാമവ്യവസായ മേഖലയിൽ തൊഴിലുപകരണങ്ങളുടെ ആധുനിക വൽക്കരണത്തിനും സാങ്കേതികവിദ്യാ വികസനത്തിനും ഉണമേന്മാ വർദ്ധനവിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പരമ്പരാഗത രീതിയിലൂന്നിയുള്ള മാറ്റങ്ങൾ മാത്രമേ ഖാദി മേഖലയിൽ അനുവദനീയമായുള്ളൂ എന്നതിനാൽ ഈ മേഖലയിൽ മാറ്റം വരുത്തുന്നതിന് പരിമിതികളുണ്ട്. എന്നിരുന്നാലും മെച്ചപ്പെട്ട തൊഴിൽ അന്തരീക്ഷം പ്രദാനം ചെയ്യുന്നതിനായി കൂടുതൽ ആയാസരഹിതമായ യന്ത്രസാമഗ്രികൾ തൊഴിലാളികൾക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

കയർമേഖലയിൽ തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ചു കൊണ്ട് യന്ത്രവൽക്കരണം നടപ്പിലാക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു. ചകിരി ഉൽപ്പാദനം വ്യാപിപ്പിക്കുന്നതിനായി ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതിനും കയർ ജിയോ ടെക്സ്റ്റൈൽസ് വ്യാപിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

### വ്യവസായ വളർച്ചാ കേന്ദ്രം

110 (3285) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വ്യവസായ പിന്നോക്ക ജില്ലയായ കാസർഗോഡ് ഒരു വ്യവസായ വളർച്ചാ കേന്ദ്രം പൊതുമേഖലയിൽ ആരംഭിക്കുവാൻ നടപടികൾ ഉണ്ടാകുമോ; ഇതിനാവശ്യമായ സ്ഥല സൗകര്യങ്ങൾ ഏർപ്പെടുത്തി നൽകിയാൽ ഈ സ്ഥാപനം അനുവദിച്ച് ഉത്തരവാകുമോ; അറിയിക്കാമോ?

<u>ഉത്തരം</u>

കാസർഗോഡ് ജില്ലയിൽ വ്യവസായ വളർച്ചാകേന്ദ്രം (ഇൻഡസ്ട്രിയൽ ഗ്രോത്ത് സെന്റർ) ആരംഭിക്കുവാൻ അനുയോജ്യമായ സ്ഥലസൗകര്യങ്ങൾ ലഭ്യമായാൽ ഈ വിഷയം ആലോചിക്കാവുന്നതാണ്.

### നാളികേര വികസന പാർക്ക്

111 (3286) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട കുറ്റ്യാടി നാളികേര വികസന പാർക്കിനുവേണ്ടി ഏറ്റെടുത്ത സ്ഥലം വികസിപ്പിക്കാൻ കെ.എസ്.ഐ.ഡി.സി. സമർപ്പിച്ച രൂപരേഖ അനുസരിച്ച് സർക്കാർ ഇതിനകം ഭരണാനുമതി നൽകുകയുണ്ടായോ;

(ബി) എങ്കിൽ എത്ര രൂപ അനുവദിച്ചുകൊണ്ടാണ് ഭരണാനുമതി നൽകിയത്; ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഏറ്റെടുത്ത ഭൂമിക്ക് ഉയർന്ന കോമ്പൻസേഷനുവേണ്ടി സ്ഥലം ഉടമ കോടതിയെ സമീപിക്കുകയുണ്ടായോ; കോടതി ഉയർന്ന കോമ്പൻസേഷൻ തുക അനുവദിക്കുകയുണ്ടായോ; എങ്കിൽ എന്നാണ് ഇത് സംബന്ധമായ വിധി കോടതി പ്രഖ്യാപിച്ചത്;

(ഡി) പ്രസ്തുത വിധിക്കെതിരെ സർക്കാരും കെ.എസ്.ഐ.ഡി.സി. യും കോടതിയിൽ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ടോ; എങ്കിൽ എന്നാണ് അപ്പീൽ സമർപ്പിച്ചത്;

(ഇ) കേസ് ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(എഫ്) കേസ് അനന്തമായി നീണ്ടുപോകുന്നത് പദ്ധതി പ്രവർത്തനത്തിന് തടസ്സം സൃഷ്ടിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കേസ് അവസാനിപ്പിച്ച് പദ്ധതി പ്രവർത്തനം എത്രയും വേഗം ആരംഭിക്കാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) കുറ്റ്യാടി നാളികേര വികസന പാർക്കിനുവേണ്ടി ഏറ്റെടുത്ത സ്ഥലം വികസിപ്പിക്കാൻ 42 കോടി രൂപ അനുവദിച്ച് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി-എഫ്) പദ്ധതിക്കായി ഏറ്റെടുത്ത സ്ഥലത്തിന് ഉയർന്ന നഷ്ടപരിഹാരം ആവശ്യപ്പെട്ട് സ്ഥലം ഉടമ ബഹു. ഹൈക്കോടതിയിൽ നൽകിയ റിട്ട് പെറ്റീഷൻ അനുവദിക്കുകയും ലാൻഡ് അക്വിസിഷൻ ആക്ടിലെ സെക്ഷൻ 11 (1) പ്രകാരം അവാർഡ് പാസ്സാക്കി നഷ്ടപരിഹാരം നൽകുവാൻ ഉത്തരവിടുകയും ചെയ്തു. ബഹു. ഹൈക്കോടതിയുടെ ഈ സിംഗിൾ ബഞ്ച് ഉത്തരവിനെതിരെ സർക്കാർ 28-6-2016-ലും കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ 8-12-2015-ലും ഡിവിഷൻ ബഞ്ചിൽ അപ്പീൽ സമർപ്പിക്കുകയുണ്ടായി. ബഹു. ഹൈക്കോടതി അപ്പീൽ അനുവദിച്ചു. 16-12-2016-ൽ പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം ലാൻഡ് അക്വിസിഷൻ നടപടികൾ ശരിവയ്ക്കുകയും ഭൂമിക്ക് മുമ്പ് നിശ്ചയിച്ച വില നിലനിർത്തുകയും ചെയ്തു. 5-11-2004-ലെ ജി.ഒ. (ആർടി.) നമ്പർ 331/2004/ആർ.ഡി. പ്രകാരം വില പുതുക്കി നിശ്ചയിച്ച് നഷ്ടപരിഹാരം നൽകുവാൻ ബഹു. കോടതി നിർദ്ദേശിച്ചതുപ്രകാരമുള്ള നടപടികൾ നടന്നുവരികയാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**നിർമ്മാണ മേഖലയിലെ പ്രതിസന്ധി**

112 (3287) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണ മേഖലയിൽ നിലനിൽക്കുന്ന പ്രതിസന്ധികൾ പരിഹരിക്കുന്നതിന് കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ;

(ബി) സിമന്റിന്റെ വില നിയന്ത്രണമില്ലാതെ വർദ്ധിക്കുന്നത് തടയുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ;എങ്കിൽ അറിയിക്കാമോ?

ഉത്തരം

(എ) നിർമ്മാണ മേഖലയിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 28-12-2016, 28-3-2017 തീയതികളിലും ബഹു. വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 13-12-2016-ലും ബഹു. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 21-3-2017-ലും യോഗം കൂടി പ്രശ്നങ്ങൾ വിലയിരുത്തിയിട്ടുണ്ട്.

നിർമ്മാണ മേഖലയ്ക്കാവശ്യമായ ഖനന ഉൽപ്പന്നങ്ങളുടെ ലഭ്യതയ്ക്കായി ഖനനവുമായി ബന്ധപ്പെട്ട പാരിസ്ഥിതികാനുമതി നൽകുന്നതിന് ജില്ലാ കളക്ടർ ചെയർമാനായി എൻവയോൺമെന്റ് ഇംപാക്ട് അസസ്മെന്റ് അതോറിറ്റികൾ നിലവിൽ വന്നിട്ടുണ്ട്. ഇങ്ങനെ പാരിസ്ഥിതികാനുമതി ദ്രുതഗതിയിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. വിവിധ ജില്ലകളിലെ ഡാമുകളിൽനിന്നും സാങ്കേതിക മാനദണ്ഡമനുസരിച്ച് നീക്കം ചെയ്യാവുന്ന മണൽ നിയമപ്രകാരം അനുവദനീയമായ രീതിയിൽ സംഭരിച്ച് വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുവാൻ അതത് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) 2017 ഏപ്രിൽ മാസം 50 കിലോഗ്രാമിന്റെ പേപ്പർ ബാഗിന് RAMCO, Sankar, Chettinad, ACC എന്നീ ബ്രാൻഡുകൾക്ക് യഥാക്രമം 411.83, 411.25, 400.93, 419.33 രൂപയായിരുന്നു (State average) മലബാർ സിമന്റ്സിന്റെ പരമാവധി ചില്ലറ വില 405 രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. 29-7-2016, 10-5-2017 തീയതികളിൽ സിമന്റ് ഉൽപ്പാദകരുടെയും ഡീലർമാരുടെയും യോഗം വിളിച്ച് സിമന്റ് വില വർദ്ധിക്കുന്നതിനെ സംബന്ധിച്ച് ചർച്ച ചെയ്തിരുന്നു.

**വ്യവസായ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങൾ**

113 (3288) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര താലൂക്കിൽ വ്യവസായ വകുപ്പിന്റെ ഉടമസ്ഥതയിൽ

പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളുടെ വിശദവിവരം ലഭ്യമാക്കാമോ;

(സി) ഇവയിൽ വ്യവസായം സജീവമായിട്ടുള്ളതും സജീവമല്ലാത്തതുമായവയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) നിലവിൽ ഉപയോഗശൂന്യമായി കിടക്കുന്ന സ്ഥലത്തിന്റെ വിശദ വിവരം ലഭ്യമാക്കുമോ;

(ഇ) പ്രസ്തുത സ്ഥലത്ത് പുതിയ വ്യവസായം ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ)മാവേലിക്കര താലൂക്കിൽ വ്യവസായ വകുപ്പിന്റെ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളില്ല. ഇവിടെ കൊല്ലക്കടവ് വ്യവസായ വികസന ഏരിയ വ്യവസായ വകുപ്പിന്റെ അധീനതയിലാണ്. ഇവിടെ പ്രവർത്തിക്കുന്നത് സ്വകാര്യ സംരംഭങ്ങളും വ്യവസായ സഹകരണ സ്ഥാപനവുമാണ്.

(ബി) മാവേലിക്കര താലൂക്കിൽ വെട്ടിയാർ വില്ലേജിൽ കൊല്ലക്കടവ് വ്യവസായ വികസന ഏരിയയിൽ സർവ്വേ നമ്പർ 483-ൽ ബ്ലോക്ക് നമ്പർ 5-ൽ 16.22 ഏക്കർ ഭൂമിയുണ്ട്. ഇതിൽ റോഡിനായുള്ള 1.83 ഏക്കർ ഒഴികെ അലോട്ട് ചെയ്യപ്പെടാവുന്ന 14.39 ഏക്കർ ഭൂമി സംരംഭകർക്ക് അലോട്ട് ചെയ്തിട്ടുണ്ട്.

മിനി വ്യവസായ എസ്റ്റേറ്റുകളായ നൂറനാട്, താമരക്കുളം, മാവേലിക്കര എന്നിവിടങ്ങളിൽ ഒരേക്കർ ഭൂമി വീതമുണ്ട്.

(സി) കൊല്ലക്കടവ് വ്യവസായ വികസന ഏരിയയിൽ പ്രവർത്തിക്കുന്ന സംരംഭങ്ങളുടെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*.

മിനി വ്യവസായ എസ്റ്റേറ്റുകളിൽ സജീവമായി 17 യൂണിറ്റുകളും ഒരു യൂണിറ്റ് പ്രാരംഭ ഘട്ടത്തിലുമാണ്.

(ഡി & ഇ) നിലവിൽ ഉപയോഗശൂന്യമായി കിടക്കുന്ന സ്ഥലമില്ല. പ്രവർത്തിക്കാത്ത വ്യവസായ യൂണിറ്റുകളുടെ സ്ഥലം നിയമപ്രകാരം തിരിച്ചെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ഇവ തിരിച്ചെടുക്കുന്ന മുറയ്ക്ക് മുൻഗണനാ ലിസ്റ്റിൽനിന്നും യോഗ്യരായ അപേക്ഷകർക്ക് ഭൂമി അനുവദിക്കും.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഹൈമാസ്റ്റ് ലൈറ്റ്

114 (3289) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനും വിതരണം ചെയ്യുന്നതിനും അംഗീകാരം ഉള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ നൽകുമോ;

(ബി) സംസ്ഥാനത്ത് ഹൈമാസ്റ്റ് ലൈറ്റുകൾ നിർമ്മിക്കുന്ന വ്യവസായ കേന്ദ്രങ്ങൾ ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(സി) ഹൈമാസ്റ്റ് ലൈറ്റുകൾ വിതരണം ചെയ്യുന്നതിനും സ്ഥാപിക്കുന്നതിനും സർക്കാർ അനുമതിയുള്ള ഇതരസ്ഥാപനങ്ങൾ ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

## പ്രകൃതി വാതക പൈപ്പ് ലൈൻ

115 (3290) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്യാസ് അതോറിറ്റി ഓഫ് ഇന്ത്യ (ഗെയിൽ) പ്രകൃതി വാതക പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) കൊച്ചിയിൽനിന്ന് മംഗളൂരുവിലേയ്ക്കുള്ള ലൈനിൽ എത്ര കിലോമീറ്ററാണ് കാസർഗോഡ് ജില്ലയിലൂടെ കടന്നുപോകുന്നതെന്നും ഇതുവരെ എത്ര കിലോമീറ്റർ പൈപ്പ് സ്ഥാപിച്ചു കഴിഞ്ഞുവെന്നും വ്യക്തമാക്കാമോ;

(സി) ഈ പൈപ്പ് ലൈൻ എപ്പോൾ കമ്മീഷൻ ചെയ്യാനാകുമെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രകൃതി വാതക പൈപ്പ് ലൈനും സിറ്റി ഗ്യാസ് പദ്ധതിയ്ക്കുള്ള പൈപ്പ് ലൈനും തമ്മിലുള്ള വ്യത്യാസം വ്യക്തമാക്കാമോ;

(ഇ) സിറ്റി ഗ്യാസ് പദ്ധതി സാധാരണ ജനങ്ങൾക്ക് എങ്ങനെയാണ് പ്രയോജനപ്രദമാവുക എന്ന് വ്യക്തമാക്കാമോ;

(എഫ്) ഈ പദ്ധതി എപ്പോൾ കമ്മീഷൻ ചെയ്യാനാകുമെന്ന് വ്യക്തമാക്കാമോ;

(ജി) പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് സ്ഥലമേറ്റെടുപ്പ് ഏതെല്ലാം ഭാഗങ്ങളിൽ പൂർത്തിയായെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; സ്ഥല ഉടമകൾക്ക് നഷ്ടപരിഹാരമായി നൽകുന്ന തുകയുടെ കണക്ക് വ്യക്തമാക്കാമോ; സ്ഥലമേറ്റെടുപ്പിനും വിളകളുടെ നഷ്ടപരിഹാരത്തിനും മറ്റുമായി എത്ര കോടി രൂപയാണ് വേണ്ടിവരിക; ഈ തുകയ്ക്കുള്ള ഫണ്ട് എവിടെ നിന്നാണ് ലഭ്യമാകുക എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നിർദ്ദിഷ്ട ഗെയിൽ പ്രകൃതി വാതക പൈപ്പ് ലൈൻ പദ്ധതിക്കുവേണ്ടി P&MP Act പ്രകാരം 6(1) ഗസറ്റ് നോട്ടിഫിക്കേഷൻ പൂർത്തിയാക്കി സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലായാണ് 503 കി.മീ. ദൈർഘ്യമുള്ള പൈപ്പ് ലൈൻ ശൃംഖല എറണാകുളം, തൃശ്ശൂർ ജില്ലകളിൽ മഹസ്സർ തയ്യാറാക്കുന്ന നടപടികൾ പൂർത്തിയായിക്കഴിഞ്ഞു. കാസർഗോഡ് ജില്ലയിൽ കരാർ നൽകുകയും പ്രാരംഭ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കി ജില്ലകളിൽ കരാർ നൽകുന്നതിനുള്ള ടെണ്ടർ നടപടികൾ അന്തിമ ഘട്ടത്തിലാണ്. നിർമ്മാണ പ്രവർത്തനത്തിനുള്ള പൈപ്പുകൾ മുതലായ സാമഗ്രികൾ യാർഡുകളിൽ സ്റ്റോക്ക് ചെയ്തിട്ടുണ്ട്. മലപ്പുറം, കോഴിക്കോട് ഒഴികെയുള്ള ബാക്കി ജില്ലകളിലെ പഞ്ചനാമ തയ്യാറാക്കുന്ന ജോലി പൂർത്തിയായിട്ടുണ്ട്. പൈപ്പ് ലൈൻ പദ്ധതി 2018 ഡിസംബർ മാസത്തോടെ പൂർത്തീകരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ബി) 83 കി.മീ. ആണ് കാസർഗോഡ് ജില്ലയിൽ പൈപ്പ് ലൈനിന്റെ നീളം. ഇതിൽ 11.6 കി.മീ. പൈപ്പ് ലൈൻ സ്ഥാപിച്ചുകഴിഞ്ഞു. പണി പുരോഗമിച്ചുവരുന്നു.

(സി) കൊച്ചി-മംഗലാപുരം സെക്ഷൻ 2018 ഡിസംബർ മാസത്തോടുകൂടി പൈപ്പ് ലൈൻ പണി പൂർത്തീകരിക്കും.

(ഡി) പ്രകൃതി വാതകം കൊച്ചിയിൽനിന്നും മംഗലാപുരത്തേയ്ക്കും ബാംഗ്ലൂരിലേയ്ക്കും പൈപ്പ് ലൈൻവഴി കൊണ്ടുപോകുന്നതിനുള്ള പദ്ധതിയാണ് കൊച്ചി-കുറ്റനാട്-ബാംഗ്ലൂർ-മാംഗ്ലൂർ പൈപ്പ് ലൈൻ (കെ.കെ.ബി.എം.പി.എൽ.) പദ്ധതി. ഇത് കേരളം, കർണ്ണാടക, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിലെ വ്യവസായ ശാലകൾക്ക് ഇന്ധനമായി ഉപയോഗിക്കാം.

പ്രസ്തുത പൈപ്പ് ലൈനിൽ സ്ഥാപിച്ചിരിക്കുന്ന എസ്.വി. സ്റ്റേഷനിൽനിന്നും ചെറിയ പൈപ്പ് ലൈൻ ശൃംഖല സ്ഥാപിച്ച് വാഹനങ്ങൾക്കുള്ള സി.എൻ.ജി. (Compressed Natural Gas)യും ഗാർഹികാവശ്യത്തിനുള്ള പി.എൻ.ജി. (Piped Natural Gas)യും വിതരണം ചെയ്യുന്ന പദ്ധതിയാണ് സിറ്റി ഗ്യാസ്.

എറണാകുളം ജില്ലയ്ക്കുപുറമേ പൈപ്പ് ലൈൻ കടന്നുപോകുന്ന അഞ്ച് ജില്ലകളിൽക്കൂടി സിറ്റി ഗ്യാസ് വിതരണ സംവിധാനം ഒരുക്കും.

(ഇ) പാചക വാതകം (പി.എൻ.ജി.) പൈപ്പുകളിലൂടെ വീടുകളിൽ ലഭ്യമാക്കുമ്പോൾ ഇന്ധനച്ചെലവ് 25 ശതമാനം കുറയുന്നു. വാഹന ഇന്ധനവിലയുമായി താരതമ്യം ചെയ്യുമ്പോൾ ചുരുങ്ങിയ ചെലവിൽ കൂടുതൽ മൈലേജ് ലഭിക്കുന്നു എന്നതും പ്രത്യേകം പ്രസ്താവ്യമാണ്.

(എഫ്) ഗെയിൽ പ്രകൃതി വാതക പൈപ്പ് ലൈൻ നിർമ്മാണത്തിന് സമാന്തരമായിത്തന്നെ പൈപ്പ് ലൈൻ കടന്നുപോകുന്ന നഗരങ്ങളിൽ സിറ്റി ഗ്യാസ് വിതരണത്തിനുള്ള ടെണ്ടർ നടപടികൾ തുടങ്ങുന്നതാണ്.

(ജി)

| ക്രമ നമ്പർ | ജില്ല | പൈപ്പ് ലൈൻ ROU (കി.മീ) | സർവ്വേ പൂർത്തീകരിച്ചത് |
|---|---|---|---|
| 1 | എറണാകുളം | 16 | 16 |
| 2 | തൃശ്ശൂർ | 78 | 78 |
| 3 | പാലക്കാട് | 105 | 100 |
| 4 | മലപ്പുറം | 58 | 18 |
| 5 | കോഴിക്കോട് | 80 | 65 |
| 6 | കണ്ണൂർ | 83 | 81 |
| 7 | കാസർഗോഡ് | 83 | 78 |
| | ആകെ നീളം | 503 | 435 |

ഗസറ്റ് വിജ്ഞാപന സമയത്തുള്ള ഭൂമിയുടെ ഗവൺമെന്റ് ന്യായവിലയുടെ 75 ശതമാനം ഭൂമിയുടെ ഉപയോഗാവകാശത്തിനുള്ള നഷ്ടപരിഹാരമായി നൽകുന്നതിനുപുറമേ ഭൂമിയിലെ ചമയങ്ങൾക്കും വിളകൾക്കും നഷ്ടപരിഹാരം നൽകുന്നുണ്ട്.

ഭൂമിയുടെ ഉപയോഗാവകാശത്തിനുള്ള നഷ്ടപരിഹാരമായ 114 കോടി രൂപയും ചമയങ്ങൾക്കും വിളകൾക്കുമായി 88 കോടി രൂപയുമുൾപ്പെടെ 202 കോടി രൂപ നഷ്ടപരിഹാരമായി കണക്കാക്കിയിട്ടുണ്ട്.

ഈ പദ്ധതിയുടെ മുഴുവൻ ചെലവും ഗെയിൽ ആണ് വഹിക്കുന്നത്.

**ചൂരൽ വ്യവസായ കേന്ദ്രം**

116 (3291) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ആദ്യ ചൂരൽ വ്യവസായ കേന്ദ്രമായ വർക്കല റാട്ടൻ ഇൻഡസ്ട്രിയൽ (പ്രൊഡക്ഷൻ & സെയിൽസ്) ഷെഡ്യൂൾഡ് കാസ്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ അപേക്ഷ വ്യവസായ വകുപ്പിന് ലഭിച്ചിട്ടുണ്ടോ;

(ബി) ചൂരൽ വ്യവസായത്തെ സംരക്ഷിക്കാൻ വകുപ്പ് തലത്തിൽ പദ്ധതി നിലവിലുണ്ടോ;

(സി) പരമ്പരാഗത ചൂരൽ തൊഴിലാളികളായ പട്ടികജാതി സമുദായക്കാരാണ് സംഘത്തിലെ മുഴുവൻ അംഗങ്ങളും എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പരമ്പരാഗത തൊഴിൽ സംരക്ഷണ ആനുകൂല്യങ്ങൾ സംഘത്തിന് ലഭ്യമാക്കുമോ?

ഉത്തരം

(എ) വർക്കല റാട്ടൻ ഇൻഡസ്ട്രിയൽ (പ്രൊഡക്ഷൻ & സെയിൽസ്) ഷെഡ്യൂൾഡ് കാസ്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി എസ്.സി.എ. ടു എസ്.സി.പി. പദ്ധതി പ്രകാരം 5 ലക്ഷം രൂപ ധനസഹായത്തിന് അപേക്ഷ സമർപ്പിച്ചിരുന്നു. നിലവിൽ അറ്റലാഭത്തിൽ പ്രവർത്തിക്കുന്ന വ്യവസായ സഹകരണ സംഘങ്ങൾക്ക് മാത്രമേ മാനദണ്ഡപ്രകാരം ധനസഹായത്തിന് അർഹതയുള്ളൂ. ലാഭനഷ്ട കണക്കുപ്രകാരം സംഘം നഷ്ടത്തിൽ പ്രവർത്തിക്കുന്നതിനാൽ 2016-17 സാമ്പത്തികവർഷത്തിലെ ധനസഹായത്തിനായി സംഘത്തിന്റെ അപേക്ഷ പരിഗണിക്കാൻ കഴിഞ്ഞില്ല.

(ബി) ചൂരൽ വ്യവസായത്തിന് മാത്രമായി പ്രത്യേക പദ്ധതി നിലവിലില്ല.

(സി) ഉണ്ട്.

(ഡി) നിലവിലുള്ള പദ്ധതികൾ പ്രകാരം അനുവദനീയമായ ആനുകൂല്യങ്ങൾ ലഭ്യമാക്കുവാൻ സാധിക്കുന്നതാണ്.

**മെഗാ ഫുഡ് പാർക്ക്**

117 (3292) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എവിടെയെല്ലാം മെഗാ ഫുഡ് പാർക്കുകൾ പ്രവർത്തിച്ചുവരുന്നുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഒറ്റപ്പാലത്ത് മെഗാ ഫുഡ് പാർക്ക് ആരംഭിക്കുന്നതിന് സർക്കാർ തലത്തിൽ തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ അതിന്റെ പ്രാരംഭനടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് കിൻഫ്രയുടെ നേതൃത്വത്തിൽ പാലക്കാട് ജില്ലയിൽ ഒരു മെഗാ ഫുഡ് പാർക്ക് സ്ഥാപിച്ചിട്ടുണ്ട്. 70 ഏക്കർ ഭൂമിയിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി ഭക്ഷ്യ സംസ്കരണ മേഖലയിലെ നിക്ഷേപം ആകർഷിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. വ്യവസായങ്ങൾ ആരംഭിക്കുന്ന സംരംഭകർക്ക് ജലം, വൈദ്യുതി, വെയർഹൗസ്, ശീതീകരണ സംവിധാനം എന്നീ സൗകര്യങ്ങളാണ് പദ്ധതിയിൽ വിഭാവന ചെയ്തിരിക്കുന്നത്. കൂടാതെ ഒരു ബഹുനില വ്യവസായ സമുച്ചയവും ഈ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

പ്രസ്തുത പദ്ധതിയുടെ ഒന്നാംഘട്ട അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

ഇതിനുപുറമേ കെ.എസ്.ഐ.ഡി.സി.-യുടെ ആഭിമുഖ്യത്തിൽ ആലപ്പുഴ ജില്ലയിലെ ചേർത്തല താലൂക്കിൽപ്പെട്ട പള്ളിപ്പുറം വില്ലേജിൽ 65 ഏക്കർ ഭൂമിയിൽ കേന്ദ്രസർക്കാർ സഹായത്തോടെ ഒരു മെഗാ ഫുഡ് പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

## വ്യവസായ പാർക്കുകൾ

118 (3293) ശ്രീ. ബി. സത്യൻ:
ശ്രീ. പി. ഉണ്ണി:
ശ്രീ. രാജു എബ്രഹാം:
ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ വ്യവസായ നയം പ്രഖ്യാപിച്ചിട്ടുണ്ടോ; വ്യവസായ വളർച്ചയ്ക്ക് നിക്ഷേപം ആകർഷിക്കുന്നതിന് സർക്കാർ എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ;

(ബി) വിവിധ വ്യവസായ പാർക്കുകളിലെ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ഇപ്പോൾ എത്ര വർഷത്തേയ്ക്കാണ് നൽകിവരുന്നത് ; പൂട്ടിക്കിടക്കുന്ന വ്യവസായ സ്ഥാപനങ്ങളുടെ സ്ഥലം ഏറ്റെടുത്ത് പുതിയ സംരംഭകർക്ക് നൽകുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നത് ;

(സി) വ്യവസായ പാർക്കുകളിലേയ്ക്ക് വ്യവസായ സംരംഭങ്ങളെ ആകർഷിച്ച് കൂടുതൽ പേർക്ക് തൊഴിൽ നൽകാൻ സാധ്യമാക്കുന്നതിനായി ഭൂമി പാട്ടത്തിന് നൽകുന്ന വ്യവസ്ഥകളിൽ ഏതെങ്കിലും തരത്തിലുള്ള മാറ്റങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കുമോ?

### ഉത്തരം

(എ) വ്യവസായ നയം പ്രഖ്യാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. യുവാക്കളെ തൊഴിൽ അന്വേഷകരിൽനിന്നും തൊഴിൽ ദാതാക്കളാക്കി മാറ്റുക എന്ന ലക്ഷ്യം മുൻനിർത്തിയുള്ളതാണ് സർക്കാരിന്റെ പരിഗണനയിലുള്ള വ്യവസായ നയം. വ്യവസായ-കരകൗശല മേഖലകളിൽ സത്വരവും ഊർജ്ജസ്വലവുമായ വളർച്ചയ്ക്ക് അനുയോജ്യമായ സാഹചര്യം സൃഷ്ടിക്കുന്നതിന് ഉതകുന്ന തരത്തിലും പാരിസ്ഥിതിക/മലിനീകരണ പ്രശ്നങ്ങൾ ഉണ്ടാക്കാത്തതും കുറഞ്ഞ വൈദ്യുതി ഉപഭോഗം ആവശ്യമുള്ളതും യുവജനങ്ങൾക്ക് കൂടുതൽ തൊഴിൽ അവസരങ്ങൾ പ്രദാനം ചെയ്യുന്ന തരത്തിലും നിലവിലുള്ള വ്യവസായ നയത്തിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തി സംസ്ഥാനത്ത് ഒരു പുതിയ വ്യവസായ നയം നടപ്പിലാക്കുവാൻ ഈ സർക്കാർ ഉദ്ദേശിക്കുന്നു. വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള അനുമതികളും ക്ലിയറൻസുകളും ഓൺലൈൻ സംവിധാനങ്ങൾ വഴി നൽകുക, ഭൂമി അനുവദിക്കുന്നതിന് അലോട്ട്മെന്റ് പോളിസി, നിക്ഷേപ സൗഹൃദ എക്സിറ്റ് പോളിസി, വിദ്യാർത്ഥി, യുവ, വനിതാ സംരംഭകർക്ക്

പ്രോത്സാഹനം, പാരമ്പര്യ വ്യവസായങ്ങൾക്ക് പ്രത്യേക പദ്ധതികൾ, ലൈഫ് സയൻസ്, ഭക്ഷ്യ സംസ്കരണം, ഫാർമസ്യൂട്ടിക്കൽസ് മേഖലകൾക്ക് ഊന്നൽ, നിക്ഷേപ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കൽ തുടങ്ങിയ കാര്യങ്ങൾക്ക് ടി നയത്തിൽ പ്രാധാന്യം നൽകുവാൻ ഉദ്ദേശിക്കുന്നു.

(ബി & സി) വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ അധീനതയിലുള്ള വ്യവസായ ഏരിയ/പ്ലോട്ടുകളിലെ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം 9-6-2013 വരെ ഹയർ പർച്ചേസ്/ഔട്ട്റൈറ്റ് പർച്ചേസ് വ്യവസ്ഥയിലായിരുന്നു. 10-6-2013 മുതൽ അത് ലീസ് വ്യവസ്ഥയിലാണ്. എന്നാൽ ലീസ് വ്യവസ്ഥയിലേയ്ക്ക് മാറുന്നതിനുമുമ്പ് ഭൂമി ലഭ്യമായവർക്ക് നേരത്തെയുണ്ടായിരുന്ന സ്ഥിതിയിൽ ത്തന്നെ തുടരാൻ വ്യവസ്ഥയുണ്ട്. ലീസ് പ്രകാരം അനുവദിക്കപ്പെടുന്ന ഭൂമിയുടെ വ്യവസ്ഥകൾ 30-1-2016-ലെ സ.ഉ. (കയെഴുത്ത്) 17/2016/വ്യവ. നമ്പർ ആയി പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുപ്രകാരം 30 വർഷത്തെ ലീസ് വ്യവസ്ഥയിലാണ് നൽകിവരുന്നത്. കെ.എസ്.ഐ.ഡി.സി.-യുടെ വ്യവസായ പാർക്കുകളിലെ വ്യവസായങ്ങൾക്ക് സ്ഥലം അനുവദിക്കുന്നത് 30 വർഷ പാട്ടവ്യവസ്ഥയിലാണ്. ഇതിൽ ആദ്യ രണ്ട് വർഷത്തിനുള്ളിൽ തന്നെ വ്യവസായം ആരംഭിക്കുകയും ലീസ് പ്രീമിയം അടച്ചുതീർക്കുകയും ചെയ്യേണ്ടതുണ്ട്. പൂട്ടിക്കിടക്കുന്ന വ്യവസായ സ്ഥാപനങ്ങളുടെ സ്ഥലം നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം തിരിച്ചെടുത്ത് പുതിയ സംരംഭകർക്ക് മുൻഗണനാ ലിസ്റ്റ് പ്രകാരം റീ അലോട്ട് ചെയ്തുവരുന്നുണ്ട്.

ഭൂമിയുടെ നിലവിലുള്ള പാട്ട വ്യവസ്ഥയനുസരിച്ച് വ്യവസായ സംരംഭങ്ങളെ ആകർഷിച്ച് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് തടസ്സമുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**നവസംരംഭകർക്കായി പദ്ധതികൾ**

119 (3294) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവസംരംഭകർക്കായി ആവിഷ്കരിച്ച പദ്ധതികളുടെ ആനുകൂല്യം ലഭിക്കുന്നതിന് കാലതാമസം നേരിടുന്നുണ്ടോ;

(ബി) പദ്ധതി സഹിതം അപേക്ഷ സമർപ്പിക്കുന്നവർക്ക് സഹായം ലഭിക്കാൻ ശരാശരി എത്ര സമയം എടുക്കുന്നു എന്നത് വകുപ്പുതലത്തിൽ വിലയിരുത്തിയിട്ടുണ്ടോ;

(സി) വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ കാലതാമസം മറികടക്കാൻ പദ്ധതി നിലവിലുണ്ടോ;

(ഡി) ബ്ലോക്ക്, താലൂക്ക്, ജില്ലാ സമിതികളുടെ പ്രവർത്തനം കാര്യക്ഷമമാണോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) നവസംരംഭകർക്കായി ആവിഷ്കരിച്ച പദ്ധതികളുടെ ആനുകൂല്യം ലഭിക്കുന്നതിന് കാലതാമസം നേരിടുന്നില്ല.

(ബി) കൃത്യതയാർന്ന അപേക്ഷകളിൽ സേവനാവകാശ നിയമം നിഷ്കർഷിക്കുന്ന സമയക്രമം പാലിക്കുന്നുണ്ട്.

(സി) ഉണ്ട്. സംസ്ഥാനത്തെ നിക്ഷേപ സൗഹൃദ സ്ഥലമാക്കി മാറ്റി വിവിധ വകുപ്പുകളിലെ നിലവിലുള്ള ചട്ടങ്ങൾ/നിയമങ്ങൾ/സർക്കാർ ഉത്തരവുകൾ തുടങ്ങിയവ പരിഷ്കരിച്ച് 'കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ &ഫെസിലിറ്റേഷൻ ആക്ട് ' എന്ന പേരിൽ പൊതു നിയമനിർമ്മാണം നടത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(ഡി) വ്യവസായ വകുപ്പിന്റെ പദ്ധതികൾ അനുസരിച്ചുള്ള ആനുകൂല്യങ്ങൾ ഉറപ്പുവരുത്തുന്നതിന് ബ്ലോക്ക് ലെവൽ ബാങ്കേഴ്സ് സമിതി പ്രവർത്തിക്കുന്നു. ഇ.എസ്.എസ്. പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ നൽകുന്നതിന് ജില്ലാതല സമിതി കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.

**മാലിന്യ പ്ലാന്റുകളില്ലാത്ത വ്യവസായശാലകൾ**

120 (3295) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാലിന്യ പ്ലാന്റുകൾ ഇല്ലാത്ത വ്യവസായശാലകൾക്ക് അനുമതി നൽകരുതെന്ന സുപ്രീംകോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത ഉത്തരവ് നടപ്പിലാക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത വിധി കേരളത്തിലെ വ്യവസായ മേഖലയിൽ എന്തെങ്കിലും പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ടോ;വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പെരുമ്പാവൂർ മേഖലയിലെ പ്ലൈവുഡ് ഫാക്ടറികൾ സൃഷ്ടിക്കുന്ന മലിനീകരണം സംബന്ധിച്ച് ശ്രീ. ടി. കെ. കുര്യൻ എന്ന വ്യക്തി ബഹു. സുപ്രീംകോടതിയിൽ ഫയൽ ചെയ്ത SLPC22856/12 എന്ന കേസിൽ 21-4-2014-ൽ ബഹു. കേരള ഹൈക്കോടതിക്ക് ഒരു നിർദ്ദേശം

നൽകിയിരുന്നു. ബഹു. സുപ്രീംകോടതി നിയമിച്ച സെൻട്രൽ എംപവേർഡ് കമ്മിറ്റി (CEC)യുടെ റിപ്പോർട്ട് പരിഗണിച്ച് എത്രയും വേഗത്തിൽ ഈ വിഷയത്തിൽ തീരുമാനം കൈക്കൊള്ളണം എന്നതായിരുന്നു നിർദ്ദേശം

(ബി) മേൽപ്പറഞ്ഞ വിധിയുടെയും തുടർന്ന് ഈ വിഷയത്തിൽ WP(C)9155/07-ൽ ബഹു. ഹൈക്കോടതിയുടെ വിധിയുടെയും അടിസ്ഥാനത്തിൽ അനുമതിയില്ലാതെ പ്രവർത്തിക്കുന്ന യൂണിറ്റുകൾ കണ്ടെത്തി അടച്ചുപൂട്ടുന്നതിന് നോട്ടീസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 68 യൂണിറ്റുകൾക്ക് ഇത്തരത്തിൽ മലിനീകരണ നിയന്ത്രണ ബോർഡിൽനിന്നും നോട്ടീസ് നൽകിയതായി കാണുന്നു.

(സി) പ്രസ്തുത വിധി കേരളത്തിലെ വ്യവസായ മേഖലയിൽ എന്തെങ്കിലും പ്രതിസന്ധി സൃഷ്ടിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**സാമ്പത്തിക സുരക്ഷിതത്വം**

121 (3296) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാസ്ഥാപനങ്ങളുടെ സാമ്പത്തിക സുരക്ഷിതത്വത്തിനുവേണ്ടി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിനായി ഇൻകം ടാക്സ് ആക്ട് -1961, സെക്ഷൻ 40, ക്ലോസ് (a) സബ് ക്ലോസ് (iib) ഒഴിവാക്കണം എന്ന മുൻ സർക്കാരിന്റെ നയത്തിൽ എന്തെങ്കിലും മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(സി) ഇല്ലെങ്കിൽ പ്രസ്തുത ആക്റ്റിലെ വ്യവസ്ഥ നീക്കം ചെയ്യുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ; വിശദമാക്കാമോ?

ഉത്തരം

(എ) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ പൊതുമേഖലയിൽത്തന്നെ നിലനിർത്തി അവയുടെ സ്ഥായിയായ ഉന്നമനത്തിനുള്ള നടപടികൾ സ്വീകരിക്കുകയാണ് ഈ സർക്കാരിന്റെ ലക്ഷ്യം. ഇതിന്റെ ഭാഗമായി കമ്പനികളുടെ സാമ്പത്തിക സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ആവശ്യമായ ധനസഹായം നൽകുന്നതിനായി "പ്രവർത്തന സാധ്യതയുള്ള സ്ഥാപനങ്ങളുടെ പുനരുജ്ജീവനവും പുനരുദ്ധാരണവും" എന്ന പേരിലുള്ള സ്കീമിൽ [ഹെഡ് ഓഫ് അക്കൗണ്ട് (4885-60-800-96(P)] എല്ലാ വർഷവും പ്രത്യേക ധനസഹായം ബഡ്ജറ്റിൽ പദ്ധതി വിഹിതമായി നൽകിവരുന്നുണ്ട്.

(ബി & സി) പരിശോധിക്കുന്നതാണ്.

## അസംസ്കൃത വസ്തുക്കളുടെ വില

122 (3297) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർമ്മാണപ്രവർത്തനങ്ങൾക്കുള്ള അസംസ്കൃത വസ്തുക്കളായ സിമന്റ്, കമ്പി, മണൽ എന്നിവയുടെ വില കുതിച്ചുകയറുകയാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേരളത്തിൽ സിമന്റ് വിൽപ്പന നടത്തുന്ന അതേ കമ്പനികളുടെ സിമന്റിന് അയൽ സംസ്ഥാനമായ തമിഴ്നാട്ടിൽ ചാക്കൊന്നിന് കേരളത്തിലെ വിലയേക്കാൾ 100 രൂപയിലധികം കുറവാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത്തരത്തിൽ കേരളീയരെ കൊള്ളയടിക്കുന്ന സിമന്റ് നിർമ്മാതാക്കളുടെ പ്രവർത്തനം നിയന്ത്രിച്ച് കേരളത്തിലും തമിഴ്നാട്ടിലെ വിലയിൽ വിൽപ്പിക്കുന്നതിനും, അല്ലെങ്കിൽ സർക്കാർ സ്ഥാപനമായ മലബാർ സിമന്റ്സിൽ ഉൽപ്പാദനം വർദ്ധിപ്പിച്ച് വില കുറച്ച് നൽകുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

### <u>ഉത്തരം</u>

(എ) സിമന്റ്, കമ്പി, മണൽ എന്നിവയുടെ വില വർദ്ധിക്കുന്നുവെന്ന വാർത്തകളുടെ അടിസ്ഥാനത്തിൽ ഇതുസംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ട്.

(ബി) കേരളത്തിൽ ആവശ്യമുള്ള 90 ശതമാനം സിമന്റും അയൽ സംസ്ഥാനങ്ങളിൽ നിന്നാണ് കൊണ്ടുവരുന്നത്. അയൽ സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുമ്പോൾ അധികം ചെലവാകുന്ന ഫ്രൈറ്റ് ചാർജ്ജും കേരളത്തിലെ ഹാന്റ്ലിംഗ് ചാർജ്ജും കേരളത്തിലെ സിമന്റ് വില അയൽ സംസ്ഥാനങ്ങളിലുള്ളതിനേക്കാൾ കൂടുതലാകാൻ കാരണമാകുന്നുണ്ട്.

അയൽ സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ സിമന്റ് ബാഗ് ഒന്നിന് ഏകദേശം 50-80 രൂപ കൂടുതലാണ്. എന്നാൽ മറ്റ് പ്രൈവറ്റ് സിമന്റ് കമ്പനിക്കാരുടെ ബില്ലിംഗ് തുക 426 രൂപ മുതൽ 431 രൂപ വരെ ആണെങ്കിലും ഹോൾസെയിൽ വില ഒരു ബാഗിന് ഏകദേശം 375 രൂപയ്ക്കും 380 രൂപയ്ക്കും ഇടയ്ക്കാണ്. ഒരു ബാഗിന് ചില്ലറ വിൽപ്പന വില ഇപ്പോൾ 410 രൂപയ്ക്ക് മുകളിലാണ്. എന്നാൽ മലബാർ സിമന്റ്സ് സാധാരണ ജനങ്ങൾക്ക് കുറഞ്ഞ വിലയിൽ സിമന്റ് ലഭിക്കുക എന്ന കാഴ്ചപ്പാടിൽ പരമാവധി ചില്ലറ വില 405 (MRP) രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്.

(സി) വിപണി വിപുലീകരിക്കുന്നതിനായി കൊച്ചിൻ പോർട്ട് ട്രസ്റ്റിൽ ഒരു സിമന്റ് ഹബ് സുസജ്ജമാക്കാനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു. കൂടാതെ ജില്ലകൾതോറും സഹകരണമേഖലയെ ഫലപ്രദമായ രീതിയിൽ ഉപയോഗിച്ചുകൊണ്ട് മലബാർ സിമന്റ്സ് കേരളത്തിന്റെ എല്ലാ ഭാഗങ്ങളിലും ലഭ്യമാക്കുന്നതിനും നടപടികൾ തുടങ്ങിയിട്ടുണ്ട്.

കേരള സിമന്റ് വിപണിയുടെ 6-8 ശതമാനം വരെ വിഹിതമാണ് മലബാർ സിമന്റിനുള്ളത്. എന്നാൽ അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവുമൂലം ഏകദേശം മൂന്നുമാസത്തോളം ഉൽപ്പാദനക്കുറവ് നേരിടുകയും മലബാർ സിമന്റ്സ് വിപണിയിൽനിന്ന് വിട്ടുനിൽക്കേണ്ടതായ സാഹചര്യം വരികയുമുണ്ടായി. ഈ അവസരത്തിൽ സ്വകാര്യ കമ്പനികൾ മലബാർ സിമന്റ്സിന്റെ വിപണി കയ്യടക്കി. ഇതേ കാലയളവിൽ നോട്ട് പ്രതിസന്ധി, ജലദൗർലഭ്യം, ക്വാറി സമരം എന്നിവ സ്ഥിതി കൂടുതൽ ഗൗരവമാക്കി എന്നാൽ മാനേജ്മെന്റിന്റെ സമയോചിതമായ ഇടപെടൽമൂലം അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവ് പരിഹരിച്ച് ഉൽപ്പാദനം കാര്യക്ഷമമാക്കുകയും വിപണി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

ഒരു ബാഗിന് ചില്ലറ വിൽപ്പനവില ഇപ്പോൾ 410 രൂപയ്ക്ക് മുകളിലാണ്. എന്നാൽ മലബാർ സിമന്റ്സ് സാധാരണ ജനങ്ങൾക്ക് കുറഞ്ഞ വിലയിൽ സിമന്റ് ലഭിക്കുക എന്ന കാഴ്ചപ്പാടിൽ പരമാവധി ചില്ലറ വില 405 (MRP) രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്.

## കരിങ്കൽ ക്വാറികൾ

123 (3298) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരിങ്കൽ ക്വാറികൾക്ക് അനുമതി നൽകുന്നതിലെ നയം പുനഃപരിശോധിക്കണമെന്ന ഹൈക്കോടതി നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ ക്വാറികളെക്കുറിച്ച് പീച്ചി വനഗവേഷണ കേന്ദ്രം പഠനം നടത്തുകയുണ്ടായോ;

(സി) എങ്കിൽ സംസ്ഥാനത്തൊട്ടാകെ എത്ര ക്വാറികൾ ഉണ്ടെന്നാണ് വ്യക്തമായിട്ടുള്ളത്;

(ഡി) ഈ ക്വാറികൾ എത്ര ഹെക്ടർ സ്ഥലത്താണ് സ്ഥിതി ചെയ്യുന്നത്;

(ഇ) വടക്കൻ കേരളം, തെക്കൻ കേരളം, മദ്ധ്യ കേരളം എന്നിവിടങ്ങളിൽ യഥാക്രമം എത്ര ക്വാറികൾ പ്രവർത്തിക്കുന്നുണ്ട്; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) നടത്തിയിട്ടുണ്ട്. ഗൂഗിൾ മാപ്പ്, ഗൂഗിൾ എർത്ത് എന്നിവയുടെ സഹായത്തോടെ നടത്തിയിട്ടുള്ള മാപ്പിംഗ് അധിഷ്ഠിതമായ വ്യാഖ്യാനമാണ് പ്രസ്തുത പഠനം.

(സി-ഇ) പീച്ചി വന ഗവേഷണ കേന്ദ്രത്തിന്റെ പഠന റിപ്പോർട്ടുപ്രകാരം കേരളത്തിൽ 5924 ക്വാറികളാണുള്ളത്. ഇവ 7157.6 ഹെക്ടർ ഭൂമിയിലാണ് സ്ഥിതി ചെയ്യുന്നത്. വടക്കൻ കേരളത്തിൽ 1969-ഉം തെക്കൻ കേരളത്തിൽ 1517-ഉം മധ്യകേരളത്തിൽ 2438-ഉം ക്വാറികളാണുള്ളത്. പ്രവർത്തനരഹിതമായ ക്വാറികളുടെ എണ്ണവും ഈ റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുണ്ട്.

**അനധികൃത ക്വാറികൾ**

124 (3299) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അധികൃതമായി പ്രവർത്തിച്ചുവരുന്ന ക്വാറികൾ എത്ര എന്നും അനധികൃതമായും അനുമതിയില്ലാതെയും പ്രവർത്തിക്കുന്നവ എത്ര എന്നും സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) പരിശോധിച്ചിട്ടില്ലെങ്കിൽ ആയതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) മുൻപ് പ്രവർത്തിച്ചിരുന്നതും ഇപ്പോൾ ഉപയോഗശൂന്യവുമായ ക്വാറികൾ എത്രയെണ്ണമാണ് എന്ന് പരിശോധിച്ചിട്ടുണ്ടോ, വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഇവയുണ്ടാക്കുന്ന അപകടങ്ങളും പരിസ്ഥിതി പ്രശ്നങ്ങളും ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ഇ) ഉപയോഗശൂന്യമായ ക്വാറികളിലെ അപകടങ്ങൾ സംബന്ധിച്ച് പരിശോധിച്ച ബാലാവകാശകമ്മീഷൻ പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ എന്തെല്ലാം; വിശദാംശം ലഭ്യമാക്കുമോ;

(എഫ്) ഇവയിൽ ഏതെങ്കിലും നാളിതുവരെ പാലിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത നിർദ്ദേശങ്ങൾ പാലിക്കുന്നത് അടിയന്തരമായി പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ & ബി) പരിശോധിച്ചിട്ടുണ്ട്. സംസ്ഥാനത്ത് മൈനിംഗ് & ജിയോളജി വകുപ്പിന്റെ പെർമിറ്റ്/ലീസോടെ 520 ക്വാറികൾ പ്രവർത്തിക്കുന്നുണ്ട്. ബഹു. സുപ്രീം കോടതി ഉത്തരവുപ്രകാരം 2-12-2016 മുതൽ ക്വാറി പ്രവർത്തനത്തിന് പാരിസ്ഥിതികാനുമതി നിർബന്ധമായ സാഹചര്യത്തിൽ പാരിസ്ഥിതികാനുമതി ഇല്ലാതെ പ്രവർത്തിപ്പിക്കുന്ന ക്വാറികളുടെ പ്രവർത്തനം നിർത്തിവയ്പിക്കേണ്ടി വന്നു. എങ്കിലും ഇത്തരം ക്വാറികൾ വീണ്ടും പ്രവർത്തിക്കുന്നതായി റിപ്പോർട്ടുകൾ ലഭിച്ചതിനെത്തുടർന്ന് പരിശോധനകൾ നടത്തി ഖനനം നിർത്തിവയ്പ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മൈനിംഗ് & ജിയോളജി വകുപ്പിന്റെ കണക്കിൽ അനധികൃത ക്വാറികൾ ഇപ്പോൾ പ്രവർത്തിക്കുന്നില്ല.

(സി & ഡി) സംസ്ഥാനത്ത് മുമ്പ് പ്രവർത്തിച്ചിരുന്നതും ഇപ്പോൾ ഉപയോഗ ശൂന്യവുമായ ക്വാറികളെ സംബന്ധിച്ച വിവരങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന ലഭ്യമാക്കാൻ നടപടി സ്വീകരിച്ചുവരുന്നു. ഉപേക്ഷിക്കപ്പെട്ട ക്വാറികൾ ജലസംഭരണികളായി പലയിടത്തും ഉപയോഗപ്പെടുത്തുന്നുണ്ട്. ഇത്തരം ക്വാറികളിൽ കുളിക്കാനായി ഇറങ്ങുന്നവർക്ക് അപകടം സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ & എഫ്) ബാലാവകാശ കമ്മീഷന്റെ പ്രധാന നിർദ്ദേശങ്ങൾ ചുവടെ പറയുന്നതാണ് :

(i) സംസ്ഥാനത്ത് ഉപയോഗശൂന്യമായ ക്വാറികളുടെയും പാറമടകളുടെയും പട്ടിക ഓരോ ജില്ലയിലെയും തദ്ദേശഭരണ സ്ഥാപനാധികൃതരും ജില്ലാ ജിയോളജിസ്റ്റുകളും ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് അടിയന്തരമായി നൽകേണ്ടതും ഇക്കാര്യം കാണിച്ച് ഗവൺമെന്റ് സെക്രട്ടറി, ലോക്കൽ സെൽഫ് ഗവൺമെന്റ്, ജില്ലാ കളക്ടർ, ജില്ലാ പോലീസ് മേധാവി, പഞ്ചായത്ത് ഡയറക്ടർ എന്നിവർ അടിയന്തരമായി ഉത്തരവ് പുറപ്പെടുവിക്കേണ്ടതുമാണ്.

(ii) ഉപയോഗശൂന്യമായി കിടക്കുന്നതോ മറ്റോ ആയ ക്വാറികളുടെയും പാറമടകളുടെയും ലിസ്റ്റ് ലഭിച്ചുകഴിഞ്ഞാൽ 2015-ലെ The Kerala Minor Mineral Concession Rules-ലെ ചട്ടം 63 പ്രകാരമുള്ള ക്വാറി സേഫ്റ്റി ഫണ്ട് ഉപയോഗിച്ച് ചട്ടം 65(2) പ്രകാരം പാറമടകൾക്കും ക്വാറികൾക്കും ചുറ്റും സംരക്ഷണ മതിൽ സ്ഥാപിക്കാനാവശ്യമായ നടപടി ജില്ലാ കളക്ടർമാർ സ്വീകരിക്കേണ്ടതും ഇക്കാര്യം കാണിച്ച് റവന്യൂ സെക്രട്ടറി ഉത്തരവ് പുറപ്പെടുവിക്കേണ്ടതുമാണ്.

(iii) അപകട സാദ്ധ്യതയുള്ള ക്വാറികൾക്കും പാറമടകൾക്കും സമീപം അപായസൂചനാ ബോർഡുകൾ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ സ്ഥാപിക്കേണ്ടതും ആയതിന്റെ ചെലവ് ക്വാറി ഉടമകളിൽനിന്നോ മറ്റോ ഗ്രാമപഞ്ചായത്തിന് ഈടാക്കാവുന്നതും ഉത്തരവ് പുറപ്പെടുവിക്കേണ്ടതുമാണ്.

(iv) സർക്കാരിന് ഉചിതമെന്ന് തോന്നുന്നുവെങ്കിൽ ഉപയോഗശൂന്യമായ ക്വാറികളും പാറമടകളും സംരക്ഷിക്കേണ്ട ഉത്തരവാദിത്വം ക്വാറി ഉടമകളിൽ നിക്ഷിപ്തമാക്കി നിയമനിർമ്മാണം നടത്തുന്ന കാര്യവും ചിന്തിക്കാവുന്നതാണ്.

സംസ്ഥാനത്ത് മുമ്പ് പ്രവർത്തിച്ചിരുന്നതും ഇപ്പോൾ ഉപയോഗശൂന്യവുമായ ക്വാറികളെ സംബന്ധിച്ച വിവരങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന ലഭ്യമാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

**കൈത്തറി മേഖലയുടെ പരിരക്ഷ**

125 (3300) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കൈത്തറി വ്യവസായ മേഖലയെ പരിരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് അറിയിക്കുമോ;

(ബി) കൈത്തറി ഉത്പന്നങ്ങളുടെ വിപണനത്തിന് സഹായകമാകുന്ന തരത്തിൽ വിനോദസഞ്ചാര കേന്ദ്രങ്ങളോട് ചേർന്ന് വിപണന ശാലകൾ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) കൈത്തറി ഉത്പന്നങ്ങൾക്ക് വിപണി ലഭിക്കുന്നതിനായി എന്തെല്ലാം നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നുവെന്ന് അറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ കൈത്തറി മേഖല പരിരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി

2. പ്രാഥമിക കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം.

3. ഹാന്റെക്സ്, ഹാൻവീവ് എന്നിവയിലെ ഓഹരി പങ്കാളിത്തം

4. നെയ്ത്തുകാർക്ക് ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിനുള്ള സബ്സിഡി

5. ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനുള്ള മാർജിൻ മണി വായ്പ.

6. കൈത്തറി മേഖലയിൽ സ്വയംതൊഴിൽ സൃഷ്ടിക്കൽ/ഹാന്റ്ലൂം ബിസിനസ്സ് ഇൻക്യുബേറ്റർ

7. നെയ്ത്തുകാർക്കും മറ്റ് തൊഴിലാളികൾക്കുമുള്ള പ്രചോദന പരിപാടി/കൈത്തറി തൊഴിലാളികൾക്കുള്ള ഉൽപ്പാദന പ്രോത്സാഹന ധനസഹായം

8. കൈത്തറി ഗ്രാമവും സമഗ്ര കൈത്തറി ഗ്രാമവും സ്ഥാപിക്കൽ

9. അംശദാന സമ്പാദ്യ പദ്ധതി

10. കൈത്തറി നെയ്ത്തുകാർക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി (മഹാത്മാഗാന്ധി ബുങ്കർ ബീമാ യോജന)

11. വിപണന കയറ്റുമതി പ്രോത്സാഹനം

12. കൈത്തറി സംഘങ്ങളുടെ ആധുനികവൽക്കരണവും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനവും

13. പരിശീലനം, നൈപുണ്യം,ശേഷി വികസനം

14. കൈത്തറിയുടെ പ്രചാരണം, പരിശീലനം, പഠനം, കൈത്തറി മാർക്ക് സ്കീമിന്റെ പ്രചാരണ സഹായം

(ബി) പരിശോധിക്കുന്നതാണ്.

(സി) കൈത്തറി ഉൽപ്പന്നങ്ങൾക്ക് വിപണി ലഭിക്കുന്നതിനായി ജില്ലാതലത്തിൽ ഓണം, വിഷു, ക്രിസ്തുമസ്, റംസാൻപോലുള്ള ഉത്സവാവസരങ്ങളിൽ കൈത്തറി മേളകൾ നടത്താൻ ധനസഹായം അനുവദിക്കുന്നുണ്ട്. പ്രസ്തുത മേളകളിൽ പങ്കെടുക്കുന്ന സഹകരണ സംഘങ്ങൾക്ക് ചെലവായ തുക പരമാവധി

10,000 രൂപയും ഹാൻടെക്സ്, ഹാൻവീവിന് പരമാവധി 30,000 രൂപ വീതവും ഗ്രാന്റായി അനുവദിക്കുന്നുണ്ട്. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നടക്കുന്ന ട്രേഡ് ഫെസ്റ്റിവലുകളിൽ പങ്കെടുക്കുന്നതിന് സംഘങ്ങൾക്ക് ധനസഹായം നൽകിവരുന്നു. സംസ്ഥാനത്ത് സംഘടിപ്പിക്കുന്ന ബിസിനസ്സ് ടു ബിസിനസ്സ് മീറ്റുകളിൽ സംഘങ്ങളുടെ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിന് അവസരമൊരുക്കുന്നു. ഇന്ത്യ ഇന്റർനാഷണൽ ട്രേഡ് ഫെയറിൽ പങ്കെടുത്ത് ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിന് വേണ്ട സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നു.

**കൈത്തറി മേഖലയുടെ പുരോഗതി**

126 (3301) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൈത്തറി മേഖലയുടെ പുരോഗതിക്കായി എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് എത്ര കൈത്തറി നെയ്ത്ത് സംഘങ്ങളാണ് പൂട്ടിക്കിടക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം കൈത്തറി റിബേറ്റ് കുടിശ്ശിക വിതരണം ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ഡി) 31-3-2017 വരെ കൈത്തറി റിബേറ്റ് ഇനത്തിൽ എത്ര തുക കുടിശ്ശികയുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കൈത്തറി മേഖലയെ ശക്തിപ്പെടുത്തുന്നതിനായി സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് 2 ജോഡി കൈത്തറി യൂണിഫോം സൗജന്യമായി നൽകുന്ന പദ്ധതി രൂപീകരിച്ചു. ഈ പദ്ധതിപ്രകാരം സംസ്ഥാനത്തെ സ്കൂൾ കുട്ടികൾക്ക് യൂണിഫോം നൽകുക എന്നതിനുപുറമേ കൈത്തറി മേഖലയിലെ നെയ്ത്തുകാർക്ക് വർഷത്തിൽ കുറഞ്ഞത് 200 ദിവസമെങ്കിലും ജോലി നൽകി അവരുടെ വേതനം വർദ്ധിപ്പിക്കാനും ലക്ഷ്യമിട്ടിരിക്കുന്നു.

2017-18 വർഷത്തിൽ ഒരു വീട്ടിൽ ഒരു തറി പദ്ധതി നടപ്പിലാക്കുന്നു. ടി പദ്ധതിയിലൂടെ തറി സ്ഥാപിക്കാൻ കഴിവില്ലാത്തതും എന്നാൽ ഒരു അംഗത്തിനെങ്കിലും നെയ്ത്ത് അറിയാവുന്നതുമായ ഓരോ വീട്ടിലും തറി സ്ഥാപിക്കാൻ ചെലവിന്റെ 75% സർക്കാർ സഹായം നൽകും. ഇതുവഴി കൈത്തറി മേഖലയിൽ കൂടുതൽ പേരെ ആകർഷിക്കുവാൻ സാധിക്കും.

പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങളിലെ ജീവനക്കാർക്കും നെയ്ത്തുകാർക്കും നെയ്ത്തിലുള്ള നൈപുണ്യം മെച്ചപ്പെടുത്തുന്നതിനും ഉൽപ്പാദനശേഷി വർദ്ധിപ്പിക്കുന്നതിനും വേണ്ടി നെയ്ത്ത് സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ മുഖേന ആവശ്യമനുസരിച്ച് ഒരു പ്രദേശത്ത് പരിജ്ഞാനം ലഭിച്ച ഒരു ഡിസൈനറെവീതം ഉൾപ്പെടുത്തി ഒരു വർഷത്തേയ്ക്ക് പരിശീലനം നൽകുന്ന പദ്ധതി നടപ്പിലാക്കുന്നു. 'കേരള കൈത്തറി' എന്ന പേരിൽ പ്രത്യേക ബ്രാന്റോടുകൂടിയ കൈത്തറി ഉൽപ്പന്നങ്ങൾക്കും കേരള ഹാന്റ്ലൂം വിൽപ്പനശാലകൾക്കും ധനസഹായം നൽകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് പൂട്ടിക്കിടക്കുന്ന കൈത്തറി നെയ്ത്ത് സംഘങ്ങൾ ജില്ലാ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു:

| | |
|---|---|
| തിരുവനന്തപുരം | 21 |
| കൊല്ലം | 4 |
| ആലപ്പുഴ | 11 |
| പത്തനംതിട്ട | 4 |
| കോട്ടയം | 3 |
| ഇടുക്കി | 7 |
| എറണാകുളം | 6 |
| തൃശ്ശൂർ | 5 |
| പാലക്കാട് | 16 |
| മലപ്പുറം | 8 |
| കോഴിക്കോട് | 1 |
| വയനാട് | 1 |
| കണ്ണൂർ | 12 |
| കാസർഗോഡ് | 1 |
| ആകെ | 100 |

(സി) ഉണ്ട്. ഈ സർക്കാർ അധികാരമേറ്റെടുക്കുമ്പോൾ പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾ, ഹാന്റെക്സ്, ഹാൻവീവ് എന്നിവർക്ക് 25.32 കോടി രൂപ റിബേറ്റ് ഇനത്തിൽ കുടിശ്ശിക ഉണ്ടായിരുന്നതിൽ ഈ സർക്കാർ 5,93,61,000 രൂപ നാളിതുവരെ വിതരണം ചെയ്തു.

(ഡി) 31-3-2017 വരെ കൈത്തറി റിബേറ്റ് ഇനത്തിൽ 22.55 കോടി രൂപ കുടിശ്ശികയുണ്ട്.

**കൈത്തറി വ്യവസായ സംരക്ഷണം**

127 (3302) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കൈത്തറി വ്യവസായം സംരക്ഷിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) നെയ്ത്തു തൊഴിലാളികളെ സംരക്ഷിക്കുന്നതിനായി നടപ്പാക്കിയ 'തനിമ' പദ്ധതിയുടെ പ്രയോജനം യഥാർത്ഥ നെയ്ത്തുകാർക്ക് ലഭിക്കുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

<u>ഉത്തരം</u>

(എ) കേരളത്തിലെ കൈത്തറി വ്യവസായം സംരക്ഷിക്കുന്നതിന് താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി.

2. പ്രാഥമിക കൈത്തറി നെയ്ത്തു സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം.

3. ഹാന്റെക്സ് ഹാൻവീവ് എന്നിവയിലെ ഓഹരി പങ്കാളിത്തം.

4. നെയ്ത്തുകാർക്ക് ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിനുള്ള സബ്സിഡി.

5. ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനുള്ള മാർജിൻ മണി വായ്പ.

6. കൈത്തറി മേഖലയിൽ സ്വയം തൊഴിൽ സൃഷ്ടിക്കൽ/ഹാന്റ്ലൂം ബിസിനസ്സ് ഇൻക്യുബേറ്റർ.

7. നെയ്ത്തുകാർക്കും മറ്റു തൊഴിലാളികൾക്കുമുള്ള പ്രചോദന പരിപാടി/കൈത്തറി തൊഴിലാളികൾക്കുള്ള ഉൽപ്പാദന പ്രോത്സാഹന ധനസഹായം.

8. കൈത്തറി ഗ്രാമവും സമഗ്ര കൈത്തറി ഗ്രാമവും സ്ഥാപിക്കൽ.

9. അംശദാന സമ്പാദ്യ പദ്ധതി.

10. കൈത്തറി നെയ്ത്തുകാർക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി (മഹാത്മാഗാന്ധി ബുങ്കർ ബീമാ യോജന).

11. വിപണന കയറ്റുമതി പ്രോത്സാഹനം.

12. കൈത്തറി സംഘങ്ങളുടെ ആധുനികവൽക്കരണവും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനവും.

13. പരിശീലനം, നൈപുണ്യം, ശേഷി വികസനം.

14. കൈത്തറിയുടെ പ്രചാരണം, പരിശീലനം, പഠനം, കൈത്തറി മാർക്ക് സ്കീമിന്റെ പ്രചാരണ സഹായം.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**പരമ്പരാഗത നെയ്ത്തുശാലകൾ**

128 (3303) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂർ നിയോജകമണ്ഡലത്തിലെ നെയ്ത്ത് വ്യവസായകേന്ദ്രമായിരുന്ന കാട്ടിലങ്ങാടിയിലെ പരമ്പരാഗത തൊഴിൽ ശാലകൾ നാശോന്മുഖമായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉത്പാദനം നിലച്ച കൈത്തറി മേഖലയിൽ പുതിയ ഉത്പന്നങ്ങൾ ഉത്പാദിപ്പിച്ച് തൊഴിൽശാലകൾ നവീകരിക്കുന്നതിന് പ്രത്യേകം പദ്ധതികൾ നടപ്പാക്കുമോ?

(സി) ഇത്തരത്തിലുള്ള പരമ്പരാഗത നെയ്ത്ത് ശാലകൾ പുനരുദ്ധരിക്കുന്നതിനായി എന്തെല്ലാം സഹായങ്ങളാണ് നടത്തിവരുന്നതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) ഉൽപ്പാദനം നിലച്ച കൈത്തറി യൂണിറ്റുകളെ നവീകരിക്കുന്നതിന് കൈത്തറി സംഘങ്ങളുടെ പുനരുദ്ധാരണപദ്ധതി പ്രകാരം ഫാക്ടറി കെട്ടിട നവീകരണത്തിനായി പ്രോജക്ട് കോസ്റ്റിന്റെ 90% പരമാവധി 3 ലക്ഷം രൂപ നൽകിവരുന്നുണ്ട്. ഇതുപ്രകാരം പ്രവർത്തനമൂലധനമായി പരമാവധി 5 ലക്ഷം രൂപയും ഇ.പി.എഫ്./ഇ.എസ്.ഐ. കുടിശ്ശിക തീർക്കുന്നതിന് പരമാവധി 5 ലക്ഷം രൂപയും പ്രോഡക്ട് ഡൈവേഴ്സിഫിക്കേഷന് പരമാവധി ഒരുലക്ഷം രൂപയും നൽകുന്നു. കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിയുടെ ഭാഗമായി നെയ്ത്തുകാർക്ക് നൂലും കൂലിയും സർക്കാർ നൽകുന്നുണ്ട്.

**ഖാദി ഗ്രാമവ്യവസായ യൂണിറ്റുകൾ**

129 (3304) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. കെ. ആൻസലൻ :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എല്ലാ ഗ്രാമപഞ്ചായത്തുകളിലും പുതിയ ഖാദി ഗ്രാമവ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി പ്രത്യേക തൊഴിൽദാന പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇപ്രകാരം പുതിയ യൂണിറ്റുകൾ സ്ഥാപിക്കാൻ എന്തെല്ലാം ധനസഹായമാണ് നൽകാനുദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതി പ്രകാരം ഈ മേഖലയിൽ എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്നാണ് പ്രതീക്ഷിക്കുന്നത്;വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതി പ്രകാരം സംരംഭകർക്ക് ആവശ്യമായ സാങ്കേതിക സഹായവും വിപണന സഹായവും നൽകുന്നതിന് ഖാദി ഗ്രാമവ്യവസായ ബോർഡ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് നടപ്പിലാക്കി വരുന്ന 'എന്റെ ഗ്രാമം' പദ്ധതി സംസ്ഥാനത്ത് എല്ലാ ഗ്രാമ പഞ്ചായത്തുകളിലും സംരംഭകരുടെ ലഭ്യതയനുസരിച്ച് പുതിയ ഗ്രാമ വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ഉതകുന്നതാണ്. കൂടാതെ 'ഖാദി ഗ്രാമം' എന്ന ഒരു പുതിയ പദ്ധതിക്ക് സംസ്ഥാന ബഡ്ജറ്റിൽ തുക വകയിരുത്തുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതി പ്രകാരം എല്ലാ ജില്ലകളിലും തെരഞ്ഞെടുക്കപ്പെടുന്ന 2 പഞ്ചായത്തുകളിൽ ഖാദി യൂണിറ്റുകൾ സ്ഥാപിക്കാൻ സാധിക്കുന്നതാണ്. കൂടാതെ പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതിപ്രകാരം മാർജിൻ മണി ധനസഹായം കേരളത്തിലെ എല്ലാ ഗ്രാമപ്രദേശങ്ങളിലും നൽകുന്നുണ്ട്.

(ബി) ഇത്തരം യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ചർക്ക, തറി, അനുബന്ധ ഉപകരണങ്ങൾ എന്നിവ നൽകിയും ഉൽപ്പാദനത്തിന് ആവശ്യമായ അസംസ്കൃത സാധനങ്ങൾ നൽകിയും ഉൽപ്പന്നങ്ങൾ സമീപ ഡിപ്പാർട്ടുമെന്റൽ യൂണിറ്റുകളിൽ സ്വീകരിച്ച് തൊഴിലാളികൾക്ക് കൂലിയും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതാണ് പദ്ധതി. ഗ്രാമ വ്യവസായ മേഖലയിൽ നടപ്പിലാക്കുന്ന പദ്ധതികൾക്കായി ബാങ്കുകൾ വഴി വായ്പയും ഖാദി ബോർഡിൽ നിന്നും 25% മുതൽ 40% വരെ മാർജിൻമണി ഗ്രാന്റും നൽകുന്നുണ്ട്.

(സി) ഖാദി ഗ്രാമം പദ്ധതിയിലൂടെ ഒരു വർഷം 1000 പേർക്കും എന്റെ ഗ്രാമം പദ്ധതിയിൽ 1000 പേർക്കും തൊഴിൽ നൽകാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി പ്രകാരം സംരംഭകർക്ക് ഇ.ഡി.പി. (എന്റർപ്രണർ ഡെവലപ്മെന്റ് പ്രോഗ്രാം) ട്രെയിനിംഗ് നൽകുന്നുണ്ട്. കൂടാതെ ഖാദി ഗ്രാമ വ്യവസായ യൂണിറ്റുകളുടെ ഉൽപ്പന്നങ്ങൾ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന് കീഴിലുള്ള വിൽപ്പനശാലകൾ മുഖേന വിൽപ്പന നടത്തുന്നതിനുള്ള സാഹചര്യം നിലവിലുണ്ട്. ഖാദി നൂൽ നൂൽപ്പിലും നെയ്ത്ത് തൊഴിലിലും സ്റ്റൈപ്പന്റോടുകൂടിയുള്ള പരിശീലനവും നൽകിവരുന്നുണ്ട്.

**ഖാദി ഭവൻ**

130 (3305) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി വസ്ത്രനിർമ്മാണ മേഖലയിൽ പ്രവർത്തിക്കുന്ന കൊറ്റനാട് ഖാദിഭവനിൽ ഇപ്പോൾ എത്ര ജീവനക്കാരാണ് ഉള്ളത്;

(ബി) പരമ്പരാഗത വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കൊറ്റനാട് ഖാദി ഭവനിൽ കൂടുതൽ ജീവനക്കാരെ നിയോഗിക്കുന്നതിനും ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

<u>ഉത്തരം</u>

(എ) കൊറ്റനാട് ഖാദി യൂണിറ്റിൽ നിലവിൽ 10 നൂൽപ് തൊഴിലാളികളും 2 നെയ്ത്ത് തൊഴിലാളികളുമാണുള്ളത്.

(ബി) കൊറ്റനാട് ഖാദി യൂണിറ്റിൽ ഖാദി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി 5 പേർക്ക് നെയ്ത്ത് പരിശീലനവും 30 പേർക്ക് നൂൽപിൽ പരിശീലനവും നൽകി. നിലവിലുള്ള സ്ഥാപിതശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിന് കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് ലക്ഷ്യമിടുന്നു.

**ഖാദി യൂണിറ്റുകൾ**

131 (3306) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ ഖാദി ബോർഡിന്റെ ഉടമസ്ഥതയിലും നെയ്ത്ത് സംഘത്തിന്റെ ഉടമസ്ഥതയിലുമായി എത്ര യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്; ഇത് എവിടെയെല്ലാമാണ് പ്രവർത്തിക്കുന്നത്; വിശദമാക്കുമോ;

(ബി) ഈ യൂണിറ്റുകളുടെ/സ്ഥാപനങ്ങളുടെ സ്ഥിതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ കീഴിൽ രണ്ട് ഖാദി ഉൽപ്പാദന കേന്ദ്രങ്ങളും ഒരു പോട്ടറി ട്രെയിനിംഗ് സെന്ററും പ്രവർത്തിക്കുന്നുണ്ട്. ഖാദി ഉൽപ്പാദന കേന്ദ്രങ്ങൾ മൂടാടിയിലും മുചുകുന്നിലുമാണ് പ്രവർത്തിക്കുന്നത്. പോട്ടറി ട്രെയിനിംഗ് സെന്റർ പ്രവർത്തിക്കുന്നത് മുചുകുന്നിലുമാണ്.

കൊയിലാണ്ടി താലൂക്കിൽ താഴെ പറയുന്ന 9 പ്രാഥമിക കൈത്തറി സംഘങ്ങളും ഒരു പവർലൂം സംഘവും പ്രവർത്തിക്കുന്നുണ്ട്.

| | |
|---|---|
| 1 | പന്തലായനി വീവേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി |
| 2 | നടുവണ്ണൂർ ഹാന്റ്ലൂം വീവേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി |
| 3 | പയ്യോർമല ഹാന്റ്ലൂം വീവേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി |
| 4 | ചെറുവണ്ണൂർ വീവേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി |
| 5 | മാണിക്കോത്ത് വീവേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി |
| 6 | മഹാത്മാഗാന്ധി വീവേഴ്സ് ഇൻഡസ്ട്രിയൽ എസ്.സി./എസ്.ടി. കോ-ഓപറേറ്റീവ് സൊസൈറ്റി |
| 7 | കൂത്താളി ഹാന്റ്ലൂം വീവേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി |
| 8 | ബാലുശ്ശേരി വീവേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി |
| 9 | കീഴരിയൂർ വീവേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി |

(ബി) ഉണ്ട്. കേരള ഖാദി ഗ്രാമവ്യവസായ ബോർഡിന് കീഴിലുള്ള മൂടാടി ഉൽപ്പാദന കേന്ദ്രത്തിൽ നൂൽപ്പിലും നെയ്ത്തിലുമായി 17 തൊഴിലാളികൾ ഇപ്പോൾ ജോലി ചെയ്യുന്നുണ്ട്. സ്വന്തമായുള്ള ഒരു കെട്ടിടത്തിൽ ഒരു വിൽപ്പന കേന്ദ്രവും (ഗ്രാമ സൗഭാഗ്യ) നടക്കുന്നുണ്ട്. മുചുകുന്ന് ഖാദി ഉൽപ്പാദന കേന്ദ്രത്തിൽ നൂൽപ്പിലും നെയ്ത്തിലുമായി ഇപ്പോൾ 30 തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്. കൂടാതെ മുചുകുന്നിൽ ഒരു റീജിയണൽ പോട്ടറി ട്രെയിനിംഗ് സെന്റർ പ്രവർത്തിക്കുന്നുണ്ട്. ഇവിടെ മൺപാത്ര വ്യവസായവുമായി ബന്ധപ്പെട്ട് കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നു. മൂന്ന് തൊഴിലാളികൾ ഇവിടെ ജോലി ചെയ്തു വരുന്നു.

പ്രാഥമിക കൈത്തറി സംഘങ്ങളിൽ മഹാത്മാഗാന്ധി കൈത്തറി സംഘം ഒഴികെ മറ്റുള്ളവ മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്നുണ്ട്.

**സ്റ്റേഡിയം**

132 (3307) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും കുറഞ്ഞത് ഒരു സ്റ്റേഡിയവും ഒരു ഇൻഡോർ സ്റ്റേഡിയവും നിർമ്മിക്കുന്നതിനായി ഒരു പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ തയ്യാറാകുമോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഇതിനായി ജനപ്രതിനിധികളുടെ യോഗം വിളിച്ചുചേർക്കുമോ?

<u>ഉത്തരം</u>

(എ & ബി) 8-7-2016-ന് ബഹു. ധനകാര്യ വകുപ്പുമന്ത്രി പുതുക്കിയ ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് നടത്തിയ ബഡ്ജറ്റ് പ്രസംഗത്തിൽ എല്ലാ പഞ്ചായത്തിലും ഒരു കളിക്കളം തയ്യാറാക്കുന്നതിനുള്ള വിശദമായ ഡി.പി.ആർ. സ്പോർട്സ് വകുപ്പ് തയ്യാറാക്കി ഘട്ടംഘട്ടമായി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. ടി പദ്ധതിയുടെ തുടക്കമെന്ന നിലയിൽ 25 കേന്ദ്രങ്ങളിൽ മിനി സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിന് 135 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽ നീക്കിവയ്ക്കുകയും ഇവയിൽ 18 പ്രോജക്ടുകൾക്ക് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ടി പ്രോജക്ടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. 14 ജില്ലകളിലും ഓരോ മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിനായി 500 കോടി രൂപ നീക്കി വച്ചിട്ടുണ്ട്. ഇതിൽ 7 സ്റ്റേഡിയങ്ങൾക്ക് ഭരണാനുമതി ലഭിക്കുകയും 4 പ്രോജക്ടുകളുടെ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(സി) 2016-17-ലെ പുതുക്കിയ ബഡ്ജറ്റിൽ കേരളത്തിലെ സ്പോർട്സ് അടിസ്ഥാന സൗകര്യ വികസനത്തിന് എല്ലാ പഞ്ചായത്തിലും ഒരു കളിസ്ഥലം നിർമ്മിക്കുന്നതിന്റെ ഭാഗമായി പ്രഖ്യാപിച്ച കളിസ്ഥലങ്ങളുടെ ഒരു രൂപരേഖ തയ്യാറാക്കുന്നതിന്റെ ആദ്യപടിയായി 25 ഗ്രാമ പഞ്ചായത്ത് പ്രതിനിധികളുടെയും ജനപ്രതിനിധികളുടെയും ഒരു യോഗം 2016 ഡിസംബർ 14-ാം തീയതി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ വിളിച്ചു ചേർത്തിട്ടുണ്ട്.

**സംസ്ഥാന സ്പോർട്സ് കൗൺസിൽ**

133 (3308) <u>ശ്രീ. എ. പ്രദീപ്കുമാർ</u> :
<u>ശ്രീ. എസ്. ശർമ്മ</u> :
<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> :
<u>ശ്രീമതി വീണാ ജോർജ്ജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ടോ; ഇതിന്റെ പ്രധാന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) കായിക താരങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് സ്പോർട്സ് കൗൺസിലിന്റെ പ്രവർത്തനങ്ങൾ എത്രത്തോളം പ്രാപ്തമാകുന്നുവെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) ഇതിന് അനുയോജ്യമായ രീതിയിൽ സ്പോർട്സ് കൗൺസിലിന്റെ പ്രവർത്തനം ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(ഡി) സ്പോർട്സ് ഹോസ്റ്റലുകളിലെ കായിക താരങ്ങളുടെ കഴിവ് മെച്ചപ്പെടുത്തുന്നതിനായി സ്പോർട്സ് ഹോസ്റ്റലുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ പ്രധാന പ്രവർത്തനങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) പരിശോധിച്ചിട്ടുണ്ട്.

(സി) നടപടി സ്വീകരിച്ചുവരുന്നു.

(ഡി) നടപടി സ്വീകരിച്ചുവരുന്നു. സ്പോർട്സ് ഹോസ്റ്റലുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ വൈസ് പ്രസിഡന്റ് ശ്രീമതി മേഴ്സിക്കുട്ടൻ, അഡ്മിനിസ്ട്രേറ്റീവ് ബോർഡ് അംഗങ്ങളായ ശ്രീ. എം. ആർ. രഞ്ജിത്ത്, ശ്രീ. ജോർജ്ജ് തോമസ് എന്നിവർ ഉൾപ്പെട്ട ഒരു മൂന്നംഗ സമിതിയെ പോരായ്മകൾ സംബന്ധിച്ച് പഠിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ കേരള സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റീവ് ബോർഡ് ചുമതലപ്പെടുത്തുകയും ടി സമിതി ഹോസ്റ്റലുകൾ നേരിട്ട് സന്ദർശിച്ച് കായിക താരങ്ങളുടെ പ്രകടനം, സ്ഥാപനങ്ങളിൽനിന്നുള്ള പിൻതുണ, ഭക്ഷണം, താമസസൗകര്യം, കളിയ്ക്കുന്നതിന്/ പഠിയ്ക്കുന്നതിനുള്ള സൗകര്യങ്ങൾ, മറ്റ് സാഹചര്യങ്ങൾ എന്നിവ പ്രത്യേകം പ്രത്യേകം പരിഗണിച്ച് ഹോസ്റ്റലുകളെ 'എ' 'ബി' 'സി' 'ഡി' എന്നീ കാറ്റഗറികളായി തരംതിരിച്ച് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളതുമാണ്. എല്ലാ ജില്ലാ സ്പോർട്സ് കൗൺസിൽ സെക്രട്ടറിമാരും ജില്ലാ സ്പോർട്സ് ഓഫീസർമാരോട് ഹോസ്റ്റൽ പരിശോധിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഹോസ്റ്റലുകളിലെ ബോർഡിംഗ്/ ലോഡ്ജിംഗ് ബില്ലുകൾ പരിശോധിച്ച് കൗണ്ടർസൈൻ ചെയ്ത് സംസ്ഥാന സ്പോർട്സ് കൗൺസിലിൽ ലഭ്യമാക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ ടെക്നിക്കൽ ഓഫീസർക്കും ഹോസ്റ്റൽ പരിശോധിക്കുവാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## സ്പോർട്സ് കൗൺസിൽ നടത്തിയ വികസന പ്രവർത്തനങ്ങൾ

134 (3309) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പോർട്സ് കൗൺസിൽ ഏറ്റെടുത്തതിനുശേഷം കൊയിലാണ്ടി സ്റ്റേഡിയത്തിൽ നാളിതുവരെ നടത്തിയ വികസന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) കൊയിലാണ്ടി സ്റ്റേഡിയത്തിൽ നിന്നും അവിടെയുള്ള കടമുറികളിൽ നിന്നുമായി സ്പോർട്സ് കൗൺസിലിന് കഴിഞ്ഞ പത്ത് വർഷത്തിൽ വാടകയിനത്തിലും മറ്റുമായി ലഭിച്ച വരുമാനമെത്ര; വർഷം തിരിച്ച് വിശദമാക്കാമോ;

(സി) പ്രസ്തുത വരുമാനത്തിൽനിന്ന് സ്പോർട്സ് കൗൺസിൽ കൊയിലാണ്ടി സ്റ്റേഡിയത്തിന്റെ വികസനത്തിനായി കഴിഞ്ഞ പത്ത് വർഷക്കാലം ചെലവഴിച്ച തുക എത്ര; വർഷം തിരിച്ച് വിശദമാക്കാമോ?

ഉത്തരം

(എ) കൊയിലാണ്ടി സ്റ്റേഡിയം കോഴിക്കോട് ജില്ലാ സ്പോർട്സ് കൗൺസിലിന്റെ ഉടമസ്ഥതയിലാണ്. പ്രസ്തുത സ്റ്റേഡിയത്തിന്റെ ഗ്രൗണ്ട് മണ്ണിട്ടു ലെവൽ ചെയ്ത് ചുറ്റുമതിലുകൾ കെട്ടി ഗെയിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. സ്റ്റേഡിയത്തിന്റെ ഉടമസ്ഥതയിലുള്ള 20 കടമുറികൾ കൊയിലാണ്ടി മുനിസിപ്പാലിറ്റിക്ക് റീഹാബിലിറ്റേഷനുവേണ്ടി കൺസഷൻ നിരക്കിൽ നൽകിയിട്ടുണ്ട്. ഗ്രൗണ്ടിന്റെ നവീകരണ, അറ്റകുറ്റ പ്രവൃത്തികൾ 2017 ജൂൺ മാസത്തോടുകൂടി പൂർത്തീകരിക്കുന്നതാണ്.

(ബി)

| ക്രമ നമ്പർ | വർഷം | ലൈസൻസ് ഫീ | ഗ്രൗണ്ട് വാടക |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | 2007-08 | 22,31,275 | -- |
| 2 | 2008-09 | 16,33,277 | 20,000 |
| 3 | 2009-10 | 12,35,828 | 20,000 |

| 1 | 2 | 3 | 4 |
|---|---|---|---|
| 4 | 2010-11 | 15,12,774 | 14,000 |
| 5 | 2011-12 | 18,61,756 | 24,500 |
| 6 | 2012-13 | 17,31,688 | 11,000 |
| 7 | 2013-14 | 19,69,624 | 1,60,000 |
| 8 | 2014-15 | 20,11,891 | 14,500 |
| 9 | 2015-16 | 19,52,158 | 22,000 |
| 10 | 2016-17 | 21,15,922 | 1,000 |
| ആകെ തുക | | 1,82,54,193 | 2,87,000 |

(സി)

| ക്രമ നമ്പർ | വർഷം | കറണ്ട് ചാർജ്ജ്, സെക്യൂരിറ്റി, ബിൽഡിംഗ് ടാക്സ്, റവന്യൂ ടാക്സ് തുടങ്ങിയ മൊത്തം ചെലവ് | അറ്റകുറ്റപ്പണികൾ | മൊത്തം ചെലവ് |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1 | 2006-07 | 1,83,500 | 3,70,476 | 5,53,976 |
| 2 | 2007-08 | 1,86,000 | 8,52,130 | 10,38,130 |
| 3 | 2008-09 | 36,83,000 | 3,59,753 | 40,42,753 |
| 4 | 2009-10 | 5,98,500 | 7,72,505 | 13,71,005 |
| 5 | 2010-11 | 6,06,600 | 8,27,825 | 14,34,425 |
| 6 | 2011-12 | 6,14,340 | 2,79,148 | 8,93,488 |
| 7 | 2012-13 | 5,94,962 | 1,31,175 | 7,26,137 |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| 8 | 2013-14 | 6,45,920 | 81,901 | 7,27,821 |
| 9 | 2014-15 | 5,98,600 | 9,385 | 6,07,985 |
| 10 | 2015-16 | 6,09,920 | 26,577 | 6,36,497 |
| 11 | 2017 | 6,52,764 | | 6,52,764 |
| ആകെ തുക | | | | 1,26,84,981 |

**സ്പോർട്സ് സ്കൂളുകളും സ്പോർട്സ് യൂണിവേഴ്സിറ്റിയും**

135 (3310) ശ്രീ. പി. ടി. തോമസ് :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ അധീനതയിലുള്ള സ്പോർട്സ് സ്കൂളുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) എല്ലാ ജില്ലകളിലും സ്പോർട്സ് സ്കൂളുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) കൂടുതൽ മികച്ച കായിക താരങ്ങളെ വളർത്തിയെടുക്കുന്നതിനുവേണ്ടി ഒരു സ്പോർട്സ് യൂണിവേഴ്സിറ്റി ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) നിലവിൽ സർക്കാർ അധീനതയിൽ കായിക യുവജനകാര്യ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം ജില്ലയിൽ ജി. വി. രാജ സ്പോർട്സ് സ്കൂളും കണ്ണൂർ ജില്ലയിൽ കണ്ണൂർ സ്പോർട്സ് ഡിവിഷനും പ്രവർത്തിക്കുന്നുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) സംസ്ഥാനത്ത് കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ കായിക മേഖലയുടെ ഉന്നമനത്തിനായി ഒരു കായിക സർവ്വകലാശാല സ്ഥാപിക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചുവരികയാണ്.

**കായിക താരങ്ങൾക്ക് തൊഴിലവസരങ്ങൾ**

136 (3311) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക താരങ്ങൾക്ക് സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി നൽകുന്നില്ല എന്ന കായിക മേഖലയുടെ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഫുട്ബോൾ, വോളിബോൾ, ബാസ്കറ്റ് ബോൾ തുടങ്ങിയവയുടെ വളർച്ചയ്ക്ക് ഏറെ സംഭാവനകൾ നൽകിയ സംസ്ഥാന പോലീസിന്റെ കായിക വിഭാഗത്തിൽ ഇപ്പോൾ ഏറ്റവും മികച്ചവരെ ലഭിക്കാതെ പോകുന്നത് ഈ മേഖലയിലുള്ള സർക്കാരിന്റെ ഇടപെടൽ ഇല്ലാത്തതുമൂലമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) കൂടുതൽ കായിക താരങ്ങൾക്ക് സംസ്ഥാന സർവ്വീസിലോ സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളിലോ തൊഴിലവസരങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) സ്പോർട്സ് ക്വാട്ടാ നിയമന പദ്ധതിപ്രകാരം സംസ്ഥാന സർക്കാർ വകുപ്പുകളിലാണ് കായിക താരങ്ങൾക്ക് നിയമനം നൽകിവരുന്നത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ കായിക ഇനങ്ങളിൽ നിന്നും 62 കായിക താരങ്ങളെ ഹവിൽദാർമാരായി നിയമിച്ചിട്ടുണ്ട്. ഇതിനുപുറമേ 2 പേരെ ആംഡ് പോലീസ് ഇൻസ്പെക്ടറായും ഒരാളെ ആംഡ് പോലീസ് സബ് ഇൻസ്പെക്ടറായും നിയമിച്ചിട്ടുണ്ട്.

(സി) സ്പോർട്സ് ക്വാട്ടാ നിയമന പദ്ധതി പ്രകാരം നിയമനം നൽകുന്നതിന് പ്രതിവർഷം 50 ഒഴിവുകൾ വീതം നീക്കിവച്ചിട്ടുണ്ട്.

**സ്പോർട്സ് വ്യാപനത്തിന് നടപടി**

137 (3312) <u>ശ്രീ. കെ. സി. ജോസഫ്</u> :
<u>ശ്രീ. ഹൈബി ഈഡൻ</u> :
<u>ശ്രീ. സണ്ണി ജോസഫ്</u> :
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപ്രദേശങ്ങളിൽ സ്പോർട്സ് വ്യാപനത്തിന് എന്തെല്ലാം നടപടികളാണ് സർക്കാർ കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പദ്ധതിയനുസരിച്ച് ഗ്രാമങ്ങളിൽ സ്പോർട്സ് വ്യാപനത്തിനും അതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിവരിക്കുമോ?

ഉത്തരം

(എ) ഗ്രാമപഞ്ചായത്തുകളിൽ ഒരു കളിസ്ഥലം നിർമ്മിക്കുന്ന പദ്ധതി 2016-17 ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഗ്രാമപ്രദേശങ്ങളിലെ സ്കൂളുകൾ, ക്ലബ്ബുകൾ എന്നിവ കേന്ദ്രീകരിച്ച് ഡേ ബോർഡിംഗ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. ഇതിൽ ഓരോ സെന്ററുകളിലും പരിശീലനം നേടുന്ന 40 കായിക താരങ്ങൾക്ക് ലഘുഭക്ഷണത്തിനായി ദിനംപ്രതി 25 രൂപാ നിരക്കിൽ തുക അനുവദിക്കുന്നുണ്ട്. ഗ്രാമങ്ങളിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ 11 റൂറൽ കോച്ചിംഗ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. പ്രസ്തുത സെന്ററുകളിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ ട്രെയിനർമാർ പരിശീലനവും നൽകിവരുന്നു.

പൈക്ക (ഇപ്പോൾ ഖേലോ ഇന്ത്യ)യുടെ ഭാഗമായി കേന്ദ്രധന സഹായത്തോടുകൂടി പഞ്ചായത്തുകളിൽ കളിസ്ഥലങ്ങളും നിർമ്മിച്ചിട്ടുണ്ട്.

(ബി & സി) ഗ്രാമപ്രദേശങ്ങളിൽ സ്പോർട്സ് വ്യാപനത്തിനുവേണ്ടി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി 2016-17-ലെ പുതുക്കിയ ബഡ്ജറ്റിൽ ഒരു പഞ്ചായത്തിൽ ഒരു കളിക്കളം എന്ന പദ്ധതി പ്രകാരം 135 കോടി രൂപ ചെലവിൽ 25 സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിന് തീരുമാനിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ 13-2-2017-ലെ ഗവൺമെന്റ് ഉത്തരവ് നമ്പർ 33/17/കാ.യു.വ. പ്രകാരം താഴെ പറയുന്ന 18 സ്റ്റേഡിയങ്ങളുടെ നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്:

1. വോളിബോൾ അക്കാദമി, നടുവണ്ണൂർ
2. പാലക്കാട് ഇൻഡോർ സ്റ്റേഡിയം
3. ചിറ്റൂർ ഗവ. കോളേജ് സ്പോർട്സ് കോംപ്ലക്സ്
4. തിരുമിറ്റക്കോട് ചാത്തന്നൂർ എച്ച്.എസ്.എസ്.
5. പ്രീതികുളങ്ങര സ്കൂൾ സ്റ്റേഡിയം
6. ആലപ്പുഴ ഇ.എം.എസ്. സ്റ്റേഡിയം

7. അയ്യനം പഞ്ചായത്ത് സ്റ്റേഡിയം

8. ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയം

9. കണ്ണൂർ ജവഹർ സ്റ്റേഡിയം

10. അടൂർ മുനിസിപ്പൽ സ്റ്റേഡിയം

11. വയനാട് ജില്ലാ സ്റ്റേഡിയം

12. നീലേശ്വരം ഇ.എം.എസ്. സ്റ്റേഡിയം

13. ധർമ്മടം അബു ചാത്തുക്കുട്ടി സ്റ്റേഡിയം

14. കുത്തുപറമ്പ് മുനിസിപ്പൽ സ്റ്റേഡിയം

15. എടപ്പാൾ ഗവ.എച്ച്.എസ്.എസ്.

16. നിലമ്പൂർ മിനി സ്റ്റേഡിയം

17. ചാലക്കുടി മുനിസിപ്പൽ സ്റ്റേഡിയം

18. നെടുങ്കണ്ടം സ്റ്റേഡിയം

സ്റ്റേഡിയം നിർമ്മാണം സംബന്ധിച്ച തുടർനടപടികൾ സ്വീകരിച്ച വരുന്നു.

**അണ്ടർ 17 ലോകകപ്പ് ഫുട്ബോൾ മത്സരങ്ങൾ**

138 (3313) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അണ്ടർ 17 ലോകകപ്പ് ഫുട്ബോൾ മത്സരങ്ങൾ നടത്തുന്നതിലേയ്ക്ക് കൊച്ചിയിലെ കലൂർ സ്റ്റേഡിയത്തിലെ ഒരുക്കങ്ങളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(ബി) ഈ ഒരുക്കങ്ങൾക്ക് കാലതാമസം ഉണ്ടായിട്ടുണ്ടോ; എങ്കിൽ അത് എന്തുകൊണ്ടാണെന്ന് അറിയിക്കുമോ;

(സി) ഈ ഒരുക്കങ്ങൾ അടിയന്തരമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) എന്നത്തേയ്ക്ക് ഈ നടപടികൾ പൂർത്തീകരിക്കുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) അഗ്നിശമന സംവിധാനം, കസേരകൾ സ്ഥാപിക്കൽ, കോമ്പറ്റീഷൻ ഏരിയ സജ്ജമാക്കൽ എന്നീ പ്രവൃത്തികളാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. ആയവ മേയ് 15-ന് മുൻപ് തന്നെ പൂർത്തിയാകും.

(ബി-ഡി) ടെണ്ടർ നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതുമൂലമുള്ള സ്വാഭാവികമായ കാലതാമസം ഉണ്ടായിട്ടുണ്ട്. മേയ് 15-നകം പൂർത്തീകരിക്കത്തക്ക വിധത്തിൽ നടപടികൾ അന്തിമ ഘട്ടത്തിലാണ്.

**യുവജനക്ഷേമ ബോർഡിന്റെ പദ്ധതികൾ**

139 (3314) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് ഈ സാമ്പത്തിക വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്ത് സ്പോർട്സ് ഹോസ്റ്റലുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഇതിനായി കണ്ടെത്തിയിട്ടുള്ള സ്ഥലത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് ഈ സാമ്പത്തിക വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

I.കേരളോത്സവം

II. വജ്ര യുവത്വം :

1. സംരംഭകത്വ വികസന പരിപാടി :

കൃഷിയും അനുബന്ധ പ്രവർത്തനങ്ങളും, ഭക്ഷ്യ സംസ്കരണം, മൃഗസംരക്ഷണം. (ക്ഷീരോൽപ്പാദനം, പൗൾട്രി ഫാം തുടങ്ങിവ), റീട്ടെയിൽ/മൊത്ത വ്യാപാരം, വ്യവസായ-ഉൽപ്പാദന-ഐ.ടി. എന്നീ മേഖലകളിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പരിശീലനവും സഹായവും നൽകുന്നതിനാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്.

നവസംരംഭകർക്കുള്ള വർക്ക്ഷോപ്പ്, ജില്ലാ യുവജനകേന്ദ്രങ്ങൾമുഖേന നടപ്പാക്കുന്ന പ്രോജക്ടുകൾ, യൂത്ത് ക്ലബ്ബുകൾക്ക് വിവിധ പദ്ധതികൾക്കായുള്ള ധനസഹായം എന്നിവ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

2. യുവസാഹിത്യ ക്യാമ്പ് :

സാഹിത്യ അഭിരുചിയുള്ള യുവജനങ്ങൾക്ക് വിദഗ്ദ്ധ പരിശീലനം നൽകി പരിപോഷിപ്പിക്കുക എന്ന ലക്ഷ്യത്തോടെ യുവ സാഹിത്യക്യാമ്പ് സംഘടിപ്പിക്കുന്നു.

3. യൂത്ത് അവാർഡ് :

ജീവിതത്തിന്റെ വിവിധ മേഖലകളിൽ സ്തുത്യർഹവും പ്രശംസനീയവുമായ പ്രകടനം കാഴ്ചവച്ച യുവജനങ്ങളെ സ്വാമി വിവേകാനന്ദൻ യുവപ്രതിഭാ പുരസ്കാരം നൽകി അംഗീകരിക്കുന്നു. സാമൂഹ്യ പ്രവർത്തനം, മാധ്യമ പ്രവർത്തനം, കല, സാഹിത്യം, ഫൈൻ ആർട്സ്, കായികം, ശാസ്ത്രം, സംരംഭകത്വം, കൃഷി, മികച്ച യൂത്ത് ക്ലബ്ബ് എന്നീ മേഖലകളിൽ പുരസ്കാരം ജില്ലാതലങ്ങളിൽ ഏർപ്പെടുത്തുന്നു.

4. യൂത്ത് കേരള എക്സ്പ്രസ്സ് (YKE2016):

യൂത്ത് ക്ലബ്ബിന്റെ പ്രവർത്തനങ്ങളിലെ വൈവിദ്ധ്യങ്ങളെ കേരളീയ സമൂഹത്തിനാകെ പരിചയപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെയുള്ള ടെലിവിഷൻ ഷോയാണ് യൂത്ത് കേരള എക്സ്പ്രസ്സ്. ഇത് സി-ഡിറ്റിന്റെ സഹായത്തോടെ നടത്താനുദ്ദേശിക്കുന്നു.

5. മാലിന്യത്തിൽ നിന്ന് പച്ചപ്പിലേയ്ക്ക് (ഗാർബേജ് ടു ഗ്രീൻ ചലഞ്ച്)

പ്രാദേശികമായ പ്രത്യേകതകളിൽ പ്രവർത്തിക്കുന്ന യൂത്ത് ക്ലബ്ബുകളെ തങ്ങളുടെ ചുറ്റുപാടിനെ മാലിന്യ വിമുക്തമാക്കാനും സൗന്ദര്യവൽക്കരിച്ച് ഹരിതാഭമാക്കാനും പ്രചോദിപ്പിക്കുന്ന ഒരു മത്സരാധിഷ്ഠിത പദ്ധതിയാണ് ഇത്.

6. യുവ കായിക വികസന പദ്ധതി

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിൽ അഫിലിയേറ്റ് ചെയ്ത് പ്രവർത്തിക്കുന്ന ക്ലബ്ബുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി അവയ്ക്ക് ആവശ്യമായ കായിക ഉപകരണങ്ങൾ വാങ്ങി നൽകുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം.

7. ജീവരക്ഷ-ആരോഗ്യരക്ഷ

വർദ്ധിച്ചുവരുന്ന ജീവിതശൈലീ രോഗങ്ങളിൽ നിന്ന് മുക്തിയും ആധുനിക സാങ്കേതികവിദ്യയുടെ അമിത ഉപയോഗം യുവാക്കളിൽ സൃഷ്ടിക്കുന്ന വിവിധങ്ങളായ മാനസിക ആരോഗ്യ പ്രശ്നങ്ങൾ ലഘൂകരിക്കുന്ന പ്രവർത്തനങ്ങളും അടങ്ങുന്നതാണ് ഈ പദ്ധതി.

8. <u>പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ</u> : (യുവജന പഠന കേന്ദ്രങ്ങളെ തെരഞ്ഞെടുക്കൽ)

കേരളത്തിലെ യുവജനങ്ങൾക്ക് സർക്കാർ ഉദ്യോഗം ലഭിക്കുന്നതിന് അവരെ പ്രാപ്തരാക്കുന്നതിനായി എല്ലാ ജില്ലകളിലും പ്രീ-എക്സാമിനേഷൻ പി.എസ്.സി. പരിശീലന കേന്ദ്രങ്ങൾ അടിസ്ഥാന സൗകര്യങ്ങൾ ഉള്ള യൂത്ത് ക്ലബ്ബുകൾ മുഖേന ആരംഭിക്കുവാൻ തീരുമാനിച്ചു.

9. <u>ഷോർട്ട് ഫിലിം ഫെസ്റ്റിവൽ</u> :

യുവജനങ്ങളുടെ സർഗ്ഗാത്മകതയെ പ്രോത്സാഹിപ്പിക്കുന്നതിനായി യുവജനക്ഷേമ ബോർഡ് ഷോർട്ട് ഫിലിം ഫെസ്റ്റിവൽ സംഘടിപ്പിക്കുന്നതാണ്.

10. യുവജനങ്ങൾക്ക് നീന്തൽ പരിശീലനം നൽകൽ.

III. യുവശക്തി :

1. <u>യൂത്ത് സെന്ററുകളും യൂത്ത് കോ-ഓർഡിനേഷൻ കമ്മിറ്റി ശാക്തീകരണവും:</u>

യുവജന വികസനത്തിനായി സർക്കാർ/സർക്കാരേതര സ്ഥാപനങ്ങൾ ആവിഷ്കരിക്കുന്ന പദ്ധതികളും തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രാദേശിക തലത്തിൽ സംഘടിപ്പിക്കുന്ന പദ്ധതികളും ഏകോപിപ്പിക്കുന്നതിനും അവയ്ക്കുവേണ്ട വിഭവങ്ങൾ പ്രദാനം ചെയ്യുന്നതിനും സംസ്ഥാനത്തെ യൂത്ത് ക്ലബ്ബുകൾ, സർക്കാരേതര സംഘടനകൾ എന്നിവയുമായി ബന്ധപ്പെട്ട് പദ്ധതികൾ നടപ്പിലാക്കുന്നതിനും ഒരു വിഭവവിവര-വിനിമയ കേന്ദ്രമായി യുവജനക്ഷേമ ബോർഡ് ആസ്ഥാനത്തെ സജ്ജമാക്കുന്നതാണ്.

യുവജനങ്ങൾക്ക് നാടൻ കലകളിൽ പരിശീലനം, ആയോധനത്തിലൂടെ ആത്മരക്ഷ, വെബ്സൈറ്റ് നവീകരണം, ഓൺലൈൻ അഫിലിയേഷൻ, ഗോത്രവർഗ്ഗ യുവജന വികസനം-അട്ടപ്പാടി സ്പെഷ്യൽ പ്രോജക്ട്-യൂത്ത് റിസോഴ്സ് സെന്റർ തുടങ്ങിയ പദ്ധതികളും സംഘടിപ്പിക്കുന്നതാണ്.

IV. മറ്റ് യുവജന വികസന പദ്ധതികൾ:

ജലസംരക്ഷണം, ദേശീയ അന്തർദേശീയ യുവജനദിനാഘോഷങ്ങൾ, മലയാള ഭാഷാപോഷണം. ബോർഡിന്റെ പ്രവർത്തനങ്ങൾ പൊതുജനങ്ങളിൽ എത്തിക്കുന്നതിനുള്ള പൊതുജന സമ്പർക്കപരിപാടി, നാഷണൽ ഫോക് ഫെസ്റ്റ് ഓഫ് കേരള എന്ന പദ്ധതിയിലൂടെ ദേശീയോദ്ഗ്രഥനം, സാഹസിക ടൂറിസം പദ്ധതികൾ എന്നിവ സംഘടിപ്പിക്കുന്നതാണ്.

V നിർമ്മാണ പ്രവർത്തനങ്ങൾ :

നാഷണൽ അഡ്വഞ്ചർ അക്കാഡമി-ദേവികുളം, ബോർഡ് ആസ്ഥാന മന്ദിരം എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ ഉദ്ദേശിക്കുന്നു.

(ബി) പുതുതായി സ്പോർട്സ് ഹോസ്റ്റലുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് ഇതുവരെ തീരുമാനം ഒന്നും കൈക്കൊണ്ടിട്ടില്ല.

നിലവിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ നിയന്ത്രണത്തിൻ കീഴിൽ വിവിധ ജില്ലകളിലായി 24 സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റലുകളും 24 സ്കൂൾ സ്പോർട്സ് ഹോസ്റ്റലുകളും 52 കോളേജ് സ്പോർട്സ് ഹോസ്റ്റലുകളും പ്രവർത്തിച്ചുവരുന്നു.

**യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾ**

140 (3315) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) യുവജനക്ഷേമ ബോർഡിൻെറ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാന യുവജന നയത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ യുവജനങ്ങളുടെ സമഗ്രമായ വികസനത്തിനും ക്ഷേമത്തിനും സഹായകരമാകുന്ന പദ്ധതികൾക്ക് രൂപം നൽകി നടപ്പിലാക്കുക എന്നതാണ് കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ചുമതല. ഈ ലക്ഷ്യം മുൻനിർത്തി 2017-18 സാമ്പത്തിക വർഷം ചുവടെ ചേർക്കുന്ന പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണ്.

കേരളോത്സവം, ഗോത്രായനം, ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ, ദേശീയോദ്ഗ്രഥന ക്യാമ്പ്, ജോബ് ഫെസ്റ്റ്, അക്ഷര യുവത്വം, യുവ മാധ്യമപ്രവർത്തക ക്യാമ്പ്, ഇന്റർനാഷണൽ യൂത്ത് എക്സ്ചേഞ്ച് പ്രോഗ്രാം, ചലച്ചിത്ര ക്യാമ്പ്, യൂത്ത് എക്സിബിഷൻ, സാഹസിക പ്രവർത്തനങ്ങൾ, വനിതാ ശിൽപ്പശാല, ഡി.ടി.പി./പി.എസ്.സി. ഓൺലൈൻ പരിശീലനം, പരിസ്ഥിതി ദിനാചരണം, പേപ്പർബാഗ് നിർമ്മാണം, മഴക്കാല ബോധവൽക്കരണം, നാടിക,

യുവജനദിനാചരണം, സംരംഭകത്വ പരിശീലനം, സാഹസിക ഫോട്ടോഗ്രാഫി അവാർഡ്, യൂത്ത് അവാർഡ്, സ്ത്രീ സുരക്ഷാ പരിശീലനം, നാടൻ കലാമേള, കളരിപ്പയറ്റ് പഠനം, സ്വയംതൊഴിൽ ബോധവൽക്കരണ ക്യാമ്പയിനുകൾ, ക്യാമ്പസ് ലീഡേഴ്സ് ക്യാമ്പ്, പ്രീ-ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം, വ്യക്തിത്വ വികസന പരിശീലന ക്യാമ്പ്, ഇശൽ പെരുമ, ഗോത്രവർഗ്ഗ യുവതികൾക്കായുള്ള ശിൽപ്പശാല, സിവിൽ സർവ്വീസ് ഓറിയന്റേഷൻ പ്രോഗ്രാം, ചിത്രസൂത്ര, യൂത്ത് ലീഡർഷിപ്പ് ക്യാമ്പ്, സകർമ്മ, സ്പോർട്സ് കിറ്റ് വിതരണം, ജീവദായനി (രക്തദാന പദ്ധതി).

(ബി) യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു.

1. ബോർഡിന്റെ കീഴിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള യൂത്ത് ക്ലബ്ബുകളെ ശാക്തീകരിക്കുകയും ബോർഡിന്റെ പ്രവർത്തനങ്ങളിൽ അവരുടെ പങ്കാളിത്തം ഉറപ്പുവരുത്തുകയും ചെയ്യുക.

2. പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ യൂത്ത് ക്ലബ്ബുകളെ ഗ്രേഡ് ചെയ്യുകയും പുതിയ യൂത്ത് ക്ലബ്ബുകളെ ബോർഡിലേയ്ക്ക് അഫിലിയേറ്റ് ചെയ്യുന്നതിനുമുള്ള നടപടി സ്വീകരിക്കുക.

3. കേരളോത്സവം പോലുള്ള ബോർഡിന്റെ പ്രധാന പരിപാടികളിൽ യൂത്ത് ക്ലബ്ബുകളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി പുതിയ പദ്ധതികൾ ആവിഷ്കരിക്കുക.

4. യുവജനങ്ങളുടെ ശാരീരികവും മാനസികവുമായ വികസനത്തിന് ഊന്നൽ നൽകിക്കൊണ്ട് തദ്ദേശഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് ഗ്രാമപ്രദേശങ്ങളിൽ പുതിയ പദ്ധതികൾക്ക് രൂപം നൽകുക.

5. മാലിന്യ വിമുക്ത കേരളം എന്ന ആശയത്തിന് അധിഷ്ഠിതമായി സർക്കാരിന്റെ വിവിധ ഏജൻസികളുമായി സഹകരിച്ച് മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് വൈവിദ്ധ്യമാർന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

6. ഹരിത കേരളത്തിന് മുൻതൂക്കം നൽകി കോർപ്പറേഷനുകളിലെയും മിനിസിപ്പാലിറ്റികളിലെയും പഞ്ചായത്തുകളിലെയും യൂത്ത് ക്ലബ്ബുകളെ പങ്കെടുപ്പിച്ചുകൊണ്ട് ജൈവ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക.

7. യുവാക്കളെ തൊഴിലന്വേഷകർ എന്നതിലുപരി തൊഴിൽ ദായകരാക്കുക എന്ന ലക്ഷ്യത്തോടുകൂടി സർക്കാരിന്റെ വിവിധ ഏജൻസികളുമായി സഹകരിച്ച് സംരംഭകത്വ വികസന പദ്ധതി നടപ്പിലാക്കുക.

8. ലഹരിവിരുദ്ധ പ്രചാരണ പദ്ധതികൾ നടപ്പിലാക്കുക.

**സോളാർ എനർജിയിൽനിന്ന് വൈദ്യുതി**

141 (3316) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ ഭരണകാലത്ത് എത്ര മാത്രം അധികവൈദ്യുതി ഉല്പാദനമാണ് ലക്ഷ്യമിടുന്നത്; ഇതിനായി എന്തെല്ലാം പദ്ധതികൾക്കാണ് രൂപം നൽകിയിട്ടുള്ളത്; വിശദവിവരം നൽകുമോ;

(ബി) സോളാർ എനർജിയിൽനിന്ന് കൂടുതലായി വൈദ്യുതി ഉത്പാദിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇതിനായി എന്തെല്ലാം നടപടികളാണ് നിലവിൽ സ്വീകരിച്ചുവരുന്നത്; വിശദവിവരം നൽകുമോ?

ഉത്തരം

(എ & ബി) ഈ സർക്കാരിന്റെ ഭരണ കാലത്ത് (2016-2021) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് നടപ്പിലാക്കുന്ന ജലവൈദ്യുത പദ്ധതികൾവഴി 246 മെഗാവാട്ടിന്റെ സ്ഥാപിത ശേഷി വർദ്ധിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്.

ഇതിനായി രൂപം നൽകിയിട്ടുള്ള പദ്ധതികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു:

(1) നിർമ്മാണം നടന്നുവരുന്ന പദ്ധതികൾ

| | | |
|---|---|---|
| 1 | പെരുന്തേനരുവി | 6 MW |
| 2 | കക്കയം | 3 MW |
| 3 | പെരിങ്ങൽകുത്ത് | 24 MW |
| 4 | ഭൂതത്താൻകെട്ട് | 24 MW |
| 5 | അപ്പർ കല്ലാർ | 2 MW |
| 6 | തോട്ടിയാർ | 40 MW |
| 7 | പള്ളിവാസൽ എക്സ്റ്റൻഷൻ പദ്ധതി | 60 MW |
| 8 | ചാത്തൻകോട്ടുനട | 6 MW |
| | ആകെ | 165.00 MW |

<u>പുതിയ പദ്ധതികൾ</u>

| | | |
|---|---|---|
| 1 | പെരുവണ്ണാമൂഴി | 6 MW |
| 2 | പഴശ്ശി സാഗർ | 7.5 MW |
| 3 | ലാഡ്രം | 3.5 MW |
| 4 | ഓലിക്കൽ | 5 MW |
| 5 | പൂവാരംതോട് | 3 MW |
| 6 | മാർമല | 7 MW |
| 7 | പീച്ചാട് | 3 MW |
| 8 | മാരിപ്പുഴ | 6 MW |
| 9 | മാങ്കുളം | 40 MW |
| | ആകെ | 81 MW |

ആഭ്യന്തര പ്രകൃതി വാതകം ലഭ്യമാകുന്ന മുറയ്ക്ക് ബ്രഹ്മപുരത്ത് 400 മെഗാവാട്ടിന്റെ വാതകാധിഷ്ഠിത പദ്ധതി പരിഗണനയിലുണ്ട്. പുതിയ കൽക്കരിപ്പാടം അനുവദിച്ച് കിട്ടുകയാണെങ്കിൽ കേരളത്തിനകത്ത് കൽക്കരി നിലയം സ്ഥാപിക്കുന്നത് പരിഗണനയിലുണ്ട്. കായംകുളം താപനിലയത്തിൽ പ്രകൃതി വാതകം എത്തിക്കുന്നതിനുള്ള ഗ്യാസ് പൈപ്പ് ലൈൻ സംവിധാനം നടപ്പിലാക്കാൻ കഴിഞ്ഞാൽ ഇപ്പോഴുള്ള 360 മെഗാവാട്ട് പ്ലാന്റിൽ നിന്നും എൽ.എൻ.ജി. ഇന്ധനമായി ഉപയോഗിച്ചുകൊണ്ട് ഉൽപ്പാദനം പുനരാരംഭിക്കാൻ കഴിയുന്നതാണ്.

പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളിൽ നിന്നുള്ള ഊർജ്ജ ഉൽപ്പാദനം ലക്ഷ്യമിട്ട് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ അധീനതയിലുള്ള ഉപയോഗശൂന്യമായ സ്ഥലങ്ങളിലും കെട്ടിടങ്ങളുടെ മേൽക്കൂരകളിലുമായി ഇതുവരെയായി 10.66 മെഗാവാട്ടിന്റെ സൗരോർജ്ജ നിലയങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. 8.26 മെഗാവാട്ട് സൗരോർജ്ജ പദ്ധതികളുടെ നിർമ്മാണം നടന്നുവരുന്നു. 4.71 മെഗാവാട്ട് പദ്ധതികളുടെ ദർഘാസ് നടപടികൾ പുരോഗമിക്കുന്നു. പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

200 MW സോളാർ പാർക്ക് പദ്ധതിയുടെ ആദ്യഘട്ടമായ 50 MW-ന്റെ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. NTPC-യുടെ നിയന്ത്രണത്തിൽ കായംകുളത്ത് പ്രവർത്തിക്കുന്ന താപവൈദ്യുത നിലയത്തിന്റെ സമീപത്തായുള്ള ഭൂമിയിൽ 170-ഓളം MW സോളാർ പദ്ധതി സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യതാ പഠനം നടത്താൻ NTPC-യോട് ആവശ്യപ്പെട്ടിട്ടുണ്ട്. സർക്കാരിന്റെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും ഉടമസ്ഥതിയിലുള്ള കെട്ടിടങ്ങളിൽ അവരുടെ സഹായത്തോടുകൂടി റൂഫ് ടോപ്പ് സോളാർ പദ്ധതി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ മേൽനോട്ടത്തിൽ നടപ്പിലാക്കാൻ നടപടി എടുത്തുവരുന്നു. സ്വകാര്യ വ്യക്തികൾ സ്ഥാപിക്കുന്ന മേൽക്കൂരയിലെ സൗരോർജ്ജ നിലയങ്ങൾക്ക് ആവശ്യമായ കണക്ടിവിറ്റി സമയബന്ധിതമായി നൽകിവരുന്നു.

കാറ്റിൽ നിന്നുള്ള വൈദ്യുതോൽപ്പാദനത്തിനായി 1 MW ശേഷിയുള്ള മൈക്രോവിൻഡ് നിലയം പൂവാർ കടൽത്തീരത്ത് സ്ഥാപിക്കുന്നതിനുള്ള ദർഘാസ് നടപടികൾ പുരോഗമിക്കുന്നു. കൂടാതെ കഞ്ചിക്കോട് നിലവിലുള്ള 9 കാറ്റാടി യന്ത്രങ്ങളിൽ 5 എണ്ണം മാറ്റി പകരം ശേഷികൂടിയ 5 യന്ത്രങ്ങൾ സ്ഥാപിക്കുന്നതിനും പുതുതായി 2.5 മെഗാവാട്ട് ശേഷിയുള്ള കാറ്റാടിയന്ത്രം സ്ഥാപിക്കുന്നതിനും ദർഘാസ് ക്ഷണിക്കുന്നതിനുമുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി* ചേർത്തിരിക്കുന്നു.

അനെർട്ട് മുഖേന 2016-17 വർഷത്തെ പദ്ധതിയുടെ ഭാഗമായി 2 കിലോവാട്ട് മുതൽ 100 കിലോവാട്ട് വരെ ശേഷിയുള്ള ശൃംഖലാബന്ധിത സോളാർ പവർ പ്ലാന്റുകൾ (ആകെ ശേഷി - 5000 കിലോവാട്ട്) കേന്ദ്ര-സംസ്ഥാന സർക്കാർ സബ്സിഡിയോടെ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും സ്ഥാപിച്ചു നൽകാനും 1 കിലോവാട്ട് മുതൽ 5 കിലോവാട്ട് വരെ ശേഷിയുള്ള ഓഫ് ഗ്രിഡ് സോളാർ പവർ പ്ലാന്റുകൾ (ആകെ ശേഷി-6400 കിലോവാട്ട്) കേന്ദ്ര-സംസ്ഥാന സർക്കാർ സബ്സിഡിയോടെ സ്ഥാപിച്ചു നൽകാനുമുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു. കൂടാതെ ഇടുക്കി, പാലക്കാട്, വയനാട് ജില്ലകളിലെ ഒറ്റപ്പെട്ട വിദൂരസ്ഥലങ്ങളിലെ 2000 വീടുകളിൽ സോളാർ വൈദ്യുതീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

പാലക്കാട് കുഴൽമന്ദത്ത് 2 മെഗാവാട്ടിന്റെ ശൃംഖലാബന്ധിത സൗരോർജ്ജ പവർ പ്ലാന്റ് സ്ഥാപിച്ച് വൈദ്യുതി കെ.എസ്.ഇ.ബി. ഗ്രിഡിലേയ്ക്ക് നൽകിവരുന്നു.

2017-18 സാമ്പത്തിക വർഷം അനെർട്ട് മുഖേന സോളാർ ഫോട്ടോവോൾട്ടായിക് - സോളാർ വിൻഡ് ഹൈബ്രിഡ് പവർ പ്ലാന്റുകൾ (1 മെഗാവാട്ട് മുതൽ 3 മെഗാവാട്ട് വരെ ശേഷിയുള്ളവ) സ്ഥാപിക്കുന്നതിനായി

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

17.35 കോടി രൂപയുടെ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ 1.4 മെഗാവാട്ട് ആകെ ശേഷിയുള്ള ശൃംഖലാബന്ധിത സോളാർ പവർ പ്ലാന്റുകൾ സർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ സ്ഥാപിക്കുന്നതിനും 10.50 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കാനും ഉദ്ദേശിക്കുന്നു.

ഇ.എം.സി.-യിൽ പ്രവർത്തിക്കുന്ന സ്മാൾ ഹൈഡ്രോ പ്രൊമോഷൻ സെൽ വഴി ചെറുകിട ജലവൈദ്യുത പദ്ധതി നയപ്രകാരം BOOT അടിസ്ഥാനത്തിൽ സ്വകാര്യ സംരംഭകർക്കായി സ്വതന്ത്ര (IPP) ക്യാപ്റ്റീവ് (CPP) വിഭാഗങ്ങളിലായി 47 മെഗാവാട്ട് സ്ഥാപിതശേഷി വരുന്ന 20 പദ്ധതികൾക്ക് അനുമതി നൽകുന്ന വിഷയം പരിശോധിച്ചുവരുന്നു.

## സോളാർ പാനൽ സ്ഥാപിച്ച് വൈദ്യുതി

142 (3317) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി പ്രകാരം, വൈദ്യുതി ലൈനുകൾ വിന്യസിക്കുവാൻ കഴിയാത്ത തിരുവനന്തപുരം ജില്ലയിലെ ഏതെല്ലാം സ്ഥലങ്ങളിൽ സോളാർ പാനലുകൾ സ്ഥാപിച്ച് വൈദ്യുതി നൽകിയിട്ടുണ്ടെന്ന് വിശദീകരിക്കാമോ?

<u>ഉത്തരം</u>

തിരുവനന്തപുരം ജില്ലയിലെ അരുവിക്കര നിയോജകമണ്ഡലത്തിന്റെ കീഴിൽ വിതുര ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിൽ വരുന്നതായ 4 വീടുകളാണ് (ചെല്ലപ്പൻകാണി, കൃഷ്ണൻകാണി, രാജേഷ് മോൻ, ബിജു എന്നിവരുടെ) സോളാർ പാനൽ സ്ഥാപിച്ച് വൈദ്യുതി നൽകുന്നതിനായി പരിഗണിച്ചിട്ടുള്ളത്.

## ഭൂതത്താൻകെട്ടിൽ വൈദ്യുതി ഉൽപ്പാദനം

143 (3318) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടമലയാർ ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടിന്റെ അനുബന്ധമായി ഭൂതത്താൻകെട്ടിൽ നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഇവിടെ നിന്നും വൈദ്യുതി ഉല്പാദനം എന്നത്തേയ്ക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഭൂതത്താൻകെട്ട് ജലവൈദ്യുത പദ്ധതിയുടെ സിവിൽ ജോലികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ 47%-ഉം ഇലക്ട്രോമെക്കാനിക്കൽ ജോലികളുടെ പ്രവർത്തനങ്ങൾ 34.60%-ഉം പൂർത്തിയായി. പവർ ചാനൽ നിർമ്മാണം 48%-ഉം, പവർ ഹൗസ്, സ്വിച്ച്യാഡ്, ടെയിൽറേസ് എന്നിവയുടെ നിർമ്മാണം 23%-ഉം പൂർത്തിയായി.

(ബി) ഇവിടെ നിന്നുള്ള വൈദ്യുതി ഉൽപ്പാദനം ജനുവരി 2018-ഓടെ ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**വൈദ്യുതീകരിച്ച വീടുകൾ**

144 (3319) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി പ്രകാരം വാമനപുരം നിയോജക മണ്ഡലത്തിൽ എത്ര വീടുകൾ വൈദ്യുതീകരിച്ചുവെന്ന് പഞ്ചായത്തടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(ബി) ഓരോ തദ്ദേശഭരണ സ്ഥാപനവും പദ്ധതിക്ക് നൽകിയ തുകയുടെ വിവരങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) 5-5-2017-ലെ കണക്കുകൾ പ്രകാരം വാമനപുരം മണ്ഡലത്തിൽ വൈദ്യുതീകരിച്ച വീടുകളുടെ പഞ്ചായത്ത് തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർത്തിരിക്കുന്നു.

| ക്രമ നമ്പർ | പഞ്ചായത്ത് | നൽകിയ വൈദ്യുത കണക്ഷനുകൾ |
|---|---|---|
| 1 | 2 | 3 |
| 1 | നെല്ലനാട് | 162 |
| 2 | ആനാട് | 201 |
| 3 | കല്ലറ | 233 |
| 4 | നന്ദിയോട് | 152 |
| 5 | പനവൂർ | 243 |

| 1 | 2 | 3 |
|---|---|---|
| 6 | പാങ്ങോട് | 306 |
| 7 | പെരിങ്ങമല | 345 |
| 8 | പുല്ലമ്പാറ | 161 |
| 9 | വാമനപുരം | 189 |
| 10 | ചിതറ | 1 |
| 11 | മുദാക്കൽ | 1 |
| 12 | തൊളിക്കോട് | 2 |
| 13 | വിതുര | 10 |
| | ആകെ | 2006 |

(ബി) 5-5-2017-ലെ കണക്കുകൾ പ്രകാരം വാമനപുരം മണ്ഡലത്തിലെ പെരിങ്ങമല പഞ്ചായത്ത് സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിക്കായി 3,80,000 രൂപ നൽകിയിട്ടുണ്ട്. മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള തുക ലഭ്യമായിട്ടില്ല.

**ട്രാൻസ്ഫോർമറുകൾക്ക് ഇളവ്**

145 (3320) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിസിറ്റി ബോർഡ് 100 കെ.വി.എ., 160 കെ.വി.എ., 250 കെ.വി.എ. ട്രാൻസ്ഫോർമറുകൾ എതെല്ലാം കമ്പനികളിൽ നിന്നാണ് വാങ്ങുന്നത്; അറിയിക്കാമോ;

(ബി) ഓരോ കമ്പനിയും ഓരോന്നിനും ഈടാക്കുന്ന വിലകൾ എത്രയെന്ന് അറിയിക്കാമോ;

(സി) ഏതെല്ലാം മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് ഇലക്ട്രിസിറ്റി ബോർഡ് ട്രാൻസ്ഫോർമറുകൾ വാങ്ങുന്നത് എന്ന കാര്യങ്ങൾ അറിയിക്കാമോ;

(ഡി) ട്രാൻസ്ഫോർമറുകൾ നിർമ്മിക്കുന്നതിന് കെ.എസ്.ഇ.ബി.-ക്ക് സ്വന്തമായി എന്തെങ്കിലും സംവിധാനങ്ങൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദീകരിക്കാമോ;

(ഇ) സർക്കാർ സ്ഥാപനത്തിൽ നിന്നു വാങ്ങുന്നതിന് ഇളവുകളെന്തെങ്കിലും നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഇപ്പോൾ നിലവിലുള്ള പർച്ചേസ് ഓർഡർ അനുസരിച്ച് താഴെപ്പറയുന്ന കമ്പനികൾക്കാണ് 100 KVA, 160 KVA, 250 KVA ട്രാൻസ്ഫോർമറുകൾക്ക് ഓർഡർ നൽകിയിട്ടുള്ളത് :

| | |
|---|---|
| 1. 100 KVA | ട്രാൻസ്കോൺ ഇൻഡസ്ട്രീസ് ലിമിറ്റഡ്, ഹൈദ്രാബാദ് |
| 2. 160 KVA | കെൽ, കൊച്ചി, യൂണിപവർ സിസ്റ്റം, കോട്ടയം |
| 3. 250 KVA | യൂണിപവർ സിസ്റ്റം, കോട്ടയം |

(ബി) പർച്ചേസ് ഓർഡർ തീയതിയും വിലയും താഴെ ചേർക്കുന്നു.

| | ഓർഡർ തീയതി | ആകെ വില |
|---|---|---|
| 1. 100 KVA | 4-5-2017 | 1,26,938 |
| 2. 160 KVA | 7-3-2017 | 2,14,425 |
| 3. 250 KVA | 21-2-2017 | 2,47,582 |

(സി) സാമ്പത്തികവും സാങ്കേതികവും ഗുണനിലവാരവും ഉറപ്പാക്കി കെ.എസ്.ഇ.ബി.എൽ.-ൽ രജിസ്റ്റർ ചെയ്തിട്ടുള്ള കമ്പനികളിൽനിന്നും ഇ-ദർഘാസുകൾ വഴിയാണ് ഇപ്പോൾ ട്രാൻസ്ഫോർമറുകൾ വാങ്ങുന്നത്.

(ഡി) ട്രാൻസ്ഫോർമറുകൾ നിർമ്മിക്കുന്നതിന് കെ.എസ്.ഇ.ബി.-ക്ക് സ്വന്തമായി സംവിധാനങ്ങൾ നിലവിലില്ല.

(ഇ) സർക്കാർ സ്ഥാപനത്തിൽനിന്നും വാങ്ങുന്നതിന് താഴെ പറയുന്ന ഇളവുകൾ കെ.എസ്.ഇ.ബി.എൽ. ഇപ്പോൾ നൽകിവരുന്നു.

(a) ദർഘാസിൽ പങ്കെടുക്കുന്നവർക്ക് നിരതദ്രവ്യം ഒഴിവാക്കിയിട്ടുണ്ട്.

(b) 10% പർച്ചേസ് മുൻഗണന നൽകുന്നു.

(c) Positive Networth ആയിട്ടുള്ള സർക്കാർ സ്ഥാപനങ്ങൾക്ക് പെർഫോമൻസ് സെക്യൂരിറ്റി, സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ കോപ്പറേറ്റ് ഗ്യാരന്റിയായി സമർപ്പിക്കാവുന്നതാണ്. Negative Networth ആയിട്ടുള്ള സ്ഥാപനങ്ങൾക്ക് പെർഫോമൻസ് സെക്യൂരിറ്റി, സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇവയ്ക്ക് സമർപ്പിക്കുന്ന ബാങ്ക് ഗ്യാരന്റി 50 ലക്ഷമായി നിജപ്പെടുത്തിയിട്ടുണ്ട്.

**ഊർജ്ജസംരക്ഷണം**

146 (3321) ശ്രീ. ജോർജ് എം. തോമസ് :

ശ്രീ. പി. കെ. ശശി :

ശ്രീമതി വീണാ ജോർജ്ജ് :

ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊർജ്ജസംരക്ഷണ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന സ്മാർട്ട് എനർജി പ്രോഗ്രാമിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) ഊർജ്ജസംരക്ഷണത്തിന്റെ ആവശ്യകതയെപ്പറ്റി പൊതുജനങ്ങളിൽ അവബോധം സൃഷ്ടിയ്ക്കുന്നതിനായി ഈ പദ്ധതിയും ഊർജ്ജകിരൺ പദ്ധതിയും എത്രമാത്രം പ്രയോജനപ്രദമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) ഇത്തരം പദ്ധതികൾ വ്യാപിപ്പിച്ച് ഊർജ്ജസംരക്ഷണം സാധ്യമാക്കുന്നതിനായി നടപടി സ്വീകരിയ്ക്കുമോ?

ഉത്തരം

(എ) ഉണ്ട്. കുട്ടികളിൽ ഊർജ്ജസംരക്ഷണത്തിനെപ്പറ്റിയുള്ള അവബോധം സൃഷ്ടിക്കാനായി സ്മാർട്ട് എനർജി പ്രോഗ്രാം എന്ന പേരിൽ 2014-15 മുതൽ പദ്ധതി നടപ്പിലാക്കി വരുന്നു. സ്മാർട്ട് എനർജി പ്രോഗ്രാം 2014-15-ന്റെ ഭാഗമായി കേരളത്തിലെ 41 വിദ്യാഭ്യാസ ജില്ലകളിൽനിന്നും ഒരു വിദ്യാഭ്യാസ ജില്ലയിലെ 10 സ്കൂളുകളെ ഉൾപ്പെടുത്തി പദ്ധതി നടപ്പിലാക്കുകയുണ്ടായി. സ്മാർട്ട് എനർജി പ്രോഗ്രാം 2015-16-ൽ ഒരു വിദ്യാഭ്യാസ ജില്ലയിലെ 50 സ്കൂളുകളെ ഉൾപ്പെടുത്താൻ ലക്ഷ്യമിടുകയും 1500-ലധികം സ്കൂളുകളെ ഉൾപ്പെടുത്താൻ സാധിക്കുകയും ചെയ്തു. 2016-17-ൽ ഒരു വിദ്യാഭ്യാസ ജില്ലയിൽ നിന്നും 100 സ്കൂളുകൾ എന്ന നിലയിൽ പങ്കാളിത്തം ലക്ഷ്യമിടുകയും 4270 സ്കൂളുകളെ ഉൾപ്പെടുത്താൻ സാധിക്കുകയും ചെയ്തു. കുട്ടികൾക്കായി സ്കൂൾ തലത്തിൽ തുടങ്ങി, വിദ്യാഭ്യാസ ജില്ല, സംസ്ഥാനതലം എന്നിങ്ങനെ മത്സരങ്ങൾ സംഘടിപ്പിക്കുകയും വിജയികൾക്ക് പ്രോത്സാഹന സമ്മാനങ്ങളോടൊപ്പം ഊർജ്ജ സംരക്ഷണ അവാർഡ് ലഭിച്ച വ്യവസായ സ്ഥാപനങ്ങൾ സന്ദർശിക്കാനുള്ള അവസരവും നൽകുകയുമുണ്ടായി.

(ബി) ഉണ്ട്. ഊർജ്ജ സംരക്ഷണ സന്ദേശം പൊതുജനങ്ങൾക്കിടയിൽ എത്തിക്കുന്നതിനും അവബോധം സൃഷ്ടിക്കുന്നതിനും പദ്ധതി ഫലപ്രദമാണ്.

(സി) ഊർജ്ജസംരക്ഷണ പദ്ധതികൾ കേരളത്തിലുടനീളം വ്യാപിപ്പിക്കുകയും കൂടുതൽ ജനങ്ങളിലേയ്ക്ക് ഊർജ്ജസംരക്ഷണത്തിന്റെ ആവശ്യകതയും കാര്യക്ഷമമായ ഉപകരണങ്ങളുടെ ഉപയോഗവും പ്രോത്സാഹിപ്പിക്കാനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പ്രവർത്തന മികവ്**

147 (3322) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ഇ. ബി. ലിമിറ്റഡിന്റെ പ്രവർത്തന മികവ് വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് കോഴിക്കോട് ഐ.ഐ.എം. സമർപ്പിച്ച റിപ്പോർട്ടിന്മേൽ കെ.എസ്. ഇ.ബി. ഡയറക്ടർ ബോർഡ് എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) 1-1-2011-ന് ശേഷം 31-3-2017 വരെ എത്ര പേർക്ക് തസ്തിക മാറ്റം വഴി ജൂനിയർ അസിസ്റ്റന്റ്/ കാഷ്യർ തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകി എന്ന് വ്യക്തമാക്കാമോ; ആയതിന് ആനുപാതികമായി 31-3-2017 വരെ എത്ര പേർക്ക് പി.എസ്.സി. വഴി നിയമനം നടത്തേണ്ടതായുണ്ട് എന്ന് വ്യക്തമാക്കാമോ; ഇതിൽ എത്ര പി.എസ്.സി. നിയമനങ്ങൾ നടന്നു; 2014-15, 2015-16 വർഷങ്ങളിലെ കെ.എസ്. ഇ.ബി.-യുടെ ലാഭം/നഷ്ടം എത്രയാണ് എ. ജി.-യുടെ കണക്ക് പ്രകാരം കെ.എസ്. ഇ.ബി.-യുടെ 2014-15, 2015-16 വർഷങ്ങളിലെ ലാഭം/നഷ്ടം എത്രയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഐ.ഐ.എം. കോഴിക്കോടിന്റെ റിപ്പോർട്ട് പഠിച്ച് ശിപാർശ സമർപ്പിക്കുന്നതിന് ഡയറക്ടർ (ഫിനാൻസ്) അദ്ധ്യക്ഷനായി ഒരു സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ടിലെ മറ്റു ചില കാര്യങ്ങൾകൂടി പഠന വിധേയമാക്കി റിപ്പോർട്ട് സമർപ്പിക്കാൻ ഐ.ഐ.എം. കോഴിക്കോടിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. അതുകൂടി ലഭ്യമായതിനുശേഷം മാത്രമേ തുടർ നടപടികൾ കൈക്കൊള്ളുകയുള്ളൂ.

(ബി) ഈ കാലയളവിൽ നിയമനം നൽകിയ 20% ക്വാട്ടയിലെ നിയമനം 216 ആണെങ്കിലും 1-1-2011 മുതൽ 31-3-2017 വരെ ഉണ്ടായ ഒഴിവുകൾ 123 (190-67) എണ്ണം മാത്രമേ വരുന്നുള്ളൂ. ഇതിനാനുപാതികമായി 80% ക്വാട്ടയിൽ 761 ഒഴിവുകൾ നികത്തപ്പെടേണ്ടതിൽ 333 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. ഭിന്നശേഷിക്കാരുടെ ക്വാട്ടയിൽ കോടതി ഉത്തരവിന്റെ വെളിച്ചത്തിൽ 48 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബാക്കിയുള്ള

380 (428-48) ഒഴിവുകളിൽ ഐ.ഐ.എം. കോഴിക്കോടിന്റെ അന്തിമ പഠന റിപ്പോർട്ട് ലഭിച്ചതിനുശേഷം മാത്രമേ അവ നികത്തപ്പെടേണ്ടതാണോ എന്ന കാര്യം തീരുമാനിക്കുകയുള്ളൂ.

1-11-2013-ൽ കമ്പനിയാക്കിയശേഷം സ്റ്റാറ്റ്യൂട്ടറി ആഡിറ്റർമാരാണ് കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ആഡിറ്റ് നടത്തുന്നത്. ആഡിറ്റ് പൂർത്തിയാക്കിയ കണക്കുകൾ പ്രകാരം കെ.എസ്.ഇ.ബി. ലിമിറ്റഡിന് ചുവടെ ചേർത്തിരിക്കുന്ന നഷ്ടമാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

| സാമ്പത്തിക വർഷം | നഷ്ടം (കോടി രൂപയിൽ) |
|---|---|
| 2014-15 | 1272.90 |
| 2015-16 | 313.29 |

**കരാർ ജീവനക്കാരുടെ പ്രശ്നങ്ങൾ**

148 (3323) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരാർ ജീവനക്കാർക്ക് ജോലിക്കിടയിൽ അപകടം സംഭവിച്ചാൽ അവരുടെ സംരക്ഷണ ചുമതല കെ.എസ്.ഇ.ബി. ഏറ്റെടുക്കാറുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇപ്രകാരം അപകടം സംഭവിച്ച് വർഷങ്ങളോളം കിടപ്പിലായ ഒട്ടേറെ പേർ ഉണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ കരാർ ജീവനക്കാരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ തമിഴ്നാട് മാതൃകയിൽ കരാർ തൊഴിലാളി സംരക്ഷണ നിയമം നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) മൂന്ന് ലക്ഷം രൂപയിൽ കവിയാത്ത അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന ചെറുകിട കരാറുകാരുടെ കീഴിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്ക് ജോലിക്കിടെ അപകടമോ അപകടമരണമോ സംഭവിക്കുകയാണെങ്കിൽ 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമം അനുസരിച്ച് താഴെ പറയുന്ന ആനുകൂല്യങ്ങൾ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽനിന്നും നൽകിവരുന്നു.

1. <u>മരണാനന്തര നഷ്ടപരിഹാരം</u>

a. മാസ വേതനത്തിനും പ്രായത്തിനും ആനുപാതികമായ നഷ്ടപരിഹാരം 3,97,480 രൂപ മുതൽ 9,14,160 രൂപ വരെ.

b. ശവസംസ്കാര ചെലവിനായി 5,000 രൂപ.

2. <u>മാരകമല്ലാത്ത അപകടത്തിൽപ്പെടുന്നവർക്കുള്ള നഷ്ടപരിഹാരം</u>

a. സ്ഥിരവും സ്ഥായിയുമായ അംഗവൈകല്യമുണ്ടായാൽ ജില്ലാ മെഡിക്കൽ ബോർഡ് നൽകുന്ന അംഗവൈകല്യത്തിന്റെ ശതമാനം തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 'അവശതാ നഷ്ടപരിഹാരം'.

b. അപകടം സംഭവിക്കുന്ന തൊഴിലാളിക്ക് ചികിത്സയ്ക്കും വിശ്രമത്തിനും ശിപാർശ ചെയ്തുകൊണ്ട് ഡോക്ടർ നൽകുന്ന മെഡിക്കൽ സർട്ടിഫിക്കറ്റിന്റെയും ഫിറ്റ്നസ് സർട്ടിഫിക്കറ്റിന്റെയും അടിസ്ഥാനത്തിൽ 'അർദ്ധ മാനസിക നഷ്ടപരിഹാരം'.

മൂന്ന് ലക്ഷത്തിൽ കൂടുതൽ അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരുടെ കീഴിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് ജോലിക്കിടെ അപകടമോ അപകടമരണമോ സംഭവിക്കുകയാണെങ്കിൽ നഷ്ടപരിഹാരം നൽകുന്നതിനുള്ള പൂർണ്ണമായ ഉത്തരവാദിത്വം കരാറുകാരനായിരിക്കും.

കൂടാതെ 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമത്തിലെ 18-1-2010-ൽ നിലവിൽ വന്ന തൊഴിലാളി നഷ്ടപരിഹാര (ഭേദഗതി) നിയമം, 2009 സെക്ഷൻ (4)(2-A)-യിൽ ഉൾച്ചേർത്തിട്ടുള്ള ജോലിക്കിടെ സംഭവിക്കുന്ന അപകടങ്ങൾക്ക് വേണ്ടിവരുന്ന ചികിത്സാ ചെലവുകൾ reimburse ചെയ്യുന്നതിലേക്കായി വ്യവസ്ഥ ചെയ്തിട്ടുള്ള ആനുകൂല്യം അനുവദിക്കുന്നതിലേയ്ക്കായി പരിഗണിക്കേണ്ടുന്നതായ വ്യവസ്ഥകൾ, മാനദണ്ഡങ്ങൾ മുതലായവ പ്രതിപാദിക്കുന്ന ടി വിഷയത്തെ സംബന്ധിക്കുന്ന 'Rules' സംസ്ഥാന സർക്കാർ പുറപ്പെടുവിക്കുന്ന മുറയ്ക്ക് നിയമപരമായി ടി ആനുകൂല്യം നൽകേണ്ടുന്നതിന്റെ ആവശ്യകത സംബന്ധിച്ച് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് എടുക്കുന്ന തീരുമാനങ്ങൾക്ക് വിധേയമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

ജോലിക്കിടയിൽ അപകടം/അപകടമരണം സംഭവിക്കുന്ന കരാർ ജീവനക്കാർക്ക് മേൽ സൂചിപ്പിച്ചിട്ടുള്ളതും 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമപ്രകാരം അനുവദിക്കേണ്ടുന്നതുമായ നഷ്ടപരിഹാരം/അർദ്ധ മാനസിക

നഷ്ടപരിഹാരം/ശവസംസ്കാര ചെലവ് എന്നിവ ഉൾച്ചേർത്ത് ക്രമീകരിക്കപ്പെട്ടിട്ടുള്ള സാമ്പത്തിക സംരക്ഷണ മാർഗ്ഗനിർദ്ദേശങ്ങൾ പ്രസ്തുത നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി നിലവിൽ അനുവദിച്ചുവരുന്നു.

(ബി) ജോലിക്കിടെയുണ്ടായ അപകടത്തെത്തുടർന്ന് മേൽ സൂചിപ്പിച്ച സാമ്പത്തികസഹായം ലഭിച്ചിട്ടുള്ള ചുരുക്കം ചില കരാർ തൊഴിലാളികൾ സ്ഥിരവും സ്ഥായിയുമായ അവശതമൂലവും ഏതാനും ചിലർ താൽക്കാലിക അവശതമൂലവും (ആശുപത്രിയിലും വീട്ടിലും ചികിത്സകൾ പുരോഗമിക്കുന്നവർ) കിടപ്പിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) കരാർ തൊഴിലാളികൾക്കായി നിലവിൽ അനുവദിച്ചുവരുന്ന വിവിധ സാമ്പത്തിക ആനുകൂല്യങ്ങൾക്ക് ഉപരിയായി പ്രത്യേക കരാർ തൊഴിലാളി സംരക്ഷണ നിയമം ഇപ്പോൾ പരിഗണനയിലില്ല.

**തസ്തിക റെഗുലറൈസ് ചെയ്യാൻ നടപടി**

149 (3324) ശ്രീ. പി. ടി. തോമസ് :

ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ താൽക്കാലികമായി അപ്ഗ്രേഡ് ചെയ്ത തസ്തികയിലുൾപ്പെടെ 30-7-2015 മുതൽ ഇതുവരെ എത്ര അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ (ഇലക്ട്രിക്കൽ) വിരമിച്ചിട്ടുണ്ട് :

(ബി) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)മാരുടെ എത്ര തസ്തികകൾ ഇപ്പോൾ റെഗുലറൈസ് ചെയ്യാനുണ്ടെന്ന് വിശദമാക്കാമോ;

(സി) ഈ തസ്തികകൾ റെഗുലറൈസ് ചെയ്യാനുള്ള കാലതാമസത്തിന് കാരണമെന്ത്; ഈ തസ്തികകൾ റെഗുലറൈസ് ചെയ്യാനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 44

(ബി) 124

(സി) വർഷങ്ങളായി ഒരേ തസ്തികയിൽ ജോലി ചെയ്തുവരുന്നവർക്ക് പ്രൊമോഷൻ ലഭിക്കുന്നതിന് വലിയ കാലതാമസവും കരിയർ സ്റ്റാഗ്നേഷൻ നിലനിൽക്കുന്ന സാഹചര്യത്തിൽ അപ്ഗ്രേഡ് ചെയ്ത തസ്തികകൾ റെഗുലറൈസ് ചെയ്യുന്നത് പുനഃപരിശോധിക്കണമെന്ന ബോർഡിലെ ഓഫീസർ സംഘടനകളുടെ

നിവേദനത്തിന്റെ അടിസ്ഥാനത്തിൽ തൽസ്ഥിതി തുടരാൻ നിർദ്ദേശവും നൽകിയിരുന്നു. ബോർഡിൽ വിവിധ പ്രൊമോഷൻ തസ്തികകളിലെ ഒഴിവുകൾ അടക്കം പരിശോധിച്ച് റെഗുലറൈസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**സബ് എഞ്ചിനീയർ നിയമനം**

150 (3325) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യിൽ സബ് എഞ്ചിനീയർമാരുടെ എത്ര തസ്തികകളാണ് അനുവദിച്ചിട്ടുള്ളത് ; നിലവിലെ സബ് എഞ്ചിനീയർമാരിൽ എത്ര സ്ഥിരം ജീവനക്കാരുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ തസ്തികയിലേയ്ക്ക് പി.എസ്.സി. വഴി നിയമനം നടന്നിട്ടുണ്ടോ; കണക്ക് ലഭ്യമാക്കുമോ; പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) സബ് എഞ്ചിനീയർ തസ്തികയിലേയ്ക്ക് തസ്തികമാറ്റം വഴി ഏതെല്ലാം തസ്തികകളിൽ നിന്നുള്ളവർക്ക് നിയമനത്തിന് അർഹതയുണ്ട്; അനുപാതം വിശദമാക്കുമോ?

ഉത്തരം

(എ) 3492; നിലവിൽ സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)മാരായ 3369 പേരും സ്ഥിര ജീവനക്കാരാണ്.

(ബി) ഉണ്ട്. 2016-17 കലണ്ടർ വർഷങ്ങളിൽ 30% ക്വാട്ടയിൽ 393 പേർക്കും 10% ക്വാട്ടയിൽ തസ്തികമാറ്റം വഴി 275 പേർക്കും പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി നിയമനം നൽകിയിട്ടുണ്ട്. പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ട്.

(സി) സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയ്ക്കുതാഴെയുള്ള എല്ലാ തസ്തികയിലും പെട്ട നിശ്ചിത വിദ്യാഭ്യാസ യോഗ്യതയും പബ്ലിക് സർവ്വീസ് കമ്മീഷൻ നിഷ്കർഷിച്ചിട്ടുള്ള മറ്റ് യോഗ്യതകളും ഉള്ളവർക്ക് നിയമനത്തിന് അർഹതയുണ്ട്. 10% ഇതിനായി നീക്കിവെച്ചിട്ടുണ്ട്.

**കുടിശ്ശിക ഇനം തിരിച്ച കണക്ക്**

151 (3326) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് പിരിഞ്ഞുകിട്ടേണ്ട കുടിശ്ശിക തുക എത്രയെന്നും 2017 മാർച്ച് മാസം വരെ ഇത് എത്ര തുക വരുമെന്നും വ്യക്തമാക്കുമോ;

(ബി) ഇവയിൽ വിവിധ സർക്കാർ വകുപ്പുകൾ, വാട്ടർ അതോറിറ്റി, പൊതുമേഖലാ സ്ഥാപനങ്ങൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ, കേന്ദ്ര സർക്കാർ വകുപ്പുകളും പൊതുമേഖലാ സ്ഥാപനങ്ങളും, യൂണിവേഴ്സിറ്റികൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവ ഓരോ വിഭാഗവും അടയ്ക്കേണ്ട കുടിശ്ശിക തുക എത്ര എന്ന് വ്യക്തമാക്കുമോ;

(സി) സ്വകാര്യ വ്യക്തികൾ, സ്ഥാപനങ്ങൾ, വൻകിട ചെറുകിട വ്യവസായ സ്ഥാപനങ്ങൾ, ഫ്ലാറ്റുകൾ, കെട്ടിട സമുച്ചയങ്ങൾ, വൻകിട കച്ചവട സ്ഥാപനങ്ങൾ തുടങ്ങി ഹൈ ടെൻഷൻ, ലോ ടെൻഷൻ വിഭാഗം അടയ്ക്കേണ്ട കുടിശ്ശിക തുക എത്ര; സ്ഥാപനങ്ങളുടെ പേരുൾപ്പെടെ വിശദാംശം ലഭ്യമാക്കുമോ;

(ഡി) കുടിശ്ശികയിനത്തിൽ എത്ര തുകയുടെ പിരിച്ചെടുക്കലുമായി ബന്ധപ്പെട്ട കോടതികളിൽ കേസ്സുകൾ നിലവിലുണ്ട്;

(ഇ) പ്രസ്തുത കുടിശ്ശിക തുക അടിയന്തരമായി പിരിച്ചെടുക്കാനും സ്റ്റേകൾ പിൻവലിക്കാനും കോടതി കേസുകൾ യഥാവിധി കൈകാര്യം ചെയ്ത് തീർപ്പുണ്ടാക്കാനും എന്തു നടപടികൾ സ്വീകരിച്ചുവരുന്നു എന്നും വ്യക്തമാക്കുമോ;

(എഫ്) വൻകിട ഉപഭോക്താക്കളിൽ നിന്നുള്ള കുടിശ്ശിക പിരിച്ചെടുക്കാനും വൈദ്യുതി ചാർജ്ജ് വർദ്ധന പിൻവലിക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ & ബി) 31-3-2017-ലെ ത്രൈമാസ കണക്കുപ്രകാരം കെ.എസ്.ഇ.ബി.എൽ.-ന് വിവിധ സ്ഥാപനങ്ങളിൽനിന്നും പിരിഞ്ഞുകിട്ടാനുള്ള കുടിശ്ശിക തുക 2121.68 കോടി രൂപയാണ്. (പലിശ ഉൾപ്പെടാതെ) ഇവ താഴെപ്പറയും പ്രകാരമാണ്:

| | | |
|---|---|---|
| 1 | സർക്കാർ വകുപ്പുകൾ | 136.34 കോടി |
| 2 | വാട്ടർ അതോറിറ്റി | 1008.05 കോടി |
| 3 | പൊതുമേഖലാ സ്ഥാപനങ്ങൾ | 255.22 കോടി |
| 4 | തദ്ദേശഭരണ സ്ഥാപനങ്ങൾ | 5.35 കോടി |
| 5 | കേന്ദ്ര സർക്കാർ വകുപ്പുകൾ | .26 കോടി |
| 6 | കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ | 42.24 കോടി |
| 7 | ഇന്റർ സ്റ്റേറ്റ് എനർജി | 4.04 കോടി |

| | | |
|---|---|---|
| 8 | സ്വകാര്യ സ്ഥാപനങ്ങൾ | 587.11 കോടി |
| 9 | ലൈസൻസികൾ | 14.25 കോടി |
| 10 | സ്വയംഭരണ സ്ഥാപനങ്ങൾ | .03 കോടി |
| 11 | ഗാർഹിക ഉപഭോക്താക്കൾ | 68.81 കോടി |
| | ആകെ | 2121.68 കോടി |

(സി) 1. സ്വകാര്യ വ്യക്തികൾ, സ്ഥാപനങ്ങൾ, ചെറുകിട വ്യവസായ സ്ഥാപനങ്ങൾ തുടങ്ങിയ ലോ ടെൻഷൻ വിഭാഗം 31-3-2017 വരെ കെ.എസ്.ഇ.ബി.എൽ.-ന് അടയ്ക്കാനുള്ള കുടിശ്ശിക തുക 110.98 കോടി രൂപ.

2. സ്വകാര്യ വ്യക്തികൾ, സ്ഥാപനങ്ങൾ, വൻകിട വ്യവസായ സ്ഥാപനങ്ങൾ, കെട്ടിട സമുച്ചയങ്ങൾ, ഫ്ലാറ്റുകൾ തുടങ്ങിയ ഹൈടെൻഷൻ വിഭാഗം 31-3-2017 വരെ കെ.എസ്.ഇ.ബി.എൽ.-ന് അടയ്ക്കാനുള്ള കുടിശ്ശിക തുക 476.13 കോടി രൂപയാണ്. സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ഡി) വിവിധ കോടതികളിലായി 371,97,30,456 രൂപയുടെ കുടിശ്ശികയുമായി ബന്ധപ്പെട്ട കേസുകൾ നിലവിലുണ്ട്.

(ഇ) കോടതി വ്യവഹാരങ്ങളിൽപ്പെട്ട് കിടക്കുന്ന തുക അടിയന്തരമായി പിരിച്ചെടുക്കുവാനും നിലവിലുള്ള സ്റ്റേകൾ പിൻവലിക്കാനും കോടതി കേസുകൾ യഥാവിധി കൈകാര്യം ചെയ്ത് തീർപ്പുണ്ടാക്കാനുമായി ആവശ്യമായ നിർദ്ദേശം കെ.എസ്.ഇ.ബി.എൽ-ന്റെ കൊച്ചിയിലുള്ള ലീഗൽ ലെയ്സൺ ഓഫീസർക്ക് നൽകുകയും അഡ്വക്കേറ്റ്സിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും ചെയ്തിട്ടുണ്ട്.

(എഫ്) സപ്ലൈ കോഡ് 2014-ൽ പരാമർശിച്ചിട്ടുള്ള സമയപരിധി അനുസരിച്ച് കുടിശ്ശിക വരുത്തുന്ന ഉപഭോക്താക്കളുടെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കൽ, കണക്ഷൻ അഴിച്ചുമാറ്റൽ തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു. അതിനുശേഷം ഉപഭോക്താക്കളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റിൽനിന്നും കുടിശ്ശിക വകയിരുത്താറുണ്ട്. ഇതിൽനിന്നും വകയിരുത്താൻ കഴിയാത്ത തുക റവന്യൂ റിക്കവറി നടപടികൾക്കായി നൽകാറുണ്ട്. കൂടാതെ ദീർഘകാല കുടിശ്ശികയുള്ള ഉപഭോക്താക്കളിൽനിന്നും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി വഴി കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടിയും ആവിഷ്കരിച്ചുവരുന്നു. കേസുകളുടെ തീർപ്പാക്കൽ വേഗത്തിലാക്കാനായി കോടതിക്കു പുറത്തുള്ള അദാലത്തുകൾ, ഒറ്റത്തവണ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

തീർപ്പാക്കൽ പദ്ധതി തുടങ്ങിയവയും കോടതി അനുവദിച്ച സ്റ്റേകൾ നീക്കാനായി അഭിഭാഷകർ വഴി അടിയന്തിര ഹർജികൾ ഫയൽ ചെയ്യാറുമുണ്ട്.

സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ ഓരോ സാമ്പത്തിക വർഷത്തിലും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ അടുത്ത സാമ്പത്തിക വർഷത്തെ പ്രതീക്ഷിത വരവു ചെലവുകണക്കുകൾ വിശദമായി പരിശോധിക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ റവന്യൂ കമ്മി നിജപ്പെടുത്തുകയും ടി കമ്മി നികത്തുന്നതിന് താരിഫ് പരിഷ്കരണ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുന്നു. ഇപ്രകാരമുള്ള കണക്കുകളിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ പ്രധാന വരുമാന സ്രോതസ്സ് വൈദ്യുതി ചാർജ്ജിൽ നിന്നാണ്. ഓരോ ഉപഭോക്താവിൽനിന്നും വൈദ്യുതി ബില്ല് പ്രകാരം അടുത്ത സാമ്പത്തിക വർഷത്തിൽ ഡിമാന്റ് ചെയ്യുന്ന ആകെ തുകയാണ് താരിഫ് വരുമാനമായി കണക്കാക്കുന്നത്. ഇതിനെ തുടർന്ന് Audited Accounts-ന്റെ അടിസ്ഥാനത്തിൽ സമർപ്പിക്കുന്ന True-up petition-നിലും യഥാർത്ഥത്തിൽ ബില്ല് ചെയ്യപ്പെടുന്ന തുകയാണ് താരിഫിൽ നിന്നുള്ള വരുമാനമായി കണക്കാക്കുന്നത്.

ബില്ലുകൾ പ്രകാരം അടയ്ക്കുന്ന തുകയും (സമയപരിധിക്കുള്ളിൽ അടയ്ക്കുന്നതോ അല്ലാത്തതോ ആയാലും) താരിഫ് വർദ്ധനവും തമ്മിൽ നേരിട്ട് ബന്ധമില്ല. അതായത്, താരിഫ് പരിഷ്കരണത്തിനുവേണ്ടി കമ്മീഷൻ നിശ്ചയിച്ച് നൽകുന്ന റവന്യൂ കമ്മിയും കുടിശ്ശികയും തമ്മിൽ നേരിട്ട് ബന്ധമില്ല.

**മുടങ്ങിക്കിടക്കുന്ന പ്രൊമോഷനുകൾ**

152 (3327) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനാലാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 5568-ന് 2-11-2016-ൽ നൽകിയ മറുപടിയിൽ കെ.എസ്.ഇ.ബി.എൽ.-ൽനിന്നും ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യുന്ന തോമസ് ജോർജ്ജിന് ലഭിയ്ക്കേണ്ടിയിരുന്ന പ്രൊമോഷനുകൾ, 23-4-2016-ൽ ലഭിച്ച കെ.എസ്.ഇ.ബി.എൽ. വിജിലൻസ് റിപ്പോർട്ടിന്റെ കാലാവധി 6 മാസം കഴിഞ്ഞതിനാൽ ഒരിയ്ക്കൽ കൂടി കെ.എസ്.ഇ.ബി. ചീഫ് വിജിലൻസ് ഓഫീസറുടെ റിപ്പോർട്ട് വാങ്ങേണ്ടതുണ്ട് എന്നും ഇത് ലഭിച്ചാൽ ഉടനെ ഡി.പി.സി.കൾ കൂടി (ലോവർ & ഹയർ) പ്രമോഷനുകൾ നൽകുന്നതാണെന്നും വെളിപ്പെടുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 23-4-2016 ലും 1-11-2016 ലും കെ.എസ്.ഇ.ബി.എൽ. ചീഫ് വിജിലൻസ് ഓഫീസറുടെ അനുകൂല വിജിലൻസ് ക്ലിയറൻസ് ലഭിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) 1-11-2016-ലെ ക്ലിയറൻസ് പ്രകാരം 20-12-2003-ൽ കൊടുക്കേണ്ട സീനിയർ സൂപ്രണ്ട് പ്രമോഷൻ ഉത്തരവ് 22-11-2016-ലും, 31-8-2008-ൽ കൊടുക്കേണ്ട അസിസ്റ്റന്റ് അക്കൗണ്ട്സ് ഓഫീസർ പ്രമോഷൻ ഉത്തരവ് 24-12-2016-ലും ഇറക്കിയിട്ടുള്ളതും, എന്നാൽ ഇതിന് ശേഷം 4 മാസം കഴിഞ്ഞിട്ടും 8/2014-ൽ ലഭിക്കേണ്ട അക്കൗണ്ട്സ് ഓഫീസർ പ്രമോഷൻ ഉത്തരവ് ഡി.പി.സി. കൂടി ഇറക്കാതിരിയ്ക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) കെ.എസ്.ഇ.ബി.-യിൽ ഉള്ള മറ്റ് ജൂനിയർ ഉദ്യോഗസ്ഥരുടെ അക്കൗണ്ട്സ് ഓഫീസർ പ്രൊമോഷന്റെ കൂടെ ഇദ്ദേഹത്തിന് 2014-ൽ കൊടുക്കേണ്ട അക്കൗണ്ട്സ് ഓഫീസർ പ്രമോഷൻ ഉൾപ്പെടുത്തി കാലതാമസം ഒഴിവാക്കി പ്രത്യേകമായി ഡി.പി.സി.(ഹയർ)കൂടി സ്ഥാനക്കയറ്റം നൽകുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഇ) 17-5-2003-ൽ ഇറക്കിയ 1-1-2002 വരെയുള്ള സീനിയർ അസിസ്റ്റന്റുമാരുടെ ഗ്രഡേഷൻ ലിസ്റ്റിൽ ജനനത്തീയതി 6-2-1962 എന്നതിനുപകരം തെറ്റായി 15-11-1953 എന്ന് രേഖപ്പെടുത്തിയതുകൊണ്ടാണ് പ്രമോഷനുകൾ കൊടുക്കാൻ കാലതാമസം വന്നതെന്നും 17-5-2003-ലെ സർക്കുലർ നമ്പർ EB/ Gradation/ 2003-ലെ ലിസ്റ്റിൽ തെറ്റുകളോ വിട്ടുപോകലുകളോ ഉണ്ടായിട്ടുണ്ടെങ്കിൽ ആയത് പരിഹരിയ്ക്കാൻ ഒരു മാസത്തിനകം ബന്ധപ്പെട്ടവരെ അറിയിക്കുവാൻ നിർദ്ദേശം നൽകിയിരുന്നു എന്നും മേൽപ്പറഞ്ഞ മറുപടിയിൽ പറഞ്ഞിരുന്നതു പ്രകാരമുള്ള നിർദ്ദേശത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(എഫ്) 1999 മുതൽ കെ.എസ്.ഇ.ബി.-യിൽ നിന്നും ഡെപ്യൂട്ടേഷനിൽ എം.എൽ.എ.-യുടെ പി.എ. ആയി ജോലി നോക്കുന്ന ടിയാനെ ഗ്രേഡേഷൻ ലിസ്റ്റ് ഇറക്കിയ വിവരം അറിയിക്കുവാൻ കെ.എസ്.ഇ.ബി.യ്ക്ക് കഴിയുമായിരുന്നില്ലേ; വിശദാംശം വെളിപ്പെടുത്തുമോ;

(ജി) അർഹതപ്പെട്ട സ്ഥാനക്കയറ്റങ്ങൾ നൽകണമെന്നാവശ്യപ്പെട്ട് 13-11-2001-ലും 1-9-2011-ലും ടിയാൻ എം.എൽ.എ.-യുടെ ശിപാർശക്കത്തോടെ അപേക്ഷകൾ കെ.എസ്.ഇ.ബി.എൽ. അധികാരികൾക്ക് നൽകിയതിന്റെ കോപ്പികൾ പ്രൊമോഷൻ ഫയലിൽ ഉള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ പകർപ്പ് ലഭ്യമാക്കുമോ; 12/2017-ൽ 36 വർഷം സേവനം പൂർത്തിയാകുന്ന ടിയാന് 08/2014-ൽ കൊടുക്കേണ്ട അക്കൗണ്ട്സ് ഓഫീസർ പ്രമോഷൻ എത്രയും പെട്ടെന്ന് കൊടുക്കുവാൻ ഡി.പി.സി.(ഹയർ) എന്നത്തേയ്ക്ക് കൂടുമെന്നും പ്രമോഷൻ എന്നത്തേയ്ക്ക് നൽകാനാകുമെന്നും വിശദമാക്കുമോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി & ഡി) ഡി.പി.സി. അംഗീകരിച്ച സെലക്ട് ലിസ്റ്റ് പ്രകാരമാണ് പ്രൊമോഷനുകൾ നൽകുന്നത്. ഡി.പി.സി. കൂടി ശ്രീ. തോമസ് ജോർജ്ജ് ഉൾപ്പടെ അർഹതയുള്ള ഓഫീസർമാരെ ഉൾപ്പെടുത്തി സെലക്ട് ലിസ്റ്റ് പ്രസിദ്ധീകരിക്കുവാനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) നിർദ്ദേശത്തിന്റെ പകർപ്പ് അനുബന്ധമായി* ചേർത്തിരിക്കുന്നു.

(എഫ്) നിലവിൽ അതിനുള്ള സംവിധാനം കെ.എസ്.ഇ.ബി.എൽ.ൽ ഇല്ല. കാലാകാലങ്ങളിലെ ബോർഡുത്തരവുകളും സർക്കുലറുകളും അനുസരിക്കാൻ ബോർഡുദ്യോഗസ്ഥന്മാർ ബാദ്ധ്യസ്ഥരാണ്.

(ജി) ഉണ്ട്. പകർപ്പ് അനുബന്ധമായി* ചേർത്തിരിക്കുന്നു. ഡി.പി.സി. (ഹയർ) കഴിയുന്നതും മേയ് മാസത്തിൽ തന്നെ കൂട്ടുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഡി.പി.സി. അംഗീകരിക്കുന്ന സെലക്ട് ലിസ്റ്റിൽനിന്നും അർഹതപ്പെട്ടവർക്ക് പ്രൊമോഷനുകൾ നൽകുവാൻ നടപടി സ്വീകരിക്കുന്നതാണ്.

**സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിലെ ജീവനക്കാർ**

153 (3328) <u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡിന് സംസ്ഥാനത്ത് സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയുള്ള എത്ര ഓഫീസുകൾ ഉണ്ട്;

(ബി) ഈ ഓഫീസുകളിൽ 30% പി.എസ്.സി ക്വാട്ടയിൽ നിലവിൽ ജോലി ചെയ്തുവരുന്ന റെഗുലർ സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) മാരുടെ പേര്, ജനന തീയതി, നിയമന തീയതി, എംപ്ലോയ് കോഡ് എന്നിവ നൽകാമോ;

(സി) ഈ ഓഫീസുകളിൽ 10% പി.എസ്.സി ഇൻസർവ്വീസ് ക്വാട്ടയിൽ നിലവിൽ ജോലി ചെയ്തുവരുന്ന റെഗുലർ സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) മാരുടെ പേര്, ജനന തീയതി, നിയമന തീയതി, എംപ്ലോയ് കോഡ് എന്നിവ നൽകാമോ;

(ഡി) ഈ ഓഫീസുകളിൽ 60% പ്രൊമോഷൻ ക്വാട്ടയിൽ നിലവിൽ ജോലി ചെയ്തുവരുന്ന റെഗുലർ സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) മാരുടെ പേര്, ജനന തീയതി, നിയമന തീയതി, എംപ്ലോയ് കോഡ് എന്നിവ നൽകാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഇ) ഈ ഓഫീസുകളിൽ ആശ്രിത/സ്പെഷ്യൽ നിയമന ക്വാട്ടയിൽ നിലവിൽ ജോലി ചെയ്തുവരുന്ന റെഗുലർ സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)മാരുടെ പേര്, ജനന തീയതി, നിയമന തീയതി, എംപ്ലോയ് കോഡ് എന്നിവ നൽകാമോ;

(എഫ്) ഈ ഓഫീസുകളിൽ 10% പി.എസ്.സി. ഇൻസർവ്വീസ് ക്വാട്ടയിൽ 2003-ൽ നിയമിതരായ 254 ഉദ്യോഗാർത്ഥികളെ നിലവിൽ ഏതു ക്വാട്ടയിലാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്നും ഇവർക്ക് സ്ഥാനക്കയറ്റം നൽകിയിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ - ഇ) വിവരം ശേഖരിച്ചുവരുന്നു.

(എഫ്) 10% പി.എസ്.സി. ഇൻ സർവീസ് ക്വാട്ടയിൽ നിയമനം നൽകിയവരെ ആ ക്വാട്ടയിൽ തന്നെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാനക്കയറ്റം നൽകുന്നതിനുള്ള സീനിയോറിറ്റി ആയിട്ടില്ല.

**ഉദയ് കരാർ**

154 (3329) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> :

<u>ശ്രീ. വി. ടി. ബൽറാം</u> :

<u>ശ്രീ. അനിൽ അക്കര</u> :

<u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരുമായി ഒപ്പുവച്ച ഉദയ് കരാർ പ്രകാരം എന്തെല്ലാം നേട്ടങ്ങളാണ് കെ.എസ്.ഇ.ബി.എൽ.-ന് ഉണ്ടാകുന്നത്;

(ബി) സംസ്ഥാനത്ത് നിശ്ചിത കാലയളവ് വരെ കറന്റ് ചാർജ്ജ് വർദ്ധനവ് വരുത്തരുതെന്ന് കേന്ദ്രസർക്കാർ നിർദ്ദേശിച്ചിരുന്നോ; എങ്കിൽ എന്നുവരെ; വിശദാംശം വ്യക്തമാക്കുമോ ?

(സി) 2011 മുതൽ 2013 വരെയുള്ള സാമ്പത്തിക ബാദ്ധ്യത തീർക്കുവാനായിട്ടാണോ കേന്ദ്ര നിർദ്ദേശത്തിന് വിരുദ്ധമായി വൈദ്യുതി ചാർജ്ജിൽ വർദ്ധനവ് വരുത്തുവാൻ റഗുലേറ്ററി കമ്മീഷൻ ഉത്തരവായത്?

<u>ഉത്തരം</u>

(എ) സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരുമായി ഒപ്പുവച്ച ഉദയ് ധാരാണാപത്രം പ്രകാരം കെ.എസ്.ഇ.ബി.എൽ.-ന് ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ ചുവടെ ചേർക്കുന്നു.

1. DDUGJY-മുതലായ പദ്ധതികൾക്ക് ലഭിക്കുന്ന കേന്ദ്ര സർക്കാർ ഫണ്ടിന് മുൻഗണന ലഭിക്കുന്നതാണ്.

2. അന്തർ സംസ്ഥാന വൈദ്യുതി പ്രസരണ ലൈനുകളുടെ പണി വേഗത്തിൽ പൂർത്തീകരിക്കുകയും വില കുറഞ്ഞ വൈദ്യുതി ലഭ്യമാക്കുകയും ചെയ്യുന്നതാണ്.

3. AT&C loss-ഉം റവന്യൂ ഗ്യാപ്പും കുറയ്ക്കുന്നതിന് നടപടിയെടുക്കുന്നതിലൂടെ കെ.എസ്.ഇ.ബി.എൽ.-ന് സാമ്പത്തിക ഭദ്രത ഉറപ്പാകുന്നതാണ്.

4. 100% ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമർ മീറ്റർ, 100% ഫീഡർ മീറ്റർ, പ്രതിമാസം 500 യൂണിറ്റിൽ കൂടുതൽ ഉപഭോഗമുള്ള ഉപഭോക്താക്കൾക്ക് സ്മാർട്ട് മീറ്റർ വയ്ക്കുക മുതലായവ പദ്ധതിയുടെ ഭാഗമാണ്.

5. ERP നടപ്പിലാക്കുക, LED ബൾബ് വിതരണം, എല്ലാ ഉപഭോക്താക്കൾക്കും 24x7 മണിക്കൂർ വൈദ്യുതി വിതരണം എന്നിവ പദ്ധതിയുടെ ഭാഗമാണ്.

(ബി) നിർദ്ദേശിച്ചിരുന്നില്ല. ബാധകമല്ല.

(സി) 2011 മുതൽ 2013 വരെയുണ്ടായ റവന്യൂ കമ്മികൂടി പരിഗണിച്ചു കൊണ്ടാണ് വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ താരിഫ് പരിഷ്കരിച്ച് ഉത്തരവായത്.

**എൽ.ഇ.ഡി. ബൾബുകളുടെ വിതരണം**

155 (3330) <u>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി വകുപ്പിന്റെ സെക്ഷനുകൾ വഴി എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്യുന്നുണ്ടോ ; എങ്കിൽ ആർക്കാണ് ഇതിന്റെ ചുമതല;

(ബി) ഇതിന്റെ വില നിശ്ചയിക്കുന്നത് എങ്ങനെയാണ് ; ഈ ബൾബുകൾക്ക് ഗ്യാരണ്ടിയോ വാറണ്ടിയോ നൽകിയിട്ടുണ്ടോ;

(സി) വൈദ്യുതി ബോർഡിന് ഇലക്ട്രിക് മെറ്റീരിയലുകൾ വാങ്ങുന്നതിന് പർച്ചേഴ്സ് കമ്മിറ്റി നിലവിലുണ്ടോ ; അംഗങ്ങൾ ആരെല്ലാമാണ് ; പർച്ചേസ് രീതി എങ്ങനെയെന്ന് വ്യക്തമാക്കുമോ;

(ഡി) നിലവാരമുള്ളതും ഈട് നിൽക്കുന്നതുമായ ഇലക്ട്രിക് മെറ്റീരിയൽ പർച്ചേസ് ചെയ്യുവാൻ വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ടോ; നിർദ്ദേശം കെ.എസ്.ഇ.ബി. പാലിക്കുന്നുണ്ടോ ;വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്തെ 768 ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകൾക്കാണ് ഇതിന്റെ ചുമതല.

(ബി) നാഷണൽ എൽ.ഇ.ഡി. മിഷൻ പങ്കാളികളായ ഇ.ഇ.എസ്.എൽ. ആണ് പദ്ധതിക്ക് ആവശ്യമായ എൽ.ഇ.ഡി. എത്തിക്കുന്നത്. കേന്ദ്ര പൊതുമേഖലാ സംരംഭമായ ഇ.ഇ.എസ്.എൽ. ടെണ്ടർ മുഖാന്തരം എൽ.ഇ.ഡി.-കൾ വാങ്ങുകയും കെ.എസ്.ഇ.ബി.എൽ. എത്തിച്ചുതരികയും ചെയ്യുന്നു. ഇ.ഇ.എസ്.എൽ. അറിയിക്കുന്ന വിലയുടെ അടിസ്ഥാനത്തിലാണ് എൽ.ഇ.ഡി. വിതരണത്തിനുള്ള വില നിശ്ചയിക്കുന്നത്. ഈ ബൾബുകൾക്ക് 3 വർഷം വാറണ്ടി ഇ.ഇ.എസ്.എൽ. ഉറപ്പ് നൽകിയിട്ടുണ്ട്.

(സി) ഉണ്ട്. പർച്ചേസ് കമ്മിറ്റിയിലെ അംഗങ്ങൾ താഴെപ്പറയുന്നവരാണ്.

1. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ
2. ഡയറക്ടർ (ഫിനാൻസ്)
3. ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ & സേഫ്റ്റി)
4. ഡയറക്ടർ (ട്രാൻസ്മിഷൻ & സിസ്റ്റം ഓപ്പറേഷൻ)
5. ഡയറക്ടർ (കോർപ്പറേറ്റ് പ്ലാനിംഗ് & എസ്.സി.എം.)
6. ഡയറക്ടർ [(ജനറേഷൻ, സിവിൽ & എച്ച്.ആർ.എം.)]
7. ചീഫ് എഞ്ചിനീയർ (എസ്.സി.എം.)
8. ഫിനാൻഷ്യൽ അഡ്വൈസർ.

കേരള സർക്കാരിന്റെ "സ്റ്റോർ പർച്ചേസ് മാനുവലിൽ" പറഞ്ഞിട്ടുള്ള നടപടികളാണ് ആവശ്യമായ സാധന സാമഗ്രികൾ വാങ്ങുമ്പോൾ കെ.എസ്.ഇ.ബി.എൽ. പാലിച്ചുവരുന്നത്. കൂടാതെ പർച്ചേസുമായി ബന്ധപ്പെട്ട ബോർഡ് ഉത്തരവുകളും പാലിച്ചുവരുന്നു. കേന്ദ്രീകൃത സാധനങ്ങൾ കെ.എസ്.ഇ.ബി.എൽ.-ലെ കോർപ്പറേറ്റ് ഓഫീസിലെ ചീഫ് എഞ്ചിനീയർ (എസ്.സി.എം.)-ന്റെ ഓഫീസിൽ നിന്നും വികേന്ദ്രീകൃത സാധനങ്ങൾ അതത്

മേഖലാ ചീഫ് എഞ്ചിനീയർമാരും വാങ്ങുന്നു. അടിയന്തിരമായി ആവശ്യമായ സാധനങ്ങൾ ഫീൽഡ് എഞ്ചിനീയർമാർ അവരുടെ delegation അനുസരിച്ച് വാങ്ങുന്നു.

പ്രസരണ മേഖലയിൽ ആവശ്യമായ സാധന സാമഗ്രികളുടെ പട്ടിക ഡയറക്ടറുടെ (ട്രാൻസ്മിഷൻ & സിസ്റ്റം ഓപ്പറേഷൻ) പക്കൽനിന്നും ശേഖരിക്കുകയും വിതരണ മേഖലയിൽ ആവശ്യമായവ എസ്.സി.എം. സോഫ്റ്റ്‌വെയറിൽ നിന്നും ശേഖരിക്കുകയും തുടർന്ന് ഫുൾടൈം ഡയറക്ടർമാർക്കും ബോർഡിനും സമർപ്പിച്ച് അംഗീകാരവും വാങ്ങുന്നു. സാങ്കേതിക നിബന്ധനകളും സാമ്പത്തികമായി നിഷ്കർഷിക്കുന്ന കാര്യങ്ങളും ഉൾപ്പെടുത്തി ഏകമുഖ/ദ്വിമുഖ ദർഘാസുകൾ ക്ഷണിക്കുന്നു. 1 കോടി രൂപ വരെ വരുന്ന പർച്ചേസുകൾക്ക് ഏകമുഖ ദർഘാസുകൾ ക്ഷണിക്കുന്നു. ദർഘാസുകൾ പരിശോധിച്ചശേഷം ധനകാര്യ ഉപദേഷ്ടാവിന്റെ നിർദ്ദേശങ്ങൾ ലഭിച്ചശേഷം അതത് ചീഫ് എഞ്ചിനീയർമാർ പർച്ചേസ് ഉത്തരവുകൾ നൽകുന്നു.

1 കോടി രൂപയ്ക്കുമേൽ വരുന്ന പർച്ചേസുകൾക്ക് ദ്വിമുഖ ദർഘാസുകൾ ക്ഷണിക്കുന്നു. കിട്ടുന്ന ദർഘാസുകൾ പരിശോധിച്ചശേഷം ധനകാര്യ ഉപദേഷ്ടാവിന്റെ നിർദ്ദേശങ്ങളും വാങ്ങി ആവശ്യമുണ്ടെങ്കിൽ നിയമ ഉപദേശവും വാങ്ങി പ്രീ-ക്വാളിഫിക്കേഷൻ കമ്മിറ്റിക്ക് സമർപ്പിക്കുന്നു. അംഗീകാരം കിട്ടിയ ദർഘാസുകളുടെ price bid നിശ്ചിത തീയതികളിൽ ദർഘാസുകാരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നു. ഇതിൽ 1.5 കോടി രൂപ വരെയുള്ളവ ധനകാര്യ ഉപദേഷ്ടാവിന്റെ നിർദ്ദേശങ്ങൾ ലഭിച്ചശേഷം അതത് ചീഫ് എഞ്ചിനീയർമാർ പർച്ചേസ് ഉത്തരവുകൾ നൽകുന്നു. 1.5 കോടി രൂപയ്ക്ക് മേലുള്ളവ പർച്ചേസ് കമ്മിറ്റിയുടെ അനുമതിക്കായി സമർപ്പിക്കുന്നു. അതിനുള്ള അംഗീകാരം ലഭിച്ചാൽ 10 കോടി രൂപ വരെയുള്ള പർച്ചേസ് ഉത്തരവുകൾ നൽകുന്നു. 10 കോടി രൂപയ്ക്കു മേലുള്ളവ ബോർഡ് ഡയറക്ടർമാരുടെ അനുമതിക്ക് വിടുന്നു. ബോർഡിന്റെ അനുമതി ലഭിച്ചശേഷം പർച്ചേസ് ഉത്തരവുകൾ നൽകുന്നു.

5 ലക്ഷം രൂപയ്ക്കു മേലുള്ള പർച്ചേസുകൾ ഇ-ദർഘാസ് മുഖേനയാണ് വാങ്ങുന്നത്.

(ഡി) ഉണ്ട്. കാലകാലങ്ങളിൽ പരിഷ്കരിക്കുന്ന സാങ്കേതിക നിബന്ധനകളും സാമ്പത്തികമായി നിഷ്കർഷിക്കുന്ന കാര്യങ്ങളും ഉൾപ്പെടുത്തി ഏകമുഖ/ദ്വിമുഖ ദർഘാസുകൾ ക്ഷണിക്കുന്നു. കിട്ടുന്ന ദർഘാസുകളുടെ സാങ്കേതിക നിബന്ധനകളും വാണിജ്യ നിബന്ധനകളും പരിശോധിക്കുകയും ഇവ രണ്ടും ബോർഡ് നിഷ്കർഷിച്ചിട്ടുള്ളതുപോലെ പാലിച്ചിട്ടുള്ള, കുറവ് വില quote ചെയ്ത കമ്പനിക്ക്

പർച്ചേസ് ഉത്തരവുകൾ നൽകുകയും ചെയ്യുന്നു. പർച്ചേസിൽ നിഷ്കർഷിച്ചിട്ടുള്ള സാധന സാമഗ്രികളുടെ ഗുണനിലവാര പരിശോധന ബോർഡിലെ വിദഗ്ധ എഞ്ചിനീയർമാരെ അയച്ച് പരിശോധിക്കുന്നു. ആവശ്യമുള്ളപക്ഷം സാധനങ്ങൾ ലഭ്യമായ ശേഷവും വീണ്ടും ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാകുന്നു. അവരുടെ റിപ്പോർട്ട് പ്രകാരം സാധനങ്ങൾ ഡെലിവർ ചെയ്യാൻ നിർദ്ദേശം കൊടുക്കുന്നു.

**എല്ലാ ലൈനുകൾ അണ്ടർഗ്രൗണ്ട് കേബിൾ വഴിയാക്കുവാൻ നടപടി**

156 (3331) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലാകമാനമുള്ള കൊമേഴ്സ്യൽ, ഗാർഹിക വൈദ്യുതി കണക്ഷനുകൾ ഉൾപ്പെടെ എല്ലാ ലൈനുകളും അണ്ടർഗ്രൗണ്ട് കേബിൾ വഴി കൊടുക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ബി) ഗാർഹിക ആവശ്യത്തിനും കൊമേഴ്സ്യൽ ആവശ്യത്തിനും മറ്റും വൈദ്യുതി കണക്ഷൻ കൊടുക്കുമ്പോൾ പോസ്റ്റിൽ നിന്നും കണക്ഷന് വേണ്ടി വലിയ്ക്കുന്ന സർവ്വീസ് ലൈൻ അണ്ടർ ഗ്രൗണ്ട് കേബിൾ വഴി ഉടമസ്ഥനു നൽകുന്ന അവസ്ഥ ഇപ്പോൾ നിലവിലുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇതിലേയ്ക്ക് വരുന്ന കേബിളിന്റെ വില കെ.എസ്.ഇ. ബോർഡ് എങ്ങനെയാണ് ഈടാക്കുന്നത്; ഉടമസ്ഥന് തന്നെ കെ.എസ്.ഇ. ബോർഡ്-ന്റെ നിർദ്ദേശപ്രകാരം കേബിൾ വാങ്ങി നൽകുവാൻ കഴിയുമോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) വരുംകാലങ്ങളിലെ വികസനം മുന്നിൽകണ്ട് എല്ലാ വൈദ്യുതി ലൈനുകളും അണ്ടർഗ്രൗണ്ട് കേബിൾ വഴിയാക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഓവർഹെഡ് ലൈനുകൾ സ്ഥാപിക്കുന്നതുമായി താരതമ്യം ചെയ്യുമ്പോൾ ഭൂഗർഭ കേബിളുകൾ സ്ഥാപിക്കുന്നത് വളരെയധികം ചെലവേറിയതാണ്. വിതരണ ശൃംഖലയിലുടനീളം ഭൂഗർഭ കേബിളുകൾ സ്ഥാപിക്കുന്നത് വൻ സാമ്പത്തിക ബാദ്ധ്യതയുണ്ടാക്കുമെന്നതിനാൽ പ്രായോഗികമല്ല. ഇതിനാൽ എല്ലാ ലൈനുകളും ഭൂഗർഭ കേബിൾ ഉപയോഗിച്ച് നൽകുന്നത് നടപ്പിലാക്കാൻ സാധിക്കുകയില്ല. സ്ഥിരമായി വൈദ്യുതി തടസ്സമുള്ള സ്ഥലങ്ങളിലും

ഓവർഹെഡ് ലൈനുകൾ വലിക്കുവാൻ സാധിക്കാത്ത സ്ഥലങ്ങളിലും മാത്രമേ ഭൂഗർഭ കേബിളുകൾ സ്ഥാപിക്കുന്നത് ശിപാർശ ചെയ്യാറുള്ളൂ. കേന്ദ്ര പദ്ധതിയായ RAPDRP-യിൽ ഉൾപ്പെടുത്തി തെരഞ്ഞെടുത്ത നഗര പ്രദേശങ്ങളിൽ ഓവർഹെഡ് എച്ച്.റ്റി. ലൈനുകൾ മാറ്റി ഭൂഗർഭ കേബിളുകൾ സ്ഥാപിച്ചുവരുന്നു.

(ബി-ഡി) എൽ.റ്റി. വൈദ്യുതി കണക്ഷൻ കൊടുക്കുമ്പോൾ പോസ്റ്റിൽനിന്നും ഓവർഹെഡ് സർവ്വീസ് വയറിലൂടെ വൈദ്യുതി നൽകുന്നതിനുപകരം അണ്ടർ ഗ്രൗണ്ട് കേബിൾവഴി ഇപ്പോൾ വൈദ്യുതി നൽകാറില്ല. എന്നാൽ ഹൈ ടെൻഷൻ കണക്ഷനുകൾക്കായി കേബിളുകൾ ഉപയോഗിക്കുന്നുണ്ട്. ഇത് സ്വന്തമായി സ്ഥാപിക്കാൻ താൽപ്പര്യമുള്ള ഗുണഭോക്താക്കളെ നിബന്ധനകൾക്ക് വിധേയമായി അനുവദിക്കാറുണ്ട്.

**ഊർജ്ജ വകുപ്പിന്റെ പ്രവൃത്തികൾ**

157 (3332) <u>ശ്രീ. എം. മുകേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ നിലവിൽ വന്ന ശേഷം കൊല്ലം മണ്ഡലത്തിൽ ഊർജ്ജ വകുപ്പ് മുഖാന്തരം നടപ്പിൽ വരുത്തിയതും ഭരണാനുമതി ലഭിച്ചിട്ടുള്ളതും പൂർത്തീകരിച്ചിട്ടുള്ളതുമായ പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

വിവരസാങ്കേതിക വിദ്യയുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

1. വൈദ്യുതി മുടങ്ങുന്നതും എപ്പോൾ തിരികെ ലഭിക്കും എന്നുള്ളതും എസ്.എം.എസ്. മുഖേന ഉപഭോക്താക്കളെ മുൻകൂട്ടി അറിയിക്കുന്നതിനുള്ള ഊർജ്ജ-ദൂത് പദ്ധതി ഉപഭോക്താക്കൾക്ക് 25-10-2016-ന് സമർപ്പിച്ചു. വൈദ്യുതി ശൃംഖലയിൽ മുൻകൂട്ടി ആസൂത്രണം ചെയ്യുന്ന ചില അറ്റകുറ്റപ്പണികൾമൂലം ഉണ്ടാകുന്ന വൈദ്യുതി തടസ്സങ്ങൾ മുൻകൂട്ടി അറിയിക്കാൻ കഴിയുന്നവ അപ്രകാരവും അടിയന്തര ഘട്ടങ്ങളിൽ ഉണ്ടാകുന്നവ അതേ സമയത്തും വൈദ്യുതി എപ്പോൾ തിരികെ ലഭിക്കും എന്നതുൾപ്പെടെ ഉപഭോക്താക്കളെ അറിയിക്കുന്നതാണ് ഊർജ്ജ-ദൂത് പദ്ധതി. തങ്ങളുടെ മൊബൈൽ നമ്പർ രജിസ്റ്റർ ചെയ്യുന്ന എല്ലാ ഉപഭോക്താക്കൾക്കും ഈ സേവനം ലഭ്യമാണ്. കെ.എസ്.ഇ.ബി.എൽ.-ന്റെ വെബ്സൈറ്റ് www.kseb.in വഴിയോ സെക്ഷനോഫീസുകൾ വഴിയോ ഈ സേവനത്തിന് രജിസ്റ്റർ ചെയ്യാവുന്നതാണ്.

2. വൈദ്യുതി ബിൽ സംബന്ധിച്ച വിവരങ്ങൾ-ബിൽ തുക, പിഴ കൂടാതെ പണമടയ്ക്കേണ്ട തീയതി, പിഴയോടുകൂടി പണമടയ്ക്കുന്നതിനുള്ള അവസാന തീയതി തുടങ്ങിയ വിവരങ്ങൾ ഉപഭോക്താക്കളെ എസ്.എം.എസ്. ആയി മൊബൈൽ ഫോൺ വഴിയും ഇ-മെയിലായും അറിയിക്കുന്നതിനുള്ള ഇ-ബില്ലിംഗ് പദ്ധതിയായ 'ഊർജ്ജ സൗഹൃദ' നടപ്പിലാക്കി. കൂടാതെ പണമടയ്ക്കുന്നതിനുള്ള അവസാന തീയതി ഓർമ്മപ്പെടുത്തുന്ന എസ്.എം. എസ്.-ഉം ഉപഭോക്താക്കൾക്ക് ലഭിക്കും. കെ.എസ്.ഇ.ബി.എൽ.-ന്റെ വെബ്സൈറ്റ് www.kseb.in വഴിയോ സെക്ഷനോഫീസുകൾ വഴിയോ ഈ സേവനത്തിന് രജിസ്റ്റർ ചെയ്യാവുന്നതാണ്.

3. പേ.റ്റി.എം. (പേ ത്രൂ മൊബൈൽ), വോഡഫോൺ എം-പെസാ എന്നീ മൊബൈൽ-വാലറ്റുകൾ വഴി വൈദ്യുതി ബില്ലുകൾ അടയ്ക്കുവാനുള്ള സൗകര്യം കെ.എസ്.ഇ.ബി.എൽ. ഏർപ്പെടുത്തിയിട്ടുണ്ട്. ഉപഭോക്താക്കൾക്ക് തങ്ങളുടെ മൊബൈൽ വഴി വൈദ്യുതി ബിൽ തുക മേൽ പറഞ്ഞ വാലറ്റുകളുടെ മൊബൈൽ ആപ്പുകൾ ഉപയോഗിച്ച് അടയ്ക്കാൻ കഴിയും.

4. പുതിയ കണക്ഷൻ ആവശ്യമുള്ള ഉപഭോക്താവിന് അപേക്ഷ ഓൺലൈനിൽ നൽകാനും അപേക്ഷാഫീസ് ഓൺലൈനിൽ അടയ്ക്കാനും സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. കണക്ഷനുവേണ്ടി പോസ്റ്റ് ആവശ്യമില്ലാത്ത ഗാർഹിക ഉപഭോക്താക്കൾക്കും മറ്റ് ലോടെൻഷൻ ഉപഭോക്താക്കൾക്കും അപേക്ഷാ ഫീസിനോടൊപ്പം സെക്യൂരിറ്റി ഡെപ്പോസിറ്റും സർവ്വീസ് കണക്ഷനുവേണ്ട ചെലവും ഓൺലൈനിൽ തന്നെ അടയ്ക്കാൻ കഴിയും. അപേക്ഷയുടെ പ്രിന്റൗട്ടും അപേക്ഷകന്റെ ഫോട്ടോയും മറ്റു രേഖകളും കണക്ഷൻ നൽകാൻ വരുന്ന കെ.എസ്.ഇ.ബി.എൽ. ഉദ്യോഗസ്ഥന്റെ കൈവശം ഏൽപ്പിച്ചാൽ മതിയാകും. അതിനാൽ മേൽപ്പറഞ്ഞ ഉപഭോക്താക്കൾക്ക് സെക്ഷൻ ഓഫീസിൽ വരാതെ തന്നെ സർവ്വീസ് കണക്ഷൻ ലഭിക്കുന്നു. പോസ്റ്റ് ആവശ്യമുള്ള സർവ്വീസ് കണക്ഷനുള്ള ആപ്ലിക്കേഷൻ ഫീസ് അപേക്ഷ നൽകുമ്പോൾതന്നെ ഓൺലൈനായി അടയ്ക്കാൻ കഴിയും. സെക്യൂരിറ്റി ഡെപ്പോസിറ്റും സർവ്വീസ് കണക്ഷനുവേണ്ട ചെലവും സ്ഥല പരിശോധനയ്ക്കുശേഷം ഇ-മെയിൽ വഴിയും എസ്.എം.എസ്. വഴിയും അറിയിക്കുന്നതാണ്. ഈ തുക കെ.എസ്.ഇ.ബി.എൽ.-ന്റെ എല്ലാ സെക്ഷൻ ഓഫീസുകൾവഴിയും അടയ്ക്കാൻ കഴിയും.

5. ഉപഭോക്താക്കൾക്ക് വൈദ്യുതി സംബന്ധമായ സംശയ നിവാരണത്തിനും പരാതികൾ പരിഹരിക്കുന്നതിനും അപകടങ്ങളും മറ്റു അടിയന്തര സാഹചര്യങ്ങളും അറിയിക്കുന്നതിനുംവേണ്ടി 24 മണിക്കൂറും പ്രവർത്തിക്കുന്ന കേന്ദ്രീകൃത ഉപഭോക്തൃ

സേവന സംവിധാനവുമായി ബന്ധപ്പെടാൻവേണ്ടി 1912 എന്ന ടോൾ ഫ്രീ നമ്പർ സംവിധാനവും ഓൺലൈൻ വെബ് സെൽഫ് സർവ്വീസ് (www.wss.kseb.in) സംവിധാനവും നടപ്പിലാക്കി.

6. WhatsApp എന്ന സോഷ്യൽ മീഡിയ സംവിധാനം വഴി 9496001912 എന്ന നമ്പറിൽ ഉപഭോക്താക്കളുടെ പരാതി സ്വീകരിക്കുന്നതിനുള്ള സംവിധാനം.

7. അപ്പാ സി.എസ്.സി. എന്ന ദേശീയ പൊതുസേവന കേന്ദ്രവുമായി യോജിച്ച് പ്രവർത്തിക്കുന്ന ഇന്ത്യയിലെ ഏതു ജനസേവനകേന്ദ്രംവഴിയും വൈദ്യുതി ബിൽ ഓൺലൈനായി അടയ്ക്കുവാനുള്ള സൗകര്യം നടപ്പിലാക്കി.

വിതരണ വിഭാഗത്തിൽ ഭരണാനുമതി ലഭിച്ചതും പൂർത്തിയാക്കിയതുമായ പദ്ധതിയുടെ വിവരങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

കൊല്ലം ഇലക്ട്രിക്കൽ ഡിവിഷൻ ഓഫീസ് മേൽക്കൂരയിൽ 35 KW സൗരോർജ്ജനിലയം നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 110 KW കാവനാട് സബ്സ്റ്റേഷൻ റൂഫ് ടോപ്പിൽ 20 KW സൗരോർജ്ജനിലയം സ്ഥാപിക്കുന്നതിനുള്ള ദർഘാസ് നടപടികൾ പുരോഗമിക്കുന്നു.

**വൈദ്യുതി പ്രസരണ ശൃംഖല മെച്ചപ്പെടുത്തൽ**

158 (3333) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ :
ശ്രീ. ആന്റണി ജോൺ :
ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി പ്രസരണ ശൃംഖല മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) വൈദ്യുതി പ്രസരണശേഷി 400 കെ.വി. ആയി ഉയർത്തുന്നതിന് ട്രാൻസ് ഗ്രിഡ് 2.0 എന്ന പേരിൽ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതിയ്ക്ക് ആകെ എത്ര കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നതെന്നും ഇതിൽ എത്ര കോടി രൂപ കിഫ്ബി-യുടെ ധനസഹായം ലഭിയ്ക്കുമെന്നും വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) ട്രാൻസ്ഗ്രിഡ് 2 പദ്ധതി എന്ന് പൂർത്തീകരിക്കാനാണുദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

ഉത്തരം

(എ & ബി) സംസ്ഥാനത്തിന്റെ ഭാവിയിലെ ഉയർന്ന ഊർജ്ജ ഉപഭോഗം നിറവേറ്റുന്നതിനായി സംസ്ഥാനത്തിന് പുറത്തുനിന്നും കൊണ്ടുവരുന്ന വൈദ്യുതിയെ ആശ്രയിക്കേണ്ടതുണ്ട്. കേരളത്തിന് ഒരു 2000 മെഗാവാട്ടിന്റെ ഊർജ്ജ ഇടനാഴിയുടെയും മറ്റു ചില അന്തർ സംസ്ഥാന പ്രസരണ ലൈനുകളുടെയും അനുമതി ലഭിച്ചിട്ടുണ്ട്. ഇങ്ങനെ ലഭ്യമാകുന്ന അധിക വൈദ്യുതി കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ എത്തിക്കുന്നതിന് കേരളത്തിൽ നിലവിലുള്ള വൈദ്യുതി പ്രസരണ ശൃംഖല അപര്യാപ്തമാണ്.

ഈ പശ്ചാത്തലത്തിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് ഒരു ദീർഘകാല പ്രസരണ പദ്ധതിയായ ട്രാൻസ്ഗ്രിഡ് 2.0-ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസരണ ശൃംഖല ശാക്തീകരിക്കുന്നതിനായി അഞ്ച് വർഷത്തിനുള്ളിൽ വിവിധ വോൾട്ടേജ് നിലവാരത്തിലുള്ള 114 സബ്സ്റ്റേഷനുകളുടെയും 2413 കി. മീറ്റർ ലൈനുകളുടെയും നിർമ്മാണം പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നു. ഈ പദ്ധതിയിൽ പ്രധാനമായും നിലവിലുള്ള ചില സബ്സ്റ്റേഷനുകളെയും ചില ലൈനുകളെയും ഉയർന്ന പ്രസരണ വോൾട്ടേജിലേയ്ക്ക് ഉയർത്തുകയും പ്രസരണ ശൃംഖലയെ ബലപ്പെടുത്തൽ, പ്രസരണശേഷി വർദ്ധിപ്പിക്കൽ, പുതിയ HV സബ്സ്റ്റേഷൻ നിർമ്മാണം, അനുബന്ധ ലൈനുകൾ എന്നിവ ഉൾപ്പെടുന്നു. കൂടാതെ പുതിയ ലൈനുകളുടെയും സബ്സ്റ്റേഷനുകളുടെയും നിർമ്മാണത്തിലൂടെ നിലവിലുള്ള പ്രസരണ ശൃംഖലയും വിതരണ ശൃംഖലയും ഏകോപിപ്പിക്കുന്ന ജോലികളും ഉൾപ്പെടുന്നു.

പുനരുൽപ്പാദന സ്രോതസ്സുകളിൽനിന്നും വലിയ തോതിൽ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയുടെ പ്രസരണം ലക്ഷ്യമിട്ടുകൊണ്ട് ആവിഷ്കരിച്ച പ്രസരണ ശൃംഖല നിർമ്മാണവും മറ്റും ഉൾപ്പെടുത്തിയ ഹരിതോർജ്ജ ഇടനാഴി പദ്ധതിയും ട്രാൻസ്ഗ്രിഡ് 2.0-ൽ ഉൾപ്പെടുന്നു. ട്രാൻസ്ഗ്രിഡ് പദ്ധതിയിൽ 400 കെ.വി.യുടെ 528 CKM ലൈനും 220 കെ. വി.യുടെ 2125 CKM ലൈനും 110 കെ.വി.യുടെ 2089 CKM ലൈനും ഉൾപ്പെടുന്നു. ഇതുകൂടാതെ അഞ്ച് 400 കെ.വി. സബ്സ്റ്റേഷനും ഇരുപത്തിനാല് 220 കെ.വി. സബ്സ്റ്റേഷനും ഉൾപ്പെടുന്നു.

(സി) പദ്ധതിയുടെ പ്രവർത്തനത്തിനു ഒന്നാംഘട്ടത്തിൽ 4,74,577 ലക്ഷം രൂപയും രണ്ടാം ഘട്ടത്തിൽ 1,62,960 ലക്ഷം രൂപയും ഹരിത ഊർജ്ജ ഇടനാഴി പദ്ധതിക്ക് 1,78,800 ലക്ഷം രൂപയുമാണ് ആകെ ചെലവ് പ്രതീക്ഷിക്കുന്നത്.

ഇതുകൂടാതെ മേൽപ്പറഞ്ഞ പദ്ധതിയുടെ പൂർത്തീകരണത്തിനായി നിലവിലുള്ള സബ്സ്റ്റേഷനുകളിൽ അനുബന്ധ ജോലികൾ നടത്തുന്നതിന് 55,000 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. മേൽപ്പറഞ്ഞ പദ്ധതികളിലൂടെ ലഭ്യമാകുന്ന വൈദ്യുതി ഉപഭോക്താക്കളിലേയ്ക്ക് കാര്യക്ഷമമായി എത്തിക്കുന്നതിന് പ്രസരണ ശൃംഖലയും വിതരണ ശൃംഖലയും ഏകോപിപ്പിക്കുന്നതിന് 57,500 ലക്ഷം രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. അങ്ങനെ ആകെ 9,28,837 ലക്ഷം രൂപയാണ് ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിക്കായി ചെലവഴിക്കാൻ ഉദ്ദേശിക്കുന്നത്. ഒന്നാം ഘട്ടം, രണ്ടാം ഘട്ടം വർക്കുകൾക്ക് ആവശ്യമായ 6375 കോടി രൂപയുടെ സാമ്പത്തിക സഹായം കിഫ്ബി (KIIFB)-യുടെ സ്പെഷ്യൽ ഇൻവെസ്റ്റ്മെന്റ് പാക്കേജിൽ ഉൾപ്പെടുത്തി സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. 5200 കോടി രൂപയുടെ വർക്കുകൾക്ക് വ്യവസ്ഥകൾക്കു വിധേയമായി കിഫ്ബിയുടെ ഫണ്ടിനുവേണ്ടി അനുമതി ലഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി 768 കോടി രൂപയുടെ വർക്കുകളുടെ ഡി.പി.ആർ. (Detailed Project Report) കിഫ്ബിയിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

(ഡി) ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിയുടെ ഒന്നാംഘട്ട പദ്ധതിയിൽപ്പെട്ട വർക്കുകൾ 2017-20 കാലയളവിലും രണ്ടാംഘട്ട പദ്ധതികൾ 2020-23-ഓടുകൂടി പൂർത്തീകരിക്കാനുമാണ് ഉദ്ദേശിക്കുന്നത്.

## വൈദ്യുതി ചാർജ്ജ് വർദ്ധന

159 (3334) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ച് ഉത്തരവിറക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത നിരക്ക് വർദ്ധനയിലൂടെ എത്ര കോടി രൂപയുടെ അധിക വരുമാനമാണ് കെ.എസ്.ഇ.ബി. പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത നിരക്ക് വർദ്ധനയിൽ നിന്ന് ഏതെങ്കിലും വിഭാഗങ്ങളെ ഒഴിവാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്. സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ സ്വമേധയാ സ്വീകരിച്ച നടപടിക്രമങ്ങളുടെ ഭാഗമായി 17-4-2017-ലെ ഉത്തരവുപ്രകാരം 18-4-2017 മുതൽ സംസ്ഥാനത്തെ ഏതാനും ചില ലോ ടെൻഷൻ, ഹൈടെൻഷൻ,

എക്സ്ട്രാ ഹൈടെൻഷൻ വിഭാഗത്തിൽപ്പെടുന്ന ഉപഭോക്താക്കളുടെ വൈദ്യുതി നിരക്കുകൾ പരിഷ്കരിക്കുകയുണ്ടായി. കൂടാതെ സംസ്ഥാനത്തെ മറ്റു ലൈസൻസികളുടെ ബൾബ് സപ്ലൈ താരിഫും (BST) ടി ഉത്തരവിലൂടെ വർദ്ധിപ്പിക്കുകയുണ്ടായി. പ്രധാനമായും ഗാർഹിക, വ്യവസായ വിഭാഗത്തിൽപ്പെടുന്ന ഉപഭോക്താക്കളുടെ നിരക്കുകളിലാണ് വർദ്ധനവ് വരുത്തിയിട്ടുള്ളത്.

താരിഫ് പരിഷ്കരണത്തിലൂടെ ഗാർഹിക വിഭാഗം ഉപഭോക്താക്കളുടെ വൈദ്യുതി ചാർജ്ജിനത്തിൽ 3.5 ശതമാനം മുതൽ 10 ശതമാനം വരെ വർദ്ധനവും വ്യാവസായിക ഉപഭോക്താക്കളുടെ താരിഫിൽ 3.45 ശതമാനം മുതൽ 5.75 വരെ വർദ്ധനവും വരുത്തിയിട്ടുണ്ട്. എന്നാൽ പ്രതിമാസം 250 യൂണിറ്റ് വരെ വൈദ്യുതി ഉപയോഗിക്കുന്ന 97 ശതമാനം ഗാർഹിക ഉപഭോക്താക്കൾക്കും 5 ശതമാനത്തിൽ താഴെ മാത്രമേ വർദ്ധനവ് വരുത്തിയിട്ടുള്ളൂ.

(ബി) നിരക്കുവർദ്ധനവിലൂടെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് 2017-18-ലേയ്ക്ക് 550 കോടി രൂപയുടെ അധിക വരുമാനം ഉണ്ടാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

(സി) നിരക്ക് വർദ്ധനവിൽനിന്നും താഴെപ്പറയുന്ന വിഭാഗങ്ങളെ ഒഴിവാക്കിയിട്ടുണ്ട്.

i. താൽക്കാലിക കണക്ഷനുകൾ

ii. കാർഷിക വിഭാഗം ഉപഭോക്താക്കൾ

iii. സർക്കാർ/എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ

iv. ഗവൺമെന്റ് ആശുപത്രികളും അവയോടനുബന്ധിച്ച് ആരോഗ്യ മേഖലയിലുള്ള സ്ഥാപനങ്ങളും

v. ആരാധനാലയങ്ങളും മതപഠന കേന്ദ്രങ്ങളും ആശ്രമങ്ങളും കോൺവെന്റുകളും

vi. കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് കീഴിലുള്ള ഓഫീസുകളും സ്ഥാപനങ്ങളും

vii. വാട്ടർ അതോറിറ്റി, കെ.എസ്.ആർ.ടി.സി. എന്നിവയുടെ ഓഫീസുകൾ

viii. വക്കീലന്മാർ, ചാർട്ടേർഡ് അക്കൗണ്ടന്റുമാർ മുതലായവരുടെ ഓഫീസുകൾ

ix. പോസ്റ്റൽ ഡിപ്പാർട്ട്മെന്റിന് കീഴിലുള്ള ഓഫീസുകളും പോസ്റ്റ് ഓഫീസുകളും

x. ബാങ്കുകൾ, റെയിൽവേ സ്റ്റേഷനുകൾ, എ.ടി.എം. കൗണ്ടറുകൾ

xi. അനാഥാലയങ്ങൾ, അങ്കണവാടികൾ, വൃദ്ധസദനങ്ങൾ, വായനശാലകൾ, പൊതു ശൗചാലയങ്ങൾ, e-toilets.

xii. ലൈബ്രറികളും, റീഡിംഗ് റൂമുകളും

xiii. കേബിൾ ടി.വി. സ്ഥാപനങ്ങൾ, ദൂരദർശൻ/ആകാശവാണിയുടെ ഓഫീസുകൾ, ഇൻഷ്വറൻസ് കമ്പനികൾ.

xiv. നിർമ്മാണ പ്രവർത്തനങ്ങൾ, കമ്പ്യൂട്ടർ ട്രെയിനിംഗ് സ്ഥാപനങ്ങൾ.

xv. എല്ലാത്തരം കച്ചവട സ്ഥാപനങ്ങൾ (100 യൂണിറ്റ് വരെ പ്രതിമാസം ഉപഭോഗമുള്ള ചെറുകിട കച്ചവടക്കാർ ഒഴികെ).

xvi. സിനിമാ തിയേറ്ററുകൾ, ആർട്സ് & സ്പോർട്സ് ക്ലബ്ബുകൾ (200 വാട്ട്സിനു മുകളിൽ കണക്ടഡ് ലോഡുള്ളവ).

xvii. റെയിൽവേ സ്റ്റേഷനുകൾ

xviii. ഹൈടെൻഷൻ വിഭാഗത്തിലുള്ള ഗാർഹിക ഉപഭോക്താക്കൾ.

കൂടാതെ താഴെപ്പറയുന്ന ഉപഭോക്താക്കളുടെ താരിഫിൽ കുറവു വരുത്തിയിട്ടുണ്ട്.

i. ചെറുകിട കുടിവെള്ള പദ്ധതികൾ

ii. ഹൈടെൻഷൻ/എക്സ്ട്രാ ഹൈടെൻഷൻ ഉപഭോക്താക്കളുടെ കോളനികൾ.

iii. നാണ്യ വിളകൾ.

iv. IHRD യുടെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ.

v. ആരോഗ്യ മേഖലയിലുള്ള സ്വകാര്യ സ്ഥാപനങ്ങൾ.

vi. കോൾ സെന്ററുകൾ.

കൂടാതെ പ്രതിമാസം 120 യൂണിറ്റ് വരെ ഉപഭോഗമുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് ആദ്യത്തെ 40 യൂണിറ്റിന് 35 പൈസ നിരക്കിലും തുടർന്നുള്ള 80 യൂണിറ്റിന് 41 മുതൽ 120 യൂണിറ്റ് വരെ 50 പൈസ നിരക്കിലും നൽകി വന്നുകൊണ്ടിരിക്കുന്ന സബ്സിഡി തുടരുന്നു. കൂടാതെ കാർഷിക വിഭാഗം ഉപഭോക്താക്കൾക്ക് യൂണിറ്റൊന്നിന് 85 പൈസ നിരക്കിൽ ഗവൺമെന്റ് സബ്സിഡി നൽകിവരുന്നു. ഇതിനുപുറമേ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളതും പ്രതിമാസം 40 യൂണിറ്റ് വരെ ഉപഭോഗമുള്ളതും 1000 വാട്ട്സ് വരെ കുറഞ്ഞ കണക്ടഡ് ലോഡുള്ള ഉപഭോക്താക്കൾക്കും 1.50 രൂപ നിരക്കിൽ വൈദ്യുതി നൽകി വരുന്നു. 500 വാട്ട്സ് വരെ കണക്ടഡ് ലോഡുള്ളതും പ്രതിമാസം 20 യൂണിറ്റ് വരെ ഉപഭോഗമുള്ള ഉപഭോക്താക്കൾക്ക് വൈദ്യുതി സൗജന്യമായി നൽകിവരുന്നു.

കാസർഗോഡ്, ഹോസ്ദുർഗ് എന്നീ താലൂക്കുകളിലെ എൻഡോസൾഫാൻ ദുരിത ബാധിതർക്ക് പ്രതിമാസം 150 യൂണിറ്റ് വരെ താരതമ്യേന കുറഞ്ഞ നിരക്കായ 1.50 രൂപ നിരക്കിൽ നൽകാൻ തീരുമാനിച്ചിട്ടുണ്ട്.

**പുതുതായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ**

160 (3335) ശ്രീ. വി. ഡി. സതീശൻ :

ശ്രീ. വി. പി. സജീന്ദ്രൻ :

ശ്രീ. എം. വിൻസെന്റ് :

ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി ഉത്പാദന മേഖലയിൽ പുതുതായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ഈ പദ്ധതികൾ നടപ്പിലാക്കുന്നതു വഴി എത്ര മെഗാവാട്ട് വൈദ്യുതി ഉല്പാദനമാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പുതിയതും നിർമ്മാണം നടന്നുവരുന്നതും നിർമ്മാണം മുടങ്ങിക്കിടക്കുന്നതുമായ ജലവൈദ്യുത പദ്ധതികൾ ഏതെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

**ഉത്തരം**

(എ & ബി) സംസ്ഥാനത്ത് വൈദ്യുതി ഉൽപ്പാദന മേഖലയിൽ പുതുതായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ:

| | | | |
|---|---|---|---|
| 1 | പെരുവണ്ണാമൂഴി | 6 MW | 24.7 Mu |
| 2 | പഴശ്ശിസാഗർ | 7.5 MW | 25.46 Mu |
| 3 | വടക്കേപ്പുഴ എക്സ്റ്റൻഷൻ | | 0.7 Mu |
| 4 | അപ്പർ ചെങ്കുളം | 24 MW | 53.22 Mu |
| 5 | ചിന്നാർ | 24 MW | 76.45 Mu |
| 6 | ലാഡ്രം | 3.5 MW | 12.13 Mu |
| 7 | ഓലിക്കൽ | 5 MW | 10.26 Mu |

| | | | |
|---|---|---|---|
| 8 | പൂവാരംതോട് | 3 MW | 5.88 Mu |
| 9 | മാർമ്മല | 7 MW | 23.02 Mu |
| 10 | ചെമ്പുകടവ്-III | 7.5 MW | 17.715 Mu |
| 11 | പീച്ചാട് | 3 MW | 7.74 Mu |
| 12 | വെസ്റ്റേൺ കല്ലാർ | 5 MW | 17.41 Mu |
| 13 | മാരിപ്പുഴ | 6 MW | 14.84 Mu |
| 14 | വളാംതോട് | 7.5 MW | 15.291 Mu |
| 15 | മാങ്കുളം | 40 MW | 82 Mu |
| 16 | ആനക്കയം | 7.5 MW | 22.83 Mu |

ഈ പദ്ധതികൾക്കുപുറമേ 163 MW-ന്റെ ആതിരപ്പിള്ളി പദ്ധതി നടപ്പിലാക്കുന്നതിന് എതിരെയുള്ള എതിർപ്പുകൾ സമവായത്തിലൂടെ പരിഹരിക്കാൻ കഴിയുമോ എന്ന് പരിശോധിക്കുന്നുണ്ട്.

പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽ നിന്നുള്ള ഊർജ്ജ ഉൽപ്പാദനം ലക്ഷ്യമിട്ട് കെ.എസ്.ഇ.ബി.എൽ.-ന്റെ അധീനതയിലുള്ള ഉപയോഗശൂന്യമായ സ്ഥലങ്ങളിലും കെട്ടിടങ്ങളുടെ മേൽക്കൂരകളിലുമായി ഇതുവരെയായി 10.66 മെഗാവാട്ടിന്റെ സൗരോർജ്ജ നിലയങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. 8.26 മെഗാവാട്ട് സൗരോർജ്ജ പദ്ധതികളുടെ നിർമ്മാണം നടന്നുവരുന്നു. 4.71 മെഗാവാട്ട് പദ്ധതികളുടെ ദർഘാസ് നടപടികൾ പുരോഗമിക്കുന്നു. പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

200 മെഗാവാട്ട് സോളാർ പാർക്ക് പദ്ധതിയുടെ ആദ്യഘട്ടമായ 50 മെഗാവാട്ടിന്റെ നിർമ്മാണം അന്തിമഘട്ടത്തിലാണ്. എൻ.ടി.പി.സി.-യുടെ നിയന്ത്രണത്തിൽ കായംകുളത്ത് പ്രവർത്തിക്കുന്ന താപവൈദ്യുതനിലയത്തിന്റെ സമീപത്തായുള്ള ഭൂമിയിൽ 170-ഓളം മെഗാവാട്ട് സോളാർ പദ്ധതി വികസിപ്പിക്കുന്നതിനുള്ള സാദ്ധ്യതാപഠനം നടത്താൻ എൻ.റ്റി.പി.സി.-യോട് ആവശ്യപ്പെട്ടിട്ടുണ്ട്. സർക്കാരിന്റെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ അവരുടെ സഹായത്തോടുകൂടി റൂഫ് ടോപ്പ്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

സോളാർ പദ്ധതി കെ.എസ്.ഇ.ബി.എൽ.-ന്റെ മേൽനോട്ടത്തിൽ നടപ്പിലാക്കാൻ നടപടി എടുത്തുവരുന്നു. സ്വകാര്യ വ്യക്തികൾ സ്ഥാപിക്കുന്ന മേൽക്കൂരയിലെ സൗരോർജ്ജ നിലയങ്ങൾക്ക് ആവശ്യമായ കണക്ടിവിറ്റി സമയബന്ധിതമായി നൽകി വരുന്നു.

കാറ്റിൽ നിന്നുള്ള വൈദ്യുതോൽപ്പാദനത്തിനായി 1 മെഗാവാട്ട് ശേഷിയുള്ള മൈക്രോ വിൻഡ് നിലയം പൂവാർ കടൽത്തീരത്ത് സ്ഥാപിക്കുന്നതിനുള്ള ദർഘാസ് നടപടികൾ പുരോഗമിക്കുന്നു. കൂടാതെ കഞ്ചിക്കോട് നിലവിലുള്ള 9 കാറ്റാടി യന്ത്രങ്ങളിൽ 5 എണ്ണം മാറ്റി പകരം ശേഷി കൂടിയ 5 യന്ത്രങ്ങൾ സ്ഥാപിക്കുന്നതിനും പുതുതായി 2.5 മെഗാവാട്ട് ശേഷിയുള്ള കാറ്റാടി യന്ത്രം സ്ഥാപിക്കുന്നതിനും ദർഘാസ് ക്ഷണിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

ഇ.എം.സി.-യിൽ പ്രവർത്തിക്കുന്ന സ്മാൾ ഹൈഡ്രോ പ്രൊമോഷൻ സെൽ വഴി ചെറുകിട ജലവൈദ്യുത പദ്ധതി നയപ്രകാരം BOOT അടിസ്ഥാനത്തിൽ സ്വകാര്യ സംരംഭകർക്കായി സ്വതന്ത്ര (IPP), ക്യാപ്റ്റീവ് (CPP) വിഭാഗങ്ങളിലായി 47 മെഗാവാട്ട് സ്ഥാപിതശേഷി വരുന്ന 20 പദ്ധതികൾക്ക് അനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത പദ്ധതികളുടെ വിവരം അനുബന്ധമായി* ചേർത്തിരിക്കുന്നു.

അനെർട്ട് മുഖേന 2016-17 വർഷത്തെ പദ്ധതിയുടെ ഭാഗമായി 2 കിലോവാട്ട് വരെ ശേഷിയുള്ള ശൃംഖലാബന്ധിത സോളാർ പവർ പ്ലാന്റുകൾ (ആകെ ശേഷി - 5000 കിലോവാട്ട്) കേന്ദ്ര-സംസ്ഥാന സർക്കാർ സബ്സിഡിയോടെ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും സ്ഥാപിച്ചുനൽകാനും 1 കിലോ വാട്ടുമുതൽ 5 കിലോ വാട്ടുവരെ ശേഷിയുള്ള ഓഫ്ഗ്രിഡ് സോളാർ പവർ പ്ലാന്റുകൾ (ആകെ ശേഷി - 6400 കിലോ വാട്ട്) കേന്ദ്ര-സംസ്ഥാന സർക്കാർ സബ്സിഡിയോടെ സ്ഥാപിച്ചു നൽകാനുമുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു. കൂടാതെ ഇടുക്കി, പാലക്കാട്, വയനാട് ജില്ലകളിലെ ഒറ്റപ്പെട്ട, വിദൂരസ്ഥലങ്ങളായ 2000 വീടുകളിൽ സോളാർ വൈദ്യുതീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. പാലക്കാട് കുഴൽമന്ദത്ത് 2 മെഗാവാട്ടിന്റെ ശൃംഖലാബന്ധിത സൗരോർജ്ജ പവർ പ്ലാന്റ് സ്ഥാപിച്ച് വൈദ്യുതി കെ.എസ്.ഇ.ബി. ഗ്രിഡിലേയ്ക്ക് നൽകിവരുന്നു. 2017-18 സാമ്പത്തിക വർഷം അനെർട്ട് മുഖേന സോളാർ ഫോട്ടോവോൾട്ടായിക് - സോളാർ വിൻഡ് ഹൈബ്രിഡ് പവർ പ്ലാന്റുകൾ (1 മെഗാവാട്ട് മുതൽ 3 മെഗാവാട്ട് വരെ ശേഷിയുള്ളവ) സ്ഥാപിക്കുന്നതിനായി 17.35 കോടി രൂപയുടെ പദ്ധതിയുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

കൂടാതെ 1.4 മെഗാവാട്ട് ആകെ ശേഷിയുള്ള ശൃംഖലാബന്ധിത സോളാർ പവർ പ്ലാന്റുകൾ സർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ സ്ഥാപിക്കുന്നതിനും 10.50 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

2017-18 വർഷത്തെ പദ്ധതിപ്രകാരം ആകെ 4.4 മെഗാവാട്ട് ശേഷിയുള്ള സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. അതോടൊപ്പം പൊതുജന ബോധവൽക്കരണത്തിലൂടെ റൂഫ് ടോപ്പ് പ്ലാന്റുകൾ പ്രോത്സാഹിപ്പിക്കാനും ഉദ്ദേശിക്കുന്നു.

(സി) കെ.എസ്.ഇ.ബി.എൽ.

നിർമ്മാണം പുരോഗമിക്കുന്ന പദ്ധതികൾ

| | | | |
|---|---|---|---|
| 1 | പെരിങ്ങൽകുത്ത് | 24 MW | 45.02 Mu |
| 2 | പള്ളിവാസൽ എക്സ്റ്റൻഷൻ പദ്ധതി | 60 MW | 153.9 Mu |
| 3 | ഭൂതത്താൻ കെട്ട് | 24 MW | 83.5 Mu |
| 4 | പെരുന്തേനരുവി | 6 MW | 25.77 Mu |
| 5 | അപ്പർ കല്ലാർ | 2 MW | 5.14 Mu |
| 6 | കക്കയം | 3 MW | 10.39 Mu |
| 7 | ചെങ്കുളം ഓഗ്മെന്റേഷൻ | | 85 Mu |
| | ആകെ | 119 MW | 408.72 Mu |

a. പുതുതായി നടപ്പിലാക്കുന്നതിന് ആസൂത്രണം ചെയ്ത ജലവൈദ്യുത പദ്ധതികൾ

| | | | |
|---|---|---|---|
| 1 | പെരുവണ്ണാമൂഴി | 6 MW | 24.7 Mu |
| 2 | പഴശ്ശിസാഗർ | 7.5 MW | 25.46 Mu |
| 3 | വടക്കേപ്പുഴ എക്സ്റ്റൻഷൻ | | 0.7 Mu |
| 4 | അപ്പർ ചെങ്കുളം | 24 MW | 53.22 Mu |
| 5 | ചിന്നാർ | 24 MW | 76.45 Mu |
| 6 | ലാഡ്രം | 3.5 MW | 12.13 Mu |
| 7 | ഓലിക്കൽ | 5 MW | 10.26 Mu |

| | | | |
|---|---|---|---|
| 8 | പൂവാരംതോട് | 3 MW | 5.88 Mu |
| 9 | മാർമ്മല | 7 MW | 23.02 Mu |
| 10 | ചെമ്പുകടവ്-III | 7.5 MW | 17.715 Mu |
| 11 | പീച്ചാട് | 3 MW | 7.74 Mu |
| 12 | വെസ്റ്റേൺ കല്ലാർ | 5 MW | 17.41 Mu |
| 13 | മാരിപ്പുഴ | 6 MW | 14.84 Mu |
| 14 | വളാംതോട് | 7.5 MW | 15.291 Mu |
| 15 | മാങ്കുളം | 40 MW | 82 Mu |
| 16 | ആനക്കയം | 7.5 MW | 22.83 Mu |

b. മുടങ്ങിക്കിടക്കുന്ന പദ്ധതികൾ

| | | |
|---|---|---|
| 1 | തോട്ടിയാർ ജലവൈദ്യുത പദ്ധതി | 40 MW, 99 Mu |
| 2 | ചാത്തൻക്കോട്ടുനട 11 ചെറുകിട വൈദ്യുത പദ്ധതികൾ | 6 MW, 14.76 Mu |
| | ആകെ | 46 MW |

ഇ.എം.സി.-യിൽ പ്രവർത്തിക്കുന്ന സ്മാൾ ഹൈഡ്രോ പ്രൊമോഷൻ സെൽവഴി മുൻകാലങ്ങളിൽ നൽകിയ പദ്ധതികളിൽ നിർമ്മാണം നടന്നുവരുന്നതും മുടങ്ങിക്കിടന്നതുമായ ജലവൈദ്യുത പദ്ധതികളുടെ വിവരം അനുബന്ധമായി* ചേർത്തിരിക്കുന്നു.

**കരാർ തൊഴിലാളികൾ**

161 (3336) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിൽ കരാർ തൊഴിലാളികളെ മസ്ദൂർ തസ്തികയിൽ നിയമിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പേരെ നിയമിക്കുന്നതിനാണ് ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത്;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഇത്തരത്തിൽ നിയമിക്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് നിർദ്ദേശിച്ചിട്ടുള്ളത്;

(സി) കരാർ ജീവനക്കാരെ നിയമിക്കുന്നതിന് പ്രത്യേക അനുപാതം നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. 14 ജില്ലകളിലായി 1486 ഒഴിവുകളാണ് PSC-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

(ബി) തിരുവനന്തപുരം ലേബർ കമ്മീഷണർ തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുള്ള അന്തിമ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള അപേക്ഷകരെ suitability test/Interview/ ശാരീരിക ക്ഷമത പരിശോധന എന്നീ നടപടിക്രമങ്ങൾ KPSC മുഖാന്തിരം പൂർത്തീകരിച്ച് communal rotation തത്വങ്ങൾക്ക് വിധേയമായി നിയമത്തിന് പരിഗണിക്കുന്നതാണ്. കെ.എസ്.ഇ.ബി. ലിമിറ്റഡിൽ മസ്ദൂർ നിയമനത്തിനുള്ള ബോർഡ് ഉത്തരവിലെ മാനദണ്ഡങ്ങൾ ഈ നിയമനത്തിനും ബാധകമാണ്. എന്നാൽ ഉയർന്ന പ്രായപരിധിയിലും വിദ്യാഭ്യാസ യോഗ്യതയിലും ഇളവനുവദിച്ചിട്ടുണ്ട്.

(സി) ഉണ്ട്. ID 27/2002 കേസിലെയും അനുബന്ധ കോടതി ഉത്തരവുകളിലെയും വ്യവസ്ഥകൾ പ്രകാരം കെ.എസ്.ഇ.ബി. ലിമിറ്റഡിൽ മസ്ദൂർ തസ്തികയിൽ 15-12-2004-ൽ ഉണ്ടായിരുന്നതും തുടർന്നുള്ള അഞ്ച് വർഷങ്ങളിൽ ഉണ്ടാകുന്നതുമായ ഒഴിവുകളുടെ 25% ആണ് കരാർ ജീവനക്കാരുടെ നിയമനത്തിനായി നീക്കിവച്ചിട്ടുള്ളത്. അപ്രകാരം കണക്കാക്കപ്പെട്ട 1486 ഒഴിവുകളാണ് (ജില്ല തിരിച്ചുള്ളവ) PSC-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

**വൈദ്യുത മേഖലയിലെ ഈ വർഷത്തെ പദ്ധതികൾ**

162 (3337) ശ്രീ. വി. ടി. ബൽറാം :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. കെ.എസ്.ശബരീനാഥൻ :
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം വൈദ്യുത മേഖലയിൽ ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്ന് വിശദീകരിക്കുമോ;

(ബി) ഏതെല്ലാം മേഖലകളിലാണ് പദ്ധതി നടപ്പിലാക്കുന്നതെന്നും ഓരോ മേഖലയിൽ നിന്നും എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഉല്പാദിപ്പിക്കാൻ ലക്ഷ്യമിട്ടിട്ടുള്ളതെന്നും വിവരിക്കുമോ;

(സി) പദ്ധതികൾ നടപ്പിലാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) 2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക പദ്ധതിയിൽ വിതരണ മേഖലയിൽ 750 കോടി രൂപയുടെ പ്രവൃത്തികൾക്ക് കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് അംഗീകാരം നൽകിയിട്ടുണ്ട്. ഈ വാർഷിക പദ്ധതി പ്രകാരം 3,08,977 പുതിയ വൈദ്യുതി കണക്ഷനുകൾ നൽകാനും 2725 കിലോ മീറ്റർ 11 കെ.വി. ലൈൻ, 2954 കിലോ മീറ്റർ എൽ.റ്റി. ലൈൻ എന്നിവ നിർമ്മിക്കുവാനും 2508 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുവാനും 1754 കിലോമീറ്റർ സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ലൈൻ ആക്കി മാറ്റുവാനും 1005 കിലോ മീറ്റർ 11 കെ. വി. ലൈനിന്റെയും 7519 കിലോ മീറ്റർ എൽ.റ്റി. ലൈനിന്റെയും ശേഷി വർദ്ധിപ്പിക്കാനും 14.01 ലക്ഷം കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കുവാനുമാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

വൈദ്യുത മേഖലയിൽ വിവരസാങ്കേതിക വിദ്യയുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് ഈ വർഷം താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഉദ്ദേശിക്കുന്നു.

1. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് പട്ടണങ്ങളിൽ സ്കാഡ കൺട്രോൾ സെന്റർ പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കാനുള്ള പദ്ധതി.

2. ടൗണുകളിൽ ഫേസ്-2 ഐ.ടി. പദ്ധതികൾ നടപ്പിൽ വരുത്തുന്ന പദ്ധതി.

3. എച്ച്.റ്റി./ഇ.എച്ച്.റ്റി. ഉപഭോക്താക്കൾക്കായി ഓട്ടോമേറ്റഡ് മീറ്റർ റീഡിംഗ് (എ.എം.ആർ.) സംവിധാനം നടപ്പിലാക്കാനുള്ള പദ്ധതി.

4. എനർജി ഓഡിറ്റിംഗും ഔട്ടേജ് മോണിറ്ററിംഗും ലക്ഷ്യമാക്കി സംസ്ഥാനമൊട്ടാകെ എച്ച്.റ്റി. ഫീഡറുകളിലും ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകളിലും എ.എം.ആർ. മീറ്ററുകൾ സ്ഥാപിക്കാനുള്ള പദ്ധതി.

5. എന്റർപ്രൈസസ് റിസോഴ്സ് പ്ലാനിംഗ് (ഇ.ആർ.പി.) നടപ്പിൽ വരുത്തുന്ന പദ്ധതി.

6. നാഷണൽ ഇൻഫർമേഷൻ ഇൻഫ്രാസ്ട്രക്ചർ (NII)ഭാഗമായി ഗവൺമെന്റ് ഓഫീസുകളെ ഒപ്റ്റിക്കൽ ഫൈബർ കേബിൾ വഴി ബന്ധിപ്പിക്കാനുള്ള പദ്ധതി.

7. വൈദ്യുതി ബിൽ അടയ്ക്കാനുള്ള സംവിധാനത്തോടെയുള്ള മൊബൈൽ ആപ്ലിക്കേഷൻ ഉപഭോക്താക്കൾക്കായി സമർപ്പിക്കുന്ന പദ്ധതി.

8. തെരഞ്ഞെടുത്ത ഉപഭോക്താക്കൾക്കായി സ്മാർട്ട് മീറ്റർ സംവിധാനം നടപ്പിലാക്കാനുള്ള പദ്ധതി.

9. സ്മാർട്ട് സിറ്റി പ്രദേശത്ത് സ്മാർട്ട് ഗ്രിഡ് സംവിധാനം നടപ്പിലാക്കാനുള്ള പദ്ധതി.

കെ.എസ്.ഇ.ബി.എൽ. നടപ്പിലാക്കിവരുന്ന നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നതും ടെണ്ടർ നടപടികൾ പുരോഗമിക്കുന്നതുമായ സൗരോർജ്ജത്തിൽ നിന്നും കാറ്റിൽനിന്നുമുള്ള പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

2017-18 വർഷം പ്രസരണ വിഭാഗത്തിന് കീഴിൽ വിവിധ വോൾട്ടുകളിലായി 35 സബ്സ്റ്റേഷനുകളും 368 കിലോ മീറ്റർ പ്രസരണ ലൈനുകളും നിർമ്മിക്കാൻ പദ്ധതിയിട്ടിട്ടുണ്ട്. കൂടാതെ പ്രസരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനായി 2017-22 കാലയളവിലായി ട്രാൻസ്ഗ്രിഡ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഈ പദ്ധതിയിൽപ്പെടുത്തി 2017-18 കാലയളവിൽ രണ്ട് 220 കെ.വി. സബ്സ്റ്റേഷനുകളും അനുബന്ധ ലൈനുകളും നിർമ്മിക്കുവാൻ ലക്ഷ്യമിട്ടിട്ടുണ്ട്. നിർമ്മാണം പുരോഗമിക്കുന്ന 6 മെഗാവാട്ട് പൊരുന്തേനരുവി പദ്ധതിയും 3 മെഗാവാട്ടിന്റെ കക്കയം ജലവൈദ്യുത പദ്ധതിയും ഈ വർഷം കമ്മീഷൻ ചെയ്യാൻ സാധിക്കും. ഇതുവഴി 9 മെഗാവാട്ടിന്റെ സ്ഥാപിതശേഷി വർദ്ധനയുണ്ടാകും. കൂടാതെ താഴെപ്പറയുന്ന 37.5 മെഗാവാട്ടിന്റെ പദ്ധതികളുടെ നിർമ്മാണ പ്രവർത്തനം ഈ വർഷം ആരംഭിക്കാൻ ലക്ഷ്യമിടുന്നു.

| | | |
|---|---|---|
| 1 | പെരുവണ്ണാമൂഴി | 6 MW |
| 2 | പഴശ്ശിസാഗർ | 7.5 MW |
| 3 | ചിന്നാർ | 24 MW |
| 4 | വടക്കേപ്പുഴ എക്സ്റ്റൻഷൻ | -- |
| | ആകെ | 37.5 MW |

ഇതിനുപുറമേ താഴെപ്പറയുന്ന പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ ടെണ്ടർ ഈ വർഷം ക്ഷണിക്കാൻ ലക്ഷ്യമിടുന്നുണ്ട് :

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

| | | |
|---|---|---|
| 1 | അപ്പർ ചെങ്കുളം | 24 MW |
| 2 | ലാഡ്രം | 3.5 MW |
| 3 | ഓലിക്കൽ | 5 MW |
| 4 | പൂവാരംതോട് | 3 MW |
| 5 | മാർമ്മല | 7 MW |
| 6 | പീച്ചാട് | 3 MW |
| 7 | മാരിപ്പുഴ | 6 MW |
| 8 | മാങ്കുളം | 40 MW |
| | ആകെ | 91.5 MW |

200 മെഗാവാട്ട് സോളാർ പാർക്ക് പദ്ധതിയുടെ ആദ്യഘട്ടമായ 50 മെഗാവാട്ടിന്റെ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. എൻ.റ്റി.പി.സി.-യുടെ നിയന്ത്രണത്തിൽ കായംകുളത്ത് പ്രവർത്തിക്കുന്ന താപവൈദ്യുത നിലയത്തിന്റെ സമീപത്തായുള്ള ഭൂമിയിൽ 170-ഓളം മെഗാവാട്ട് സോളാർ പദ്ധതി വികസിപ്പിക്കുന്നതിനുള്ള സാദ്ധ്യതാ പഠനം നടത്താൻ എൻ.ടി.പി.സി.-യോട് കെ.എസ്.ഇ.ബി.എൽ. ആവശ്യപ്പെട്ടിട്ടുണ്ട്. സർക്കാരിന്റെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ അവരുടെ സഹായത്തോടുകൂടി റൂഫ് ടോപ്പ് സോളാർ പദ്ധതി കെ.എസ്.ഇ.ബി.എൽ.-ന്റെ മേൽനോട്ടത്തിൽ നടപ്പിലാക്കാൻ നടപടി എടുത്തുവരുന്നു. ജില്ലാ പഞ്ചായത്തുകളുമായി ബന്ധപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 2016-17 സാമ്പത്തിക വർഷത്തിൽ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി, സർക്കാർ കെട്ടിടങ്ങളുടെ മേൽക്കൂരയിൽ ഏകദേശം 3560 കിലോ വാട്ട് ശേഷിയുള്ള 35 കോടി രൂപ മുതൽ മുടക്ക് പ്രതീക്ഷിക്കുന്ന സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിനുള്ള സന്നദ്ധത അറിയിച്ചിട്ടുണ്ട്. കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ 200 മെഗാവാട്ട് ശേഷിയുള്ള സോളാർ പാർക്കിന്റെ അനുമതിക്കായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. സ്വകാര്യ വ്യക്തികൾ സ്ഥാപിക്കുന്ന മേൽക്കൂരയിലെ സൗരോർജ്ജ നിലയങ്ങൾക്ക് ആവശ്യമായ കണക്ടിവിറ്റി സമയബന്ധിതമായി നൽകിവരുന്നു.

കാറ്റിൽ നിന്നുള്ള വൈദ്യുതോൽപ്പാദനത്തിനായി 1 മെഗാവാട്ട് ശേഷിയുള്ള മൈക്രോ വിൻഡ് നിലയം പൂവാർ കടൽത്തീരത്ത് സ്ഥാപിക്കുന്നതിനുള്ള ദർഘാസ്

നടപടികൾ പുരോഗമിക്കുന്നു. കൂടാതെ കഞ്ചിക്കോട് നിലവിലുള്ള 9 കാറ്റാടി യന്ത്രങ്ങളിൽ 5 എണ്ണം മാറ്റി പകരം ശേഷി കൂടിയ 5 യന്ത്രങ്ങൾ സ്ഥാപിക്കുന്നതിനും പുതുതായി 2.5 മെഗാവാട്ട് ശേഷിയുള്ള കാറ്റാടി യന്ത്രം സ്ഥാപിക്കുന്നതിനും ദർഘാസ് ക്ഷണിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

വിതരണ മേഖലയിൽ കേന്ദ്ര പദ്ധതികളായ

1. ഡി.ഡി.യു.ജി.ജെ.വൈ. (ഗ്രാമപ്രദേശങ്ങളിൽ)

2. ഐ.പി.ഡി.എസ്. (നഗര പ്രദേശങ്ങളിൽ) നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

3. ഐ.പി.ഡി.എസ്. പദ്ധതിയിൽപ്പെടുത്തി 5.48 മെഗാവാട്ടിന്റെ സോളാർ പദ്ധതികൾ വഴി വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

എനർജി മാനേജ്മെന്റ് സെന്റർ മുഖേന പത്തനംതിട്ട ജില്ലയിലെ കാരിക്കയം ചെറുകിട ജലവൈദ്യുത പദ്ധതിയുടെ രണ്ടാംഘട്ടമായ 4.5 MW പണി പൂർത്തിയായി കമ്മീഷനിംഗ് ചെയ്യുവാൻ തയ്യാറായിരിക്കുന്നു.

കോഴിക്കോട് ജില്ലയിലെ 8 MW-ന്റെ ആനക്കാംപൊയിൽ, 4.5 MW-ന്റെ അരിപ്പാറ ചെറുകിടജലവൈദ്യുത പദ്ധതി എന്നിവയുടെ നിർമ്മാണപ്രവർത്തനങ്ങൾ തുടങ്ങിക്കഴിഞ്ഞു. 25 പീക്കോ ജലവൈദ്യുത പദ്ധതികൾ കേന്ദ്ര ധനസഹായത്തോടെ ഈ വർഷം പൂർത്തിയാക്കും.

കൃത്രിമമായി ചുഴി സൃഷ്ടിച്ച് വൈദ്യുതി ഉൽപ്പാദിക്കുന്ന നവീന രീതിയിലുള്ള 20 KW vortex ടർബൈൻ ഉപയോഗിച്ചുള്ള ഒരു പൈലറ്റ് മൈക്രോ ജലവൈദ്യുത പദ്ധതി തിരുവനന്തപുരത്ത് കാട്ടുവെട്ടിയിൽ നിർമ്മിക്കാനുള്ള ടെണ്ടർ നടപടികൾ പൂർത്തിയായി വരുന്നു.

ഈച്ചാംപെട്ടിയിൽ (മറയൂരിനടുത്തുള്ള) ആദിവാസി കോളനി വൈദ്യുതീകരിക്കുന്നതിനുള്ള മൈക്രോ ജലവൈദ്യുത പദ്ധതി അടുത്ത മൂന്ന് മാസത്തിനുള്ളിൽ കമ്മീഷൻ ചെയ്യും.

അനെർട്ട് മുഖേന 2016-17 വർഷത്തെ പദ്ധതിയുടെ ഭാഗമായി 2 കിലോവാട്ട് മുതൽ 100 കിലോവാട്ട് വരെ ശേഷിയുള്ള ശൃംഖലാബന്ധിത സോളാർ പവർ പ്ലാന്റുകൾ (ആകെ ശേഷി - 5000 കിലോവാട്ട്) കേന്ദ്ര-സംസ്ഥാന സർക്കാർ സബ്സിഡിയോടെ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും സ്ഥാപിച്ചു നൽകാനും 1 കിലോവാട്ട് മുതൽ 5 കിലോവാട്ട് വരെ ശേഷിയുള്ള ഓഫ് ഗ്രിഡ് സോളാർ

പവർ പ്ലാന്റുകൾ (ആകെ ശേഷി - 6400 കിലോവാട്ട്) കേന്ദ്ര-സംസ്ഥാന സർക്കാർ സബ്സിഡിയോടെ സ്ഥാപിച്ചു നൽകാനുമുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു. കൂടാതെ ഇടുക്കി, പാലക്കാട്, വയനാട് ജില്ലകളിലെ ഒറ്റപ്പെട്ട വിദൂരസ്ഥലങ്ങളിലെ 2000 വീടുകളിൽ സോളാർ വൈദ്യുതീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. പാലക്കാട് കുഴൽമന്ദത്ത് 2 മെഗാവാട്ടിന്റെ ശൃംഖലാബന്ധിത സൗരോർജ്ജ പവർ പ്ലാന്റ് സ്ഥാപിച്ച് വൈദ്യുതി കെ.എസ്.ഇ.ബി. ഗ്രിഡിലേക്ക് നൽകിവരുന്നു. 2017-18 സാമ്പത്തിക വർഷം അനെർട്ട് മുഖേന സോളാർ ഫോട്ടോവാൾട്ടായിക് - സോളാർ വിൻഡ് ഹൈബ്രിഡ് പവർ പ്ലാന്റുകൾ (1 മെഗാവാട്ട് മുതൽ 3 മെഗാവാട്ട് വരെ ശേഷിയുള്ളവ) സ്ഥാപിക്കുന്നതിനായി 17.35 കോടി രൂപയുടെ പദ്ധതിയുണ്ട്. കൂടാതെ 1.4 മെഗാവാട്ട് ആകെ ശേഷിയുള്ള ശൃംഖലാബന്ധിത സോളാർ പവർ പ്ലാന്റുകൾ സർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ സ്ഥാപിക്കുന്നതിനും 10.50 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

2017-18 വർഷത്തെ പദ്ധതിപ്രകാരം ആകെ 4.4 മെഗാവാട്ട് ശേഷിയുള്ള സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. അതോടൊപ്പം പൊതുജന ബോധവൽക്കരണത്തിലൂടെ റൂഫ് ടോപ്പ് പവർ പ്ലാന്റുകൾ പ്രോത്സാഹിപ്പിക്കുവാനും ഉദ്ദേശിക്കുന്നു.

(സി) സ്കാഡ, ഫേസ്-2 ഐ. ടി എന്നീ പദ്ധതികൾക്കുവേണ്ടി ഏതാണ്ട് 100 കോടി രൂപ കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ബാക്കി പദ്ധതികൾ എല്ലാം കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ഫണ്ടുപയോഗിച്ച് നടപ്പിലാക്കുകയും തത്സമയം തന്നെ ഫണ്ട് ലഭ്യതയ്ക്കുവേണ്ടി മറ്റു മാർഗ്ഗം തേടുകയും ചെയ്യുന്നു.

ഏകദേശം 30-ഓളം സബ് സ്റ്റേഷനുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ശേഷിക്കുന്ന സബ് സ്റ്റേഷനുകളുടെ ഭരണാനുമതി നൽകുന്നതിനുള്ള നടപടി എടുത്തുവരുന്നു. ഇവയുടെ നിർമ്മാണത്തിനാവശ്യമായ സാധന സാമഗ്രികൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

i. പാരമ്പര്യേതര ഊർജ്ജ ഉൽപ്പാദനം ത്വരിതപ്പെടുത്തുന്നതിനായി കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ റിന്യൂവബിൾ എനർജി ആൻഡ് എനർജി സേവിംഗ്സ് എന്ന വിഭാഗം രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

ii. കെ.എസ്.ഇ.ബി.എൽ.-ന്റെ ഫണ്ടും കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായവും ലഭ്യമാക്കി വിവിധ പാരമ്പര്യേതര ഊർജ്ജ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

എനർജി മാനേജ്മെന്റ് സെന്റർ മുഖേനയുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനുവേണ്ടി ഭരണാനുമതി നൽകിയ പദ്ധതികൾക്കായുള്ള ഇ-ടെണ്ടർ നടപടികൾ അവസാനഘട്ടത്തിലാണ്.

അനെർട്ട് മുഖേനയുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകുന്നതിനുള്ള പ്രൊപ്പോസലുകൾ പരിശോധിച്ചുവരുന്നു.

## വൈദ്യുതി പ്രതിസന്ധി

163 (3338) <u>ശ്രീ. എൻ.എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ വർഷം പവർകട്ടും ലോഡ് ഷെഡ്ഡിംഗും ഉണ്ടാകാതിരിക്കാൻ എന്തെല്ലാം മുൻകരുതലുകളാണ് എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് ഈ വർഷം എത്ര യൂണിറ്റ് വൈദ്യുതിയുടെ കുറവുണ്ടായെന്നും പ്രതിസന്ധി ഒഴിവാക്കാൻ ആസൂത്രണം ചെയ്ത നടപടികൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ;

(സി) ഡീപ് ലേലം കൊണ്ട് ഉദ്ദേശിക്കുന്നതെന്താണ്;

(ഡി) ഡീപ് ലേലം വഴി നിരന്തരം വൈദ്യുതി ലഭിക്കുമോ: എങ്കിൽ അതേക്കുറിച്ച് വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ലോഡ്ഷെഡ്ഡിംഗും പവർകട്ടും ഉണ്ടാകാതിരിക്കാൻ സംസ്ഥാനത്തിന് പുറത്തുനിന്ന് കൂടുതൽ വൈദ്യുതി കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിലവിലുള്ള കോറിഡോർവഴി സംസ്ഥാനത്തേക്ക് അധിക വൈദ്യുതി കൊണ്ടുവരുന്നതിനായി അരീക്കോട് 400 കെ.വി. സബ്സ്റ്റേഷനിൽ താൽക്കാലികാടിസ്ഥാനത്തിൽ മൂന്നാമതൊരു ട്രാൻസ്ഫോർമർ സ്ഥാപിച്ച് വേനൽ മാസമായ മാർച്ച് ആദ്യവാരം മുതൽതന്നെ കൂടുതൽ വൈദ്യുതി സംസ്ഥാനത്ത് എത്തിക്കാൻ സാധിച്ചു. കാലവർഷക്കുറവുമൂലം ഉണ്ടായേക്കാവുന്ന വൈദ്യുതി പ്രതിസന്ധി തരണം ചെയ്യുവാനായി മദ്ധ്യകാല-ദീർഘകാല കരാറുകൾ മുഖേന (ഡി.ബി.എഫ്.ഒ.ഒ. പ്രകാരം) 2016 ഡിസംബർ മുതൽ ലഭ്യമാക്കേണ്ടി യിരുന്ന വൈദ്യുതി ജൂൺ 2016 മുതൽ ലഭ്യമാക്കുകവഴി ഡാമുകളിൽ വെള്ളം വേനൽ കാലത്തേക്ക് സംഭരിക്കാൻ സാധിച്ചിട്ടുണ്ട്. ഇതുകൂടാതെ സംസ്ഥാനത്തിന് പുറത്തുനിന്നും വൈദ്യുതി കൊണ്ടുവരുന്നതിനുള്ള ദീർഘകാല-ഹ്രസ്വകാല

കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്. 865 മെഗാവാട്ടിന്റെ ദീർഘകാല കരാറും 300 മെഗാവാട്ട് റൗണ്ട് ദ ക്ലോക്ക് അടിസ്ഥാനത്തിലും 100 മെഗാവാട്ട് പീക്ക് സമയത്തും ഹ്രസ്വകാല കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഇതിൽ 315 മെഗാവാട്ട് വൈദ്യുതി ദീർഘകാലാടിസ്ഥാനത്തിൽ 6-12-2016-ൽ ലഭിച്ചു തുടങ്ങി.

1-3-2017 മുതൽ 30-6-2017 വരെ ലഭിക്കേണ്ട 200 മെഗാവാട്ട് ഹ്രസ്വകാല കരാർ അനുസരിച്ച് ലഭിക്കുന്നുണ്ട്. കൂടാതെ മാർച്ച് 2017 മുതൽ മേയ് 2017 അവസാനം വരെ 100 മെഗാവാട്ട് വൈദ്യുതി 24 മണിക്കൂറും 100 മെഗാവാട്ട് രാത്രി 6 മണിക്കൂറും ലഭിക്കുന്ന മറ്റൊരു ഹ്രസ്വകാല കരാർ പ്രകാരം ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്നുണ്ട്. ഇത് കഴിഞ്ഞുള്ള വൈദ്യുതി കമ്മി പവർ എക്സ്ചേഞ്ച്, അൺഷെഡ്യൂൾഡ് ഇന്റർചേഞ്ച്, കപ്പാസിറ്റർ അഡ്ജസ്റ്റ്മെന്റ് എന്നിവ വഴി നികത്താനാണ് ഉദ്ദേശിക്കുന്നത്.

(ബി) സംസ്ഥാനത്ത് ഈ വർഷം ഏകദേശം 3308 ദശലക്ഷം യൂണിറ്റ് വൈദ്യുതിയുടെ കുറവ് ഉണ്ടായിട്ടുണ്ട്. കാലവർഷത്തിലെ കുറവ് മുന്നിൽ കണ്ടുകൊണ്ട് 2016 ആഗസ്റ്റ് മാസം മുതൽ തന്നെ കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭ്യമായ സമയങ്ങളിൽ വാങ്ങിയും മറ്റു സംസ്ഥാനങ്ങൾ വേണ്ടെന്നു വയ്ക്കുന്ന കേന്ദ്ര പൂളിലുള്ള വൈദ്യുതി നിലയങ്ങളിലെ കുറഞ്ഞ നിരക്കിലുള്ള വൈദ്യുതി ലഭ്യമായ സമയങ്ങളിൽ എടുത്ത് ജലവൈദ്യുത ഉൽപ്പാദനം ക്രമീകരിച്ച് പരമാവധി ജലം സംഭരിക്കാനുള്ള ആസൂത്രണം നടത്തിയിരുന്നു.

(സി) ഡീപ്പ് ഇ-ബിഡ്ഡിംഗ് പോർട്ടൽ മുഖാന്തിരം വൈദ്യുതി വാങ്ങുമ്പോൾ വൈദ്യുതിയുടെ യൂണിറ്റ് വില ഇനിഷ്യൽ പ്രൈസ് ഓഫർ, ഇ-റിവേഴ്സ് ഓക്ഷൻ എന്നീ രണ്ടു ഘട്ടങ്ങളിലായി നിശ്ചയിക്കപ്പെടുന്നു. ആദ്യഘട്ടമായ ഇനിഷ്യൽ പ്രൈസ് ഓഫറിൽ ലഭിച്ച ഏറ്റവും കുറഞ്ഞ നിരക്ക് പരസ്യപ്പെടുത്തുകയും അതിലും കുറഞ്ഞ നിരക്ക് വില പറയുന്നതിനായി രണ്ടാം ഘട്ടമായ ഇ-റിവേഴ്സ് ഓക്ഷനിലൂടെ ബിഡ്ഡർമാരെ ക്ഷണിക്കുകയും ചെയ്യുന്നു. അതിനാൽ ബിഡ്ഡർമാർ മത്സര ബുദ്ധിയോടെ ലേലത്തിൽ പങ്കെടുക്കുന്നു. പ്രസ്തുത ബിഡ്ഡിംഗ് പ്രകാരം ലഭിക്കുന്ന വൈദ്യുതിയുടെ നിരക്ക് അതാതു സന്ദർഭങ്ങളിൽ വൈദ്യുതി കമ്പോളത്തിലെ ലഭ്യതയും ആവശ്യകതയും അനുസരിച്ച് മാറിക്കൊണ്ടിരിക്കുന്നതായാണ് കാണുന്നത്. കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭ്യമാക്കുന്ന സാദ്ധ്യത പരമാവധി ഉപയോഗപ്പെടുത്തി വൈദ്യുതി ബോർഡിന്റെ നഷ്ടം കുറയ്ക്കുന്നതിനും നിരക്ക് വർദ്ധന ഒഴിവാക്കുന്നതിനും ഇത് സഹായകമാകും.

(ഡി) ഡീപ്പ് ഇ-ബിഡ്ഡിംഗ് പോർട്ടൽ മുഖാന്തരം ഒരു ദിവസം മുതൽ ഒരു വർഷം വരെയുള്ള ഹ്രസ്വകാല വൈദ്യുതി വാങ്ങലാണ് നടത്തേണ്ടത്.

ഈ പോർട്ടലിലൂടെ നിരന്തരമായി (24 മണിക്കൂറും) പരമാവധി ഒരു വർഷത്തേക്ക് വൈദ്യുതി വാങ്ങാവുന്നതാണ്. പ്രസ്തുത ബിഡ്ഡിംഗ് പ്രകാരം ലഭിക്കുന്ന വൈദ്യുതിയുടെ നിരക്ക് അതാത് സന്ദർഭങ്ങളിൽ വൈദ്യുതി കമ്പോളത്തിലെ ലഭ്യതയും ആവശ്യകതയും അനുസരിച്ച് മാറിക്കൊണ്ടിരിക്കുന്നതായാണ് കാണുന്നത്.

അതിനാൽ വൈദ്യുതിക്ഷാമം നേരിടുന്ന കാലങ്ങളിൽ വൈദ്യുതി ആവശ്യകതയും ലഭ്യതയും വിശദമായി പരിശോധിച്ചും വൈദ്യുതി പുറമേ നിന്നും കൊണ്ടുവരാനുള്ള പ്രസരണലൈനിന്റെ ലഭ്യതയും കണക്കിലെടുത്തുകൊണ്ടാണ് KSEBL ഡീപ്പ് പോർട്ടലിലൂടെ ഒരു വർഷത്തിൽ കുറഞ്ഞ കാലയളവിലേക്ക് ഹ്രസ്വകാല അടിസ്ഥാനത്തിൽ കരാറിൽ ഏർപ്പെടുന്നത്.

**കായംകുളം താപവൈദ്യുത നിലയം**

164 (3339) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം താപവൈദ്യുത നിലയത്തിൽ നിന്ന് ഉദ്പാദിപ്പിക്കുന്ന വൈദ്യുതി സംസ്ഥാനത്തിന് പുറത്തേക്ക് വിൽപ്പന നടത്തുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ യൂണിറ്റ് വില, വാങ്ങുന്ന വ്യക്തി/സ്ഥാപനം തുടങ്ങിയ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഇല്ലെങ്കിൽ നിർബന്ധിതമായി എടുക്കേണ്ട വിലകൂടിയ വൈദ്യുതിക്ക് മറ്റ് ആവശ്യക്കാരുണ്ടോ എന്ന കാര്യം അന്വേഷിച്ചിട്ടുണ്ടോ;

(ഡി) കരാർ പ്രകാരം വെറുതെ പണം നൽകുന്നതിനുപകരം തത്തുല്യമായ തുകയ്ക്കുള്ള വൈദ്യുതി അവിടെ നിന്നെടുക്കാനുള്ള ശ്രമമെങ്കിലും പരീക്ഷണാടിസ്ഥാനത്തിൽ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ?

ഉത്തരം

(എ) കായംകുളം താപനിലയത്തിൽ ഉപയോഗിക്കുന്ന ഇന്ധനമായ നാഫ്തയുടെ വില വളരെ കൂടുതലായതിനാൽ ടി നിലയത്തിൽനിന്നും ഇപ്പോൾ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നില്ല.

(ബി & സി) ബാധകമല്ല.

(ഡി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് എൻ.ടി.പി.സി.യുമായി 6-1-1995-ൽ ഒപ്പുവച്ച വൈദ്യുതി വാങ്ങൽ കരാർപ്രകാരം കായംകുളം

താപവൈദ്യുത നിലയത്തിൽനിന്നും ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയുടെ വില ഫിക്സഡ് ചാർജ്, വേരിയബിൾ ചാർജ് എന്നീ രണ്ടു ഘടകങ്ങൾ ചേർന്നതാണ്. കരാർ പ്രകാരം വൈദ്യുതി വാങ്ങിയില്ലെങ്കിൽക്കൂടി നിലയം നിലനിർത്തിക്കൊണ്ടു പോകുന്നതിന് ചെലവായ തുകയും നിലയം പ്രവർത്തനക്ഷമമാക്കി നിർത്തുന്നതിനുള്ള ചെലവും ചേർന്ന ഫിക്സഡ് ചാർജ് നൽകേണ്ടതാണ്. ഇന്ധനവിലയുടെ അടിസ്ഥാനത്തിലുള്ള വേരിയബിൾ ചാർജ് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നുവെങ്കിൽ മാത്രം നൽകിയാൽ മതി. ഇന്ധനവില വളരെ കൂടുതൽ ആയതുകൊണ്ട് ടി നിലയത്തിൽ നിന്നും ഇപ്പോൾ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നില്ല.

**ആർ.എം.യു., എസ്.സി.എ.ഡി.എ. സംവിധാനങ്ങൾ**

165 (3340) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാര്യക്ഷമമായ വൈദ്യുതി വിതരണത്തിനായുള്ള റിംഗ് മെയിൻ യൂണിറ്റ് (ആർ.എം.യു.) സൂപ്പർ വൈസറി കൺട്രോൾ ആന്റ് ഡേറ്റാ അക്വസിഷൻ (എസ്.സി.എ.ഡി.എ.) എന്നീ സംവിധാനങ്ങൾ സംസ്ഥാനത്ത് എവിടെയെല്ലാമാണ് ഏർപ്പെടുത്തിയിട്ടുള്ളത് : വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

നിലവിൽ SCADA സംവിധാനം ഉപയോഗിച്ച് റിംഗ് മെയിൻ യൂണിറ്റ് (ആർ.എം.യു.)-കളെ നിയന്ത്രിച്ച് കാര്യക്ഷമമായ വൈദ്യുതി വിതരണം സാദ്ധ്യമാക്കുന്ന പദ്ധതി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ നഗരങ്ങളിൽ നടപ്പിലാക്കിവരുന്നു.

RAPDRP കേന്ദ്ര വിഹിതം ഉപയോഗിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണിത്.

ഈ പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

സ്കാഡ ഡിസ്ട്രിബ്യൂഷൻ മാനേജ്മെന്റ് സിസ്റ്റം (SCADA-DMS)

ഊർജ്ജിത ഊർജ്ജ വികസന പരിഷ്കരണ പദ്ധതിയുടെ (RAPDRP) പാർട്ട്-എ-യുടെ ഭാഗമായ സ്കാഡ ഡിസ്ട്രിബ്യൂഷൻ മാനേജ്മെന്റ് സിസ്റ്റം (SCADA-DMS) പദ്ധതിയുടെ പ്രധാന ഘടകങ്ങൾ ചുവടെ ചേർക്കുന്നു:

1. 11 കെ. വി. വൈദ്യുതി സംവിധാനം തത്സമയം വിദൂര നിയന്ത്രണം സാധിക്കാനുതകുന്ന കൺട്രോൾ റൂമുകൾ തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം നഗരങ്ങളിൽ സ്ഥാപിച്ചുവരുന്നു.

2. ദ്രുതഗതിയിൽ വൈദ്യുതി തടസ്സം നീക്കി അതു പുനഃസ്ഥാപിക്കുവാൻ സഹായിക്കുന്നതാണ് സ്കാഡ ഡിസ്ട്രിബ്യൂഷൻ മാനേജ്മെന്റ് സംവിധാനം. വൈദ്യുതി ശൃംഖലയ്ക്ക് തകരാർ സംഭവിച്ച് വൈദ്യുതി മുടങ്ങുന്ന സാഹചര്യത്തിൽ ബദൽ സംവിധാനം പ്രാവർത്തികമാക്കിയാണ് ഉപഭോക്താക്കൾക്ക് ചുരുങ്ങിയ സമയത്തിനുള്ളിൽ വൈദ്യുതി പുനഃസ്ഥാപിക്കുവാൻ സ്കാഡ സിസ്റ്റം മുഖാന്തിരം കഴിയുന്നത്.

3. തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം എന്നീ നഗരങ്ങളിലെ 50 സബ്സ്റ്റേഷനുകൾ വിദൂര നിയന്ത്രിത സംവിധാനം വഴി മോണിട്ടർ ചെയ്യാനും നിയന്ത്രിക്കാനുമുള്ള സംവിധാനം.

4. പ്രസ്തുത നഗരങ്ങളിൽ സ്ഥാപിച്ചുകൊണ്ടിരിക്കുന്ന 11 കെ.വി. ഭൂഗർഭ കേബിൾ ശൃംഖലകൾ വഴിയുള്ള വൈദ്യുതി നിയന്ത്രിക്കുന്ന 3253 റിംഗ് മെയിൻ യൂണിറ്റുകൾ (RMU) കൺട്രോൾ റൂമിൽനിന്നും നിയന്ത്രിക്കുന്ന സംവിധാനം.

5. വൈദ്യുതി തകരാർ സംഭവിച്ച സ്ഥാനം കൺട്രോൾ റൂമിൽ രേഖപ്പെടുത്തുകയും തകരാർ പരിഹരിക്കുന്നതിന് ജീവനക്കാർക്ക് പ്രസ്തുത വിവരം കൈമാറി വേഗം തകരാറ് പരിഹരിക്കാൻ സാദ്ധ്യമാകുന്ന സോഫ്റ്റ്‌വെയർ സംവിധാനം.

6. വൈദ്യുതി നെറ്റ്‌വർക്കിന്റെ തത്സമയ അവസ്ഥ പ്രദർശിപ്പിക്കുന്ന വിഷ്വൽ പ്രൊജക്ഷൻ സിസ്റ്റം മൂന്ന് കൺട്രോൾ റൂമിലും സ്ഥാപിക്കുന്നു.

7. ചേർത്തലയിൽ ഡിസാസ്റ്റർ റിക്കവറി സെന്റർ.

8. വൈദ്യുതി തടസ്സം സംബന്ധിച്ച വിവരങ്ങൾ ഉപഭോക്താക്കൾക്ക് എസ്.എം.എസ്. മുഖേന അറിയിപ്പായി നൽകാൻ സാധിക്കുന്ന സംവിധാനം.

9. വിതരണ ശൃംഖലയിലെ കാര്യക്ഷമമായ പ്രവർത്തനം ഉറപ്പുവരുത്തി ഗുണനിലവാരമുള്ള വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുവാനും ഊർജ്ജ നഷ്ടം ഒഴിവാക്കാനുമുള്ള സംവിധാനം.

10. വൈദ്യുതി സംബന്ധമായ വിവരങ്ങൾ സൂക്ഷിച്ചുവെയ്ക്കാനും ഭാവിയിൽ വിശകലനം ചെയ്ത് തിരുത്തൽ നടപടികൾ ആവിഷ്കരിക്കുവാനുമുള്ള സംവിധാനം.

11. വൈദ്യുതി നിയന്ത്രണ സംവിധാനങ്ങൾ പ്രവർത്തിപ്പിക്കുമ്പോൾ പരിപൂർണ്ണ സുരക്ഷ ഉറപ്പുവരുത്താനുള്ള സംവിധാനം.

12. മെയിന്റനൻസ് ജോലികൾ കാലേക്കൂട്ടി വിഭാവനം ചെയ്ത് ഉപഭോക്താക്കൾക്ക് വൈദ്യുതി തടസ്സം ഒഴിവാക്കാനാവുന്നു.

13. വൈദ്യുതി പ്രവാഹം വിശകലനം (Load Flow Analysis) ചെയ്യാനുള്ള സംവിധാനം.

14. സ്മാർട്ട് മീറ്ററിന്റെയും അനുബന്ധ അത്യാധുനിക ഉപകരണങ്ങളുടെയും സഹായത്തോടെ ഉപഭോക്താക്കൾക്ക് വൈദ്യുതി ഉപഭോഗം നിയന്ത്രിക്കാനും സമയാധിഷ്ഠിത വൈദ്യുതി നിരക്കിന്റെ ആനുകൂല്യം നേടുവാനും സാധിക്കുന്നതാണ്.

**വൈദ്യുതി ചാർജ്ജിനത്തിൽ കുടിശ്ശിക**

166 (3341) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ വൈദ്യുതി ചാർജ്ജിനത്തിൽ കുടിശ്ശിക നല്കാനുള്ള സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) എത്ര തുകയാണ് കുടിശ്ശിക ഇനത്തിൽ ലഭിക്കുവാനുള്ളത്;

(സി) വൈദ്യുതി ചാർജ്ജിനത്തിൽ മാവേലിക്കര മണ്ഡലത്തിൽ കുടിശ്ശികയുള്ള സ്ഥാപനങ്ങളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ഡി) ഇത് പിരിച്ചെടുക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) ആലപ്പുഴ ജില്ലയിൽ വൈദ്യുത ചാർജ്ജ് കുടിശ്ശികയിനത്തിൽ കെ.എസ്.ഇ.ബി.-ക്ക് ലഭിക്കാനുള്ള തുക 5175.14 ലക്ഷം രൂപയാണ്. കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങളുടെ വിവരങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

(സി) വൈദ്യുതി ചാർജ്ജിനത്തിൽ മാവേലിക്കര മണ്ഡലത്തിൽ കുടിശ്ശികയുള്ള സ്ഥാപനങ്ങളുടെ വിവരങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ഡി) കുടിവെള്ള പദ്ധതികൾ തുടങ്ങിയ അത്യാവശ്യ സേവനങ്ങളല്ലാത്ത ഉപഭോക്താക്കളുടെയും കോടതിയിൽ വ്യവഹാരങ്ങളില്ലാത്ത ഉപഭോക്താക്കളുടെയും സർവീസ് കണക്ഷനുകൾ സപ്ലൈകോഡ് 2014-ൽ പരാമർശിച്ചിട്ടുള്ള സമയ പരിധി അനുസരിച്ച് വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുക, കണക്ഷൻ അഴിച്ചുമാറ്റുക തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു. അതിനുശേഷം ഉപഭോക്താവിന്റെ സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും കുടിശ്ശിക തുക വസൂലാക്കാറുണ്ട്. ഇങ്ങനെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

വസൂലാക്കാൻ കഴിയാത്ത സാഹചര്യത്തിൽ റവന്യൂ റിക്കവറി നടപടികൾക്കായി ശിപാർശ നൽകാറുണ്ട്. കൂടാതെ ദീർഘകാല കുടിശ്ശികയുള്ള ഉപഭോക്താക്കളിൽ നിന്നും ഒറ്റത്തവണ തീർപ്പാക്കൽ വഴി കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടി ആവിഷ്കരിച്ചിരുന്നു.

## താപവൈദ്യുതനിലയത്തിനാവശ്യമായ ഇന്ധനം

167 (3342) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം താപവൈദ്യുതനിലയത്തിനാവശ്യമായ ഇന്ധനമെത്തിക്കുന്നതിനുള്ള എൽ.എൻ.ജി. പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം തടസ്സങ്ങളാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ;

(ബി) പ്രതിവർഷം എൻ.ടി.പി.സി. - യ്ക്ക് കെ.എസ്.ഇ.ബോർഡ് ലിമിറ്റഡ് എത്ര കോടി രൂപയാണ് നൽകുന്നത്;

(സി) കായംകുളം വൈദ്യുതി നിലയം സംസ്ഥാന സർക്കാർ ഏറ്റെടുക്കാൻ പദ്ധതിയുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കേന്ദ്ര ഏജൻസിയായ ഗ്യാസ് അതോറിറ്റി ഓഫ് ഇന്ത്യക്കാണ് കായംകുളം താപവൈദ്യുതനിലയത്തിനാവശ്യമായ ഇന്ധനമെത്തിക്കുന്നതിനുള്ള എൽ.എൻ.ജി. പൈപ് ലൈൻ സ്ഥാപിക്കുന്നതിനുള്ള ചുമതല.

(ബി) 2016-17 വർഷം 216.52 കോടി രൂപ എൻ.ടി.പി.സി.-ക്ക് നൽകിയിട്ടുണ്ട്.

(സി) പദ്ധതി സംസ്ഥാനം ഏറ്റെടുക്കുന്നതു സംബന്ധിച്ച് ആലോചിക്കണമെന്ന് സംസ്ഥാന വൈദ്യുതി മന്ത്രി കേന്ദ്ര ഊർജ്ജ മന്ത്രിയെ സന്ദർശിച്ച സമയത്ത് കേന്ദ്ര ഊർജ്ജമന്ത്രി നിർദ്ദേശിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ തീരുമാനങ്ങളൊന്നും എടുത്തിട്ടില്ല.

## സബ്സ്റ്റേഷന്റെ ശേഷി ഉയർത്തൽ

168 (3343) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി മണ്ഡലത്തിലെ തമ്പലമണ്ണ കെ.എസ്.ഇ. ബി. 33 കെ. വി. സബ്സ്റ്റേഷന്റെ ശേഷി വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) പരിഗണനയിലുണ്ട്.

(ബി) തമ്പലമണ്ണ 33 കെ.വി. സബ് സ്റ്റേഷനെ 110 കെ. വി. ആയി ഉയർത്തുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. 2018-19-ൽ പൂർത്തീകരിക്കുന്ന തിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

**കൽക്കരി ഉപയോഗിച്ചുള്ള വൈദ്യുതോൽപ്പാദനം**

169 (3344) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്.തോമസ് :
ഡോ.എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽക്കരി ഉപയോഗിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്ന പദ്ധതിയ്ക്ക് സർക്കാർ ലക്ഷ്യമിടുന്നുണ്ടോ; ഇതുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാരുമായോ ഇതരസംസ്ഥാന ങ്ങളുമായോ എന്തെങ്കിലും ധാരണാപത്രം ഒപ്പുവെച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത പദ്ധതിയെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; ഇത് എത്രത്തോളം ലാഭകരമാണ്; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ & ബി) ഒരു താപനിലയം സ്ഥാപിക്കുമെന്നുള്ളത് സർക്കാരിന്റെ ലക്ഷ്യമായി പ്രഖ്യാപിച്ചിട്ടുള്ള പ്രകടന പത്രികയിൽ ഉൾക്കൊള്ളിച്ച വിഷയമാണ്. താപനിലയത്തിന്റെ ഇന്ധനമായി കൽക്കരി ഉപയോഗപ്പെടുത്തണമോ മറ്റെന്തെങ്കിലും ഇന്ധന സാദ്ധ്യതയുണ്ടോ എന്നത് സംബന്ധിച്ച് തീരുമാനമൊന്നും എടുത്തിട്ടില്ല. ബൈതരണി കൽക്കരിപ്പാടത്തിന് തന്ന അനുമതി അസാധുവായതിനെത്തുടർന്ന് ഈ വിഷയത്തിലുള്ള ചർച്ചകൾ സജീവമല്ല.

ചീമേനിയിൽ കൽക്കരി ഉപയോഗിച്ച് (3x660=1980 MW)പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ട സാദ്ധ്യതാപഠനം പൂർത്തിയാക്കി DPR (Detailed Project Report) 2010-ൽ തയ്യാറാക്കിയിരുന്നു. അതിൽ 2016 മുതൽ 25 വർഷം വരെയുള്ള പ്രവർത്തന കാലഘട്ടത്തിലേക്കുള്ള ലെവലൈസ്ഡ് താരിഫ് കണക്കാക്കിയിട്ടുള്ളത് 3.30/unit ആണ്.

## പവർകട്ട് ഇല്ലാതാക്കൽ

170 (3345) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലെ വേനലും മഴലഭ്യതയില്ലായ്മയും കാരണം ഉണ്ടായ ജല ദൗർലഭ്യം വൈദ്യുതോല്പാദനത്തെ ബാധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇനി എത്ര ദിവസത്തെ വൈദ്യുതോല്പാദനത്തിനുള്ള ജലലഭ്യത സംസ്ഥാനത്തെ ജല സംഭരണികളിൽ ഉണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് നിലവിലുള്ള ജല ദൗർലഭ്യം പരിഗണിച്ച് മറ്റേതെല്ലാം മേഖലകളിൽ നിന്ന് വൈദ്യുതി ലഭ്യമാക്കി പവർകട്ട് ഇല്ലാതാക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്തെ നിലവിലെ വേനലും മഴക്കുറവും സംസ്ഥാനത്തെ വൈദ്യുതോൽപ്പാദനത്തെ സാരമായി ബാധിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ഈ വർഷം (ജലവർഷം) (2016 ജൂൺ മുതൽ 2017 മേയ് വരെ) പ്രതീക്ഷിച്ച നീരൊഴുക്കിന്റെ ഏകദേശം 50% മാത്രമാണ് ലഭ്യമായിട്ടുള്ളത്. ഏകദേശം 3308 ദശലക്ഷം യൂണിറ്റിന്റെ കുറവുണ്ട് (1-5-2017-ലെ കണക്കുപ്രകാരം)

(ബി) 3-5-2017-ലെ കണക്കുപ്രകാരം ഏകദേശം 792 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കുവാനുള്ള വെള്ളം സംസ്ഥാനത്തെ ജലസംഭരണി കളിലുണ്ട്. ജൂൺ മാസം 1-ാം തീയതി വരെയുള്ള ഉൽപ്പാദനത്തിനും അതിനുശേഷം കാലവർഷം ശക്തിപ്പെടുന്നതുവരെയുള്ള ഉപഭോഗത്തിനായി ഏകദേശം 450 ദശലക്ഷം യൂണിറ്റ് നീക്കിയിരിപ്പിനുമുള്ള രീതിയിലാണ് ഉൽപ്പാദനം ക്രമീകരിച്ചിരിക്കുന്നത്.

(സി) KSEBL സംസ്ഥാനത്തിന് പുറത്തുനിന്നും വൈദ്യുതി കൊണ്ടുവരുന്ന തിനുള്ള ദീർഘകാല-ഹ്രസ്വകാല കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്. അതായത് 865 മെഗാവാട്ടിന്റെ ദീർഘകാല കരാറും 300 മെഗാവാട്ട് റൗണ്ട് ദ ക്ലോക്ക് അടിസ്ഥാനത്തിലും 100 മെഗാവാട്ട് പീക്ക് സമയത്തും ഹ്രസ്വകാല കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഇതിൽ 315 മെഗാവാട്ട് വൈദ്യുതി ദീർഘകാലാടിസ്ഥാനത്തിൽ 6-12-2016-ൽ ലഭിച്ചുതുടങ്ങി. 1-3-2017 മുതൽ 30-6-2017 വരെ ലഭിക്കേണ്ട 200 മെഗാവാട്ട് ഹ്രസ്വകാല കരാർ അനുസരിച്ച് ലഭിക്കുന്നുണ്ട്. കൂടാതെ മാർച്ച് 2017 മുതൽ മേയ് 2017 അവസാനം വരെ 100 മെഗാവാട്ട് വൈദ്യുതി 24 മണിക്കൂറും 100 മെഗാവാട്ട് രാത്രി 6 മണിക്കൂറും ലഭിക്കുന്ന മറ്റൊരു ഹ്രസ്വകാല കരാറുപ്രകാരവും ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്നുണ്ട്.

## കെ.എസ്.ഇ.ബി.-യുടെ ഉടമസ്ഥതയിലുള്ള ഭൂമി

171 (3346) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാറിൽ കെ.എസ്.ഇ.ബി.-യുടെ ഉടമസ്ഥതയിൽ എത്ര ഏക്കർ ഭൂമിയുണ്ട്; ഇതിന്റെ വിശദാംശങ്ങൾ ഏക്കർ തിരിച്ച് സ്ഥലപ്പേരുകൾ സഹിതം വെളിപ്പെടുത്തുമോ;

(ബി) ഇതിൽ ഏതെല്ലാം സ്ഥലങ്ങൾ കയ്യേറ്റംമൂലം നഷ്ടപ്പെട്ടിട്ടുണ്ട്; ഇത് എവിടെയെല്ലാമാണെന്നും എത്ര ഏക്കർ ഭൂമിയാണ് കയ്യേറിയതെന്നും കയ്യേറ്റക്കാരുടെ വിശദാംശങ്ങൾ സഹിതം വെളിപ്പെടുത്തുമോ;

(സി) മൂന്നാറിൽ കെ.എസ്.ഇ.ബി.-യുടെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ പേരിൽ എത്ര കേസുകൾ ഏതെല്ലാം കോടതികളിൽ നിലവിലുണ്ടെന്നും എന്നുമുതലാണ് കേസ് ഓരോന്നും നടത്തിവരുന്നതെന്നുമുള്ള വിവരങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) ഏതെങ്കിലും ഭൂമി നാളിതുവരെ തിരിച്ച് പിടിയ്ക്കാൻ സാധിച്ചിട്ടുണ്ടോ; വിശാദംശങ്ങൾ വെളിപ്പെടുത്തുമോ;

(ഇ) ഏതെങ്കിലും പ്രമുഖ വ്യക്തികളോ രാഷ്ട്രീയ നേതാക്കളോ കെ.എസ്.ഇ.ബി.-യുടെ ഭൂമി കൈയ്യേറിയതായി മനസ്സിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇവർ ആരാണെന്നും മറ്റുമുള്ള വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) മൂന്നാറിൽ കെ.എസ്.ഇ.ബി.യുടെ ഉടമസ്ഥതയിൽ വിവിധ സർവ്വേ നമ്പറുകളിലായി 10.927 ഹെക്ടർ (27 ഏക്കർ) ഭൂമിയുടെ പട്ടിക അനുബന്ധമായി* ചേർത്തിരിക്കുന്നു. മേൽപ്പറഞ്ഞത് കൂടാതെ പള്ളിവാസൽ വിപുലീകരണ പദ്ധതിയുമായി ബന്ധപ്പെട്ട് ഏറ്റെടുത്ത പട്ടയമുള്ളതും ഇല്ലാത്തതുമായ 10.0533 ഹെക്ടർ (24.83 ഏക്കർ) ഭൂമി കെ.എസ്.ഇ.ബി.യുടെ ഉടമസ്ഥതയിലുണ്ട്. ആയതിൽ പള്ളിവാസൽ വില്ലേജിൽ 7.9633 ഹെക്ടർ (19.67 ഏക്കർ), കെ.ഡി.എച്ച്. വില്ലേജിൽ 2.09 ഹെക്ടർ (5.16 ഏക്കർ) ഉൾപ്പെടുന്നു. ഇത് കൂടാതെ ജനറേഷൻ സർക്കിൾ ചിത്തിരപുരത്തിന്റെ കീഴിലും ഭൂമിയുണ്ട്.

(ബി) മൂന്നാർ കണ്ണൻ ദേവൻ ഹിൽ വില്ലേജിൽ സർവ്വേ നമ്പർ (843 A & B 212) 56 കയ്യേറ്റങ്ങളിലായി ഉദ്ദേശം 6 ഏക്കർ സ്ഥലം അന്യാധീനപ്പെട്ടിട്ടുണ്ട്. ഇതിന്റെ വിവരങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) ബഹുമാനപ്പെട്ട ഹൈക്കോടതിയിലും കീഴ്ക്കോടതിയിലുമായി 27 കേസുകൾ നിലവിലുണ്ട്. ലിസ്റ്റ് അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ഡി) ഇല്ല.

(ഇ) ബോർഡിന്റെ കൈവശമുള്ള രേഖകൾ പ്രകാരം പ്രമുഖ വ്യക്തികളോ രാഷ്ട്രീയ നേതാക്കളോ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ഭൂമി കയ്യേറിയതായി കണ്ടെത്തിയിട്ടില്ല.

## വൈദ്യുതി ളുണകൾ ലഭിക്കാൻ കാലതാമസം

172 (3347) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ വൈദ്യുതി വിതരണത്തിനുള്ള ളുണകൾ ലഭ്യമാക്കുന്നതിനുള്ള കാലതാമസം കാരണം കണക്ഷൻ നൽകാൻ കാലതാമസം വരുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ & ബി) കാസർഗോഡ് ജില്ലയിൽ വൈദ്യുത ളുണകളുടെ കുറവുകാരണം കണക്ഷൻ നൽകുന്നതിന് കാലതാമസം വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിന് മറ്റു സർക്കിളുകളിൽനിന്ന് വൈദ്യുതി ളുണകൾ മാറ്റി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## വൈദ്യുതി തടസ്സത്തിന് പരിഹാരം

173 (3348) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വകുപ്പ് മന്ത്രി വിളിച്ചുചേർത്ത കോഴിക്കോട് വച്ച് നടന്ന യോഗത്തിൽ കൊയിലാണ്ടി മണ്ഡലത്തിന്റെ ആവശ്യങ്ങളായി അവതരിപ്പിക്കപ്പെട്ടത് എന്തെല്ലാം കാര്യങ്ങളായിരുന്നു എന്നത് വിശദമാക്കാമോ;

(ബി) ഈ ആവശ്യങ്ങളിൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ;

(സി) കൊയിലാണ്ടി നഗരത്തിലെ വൈദ്യുതി തടസ്സത്തിന് പരിഹാരമായി കൊയിലാണ്ടിയിൽ 110 കെ.വി. സബ് സ്റ്റേഷൻ ആരംഭിക്കണമെന്ന ആവശ്യത്തിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) 30-7-2016-ന് ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി കോഴിക്കോട് വച്ച് നടത്തിയ യോഗത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണ പ്രവൃത്തികൾ കൂടാതെ കൊയിലാണ്ടി മണ്ഡലവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന വിഷയങ്ങൾ അവതരിപ്പിക്കപ്പെട്ടു.

1. കൊയിലാണ്ടിയിലെ വൈദ്യുതി തടസ്സങ്ങൾ പരിഹരിക്കുന്നതിന് കൊയിലാണ്ടിയിലേക്ക് ഒരു ഡെഡിക്കേറ്റഡ് ഫീഡറിന്റെ ആവശ്യകതയും നിലവിലുള്ള ചെങ്ങോട്ടുകാവ്, ചിങ്ങപുരം, നന്ദി, കൊയിലാണ്ടി ഫീഡറുകൾ ഓവർലോഡാണെന്നതും റെയിൽവേയുടെ അനുവാദത്തോടുകൂടി ഓവർ ബ്രിഡ്ജിൽക്കൂടി ഭൂഗർഭകേബിൾ വലിച്ചാൽ ഡെഡിക്കേറ്റഡ് ഫീഡർ സാദ്ധ്യമാകുന്നതാണ് എന്നതും ചൂണ്ടിക്കാണിക്കുകയുണ്ടായി.

2. കൊയിലാണ്ടി മിനി സിവിൽ സ്റ്റേഷനടുത്ത് ഇറിഗേഷൻ വകുപ്പിന്റെ സ്ഥലം കെ.എസ്.ഇ.ബി. ഏറ്റെടുത്ത് അവിടെ ഒരു സബ്സ്റ്റേഷൻ അനുവദിക്കണം എന്നതും അതിനോട് ചേർന്ന് കെട്ടിടമുണ്ടാക്കി ഇപ്പോൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കൊയിലാണ്ടി നോർത്ത് സെക്ഷനും കൊയിലാണ്ടി സബ്ഡിവിഷൻ ഓഫീസും ഷിഫ്റ്റ് ചെയ്യണം എന്നതും.

3. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കൊയിലാണ്ടി സൗത്ത് സെക്ഷനെയും ബോർഡിന്റെ സ്വന്തം കെട്ടിടത്തിലേക്ക് മാറ്റണം എന്ന ആവശ്യം.

4. കൊയിലാണ്ടി സൗത്ത് സെക്ഷൻ വിഭജിച്ച് ചെങ്ങോട്ടുകാവ് ആസ്ഥാനമായി പുതിയ സെക്ഷൻ ഓഫീസും കൊയിലാണ്ടി ആസ്ഥാനമാക്കി ഒരു ഡിവിഷൻ ഓഫീസും രൂപീകരിക്കണം എന്ന ആവശ്യം.

5. നിലവിലുള്ള 110 കെ.വി. കൊയിലാണ്ടി സബ്സ്റ്റേഷനിൽ നിന്നും റെയിൽ കടന്ന് കൂടുതൽ ഫീഡറുകൾ നിർമ്മിച്ച് വൈദ്യുതി തടസ്സങ്ങൾ പരിഹരിക്കുക, പുതിയ ഒരു സബ്സ്റ്റേഷൻ ടൗണിൽ സ്ഥാപിക്കുക.

(ബി) 110 കെ.വി. കന്നൂർ സബ്സ്റ്റേഷനിൽനിന്നും പന്തലായനി പ്രദേശത്ത് വരെ നിർമ്മിച്ചിട്ടുള്ള 11 കെ.വി. നന്ദി ഫീഡർ റെയിൽ ക്രോസ്സ് ചെയ്ത് കൊയിലാണ്ടി ടൗണിൽ എത്തിക്കുന്ന പ്രവൃത്തി (നന്ദി ഫീഡറിന്റെയും കൊയിലാണ്ടി ഫീഡറിന്റെയും ഇന്റർലിങ്കിംഗ് പ്രവൃത്തി) പൂർത്തീകരിച്ചു. റെയിൽവേയുടെ

അനുമതി കിട്ടിയാലുടൻ ഫീഡർ എനർജൈസ് ചെയ്ത് കൊയിലാണ്ടി ടൗണിൽ വൈദ്യുതി വിതരണം കാര്യക്ഷമമായി നടത്താൻ സാധിക്കും. നിലവിൽ ഓവർഹെഡ് ലൈനായി നിർമ്മിച്ചിരിക്കുന്ന കൊയിലാണ്ടി ഫീഡറിൽ വൈദ്യുതി തടസ്സം സ്ഥിരമായി ഉണ്ടാകുന്നതിനാൽ ഇതിനുപകരമായി ഭൂഗർഭ കേബിൾ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ഇത് റെയിൽവേ ഓവർബ്രിഡ്ജ് വഴി കടന്നുപോകേണ്ടതിനാൽ റെയിൽവേയുടെ അനുമതി ആവശ്യമാണ്. ഇതുസംബന്ധിച്ച പ്രൊപ്പോസൽ റെയിൽവേയുടെ അനുമതിക്കായി അയച്ചിട്ടുണ്ട്. ഇതുകൂടാതെ കൊയിലാണ്ടി ഹാർബറിലേക്ക് മാത്രമായി 11 കെ.വി. ABC (Arial Bunched Cable) നിർമ്മിക്കുന്ന പ്രവൃത്തി 2017-18-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1. ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിന്റെ കൈവശമുള്ള സ്ഥലം സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനായി ലഭിക്കുകയാണെങ്കിൽ ടി സ്ഥലത്ത് വിതരണ വിഭാഗം ഓഫീസുകൾകൂടി മാറ്റി സ്ഥാപിക്കുന്ന കാര്യം ആലോചിക്കുന്നതാണ്.

2. സെക്ഷൻ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനുള്ള സ്ഥലം പഞ്ചായത്തോ വ്യക്തികൾ/സംഘടനകളോ സൗജന്യമായി ലഭ്യമാക്കുകയാണെങ്കിൽ ടി സ്ഥലത്ത് വടകര സൗത്ത് സെക്ഷൻ ഓഫീസിനായി സ്വന്തം കെട്ടിടം നിർമ്മിക്കുന്ന കാര്യം ആലോചിക്കാവുന്നതാണ്.

3. പുതിയ ഓഫീസുകൾ അനുവദിക്കുന്നതിനുപകരം നിലവിലുള്ള ഓഫീസുകളിലെ കസ്റ്റമർ കെയർ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനും നിലവിലുള്ള ഓഫീസുകൾ പുനഃക്രമീകരിച്ച് ഉപഭോക്താക്കൾക്കുള്ള സേവനം മെച്ചപ്പെടുത്തുന്നതിനുമാണ് ബോർഡ് മുൻഗണന നൽകിവരുന്നത്. ഇതിനാൽ കൊയിലാണ്ടി സൗത്ത് സെക്ഷൻ വിഭജനം, കൊയിലാണ്ടി ഡിവിഷൻ ഓഫീസ് രൂപീകരണം എന്നിവ ഇപ്പോൾ പരിഗണിക്കാൻ സാധിക്കുകയില്ല.

4. കൊയിലാണ്ടി 110 കെ.വി. സബ്സ്റ്റേഷനിൽനിന്നും കൂടുതൽ ഫീഡറുകൾ നൽകുന്നതിനായി 10 പാനൽ സെറ്റ് മാറ്റി 15 പാനൽ സെറ്റ് സ്ഥാപിച്ചുകൊണ്ടിരിക്കുന്നു. ഒരു മാസത്തിനകം പണി പൂർത്തിയാകും.

5. സബ്സ്റ്റേഷനുവേണ്ടി ജലസേചന വകുപ്പിന്റെ കീഴിലുള്ള സ്ഥലം കൈമാറ്റം ചെയ്യുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുവാൻ ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

6. വടകര-കൊയിലാണ്ടി ലൈൻ ഇരട്ടിപ്പിക്കുന്ന പ്രവൃത്തി അന്തിമഘട്ടത്തിലാണ്. ഒരു മാസത്തിനകം പൂർത്തിയാകും.

(സി) ജലസേചന വകുപ്പിന്റെ സ്ഥലം സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനായി കൈമാറ്റം ചെയ്യുന്നതിന് വകുപ്പുതല കൈമാറ്റ നടപടികൾ സ്വീകരിച്ചുവരുന്നു.

## സമ്പൂർണ്ണ വൈദ്യുതീകരണ മണ്ഡലം

174 (3349) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തെ സമ്പൂർണ്ണ വൈദ്യുതീകരണ മണ്ഡലമായി പ്രഖ്യാപിക്കുന്നതിനായി നടന്നുവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) ഇതിന്റെ ഭാഗമായി ഇതു വരെ എത്ര അപേക്ഷകൾ കെ.എസ്.ഇ.ബി.-യുടെ വിവിധ സെക്ഷനുകളിൽ ലഭിച്ചു; എത്ര പേർക്ക് ഇതിനകം കണക്ഷൻ നൽകി; ഇനി എത്ര പേരുടെ അപേക്ഷകളിൽ കണക്ഷൻ നൽകാനുണ്ട്;

(സി) മണ്ഡലത്തെ എന്ന് സമ്പൂർണ്ണ വൈദ്യുതികരണ മണ്ഡലമായി പ്രഖ്യാപിക്കും; വിശദമാക്കുമോ?

ഉത്തരം

(എ & ബി) 5-5-2017-ലെ കണക്കുകൾപ്രകാരം സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ ഭാഗമായി കൊയിലാണ്ടി മണ്ഡലത്തിൽ ലഭിച്ച 1316 അപേക്ഷകളിൽ 1314 വീടുകൾക്കും വൈദ്യുത കണക്ഷൻ നൽകിയിട്ടുണ്ട്. പ്രസ്തുത കണക്ഷനുകൾ നൽകുന്നതിനായി ഇതുവരെ 17.825 കി.മീ. എൽ.റ്റി. ലൈൻ നിർമ്മിച്ചിട്ടുണ്ട്. ഇനി വൈദ്യുതി ലഭ്യമാക്കാനുള്ള 2 അപേകർക്ക് കണക്ഷൻ നൽകുന്നതിനായി ലൈൻ വലിക്കുന്നതിനുള്ള സമ്മതം ലഭിച്ചിട്ടില്ല. പ്രസ്തുത അപേക്ഷകളിൽ ഒന്ന് കേരള ഹൈക്കോടതിയുടെയും രണ്ടാമത്തേത് കോഴിക്കോട് ADM-ന്റെയും പരിഗണനയിലാണ്.

(സി) നിയമ തടസ്സങ്ങളില്ലാത്ത എല്ലാ അപേക്ഷകർക്കും വൈദ്യുതി കണക്ഷൻ നൽകിയ സാഹചര്യത്തിൽ കൊയിലാണ്ടി മണ്ഡലത്തെ സമ്പൂർണ്ണ വൈദ്യുതീകൃത മണ്ഡലമായി പ്രഖ്യാപിക്കാവുന്നതാണ്.

## സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനം

175 (3350) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളം സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനമായി എന്ന് മാറുമെന്നാണ് കണക്കാക്കുന്നത്;

(ബി) അതിന് വേണ്ടി എന്തെല്ലാം കാര്യങ്ങളാണ് ചെയ്തിട്ടുള്ളത്?

<u>ഉത്തരം</u>

(എ) 2017 മേയ് മാസത്തോടെ സമ്പൂർണ്ണ വൈദ്യുതീകരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ബി) കേരളത്തിലെ എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ഗുണഭോക്താക്കളെ കണ്ടെത്തുക, ധനസ്രോതസ്സുകൾ കണ്ടെത്തുക, വിതരണ ശൃംഖല വിപുലീകരിക്കാൻ സാദ്ധ്യമായ സ്ഥലങ്ങളിലെല്ലാം ആ വിധത്തിലും ആയത് സാദ്ധ്യമാകാത്ത സ്ഥലങ്ങളിൽ സോളാർ, മൈക്രോ വിൻഡ് തുടങ്ങിയ വികേന്ദ്രീകൃത വൈദ്യുത ഉൽപ്പാദന വിതരണ സംവിധാനത്തിലൂടെയും (DDG) വൈദ്യുതി എത്തിക്കുക, വയറിംഗ് പൂർത്തിയാക്കാൻ പണം കണ്ടെത്താനാകാത്ത ഗുണഭോക്താക്കൾക്ക് ആയതിനുള്ള ധനസ്രോതസ്സ് കണ്ടെത്തി വയറിംഗ് നടത്തുക, വയറിംഗ് പൂർത്തിയാക്കുന്ന മുറയ്ക്ക് വൈദ്യുതി കണക്ഷൻ നൽകുക എന്നിങ്ങനെ വിപുലമായ പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത്.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ചുമതലയിൽപ്പെട്ട തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിൽനിന്നും ഗുണഭോക്താക്കളായി 257 കുടുംബങ്ങളെ കണ്ടെത്തുകയും ഇവിടേക്ക് മേൽപ്രകാരം സൗരനിലയം സ്ഥാപിച്ച് നൽകുന്നതിന് കരാർ പ്രകാരം നിർമ്മാണം പുരോഗമിച്ചുവരുന്നു.

**പാരമ്പര്യേതര ഊർജ്ജ ഉല്പാദന രംഗം**

176 (3351) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> :
<u>ശ്രീ. സി.കൃഷ്ണൻ</u> :
<u>ശ്രീ. ഡി.കെ. മുരളി</u> :
<u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാരമ്പര്യേതര ഊർജ്ജ ഉല്പാദന രംഗത്ത് കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) കാസർഗോഡ് 200 മെഗാവാട്ട് സോളാർ പാർക്കിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(സി) ഇവിടെ എത്ര മെഗാവാട്ടിന്റെ സോളാർ വൈദ്യുതി നിലയമാണ് പൂർത്തീകരിച്ചിട്ടുള്ളത്;

(ഡി) സംസ്ഥാനത്തിന് അനുയോജ്യമായ മറ്റ് പാരമ്പര്യേതര ഊർജ്ജ ഉല്പാദന മാർഗ്ഗങ്ങൾ ഏതെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽനിന്നുള്ള ഊർജ്ജ ഉൽപ്പാദനം ലക്ഷ്യമിട്ട് കെ.എസ്.ഇ.ബി.എൽ.-ന്റെ അധീനതയിലുള്ള ഉപയോഗശൂന്യമായ സ്ഥലങ്ങളിലും കെട്ടിടങ്ങളുടെ മേൽക്കൂരകളിലുമായി ഇതുവരെയായി 10.66 മെഗാവാട്ടിന്റെ സൗരോർജ്ജ നിലയങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. 8.26 മെഗാവാട്ട് സൗരോർജ്ജ പദ്ധതികളുടെ നിർമ്മാണം നടന്നുവരുന്നു. 4.71 മെഗാവാട്ട് പദ്ധതികളുടെ ദർഘാസ് നടപടികൾ പുരോഗമിക്കുന്നു. പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

200 മെഗാവാട്ട് സോളാർ പാർക്ക് പദ്ധതിയുടെ ആദ്യഘട്ടമായ 50 മെഗാവാട്ടിന്റെ നിർമ്മാണം അന്തിമഘട്ടത്തിലാണ്. എൻ.ടി.പി.സി.-യുടെ നിയന്ത്രണത്തിൽ കായംകുളത്ത് പ്രവർത്തിക്കുന്ന താപവൈദ്യുത നിലയത്തിന്റെ സമീപത്തായുള്ള ഭൂമിയിൽ 170-ഓളം മെഗാവാട്ട് സോളാർ പദ്ധതി വികസിപ്പിക്കുന്നതിനുള്ള സാദ്ധ്യതാപഠനം നടത്താൻ എൻ.ടി.പി.സി.യോട് കെ.എസ്.ഇ.ബി.ലിമിറ്റഡ് ആവശ്യപ്പെട്ടിട്ടുണ്ട്. സർക്കാരിന്റെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ അവരുടെ സഹായത്തോടുകൂടി റൂഫ് ടോപ്പ് സോളാർ പദ്ധതി കെ.എസ്.ഇ.ബി.എൽ.-ന്റെ മേൽനോട്ടത്തിൽ നടപ്പിലാക്കാൻ നടപടി എടുത്തുവരുന്നു. സ്വകാര്യ വ്യക്തികൾ സ്ഥാപിക്കുന്ന മേൽക്കൂരയിലെ സൗരോർജ്ജ നിലയങ്ങൾക്ക് ആവശ്യമായ കണക്ടിവിറ്റി സമയബന്ധിതമായി നൽകിവരുന്നു.

അനെർട്ട്മുഖേന 2016-17 വർഷത്തെ പദ്ധതിയുടെ ഭാഗമായി 2 കിലോവാട്ട് മുതൽ 100 കിലോവാട്ട് വരെ ശേഷിയുള്ള ശൃംഖലാബന്ധിത സോളാർ പവർ പ്ലാന്റുകകൾ (ആകെ ശേഷി-5000 കിലോവാട്ട്) കേന്ദ്ര-സംസ്ഥാന സർക്കാർ സബ്സിഡിയോടെ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും സ്ഥാപിച്ചുനൽകാനും 1 കിലോവാട്ട് മുതൽ 5 കിലോവാട്ട് വരെ ശേഷിയുള്ള ഓഫ് ഗ്രിഡ് സോളാർ പവർ പ്ലാന്റുകൾ (ആകെ ശേഷി-6400 കിലോവാട്ട്) കേന്ദ്ര-സംസ്ഥാന സർക്കാർ സബ്സിഡിയോടെ സ്ഥാപിച്ചുനൽകാനുമുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കൂടാതെ ഇടുക്കി, പാലക്കാട്, വയനാട് ജില്ലകളിലെ ഒറ്റപ്പെട്ട വിദൂര സ്ഥലങ്ങളിലെ 2000 വീടുകളിൽ സോളാർ വൈദ്യുതീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. കേന്ദ്ര-സംസ്ഥാന സർക്കാർ സബ്സിഡിയോടെ 5000 കിലോവാട്ട് ശേഷിയുള്ള ശൃംഖലാബന്ധിത സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് വർക്ക് ഓർഡർ നൽകിക്കഴിഞ്ഞു. കൂടാതെ 4000 കിലോവാട്ട് ശേഷിയുള്ള ഓഫ്ഗ്രിഡ് സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. 2016-17 വർഷത്തെ പദ്ധതിപ്രകാരം ഇതേവരെ 2303 പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റുകളും 145 മീറ്റർ ക്യൂബ് പ്രതിദിനശേഷിയുള്ള വൻകിട ബയോഗ്യാസ് പ്ലാന്റുകളും 4185 സ്ക്വയർ മീറ്റർ വിസ്തൃതിയുള്ള സോളാർ വാട്ടർ ഹീറ്ററുകളും സർക്കാർ സബ്സിഡിയോടെ സ്ഥാപിച്ചുനൽകി. പാലക്കാട് കുഴൽമന്ദത്ത് 2 മെഗാവാട്ടിന്റെ ശൃംഖലാബന്ധിത സൗരോർജ്ജ പവർ പ്ലാന്റ് സ്ഥാപിച്ച് വൈദ്യുതി കെ.എസ്.ഇ.ബി.ഗ്രിഡിലേക്ക് നൽകിവരുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 8 മെഗാവാട്ടിന്റെ പാതംകയം ചെറുകിട ജലവൈദ്യുത പദ്ധതി എനർജി മാനേജ്മെന്റ് സെന്റർ 17-1-2017-ൽ കമ്മീഷൻ ചെയ്തിട്ടുണ്ട്.

(ബി &സി) കാസർഗോഡ് ജില്ലയിലെ 200 മെഗാവാട്ട് സോളാർ പദ്ധതി നടപ്പിലാക്കാനായി Solar Energy Corporation of India (SECI)-യെ ആണ് നോഡൽ ഏജൻസിയായി ചുമതലപ്പെടുത്തിയിരിക്കുന്നത്.

Indian Renewable Energy Development Agency (IREDA) അമ്പലത്തറയിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന 50 മെഗാവാട്ട് പദ്ധതിയും Tehri Hydro Development Corporation of India Limited (THDCIL) പൈവെളികയിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന 50 മെഗാവാട്ട് പദ്ധതിയും ആദ്യമായ് MoU വഴി നടപ്പിലാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ബാക്കി 100 മെഗാവാട്ട് പദ്ധതി കേന്ദ്ര ഗവൺമെന്റിന്റെ Viability Gap Funding വഴി രണ്ടാം ഘട്ടമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

അമ്പലത്തറയിൽ 36 മെഗാവാട്ട് സൗരോർജ്ജ പ്ലാന്റ് കമ്മീഷൻ ചെയ്തു കഴിഞ്ഞു. 8 മെഗാവാട്ട്, 2017 മേയ് മാസം പകുതിയോടെയും ബാക്കി 6 മെഗാവാട്ട്, 2017 മേയ് മാസം അവസാനവും പൂർത്തീകരിക്കാനാവുമെന്നാണ് പ്രതീക്ഷിക്കുന്നത്. പൈവെളികയിലെ 50 മെഗാവാട്ടും VGF-ൽ ഉൾപ്പെടുത്തി 100 മെഗാവാട്ടും 2018-ഓടെ പൂർത്തിയാക്കാനാണ് വിഭാവനം ചെയ്തിരിക്കുന്നത്.

(ഡി) ഉണ്ട്. കാറ്റിൽ നിന്നുള്ള വൈദ്യുതോൽപ്പാദനത്തിനായി കെ.എസ്.ഇ.ബി. മുഖേന 1 മെഗാവാട്ട് ശേഷിയുള്ള മൈക്രോ വിൻഡ് നിലയം പൂവാർ കടൽത്തീരത്ത് സ്ഥാപിക്കുന്നതിനുള്ള ദർഘാസ് നടപടികൾ പുരോഗമിക്കുന്നു. കൂടാതെ കഞ്ചിക്കോട് നിലവിലുള്ള 9 കാറ്റാടി യന്ത്രങ്ങളിൽ 5 എണ്ണം മാറ്റി പകരം ശേഷി കൂടിയ 5 യന്ത്രങ്ങൾ സ്ഥാപിക്കുന്നതിനും പുതുതായി 2.5 മെഗാവാട്ട് ശേഷിയുള്ള കാറ്റാടി യന്ത്രം സ്ഥാപിക്കുന്നതിനും ദർഘാസ് ക്ഷണിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

പാലക്കാട്, ഇടുക്കി ജില്ലകളിൽ കാറ്റിൽനിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ സാദ്ധ്യതയുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇവിടങ്ങളിൽ കാറ്റാടി വൈദ്യുതി നിലയങ്ങൾ സ്ഥാപിക്കാൻ മുന്നോട്ടുവരുന്നവർക്ക് സാങ്കേതിക അനുമതി നൽകുന്ന നടപടി അനെർട്ട് സ്വീകരിച്ചുവരുന്നുണ്ട്. സോളാർ, വിൻഡ് എന്നിവയ്ക്ക് പുറമേയുള്ള പാരമ്പര്യേതര ഊർജ്ജ മേഖലകളിൽ ഇനിയും പഠനങ്ങൾ നടത്തേണ്ടിയിരിക്കുന്നു.

തീരെ ചെറിയ നീരൊഴുക്കിൽ നിന്നും പുതിയ സങ്കേതികവിദ്യ ഉപയോഗിച്ച് വൈദ്യുതി ഉൽപ്പാദനം സാദ്ധ്യമാക്കുന്നതിനുള്ള ഒരു പദ്ധതി ഈ സാമ്പത്തിക വർഷം പ്രാവർത്തികമാക്കുന്നതിന് എനർജി മാനേജ്മെന്റ് സെന്റർ ലക്ഷ്യമിട്ടിട്ടുണ്ട്.

**ഹൈ വോൾട്ടേജ് ഡയറക്ട് കറണ്ട് സംവിധാനം**

177 (3352) <u>ശ്രീ. കെ. സി.ജോസഫ്</u> :

<u>ശ്രീ. ഷാഫി പറമ്പിൽ</u> :

<u>ശ്രീ. എ. പി. അനിൽ കുമാർ</u> :

<u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വലിയ അളവിൽ വൈദ്യുതി കൊണ്ടുവരാൻ കഴിയുന്ന ഹൈവോൾട്ടേജ് ഡയറക്ട് കറന്റ് പ്രസരണ സംവിധാനം സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത സംവിധാനം നടപ്പിലാക്കുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്നും എന്നത്തേയ്ക്ക് പദ്ധതി പൂർത്തിയാക്കാൻ കഴിയുമെന്നും അറിയിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) തീരുമാനിച്ചിട്ടുണ്ട്.

(ബി) പുഗളൂർ-മാടക്കത്തറ 2000 മെഗാവാട്ട് HVDC ഇടനാഴി രണ്ടുഭാഗമായിട്ടാണ് നടപ്പാക്കുന്നത്. ആദ്യഭാഗം പുഗളൂർ മുതൽ വടക്കാഞ്ചേരി വരെയുള്ള പ്രസരണ ലൈനുകൾ ഉൾപ്പെടുന്നു. ഇതിന്റെ ടെണ്ടർ വിളിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് സ്ഥാപനം PGCIL ആണ് പദ്ധതി നടപ്പാക്കുന്നത്. രണ്ടാം ഭാഗത്തിൽ വടക്കാഞ്ചേരി മുതൽ മണ്ണുത്തി വരെ ഭൂഗർഭ കേബിൾ ഇടുന്നതാണ് ഉൾപ്പെടുന്നത്. ഈ ജോലി ഇപ്പോൾ ആഗോള കമ്പനിയായ സീമെൻസ്-സുമോതോ സഖ്യത്തിനാണ് നൽകിയിരിക്കുന്നത്. ഇതുകൂടാതെ കേബിൾ എത്തിച്ചേരുന്ന മണ്ണുത്തിയിലെ സ്ഥലത്ത് ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനായി സ്ഥലം നിരപ്പാക്കൽ നടന്നുകൊണ്ടിരിക്കുന്നു. കേബിളും പ്രസരണ ലൈനും യോജിക്കുന്ന വടക്കാഞ്ചേരിയിലും സ്ഥലമെടുപ്പ് പൂർത്തിയായിവരുന്നു. പ്രസ്തുത പദ്ധതി 2019-ഓടുകൂടി പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**സംസ്ഥാനത്തിന് പുറത്തുനിന്നും കൂടുതൽ വൈദ്യുതി**

178 (3353) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് പുറത്ത് നിന്നും കൂടുതൽ വൈദ്യുതി കൊണ്ടുവരുവാൻ സാധിക്കുന്ന വിധത്തിൽ സംസ്ഥാനത്തെ വൈദ്യുതി വിതരണ ശൃംഖല ശക്തിപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ട്രാൻസ് ഗ്രിഡ് 2.0 -ന്റെ പ്രവർത്തന വിശദാംശം വെളിപ്പെടുത്തുമോ;

(സി) എന്നത്തേയ്ക്ക് ഈ സംവിധാനം പൂർത്തിയാക്കുവാൻ കഴിയുമെന്നും അതിന് എന്ത് തുക ആവശ്യമായി വരുമെന്നും ഈ തുക എവിടെ നിന്നും കണ്ടെത്തുവാനാണ് ആലോചിക്കുന്നതെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ & ബി) ഉണ്ട്. സംസ്ഥാനത്തിന് പുറത്തുനിന്നും വൈദ്യുതി എത്തിക്കുന്നത് പ്രസരണലൈനുകൾ വഴിയാണ്. കെ.എസ്.ഇ.ബി.എൽ.-ന് ദീർഘകാല പ്രസരണ പദ്ധതിയായ ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിക്ക് ഭരണാനുമതി

നൽകിയിട്ടുണ്ട്. ഈ പദ്ധതിയിൽ രണ്ട് പ്രധാന ഘട്ടങ്ങളിലായുള്ള വർക്കുകളും ഒരു ഹരിതോർജ്ജ ഇടനാഴി പദ്ധതിയും Down Stream ശൃംഖലയുടെ ശാക്തീകരണവുമായി തരംതിരിച്ചിരിക്കുന്നു. ഇതിൽ ഒന്നാംഘട്ട പദ്ധതിയിൽപ്പെട്ട വർക്കുകൾ 2017-20 കാലയളവിലും രണ്ടാംഘട്ട പദ്ധതികൾ 2020-23 ഓടുകൂടിയും പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഹരിതോർജ്ജ ഇടനാഴിയുമായി ബന്ധപ്പെട്ട് വർക്കുകൾ പുനരുൽപ്പാദന സ്രോതസ്സുകളിൽ നിന്നുള്ള ഊർജ്ജ ഉൽപ്പാദന പദ്ധതികളുടെ പൂർത്തീകരണത്തോടെ സാക്ഷാൽക്കരിക്കാനാണ് ലക്ഷ്യമിടുന്നത്. ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിയുടെ സുഗമമായ നടത്തിപ്പിനുവേണ്ടി കെ.എസ്.ഇ.ബി.എൽ. ഒരു സ്പെഷ്യൽ ടീമിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വിവിധ ലൈൻ വർക്കുകളിലേക്കായിട്ടുള്ള കരാറുകൾ നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. സബ് സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രാരംഭ നടപടികൾ നടന്നുവരുന്നു.

(സി) ഒന്നാംഘട്ട പദ്ധതിയിൽപ്പെട്ട വർക്കുകൾ 2017-20 കാലയളവിലും രണ്ടാംഘട്ട പദ്ധതികൾ 2020-23-ഓടുകൂടിയും പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. പദ്ധതിയുടെ പ്രവർത്തനത്തിന് ഒന്നാം ഘട്ടത്തിൽ 4,74,577 ലക്ഷം രൂപയും രണ്ടാംഘട്ടത്തിൽ 1,62,960 ലക്ഷം രൂപയും ഹരിതോർജ്ജ ഇടനാഴി പദ്ധതിക്ക് 1,78,800 ലക്ഷം രൂപയുമാണ് ആകെ ചെലവ് പ്രതീക്ഷിക്കുന്നത്. ഇതുകൂടാതെ മേൽപ്പറഞ്ഞ പദ്ധതിയുടെ പൂർത്തീകരണത്തിനായി നിലവിലുള്ള സബ് സ്റ്റേഷനുകളിൽ അനുബന്ധ ജോലികൾ നടത്തുന്നതിന് 55,000 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. മേൽപ്പറഞ്ഞ പദ്ധതികളിലൂടെ ലഭ്യമാകുന്ന വൈദ്യുതി ഉപഭോക്താക്കളിലേക്ക് കാര്യക്ഷമമായി എത്തിക്കുന്നതിന് പ്രസരണ ശൃംഖലയും വിതരണ ശൃംഖലയും ഏകോപിപ്പിക്കുന്നതിന് 57,500 ലക്ഷം രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്.

ഒന്നാംഘട്ടം, രണ്ടാംഘട്ടം വർക്കുകൾക്ക് ആവശ്യമായ 6,375 കോടി രൂപയുടെ സാമ്പത്തിക സഹായം KIIFB-യുടെ "Special Investment Package-ൽ ഉൾപ്പെടുത്തി സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. 5200 കോടിയുടെ വർക്കുകൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി KIIFB-യുടെ ഫണ്ടിംഗിനുവേണ്ടി അനുമതി ലഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി 768 കോടിയുടെ വർക്കുകളുടെ DPR (Detailed Project Report) KIIFB-യിലേക്ക് സമർപ്പിച്ചിട്ടുണ്ട്. ഈ നടപടികളുടെ പരിണതഫലമായി KIIFB-യുടെ സാമ്പത്തിക സഹായം ഉടനെ അനുമതിയാകുമെന്ന് പ്രതീക്ഷിക്കുന്നു. ഹരിതോർജ്ജ ഇടനാഴിയുമായി ബന്ധപ്പെട്ട ജോലികൾക്കുള്ള സാമ്പത്തിക സഹായം കേന്ദ്ര ഗവൺമെന്റിൽനിന്നും അഭ്യർത്ഥിച്ചിട്ടുണ്ട്.

വിശദമായ പ്രോജക്ട് റിപ്പോർട്ട് MNRE-ക്ക് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ച് നിലവിലുള്ള ചില പ്രസരണ ലൈനുകളുടെ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള വർക്കുകൾ കേന്ദ്ര സർക്കാരിന്റെ PSDF സ്കീമിൽ ഉൾപ്പെടുത്തി സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള അനുമതി ലഭ്യമായിട്ടുണ്ട്.

**ഭൂമിയുടെ തരം നോക്കാതെ വൈദ്യുതി**

179 (T* 3354) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഞ്ച, ഡാറ്റാബാങ്ക് തുടങ്ങിയവയിൽ ഉൾപ്പെട്ട സ്ഥലങ്ങളിൽ വൈദ്യുതി നല്കാൻ നിയമ തടസ്സമുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൃഷിയെ പ്രോത്സഹിപ്പിക്കാൻ കൃഷി ആവശ്യത്തിലേക്ക് ഭൂമിയുടെ തരം നോക്കാതെ വൈദ്യുതി നൽകാൻ ആലോചിക്കുമോ ?

ഉത്തരം

(എ) ഉടമസ്ഥാവകാശ രേഖ, തിരിച്ചറിയൽ രേഖ എന്നിവ ലഭ്യമാക്കുന്ന അപേക്ഷകർക്ക് വൈദ്യുതി നൽകുന്നതിന് നിയമതടസ്സമില്ല.

(ബി) കാർഷിക മേഖലയെ ശക്തിപ്പെടുത്തുന്നതിനായി കാർഷികാവശ്യത്തിനുള്ള സൗജന്യ വൈദ്യുതി പദ്ധതി നിലവിലുണ്ട്.

കാർഷികാവശ്യത്തിനുള്ള വൈദ്യുതി കണക്ഷന് അർഹരായ വ്യക്തികളെ തിരിച്ചറിയുന്നതിന് താഴെപ്പറയുന്ന നിബന്ധനകളാണ് നിലവിലുള്ളത്.

1. 30 സെന്റിൽ കുറയാത്ത ഭൂമിയുള്ളതും അതിൽ 75% കാർഷിക വിളയുള്ളതുമായ വ്യക്തി.

2. 10 സെന്റിൽ കുറയാത്ത വിസ്തീർണ്ണമുള്ള ഭൂമിയിൽ പച്ചക്കറി കൃഷി ചെയ്യുന്ന കർഷകൻ.

3. 5 സെന്റിൽ കുറയാത്ത വിസ്തീർണ്ണമുള്ള ഭൂമിയിൽ വെറ്റില കൃഷി ചെയ്യുന്ന കർഷകൻ.

കാർഷിക വിളയ്ക്കും നാണ്യവിളയ്ക്കും വ്യത്യസ്തനിരക്കുകൾ നിലനിന്നിരുന്നത് ഏകീകരിച്ചുകൊണ്ട് എല്ലാത്തരം വിളകൾക്കും സൗജന്യ നിരക്കിൽ വൈദ്യുതി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## കോൺട്രാക്ടർ ലൈസൻസ്

180 (3355) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയർമാൻ ലൈസൻസ് ലഭിച്ച് അഞ്ച് വർഷം പൂർത്തിയായവർക്ക്, കോൺട്രാക്ടർ ലൈസൻസിന് അപേക്ഷിക്കാവുന്നതാണെന്നും ഇങ്ങനെയുള്ള അപേക്ഷകൾ 45 ദിവസത്തിനകം തീർപ്പാക്കണമെന്നുമുള്ള വ്യവസ്ഥ നിലനിൽക്കുന്നുണ്ടോ;

(ബി) ഇത്തരത്തിൽ അപേക്ഷ നൽകിയവരുടെ കാര്യത്തിൽ തീരുമാനമാകാതെ ദീർഘനാളായി മുടങ്ങിക്കിടക്കുന്നത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(സി) ഇത്തരത്തിലുള്ള അപേക്ഷകൾ പരിഗണിക്കുന്നതിൽ പുതിയ മാർഗ്ഗ നിർദ്ദേശങ്ങൾ എന്തെങ്കിലും പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(ഡി) നിലവിലുള്ള അപേക്ഷകൾ എത്രയും വേഗം തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. അപേക്ഷകളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചതിനാലാണ് കാലതാമസം നേരിടുന്നത്.

(സി & ഡി) കൂടുതൽ ഉദ്യോഗസ്ഥരെ നിയോഗിച്ച് നിലവിലുള്ള അപേക്ഷകൾ നിശ്ചിത സമയത്തിനുള്ളിൽ തീർപ്പാക്കുന്നതിനുള്ള ശ്രമം നടത്തിവരുന്നു. കൂടാതെ ലൈസൻസുകൾ നൽകുന്ന ജോലികൾ വേഗത്തിലാക്കുന്നതിനായി ഈ വർഷം തന്നെ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിൽ സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്.

## കേന്ദ്രപൂളിൽ നിന്ന് ലഭിക്കുന്ന വൈദ്യുതി

181 (3356) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രപൂളിൽനിന്ന് സംസ്ഥാനത്തിന് വൈദ്യുതി ലഭിക്കുന്ന കൂടങ്കുളം, സിംഹാദ്രി, വൈതരണി എന്നീ വൈദ്യുതനിലയങ്ങളിലെ യന്ത്രത്തകരാർമൂലം ഇടക്കാലത്ത് സംസ്ഥാനത്തിന് ലഭിക്കുന്ന വൈദ്യുതിയിൽ 300 മെഗാവാട്ടിന്റെ കുറവുണ്ടോയോ;

(ബി) ഇത് മറികടക്കാൻ ആഭ്യന്തര ഉത്പ്പാദനം രണ്ടിരട്ടിയിലധികമായി ഉയർത്തുകയുണ്ടായോ; എങ്കിൽ ഏതെല്ലാം നിലയങ്ങളിലെ ഉല്പ്പാദനമാണ് വർദ്ധിപ്പിച്ചത്; വിശദാംശങ്ങൾ നൽകുമോ;

(സി) വേനൽശക്തിയാർജ്ജിക്കുന്ന ഈ ഘട്ടത്തിൽ എത്ര ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിക്കാനുള്ള വെള്ളം സംസ്ഥാനത്തെ ഡാമുകളിലുണ്ട്; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) കൂടംകുളം, സിംഹാദ്രി എന്നീ വൈദ്യുതി നിലയങ്ങളിലെ യന്ത്രത്തകരാറുകൾമൂലം 172 മെഗാവാട്ടിന്റെ കുറവ് ഉണ്ടായിട്ടുണ്ട്. വൈതരണി നിലയത്തിൽനിന്നും സംസ്ഥാനത്തിന് വിഹിതമില്ല.

(ബി) ഇല്ല. ബാധകമല്ല.

(സി) 3-5-2017-ലെ സ്ഥിതിപ്രകാരം ഏകദേശം 792 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള വെള്ളം സംസ്ഥാനത്തെ ഡാമുകളിലുണ്ട്. വിശദാംശം അനുബന്ധമായി* ചേർത്തിരിക്കുന്നു.

## നീതി മെഡിക്കൽ സ്റ്റോർ

182 (3357) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജക മണ്ഡലത്തിൽ നിരവധി തോട്ടം തൊഴിലാളികളും സാധാരണ ജനങ്ങളും തിങ്ങി പാർക്കുന്ന മൂന്നാറിൽ സഹകരണ വകുപ്പിന്റെ കീഴിൽ നീതി മെഡിക്കൽ സ്റ്റോർ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ നടപടികൾ എന്തെല്ലാമായെന്ന് വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ അവ ആരംഭിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) ഉദ്ദേശിക്കുന്നുണ്ട്. ദേവികുളം നിയോജകമണ്ഡലത്തിൽ നിലവിൽ അടിമാലി സർവ്വീസ് സഹകരണ ബാങ്കിന്റെ നിയന്ത്രണത്തിലുള്ള 2 നീതി മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) ബഹുമാനപ്പെട്ട ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ സംസ്ഥാനത്ത് പ്രാഥമിക സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ 1500 നീതി മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. ആയതിന്റെ ഭാഗമായി ഇടുക്കി ജില്ലയിൽ 100 നീതി മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിലേക്കായി സഹകരണ സംഘങ്ങളെ ബോധവൽക്കരിച്ച് ടി ലക്ഷ്യം കൈവരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നീതി മെഡിക്കൽ സ്റ്റോർ ആരംഭിക്കുന്നതിന് താൽപ്പര്യം പ്രകടിപ്പിക്കുന്ന സംഘങ്ങൾക്ക് പദ്ധതി ആരംഭിക്കുന്നതിനാവശ്യമായ എല്ലാ സഹായങ്ങളും ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) നൽകിവരുന്നുണ്ട്.

(സി) ഉത്തരം 'ബി'യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

**സഹകരണ ബാങ്ക് നിക്ഷേപങ്ങളിലെ കുറവ്**

183 (3358) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നോട്ട് നിരോധനം സഹകരണ മേഖലകളെ എത്രമാത്രം ബാധിച്ചുവെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) നോട്ട് നിരോധനത്തിനുശേഷം സഹകരണ ബാങ്കുകളിൽ ലഭിക്കുന്ന നിക്ഷേപങ്ങൾക്ക് കുറവുണ്ടായി എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(സി) ഇത് പരിഹരിക്കുവാൻ സഹകരണ മേഖലകൾക്ക് സർക്കാർ എന്തെങ്കിലും പരിഹാരനിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) നോട്ട് അസാധുവാക്കൽ പ്രക്രിയയിലൂടെ സംഘങ്ങളുടെ പ്രധാന ബിസിനസ്സായ വായ്പാവിതരണവും, തിരിച്ചടവും നിക്ഷേപവും ഉൾപ്പെടെയുള്ള

ഇടപാടുകൾ തടസ്സപ്പെട്ടു. കാർഷിക വായ്പാ വിതരണവും തിരിച്ചടവും നിലച്ചത് കർഷകരെ ദുരിതത്തിലാക്കി. വായ്പേതര പ്രവർത്തനങ്ങൾ നടത്തുന്ന സംഘങ്ങളിലെ ദൈനംദിന പ്രവർത്തനങ്ങൾ മുടങ്ങി. കെട്ടിടനിർമ്മാണം, വിദ്യാഭ്യാസം എന്നീ ആവശ്യങ്ങൾക്കായി നിക്ഷേപത്തുക പിൻവലിക്കാനാകാതെ വന്നത് സാധാരണക്കാരുടെ ദുരിതം വർദ്ധിപ്പിച്ചു. ദൈനംദിന സാമ്പത്തിക ആവശ്യങ്ങൾക്ക് സഹകരണ ബാങ്കുകളെ ആശ്രയിച്ചിരുന്ന ഗ്രാമീണ ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റാൻ കഴിയാത്തതിനാൽ ജനജീവിതം ദുരിതപൂർണ്ണമായി തീർന്നു.

(ബി) ഉണ്ട്.

(സി) നിക്ഷേപകരുടെ വിശ്വാസം ആർജ്ജിക്കുന്നതിനും നിക്ഷേപം സമാഹരിക്കുന്നതിനുമായി 2016 ഡിസംബർ 10 മുതൽ 2017 ജനുവരി 10 വരെയുള്ള ഒരു മാസക്കാലം സഹകരണ മേഖലാ സംരക്ഷണ ക്യാമ്പയിൻ സംഘടിപ്പിച്ചു. 2016 ഡിസംബർ 18 സഹകരണ മേഖലാ സംരക്ഷണ ദിനമായി ആചരിച്ചു. ക്യാമ്പയിന്റെ ഭാഗമായി സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും താലൂക്ക് തലത്തിലും സംഘം തലത്തിലും മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചു. ക്യാമ്പയിന്റെ ഭാഗമായി സഹകാരികൾ കേരളത്തിലെ ഭവനങ്ങൾ സന്ദർശിച്ചു. 2016 ഡിസംബർ 10 മുതൽ 2017 ജനുവരി 31 വരെ നിക്ഷേപ സമാഹരണ യജ്ഞം നടത്തി.

**സഹകരണ രജിസ്ട്രാർ ഓഫീസ്**

184 (3359) <u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ എത്ര താലൂക്കുകളിൽ സഹകരണ വകുപ്പിന്റെ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)/അസിസ്റ്റന്റ് രജിസ്ട്രാർ (ആഡിറ്റർ) ഓഫീസുകൾ ഇല്ലാതെയുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) പുതുതായി രൂപീകരിച്ച വർക്കല താലൂക്കിൽ പ്രസ്തുത ഓഫീസുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കേരളത്തിൽ പുതുതായി രൂപീകരിച്ച 12 താലൂക്കുകളിൽ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)/അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) ആഫീസുകൾ നിലവിലില്ല.

(ബി) പുതുതായി രൂപീകരിച്ച വർക്കല താലൂക്കിൽ പ്രസ്തുത ആഫീസുകൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം പരിശോധിക്കുന്നതാണ്.

**സർവ്വീസ് സഹകരണ ബാങ്ക് സ്വീകരിച്ച കടുത്ത നടപടി**

185 (3360) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക കടാശ്വാസ കമ്മീഷൻ മുഖേന കടാശ്വാസം അനുവദിച്ചിട്ടും ഹോസ്ദുർഗ്ഗ് സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും വായ്പ എടുത്ത കരുണാകരൻ, കനകദാസ്, അമൃതരാജ് എന്നിവരുടെ ഭൂമി വിട്ട് നൽകാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ബി) ബാങ്ക് അധികൃതർ ഇവർക്കെതിരെ കടുത്ത നടപടികൾ സ്വീകരിക്കാൻ കാരണമെന്ത്; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഹോസ്ദുർഗ്ഗ് സർവ്വീസ് സഹകരണ ബാങ്കിൽനിന്നും കരുണാകരൻ, അമൃതരാജ് എന്നിവർ എടുത്തിരുന്ന വായ്പകൾക്ക് കടാശ്വാസം അനുവദിച്ച് കാർഷിക കടാശ്വാസ കമ്മീഷൻ ഉത്തരവായിട്ടുണ്ട്. ടി ഉത്തരവുകളിൽ അമൃതരാജ് എടുത്തിരുന്ന വായ്പയുടെ അവാർഡ് മാത്രമേ പരിശോധനയ്ക്ക് സഹകരണ വകുപ്പിന് ലഭിച്ചിട്ടുള്ളൂ. ടി അവാർഡ് പ്രകാരമുള്ള 37,500 രൂപ സർക്കാർ വിഹിതം ബാങ്കിന് ലഭിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ അമൃതരാജിന് കടാശ്വാസത്തിന് അർഹത യില്ലായെന്ന് കാണിച്ച് ബാങ്ക് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും കടാശ്വാസ കമ്മീഷന്റെ ഉത്തരവ് ബഹുമാനപ്പെട്ട ഹൈക്കോടതി 15-2-2016-ന് സ്റ്റേ ചെയ്യുകയും ചെയ്തിട്ടുണ്ട്. ടി സ്റ്റേ ഇപ്പോഴും നിലനിൽക്കുകയാണ്. ഇക്കാരണത്താൽ ടിയാന്റെ വായ്പാ കണക്ക് അവസാനിപ്പിച്ചിട്ടില്ലാത്തതിനാൽ ഈട് വസ്തു തിരികെ നൽകിയിട്ടില്ല.

കരുണാകരൻ, കനകദാസ് എന്നിവർ എടുത്തിട്ടുള്ള വായ്പയ്ക്ക് കടാശ്വാസം അനുവദിച്ച ഉത്തരവ് പരിശോധനയ്ക്ക് സഹകരണ വകുപ്പിന് ലഭിച്ചിട്ടില്ല. ആയതിനാൽ അവാർഡ് പ്രകാരമുള്ള തുക ബാങ്കിന് ലഭിച്ചിട്ടില്ല. ടിയാൻ വീണ്ടും കടാശ്വാസ കമ്മീഷനെ സമീപിച്ചപ്പോൾ ടിയാന് കടാശ്വാസത്തിന് അർഹതയില്ലെന്ന് 5-1-2017-ൽ കടാശ്വാസ കമ്മീഷൻ ഉത്തരവായിട്ടുണ്ട്. ഇക്കാരണത്താൽ ടിയാന്റെ വായ്പാ കണക്ക് അവസാനിപ്പിച്ചിട്ടില്ലാത്തതിനാൽ ഈട് വസ്തു ബാങ്ക് തിരികെ നൽകിയിട്ടില്ല.

(ബി) മേൽപടിയാളുകൾ ബാങ്കിൽനിന്നും വായ്പ എടുത്തത് 2004-ലാണ്. കാലപ്പഴക്കം ചെന്ന വായ്പയായതിനാൽ ടി തുക പിരിച്ചെടുക്കുന്നതിനായി സ്വീകരിക്കുന്ന സ്വാഭാവിക നടപടികളാണ് ബാങ്ക് സ്വീകരിച്ചിട്ടുള്ളത്. വായ്പ തിരിച്ചടയ്ക്കാൻ പരാതിക്കാർ തയ്യാറാകുകയാണെങ്കിൽ നിയമാനുസൃതമായ ഇളവുകൾ അനുവദിക്കുന്നതിനും ബാങ്കിന്റെ പേരിലായിട്ടുള്ള വസ്തു നിയമാനുസൃതം തിരികെ നൽകുന്നതിനും ബാങ്ക് അധികൃതർ സമ്മതിച്ചിട്ടുണ്ട്.

## കേരള ബാങ്കിന്റെ നിലവാരം

186 (3361) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു :
ശ്രീ. എ. കെ. ശശീന്ദ്രൻ :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് പ്രവർത്തനക്ഷമമാകുന്നതോടെ കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ പ്രവർത്തനം പ്രസ്തുത ബാങ്കിൽ ലയിപ്പിക്കുമോ; ജില്ലാ സഹകരണ ബാങ്കുകൾ ഏത് രീതിയിലാണ് കേരള ബാങ്കുമായി ബന്ധിപ്പിക്കാനുദ്ദേശിക്കുന്നത് ; നിലവിൽ ബാങ്ക് എന്ന നിലയിൽ പ്രവർത്തിച്ചു വരുന്ന സർവീസ് സഹകരണ ബാങ്കുകളുടെ ഷെയർ ഹോൾഡിംഗ് എങ്ങനെയാണെന്ന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) അന്താരാഷ്ട്ര തലത്തിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കായ റാബോ ബാങ്കിന്റെ നിലവാരത്തിലേക്ക് കേരള ബാങ്കിനെ ഉയർത്താൻ എന്തൊക്കെയാണ് ചെയ്യാനുദ്ദേശിക്കുന്നത്;

(സി) കേരള ബാങ്കിന്റെ ബാങ്കിംഗ് ലൈസൻസ് റിസർവ് ബാങ്കിൽ നിന്ന് ലഭ്യമാക്കാനുള്ള പ്രവർത്തങ്ങൾ ഏത് രീതിയിൽ പുരോഗമിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) സംസ്ഥാന സഹകരണ ബാങ്കിനെയും 14 ജില്ലാ സഹകരണ ബാങ്കുകളെയും സംയോജിപ്പിച്ച് കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള സാദ്ധ്യതകൾ പഠിക്കുന്നതിനായി സർക്കാർ നിയോഗിച്ച വിദഗ്ദ്ധ സമിതി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ വിശദമായി പരിശോധിച്ചശേഷമേ ഇക്കാര്യങ്ങളിൽ തീരുമാനമെടുക്കുകയുള്ളൂ.

(ബി & സി) വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ടിന് അനുസൃതമായി സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

### കോർ ബാങ്കിംഗ് സംവിധാനം

187 (3362) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

പ്രാഥമിക സഹകരണ ബാങ്കുകളിൽ കോർ ബാങ്കിംഗ് സംവിധാനം നടപ്പിലാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

ഉത്തരം

നിലവിൽ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ സ്വന്തം നിലയിൽ കോർ ബാങ്കിംഗ് നടപ്പിലാക്കിവരുന്നു. വായ്പാ സംഘങ്ങൾക്ക് പ്രോജക്ട് ചെലവിന്റെ 90 ശതമാനം/10 ലക്ഷം രൂപ ഏതാണോ കുറവ് ടി തുക കോർ ബാങ്കിംഗ് ധനസഹായമായി സർക്കാർ അനുവദിക്കുന്നുണ്ട്. മൊത്തം ധനസഹായത്തിന്റെ 50 ശതമാനം വായ്പയായും 20 ശതമാനം ഓഹരിയായും 20 ശതമാനം സബ്സിഡിയായുമാണ് തുക അനുവദിക്കുന്നത്. സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ ഒരു കോമൺ സോഫ്റ്റ്‌വെയർ നടപ്പാക്കുന്നതിനുള്ള ചർച്ചകൾ നടന്നുവരുന്നു.

### ക്ലാർക്ക്/ക്യാഷ്യർ നിയമനം

188 (3363) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിൽ ക്ലാർക്ക്/ക്യാഷ്യർ തസ്തികയിലേക്ക് പി.എസ്.സി. മുഖേന 2017 മാർച്ച് മാസം പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനത്തിന് നിലവിൽ എന്തെങ്കിലും തടസ്സമുണ്ടോ ;

(ബി) തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിൽ പുതിയ ശാഖകൾ ആരംഭിക്കുന്നതിനും കൂടുതൽ ജീവനക്കാരെ നിയമിക്കുന്നതിനും സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതിനും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിൽ പുതിയ ശാഖകൾ ആരംഭിക്കുന്നതിനും കൂടുതൽ ജീവനക്കാരെ നിയമിക്കുന്നതിനും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. കേരള സഹകരണ ബാങ്കിന്റെ രൂപീകരണം സർക്കാരിന്റെ സജീവ പരിഗണനയിലുള്ളതിനാലാണ് നിലവിൽ ജില്ലാ സഹകരണ ബാങ്കുകളുടെ സ്റ്റാഫ് പാറ്റേൺ പുതുക്കുന്നതിനും പുതിയ ശാഖകൾ ആരംഭിക്കുന്നതിനും നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുന്നത്. ജില്ലാ സഹകരണ ബാങ്കുകളിൽ പി.എസ്.സി. മുഖേന നടത്തുന്ന നിയമനങ്ങൾക്ക് നിലവിൽ യാതൊരു നിയന്ത്രണവും ഏർപ്പെടുത്തിയിട്ടില്ല.

## റിസ്ക് ഫണ്ട് സ്കീം

189 (3364) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സഹകരണ "റിസ്ക് ഫണ്ട് സ്കീം" സംബന്ധിച്ച പൂർണ്ണവിവരങ്ങൾ ലഭ്യമാക്കുമോ ;

(ബി) 2016-17 സാമ്പത്തിക വർഷത്തിൽ ഈ സ്കീം പ്രകാരം എത്ര ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്;വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) വായ്പാ സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും കാർഷിക, കാർഷികേതരം (സ്വർണ്ണപ്പണയ വായ്പയും, നിക്ഷേപ വായ്പയും ഒഴികെയുള്ളവ) ഒഴികെയുള്ള ആവശ്യങ്ങൾക്ക് വായ്പയെടുക്കുന്ന അംഗങ്ങൾ വായ്പാ കാലാവധിയിലോ വായ്പാ കാലാവധി കഴിഞ്ഞ് ആറ് മാസത്തിനുള്ളിലോ മരണപ്പെട്ടാൽ നിബന്ധനകൾക്ക് വിധേയമായി ഒന്നര ലക്ഷം രൂപ വരെയുള്ള മുതലും അതിന്റെ പലിശയും എഴുതിത്തള്ളാൻ കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി നിലവിലുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം ബാങ്കുകളിൽനിന്നും വായ്പ എടുക്കുന്ന അംഗങ്ങൾ വായ്പാ കാലാവധിയിലോ കാലാവധി കഴിഞ്ഞ് ആറ് മാസത്തിനുള്ളിലോ മരണപ്പെടുക യാണെങ്കിൽ അന്നേ ദിവസം ബാക്കി നിൽക്കുന്ന ഒന്നര ലക്ഷം രൂപ വരെയുള്ള മുതലും അതിന്റെ പലിശയും റിസ്ക് ഫണ്ടിൽനിന്നും നൽകും. റിസ്ക് ഫണ്ട് നിയമാവലിയിൽ ഭേദഗതി വരുത്തുകയും മരണപ്പെട്ട വായ്പക്കാർക്ക് മാത്രം ലഭ്യമായിരുന്ന ആനുകൂല്യം റിസ്ക് ഫണ്ട് നിയമാവലിയിൽ പരാമർശിച്ചിട്ടുള്ള

7 മാരകരോഗങ്ങളിൽ ഏതെങ്കിലും ബാധിച്ചവരുടെ വായ്പ്പാ മുതൽ ഇനത്തിൽ 75,000 രൂപ പദ്ധതിയിലെ ഇതര നിബന്ധനകൾക്ക് വിധേയമായി നൽകും. റിസ്ക് ഫണ്ട് ആനുകൂല്യം ലഭിക്കുന്നതിന് അപേക്ഷയും അനുബന്ധങ്ങളും ബന്ധപ്പെട്ട സഹകരണ സംഘം/ബാങ്കിന് നൽകണം. സംഘം/ബാങ്ക് കമ്മിറ്റി തീരുമാനം കൈക്കൊണ്ട് സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥരുടെ ശിപാർശയോടെ സഹകരണ വികസന ക്ഷേമനിധി ബോർഡ് സെക്രട്ടറിക്ക് സമർപ്പിക്കണം. വായ്പ്പാക്കാരൻ മരിച്ചുപോയ കേസാണെങ്കിൽ മരണ സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം സമർപ്പിക്കണം. റിസ്ക് ഫണ്ട് ആനുകൂല്യം ലഭിക്കുന്നതിനായി വായ്പ്പ എടുക്കുന്ന സമയത്ത് വായ്പ്പാതുകയുടെ 0.35 % എന്ന നിരക്കിൽ കുറഞ്ഞത് 100 രൂപയും പരമാവധി 525 രൂപയും ഒറ്റത്തവണ റിസ്ക് ഫണ്ട് പ്രീമിയം/വിഹിതം അടച്ചിരിക്കണം. മരണപ്പെട്ടതോ/മാരകരോഗം പിടിപ്പെട്ടതോ ആയ ആളിന്റെ പേരിലുള്ളതും മരണപ്പെട്ട/മാരകരോഗം പിടിപെട്ട തീയതിയിൽ 70 വയസ്സിൽ അധികരിക്കാത്തതുമായ വായ്പ്പക്കാരുടെ വായ്പ്പകൾക്ക് മാത്രമാണ് യഥാക്രമം മരണാനന്തര ആനുകൂല്യം/ചികിത്സാ ധനസഹായം ലഭിക്കുക. വായ്പ്പാ കാലാവധിയിൽ വായ്പ്പക്കാരൻ മരണപ്പെട്ടാൽ മരണപ്പെട്ട തീയതിക്ക് തൊട്ടുമുൻപ് തുടർച്ചയായി 6 മാസത്തിൽ അധികരിച്ചും വായ്പ്പാ കാലാവധി കഴിഞ്ഞ് വായ്പ്പക്കാരൻ മരണപ്പെട്ടാൽ വായ്പ്പാ കാലാവധി തീരുന്ന തീയതിക്ക് തൊട്ടുമുൻപ് തുടർച്ചയായി 6 മാസത്തിൽ അധികരിച്ചും വായ്പ്പാ മുതലിൽ തിരിച്ചടവിൽ വീഴ്ച വരുത്തിയാൽ ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

(ബി) 2016-17 സാമ്പത്തിക വർഷത്തിൽ ഈ സ്കീം പ്രകാരം 5118 ഗുണഭോക്താക്കൾക്ക് 37.44 കോടിരൂപ ആനുകൂല്യമായി നൽകിയിട്ടുണ്ട്.

**കേരള സഹകരണ ബാങ്ക്**

190 (3365) ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന-ജില്ലാ സഹകരണ ബാങ്കുകളെ സംയോജിപ്പിച്ച് രൂപീകരിക്കുന്ന കേരള ബാങ്കിലെ ജീവനക്കാരുടെ സേവന-വേതനവ്യവസ്ഥകൾ ദേശസാൽകൃത ബാങ്കുകൾക്ക് തുല്യമാക്കുമോ;

(ബി) കേരള ബാങ്കിലൂടെ എന്തെല്ലാം മെച്ചപ്പെട്ട സൗകര്യങ്ങളാണ് ഇടപാടുകാർക്ക് നൽകാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള സഹകരണ ബാങ്കിലെ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ കേരള സഹകരണ സംഘം നിയമത്തിനും ചട്ടങ്ങൾക്കും സർക്കാർ ഉത്തരവുകൾക്കും വിധേയമായിരിക്കും.

(ബി) കേരള സഹകരണ ബാങ്ക് നിലവിൽ വരുമ്പോൾ ആവർത്തിത/ ഇരട്ടിപ്പിന്റെ സ്വഭാവമുള്ള പല ചാർജ്ജുകളും ഒഴിവാക്കുകയോ കുറയ്ക്കുകയോ ചെയ്യുന്നത് പലിശ നിരക്കിൽ ഗണ്യമായ കുറവ് സാദ്ധ്യമാക്കും. ഇത് സഹകരണ ബാങ്കുകളുടെ വായ്പാ വിഹിതം വർദ്ധിപ്പിക്കുകയും വായ്പാക്കാരുടെ പലിശ ബാദ്ധ്യത കുറയ്ക്കാൻ സഹായിക്കുകയും ചെയ്യും. സഹകരണ ബാങ്കുകൾക്ക് നിലവിലുള്ള പല പരിമിതികളും കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിലൂടെ മറികടക്കാനാകും. കൂടാതെ ഇടപാടുകാർക്ക് ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ നൽകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**കേരള ബാങ്ക് രൂപീകരണം**

191 (3366) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

കേരള ബാങ്ക് രൂപീകരണത്തിനു മുന്നോടിയായി ജില്ലാ സഹകരണ ബാങ്കുകൾക്ക് മിനിമം ഒരു പഞ്ചായത്തിൽ ഒരു ശാഖയെങ്കിലും ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

ഉത്തരം

സഹകരണ നിയമത്തിനും ചട്ടങ്ങൾക്കും സഹകരണ സംഘം രജിസ്ട്രാറുടെ സർക്കുലർ നിർദ്ദേശങ്ങൾക്കും വിധേയമായിട്ടാണ് ജില്ലാ സഹകരണ ബാങ്കുകൾക്ക് ശാഖകൾ ആരംഭിക്കുന്നതിന് അനുമതി നൽകുന്നത്. കേരള ബാങ്ക് രൂപീകരണവുമായി ബന്ധപ്പെട്ട് സമർപ്പിച്ചിട്ടുള്ള വിദഗ്ദ്ധ സമിതി റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

**നിയമനം കാത്തുനിൽക്കുന്നവരുടെ ആശങ്ക**

192 (3367) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ ബാങ്ക് നിലവിൽ വരുന്നതോടെ ജില്ലാ സഹകരണ ബാങ്കുകളിലേക്കു നിയമനം കാത്തു നിൽക്കുന്നവരുടെ ഭാവി ആശങ്കയിലാണെന്നത് ശരിയാണോ;

(ബി) ഇങ്ങനെ നിയമനം കാത്തുനിൽക്കുന്ന എത്ര പേരുണ്ടെന്നും കേരള ബാങ്കിൽ ഇവരെ എങ്ങനെ പുനർ വിന്യസിക്കുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ശരിയല്ല. കേരള ബാങ്ക് നിലവിൽ വരുന്നതുമായി ബന്ധപ്പെട്ട് ജില്ലാ സഹകരണ ബാങ്കുകളിൽ നിലവിലുള്ള തസ്തികകളിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്തുന്നതിന് യാതൊരു നിയന്ത്രണവും ഏർപ്പെടുത്തിയിട്ടില്ല. പുതിയ തസ്തികകൾ അനുവദിക്കുന്നതിന് മാത്രമാണ് നിയന്ത്രണമുള്ളത്.

(ബി) ബാധകമല്ല.

**സഹകരണ വകുപ്പ് ആരംഭിച്ച അരിക്കടകൾ**

193 (3368) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരിവില നിയന്ത്രിക്കാൻ സഹകരണ വകുപ്പ് എവിടെയെല്ലാമാണ് അരിക്കടകൾ ആരംഭിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത അരിക്കടകളിൽ നിന്നുള്ള വിറ്റുവരവ് എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ)

| ജില്ല | അരിക്കടകളുടെ എണ്ണം |
|---|---|
| 1 | 2 |
| തിരുവനന്തപുരം | 59 |
| കൊല്ലം | 62 |
| ആലപ്പുഴ | 49 |
| പത്തനംതിട്ട | 35 |
| കോട്ടയം | 42 |
| ഇടുക്കി | 30 |

| 1 | 2 |
|---|---|
| എറണാകുളം | 59 |
| തൃശ്ശൂർ | 74 |
| പാലക്കാട് | 60 |
| മലപ്പുറം | 59 |
| കോഴിക്കോട് | 44 |
| വയനാട് | 25 |
| കണ്ണൂർ | 52 |
| കാസർഗോഡ് | 30 |
| ആകെ | 680 |

(ബി) സംസ്ഥാനത്തൊട്ടാകെ അരിക്കടകളിൽ മാർച്ച് 6 മുതൽ മേയ് 2 വരെ 12.72 കോടി രൂപയുടെ അരി വിൽപ്പന നടത്തിയിട്ടുണ്ട്.

**സഹകരണ അപ്പെക്സ് സ്ഥാപനങ്ങളിലെ നിയമനം**

194 (3369) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു :
ശ്രീ. എ. കെ. ശശീന്ദ്രൻ :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സഹകരണ അപ്പെക്സ് സ്ഥാപനങ്ങളുണ്ട്; ഇതിൽ എത്ര സ്ഥാപനങ്ങളിലെ നിയമനങ്ങളാണ് പി.എസ്.സി.-യ്ക്ക് വിട്ടിട്ടുള്ളത്; നിലവിൽ നിയമനം പി.എസ്.സി.-യ്ക്ക് വിട്ട സ്ഥാപനങ്ങളും വിടാത്ത സ്ഥാപനങ്ങളും ഏതൊക്കെയെന്ന് വ്യക്തമാക്കാമോ; നിയമനങ്ങൾ പി.എസ്.സി.-യ്ക്ക് വിടാത്ത സ്ഥാപനങ്ങളിലെ നിയമനങ്ങളുടെ മാനദണ്ഡം എന്താണ്; ഇത് ശ്രദ്ധയിൽപ്പെട്ട ശേഷം സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) അപ്പെക്സ് സഹകരണ സ്ഥാപനങ്ങളിലെ എല്ലാ തസ്തികകളിലെയും നിയമനം പി.എസ്.സി.-യ്ക്ക് വിടാൻ എന്ത് നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) അറിയിക്കാം. സംസ്ഥാനത്ത് സഹകരണ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിൽ 11 അപ്പെക്സ് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. ഇവയിൽ കേരള സംസ്ഥാന സഹകരണ ബാങ്ക്, എസ്.സി./എസ്.ടി. ഫെഡറേഷൻ, ഹൗസ്ഫെഡ്, കൺസ്യൂമർ ഫെഡ്, റബ്ബർ മാർക്ക്, സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, മാർക്കറ്റ് ഫെഡ് തുടങ്ങിയ 7 സ്ഥാപനങ്ങളുടെ നിയമനം പി.എസ്.സി.-ക്ക് വിട്ടവയാണ്. വനിതാ ഫെഡ്, ടൂർഫെഡ്, ഹോസ്പിറ്റൽഫെഡ്, ലേബർഫെഡ് തുടങ്ങിയ 4 സ്ഥാപനങ്ങളുടെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടിട്ടില്ല. ടി സ്ഥാപനങ്ങളിൽ കേരള സഹകരണ നിയമം 1969-ലെ ചട്ട വ്യവസ്ഥകൾക്ക് വിധേയമായി പുറപ്പെടുവിച്ചിട്ടുള്ള രജിസ്ട്രാറുടെ 7-6-1991-ലെ 18/91 സർക്കുലർ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുകൊണ്ട് നിയമനങ്ങൾ നടത്തി വരുന്നു. നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടാത്ത സ്ഥാപനങ്ങളെ കേരള സഹകരണ നിയമം 80 (3) (എ)-യിൽ ഉൾപ്പെടുത്തുന്നതിന് ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) വ്യക്തമാക്കാം. സഹകരണ നിയമം 1969-ലെ വകുപ്പ് 80(3) (എ)- ലെ ഷെഡ്യൂളിൽ ഉൾപ്പെടുന്ന സ്ഥാപനങ്ങളിലെ നിയമനം പി.എസ്.സി. മുഖാന്തിരമാണ്. ഈ സ്ഥാപനങ്ങളെ ഷെഡ്യൂളിൽ ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**സഹകരണ വകുപ്പിനുകീഴിലുള്ള അരിക്കടകൾ**

195 (3370) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ വകുപ്പിന് കീഴിൽ എത്ര അരിക്കടകളാണ് ഈ സർക്കാർ ആരംഭിച്ചത്; ഇതിൽ എത്രയെണ്ണം പൂട്ടിയിട്ടുണ്ട്; ശേഷിക്കുന്നവയുടെ എണ്ണം എത്രയാണ്; പുതുതായി എത്ര അരിക്കടകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ട്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കടകൾ വഴി വിതരണം ചെയ്യുന്നതിന് ബംഗാളിൽ നിന്നും എത്ര അളവിലുള്ള അരിയാണ് ആവശ്യപ്പെട്ടിട്ടുള്ളത്; ഇതിൽ എത്ര അളവ് അരി ഇതിനോടകം ലഭിച്ചിട്ടുണ്ട്; ലഭിച്ചതിൽ എത്രയാണ് വിതരണം നടത്തിയിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) അരിവില നിയന്ത്രിക്കുന്നതിൽ ഇത്തരം അരിക്കടകൾക്ക് കഴിയാത്ത സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ എന്താണ് ഇതിന് കാരണമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് സഹകരണ വകുപ്പിന് കീഴിൽ കൺസ്യൂമർഫെഡിന്റെ നേതൃത്വത്തിൽ പ്രാഥമിക സർവ്വീസ് സഹകരണ സംഘങ്ങളിലൂടെ 680 അരിക്കടകളാണ് ഈ സർക്കാർ ആരംഭിച്ചത്. ഇതിൽ ഒന്നുംതന്നെ നിൽത്തലാക്കിയിട്ടില്ല.

സർക്കാരിന് പ്രത്യേക സാമ്പത്തിക ബാദ്ധ്യത വരാത്തതിനാൽ പ്രാഥമിക സർവ്വീസ് സഹകരണ സംഘങ്ങളുടെ താൽപ്പര്യാനുസൃതമാണ് പുതിയ അരിക്കടകൾ ആരംഭിക്കുന്നത്.

(ബി) പ്രസ്തുത അരിക്കടകൾ വഴി വിതരണം ചെയ്യുന്നതിന് 9078 ടൺ അരി വാങ്ങുന്നതിനാണ് പർച്ചേസ് ഓർഡർ നൽകിയിട്ടുള്ളത്. 1894.11 ടൺ അരിക്ക് നൽകിയ പർച്ചേസ് ഓർഡർ സമയബന്ധിതമായി സപ്ലൈ ചെയ്യാത്തതിനെ തുടർന്ന് റദ്ദാക്കി. 5147 ടൺ അരി ഇതിനോടകം ലഭിച്ചിട്ടുണ്ട്. ഗുണമേന്മ കുറവായതിനാൽ 151.572 ടൺ അരി സപ്ലയർക്ക് തിരികെ നൽകിയിട്ടുണ്ട്. 4836.437 ടൺ അരി ഇതിനോടകം സംഘങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

(സി) അരിവില നിയന്ത്രിക്കുന്നതിൽ ഇത്തരം അരിക്കടകൾക്ക് കഴിയാത്ത സാഹചര്യം ഉണ്ടായിട്ടില്ല. അരിക്കടകളുടെ പ്രവർത്തനം ഫലപ്രദമാണ്. ഇതിന് പൊതുജനങ്ങൾക്കിടയിൽ നല്ല സ്വീകരണമാണ് ലഭിച്ചിട്ടുള്ളത്. ജയ അരിയുടെ വില പൊതുവിപണിയിൽ 50 രൂപയിൽ നിന്നും 32 രൂപയിലേക്കും കുറുവ അരിയുടെ വില 46 രൂപയിൽ നിന്നും 36 രൂപയിലേക്കും മറ്റ് അരി ഇനങ്ങളുടെ വില ഗണ്യമായ തോതിലും കുറഞ്ഞിട്ടുണ്ട്.

**വിദ്യാഭ്യാസ വായ്പയ്ക്ക് പലിശയിളവ്**

196 (3371) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ ബാങ്കുകളിൽ നിന്നും വിദ്യാഭ്യാസ വായ്പയെടുത്തു തിരിച്ചടയ്ക്കാനാവാതെ കടക്കെണിയിൽപ്പെട്ടിട്ടുള്ളവർക്ക് പലിശയിളവ് നൽകി വായ്പ ഗഡുക്കളായി തിരിച്ചടയ്ക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കുമോ;

(ബി) ഇത്തരത്തിലുള്ള നിവേദനങ്ങൾ എന്തെങ്കിലും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇപ്പോൾ ഈ വകുപ്പിന്റെ പരിഗണനയിലില്ല.

(ബി) ഉണ്ട്. വിദ്യാഭ്യാസ വായ്പ എഴുതിത്തള്ളുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന സഹകരണ ബാങ്കിൽനിന്നും വിവിധ ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നും വായ്പയെടുത്ത വ്യക്തികളിൽനിന്നും നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്.

**കുടിശ്ശിക കുറയ്ക്കുന്നതിന് പദ്ധതി**

197 (3372) ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ.കെ.എസ്.ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സഹകരണ സ്ഥാപനങ്ങളിലെ കുടിശ്ശിക കുറയ്ക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കിയതെന്ന് വിശദീകരിക്കുമോ;

(ബി) ഇതനുസരിച്ച് 2017 മാർച്ച് 31 വരെ എത്ര കോടി രൂപയാണ് കുടിശ്ശികയായി തിരിച്ചടച്ചതെന്ന് വ്യക്തമാക്കുമോ;

(സി) കുടിശ്ശിക തിരിച്ചടയ്ക്കുന്നവർക്ക് എന്തെല്ലാം ഇൻസെന്റീവുകളാണ് ലഭ്യമാക്കിയിരുന്നതെന്ന് വിവരിക്കുമോ;

(ഡി) എന്നുവരെയാണ് പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാരിന്റെ ഭരണ കാലത്ത് സഹകരണ സ്ഥാപനങ്ങളിലെ കുടിശ്ശിക കുറയ്ക്കുന്നതിന് ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതിയാണ് "നവകേരളീയം കുടിശ്ശിക നിവാരണം 2017”

(ബി) ഇതനുസരിച്ച് 2017 മാർച്ച് 31 വരെ 5743.85 കോടി രൂപയുടെ വായ്പാ കുടിശ്ശികയാണ് തിരിച്ചടച്ചിട്ടുള്ളത്.

(സി) ഈ പദ്ധതിപ്രകാരം കുടിശ്ശിക വായ്പ തിരിച്ചടയ്ക്കുമ്പോൾ പലിശ കണക്കാക്കുന്നത് സാധാരണ പലിശ ആയാണ്. എല്ലാ വായ്പാ ഒത്തുതീർപ്പുകളിലും പിഴപ്പലിശ പൂർണ്ണമായും ഒഴിവാക്കി നൽകുന്നതാണ്. ഈ പദ്ധതിപ്രകാരം കുടിശ്ശിക തിരിച്ചടയ്ക്കുമ്പോൾ കുടിശ്ശിക വായ്പ മുതൽ സംഖ്യയും വായ്പ എടുക്കുമ്പോൾ നിലവിലിരുന്ന പലിശ നിരക്കോ ഏതാണോ കുറവ് ആയത് പ്രകാരം പലിശ തുക ഈടാക്കി കണക്ക് അവസാനിപ്പിക്കാവുന്നതാണ്. പലിശ ബാക്കിനിൽപ്പ് മുതലിനെക്കാൾ അധികരിക്കുകയാണെങ്കിൽ പലിശ മുതലിനൊപ്പം ക്രമീകരിച്ച് വായ്പാ കണക്ക് അവസാനിപ്പിക്കാവുന്നതാണ്. മരണപ്പെട്ടവർ, അപകടം പറ്റി ശയ്യാവലംബരായവർ, മാരകരോഗം ബാധിച്ചവർ എന്നിവരുടെ വായ്പ പരിഗണിക്കുമ്പോൾ ആർബിട്രേഷൻ ഫീസ്, കോടതിച്ചെലവുകൾ പരസ്യച്ചെലവുകൾ, എക്സിക്യൂഷൻ ഫീസ് എന്നിവ ഒഴിവാക്കി നൽകുന്നതാണ്. വായ്പാ തുക ഈ പദ്ധതി കാലാവധിക്കുള്ളിൽ ക്രമമായി അടച്ചു തീർക്കുന്നവർക്ക് ആകെ ടി വായ്പയിലേക്ക് 2016-17 സാമ്പത്തിക വർഷം അടച്ച് പലിശ തുകയുടെ 10 ശതമാനം തുക വരെ അവസാനത്തെ തവണ അടയ്ക്കുമ്പോൾ ഇളവ് നൽകുന്നതിനും വ്യവസ്ഥ ചെയ്തിരുന്നു.

(ഡി) ഈ പദ്ധതിയുടെ ആനുകൂല്യം 2017 ഫെബ്രുവരി 1 മുതൽ 2017 മാർച്ച് 31 വരെയാണ് ലഭ്യമായിരുന്നത്.

**ബ്രാഞ്ച് മാനേജർ തസ്തിക**

198 (3373) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ സഹകരണ ബാങ്കുകളിൽ ബ്രാഞ്ച് മാനേജർ തസ്തികയിലേയ്ക്ക് എത്ര ഒഴിവുകൾ നിലവിലുണ്ട് ; ഇതുവരെ എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ട്; ജില്ല തിരിച്ച് വിശദാംശം നൽകുമോ;

(ബി) പ്രസ്തുത ലിസ്റ്റിന്റെ കാലാവധി എന്ന് അവസാനിക്കും; ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് സത്വര നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| | |
|---|---|
| തിരുവനന്തപുരം | തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിൽ ബ്രാഞ്ച് മാനേജർ തസ്തികയിൽ ഒഴിവുകളില്ല. 18 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തത് പ്രകാരം പി.എസ്.സി. 13 പേരുടെ അഡ്വൈസ് നൽകുകയും 13 പേർക്കും ബാങ്ക് നിയമന ഉത്തരവ് നൽകുകയും ചെയ്തിട്ടുണ്ട്. ടി 13 പേരിൽ 12 പേർ ബ്രാഞ്ച് മാനേജർ തസ്തികയിൽ ജോലിയിൽ പ്രവേശിക്കുകയും ഒരു എൻ.ജെ.ഡി. പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത മുറയ്ക്ക് അഡ്വൈസ് ലഭിക്കുകയും നിയമന ഉത്തരവ് നൽകാനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്. |
| കൊല്ലം | കൊല്ലം ജില്ലാ സഹകരണ ബാങ്കിൽ ബ്രാഞ്ച് മാനേജർ തസ്തികയിൽ നിലവിൽ ഒഴിവുകളില്ല. PSC-ക്ക് റിപ്പോർട്ട് ചെയ്ത 14 ഒഴിവുകളിൽ PSC മുഖേന നിയമനം നടത്തിയിട്ടുണ്ട്. |
| പത്തനംതിട്ട | പത്തനംതിട്ട ജില്ലാ സഹകരണ ബാങ്കിലെ ബ്രാഞ്ച് മാനേജർ തസ്തികയിലേയ്ക്ക് നിലവിലുള്ള 15 ഒഴിവുകൾ PSC-ക്ക് റിപ്പോർട്ട് ചെയ്യുകയും അതിൽ 9 പേർക്ക് PSC അഡ്വൈസ് മെമ്മോ അയയ്ക്കുകയും 9 പേർക്ക് ബാങ്ക് നിയമനം നൽകുകയും ചെയ്തിട്ടുണ്ട്. |
| ആലപ്പുഴ | ആലപ്പുഴ ജില്ലാ സഹകരണ ബാങ്കിൽ ബ്രാഞ്ച് മാനേജർ തസ്തികയിൽ നിലവിൽ ഒഴിവുകളില്ല. ടി തസ്തികയിൽ PSC വഴി നേരിട്ടുള്ള നിയമനത്തിനായി ബാങ്കിൽ നിന്നും 10 ഒഴിവുകൾ PSC-ക്ക് റിപ്പോർട്ട് ചെയ്തിരുന്നു. അതിൽ 7 പേർക്ക് PSC നിയമന ശിപാർശ നൽകുകയും അതനുസരിച്ച് 2 NJD ഒഴിവുകൾ ഉൾപ്പെടെ ആകെ 7 പേർക്ക് ബാങ്കിൽനിന്നും നിയമനം നൽകുകയും ചെയ്തിട്ടുണ്ട്. |
| കോട്ടയം | കോട്ടയം ജില്ലാ സഹകരണ ബാങ്കിൽ ബ്രാഞ്ച് മാനേജർ തസ്തികയിൽ നേരിട്ട് നിയമനം നടത്തേണ്ടത് 16 തസ്തികകളാണ്. ടി 16 തസ്തികകളും PSC-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതും ആയതിൽ 8 തസ്തികകൾ നികത്തിയിട്ടുള്ളതുമാണ്. ഇനി 8 തസ്തികകളിൽക്കൂടി നിയമനം നടത്തുവാനുണ്ട്. |
| ഇടുക്കി | 4 ഒഴിവുകളുണ്ട്. 8 പേരെ നിയമിച്ചു. |
| എറണാകുളം | 12 ഒഴിവുകൾ നിലവിലുണ്ട്. എറണാകുളം ജില്ലാ സഹകരണ ബാങ്കിൽ ബ്രാഞ്ച് മാനേജർ തസ്തികയിലേയ്ക്ക് 15 ഒഴിവുകൾ റിപ്പോർട്ട് ചെയ്തതിൽ 3 നിയമനങ്ങൾ ഇതുവരെ PSC വഴി നടത്തിയിട്ടുണ്ട്. |

| | |
|---|---|
| തൃശ്ശൂർ | തൃശ്ശൂർ ജില്ലാ സഹകരണ ബാങ്കിൽ ബ്രാഞ്ച് മാനേജർ തസ്തികയിൽ നിലവിൽ ഒഴിവുകളൊന്നുമില്ല. PSC വഴി നിലവിലുള്ള റാങ്ക് ലിസ്റ്റിലെ പാർട്ട്-1 -ൽ നിന്നും 4 പേരും പാർട്ട്-2-ൽ നിന്നും 3 പേരുമായി ആകെ 7 പേരെ നിയമിച്ചിട്ടുണ്ട്. നിയമനം സംബന്ധിച്ച് ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ കേസ് നിലവിലുണ്ട്. കോടതി നിർദ്ദേശിച്ച പ്രകാരം 6 തസ്തികകൾ ഒഴിവാക്കിക്കൊണ്ടാണ് PSC ശിപാർശ ചെയ്ത എല്ലാവരെയും നിയമിച്ചിട്ടുള്ളത്. |
| പാലക്കാട് | പാലക്കാട് ജില്ലാ സഹകരണ ബാങ്കിൽ PSC മുഖേന നിയമനം നടത്തേണ്ട ബ്രാഞ്ച് മാനേജർ തസ്തികയുടെ ഒഴിവുകൾ 10 എണ്ണമാണ്. ആയത് നിയമനത്തിനായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. PSC-യിൽ നിന്നും നിയമന ശിപാർശ നാളിതുവരെ ലഭ്യമായിട്ടില്ലാത്തതിനാൽ ബ്രാഞ്ച് മാനേജർ തസ്തികയിൽ പ്രസ്തുത 10 ഒഴിവുകളിൽ PSC മുഖേനയുള്ള നിയമനം നടന്നിട്ടില്ല. |
| മലപ്പുറം | ബ്രാഞ്ച് മാനേജർ തസ്തികയിൽ PSC വഴി നികത്തേണ്ട 14 ഒഴിവുകളിൽ 4 പേർ ഇതുവരെ PSC വഴി ജോയിൻ ചെയ്തിട്ടുണ്ട്. |
| കോഴിക്കോട് | 15 ഒഴിവുകളാണുള്ളത് (അംഗീകൃത തസ്തിക 60, ആയതിന്റെ 25%). നേരിട്ടുള്ള നിയമനത്തിന് റിപ്പോർട്ട് ചെയ്ത 15 ബ്രാഞ്ച് മാനേജർ തസ്തികയിലേയ്ക്ക് PSC അഡ്വൈസ് ചെയ്ത 4 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. |
| വയനാട് | 8 തസ്തികകൾ. ഒരാൾക്ക് മാത്രമേ PSC അഡ്വൈസ് ചെയ്തിട്ടുള്ളൂ. അവർക്ക് നിയമനം നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ ബാക്കി തസ്തികയിലേയ്ക്ക് PSC അഡ്വൈസ് ചെയ്തിട്ടില്ല. |
| കണ്ണൂർ | 15 ഒഴിവുകൾ നിലവിലുണ്ട്. PSC അഡ്വൈസ് നൽകാത്തതിനാൽ നിയമനം നടത്താനായിട്ടില്ല. |
| കാസർഗോഡ് | നിലവിൽ 5 ഒഴിവുകളുണ്ട്. PSC വഴി 7 നിയമനങ്ങൾ നടത്തിയിട്ടുണ്ട്. |

(ബി)

| ക്രമ നമ്പർ | ജില്ല | റാങ്ക് പട്ടിക അവസാനിക്കുന്ന തീയതി |
|---|---|---|
| 1 | തിരുവനന്തപുരം | 26-3-2018 |
| 2 | കൊല്ലം | 19-12-2017 |
| 3 | പത്തനംതിട്ട | 7-12-2017 |
| 4 | ആലപ്പുഴ | 16-11-2017 |
| 5 | കോട്ടയം | 28-12-2017 |
| 6 | ഇടുക്കി | 12-1-2018 |
| 7 | എറണാകുളം | 6-1-2018 |
| 8 | തൃശ്ശൂർ | 29-12-2017 |
| 9 | പാലക്കാട് | 10-11-2017 |
| 10 | മലപ്പുറം | 10-12-2017 |
| 11 | കോഴിക്കോട് | 10-3-2018 |
| 12 | വയനാട് | 22-12-2017 |
| 13 | കണ്ണൂർ | 17-11-2017 |
| 14 | കാസർഗോഡ് | 29-12-2017 |

PSC വഴി നിയമനം നടത്തേണ്ട എല്ലാ ഒഴിവുകളും PSC-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

**നിയമന നിരോധനം**

199 (3374). ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘം രജിസ്ട്രാറുടെ 7/9/2016-ലെ നമ്പർ സി. ബി.(1) 35314/18 കത്ത് പ്രകാരം ജില്ലാ സഹകരണ ബാങ്കുകളിൽ നിയമന നിരോധനം ഏർപ്പെടുത്തിയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത കത്ത് പിൻവലിച്ച് നിയമന നിരോധനം റദ്ദ് ചെയ്യുന്നതിനും, പുതിയ ശാഖകൾ ആരംഭിക്കുന്നതിനും സർക്കാർ തയ്യാറാകുമോ;

(സി) കേരള ബാങ്ക് രൂപീകരിക്കുന്നതിനുവേണ്ടിയാണ് നിയമന നിരോധനം ഏർപ്പെടുത്തിയിരിക്കുന്നത് എന്ന ആക്ഷേപം ശരിയാണോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള ബാങ്ക് രൂപീകരണ ചർച്ച നടക്കുന്ന സാഹചര്യത്തിൽ സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 7-9-2016-ലെ സി.ബി. (1) 35314/16 നമ്പർ കത്തുപ്രകാരം ജില്ലാ സഹകരണ ബാങ്കുകളിൽ ശാഖകൾ ആരംഭിക്കുന്നതിനും കൂടുതൽ ജീവനക്കാരെ നിയമിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതില്ലായെന്ന് നിർദ്ദേശം നൽകിയിരുന്നു. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നടത്തുന്ന നിയമനങ്ങൾക്ക് മേൽ നിർദ്ദേശം ബാധകമല്ലായെന്ന് 24-9-2016-ലെ കത്തിലൂടെ വ്യക്തമായ നിർദ്ദേശവും നൽകിയിരുന്നു.

(ബി) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമനങ്ങൾക്ക് നിരോധനം ഏർപ്പെടുത്തിയിട്ടില്ല. പുതിയ ശാഖകൾ തുടങ്ങുന്നതിന് താൽക്കാലിക നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) നിയമന നിരോധനം ഏർപ്പെടുത്തിയിട്ടില്ല. താൽക്കാലിക നിയമനങ്ങൾക്കും ബ്രാഞ്ചുകൾ ആരംഭിക്കുന്നതിനുമാണ് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്.

**സഹകരണ ബാങ്കുകൾക്കുണ്ടായ സാമ്പത്തിക ബാധ്യത**

200 (3375) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നോട്ട് നിരോധനം വന്നതിലൂടെ സഹകരണ ബാങ്കുകൾക്ക് എത്ര കോടി രൂപയുടെ സാമ്പത്തിക ബാദ്ധ്യത ഉണ്ടായിട്ടുണ്ട്;

(ബി) പെട്ടെന്നുണ്ടായ നോട്ട് നിരോധനംമൂലം സഹകരണ ബാങ്കുകൾ ഇടപാട് നടത്തി സൂക്ഷിച്ചിരുന്ന നോട്ടുകളിൽ എത്ര രൂപ ഇനിയും മാറിക്കിട്ടുവാനുണ്ട് : വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) നോട്ട് നിരോധനം വന്നതിലൂടെ സഹകരണ ബാങ്കുകൾക്ക് ഉണ്ടായിട്ടുള്ള സാമ്പത്തിക ബാദ്ധ്യതയുടെ കണക്കുകൾ പരിശോധിച്ചുവരുന്നു.

(ബി) നോട്ട് നിരോധനംമൂലം സഹകരണ ബാങ്കുകൾ ഇടപാട് നടത്തി സൂക്ഷിച്ചിരുന്ന നോട്ടുകൾ ഇനി മാറിക്കിട്ടുവാനില്ല.

## കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ/ആഡിറ്റർ തസ്തിക

201 (3376) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

സഹകരണ വകുപ്പിൽ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ/ആഡിറ്റർ തസ്തികയിലും സീനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ/ആഡിറ്റർ തസ്തികയിലും ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ എത്ര; ജില്ല തിരിച്ച് വിശദാംശം നൽകുമോ; പ്രസ്തുത ഒഴിവുകളിലേക്ക് നിയമനം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

സഹകരണ വകുപ്പിൽ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ/ആഡിറ്റർ തസ്തികയിലെ നിയമനം സംസ്ഥാനതലത്തിലാണ് നടത്തുന്നത്. ആയതിനാൽ ഒഴിവ് കണക്കാക്കുന്നതും സംസ്ഥാനാടിസ്ഥാനത്തിലാണ്. ജില്ലാടിസ്ഥാനത്തിലുള്ള നിലവിലെ ഒഴിവുകൾ ചുവടെ ചേർക്കുന്നു. പി.എസ്.സി. മുഖേന നേരിട്ടുള്ള നിയമനത്തിന് അർഹമായ മുഴുവൻ ഒഴിവുകളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

| ക്രമ നമ്പർ | ജില്ല | ജൂനിയർ ഇൻസ്പെക്ടർ | സീനിയർ ഇൻസ്പെക്ടർ |
|---|---|---|---|
| 1 | തിരുവനന്തപുരം | ഇല്ല | ഇല്ല |
| 2 | കൊല്ലം | ഇല്ല | ഇല്ല |
| 3 | പത്തനംതിട്ട | 1 | ഇല്ല |
| 4 | ആലപ്പുഴ | ഇല്ല | ഇല്ല |
| 5 | കോട്ടയം | ഇല്ല | ഇല്ല |
| 6 | ഇടുക്കി | 6 | ഇല്ല |
| 7 | എറണാകുളം | 2 | 5 |
| 8 | തൃശ്ശൂർ | ഇല്ല | 4 |
| 9 | പാലക്കാട് | ഇല്ല | 2 |
| 10 | മലപ്പുറം | ഇല്ല | 10 |

| | | | |
|---|---|---|---|
| 11 | കോഴിക്കോട് | ഇല്ല | 1 |
| 12 | വയനാട് | ഇല്ല | ഇല്ല |
| 13 | കണ്ണൂർ | 1 | ഇല്ല |
| 14 | കാസർഗോഡ് | ഇല്ല | ഇല്ല |
| | ആകെ | 10 | 22 |
| ആകെ എണ്ണം =10+22=32 | | | |

| ക്രമ നമ്പർ | ജില്ല | ജൂനിയർ ആഡിറ്റർ | സീനിയർ ആഡിറ്റർ |
|---|---|---|---|
| 1 | തിരുവനന്തപുരം | ഇല്ല | ഇല്ല |
| 2 | കൊല്ലം | 1 | ഇല്ല |
| 3 | പത്തനംതിട്ട | 1 | 1 |
| 4 | ആലപ്പുഴ | 2 | ഇല്ല |
| 5 | കോട്ടയം | 2 | 1 |
| 6 | ഇടുക്കി | 3 | 3 |
| 7 | എറണാകുളം | 9 | 3 |
| 8 | തൃശ്ശൂർ | 14 | 8 |
| 9 | പാലക്കാട് | 13 | ഇല്ല |
| 10 | മലപ്പുറം | 17 | 3 |
| 11 | കോഴിക്കോട് | ഇല്ല | 1 |
| 12 | വയനാട് | ഇല്ല | ഇല്ല |
| 13 | കണ്ണൂർ | 10 | 5 |
| 14 | കാസർഗോഡ് | 9 | 1 |
| | ആകെ | 81 | 26 |
| ആകെ എണ്ണം =81+26=107 | | | |

## ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ/ആഡിറ്റർ തസ്തിക

202 (3377) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സഹകരണ വകുപ്പിൽ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ/ആഡിറ്റർ തസ്തികയുടെ ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ എന്തെങ്കിലും വിധി പ്രസ്താവിച്ചിട്ടുണ്ടോ; പ്രസ്തുത വിധി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

സഹകരണ വകുപ്പിൽ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ/ആഡിറ്റർ തസ്തികയുടെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ 23-1-2017-ലെ ഒ.എ. (EKM) 1165/15 (ഒ.എ.20/17) നമ്പർ അപേക്ഷയിൽ വിധി പ്രസ്താവിച്ചിട്ടുണ്ട്. വിധി പ്രസ്താവം പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ട്. ടി വിധിയുടെ അടിസ്ഥാനത്തിൽ സഹകരണ സബോർഡിനേറ്റ് സർവ്വീസ് റൂൾസ് അനുസരിച്ച് വില്ലേജ് എക്സ്റ്റൻഷൻ ആഫീസർമാർ, യു.ഡി.ക്ലാർക്ക്/യു.ഡി.ടൈപ്പിസ്റ്റ് എന്നിവർക്ക് 2:2:1 റേഷ്യോ പ്രകാരം ഉദ്യോഗക്കയറ്റം നൽകുന്നതിന് മാറ്റിവച്ചിരുന്ന ഒഴിവുകൾ ഉൾപ്പെടെ 236 ഒഴിവുകളും നേരിട്ടുള്ള നിയമനത്തിനായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## ത്രിവേണി സ്റ്റോറുകളും നന്മ സ്റ്റോറുകളും

203 (3378) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ത്രിവേണി സ്റ്റോറുകളുടെയും, നന്മ സ്റ്റോറുകളുടെയും പ്രവർത്തനത്തിന് സർക്കാർ നിർദ്ദേശിച്ചിരിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്നറിയിക്കുമോ;

(ബി) അവശ്യ സാധനങ്ങൾ ന്യായവിലയ്ക്കും, സബ്സിഡി നിരക്കിലും ലഭ്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) കൺസ്യൂമർ ഫെഡിനെ കൂടുതൽ ജനകീയമാക്കുന്നതിനും സ്റ്റോറുകളിലെ വില്പന മെച്ചപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കൺസ്യൂമർ ഫെഡ് എന്ന സഹകരണ സ്ഥാപനം 1980-ൽ സർക്കാരിൽ സമർപ്പിച്ച പ്രോജക്ടിന്റെ അടിസ്ഥാനത്തിലാണ് ത്രിവേണിയുടെ പ്രവർത്തനം ആരംഭിക്കുന്നത്. പ്രാദേശികമയി ത്രിവേണി സ്റ്റോറുകളുടെ ആവശ്യകത, അതിന് ലഭിക്കുന്ന സ്ഥലം എന്നിവ പരിഗണിച്ചാണ് ത്രിവേണിയുടെ വലിപ്പം, വ്യാപ്തി എന്നിവ തീരുമാനിക്കുന്നത്. കഴിവതും ജനങ്ങളുടെയും ജനപ്രതിനിധികളുടെയും ആവശ്യവും നിർദ്ദേശവും പരിഗണിച്ചാണ് ത്രിവേണി സ്റ്റോറുകൾ ആരംഭിച്ചിട്ടുള്ളത്. വർദ്ധിച്ചുവരുന്ന പ്രവർത്തനച്ചെലവും അതോടൊപ്പം വിൽപ്പന വർദ്ധിക്കാനുള്ള സാദ്ധ്യതയില്ലായ്മയും കണക്കിലെടുത്ത് മാറ്റി സ്ഥാപിക്കുന്നതിനും നിർത്തലാക്കുന്നതിനും കൺസ്യൂമർ ഫെഡ് ഭരണസമിതി തലത്തിൽ തീരുമാനങ്ങൾ കൈകൊള്ളാറുണ്ട്. കൺസ്യൂമർഫെഡ് നേരിട്ട് നടത്തിയിരുന്ന നന്മ സ്റ്റോറുകളുടെ പ്രവർത്തനം പൂർണ്ണമായും നിർത്തലാക്കിയിട്ടുണ്ട്.

(ബി) അവശ്യ സാധനങ്ങൾ ന്യായവിലയ്ക്കും സബ്സിഡി നിരക്കിലും ലഭ്യമാക്കുവാൻ ഇ-ടെണ്ടർ വഴി കുറഞ്ഞ വിലയ്ക്ക് ആവശ്യ സാധനങ്ങൾ മൊത്തമായി വാങ്ങി ന്യായവിലയ്ക്ക് പൊതുജനങ്ങൾക്ക് എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിപണി വിലയിലെ ചാഞ്ചാട്ടം, ഉത്സവകാല സീസണിലെ അധിക ഡിമാൻഡ് എന്നിവ കണക്കിലെടുത്ത് സർക്കാർ സബ്സിഡി ആനുകൂല്യം പ്രഖ്യാപിക്കുന്ന വേളയിൽ അത് ഉപഭോക്താക്കൾക്ക് കൺസ്യൂമർഫെഡ് ത്രിവേണി വഴി ലഭ്യമാക്കാറുണ്ട്.

(സി) നടപടി സ്വീകരിച്ചുവരുന്നു. ത്രുവേണി സ്റ്റോറുകളുടെ സൗകര്യം വർദ്ധിപ്പിക്കുക, അവശ്യവസ്തുക്കളുടെ ലഭ്യതയും ഗുണമേന്മയും ഉറപ്പാക്കുക, ഓൺലൈൻ വ്യാപാരം ശക്തിപ്പെടുത്തുക എന്നീ മാർഗ്ഗങ്ങളിലൂടെയും പ്രിവിലേജ് കാർഡ് മുഖേനയും വ്യാപാരം വർദ്ധിപ്പിക്കുന്നതിന് ജനകീയമായ ശ്രമങ്ങൾ നടന്നുവരുന്നു.

**കെട്ടിടങ്ങളുടെ വാടക**

204 (3379) <u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ-സംസ്ഥാന പാതയോരത്ത് നിന്ന് മദ്യവിൽപ്പന ശാലകൾ 500 മീറ്റർ മാറ്റി സ്ഥാപിക്കണമെന്ന സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ പുതുതായി കൺസ്യൂമർ ഫെഡ് വാടകയ്ക്കെടുത്തിട്ടുള്ള കെട്ടിടങ്ങളുടെ വാടക, വിസ്തീർണ്ണം, ഉടമസ്ഥന്റെ പേരു വിവരം തുടങ്ങിയവ വ്യക്തമാക്കുമോ;

(ബി) കൺസ്യൂമർ ഫെഡ് കടമുറികൾ വാടകയ്ക്കെടുക്കുന്നതിന് നിലവിലുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) കടകൾ വാടകയ്ക്കെടുക്കുന്നതിന് നടപടിക്രമങ്ങൾ ഉണ്ടെങ്കിൽ പ്രസ്തുത നടപടിക്രമങ്ങൾ പാലിച്ചാണോ പുതിയ കടകൾ വാടകയ്ക്കെടുത്തിട്ടുള്ള തെന്ന് വ്യക്തമാക്കുമോ;

(ഡി) കൺസ്യൂമർ ഫെഡ് വാടകയ്ക്കെടുത്തിട്ടുള്ള കടകൾക്ക് വാടക നിശ്ചയിക്കുന്നത് ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വിശദമാക്കുമോ;

(ഇ) ഇപ്പോൾ കൺസ്യൂമർ ഫെഡ് വാടകയ്ക്കെടുത്തിട്ടുള്ള കടകളുടെ വാടക, കരാർ തുടങ്ങിയവയ്ക്ക് സർക്കാരിന്റെ അംഗീകാരമുണ്ടോ; ഇത് സംബന്ധിച്ച് എന്തെങ്കിലും പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

<u>ഉത്തരം</u>

(എ) അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(ബി) കൺസ്യൂമർ ഫെഡിന്റെ വിദേശമദ്യ ഷോപ്പിന്റെ നടത്തിപ്പ് ചുമതലയുള്ള ജീവനക്കാരനും (യൂണിറ്റ് ഇൻചാർജ്) ഷോപ്പിലെ മറ്റ് ജീവനക്കാരും ഷോപ്പ് തുറക്കാൻ ഉദ്ദേശിക്കുന്ന പരിസരത്തെ ജനനേതാക്കൾ എന്നിവരുമായി ചർച്ച ചെയ്ത് സ്ഥലം കണ്ടെത്തുന്നു. ഇത്തരത്തിൽ സ്ഥലം കണ്ടെത്തിയശേഷം ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനവുമായി അനൗപചാരികമായി കൂടിയാലോചന നടത്തുന്നു. ഇതിനെത്തുടർന്ന് എക്സൈസ് ഉദ്യോഗസ്ഥരെ വിവരം ധരിപ്പിക്കുന്നു. അവർ സ്ഥലത്തുവന്ന് പരിശോധിച്ച് നിലവിലുള്ള നിയമത്തിനകത്തുനിന്ന് ടി സ്ഥലം വിദേശമദ്യ ഷോപ്പ് നടത്തുന്നതിന് അനുയോജ്യമാണോയെന്ന് തീരുമാനിക്കുന്നു. ഈ ഘട്ടത്തിൽ, റീജിയണൽ മാനേജർ, റീജിയണൽ മാനേജർ (ലെയ്സൺ ആന്റ് കോ-ഓർഡിനേറ്റർ) ഷോപ്പ് ഇൻചാർജ് എന്നിവർ പ്രാദേശികമായി നൽകാവുന്ന വാടകയെക്കുറിച്ച് ധാരണയിലെത്തുകയും സ്ഥലം ഉടമയുമായി സംസാരിക്കുകയും ചെയ്യുന്നു. അതിനെത്തുടർന്ന് എക്സൈസ് ഡിപ്പാർട്ട്മെന്റിൽ അപേക്ഷ നൽകി ലൈസൻസ് സമ്പാദിക്കുന്നു. ലൈസൻസ് ലഭിച്ചാൽ ഉടനെ പുതിയ സ്ഥലത്തേക്ക് ഷിഫ്റ്റ് ചെയ്യുന്നു. അതോടൊപ്പം 'ഡി' ആൻഡ് 'ഒ' ലൈസൻസിനുള്ള അപേക്ഷ നൽകുന്നു. ഷോപ്പ് പ്രവർത്തനം ആരംഭിച്ചതിനുശേഷം മറ്റ് വിധത്തിലുള്ള തർക്കങ്ങൾ ഒന്നുമില്ലെങ്കിൽ ഷോപ്പിന്റെ ഉടമയെ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയിലേക്ക് വിളിപ്പിച്ച് ജനറൽ മാനേജർ,

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

മാനേജിംഗ് ഡയറക്ടർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ ചർച്ച ചെയ്ത് വാടക തീരുമാനിക്കുകയും ഈ നടപടിക്ക് അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ അംഗീകാരത്തോടെ എഗ്രിമെന്റ് വയ്ക്കുകയും ചെയ്യുന്നു.

(സി) കടകൾ വാടകയ്ക്ക് എടുക്കുന്നതിന് പ്രത്യേകിച്ച് ഒരു നടപടിക്രമം നിയമങ്ങളിലോ ചട്ടങ്ങളിലോ വിവക്ഷച്ചിട്ടില്ല. ചോദ്യം ബി-യുടെ ഉത്തരത്തിൽ വ്യക്തമാക്കിയിട്ടുള്ള നടപടിക്രമങ്ങൾ പ്രകാരമാണ് പുതിയ കടകൾ വാടകയ്ക്ക് എടുത്തിട്ടുള്ളത്.

(ഡി) പ്രാദേശികമായി സ്ഥലത്തിന്റെ ലഭ്യത, വിസ്തീർണ്ണം, വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനുള്ള സൗകര്യം, ആ പ്രദേശത്ത് നിലവിലുള്ള മറ്റ് സ്ഥാപനങ്ങളുടെ വാടക എന്നിവയുടെ അടിസ്ഥാനത്തിലാണ് വാടക നിശ്ചയിക്കുന്നത്. റെന്റ് എഗ്രിമെന്റ് ആക്ടിൽ വിവക്ഷിച്ചിട്ടുള്ള പ്രകാരം പരമാവധി അഞ്ച് മാസക്കാലത്തെ വാടക അഡ്വാൻസായി നൽകുന്നുണ്ട്.

(ഇ) കൺസ്യൂമർ ഫെഡിന്റെ സ്ഥാപനങ്ങളുടെ നടത്തിപ്പിനായി വളരെക്കാലങ്ങളായി കെട്ടിടങ്ങൾ വാടകയ്ക്ക് എടുക്കാറുണ്ട്. ഇതിന് അംഗീകാരം നൽകുന്നത് ഭരണസമിതിയാണ്. മറിച്ച് സർക്കാരിൽ നിന്നും അംഗീകാരം നേടുന്ന പതിവില്ല. മദ്യഷോപ്പുകൾ തങ്ങളുടെ പ്രദേശത്ത് പ്രവർത്തിക്കുന്നതുമായി ബന്ധപ്പെട്ട് ധാരാളം പ്രതിഷേധവും പരാതിയും ഉയർന്നുവന്നിട്ടുണ്ട്.

**കൺസ്യൂമർ ഫെഡിന്റെ ലാഭനഷ്ടം**

205 (3380) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ അവസാന കാലത്ത് കൺസ്യൂമർ ഫെഡ് എത്ര കോടി രൂപയുടെ നഷ്ടത്തിലായിരുന്നുവെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത സ്ഥാപനം ലാഭത്തിലായിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ?

<u>ഉത്തരം</u>

(എ) താൽക്കാലിക കണക്കുകൾപ്രകാരം കഴിഞ്ഞ സർക്കാരിന്റെ അവസാന കാലമായ 2015-16 സാമ്പത്തിക വർഷത്തിൽ 29.10 കോടി രൂപയുടെ നഷ്ടം ഫെഡറേഷന് ഉണ്ടായിരുന്നു. ഇത് ഉൾപ്പെടെ സഞ്ചിത നഷ്ടം 447.21 കോടി രൂപയായിരുന്നു.

(ബി) ലാഭത്തിലായിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ കൺസ്യൂമർ ഫെഡിന് താൽക്കാലിക കണക്കുകൾ പ്രകാരം 64.78 കോടി രൂപയുടെ പ്രവർത്തനലാഭം ഉണ്ടായിട്ടുണ്ട്. ഫെഡറേഷന്റെ ബിസിനസ്സ് വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ത്രിവേണി, നീതി മെഡിക്കൽ സ്റ്റോർ എന്നിവയ്ക്ക് പ്രത്യേകം ടാർജറ്റ് നൽകി വിറ്റുവരവ് വർദ്ധിപ്പിച്ചു. വിദേശമദ്യത്തിലെ ഇൻസെന്റീവ് നേരിട്ട് ഫെഡറേഷനിൽ ലഭ്യമാക്കിയതിലൂടെയും ലാഭകരമല്ലെന്ന് കണ്ടെത്തുകയും നഷ്ടത്തിനും ഡാമേജിനും കെടുകാര്യസ്ഥതയ്ക്കും ഇടയാക്കിയ 741 നന്മ സ്റ്റോറുകൾ ഒഴിവാക്കുകയും അധികമാണെന്ന് കണ്ടെത്തിയ താൽക്കാലിക ജീവനക്കാരെ ഒഴിവാക്കുകയും ചെയ്തതിലൂടെ ഭരണച്ചെലവ് കുറയ്ക്കുന്നതിന് സാധിച്ചു. വിവിധ ഗോഡൗണുകളിൽ കെട്ടിക്കിടന്ന സാധനങ്ങൾ വിറ്റഴിച്ചതിലൂടെയും വായ്പകൾ പുനഃക്രമീകരിച്ചതിലൂടെയും ഫെഡറേഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ഇതിലൂടെ സ്ഥാപനത്തെ ലാഭത്തിലെത്തിക്കുന്നതിനും സാധിച്ചു.

### കൺസ്യൂമർ ഫെഡിന്റെ അരിക്കടകൾ

206 (3381) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അരി വില നിയന്ത്രിക്കുന്നതിനുവേണ്ടി കൺസ്യൂമർ ഫെഡിന്റെ ആഭിമുഖ്യത്തിൽ അരിക്കടകൾ തുടങ്ങുന്ന സംവിധാനം ഉത്സവ സീസണിൽ മാത്രം നടപ്പിലാക്കുന്നതിനുപകരം സ്ഥിരമായി തുടരുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

അരിവില നിയന്ത്രിക്കുന്നതിനുവേണ്ടി കൺസ്യൂമർ ഫെഡിന്റെ ആഭിമുഖ്യത്തിൽ അരിക്കടകൾ ആരംഭിച്ചത് ഉത്സവ സീസണിൽ മാത്രം നടപ്പിലാക്കുക എന്ന ലക്ഷ്യത്തോടെയല്ല. അരിയുടെ ക്ഷാമം പരിഹരിക്കുന്നതിനും പൊതുവിപണിയിലെ വിൽപ്പനവില പിടിച്ചുനിർത്തുന്നതിനും കൺസ്യൂമർ ഫെഡിന്റെ നേതൃത്വത്തിൽ പ്രാഥമിക സഹകരണ സംഘങ്ങളെക്കൂടി ഉൾപ്പെടുത്തി കൺസോർഷ്യം രൂപീകരിച്ച് ഫലപ്രദമായി മാർക്കറ്റിൽ ഇടപെടുന്നതിന് തീരുമാനിക്കുകയും ഇതുവഴി 680 അരിക്കടകൾ ആരംഭിച്ച് സുവർണ്ണ മസ്സൂരി അരി കിലോയ്ക്ക് 25 രൂപാ നിരക്കിൽ പൊതുജനങ്ങൾക്ക് വിൽപ്പന നടത്തിവരികയും ചെയ്യുന്നു. പൊതു വിപണിയിൽ അരിയുടെ വില കുറയുന്നതുവരെ അരിക്കടകൾ തുടരുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. കൺസ്യൂമർ ഫെഡിന്റെ സ്വന്തം വിപണന കേന്ദ്രങ്ങളായ ത്രിവേണി, സഹകരണ സംഘങ്ങൾ നടത്തുന്ന നീതി സ്റ്റോറുകൾ എന്നിവയിലൂടെ അരിയുൾപ്പെടെ വിവിധ അവശ്യവസ്തുക്കൾ സ്ഥിരമായി വിതരണം ചെയ്തുവരുന്നു.

**കുടിശ്ശിക നിവാരണം**

207 (3382) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വി.ടി.ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ നവകേരളീയം കുടിശ്ശിക 2017 എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) പദ്ധതിയനുസരിച്ച് എന്തെല്ലാം ആനുകൂല്യങ്ങളും ഇൻസെന്റീവുകളുമാണ് സഹകാരികൾക്ക് നൽകുന്നതെന്ന് വിശദമാക്കുമോ;

(ഡി) പദ്ധതി ലക്ഷ്യത്തിലെത്താൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ എന്തെല്ലാം?

ഉത്തരം

(എ) ഉണ്ട്. സഹകരണ സംഘങ്ങളുടെ/ബാങ്കുകളുടെ കുടിശ്ശിക കുറയ്ക്കുന്നതിനും കൃത്യമായ വായ്പാ തിരിച്ചടവ് പ്രോത്സാഹിപ്പിച്ച് സംഘങ്ങളെ/ബാങ്കുകളെ പരമാവധി കുടിശ്ശിക രഹിത സംഘങ്ങൾ/ബാങ്കുകളാക്കി മാറ്റുന്നതിനുമായി സംസ്ഥാനത്തെ സഹകരണ മേഖലയിൽ ഒരു ഊർജ്ജിത കുടിശ്ശിക നിവാരണ പരിപാടി "നവകേരളീയം കുടിശ്ശിക നിവാരണം-ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 2017" നടപ്പിലാക്കിയിട്ടുണ്ട്.

(ബി) സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള എല്ലാ വായ്പാ സംഘങ്ങൾക്കും സഹകരണ ബാങ്കുകൾക്കും ഈ പദ്ധതി ബാധകമാണ്. കരുതൽ വയ്ക്കേണ്ടി വരുന്നതിനാൽ സംഘങ്ങളുടെ/ബാങ്കുകളുടെ നഷ്ടത്തിന് ഇടയാക്കുന്നതായ കുടിശ്ശിക/നിഷ്ക്രിയ ആസ്തികൾ പരമാവധി കുറയ്ക്കുക, സഹകാരികൾക്ക് അവരുടെ കടബാദ്ധ്യതയിൽനിന്നും ഒഴിവാകുന്നതിന് അവസരമൊരുക്കുക എന്നിവയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) പദ്ധതിപ്രകാരം കുടിശ്ശികയായ വായ്പകൾക്ക് പലിശ കണക്കാക്കുന്നത് സാധാരണ പലിശയായാണ്. എല്ലാ വായ്പാ ഒത്തുതീർപ്പുകളിലും പിഴപ്പലിശ പൂർണ്ണമായും ഒഴിവാക്കുന്നതാണ്. വായ്പ തിരിച്ചടവിനെ പ്രോത്സാഹിപ്പിക്കുന്നതിനായി വായ്പാ തുക ഈ പദ്ധതി കാലാവധിക്കുള്ളിൽ ക്രമമായി അടച്ചുതീർക്കുന്നവർക്ക്

ആകെ ടി വായ്പയിലേക്ക് 2016-17 സാമ്പത്തിക വർഷം അടച്ച പലിശത്തുകയുടെ 10 ശതമാനം തുക വരെ അവസാനത്തെ തവണ അടയ്ക്കുമ്പോൾ ഇളവ് നൽകുന്നതാണ്.

(ഡി) ഉണ്ട്. ടി പദ്ധതിപ്രകാരം സഹകരണ സംഘങ്ങളുടെ/ബാങ്കുകളുടെ വായ്പാ കുടിശ്ശിക കുറയ്ക്കുന്നതിന് സഹായകരമായിട്ടുണ്ട്. കൂടാതെ വായ്പാ തിരിച്ചടവ് പ്രോത്സാഹിപ്പിക്കുന്നതിനും സഹകാരികളെ അവരുടെ കടബാദ്ധ്യതയിൽനിന്നും ഒഴിവാക്കുന്നതിനും സഹായകരമായിട്ടുണ്ട്.

**കേരള സീ പ്ലെയിൻ പദ്ധതി**

208 (3383) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏത് വർഷത്തിലാണ് സീ പ്ലെയിൻ പദ്ധതി ഏറ്റെടുത്തതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതിയെക്കുറിച്ച് സി. എ. ജി. റിപ്പോർട്ട് നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ എപ്പോഴാണ് റിപ്പോർട്ട് നൽകിയതെന്നും പ്രസ്തുത റിപ്പോർട്ടിൽ പരാമർശിച്ച കാര്യങ്ങൾ എന്തായിരുന്നുവെന്നും വ്യക്തമാക്കുമോ;

(ഡി) സീ പ്ലെയിൻ പദ്ധതി ഉപേക്ഷിച്ചിട്ടുണ്ടെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉപേക്ഷിച്ച പദ്ധതിയിൽപ്പെട്ട ഏതെങ്കിലും കേന്ദ്രങ്ങൾ പ്രവർത്തന സജ്ജമാക്കിയിട്ടുണ്ടോ;

(എഫ്) എങ്കിൽ പ്രസ്തുത കേന്ദ്രങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2012-ൽ പ്രഖ്യാപിക്കപ്പെട്ട പദ്ധതിയാണ് കേരള സീ പ്ലെയിൻ പദ്ധതി.

(ബി) ഉണ്ട്.

(സി) 2013-14 സാമ്പത്തിക വർഷത്തിലെ ടൂറിസം വകുപ്പിന്റെ പ്രവർത്തനം അവലോകനം ചെയ്ത് സി.എ.ജി. സമർപ്പിച്ച ഓഡിറ്റ് റിപ്പോർട്ട് (എക്കണോമിക് സെക്ടർ)-ലെ രണ്ടാം അദ്ധ്യായം പെർഫോർമൻസ് ഓഡിറ്റ് വിഭാഗത്തിലാണ് കേരള സീപ്ലെയിൻ പദ്ധതി സംബന്ധിച്ച് റിപ്പോർട്ട് നൽകിയിട്ടുള്ളത്. റിപ്പോർട്ടിലെ പ്രസക്ത ഭാഗങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) സീ പ്ലെയിൻ ഓപ്പറേഷനായി സന്നദ്ധത പ്രകടിപ്പിച്ച M/s. Sea Bird Sea Plane Pvt. Ltd. എന്ന സ്ഥാപനത്തിന് ടി പ്രവൃത്തിക്കുവേണ്ട Air Worthiness Certificate, DGCA-യിൽ നിന്നും ലഭിക്കേണ്ട Non-Scheduled Operator permit മുതലായ സീ പ്ലെയിൻ ഓപ്പറേഷന് അവശ്യംവേണ്ട ക്ലിയറൻസുകൾ ലഭ്യമാകാത്തതിനാൽ ആയവ ലഭ്യമാക്കിയതിനുശേഷം കേരളത്തിൽ വാണിജ്യാടിസ്ഥാനത്തിൽ സർവ്വീസ് നടത്താനുള്ള താൽപ്പര്യം അറിയിക്കുവാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും നാളിതുവരെ ലഭ്യമായിട്ടില്ല.

(ഇ & എഫ്) ഇല്ല.

## ഡി.ടി.പി.സി.യിലെ സേവന വേതന വ്യവസ്ഥകൾ

209 (3384) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ഡി.റ്റി.പി.സി.കളിൽ ജോലി ചെയ്യുന്നവരുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്കരിക്കണമെന്ന അപേക്ഷ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) ഇതിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) ഡി.ടി.പി.സി.-കളിൽ ജോലി ചെയ്യുന്നവരുടെ സേവന വേതന വ്യവസ്ഥകൾ ഏകീകരിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ടൂറിസം വകുപ്പിന്റെ നേതൃത്വത്തിൽ നടത്തിവരുന്നുണ്ട്. സംസ്ഥാനത്തെ 14 ഡി.ടി.പി.സി.-കളിലെയും ജോലി നിലവിൽ ഏക സ്വഭാവമില്ലാത്തതാണ്. അതിനനുസരിച്ചുള്ള വേതനമാണ് ജീവനക്കാർക്ക് നൽകിവരുന്നത്. ഡി.ടി.പി.സി.കളിൽ നിലവിലുള്ള ജീവനക്കാരുടെ എണ്ണം, സ്ഥിരം ജീവനക്കാർ, അവർക്ക് നൽകിവരുന്ന വേതനം എന്നീ കാര്യങ്ങളിൽ സ്പഷ്ടത വരുത്തുന്നതിനുവേണ്ടി എല്ലാ ഡി.ടി.പി.സി.-കളിലും അറിയിപ്പുനൽകുകയും ആയതു സംബന്ധിച്ച് മറുപടികൾ ലഭിക്കുകയും ചെയ്തുവരുന്നുണ്ട്.

ഡി.ടി.പി.സി.-കളിലെ നിലവിലുള്ള സേവന വേതന വ്യവസ്ഥകൾ ഏകീകരിക്കുന്നതുമായി ബന്ധപ്പെട്ട ഒരു പ്രൊപ്പോസൽ തയ്യാറാക്കി നൽകാൻ ടൂറിസം വകുപ്പ് അഡീഷണൽ ഡയറക്ടർ (ജനറൽ)-ന്റെ നേതൃത്വത്തിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ തീരുമാനപ്രകാരം തയ്യാറാക്കപ്പെട്ട സ്റ്റാഫ് റഗുലറൈസേഷൻ ആന്റ് സർവ്വീസ് റൂൾസിന്റെ കരടിന്മേൽ ചർച്ച ചെയ്യുന്നതിനു വേണ്ടി കൂടിയ കമ്മിറ്റിയുടെ തീരുമാനപ്രകാരം ഓരോ ഡി.ടി.പി.സി.-യിലെയും ഡെസ്റ്റിനേഷനുകളിൽ ആവശ്യമായ തസ്തികകൾ നിർണ്ണയിച്ചുനൽകാൻ പ്രത്യേക കമ്മിറ്റികൾ രൂപീകരിക്കുവാൻ എല്ലാ ജില്ലാ കളക്ടർമാർക്കും അറിയിപ്പ് നൽകിയിട്ടുണ്ട്. അതിന്റെ മറുപടി അതത് ഡി.ടി.പി.സി.-കളിൽ നിന്നും ലഭിക്കുന്നമുറയ്ക്ക് മാത്രമേ സേവന വേതന വ്യവസ്ഥകൾ ഏകീകരിക്കുവാൻ സാദ്ധ്യമാവുകയുള്ളൂ.

**വിനോദസഞ്ചാര മേഖലാ വികസനം**

210 (3385) ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. കെ. വി.അബ്ദുൾ ഖാദർ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര മേഖല വികസിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തിന്റെ പൈതൃകം, പരിസ്ഥിതി, സംസ്കാരം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) പരമ്പരാഗത ഉത്സവങ്ങൾ, മേളകൾ, സാംസ്കാരിക പരിപാടികൾ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി ഈ പദ്ധതിയിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്;

(സി) വിനോദസഞ്ചാര വികസനത്തിനായി പരമ്പരാഗത കലാരൂപങ്ങൾ ആവിഷ്കരിക്കപ്പെടുമ്പോൾ അവയ്ക്ക് കാതലായ മാറ്റം വരുത്താതെ കേരളത്തനിമ നിലനിർത്തി അവതരിപ്പിക്കുന്നതിന് നിർദ്ദേശം നൽകുമോ;

(ഡി) വിനോദസഞ്ചാര മേഖലയുടെ വ്യാപനത്തിന്റെ ഫലമായി പ്രകൃതി വിഭവങ്ങളുടെ അമിത ചൂഷണവും ആവാസ വ്യവസ്ഥയ്ക്ക് നാശനഷ്ടവും ഉണ്ടാകാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

ഉത്തരം

(എ) ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) കേരളത്തിലെ പ്രധാനപ്പെട്ട ഉത്സവങ്ങൾ, പൂരം, ബോട്ട് റെയ്സ്, സാംസ്കാരിക പരിപാടികൾ തുടങ്ങിയവ പ്രോത്സാഹിപ്പിക്കുന്നതിനായി ടൂറിസം വകുപ്പ് സാമ്പത്തിക സഹായങ്ങൾ നൽകിവരുന്നു. നാടൻ കലകളെ പ്രോൽസാഹിപ്പിക്കുന്നതിനായി കേരളത്തിലെ എല്ലാ ജില്ലകളിലും വർഷത്തിലൊരിക്കൽ ഒരാഴ്ച നീളുന്ന 'ഉത്സവം' എന്ന പേരിൽ പരിപാടിയും ഓണവുമായി ബന്ധപ്പെട്ട് കേരളത്തിലാകമാനം നാടൻ കലാപരിപാടികളും സംഘടിപ്പിക്കുകയും ചെയ്തുവരുന്നു.

(സി) വിനോദസഞ്ചാര വികസനത്തിനായി പരമ്പരാഗത കലാരൂപങ്ങൾ ആവിഷ്കരിക്കുമ്പോൾ കേരളത്തനിമ നിലനിർത്തി അവതരിപ്പിക്കുന്നതിന് ശ്രദ്ധ പുലർത്താറുണ്ട്.

(ഡി) പ്രകൃതിയെയും പ്രകൃതി വിഭവങ്ങളെയും നിലനിർത്തിയും അവയ്ക്ക് കോട്ടം വരാതെയുമുള്ള പരിസ്ഥിതി സൗഹാർദ്ദ ടൂറിസം പദ്ധതികൾക്ക് ടൂറിസം വകുപ്പ് പ്രാമുഖ്യം നൽകിവരുന്നു.

**വിനോദസഞ്ചാര മേഖലയുടെ വികസനം**

211 (3386) ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. പി. വി. അൻവർ :
ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. കെ.ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര മേഖലയെ ആഗോളതലത്തിലേയ്ക്ക് ഉയർത്തുവാൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) വിനോദസഞ്ചാര മേഖലയുടെ വികസനത്തിന് സ്വകാര്യ പങ്കാളിത്തം എത്രത്തോളമാണ് പ്രയോജനപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാന ടൂറിസത്തിന് ദേശീയ അന്തർദ്ദേശീയ തലത്തിൽ എന്തെല്ലാം പുരസ്കാരങ്ങളാണ് ലഭിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ)

1. വിദേശ രാജ്യങ്ങളിലും ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലും റോഡ്ഷോകളും ട്രേഡ് ഫെയറുകളും സംഘടിപ്പിക്കൽ.

2. ഉത്തരവാദിത്ത ടൂറിസം പദ്ധതിയുടെ വിപുലീകരണം.

3. കേരളത്തെ വിവാഹ/MICE/ഹണിമൂൺ ടൂറിസത്തിന്റെ ലക്ഷ്യസ്ഥാനമാക്കി മാറ്റുന്നതിനുള്ള ഓഫ് ലൈൻ/ഓൺ ലൈൻ പ്രചരണം.

4. നവ മാധ്യമങ്ങളിലൂടെയുള്ള പ്രചരണ പരിപാടികൾ

5. കൊച്ചി ബിനാലെ, കേരള ട്രാവൽ മാർട്ട് എന്നിവയുടെ പ്രോത്സാഹനവും പ്രചരണവും

6. കേരള ബ്ലോഗ് എക്സ്പ്രസ്സ്പോലുള്ള നവീന മാർക്കറ്റിംഗ് തന്ത്രങ്ങൾ.

(ബി) വിനോദസഞ്ചാര മേഖലയുടെ വികസനത്തിന് സ്വകാര്യ പങ്കാളിത്തം ഉറപ്പാക്കിയുള്ള പ്രവർത്തനമാണ് കേരള ടൂറിസം നടപ്പാക്കിവരുന്നത്. കേരള ടൂറിസം വിദേശത്തും സ്വദേശത്തും സംഘടിപ്പിക്കുന്ന ട്രേഡ് ഫെയറുകളിലും റോഡ്ഷോകളിലും സ്വകാര്യസംരംഭകരെ പങ്കെടുപ്പിക്കാറുണ്ട്. സ്വകാര്യ മേഖലയിലുള്ള ടൂറിസം യൂണിറ്റുകൾക്ക് ക്ലാസ്സിഫിക്കേഷൻ നൽകുന്നതുവഴി കേരള ടൂറിസത്തിന്റെ പ്രവർത്തനങ്ങളിൽ അവയെ പങ്കാളിയാക്കുന്നുണ്ട്. കേരള ടൂറിസം പല പദ്ധതികളും PPP മോഡലിൽ വിജയകരമായി നടപ്പാക്കിവരുന്നുണ്ട്. ടൂറിസം പോളിസി രൂപീകരണത്തിനായി സ്വകാര്യ മേഖലയിലുള്ള സംരംഭകരെ ഉൾപ്പെടുത്തി ഉപദേശക സമിതി രൂപീകരിച്ചിട്ടുണ്ട്.

(സി) കേരള ടൂറിസത്തിന് 2016-17 കാലഘട്ടത്തിൽ ലഭിച്ച പുരസ്കാരങ്ങൾ ചുവടെ ചേർക്കുന്നു :

- വ്യാപാരമേളയായ WTM ലണ്ടനിൽ ജനങ്ങൾ തെരഞ്ഞെടുത്ത ഏറ്റവും നല്ല സ്റ്റാളിനുള്ള അവാർഡ്.
- വിസിറ്റ് കേരള ടെലിവിഷൻ ക്യാമ്പയിനിനായി PATA ഗോൾഡ് അവാർഡ്.
- ഇംഗ്ലീഷ് ഭാഷയിലെ മികച്ച പ്രസിദ്ധീകരണത്തിനുള്ള നാഷണൽ ടൂറിസം അവാർഡ്. (സ്പൈസ് റൂട്ട് കോഫി ടേബിൾ ബുക്ക്)

- ലോൺലി പ്ലാനറ്റ് മാഗസിൻ ഇന്ത്യയുടെ ഏറ്റവും മികച്ച ഫാമിലി ഡെസ്റ്റിനേഷനുള്ള അവാർഡ് കേരളത്തിന് ലഭിച്ചു.
- ഫിത്തൂർ, മാഡ്രിഡ് അന്തർദ്ദേശീയ ടൂറിസം മേളയിൽ കേരളത്തിന് ബെസ്റ്റ് ടൂറിസം പവലിയൻ അവാർഡ് ലഭിച്ചു.
- ഇന്ത്യയിലെ മികച്ച വിശ്രമ ടൂറിസം കേന്ദ്രമായി കേരളത്തെ തെരഞ്ഞെടുത്തു (Runner up).
- ഉത്തരവാദിത്ത ടൂറിസത്തെക്കുറിച്ചുള്ള ഒരു ഡോക്യുമെന്ററി ഫിലിമിന് ലോകത്തെ ഏറ്റവും വലിയ ട്രാവൽ വ്യാപാര മേളയായ എ.റ്റി.ബി. ബർളിനിൽ ഗോൾഡൻ സിറ്റി ഗേറ്റ് പുരസ്കാരം കേരളത്തിന് ലഭിക്കുകയുണ്ടായി.
- വെബ്രത്ത അവാർഡ്, ഔട്ട്സ്റ്റാൻഡിംഗ് കണ്ടന്റ് വിഭാഗത്തിൽ ഗോൾഡൻ ഐക്കൺ അവാർഡ് കേരള ടൂറിസത്തിന്റെ വെബ്സൈറ്റിന് ലഭിച്ചു. (www.keralatourism.org)

**വിനോദസഞ്ചാര മേഖലയിലെ പദ്ധതികൾ**

212 (3387) ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. എം. രാജഗോപാലൻ :
ശ്രീ. എസ്.രാജേന്ദ്രൻ :
ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര മേഖലയിൽ നാലു ലക്ഷം പേർക്കുകൂടി പ്രത്യക്ഷ തൊഴിൽ ലഭ്യമാക്കുമെന്ന ലക്ഷ്യം നിറവേറ്റാനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം അറിയിക്കുമോ;

(ബി) പുതിയ ടൂറിസം ഡെസ്റ്റിനേഷനുകൾ വികസിപ്പിക്കുന്നതിന് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾക്ക് സാധ്യമായിട്ടുണ്ടോ;

(സി) നിലവിലുള്ള വിനോദസഞ്ചാര കേന്ദ്രങ്ങളിലെ ഗതാഗത സൗകര്യമുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വിപുലീകരണത്തിനായി നടപ്പാക്കിയ കാര്യങ്ങൾ വിശദമാക്കുമോ;

(ഡി) പൈതൃക ഗ്രാമങ്ങൾ വികസിപ്പിച്ച് വിനോദ സഞ്ചാരികളെ ആകർഷിക്കാനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ടോ;എങ്കിൽ പുരോഗതി അറിയിക്കുമോ?

<u>ഉത്തരം</u>

(എ) വിദേശ ടൂറിസ്റ്റുകളുടെ വരവ് നിലവിലെ എണ്ണത്തിന്റെ ഇട്ടിയാക്കി വർദ്ധിപ്പിച്ചും ആഭ്യന്തര ടൂറിസ്റ്റുകളുടെ വരവ് നിലവിലേതിനെക്കാൾ 50% വർദ്ധിപ്പിച്ചും വിനോദസഞ്ചാര മേഖലയിൽ നിലവിലെ 14 ലക്ഷം തൊഴിലവസരം 5 വർഷത്തിനുള്ളിൽ 4 ലക്ഷംകൂടി വർദ്ധനവ് വരുത്തുന്നതിനും ലക്ഷ്യമിടുന്നു. ഹോട്ടലുകളുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യമേഖല, മാനവ വിഭവശേഷി മേഖല എന്നിവിടങ്ങളിലെ വികസന പ്രവർത്തനങ്ങളിലൂടെ ടൂറിസം മേഖലകളുടെ വികസനത്തിന് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും കഴിയുമെന്ന് കണക്കാക്കുന്നു.

ടൂറിസം വകുപ്പ് ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്ന ഗ്രീൻ കാർപ്പറ്റ് പദ്ധതി ടൂറിസം കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യ വികസനങ്ങളോടൊപ്പം കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ലക്ഷ്യമിടുന്നു.

(ബി) ഉണ്ട്.

(സി) ടൂറിസം വകുപ്പ് ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്ന ഗ്രീൻ കാർപ്പറ്റ് പദ്ധതി ടൂറിസം കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യ വികസനം ഉദ്ദേശിച്ചുള്ളതാണ്. ടൂറിസം കേന്ദ്രങ്ങളിലെ ഗതാഗത സൗകര്യമടക്കമുള്ള അടിസ്ഥന സൗകര്യ വികസനങ്ങളോടൊപ്പം കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള സംവിധാനങ്ങൾകൂടി ഉൾപ്പെടുന്നതാണ് ഈ പദ്ധതി. ശുചീകരണം, ടോയ്‍ലെറ്റ് സൗകര്യം, കുടിവെള്ളം, ഭക്ഷണ സൗകര്യം, വിശ്രമ സൗകര്യം, വിനോദങ്ങൾ എന്നിവയടക്കമുള്ള സൗകര്യങ്ങൾ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ഏർപ്പെടുത്തുന്നതിന് ഇതിൽ ലക്ഷ്യമിടുന്നു.

(ഡി) ബാലരാമപുരം, മാന്നാർ, ആറൻമുള, ചെറുതുരുത്തി, പയ്യന്നൂർ, മുത്തങ്ങ തുടങ്ങിയ 10 കേന്ദ്രങ്ങൾ പൈതൃക ഗ്രാമങ്ങളായി വികസിപ്പിക്കുന്നതിനുള്ള പദ്ധതി പ്രാരംഭ ഘട്ടത്തിലാണ്.

**വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനുള്ള നടപടികൾ**

213 (3388) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് ഭരണതലത്തിൽ എടുത്തിട്ടുള്ളത്; വിശദമാക്കുമോ;

(ബി) വിനോദസഞ്ചാരികളുടെ എണ്ണത്തിലുള്ള വർദ്ധനവ് സംസ്ഥാനത്തിന്റെ വരുമാനം എത്രത്തോളം വർദ്ധിപ്പിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായി കേരള ടൂറിസം ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു :

1. വിദേശ രാജ്യങ്ങളിലും ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലും റോഡ് ഷോകളും ട്രേഡ് ഫെയറുകളും സംഘടിപ്പിക്കൽ.

2. ഉത്തരവാദിത്ത ടൂറിസം പദ്ധതിയുടെ വിപുലീകരണം.

3. കേരളത്തെ വിവാഹ/MICE/ഹണിമൂൺ ടൂറിസത്തിന്റെ ലക്ഷ്യസ്ഥാനമാക്കി മാറ്റുന്നതിനുള്ള മൺസൂൺ ഓഫ് ലൈൻ/ ഓൺലൈൻ പ്രചരണം

4. നവ മാധ്യമങ്ങളിലൂടെയുള്ള പ്രചരണ പരിപാടികൾ.

5. കൊച്ചി ബിനാലെ, കേരള ട്രാവൽ മാർട്ട് എന്നിവയുടെ പ്രോത്സാഹനവും പ്രചരണവും

6. കേരള ബ്ലോഗ് എക്സ്പ്രസ്സ്പോലുള്ള നവീന മാർക്കറ്റിംഗ് തന്ത്രങ്ങൾ നടപ്പാക്കി വരുന്നു.

(ബി) മുൻ വർഷത്തെ അപേക്ഷിച്ച് 2016-ൽ കേരളത്തിലെത്തിയ വിനോദ സഞ്ചാരികളുടെ എണ്ണം 5.71% ആയി വർദ്ധിച്ചിട്ടുണ്ട്. വിനോദസഞ്ചാരികളുടെ എണ്ണത്തിലുള്ള ഈ വർദ്ധനവ് ടൂറിസം വരുമാനത്തിലും പ്രകടമായിട്ടുണ്ട്. 2015-ൽ ആകെ ടൂറിസം വരുമാനം 26,689.63 കോടി രൂപ ആയിരുന്നത് 2016-ൽ 29,658.56 കോടി രൂപ ആയി വർദ്ധിച്ചിട്ടുണ്ട്. (11.12 % വർദ്ധനവ്).

**ടൂറിസം വികസനം**

214 (3389) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വികസനത്തിനുവേണ്ടി രാജ്യത്തിനുപുറത്ത് 2016-17 വർഷത്തിൽ ഏതെങ്കിലും മേളകളിലോ മറ്റോ സംസ്ഥാനം പങ്കെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ആവശ്യത്തിനായി 2016-17 വർഷം വിദേശരാജ്യങ്ങൾ സന്ദർശിച്ച മന്ത്രിമാർ, ഉദ്യോഗസ്ഥർ എന്നിവരുടെ പേരുവിവരങ്ങൾ ലഭ്യമാക്കുമോ;

(സി) 2016-17 വർഷത്തിൽ കേരളത്തിലേക്ക് ഏറ്റവും കൂടുതൽ ടൂറിസ്റ്റുകൾ വന്ന രാജ്യങ്ങൾ ഏതെല്ലാമെന്ന് കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ & ബി) വിശദാംശങ്ങൾ അനുബന്ധമായി* ഉള്ളടക്കം ചെയ്യുന്നു.

(സി) 2016 ഡിസംബർ വരെയുള്ള കണക്കുകളാണ് നിലവിൽ ലഭ്യമായിട്ടുള്ളത്. 2016 ജനുവരി മുതൽ ഡിസംബർ വരെയുള്ള സ്ഥിതിവിവര കണക്കുപ്രകാരം കേരളം സന്ദർശിച്ച വിദേശ വിനോദസഞ്ചാരികളുടെ എണ്ണം 10,38,419 ആണ്. ഇതിൽ ആദ്യ അഞ്ച് സ്ഥാനങ്ങൾ യഥാക്രമം യുണൈറ്റഡ് കിംഗ്ഡം, യുണൈറ്റഡ് സ്റ്റേറ്റ്സ് ഓഫ് അമേരിക്ക, സൗദി അറേബ്യ, ഫ്രാൻസ്, ജർമ്മനി എന്നീ രാജ്യങ്ങൾക്കാണ്. വിശദാംശങ്ങൾ അനുബന്ധമായി* ഉള്ളടക്കം ചെയ്യുന്നു.

**ഇക്കോ ടൂറിസം പദ്ധതികൾ**

215 (3390) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ടൂറിസം വകുപ്പിന്റെ നിയന്ത്രണത്തിൽ എത്ര ഇക്കോ ടൂറിസം പദ്ധതികൾ നിലവിലുണ്ട്; ഏതൊക്കെയെന്നറിയിക്കാമോ;

(ബി) പുതിയ ഇക്കോ ടൂറിസം പദ്ധതികൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ടൂറിസം വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ വനം വകുപ്പ്, തദ്ദേശ ഭരണ സ്ഥാപനങ്ങൾ, ഡി.ടി.പി.സി. എന്നിവയുടെ നേതൃത്വത്തിൽ നിലവിൽ 44 പദ്ധതികളുണ്ട്. പദ്ധതികളുടെ പട്ടിക അനുബന്ധമായി*ചേർക്കുന്നു.

(ബി) നിലവിൽ ഇക്കോടൂറിസം വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കിവരുന്ന പുതിയ പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. പരുന്ത് റാഞ്ചി ഐലന്റ്, ഇക്കോ ടൂറിസം ഡെവലപ്മെന്റ് ഫേസ് II
2. ആങ്ങാമൂഴി-ഗവി ജംഗിൾ സഫാരി ബസ് സർവീസ്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

3. അഡീഷണൽ അട്രാക്ഷൻ ഓഫ് ന്യൂ പ്രോഡക്ട്സ് ആന്റ് ഡെസ്റ്റിനേഷൻ ഇംപ്രൂവ്മെന്റ്സ് അറ്റ് തെന്മല

4. ഡെവലപ്പിംഗ് സൗണ്ട് ആന്റ് ലൈറ്റ് ഷോ അറ്റ് തെന്മല.

**കോവളം ബീച്ചിലെ പോലീസ്**

216 (3391) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവളം ബീച്ചിലെ ടൂറിസം പോലീസുക്കാരുടെ എണ്ണം തീരെ കുറവാണെന്ന വസ്തുത മനസ്സിലാക്കിയിട്ടുണ്ടോ;

(ബി) രാത്രികാലങ്ങളിൽ പോലിസ് അസാന്നിധ്യം മുതലെടുത്ത് തട്ടിപ്പുകാരും സാമൂഹ്യവിരുദ്ധരും തീരം കയ്യടക്കുന്നുവെന്ന ആക്ഷേപം പത്രവാർത്തകളിൽക്കൂടി വെളിവായത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനെതിരെ അഭ്യന്തര വകുപ്പുമായി ചേർന്ന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ;

(സി) ആയിരക്കണക്കിന് ടൂറിസ്റ്റുകൾ വന്ന് മടങ്ങുന്ന ഹവ്വാ, ഗ്രോ, ലൈറ്റ് ഹൗസ്, സമുദ്ര എന്നീ ബീച്ചുകളിൽ ആവശ്യത്തിന് ടൂറിസ്റ്റ് ലൈഫ് ഗാർഡുകൾ ഇല്ലെന്നുള്ളത് പരിഗണിച്ച് കൂടുതൽ ആളുകളെ നിയമിച്ച് ഇവിടെ എത്തുന്ന ടൂറിസ്റ്റുകൾക്ക് സുരക്ഷ ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിലവിൽ കോവളം ബീച്ചിൽ ടൂറിസം പോലീസിന് പുറമേ ലോക്കൽ പോലീസിന്റെയും സേവനം ലഭ്യമാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) നിലവിൽ മതിയായത്ര ലൈഫ് ഗാർഡുകളുടെ സേവനം ബീച്ചുകളിൽ ലഭ്യമാക്കിയിട്ടുണ്ട്.

**കാസർഗോഡ് ജില്ലയിലെ പ്രോജക്ടുകൾ**

217 (3392) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ നിന്ന് കഴിഞ്ഞ സാമ്പത്തിക വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി ടൂറിസം വർക്കിംഗ് ഗ്രൂപ്പിന്റെ പരിഗണനയ്ക്കായി എത്ര പ്രോജക്ടുകൾ സമർപ്പിച്ചിരുന്നു; വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) ഡി.റ്റി.പി.സി.-യും ബി.ആർ.ഡി.സി.-യും സമർപ്പിച്ചിട്ടുള്ള പ്രോജക്ടുകൾ ഓരോന്നും വിശദമാക്കുമോ;

(സി) ഏതൊക്കെ പ്രോജക്ടുകൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്; വിശദാംശം അറിയിക്കുമോ?

<u>ഉത്തരം</u>

(എ) കാസർഗോഡ് ജില്ലയിൽ നിന്ന് 2016-17 സാമ്പത്തിക വർഷം വർക്കിംഗ് ഗ്രൂപ്പിന്റെ പരിഗണനയ്ക്കായി താഴെപ്പറയുന്ന 3 പ്രോജക്ടുകൾ സമർപ്പിച്ചിട്ടുണ്ട്.

1. കാസർഗോഡ് ജില്ലയിലെ അഴിത്തല എസ്ച്വറി ബീച്ചിന്റെ വികസനം.

2. ബേക്കൽ ടൂറിസം ഡെസ്റ്റിനേഷൻ വികസനത്തിന്റെ ഭാഗമായി ബേക്കലിലെ അനുബന്ധ വികസനവും സൗന്ദര്യവൽക്കരണവും.

3. സഞ്ചാരികൾക്ക് പ്രാദേശിക തലത്തിലുള്ള കഥകളുടെ പശ്ചാതലത്തിൽ ഡിജിറ്റൽ മൾട്ടിമീഡിയ അനുഭവം സാദ്ധ്യമാക്കിയുള്ള ബേക്കൽ/നോർത്ത് മലബാറിനെക്കുറിച്ചുള്ള വെർച്വൽ ടൂർ ഗൈഡൻസ്.

(ബി&സി) കാസർഗോഡ് ഡി.ടി.പി.സി. പ്രോജക്ടുകൾ ഒന്നുംതന്നെ സമർപ്പിച്ചിരുന്നില്ല. ബി.ആർ.ഡി.സി. സമർപ്പിച്ച ചുവടെ ചേർക്കുന്ന പ്രോജക്ടുകൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്.

(1) ബേക്കൽ ടൂറിസം ഡെസ്റ്റിനേഷൻ വികസനത്തിന്റെ ഭാഗമായി ബേക്കലിലെ അനുബന്ധ വികസനവും സൗന്ദര്യവൽക്കരണവും.

(2) സഞ്ചാരികൾക്ക് പ്രാദേശിക തലത്തിലുള്ള കഥകളുടെ പശ്ചാതലത്തിൽ ഡിജിറ്റൽ മൾട്ടിമീഡിയ അനുഭവം സാദ്ധ്യമാക്കിയുള്ള ബേക്കൽ/നോർത്ത് മലബാറിനെക്കുറിച്ചുള്ള വെർച്വൽ ടൂർ ഗൈഡൻസ്.

**കായലോര ടൂറിസം**

218 (3393) <u>ശ്രീമതി യു. പ്രതിഭ ഹരി</u> : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലപ്പുഴ മെഗാടൂറിസം പദ്ധതിയുടെ ഭാഗമായി കായംകുളം കായലോര ടൂറിസം പദ്ധതികളുടെ പൂർത്തീകരണം അവസാനഘട്ടത്തിലായിരിക്കെ ഇത് തുടർന്ന് സംരക്ഷിക്കുന്നതിനും മേൽനോട്ടത്തിനുമായി ചുമതലപ്പെടുത്തുന്നത് ആരെയാണെന്നും , സെക്യൂരിറ്റി, ഗാർഡനർ അടക്കം എത്ര ജീവനക്കാരെയാണ് നിയമിക്കുവാൻ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

നിലവിൽ ഇക്കാര്യങ്ങൾ പരിഗണിച്ചിട്ടില്ല.

**കായംകുളം കായലോര ടൂറിസം പദ്ധതി**

219 (3394) <u>ശ്രീമതി യു. പ്രതിഭ ഹരി</u> : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം കായലോര ടൂറിസം പദ്ധതിയിൽ ടൂറിസ്റ്റുകളെ ആകർഷിക്കത്തക്ക തരത്തിൽ അഡ്വഞ്ചർ ടൂറിസം, ഹൗസ് ബോട്ടുകൾ എന്നിവ അടക്കമുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

പരിശോധിക്കാവുന്നതാണ്.

**ടൂറിസം വികസന പ്രവൃത്തികൾ**

220 (3395) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തലശ്ശേരി നിയോജക മണ്ഡലത്തിൽ ടൂറിസം മേഖലയിൽ എന്തെല്ലാം വികസന പ്രവൃത്തികളാണ് കൊണ്ടുവന്നിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പ്രവൃത്തികൾ ഏതെല്ലാമാണെന്നും ഇതിന്റെ ഇപ്പോഴുള്ള അവസ്ഥ എന്താണെന്നും വ്യക്തമാക്കുമോ;

(സി) ഇതിൽ ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ട്;

(ഡി) ഈ പ്രവൃത്തികൾ വേഗത്തിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തലശ്ശേരി സീ വ്യൂ പാർക്ക് നവീകരണത്തിന് 49,80,848 രൂപയുടെയും ഓവർബറീസ് ഫോളി പാർക്കിന്റെ നവീകരണത്തിനായി 49,88,529 രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ തലശ്ശേരി പൈതൃക പദ്ധതിയിൽ ഉൾപ്പെടുത്തി നാല് പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി & സി) തലശ്ശേരി പൈതൃക പദ്ധതിയുടെ ഭാഗമായി ഭരണാനുമതി ലഭിച്ച പദ്ധതികൾ താഴെപ്പറയും പ്രകാരമാണ് :

1. ഡോ. ഹെർമൻ ഗുണ്ടർട്ട് താമസിച്ചിരുന്ന തലശ്ശേരി ഗുണ്ടർട്ട് ബംഗ്ലാവ് മ്യൂസിയവും ഭാഷാ പഠനകേന്ദ്രവുമാക്കാൻ 2,10,00,000 രൂപയുടെ ഭരണാനുമതി.

2. മൊയ്തുപാലം നവീകരിച്ച് പൊതു പൂന്തോട്ടവും മുഴപ്പിലങ്ങാടിന്റെയും ധർമ്മടത്തിന്റെയും പ്രവേശന കവാടമായി മാറ്റുന്ന പദ്ധതിക്ക് 1,44,00,000 രൂപയുടെ ഭരണാനുമതി.

3. തലശ്ശേരി പിയർ വികസനവും ഫുഡ് സ്ട്രീറ്റിന്റെയും പാർക്കിന്റെയും നിർമ്മാണത്തിന് 2,12,00,000 രൂപയുടെ ഭരണാനുമതി.

4. തലശ്ശേരി ഫയർ ടാങ്കിന്റെയും കൺസർവേഷൻ, പെർഫോർമൻസ് സെന്റർ, ഹെറിറ്റേജ് സ്ട്രീറ്റിന്റെയും വികസനത്തിന് 60,76,000 രൂപയുടെ ഭരണാനുമതി.

ടി പദ്ധതികളുടെ പ്രവൃത്തികൾ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) സ്വീകരിക്കുന്നതാണ്.

**കായംകുളം ജലോത്സവം**

221 (3396) <u>ശ്രീമതി യു. പ്രതിഭ ഹരി</u> : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം കായലിൽ കഴിഞ്ഞ അഞ്ച് വർഷമായി ഡി. റ്റി. പി. സി.-യുടെ നേതൃത്വത്തിൽ നടന്നുവന്നിരുന്ന കായംകുളം ജലോത്സവം തുടർന്നും ടൂറിസം വകുപ്പ് ഏറ്റെടുത്ത് നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

നിലവിൽ ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

**കാപ്പാട് ബീച്ചിന്റെ നവീകരണം**

222 (3397) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാപ്പാട് ബീച്ചിന്റെ നവീകരണവും ടൂറിസം വികസനവുമായി ബന്ധപ്പെട്ട് ഈ സർക്കാർ മുമ്പാകെ ഇതിനകം എത്ര പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുണ്ടായിരുന്നു; പ്രോജക്ടിന്റെ വിശദാംശം വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതികളിൽ പരിഗണിച്ചത് ഏതെല്ലാമെന്നും അംഗീകരിച്ചത് ഏതെല്ലാമെന്നും വെളിപ്പെടുത്താമോ?

ഉത്തരം

(എ & ബി) "Construction of Sea wall & other maintenance work at Kappad Beach, Kozhikkode" എന്ന ഒരു പ്രൊപ്പോസൽ സർക്കാരിന്റെ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ സമർപ്പിച്ചിരുന്നു. എന്നാൽ പ്രായോഗികമല്ലാത്തതിനാൽ പദ്ധതിക്ക് വർക്കിംഗ് ഗ്രൂപ്പ് അംഗീകാരം നൽകിയില്ല.

**അഡ്വഞ്ചർ ടൂറിസം പദ്ധതി**

223 (3398) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. സി. എഫ്.തോമസ് :
ശ്രീ. മോൻസ് ജോസഫ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഡ്വഞ്ചർ ടൂറിസം പദ്ധതികൾ നടപ്പാക്കുന്നതിന് 2017-2018 സാമ്പത്തിക വർഷം എത്ര രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്; വ്യക്തമാക്കുമോ;

(ബി) നടപ്പ് സാമ്പത്തിക വർഷം ടൂറിസം പ്ലാൻ ഫണ്ട് എത്രയാണ്;

(സി) ഇടുക്കി ജില്ലയിൽ ഗ്രാമീണ മേഖലയിൽ തൊഴിലവസരങ്ങൾ ഉണ്ടാക്കുന്ന രീതിയിൽ വിവിധ അഡ്വഞ്ചർ ടൂറിസം പദ്ധതികൾ നടപ്പാക്കാൻ വേണ്ട നിർദ്ദേശം ഡി.റ്റി.പി.സി-ക്ക് നൽകുമോ; വ്യക്തമാക്കുമോ;

ഉത്തരം

(എ) വിനോദസഞ്ചാര കേന്ദ്രങ്ങളിൽ പശ്ചാത്തല സൗകര്യം ഒരുക്കുന്നതിനായുള്ള "5452-01-101-99 Upgradation and Creation of Infrastructures and Amenities (Plan)" എന്ന പദ്ധതി ശീർഷകത്തിലെ പ്രധാന ഘടകങ്ങളിലൊന്നായ 'മറ്റ് വിനോദസഞ്ചാര കേന്ദ്രങ്ങളുടെയും ഉൽപ്പന്നങ്ങളുടെയും വികസനത്തിനായി' ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള 4000 ലക്ഷം രൂപയിൽ സാഹസിക വിനോദ സഞ്ചാര പദ്ധതികളും ഉൾപ്പെടുന്നു.

(ബി) 2017-18 സാമ്പത്തിക വർഷം ടൂറിസം വകുപ്പിന്റെ പദ്ധതി ചെലവുകൾക്കായി 34523 ലക്ഷം രൂപ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(സി) പരിശോധിക്കാവുന്നതാണ്.

**അഡ്വഞ്ചർ ടൂറിസം കേന്ദ്രങ്ങൾ**

224 (3399) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഡ്വഞ്ചർ ടൂറിസം കേന്ദ്രങ്ങൾ വികസിപ്പിക്കുന്ന കാര്യത്തിൽ ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന കാര്യം വ്യക്തമാക്കുമോ;

(ബി) ഇനിയും വികസിപ്പിച്ചെടുക്കാവുന്ന കേന്ദ്രങ്ങളെക്കുറിച്ച് വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ;

(സി) മലബാർ മേഖലയിൽ ഇത്തരം കേന്ദ്രങ്ങൾ എത്രയെണ്ണം കണ്ടെത്തിയിട്ടുണ്ട്;

(ഡി) മലപ്പുറം കോട്ടക്കുന്നിനെ അഡ്വഞ്ചർ ടൂറിസം കേന്ദ്രമാക്കി വികസിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അഡ്വഞ്ചർ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഇന്റർനാഷണൽ മൗണ്ടൻ ബൈക്ക് ചലഞ്ച് MTB Kerala-യുടെ അഞ്ചാം പതിപ്പ് നടത്തുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) പരിശോധിച്ചുവരുന്നു.

(സി) നിലവിൽ പരിഗണനയിൽ വന്നിട്ടില്ല.

(ഡി) മലപ്പുറം ജില്ലയിൽ കോട്ടക്കുന്നിൽ അഡ്വഞ്ചർ ടൂറിസം വികസിപ്പിക്കുന്നതിന്റെ ഭാഗമായി അഡ്വഞ്ചർ പാർക്കിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

## മദ്യശാലകളും ടൂറിസവും

225 (3400) ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് :
ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യശാലകളുടെ കുറവും മദ്യോപയോഗത്തിലെ നിയന്ത്രണങ്ങളും, ടൂറിസം വ്യവസായത്തെ പ്രതികൂലമായി ബാധിക്കുമെന്ന അഭിപ്രായത്തെക്കുറിച്ച് വ്യക്തമാക്കുമോ ;

(ബി) എങ്കിൽ അത്തരമൊരു അഭിപ്രായരൂപീകരണത്തിലേക്ക് നയിച്ച വസ്തുതകൾ വിശദമാക്കുമോ;

(സി) സമ്പൂർണ്ണ മദ്യനിരോധനമേർപ്പെടുത്തിയ ബീഹാറിൽ വിനോദ സഞ്ചാരികളുടെ എണ്ണം കൂടിയെന്നും, വരുമാനചോർച്ച ഉണ്ടായില്ലെന്നുമുള്ള ടി സംസ്ഥാനത്തെ മുഖ്യമന്ത്രിയുടെ പ്രസ്താവന ശ്രദ്ധയിൽ വന്നിട്ടുണ്ടോ; എങ്കിൽ പൊതുജനതാല്പര്യാർത്ഥം ബീഹാറിലുണ്ടായ മാറ്റങ്ങളെക്കുറിച്ച് പഠിക്കുവാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ&ബി) മദ്യശാലകളുടെ കുറവും മദ്യോപയോഗത്തിലെ നിയന്ത്രണങ്ങളും ടൂറിസം വ്യവസായത്തെ പ്രതികൂലമായി ബാധിക്കുമെന്ന അഭിപ്രായത്തെക്കുറിച്ച് ഒരു പഠനം നടത്തിയിട്ടില്ല. എന്നാൽ സംസ്ഥാനത്തെ നിലവിലെ വിനോദ സഞ്ചാരികളുടെ വരവിലുള്ള വളർച്ചാനിരക്കിലെ കുറവ് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് "Trade Research Survey 2016" എന്ന പഠനം നടത്തിയിട്ടുണ്ട്. പ്രസ്തുത പഠനത്തിൽ ടൂറിസം രംഗത്തെ തളർച്ചയുടെ മുഖ്യകാരണമായി ചൂണ്ടിക്കാണിക്കപ്പെട്ടത് പ്രധാന വരുമാനസ്രോതസ്സുകളിലൊന്നായ ഹോട്ടലുകളിൽ നടക്കുന്ന മീറ്റിംഗ്, കൺവെൻഷനുകൾ, ഗ്രൂപ്പ് ടൂർ, എക്സിബിഷൻ, ഡെസ്റ്റിനേഷൻ കല്ല്യാണങ്ങൾ എന്നിവയുടെ വളർച്ചാ നിരക്കിലുണ്ടായ ഇടിവാണ്. ഇതിനൊരു കാരണം നിലവിലെ മദ്യനയം കൂടിയാണെന്ന് പ്രസ്തുത പഠനത്തിൽ കണ്ടെത്തുകയുണ്ടായി.

(സി) നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

## ദിശാസൂചക ബോർഡുകൾ

226 (3401) <u>ശ്രീമതി യു. പ്രതിഭ ഹരി</u> : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൃഷ്ണപുരം സാംസ്കാരിക വിനോദകേന്ദ്രം, കൃഷ്ണപുരം കൊട്ടാരം, കായംകുളം കായലോര ടൂറിസം പദ്ധതികൾ സഞ്ചാരികൾക്ക് തിരിച്ചറിയുന്നതിനുവേണ്ടി ദേശീയപാതയിൽ ദിശാസൂചക ബോർഡുകൾ സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ ടൂറിസം വകുപ്പ് സ്വീകരിക്കുമോ?

<u>ഉത്തരം</u>

പരിഗണിക്കാവുന്നതാണ്.

## നെല്ലിയാമ്പതി ടൂറിസം പദ്ധതി

227 (3402) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച നെന്മാറ നിയോജകമണ്ഡലത്തിലെ നെല്ലിയാമ്പതി ടൂറിസം പദ്ധതിയുടെ പ്രവർത്തനം ഏത് ഘട്ടം വരെയായെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത ടൂറിസം പദ്ധതി ആരംഭിക്കുന്നതിന് സർക്കാർ തലത്തിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് പൂർത്തിയാക്കേണ്ടതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) പദ്ധതിയുടെ പ്രവർത്തനം പ്രാരംഭഘട്ടത്തിലാണ്. പദ്ധതിയുടെ വിശദമായ രൂപരേഖ തയ്യാറാക്കേണ്ടതുണ്ട്.

## ഭൂതത്താൻകെട്ട് ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിൽ

228 (3403) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ഡി.റ്റി.പി.സി.- യുടെ ചുമതലയിലായിരുന്ന ഭൂതത്താൻകെട്ട് ടൂറിസം മേഖല, 2015 മുതൽ ഭൂതത്താൻകെട്ട് ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിൽ രൂപികരിച്ച് പ്രവർത്തിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഡി.എം.സി.-യുടെ സുഗമമായ പ്രവർത്തനത്തിന് മതിയായ സാമ്പത്തിക സഹായം നൽകുന്നതിനും, ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ടൂറിസം വകുപ്പിന്റെ ഫണ്ടുമുഖേന നടപ്പാക്കിയിട്ടുള്ള വിവിധ ടൂറിസം സൗകര്യങ്ങളുടെയും ആസ്തികളുടെയും വിനോദോപാധികളുടെയും നടത്തിപ്പവകാശം ഡി.എം.സി.യിൽ നിക്ഷിപ്തമാണ്. ഇവയുടെ നടത്തിപ്പിലൂടെ ലഭിക്കുന്ന വരുമാനമാണ് ഡി.എം.സി.-യുടെ പ്രധാന വരുമാന സ്രോതസ്സ്. ഡി.എം.സി.-യുടെ സാമ്പത്തിക സ്ഥിതിക്ക് വിധേയമായി ആവശ്യമായ ടൂറിസം പ്രൊഫഷണൽ യോഗ്യതയുള്ള ജീവനക്കാരെ നിയമിക്കുന്നത് ഡി.എം.സി.യുടെ നിയമാവലിക്ക് വിധേയമായി ചെയ്യാവുന്നതാണ്.

**കേരളത്തിലെത്തുന്ന വിനോദസഞ്ചാരികൾ**

229 (3404) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലേയ്ക്കുള്ള വിനോദസഞ്ചാരികളുടെ എണ്ണത്തിൽ കുറവ് വന്നിട്ടുണ്ടോ; ഇപ്രകാരം കുറവ് വരുന്നതിന് എന്തെങ്കിലും പ്രത്യേക കാരണങ്ങൾ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(ബി) കൂടുതൽ വിനോദസഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദ വിവരം നൽകുമോ?

ഉത്തരം

(എ) കേരളത്തിലേക്കുള്ള വിനോദസഞ്ചാരികളുടെ എണ്ണത്തിൽ കുറവ് സംഭവിച്ചിട്ടില്ല.

(ബി) കൂടുതൽ വിനോദസഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിന് ചുവടെ ചേർക്കുന്ന നടപടികൾ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്.

1. വിദേശരാജ്യങ്ങളിലും ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിലും റോഡ് ഷോകളും ട്രേഡ് ഫെയറുകളും സംഘടിപ്പിക്കൽ.

2. ഉത്തരവാദിത്ത ടൂറിസം പദ്ധതിയുടെ വിപുലീകരണം.

3. കേരളത്തെ വിവാഹ/MICE/ഹണിമൂൺ ടൂറിസത്തിന്റെ ലക്ഷ്യസ്ഥാനമാക്കി മാറ്റുന്നതിനുള്ള മൺസൂൺ ഓഫ് ലൈൻ/ഓൺ ലൈൻ പ്രചരണം.

4. നവമാധ്യമങ്ങളിലൂടെയുള്ള പ്രചരണ പരിപാടികൾ.

5. കൊച്ചി ബിനാലെ, കേരള ട്രാവൽ മാർട്ട് എന്നിവയുടെ പ്രോൽസാഹനവും പ്രചരണവും.

**സഹകരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം**

230 (3405) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി.എഫ്.തോമസ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങളെ പങ്കാളികളാക്കിക്കൊണ്ട് വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) വിനോദസഞ്ചാര രംഗത്ത് സഹകരണ സ്ഥാപനങ്ങളുടെ സഹകരണം എപ്രകാരം ഉറപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) നടപ്പുസാമ്പത്തികവർഷം ഈ ഇനത്തിൽ നീക്കിവച്ചിട്ടുള്ള തുകയെത്രയാണ് എന്നറിയിക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി &സി) ബാധകമല്ല.

**സന്നിധാനത്തേയ്ക്കുള്ള ചരക്കുനീക്കം**

231 (3406) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല സന്നിധാനത്തേയ്ക്ക് സാധനങ്ങളും മറ്റും പമ്പയിൽ നിന്ന് എത്തിക്കുന്നതിന് എന്ത് സംവിധാനമാണ് നിലവിലുള്ളത്; വ്യക്തമാക്കാമോ;

(ബി) ശബരിമല സീസണിൽ സന്നിധാനത്തേയ്ക്കുള്ള റോഡിലൂടെ ലക്ഷക്കണക്കിന് അയ്യപ്പഭക്തർക്കിടയിലൂടെ സാധനങ്ങൾ കയറ്റിയ വാഹനങ്ങൾ കൊണ്ടുപോകുന്നത് അപകടകരവും ഭക്തർക്ക് ബുദ്ധിമുട്ട് സൃഷ്ടിക്കുന്നതുമാണെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ആധുനിക യന്ത്രസംവിധാനങ്ങൾ ഉപയോഗിച്ച് ചരക്കുനീക്കം സാധ്യമാണോ; വ്യക്തമാക്കാമോ;

(ഡി) ഇതിനായി എന്തെങ്കിലും പഠനം സർക്കാരോ ദേവസ്വം ബോർഡോ മുൻകൈ എടുത്ത് നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) തലച്ചുമടായും ട്രാക്ടറിലുമാണ് ശബരിമല സന്നിധാനത്തേക്ക് സാധനങ്ങളും മറ്റും പമ്പയിൽനിന്ന് എത്തിക്കുന്നത്.

(ബി) ഉണ്ട്.

(സി & ഡി) മെറ്റീരിയൽ റോപ്പ് വേ സംവിധാനം ഏർപ്പെടുത്തുന്നതിന് പദ്ധതിയുണ്ട്. ഇതിനാവശ്യമായ സർവേ നടത്തുന്നതിന് വനം വകുപ്പിന് അപേക്ഷ നൽകിയിട്ടുണ്ട്.

**പ്രസാദം പദ്ധതി**

232 (3407) <u>ശ്രീ. കെ. മുരളീധരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗുരുവായൂർ ദേവസ്വത്തിന് 'പ്രസാദം പദ്ധതി' പ്രകാരം എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത പദ്ധതിയിൽ ഏതൊക്കെ പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത് ; ഇതിന്റെ നിർവ്വഹണച്ചുമതല ആർക്കാണെന്നറിയിക്കുമോ ;

(സി) ദേവസ്വത്തിന്റെ അധീനതയിലുള്ള സ്ഥലത്ത് ചെയ്യുന്ന പ്രവൃത്തികളുടെ ചുമതല ദേവസ്വത്തിന് കൈമാറാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പ്രസാദം പദ്ധതിയിൽ ഉൾപ്പെടുത്തി ഗുരുവായൂർ ക്ഷേത്ര വികസനത്തിനായി 4614.2 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) അനുബന്ധമായി* ചേർത്തിട്ടുണ്ട്. കേരള ടൂറിസം ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡിനെയാണ് (KTIL) നിർവ്വഹണ ഏജൻസിയായി നിശ്ചയിച്ചിട്ടുള്ളത്.

(സി) സ്വീകരിക്കുന്നതാണ്.

## ക്ഷേത്രങ്ങളോടനുബന്ധിച്ചുള്ള കുളങ്ങളും നീർത്തടങ്ങളും

233 (3408) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ക്ഷേത്രങ്ങളോടനുബന്ധിച്ചുള്ള കുളങ്ങൾ, നീർത്തടങ്ങൾ തുടങ്ങിയവ ശുചിയായി സംരക്ഷിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളത് എന്ന് വിശദീകരിക്കുമോ;

(ബി) ക്ഷേത്രക്കുളങ്ങൾ പരിസ്ഥിതി സൗഹൃദമായി സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇതിനായി പ്രത്യേകം ഫണ്ട് നീക്കി വയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) തിരുവിതാംകൂർ ദേവസ്വം ബോർഡ് ക്ഷേത്രങ്ങളുടെ ചുമതലയിൽ എത്ര നീർത്തടങ്ങളും കുളങ്ങളുമുണ്ടെന്നുള്ള കണക്കെടുത്തിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ & ബി) സംസ്ഥാനത്തെ ദേവസ്വം ബോർഡുകളുടെ നിയന്ത്രണത്തിലുള്ള കുളങ്ങൾ, കാവുകൾ, ആൽത്തറകൾ തുടങ്ങിയവ സംരക്ഷിക്കുന്നതിനുള്ള പദ്ധതി സർക്കാർ ആവിഷ്കരിച്ച് ബഡ്ജറ്റിൽ തുക വകയിരുത്തി നടപ്പാക്കിവരുന്നു.

(സി) തിരുവിതാംകൂർ ദേവസ്വം ബോർഡ് ക്ഷേത്രങ്ങളുടെ ചുമതലയിൽ 334 കുളങ്ങളാണ് നിലവിലുള്ളത്.

## ശബരിമലയിലെ വരുമാനം

234 (3409) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മണ്ഡല-മകരവിളക്ക് സമയത്തെ ശബരിമലയിലെ വരുമാനം ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) 2016-17 വർഷത്തെ മണ്ഡല-മകരവിളക്ക് സമയത്തെ നട വരുമാനം എത്രയാണെന്ന് പ്രത്യേകം വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(ബി) 89,70,04,763 രൂപ (എൺപത്തി ഒമ്പത് കോടി എഴുപത് ലക്ഷത്തി നാലായിരത്തി എഴുന്നൂറ്റി അറുപത്തി മൂന്ന് രൂപ)

**നവരത്നങ്ങൾ പതിച്ച പതക്കം**

235 (3410) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിലെ വിഗ്രഹത്തിൽ ചാർത്തുന്ന നവരത്നങ്ങൾ പതിച്ച പതക്കം നഷ്ടപ്പെട്ട വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിന്മേൽ അന്വേഷണം നടത്തിയിട്ടുണ്ടോ; നഷ്ടപ്പെട്ട പതക്കം കണ്ടുകിട്ടിയിട്ടുണ്ടോ;

(സി) പതക്കം നഷ്ടപ്പെടാൻ കാരണക്കാരായ ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) തിരുവിതാംകൂർ ദേവസ്വം ബോർഡ് അന്വേഷിക്കുന്നുണ്ട്. നഷ്ടപ്പെട്ട പതക്കം കണ്ടുകിട്ടിയിട്ടില്ല.

(സി) തിരുവാഭരണം കമ്മീഷണറുടെ റിപ്പോർട്ട് ലഭിച്ചതിനുശേഷം ആവശ്യമെങ്കിൽ നടപടി സ്വീകരിക്കുന്നതാണെന്ന് ദേവസ്വം ബോർഡ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**ഗുരുവായൂർ ദേവസ്വം എംപ്ലോയീസ് റെഗുലേഷൻ ഭേദഗതി**

236 (3411) <u>ശ്രീ. കെ. മുരളീധരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ ദേവസ്വം എംപ്ലോയീസ് റെഗുലേഷൻ ഭേദഗതി 2015 സർക്കാർ റദ്ദാക്കിയിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം കാരണങ്ങളാലാണ് പ്രസ്തുത ഭേദഗതി റദ്ദാക്കിയിട്ടുള്ളത്;

(ബി) ഗുരുവായൂർ ദേവസ്വം എംപ്ലോയീസ് റെഗുലേഷൻ ഭേദഗതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ള തസ്തികകളിലെ യോഗ്യത, സർക്കാർ സ്ഥാപനങ്ങളിലെ സമാനമായ തസ്തികയ്ക്ക് ആനുപാതികമല്ലെന്നുള്ള കാര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ നിലവിൽ ഏതൊക്കെ തസ്തികകൾക്കുള്ള യോഗ്യതകളാണ് വ്യത്യാസപ്പെട്ടിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തിയിട്ടില്ലായെന്ന പരാതി ഉയർന്ന സാഹചര്യത്തിൽ ഗുരുവായൂർ ദേവസ്വം എംപ്ലോയീസ് റെഗുലേഷൻ ഭേദഗതി 2015, നടപ്പിൽ വരുത്തുന്നത് താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്.

(ബി) ഈ വിവരങ്ങളടക്കം പരിശോധിച്ച് അപാകതകളില്ലാതെ ഗുരുവായൂർ ദേവസ്വം എംപ്ലോയീസ് റെഗുലേഷൻ നടപ്പിലാക്കുന്ന നടപടികൾ സ്വീകരിക്കുന്നതാണ്.

**അസിസ്റ്റന്റ് കമ്മീഷണറുടെ ചുമതലയിലുള്ള ക്ഷേത്രങ്ങൾ**

237 (3412) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ, കൊട്ടാരക്കര അസിസ്റ്റന്റ് കമ്മീഷണറുടെ ചുമതലയിൽ എത്ര ക്ഷേത്രങ്ങൾ ഉണ്ട്;

(ബി) പ്രസ്തുത ക്ഷേത്രങ്ങളിൽ സ്വയംപര്യാപ്തമായ ക്ഷേത്രങ്ങളുടെ പേരും ഗ്രേഡും പ്രതിമാസ ശരാശരി വരുമാനവും അവിടത്തെ ജീവനക്കാരുടെ എണ്ണവും തസ്തികകളും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 72 ക്ഷേത്രങ്ങളുണ്ട്.

(ബി) അനുബന്ധമായി* ചേർത്തിട്ടുണ്ട്.

**ക്യൂ കോംപ്ലക്സ് നിർമ്മാണം**

238 (3413) ശ്രീ. കെ. മുരളീധരൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. വി. ഡി.സതീശൻ :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ ദേവസ്വത്തിലെ ക്യൂ കോംപ്ലക്സ് നിർമ്മാണത്തിന് ചീഫ് ടൗൺ പ്ലാനറുടെ അനുമതി ലഭിച്ചിട്ടുണ്ടോ;

(ബി) ക്യൂ കോംപ്ലക്സ് നിർമ്മാണത്തിന് ഗുരുവായൂർ ദേവസ്വം കമ്മീഷണർ അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ക്യൂ കോംപ്ലക്സ് നിർമ്മാണത്തിന് സർക്കാർ ധനസഹായം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഏത് ഫണ്ട് ഉപയോഗപ്പെടുത്തിയാണ് ക്യൂ കോംപ്ലക്സ് നിർമ്മിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ദേവസ്വം ഫണ്ട് ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് സർക്കാരിന്റെ അനുമതി ആവശ്യമുണ്ടോ; എങ്കിൽ ഏത് നിയമത്തിന്റെ അടിസ്ഥാനത്തിലാണ് അനുമതി നൽകുന്നതെന്ന് അറിയിക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ക്യൂ കോംപ്ലക്സ്-മൾട്ടി ലെവൽ കാർ പാർക്കിംഗ് പദ്ധതിക്ക് ദേവസ്വം കമ്മീഷണർ അനുമതി നൽകിയിട്ടുണ്ട്. പകർപ്പ് അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(സി) ഇല്ല. ദേവസ്വം ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്നതിനായാണ് വിഭാവനം ചെയ്തിട്ടുള്ളത്.

(ഡി) ഇത്തരം നിർമ്മാണപ്രവർത്തനങ്ങൾക്ക് ബന്ധപ്പെട്ട ചട്ടങ്ങളനുസരിച്ച് ലഭ്യമാക്കേണ്ട സർക്കാർ വകുപ്പുകളുടെ അനുമതി ആവശ്യമാണ്.

**ഗുരുവായൂർ ദേവസ്വത്തിലെ ക്യൂ കോംപ്ലക്സ്**

239 (3414) <u>ശ്രീ. കെ. മുരളീധരൻ</u> :
<u>ശ്രീ. വി. പി. സജീന്ദ്രൻ</u> :
<u>ശ്രീ. എ. പി. അനിൽ കുമാർ</u> :
<u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ ദേവസ്വത്തിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന ക്യൂ കോംപ്ലക്സിന് സർക്കാർ തലത്തിൽ അനുമതി നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത നിർമ്മാണവുമായി ബന്ധപ്പെട്ട് നാളിതുവരെ സർക്കാർ തലത്തിൽ എത്ര യോഗങ്ങൾ നടത്തിയിട്ടുണ്ട്; യോഗങ്ങളുടെ മിനിട്സ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത നിർമ്മാണവുമായി ബന്ധപ്പെട്ട് ദേവസ്വം സെക്രട്ടറി ക്ഷേത്രത്തിന്റെ പരിസരത്തുള്ള കച്ചവടക്കാരുമായും മർച്ചന്റ്സ് അസോസിയേഷനുമായും ചർച്ച നടത്തിയിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് ദേവസ്വം സെക്രട്ടറി സർക്കാരിൽ സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല. ക്യൂ കോംപ്ലക്സിന് അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

(ബി & സി) വിവരം ശേഖരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**സ്ട്രോംഗ് റൂമുകളിലെ വസ്തുവകകൾ**

240 (3415) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള സ്ട്രോംഗ് റൂമുകളിലെ വസ്തുവകകളുടെ ശരിയായ വിവരം ദേവസ്വം ബോർഡിന്റെ പക്കലുണ്ടോ;

(ബി) പ്രസ്തുത വസ്തുവകകളിൽ അമൂല്യമായവ പ്രത്യേകമായി സംരക്ഷിച്ച് സൂക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(സി) ഈ വസ്തുവകകൾ ശരിയായി പരിപാലിക്കാത്തതിനാൽ നാശോന്മുഖമാകുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ദേവസ്വം ബോർഡ് നടപടി സ്വീകരിക്കുന്നതാണ്.

(സി) ഇല്ല.

**കുളങ്ങളും പ്രകൃതിദത്ത ജലസംഭരണികളും**

241 (3416) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിവിധ ദേവസ്വം ബോർഡുകൾക്ക് കീഴിലുള്ളതും അല്ലാത്തതുമായ അമ്പലങ്ങളിലും കാവുകളിലുമുള്ള കുളങ്ങളും പ്രകൃതിദത്ത ജലസംഭരണികളും, അറ്റകുറ്റപ്പണികൾ നടത്താത്തതുമൂലം നശിച്ചുപോകുന്ന സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അറിയിക്കാമോ?

(ബി) ജലക്ഷാമം രൂക്ഷമായ ഈ കാലത്ത് ഇവ പുനരുദ്ധരിച്ച് സംരക്ഷിക്കാൻ ആവശ്യമായ എന്തെങ്കിലും പദ്ധതികൾ ദേവസ്വം വകുപ്പിന്റെ പരിഗണനയിൽ ഉണ്ടോ; അറിയിക്കാമോ?

ഉത്തരം

(എ & ബി) ഉണ്ട്. സംസ്ഥാനത്തെ ദേവസ്വം ബോർഡുകളുടെ നിയന്ത്രണത്തിലുള്ള ക്ഷേത്രക്കുളങ്ങളെയും കാവുകളെയും ആൽത്തറകളെയും സംരക്ഷിക്കുന്നതിനുള്ള പദ്ധതി ദേവസ്വം വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്.

**ക്ഷേത്രക്കുളം നവീകരണം**

242 (3417) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മണലൂർ മണ്ഡലത്തിലെ, പതിയാർകുളങ്ങര ശ്രീ അയ്യപ്പൻകാവ് ക്ഷേത്രക്കുളം നവീകരണം സംബന്ധിച്ച്, പ്രസ്തുത ക്ഷേത്ര സമിതിയുടെ പ്രസിഡന്റ്, സെക്രട്ടറി എന്നിവർ മണലൂർ എം.എൽ.എ. മുഖാന്തരം നൽകിയ നിവേദനത്തിന്മേൽ സ്വീകരിച്ച നടപടി അറിയിക്കുമോ?

ഉത്തരം

പരിശോധിച്ചുവരുന്നു.

**ആചാരസ്ഥാനികർക്കും കോലധാരികൾക്കും സാമ്പത്തിക സഹായം**

243 (3418) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവുംദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉത്തര മലബാറിലെ ക്ഷേത്രങ്ങളിലെയും കാവുകളിലെയും ആചാര സ്ഥാനികർക്കും കോലധാരികൾക്കും നിലവിൽ എത്ര രൂപയാണ് സാമ്പത്തിക സഹായം നൽകി വരുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മറ്റ് പെൻഷനുകൾ വർദ്ധിപ്പിച്ചതുപോലെ, പ്രസ്തുത ആളുകളുടെ സാമ്പത്തികസഹായ തുക വർദ്ധിപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഇല്ലെങ്കിൽ പ്രസ്തുത തുക വർദ്ധിപ്പിക്കുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) പ്രസ്തുത സാമ്പത്തിക സഹായ പദ്ധതിയിൽ കൂടുതൽ പേരെ ഉൾപ്പെടുത്തണമെന്ന ആവശ്യം ഇതുവരെ പരിഗണിക്കപ്പെട്ടിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ കൂടുതൽ പേരെ പ്രസ്തുത സാമ്പത്തിക സഹായ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) ആചാരസ്ഥാനികർക്ക് പ്രതിമാസം 800 രൂപ നിരക്കിലും കോലധാരികൾക്ക് പ്രതിമാസം 700 രൂപ നിരക്കിലും ധനസഹായം നൽകിവരുന്നു.

(ബി) വർദ്ധിപ്പിച്ചിട്ടില്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി & ഇ) പദ്ധതിയിൽ ചേരുന്നതിന് പുതുതായി അപേക്ഷിച്ചവരെ ഉൾപ്പെടുത്തുന്ന വിഷയം മലബാർ ദേവസ്വം ബോർഡിന്റെ പരിഗണനയിലാണ്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

9.30 AM]

## II. ഗവർണറുടെ സന്ദേശം

### 2014-ലെ കേരള മാരിടൈം ബോർഡ് ബിൽ മടക്കി അയച്ചത് സംബന്ധിച്ച്

മി. സ്പീക്കർ: 2014 ഡിസംബർ മാസം 17-ാം തീയതി നിയമസഭ പാസ്സാക്കി ഗവർണറുടെ അനുമതിക്കായി സമർപ്പിച്ചിരുന്നതും ഗവർണർ രാഷ്ട്രപതിയുടെ പരിഗണനയ്ക്കായി നീക്കിവച്ചിരുന്നതുമായ 2014-ലെ കേരള മാരിടൈം ബോർഡ് ബിൽ ഭരണഘടനയുടെ 201-ാം അനുച്ഛേദത്തിലെ ക്ലിപ്ത നിബന്ധന പ്രകാരമുള്ള സന്ദേശത്തോടെ ഗവർണർ മടക്കി അയച്ച വിവരം കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 99 പ്രകാരം സഭയെ അറിയിക്കുന്നു.

ഗവർണറുടെ സന്ദേശത്തിന്റെ പൂർണ്ണരൂപം ചുവടെ ചേർക്കുന്നു.

"WHEREAS the Governor of Kerala, has reserved the Kerala Maritime Board Bill, 2014 for the consideration of the President of India under the provisions of Article 200 of the Constitution of India read with clause (2) of Article 254 thereof;

AND WHEREAS, the President of India, after having considered the Bill so reserved has returned the Bill with a direction to the Governor of Kerala to return the Bill, in pursuance of the proviso to Article 201 of the Constitution of India, to the Legislative Assembly with a message to reconsider the Bill, as follows:

(i) In clause 3 of the Bill, in sub-clause (4), in the entries against item (o), for the words "Indian Customs Department" , the words "Central Board of Excise and Customs constituted under the Central Boards of Revenue Act, 1963 (54 of 1963)" be substituted;

(ii) Clause 26 and 27 of the Bill be amended so as to make the provisions of the said clauses consistent with the provisions of section 29 and section 33 of the Customs Act, 1962;

(iii) Clause 29 of the Bill be amended so that any order issued by the Government under the said clause are in accordance with the provisions of the Customs Act, 1962;

(iv) Sub-clauses (2) and (7) clause 31 of the Bill be amended so as to make the provisions of the said sub-clauses consistent with the regulations made under sub-section (2) of section 141 of the Customs Act, 1962 relating to handling of cargo in customs areas;

(v) Clause 32 of the Bill be amended so as to make the provisions of the said clause consistent with the provisions of section 45 of the Customs Act, 1962;

(vi) Clause 33 and 37 of the Bill be amended so as to make the provisions of the said clauses consistent with the regulations made under sub-section (2) of section 141 of the Customs Act, 1962 relating to providing of accommodation to officers of customs;

(vii) Clause 49 of the Bill be amended so as to make the provisions of the said clause consistent with the provisions of section 48 of the Customs Act, 1962 and the regulations made under sub-section (2) of section 141 of the said Act relating to disposal of uncleared goods;

(viii) Clause 50 of the Bill be amended so as to make the provisions of the said clause consistent with section 150 of the Customs Act, 1962;

(ix) Clause 57 of the Bill be substituted as under:

"57. Indorsement of Security-Indorsement of a security of the Board which is transferable by indorsement shall be valid when the maker or the holder of the such security signs it in accordance with the provisions of section 15 of the Negotiable Instruments Act, 1881."

(x) Clause 58 of the Bill be substituted as under:

"58. Liability of Indorser of Security-A person shall, by reason of his having indorsed any security of the Board, be liable to pay any money due either as principal or as interest there under, unless the liability is excluded or made conditional in accordance with the provisions of the Negotiable Instruments Act, 1881."

NOW THEREFORE, I. P. Sathasivam, Governor of Kerala do hereby return the Bill to the Legislative Assembly in pursuance of the proviso to Article 201 of the Constitution of India with the message to withdraw the Bill by the Kerala Legislative Assembly."

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല) : സർ,...........

മി. സ്പീക്കർ: ഗവർണറുടെ സന്ദേശവുമായി ബന്ധപ്പെട്ട് സംസാരിക്കുന്നത് സാധാരണഗതിയിൽ കീഴ്‌വഴക്കമില്ലാത്തതാണ്. സന്ദേശത്തെ സംബന്ധിച്ച് ചർച്ചയില്ല.

ശ്രീ. രമേശ് ചെന്നിത്തല : സർ, 2014-ലെ കേരള മാരിടൈം ബോർഡ് ബിൽ 17-12-2014-ൽ ഈ സഭ പാസ്സാക്കി ഗവർണറുടെ അനുമതിക്കായി സമർപ്പിച്ചതാണ്. പ്രസ്തുത ബിൽ ഭരണഘടനയുടെ ആർട്ടിക്കിൾ 201 പ്രകാരം രാഷ്ട്രപതിയുടെ പരിഗണനയ്ക്കായി നീക്കിവയ്ക്കുകയാണുണ്ടായത്. ഭരണഘടനയുടെ ആർട്ടിക്കിൾ 201 അനുസരിച്ച് ഒരു ബിൽ രാഷ്ട്രപതിയുടെ പരിഗണനയ്ക്കായി ഗവർണർ നീക്കിവച്ചാൽ ഒന്നുകിൽ അതിന് രാഷ്ട്രപതി അംഗീകാരം നൽകണം അല്ലെങ്കിൽ ......

മി. സ്പീക്കർ : അങ്ങ് ചർച്ചയിലേയ്ക്കാണ് പോകുന്നത്. അത് ശരിയല്ല. അങ്ങ് ഇങ്ങനെയൊരു അഭിപ്രായ പ്രകടനം നടത്തിയാൽ സ്വാഭാവികമായും സഭയിലെ മറ്റ് അംഗങ്ങളും -അങ്ങനെ ചെയ്യും.

ശ്രീ. രമേശ് ചെന്നിത്തല: സർ, അങ്ങനെയല്ല, ഭരണഘടനാപരമായ പ്രശ്നമാണ് ഞാൻ ഉന്നയിക്കുന്നത്.

മി. സ്പീക്കർ: ഗവർണറുടെ സന്ദേശത്തെ സംബന്ധിച്ച് സഭയെ ഔപചാരികമായി അറിയിക്കുക എന്നുള്ളതല്ലാതെ ഒരു ചർച്ചയ്ക്ക് അനുവാദം നൽകുന്ന രീതി കീഴ്‌വഴക്കങ്ങളിൽ എവിടെയുമില്ല. ദയവായി ചെയറിനെ അങ്ങ് നിർബന്ധിക്കരുത്. അങ്ങ് ബഹുമാന്യനായ പ്രതിപക്ഷനേതാവാണ്. അങ്ങ് ഒരഭിപ്രായം പറഞ്ഞാൽ സ്വാഭാവികമായും ഭരണപക്ഷത്തുനിന്നും അഭിപ്രായം പറയേണ്ടി വരും.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഭരണഘടനാപരമായ പ്രശ്നം ഞാൻ ഉന്നയിക്കുകയാണ്. ഒന്നുകിൽ രാഷ്ട്രപതി ആ ബില്ലിന് അംഗീകാരം നൽകണം അല്ലെങ്കിൽ തള്ളിക്കളയണം അതുമല്ലെങ്കിൽ ആ ബിൽ പുനഃപരിശോധിക്കാൻ സഭയോട് ആവശ്യപ്പെടണം. ഇവിടെ ബഹുമാനപ്പെട്ട ഗവർണർ പറഞ്ഞിരിക്കുന്നത് withdraw ചെയ്യാനാണ്. രാഷ്ട്രപതി പറഞ്ഞതാണോ ഗവർണർ പറഞ്ഞതാണോ നിലനിൽക്കുന്നതെന്ന് അറിയാൻ സഭയ്ക്ക് അവകാശമുണ്ട്. അത് അങ്ങ് പരിശോധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

മി. സ്പീക്കർ: അങ്ങ് ക്രമപ്രശ്നമാണെന്ന് പറഞ്ഞിട്ട് ഗവർണറുടെ സന്ദേശത്തെ സംബന്ധിച്ച അഭിപ്രായ പ്രകടനമാണ് നടത്തിയത്. ഗവർണറുടെ നടപടി

ഭരണഘടനാപരമായി തെറ്റാണെന്ന അഭിപ്രായമല്ലേ? അങ്ങനെയൊരു അഭിപ്രായ പ്രകടനം നടത്തുന്നത് ശരിയല്ല. ദയവായി ആ കീഴ്വഴക്കം അംഗീകരിക്കാൻ കഴിയില്ല. ഇല്ലാത്ത കീഴ്വഴക്കമുണ്ടാക്കരുത്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ബഹുമാനപ്പെട്ട പ്രസിഡന്റിന്റെ സന്ദേശം ഗവർണറുടെ സന്ദേശത്തിന്റെ രൂപത്തിൽ ഇവിടെ വന്നുകഴിഞ്ഞ സാഹചര്യത്തിൽ ഗവർണറുടെയാണോ രാഷ്ട്രപതിയുടെയാണോ version ശരിയായിട്ടുള്ളതെന്ന് പറഞ്ഞുകൊണ്ടുള്ള ക്രമപ്രശ്നത്തിന് ഇവിടെ പ്രസക്തിയില്ല. ബഹുമാനപ്പെട്ട പ്രസിഡന്റിന്റെ സന്ദേശം ബിൽ റീ കൺസിഡർ ചെയ്യുന്നതിനാണ്. പ്രസ്തുത സന്ദേശത്തിന് അനുസൃതമായി ബഹുമാനപ്പെട്ട ഗവർണർ ഭരണഘടനയുടെ 201-ാം അനുച്ഛേദപ്രകാരമുള്ള സന്ദേശം നൽകുമ്പോൾ withdraw എന്ന് രേഖപ്പെടുത്തുന്നതിൽ അപാകതയില്ല. Reconsider എന്നതിൽ withdraw of the bill-ഉം ഉൾപ്പെടുന്നതാണ്. പ്രസ്തുത സന്ദേശം നിയമോപദേശം തേടിയതിനുശേഷമാണ് ബഹുമാനപ്പെട്ട ഗവർണറുടെ ഓഫീസിൽ നിന്ന് നൽകിയത് എന്നുള്ളത് നിയമ വകുപ്പിനെക്കൂടി അറിയിച്ചിട്ടുണ്ട്. ഈയൊരു പ്രശ്നം സ്വാഭാവികമായും ഉണ്ടാകുമെന്നുള്ളതുകൊണ്ടുതന്നെ വ്യക്തത വരുത്തിയിട്ടുണ്ട്. ഇത് ക്രമപ്രശ്നത്തിന്റെ ഭാഗമായി ഇവിടെ ഉന്നയിക്കുന്നതിന് ഒരു പ്രസക്തിയുമില്ല. ഇതിൽ Withdrawal of the bill എന്ന് പറയുന്നതും reconsider എന്ന് പറയുന്നതും സമാനമാണ്.

ശ്രീ. രമേശ് ചെന്നിത്തല : സർ,.....

മി. സ്പീക്കർ: ഇത് ചർച്ചയിലേയ്ക്ക് പോകണോ? ബഹുമാനപ്പെട്ട പാർലമെന്ററികാര്യ വകുപ്പുമന്ത്രി ഇതുസംബന്ധിച്ച് വിശദീകരിച്ചു.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ ഗവർണറെ ചോദ്യം ചെയ്യുകയല്ല. ഭരണഘടനയുടെ പ്രൊവിഷൻ അനുസരിച്ച് ഗവർണറാണെങ്കിലും പ്രസിഡന്റാണെങ്കിലും ഭരണഘടനയ്ക്ക് അതീതമൊന്നുമല്ലല്ലോ. രാഷ്ട്രപതി പറയുന്ന റീ-കൺസിഡർ ചെയ്യാൻ, ഗവർണർ പറയുന്ന withdraw ചെയ്യാൻ, അത് എനിക്ക് മനസ്സിലാകുന്നില്ല. അത് ഈ സഭയെ അറിയിക്കണമെന്ന് മാത്രമേ ഞാൻ പറയുന്നുള്ളൂ.

മി. സ്പീക്കർ: ഇക്കാര്യത്തിൽ ചർച്ച അനുവദനീയമല്ല. പാർലമെന്ററികാര്യ വകുപ്പുമന്ത്രി ഇതുസംബന്ധിച്ച് കൃത്യമായി പറഞ്ഞു. അങ്ങ് തികച്ചും സാങ്കേതിക വാദമാണ് ഉന്നയിക്കുന്നതെന്നാണ് എനിക്ക് തോന്നുന്നത്. റീ-കൺസിഡർ ചെയ്യണമെങ്കിൽ ബിൽ പിൻവലിക്കാതെ ചെയ്യാൻ കഴിയുമോ? അങ്ങയുടെ ക്രമപ്രശ്നം ഇപ്പോൾ അംഗീകരിക്കാൻ നിർവ്വാഹമില്ല.

## III. അടിയന്തരപ്രമേയം

### പകർച്ചവ്യാധി നിയന്ത്രണം

മി. സ്പീക്കർ: പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ യഥാസമയം കാര്യക്ഷമമായി നടപ്പിലാക്കാത്തതുകൊണ്ട് സംസ്ഥാനത്ത് പലസ്ഥലങ്ങളിലും ഡെങ്കിപ്പനി, H1N1, ഹെപ്പറ്റൈറ്റിസ്, ചിക്കൻപോക്സ് പോലുള്ള പകർച്ച വ്യാധികൾ പടരുന്നതുമൂലവും അത് നിയന്ത്രണ വിധേയമാക്കാൻ നടപടികൾ ഫലപ്രദമായി സ്വീകരിക്കാത്തതുമൂലവും ആരോഗ്യമേഖലയിൽ ഉണ്ടായിരിക്കുന്നതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ വി. എസ്. ശിവകുമാർ, എം. ഉമ്മർ, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, കേരളത്തിൽ കുറേവർഷക്കാലമായി മഴക്കാലം വരുമ്പോൾ പകർച്ചവ്യാധികൾ പടർന്ന് പിടിക്കുന്നുവെന്നുള്ളത് നമുക്കെല്ലാവർക്കും ബുദ്ധിമുട്ടുണ്ടാക്കുന്ന കാര്യമാണ്. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2016-17, 2017-18 വർഷങ്ങളിൽ വളരെ കാര്യമാത്ര പ്രസക്തമായ ഇടപെടലുകളാണ് ഈ മേഖലകളിലാകെ നടത്തിയിട്ടുള്ളത്. പകർച്ചവ്യാധി തടയുന്നതിന് അവ പരത്തുന്ന കീടങ്ങളെ നശിപ്പിക്കുക എന്നുള്ളതാണ് ഏറ്റവും പ്രധാനമായും ചെയ്യേണ്ട കാര്യം. അതിനാവശ്യമായ രോഗപ്രതിരോധ പ്രവർത്തനങ്ങളും കൊതുക് നശീകരണവും ശുചീകരണ പ്രവർത്തനങ്ങളുമെല്ലാം നടത്തുന്നതിന് വളരെ പ്രധാനപ്പെട്ട നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുണ്ട്. ഇത്തവണ ജനുവരി മാസത്തിൽത്തന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സംസ്ഥാനത്തെ രോഗപ്രതിരോധവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കേണ്ട വകുപ്പുമന്ത്രിമാരെയും ഉദ്യോഗസ്ഥരെയും വിളിച്ചുചേർത്ത് പ്രതിരോധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ നടപടി സ്വീകരിക്കുകയുണ്ടായി. കഴിഞ്ഞ വർഷവും ഇതുപോലെ നേരത്തെതന്നെ നടപടി സ്വീകരിച്ചതിന്റെ ഭാഗമായി പകർച്ചവ്യാധി മരണങ്ങളിൽ കുറവ് വരുത്താൻ സാധിച്ചിരുന്നു. എന്നാൽ ഇത്തവണ അതിഗുരുതരമായ കാലാവസ്ഥാ പ്രശ്നങ്ങൾ കാരണം, സാധാരണയിൽ നിന്ന് വിഭിന്നമായി ഡെങ്കിപ്പനിപോലുള്ള പകർച്ച വ്യാധികൾ കൂടുതലാകാൻ സാദ്ധ്യതയുണ്ടെന്നാണ് ആരോഗ്യവകുപ്പിന്റെ നിരീക്ഷണത്തിൽനിന്ന് മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളത്. കടുത്ത വരൾച്ചയും കൊടുംചൂടും അനുഭവപ്പെടുന്നതിന്റെ ഭാഗമായി ഡെങ്കിപ്പനി പരത്തുന്ന ഈഡിസ് ഈജിപ്റ്റിപോലുള്ള കൊതുകുകൾ വളരാനുള്ള സാദ്ധ്യത കൂടുതലാണ്. ജലജന്യ രോഗങ്ങൾ പടരാൻ സാദ്ധ്യത കൂടുതലാണെന്ന്

നേരത്തെതന്നെ മനസ്സിലാക്കുകയും വളരെ മുമ്പുതന്നെ അതിനുള്ള ഇടപെടലുകൾ ആരംഭിക്കുകയും ചെയ്തതിന്റെ ഭാഗമായി മാർച്ച് മാസത്തിൽ വീണ്ടും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾക്കായുള്ള യോഗങ്ങൾ ചേരുകയുണ്ടായി. 6-3-2017-ൽ ചേർന്ന വിവിധ വകുപ്പുമന്ത്രിമാരടക്ക മുള്ളവരുടെ യോഗത്തിൽ രോഗപ്രതിരോധ പ്രവർത്തനങ്ങളെക്കുറിച്ച് വ്യക്തമായ തീരുമാനങ്ങളെടുക്കുകയും ചെയ്തു. ആരോഗ്യവകുപ്പ് ഏറ്റെടുക്കേണ്ട ഉത്തരവാദിത്വങ്ങൾ കൃത്യമായി ഏറ്റെടുക്കാൻ ആരോഗ്യവകുപ്പുമന്ത്രിയെന്ന നിലയിൽ ഏപ്രിൽ മാസത്തിൽ എന്റെ അദ്ധ്യക്ഷതയിൽ, എന്റെ ചേമ്പറിൽ യോഗം ചേരുകയും ഉദ്യോഗസ്ഥരെല്ലാം പങ്കെടുത്തുകൊണ്ട് പ്രതിരോധ പ്രവർത്തനങ്ങൾക്കുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. അതിനുശേഷം സംസ്ഥാന തലത്തിൽ ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ആരോഗ്യ വകുപ്പ് ഡയറക്ടറും അഡീഷണൽ ഡയറക്ടറും പങ്കെടുത്തുകൊണ്ട് നിരവധി മീറ്റിംഗുകൾ നടത്തുക മാത്രമല്ല, എല്ലാ ജില്ലകളിലും രോഗപ്രതിരോധ പ്രവർത്തനങ്ങൾ നടത്താനുള്ള നിരന്തരമായ ഇടപെടലുകൾ നടത്തിയിട്ടുമുണ്ട്.

ശുചീകരണം മാത്രമല്ല, ഫോഗിംഗ് നടത്താനാവശ്യമായ മെഷീനുകൾ ധാരാളമായി വിതരണം ചെയ്യുകയും അതിന്റെ കുറവ് വരരുതെന്ന സൂചന നൽകുകയും ചെയ്തിട്ടുണ്ട്. ഡെങ്കിപ്പനി വരാൻ സാദ്ധ്യതയുള്ള കേന്ദ്രങ്ങൾ പ്രത്യേകം തെരഞ്ഞെടുത്ത് ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടറുടെ നേതൃത്വത്തിൽ അവിടെയെല്ലാം സന്ദർശിച്ച് പ്രത്യേക യോഗം ചേർന്ന് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. തിരുവനന്തപുരത്ത് ഡെങ്കിപ്പനി വളരെയധികം പകരുന്നതായാണ് കാണുന്നത്. ചില ജില്ലകളിലെ പ്രത്യേക കേന്ദ്രങ്ങളിൽ ഇത്തവണ ഈ രോഗം വരാനുള്ള സാദ്ധ്യതകൾ റിപ്പോർട്ട് ചെയ്തിരുന്നു. എറണാകുളത്ത് പായിപ്ര എന്ന സ്ഥലത്ത് ഡെങ്കിപ്പനി കൂടുതലായി റിപ്പോർട്ട് ചെയ്തു. കണ്ണൂർ ജില്ലയിലെ മട്ടന്നൂർ, പാലക്കാട് ജില്ലയിലെ മേലാർകോട്, തൃശ്ശൂർ ജില്ലയിലെ ഒല്ലൂർ, കോഴിക്കോട് ജില്ലയിലെ കക്കൂർ, രാമനാട്ടുകര എന്നിവിടങ്ങളിൽ സാധാരണയിൽക്കവിഞ്ഞ രീതിയിൽ ഔട്ട്ബ്രേക്കുണ്ടായി. അവിടെ തദ്ദേശസ്വയംഭരണ വകുപ്പിന്റെ കൂടി സഹായത്തോടെ ആരോഗ്യവകുപ്പ് അടിയന്തരമായി ഇടപെട്ട് രോഗനിയന്ത്രണ ത്തിനുള്ള ശക്തമായ നടപടി സ്വീകരിച്ചു. ഈ പ്രദേശങ്ങളിലെല്ലാം ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടറുടെ നേതൃത്വത്തിലുള്ള സംഘം സന്ദർശിക്കുകയും മെഡിക്കൽ ക്യാമ്പുകളും മറ്റ് രോഗ പ്രതിരോധ പ്രവർത്തനങ്ങളും നടത്തുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഇവിടെയെല്ലാം ഈ രോഗം നിയന്ത്രണ വിധേയമാക്കാൻ സാധിച്ചു. മഴ പെയ്യുമ്പോഴാണ് സാധാരണയായി ഡെങ്കിപ്പനി

വ്യാപിക്കാറുള്ളത്. എന്നാൽ ഇത്തവണ കാലാവസ്ഥയിലുണ്ടായ വ്യതിയാനത്തിന്റെ ഭാഗമായി ഡെങ്കിപ്പനി വ്യാപിക്കുന്നതായിട്ടാണ് കാണുന്നത്. പത്രങ്ങളെല്ലാം ഇക്കാര്യം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഏപ്രിൽ 30-ാം തീയതിയിലെ ഹിന്ദു ദിനപ്പത്രം റിപ്പോർട്ട് ചെയ്യുന്നത് 'കാലാവസ്ഥയിലുള്ള ശക്തമായ വ്യതിയാനം കാരണം ഇത്തവണ രോഗം പടരുന്നത് കൂടുതലാകുന്നു' എന്നാണ്. അവർ അത് പറയുമ്പോഴും വളരെ വ്യക്തമായി 'even while effective anti viral drugs are available to treat the disease' എന്ന് പറഞ്ഞുകൊണ്ടാണ് റിപ്പോർട്ട് തുടങ്ങുന്നത്. മരുന്നുകൾ കൃത്യമായി ശേഖരിക്കുന്നതിനും സർക്കാർ മുൻകയ്യെടുത്തിട്ടുണ്ട്. പ്രതിരോധ പ്രവർത്തനങ്ങൾ മാത്രമല്ല ഇതിനാവശ്യമായ മരുന്ന് സംഭരിക്കുന്നതിന് കൃത്യമായി നടപടി സ്വീകരിക്കാൻ സാധിച്ചിട്ടുണ്ടെന്നുള്ളതാണ് ഇതിലെ ഏറ്റവും പ്രധാനപ്പെട്ട നേട്ടമെന്ന് ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. ഓരോ അസുഖത്തിനും ആവശ്യമായ മരുന്ന് ലഭ്യമാക്കാൻ കെ.എം.എസ്.സി.എൽ. മുഖേന നല്ല ഇടപെടലാണ് സർക്കാർ നടത്തിയത്. എല്ലാ രോഗങ്ങൾക്കുമുള്ള മരുന്ന് ഇപ്പോൾ സ്റ്റോക്കുണ്ട്. ഇത്തവണ ഡെങ്കിപ്പനി കൂടാതെ H1N1 പനിയും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഡെങ്കിപ്പനിക്ക് പ്രത്യേകിച്ച് പ്രതിരോധ വാക്സിനില്ല. അതിന് മരുന്ന് ഇതുവരെ കണ്ടെത്തിയിട്ടില്ല. പനി ബാധിക്കുന്നവരെ വിശ്രമിക്കാനും നല്ല ചികിത്സ നൽകാനും സഹായകമായ രീതിയിൽ ആശുപത്രിയിലെത്തിക്കുകയാണ് ഏറ്റവും ഉചിതം. ഡെങ്കിപ്പനി ബാധിച്ചാൽ സർക്കാർ ആശുപത്രികളിലേയ്ക്ക് വരണമെന്ന് നിർദ്ദേശം കൊടുത്തതിന്റെ ഭാഗമായി അവിടേയ്ക്ക് വരുന്ന രോഗികളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ട്. മട്ടന്നൂർ അതിന് നല്ല ഉദാഹരണമായിരുന്നു. മട്ടന്നൂരിൽ ഡെങ്കിപ്പനി ബാധിച്ച സമയത്ത് സ്വകാര്യ ആശുപത്രികളിൽ അഡ്മിറ്റ് ചെയ്ത രണ്ടുപേരുടെ സ്ഥിതി ഗുരുതരമായി. ഡെങ്കിപ്പനി ബാധിച്ചവരെ സ്വകാര്യ ആശുപത്രികളിൽ അഡ്മിറ്റ് ചെയ്തിട്ടുണ്ടെന്ന് മനസ്സിലാക്കി ബന്ധപ്പെട്ടവർ ഇടപെടുകയും മട്ടന്നൂർ സർക്കാർ ആശുപത്രിയിലേയ്ക്ക് വരണമെന്ന് പറയുകയും ചെയ്തതിന്റെ ഭാഗമായി ഗവൺമെന്റ് ആശുപത്രിയിലേയ്ക്ക് നൂറിലേറെ ആളുകൾ വരികയുണ്ടായി. അതിൽ പത്തുപേർക്കുമാത്രമാണ് ഡെങ്കിപ്പനി സ്ഥിരീകരിച്ചത്. എങ്കിലും സർക്കാർ ആശുപത്രികളിൽ അതിനുള്ള സംവിധാനമൊരുക്കിയിരുന്നു. ശ്രീ. സണ്ണി ജോസഫിന്റെ സബ്മിഷന്റെ ഭാഗമായി ഞാൻ അക്കാര്യം പറഞ്ഞതാണ്. തൊട്ടടുത്തുള്ള ആശുപത്രികളെയൊക്കെ സജ്ജമാക്കി. ഇരിട്ടി താലൂക്കാശുപത്രി, തലശ്ശേരി ജനറലാശുപത്രി, കണ്ണൂർ സർക്കാർ ആശുപത്രി എന്നിവിടങ്ങളിൽ യുദ്ധകാലാടിസ്ഥാനത്തിൽ സജ്ജമാക്കിയതിന്റെ ഭാഗമായി ഔട്ട് ബ്രേക്കുണ്ടായെങ്കിലും കൂടുതൽ അപായമുണ്ടാകാതെ നിയന്ത്രിക്കാൻ സാധിച്ചു.

H1N1-ന് ഇത്തവണ ഒരു ഔട്ട് ബ്രേക്കുണ്ടായി. കഴിഞ്ഞ വർഷം ഈ രോഗം കുറവായിരുന്നു. 2013-ൽ H1N1 പനി ബാധിച്ച് അറുപത്തിയെട്ടോളം മരണങ്ങളാണുണ്ടായത്. പിന്നീട് ആ രോഗം വന്നിരുന്നില്ല; ഇത്തവണയാണ് വീണ്ടും വന്നത്. ഇത്തവണ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലാകെ H1N1 പനി പടർന്നുപിടിക്കുന്നതായിട്ടാണ് റിപ്പോർട്ട് ചെയ്തിരിക്കുന്നത്. കാലാവസ്ഥയിലുണ്ടായ മാറ്റം ഒരു പ്രധാന ഘടകമാണ്. അക്കൂട്ടത്തിൽ കേരളത്തിലും H1N1 പടരാൻ തുടങ്ങിയപ്പോൾത്തന്നെ വളരെ ശക്തമായ ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടായി. H1N1 ബാധിച്ചാൽ ഉപയോഗിക്കാനുള്ള Oseltamivir ഗുളികകൾ വളരെ പെട്ടെന്നുതന്നെ കണ്ടെത്തി സ്റ്റോക്ക് ചെയ്തു. ആശുപത്രികളിൽ കൃത്യമായി ഈ ഗുളിക ഉണ്ടെന്നുള്ളതും വളരെ ആശ്വാസമാണ്. രോഗം റിപ്പോർട്ട് ചെയ്യുമ്പോഴാണല്ലോ മരുന്നുകൾ ശേഖരിക്കാൻ തുടങ്ങുക. ടെണ്ടർ ചെയ്ത് മരുന്നുകൾ ശേഖരിക്കാൻ കാലതാമസം വരുന്നതിന്റെ ഭാഗമായി കാരുണ്യ ഫാർമസി മുഖേന ശേഖരിച്ച് ആശുപത്രികളിലെത്തിക്കാൻ സാധിച്ചിട്ടുണ്ട്. ഇപ്പോൾ ആശുപത്രികളിൽ 223378 (രണ്ട് ലക്ഷത്തി ഇരുപത്തിമൂവായിരത്തി മുന്നൂറ്റി എഴുപത്തിയെട്ട്)-ഉം ജില്ലാ മെഡിക്കൽ ഓഫീസറുടെ പക്കൽ 76000 (എഴുപത്തിയാറായിരം)-ഉം കാരുണ്യ ഫാർമസികളിൽ 91987 (തൊണ്ണൂറ്റി ഒന്നായിരത്തി തൊള്ളായിരത്തി എൺപത്തിയേഴ്)-ഉം Oseltamivir ഗുളികകൾ സ്റ്റോക്കുണ്ട്. എത്ര വലിയ ഔട്ട്ബ്രേക്കുണ്ടായാലും പിടിച്ചുനിൽക്കാൻ പാകത്തിന് മെഡിസിൻ സ്റ്റോക്കുണ്ടെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം.

എലിപ്പനിക്ക് നൽകുന്ന Doxycycline ഗുളികയും കൃത്യമായി സ്റ്റോക്കുണ്ട്. ആശുപത്രികളിലെല്ലാം വിതരണം ചെയ്തുകഴിഞ്ഞിട്ടും 2503085 (ഇരുപത്തിയഞ്ച് ലക്ഷത്തി മൂവായിരത്തി എൺപത്തിയഞ്ച്) ഗുളികകളുടെ കരുതൽ ശേഖരവുമുണ്ട്. അതുകൊണ്ട് മരുന്നില്ലാത്ത അവസ്ഥ ഈ കാര്യത്തിലും വരുന്നില്ല. ചിക്കൻപോക്സിന് കൊടുത്തുവരുന്ന Acyclovir ഗുളികയും എല്ലാ ജില്ലകളിലും വിതരണം ചെയ്തിട്ടുണ്ട്. അതിനുശേഷം 1553740 (പതിനഞ്ച് ലക്ഷത്തി അമ്പത്തിമൂവായിരത്തി എഴുന്നൂറ്റി നാല്പത്) ഗുളികകൾ ഗവൺമെന്റിൽ സ്റ്റോക്കുണ്ട്. തമിഴ്നാട്ടിൽ 914 H1N1 മരണം ഇത്തവണയുണ്ടായിട്ടുണ്ട്. 2017-ൽ കേരളത്തിൽ 24 മരണമുണ്ടായെന്നുള്ളത് പേടിപ്പെടുത്തുന്ന ഒരു വസ്തുതയാണ്. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ ഔട്ട്ബ്രേക്ക് ഉണ്ടാകുന്നതിന്റെ ഭാഗമായിട്ടാണ് മരണങ്ങളുണ്ടാകുന്നത്. സർക്കാർ ആശുപത്രികളിൽ നേരിട്ട് വരുന്നവർക്കല്ല മരണം സംഭവിക്കുന്നത്; നേരത്തെ സ്വകാര്യ ആശുപത്രികളിൽ ചികിത്സിച്ച് നമ്മുടെ പ്രോട്ടോകോൾ അനുസരിച്ച് കൃത്യമായി ചികിത്സ കൊടുക്കാത്തിടത്താണ് വളരെ ഗുരുതരമായി വരാറുള്ളത്. ...(ബഹളം)... മറുപടി പറയുമ്പോൾ ശ്രീ. വി. ഡി. സതീശൻ ബഹളമുണ്ടാക്കുന്നത് എന്തിനാണ്; പകർച്ചവ്യാധികളെക്കുറിച്ച് ചോദിച്ചാൽ അതിന് മറുപടി പറയണ്ടേ?

മി. സ്പീക്കർ: നൽകിയ നോട്ടീസിന്റെ മറുപടിക്കുമപ്പുറത്തുള്ള എല്ലാ കാര്യങ്ങളും മന്ത്രി വിശദീകരിച്ചുകഴിഞ്ഞു. ഇനി പ്രമേയാവതാരകൻ സംസാരിച്ചതിനുശേഷം മറുപടി പറയുന്നതാണ് ഉചിതം.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഞാൻ വിശദീകരിക്കുന്നില്ല. വളരെ കൃത്യമായ നടപടിക്രമങ്ങൾ ജനുവരി മാസം മുതൽ തുടങ്ങിയിട്ടുണ്ട്. ഇത്തവണ രോഗത്തിന്റെ ലക്ഷണങ്ങൾ കുറച്ചധികം കാണിക്കുന്നു എന്നുള്ളതിനാൽ നമ്മളെല്ലാവരും ജാഗരൂകരായിരിക്കേണ്ടതാണ്. ആരോഗ്യവകുപ്പ് കൃത്യമായ ഇടപെടൽ നടത്തിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട യാതൊരു വിഷയവുമില്ലെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ശ്രീ. വി. എസ്. ശിവകുമാർ: സർ, ബഹുമാന്യയായ മന്ത്രി ആദ്യംതന്നെ സാമാന്യം ദീർഘമായി മറുപടി പറഞ്ഞുകഴിഞ്ഞിരിക്കുകയാണ്. ഈ വർഷം ഗുരുതരമായ ഒരു സ്ഥിതിവിശേഷമാണ് കേരളത്തിൽ പകർച്ചപ്പനിയുണ്ടായതുകാരണം സംഭവിച്ചിരിക്കുന്നത്. അത് നിയന്ത്രിക്കുന്നതിനും പ്രതിരോധ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനും സർക്കാർ തികച്ചും പരാജയപ്പെട്ടിരിക്കുന്നു എന്നാണ് എനിക്ക് ഇക്കാര്യത്തിൽ പറയാനുള്ളത്. ഇതിനാവശ്യമായ മുൻകരുതലെടുക്കുന്നതിന് വളരെ കാലതാമസം നേരിട്ടു. സാധാരണഗതിയിൽ ജനുവരി മാസത്തിൽത്തന്നെ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർ, കോർപ്പറേഷൻ മേയർമാർ, വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ യോഗം ചേർന്നാണ് ഇതിന്റെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുന്നത്. എന്റെ ഒരു ചോദ്യത്തിന് ബഹുമാനപ്പെട്ട മന്ത്രി നൽകിയിട്ടുള്ള മറുപടിയിൽ 6-3-2017-ൽ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ യോഗം ചേർന്നുവെന്നാണ് സൂചിപ്പിച്ചിട്ടുള്ളത്. എന്തായാലും ആവശ്യമായ മുൻകരുതലുകൾ എടുക്കാത്തതുകൊണ്ടാണ് നാലുമാസം കൊണ്ടുതന്നെ ഇത്രയധികം ഗുരുതരമായിട്ടുള്ള ഒരു സ്ഥിതിവിശേഷമുണ്ടായിട്ടുള്ളത്. സാധാരണഗതിയിൽ ജൂൺ-ജൂലൈ മാസങ്ങളിലാണ് പകർച്ചവ്യാധികൾ പൊട്ടിപ്പുറപ്പെടുന്നതും കൂടുതലായിട്ടുള്ള മരണങ്ങളുണ്ടാകുന്നതും. അതിൽനിന്ന് വിഭിന്നമായി ഈ പ്രാവശ്യം മഴക്കാലത്തിനുമുൻപുതന്നെ കേരളത്തിൽ മരണസംഖ്യ കൂടിയിരിക്കുകയാണ്. ഇപ്പോൾ 62 മരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. രണ്ട് ദിവസത്തിലൊരിക്കൽ ഒരു മരണം സംഭവിച്ചുകൊണ്ടിരിക്കുകയാണ്. ഇത് നിസ്സാരമായി കാണാൻ കഴിയുമോ? സർക്കാർ ആശുപത്രിയിൽ ഇന്നലെ മാത്രം (10-ാം തീയതി) ചികിത്സയ്ക്കെത്തിയത് 9034 ആൾക്കാരാണ്. കഴിഞ്ഞ അഞ്ച് വർഷത്തെ കണക്ക് നോക്കിയാൽ ഒരു ദിവസം ശരാശരി 6000-7000 ആൾക്കാർ മാത്രമാണ് പനി ബാധിച്ച് ആശുപത്രികളിൽ എത്തിയത്. കഴിഞ്ഞ കുറച്ചുവർഷങ്ങളായി ഒരു വർഷം പനിക്ക് ചികിത്സ തേടിയെത്തുന്നവരുടെ എണ്ണം ശരാശരി 28 ലക്ഷമാണ്. ഇതിൽ

40 ശതമാനത്തോളം എന്നുവച്ചാൽ ഏകദേശം 10 ലക്ഷത്തോളം ആളുകൾ ചികിത്സ തേടുന്നത് ജൂൺ-ജൂലൈ മാസങ്ങളിലെ കാലവർഷത്തോടനുബന്ധിച്ചാണ്. ഈ വർഷം 130 ദിവസം കൊണ്ടുതന്നെ 7,77,777 പേർക്ക് പനി ബാധിച്ചതായിട്ടാണ് ഔദ്യോഗികമായിട്ടുള്ള ആരോഗ്യവകുപ്പിന്റെ കണക്ക്; അത് എന്റെ കയ്യിലുണ്ട്. ഇത്രയും രൂക്ഷമായ രീതിയിൽ പനി ബാധിച്ചതുമൂലം 62 പേർ മരിച്ചു. ഏറ്റവും കൂടുതൽ ആളുകൾ മരണപ്പെട്ടത് H1N1 രോഗത്തിലൂടെയാണ്. H1N1 രോഗം ഉണ്ടാകാതിരിക്കാനുള്ള മുൻകരുതലുകൾ എടുക്കുന്നതിൽ ഈ സർക്കാർ പരാജയപ്പെട്ടിരിക്കുകയാണ്. 62 പേർ മരിച്ചതിൽ ഏകദേശം 31 പേർ H1N1 മൂലമാണ് മരണപ്പെട്ടത്. H1N1 പനിക്കെതിരെ ജാഗ്രത പാലിക്കണമെന്നാവശ്യപ്പെട്ട് 22-2-2017-ലെ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഒരു സർക്കുലറുണ്ട്. H1N1 പനി വ്യാപിക്കാതിരിക്കുന്നതിനുവേണ്ടി എന്ത് നടപടിയാണ് ഈ സർക്കാർ സ്വീകരിച്ചത്? മേയ് മാസത്തിൽത്തന്നെ 8 പേർ മരിച്ചു. ഇന്ന് 11-ാം തീയതിയാണ്. ഓരോ ദിവസവും ഓരോ ആളുകൾ മരിക്കുകയാണ്. 8 പേർ മരിച്ചതിൽ 7 പേരും H1N1 മൂലമാണ് മരണപ്പെട്ടത്. ബഹുമാന്യയായ മന്ത്രിയുടെ മറുപടിയിൽ സൂചിപ്പിച്ചത് 2015-ൽ H1N1 രോഗംമൂലം 76 പേർ മരിച്ചുവെന്നാണ്. ഒരു വർഷം 939 പേർക്ക് രോഗം ബാധിച്ചപ്പോഴാണ് 76 പേർ മരിച്ചത്. എന്നാൽ ഈ വർഷം 4 മാസത്തിനുള്ളിൽ 433 പേർക്ക് രോഗം ബാധിച്ചതിൽ 31 പേർ മരിക്കാനിടയായി. ഡെത്ത് റേറ്റ് വളരെയധികം കൂടിയിരിക്കുകയാണ്. ആവശ്യത്തിന് മരുന്ന് ലഭ്യമാണെന്ന് പറയുന്നുണ്ടെങ്കിലും പ്രതിരോധ പ്രവർത്തനങ്ങളിൽ പാളിച്ചയുണ്ടായിരിക്കുകയാണ്. മൂന്നുനാലുമാസങ്ങൾക്കുമുമ്പ് സ്വീകരിക്കേണ്ട മുൻകരുതൽ നടപടികൾ എടുത്തിട്ടില്ല.

അതുപോലെതന്നെ ഡെങ്കിപ്പനിയുടെ തലസ്ഥാനമായി തിരുവനന്തപുരം മാറിയിരിക്കുകയാണ്. 2016-ൽ ആദ്യത്തെ 4 മാസം 979 പേർക്കാണ് ഡെങ്കിപ്പനി വന്നത്. 2017-ൽ അത് മൂന്നിരട്ടിയായി വർദ്ധിച്ചിരിക്കുകയാണ്; അതായത് 2,923 പേർക്കാണ് ഡെങ്കിപ്പനി ബാധിച്ചത്. പനി നിയന്ത്രിക്കാൻ കഴിഞ്ഞിട്ടുണ്ട് എന്നാണ് ബഹുമാനപ്പെട്ട മന്ത്രി മറുപടി നൽകിയത്. ആരോഗ്യവകുപ്പിന്റെ ഈ കണക്കുകളൊന്നും ബഹുമാനപ്പെട്ട മന്ത്രി കാണുന്നില്ലേ എന്നുള്ളതാണ് എനിക്ക് ചോദിക്കാനുള്ളത്. 10-ാം തീയതിയിലെ ദേശീയ ദിനപ്പത്രമായ ഹിന്ദുവിൽ ഒരു പേജ് മുഴുവൻ ഡെങ്കിപ്പനിമൂലം കേരളത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന മാരകമായിട്ടുള്ള പ്രശ്നങ്ങളെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. ബഹുമാന്യയായ മന്ത്രി പറഞ്ഞ മറുപടിയിൽ മരുന്നുകൾ സ്വരൂപിച്ചിട്ടുണ്ടെന്നാണ് പറയുന്നത്. മരുന്ന് സ്വരൂപിക്കുകയല്ല; പനി വരാതിരിക്കുന്നതിനായി എന്ത് പ്രതിരോധ നടപടികളാണ് സ്വീകരിച്ചത്? ഇവിടെ സൂചിപ്പിച്ച 63 ഡെങ്കിപ്പനി കേസുകളിൽ 51-ഉം തിരുവനന്തപുരത്താണ്. ഡെങ്കിപ്പനിയുടെ തലസ്ഥാനമായി തിരുവനന്തപുരം മാറിയിരിക്കുന്നു. 'State Capital is the Dengue's capital'.

ഏപ്രിൽ 30-ലെ ഹിന്ദു ദിനപത്രം ഒരു പേജിൽ മുഴുവൻ ഈ കാരണങ്ങൾ ചൂണ്ടിക്കാണിച്ച് വിലയിരുത്തിയിട്ടുണ്ട്. തിരുവനന്തപുരം Dengue-ന്റെ തലസ്ഥാനമായി മാറിയിരിക്കുന്നു. പാലക്കാട്, മലപ്പുറം, കണ്ണൂർ ഇവിടെയൊക്കെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

തിരുവനന്തപുരത്ത് കഴിഞ്ഞ വർഷങ്ങളിൽ കണ്ടെത്തിയ 'Hot spot'-കൾ തന്നെയാണ് ഇപ്പോഴും രേഖപ്പെടുത്തിയിട്ടുള്ളത്. ആരോഗ്യവകുപ്പ് തയ്യാറാക്കിയിട്ടുള്ള ലിസ്റ്റാണ്. വട്ടിയൂർക്കാവ്, പേരൂർക്കട ഉൾപ്പെടെയുള്ള തിരുവനന്തപുരം ജില്ലയുടെ വിവിധ പ്രദേശങ്ങളിൽ 'Hot spot'-കൾ കണ്ടെത്തി; അവിടെ എന്തു നടക്കുന്നു? തിരുവനന്തപുരം നഗരത്തിൽ കഴിഞ്ഞ കാലഘട്ടങ്ങളിൽ ദിവസവും വൈകുന്നേരം ഫോഗിംഗ് നടത്തിയിരുന്നു. എന്നാൽ ഈ വർഷം കോർപ്പറേഷന്റെ നേതൃത്വത്തിൽ ഫോഗിംഗ് നടത്തിയിട്ടില്ല. കോ-ഓർഡിനേറ്റ് ചെയ്തിട്ടുള്ള ഒരു പ്രവർത്തനങ്ങളും ഉണ്ടാകുന്നില്ല. ജാഗ്രതയോടെയുള്ള പ്രവർത്തനമില്ലായ്മയും മുന്നൊരുക്കമില്ലായ്മയും വകുപ്പുകളുടെ ഏകോപനമില്ലായ്മയുമാണ് പ്രധാനപ്പെട്ട കാരണമായി മാറിയിരിക്കുന്നത്. മഴക്കാലത്തിനുമുൻപ് കേരളത്തിലെ സ്ഥിതിവിശേഷം ഇതാണെങ്കിൽ മഴക്കാലം വരുമ്പോൾ പനിക്കിടക്കകൾ മരണക്കിടക്കകളായി മാറുന്ന സാഹചര്യത്തിലേയ്ക്കാണ് കേരളത്തെ സർക്കാർ തള്ളിവിടുന്നതെന്നുള്ളതാണ് ഏറ്റവും ദുഃഖകരമായിട്ടുള്ള കാര്യം. കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് സംസ്ഥാനത്ത് പനി നിയന്ത്രിക്കുന്നതിനുവേണ്ടി ഒരു കലണ്ടർതന്നെ തയ്യാറാക്കിയിരുന്നു. ജനുവരി മാസത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടുന്ന വിവിധ വകുപ്പുകളുടെ കോ-ഓർഡിനേഷൻ മീറ്റിംഗുകൾ തുടങ്ങി മേയ് മാസം നടത്തുന്ന ഡ്രൈ ഡേ വരെയുള്ള ചിട്ടയായ പ്രവർത്തനങ്ങളാണ് കഴിഞ്ഞ കാലഘട്ടങ്ങളിൽ നടത്തിയിരുന്നത്. ആ പ്രവർത്തനങ്ങളൊന്നും ഈ പ്രാവശ്യം നടന്നിട്ടില്ല. ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിക്കുക, ഡി.എം.ഒ. മാരുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, ഓരോ ജില്ലയിലും അഡീഷണൽ ഡയറക്ടർമാർ ക്യാമ്പ് ചെയ്ത് പ്രത്യേകമായ പ്രവർത്തനങ്ങൾ നടത്തുക തുടങ്ങിയ കാര്യങ്ങളൊക്കെ ചെയ്തിരുന്നു. മന്ത്രിയുടെ ഓഫീസിൽ, സെക്രട്ടേറിയറ്റിൽത്തന്നെ 24 മണിക്കൂറും പ്രവർത്തിക്കുന്ന മോണിറ്ററിംഗ് സെല്ലുകൾ ആ കാലഘട്ടത്തിൽ പ്രവർത്തിച്ചിട്ടുണ്ട്. ഈ വർഷം അതൊന്നുമില്ല. പഞ്ചായത്ത് മെമ്പർമാരുടെ നേതൃത്വത്തിൽ, പി.എച്ച്.സി.-യിലെ ഡോക്ടർമാരുടെ നേതൃത്വത്തിൽ, സാങ്കേതിക പരിജ്ഞാനമുള്ളവരുടെ നേതൃത്വത്തിൽ വാർഡുതല സാനിറ്റേഷൻ കമ്മിറ്റികൾ ഓരോ പ്രദേശത്തും വളരെ ശക്തമായി പ്രവർത്തിച്ചിരുന്നു. കേരളത്തിലെ 18,000-ത്തോളം വാർഡുകളിൽ അത്തരത്തിലുള്ള പ്രവർത്തനങ്ങൾ നടന്നു. ആ പ്രവർത്തനങ്ങൾ ഇന്ന് സ്തംഭിച്ചിരിക്കുകയാണ്. ഓരോ വാർഡിനും ആ കാലഘട്ടത്തിൽ ശുചീകരണ പ്രവർത്തനങ്ങൾക്കുവേണ്ടി, പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾക്കായി

25,000 രൂപ വീതം നൽകിയിരുന്നു. എന്നാൽ ഇപ്രാവശ്യം ഒരു രൂപ പോലും ഇതുവരെ നൽകിയിട്ടില്ല. പനി ബാധിച്ച് കേരളത്തിലെ ആളുകൾ മരിക്കുന്ന സ്ഥിതിവിശേഷമുണ്ടായിരിക്കുകയാണ്. ആരോഗ്യവകുപ്പ് നൽകേണ്ട 10,000 രൂപപോലും നൽകിയിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രി അതിന് മറുപടി പറയണം. കഴിഞ്ഞ ഏപ്രിൽ മാസത്തിൽ പ്രതിരോധ പ്രവർത്തനങ്ങൾക്ക് നൽകേണ്ടിയിരുന്ന 25,000 രൂപ പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും ഇതുവരെ നൽകിയിട്ടില്ല; ഞങ്ങളുടെ കാലഘട്ടത്തിൽ നൽകിയിരുന്നു. എന്ത് പ്രവർത്തനമാണ് അവർക്ക് നടത്താൻ കഴിയുക? കുളത്തൂർ പഞ്ചായത്തിലെ പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ പഞ്ചായത്തിന് പൈസയില്ലെന്ന് ഇന്നലെ പഞ്ചായത്ത് പ്രസിഡന്റ് എന്നോട് പറഞ്ഞു. തനത് ഫണ്ട് നൽകിയിട്ടില്ല. അതുപോലെതന്നെ 25,000 രൂപ ഇതുവരെ നൽകാത്ത വളരെ ഗുരുതരമായിട്ടുള്ള ഒരു സാഹചര്യവുമുണ്ടായിട്ടുണ്ട്.

അതുപോലെതന്നെ കഴിഞ്ഞ കാലഘട്ടങ്ങളിൽ ഇവിടെ ആവശ്യമായ ജീവനക്കാരില്ലാത്ത ഒരു സാഹചര്യമുണ്ടായിരുന്നു. കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് ഡി.എം.ഒ.മാർ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഓരോ ജില്ലയിലും അവർതന്നെ ഇന്റർവ്യൂ നടത്തി സാങ്കേതികമായി പരിജ്ഞാനമുള്ള സ്പ്രേമെൻ, ക്ലീനേഴ്സ്, ഹെൽത്ത് ഇൻസ്പെക്ടർ, ഫാർമസിസ്റ്റ്, കൂടാതെ ഡോക്ടർമാർ എന്നിവരെ നിയമിച്ചു; അവരെ ഇപ്പോൾ പിരിച്ചുവിട്ടിരിക്കുകയാണ്. അതിന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിരിക്കുന്ന മറുപടി അവരുടെ ആവശ്യമില്ലെന്നാണ്. പല സ്ഥലത്തും ഫോഗിംഗ് നടക്കുന്നില്ല. അതുപോലെതന്നെ ടെക്നിക്കൽ സ്റ്റാഫിന്റെ കുറവുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളിലെ പ്രവർത്തനങ്ങൾ നടക്കുന്നില്ല. ശുചിത്വത്തിന്റെ കാര്യത്തിൽ ഇന്ത്യയിൽ ഒന്നാമത്തെ സംസ്ഥാനമായിരുന്നു കേരളം. ഇന്നത്തെ സ്ഥിതി എന്താണ്? കഴിഞ്ഞ 40 വർഷക്കാലമായി തിരുവനന്തപുരം കോപ്പറേഷന്റെ ഭരണം എൽ.ഡി.എഫ്.-ന്റെ നേതൃത്വത്തിലാണ്. അതിന്റെ ഫലമെന്താണ്; ശുചിത്വത്തിന്റെ കാര്യത്തിൽ 372-ാം സ്ഥാനത്തേയ്ക്ക് തിരുവനന്തപുരം നഗരം എത്തിയിരിക്കുന്നു. കൊച്ചിയിലെയും കോഴിക്കോട്ടെയും സ്ഥിതിവിശേഷവും ഇതുതന്നെയാണ്. മാലിന്യംകൊണ്ട് പകർച്ചവ്യാധികളുടെ സ്വന്തം നാടായി കേരളം മാറിയിരിക്കുന്നുവെന്നുള്ളതാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നമുക്കുണ്ടായ ഒരു പ്രശ്നം.

വികേന്ദ്രീകൃത മാലിന്യ സംസ്കരണം നടപ്പിലാക്കുമ്പോൾ ശാസ്ത്രീയമായ മാനദണ്ഡങ്ങൾ പാലിക്കപ്പെടണം. അല്ലെങ്കിൽ ഓരോ വീടും പകർച്ചവ്യാധികളുടെ കേന്ദ്രമായി മാറും. അതുകൊണ്ട് കേന്ദ്രീകൃത മാലിന്യസംസ്കരണ പ്ലാന്റുകൾ

കേരളത്തിലെ പ്രധാനപ്പെട്ട നഗരങ്ങളിൽ സ്ഥാപിക്കണമെന്നാണ് എനിക്ക് ഈ അവസരത്തിൽ അഭ്യർത്ഥിക്കാനുള്ളത്. 'ഹരിത കേരളം' പദ്ധതി നവംബർ മാസം 1-ാം തീയതി പ്രഖ്യാപിച്ചു; ഇപ്പോൾ 6 മാസമായി. എന്താണ് കേരളത്തിൽ ഇതുവരെ നടന്നത്? ഹരിത കേരളം പദ്ധതിയുമായി ബന്ധപ്പെട്ട് ഒരു കാര്യവും നടന്നിട്ടില്ല. കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് ആശാ വർക്കേഴ്സ്, കുടുംബശ്രീ പ്രവർത്തകർ ഇവരെയെല്ലാം സംയോജിപ്പിച്ചുകൊണ്ട് തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ നേതൃത്വത്തിൽ പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേരളത്തിൽ എല്ലാ വീടുകളിലും ക്യാമ്പയിൻ നടത്തി. ഡെങ്കിപ്പനി നിയന്ത്രിക്കാൻ കഴിഞ്ഞത് ആ സാഹചര്യത്തിലാണ്. അതുപോലെതന്നെ ജനങ്ങളുടെ ഇടയിൽ ബോധവൽക്കരണം നടത്തുന്നതിനായി സെലിബ്രിറ്റീസ് അടക്കമുള്ള പ്രമുഖർ പങ്കെടുത്തുകൊണ്ട് കേരളത്തിലെ എല്ലാ സ്ഥലങ്ങളിലും സമഗ്രമായ പദ്ധതികൾ നടപ്പിലാക്കി; ഈ വർഷം ഇവയൊന്നും നടന്നില്ല.

കഴിഞ്ഞ പ്രാവശ്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രി എല്ലാ എം.എൽ.എ.മാർക്കും കത്തയച്ചു. കത്തിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളത്, ഓരോ നിയോജകമണ്ഡലത്തിലുമുള്ള പ്രതിരോധ പ്രവർത്തനങ്ങൾക്ക് എം.എൽ.എ.-മാർ നേതൃത്വം നൽകണമെന്നാണ്. അത് ഇവിടെയുള്ള പഴയ എം.എൽ.എ.-മാർക്ക് ഓർമ്മയുണ്ട്. എല്ലാ സ്ഥലങ്ങളിലും എം.എൽ.എ.-മാർ പ്രതിരോധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. ഒരു കത്ത് എം.എൽ.എ.-മാർക്ക് ഇതുവരെ അയയ്ക്കാൻ ബഹുമാന്യരായ മുഖ്യമന്ത്രിയോ ആരോഗ്യ വകുപ്പുമന്ത്രിയോ തയ്യാറായിട്ടുണ്ടോ? അവരുടെ നേതൃത്വത്തിൽ ശക്തമായ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന്റെ ഭാഗമായിട്ടാണ് ഈ കാര്യങ്ങളൊക്കെ നടക്കുന്നത്. ഇനി മഴക്കാലം വരാൻ പോകുകയാണ്. മഴക്കാലത്തുണ്ടാകുന്ന ഒരു സാഹചര്യം ഇപ്പോൾ സംജാതമായിട്ടുണ്ട്. കോളറ, ഹെപ്പറ്റൈറ്റിസ്, ടൈഫോയിഡ് പോലെയുള്ള ജലജന്യരോഗങ്ങൾ ഇവിടെയുണ്ടാകുന്നുണ്ട്. വേനൽക്കാല ശീതള പാനീയങ്ങൾ എല്ലാ സ്ഥലത്തും വിൽക്കുന്നുണ്ട്. ഭക്ഷ്യസുരക്ഷാവകുപ്പ് എന്താണ് ചെയ്യുന്നത്? രോഗങ്ങൾ പടർന്നുപിടിക്കുന്ന ഗുരുതരമായ സ്ഥിതിവിശേഷമുണ്ടായിരിക്കുന്നു. ഭക്ഷ്യസുരക്ഷാവകുപ്പിന്റെ പരിശോധനയെക്കുറിച്ചോ നടപടി സ്വീകരിച്ചതിനെക്കുറിച്ചോ ഉള്ള വാർത്തകൾ ഒരു ദിനപ്പത്രത്തിലും കാണുന്നില്ല. ഒരു നോക്കുകുത്തിയായി കേരളത്തിലെ ഭക്ഷ്യസുരക്ഷാവകുപ്പ് മാറിക്കൊണ്ടിരിക്കുന്ന സാഹചര്യമാണുണ്ടായിരിക്കുന്നത്.

10.00 AM]

ഇതരസംസ്ഥാന തൊഴിലാളി ക്യാമ്പുകളിൽ കഴിഞ്ഞ കാലഘട്ടങ്ങളിൽ മെഡിക്കൽ ക്യാമ്പുകൾ നടത്തിയപ്പോൾ ഗുരുതരമായ രോഗങ്ങളുണ്ടായിരുന്നു. അവിടെ ലെപ്രസി, ടി.ബി. പോലുള്ള രോഗങ്ങളുണ്ട്. രോഗങ്ങളുടെ വാഹകരായി ക്യാമ്പിലെ ഇതര സംസ്ഥാന തൊഴിലാളികൾ മാറുകയാണ്. അവിടെ

നിരന്തരമായി മെഡിക്കൽ ക്യാമ്പുകൾ നടത്താൻ ഈ സർക്കാർ തയ്യാറാകുന്നില്ല. ഭക്ഷ്യ സുരക്ഷാ വകുപ്പ് കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. ഇക്കാര്യങ്ങളൊക്കെ മനസ്സിലാക്കിക്കൊണ്ടാണ് കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടത്തിൽ കേരളത്തിൽ ഓരോ വർഷവും പടർന്നുപിടിക്കുന്ന പകർച്ചപ്പനികൾ നിയന്ത്രിക്കുന്നതിനും അതുമായി ബന്ധപ്പെട്ട റിസർച്ച് നടത്തുന്നതിനുംവേണ്ടി പൂനെയിലെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ സഹായം തേടിയത്. അവർ ഇവിടെ വന്ന് പഠനം നടത്തി അതിന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോയി. ഈ സർക്കാർ അധികാരത്തിൽ വന്നിട്ട് ഒരു വർഷമായി. ആ പ്രവർത്തനങ്ങൾ സ്തംഭനാവസ്ഥയിലാണ്. ഓരോ വർഷവും ഉണ്ടാകുന്ന പകർച്ചപ്പനി നിയന്ത്രിക്കുന്നതിനും ശാശ്വതമായി ഈ പ്രതിഭാസം നമ്മുടെ സംസ്ഥാനത്ത് ഉണ്ടാകാതിരിക്കുന്നതിന് കൂടുതലായി ഗവേഷണ തലത്തിലുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്ത് മുന്നോട്ടുപോകുന്നതിനുമുള്ള നടപടി സ്വീകരിക്കണം. മൊത്തത്തിൽ പകർച്ച വ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിൽ ഈ സർക്കാർ പരാജയപ്പെട്ടിരിക്കുന്നു. അതിന്റെ അടിസ്ഥാനത്തിൽ 62 മരണങ്ങൾ ഉണ്ടായിരിക്കുകയാണ്. ഇക്കാര്യങ്ങൾ സഭ നിർത്തിവച്ച് ചർച്ച ചെയ്യണം. രണ്ടുദിവസത്തിലൊരിക്കൽ ഓരോ ആളുകൾ മരിച്ചുകൊണ്ടിരിക്കുന്നു. ഈ മാസം 11-ാം തീയതിയായപ്പോൾത്തന്നെ 8 ആളുകൾ മരണപ്പെട്ടു. ഈ ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>): സർ, ഈ വിഷയം അവതരിപ്പിച്ചത് ബഹുമാനപ്പെട്ട മുൻ ആരോഗ്യ വകുപ്പുമന്ത്രിയായതുകൊണ്ട് അദ്ദേഹത്തിന് ഇക്കാര്യം വിശദീകരിക്കുമ്പോൾ സ്വാഭാവികമായും കുറച്ച് വൈകാരികത വരും. ഇതിനെ നമ്മൾ അങ്ങനെയല്ല കാണേണ്ടത്, വസ്തുനിഷ്ഠമായി ഈ പ്രശ്നത്തെ സമീപിക്കാൻ നമുക്ക് സാധിക്കണം. മരണത്തിന്റെ ഏറ്റക്കുറച്ചിലെല്ലാം പറഞ്ഞ് തർക്കിക്കാൻ ഞാനില്ല. ഏത് സർക്കാരിന്റെ ഭരണകാലത്തായാലും ചിലപ്പോൾ ഇത്തരം പകർച്ചവ്യാധികൾ വരാം. ശ്രീ. വി. എസ്. ശിവകുമാർ ഈ സർക്കാരിന്റെ ഭരണകാലത്താണ് എല്ലാ മരണങ്ങളും വന്നുപെട്ടതെന്നു പറയുമ്പോൾ എനിക്കും അതിന് ഉപോൽബലകമായിട്ടുള്ള ചില കാര്യങ്ങൾ സൂചിപ്പിക്കാതിരിക്കാൻ സാധിക്കില്ല. എന്നെ ഒന്നുരണ്ടു കാര്യങ്ങൾ പറയാൻ അനുവദിക്കണം. 2015-ലെ മാതൃഭൂമി പത്രമാണിത് (പത്രത്തിന്റെ കോപ്പി ഉയർത്തിക്കാട്ടി). 'എലിപ്പനി-മരിച്ചത് 100 പേർ', 'കേരളത്തിൽ ഏഴ് മാസത്തിനിടെ 14 ലക്ഷം പേർക്ക് പകർച്ചപ്പനി-മരണം 226'. എന്റെ കൈവശം ധാരാളം ദിനപ്പത്രങ്ങളുണ്ട്.

ശ്രീ. അടൂർ പ്രകാശ്: സർ, കേരളത്തിലെ ആരോഗ്യ സ്ഥിതി മെച്ചപ്പെടുത്താനുള്ള നടപടി സ്വീകരിക്കണമെന്നാണ് പറയാനുള്ളത്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഞാൻ വഴങ്ങുന്നില്ല, എന്നെ പറയാൻ അനുവദിക്കുക. താങ്കൾ പറയുന്നതെല്ലാം ക്ഷമയോടെ ഇവിടെയിരുന്ന് കേട്ടല്ലോ. ഞാൻ അപ്പോൾ ഇടപെട്ടിട്ടില്ല. കണക്കുകളെല്ലാം നിരത്തിയിട്ട് ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ എല്ലാം അട്ടിമറിക്കപ്പെട്ടു;, ഇപ്പോഴാണ് പനി കൂടുന്നത്, മരണം കൂടുന്നത് എന്നുപറയുമ്പോൾ എന്റെ കയ്യിലുള്ള കണക്കുകൾ കാണിക്കാതിരിക്കുന്നത് ശരിയായ രീതിയല്ലല്ലോ. കുറേ കണക്കുകളുണ്ട്. മരണത്തിന്റെ എണ്ണവുമുണ്ട്. ഞാൻ അതെല്ലാം കൂടുതലായി പറയുന്നില്ല. മരണസംഖ്യയും ബഹുമാനപ്പെട്ട വി. എസ്. ശിവകുമാർ ഓർമ്മിക്കുന്നത് നല്ലതാണ്. ഇത് നമ്മളെല്ലാംകൂടി ചേർന്ന് നിയന്ത്രിക്കേണ്ട വിഷയമാണ്. പക്ഷെ താങ്കൾ പറഞ്ഞതുകൊണ്ടാണ് ഞാൻ പറയുന്നത്. 2015-ൽ ഡെങ്കിപ്പനി ബാധിച്ച് 29 മരണവും 2013-ൽ 29 മരണങ്ങളുമാണ് ഉണ്ടായിട്ടുള്ളത്. പക്ഷെ 2016-ൽ അത് 13 ആയി കുറയ്ക്കാൻ സാധിച്ചു. കാലാവസ്ഥയുടെ ഭാഗമായി പനി പടരുന്നത് കൂടുന്നുണ്ടെന്ന് ഞാൻ നേരത്തെ പറഞ്ഞല്ലോ. മാത്രമല്ല സർക്കാർ ആശുപത്രികളിലേയ്ക്ക് വരാൻ പറയുന്നതുകൊണ്ട് എത്തുന്ന പനി ബാധിതരുടെ എണ്ണവും കൂടുന്നുണ്ട്. അതിന്റെ അർത്ഥം സർക്കാർ ആശുപത്രിയിൽ വരുന്നവർക്ക് മാത്രമാണ് പനിയെന്നല്ല. സർക്കാർ ആശുപത്രികളുടെ എണ്ണം എടുത്തിട്ടാണ് ഈ കണക്ക് പറയുന്നത്. സർക്കാർ ആശുപത്രികളിൽനിന്നും ലഭിക്കുന്ന റിപ്പോർട്ട് മാത്രമല്ല, സ്വകാര്യ ആശുപത്രികളിൽ നിന്നുള്ള കണക്കെടുത്താൽ കേരളത്തിൽ പനിബാധിതരുടെ എണ്ണം ഇനിയും വർദ്ധിക്കാനാണ് സാദ്ധ്യത. പക്ഷെ പനി ബാധിച്ച ആളുകൾ മരിക്കാതിരിക്കാൻ നമുക്ക് എന്ത് ചെയ്യാൻ സാധിക്കും? പനി മരണങ്ങൾ ഉണ്ടാകരുത്. പനി ഉണ്ടാകരുതെന്ന് പറഞ്ഞാൽ അത്ര എളുപ്പത്തിൽ ഇല്ലാതാക്കാൻ കഴിയുന്ന കാര്യമല്ല. പക്ഷെ പനി മരണങ്ങൾ കുറയ്ക്കാൻ നമുക്കെല്ലാവർക്കുംകൂടി എന്താണ് ചെയ്യാൻ സാധിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അതിനുള്ള എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തിയെന്നതാണ് പറഞ്ഞത്. 2016-ൽ മരണസംഖ്യ നന്നായി കുറയ്ക്കാൻ സാധിച്ചു. മലേറിയ-2013-ലും 2015-ലും നാലും ആറും മരണം ആയിരുന്നത് മൂന്നായി കുറഞ്ഞിട്ടുണ്ട്. എലിപ്പനി-2015-ൽ 43 മരണവും 2013-ൽ 34 മരണവും; എന്നാൽ 27 മരണമാണ് കഴിഞ്ഞ വർഷം ഉണ്ടായിട്ടുള്ളത്. ആരും മരിക്കാൻ പാടില്ല. H1N1 ബാധിച്ച് 2015-ൽ 76 പേർ മരിച്ചിട്ടുണ്ടെന്ന് ഈ വിഷയം അവതരിപ്പിച്ച ബഹുമാനപ്പെട്ട വി. എസ്. ശിവകുമാർ തന്നെ പറഞ്ഞു. ഞാൻ പറഞ്ഞ കണക്കിനെക്കാളും കൂടുതലാണ് അദ്ദേഹം പറഞ്ഞത്. ഞാൻ 68

ആണെന്നാണ് വിചാരിച്ചത്. അദ്ദേഹം 76 പേർ മരിച്ചിട്ടുണ്ടെന്ന് പറഞ്ഞു. അതായിരിക്കും ചിലപ്പോൾ ശരിയായിട്ടുള്ള കണക്ക്. ഇത്തവണ H1N1 തുടങ്ങുമ്പോൾതന്നെ നമ്മൾ ഇടപെട്ടു. H1N1 പൊട്ടിപുറപ്പെട്ടുമെന്ന് ഔട്ട്ബ്രേക്ക് ഉണ്ടാകുമ്പോഴേ മനസ്സിലാക്കാൻ സാധിക്കൂ. മാത്രമല്ല, H1N1 പിടിപെട്ട് സ്വകാര്യ ആശുപത്രിയിലേയ്ക്ക് പോയി അസുഖം കൂടുമ്പോഴാണ് സർക്കാർ ആശുപത്രികളിലേയ്ക്ക് വരുന്നത്. സർക്കാർ ആശുപത്രികളിലേയ്ക്ക് വരുമ്പോഴാണ് ഇത്തരം ഔട്ട്ബ്രേക്കുകൾ നമ്മൾ അറിയുന്നത്. അല്ലാതെ സ്വകാര്യ ആശുപത്രിയിൽ ചികിത്സിച്ച് ഇത് കൂടുമ്പോൾ നമ്മൾ അറിയുന്നില്ലെന്നൊരു വസ്തുതയുണ്ട്. പക്ഷെ സർക്കാർ അറിഞ്ഞ ഉടൻതന്നെ നടത്തിയ ഇടപെടലുകളെക്കുറിച്ചാണ് ഞാൻ പറഞ്ഞത്. ജനുവരി മാസത്തിൽതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെട്ടു, മാർച്ച് മാസത്തിൽ വീണ്ടും യോഗം ചേർന്നു. ഏപ്രിലിൽ എന്റെ നേതൃത്വത്തിൽ യോഗം ചേർന്നു. പിന്നീട് ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ യോഗം ചേരുക മാത്രമല്ല, താഴെത്തലത്തിൽ ഇക്കാര്യത്തിൽ എന്ത് ചെയ്യണമെന്നുള്ള വ്യക്തമായ നിർദ്ദേശം നൽകി ജില്ലാ തലത്തിലടക്കം നടത്തിയ ഇടപെടലിന്റെ ഭാഗമായിട്ടാണ് രോഗം പ്രതിരോധിക്കാൻ സാധിച്ചത്. ഇത്തവണ ഐ.സി.എം.ആർ. (Indian Council of Medical Research) റിപ്പോർട്ട് ചെയ്ത കണക്കനുസരിച്ചാണെങ്കിൽ ഇങ്ങനെയൊന്നുമല്ല ഉണ്ടാകേണ്ടത്, ഇതിനെക്കാൾ ഭീകരമായി പടരേണ്ടതാണ്. ഇത്തവണത്തെ കൊടുംചൂടും ജലക്ഷാമവും കണക്കിലെടുത്ത് ജനങ്ങൾ ചെറിയ പാത്രങ്ങളിൽ വെള്ളം ശേഖരിച്ച് വയ്ക്കുകയാണ്. അങ്ങനെ ശേഖരിച്ചുവച്ച വെള്ളത്തിലാണ് ഡെങ്കി കൊതുക് മുട്ടയിട്ട് പെരുകുന്നത്. അതെല്ലാം വലയിട്ട് മൂടാൻ സാധാരണക്കാരോട് പറഞ്ഞാലും അവർ അത്രത്തോളം അത് ചെയ്യുന്നില്ല. അവർക്കതിന് സാധിച്ചുവെന്ന് വരില്ല. അതിനെല്ലാം ബോധവൽക്കരണം നടത്തി നിരന്തരമായി ഇടപെട്ടതിന്റെ ഭാഗമായാണ് ഈ പറയുന്ന രീതിയിൽ ഇതിനെ പിടിച്ചുനിർത്താൻ കഴിഞ്ഞത്. ഇവിടെ നടത്തിയ ട്രെയിനിംഗിൽ ചെന്നൈ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ടിലെ എപ്പിഡമോളജി വിഭാഗത്തിലെ വിദഗ്ദ്ധൻ ഡോ. വിടുതലൈ പങ്കെടുത്തിരുന്നു. ചെന്നൈയിലും മറ്റെല്ലാ മേഖലയിൽ നിന്നുമുള്ളവരെയും പങ്കെടുപ്പിച്ചിട്ടുണ്ട്. ഓഫീസർമാരുടെ യോഗത്തിലും വിദഗ്ദ്ധരായ നിരവധി പേർ പങ്കെടുത്തു. അതിന്റെയെല്ലാം ഡീറ്റെയിൽസ് വായിക്കുന്നില്ല. ഓരോ ദിവസവും നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ എന്റെ കയ്യിലുണ്ട്. ഓഫീസർമാരുടെ മീറ്റിംഗുകൾ, ഡിസ്കഷൻ, അവിടെ കൊടുത്തിട്ടുള്ള കണക്കുകൾ എല്ലാം ഉൾക്കൊള്ളിച്ചിട്ടുണ്ട്. രോഗപ്രതിരോധത്തിനായി 73 ലക്ഷം രൂപ മാർച്ച് മാസം തന്നെ വിതരണം ചെയ്തിട്ടുണ്ട്. 79 ലക്ഷം രൂപ ഏപ്രിൽ മുതൽ വിതരണം ചെയ്യുകയാണ്. ഒരു വാർഡിന് നൽകേണ്ട 25,000 രൂപ പിടിച്ചുവച്ചിട്ടില്ല. കഴിഞ്ഞ തവണ നൽകിയത് മൂന്ന് മേഖലകളിലായിട്ടാണ്.

<u>ശ്രീ. വി. എസ്. ശിവകുമാർ</u>: സർ, ആരോഗ്യ വകുപ്പിന് കൊടുക്കേണ്ട തുക കൊടുത്തിട്ടില്ല.

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, 73 ലക്ഷം രൂപ ആരോഗ്യ വകുപ്പിന് നൽകേണ്ടതാണ്, അത് വിതരണം ചെയ്തിട്ടുണ്ട്. എവിടെയെങ്കിലും ഒരു സ്ഥലത്ത് കിട്ടിയിട്ടില്ലെങ്കിൽ ഞാൻ അങ്ങയോട് തർക്കിക്കുന്നില്ല. കിട്ടാത്ത സ്ഥലം പറഞ്ഞാൽ മതി, അടിയന്തരമായി കൊടുക്കാം. എല്ലായിടത്തും കിട്ടിയിട്ടില്ലെന്ന ഒരു പരാതിയും ഇന്നുവരെ ഉണ്ടായിട്ടില്ല. ആരോഗ്യ വകുപ്പ് താഴേയ്ക്ക് വീതിച്ചു കൊടുത്ത പണത്തിന്റെ കണക്കാണ് ഞാൻ പറഞ്ഞത്. ഏതെങ്കിലും ഒരു വാർഡിൽ കിട്ടിയിട്ടില്ലെന്ന് ഏതെങ്കിലും ഒരു മെമ്പർ പറഞ്ഞാൽ അത് പരിശോധിക്കേണ്ട വിഷയമാണ്. അത് പരിശോധിച്ച് അടിയന്തരമായി നടപടിയെടുക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഹരിത കേരളം പരിപാടിയെപ്പറ്റി പറഞ്ഞല്ലോ; നല്ല രീതിയിലുള്ള ക്ലീനിംഗ് നടന്നു. എന്നാലും കുറെക്കൂടി ശ്രദ്ധിക്കേണ്ട വിഷയങ്ങളുണ്ടെന്നുതന്നെയാണ് സൂചിപ്പിക്കുന്നത്. അത്തരത്തിലുള്ള ക്ലീനിംഗുകളെല്ലാം തുടർന്നും നടത്തുന്നതിനുള്ള ശക്തമായ നടപടികളാണ് സ്വീകരിച്ചുവരുന്നത്. കൂടുതൽ സമയമെടുക്കുമെന്നുള്ളതുകൊണ്ടാണ് ഞാനിത് വായിക്കാത്തത്. എന്റെ കയ്യിലുള്ള വിശദാംശങ്ങൾ ഞാൻ മേശപ്പുറത്ത് വയ്ക്കുകയാണ്. എന്റെ സ്റ്റാഫിൽപ്പെട്ട രണ്ടുപേരെ ഇത് റിപ്പോർട്ട് ചെയ്യാൻ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഓഫീസിൽ ഇതിനായി സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പകർച്ചപ്പനി റിപ്പോർട്ട് ചെയ്യാനും അനലൈസ് ചെയ്യാനും വ്യാപിക്കുന്നുണ്ടോയെന്ന് പരിശോധിക്കാനും ഇടപെടാനുമുള്ള കൃത്യമായ നടപടികൾ ആരോഗ്യവകുപ്പുമായി ബന്ധപ്പെട്ട എല്ലാ ഓഫീസുകളിലും ഏർപ്പെടുത്തിയിട്ടുണ്ട്. അതിന്റെ ഭാഗമായിട്ടാണ് ഇത്രയെങ്കിലും നിയന്ത്രിച്ചു നിർത്താൻ സാധിച്ചത്. പക്ഷേ ഇത് പോരാ. എം.എൽ.എ.-മാർക്ക് കത്തയച്ചിട്ടില്ലെന്നാണ് ഇവിടെ പറഞ്ഞത്. ഞാൻ ഈ നിയമസഭയിൽ സംസാരിക്കുന്ന സമയത്ത് പറഞ്ഞതാണ്. എം.എൽ.എ.-മാർക്ക് അവരവരുടെ മണ്ഡലത്തിൽ പ്രവർത്തിക്കാൻ ഞാൻ പറയേണ്ടതുണ്ടോ; കത്തയയ്ക്കേണ്ടതുണ്ടോ; എം.എൽ.എ.-മാരുടെ കടമയെന്താണ്? പകർച്ചപ്പനി വരുമ്പോൾ സാധാരണ എല്ലാവർഷവും നടത്തുന്നതല്ലേ; പകർച്ചപ്പനി അവനവന്റെ മണ്ഡലത്തിൽ വരരുതെന്ന് എല്ലാ എം.എൽ.എ.-മാരും ആഗ്രഹിക്കുന്നുണ്ട്. ഞാൻ എം.എൽ.എ.-യാണ്. കൂത്തുപറമ്പിൽ പനി വരരുതെന്ന് എനിക്കാഗ്രഹമുണ്ട്. മന്ത്രി എന്നുള്ള നിലയിലല്ല, എം.എൽ.എ. എന്നുള്ള നിലയിൽ ഞാൻ അവിടെ യോഗം വിളിച്ചുചേർത്തിട്ടുണ്ട്. മുമ്പ് പേരാവൂർ എം.എൽ.എ. ആയിരുന്ന സമയത്ത് അവിടെയും യോഗം

വിളിച്ചുചേർത്തിട്ടുണ്ട്. ഞാൻ മാത്രമല്ല, എന്നെക്കാൾ സമർത്ഥമായി ഇടപെടുന്ന എം.എൽ.എ.മാരുണ്ട്. അവരവരുടെ മണ്ഡലത്തിൽ പകർച്ചപ്പനി ഉണ്ടാകരുതെന്ന് എം.എൽ.എ.-മാർക്ക് ഒരാഗ്രഹം വേണ്ടേ; വളരെ വ്യക്തമായി മരുന്നിന്റെ കണക്ക് ഇവിടെ പറഞ്ഞു. വിശദമായ കണക്ക് എന്റെ കയ്യിലുണ്ട്. ഇത്തവണ സാധാരണ ഇല്ലാത്തതുപോലെ H1N1 റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. ആരോഗ്യ വകുപ്പ് അതിന്റെ പ്രതിരോധ നടപടികളും സ്വീകരിക്കുന്നുണ്ട്.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി യോഗം വിളിച്ചുകൂട്ടുന്നതിനെക്കുറിച്ച് പറഞ്ഞു. തൃക്കാക്കര മണ്ഡലത്തിൽ ഞാൻ മുൻകയ്യെടുത്ത് രണ്ട് പ്രാവശ്യം യോഗം വിളിച്ചുകൂട്ടി. മൂന്നാമത്തെ യോഗം വിളിക്കണമെന്ന് പറഞ്ഞപ്പോൾ അവിടത്തെ ഒരു ഉദ്യോഗസ്ഥൻ എന്നെ വിളിച്ചുപറഞ്ഞത്, ഇതിന് മുമ്പ് കൂടിയ രണ്ട് കമ്മിറ്റിക്ക് ചായ വാങ്ങിക്കൊടുത്ത കാശ് ലഭിച്ചിട്ടില്ലെന്നും അങ്ങ് നൽകാമെങ്കിൽ ഞങ്ങൾ വീണ്ടും കൂടാമെന്നുമാണ്.

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, ശ്രീ. പി. ടി. തോമസ് വിചാരിച്ചാൽ ചായ വാങ്ങിക്കൊടുക്കാനുള്ള സംവിധാനം അവിടെ ഒരുക്കാൻ കഴിയില്ലേ; ആരെക്കൊണ്ടാണെന്നുവച്ചാൽ ചെയ്യിപ്പിച്ചാൽ പോരേ; ഇവിടെ വന്ന് ദാരിദ്ര്യം പറയേണ്ട കാര്യമുണ്ടോ; ആരോഗ്യ വകുപ്പാണോ ചായ കൊടുക്കേണ്ടത്? ഏതായാലും ഞാൻ അവസാനിപ്പിക്കുകയാണ്. ശക്തമായിട്ടുള്ള രോഗപ്രതിരോധ നടപടികളാണ് നടക്കുന്നത്. പനി ബാധിക്കുന്ന സമയത്ത് ആശുപത്രികളിൽ മരുന്നില്ല എന്നുള്ള പത്രവാർത്തകൾ ഇത്തവണ എവിടെയെങ്കിലും വന്നോ; വളരെ സമർത്ഥമായ ഇടപെടലിന്റെ ഭാഗമായിട്ടാണ് കൃത്യമായി ആശുപത്രികളിൽ മരുന്നുകൾ എത്തിച്ചത്. അതിന്റെ കുറച്ച് കണക്ക് ഞാൻ ഇവിടെ പറഞ്ഞു. എല്ലാ രേഖകളും ഞാൻ മേശപ്പുറത്തുവയ്ക്കുകയാണ്. ആർക്കെങ്കിലും സംശയമുണ്ടെങ്കിൽ പരിശോധിക്കാം. സാഹസികമായി ഇടപെട്ടിട്ട് തന്നെയാണ് മരുന്നിന്റെ ഷോർട്ടേജ് ഇല്ലാതാക്കിയത്. ഇത് വളരെ എളുപ്പത്തിൽ മാന്ത്രികദണ്ഡ് വീശികാണിച്ചിട്ടാണ് എന്നൊന്നും ആരും വിചാരിക്കേണ്ട. അതിസാഹസികമായ ഇടപെടലിന്റെ ഭാഗമായിട്ടാണ് മരുന്ന് കൃത്യമായി ഏത് അസുഖം വന്നാലും ലഭിക്കുന്നത്. ഡെങ്കിപ്പനി, എലിപ്പനി, മഞ്ഞപ്പിത്തം, ഡിഫ്ത്തീരിയ എന്നിവയിൽ ഏത് രോഗം വന്നാലും ആരോഗ്യ വകുപ്പും ആരോഗ്യ വകുപ്പ് പ്രവർത്തകരും ഇടപെടാൻ തയ്യാറാണ്. ചിലയിടങ്ങളിൽ സ്റ്റാഫ് ഷോർട്ടേജുണ്ടാകും. അത് പരിഹരിച്ചുവരികയാണ്. 3000-ലേറെ ആളുകളെ പോസ്റ്റ് ചെയ്തുവെന്ന് ഡിമാൻഡ് ഡിസ്കഷനിൽ പറഞ്ഞതാണ്. എന്ത് വലിയ മാറ്റമാണ് കേരളത്തിൽ ഉണ്ടായിരിക്കുന്നത്. ഈ പനിക്കാലത്ത് ഏതെങ്കിലും ഒരു പി.എച്ച്.സി.യിൽ ഡോക്ടറില്ല എന്ന് പറയാൻ സാധിക്കുമോ? ആവശ്യമായ ഡോക്ടർമാരെ പോസ്റ്റ്

ചെയ്തില്ലേ? അപ്പോൾ ഇതെല്ലാം നിങ്ങൾ അംഗീകരിക്കുന്നതിന് പകരം വെറുതെ ഇവിടെ ശത്രുതാ മനോഭാവത്തോടെ പറഞ്ഞിട്ട് കാര്യമില്ല. പനിക്കിടക്കയിൽ പനി മരണങ്ങൾ ഇല്ലാത്ത ഒരു കേരളം, അതാണ് പ്രതീക്ഷിക്കുന്നത്. അതിന് സമർത്ഥമായ ഇടപെടൽ ആരോഗ്യവകുപ്പ് നടത്തിയിട്ടുണ്ട്. എല്ലാവരുടെയും പിന്തുണ അതിന് പ്രതീക്ഷിക്കുകയാണ്. അതുകൊണ്ട് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ഒരു ഗുരുതരാവസ്ഥ ഇക്കാര്യത്തിൽ കേരളത്തിൽ ഇല്ല എന്നാണ് എനിക്ക് പറയാനുള്ളത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുകയാണ്.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, കേരളം പനി പിടിച്ച് വിറയ്ക്കുകയാണ്. പലതരം പനികൾ വ്യാപകമാകുന്നുവെന്നുള്ളതിന്റെ ഒരു ചിത്രമാണ് ശ്രീ. വി. എസ്. ശിവകുമാർ ഇവിടെ ചൂണ്ടിക്കാണിച്ചത്. H1N1, ഡെങ്കി, പലതരം വൈറൽ പനികൾ, മഞ്ഞപ്പിത്തം, എലിപ്പനി, ചിക്കൻപോക്സ്, കോളറ തുടങ്ങിയ സാംക്രമിക രോഗങ്ങൾ പടരുകയാണ്. സാധാരണഗതിയിൽ മഴക്കാലത്താണ് ഇത്തരം രോഗങ്ങൾ ഉണ്ടാകാറുള്ളതെങ്കിലും ഇത്തവണ മഴയുണ്ടാകുന്നതിനുമുമ്പ്, ജൂൺ-ജൂലൈ മാസത്തിനുമുമ്പുതന്നെ ഇത്തരം സാംക്രമിക രോഗങ്ങൾ കേരളത്തിൽ പടരുന്നുവെന്നുള്ളതാണ് ഏറ്റവും വലിയ ഒരു ദുരന്തം. തിരുവനന്തപുരം ജില്ലയിലും വ്യാപകമായ പനിയാണ്. മാത്രമല്ല സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ആയിരക്കണക്കിന് രോഗികൾ സർക്കാർ ആശുപത്രികളിലും സ്വകാര്യ ആശുപത്രികളിലും ചികിത്സ തേടുകയാണ്. സർക്കാർ ആശുപത്രിയിലെ രോഗികളുടെ എണ്ണം മാത്രമാണ് ആരോഗ്യ വകുപ്പിന്റെ കയ്യിലുള്ളത്. ധാരാളം ആളുകൾ പനി ബാധിച്ച് സ്വകാര്യ ആശുപത്രികളിൽ ചികിത്സയിലാണ്. ബഹുമാന്യയായ കെ. കെ. ശൈലജ ടീച്ചറിനുതന്നെ ചിക്കൻപോക്സ് ബാധിച്ചിരുന്നു. ഞാൻ വിളിച്ച് അന്വേഷിച്ചതാണ്. നിരവധി മെമ്പർമാർ പനിപിടിച്ച് എം.എൽ.എ. ഹോസ്റ്റലിലുണ്ടായിരുന്നു. ഒരു കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. എം.എൽ.എ.-മാർക്കുപോലും രക്ഷയില്ല. 14 ദിവസമായി എം.എൽ.എ. ഹോസ്റ്റലിലെ ലാബ് പ്രവർത്തിക്കുന്നില്ല. രക്തം പരിശോധിക്കാനുള്ള സൗകര്യമില്ല. അതിന് മെഡിക്കൽ കോളേജിൽ പോയി വരേണ്ട സ്ഥിതിയാണ്. കേരളത്തിലെ ജനങ്ങളാകെ ഇന്ന് ആശങ്കയിലാണ്. പനി വന്നത് ആരുടെയും കുറ്റമാണെന്നല്ല ഞാൻ പറഞ്ഞത്, പക്ഷേ പനി വരാതിരിക്കാനുള്ള മുൻകരുതലുകൾ സർക്കാർ സ്വീകരിക്കണം. കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് സ്വീകരിച്ച നടപടികളൊക്കെ ശ്രീ. വി. എസ്.

ശിവകുമാർ ഇവിടെ പറഞ്ഞു. ഗൗരവത്തോടെ മഴക്കാല പ്രതിരോധ സംവിധാനങ്ങളൊരുക്കണം. കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് നിയോഗിച്ച മഴക്കാലപൂർവ്വ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിയിരുന്ന എല്ലാ ജീവനക്കാരെയും ഈ സർക്കാർ പിരിച്ചുവിട്ടു. അതിൽ ഒരു ജീവനക്കാരനാണ് ശമ്പളം ലഭിക്കാത്തതുകൊണ്ട് സെക്രട്ടേറിയറ്റിനുമുന്നിൽ ആത്മഹത്യ ചെയ്തത്. കാലവർഷം വൈകാനുള്ള സാദ്ധ്യത കണക്കിലെടുത്തും നിരന്തരമായ രോഗപര്യവേഷണ സംവിധാനങ്ങൾ ശക്തിപ്പെടുത്തിയും അടിയന്തര സാഹചര്യം ഉണ്ടാകില്ലെന്ന് ഉറപ്പുവരുത്താനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് 3-5-2017-ൽ ബഹുമാനപ്പെട്ട മന്ത്രിതന്നെ മറുപടി പറഞ്ഞു. പകരം ജീവനക്കാരെ നിയമിക്കുന്നതിന് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ബഹുമാന്യയായ മന്ത്രി എം.എൽ.എ.-മാർക്ക് കത്തയയ്ക്കുണമെന്ന് പറഞ്ഞു. വേണ്ട. പക്ഷേ ബഹുമാന്യയായ മന്ത്രി, എം.എൽ.എ.-മാരുടെ നേതൃത്വത്തിൽ യോഗം വിളിക്കുന്നത് സംബന്ധിച്ച് കഴിഞ്ഞകാലത്ത് സർക്കാരിന്റെ ഒരു ഉത്തരവുണ്ടായിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കത്തയച്ചിരുന്നു. എല്ലാ ജില്ലകളിലും പ്രതിരോധ പ്രവർത്തനങ്ങൾ വ്യാപകമായിരുന്നു. മാത്രമല്ല, ഇതിനാവശ്യമായ സാങ്കേതിക വിദഗ്ദ്ധരെ നിയമിച്ചിരുന്നു. ഇക്കാര്യങ്ങളൊക്കെ ശ്രീ. വി. എസ്. ശിവകുമാർ ഇവിടെ പറഞ്ഞു. എന്തുകൊണ്ട് സർക്കാർ ശുഷ്കാന്തി കാട്ടിയില്ല; എന്തുകൊണ്ട് കോ-ഓർഡിനേഷൻ ഉണ്ടായില്ല? വിവിധ വകുപ്പുകളുടെ കോ-ഓർഡിനേഷൻ ആവശ്യമാണ്. മാലിന്യ സംസ്കരണം ഒരു വലിയ പ്രശ്നം തന്നെയാണ്. വികേന്ദ്രീകൃതമായ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ ഈ കാലഘട്ടത്തിൽ വ്യാപകമാക്കേണ്ടതായിട്ടുണ്ട്. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് തുടങ്ങിയ നഗരങ്ങളും ഗ്രാമങ്ങളും എല്ലാം മാലിന്യംകൊണ്ട് നിറയുകയാണ്. ഇതിന്റെ ഫലമായി കൊതുക് വർദ്ധിക്കുന്നു. സാംക്രമിക രോഗങ്ങൾ പടർന്നുപിടിക്കുന്നു. ഇക്കാര്യങ്ങളിൽ ഒരു സർക്കാർ എന്നുള്ള നിലയിൽ അടിയന്തര നടപടി സ്വീകരിച്ചില്ല എന്നുള്ളതാണ് ഞങ്ങളുടെ പരാതി. മരുന്നുമാത്രം എത്തിച്ചതുകൊണ്ട് കാര്യമില്ല. ആശുപത്രികളിൽ വരുന്ന ആളുകളുടെ എണ്ണം വർദ്ധിച്ചുവരികയാണ്. കണക്കുകളെല്ലാം ഇവിടെ സൂചിപ്പിച്ചതു കൊണ്ട് ഒന്നും ഞാൻ പറയുന്നില്ല. മലയോര പ്രദേശങ്ങളിലും തീരപ്രദേശങ്ങളിലും ശുദ്ധജലം ലഭ്യമല്ലാത്ത പ്രദേശങ്ങളിലുമെല്ലാം സാംക്രമിക രോഗങ്ങൾ പടരുന്നു. ഇത് മുൻകൂട്ടി കണ്ടുകൊണ്ട് അതിനാവശ്യമായ പ്രതിരോധ നടപടികൾ സ്വീകരിച്ചില്ല എന്നുള്ളതാണ്. എല്ലാ വർഷവും മേയ്, ജൂൺ, ജൂലൈ മാസങ്ങളിൽ ഫോഗിംഗ് നടത്തുമായിരുന്നു. ഇത്തവണ ഒരിടത്തും ഫോഗിംഗ് നടന്നില്ല. കുടുംബശ്രീ ഉൾപ്പെടെയുള്ള പ്രവർത്തകരെ അണിനിരത്തിക്കൊണ്ട് വീടുവീടാന്തരം കയറിയുള്ള പ്രചരണങ്ങളുണ്ടാകുമായിരുന്നു. ഇത്തവണ അതുണ്ടായില്ല. ആശാവർക്കർമാരെ നിയോഗിക്കുമായിരുന്നു. ഇക്കാര്യങ്ങളിൽ എന്തുകൊണ്ടാണ്

സർക്കാർ അനാസ്ഥ കാട്ടിയത്; പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമായി നടത്തുന്ന കാര്യത്തിൽ സർക്കാർ പരാജയപ്പെട്ടു. സർക്കാർ മുൻകയ്യെടുത്തില്ല. അതുകൊണ്ടാണ് ഇന്ന് വ്യാപകമായ തോതിൽ സാംക്രമിക രോഗങ്ങൾ പടർന്നുകൊണ്ടിരിക്കുന്നത്. ചിക്കൻഗുനിയ വ്യാപകമാകുന്നു. സംസ്ഥാനത്ത് 14839 പേർക്കാണ് ചിക്കൻപോക്സ് പിടിപെട്ടത്. അങ്ങനെ വ്യാപകമായി രോഗങ്ങൾ പടർന്നുപിടിക്കുകയാണ്. ബഹുമാന്യനായ മുൻ മന്ത്രി ശ്രീ. ഇ. പി. ജയരാജന്റെ മണ്ഡലമായ മട്ടന്നൂരിൽ വ്യാപകമായി സാംക്രമിക രോഗങ്ങൾ പിടിപെട്ട് ആളുകൾ ആശുപത്രികളിലായിരുന്നു. മട്ടന്നൂരിലെ ആളുകൾ എന്നെ വന്നുകണ്ടതാണ്. അദ്ദേഹം ഇവിടെ ഇല്ലായിരുന്നു. നമ്മുടെ സംസ്ഥാനത്തിന്റെ വിവിധ പ്രദേശങ്ങളിൽ വ്യാപകമായി പനിയുണ്ടാകുമ്പോഴും സാംക്രമിക രോഗങ്ങൾ പടർന്നുപിടിക്കുന്ന സന്ദർഭത്തിലും അടിയന്തരമായി സർക്കാർ നടപടി സ്വീകരിക്കാത്തതുകൊണ്ടാണ് ഇത്തരം സംഭവങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കുന്നത്. ശുചിത്വത്തിന്റെ കാര്യത്തിൽ ദേശീയ റാങ്കിംഗിൽ കേരളം ഏറ്റവും പുറകിലാണെന്ന് ഇന്നത്തെ 'ടൈംസ് ഓഫ് ഇന്ത്യ' ദിനപ്പത്രം റിപ്പോർട്ട് ചെയ്തു. ശുചിത്വമില്ലാത്തതുകൊണ്ടാണ് ഈ പ്രശ്നങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കുന്നത്. സ്വാഭാവികമായി നമ്മുടെ നാട്ടിൽ നടക്കേണ്ട ശുചീകരണ പ്രവർത്തനങ്ങൾ നടക്കുന്നില്ല. മഴക്കാലത്തിനുമുമ്പ് ചെയ്യേണ്ട കാര്യങ്ങൾ ചെയ്യുന്നില്ല. ഇതിനുവേണ്ടിയുള്ള ആരോഗ്യവകുപ്പിന്റെ പ്രവർത്തനങ്ങളൊന്നും കാര്യക്ഷമമായി നടക്കാത്തതുകൊണ്ടാണ് ഇത്രയും വലിയ തോതിലുള്ള സാംക്രമികരോഗങ്ങൾ കേരളത്തിൽ പടർന്നുപിടിക്കുന്നത്. പനി ഒരു വലിയ പ്രശ്നം തന്നെയാണ്. അടുത്ത വർഷം സ്പാനിഷ് ഫ്ലൂ-വിന്റെ 100-ാം വർഷമാണ്. രണ്ടാം ലോക മഹായുദ്ധ സമയത്ത് നാല് വർഷംകൊണ്ട് 2 കോടി 10 ലക്ഷം പേർ മരിച്ചു. 1918-ൽ യൂറോപ്പിലും അമേരിക്കയിലുമായി 50 മില്യൺ ആളുകൾ മരിച്ചു. സ്പാനിഷ് ഫ്ലൂ-വിന്റെ നൂറാം വർഷമാണ് അടുത്ത വർഷമെന്നുള്ളതുകൊണ്ട് തന്നെ നമ്മൾ ഇക്കാര്യത്തിൽ ഗൗരവമായ സമീപനം സ്വീകരിക്കേണ്ടിയിരിക്കുന്നു. മഴക്കാല പ്രതിരോധ പ്രവർത്തനങ്ങൾ പരാജയപ്പെട്ട സാഹചര്യത്തിൽ ഈ സർക്കാരിന്റെ പ്രവർത്തനങ്ങൾ ഇക്കാര്യങ്ങളിൽ ഗൗരവമല്ലാത്തതുകൊണ്ടാണ് ഞങ്ങൾ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടത്. ആരോഗ്യരംഗത്ത് പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പാക്കുന്ന കാര്യത്തിൽ സർക്കാർ പരാജയപ്പെട്ടതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് ചെയ്യുകയാണ്.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. രമേശ് ചെന്നിത്തലയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ഡോ. എം. കെ. മുനീർ: സർ, പനിയെക്കുറിച്ച് പറയുമ്പോൾ, കുറുന്തോട്ടിക്ക് വാതം വരികയെന്ന് പറയുന്നൊരു പ്രയോഗമുണ്ട്. ഇന്ത്യൻ എക്സ്പ്രസ്സ് ദിനപ്പത്രത്തിൽ വന്നൊരു വാർത്തയാണ്, 'Dengue plays on doctors, throwing patients care out of gear in General Hospital in Kerala.' തിരുവനന്തപുരം ജനറൽ ഹോസ്പിറ്റലിലെ 10 ഡോക്ടർമാർക്ക് ഡെങ്കിപ്പനി വന്നിട്ട് രോഗികളെ നോക്കാൻ സാധിക്കാതെ അവർ പനിക്കിടക്കയിലേയ്ക്ക് പോയിരിക്കുകയാണ്. 'Four doctors in the Medical Wing and 7 House Surgeons have been diagnosed with the disease which has also affected a pharmacist' എന്നാണ് പറയുന്നത്. ഒരു ഫാർമസിസ്റ്റിനും 4 ഡോക്ടർമാർക്കും പനിയാണ്. ജനറൽ ഹോസ്പിറ്റലിൽ അവർക്ക് ഭയമാണ്; പനിബാധിതർ കൂടുതലായി വരുന്നതുകാരണം തങ്ങൾക്ക് പനി പിടിക്കാനുള്ള സാദ്ധ്യതയുണ്ടെന്നാണ് അവർ പറയുന്നത്. മാത്രവുമല്ല, ആ ആശുപത്രിയുടെ കോമ്പൗണ്ടിൽ ഫോഗിംഗ് നടക്കാത്തതുകൊണ്ട് അവിടത്തെ മാലിന്യംമൂലം ഡെങ്കിയടക്കമുള്ള രോഗങ്ങളുണ്ടാകുന്നു എന്നുള്ളതാണ് വാർത്ത. അപ്പോൾ ഡോക്ടർമാർക്കുതന്നെ പനിയായിരിക്കുന്ന സാഹചര്യത്തിൽ സാധാരണക്കാരനെ സംബന്ധിച്ച് നമ്മൾ പ്രത്യേകിച്ച് പറയേണ്ടതില്ല. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി ഇവിടെ ചില കണക്കുകൾ പറഞ്ഞു. ഇതൊരു ഭയപ്പാടുണ്ടാക്കാൻവേണ്ടി പറയുന്നതല്ല; ഒരിക്കലും ജനങ്ങളിൽ ഭയപ്പാടുണ്ടാക്കരുത്; അതേസമയം ഒരു ജാഗ്രതയുണ്ടാകണം. ഇപ്പോൾ മേയ് മാസമായിട്ടേയുള്ളൂ. നമ്മൾ ഇതുവരെ 2015-ലെയും 2016-ലെയും കണക്കുകൾ പറഞ്ഞു. അതൊക്കെ 12 മാസത്തെ കണക്കാണ്. ഇത് 5 മാസത്തെ കണക്കാണ്. 5 മാസത്തെ കണക്ക് ഉദ്യോഗസ്ഥർ വകുപ്പുമന്ത്രിക്ക് കൃത്യമായി നൽകണം. H1N1 ബാധിച്ച് മരിച്ചവരുടെ എണ്ണം 24 എന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. പക്ഷെ, 10-5-2017-ൽ ഇവിടത്തെ ഹെൽത്ത് ഡിപ്പാർട്ട്മെന്റിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന കണക്കനുസരിച്ച് H1N1 ബാധിച്ച് മരിച്ചവരുടെ എണ്ണം 31 ആണ്. H1N1 ഇപ്പോൾത്തന്നെ ഏകദേശം 423 പേരെ ബാധിച്ചു. ചിക്കൻ പോക്സ് ബാധിച്ചവരുടെ എണ്ണം 15660-ഉം മരിച്ചവരുടെ എണ്ണം 6-ഉം ആണ്. സാധാരണ മഴക്കാലത്താണ് പനി കൂടുന്നത്. ജൂൺ-ജൂലൈ മാസത്തിലാണ് ഏറ്റവുമധികം വൈറൽ ഇൻഫെക്ഷൻ ബാധിച്ച് പനിയുണ്ടാകുക. അപ്പോൾ പ്രീ-മൺസൂണിൽത്തന്നെ ഭയാനകമായ അവസ്ഥയാണെങ്കിൽ ജൂൺ-ജൂലൈ മാസങ്ങളിൽ അപകടകരമായ അവസ്ഥയിലേയ്ക്ക് കേരളം എത്തുമെന്നുള്ള ഒരു മുന്നറിയിപ്പ് മാത്രമാണ് ഞങ്ങൾ നൽകുന്നത്. ഞങ്ങളൊക്കെ മന്ത്രിമാരായിരുന്ന സമയത്ത്, ഞങ്ങളുടെ ക്യാബിനറ്റ് ഓരോ മന്ത്രിക്കും ഓരോ ജില്ലയുടെ ചാർജ് നൽകുമായിരുന്നു. ആ മന്ത്രി അവിടെയുള്ള എല്ലാ എം.എൽ.എ.മാരെയും വിളിച്ചുകൂട്ടും. ഡി.എം.ഒ. അവിടെ ഒരു പവർ പോയിന്റ് പ്രസന്റേഷൻ നൽകും. അവിടെ എല്ലാ വകുപ്പിലെ ഉദ്യോഗസ്ഥരും ഉണ്ടാകും. എം.എൽ.എ.-മാർ വിളിച്ചാൽ

എല്ലാ വകുപ്പുകളും കോ-ഓർഡിനേറ്റ് ചെയ്യില്ല. അത് മന്ത്രിയോ ഏതെങ്കിലും ഉത്തരവാദിത്തപ്പെട്ടവരോ ഉണ്ടെങ്കിലേ നടക്കൂ. അല്ലെങ്കിലേ വകുപ്പുകൾ തമ്മിലടിയാണ്. അത് എം.എൽ.എ. വിചാരിച്ചാൽ തീർക്കാൻ കഴിയുന്നതല്ല. ഒരു മന്ത്രിയുടെ നേതൃത്വത്തിൽ സാധാരണ പ്രീ-മൺസൂൺ പ്രിപ്പറേഷൻസ് നടത്താറുണ്ട്, ഡ്രൈ ഡേയെക്കുറിച്ച് പറയാറുണ്ട്. ഫിഷറീസ് വകുപ്പടക്കം തോണിയിൽ വെള്ളം കെട്ടിക്കിടക്കുന്നുണ്ടെങ്കിൽ അതെടുത്ത് മാറ്റണം, അതിൽ കൊതുക് പെറ്റുപെരുകുമെന്നും വീട്ടിൽ ഏതെങ്കിലും പാട്ടയിലും മറ്റും വെള്ളമുണ്ടെങ്കിൽ അതടക്കം ഒഴിവാക്കണമെന്നും അവിടെയൊക്കെ കൊതുക് വളരാനുള്ള സാദ്ധ്യതയുണ്ടെന്നും മുന്നറിയിപ്പ് നൽകി ഇത് നിയന്ത്രിച്ചില്ലെങ്കിൽ നമ്മൾ വിചാരിക്കാത്ത രീതിയിലുള്ള ഔട്ട്ബ്രേക്ക്സ് ഉണ്ടായിക്കഴിഞ്ഞാൽ പിന്നീട് പിടിക്കാൻ കഴിയില്ല. Prevention is better than cure എന്നുപറയുന്നത് പോലെ, മരുന്ന് കരുതിവയ്ക്കുകയല്ല അതിനെ പ്രതിരോധിക്കുകയെന്നുള്ളതാണ് നമുക്ക് ആദ്യം ചെയ്യാനുള്ളത്. ഡെങ്കിപ്പനി മാത്രമല്ല, H1N1 ഏറ്റവും വലിയ അവസ്ഥയിലേയ്ക്ക് പോയിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ ചെറിയ തുമ്മലോ ചുമയോ വരുമ്പോൾ സ്വാബ് എടുത്ത് നോക്കുമ്പോൾ 26 ശതമാനം പേർക്കും H1N1 ഉണ്ട്. അതിന്റെ അർത്ഥം, ഒരുവിധം ആളുകൾക്കൊക്കെ H1N1 വന്നുകൊണ്ടിരിക്കുന്നുവെന്നാണ്. ചെറിയ രീതിയിലുള്ള തുമ്മലിലൂടെ പകരുന്നതാണത്. അതുകൊണ്ട് H1N1 എങ്ങനെ നിയന്ത്രിക്കണം? കേരളത്തിൽ ഇത് വർദ്ധിച്ചുവരികയാണെന്നാണ് ഇതിനെക്കുറിച്ച് ഇവിടത്തെ നോഡൽ ഓഫീസർ തന്നെ പറഞ്ഞിട്ടുള്ളത്. ഇങ്ങനെ എല്ലാ സാഹചര്യവും നമുക്ക് പ്രതികൂലമായി നിൽക്കുന്ന ഈ സന്ദർഭത്തിൽ ഞാൻ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയോട് പറയുന്നത്, ഇനിയെങ്കിലും പ്രീ-മൺസൂൺ മീറ്റിംഗ് വിളിച്ചുകൂട്ടുന്നതിന് ഒരു മന്ത്രിയെ ചുമതലപ്പെടുത്തണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രീ, അങ്ങ് ഒരു മന്ത്രിക്ക് ചുമതല നൽകി എല്ലാ ജില്ലയിലും ഉടൻതന്നെ മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ യോഗം വിളിച്ച് ഇത് കോ-ഓർഡിനേറ്റ് ചെയ്യണം. സാധാരണ നൽകുന്ന 25,000 രൂപയ്ക്ക് പുറമേ തദ്ദേശസ്വയംഭരണ വകുപ്പിന് 5,000 രൂപ നൽകാം. ശുചിത്വ മിഷൻ 10,000 രൂപ കൊടുക്കാറുണ്ട്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): ....(മൈക്ക് ഓഫ്)..... സർ, എല്ലാംകൂടി ചേർത്താണ് 25,000 രൂപ നൽകുന്നത്.

ഡോ. എം. കെ. മുനീർ: സർ, എല്ലാം ചേർന്നതല്ല 25,000 രൂപ. അതാണ് ഞാൻ പറയുന്നത്. 25,000 രൂപയ്ക്ക് പുറമേ 5,000 രൂപയും 10,000 രൂപയും വേറെയുണ്ട്. ഏകദേശം 40,000 രൂപ ഒരു വാർഡിന് ലഭിക്കും. അത് ലഭിച്ചാൽ മാത്രമേ അവർക്ക് ഈ പ്രവൃത്തികൾ ചെയ്യാൻ സാധിക്കുകയുള്ളൂ.

<u>ശ്രീ. രാജു എബ്രഹാം:</u> ....(മൈക്ക് ഓഫ്).... സർ, 40,000 രൂപ ഇതിനുമുമ്പ് നൽകിയിട്ടുണ്ടോ?

<u>ഡോ. എം. കെ. മുനീർ:</u> സർ, ഇതിനുമുമ്പ് നൽകിയിട്ടുണ്ട്. അതിന്റെ കണക്ക് വേണമെങ്കിൽ ഞാൻ കൊണ്ടുവന്നുതരാം. ഈ സാഹചര്യത്തിൽ വളരെ ഗൗരവമായ ഈ വിഷയം ചെയർ ചർച്ചയ്ക്കെടുക്കണമെന്നാണ് ഞാൻ പറയുന്നത്. ചർച്ചയ്ക്കെടുക്കാത്ത സാഹചര്യത്തിൽ ഞാനും എന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

<u>ശ്രീ. അനൂപ് ജേക്കബ്:</u> സർ, 62 മരണമുണ്ടായതും 7 ലക്ഷത്തോളം പേർ പനി ബാധിതരായി ഇന്ന് കേരളത്തിലുള്ളതും ഈ കഴിഞ്ഞ 5 മാസത്തിനിടയ്ക്കാണെന്നത് സർക്കാർ ശ്രദ്ധിക്കേണ്ട ഒരു വിഷയമാണ്. ബഹുമാനപ്പെട്ട മന്ത്രി നേരത്തെ ദിനപ്പത്രങ്ങളെ ഉദ്ധരിച്ച് പറഞ്ഞത് ഒരു വർഷത്തെ കണക്കുകളാണ്. 5 മാസത്തിനിടയ്ക്ക് കേരളത്തിലുണ്ടായിരിക്കുന്നത് ഏറ്റവും ഗുരുതരമായ വിഷയമാണ്. മഴ തുടങ്ങുന്നതിനുമുമ്പ് 62 മരണമെന്നതാണ് സാഹചര്യമെങ്കിൽ മഴ തുടങ്ങിയ ശേഷമുണ്ടാകാൻ പോകുന്ന പകർച്ച വ്യാധികൾ വളരെ വലുതായിരിക്കുമെന്ന വസ്തുത സർക്കാർ വിസ്മരിക്കരുത്. എല്ലാ നിയോജകമണ്ഡലങ്ങളിലും കേന്ദ്രീകൃതമായി ഒരു യോഗം വിളിച്ചുചേർക്കേണ്ടത് അനിവാര്യം തന്നെയാണ്. ബഹുമാനപ്പെട്ട മന്ത്രി ചോദിച്ചതിനോട് എനിക്ക് ശക്തമായ പ്രതിഷേധമുണ്ട്. എം.എൽ.എ.-മാർക്ക് എന്താണ് പണിയെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ചോദിച്ചു.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി <u>(ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):</u> ....(മൈക്ക് ഓഫ്)..... സർ, പറയാത്തത് പറയരുത്. ഇവിടെ നിന്ന് കത്ത് ലഭിക്കാതെയും എം.എൽ.എ.-മാർക്ക് ഇടപെടാമെന്നാണ് ഞാൻ പറഞ്ഞത്.

<u>ശ്രീ. അനൂപ് ജേക്കബ്:</u> സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു, വേണമെങ്കിൽ പരിശോധിച്ചോളൂ. ഞാൻ അപ്പോൾത്തന്നെ പ്രതികരിച്ചതാണ്. ഏതെങ്കിലും എം.എൽ.എ.-മാർ ഇടപെടാതിരിക്കുമോ; എല്ലാ എം.എൽ.എ.-മാരും ഇടപെടും. അവരവരുടെ പ്രദേശങ്ങളിൽ യോഗം വിളിക്കാൻ ഏതെങ്കിലും എം.എൽ.എ. വിമുഖത കാണിക്കുമോ; കഴിഞ്ഞ സർക്കാരിന്റെ സമയത്തുള്ള എം.എൽ.എ.-മാർ യോഗം വിളിക്കാൻ ബാദ്ധ്യതയില്ലാത്തവരായിരുന്നോ; പക്ഷെ സർക്കാർ നിർദ്ദേശം നൽകി. സർക്കാർ ഉത്തരവ് ആരോഗ്യവകുപ്പിന് നൽകി. ഞാൻ ഉൾപ്പെടെ യോഗം വിളിച്ചതാണ്. എ.സി.എസ്. ഉൾപ്പെടെയുള്ളവർ ആരോഗ്യ വകുപ്പ്

സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് പറഞ്ഞു. ആരോഗ്യവകുപ്പ് സെക്രട്ടറിയോ ഡി.എം.ഒ.-യോ അവരവരുടെ കേന്ദ്രങ്ങളിലിരുന്ന് ചർച്ച നടത്തിയാൽ വിഷയങ്ങൾ തീരുകയില്ല. എം.എൽ.എ.-മാർ അവരവരുടെ പ്രദേശങ്ങളിൽ യോഗം വിളിച്ചാൽ പഞ്ചായത്തുതല അംഗങ്ങൾ ഉൾപ്പെടെ വരുമ്പോൾ വലിയ കോ-ഓർഡിനേഷൻ വരുന്നു. ആ ഒരു നീക്കം സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം. വൈകിയെങ്കിൽപ്പോലും അത് നടത്തുന്നതിനുള്ള സാഹചര്യം സർക്കാർ ഒരുക്കണമെന്നുള്ളതാണ് എനിക്ക് ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കാനുള്ളത്. ഇവിടെ ഒരു മരണവും ഉണ്ടാകാൻ പാടില്ല. പനി വരുന്നത് ഗവൺമെന്റിന്റെ കുറ്റമാണെന്ന് ഒരിക്കലും ഞാൻ പറയുകയില്ല. പക്ഷെ, പ്രതിരോധ പ്രവർത്തനങ്ങൾ കൃത്യമായ നിലയിൽ നടപ്പിലാക്കണം. ഈ വിഷയം എന്തായാലും ചർച്ച ചെയ്യേണ്ട ഒന്നായിരുന്നു. ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭവിട്ട് പുറത്തുപോയി.)

ശ്രീ. കെ. എം. മാണി: സർ, പകർച്ചവ്യാധി വ്യാപിക്കുന്നു; സാംക്രമികരോഗ ബാധിതരുടെ എണ്ണം വർദ്ധിക്കുന്നു; മരണസംഖ്യ കൂടിക്കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ഒരു പുത്തൻ ഫിലോസഫി ഇവിടെ അവതരിപ്പിക്കുകയുണ്ടായി. പകർച്ചവ്യാധികൾ തടയാൻ പ്രയാസമാണ്, മരണം വരാതിരിക്കാൻ നോക്കുക അതാണ് ബെറ്റർ എന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് നിർഭാഗ്യകരമായിപ്പോയി.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): .....(മൈക്ക് ഓഫ്).... സർ, പകർച്ചവ്യാധി വരാതെ നോക്കണമെന്നാണ് പറഞ്ഞത്.

ശ്രീ. കെ. എം. മാണി: സർ, പകർച്ചവ്യാധി വരാതെ നോക്കണം. ഇവിടെ പറഞ്ഞതുപോലെ prevention is better than cure. അതുകൊണ്ട് പകർച്ചവ്യാധി വരാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കണം. യോഗങ്ങൾ നടത്തുന്നത് നല്ല കാര്യമാണ്. മന്ത്രിതലത്തിലും ഉദ്യോഗസ്ഥതലത്തിലും ധാരാളം യോഗങ്ങൾ നടത്തണം. പക്ഷെ ഫലപ്രദമായ പ്രതിരോധ നടപടികൾ ഉണ്ടായില്ല. വളരെയധികം യോഗങ്ങൾ നടന്ന തിരുവനന്തപുരം ജില്ലയിലാണ് ഏറ്റവും കൂടുതൽ പകർച്ചവ്യാധി വന്നത്. യോഗങ്ങൾ നടത്തിയതുകൊണ്ട് മാത്രമായില്ല, ഇഫക്ടീവായ നടപടികൾ സ്വീകരിച്ചുകാണുന്നില്ല. അതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. എം. മാണിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. ഒ. രാജഗോപാൽ: സർ, ഇവിടെ ബഹുമാനപ്പെട്ട മന്ത്രി യോഗം വിളിച്ചുകൂട്ടിയ കാര്യവും മരുന്നുകൾ സ്റ്റോക്ക് ചെയ്ത കാര്യവുമൊക്കെ പറയുകയുണ്ടായി. അതൊക്കെ വളരെ നല്ലതുതന്നെയാണ്. പക്ഷെ പ്രശ്നം അതല്ല. ഇവിടെ മാലിന്യ സംസ്കരണകാര്യത്തിൽ അമ്പേ പരാജയപ്പെട്ടിരിക്കുന്നു. ഏത് റോഡിലൂടെ പോയാലും മാലിന്യങ്ങൾ കൂടിക്കിടക്കുന്നു. അത് അഴുകി രോഗങ്ങൾക്ക് കാരണമായിത്തീരുന്നു. ഇതെല്ലാവർക്കും അറിയാവുന്ന കാര്യമാണ്. ഇതിനെ ഗൗരവമായി കാണുന്നില്ല. ഈ കാര്യത്തെ സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ അമൃത് പദ്ധതിയുണ്ട്. ഇതിന്റെ 50 ശതമാനം ചെലവ് കേന്ദ്ര സർക്കാർ വഹിക്കാൻ തയ്യാറാണ്. അതിനുവേണ്ടി 219 കോടി രൂപ അനുവദിച്ചു. ആ പണത്തിൽ വെറും 3 കോടി രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. മാലിന്യ സംസ്കരണ കാര്യത്തിൽ വേണ്ട രീതിയിൽ ശുഷ്കാന്തി കാണിക്കുന്നില്ല. കേന്ദ്ര സർക്കാർ അനുവദിച്ച പണത്തിൽ ഉപയോഗിച്ച 3 കോടിയിൽ 2.9 കോടി രൂപയും ചെലവഴിച്ചത് ഭരണപരമായ കാര്യങ്ങൾക്കുവേണ്ടിയാണ്. ഈ കാര്യത്തിൽ കാണിക്കുന്ന ഉപേക്ഷയുടെ സ്വാഭാവികമായ പരിണിതഫലമാണ് ഇത്തരം രോഗങ്ങൾ പടർന്നുപിടിക്കുന്നത്. ഇപ്പോൾ മഴക്കാലം തുടങ്ങാൻ പോകുന്നതേയുള്ളൂ. ഇപ്പോൾത്തന്നെ ഇതാണ് സ്ഥിതിയെങ്കിൽ മഴ പെയ്താൽ കാര്യങ്ങൾ വളരെ ഗുരുതരമായിരിക്കും. ഇതിനെ രാഷ്ട്രീയമായി കാണുന്നതു കൊണ്ടും മുൻ ഗവൺമെന്റിനെ കുറ്റം പറഞ്ഞതുകൊണ്ടും കാര്യമില്ല. പ്രായോഗികമായ നടപടികളാണ് വേണ്ടത്. ശുഷ്കാന്തി കാണിക്കുകയാണ് വേണ്ടത്. അത് കാണുന്നില്ല. അതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുകയാണ്.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ഒ. രാജഗോപാൽ സഭവിട്ട് പുറത്തുപോയി.)

(പുറത്തുപോയ അംഗങ്ങൾ അൽപ്പസമയത്തിനുശേഷം സഭയിൽ ഹാജരായി.)

## IV. ശ്രദ്ധ ക്ഷണിക്കൽ

### (1) ജലസംരക്ഷണ പദ്ധതികൾ

ശ്രീ. കെ. ബി. ഗണേഷ് കുമാർ : സർ, കഴിഞ്ഞ രണ്ടുമൂന്ന് മാസമായി നമ്മുടെ സംസ്ഥാനം കടുത്ത കുടിവെള്ളക്ഷാമം നേരിടുകയാണ്. കുടിവെള്ളം മാത്രമല്ല കാർഷിക രംഗത്തേയ്ക്കാവശ്യമായ വെള്ളവും നമുക്ക് നഷ്ടപ്പെടുന്നു. അതിന്റെ ഏറ്റവും വലിയ ബുദ്ധിമുട്ട് അനുഭവിച്ചത് ബഹുമാനപ്പെട്ട മന്ത്രിതന്നെയാണ്. എല്ലാ ഭാഗത്തുനിന്നും അങ്ങേയ്ക്ക് ഫോണിലൂടെയും മറ്റ് സംവിധാനങ്ങളിലൂടെയും നിരന്തരമായ പരാതികളാണ് ലഭിച്ചത്. അത് പരിഹരിക്കാൻ അങ്ങയുടെ കഴിവിന്റെ പരമാവധി ശ്രമിക്കുകയും ചെയ്തു. പക്ഷേ ഇതൊരു വ്യക്തിയോ

ഭരണാധികാരിയോ വിചാരിച്ചാൽ ഒരു ദിവസംകൊണ്ട് പരിഹരിക്കാൻ കഴിയുന്ന വിഷയമല്ല. ഈ വിഷയത്തിന്റെ പ്രധാന കാരണം ജലാശയങ്ങൾ നശിപ്പിക്കുകയും വയലുകൾ നികത്തപ്പെടുകയും പുഴകളെല്ലാം മണൽവാരി നശിപ്പിക്കുകയും ചെയ്തതുമൂലമുണ്ടായ ഭൂഗർഭ ജലക്ഷാമമാണ്. കേരളത്തിൽ ഏറ്റവും കൂടുതൽ ഭൂഗർഭജലനിരപ്പ് താഴ്ന്ന രണ്ട് പ്രദേശങ്ങൾ കൊല്ലം ജില്ലയും പാലക്കാട് ജില്ലയുമാണ്. അതുപോലെ ഭാരതപ്പുഴ ഏതാണ്ടൊരു മരുഭൂമിയായി മാറിക്കഴിഞ്ഞു. വിദേശ രാജ്യത്തോ ഗൾഫിലോ ഷൂട്ട് ചെയ്ത ഒരു സിനിമയുടെ അത്യാവശ്യ ഭാഗങ്ങൾ വേണമെങ്കിൽ ഭാരതപ്പുഴയിൽ വച്ച് ഷൂട്ട് ചെയ്യാൻ സാധിക്കും. കാരണം മണലാരണ്യം പോലെ കിടക്കുകയാണ് കേരളത്തിന്റെ ഏറ്റവും വീതി കൂടിയ നദിയായ ഭാരതപ്പുഴ. നിളയെന്ന് കവികൾ വാഴ്ത്തിപ്പാടുന്ന ആ നദി നശിച്ചു. അതുപോലെ ഏഷ്യയിലെതന്നെ ഏറ്റവും വലിയ ശുദ്ധജല തടാകമായ ശാസ്താംകോട്ട തടാകം നശിച്ചു, തിരുവനന്തപുരം നഗരത്തിൽ വെള്ളമെത്തിക്കുന്ന പേപ്പാറ, അരുവിക്കര, നെയ്യാർ എന്നീ ഡാമുകളിലും വെള്ളമില്ല. ഇങ്ങനെയൊരു രൂക്ഷമായ അവസ്ഥയുണ്ടായതിൽ നമുക്ക് വലിയ പങ്കുണ്ട്. മലമ്പുഴ ഡാമിൽ മണൽ വന്നു നിറഞ്ഞ് അവിടെയും വെള്ളമില്ലാതായി. പാലക്കാട് ജില്ലയ്ക്ക് വെള്ളം നൽകുന്ന ഏറ്റവും വലിയ സോഴ്സായ മലമ്പുഴ ഡാമിലും വെള്ളമില്ല. നദികളും പുഴകളും കുളങ്ങളും ഡാമുകളുമെല്ലാം നശിക്കുന്ന സാഹചര്യമുണ്ടായി. എന്റെ നാട്ടിലെ കുളങ്ങൾ നന്നാക്കാൻ ഞാൻ കഴിഞ്ഞ അഞ്ചുവർഷവും വളരെയേറെ പരിശ്രമിച്ചിട്ടുണ്ട്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് എല്ലാ പഞ്ചായത്തിലെയും ഓരോ കുളം നവീകരിക്കുമെന്ന് കാണിച്ച് കൃഷി വകുപ്പിൽനിന്നും എനിക്കൊരു കത്തുകിട്ടി. ഞാൻ പഞ്ചായത്തുകളുടെ ലിസ്റ്റ് എഴുതി അപേക്ഷയും എസ്റ്റിമേറ്റും നൽകിയിട്ടും ഒരു പ്രയോജനവുമുണ്ടായില്ല. കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് നദിയുടെ കരയിൽ സിമന്റും കരിങ്കല്ലുംകൊണ്ട് കോൺക്രീറ്റ് ചെയ്യാനാണ് പണം കൂടുതലും ചെലവഴിച്ചത്. ബഹുമാനപ്പെട്ട മന്ത്രിക്ക് അത് പരിശോധിച്ചാൽ മനസ്സിലാകും. എന്റെ നിയോജകമണ്ഡലത്തിൽ 15 ലക്ഷം രൂപ ചെലവാക്കി ഒരു തോടിന്റെ കരയിൽ മതിൽ കെട്ടി. ഇങ്ങനെയൊരു സംഭവം നടന്നുവെന്നറിഞ്ഞ് ഞാൻ കാണാൻ ചെന്നു. ആരുടെ പുരയിടമാണെന്ന് ഞാൻ അന്വേഷിച്ചു, ആർക്കുമറിയില്ല. അതിന്റെ ഓപ്പോസിറ്റായി ഇന്നും കാണാൻ കഴിയും, ഒരു പട്ടികജാതി കോളനിയുടെ മതിൽ ഏത് നിമിഷവും താഴെ വീഴുന്ന നിലയിൽ തകർന്ന് നിൽക്കുകയാണ്. അവിടെ സൈഡ് വാൾ കെട്ടിയില്ല. കുളങ്ങളുടെ പണി കോൺട്രാക്ടർമാരും ചില പാർട്ടിക്കാരും തമ്മിലുള്ള ഒരു കച്ചവടമായിരുന്നു. പാർട്ടിയെന്ന് പറയുമ്പോൾ കേരള കോൺഗ്രസ് (എം)-ന്റെ നേതാക്കൾക്ക് കുളം അനുവദിക്കും, അവർക്ക് സൈഡ് വാൾ കെട്ടിക്കൊടുക്കും. അങ്ങനെ രാഷ്ട്രീയമായി ഇതിനെ കണ്ടതുകൊണ്ടാണ് നമുക്ക് ഈ നാശം നേരിട്ടത്.

കോടിക്കണക്കിന് രൂപ ചെലവഴിച്ചിട്ടുണ്ട്, പക്ഷേ അത് പ്രയോജനപ്പെട്ടില്ല എന്നുള്ള വസ്തുത മനസ്സിലാക്കണം. അഞ്ച് വർഷത്തിനുള്ളിൽ എന്റെ നിയോജകമണ്ഡലത്തിൽ ഒരേയൊരു കുളത്തിനാണ് തുക അനുവദിച്ചിട്ടുള്ളത്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഭൂഗർഭജലം ശേഖരിക്കുന്നതിനുള്ള ഒരു പദ്ധതി തയ്യാറാക്കണം. നേരത്തെ ഒരു ദിവസം ബഹുമാനപ്പെട്ട മന്ത്രിയോട് ഇതേക്കുറിച്ച് സംസാരിക്കുമ്പോൾ ഓഫ് ദ റിക്കോർഡ് ആയിപ്പോയതുകൊണ്ടാണ് ഞാൻ ഇത്തരത്തിൽ ഒരു വിഷയം വീണ്ടും ഉന്നയിക്കുന്നത്.

നമ്മുടെ നദികളിലും തോടുകളിലും പരമാവധി തടയണകൾ നിർമ്മിക്കുക എന്നതാണ് ഇതിനൊരു പരിഹാരം. പല ഉദ്യോഗസ്ഥരും അങ്ങയെയും സർക്കാരിനെയും വഴിതെറ്റിച്ചുവിടും. അങ്ങനെ വഴി തെറ്റിപ്പോകേണ്ട ആവശ്യമില്ല. പൊതുപ്രവർത്തകർ ജനങ്ങളുമായി അടുത്ത് പ്രവർത്തിക്കുന്നവരാണ്. ജനപ്രതിനിധികൾ കോമൺസെൻസുള്ളവരാണ്. നമുക്കൊരു എം.എൽ.എ. ആകാൻ നോമിനേഷൻ നൽകാൻ വേണ്ടത് കോമൺസെൻസാണ്. അങ്ങനെ കോമൺസെൻസ് വച്ചുനോക്കി ഈ നദികളിൽ തടയണകൾ നിർമ്മിക്കണം. വനം വകുപ്പിന്റെ വകയായി മലമ്പുഴ ഡാമിന് ചുറ്റും തടയണകൾ നിർമ്മിച്ചിട്ടുണ്ട്. അവിടെയെല്ലാം വെള്ളത്തിന്റെ ഒഴുക്ക് കൂടിയിരിക്കുകയാണ്. മൃഗങ്ങൾക്ക് കുടിക്കാൻ വെള്ളമുണ്ടായിരുന്നു. ഇപ്പോൾ അതും വറ്റിയതുകൊണ്ടാണ് മൃഗങ്ങൾ കാടിറങ്ങുന്നത്. മലമ്പുഴ, നെയ്യാർ, അരുവിക്കര, പേപ്പാറ എന്നീ ഡാമുകളുടെ റിസർവോയറുകളിലേയ്ക്ക് വെള്ളം വരുന്ന എല്ലാ ചാലുകളിലും രണ്ടുംമൂന്നും നാലും തടയണകൾ വനംവകുപ്പും ഇറിഗേഷൻ വകുപ്പും നിർമ്മിക്കണം. അങ്ങനെ നാല് വർഷം കഴിയുമ്പോൾ ഈ നദികളിൽനിന്നും ഊറ്റുണ്ടാകും. എന്റെ നാട്ടിൽ ഒരു തടയണയുടെ പണി നടന്നപ്പോൾ നാട്ടുകാരെല്ലാംകൂടി വന്ന് വെള്ളത്തിന്റെ ഒഴുക്ക് കുറയും അത് തടയണമെന്ന് പറഞ്ഞപ്പോൾ അങ്ങനെയല്ല, നമുക്ക് നോക്കാമെന്ന് ഞാൻ പറഞ്ഞു. ഈ അടുത്ത ദിവസം അവർ വന്ന് രണ്ട് തടയണകൾ കൂടി നിർമ്മിക്കാനുള്ള ഏർപ്പാടുണ്ടാക്കണമെന്ന് പറഞ്ഞു. അപ്പോൾ ഊറ്റുണ്ടാവുകയാണ് ചെയ്യുന്നത്. വേനൽക്കാലത്തുപോലും ആ തോട്ടിൽ വെള്ളമുണ്ട്. ഗുജറാത്തിൽ അഞ്ച് വർഷം കൊണ്ട് ആറായിരം തടയണകൾ നിർമ്മിച്ചുവെന്നാണ് പറയുന്നത്. അതുപോലെ ശാസ്താംകോട്ട തടാകത്തെ സംരക്ഷിക്കാൻ വാട്ടർ അതോറിറ്റി പരീക്ഷണാടിസ്ഥാനത്തിൽ അവരുടെ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി പത്തോ പതിനഞ്ചോ ഇരുപതോ ലക്ഷം രൂപ അനുവദിച്ചുകൊണ്ട്, ആ പരിസരത്തുള്ള വീടുകളിലെ മഴവെള്ളം മുഴുവൻ ഓടിന്റെ പുറത്തുനിന്ന് പാത്തിവച്ച് ശേഖരിച്ച് പി.വി.സി. പൈപ്പ് വഴി ശാസ്താംകോട്ട തടാകത്തിലേയ്ക്ക് ഒഴുക്കണം. അരുവിക്കര

ഡാമിനുചുറ്റും ആളുകൾ താമസമുണ്ട്. എന്നാൽ നെയ്യാർ ഡാമിലും പേപ്പാറ ഡാമിലും അതില്ല. അവിടെയുള്ള വെള്ളം ശേഖരിക്കണം. അതുപോലെ നമ്മുടെ നാടാകെ കുഴൽക്കിണറുകളുണ്ട്. ആ കുഴൽക്കിണറുകൾ റീചാർജ് ചെയ്യാൻ കഴിയും. ഈ സർക്കാർ ഒരു പുതിയ പരിഷ്കാരം കൊണ്ടുവന്നു. കിയോസ്കുകൾ വയ്ക്കാൻ തീരുമാനിച്ചു. യഥാർത്ഥത്തിൽ കിയോസ്ക് എന്ന പരിഷ്കാരം തമിഴ്നാട്ടിൽ നടപ്പിലാക്കി വിജയിച്ചിട്ടുണ്ട്. ഇപ്പോൾ നമ്മുടെ നാട്ടിൽ ചെയ്തിരിക്കുന്നത് ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് നാടാകെ കുഴൽക്കിണറുകൾ നിർമ്മിച്ചു. ഈ കുഴൽക്കിണറുകൾ പലതും ഉപയോഗിക്കുന്നില്ല. വേനൽക്കാലം വരുമ്പോൾ എല്ലാവരും ഇതിന്റെ പെഡൽ പിടിച്ച് അടിക്കും. ഇത് മഴ വരുമ്പോൾ ആരുമെടുക്കുകയില്ല. അടുത്ത വേനലിൽ വീണ്ടും ഇത് അടിക്കുമ്പോഴേക്കും തുരുമ്പെടുത്ത് പൊട്ടിപ്പോകും. ഇതുകൊണ്ട് പ്രയോജനമില്ല. അതുകൊണ്ട് കേരളത്തിലെ മുഴുവൻ കുഴൽക്കിണറുകളും പരിശോധിച്ച് വെള്ളമുള്ളവയിൽ ഒരു സിൻടെക്സ് ടാങ്കും മോട്ടോറും ടാപ്പും വച്ചാൽ ഇത് എല്ലാ കാലഘട്ടത്തിലും കുടിവെള്ളത്തിനുതകും. അതുപോലെ നഗരപ്രദേശങ്ങളിൽ ഏറ്റവും കൂടുതൽ വെള്ളമെടുക്കുന്നത് ഫ്ലാറ്റുകളാണ്. ഈ ഫ്ലാറ്റുകളിലെ വെള്ളം നിർബന്ധപൂർവ്വം ഭൂമിയിൽ ചാർജ് ചെയ്യണം. കേരള നിയമസഭയുടെ പുറത്ത് വീഴുന്ന വെള്ളം ഒരു മഴവെള്ള സംഭരണിയിൽ ശേഖരിക്കുന്നുണ്ട്. അതിനപ്പുറത്ത് ഭൂമിയിലേയ്ക്ക് ചാർജ് ചെയ്യാനുള്ള സംവിധാനമുണ്ടാകണം. ഒരു കുളമുണ്ടെങ്കിൽ ആ കുളത്തിന്റെ സമീപത്തുള്ള എല്ലാ വീടുകളിലേയും വെള്ളം അതിലേയ്ക്ക് കൊണ്ടുവന്ന് പഞ്ചായത്തിന്റെയോ മുനിസിപ്പാലിറ്റിയുടെയോ ഒരു പദ്ധതിയിൽപ്പെടുത്തി അതിനെ പി.വി.സി. പൈപ്പുകൊണ്ട് പമ്പ് ചെയ്ത്, സാൻഡ് ഫിൽട്ടർ ചെയ്ത്, ശുദ്ധീകരിച്ച് ജലാശയങ്ങളിലേയ്ക്ക് എത്തിക്കാം. ഇത്തരം പരിഷ്കാരങ്ങൾ നമ്മൾ അടിയന്തരമായി തുടങ്ങേണ്ടതുണ്ട്. അതുപോലെ കേരളത്തിലെ ടെക്നോപാർക്ക് ഏറ്റവും കൂടുതൽ വെള്ളമെടുക്കുന്ന സ്ഥലമാണ്. തിരുവനന്തപുരം, എറണാകുളം ജില്ലകളിലെ ടെക്നോപാർക്കുകളിൽനിന്ന് വെള്ളം ശേഖരിച്ച് ഭൂമിയിലിറക്കണം. കേരളത്തിലെ മുഴുവൻ വ്യവസായശാലകളുടെയും മുകളിൽ വീഴുന്ന വെള്ളം ശേഖരിക്കാൻ വ്യവസായ വകുപ്പുമന്ത്രികൂടി മുൻകയ്യെടുത്ത് ഒരു ഉത്തരവിലൂടെ നടപ്പാക്കണം. എന്നിട്ട് വാട്ടർ അതോറിറ്റി ഒരു തടയണ നിർമ്മിക്കണം. കഞ്ചിക്കോട് വ്യവസായ മേഖലയിൽ ഒരു തടയണ നിർമ്മിച്ച് അവിടെനിന്ന് വെള്ളമെടുത്ത് ശുദ്ധീകരിച്ചുപയോഗിക്കുന്ന ഇൻഡസ്ട്രിയൽ വാട്ടർ സപ്ലൈ സ്കീം കേരളത്തിൽ ആരംഭിക്കണം. വ്യവസായങ്ങൾക്ക് കൂടുതൽ പൈസയ്ക്ക് വെള്ളം നൽകുന്ന സംവിധാനം വാട്ടർ അതോറിറ്റി തുടങ്ങണം. വാട്ടർ അതോറിറ്റിയുടെ

കടുത്ത നഷ്ടത്തെക്കുറിച്ച് അങ്ങ് കഴിഞ്ഞ പ്രാവശ്യം പറയുകയുണ്ടായി. ആ നഷ്ടം നികത്താൻ വ്യവസായ സ്ഥാപനങ്ങളിൽനിന്നും വീട്ടാവശ്യത്തിന് നൽകുന്നതിനേക്കാൾ കൂടിയ നിരക്ക് വാങ്ങിക്കൊണ്ട് വെള്ളം നൽകണം. ഭൂഗർഭ ജലചൂഷണം തടയുന്നതോടൊപ്പം ഇത്തരത്തിലുള്ള പരിഷ്കാരങ്ങൾ കേരളത്തിൽ നടപ്പിലാക്കുന്നതിന് നടപടിയെടുക്കാൻ അങ്ങയുടെ ശ്രദ്ധയുണ്ടാകണം. ഇനിയുള്ള കാലമെങ്കിലും ഭൂഗർഭ ജലനഷ്ടം തടയുന്നതിന് സർക്കാർ ആവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് ഈ ശ്രദ്ധ ക്ഷണിക്കലിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. മാത്യു ടി. തോമസ്</u>): സർ, ബഹുമാനപ്പെട്ട അംഗം വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ് ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിരിക്കുന്നത്. അദ്ദേഹം ഉന്നയിച്ച എല്ലാ ആശയങ്ങളോടും നിർദ്ദേശങ്ങളോടും പൊതുവെ ഈ സർക്കാർ യോജിക്കുകയാണ്. ഇത് ഒരു വ്യക്തി വിചാരിച്ചാൽ തീരുന്ന പ്രശ്നമല്ല. ഇത് പൊതുസമൂഹം ഏറ്റെടുക്കണമെന്നുതന്നെയാണ് സർക്കാർ ആഗ്രഹിക്കുന്നത്. ഹരിത കേരളം മിഷൻ പൊതു സമൂഹം ഏറ്റെടുക്കേണ്ട ഒരു ദൗത്യമെന്ന നിലയിലാണ് ജനങ്ങളുടെ മുമ്പിൽ ഗവൺമെന്റ് അവതരിപ്പിച്ചിരിക്കുന്നത്. നെയ്യാർ ഡാമിൽനിന്നും കരമനയാറ്റിൽ വെള്ളമെത്തിച്ചതിനുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രി 6-ാം തീയതി നടത്തിയ ഫെയ്സ് ബുക്ക് പോസ്റ്റിംഗിലെ അഭിനന്ദന ഭാഗങ്ങൾ വായിക്കുന്നില്ല. ഒരു മിഷൻ വിജയകരമായി നടത്തിയാൽ അതിന്റെ അഭിനന്ദനങ്ങൾ ഏറ്റുപറഞ്ഞുകൊണ്ടിരിക്കുകയല്ല, അടുത്ത കാര്യങ്ങളിലേയ്ക്ക് നീങ്ങുകയാണ് സർക്കാരിന്റെ ലക്ഷ്യം. അദ്ദേഹം വളരെ കൃത്യമായി പറഞ്ഞിരിക്കുന്നത്, സർക്കാർ ഏറ്റെടുത്ത് നടത്തുന്ന പ്രവർത്തനങ്ങളോടൊപ്പം തന്നെ ജലസ്രോതസ്സുകൾ സംരക്ഷിക്കാനും ഓരോ തുള്ളി ജലവും ശ്രദ്ധയോടെ മാത്രം ഉപയോഗിക്കാനും എല്ലാപേരും തയ്യാറാകണമെന്നാണ്. ഈ വേനലിൽ ജലദുരുപയോഗം പൊറുക്കാനാകാത്ത തെറ്റാണെന്ന് നാം മനസ്സിലാക്കണം. മൺസൂൺ കടന്നുവരുന്നതോടെ ഈ കഷ്ടപ്പാടൊക്കെ മറക്കുകയും വെള്ളത്തിന്റെ കാര്യം ശ്രദ്ധിക്കാതിരിക്കുകയുമാണ് പൊതുവെ നമ്മുടെ ശീലം. ആ ശീലം ഇനി മലയാളിക്ക് കൊണ്ടുനടക്കാനാവില്ല. നമ്മുടെ ജലസ്രോതസ്സുകൾ സംരക്ഷിക്കുക, മഴക്കുഴികൾ നിർമ്മിച്ച് മഴവെള്ളം ഭൂമിയിലേയ്ക്ക് ഇറക്കുക, ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പിച്ച് പച്ചപ്പും പ്രകൃതിയും സംരക്ഷിക്കുക തുടങ്ങി നിരവധി പ്രവർത്തനങ്ങൾ സർക്കാർ നടത്തുന്നുണ്ട്. ഈ പ്രവർത്തനങ്ങൾ എല്ലാപേരും ഏറ്റെടുക്കണം. പ്രകൃതിക്ക് ദോഷം ചെയ്യുന്ന ചിലയിനം മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിനെ നിരുത്സാഹപ്പെടുത്താൻ സർക്കാർ ആലോചിക്കുന്നുണ്ട്. തിരുവനന്തപുരത്ത് വെള്ളം എത്തിക്കുന്നതിനായി നടപ്പാക്കിയ കൂട്ടായ പരിശ്രമവും ഇച്ഛാശക്തിയും എല്ലായിടത്തുമുണ്ടായാൽ ജലസമൃദ്ധമായ ഒരു കേരളം നമുക്ക് സൃഷ്ടിക്കാനാകും.

ലോക പരിസ്ഥിതി ദിനമായ ജൂൺ 5-ന് ഒരു കോടി ഫലവൃക്ഷങ്ങൾ കേരളത്തിലെമ്പാടും വച്ചുപിടിപ്പിക്കാനാണ് സർക്കാർ ആലോചിക്കുന്നത്. ഒരു ദേശീയ ഉത്സവംപോലെ ഈ പരിപാടി ഏറ്റെടുക്കാൻ എല്ലാവരും മുന്നോട്ടുവരണം.

ഗവൺമെന്റിന്റെ ഒരു നയമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അറിയിച്ചത്. അതോടൊപ്പംതന്നെ നാം മനസ്സിലാക്കേണ്ടത്, എല്ലാ വേനൽക്കാലത്തും കുടിവെള്ളക്ഷാമം ആവർത്തിച്ചുവരികയാണ്. പ്രതിവർഷം ഏതാണ്ട് 3,000 മില്ലി ലിറ്റർ മഴ ലഭിക്കുന്ന ഒരു സംസ്ഥാനമാണ് കേരളം. വർഷകാലത്ത് വെള്ളപ്പൊക്കവും വേനൽക്കാലത്ത് വരൾച്ചയും അനുഭവപ്പെടുകയാണ്. മഴവെള്ളം വേണ്ട രീതിയിൽ സംഭരിക്കുകയും ഉപയോഗിക്കുകയും ചെയ്യേണ്ടതിന്റെ ആവശ്യകതയിലേയ്ക്കും അതിനുള്ള സാദ്ധ്യതയിലേയ്ക്കുമാണ് ഇത് വിരൽ ചൂണ്ടുന്നത്. വർഷകാലത്ത് വെള്ളപ്പൊക്കമാണ്. വർഷകാലത്ത് കുത്തിയൊഴുകി കടലിൽ പതിച്ച് പാഴായിപ്പോകുന്ന മഴവെള്ളത്തിന്റെ ചെറിയൊരു ഭാഗമെങ്കിലും സംഭരിക്കുകയും ഭൂമിയിലേയ്ക്ക് ആഴ്ന്നിറങ്ങാൻ സാഹചര്യമൊരുക്കുകയും ചെയ്താൽ ജലക്ഷാമത്തിനും വെള്ളപ്പൊക്കത്തിനും ഒരേ സമയം ശാശ്വത പരിഹാരമുണ്ടാക്കാൻ കഴിയും. അതിനെ ആശ്രയിച്ചുള്ള പദ്ധതികളാണ് സർക്കാർ ജലവിഭവ വകുപ്പിന്റെയും മറ്റു വകുപ്പുകളുടെയും സഹായത്തോടെ നടപ്പാക്കാൻ ശ്രമിക്കുന്നത്. 2017-18 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച തടയണയുടെ പ്രശ്നം വളരെ ഗൗരവമായിത്തന്നെ പ്രതിപാദിച്ചിട്ടുണ്ട്. ഓരുവെള്ളം കയറുന്നത് നിയന്ത്രിക്കുന്നതിനും വേനൽക്കാലത്തെ വരൾച്ചയുടെ കാഠിന്യം കുറയ്ക്കുന്നതിനും ജലസംഭരണത്തിനും ഉതകുന്ന തരത്തിൽ ഇരുപതോളം നദികളിലും ഉചിതമായ സ്ഥലങ്ങളിലും മുപ്പതോളം റെഗുലേറ്ററുകൾ കിഫ്ബിയുടെ ധനസഹായത്തോടുകൂടി നിർമ്മിക്കുന്നതാണെന്ന് പ്രഖ്യാപിച്ചിരുന്നു. ഇതുസംബന്ധിച്ച പ്രവൃത്തികളുടെ ലൊക്കേഷൻ തീരുമാനിച്ച് ഡിസൈൻ ചെയ്യുന്നതിനാവശ്യമായ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ തയ്യാറായി വരികയാണ്. കൂടാതെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചപ്രകാരം നദികളിലും ഉപനദികളിലും തോടുകളിലും കാലാകാലങ്ങളിൽ നിർമ്മിച്ചതും എന്നാൽ പ്രവർത്തനക്ഷമ മല്ലാത്തതുമായ തടയണകൾ, വെൻക്രോസ് ബാറുകൾ, റെഗുലേറ്ററുകൾ എന്നിവ പുനരുദ്ധരിക്കുന്ന പ്രവൃത്തികളുടെ ഡീറ്റെയിൽഡ് പ്രോജക്ടും തയ്യാറാക്കിവരികയാണ്. ഹരിത കേരളം മിഷനിൽ പൊതുകുളങ്ങളുടെ പ്രാധാന്യവും ആവശ്യകതയും കണക്കിലെടുത്ത് ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി അവ നവീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. സ്റ്റേറ്റ് ഫണ്ട് ഉപയോഗിച്ചും കുളങ്ങൾ നവീകരിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച മറ്റൊരു പ്രധാനപ്പെട്ട വിഷയം പിച്ചിംഗ് വർക്കാണ്. ഈ സർക്കാർ പരമാവധി അത്തരം പ്രവൃത്തികളെ നിരുത്സാഹപ്പെടുത്തുകയാണ്. പ്രത്യേകിച്ച് ഹരിത കേരളവുമായി ബന്ധപ്പെട്ട് വകുപ്പ് ചെയ്യുന്ന കാര്യങ്ങളിൽ പുരയിടം സംരക്ഷിച്ച് കൊടുക്കുകയും അല്ലെങ്കിൽ ഏതെങ്കിലും പുറമ്പോക്കുകൂടി പുരയിടത്തിന്റെ ഭാഗമായി ചേർത്തുകൊടുക്കുകയും

ചെയ്യുന്നത് ജലവിഭവ വകുപ്പിന്റെ ഉത്തരവാദിത്തമല്ല. ജലത്തിന്റെ സാന്നിദ്ധ്യം ഉറപ്പാക്കുന്നതിനായിരിക്കും മുന്തിയ പരിഗണന. അത്യാവശ്യ ഘട്ടങ്ങളിൽ മറ്റു പ്രവൃത്തികൾ ചെയ്യില്ലെന്ന വാശിയുമില്ല. പക്ഷേ നമ്മുടെ ലക്ഷ്യം ഇതായിരിക്കണം.

കുഴൽക്കിണറുകളുടെ കാര്യമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാട്ടിയ മറ്റൊരു വിഷയം. ഈ വേനൽക്കാലത്ത് പ്രത്യേകമായി ഞങ്ങൾ ശ്രദ്ധകൊടുത്തത് കേരളത്തിൽ ജലനിധിയുടെ പദ്ധതിയും വാട്ടർ അതോറിറ്റിയുടെ പദ്ധതിയും ഇല്ലാത്ത സ്ഥലങ്ങളിലുള്ള കുഴൽക്കിണറുകൾ സംരക്ഷിക്കാനാണ്. ഇപ്പോൾത്തന്നെ കേരളത്തിൽ 14000 കുഴൽക്കിണറുകൾ പ്രവർത്തനസജ്ജമാണ്. മറ്റൊരു 6000 കുഴൽക്കിണറുകളിൽക്കൂടി ഹാൻഡ് പൈപ്പ് ഘടിപ്പിച്ച് ഈ വേനൽക്കാലത്തുതന്നെ സജ്ജമാക്കി. അതിന് ഏതാണ്ട് 12.50 കോടി രൂപ സർക്കാർ അനുവദിച്ചുകൊടുത്തിട്ടുണ്ട്. അങ്ങ് പറഞ്ഞ മിക്കവാറും കാര്യങ്ങൾ സർക്കാർ ഇതിനോടകംതന്നെ പരിശോധിച്ചിട്ടുണ്ട്. ഡാമുകളിലെ ജലനിരപ്പ് മാത്രമല്ല, അവിടെയെല്ലാം സിൽറ്റ് അടിഞ്ഞ് സ്റ്റോറേജ് വളരെ കുറവാണ്. അതിൽ പലതും സങ്കീർണ്ണമാണ്. ആ പ്രശ്നങ്ങൾ ഒന്നൊന്നായി ആലോചിക്കുന്നുണ്ട്. ആ നിർദ്ദേശങ്ങളൊക്കെ ഗൗരവത്തോടുകൂടിയാണ് സർക്കാർ കാണുന്നത്.

ജലമില്ലെങ്കിൽ ജീവനില്ല. അതുകൊണ്ട് കരുതലോടെ കരുതാം എന്ന സന്ദേശം കേരളത്തിലെ ജനങ്ങളുടെ അടുക്കൽ എത്തിക്കുന്നതിനുവേണ്ടി സാദ്ധ്യമായ എല്ലാ ശ്രമങ്ങളും സർക്കാർ സ്വീകരിക്കും.

<u>ശ്രീ. കെ. ബി ഗണേഷ് കുമാർ</u>: സർ, കുഴൽക്കിണറുകൾ നവീകരിക്കുമ്പോൾ, കിയോസ്ക് വയ്ക്കാൻ തീരുമാനിച്ചിട്ടുണ്ട്, ആ കിയോസ്കുകളെ ഈ കുഴൽക്കിണറിനടുത്തേയ്ക്ക് മാറ്റി ഒരു മോട്ടോർകൂടി വച്ചാൽ 365 ദിവസവും വർക്ക് ചെയ്യാവുന്ന തരത്തിലേയ്ക്ക് അത് കൊണ്ടുവരാൻ കഴിയും. കൊല്ലം ജില്ലയുടെ മദ്ധ്യഭാഗത്തുകൂടി ഒഴുകുന്ന കല്ലടയാർ മണൽവാരി നശിച്ച് അടിത്തട്ടെല്ലാം പാറയായി. ഇത് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി ശ്രീ. കെ. രാജുവിന്റെ മണ്ഡലമാണ്; ശ്രീമതി പി. അയിഷാ പോറ്റിയും ഞാനും ആ പ്രദേശം പ്രതിനിധാനം ചെയ്യുന്നവരാണ്. തടയണകൾ നിർമ്മിക്കുക എന്നതാണ് ഏറ്റവും പ്രധാനമായിട്ടുള്ളത്. ആ നദിയിൽ രണ്ട് തടണയണകളുണ്ട്. ഒന്ന് പുനലൂരും മറ്റൊന്ന്, ഈ അടുത്ത കാലത്ത് പത്തനാപുരത്ത് പട്ടാഴിയിൽ പണിതതും. കൂടുതൽ തടയണകൾ നിർമ്മിച്ചാൽ ഈ നദിയെ രക്ഷിക്കാനും ഭൂഗർഭജലം ശേഖരിക്കാനും കഴിയും. നബാർഡിന്റെ പദ്ധതിയിൽ ഉൾപ്പെടുത്താൻവേണ്ടി എസ്റ്റിമേറ്റടക്കം മേജർ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിൽ പദ്ധതി സമർപ്പിച്ചിട്ടുണ്ട്. അതിന് കൂടുതൽ തടയണകൾ അനുവദിച്ചുതരണം. കാരണം മഴ പെയ്താൽ വെള്ളം കടലിലെത്താൻ 12 മണിക്കൂർപോലും വേണ്ട. അത്ര വേഗത്തിലാണ് വെള്ളം ഒഴുകിപ്പോകുന്നത്. അതിനൊരു പരിഹാരമെന്നുള്ള നിലയിൽ ഒരു തടയണ അനുവദിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. മാത്യു ടി. തോമസ്: സർ, വ്യാപകമായ മണലൂറ്റ് കാരണം എല്ലാ നദികളുടെയും അടിത്തട്ട് താണുപോയിരിക്കുകയാണ്. വളരെ വേഗത്തിൽത്തന്നെ ഉപ്പുവെള്ളം കയറിവരും. അതാണ് ഒന്നാമത്തെ പ്രശ്നം. അതുകൊണ്ട് അങ്ങനെയുള്ള സ്ഥലങ്ങളിൽ തടയണ നിർമ്മിക്കാൻ പ്രത്യേകമായി കിഫ്ബിയിൽ പദ്ധതി രൂപപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇത്തവണത്തെ വരൾച്ചയിൽ വെള്ളം തീരെ ഇല്ലാതായ നദികൾക്കാണ് മുൻഗണന നൽകുന്നത്. എന്നുമാത്രമല്ല, വാട്ടർ അതോറിറ്റിയുടെ കുടിവെള്ള സ്രോതസ്സുകളായി ഉപയോഗിക്കുന്ന നദികളിൽ ഇൻടേക്ക് വെൽ ഇരിക്കുന്ന സ്ഥലങ്ങൾക്കും മുൻഗണന നൽകും. അങ്ങനെ 30 എണ്ണം മാത്രമേ ഇത്തവണ സെലക്ട് ചെയ്യാൻ സാധിച്ചിട്ടുള്ളൂ. വരും വർഷങ്ങളിൽ അത് കൂടുതൽ വ്യാപിപ്പിക്കാൻ ശ്രമിക്കുന്നതാണ്.

## (2) കൊച്ചി വാട്ടർ മെട്രോ

ശ്രീ. ഹൈബി ഈഡൻ: സർ, ജലഗതാഗത രംഗത്ത് വിപ്ലവകരമായ ഒരു മാറ്റം സൃഷ്ടിക്കാൻ പോകുന്ന പദ്ധതിയാണ് കൊച്ചി വാട്ടർ മെട്രോ. ബഹുമാനപ്പെട്ട മുഖ്യമന്ത്രി 2016 ജൂലൈ മാസം 27-ാം തീയതി ഈ പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ ഉദ്ഘാടനം നടത്തുകയുണ്ടായി. ഞങ്ങളെല്ലാവരും ചേർന്ന്, ബഹുമാന്യനായ ശ്രീ. എസ്. ശർമ്മയുടെ മണ്ഡലത്തിലാണ് ഇതിന്റെ ഉദ്ഘാടനം നിർവ്വഹിച്ചത്. കൊച്ചി മെട്രോ റെയിലിനേക്കാൾ വലിയൊരു പദ്ധതിയാണ്. അല്ലെങ്കിൽ കൊച്ചി മെട്രോ റെയിൽ വിഭാവന ചെയ്ത സന്ദർഭത്തിൽത്തന്നെ നടപ്പാക്കാൻ തീരുമാനിച്ച പദ്ധതിയാണ് കൊച്ചി വാട്ടർ മെട്രോ. 78-ഓളം ആധുനിക എയർ കണ്ടീഷൻ ചെയ്ത ബോട്ടുകളെ എറണാകുളത്തും അതിന്റെ ദ്വീപ് പ്രദേശങ്ങളിലുമുള്ള ജനങ്ങളുമായി ബന്ധപ്പെടുത്തി അവരുടെ ജീവിതം മാറ്റാൻ പോകുന്നൊരു പദ്ധതിയാണ്. പ്രധാനമായും ഈ പദ്ധതി വിഭാവന ചെയ്തപ്പോൾ ഇന്നത്തെ ട്രാൻസ്പോർട്ടേഷൻ സംവിധാനത്തിൽ ഒരു 10 ശതമാനം ജലഗതാഗതത്തിലേയ്ക്ക് മാറ്റുക എന്നുള്ളതായിരുന്നു ലക്ഷ്യമാക്കിയിരുന്നത്. ഈ ദ്വീപസമൂഹങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം, ആധുനിക ജെട്ടികൾ നിർമ്മിക്കുന്നതോടൊപ്പം ഏകദേശം 100 കിലോമീറ്ററോളം റോഡുകളും സ്ട്രീറ്റ് ലൈറ്റുകളും ഫീഡർ ബസ് സംവിധാനങ്ങളുമുള്ള വികസനമാണ് പ്രധാനമായി ഉദ്ദേശിച്ചത്. എറണാകുളം പോലെതന്നെ അതിന്റെ പരിസര പ്രദേശമായ താന്തോണി തുരുത്ത്, കുറങ്കോട്ട, കടമക്കുടിപ്പുഴ പ്രദേശങ്ങളുടെയും അനുബന്ധ പ്രദേശങ്ങളുടെയും ദ്വീപുകളുടെ വികസനം എന്നിവയാണ് പ്രധാനമായും

ഇതുകൊണ്ട് ലക്ഷ്യമിട്ടിട്ടുള്ളത്. ജർമ്മൻ ബാങ്കായ കെ.എഫ്.ഡബ്ല്യൂ.-ന്റെ 595 കോടി രൂപയുടെ ഒരു ലോംഗ് ടേം സോഫ്റ്റ് ലോണാണ് ഇതിനുവേണ്ടി നൽകിയിട്ടുള്ളത്. അവർ ഇനിയും പണം തരാൻ തയ്യാറാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. എറണാകുളത്തിന്റെ ഒരു ഫെയ്സാണ് പറഞ്ഞിരിക്കുന്നത്. ഇതിന്റെ പരിസര പ്രദേശങ്ങളിലേയ്ക്കുകൂടി വ്യാപിപ്പിക്കണമെന്നുള്ള ആവശ്യം എല്ലാ എം.എൽ.എ.മാരും മീറ്റിംഗുകളിൽ ഉന്നയിച്ചിട്ടുണ്ട്.

കൊച്ചി മെട്രോ റെയിൽ യാഥാർത്ഥ്യമായെങ്കിലും ഉദ്ദേശിച്ച സമയത്തിന് അത് പൂർത്തീകരിക്കാൻ സാധിച്ചില്ല. ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് പ്രകാരം 2018-ൽ ആദ്യത്തെ Phase കൊച്ചി വാട്ടർ മെട്രോ കമ്മീഷൻ ചെയ്യുമെന്നാണ് പറഞ്ഞിരിക്കുന്നത്. ഇതിനൊരു കൺസൾട്ടൻസിയെ നിയമിച്ചിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇതിന്റെ ഉദ്ഘാടനം നടത്തിയിട്ട് ഒരു വർഷമാകാറായി. ഇനിയുള്ള ലാൻഡ് അക്വിസിഷൻ പ്രക്രിയകൾക്കും ജെട്ടി നിർമ്മിക്കുന്നതിനും മറ്റ് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും പഞ്ചായത്തുകളുമായുള്ള ചർച്ച പുരോഗമിക്കുകയാണ്. ഭൂമി ഏറ്റെടുക്കൽ പ്രക്രിയ കുറേക്കൂടി വേഗത്തിലാക്കി, അടിസ്ഥാന പശ്ചാത്തല സൗകര്യം വികസിപ്പിച്ച് സമയബന്ധിതമായി കൊച്ചി വാട്ടർ മെട്രോ യാഥാർത്ഥ്യമാക്കണമെന്നാണ് പ്രധാനമായും ഈ ശ്രദ്ധ ക്ഷണിക്കലിലൂടെ ആവശ്യപ്പെടുന്നത്. ഇതിൽ ഒരു ഏകോപനം ആവശ്യമാണ്. പ്രധാനമായും വാട്ടർ ട്രാൻസ്പോർട്ട്, ടൂറിസം ഡിപ്പാർട്ട്മെന്റുകൾ എന്നിവ ബോട്ടുകൾ വാങ്ങാനും അതുപോലെ ഇതിന്റെ മറ്റ് ആവശ്യങ്ങൾക്കുംവേണ്ടി ഇപ്പോഴും പണം ചെലവഴിച്ചുകൊണ്ടിരിക്കുകയാണ്. ഈ ഡിപ്പാർട്ട്മെന്റുകൾ തമ്മിലൊരു ഏകോപനമുണ്ടാക്കി കൂടുതൽ പണം ചെലവഴിക്കാതെ ഈ പദ്ധതി യാഥാർത്ഥ്യമാക്കണം. ഒരു മൾട്ടി മോഡൽ ട്രാൻസ്പോർട്ടേഷൻ സിസ്റ്റമാണ് നമ്മൾ വിഭാവന ചെയ്യുന്നത്. അതായത് ഒരു ടിക്കറ്റെടുത്താൽ, മെട്രോ റെയിലിലും അവിടത്തെ ബസുകളിലും ഈ ബോട്ടിലും സഞ്ചരിക്കാൻ കഴിയുന്ന ആധുനിക സംവിധാനം. ഇക്കാര്യത്തിൽ ഒരു ഏകോപനമുണ്ടാക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തയ്യാറാകണം. അതോടൊപ്പംതന്നെ സമയബന്ധിതമായി കൊച്ചി വാട്ടർ മെട്രോ യാഥാർത്ഥ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് ഈ ശ്രദ്ധ ക്ഷണിക്കലിലൂടെ ആവശ്യപ്പെടുന്നത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കൊച്ചി വാട്ടർ മെട്രോ വളരെ പ്രത്യേകതയാർന്ന പദ്ധതി തന്നെയാണ്. അതിന്റെ പൂർത്തീകരണവുമായി ബന്ധപ്പെട്ട് ബഹുമാന്യനായ അംഗത്തിന് ചില തെറ്റിദ്ധാരണകളുണ്ടെന്നാണ് തോന്നുന്നത്. കൊച്ചി കായലിന്റെ വിവിധ ഭാഗങ്ങളിൽ താമസിക്കുന്ന ജനങ്ങൾക്ക് വൻകരയിലേയ്ക്കുള്ള യാത്രാസൗകര്യം മെച്ചപ്പെടുത്തുകയും അവരുടെ ജീവിതമാർഗ്ഗങ്ങൾ വികസിപ്പിക്കുകയും സാമ്പത്തികനില മെച്ചപ്പെടുത്തുകയും ചെയ്യുക എന്നതാണ് കൊച്ചിയിലെ സംയോജിത ജലഗതാഗത പദ്ധതിയുടെ ഉദ്ദേശ്യം. പദ്ധതി

നിർവ്വഹണത്തിന്റെ ഭാഗമായി ജനറൽ കൺസൾട്ടന്റിനെ നിയമിക്കേണ്ടതുണ്ട്. ജനറൽ കൺസൾട്ടന്റിനെ നിയമിക്കുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. പദ്ധതിക്ക് പാരിസ്ഥിതികാനുമതി ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചുവരികയാണ്. പാരിസ്ഥിതികാനുമതി ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങാൻ സാധിക്കും. പദ്ധതിയുടെ ജർമ്മൻ വായ്പാ ഏജൻസിയായ കെ.എഫ്.ഡബ്ല്യു. (KfW) സംഘത്തിന്റെ ഏപ്രിൽ മാസത്തെ സന്ദർശനത്തിൽ പദ്ധതി പുരോഗതിയിൽ സംതൃപ്തി അറിയിച്ചിട്ടുണ്ട്. ജനറൽ കൺസൾട്ടന്റിനെ നിയമിച്ചതിനുശേഷമുള്ള 20 മാസക്കാലയളവിൽ പദ്ധതിയുടെ ആദ്യഘട്ടം പൂർത്തീകരിക്കാനാണ് പ്രോജക്ട് വിഭാവനം ചെയ്യുന്നത്. വായ്പാ കരാറനുസരിച്ച് 2019-ന്റെ അവസാനപാദത്തിലാണ് പദ്ധതിയുടെ ഒന്നാം ഘട്ടത്തിന്റെ പ്രവർത്തനം ആരംഭിക്കേണ്ടത്. ഇതിൻപ്രകാരം പദ്ധതി പ്രവർത്തനം ആരംഭിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചതുപോലെ കൂടുതൽ വേഗതയിലാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. ഹൈബി ഈഡൻ: സർ, ഇതുസംബന്ധിച്ച് തെറ്റിദ്ധാരണകളൊന്നുമില്ല, ഞാൻ വളരെ പോസിറ്റീവായിട്ടാണ് പറഞ്ഞത്. ഇത് സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതുണ്ട്. കാരണം മെട്രോ വരുന്നതോടൊപ്പം ഇതുകൂടി യാഥാർത്ഥ്യ മായാൽ കൊച്ചിയിൽ അത്ഭുതകരമായ ഒരു മാറ്റമുണ്ടാകും. അതുപോലെതന്നെ ഏറ്റവും കൂടുതൽ ടൂറിസ്റ്റുകൾ വരുന്ന കൊച്ചി മുസിരീസ് പദ്ധതിപ്രദേശം, കുമ്പളങ്ങി ടൂറിസം വില്ലേജ്, തൊട്ടടുത്ത ജില്ല അല്ലെങ്കിൽ ബോർഡർ എന്ന് വിശേഷിപ്പിക്കാൻ കഴിയുന്ന അരൂർ, അരൂക്കുറ്റി, പെരുമ്പളം എന്നീ പ്രദേശങ്ങളിലേയ്ക്കുകൂടി വ്യാപിപ്പിക്കാൻ സാധിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ആദ്യം നമ്മൾ ഉദ്ദേശിച്ച രീതിയിൽ പ്രാവർത്തികമായശേഷം മറ്റു തരത്തിലുള്ള വികസനം ആലോചിക്കാവുന്നതാണ്.

## V. സബ്മിഷൻ

### (1) കമ്മിറ്റി പ്രാതിനിധ്യം

ശ്രീ. പി. ടി. തോമസ്: സർ, വിശാല കൊച്ചി വികസന അതോറിറ്റി പുനഃസംഘടിപ്പിച്ചപ്പോൾ കൊച്ചി മേയർ, ശ്രീമതി സൗമിനി ജെയിനിനേയും എറണാകുളം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ആശാ സനലിനേയും എറണാകുളം ജില്ലാ കളക്ടറേയും ആ സമിതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. അതോടൊപ്പം വൈറ്റില മൊബിലിറ്റി ഹബ്ബ് ഗവേണിംഗ് കമ്മിറ്റി പുനഃസംഘടി പ്പിച്ചപ്പോൾ ലോക്കൽ എം.എൽ.എ.-യേയും ഉൾപ്പെടുത്തിയിട്ടില്ല. ഞാനാണ് ആ

ഹതഭാഗ്യനായ എം.എൽ.എ. വിശാല കൊച്ചി വികസന അതോറിറ്റിയുടെ വികസനത്തിൽ മേയറും ജില്ലാ പഞ്ചായത്ത് പ്രസിഡന്റും ജില്ലാ കളക്ടറുമില്ലാതെ എന്തു ചർച്ചയാണ് നടത്തുക? എന്തു വികസനം നടത്താൻ കഴിയും? ഇത് തികഞ്ഞ രാഷ്ട്രീയ പക്ഷപാതമാണെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. സർക്കാർ ഈ നടപടി പുനഃപരിശോധിക്കണം. മൊബിലിറ്റി ഹബ്ബിന്റെ ആസ്ഥാനം തൃക്കാക്കര നിയോജകമണ്ഡലത്തിന്റെ കേന്ദ്ര സ്ഥാനത്താണ്. വിഷയം വൈറ്റിലയുടെ വികസനമാണല്ലോ; അവിടെ മലപ്പുറത്തെ മന്ത്രിയും തൃശ്ശൂരുള്ള മന്ത്രിയും ആലപ്പുഴയിലെ ധനകാര്യ വകുപ്പുമന്ത്രിയും പൊതുമരാമത്ത് വകുപ്പ് മന്ത്രിയും ഗതാഗത വകുപ്പുമന്ത്രിയും വന്ന് ചർച്ച ചെയ്യുമ്പോൾ, പണയം വച്ച പാത്രംപോലെ ലോക്കൽ എം.എൽ.എ. പുറത്തുനിൽക്കുകയാണ്. ഇതെന്ത് മര്യാദയാണ്? കഴിഞ്ഞ കമ്മിറ്റിയിൽ എം.എൽ.എ.-ക്ക് ജി.സി.ഡി.എ.-യിൽ പ്രാതിനിധ്യം ഉണ്ടായിരുന്നു. ഇപ്പോൾ എല്ലാ കീഴ്വഴക്കങ്ങളും ലംഘിച്ചിരിക്കുന്നു. ടിഡയുടെ കാര്യവും ഇതുതന്നെയാണെന്ന് എന്നോട് ശ്രീ. കെ. മുരളീധരൻ പറഞ്ഞു. ട്രൈബൽ കമ്മിറ്റി പുനഃസംഘടിപ്പിച്ചു, വയനാട്ടിലെ ശ്രീ. ഐ. സി. ബാലകൃഷ്ണൻ പോലും അതിലില്ല. ഇവിടെ ബാലാവകാശ കമ്മീഷൻ പുനഃസംഘടിപ്പിച്ചതിന്റെ ഒരു രേഖ എനിക്കു ലഭിച്ചു. കൊട്ടിയൂരിൽ വൈദികൻ നടത്തിയ പീഡനക്കേസിൽ ആരോപണവിധേയനായ വ്യക്തിയെ ഉൾപ്പെടുത്തി ബാലാവകാശ കമ്മീഷൻ പുനഃസംഘടിപ്പിച്ചിരിക്കുന്നു. പനമരത്ത് പെൺകുട്ടിയെ പീഡിപ്പിച്ച കേസിലെ ആരോപണവിധേയനായ കോഴിക്കോടുള്ള ഒരാളെ കമ്മിറ്റിയിൽ ഉൾപ്പെടുത്തി യിരിക്കുന്നു. രാഷ്ട്രീയമായ മലക്കം മറിച്ചിലൊക്കെ ധാരാളം വരും, അങ്ങയെപ്പോലെ ഉന്നതനായ ഒരു വ്യക്തിയോട് ഞാൻ അതൊന്നും പറയേണ്ടതില്ലല്ലോ? മേയറും ജില്ലാ പഞ്ചായത്ത് പ്രസിഡന്റും ഈ പാവപ്പെട്ട എം.എൽ.എ.-യുമൊക്കെ കോൺഗ്രസ്സുകാരായിപ്പോയതല്ലാതെ വേറെ കുറ്റമൊന്നും ചെയ്തിട്ടില്ലല്ലോ, ഉണ്ടോ? ഞങ്ങളുടെ മണ്ഡലത്തിലെ വികസനത്തിനുവേണ്ടി തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധിയെ മാറ്റിനിർത്താൻ പാടില്ല. പ്രാദേശിക സർക്കാരുകളെ ശക്തിപ്പെടുത്തുമെന്നാണല്ലോ ഇടതുപക്ഷ ജനാധിപത്യ മുന്നണി പറയുന്നത്. പ്രാദേശിക സർക്കാരിനെ ശക്തിപ്പെടുത്തുമെങ്കിൽ മേയറെ മാറ്റിനിർത്തി എന്തു വികസനം; ജില്ലാ പഞ്ചായത്ത് പ്രസിഡന്റിനെ മാറ്റി നിർത്തി എന്തു വികസനം; എം.എൽ.എ.-യെ മാറ്റിനിർത്തി എന്തു വികസനം? ഈ കാര്യത്തിൽ സർക്കാർ പിടിവാശിയും അനാവശ്യമായ ദുരഭിമാനവും വെടിഞ്ഞ് സൃഷ്ടിപരമായ, ക്രിയാത്മകമായ ഒരു നടപടി സ്വീകരിക്കണമെന്ന് ബഹുമാന്യനായ മുഖ്യമന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇത്തരം കാര്യങ്ങളിൽ സൃഷ്ടിപരമായ നിലപാട് മാത്രമേ സംസ്ഥാന സർക്കാരിനുള്ളൂ. ഇവിടെ വൈറ്റില മൊബിലിറ്റി ഹബ്ബുമായി ബന്ധപ്പെട്ട ഒരു പ്രശ്നമാണ് സൂചിപ്പിച്ചത്. 2013-ലെ

റൂൾസ് ആൻഡ് റെഗുലേഷൻസിൽ ഗവേണിംഗ് ബോഡി, എക്സിക്യൂട്ടീവ് കമ്മിറ്റി എന്നിവയുടെ ഘടന വിവരിക്കുന്നുണ്ട്. ആയതുപ്രകാരം മുഖ്യമന്ത്രി ചെയർമാനായി 15 അംഗ ഡയറക്ടർ ബോർഡും ചീഫ് സെക്രട്ടറി ചെയർമാനായി 8 അംഗ എക്സിക്യൂട്ടീവ് കമ്മിറ്റിയുമാണുള്ളത്. പ്രദേശത്തെ എം.പി., എം.എൽ.എ. എന്നിവർ ഗവേണിംഗ് ബോഡി, എക്സിക്യൂട്ടീവ് കമ്മിറ്റി എന്നിവയിൽ പ്രസ്തുത റൂൾസ് ആൻഡ് റെഗുലേഷൻസ് അനുസരിച്ച് അംഗങ്ങളല്ല. ആയതിനാലാണ് 3-12-2016-ലെ ഉത്തരവുപ്രകാരം പുനഃസംഘടിപ്പിച്ച ഗവേണിംഗ് ബോഡിയിലും എക്സിക്യൂട്ടീവ് കമ്മിറ്റിയിലും മേൽപ്പറഞ്ഞ ജനപ്രതിനിധികളെ ഉൾപ്പെടുത്താതിരുന്നത്. 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ടും അതിന്മേലുള്ള ചട്ടങ്ങളിലെ വ്യവസ്ഥകളും പ്രകാരമാണ് ജി.സി.ഡി.എ. പുനഃസംഘടിപ്പിച്ചിട്ടുള്ളത്. അതിൻപ്രകാരം മേയർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ജില്ലാ കളക്ടർ എന്നിവർ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളല്ല. 16-12-2016-ൽ പുനഃസംഘടിപ്പിച്ച ജി.സി.ഡി.എ. ജനറൽ കൗൺസിലിലേയ്ക്ക് തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള പ്രതിനിധികളെ സർക്കാർ നാമനിർദ്ദേശം ചെയ്യാനിരിക്കുകയാണ്. സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന മുറയ്ക്ക് ഈ വിഭാഗത്തിലെ അംഗങ്ങളെ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ ഉൾപ്പെടുത്താൻ കഴിയുന്നതാണ്. നിലവിലുള്ള വ്യവസ്ഥകൾ പ്രകാരമാണ് മൊബിലിറ്റി ഹബ്ബിന്റേയും ജി.സി.ഡി.എ.യുടേയും ഗവേണിംഗ് ബോഡിയും എക്സിക്യൂട്ടീവ് കമ്മിറ്റിയും പുനഃസംഘടിപ്പിച്ചത്.

### (2) ജീവൻരക്ഷാ ഉപകരണങ്ങൾ അനുവദിക്കൽ

<u>ശ്രീമതി സി. കെ. ആശ</u>: സർ, വേമ്പനാട്ടുകായൽ അതിർത്തി പങ്കിടുന്ന വൈക്കം നിയോജകമണ്ഡലത്തിൽ വെള്ളക്കെട്ടുകളും കൈവഴികളും പുഴകളുമൊക്കെ ധാരാളമുണ്ട്. അതുകൊണ്ടുതന്നെ ഇവിടെ വെള്ളത്തിൽവീണുള്ള മരണങ്ങളും കൂടുതലാണ്. കഴിഞ്ഞ മാസം ഒരു വീട്ടിലെ രണ്ട് സഹോദരങ്ങൾ ഉൾപ്പെടെ ആറ് ചെറുപ്പക്കാരാണ് പുഴയിലും കായലിലും വീണു മരിച്ചത്. 2015 നവംബറിൽ ഒരു ഫയർ സ്റ്റേഷൻ വൈക്കത്ത് അനുവദിച്ചെങ്കിലും പഴയ രണ്ട് ഫയർ എഞ്ചിനുകളും ഒരു പഴയ ആംബുലൻസുമാണ് ഇപ്പോൾ അവിടെയുള്ളത്. ഉപകരണങ്ങളുടെ അഭാവം നിമിത്തം ജീവൻരക്ഷാ ദൗത്യങ്ങളിൽ ഏർപ്പെടാൻ കഴിയാതെ, ജനങ്ങൾക്ക് യാതൊരു പ്രയോജനവുമില്ലാതെയാണ് ഫയർ സ്റ്റേഷൻ അവിടെ പ്രവർത്തിക്കുന്നത്. വെള്ളത്തിൽ വീണ് മരിക്കുന്ന ഒട്ടേറെ കേസുകളുണ്ടാകുന്ന സാഹചര്യത്തിൽ സമീപ മണ്ഡലങ്ങളായ കടുത്തുരുത്തി, മൂവാറ്റുപുഴ എന്നിവിടങ്ങളിൽ നിന്നാണ് സ്കൂബാ സെറ്റ് ഉൾപ്പെടെയുള്ളവർ വരുന്നത്. അതിനാൽ അടിയന്തരമായി ഫയർ സ്റ്റേഷന് സ്കൂബാ സെറ്റും ഫ്ലോട്ട് പമ്പും ബി.എ. സെറ്റും ജീപ്പ്, സ്പീഡ് ബോട്ട്, മൊബൈൽ ടാഗ് യൂണിറ്റ് എന്നിവ ഉൾപ്പെടെ ആധുനിക ജീവൻ രക്ഷാ ഉപകരണങ്ങൾ ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, നമ്മുടെ സംസ്ഥാനത്ത് റോഡ് ആക്സിഡന്റ് കഴിഞ്ഞാൽ ഏറ്റവും കൂടുതൽ അപകടമരണങ്ങൾ സംഭവിക്കുന്നത് വെള്ളത്തിലാണ്. നിർഭാഗ്യകരമായ ഒട്ടേറെ സംഭവങ്ങൾ മാധ്യമങ്ങളിലൂടെ അറിയുമ്പോൾ നാം എല്ലാപേരും വല്ലാതെ വേദനിക്കുന്നു. ഇത് വൈക്കത്ത് മാത്രമുള്ള ഒരു പ്രശ്നമല്ല, ജലാശയങ്ങളുള്ള പല സ്ഥലങ്ങളിലും നിലനിൽക്കുന്ന ഒരു പ്രശ്നം തന്നെയാണ്. കഴിഞ്ഞ ഒരു മാസത്തിനുള്ളിൽ വൈക്കത്തും സമീപ പ്രദേശങ്ങളിലും അഞ്ച് വ്യത്യസ്ത സംഭവങ്ങളിലായി 6 പേർ വെള്ളത്തിൽ മുങ്ങിമരിച്ചിട്ടുണ്ട്. ഈ സംഭവങ്ങളുണ്ടായിടത്തെല്ലാം വൈക്കം അഗ്നിരക്ഷാ നിലയത്തിലെ ജീവനക്കാരെക്കൂടാതെ കോട്ടയം, മൂവാറ്റുപുഴ നിലയങ്ങളിലെ സ്കൂബാ സെറ്റടക്കമുള്ള ഉപകരണങ്ങളും മുങ്ങൽ വിദഗ്ദ്ധരേയും എത്തിച്ചാണ് രക്ഷാപ്രവർത്തനം നടത്തിയിട്ടുള്ളത്. 28-11-2015-ൽ പ്രവർത്തനം ആരംഭിച്ചെങ്കിലും വൈക്കം ഫയർ സ്റ്റേഷനിൽ സ്കൂബാ സെറ്റുപോലുള്ള ജീവൻരക്ഷാ ഉപകരണങ്ങൾ ലഭ്യമാക്കിയിരുന്നില്ല. 2016-17-ലെ വാർഷിക പദ്ധതി വിഹിതം ഉപയോഗിച്ച് 73 സ്കൂബാ സെറ്റ് വിത്ത് ഡൈവിംഗ് സ്യൂട്ട് വാങ്ങുന്നതിനുള്ള സപ്ലൈ ഓർഡർ നൽകിയിട്ടുണ്ട്. അത് ലഭിച്ചാൽ ഉടൻതന്നെ വൈക്കം അഗ്നിരക്ഷാ നിലയത്തിന് സ്കൂബാ സെറ്റുകൾ നൽകുന്നതാണ്. ഈ നിലയത്തിലേയ്ക്ക് സ്കൂബാ സെറ്റുകൾക്കുപുറമേ ആവശ്യമായ മറ്റ് ഉപകരണങ്ങളും കഴിയുന്നതുംവേഗം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുന്നതാണ്. എന്നാൽ അഗ്നിരക്ഷാ നിലയത്തിൽ ഇത്തരം ഉപകരണങ്ങൾ ഉണ്ടായതുകൊണ്ടുമാത്രം മുങ്ങിമരണങ്ങൾ ഒഴിവാക്കാനാവില്ല, അതിന് മതിയായ ബോധവൽക്കരണവും മുൻകരുതലുകളും ആവശ്യമാണ്. ഇത്തരം സംഭവങ്ങൾ ഒഴിവാക്കുന്നതിനായി മതിയായ ബോധവൽക്കരണവും മുൻകരുതൽ നടപടികളും സ്വീകരിക്കുന്നതിന് സംസ്ഥാന അഗ്നിരക്ഷാസേന പ്രദേശവാസികളുടെ സഹകരണത്തോടുകൂടി കമ്മ്യൂണിറ്റി റെസ്ക്യൂ വോളന്റിയർ സ്കീം ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്. ഈ പരിപാടി വൈക്കത്തും ഉടനെ തുടങ്ങാവുന്നതാണ്.

11.00 AM]

### (3) ബേക്കൽ ടൂറിസം

ശ്രീ. കെ. കുഞ്ഞിരാമൻ: സർ, ടൂറിസം രംഗവുമായി ബന്ധപ്പെട്ട് വളരെ പ്രധാനപ്പെട്ട ഒരു കാര്യം ഈ സബ്മിഷനിലൂടെ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. കേരളത്തിൽ മാത്രമല്ല ഇന്ത്യയിലും ഇന്ത്യയ്ക്ക് പുറത്തും അറിയപ്പെടുന്ന ഒരു പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രമാണ് ബേക്കൽ. ബേക്കൽ ടൂറിസം പദ്ധതി തുടങ്ങിയിട്ട് കാൽ നൂറ്റാണ്ട് കഴിഞ്ഞു. 1000 കോടി രൂപയുടെ പദ്ധതിയായിട്ടാണ് അന്നത്തെ സർക്കാർ അതിന് തുടക്കം കുറിച്ചത്. പല സർക്കാരുകളും പലപ്പോഴായി

കോടിക്കണക്കിന് രൂപ ഇതിനായി ചെലവഴിച്ചു. എന്നിട്ടും എവിടെയുമെത്താതെ പാതിവഴിക്ക് നിൽക്കുകയാണ്. പ്രവൃത്തി പൂർത്തീകരിക്കുന്നതിനായി ഈ സർക്കാർ പല പദ്ധതികളും ആവിഷ്കരിച്ചെങ്കിലും പൂർത്തിയാക്കാൻ കഴിഞ്ഞില്ല എന്നുള്ളതാണ് വസ്തുത. ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനായി പദ്ധതികൾ ആവിഷ്കരിക്കുന്നതിന്റെ കൂട്ടത്തിൽ അവിടെ ഒരു 'എയർ സ്ലിപ്പ് ' സ്ഥാപിക്കുന്നതിനായി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കഴിഞ്ഞ ബഡ്ജറ്റിൽ 10 കോടി രൂപ വകയിരുത്തിയിരുന്നു. എന്നാൽ ബഡ്ജറ്റിൽ പ്രഖ്യാപിച്ചു എന്നല്ലാതെ ഇതുവരെ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. ടൂറിസം രംഗത്ത് പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരുടെ അനാസ്ഥയാണ് ഇതിനെല്ലാം കാരണം. പല പ്രാവശ്യം ഞാൻ സഭയിൽ ഇക്കാര്യം ഉന്നയിച്ചിരുന്നു. ബഹുമാന്യരായ ടൂറിസം വകുപ്പുമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും അതിനെല്ലാം മറുപടി പറഞ്ഞു എന്നല്ലാതെ പദ്ധതി മുന്നോട്ടു പോകുന്നില്ല എന്നതാണ് പ്രധാനവസ്തുത. എയർ സ്ലിപ്പിനുവേണ്ടി നിലവിലുള്ള പാർക്കിന് പകരം രണ്ടും മൂന്നും പാർക്കുകൾ നിർമ്മിക്കുന്നതിനു വേണ്ടി സർക്കാർ കോടിക്കണക്കിന് രൂപ വകയിരുത്തുകയും ചെലവഴിക്കുകയും ചെയ്തുവെങ്കിലും ഇതുവരെ അതിന്റെ പ്രവർത്തനം പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. ചെലവഴിച്ച പണം മുഴുവൻ പാഴായിപ്പോവുകയാണ്. അവിടെ നിർമ്മിച്ച ക്വാർട്ടേഴ്സ്, മറ്റ് നിർമ്മാണ പ്രവൃത്തികൾ തുടങ്ങിയവയെല്ലാം അനാഥമായിക്കിടക്കുന്നതിനാൽ മറ്റ് സംസ്ഥാനങ്ങളിൽ നിന്നു വരുന്ന ആളുകൾ അത് കയ്യേറി നശിപ്പിച്ച് പോകുന്ന സ്ഥിതിയാണ് നിലവിലുള്ളത്. ഇക്കാര്യം ഞാൻ കാസർഗോഡ് ഡി.ഡി.സി. (District Development Committee)-യിൽ അവതരിപ്പിക്കുകയും വളരെ ഗൗരവമായി അക്കാര്യം പരിശോധിച്ച് റിപ്പോർട്ട് നൽകണമെന്ന് നിർദ്ദേശിക്കുകയും ചെയ്തതിന്റെ ഫലമായി, ഒരാളെ കാവൽക്കാരനായി ചുമതലപ്പെടുത്താമെന്ന് ബി.ആർ.ഡി.സി. (Bekal Resorts Development Corporation Ltd.) ഉറപ്പു നൽകുകയും ചെയ്തിരുന്നു. പക്ഷേ ഇന്നുവരെ അത് പാലിച്ചിട്ടില്ല. കോടിക്കണക്കിന് രൂപ ചെലവഴിച്ചിട്ടും ജനങ്ങൾക്കത് ഉപകാരപ്രദമാകാതെ തുടർന്നുപോകുന്നു എന്നുള്ളതാണ് വസ്തുത. അത് പരിഹരിക്കാനായി ബന്ധപ്പെട്ട വകുപ്പുമന്ത്രി അടിയന്തര നടപടികൾ സ്വീകരിക്കണം. രണ്ടാമത്തെ കാര്യം, ഇപ്പോൾ അവിടെ എത്തുന്ന ആയിരക്കണക്കിന് ടൂറിസ്റ്റുകൾക്ക് സൗകര്യപ്രദമായ ഒരു സേവനവും നൽകാൻ കഴിയുന്നില്ല. കെ.ടി.ഡി.സി.യുടെ (Kerala Tourism Development Corporation) കീഴിൽ ഒരു കോട്ടേജ് നിർമ്മിക്കാൻ തീരുമാനിച്ചിരുന്നെങ്കിലും അതും പാതിവഴിയിലാണ്. ടൂറിസ്റ്റുകളെ ആകർഷിക്കാൻ ഒരു നടപടിയുമില്ലെന്ന് മാത്രമല്ല അവർക്ക് കുടിക്കാൻ നല്ല വെള്ളം കൊടുക്കാനുള്ള സംവിധാനം പോലുമില്ല. കേരളത്തിൽ ഇത്രയും മനോഹരമായ ടൂറിസ്റ്റ് ഏരിയ വേറെയില്ല, കോവളമൊക്കെ അതിനും എത്രയോ പിന്നിലാണ്. എം.എൽ.എ.-മാരുടെ

ഒരു കോച്ചിംഗ് ബേക്കൽ ടൂറിസ്റ്റ് കേന്ദ്രത്തിൽ വയ്ക്കാമെന്ന് മുമ്പൊരിക്കൽ ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞിരുന്നു. അന്നത്തെ ടൂറിസം വകുപ്പുമന്ത്രി ശ്രീ. എ. സി. മൊയ്തീൻ അത് സമ്മതിച്ചതായിരുന്നു, പക്ഷേ ഇതുവരെ അത് നടപ്പിലായില്ല. തിരുവനന്തപുരം ജില്ലയിൽ നിന്നുള്ള ടൂറിസം വകുപ്പുമന്ത്രി കാസർഗോഡുള്ള ഈ പ്രശ്നത്തിൽ അടിയന്തരമായി ഇടപെട്ട് ബേക്കൽ ടൂറിസം പദ്ധതി നടപ്പിലാക്കാൻ സഹായിക്കണമെന്നാണ് ആവശ്യപ്പെടുന്നത്.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ടൂറിസം വികസനത്തിന്റെ കാര്യത്തിൽ പ്രാദേശിക പ്രശ്നങ്ങളൊന്നുമില്ല. മലബാറിലെ ടൂറിസം വികസനത്തിന് പ്രാധാന്യം നൽകിക്കൊണ്ടുള്ള ഒരു സമീപനമാണ് കഴിഞ്ഞ ഒരു വർഷമായി ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച സബ്മിഷനിൽ പ്രധാനമായും പറയുന്നത്, കാസർഗോഡ് ജില്ലയിലെ പെരിയ വില്ലേജിൽ വിനോദസഞ്ചാര കേന്ദ്രമായിട്ടുള്ള ബേക്കലിൽ എയർ സ്ട്രിപ്പ് നിർമ്മിക്കുന്നതിനുള്ള പദ്ധതിയെക്കുറിച്ചാണ്. ആ പദ്ധതിക്കായി ബി.ആർ.ഡി.സി-ക്ക് തത്വത്തിൽ അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടായിരുന്നു. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ബേക്കലിൽ എയർ സ്ട്രിപ്പ് നിർമ്മാണത്തിനുള്ള സാദ്ധ്യതാപഠനം നടത്തുന്നതിന് ബി.ആർ.ഡി.സി. സിയാലിനെയാണ് (Cochin International Airport Limited) ചുമതലപ്പെടുത്തിയത്. 2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ടൂറിസം വികസനം ലക്ഷ്യമിട്ടുകൊണ്ട് ബേക്കൽ, വയനാട്, ഇടുക്കി എന്നീ ജില്ലകളിൽ എയർ സ്ട്രിപ്പ് സ്ഥാപിക്കുന്നതിന് മുൻഗണന നൽകുമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സൂചിപ്പിച്ചിരുന്നു. എയർ സ്ട്രിപ്പ് നിർമ്മാണത്തിനായി 80.41 ഏക്കർ സ്ഥലം കണ്ടെത്തിയിരുന്നു. ഇതിൽ 51.65 ഏക്കർ സ്ഥലം സ്വകാര്യ വ്യക്തികളുടേതാണ്; 28.76 ഏക്കർ സ്ഥലമാണ് സർക്കാർ ഭൂമിയുള്ളത്. ഭൂമി ഏറ്റെടുക്കുന്നതിനുള്ള ചെലവുകൂടി പരിഗണിക്കുമ്പോൾ സിയാലിന്റെ റിപ്പോർട്ടുപ്രകാരം ബേക്കൽ എയർ സ്ട്രിപ്പ് ലാഭകരമായി നടത്താൻ കഴിയില്ലെന്നാണ് കണ്ടെത്തിയിട്ടുള്ളത്. അതുകൊണ്ട് വിശദമായ ഒരു പഠനം അക്കാര്യത്തിൽ ആവശ്യമാണ്. ബേക്കൽ സൗത്ത് ബീച്ചിന്റെ നിർമ്മാണ പ്രവർത്തനം സുനാമി ഫണ്ടുപയോഗിച്ച് ടൂറിസം വകുപ്പിനുവേണ്ടി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ആരംഭിച്ചുവെങ്കിലും പൂർത്തീകരിച്ചിരുന്നില്ല. പിന്നീട് പ്രസ്തുത പാർക്കിന്റെ നിർമ്മാണത്തിന്റെ ഒന്നാംഘട്ട നവീകരണം പൂർത്തിയാക്കുന്നതിന് ടൂറിസം വകുപ്പ് 138 ലക്ഷം രൂപ ബി.ആർ.ഡി.സി.-ക്ക് അനുവദിക്കുകയും പ്രവൃത്തികൾ ഇപ്പോൾ പൂർത്തീകരിക്കുകയും ചെയ്തു. ബാക്കി പ്രവൃത്തികൾക്ക് രണ്ടാം ഘട്ടത്തിൽ 110 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ 55 ലക്ഷം രൂപ ബി.ആർ.ഡി.സി.-ക്ക് കൈമാറിയിട്ടുണ്ട്. നവീകരണ

പ്രവർത്തനങ്ങൾ നടന്നുവരികയാണ്. അത് വേഗത്തിലാക്കാൻ ശ്രമിക്കാം. നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ച പാർക്ക് പൊതുജനങ്ങൾക്ക് അടിന്തരമായി തുറന്നു കൊടുക്കാനാവശ്യമായ നടപടി സ്വീകരിക്കും. ബേക്കൽ ബീച്ച് ക്യാമ്പിൽ കെ.ടി.ഡി.സി.-യുടെ 6 കോട്ടേജുകൾ, റിസപ്ഷൻ ബ്ലോക്ക്, കിച്ചൻ ബ്ലോക്ക്, പ്ലാന്റ് റൂം, ലാൻഡ്സ്കേപ്പ് മുതലായ സൗകര്യങ്ങളോടുകൂടിയ റിസോർട്ടിന്റെ പണി പൂർത്തീകരിച്ച് 2016-ൽത്തന്നെ പ്രവർത്തനം ആരംഭിച്ചു. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ എന്തെങ്കിലും പോരായ്മകളോ കുറവുകളോ കെ.ടി.ഡി.സി.യുടെ പ്രോജക്ടിനുണ്ടെങ്കിൽ അതുകൂടി പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കും. ഇപ്പോൾത്തന്നെ 2 കോടി 30 ലക്ഷം രൂപ കെ.ടി.ഡി.സി.യുടെ കോട്ടേജുകളുടെയും മറ്റ് അനുബന്ധ പ്രവർത്തനങ്ങളുടെയും നിർമ്മാണത്തിനുവേണ്ടി ചെലവഴിച്ചുകഴിഞ്ഞു. പോരായ്മകൾ ഉണ്ടെങ്കിൽ അത് പരിഹരിക്കാം. ബേക്കലുമായി ബന്ധപ്പെട്ട് ഒരു യോഗം വിളിച്ചുചേർത്ത് ആ പ്രശ്നങ്ങളെ സംബന്ധിച്ച് ഗൗരവമായി ചർച്ച ചെയ്ത് തീരുമാനമെടുക്കാം.

## (4) സീരിയലുകളുടെ നിലവാരം

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, നമ്മുടെ ചാനലുകളിൽ സംപ്രേഷണം ചെയ്യുന്ന പല സീരിയലുകളും ജനമനസ്സുകളെ മലീമസമാക്കുന്ന ആശയങ്ങൾ പ്രചരിപ്പിക്കുന്നവയാണ്. നിരവധി എപ്പിസോഡുകളിലായി ജനവിരുദ്ധ ആശയങ്ങൾ ഉൽപ്പാദിപ്പിക്കുകയാണ്. സമൂഹത്തെ മുന്നോട്ട് നയിക്കുന്നതിൽ കലയും സാംസ്കാരിക പ്രവർത്തനങ്ങളും വലിയ സംഭാവനകളാണ് നൽകിയിട്ടുള്ളത്. കേരളത്തിൽ 'അടുക്കളയിൽ നിന്ന് അരങ്ങത്തേയ്ക്ക്' എന്ന നാടകം സാമൂഹ്യ അനാചാരങ്ങൾക്കെതിരെയുള്ള തീപ്പന്തമായിരുന്നു. കെ. ദാമോദരന്റെ 'പാട്ടബാക്കി' കൃഷിക്കാരന്റെയും കുടിയാന്റെയും ജീവിത ദുരിതങ്ങൾ പച്ചയായി ആവിഷ്കരിച്ച കലാസൃഷ്ടിയാണ്. തോപ്പിൽ ഭാസിയും കെ. ടി. മുഹമ്മദും ഇതേ ദൗത്യം നിർവ്വഹിച്ചവരാണ്. സാഹിത്യവും നിരവധി സിനിമകളുമെല്ലാം മനുഷ്യന്റെ നന്മകളെ ഉദ്ദീപിപ്പിക്കുന്നതായിരുന്നു. ഇന്ന് എല്ലാ വീടുകളിലും സായാഹ്നങ്ങളെ അപഹരിക്കുന്ന സീരിയലുകൾ ഇത്തരമൊരു നന്മയല്ല ഉൽപ്പാദിപ്പിക്കുന്നത്. അവഹേളനങ്ങളും പീഡനങ്ങളും ഏഷണികളും മനുഷ്യ ദ്രോഹവും മാത്രമാണ് ഇതിന്റെ മുഖമുദ്ര. മനുഷ്യനന്മകളെ തകർക്കുന്ന ആശയങ്ങൾ തുടർച്ചയായി കുത്തിവയ്ക്കുകവഴി വലിയ സാമൂഹ്യപ്രശ്നങ്ങളാണ് ഉളവാക്കുന്നത്. നമ്മുടെ സിനിമകൾ പരിശോധിക്കാൻ സെൻസർ ബോർഡുണ്ട്; എന്നാൽ യാതൊരു തരത്തിലുള്ള പരിശോധനകളും സീരിയലുകൾക്ക് ബാധകമല്ല. അതുകൊണ്ടുതന്നെ സംസ്ഥാനത്ത് ഒരു പുതിയ സംവിധാനം/നിയമനിർമ്മാണം നടത്തി ഇത്തരത്തിൽ സാമൂഹ്യവിരുദ്ധ ആശയങ്ങൾ പ്രചരിപ്പിക്കുന്ന സീരിയലുകളുടെ മനുഷ്യദ്രോഹപരമായ കാര്യങ്ങൾ നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ടെലിവിഷൻ സീരിയലുകൾ സെൻസർ ചെയ്യാൻ സംസ്ഥാന സർക്കാരിന് നിലവിൽ സംവിധാനങ്ങളില്ല. ടെലിവിഷൻ സീരിയലുകളുമായി ബന്ധപ്പെട്ട നടപടികൾ നിയന്ത്രിക്കുന്നത് കേന്ദ്രസർക്കാർ പാസ്സാക്കിയ കേബിൾ ടെലിവിഷൻ നെറ്റ്‌വർക്ക്സ് (റെഗുലേഷൻ) ആക്ട്, 1995 പ്രകാരം കേന്ദ്ര വാർത്താപ്രക്ഷേപണ മന്ത്രാലയമാണ്. ഈ ആക്ട് പ്രകാരം ചാനലുകളിലൂടെ പ്രക്ഷേപണം ചെയ്യുന്ന പരിപാടികൾക്ക് പ്രോഗ്രാം കോഡ്, അഡ്വർടൈസിംഗ് കോഡ് എന്നിവ പാലിച്ചിരിക്കണം. ടെലിവിഷൻ പരിപാടികളിൽ നിയമപ്രകാരം നിഷ്കർഷിക്കുന്ന പ്രോഗ്രാം കോഡ്, അഡ്വർടൈസിംഗ് കോഡ് എന്നിവ പാലിക്കുന്നത് പരിശോധിക്കാൻ ഈ ആക്ട് പ്രകാരം സംസ്ഥാനത്ത് ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ചാനലുകളിലൂടെ സംപ്രേക്ഷണം ചെയ്യുന്ന പരിപാടികളെ സംബന്ധിച്ച പരാതികൾ സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുകയും സമിതിയുടെ ശിപാർശയോടെ കേന്ദ്ര വാർത്താ പ്രക്ഷേപണ മന്ത്രാലയത്തെ അറിയിക്കുകയും ചെയ്യുന്നതാണ്. നിലവിലുള്ള നടപടിക്രമം അനുസരിച്ച് ഈ ശിപാർശകളിന്മേൽ കേന്ദ്ര വാർത്താപ്രക്ഷേപണ മന്ത്രാലയമാണ് തുടർനടപടികൾ സ്വീകരിക്കുക. സംസ്ഥാനത്തിന് പ്രത്യേകമായി നിയമനിർമ്മാണം നടത്താനുള്ള അധികാരമുണ്ടോ എന്നുള്ളത് പരിശോധിക്കാം.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

## (5) ബൈപ്പാസിന് ഭരണാനുമതി

ശ്രീ. റോജി എം. ജോൺ: സർ, മദ്ധ്യകേരളത്തിലെ ഏറ്റവും തിരക്കേറിയ ഒരു നഗരമാണ് അങ്കമാലി. ദേശീയപാതയും എം.സി. റോഡും ഒന്നിക്കുന്ന പ്രദേശം, കൊച്ചി വിമാനത്താവളം, ആദിശങ്കരന്റെ ജന്മനാടായ കാലടി, മലയാറ്റൂർ തീർത്ഥാടന കേന്ദ്രം എന്നിവ ഉൾപ്പെടുന്ന ഈ പ്രദേശത്തിന്റെ ഏറ്റവും വലിയ പ്രശ്നം അവിടത്തെ ഗുരുതരമായ ഗതാഗതക്കുരുക്കാണ്. അതിന് ഏക പോംവഴി അങ്കമാലി ബൈപ്പാസ് നിർമ്മിക്കുക എന്നുള്ളതാണ്. അത് കണക്കിലെടുത്തു കൊണ്ടാണ് കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് ഇതേക്കുറിച്ച് വിശദമായി പഠിക്കുന്നതിനും ഡി.പി.ആർ. തയ്യാറാക്കുന്നതിനും റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ KITCO-യെ (Kerala Industrial and Technical Consultancy Organisation Ltd) ചുമതലപ്പെടുത്തിയത്. KITCO വിശദമായ പഠനം നടത്തി പദ്ധതിരേഖ സമർപ്പിക്കുകയുണ്ടായി. ഈ സർക്കാർ അധികാരത്തിൽ വന്ന ഉടൻതന്നെ ഞാൻ ബഹുമാന്യരായ പൊതുമരാമത്ത് വകുപ്പുമന്ത്രി, ധനകാര്യ വകുപ്പുമന്ത്രി, മുഖ്യമന്ത്രി എന്നിവരുമായി ഈ വിഷയം

ചർച്ച ചെയ്തു. കഴിഞ്ഞ സർക്കാരിന്റെ ആദ്യത്തെ ബഡ്ജറ്റിൽ ഇതിനായി 50 കോടി രൂപ വകയിരുത്തുകയുണ്ടായി. അതിനുശേഷം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അങ്കമാലിയിൽ വന്നപ്പോൾ ഇതേക്കുറിച്ച് ചർച്ച നടത്തുകയുണ്ടായി. അങ്ങ് സൂചിപ്പിച്ചത്, കിഫ്ബിയിൽ ഉൾപ്പെടുത്തി പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതിനായി DPR (Detailed Project Report)-നുവേണ്ടി കാത്തിരിക്കുകയാണെന്നാണ്. അതിന്റെ അടിസ്ഥാനത്തിൽ കിറ്റ്കോയുമായി ബന്ധപ്പെട്ട് കിഫ്ബിയുടെ മാനദണ്ഡങ്ങൾക്കനുസരിച്ച് നടപടികൾ സ്വീകരിക്കുകയും റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷൻ കിഫ്ബി ബോർഡിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇത് അങ്കമാലിയുടെ മാത്രം പ്രശ്നമല്ല, മദ്ധ്യകേരളത്തിൽ കൂടി കടന്നുപോകുന്ന എല്ലാവരെയും സംബന്ധിക്കുന്ന ഒരു വിഷയമെന്ന നിലയിൽ അടിയന്തര പ്രാധാന്യം നൽകുകയും കിഫ്ബിയുടെ ഏറ്റവും അടുത്ത യോഗത്തിൽത്തന്നെ ഈ വിഷയം ഉൾപ്പെടുത്തുകയും ഭരണാനുമതി ലഭ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യണമെന്നുള്ളതാണ് എന്റെ സബ്മിഷൻ.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രഖ്യാപനത്തിൽ 135-ാം ഖണ്ഡിക പ്രകാരം കിഫ്ബി മുഖേന നടപ്പാക്കുന്ന 17 ബൈപ്പാസുകളിൽ 16-ാമത്തെ ഇനമായി അങ്കമാലി-കൊച്ചി എയർപോർട്ട് ബൈപ്പാസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. പ്രസ്തുത പദ്ധതിക്ക് 50 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ബഹുമാനപ്പെട്ട മെമ്പർ വ്യക്തമാക്കിയതുപോലെ, DPR തയ്യാറാക്കുമ്പോൾ 50 കോടി രൂപയല്ല, 200 കോടി രൂപയായാലും ബൈപ്പാസ് നിർമ്മിക്കും. അങ്കമാലി-കൊച്ചി എയർപോർട്ട് ബൈപ്പാസ് പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട്, കോസ്റ്റ് ബെനിഫിറ്റ് അനാലിസിസ് എന്നിവ കിഫ്ബി വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ട്. എന്നാൽ ഭരണാനുമതിയുടെ പകർപ്പ് അതിലില്ല. മേൽനടപടികൾ സ്വീകരിക്കുന്നതിന് കിഫ്ബിക്ക് ഭരണാനുമതി ആവശ്യമാണ്. ഭരണാനുമതി ലഭിക്കാൻ ധനകാര്യ വകുപ്പിൽ വരേണ്ട ആവശ്യമില്ല. ബഡ്ജറ്റ് പ്രസംഗത്തിലുണ്ടെങ്കിൽ ബന്ധപ്പെട്ട വകുപ്പിന് ഭരണാനുമതി നൽകാവുന്നതാണ്. ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് ഉടൻതന്നെ DPR അപ്രൈസൽ നടത്തും. അതിനൊരു താമസവും ഉണ്ടാകില്ല. റോഡിന് എന്തെങ്കിലും അഡീഷണലായി വർക്ക് വേണ്ടിവരികയാണെങ്കിൽ പ്രോജക്ട് വൈകാതിരിക്കാൻ ലാൻഡ് അക്വിസിഷന്റെ കമ്പോണന്റ് എടുത്തശേഷം അതിനുള്ള നടപടികൾ പെട്ടെന്ന് സ്വീകരിക്കാവുന്നതാണ്. പ്രസ്തുത പദ്ധതി വളരെ പെട്ടെന്ന് ചെയ്യണമെന്നാണ് സർക്കാരിന്റെയും ഉദ്ദേശ്യം.

## (6) ചികിത്സാപ്പിഴവുമൂലമുള്ള മരണം

ശ്രീ. കെ. എം. ഷാജി: സർ, കളമശ്ശേരി മെഡിക്കൽ കോളേജിലെ രണ്ടാം വർഷ എം.ബി.ബി.എസ്. വിദ്യാർത്ഥിനി ഷംനയുടെ മരണം നടന്നിട്ട് ഇന്നേയ്ക്ക് ഏകദേശം ഒൻപതര മാസം കഴിഞ്ഞിരിക്കുന്നു. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയുടെ അയൽക്കാരിയും നാട്ടുകാരിയും അങ്ങേയ്ക്ക് അറിയാവുന്ന കേസുംകൂടിയാണിത്. ചെറിയ പനി വന്നതിനെത്തുടർന്ന് അവർ പഠിക്കുന്ന അങ്കമാലി മെഡിക്കൽ കോളേജിൽ അഡ്മിറ്റ് ചെയ്യുകയും ഒരു ഇൻജക്ഷൻ നൽകുകയും ചെയ്തു. ഇൻജക്ഷൻ നൽകി മിനിട്ടുകൾക്കകം തന്നെ ആ കുട്ടി അവിടെ കുഴഞ്ഞുവീണു. ഐ.സി.യു.വിലേക്ക് മാറ്റാൻ ഒരു സ്ട്രക്ചർ ലഭ്യമാകാൻ 20 മിനിട്ട് വേണ്ടിവന്നു എന്നാണ് അന്വേഷണത്തിൽനിന്ന് മനസ്സിലായത്. വിദഗ്ദ്ധ ചികിത്സയ്ക്കാണെന്ന് പറഞ്ഞ് ആറ് മണിക്കാണ് ഷംനയെ രാജഗിരി ഹോസ്പിറ്റലിൽ അഡ്മിറ്റ് ചെയ്യുന്നത്. അവർ പതിനായിരം രൂപ ചികിത്സയ്ക്കായി വാങ്ങുകയും ചെയ്തു. 3.45-ന് ഈ കുട്ടി മരണപ്പെട്ടുവെന്നാണ് ഫോറൻസിക് സർജൻ പറയുന്നത്. 3.45-ന് മരണപ്പെട്ട കുട്ടിയെ ആറ് മണിക്ക് രാജഗിരി ഹോസ്പിറ്റലിൽ അഡ്മിറ്റ് ചെയ്തശേഷം പതിനായിരം രൂപ വാങ്ങിയെന്നാണ് പറയുന്നത്. അവർക്ക് മയ്യത്ത് പരിപാലനത്തിന് പൈസ വാങ്ങുന്ന വല്ല പരിപാടിയുമുണ്ടോ? അവരുടെ പേരിൽ ഒരു അന്വേഷണവും ഇതുവരെ നടന്നിട്ടില്ല. അന്വേഷണം നടത്തിയെന്ന് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ രണ്ടുപേരെ സസ്പെൻഡ് ചെയ്യുകയും ഒരു മാസത്തിനകം തിരിച്ചെടുക്കുകയും ചെയ്തു. സർക്കാർ ധനസഹായമായി മൂന്ന് ലക്ഷം രൂപ നൽകി. എന്നാൽ ആ കുടുംബം ആ പണം വാങ്ങിയിട്ടില്ല. ഈ കുട്ടിയുടെ പിതാവായ ശ്രീ. കെ. എ. അബൂട്ടി ഒരു ഇടതുപക്ഷ സഹയാത്രികൻ കൂടിയാണ്. ബഹുമാനപ്പെട്ട മന്ത്രിക്ക് ഈ കുട്ടിയുടെ പിതാവിനെ നന്നായി അറിയാവുന്നതാണ്. ശിവപുരത്ത് ആദ്യമായി മെരിറ്റ് അടിസ്ഥാനത്തിൽ മെഡിക്കൽ പ്രവേശനം ലഭിച്ച ഒരു കുട്ടിയാണിത്. മെഡിക്കൽ ഓഫീസറുടെ അന്വേഷണം നടന്നു, ഡോക്ടർ ജിൽസി ജോർജിനെ സസ്പെൻഡ് ചെയ്തു എന്നൊക്കെ സാധാരണ കേൾക്കുന്ന മറുപടിയായിരിക്കും ആരോഗ്യ വകുപ്പുമന്ത്രിക്ക് പറയാനുള്ളത്. രണ്ടാം തവണയും ഒരേ കേസിൽ സസ്പെൻഡ് ചെയ്തു. പക്ഷേ നടപടിയുണ്ടായിട്ടില്ല. ക്രൈം ബ്രാഞ്ച് അന്വേഷണം ഒൻപത് മാസമായിട്ടും എവിടെയും എത്തിയിട്ടില്ല. അതേ മെഡിക്കൽ കോളേജിൽ തന്നെയാണ് സൗണ്ട് എഞ്ചിനീയറിംഗിന് പഠിക്കുന്ന ജെറിൻ മൈക്കിൾ മരണപ്പെട്ടത്. ഒരു നാടിന്റെ പ്രതീക്ഷകളാണ് ഡോക്ടർമാരുടെ അനാസ്ഥമൂലം നഷ്ടപ്പെടുന്നത്. ഈ വിഷയത്തിൽ അടിയന്തരമായി ക്രൈം ബ്രാഞ്ച് അന്വേഷണം പൂർത്തിയാക്കുന്നതോടൊപ്പംതന്നെ മരണപ്പെട്ട കുട്ടിയുടെ പിതാവിന് നീതി ലഭ്യമാക്കാനുള്ള നടപടി ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്ത് നിന്നുണ്ടാകണമെന്നും നഷ്ടപരിഹാരത്തുക പുനഃപരിശോധിക്കണമെന്നുമാണ് എനിക്ക് ഈ സബ്മിഷനിലൂടെ അവതരിപ്പിക്കാനുള്ളത്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ദൗർഭാഗ്യകരമായ സംഭവമായിരുന്നു ഷംന തസ്നീമിന്റെ മരണം. എറണാകുളം സർക്കാർ മെഡിക്കൽ കോളേജിലെ രണ്ടാം വർഷ എം.ബി.ബി.എസ്. വിദ്യാർത്ഥിനിയായ ഷംന തസ്നീം പനി, ചുമ, തൊണ്ടവേദന, ശ്വാസംമുട്ടൽ എന്നിവയെ തുടർന്ന് 18-7-2016-ന് എറണാകുളം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സ തേടുകയുണ്ടായി. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ, ഷംന തസ്നീം എന്റെ ഏറ്റവും അടുത്ത സുഹൃത്തായ ശ്രീ. കെ. എ. അബൂട്ടിയുടെ മകളാണ്. ഞങ്ങളുടെയും ആ കുടുംബത്തിന്റെയുമെല്ലാം പ്രതീക്ഷയായിരുന്നു ആ കുട്ടി. ജനറൽ മെഡിസിൻ വിഭാഗം മേധാവിയായ ഡോക്ടർ ജിൽസ് ജോർജിന്റെ നിർദ്ദേശാനുസരണം ഇൻജക്ഷൻ നൽകുകയും അതിനെത്തുടർന്ന് കുട്ടിയുടെ നില വഷളായി പെട്ടെന്നുതന്നെ മരണം സംഭവിക്കുകയും ചെയ്തുവെന്നാണ് അന്വേഷണ റിപ്പോർട്ടിൽനിന്ന് മനസ്സിലാക്കാൻ സാധിക്കുന്നത്. ഇക്കാര്യത്തിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ജോയിന്റ് ഡയറക്ടർ, ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജിലെ ജനറൽ മെഡിസിൻ വിഭാഗം പ്രൊഫസറായ ഡോക്ടർ ടി. കെ. സുമ എന്നിവരുടെ നേതൃത്വത്തിൽ രൂപീകരിച്ച രണ്ട് സംഘങ്ങൾ അന്വേഷണം നടത്തിയിരുന്നു. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ജോയിന്റ് ഡയറക്ടറുടെ നേതൃത്വത്തിൽ രൂപീകരിച്ച ഉദ്യോഗസ്ഥ സംഘത്തിന്റെ അന്വേഷണ റിപ്പോർട്ട് സർക്കാർ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 4-10-2016-ലെ സർക്കാർ ഉത്തരവുപ്രകാരം എറണാകുളം മെഡിക്കൽ കോളേജിലെ ജനറൽ മെഡിസിൻ വിഭാഗം മേധാവിയായ ഡോ. ജിൽസ് ജോർജിനെ അച്ചടക്ക നടപടിക്ക് വിധേയമായി സർവ്വീസിൽനിന്ന് മാറ്റിനിർത്തുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ജനറൽ മെഡിസിൻ വിഭാഗം ഫസ്റ്റ് ഇയർ അക്കാദമിക് ജൂനിയർ റസിഡന്റായ ഡോ. ബിനോ ജോസും ഇക്കാര്യത്തിൽ അലംഭാവം കാട്ടിയതായി സർക്കാരിന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടിയാനെയും 2009-ലെ സർക്കാർ മെഡിക്കൽ കോളേജുകളുടെ റസിഡൻസി പ്രോഗ്രാം മാന്വൽ നിഷ്കർഷിച്ചുപ്രകാരം സർവീസിൽനിന്ന് മാറ്റിനിർത്തിയിരുന്നു. എന്നാൽ ടിയാളുകൾ സമർപ്പിച്ച അപ്പീലുകൾ പരിശോധിച്ച ശേഷം സർവീസിൽ പുനഃപ്രവേശനം നൽകുകയുണ്ടായി. എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസറുടെ കീഴിൽ 26-9-2016-ന് രൂപീകരിച്ച ഷംന തസ്നീമിന്റെ മരണത്തിന്മേലുള്ള എക്സ്പേർട്ട് പാനൽ കമ്മിറ്റി റിപ്പോർട്ടിൽ പരാമർശിക്കുന്ന നടപടിക്രമങ്ങളിലെ വീഴ്ച, ബന്ധപ്പെട്ട ഡോക്ടർമാരുടെയും നഴ്സുമാരുടെയും കർത്തവ്യാനുഷ്ഠാനം എന്നിവയിൽ അന്വേഷണം നടത്തുന്നതിന് 23-11-2016-ന് വീണ്ടും ഉത്തരവാകുകയും മെഡിക്കൽ കോളേജിലെ ജനറൽ മെഡിസിൻ വിഭാഗം പ്രൊഫസറായ ഡോ. ടി. കെ. സുമയുടെ നേതൃത്വത്തിൽ ഒരു വിദഗ്ദ്ധ സമിതിയെ നിശ്ചയിക്കുകയുമുണ്ടായി. റിപ്പോർട്ടുകൾ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഷംന തസ്നീമിന്റെ മരണത്തിനാധാരമായ സംഭവങ്ങളിൽ

എറണാകുളം സർക്കാർ മെഡിക്കൽ കോളേജിലെ ജനറൽ മെഡിസിൻ വിഭാഗം മേധാവിയായ ഡോക്ടർ ജിൽസ് ജോർജിന് വീഴ്ച സംഭവിച്ചതായി സർക്കാരിന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അച്ചടക്ക നടപടിക്ക് വിധേയമായി അദ്ദേഹത്തെ സർവ്വീസിൽ നിന്ന് മാറ്റിനിർത്തിക്കൊണ്ട് 20-4-2017-ന് ഉത്തരവായിട്ടുണ്ട്. ജില്ലാ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ ചേർന്ന മെഡിക്കൽ ബോർഡ് യോഗത്തിൽ പോസ്റ്റ്മോർട്ടം ചെയ്ത ഡോക്ടർ വിയോജനക്കുറിപ്പ് എഴുതിയിട്ടും അപ്പെക്സ് ബോഡിക്ക് അയച്ചില്ലെന്നും ആയതിനാൽ സ്റ്റേറ്റ് അപ്പെക്സ് ബോഡി ഈ കേസ് വീണ്ടും പരിഗണിക്കണമെന്നും ആവശ്യപ്പെട്ട് ശ്രീ. കെ. എ. അബൂട്ടി സർക്കാരിൽ സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ പരാതിക്കാരന്റെ ആവശ്യം പരിഗണിക്കാനുള്ള നിർദ്ദേശം ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നൽകുകയുണ്ടായി. 24-11-2016-ൽ കൂടിയ അപ്പെക്സ് കമ്മിറ്റി ഈ വിഷയം പരിഗണിച്ചിരുന്നു. അപ്പെക്സ് കമ്മിറ്റി യോഗം കഴിഞ്ഞ് മറ്റ് വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനായി ആരോഗ്യവകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകുകയുണ്ടായി. പിന്നീട് ശ്രീ. കെ. എ. അബൂട്ടിയുടെ പരാതി ആഭ്യന്തര വകുപ്പിന് കൈമാറുകയുണ്ടായി. എറണാകുളം സർക്കാർ മെഡിക്കൽ കോളേജിൽ ഇത്തരത്തിലുള്ള ദാരുണമായ മരണങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള മുൻകരുതൽ സ്വീകരിക്കാനുള്ള ചില നിർദ്ദേശങ്ങളും ഡോക്ടർ ടി. കെ. സുമയുടെ നേതൃത്വത്തിലുള്ള കമ്മിറ്റി സമർപ്പിച്ചിട്ടുണ്ട്. ഇത് വളരെ ദാരുണമായ സംഭവമാണ്. ഷംന തസ്നീം ശ്വാസംമുട്ടലും പനിയും ഉണ്ടായതിനെത്തുടർന്നാണ് രാത്രി ആശുപത്രിയിലേയ്ക്ക് വന്നത്. അവരെ അഡ്മിറ്റ് ചെയ്ത ഡോക്ടർ ജിൽസ് ജോർജിന്റെ ആദ്യത്തെ റിപ്പോർട്ടിൽ ജനറൽ വാർഡിൽ അഡ്മിറ്റ് ചെയ്തുവെന്നാണ് പറഞ്ഞിട്ടുള്ളത്. എന്നാൽ ഷംന തസ്നീം പേവാർഡിലാണ് കിടന്നിരുന്നത്. കുട്ടികൾക്കായി സ്പെഷ്യലായി പേവാർഡിനോടൊപ്പം ഒരു റൂമുണ്ട്. അവിടെ അന്ന് മറ്റൊരു കുട്ടി ഉണ്ടായിരുന്നതുകൊണ്ട് ഈ കുട്ടി തൊട്ടടുത്തുള്ള പേവാർഡിലെ റൂമിൽ കിടന്നു എന്നാണ് പറയുന്നത്. എന്നാൽ ജനറൽ വാർഡിലാണ് അഡ്മിറ്റ് ചെയ്തിരുന്നതെന്ന് ഡോക്ടർ പറയുന്നു. അതിന്റെ അടിസ്ഥാനത്തിൽ ആദ്യം അപ്പീൽ നൽകിയപ്പോൾ സസ്പെൻഷൻ കഴിഞ്ഞ് സർവ്വീസിൽ കയറിയെങ്കിലും പിന്നീട് വിശദമായ അന്വേഷണത്തിൽ അൽപ്പം ശ്രദ്ധക്കുറവ് അക്കാര്യത്തിലുണ്ടായതായി മനസ്സിലായി. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ഒരു കാര്യം ശരിയാണ്, അത്യാവശ്യത്തിനുള്ള ഉപകരണങ്ങളൊന്നും എറണാകുളം മെഡിക്കൽ കോളേജിൽ ഉണ്ടായിരുന്നില്ല. അത് പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇപ്പോൾ അത്യാവശ്യത്തിനുള്ള ഉപകരണങ്ങളെല്ലാം വാങ്ങിയിട്ടുണ്ട്. എന്നാലും പൂർണ്ണമായിട്ടില്ല. എറണാകുളം മെഡിക്കൽ കോളേജിന്റെ വികസന പ്രവർത്തനങ്ങൾക്കായി 360 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. രാജഗിരി ഹോസ്പിറ്റലിൽ വീഴ്ചയുണ്ടായിട്ടുണ്ടോയെന്നത് മറ്റൊരു രീതിയിൽ അന്വേഷിക്കേണ്ട വിഷയമാണ്. നഷ്ടപരിഹാരത്തുക സർക്കാർ പ്രഖ്യാപിച്ചു. ശ്രീ. കെ. എ. അബൂട്ടി

അത് സ്വീകരിച്ചിട്ടില്ല. അതുസംബന്ധിച്ച് എന്താണ് ചെയ്യാൻ കഴിയുകയെന്ന് പരിശോധിക്കാം. ശ്രീ. കെ. എ. അബൂട്ടിയോടും മകളോടും വളരെ അനുഭാവ പൂർണ്ണമായ സമീപനമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ആരോഗ്യ വകുപ്പുമൊക്കെ കൈക്കൊണ്ടിട്ടുള്ളത്. ഞങ്ങൾക്കെല്ലാവർക്കും ഒരുപോലെ ദുഃഖമുണ്ടാക്കിയ സംഭവമായിരുന്നു ഷംനാ തസ്നീമിന്റെ മരണമെന്ന് സൂചിപ്പിക്കുകയാണ്. ഇനിയും ഇക്കാര്യത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിക്കേണ്ടതായുണ്ടെങ്കിൽ ആരോഗ്യ വകുപ്പും ഗവൺമെന്റും സാദ്ധ്യമായ എല്ലാ കാര്യങ്ങളും ചെയ്യുന്നതാണ്.

## (7) കെ.എസ്.ടി.പി. റോഡ് നിർമ്മാണം

ശ്രീ. രാജു എബ്രഹാം: സർ, തീരദേശത്ത് നാഷണൽ ഹൈവേയും മദ്ധ്യ തിരുവിതാംകൂറിൽ എം.സി. റോഡുമുണ്ട്. അതേ പ്രാധാന്യമുള്ളതാണ് പുനലൂർ-മൂവാറ്റുപ്പുഴ റോഡ്. മലയോര പ്രദേശത്തുകൂടി കടന്നുപോകുന്ന ഈ റോഡ് 18 വർഷം മുമ്പ് കെ.എസ്.ടി.പി. ഏറ്റെടുത്തതാണ്. അതിനുശേഷം അവിടെ റീടാറിംഗ് നടന്നിട്ടില്ല. ശബരിമല സീസൺ വരുമ്പോൾ അറ്റകുറ്റപ്പണി മാത്രമേ നടത്താറുള്ളൂ. ഈ റോഡിന്റെ അവസ്ഥ വളരെ പരിതാപകരമാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി രണ്ട് തവണ ഉന്നതതല യോഗം നടത്തി. പക്ഷേ ലോക ബാങ്ക് അവരയച്ച ഫയലിന് മറുപടിപോലും നൽകുന്നില്ലെന്നാണ് മനസ്സിലാകുന്നത്. അവരുടെ എൻ.ഒ.സി. ലഭിച്ചാൽ മാത്രമേ മുന്നോട്ടുപോകാൻ കഴിയുകയുള്ളൂ. 700 കോടി രൂപയാണ് വേണ്ടത്. ഇക്കാര്യത്തിൽ ഗൗരവമായി ഇടപെടണം. ലോക ബാങ്കിന്റെ പണം കിട്ടിയില്ലെങ്കിൽ മറ്റേതെങ്കിലും ഫണ്ട് ഇതിനായി ഉപയോഗിച്ച് ഈ റോഡിന്റെ ശോച്യാവസ്ഥ പരിഹരിക്കണം. ഉന്നതതല യോഗത്തിലെടുത്ത തീരുമാനപ്രകാരം റോഡ് നിർമ്മാണം ആരംഭിച്ച് പൂർത്തിയാക്കണം. ഈ റോഡ് ബഹുമാനപ്പെട്ട മന്ത്രി കെ. രാജുവിന്റെ മണ്ഡലമായ പുനലൂരിലാണ് ആരംഭിക്കുന്നതെങ്കിലും അഞ്ച് മണ്ഡലങ്ങളിലൂടെ കടന്നുപോകുന്നതാണ്. അതുകൊണ്ട് അടിയന്തരമായി ഇക്കാര്യത്തിൽ ഇടപെടണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, റാന്നി, കോന്നി, പത്തനാപുരം വഴി കടന്നുപോകുന്ന പുനലൂർ-മൂവാറ്റുപ്പുഴ റോഡിന്റെ ഭാഗമായ 82 കി.മീ. ദൈർഘ്യമുള്ള പുനലൂർ-പൊൻകുന്നം റോഡിന്റെ നിർമ്മാണം 2403 കോടി രൂപയുടെ ലോക ബാങ്ക് സഹായത്തോടെ കെ.എസ്.ടി.പി. പദ്ധതി വഴി നടത്താനാണുദ്ദേശിക്കുന്നത്. ഇത് 2013-ൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. ലോക ബാങ്ക് കരാർ വ്യവസ്ഥപ്രകാരം റോഡ് നിർമ്മാണം പൊതുസ്വകാര്യ പങ്കാളിത്തത്തോടെ നടത്താനാണ് തീരുമാനിച്ചിരിക്കുന്നത്. അടങ്കൽ തുകയുടെ 40 ശതമാനം ലോക ബാങ്ക് സഹായമായി പണിയുടെ പുരോഗതി കണക്കാക്കി

കരാറുകാരന് തവണകളായി നേരിട്ട് നൽകും. ബാക്കി 60 ശതമാനം തുക 10 വർഷംകൊണ്ട് വാർഷിക ഇനത്തിൽ സംസ്ഥാന സർക്കാർ കൊടുത്ത് തീർക്കണമെന്നാണ് വ്യവസ്ഥ. ഈ പ്രവൃത്തി രണ്ടര വർഷംകൊണ്ട് തീർക്കേണ്ടതും തുടർന്ന് 10 വർഷത്തേയ്ക്ക് നിശ്ചിത സാങ്കേതിക മാനദണ്ഡങ്ങൾക്കനുസൃതമായി കരാറുകാരൻ ഉന്നത നിലവാരത്തിൽ റോഡ് പരിപാലിക്കേണ്ടതുമാണ്. സർക്കാർ സ്ഥലം ഏറ്റെടുത്തുകഴിഞ്ഞു. 7 മീറ്റർ വീതിയുള്ള ക്യാര്യേജ് വേയും ഇരുപാർശ്വങ്ങളിലുമായി രണ്ടര മീറ്റർ വീതിയിൽ ഷോൾഡറും ഉണ്ടായിരിക്കുന്നതാണ്. കാൽനടയ്ക്കായുള്ള ഭാഗങ്ങളിൽ കോൺക്രീറ്റ് നടപ്പാതകളും നിർമ്മിക്കും. കലുങ്കുകൾ, പാലങ്ങൾ എന്നിവ പുതുക്കിപ്പണിയും. കവലകളുടെ നവീകരണം, റോഡ് സുരക്ഷാ ക്രമീകരണങ്ങൾ, പരിസ്ഥിതി സംരക്ഷിക്കൽ, ലൈറ്റ്നിംഗ്, ബസ് ബേ നിർമ്മാണം മുതലായവയും ഉണ്ടായിരിക്കുന്നതാണ്. പുതുക്കിയ നിർമ്മാണച്ചെലവ് 602 കോടി രൂപയാണ്. അതിനുവേണ്ടിയുള്ള കൺസൽട്ടന്റിനെ തെരഞ്ഞെടുക്കുന്നതിന് രണ്ട് തലത്തിലുള്ള ദർഘാസ് രീതിയാണ് അവലംബിക്കുന്നത്. കരാറുകാരുടെ യോഗ്യത നിർണ്ണയിക്കുന്നതിനുള്ള അപേക്ഷകൾ സ്വീകരിച്ച അവസാന തീയതി 2-6-2016-ലായിരുന്നു. പ്രീക്വാളിഫിക്കേഷനിൽ 4 ദർഘാസുകൾ ലഭിച്ചിരുന്നെങ്കിലും ഒരു കമ്പനി മാത്രമേ സാങ്കേതിക യോഗ്യത നേടിയുള്ളൂ. അതിനാൽ വീണ്ടും ദർഘാസ് ക്ഷണിക്കാൻ തീരുമാനിച്ചു. പുനഃദർഘാസായതിനാൽ ലോക ബാങ്കിന്റെ എൻ.ഒ.സി. വാങ്ങിയശേഷം 17-8-2016-ൽ റീ-ടെണ്ടർ ചെയ്തു. റീ-ടെണ്ടറിൽ 8 ദർഘാസുകൾ ലഭിച്ചു. 28-10-2016-ൽ ദർഘാസുകൾ തുറക്കുകയും പരിശോധനയ്ക്കുശേഷം 8 പേരെയും 7-2-2017-ലെ സ്റ്റിയറിംഗ് കമ്മിറ്റി പ്രീ-ക്വാളിഫൈ ചെയ്യുകയും ചെയ്തു. അത് ലോക ബാങ്കിന്റെ എൻ.ഒ.സി.-ക്ക് അയച്ചിരിക്കുകയാണ്. ചില വിശദീകരണങ്ങൾ ലോക ബാങ്ക് ആവശ്യപ്പെട്ടിട്ടുണ്ട്. ഒടുവിലത്തെ വിശദീകരണം 9-5-2017-ൽ ലോക ബാങ്കിന് അയച്ചു. എൻ.ഒ.സി. ലഭിച്ചാലുടൻ ഫൈനാൻഷ്യൽ ബിഡ് ക്ഷണിക്കുന്നതാണ്. മേൽനോട്ടം വഹിക്കുന്നതിനുള്ള ഇൻഡിപെൻഡന്റ് എഞ്ചിനീയറെ അന്തർദ്ദേശീയ ദർഘാസ് മുഖാന്തരം നിയമിക്കേണ്ടതാണ്. ഈ എഞ്ചിനീയർക്കുള്ള ഫീസ് കൺസൽട്ടന്റും കെ.എസ്.ടി.പി.യും തുല്യമായി നൽകേണ്ടതാണ്. പി.പി.പി. പ്രോജക്ടായി ചെയ്യാനുദ്ദേശിക്കുന്നതിനാൽ ഫൈനാൻഷ്യൽ ബിഡ് സ്വീകരിച്ച് കരാറുകാരനെ തെരഞ്ഞെടുക്കുന്ന പ്രവൃത്തി തുടങ്ങുന്നതിന് 6 മാസമെങ്കിലും വേണ്ടിവരും. ഇതുപ്രകാരം ഈ വർഷം അവസാനമോ അടുത്ത വർഷം ആദ്യമോ മാത്രമേ പണി തുടങ്ങാനുള്ള അനുമതി നൽകാൻ സാധിക്കുകയുള്ളൂ. കാലാവധി 30 മാസമായതിനാൽ രണ്ടായിരത്തി ഇരുപതാമാണ്ട് ആദ്യം മാത്രമേ നടപടികൾ തീർത്ത് റോഡ് കമ്മീഷൻ ചെയ്യാൻ സാധിക്കുകയുള്ളൂ. ലോക ബാങ്കിന്റെ 2019

ഏപ്രിൽ മാസം തീരുന്ന ലോണിന്റെ കാലാവധി ഒരു വർഷത്തേയ്ക്ക് നീട്ടേണ്ട ആവശ്യവും വന്നിരിക്കുന്നു. ഈ കാര്യങ്ങളെല്ലാം കേന്ദ്ര സർക്കാരിലെ സാമ്പത്തിക കാര്യവകുപ്പിന്റെയും ലോക ബാങ്കിന്റെയും അംഗീകാരം തേടി നടപ്പാക്കാൻ ശ്രമിക്കുന്നതാണ്. അതിനാൽ കെ.എസ്.ടി.പി. റോഡ് ഏറ്റെടുക്കേണ്ട സമയം ആയിട്ടില്ല. ഏറ്റെടുക്കാനുള്ള പൂർവ്വകാല നടപടികളാണ് സ്വീകരിക്കുന്നത്. ഈ റോഡിലെ അറ്റകുറ്റപ്പണികളെല്ലാം പൊതുമരാമത്ത് വകുപ്പ് നടത്തുന്നതാണ്.

## (8) മുൻഗണനാ ലിസ്റ്റ്

ശ്രീ. എ. എൻ. ഷംസീർ: സർ, ഈ സഭാ സമ്മേളനം ഏറ്റവും കൂടുതൽ ചർച്ച ചെയ്ത റേഷൻ വിഷയവുമായി ബന്ധപ്പെട്ടതാണ് എന്റെ സബ്മിഷൻ. ഭക്ഷ്യ സുരക്ഷാ നിയമം 2013 പ്രകാരമുള്ള റേഷൻ ആനുകൂല്യങ്ങൾ ലഭിക്കേണ്ടവരുടെ അന്തിമ മുൻഗണനാ ലിസ്റ്റും എ.എ.വൈ. ലിസ്റ്റും ഗ്രാമസഭകളിൽ അവതരിപ്പിച്ച് അംഗീകാരത്തിനുള്ള നടപടികൾ പൂർത്തീകരിച്ചുവരികയാണ്. മുൻഗണനാ പട്ടികയിൽ വലിയ ക്രമക്കേടുകളുള്ളതായാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. മുൻഗണനാ പ്രകാരമുള്ള മാർക്ക് ലഭിച്ചവരിൽ 13, 15 മാർക്ക് ലഭിച്ച പല കുടുംബങ്ങളും ലിസ്റ്റിൽ ഉൾപ്പെടുകയും 18, 20, 23 മാർക്ക് ലഭിച്ചവർ അന്തിമ ലിസ്റ്റിൽനിന്ന് പുറത്താകുകയും ചെയ്തിട്ടുണ്ട്. നിയമത്തിൽ പറഞ്ഞിരിക്കുന്ന അർഹതാ മാനദണ്ഡമനുസരിച്ച് ലിസ്റ്റിൽ ഉൾപ്പെടാൻ അർഹതയില്ലാത്ത പല കുടുംബങ്ങളും അന്തിമ പട്ടികയിൽ ഉൾപ്പെടുകയും ചെയ്തു. ഇത് കേരളത്തിൽ നീതിരഹിതമായ റേഷൻ വിതരണത്തിന് കാരണമാകുന്നു. ഈ സാഹചര്യം ഗൗരവമായി പരിശോധിച്ച് നീതിപൂർവ്വമായ റേഷൻ വിതരണം സാദ്ധ്യമാക്കണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, സംസ്ഥാനത്തിന്റെ 2011-ലെ സെൻസസ് പ്രകാരമുള്ള 3.34 കോടി ജനങ്ങളിൽ ഗ്രാമപ്രദേശങ്ങളിലെ 52.63 ശതമാനവും നഗര പ്രദേശങ്ങളിലെ 39.5 ശതമാനവുമുൾപ്പെടെ 1.54 കോടി ജനങ്ങളെയാണ് മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. റേഷൻ കടകൾവഴി വിതരണം ചെയ്ത ഫോറങ്ങളിൽ നിന്നും ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ ഡാറ്റാ എൻട്രി നടത്തി സർക്കാർ നിശ്ചയിച്ച മാനദണ്ഡപ്രകാരമാണ് കരട് മുൻഗണനാ പട്ടിക പ്രസിദ്ധീകരിച്ചിട്ടുള്ളത്. ഈ മാറ്റത്തിന്റെ അടിസ്ഥാനത്തിൽ മുമ്പ് ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നവർ മുൻഗണനാ വിഭാഗത്തിൽനിന്ന് ഒഴിവാക്കപ്പെടാൻ സാദ്ധ്യതയുണ്ട്. പ്രസ്തുത കരട് പട്ടികയിൽ ആക്ഷേപങ്ങളുള്ളപക്ഷം തദ്ദേശഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിൽ

വെരിഫിക്കേഷൻ കമ്മിറ്റി മുമ്പാകെ പരാതി സമർപ്പിക്കാൻ അവസരം നൽകിയിരുന്നു. വെരിഫിക്കേഷൻ കമ്മിറ്റിയുടെ തീരുമാനത്തിൽ പരാതികളുള്ള പക്ഷം ജില്ലാ കളക്ടർ അദ്ധ്യക്ഷനായുള്ള അപ്പീൽ കമ്മിറ്റിക്ക് പരാതി സമർപ്പിക്കാനും അവസരം നൽകിയിരുന്നു. ഇപ്രകാരം ലഭിച്ച പരാതികളിന്മേലും അപ്പീലിന്മേലും തീർപ്പ് കൽപ്പിച്ച് അർഹരായവരെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് റീ-റാങ്കിംഗ് നടത്തിയാണ് അന്തിമ പട്ടിക തയ്യാറാക്കിയിട്ടുള്ളത്. ഈ അന്തിമപട്ടിക തദ്ദേശഭരണ സ്ഥാപനങ്ങളുടെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേനയും നേരിട്ടും ഭക്ഷ്യ-സിവിൽ സപ്ലൈസ് ഓഫീസുകളിൽ അനർഹരെക്കുറിച്ചുള്ള പരാതികളും അർഹരുടെ അപേക്ഷകളും ലഭ്യമായിട്ടുണ്ട്. ഇതിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് അനർഹരെ ഒഴിവാക്കി റീ-റാങ്കിംഗ് നടത്തുന്നതാണ്. റേഷൻ കാർഡ് വിതരണം ചെയ്തതിനുശേഷവും മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി മുൻഗണനാ പട്ടികയിൽ ഉൾപ്പെടുകയോ ഒഴിവാക്കപ്പെടുകയോ ചെയ്തിട്ടുണ്ടെങ്കിൽ അക്കാര്യം പരിശോധിച്ച് നടപടിയെടുക്കുന്നതാണ്.

## (9) സ്റ്റേഡിയത്തിന്റെ നവീകരണം

ശ്രീ. കെ. എം. മാണി: സർ, നാഷണൽ ഗെയിംസ് അതോറിറ്റിയുടെ ആഭിമുഖ്യത്തിലുള്ള പാലാ സ്റ്റേഡിയം നിർമ്മാണത്തിന് 21 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. 16.83 കോടി രൂപയുടെ പണി പൂർത്തിയായി. 4.85 കോടി രൂപകൂടി അനുവദിക്കാനുണ്ട്. 3.50 കോടി രൂപയെങ്കിലും ഉടനടി ലഭ്യമാക്കിയാൽ മാത്രമേ അനുബന്ധ നിർമ്മാണം പൂർത്തിയാക്കാൻ കഴിയൂ. കറണ്ട് ബഡ്ജറ്റിൽ തുകയില്ല. അതിനാൽ ഈ വർഷത്തെ ആദ്യബാച്ച് എസ്.ഡി.ജി.-യിൽ 3.50 കോടി രൂപയെങ്കിലും അനുവദിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. പ്രൊപ്പോസൽ സ്പോർട്സ് സെക്രട്ടറി ധനകാര്യ വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, പാലാ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട മുനിസിപ്പൽ സ്റ്റേഡിയം, ഗ്യാലറി കെട്ടിടം, സിന്തറ്റിക് ട്രാക്ക്, സ്വിമ്മിംഗ് പൂൾ, അത്‌ലറ്റിക് ട്രാക്ക്, ഫുഡ്ബോൾ ഗ്രൗണ്ട് എന്നിവയുടെ നവീകരണം ഉൾപ്പെടുത്തി ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ, 21,69,25,505 രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഇതിനകം അനുവദിച്ച 16,83,86,000 രൂപ മൊത്തമായും നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റ് അക്കൗണ്ട് മുഖേന

പ്രവൃത്തികൾക്കായി ചെലവഴിച്ചിട്ടുണ്ട്. പാലാ മുനിസിപ്പൽ സ്റ്റേഡിയത്തിന്റെ പൂർത്തീകരണത്തിന് മൂന്ന് കോടി രൂപകൂടി അധികമായി ലഭിച്ചാൽ മാത്രമേ ഇതുവരെ ചെയ്ത പണികൾക്ക് കോൺട്രാക്ടർമാർക്ക് നൽകാനുള്ള ബാക്കി തുക നൽകാനും അത്യാവശ്യം ശേഷിച്ച പണികൾ പൂർത്തീകരിച്ച് സ്റ്റേഡിയം ഫലപ്രദമായി ഉപയോഗിക്കാനും കഴിയുകയുള്ളൂ. ഫണ്ട് ലഭ്യമല്ലാത്ത സാഹചര്യത്തിൽ കരാറുകാർ പ്രവൃത്തി നിർത്തിവച്ചിരിക്കുന്നു. ഇതിനകം ചെയ്ത പ്രവൃത്തികൾക്ക് പേയ്മെന്റ് നടത്താൻ 1.5 കോടി രൂപ ആവശ്യമാണ്. 2016-17-ലെ എസ്.ഡി.ജി.-യിൽ പ്രൊപ്പോസൽ നൽകിയെങ്കിലും ഫണ്ട് ലഭ്യമായില്ല. സ്പോർട്സ് എഞ്ചിനീയറിംഗ് വിഭാഗത്തിലെ ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ടുപ്രകാരം ഈ പദ്ധതിയുടെ പൂർത്തീകരണത്തിന് മൂന്ന് കോടി രൂപ ആവശ്യമുണ്ടെന്നറിയിച്ചിട്ടുണ്ട്. ഈ ഫണ്ട് ആദ്യത്തെ എസ്.ഡി.ജി.-യിൽത്തന്നെ ലഭ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. ധനകാര്യ വകുപ്പുമന്ത്രിയുമായി ഇക്കാര്യം സംസാരിച്ചിട്ടുണ്ട്. ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് അടിയന്തരമായി പദ്ധതി പൂർത്തീകരിക്കാൻ വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

## (10) കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഭരണസമിതി

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : 60 വർഷങ്ങൾക്കുമുമ്പ് സഖാവ് എ.കെ.ജി. നേതൃത്വം കൊടുത്ത് ഇന്ത്യയ്ക്കും സഹകരണ പ്രസ്ഥാനത്തിനും മാതൃകയായി ആരംഭിച്ചതാണ് ഇന്ത്യൻ കോഫി ഹൗസ്. ഇതുവരെ അതിനകത്ത് രാഷ്ട്രീയ അതിപ്രസരം ഉണ്ടായിട്ടില്ല. എന്നാൽ അടുത്തകാലത്തായി അവിടത്തെ സംഭവങ്ങളെല്ലാം നേരെ തിരിച്ചാണ് നടക്കുന്നത്. 2017 ഫെബ്രുവരി മാസം 25-ന് മുൻകൂർ നോട്ടീസ് ഇല്ലാതെ സംഘത്തിനെതിരെ വ്യാജ ആരോപണങ്ങളുണ്ടെന്ന് ഏകപക്ഷീയമായി ആരോപിച്ച് സംഘം പിരിച്ചുവിട്ടതായി നോട്ടീസ് പതിക്കുകയായിരുന്നു. സംഘം ഭാരവാഹികൾ ഹൈക്കോടതിയെ സമീപിക്കുകയും ഇപ്പോൾ കേസ് നടക്കുകയുമാണ്. ശ്രീമതി എസ്. ബിന്ദുവിനെ അഡ്മിനിസ്ട്രേറ്ററായി നിയമിച്ച വിവരം അവർക്ക് പത്രത്തിൽ നിന്നുമാണ് മനസ്സിലാക്കാൻ സാധിച്ചത്. 18-3-2017-ൽ സംഘം ഹെഡ് ഓഫീസിൽ അതിക്രമിച്ച് കയറി മിനിട്സ് ബുക്കും ക്യാഷ് ബുക്കും മറ്റ് രേഖകളുമെടുത്തപ്പോഴാണ് കൗണ്ടർ അഫിഡവിറ്റ് ഹൈക്കോടതിയിൽ സമർപ്പിക്കുന്നതിന് ശ്രമിച്ചത്. ബഹുമാനപ്പെട്ട മന്ത്രി ഇതെല്ലാം അറിഞ്ഞിട്ടുണ്ടെന്ന് എനിക്ക് അഭിപ്രായമില്ല. അങ്ങറിഞ്ഞാൽ സ്വാഭാവികമായും ഇതിനെയെല്ലാം എതിർക്കുമെന്ന് തന്നെയാണ് ഞാൻ

വിശ്വസിക്കുന്നത്. ഇവിടെ സർക്കാർ അഭിഭാഷകൻ ഹാജരാകാത്തതുകൊണ്ട് തീർപ്പുകൽപ്പിക്കാൻ കഴിയാത്തവിധം കേസ് നീണ്ടുപോവുകയാണ്. തൊഴിലാളികൾക്ക് ശമ്പളമില്ല, പ്രോവിഡന്റ് ഫണ്ടിലേയ്ക്കുള്ള തുക അടയ്ക്കുന്നില്ല, കൂട്ടത്തോടെ സ്ഥലംമാറ്റുന്നു. മാതൃകാപരമായി നടന്നുകൊണ്ടിരുന്ന ഒരു സ്ഥാപനത്തെ എങ്ങനെ തകർക്കാമെന്നതിന്റെ ജീവിച്ചിരിക്കുന്ന ഉദാഹരണമായി കോഫി ഹൗസ് മാറുകയാണ്. അങ്ങ് ഈ വകുപ്പ് കൈകാര്യം ചെയ്യുന്ന സാഹചര്യത്തിൽ ഇത്രയും ജനാധിപത്യവിരുദ്ധമായ നടപടി സ്വീകരിക്കുന്നതിന് ഒരു കാരണവശാലും അനുവദിക്കരുതെന്ന് ഓർമ്മിപ്പിക്കുകയാണ്. എന്തെങ്കിലും ആക്ഷേപമുണ്ടെങ്കിൽ ഏത് ഏജൻസിയെ വച്ച് വേണമെങ്കിലും അന്വേഷിക്കുകയും കുറ്റക്കാരെന്ന് കണ്ടെത്തിയാൽ മാതൃകാപരമായി ശിക്ഷിക്കുകയും ചെയ്യണം. അതൊന്നുമില്ലാതെ പാവപ്പെട്ട തൊഴിലാളികളെ വഴിയാധാരമാക്കി, ജീവിക്കാൻ നിവൃത്തിയില്ലാത്ത സാഹചര്യത്തിലേയ്ക്ക് എത്തിക്കുകയണ്. ഒരു ഘട്ടം ചെന്നാൽ ഇത് തൊഴിലാളികളുടെ പട്ടിണിമരണത്തിൽ കലാശിക്കും. ഈ അപകടം ക്ഷണിച്ചുവരുത്തരുത്. അവിടെ ചെന്നാൽ ആദ്യം കാണുന്നത് സഖാവ് എ.കെ.ജി. യുടെ ഫോട്ടോയാണ്. ചുവന്ന മാലയിട്ട് സ്നേഹത്തോടും ബഹുമാനത്തോടും ഫോട്ടോ നിലനിർത്തിയിരിക്കുകയാണ്. എല്ലാ പശ്ചാത്തലവും മനസ്സിലാക്കി മാർദ്ദവമായ ഒരു സമീപനം സ്വീകരിച്ച് ആ സ്ഥാപനം തുടർന്നും മുന്നോട്ട് കൊണ്ടുപോകുന്നതിനുള്ള സാഹചര്യമുണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, തിരുവനന്തപുരം മുതൽ തൃശ്ശൂർ വരെയുള്ള ജില്ലകളിലെ 50-ലധികം വരുന്ന കോഫി ഹൗസുകളുടെ പ്രവർത്തനമാണ് തൃശ്ശൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഇന്ത്യൻ കോഫി ബോർഡ് വർക്കേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്ന സ്ഥാപനത്തിനുള്ളത്. ഇതിനെതിരായി ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ 1969-ലെ കേരള സഹകരണ നിയമപ്രകാരമാണ് അന്വേഷണം നടത്തിയത്; നിയമവിരുദ്ധമായി നടത്തിയ അന്വേഷണമല്ല. സർക്കാരിന് നിയമപ്രകാരം ലഭിച്ച പരാതി പരിശോധിച്ചപ്പോൾ ഗുരുതരമായ ക്രമക്കേടും അഴിമതിയുമുണ്ടെന്ന് കണ്ടെത്തുകയും സഹകരണ നിയമത്തിനും ചട്ടത്തിനും വിരുദ്ധമായ ഭരണനിർവ്വഹണം നടന്നിട്ടുണ്ടെന്ന് ബോദ്ധ്യപ്പെടുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് രജിസ്ട്രാർ എന്ന നിലയിൽ തൃശ്ശൂർ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ 22-2-2017-ലെ ഉത്തരവ് പ്രകാരം കോഫി ബോർഡ് വർക്കേഴ്സ്

സഹകരണ സംഘം ഭരണസമിതി പിരിച്ചുവിട്ട് അഡ്മിനിസ്ട്രേറ്റീവ് ഭരണം ഏർപ്പെടുത്തിയിട്ടുള്ളത്. ഇന്ത്യൻ കോഫി ബോർഡ് വർക്കേഴ്സ് സഹകരണ സംഘം ഭരണസമിതി പിരിച്ചുവിട്ട രജിസ്ട്രാറുടെ നടപടിക്കെതിരെ ഫയൽ ചെയ്ത രണ്ട് കേസുകൾ ഹൈക്കോടതിയുടെ പരിഗണനയിലാണ്. സംഘം ജീവനക്കാർക്ക് ശമ്പളം നൽകാൻ ബഹുമാനപ്പെട്ട ഹൈക്കോടതി സിംഗിൾ ബഞ്ച് ഇടക്കാല ഉത്തരവ് പുറപ്പെടുവിക്കുകയും അതനുസരിച്ച് ശമ്പളം നൽകുന്ന കാര്യം പൂർണ്ണമായി നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. സംഘത്തിന്റെ പ്രവർത്തനം ഇപ്പോൾ സുഗമമായി നടക്കുകയാണ്. കോടതിയുടെ മുമ്പിലുള്ള വിഷയം എന്ന നിലയ്ക്ക് കൂടുതൽ കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. കയ്യേറി എന്നുള്ള ആക്ഷേപം അടിസ്ഥാനരഹിതമാണ്; നിയമപ്രകാരമാണ് ചാർജെടുത്തിട്ടുള്ളത്. ശമ്പളം നൽകുന്നതിന് ഒരു തടസ്സവും ഇതുവരെയില്ല. എല്ലാ ജീവനക്കാരുടെയും ശമ്പളം നൽകിത്തുടങ്ങിയിട്ടുണ്ട്. അങ്ങ് പറഞ്ഞ, പി.എഫ്.ന്റെ കാര്യത്തിൽ ഉൾപ്പെടെ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. എ.കെ.ജി.യുടെ ഫോട്ടോ വച്ച് മാലയിട്ടാണ് ആ സ്ഥാപനം നടത്തുന്നതെന്ന് പറഞ്ഞു. അവിടെ നടക്കുന്ന ക്രമക്കേടുകൾ സംബന്ധിച്ച് അങ്ങേയ്ക്കും അറിയാവുന്നതല്ലേ? കോടതിയുടെ പരിഗണനയിലുള്ള വിഷയം എന്നുള്ള നിലയ്ക്ക് ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. നീതീകരിക്കാനും അനുവർത്തിക്കാനും കഴിയാത്ത നിലപാടുകളാണ് കോഫി ഹൗസുമായി ബന്ധപ്പെട്ടുള്ളതെന്ന് അങ്ങേയ്ക്കും അറിയാവുന്നതാണ്. എ.കെ.ജി.യുടെ ഫോട്ടോ ഉണ്ടെന്നുള്ളതിന്റെ മറവിൽ അത്തരം ക്രമക്കേടുകൾ ന്യായീകരിക്കാനാവില്ല. എ.കെ.ജി. തുടങ്ങിവച്ച സ്ഥാപനം എന്നുള്ള നിലയ്ക്ക് അത് നന്നായി നടക്കണമെന്നാണ് സർക്കാർ ആഗ്രഹിക്കുന്നത്. മാതൃകാപരമായ പ്രവർത്തനം ഉണ്ടാകണം. ജനാധിപത്യവിരുദ്ധമായ ഒരു നടപടിയും അവിടെ ഉണ്ടായിട്ടില്ല. അങ്ങ് പറഞ്ഞില്ലെങ്കിലും ഞാൻ ഒരു കാര്യം സൂചിപ്പിക്കുന്നു. ആ ഭരണസമിതിയിലുള്ള കൂട്ടുകെട്ടിനെപ്പറ്റിക്കൂടി അങ്ങ് ആലോചിക്കണം. ബി.ജെ.പി.യും കോൺഗ്രസ്സുമായുള്ള കൂട്ടുകെട്ട് രാഷ്ട്രീയപ്രശ്നമായി കാണേണ്ട, ക്വട്ടേഷൻ സംഘങ്ങളെ വച്ചുപോലും കോഫി ഹൗസിലെ അഴിമതി മറച്ചുപിടിക്കാനുള്ള പരിശ്രമം ഉണ്ടായിട്ടുണ്ടെന്ന് അങ്ങേയ്ക്കും ബോദ്ധ്യമുണ്ടെന്നാണ് എന്റെ വിശ്വാസം. ഞാനിത് പറയാൻ ഉദ്ദേശിച്ചതല്ല. ക്രമവിരുദ്ധമായി കാര്യങ്ങൾ നടന്നുവെന്ന് അങ്ങ് സൂചിപ്പിച്ചതുകൊണ്ടാണ് എനിക്ക് പറയേണ്ടിവന്നത്. കോടതി ഉത്തരവുകൾക്ക് വിധേയമായി മറ്റ് കാര്യങ്ങൾ സർക്കാർ ചെയ്യുന്നതാണ്. സർക്കാർ നടപടി സ്വീകരിച്ചത് ഞാൻ നേരത്തെ സൂചിപ്പിച്ച പശ്ചാത്തലത്തിലാണ്.

## VI. മേശപ്പുറത്തുവച്ച കടലാസുകൾ

1. മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ:

| ക്രമ നമ്പർ | എസ്. ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 27/2017 | ജി.ഒ.(പി) നമ്പർ 1/2017/പി.& എ.ആർ.ഡി. | 6-1-2017 | അതെ |
| 2 | 109/2017 | ജി.ഒ.(ആർറ്റി.) നമ്പർ 510/2017/ഹോം | 3-3-2017 | അല്ല |
| 3 | 131/2017 | ജി.ഒ.(ആർറ്റി.) നമ്പർ 593/2017/ഹോം | 14-3-2017 | അല്ല |
| 4 | 147/2017 | ജി.ഒ.(ആർറ്റി.) നമ്പർ 633/2017/ഹോം | 18-3-2017 | അല്ല |
| 5 | 148/2017 | ജി.ഒ.(ആർറ്റി.) നമ്പർ 634/2017/ഹോം | 18-3-2017 | അല്ല |
| 6 | 171/2017 | ജി.ഒ.(ആർറ്റി.) നമ്പർ 820/2017/ഹോം | 31-3-2017 | അല്ല |
| 7 | 172/2017 | ജി.ഒ.(ആർറ്റി.) നമ്പർ 821/2017/ഹോം | 31-3-2017 | അല്ല |
| 8 | 173/2017 | ജി.ഒ.(ആർറ്റി.) നമ്പർ 822/2017/ഹോം | 31-3-2017 | അല്ല |
| 9 | 174/2017 | ജി.ഒ.(ആർറ്റി.) നമ്പർ 823/2017/ഹോം | 31-3-2017 | അല്ല |
| 10 | 175/2017 | ജി.ഒ.(ആർറ്റി.) നമ്പർ 824/2017/ഹോം | 31-3-2017 | അല്ല |
| 11 | 186/2017 | ജി.ഒ.(എംഎസ്.) നമ്പർ 51/2017/ഹോം | 21-3-2017 | അല്ല |
| 12 | 190/2017 | ജി.ഒ.(ആർറ്റി.) നമ്പർ 739/2017/ഹോം | 28-3-2017 | അല്ല |
| 13 | 202/2017 | ജി.ഒ.(എംഎസ്.) നമ്പർ 74/2017/ഹോം | 31-3-2017 | അല്ല |

ii. വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ :

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കോഴിക്കോട് സൈബർപാർക്ക് | 2009-10 | വാർഷിക ആഡിറ്റ് റിപ്പോർട്ട് | അതെ |
| 2 | കോഴിക്കോട് സൈബർപാർക്ക് | 2010-11 | വാർഷിക ആഡിറ്റ് റിപ്പോർട്ട് | അതെ |
| 3 | കോഴിക്കോട് സൈബർപാർക്ക് | 2011-12 | വാർഷിക ആഡിറ്റ് റിപ്പോർട്ട് | അതെ |
| 4 | കോഴിക്കോട് സൈബർപാർക്ക് | 2012-13 | വാർഷിക ആഡിറ്റ് റിപ്പോർട്ട് | അതെ |
| 5 | കോഴിക്കോട് സൈബർപാർക്ക് | 2013-14 | വാർഷിക ആഡിറ്റ് റിപ്പോർട്ട് | അതെ |
| 6 | കോഴിക്കോട് സൈബർപാർക്ക് | 2014-15 | വാർഷിക ആഡിറ്റ് റിപ്പോർട്ട് | അതെ |

2. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) : സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ :

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | തൃശ്ശൂർ ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റി | 2013-14 | പ്രത്യേക ആഡിറ്റ് റിപ്പോർട്ട് | അതെ |

3. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ:

| ക്രമ നമ്പർ | എസ്. ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസപത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 563/2016 | ജി.ഒ.(പി.) നമ്പർ 435/2016/ആർഡി. | 4-8-2016 | അതെ |

4. തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ) : സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ:

| ക്രമ നമ്പർ | എസ്. ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോ യെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 101/2017 | ജി.ഒ.(പി) നമ്പർ. 51/2016/എൽ.എസ്.ജി.ഡി. | 27-12-2016 | അല്ല |
| 2 | 145/2017 | സ.ഉ. (അച്ചടി) നമ്പർ 13/2017/ത.സ്വ.ഭ.വ. | 18-3-2017 | അല്ല |
| 3 | 152/2017 | സ.ഉ. (അച്ചടി) നമ്പർ 14/2017/ത.സ്വ.ഭ.വ. | 23-3-2017 | അല്ല |
| 4 | 158/2017 | സ.ഉ. (അച്ചടി) നമ്പർ 19/2017/ത.സ്വ.ഭ.വ. | 28-3-2017 | അല്ല |
| 5 | 163/2017 | ജി.ഒ.(പി) നമ്പർ 21/2017/എൽ.എസ്.ജി.ഡി. | 31-3-2017 | അല്ല |
| 6 | 192/2017 | ജി.ഒ.(പി) നമ്പർ 10/2017/എൽ.എസ്.ജി.ഡി. | 14-2-2017 | അല്ല |

5. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രിക്കുവേണ്ടി ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ:

| ക്രമ നമ്പർ | എസ്. ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 156/2017 | ജി.ഒ.(പി) നമ്പർ 17/2017/ കോ-ഓപ്. | 17-3-2017 | അല്ല |
| 2 | 184/2017 | ജി.ഒ.(പി) നമ്പർ 19/2017/ കോ-ഓപ്. | 7-4-2017 | അല്ല |
| 3 | 193/2017 | ജി.ഒ.(പി) നമ്പർ 20/2017/ കോ-ഓപ്. | 15-4-2017 | അല്ല |

6. വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി) : സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ :

| ക്രമ നമ്പർ | എസ്. ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | വിജ്ഞാപനം | 191/ഡി.ഡി. (റ്റി)/ 2017/കെ.എസ് . ഇ.ആർ.സി. | 7-3-2017 | അല്ല |
| 2 | വിജ്ഞാപനം | 1853/ഡി.ഡി. (റ്റി)/ താരിഫ് പോളിസി 2016/കെ.എസ് . ഇ.ആർ.സി. | 20-3-2017 | അല്ല |

7. ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ :

| ക്രമ നമ്പർ | എസ്. ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 181/2017 | ജി.ഒ.(പി)നമ്പർ 3/2017/ഡബ്ല്യൂ. ആർ.ഡി. | 5-4-2017 | അല്ല |

8. വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ :

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | സ്റ്റീൽ ആൻഡ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ് | 2015-16 | വാർഷിക റിപ്പോർട്ടും കണക്കും | അതെ |
| 2 | കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ | 2010-11 | ഭരണ റിപ്പോർട്ട് | അതെ |

9. തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ:

| ക്രമ നമ്പർ | എസ്. ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസപത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 166/2017 | ജി.ഒ.(പി) നമ്പർ 20/2017/റ്റി.ഡി. | 31-3-2017 | അല്ല |

10. ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

i. ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ:

| ക്രമ നമ്പർ | എസ്. ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 121/2017 | ജി. ഒ. (പി) നമ്പർ 2/2017/എസ്.ജെ.ഡി. | 4-3-2017 | അല്ല |
| 2 | 218/2017 | ജി. ഒ. (പി) നമ്പർ 6/2017/എസ്.ജെ.ഡി. | 29-4-2017 | അല്ല |

ii. വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ :

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ ലിമിറ്റഡ് | 2007-08 | വാർഷിക റിപ്പോർട്ട് | അതെ |

11. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു :

ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ:

| ക്രമ നമ്പർ | എസ്. ആർ .ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസപത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 188/2017 | ജി.ഒ.(പി) നമ്പർ 22/2017/റ്റി.ഡി. | 10-4-2017 | അല്ല |
| 2 | 189/2017 | ജി.ഒ.(പി)നമ്പർ 24/2017/റ്റി.ഡി. | 10-4-2017 | അല്ല |

12. ഗതാഗത വകുപ്പുമന്ത്രി (ശ്രീ. തോമസ് ചാണ്ടി): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ:

| ക്രമ നമ്പർ | എസ്. ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 168/2017 | ജി.ഒ.(പി) നമ്പർ 10/2017/ട്രാൻ. | 31-3-2017 | അല്ല |

13. ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ :

| ക്രമ നമ്പർ | എസ്. ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 164/2017 | ജി.ഒ.(പി)നമ്പർ 18/2017/റ്റി. ഡി. | 31-3-2017 | അല്ല |
| 2 | 165/2017 | ജി.ഒ.(പി) നമ്പർ 19/2017/റ്റി.ഡി. | 31-3-2017 | അല്ല |
| 3 | 182/2017 | ജി.ഒ.(പി) നമ്പർ 23/2017/റ്റി.ഡി. | 7-4-2017 | അല്ല |
| 4 | 194/2017 | ജി.ഒ.(പി)നമ്പർ 27/2017/റ്റി.ഡി. | 15-4-2017 | അല്ല |
| 5 | 195/2017 | ജി.ഒ.(പി)നമ്പർ 28/2017/റ്റി.ഡി. | 15-4-2017 | അല്ല |

14. നിയമസഭാ സെക്രട്ടറി (ശ്രീ. വി. കെ. ബാബുപ്രകാശ്): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

നിയമസഭ പാസ്സാക്കിയതും ഗവർണറുടെ അംഗീകാരം ലഭിച്ചതുമായ ആക്റ്റുകൾ

| ക്രമ നമ്പർ | വർഷം | നമ്പർ | ആക്റ്റിന്റെ പേര് |
|---|---|---|---|
| 1 | 2017 | 3 | 2017-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ആക്റ്റ്. |

## VII. റിപ്പോർട്ട് സമർപ്പണം

1. കാര്യോപദേശക സമിതിയുടെ ഏഴാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കാര്യോപദേശക സമിതിയുടെ ഏഴാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

2. അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ ഏഴാമത് റിപ്പോർട്ട്

ശ്രീ. എ. എം. ആരിഫ്: സർ, അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ ചെയർമാനായ ഞാൻ സമിതിയുടെ ഏഴാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

## VIII. റിപ്പോർട്ട് പരിഗണന

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കാര്യോപദേശക സമിതിയുടെ ഏഴാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: കാര്യോപദേശക സമിതിയുടെ ഏഴാമത് റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

## IX. ധനകാര്യം

2017-18 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ ഏഴാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2017-18 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ

പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ ഏഴാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2017-18 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2017-18 | | | | |
|---|---|---|---|---|---|---|
| | | 14-03-2017-ൽ സഭയുടെ വോട്ടിന് സമർപ്പിച്ച ധനാഭ്യർത്ഥന തുക | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | |
| | | റവന്യൂ (₹) | മൂലധനം (₹) | റവന്യൂ (₹) | മൂലധനം (₹) | ആകെ (₹) |
| (1) | (2) | (3) | (4) | (5) | (6) | (7) |
| XXIX | കൃഷി | 801,63,24,000 | 87,75,41,000 | 2404,89,73,000 | 263,26,23,000 | 2668,15,96,000 |
| XXXI | മൃഗസംരക്ഷണം | 173,37,81,000 | 11,93,75,000 | 520,13,42,000 | 35,81,25,000 | 555,94,67,000 |
| XXXII | ക്ഷീരവികസനം | 42,95,16,000 | ------- | 128,85,47,000 | ------ | 128,85,47,000 |
| XXXIV | വനം | 159,92,34,000 | 29,07,50,000 | 479,77,01,000 | 87,22,52,000 | 566,99,53,000 |

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഞാൻ പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയേയും മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയേയും ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയേയും വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കാവുന്നതാണ്.

**ധനാഭ്യർത്ഥന നമ്പർ XXIX—കൃഷി**

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. പി. ഉബൈദുള്ള: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2668,15,96,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കാർഷിക കടാശ്വാസ കമ്മീഷനിൽ കെട്ടിക്കിടക്കുന്ന അപേക്ഷകളിൽ തീർപ്പുകൽപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2668,15,96,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ലഘു കാർഷികോപകരണങ്ങൾ കർഷകർക്ക് പരിചയപ്പെടുത്താൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2668,15,96,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ക്രിയാത്മകമായ നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. എ. അഹമ്മദ് കബീർ: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2668,15,96,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ജൈവ പച്ചക്കറി കൃഷി ഉൾപ്പെടെയുള്ള നാടൻ കൃഷിരീതികൾ ജനങ്ങളിൽ എത്തിക്കുന്നതിന് വകുപ്പുതലത്തിൽ നൂതന പദ്ധതികൾ ആവിഷ്കരിക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2668,15,96,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ചെറുകിട ജൈവകർഷകരുടെ ഉൽപ്പന്നങ്ങൾ പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകാൻ സംവിധാനം ഒരുക്കേണ്ടതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സണ്ണി ജോസഫ്: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2668,15,96,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (നെൽക്കൃഷി പരിപോഷിപ്പിക്കുന്നതിന് കൃഷിവകുപ്പിന്റെ ഇടപെടൽ ഫലപ്രദമല്ലായെന്ന ആക്ഷേപം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2668,15,96,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (തെങ്ങുകൃഷി പുനരുദ്ധാരണ പദ്ധതി പ്രകാരം പ്രായംചെന്നതും രോഗം ബാധിച്ചതുമായ തെങ്ങുകൾ മുറിച്ചുമാറ്റി പുതിയവ വച്ചുപിടിപ്പിക്കാനുള്ള സഹായ വിതരണം കാര്യക്ഷമമല്ലാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2668,15,96,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (തെങ്ങുകർഷകർ നേരിടുന്ന തെങ്ങുരോഗ ഭീഷണിക്ക് ഫലപ്രദമായ പരിഹാരം കണ്ടെത്താത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2668,15,96,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സർക്കാർ സബ്സിഡി തട്ടിയെടുക്കാനായി മാത്രം പ്രവർത്തിക്കുന്നതായി പറയപ്പെടുന്ന ഹോർട്ടികോർപ്പിനെ നിയന്ത്രിക്കാത്ത നയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. എം. കെ. മുനീർ: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2668,15,96,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വേൾഡ് മാർക്കറ്റിൽ തദ്ദേശീയരായ കർഷകർ കൊണ്ടുവരുന്ന കാർഷിക വിഭവങ്ങൾ ഏറ്റെടുക്കാൻ ഹോർട്ടികോർപ്പ് ഉദ്യോഗസ്ഥർ വിസമ്മതിക്കുന്നതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

**സൂചക വെട്ടിക്കുറയ്ക്കൽ**

ശ്രീ. മോൻസ് ജോസഫ്: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2668,15,96,000 രൂപയിൽനിന്ന് നൂറ് രൂപ കുറവുചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

**ധനാഭ്യർത്ഥന നമ്പർ XXXI—മൃഗസംരക്ഷണം**

## നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. ടി. എ. അഹമ്മദ് കബീർ: സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 555,94,67,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (മൃഗസംരക്ഷണത്തിന്റെ ഭാഗമായി പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്: സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 555,94,67,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കാലികളിലെ കുളമ്പുരോഗ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. എം. കെ. മുനീർ: സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 555,94,67,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (അതികഠിനമായ വരൾച്ചയിൽ നിർജ്ജലീകരണംമൂലം മൃഗങ്ങൾ മരണപ്പെടുന്നതൊഴിവാക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 555,94,67,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വിവിധ പകർച്ചവ്യാധികളും രോഗങ്ങളും കാരണം കന്നുകാലി കർഷകർക്ക് നേരിടേണ്ടിവരുന്ന നഷ്ടത്തിന് പരിഹാരം നൽകാത്തതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. മമ്മൂട്ടി: സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 555,94,67,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കാലിത്തീറ്റയുടെ വിലവർദ്ധന ക്ഷീര കർഷകരിലുണ്ടാക്കിയ അരക്ഷിതബോധം നീക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൽദോസ് കുന്നപ്പിള്ളി: സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 555,94,67,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (തെരുവുനായ്ക്കളുടെ വംശവർദ്ധന നിയന്ത്രണത്തിനുള്ള പദ്ധതി പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

**സൂചക വെട്ടിക്കുറയ്ക്കൽ**

മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 555,94,67,000 രൂപയിൽനിന്ന് നൂറ് രൂപ കുറവുചെയ്യേണ്ടതാണ്

(പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു:

ശ്രീ. എൻ. ഷംസുദ്ദീൻ

ശ്രീ. പാറക്കൽ അബ്ദുല്ല

ശ്രീ. എൻ. എ. നെല്ലിക്കുന്ന്

ശ്രീ. ടി. വി. ഇബ്രാഹിം

ശ്രീ. മോൻസ് ജോസഫ്

## ധനാഭ്യർത്ഥന നമ്പർ XXXII — ക്ഷീരവികസനം

### നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. സി. മമ്മൂട്ടി: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 128,85,47,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സംസ്ഥാനത്തിന് ആവശ്യമായ പാൽ ഇവിടെത്തന്നെ ഉൽപ്പാദിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. എം. കെ. മുനീർ: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 128,85,47,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (പാലിന്റെ ഗുണമേന്മ പരിശോധനാ സംവിധാനം കാര്യക്ഷമമാക്കാത്തതായി പറയപ്പെടുന്ന പ്രശ്നം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 128,85,47,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനങ്ങൾ കാര്യക്ഷമമായി നടപ്പാക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 128,85,47,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (പാൽ വില വർദ്ധിപ്പിച്ചിട്ടും ക്ഷീരകർഷകരുടെ ഉൽപ്പാദന നഷ്ടം കുറയാത്തതായി പറയപ്പെടുന്ന പ്രശ്നം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 128,85,47,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സഞ്ചിത നഷ്ടംമൂലം പാലുൽപ്പാദകർ ആ മേഖല ഉപേക്ഷിച്ചുപോകുന്നതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 128,85,47,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ക്ഷീരോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി ക്ഷീരകർഷകർക്ക് ആവശ്യമായ സഹായങ്ങൾ ലഭ്യമാക്കേണ്ട വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 128,85,47,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ക്ഷീരകർഷകരെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്താത്തതും അവർക്ക് അർഹമായ ആനുകൂല്യങ്ങൾ നൽകാത്തതുമായ വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. എ. അഹമ്മദ് കബീർ: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 128,85,47,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ക്ഷീരോൽപ്പാദന കേന്ദ്രങ്ങൾ ഗണ്യമായി വർദ്ധിപ്പിക്കാത്തതും ഇതിനാവശ്യമായ പ്രോത്സാഹനവും സഹായവും ജനങ്ങളിൽ എത്തിക്കാത്തതുമായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 128,85,47,000/- രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കന്നുകാലികൾക്ക് ആവശ്യമായ തീറ്റ കുറഞ്ഞവിലയിൽ ലഭ്യമാക്കുന്നതിന് വിവിധ മിൽമാ യൂണിറ്റുകളെ സജ്ജമാക്കേണ്ട വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 128,85,47,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സർക്കാർ ഡെയറി ഫാമുകൾ കാര്യക്ഷമതയില്ലായ്മമൂലം ക്ഷയിച്ചുകൊണ്ടിരിക്കുന്നതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## സൂചക വെട്ടിക്കുറയ്ക്കൽ

ശ്രീ. മോൻസ് ജോസഫ്: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 128,85,47,000 രൂപയിൽനിന്ന് നൂറ് രൂപ കുറവുചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XXXIV—വനം

### നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 566,99,53,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വനത്തിനുള്ളിൽ പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യം നിക്ഷേപിക്കുന്നത് തടയുന്നതിനാവശ്യമായ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. സി. ജോസഫ്: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 566,99,53,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വനമേഖലയിൽ നഗരമാലിന്യങ്ങൾ വൻതോതിൽ കൊണ്ടുതള്ളുന്നതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 566,99,53,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (വന്യമൃഗങ്ങൾക്ക് വേനൽക്കാലത്ത് കുടിവെള്ളം ലഭ്യമാക്കാത്തതുമൂലം മൃഗങ്ങൾ ജലം തേടി ജനവാസ കേന്ദ്രങ്ങളിൽ അഭയം തേടുന്നതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 566,99,53,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വനഭൂമി കയ്യേറ്റം വ്യാപകമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ അത് തടയുന്നതിന് ക്രിയാത്മകമായ നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. എം. കെ. മുനീർ: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 566,99,53,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (വനം കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് വനാതിർത്തി ജണ്ട കെട്ടി തിരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. മുരളീധരൻ: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 566,99,53,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (വനം കയ്യേറ്റങ്ങൾ തടയുവാൻ കർശന നടപടി എടുക്കാത്തതായി പറയപ്പെടുന്ന നയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. മമ്മൂട്ടി: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 566,99,53,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സാമൂഹ്യ വനവൽക്കരണത്തിന്റെ ഭാഗമായി നട്ടുപിടിപ്പിച്ച മരത്തൈകൾ സംരക്ഷണമില്ലാതെ നശിച്ചുപോകുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. എ. അഹമ്മദ് കബീർ: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 566,99,53,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സംസ്ഥാനത്തെ വനവിഭവങ്ങളെ നല്ല രീതിയിൽ സംരക്ഷിക്കുന്നതിനും വനം വകുപ്പിനെ ആധുനികവൽക്കരിക്കുന്നതിനും നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. റോജി എം. ജോൺ: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 566,99,53,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കാട്ടുതീമൂലം വനം നശിച്ചതായി പറയപ്പെടുന്ന സാഹചര്യം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 566,99,53,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കാട്ടുതീ നിയന്ത്രണ സംവിധാനങ്ങൾ ആധുനീകരിക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 566,99,53,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (വനത്തിനുള്ളിലെ പുഴകളിൽനിന്ന് മണൽ കടത്തുന്നത് തടയാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 566,99,53,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (വനവാസികളായ ആദിവാസികൾക്കെതിരെ കള്ളക്കേസുകൾ രജിസ്റ്റർ ചെയ്യുന്നതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

**സൂചക വെട്ടിക്കുറയ്ക്കൽ**

ശ്രീ. മോൻസ് ജോസഫ്: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 566,99,53,000 രൂപയിൽനിന്ന് നൂറ് രൂപ കുറവു ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. വി. വിജയദാസ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ വളരെ ശക്തമായി പിന്തുണയ്ക്കുകയാണ്. കേരളത്തിൽ ഭൂമിയും അദ്ധ്വാനവും ശാസ്ത്ര സാങ്കേതിക വിദ്യയും കൃഷിയിൽനിന്നും അകന്നുകൊണ്ടിരിക്കുകയാണ്. ലോകത്ത് ഏറ്റവും കൂടുതൽ ജൈവസമ്പത്തുള്ള നാടായിട്ടും കേരളത്തിൽ കൃഷി അഭിവൃദ്ധിപ്പെടാത്ത തെന്തുകൊണ്ടാണെന്ന് ചിന്തിക്കേണ്ട സമയമാണിത്. കൃഷിയിൽനിന്നും ഓടിയൊളിക്കുന്ന പ്രവണത മറികടക്കാനായില്ലെങ്കിൽ കേരളത്തിന് പിടിച്ചു നിൽക്കാനാവില്ല. ലോകത്തെവിടെ പോയാലും അദ്ധ്വാനിക്കാൻ സന്നദ്ധതയുള്ളവരാണ് മലയാളികൾ. എന്നിട്ടും കേരളം കൃഷിയിൽനിന്നും അകലുകയാണ്. ശാസ്ത്ര സാങ്കേതിക വിദ്യയുടെ സഹായത്തോടെ കൃഷി ആധുനികവൽക്കരിച്ചുകൊണ്ട് ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കാൻ കേരളത്തിലെ എൽ.ഡി.എഫ്. ഗവൺമെന്റ് ശ്രമിക്കുന്നുവെന്നത് അഭിമാനകരമായ ഒരു വസ്തുതയാണ്. ഉൽപ്പാദനം വർദ്ധിപ്പിക്കുന്ന തിനനുസരിച്ച് കമ്പോളവും ശേഖരണവും സംസ്കരണവും ശീതീകരണവുമെല്ലാം വർദ്ധിതമാക്കുന്നതിനുള്ള സംവിധാനം മെച്ചപ്പെടുത്തണമെന്ന് ഞാൻ ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. അതുപോലെതന്നെ കാർഷിക സർവ്വകലാശാലയും ഗവേഷകരും കർഷകരുമായിട്ടുള്ള ബന്ധം മെച്ചപ്പെടുത്തി കർഷക രക്ഷകരായി മാറുന്നതിനുവേണ്ടി കൃഷി വകുപ്പ് മുൻകയ്യെടുക്കണം. മനുഷ്യരാശിക്ക് ഭക്ഷണമെന്നാൽ നെല്ലരിയാണ്. ലോകത്ത് പകുതിയിലധികം

പേരുടെ മുഖ്യ ആഹാരവും നെല്ലരി തന്നെ. മലയാളത്തിലെ ആഘോഷങ്ങളും ആചാരങ്ങളുമെല്ലാം നെല്ലും നെൽപ്പാടങ്ങളും വിളവെടുപ്പുമായി ബന്ധപ്പെട്ടതാണ്. ജനനം മുതൽ മരണം വരെ മലയാളികളുടെ സന്തതസഹചാരിയാണ് നെല്ലും നെല്ലരിയും. അതുകൊണ്ടുതന്നെ നെല്ലുൽപ്പാദിപ്പിക്കുന്ന കർഷകർ ഈ രാജ്യത്തെ ഏറ്റവുമധികം സ്നേഹിക്കുന്ന രാജ്യസ്നേഹികളാണ്. അവരുടെ ജീവിതനിലവാരം വർദ്ധിപ്പിക്കേണ്ടത് നമ്മുടെ ആവശ്യമാണ്. അതുകൊണ്ട് നെല്ലിന്റെ താങ്ങുവില ഇന്നുള്ളതിൽനിന്നും വർദ്ധിപ്പിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതുപോലെതന്നെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കാൻ പാടശേഖര സമിതികൾ മുഖേന 'ഗാലസ' പോലുള്ള പദ്ധതികൾ ആരംഭിക്കാൻ മുന്നോട്ടുവരണമെന്നുകൂടി അഭ്യർത്ഥിക്കുകയാണ്. പുതിയ വിത്തിനങ്ങൾ കർഷകർക്ക് നൽകണം. മാത്രമല്ല, കേരളത്തിൽ ഒരു പാഡി ഡെവലപ്മെന്റ് ബോർഡ് രൂപീകരിക്കാൻ ബഹുമാന്യനായ കൃഷി വകുപ്പുമന്ത്രി മുൻകയ്യെടുക്കണം.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

കേരളത്തിലെ കൃഷിരീതികൾ വൈവിദ്ധ്യമാണ്. വൈവിദ്ധ്യമായിട്ടുള്ള കൃഷിരീതിയിൽ മറ്റൊരു പ്രധാനപ്പെട്ട മേഖലയാണ് നാളികേരം. നാൽപ്പത്തിരണ്ട് ലക്ഷം നാളികേര കർഷകർ കേന്ദ്രനയംമൂലം വിഷമത്തിലാണ്. കർഷകർക്ക് ഏക പ്രതീക്ഷയുള്ളത് കേരള സർക്കാരിലാണ്. ഉൽപ്പാദിപ്പിക്കുന്ന നാളികേരം സംഭരിക്കാൻ കൃഷി വകുപ്പ് മുന്നോട്ടുവന്നത് വളരെ ആശ്വാസകരമായ കാര്യമാണ്. അതോടൊപ്പംതന്നെ ചില മൂല്യവർദ്ധിത വസ്തുക്കൾകൂടി കേരളം ഉൽപ്പാദിപ്പിക്കണം. കേരസുധ, വെർജിൻ കോക്കനട്ട് ഓയിൽ, കോക്കനട്ട് വാട്ടർ, തേങ്ങാപ്പൊടി, തേങ്ങാപ്പാൽ എന്നിങ്ങനെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുണ്ടാക്കി ബ്രാൻഡ് നെയിം നൽകി വിപണിയിലിറക്കാൻ നടപടി സ്വീകരിക്കണം. ഇന്നിപ്പോൾ കേരളത്തിൽ വലിയതോതിൽ ഒരവബോധം ഉണ്ടായിരിക്കുകയാണ്. കേരളത്തിലെ ജനങ്ങൾ വിഷലിപ്തമായ പച്ചക്കറികൾ ഭക്ഷിക്കുന്നത് ശരിയല്ല. ജൈവ പച്ചക്കറി കൃഷിയിലേയ്ക്ക് നമ്മുടെ നാട് മാറേണ്ടിയിരിക്കുന്നു. നാട്ടിൽ ജൈവ പച്ചക്കറിയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി കേരള സർക്കാർ എന്തുചെയ്യുന്നുവെന്ന് നോക്കുകയാണ് ജനങ്ങളിപ്പോൾ. ജൈവ പച്ചക്കറി ഉൽപ്പാദനത്തിനും അതിനാവശ്യമായ നടപടി സ്വീകരിക്കാനും കേരള സർക്കാർ മുൻകയ്യെടുത്തത് വളരെയധികം സ്വാഗതാർഹമാണ്. ജൈവ പച്ചക്കറി ഉൽപ്പാദിപ്പിക്കുന്നതിനുവേണ്ടി സ്വമേധയാ ചെറുകിട കൃഷിക്കാരും പുരയിടകൃഷി വിപുലപ്പെടുത്തുന്നതിനുവേണ്ടി നാട്ടുകാരും മുന്നോട്ടുവരുന്നുവെന്നത് കേരള സർക്കാരിന്റെ വലിയ പ്രചരണത്തിന്റെ ഫലമായിട്ടാണ് എന്നുകൂടി ഞാനിവിടെ സൂചിപ്പിക്കുകയാണ്. കേരള ബ്രാൻഡ് കൊണ്ടുവരുമെന്ന് നയപ്രഖ്യാപനത്തിൽ ബഹുമാനപ്പെട്ട ഗവർണ്ണർ പ്രഖ്യാപിച്ചു. അക്കാര്യം അന്വർത്ഥമാക്കാൻ ബഹുമാന്യനായ കൃഷി വകുപ്പുമന്ത്രി മുൻകയ്യെടുത്ത്

അത് നടപ്പിലാക്കണം. കേരളത്തിലെ കാർഷിക മേഖലയിൽ ഇപ്പോൾ ധാരാളം സെലിബ്രിറ്റികൾ കടന്നുവരുന്നുണ്ട്. ആ സെലിബ്രിറ്റികളെ നമ്മൾ പ്രോത്സാഹിപ്പിക്കണം. അത്തരത്തിൽ വരുന്നവർക്ക് കൂടുതൽ സഹായങ്ങൾ ചെയ്തുകൊണ്ട് അവരെ സ്വീകരിക്കാനായി നാം മുന്നോട്ടുവരണം. ഭക്ഷണത്തിൽ പ്രോട്ടീനിന്റെ അളവ് വർദ്ധിപ്പിക്കുന്നതിനുവേണ്ടി നാം ഏറ്റവും കൂടുതൽ ആശ്രയിക്കുന്നത് മാംസാഹാരത്തെയാണ്. എന്നാൽ ഇപ്പോൾ അത് മാറി. പാലിനെയും പാൽ ഉൽപ്പന്നങ്ങളെയും പ്രോട്ടീനുവേണ്ടി ആശ്രയിക്കുന്ന നിലയിലേയ്ക്ക് കേരളത്തിലെ ജനങ്ങൾ മാറിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ടുതന്നെ പാലുൽപ്പാദന രംഗത്ത് സ്വയംപര്യാപ്തതയിലേയ്ക്ക് എത്തുമെന്നുള്ള എൽ.ഡി.എഫ്. സർക്കാരിന്റെ പ്രഖ്യാപനത്തെ ജനങ്ങൾ പ്രതീക്ഷയോടുകൂടിയാണ് കാണുന്നത്.

ക്ഷീരകർഷകരെ സഹായിക്കുന്നതിനുവേണ്ടിയാണ് ഇവിടെ മിൽമ രൂപീകരിച്ചത്. പക്ഷെ മിൽമ എന്താണ് ചെയ്യുന്നത്? പ്രത്യേക ചാർട്ടിന്റെ അടിസ്ഥാനത്തിലാണ് ഇപ്പോൾ മിൽമ പാൽ സംഭരിക്കുന്നത്. 3.5% ഫാറ്റ്, 8.5 % എസ്.എൻ.എഫ്. തുടങ്ങിയ നിബന്ധനകൾ അടിച്ചേൽപ്പിച്ച് കർഷകരുടെ പാലിന് വില കുറയ്ക്കുകയാണ് മിൽമ ചെയ്യുന്നത്. 8.3 ലക്ഷം ലിറ്റർ പാൽ സംഘങ്ങളിൽനിന്ന് സംഭരിക്കുകയും 3.7 ലക്ഷം ലിറ്റർ ഗുണനിലവാരമില്ലാത്ത പാൽ അന്യസംസ്ഥാനങ്ങളിൽനിന്ന് ഇറക്കുമതി ചെയ്യുകയും കൂടിയ വിലയ്ക്ക് വിറ്റഴിച്ച് കൊള്ളലാഭമുണ്ടാക്കുകയുമാണ് മിൽമ ചെയ്യുന്നത്. ഇത് നാം ശരിയായ രൂപത്തിൽ മനസ്സിലാക്കേണ്ടിയിരിക്കുന്നു. മിൽമയുടെ പാൽവില നിർണ്ണയ ചാർട്ടും വ്യവസ്ഥകളും പരിഷ്കരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. പാൽ ഉൽപ്പാദകരായ മുഴുവൻ പേരെയും ക്ഷേമനിധിയിൽ അംഗങ്ങളാക്കണം. ക്ഷീരോൽപ്പാദനത്തിന്റെ ചെലവ് കുറയ്ക്കുന്നതിനുവേണ്ടി പോഷകാഹാരങ്ങൾ അടങ്ങിയ ടി.എം.ആർ. (ടോട്ടൽ മിക്സ്ഡ് റേഷൻ) കാലിത്തീറ്റ ഉൽപ്പാദിപ്പിക്കാൻ കേരള സർക്കാർ മുൻകയ്യെടുക്കണം. അതൊടൊപ്പംതന്നെ ഇവിടെ മറ്റൊരു പോരായ്മയുള്ളത് മൃഗസംരക്ഷണ മേഖലയ്ക്കുള്ള വായ്പകൾ കാർഷിക മേഖലയിലേയ്ക്കുള്ള വായ്പകളായി കണക്കാക്കാൻ ബാങ്കുകൾ സന്നദ്ധമാകുന്നില്ല എന്നതാണ്. ആവശ്യമായ നിർദ്ദേശം നൽകി ഇക്കാര്യത്തിൽ ബാങ്കുകളെക്കൂടി സന്നദ്ധമാക്കണം.

പാരിസ്ഥിതിക സന്തുലിതാവസ്ഥ നിലനിർത്തുന്നതിൽ വനത്തിന് വലിയ പങ്കാണുള്ളത്. ആദിവാസി മേഖലകളിൽ വികസന പ്രവർത്തനങ്ങൾക്ക് സഹായകമാകുന്ന നിലപാടിലേയ്ക്ക് വനം വകുപ്പ് ഉദ്യോഗസ്ഥരെ മാറ്റണം. വനം വകുപ്പിലെ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കേണ്ടതുണ്ട്. അതുപോലെ ആർ.ആർ.ടി. (റാപിഡ് റെസ്പോൺസ് ടീം) യൂണിറ്റുകൾക്ക് വാഹനം, ഉപകരണങ്ങൾ എന്നിവ നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം. ജനവാസ മേഖലകളിൽ കാട്ടുമൃഗങ്ങളുടെ ആക്രമണത്തിൽനിന്ന് ജനങ്ങളെ രക്ഷിക്കാൻ ഫെൻസിംഗ് വ്യാപകമാക്കാനുള്ള നടപടി സ്വീകരിക്കണം. കാട്ടാനകളുടെ ആക്രമണത്തിൽ കൊല്ലപ്പെടുന്നവരുടെ

ആശ്രിതർക്കുള്ള നഷ്ടപരിഹാരം അഞ്ച് ലക്ഷം രൂപയായി വർദ്ധിപ്പിച്ചതിനെ ഞാൻ അഭിനന്ദിക്കുന്നു; അത് പത്തുലക്ഷം രൂപയായി വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിക്കണം. കഴിഞ്ഞ അഞ്ച് വർഷംകൊണ്ട് യു.ഡി.എഫ്. സർക്കാർ കാർഷിക മേഖലയെ തകർത്തെറിഞ്ഞു. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് ഭൂമിയുടെ ന്യായവിലയിൽ നിശ്ചിത ശതമാനം അടച്ചാൽ എത്ര വയൽ വേണമെങ്കിലും നികത്താമെന്ന നിയമം പാസ്സാക്കി. ആ നിയമം കൊണ്ടുവന്ന ആളാണ് ബഹുമാന്യനായ കെ. എം. മാണി. അതിന്റെ ഫലമായി ഏതാണ്ട് 313187 ഹെക്ടർ കൃഷിഭൂമി നികത്തപ്പെട്ടു. കേരളത്തിലെ പേരുകേട്ട സ്ഥലങ്ങളാണ് മെത്രാൻ കായലും ആറന്മുളയും. ആറന്മുളയിൽ ഭൂമി നികത്താനല്ലേ യു.ഡി.എഫ്. സർക്കാർ തീരുമാനിച്ചത്; അതിനുള്ള നടപടി ആരംഭിച്ചില്ലേ? മാതൃകാപരമായ രൂപത്തിൽ കാർഷിക മേഖലയെ മറ്റ് സംസ്ഥാനങ്ങൾ സംരക്ഷിക്കുമ്പോൾ കേരളത്തിൽ വിമാനത്താവളങ്ങളും കെട്ടിട സമുച്ചയങ്ങളും കൊണ്ടുവരാനല്ലേ യു.ഡി.എഫ്. സർക്കാർ ശ്രമിച്ചത്? മെത്രാൻ കായലിലും ആറന്മുളയിലും ആയിരക്കണക്കിന് ഏക്കർ ഭൂമി നികത്തപ്പെട്ടപ്പോൾ കേരളം വിറങ്ങലിച്ചു. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ അധികാരത്തിൽ വന്നതിനുശേഷമാണ് നമ്മുടെ കായലുകളും നിലങ്ങളും ഭൂമിയും വനങ്ങളും സംരക്ഷിക്കപ്പെടുമെന്ന പ്രതീക്ഷ കേരളത്തിന് നൽകിയത്. മെത്രാൻ കായലിലും ആറന്മുളയിലും കൃഷിയിറക്കുകയും കൊയ്തെടുക്കുകയും ചെയ്തത് ഇടതുപക്ഷജനാധിപത്യ മുന്നണി സർക്കാരിന്റെ വൻവിജയമാണ്; അത് ജനങ്ങൾക്ക് പ്രതീക്ഷയാണ് നൽകിയത്. കേരള സർക്കാരിനെയും അതിന് മുൻകയ്യെടുത്ത കൃഷി വകുപ്പ് മന്ത്രിയെയും ഹാർദ്ദമായി അഭിവാദ്യം ചെയ്യുന്നു. കേരളത്തിലെ കാർഷിക മേഖലയിൽ വലിയതോതിൽ വിളകളുടെ വിലയിടിഞ്ഞു. ഇന്നലെ യു.ഡി.എഫ്. ഇവിടെ അടിയന്തരപ്രമേയം കൊണ്ടുവന്നു. യു.ഡി.എഫ്. ഭരിക്കുമ്പോൾ അടയ്ക്ക സംഭരിച്ചോ, നാളികേരം സംഭരിച്ചോ, നെല്ല് സംഭരിച്ചോ, സംഭരിച്ചതിനൊക്കെ വില നൽകിയോ? ഒന്നുമുണ്ടായില്ല; യു.ഡി.എഫ്. സർക്കാർ ഒന്നും ചെയ്തില്ല. ബഹുമാനപ്പെട്ട കെ. സി. ജോസഫ് മന്ത്രിയായിരുന്നപ്പോൾ കുളമ്പുരോഗം വന്ന് ആയിരക്കണക്കിന് പശുക്കൾ ചത്തൊടുങ്ങി. മൂവായിരം പശുക്കൾ പാലക്കാട് ജില്ലയിൽത്തന്നെ ചത്തുപോയി. അന്ന് യു.ഡി.എഫ്. സർക്കാർ വെറും 170 ആളുകൾക്കുമാത്രമാണ് നഷ്ടപരിഹാരം നൽകിയത്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ സാധാരണക്കാർക്ക് ആനുകൂല്യങ്ങൾ നൽകുകയോ വിളകൾ സംഭരിക്കുകയോ ചെയ്തിരുന്നില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമാണ് ഉൽപ്പന്നങ്ങളെല്ലാം സംഭരിക്കാൻ തുടങ്ങിയത്. നെല്ലും നാളികേരവും അടയ്ക്കയും റബ്ബറും സംഭരിക്കാനുള്ള നടപടികൾ സ്വീകരിച്ചു. അങ്ങനെ അൽപ്പാൽപ്പമായി വിലകൂടി. ഇങ്ങനെ കേരളത്തിലെ കാർഷിക മേഖലയെ എൽ.ഡി.എഫ്. സർക്കാർ പ്രതീക്ഷാനിർഭരമാക്കിയെന്ന് അഭിമാനത്തോടെ പറയാം. കേരളത്തിൽ കഴിഞ്ഞ അഞ്ച് വർഷക്കാലം 67 കൃഷിക്കാർ ആത്മഹത്യ ചെയ്തു. വടക്കൻ ജില്ലയായ വയനാടിൽ വലിയ രീതിയിൽ പുറകോട്ടടിയുണ്ടായി. വയനാട് ജില്ലയ്ക്കുവേണ്ടി

2100 കോടി രൂപ മാറ്റിവയ്ക്കുമെന്ന് കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ പ്രഖ്യാപിച്ചു. അത് പ്രഖ്യാപനത്തിൽ ഒതുങ്ങിയതല്ലാതെ നയാപൈസ നൽകിയില്ല. കാർഷിക മേഖലയെ തകർത്തത്, പണം തരാത്തത് ധനകാര്യ വകുപ്പുമന്ത്രിയാണെന്നു പറഞ്ഞുകൊണ്ട് കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് കേരളത്തിന്റെ വടക്കൻ ജില്ലയിൽ നിന്ന് കൃഷിക്കാർ കാൽനടയായി മാണിസാറിന്റെ മണ്ഡലമായ പാലായിൽച്ചെന്ന് ആത്മഹത്യ ചെയ്ത ചരിത്രമുണ്ടായി. ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ കർഷക ആത്മഹത്യ നിലച്ചു. ഈ സർക്കാർ ഭരിക്കാൻ തുടങ്ങി 12 മാസമായിട്ടും ഒരു കർഷകൻപോലും ആത്മഹത്യ ചെയ്തിട്ടില്ല. കാർഷിക മേഖലയെ സമ്പന്നവും പ്രതീക്ഷാനിർഭരവുമാക്കാൻ ഈ സർക്കാർ മുന്നോട്ടുവന്നു. യു.ഡി.എഫ്. സർക്കാർ കഴിഞ്ഞ അഞ്ച് വർഷക്കാലം ഭരിച്ചപ്പോഴുള്ള ഇന്ത്യാ രാജ്യത്തിന്റെ സർവ്വേ റിപ്പോർട്ട് നിങ്ങൾ നോക്കണം, ഇന്ത്യാ രാജ്യത്ത് ഏറ്റവും കൂടുതൽ കടഭാരമുള്ള കൃഷിക്കാർ അധിവസിക്കുന്ന സംസ്ഥാനമായി കേരളം മാറി; കാർഷിക മേഖലയ്ക്ക് സർക്കാരിൽ നിന്നുള്ള ആനുകൂല്യങ്ങളെല്ലാം ഇല്ലാതാക്കി, സർക്കാർ മൂലധനം വെട്ടിക്കുറച്ചു; എല്ലാം ലാപ്സാക്കിക്കളഞ്ഞു. ഇതിന് കാരണം, കഴിഞ്ഞ ഗവൺമെന്റിലെ കൃഷി വകുപ്പുമന്ത്രി ജനതാദൾ പാർട്ടിയുടെ ശ്രീ. കെ. പി. മോഹനൻ ആയിരുന്നു. ജനതാദളിനെ പിണക്കാതെ, ശ്രീ. കെ. പി. മോഹനനെ മുന്നണിയിൽ നിന്നും അടർത്തി മാറ്റാതിരിക്കുന്നതിനുവേണ്ടി ചെയ്യുന്നതെല്ലാം അംഗീകരിച്ചുകൊടുക്കുക എന്നതായിരുന്നു കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ നയം. അതിന്റെ ഫലമായി കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ എല്ലാ കൊള്ളരുതായ്മകൾക്കും നേതൃത്വം നൽകുന്നയാളായി മുൻ കൃഷി വകുപ്പുമന്ത്രി മാറി. കേരളത്തിന്റെ കാർഷിക മേഖലയിൽ വലിയ അളവിൽ പുറകോട്ടടി ഉണ്ടായത് യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്താണ്. കാർഷിക മേഖലയെ മുന്നോട്ട് നയിക്കാനാണ് കേരളത്തിലെ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നത് എന്നുകൂടി ഞാനിവിടെ സൂചിപ്പിക്കുകയാണ്. ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. ഇപ്പോൾ നമ്മുടെ തലസ്ഥാന ജില്ലയിൽ ദല്ലാളന്മാരും ഏജന്റുമാരുമില്ല. കേരളത്തിലെ ഭരണം ലക്ഷണമൊത്ത രീതിയിലേയ്ക്ക് നീങ്ങുകയാണ്. സാധാരണക്കാർക്ക് ഗുണകരമായ മാറ്റങ്ങളുണ്ടായിരിക്കുന്നു. കേരളത്തിലെ പാവപ്പെട്ടവർക്കുള്ള ആനുകൂല്യങ്ങൾ ഒന്നൊന്നായി ലഭ്യമായിക്കൊണ്ടിരിക്കുന്നു. കൃഷിക്കാർക്ക് കാർഷിക പെൻഷനടക്കം ഇപ്പോൾ നൽകുന്നു. കേരളത്തിലെ സാധാരണക്കാർക്കാണ് ആനുകൂല്യങ്ങൾ നൽകേണ്ടതെന്ന നിലയിൽ, ജനങ്ങളെ സംരക്ഷിക്കാനുള്ള നിലയിൽ എൽ.ഡി.എഫ്. സർക്കാർ മുന്നേറുന്നു. കേരളത്തിലെ കൃഷിക്കാരെയും കാർഷിക മേഖലയെയും സമ്പുഷ്ടമാക്കാനും രക്ഷപ്പെടുത്താനും ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണ് എന്നുകൂടി സൂചിപ്പിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഇന്നത്തെ പ്രധാന വിഷയങ്ങൾ സി.പി.ഐ. മന്ത്രിമാർ കൈകാര്യം ചെയ്യുന്ന വകുപ്പുകളാണ്. ഈ സർക്കാരിന്റെ തെറ്റായ പല നിലപാടുകളെയും നയങ്ങളെയും നടപടികളെയും എതിർക്കുന്ന സി.പി.ഐ.യുടെ നയങ്ങളോടും സമീപനങ്ങളോടും എനിക്ക് യോജിപ്പാണ്. അതിരപ്പിള്ളി പദ്ധതിക്ക് അനുകൂലമായ നിലപാട് മുഖ്യമന്ത്രിയും മന്ത്രിമാരായ ശ്രീ. എ. കെ. ബാലനും ശ്രീ. എം. എം. മണിയുമെല്ലാം സ്വീകരിക്കുമ്പോൾ സി.പി.ഐ. ആ പദ്ധതിക്കെതിരായ സമീപനം സ്വീകരിച്ചിരിക്കുകയാണ്. അതുപോലെ ലാ അക്കാദമി സമരത്തിൽ സി.പി.ഐ.(എം) മാനേജ്മെന്റിനൊപ്പം നിന്നപ്പോൾ സി.പി.ഐ. വിദ്യാർത്ഥികൾക്കൊപ്പമായിരുന്നു. മന്ത്രിസഭാ തീരുമാനങ്ങൾ വിവരാവകാശ നിയമത്തിന് വിധേയമാണോയെന്ന ചോദ്യം വന്നപ്പോഴും മുഖ്യമന്ത്രി സ്വീകരിച്ച കർശന നിലപാടിൽനിന്നും വ്യത്യസ്തമായി മന്ത്രിസഭാ തീരുമാനങ്ങളെല്ലാം വിവരാവകാശ നിയമത്തിന് വിധേയമാണെന്ന ശക്തമായ നിലപാടായിരുന്നു സി.പി.ഐ. സ്വീകരിച്ചത്. മകൻ നഷ്ടപ്പെട്ട ദുഃഖത്തിൽ ഡി.ജി.പി.-യെ കാണാൻവന്ന മഹിജയെ പോലീസ് ആസ്ഥാനത്ത് നടുറോഡിൽ വലിച്ചിഴച്ച നടപടിയെ ന്യായീകരിക്കാൻ സി.പി.ഐ.(എം) നേതൃത്വം തയ്യാറായപ്പോൾ സി.പി.ഐ. വേറിട്ട നിലപാട് തന്നെയാണ് സ്വീകരിച്ചത്. മൂന്നാറിലെ കയ്യേറ്റങ്ങളൊഴിപ്പിക്കാൻ റവന്യൂ വകുപ്പുമന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരൻ ശക്തമായ നിലപാട് സ്വീകരിച്ചു. പക്ഷെ അവിടത്തെ എം.എൽ.എ.-യും നാട്ടുകാരനായ മന്ത്രിയും വ്യത്യസ്തമായ നിലപാടായിരുന്നു സ്വീകരിച്ചത്. ജില്ലാ കളക്ടറെയും സബ് കളക്ടറെയും അവർ വിളിച്ച പേരുകളൊന്നും ഞാനിവിടെ ആവർത്തിക്കുന്നില്ല. മന്ത്രിതന്നെ സ്റ്റേറ്റ്മെന്റ് കൊടുത്തിട്ടുണ്ട്. ......(ബഹളം)...... ഞാൻ പേരുപറഞ്ഞില്ല.

<u>ശ്രീ. എസ്. രാജേന്ദ്രൻ</u>: സർ, പോയിന്റ് ഓഫ് ഓർഡർ, മൂന്നാറിലെ എം.എൽ.എ.-യോ അവിടത്തെ മന്ത്രിയോ കയ്യേറ്റം ഒഴിപ്പിക്കുന്നതിന് എതിരായിരുന്നില്ല. അവിടത്തെ കയ്യേറ്റം ഞങ്ങൾ ചെന്ന് ഒഴിപ്പിച്ചിട്ടേയുള്ളൂ. കയ്യേറ്റം ഏതാണെന്ന് തിരിച്ചറിയാതിരിക്കുന്ന സാഹചര്യമുണ്ട്. അക്കാര്യത്തിൽ എന്തെങ്കിലും പറയാനുണ്ടെങ്കിൽ നമുക്ക് സമയമെടുത്ത് സംസാരിക്കാം. എം.എൽ.എ.യും മന്ത്രിയും എതിരാണെന്ന് പറയുന്നത് രേഖകളിൽ കാണാൻ പാടില്ല.*

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: അക്കാര്യം പരിശോധിക്കാം.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, ഞാൻ ഇവിടെ ആരുടെയും പേര് പറഞ്ഞിട്ടില്ല.

---

* സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ. 2148/ഇ.ബി./2017/നി.സെ.തീയതി 12-5-2017) സഭാരേഖകളിൽ നിലനിർത്താൻ തീരുമാനിച്ചു.

പക്ഷെ, വകുപ്പുമന്ത്രി ശ്രീ. പി. സി. ജോർജിന് എഴുതി നൽകിയ മറുപടിയിൽ ശ്രീ. എസ്. രാജേന്ദ്രന്റെ പേര് വന്നിട്ടുണ്ട്. റവന്യൂ വകുപ്പുമന്ത്രി ശ്രീ. പി. സി. ജോർജിന്റെ ചോദ്യത്തിന് നൽകിയ മറുപടിക്കാണ് ഇപ്പോൾ ശ്രീ. എസ്. രാജേന്ദ്രൻ മറുപടി പറഞ്ഞത്. സി.പി.ഐ.ക്ക് ഇക്കാര്യത്തിൽ വ്യത്യസ്തമായ നിലപാടാണുള്ളത്. ജില്ലാ കളക്ടറെയും സബ് കളക്ടറെയും 'കോന്തന്മാർ', 'ഊളമ്പാറയ്ക്ക് അയയ്ക്കേണ്ടവർ' എന്നും 'കാലുവെട്ടും', 'കൈ വെട്ടും' എന്നുമെല്ലാം പറഞ്ഞത് ആരാണെന്ന് കേരളത്തിലെ ജനങ്ങൾക്ക് നന്നായിട്ടറിയാം. കുരിശ് പൊളിച്ചതുമായി ബന്ധപ്പെട്ട വിഷയത്തിലും സി.പി.ഐ.ക്കും സി.പി.ഐ.(എം)-നും വ്യത്യസ്ത നിലപാടുകളാണുള്ളത്. അതുപോലെ, സർവ്വകക്ഷി യോഗത്തിന്റെ ക്രെഡിറ്റും സി.പി.ഐ.(എം) ഏറ്റെടുക്കുന്നു. XXXXXXXXX*

<u>ശ്രീ. എം. സ്വരാജ്</u>: സർ, ......(മൈക്ക് ഓഫ്)......

<u>ശ്രീ. സണ്ണി ജോസഫ്</u>: അത് സി.പി.ഐ. എക്സിക്യൂട്ടീവിന്റെ വിലയിരുത്തലാണ്. സി.പി.ഐ. എന്നുപറയുമ്പോൾ ശ്രീ. എം. സ്വരാജിന് സ്വാഭാവികമായും പ്രയാസമുണ്ടാകും. അത് ഞങ്ങൾ മനസ്സിലാക്കുന്നു. സി.പി.ഐ.-ക്ക് അനുകൂലമായി ആരെങ്കിലും പറഞ്ഞാൽ ശ്രീ. എം. സ്വരാജിന് സ്വാഭാവികമായും പ്രയാസമുണ്ടാകും, സംശയമില്ല. ഏറ്റവും അവസാനം ഡി.ജി.പി. സെൻകുമാറിന്റെ കേസിൽ 25,000 രൂപ സുപ്രീം കോടതിയിൽ അടച്ചപ്പോൾ ശ്രീ. പന്ന്യൻ രവീന്ദ്രൻ പറഞ്ഞത് സർക്കാരിന് തെറ്റായ ഉപദേശം നൽകിയ ഉപദേശികളിൽ നിന്ന് ഈ സംഖ്യ വാങ്ങണമെന്നാണ്. സുപ്രീം കോടതിയിലെ ഷെയറടച്ചതാണെന്നാണ് മുഖ്യമന്ത്രി പറഞ്ഞത്. ......(ബഹളം)...... ഏറ്റവും അവസാനം ബാർ കോഴ കേസിൽ മാണിസാറിനെതിരെ നടത്തിയ സമരങ്ങളും ഉന്നയിച്ച ആക്ഷേപങ്ങളും ......(ബഹളം)......

കൃഷി വകുപ്പുമന്ത്രി (<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>): സർ, പോയിന്റ് ഓഫ് ഓർഡർ, ബഹു. അംഗം സി.പി.ഐ.യുടെ സംസ്ഥാന എക്സിക്യൂട്ടീവ് നടത്തിയ വിലയിരുത്തൽ തെറ്റായി ഇവിടെ പറഞ്ഞിരിക്കുകയാണ്. ഞാൻ സി.പി.ഐ. സംസ്ഥാന എക്സിക്യൂട്ടീവ് മെമ്പറാണ്. ഞങ്ങളുടെ പാർട്ടി അങ്ങനെയൊരു വിലയിരുത്തൽ നടത്തിയിട്ടില്ല. പാർട്ടി നടത്താത്ത ഒരു വിലയിരുത്തൽ സ്വന്തം കയ്യിൽ നിന്നെടുത്ത് പറയുന്നത് രേഖയിലുണ്ടാകാൻ പാടില്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: അക്കാര്യം പരിശോധിക്കാം.

---

* ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഫയൽ നമ്പർ 2149/ഇ.ബി./2017/നി.സെ. തീയതി 12-5-2017-ന്മേലുള്ള ഉത്തരവിൻപ്രകാരം രേഖയിൽ നിന്നും നീക്കം ചെയ്തു.

<u>ശ്രീ. സണ്ണി ജോസഫ്</u>: ഞാൻ അത് ദിനപ്പത്രങ്ങളിൽ വായിച്ചതാണ്. പത്രങ്ങളിലെല്ലാം വാർത്ത വന്നപ്പോൾ സി.പി.ഐ. നേതൃത്വം ഒരു നിഷേധക്കുറിപ്പും നൽകിയിട്ടില്ല. ഞാൻ വിഷയത്തിലേയ്ക്ക് വരാം. കൃഷി വകുപ്പിനെക്കുറിച്ച് പറയുമ്പോൾ ബഹുമാനപ്പെട്ട മന്ത്രി കാണാത്ത ഒരു വസ്തുതയുണ്ട്; കൃഷിയെ സംബന്ധിച്ച് എൽ.ഡി.എഫ്.-ന്റെ പ്രകടനപത്രികയിൽ പറഞ്ഞിരിക്കുന്നത് നാലാമത്തെ ഖണ്ഡികയിൽ എല്ലാ കാർഷികോൽപ്പന്നങ്ങൾക്കും ആദായകരമായ വില ഉറപ്പാക്കും; ഉൽപ്പാദനച്ചെലവിനനുസൃതമായി നെല്ലിന്റെ സംഭരണ വില ഉയർത്തും; കാർഷിക സഹകരണ സംഘങ്ങളുമായി ബന്ധപ്പെടുത്തി ഒരാഴ്ചയ്ക്കകം കൃഷിക്കാർക്ക് പണം ലഭ്യമാക്കും എന്നാണ്. എന്നിട്ട് ഇത് നടപ്പിലാക്കിയോ; നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? അഞ്ചാമത്തെ ഖണ്ഡികയിൽ കൃഷിക്കാർക്ക് റോയൽറ്റി നൽകുമെന്നാണ് പറയുന്നത്. എവിടെയെങ്കിലും റോയൽറ്റി നൽകിയോ? ഇത് ഞാൻ ഉയർത്തിക്കാട്ടിയെന്നാണ് ശ്രീ. കെ. കൃഷ്ണൻകുട്ടി ഇവിടെ പറഞ്ഞത്. അതുപോലെ നെൽക്കൃഷി മേഖലയിൽ പരിമിതമായ യന്ത്രവൽക്കരണം നടത്തുമെന്നുപറയുന്നു; യന്ത്രവൽക്കരണത്തെ എതിർത്ത ആളുകളാണ്. എന്നാൽ പ്രകടനപത്രികയിൽ യന്ത്രവൽക്കരണത്തെ അനുകൂലിക്കുന്നു. പ്ലാന്റേഷനെ സംബന്ധിച്ചാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം പറഞ്ഞത്; റബ്ബറിന്റെ റീപ്ലാന്റിംഗ് സബ്സിഡി ഹെക്ടറിന് ഒരു ലക്ഷം രൂപയായി ഉയർത്തുമെന്ന് പറഞ്ഞു. എന്നിട്ട് ഉയർത്തിയോ? റബ്ബർ കൃഷിക്കാർക്ക് വരുമാനം ഉറപ്പുവരുത്താൻ ഏക്കർ അടിസ്ഥാനത്തിൽ സബ്സിഡി നൽകുമെന്ന് പറഞ്ഞു. എവിടെയെങ്കിലും നൽകിയോ? അതുപോലെ മൂല്യവർദ്ധിത ഉൽപ്പന്നത്തിന്റെ അന്തിമ വിലയുടെ ഒരംശം കർഷകന് ലഭിക്കത്തക്കവിധത്തിൽ ആവശ്യമായ നിയമപരിരക്ഷ ഉറപ്പുവരുത്താൻ ഇടപെടുംമെന്ന് പറഞ്ഞു. എവിടെയെങ്കിലും ചെയ്തോ? ഒരു വർഷമായിട്ടും ഒന്നും ചെയ്തിട്ടില്ല. ഇന്നലെ ഞാൻ അടിയന്തര പ്രമേയം അവതരിപ്പിക്കുമ്പോൾ വന്യമൃഗശല്യവും കൃഷിയുമായി എന്ത് ബന്ധമെന്ന് ശ്രീ. കെ. രാജൻ ചോദിച്ചു. വന്യമൃഗശല്യംമൂലം കൃഷി നശിക്കുന്നത് തടയാൻ നടപടി സ്വീകരിക്കുമെന്ന് എൽ.ഡി.എഫ്.-ന്റെ പ്രകടനപത്രികയിലെ പാരഗ്രാഫ് 23-ൽ പറഞ്ഞിട്ടുണ്ട്. അതിനെത്തുടർന്ന് വനം വകുപ്പ് ഒരു ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്.

<u>ശ്രീ. കെ. രാജൻ</u>: സർ, പോയിന്റ് ഓഫ് ഓർഡർ, തെറ്റായ ഒരു കാര്യം പറഞ്ഞ് സഭയെ തെറ്റിദ്ധരിപ്പിക്കരുത്. ഞാൻ ഇന്നലെ അങ്ങനെ ചോദിച്ചിട്ടില്ല. രേഖ പരിശോധിച്ച് അത് മാറ്റണം. അങ്ങനെ ചോദിക്കാനുള്ള വിഡ്ഢിത്തരമൊന്നും ഞങ്ങൾക്കില്ല. അത് ശ്രീ. സണ്ണി ജോസഫിനായിരിക്കും.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, ഞാൻ ശ്രീ. കെ. രാജൻ പറഞ്ഞതിനെ വിഡ്ഢിത്തരമെന്നല്ല പറഞ്ഞത്, ശ്രീ. കെ. രാജൻ ഇന്നലെ പറഞ്ഞത് തെറ്റാണ്.

ഇന്നലെ പ്രസംഗിച്ചുകൊണ്ടിരിക്കുമ്പോൾ വന്യമൃഗശല്യംമൂലം കൃഷി നശിക്കുന്നുവെന്ന് ഞാൻ പറഞ്ഞപ്പോൾ ശ്രീ. കെ. രാജൻ അതിനെ എതിർത്തു. ഞാൻ അതിനെ രേഖാമൂലം ഖണ്ഡിക്കുന്നു. വന്യമൃഗശല്യംമൂലം കൃഷി നശിക്കുന്നുവെന്ന് നിങ്ങളുടെ പ്രകടനപത്രികയിൽ പറഞ്ഞിട്ടുണ്ട്. അതുപോലെ തന്നെ 7-2-2017-ന് സർക്കാർ പുറപ്പെടുവിച്ച ഉത്തരവിൽ പറയുന്നത്, ഇതിനായി പഞ്ചായത്ത് ലെവൽ കമ്മിറ്റി രൂപീകരിക്കുമെന്നാണ്. കമ്മിറ്റി രൂപീകരിച്ചാൽ വന്യമൃഗശല്യം പരിഹരിക്കപ്പെടില്ല. ഇവിടെ നേരത്തെ സംസാരിച്ച ശ്രീ. കെ. വി. വിജയദാസ് നഷ്ടപരിഹാരം 5 ലക്ഷം രൂപയായി വർദ്ധിപ്പിച്ചതിനെ സ്വാഗതം ചെയ്യുന്നുവെന്ന് പറഞ്ഞു. 2014-ൽ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ മന്ത്രിയായിരുന്നപ്പോഴാണ് തുക വർദ്ധിപ്പിച്ചത്. 10 ലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്നതിനോട് ഞാൻ യോജിക്കുന്നു.

ഈ സർക്കാരിന് കാർഷിക നയമില്ല. ബഹുമാനപ്പെട്ട ചിറ്റൂർ എം.എൽ.എ. ചെയർമാനായി രൂപീകരിച്ച സമിതി സർക്കാരിന് മുമ്പിൽ സമർപ്പിച്ച കാർഷിക നയം ഈ സർക്കാർ ചർച്ച ചെയ്ത് നടപ്പിലാക്കാൻ തയ്യാറായിട്ടില്ല. നാളികേര കർഷകരുടെ പച്ചത്തേങ്ങ സംഭരിക്കുമെന്ന പ്രഖ്യാപനം നടത്തി; കരുനാഗപ്പള്ളിയിൽ വച്ച് ഉദ്ഘാടനവും ചെയ്തു; എന്നാൽ ഇവിടെ ആരും പച്ചത്തേങ്ങ സംഭരിക്കുന്നില്ല. നെൽക്കൃഷിക്കാർക്ക് നെല്ലിന് വില നൽകുന്നില്ല. റബ്ബറിന്റെ സബ്സിഡി 200 രൂപയായി ഉയർത്തുമോയെന്ന് ഇന്നലെ ശ്രീ. കെ. സി. ജോസഫ് ചോദിച്ചു. 200 രൂപ മുഴുവൻ നൽകാനല്ല, 200 രൂപ കൃഷിക്കാരന് ലഭിക്കത്തക്കവിധത്തിൽ ബാക്കിയുള്ള സംഖ്യ ഗവൺമെന്റ് വഹിക്കുമോ എന്ന് ശ്രീ. കെ. സി. ജോസഫും ഞാനും ചോദിച്ചപ്പോൾ ബഹുമാനപ്പെട്ട മന്ത്രി അത് നിഷേധിക്കുന്ന തരത്തിലാണ് സംസാരിച്ചത്. അപ്പോൾ റബ്ബർ കൃഷിക്കാരോടും യാതൊരു താൽപ്പര്യവുമില്ല. ഒരു കിലോ റബ്ബർ ഉല്പാദിപ്പിക്കണമെങ്കിൽ 172 രൂപ ചെലവുണ്ട്. അതുകൊണ്ട് കൃഷിക്കാരന്റെ താൽപ്പര്യങ്ങൾ ഉയർത്തിപ്പിടിക്കാനോ വനസംരക്ഷണത്തിനോ വന്യജീവിശല്യം തടയുന്നതിനോ ആവശ്യമായ നടപടികൾ ഒന്നുംതന്നെ മുന്നോട്ടുവയ്ക്കാത്ത ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു. എന്റെ വാക്കുകൾ നിർത്തുന്നു.

<u>ശ്രീ. ആർ. രാമചന്ദ്രൻ</u>: സർ, ശ്രീ. സണ്ണി ജോസഫിന്റെ ചില പരാമർശങ്ങൾ കേൾക്കാൻ സുഖമുണ്ട്. പക്ഷേ ഈ കട്ടിൽ കണ്ട് പനിക്കണ്ട എന്നുമാത്രമേ എനിക്ക് ഓർമ്മിപ്പിക്കാനുള്ളൂ. ഞാൻ ഈ ധനാഭ്യർത്ഥനകളെ ഹൃദയപൂർവ്വം പിന്താങ്ങുകയാണ്. കുടിക്കാൻ ശുദ്ധമായ ജലവും കഴിക്കാൻ വിഷരഹിതമായ ഭക്ഷണവും കേരളത്തിലെ എല്ലാ പൗരന്മാർക്കും എത്തിക്കുക എന്നതാണ് ഈ സർക്കാരിന്റെ ലക്ഷ്യം. എല്ലായിടവും കൃഷിയിടമാക്കുക, എല്ലാവരും കൃഷിക്കാരാകുക

എന്നതാണ് നമ്മുടെ കൃഷി വകുപ്പിന്റെ ലക്ഷ്യം. ഇച്ഛാശക്തിയോടെ കൃഷി വകുപ്പ് പ്രവർത്തിച്ചുതുടങ്ങിയപ്പോൾ കേരളത്തിലെ ആബാലവൃദ്ധം ജനങ്ങളും കൃഷിഭൂമിയിലേയ്ക്ക് ഇറങ്ങിവരുന്ന കാഴ്ചയാണ് നാം കാണുന്നത്. കർഷകന് നൽകിയ പ്രോത്സാഹനങ്ങളും നിർദ്ദേശങ്ങളുംമൂലം ഊഷരഭൂമി എന്ന് കരുതിയ ഇടങ്ങളിൽപ്പോലും നൂറുമേനി വിളയിച്ചു. ഈ സാഹചര്യത്തിൽ യു.ഡി.എഫ്. ഭരിച്ചിരുന്ന കാലത്തെ കൃഷിയെയും കർഷകനെയും ഓർക്കുമല്ലോ. വയലായ വയലൊക്കെ തരിശിട്ടു. കടക്കെണിയിലായ കർഷകൻ ആത്മഹത്യയിൽ അഭയം തേടി. കർഷകന്റെ ഉൽപ്പന്നങ്ങൾ ശേഖരിച്ച പൊതുമേഖലാ സ്ഥാപനങ്ങൾ ഉൽപ്പന്നവില നൽകാതെ വണ്ടിച്ചെക്ക് നൽകിയ അനുഭവമാണുണ്ടായത്. ഇതരസംസ്ഥാനങ്ങളിൽ നിന്ന് വിഷലിപ്തമായ പച്ചക്കറികളും പഴങ്ങളും ധാന്യങ്ങളും ഇറക്കുമതി ചെയ്യുന്ന സ്ഥിതിയാണുണ്ടായിരുന്നത്. ആരോഗ്യ മേഖലയിൽ അറുപതുവർഷംകൊണ്ട് നേടിയ പുരോഗതിയെ തകർത്തുകൊണ്ട് പുതിയ രോഗങ്ങൾ മാനവരാശിക്ക് ഭീഷണിയായി മാറി. ആധുനിക മനുഷ്യന്റെ ലക്കുകെട്ട വികസന മോഹങ്ങൾമൂലം താൻ കയ്യേറി നശിപ്പിക്കുന്ന പ്രകൃതിയോടൊപ്പം തന്നെത്തന്നെയും നശിപ്പിക്കുന്നുവെന്ന ഓർമ്മപ്പെടുത്തൽ എല്ലാവരിലേയ്ക്കും പകർന്നു നൽകിക്കൊണ്ട് ഒരു പുതിയ വികസന മാതൃക ലോകത്തിന് കാഴ്ചവച്ച കൃഷിവകുപ്പിനെ ഞാൻ ഏറെ അഭിനന്ദിക്കുന്നു. പ്രകൃതി ദുരന്തങ്ങളില്ലാത്ത, പകർച്ച വ്യാധികളില്ലാത്ത കേരളം നാം ആഗ്രഹിക്കുന്നു. ഒപ്പംതന്നെ ഭാവി തലമുറയ്ക്ക് ഈ മണ്ണിന്റെ ചാരുതയും കാലാവസ്ഥയുടെ ശീതളതയും ആസ്വദിച്ച് ജീവിക്കുന്നതിന് കഴിയണം. നമ്മുടെ കാടുകളെയും പുഴകളെയും വയലേലകളെയും തണ്ണീർത്തടങ്ങളെയും മറ്റെല്ലാ ഭൂരൂപങ്ങളെയും അതിന്റെ നൈസർഗ്ഗിക സ്വഭാവത്തിൽത്തന്നെ നിലനിർത്തണം. ഭൂമിയുടെ പ്രകൃതിപരമായ സ്വഭാവത്തെ നഷ്ടപ്പെടുത്തുന്ന തരത്തിലുള്ള ഏതൊരു കയ്യേറ്റത്തെയും ഇച്ഛാശക്തിയുള്ള ഈ ഗവൺമെന്റ് തുരത്തുമെന്നതിൽ യാതൊരു സംശയവുമില്ല. പ്രതിപക്ഷം ഇപ്പോൾ കയ്യേറ്റത്തെക്കുറിച്ച് കവലകൾതോറും ഗിരിപ്രഭാഷണങ്ങൾ നടത്തുകയാണ്. കേരളത്തിലെ വനഭൂമി കയ്യേറ്റത്തിനെതിരെ അഞ്ച് വർഷക്കാലം എന്തുനടപടിയാണ് നിങ്ങൾ സ്വീകരിച്ചത്? എത്ര ഏക്കർ നെൽവയലുകളും തണ്ണീർത്തടങ്ങളും നികത്തുന്നതിന് നിങ്ങൾ കൂട്ടുനിന്നു? വനഭൂമി മാത്രമല്ല, കേരളത്തിലെ കായലുകളും തടാകങ്ങളും പുഴകളും കയ്യേറുന്നതിന് നിങ്ങൾ കൂട്ടുനിന്നില്ലേ? കഴിഞ്ഞ അഞ്ച് വർഷംകൊണ്ട് കേരളം വനഭൂമി കയ്യേറ്റക്കാരുടെ വിളഭൂമിയായി മാറുകയായിരുന്നു. വയലേലകൾ റിയൽ എസ്റ്റേറ്റ് മാഫിയകളുടെ ദുഷ്ടലക്ഷ്യങ്ങളുടെ കേന്ദ്രങ്ങളായി. പ്രകൃതിയിലെ മനുഷ്യന്റെ അനിയന്ത്രിതമായ കടന്നുകയറ്റം സൃഷ്ടിച്ച ആഗോളതാപനവും കാലാവസ്ഥ വ്യതിയാനവുംമൂലം വരണ്ടുണങ്ങിയ കേരളത്തിലെ പാടശേഖരങ്ങളെ വീണ്ടും ഹരിതാഭമാക്കുന്നതിനു വേണ്ടി, മാലിന്യസംസ്കരണത്തിന് ഒരു പുത്തൻ സംസ്കാരം സൃഷ്ടിച്ച് ഭൂമിയുടെ ആസന്നമൃതിയെ നാം തടയേണ്ടിയിരിക്കുന്നു. നമ്മൾ ആരംഭിച്ച ഹരിത കേരളം

പദ്ധതി കേരളീയന്റെ പ്രകൃതിക്ക് മുമ്പാകെയുള്ള ആത്മസമർപ്പണമാണ്. കൃഷി നമ്മുടെ സംസ്കാരമാണെന്നും സകല ജീവജാലങ്ങളുടെയും ഭൂമിയുടെതന്നെയും നിലനിൽപ്പിന് അത്യന്താപേക്ഷിതമാണെന്നുമുള്ള സന്ദേശം എല്ലാവരിലേയ്ക്കും എത്തിക്കുന്നതിന് കഴിഞ്ഞു. സ്ഥലമുണ്ടെങ്കിലും ഇല്ലെങ്കിലും സമയമുണ്ടെങ്കിൽ കൃഷി ചെയ്യുന്ന കേരളീയനെ നമുക്ക് കാണാൻ കഴിഞ്ഞു. വിഷമയമായ ഭക്ഷണം കഴിച്ചിരുന്ന നമുക്ക് വിഷരഹിതമായ ഭക്ഷണം ശീലമായിക്കൊണ്ടിരിക്കുന്നു. അതുപോലെതന്നെ നമ്മുടെ വയലേലകളിൽനിന്നും ഞാറ്റുപാട്ടിന്റെയും കൊയ്ത്തുപാട്ടിന്റെയും ഈരടികൾ മുഴങ്ങിത്തുടങ്ങി. മെത്രാൻ കായലിലും ആറന്മുളയിലും നമ്മൾ നൂറുമേനി കൊയ്തു.

ഈ സർക്കാർ അധികാരത്തിലേറുമ്പോൾ കേരളത്തിലെ നെൽവയലുകളുടെ അളവ് ഒന്നര ലക്ഷം ഹെക്ടർ മാത്രമായിരുന്നത് ഇന്ന് രണ്ടരലക്ഷം ഹെക്ടറായി വർദ്ധിച്ചു. വരുംവർഷങ്ങളിൽ മൂന്ന് ലക്ഷം ഹെക്ടർ ആകുമെന്നതിൽ യാതൊരു സംശയവുമില്ല. നെല്ലും നെൽപ്പാടങ്ങളും കേവലം കൃഷി മാത്രമല്ല, മണ്ണിനെയും മനുഷ്യനെയും ബന്ധിപ്പിക്കുന്ന ജീവന്റെ ആധാരശിലകളാണ്. നെൽക്കൃഷിയും നെൽപ്പാടങ്ങളും സംരക്ഷിക്കുകയെന്നത് സാമൂഹിക പ്രതിബദ്ധതയാണെന്ന് മനസ്സിലാക്കി കൊല്ലവർഷം 1192 ചിങ്ങം 1 മുതൽ 1193 ചിങ്ങം 1 വരെയുള്ള ഒരു വർഷക്കാലം നെൽവർഷമായി ആചരിക്കുന്നു. ഇതിന്റെ ഭാഗമായി 70 കോടി രൂപയാണ് നെൽക്കൃഷിയുടെ വികസനത്തിന് മാത്രമായി നീക്കിവച്ചിരിക്കുന്നത്. ഇതിനെ നാടിന്റെ നീരുറവകളും ധാന്യക്കലവറകളും എന്ത് വില കൊടുത്തും നിലനിർത്തുവാനുള്ള സർക്കാരിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി കാണാൻ കഴിയും.

കേരം തിങ്ങും കേരള നാട് എന്ന് വിളിച്ചിരുന്ന കേരളത്തിൽ വ്യാപകമായി തെങ്ങുകൾ നശിക്കുകയാണ്. കാലോചിതമായ സംരക്ഷണ മാർഗ്ഗങ്ങളും കീടനിയന്ത്രണവും നടക്കാതെ പോയതിനാൽ കേര കർഷകർ പ്രതിസന്ധിയിലാണ്. തെങ്ങിനെയും കേരകർഷകനെയും സംരക്ഷിക്കുന്നതിന് 45 കോടി രൂപ വകയിരുത്തിയിരിക്കുന്നു. ഇതിൽ കേരഗ്രാമം പദ്ധതിക്കായി മാത്രം 33.32 കോടി രൂപയാണ് ചെലവഴിക്കാനുദ്ദേശിക്കുന്നത്. അമിതമായ രാസവള-കീടനാശിനി പ്രയോഗങ്ങൾ നമ്മുടെ മണ്ണിനെയും ജല സ്രോതസ്സുകളെയും വിഷമയമാക്കി. പ്രകൃതിക്ക് ഇണങ്ങിയ കൃഷിരീതികൾ പ്രോത്സാഹിപ്പിക്കേണ്ടിയിരിക്കുന്നു. ജൈവകൃഷിയുടെ പ്രോത്സാഹനത്തിനായി 10 കോടി രൂപയാണ് നീക്കിവച്ചിരിക്കുന്നത്. കാർഷിക മേഖലയിലെ യന്ത്രവൽക്കരണം ഈ ഗവൺമെന്റിന്റെ ലക്ഷ്യമാണ്. പ്രകൃതിക്ഷോഭങ്ങളും പ്രതികൂല കാലാവസ്ഥയും പലപ്പോഴും കർഷകനെ പ്രതിസന്ധിയിലാക്കാറുണ്ട്. പ്രസ്തുത സാഹചര്യങ്ങളിൽ കർഷകന് കൈത്താങ്ങായി മാറേണ്ടത് സർക്കാർ തന്നെയാണെന്ന് ഇടതുപക്ഷ ജനാധിപത്യ മുന്നണി

കരുതുന്നു. അതുകൊണ്ടുതന്നെ വിള ഇൻഷ്വറൻസ് തുക പത്തിരട്ടിവരെയാണ് വർദ്ധിപ്പിച്ചിട്ടുള്ളത്. ഇതിനായി 12.50 കോടി രൂപയാണ് നീക്കിവച്ചിരിക്കുന്നത്. നമ്മുടെ സംസ്ഥാനം ലോകോത്തര ജൈവവൈവിദ്ധ്യ കലവറയാണ്. നമ്മുടെ പരമ്പരാഗത വിത്തിനങ്ങൾ സംരക്ഷിക്കേണ്ടിയിരിക്കുന്നു. അത് സംരക്ഷിക്കുന്നതിനും ഭാവി തലമുറയ്ക്ക് കൈമാറുന്നതിനുംവേണ്ടി ഒരു ആധുനിക സീഡ് ബാങ്ക് ഉൾപ്പെടെയുള്ള സംവിധാനങ്ങൾ സൃഷ്ടിക്കുന്നതിനായി 2.5 കോടി രൂപയാണ് നീക്കിവച്ചിരിക്കുന്നത്. കാർഷികോൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിന് വിപുലമായ സംവിധാനങ്ങൾ നമ്മുടെ സംസ്ഥാനത്ത് നിലവിലുണ്ടെങ്കിലും ആധുനിക രീതിയിലുള്ള സംഭരണ സംവിധാനങ്ങൾ നിലവിലില്ല. ആയതിനാൽ കാർഷിക വിഭവങ്ങളുടെ വിപണനം, സംഭരണം, സൂക്ഷിക്കൽ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്ക് 72.72 കോടി രൂപ വകയിരുത്തിയിരിക്കുന്നു. ഇത് ഈ ഗവൺമെന്റിന് കർഷകരോടുള്ള കരുതലിന്റെയും കടപ്പാടിന്റെയും നിറവേറ്റലാണെന്നുതന്നെ പറയാൻ കഴിയും. കേരളം ഈ വർഷം നേരിടുന്നത് ചരിത്രത്തിലെ ഏറ്റവും വലിയ വരൾച്ചയാണ്. നമ്മുടെ വനങ്ങളിൽ നിന്ന് കാട്ടുതീ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. തടി മോഷണവും ചന്ദനക്കൊള്ളയും വാർത്തകളിലില്ല. വനമേഖലയെ സംരക്ഷിക്കേണ്ടത് അതീവ ഗൗരവമുള്ള വിഷയമാണെന്ന് സർക്കാർ മനസ്സിലാക്കുന്നു. വനനശീകരണം തടയുന്നതിനും വന്യജീവികളുടെ സംരക്ഷണം ഉറപ്പാക്കുന്നതിനും മനുഷ്യ-വന്യജീവി ഏറ്റുമുട്ടലുകൾ മൂലമുള്ള പ്രശ്നങ്ങൾ ലഘൂകരിക്കുന്നതിനുമായി വളരെ ദീർഘവീക്ഷണത്തോടെ പ്രവർത്തിക്കുന്ന വനം-വന്യജീവി വകുപ്പിനെ ഹൃദയപൂർവ്വം അഭിനന്ദിക്കുകയാണ്.

പാരിസ്ഥിതിക വ്യവസ്ഥയുടെ നിർണ്ണായക ഭാഗമാണ് വനങ്ങൾ. നിത്യഹരിത നിബിഡവനങ്ങളിലെ ജന്തുജീവജാലങ്ങളും ജൈവവൈവിദ്ധ്യ സമ്പത്തും കാത്തുസൂക്ഷിക്കേണ്ടത് നമ്മൾ ഓരോരുത്തരുടെയും കടമയാണ്. നമ്മുടെ വനാതിർത്തി അളന്ന് തിരിച്ച് അതിരടയാളങ്ങൾ സ്ഥാപിച്ച് വനമേഖലയിലുള്ള കയ്യേറ്റം തടഞ്ഞേ മതിയാകൂ. 2016-17 കാലത്ത് 600 കിലോമീറ്റർ വനാതിർത്തി നിശ്ചയിക്കുകയും 12500 ജണ്ടകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ഈ വർഷം ഇതിനായി 27 കോടി രൂപ വകയിരുത്തിയിരിക്കുന്നു എന്നത് സർവ്വകാല റെക്കോർഡാണ്. പ്രകൃതിയുടെ സംരക്ഷണത്തിനും ജലസംരക്ഷണത്തിനും നാട്ടിൻ പുറങ്ങളിലെ കാവുകളും കുളങ്ങളും സംരക്ഷിക്കേണ്ടത് വളരെ അത്യന്താപേക്ഷിതമാണ്. കാവുകളുടെയും കുളങ്ങളുടെയും സംരക്ഷകർക്ക് നൽകി വരുന്ന പ്രതിഫലം കാലോചിതമായി പരിഷ്കരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. സാമൂഹ്യ വനവൽക്കരണത്തിന്റെയും സസ്യസമ്പത്തിന്റെയും സംരക്ഷണം സംബന്ധിച്ച അവബോധം ജനങ്ങളിൽ വളർത്തുന്നതിന് സോഷ്യൽ ഫോറസ്ട്രി ക്ലബ്ബുകൾക്ക് കൂടുതൽ ധനസഹായം നൽകുന്നതിന് ശ്രദ്ധിക്കുമെന്ന് കരുതുന്നു. വനങ്ങൾപോലെ വളരെ

പ്രധാനപ്പെട്ടതാണ് കണ്ടൽക്കാടുകളും പവിഴപ്പുറ്റുകളും. കണ്ടൽവനങ്ങൾ വച്ചുപിടിപ്പിച്ച് തണ്ണീർത്തടങ്ങളെ സംരക്ഷിക്കുന്നതിനായി സംസ്ഥാന സർക്കാർ 28 ലക്ഷം രൂപ ഈ ബഡ്ജറ്റിൽ വകകൊള്ളിച്ചിരിക്കുന്നു. കേരളത്തിന്റെ നിത്യഹരിത നിബിഡവനങ്ങളുടെ ചാരുതയും വന്യതയും ആസ്വദിക്കുന്നതിനുള്ള അവസരം പരിസ്ഥിതി സൗഹൃദമായിത്തന്നെ അനുവദിക്കുന്നതിന് ഈ ബഡ്ജറ്റിൽ വിപുലമായ പദ്ധതികൾ ആവിഷ്കരിച്ചിരിക്കുന്നുവെന്നത് എടുത്തുപറയേണ്ട കാര്യമാണ്. കന്നുകാലികൾക്ക് ബൈപ്പാസ് പ്രോട്ടീൻ നിർമ്മിക്കുന്നതിനുള്ള മിനി പ്ലാന്റിനായി 2013-ൽ യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് വാങ്ങിയ യന്ത്ര സാമഗ്രികൾ കരുനാഗപ്പള്ളിയിൽ പ്രവർത്തിക്കുന്ന കേരള ഫീഡ്സ് ലിമിറ്റഡിന്റെ ആസ്ഥാന ഓഫീസ് വളപ്പിൽ മഴയും വെയിലുമേറ്റ് നശിക്കുകയാണ്. ഇതിന് ചെലവഴിച്ചത് ഒന്നരക്കോടി രൂപയാണ്. കമ്പനിക്ക് നഷ്ടം വരുത്തിയവർക്കെതിരെ ആവശ്യമായ അന്വേഷണം നടത്തി നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ക്ഷീരകർഷകരുടെ പെൻഷൻ തുക വർദ്ധിപ്പിച്ച് നൽകിയ ഈ ഗവൺമെന്റിനെയും വകുപ്പിനെയും പ്രത്യേകം അഭിനന്ദിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അതുപോലെതന്നെ പെൻഷൻ തുക കുടിശ്ശികയില്ലാതെ മുഴുവൻ കർഷകർക്കും നൽകാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട്, ഒരിക്കൽക്കൂടി ധനാഭ്യർത്ഥനയെ പിന്താങ്ങിക്കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. കാർഷികരംഗത്ത് വലിയ നേട്ടം കൈവരിച്ച സംസ്ഥാനമാണ് കേരളം. യു.ഡി.എഫ്.-ന്റെ ഭരണ കാലഘട്ടത്തിൽ അവതരിപ്പിച്ച ബഡ്ജറ്റിനെക്കുറിച്ച് എല്ലാ ദിനപ്പത്രങ്ങളും എഴുതിയത് ഇതൊരു കാർഷിക ബഡ്ജറ്റെന്നാണ്. കാർഷിക മേഖലയ്ക്ക് അത്രയുമധികം പ്രാധാന്യം നൽകിയ സർക്കാരായിരുന്നു യു.ഡി.എഫിന്റേത്. ഈ സർക്കാർ അധികാരത്തിൽ വന്ന് ഒരു വർഷത്തോള മായിട്ടും പ്രഖ്യാപനങ്ങളല്ലാതെ കർഷകരുടെ രക്ഷയ്ക്കുവേണ്ടി ഒരു നടപടിയും സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല. നെല്ല് സംഭരിക്കുന്നുവെന്ന് പറയുന്നുണ്ട്. നെല്ല് സംഭരണത്തിൽ സംസ്ഥാന ഗവൺമെന്റിന്റെ വിഹിതം കർഷകർക്ക് വിതരണം ചെയ്യാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. നെല്ലുൽപ്പാദനത്തിൽനിന്ന് നമ്മൾ പുറകോട്ട് പൊയ്ക്കൊണ്ടിരിക്കുകയാണ്. മുമ്പൊക്കെ കർഷക കുടുംബമെന്ന് പറഞ്ഞാൽ കുലീനതയുടെ ലക്ഷണമായി കണ്ടിരുന്നു. ഇപ്പോൾ കാർഷികവൃത്തിയിൽനിന്ന് പുതിയ തലമുറ പുറകോട്ട് പൊയ്ക്കൊണ്ടിരിക്കുന്നു. പ്രത്യേകിച്ച് തൊഴിലാളികളുടെ ലഭ്യതക്കുറവ് പ്രധാനപ്പെട്ട വിഷയമാണ്. യു.ഡി.എഫ്. സർക്കാരിന്റെ ഭരണ കാലത്താണ് തൊഴിലാളികളുടെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിന്റെ ഭാഗമായി

തൊഴിലാളികൾക്ക് പ്രത്യേകമായ പരിശീലനം നൽകുന്ന ലേബർ ബാങ്കുകൾ സ്ഥാപിച്ചത്. ആ ലേബർ ബാങ്കുകളിൽ നിന്ന് കർഷകർക്ക് ആവശ്യമായ തൊഴിലാളികളുടെ സേവനം വിട്ടുകൊടുക്കാൻ സാധിച്ചിരുന്നു. ആ പദ്ധതി ഇപ്പോൾ നിലവിലുണ്ടോ? യു.ഡി.എഫ്.-ന് ഒരു കാർഷിക നയമുണ്ടായിരുന്നു. ബഹുമാനപ്പെട്ട ചിറ്റൂർ എം.എൽ.എ. നല്ല കർഷകനാണ്. അദ്ദേഹം അദ്ധ്യക്ഷനായി ഭരണപക്ഷത്തും പ്രതിപക്ഷത്തുമുള്ള എം.എൽ.എ.-മാർ ഒരുമിച്ച് ചേർന്ന് രൂപം നൽകിയ കാർഷിക നയം ഈ സർക്കാർ തുടരുന്നുണ്ടോയെന്നുകൂടി വ്യക്തമാക്കണം.

44 സർക്കാർ സീഡ് ഫാമുകളുടെ ഏക്കർ കണക്കിന് സ്ഥലം തരിശായി കിടക്കുകയാണ്. സീഡ് ഫാമുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തിയെടുത്താൽ നെല്ലുൽപ്പാദനം വർദ്ധിപ്പിക്കാൻ കഴിയും, വിത്തുകൾ കർഷകർക്ക് എത്തിക്കാൻ കഴിയും. അതോടൊപ്പം തൊഴിൽരഹിതരായ യുവാക്കൾക്ക് കാർഷിക മേഖലയിൽ ജോലി കൊടുക്കാനും പുതിയ തലമുറയെ കാർഷിക മേഖലയിലേയ്ക്ക് ആകർഷിക്കുവാനും കഴിയും. ഹെക്ടർകണക്കിന് തരിശായി കിടക്കുന്ന ഭൂമിയിൽ വിത്തുൽപ്പാദനത്തിന് പ്രാധാന്യം ലഭിക്കുന്നില്ലെന്ന് മാത്രമല്ല മറ്റൊരു വിളയും അവിടെ ഉൽപ്പാദിപ്പിക്കുന്നുമില്ല. പച്ചക്കറി, പഴവർഗ്ഗങ്ങൾ ഉൾപ്പെടെയുള്ള വിളകൾ ഉൽപ്പാദിപ്പിക്കാൻ ഈ കൃഷിഭൂമി നമ്മൾ ഉപയോഗപ്പെടുത്തേണ്ടേ? രൂക്ഷമായ വരൾച്ചയെത്തുടർന്ന് നാളികേര കൃഷി തകർച്ചയിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. നാളികേരം സംഭരിക്കുന്നതിനായി എല്ലാ പഞ്ചായത്തിലും സംവിധാനം ഒരുക്കുമെന്ന് ഈ സർക്കാർ അധികാരത്തിൽ വന്നയുടനെ പറഞ്ഞിരുന്നു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മൂന്ന് പഞ്ചായത്തുകൾക്ക് ഒരു കേന്ദ്രമെന്ന നിലയിൽ 394 കേന്ദ്രങ്ങളിൽ നാളികേരം സംഭരിച്ചു. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ എല്ലാ പഞ്ചായത്തുകളിലും സംഭരണം നടത്തുമെന്ന് പറഞ്ഞിരുന്നു. പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകൾ മുഖേന പച്ചത്തേങ്ങ സംഭരിക്കുന്നതിനായി കർഷക സംഘടനാ പ്രതിനിധികളുടെ യോഗം വിളിച്ചു ചേർത്തിരുന്നു. യോഗം വിളിച്ചു ചേർത്തതല്ലാതെ സഹകരണ ബാങ്കുകൾ മുഖേന പച്ചത്തേങ്ങ സംഭരിക്കാനുള്ള ഒരു സംവിധാനവും ഏർപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. കൊടുത്ത തേങ്ങയുടെ വില ലഭിക്കണ്ടേ? മുമ്പ് വില ലഭിക്കാൻ രണ്ട് മാസം കാത്തിരുന്നാൽ മതിയായിരുന്നു. ഇപ്പോൾ എട്ട് മാസമായിട്ടും കർഷകർ നൽകിയ പച്ചത്തേങ്ങയുടെ വില ലഭ്യമായിട്ടില്ല. ഉൽപ്പന്നങ്ങൾക്ക് കൃത്യസമയത്ത് പണം ലഭിച്ചില്ലെങ്കിൽ പിന്നെ എങ്ങനെയാണ് ജീവിക്കുന്നത്? നാളികേര കർഷകർക്ക് ആശ്വാസം പകരുന്ന പദ്ധതിയായിരുന്നു നീര. ആ പദ്ധതിയെ പ്രോത്സാഹിപ്പിക്കുന്നതിനോ അതിന്റെ പ്രവർത്തനങ്ങളെ കൂടുതൽ മെച്ചപ്പെടുത്തുന്നതിനോ ഉള്ള യാതൊരു നടപടിയും 11 മാസമായിട്ടും സ്വീകരിച്ചതായി അറിയാൻ

കഴിഞ്ഞിട്ടില്ല. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലും രാജ്യത്തിന് പുറത്തുമെല്ലാം നാളികേരത്തിൽനിന്ന് വ്യത്യസ്തമായ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിച്ചു കൊണ്ടിരിക്കുകയാണ്. അങ്ങനെയാണ് അവർ നാളികേര കർഷകരെ രക്ഷിക്കുന്നത്. എന്നാൽ ഇപ്പോഴും വേണ്ട രീതിയിൽ കൂടുതൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നാളികേരത്തിൽ നിന്ന് ഉൽപ്പാദിപ്പിക്കാൻ നമുക്ക് സാദ്ധ്യമായിട്ടില്ല. അതുകൊണ്ട് കൂടുതൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനുള്ള പദ്ധതിയുണ്ടാകണം.

അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയുടെ കീഴിൽ 27 സെന്ററുകളുണ്ട്. അതിൽ പലതും അഗ്രികൾച്ചറൽ റിസർച്ച് സ്റ്റേഷനുകളാണ്. ഇവയുടെ സേവനം ഉപയോഗപ്പെടുത്തി പുതിയ സാദ്ധ്യതകളെക്കുറിച്ച് ഗവേഷണം നടത്തണം. യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള സെന്ററുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തി നല്ല രീതിയിൽ ഗവേഷണ പ്രവർത്തനങ്ങൾ നടത്തുകയും പുതിയ മേഖലകൾ കണ്ടെത്തി സംരംഭങ്ങൾ ആരംഭിക്കാൻ കർഷകർക്ക് സൗകര്യങ്ങളൊരുക്കുകയും വേണം. അതോടൊപ്പം കർഷകർക്ക് വായ്പാ ലഭ്യതയും ഉറപ്പാക്കിയാൽ മാത്രമേ ഈ രംഗത്ത് എന്തെങ്കിലും നേട്ടം കൈവരിക്കാൻ സാധിക്കുകയുള്ളൂ. റബ്ബർ കർഷകർ വളരെയേറെ കഷ്ടതകളാണ് അനുഭവിച്ചുകൊണ്ടിരിക്കുന്നത്. യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് റബ്ബർ കർഷകർക്ക് ആശ്വാസം നൽകുന്നതിനുവേണ്ടി 500 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തി. അന്ന് റബ്ബറിന് പൊതുമാർക്കറ്റിൽ 70 രൂപയാണ് ലഭിച്ചതെങ്കിലും 150 രൂപ ഓരോ കർഷകനും നിർബന്ധമായും ലഭിക്കുന്ന സാഹചര്യമുണ്ടാക്കി. ഇപ്പോൾ റബ്ബറിന്റെ വില 129 രൂപയാണ്. റബ്ബർ കർഷകന് കൂടുതൽ വരുമാനമുണ്ടാകണമെങ്കിൽ പുതിയ പദ്ധതിക്ക് രൂപം നൽകണം. നമ്മുടെ റോഡുകളൊക്കെ ബി.എം.&ബി.സി. ആയിക്കൊണ്ടിരിക്കുകയാണ്. ഡോ. എം. കെ. മുനീറും ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞും പൊതുമരാമത്ത് വകുപ്പുമന്ത്രിമാർ ആയിരുന്നപ്പോഴാണ് റോഡുകളൊക്കെ ബി.എം.&ബി.സി.യായി മാറ്റിയത്. പുറമേ റബ്ബറൈസ്ഡ് റോഡുകളെന്ന് പറയുന്നെങ്കിലും യഥാർത്ഥത്തിൽ അത് റബ്ബറൈസ്ഡ് റോഡുകളല്ല. വിദേശ രാഷ്ട്രങ്ങളിലൊക്കെ യഥാർത്ഥ റബ്ബറൈസ്ഡ് റോഡുകളുണ്ട്. റബ്ബർ കൂടുതൽ ഉപയോഗപ്പെടുത്തി നിർമ്മിക്കുന്ന ബിറ്റുമിൻ ഉപയോഗിച്ച് റോഡുകൾ നിർമ്മിക്കുന്നു. പുതുതായി നിർമ്മിക്കുന്ന പഞ്ചായത്ത് റോഡുകൾ ഉൾപ്പെടെയുള്ളവ റബ്ബറൈസ്ഡ് റോഡുകളായിരിക്കണമെന്ന തീരുമാനം സർക്കാർ എടുക്കുകയാണെങ്കിൽ റോഡും നന്നാകും, അതോടെ റബ്ബർ കർഷകരും രക്ഷപ്പെടും. അങ്ങനെയൊരു തീരുമാനമെടുക്കാൻ ഗവൺമെന്റ് മുന്നോട്ടുവരണമെന്നാണ് എനിക്ക് ഇതുമായി ബന്ധപ്പെട്ട് പറയാനുള്ളത്.

കാർഷികവിള ഇൻഷ്വറൻസ് പദ്ധതിയുടെ ആനുകൂല്യം കൃത്യമായി ലഭിക്കുന്നില്ലെന്ന പരാതി കർഷകരിൽ വ്യാപകമാണ്. നഷ്ടപരിഹാരം ലഭിക്കുന്നതിന്

കാലതാമസം നേരിടുന്നുണ്ട്. ഇതിനുള്ള നിബന്ധനകൾ ലഘൂകരിക്കാൻ നടപടി സ്വീകരിക്കണം. റബ്ബർ കർഷകർ ഇത്രയേറെ പ്രയാസങ്ങൾ അനുഭവിക്കുമ്പോഴും റബ്ബർ ബോർഡിന്റെ നിരവധി ഫീൽഡ് ഓഫീസുകൾ കേരളത്തിൽ അടച്ചുപൂട്ടി. റീജിയണൽ ഓഫീസുകൂടി അടച്ചുപൂട്ടാൻ പോകുകയാണ്. ഇത് കർഷകർക്ക് ഏറെ പ്രയാസമുണ്ടാക്കുന്നു. കോർപ്പറേറ്റുകളെ സഹായിക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് റബ്ബർ ബോർഡിന്റെ ഓഫീസുകൾ അടച്ചുപൂട്ടാനുള്ള തീരുമാനവുമായി മുന്നോട്ടു പോകുമ്പോൾ അതിനെ ശക്തമായി ചെറുക്കാൻപോലും സംസ്ഥാന ഗവൺമെന്റിന് കഴിയാത്ത അവസ്ഥ നിലനിൽക്കുന്നുണ്ട്. കേന്ദ്ര ഗവൺമെന്റ് എടുക്കുന്ന ജനവിരുദ്ധ സമീപനങ്ങളെ എതിർക്കുന്നതിന് സംസ്ഥാന ഗവൺമെന്റിന് ഭയമുണ്ടോയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഇക്കാര്യത്തിൽ ഫലപ്രദമായ ഒരു ഇടപെടൽ സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. ക്ഷീരമേഖല ഇന്ന് വലിയ പ്രതിസന്ധിയിലാണ്. കാലിത്തീറ്റ ഉൽപ്പാദിപ്പിക്കുന്ന രണ്ട് പൊതുമേഖലാ സ്ഥാപനങ്ങൾ കേരള ഫീഡ്സും മിൽമയുമാണ്. കേരള ഫീഡ്സിൽനിന്നും മിൽമയിൽനിന്നും ക്ഷീരകർഷകർക്കാവശ്യമായ കാലിത്തീറ്റ ലഭ്യമാകുന്നില്ല. കാലിത്തീറ്റയ്ക്കുവേണ്ടി പണം മുൻകൂറായി അടച്ചാൽപ്പോലും പതിനഞ്ചോളം ദിവസം കഴിഞ്ഞാണ് ലഭിക്കുന്നത്. പൊതുമേഖലാ സ്ഥാപനവും പ്രൈവറ്റ് സ്ഥാപനങ്ങളും വിൽക്കുന്ന ഒരു ചാക്ക് കാലിത്തീറ്റയുടെ വിലയിൽ 150 രൂപയുടെ വ്യത്യാസമുണ്ട്. വലിയ വിലകൊടുത്താണ് ക്ഷീരകർഷകർ കാലിത്തീറ്റ വാങ്ങിക്കൊണ്ടിരിക്കുന്നത്. ഈ മേഖലയിലെ മറ്റൊരു പ്രധാന വിഷയം തീറ്റപ്പുല്ലിന്റെ ലഭ്യതക്കുറവാണ്. സർക്കാർ സീഡ് ഫാമുകളിൽ പുൽക്കൃഷികൂടി ചെയ്യുകയാണെങ്കിൽ ഫാമുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താനും അതോടൊപ്പം ക്ഷീരകർഷകർക്ക് തീറ്റപ്പുൽ ലഭ്യമാക്കാനും സാധിക്കും. സീഡ് ഫാമുകളിൽ സംഭരിക്കുന്ന വയ്ക്കോൽ ക്ഷീരകർഷകർക്ക് ലഭ്യമാക്കാനുള്ള സംവിധാനം ഏർപ്പെടുത്തിയാൽ അത് കൂടുതൽ ഗുണകരമാകും.

ഡയറക്ട് ബെനിഫിറ്റ് പ്രോഗ്രാം പ്രകാരം കർഷകർക്ക് നൽകിയിരുന്ന സബ്സിഡിയിൽ സംസ്ഥാന സർക്കാരിന്റെ വിഹിതം കഴിഞ്ഞ പത്ത് മാസമായി നൽകുന്നില്ല. എല്ലാം ശരിയാകുമെന്ന് പറഞ്ഞ് ജനങ്ങൾ കാത്തിരിക്കുകയാണ്. നാല് മാസം പ്രായമായ പശുക്കുട്ടികളെ ദത്തെടുത്ത് പകുതി വിലയ്ക്ക് കാലിത്തീറ്റ നൽകിയിരുന്ന സ്പെഷ്യൽ ലൈവ്സ്റ്റോക്ക് ബ്രീഡിംഗ് പ്രോഗ്രാം എന്നൊരു പദ്ധതിയുണ്ടായിരുന്നു. ആ പദ്ധതി ഇപ്പോൾ നിർത്തലാക്കി. കഴിഞ്ഞ 11 മാസമായി പുതിയ പദ്ധതി തുടങ്ങിയില്ലെന്നുമാത്രമല്ല ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിലവിലുള്ള പദ്ധതികൾ മുഴുവൻ നിർത്തലാക്കിയിരിക്കുകയുമാണ്. ഉദ്യോഗസ്ഥരുടെ അഭാവമാണ് മറ്റൊരു പ്രധാന പ്രശ്നം. എന്റെ ജില്ലയായ മലപ്പുറം

ജില്ലയിലടക്കം ഡെയറി എക്സ്റ്റെൻഷൻ ഓഫീസുകളിൽ ഡെയറി ഫാം ഇൻസ്ട്രക്ടർ ഉൾപ്പെടെയുള്ള തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. വേണ്ടത്ര ഉദ്യോഗസ്ഥരില്ലാതെ ഈ കാര്യങ്ങളൊന്നും മുന്നോട്ടുകൊണ്ടുപോകാൻ കഴിയില്ല. വെറ്റിലകൃഷി മറ്റൊരു പ്രധാനപ്പെട്ട വിഷയമാണ്. വെറ്റില കൊണ്ടുമാത്രം ഉപജീവനം കഴിക്കുന്ന ധാരാളം കർഷകർ തിരൂർ മേഖലയിലുണ്ട്. ബംഗ്ലാദേശ് ഉൾപ്പെടെയുള്ള ഇതര രാജ്യങ്ങളിലേയ്ക്ക് വെറ്റില കയറ്റുമതി ചെയ്യുന്ന പ്രദേശമാണിത്. വെറ്റില കർഷകരുടെ പ്രശ്നത്തിലും സർക്കാരിന് ഇടപെടാൻ കഴിയണം. ചിലർക്കൊക്കെ പച്ച എന്ന് കേൾക്കുമ്പോൾ അലർജിയാണ്. തിരുവനന്തപുരം ജില്ലാ പഞ്ചായത്തിൽ ഒരു പുതിയ പദ്ധതി ആവിഷ്കരിക്കുന്നുണ്ട്. ഗ്രീൻ മിൽക്ക് വിപണിയിലിറക്കാൻ പോകുന്നുവെന്നാണറിയുന്നത്. ഏതായാലും പേരിൽ പച്ച എന്ന് ഉള്ളതുകൊണ്ട് അതിനെ എതിർക്കരുതെന്ന ഒരു അപേക്ഷകൂടി എനിക്കുണ്ട്. ഈ സർക്കാർ കഴിഞ്ഞ 11 മാസക്കാലമായി കർഷകർക്കുവേണ്ടി ഒന്നും ചെയ്തില്ല. എന്റെ വാക്കുകൾ നിർത്തുന്നു.

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, ബഹുമാനപ്പെട്ട രണ്ട് മന്ത്രിമാർ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുന്നു. തരിശുഭൂമി കൃഷി വികസനത്തിനുവേണ്ടി ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി ആത്മാർത്ഥതയോടെ വളരെയേറെ അദ്ധ്വാനിക്കുന്നുണ്ട്. ഇനിയും ധാരാളം കാര്യങ്ങൾ അദ്ദേഹത്തിന് ചെയ്യാനുണ്ട്. കൃഷിക്ക് ഉപയുക്തമായ 23 ലക്ഷം ഹെക്ടർ തരിശ് ഭൂമിയുണ്ടെന്നാണ് കണക്ക്. അതിന് പ്രത്യേകമൊരു പ്ലാൻ തയ്യാറാക്കി അതുകൂടി അങ്ങ് ചെയ്യണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. മെത്രാൻ കായൽ കൃഷിയിലും വലിയ രീതിയിലുള്ള മുന്നേറ്റമുണ്ടാക്കാൻ അദ്ദേഹം സഹായിച്ചു. അതൊടൊപ്പം വീഴ്ചവന്ന ചില കാര്യങ്ങൾകൂടി അങ്ങ് ശ്രദ്ധിക്കണം. ഉദ്യോഗസ്ഥ തലത്തിൽ വീഴ്ച വന്നോയെന്ന് എനിക്കറിയില്ല. കേന്ദ്ര കൃഷി വകുപ്പിന്റെ പേര് കേന്ദ്ര കാർഷികക്ഷേമ വകുപ്പ് എന്നും കേരളത്തിൽ കാർഷിക വികസന കർഷകക്ഷേമ വകുപ്പ് എന്നുമാക്കി. അച്ചടിച്ചുവരുന്ന എല്ലാ രേഖകളിലും പ്രത്യേകിച്ച് നിയമസഭാ കമ്മിറ്റി റിപ്പോർട്ടിൽപ്പോലും കൃഷി വകുപ്പ് എന്നുമാത്രമേയുള്ളൂ. കർഷകക്ഷേമം എന്ന വാക്ക് ഉദ്യോഗസ്ഥർ ഒഴിവാക്കിയതെന്താണെന്ന് അങ്ങ് വളരെ ഗൗരവമായി പരിശോധിക്കണം.

കൃഷിക്കുവേണ്ടി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക 0.4 ശതമാനം മാത്രമാണ്. മറ്റ് വകുപ്പുകൾക്ക് 19 ശതമാനം, 11 ശതമാനം, 17 ശതമാനം, 15 ശതമാനം എന്നിങ്ങനെ വച്ചിട്ടുണ്ട്. ഇവിടെ 27 ശതമാനം കൃഷിക്കാരുണ്ട്. അതിന് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത് 0.4 ശതമാനം മാത്രമാണ്. ക്ഷേമം എന്നുള്ള പേര് മറന്നതുകൊണ്ടാണോയെന്ന് എനിക്ക് തോന്നിപ്പോകുന്നു. കൃഷിക്കാർ ഇന്ന് കടക്കെണിയിലാണ്. 5 ഏക്കർ നെൽകൃഷിക്ക് കിട്ടുന്ന

വരുമാനം എത്രയാണെന്ന എന്റെ ചോദ്യത്തിന് 5 ഏക്കറിൽ രണ്ട് കൃഷിയും ചെയ്താൽ കിട്ടാവുന്ന വരുമാനം അറുപതിനായിരം രൂപയാണെന്നാണ് അങ്ങ് തന്ന മറുപടി. എന്നുവച്ചാൽ മാസം 5,000 രൂപയാണ് അഞ്ച് ഏക്കറുള്ള ഒരു കൃഷിക്കാരന് ലഭിക്കുന്നത്. ഇതുകൊണ്ട് എങ്ങനെയാണ് അഞ്ച് ഏക്കറുള്ള ഒരു കൃഷിക്കാരന്റെ കുടുംബം കഴിയുക? ക്യാഷ് ക്രോപ് ആണെങ്കിൽ 10,000 രൂപയാണ് വരുന്നത്. ഭാര്യയും ഭർത്താവും രണ്ട് കുഞ്ഞുങ്ങളുമുള്ള ഒരു കുടുംബത്തിന് 18,000 രൂപയെങ്കിലും വരുമാനം വേണമെന്ന് സുപ്രീംകോടതിതന്നെ പറഞ്ഞിട്ടുള്ളതുകൊണ്ടാണ് കേന്ദ്ര ഗവൺമെന്റ് ഇപ്പോൾ ക്ലാസ്സ് ഫോർ ജീവനക്കാരന് 18,000 രൂപ നിശ്ചയിച്ചത്. അത്തരത്തിൽ എങ്ങനെയാണ് കൃഷിക്കാർ പിടിച്ചുനിൽക്കുക; കൃഷികൊണ്ട് അവർ എങ്ങനെ ഉപജീവനമാർഗ്ഗം കഴിക്കും; അതിനെന്താണ് പരിഹാരം; സ്ഥിരം ഒരു വരുമാനമില്ലെങ്കിൽ ആരെങ്കിലും കൃഷിയിൽ നിൽക്കാൻ തയ്യാറാകുമോ? കൃഷിയുടെ അഖിലേന്ത്യാ തലത്തിലുള്ള സ്ഥിതി എന്താണ്? കഴിഞ്ഞ 21 വർഷംകൊണ്ട് 3.18 ലക്ഷം കൃഷിക്കാരാണ് ആത്മഹത്യ ചെയ്തത്. കടം എഴുതിത്തള്ളുന്നതിനെക്കുറിച്ച് അത് വലിയ അപരാധമാണെന്നാണ് ആർ.ബി.ഐ.യുടെ ഡെപ്യൂട്ടി ഗവർണ്ണർ പറഞ്ഞത്. അതേ ഗവർണ്ണർതന്നെ വ്യവസായികളുടെ കടം എഴുതിത്തള്ളണമെന്ന് പറഞ്ഞപ്പോൾ അത് തൊഴിലവസരം സൃഷ്ടിക്കുന്നതാണെന്ന് പറഞ്ഞു. കേന്ദ്രത്തിൽ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ റിപ്പോർട്ടുണ്ട്. ആ റിപ്പോർട്ടുപ്രകാരം അവർ തന്നെ ബാങ്കുകളുടെ കിട്ടാക്കടം 6.7 ലക്ഷം കോടി രൂപയാണെന്ന് കണ്ടെത്തി. അതിൽ 70 ശതമാനവും കോർപ്പറേറ്റുകളുടെ കടമാണ്. ബാക്കി ഒരു ശതമാനം മാത്രമേ കൃഷിക്കാരുടെ കടമുള്ളൂ. അതിൽ 4 ലക്ഷം കോടി രൂപയുടെ കടം എഴുതിത്തള്ളാനാണ് ഇപ്പോൾ ബാങ്കുകൾ നിർദ്ദേശം വച്ചിരിക്കുന്നത്. കൃഷിക്കാരുടെ കടം എഴുതിത്തള്ളുമ്പോൾ അത് അപകടമാണെന്നും കോർപ്പറേറ്റുകളുടെ കടം എഴുതിത്തള്ളിയാൽ അത് വ്യവസായം വർദ്ധിപ്പിക്കുമെന്നും തൊഴിലവസരം സൃഷ്ടിക്കുമെന്നുമാണ് ആർ.ബി.ഐ. തന്നെ കണ്ടുപിടിച്ചിരിക്കുന്നത്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഇടുക്കിയിലെയും തമിഴ്നാട്ടിലെയും കർഷകരുടെ കടം എഴുതിത്തള്ളുന്നതിനുള്ള ശ്രമം നടക്കുകയും അത് വിജയിക്കുകയും ചെയ്തിട്ടുണ്ട്. അതുപോലെ കേരളത്തിലെ കർഷകരുടെയും കടം എഴുതിത്തള്ളുന്നതിനുള്ള ഒരു പദ്ധതിയെക്കുറിച്ച് അങ്ങേയ്ക്ക് ചിന്തയുണ്ടോ; അതുസംബന്ധിച്ച് ഈ സർക്കാരിനുമേൽ സമ്മർദ്ദം ചെലുത്തുമോ?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, വരൾച്ചയൊക്കെ വന്നതുകൊണ്ട് എന്തെങ്കിലും ഒരു ഇടപെടലില്ലെങ്കിൽ കൃഷിക്കാർക്ക് ജീവിക്കാൻ കഴിയാത്ത അവസ്ഥ വരും. അത് ഞാൻ പിന്നീട് പറയാം. അങ്ങ് ശ്രദ്ധിക്കേണ്ട ഒരു പ്രധാനപ്പെട്ട കാര്യം,

കർഷകരുടെ വരുമാനം ഇരട്ടിയാക്കാൻവേണ്ടി കേന്ദ്രത്തിൽനിന്ന് അങ്ങേയ്ക്ക് ഒരു കത്ത് തന്നിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. എന്തായാലും ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് കത്ത് കിട്ടി. അതിൽ ഉൾപ്പെടുത്താനുള്ള ചില നിർദ്ദേശങ്ങൾ വച്ചിട്ടുണ്ട്. ഇവിടത്തെ കർഷക സംഘടനകളുമായും വിദഗ്ദ്ധരുമായും ആലോചിച്ച് റിപ്പോർട്ട് കൊടുക്കണം. അതേക്കുറിച്ച് അങ്ങ് മറുപടി പറയുമെന്നാണ് എന്റെ വിശ്വാസം. കൃഷി വകുപ്പിന്റെ ചില പ്രവർത്തനങ്ങൾ സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പുമന്ത്രി ചെയ്തതുപോലെ ഒരു സോഷ്യൽ ഓഡിറ്റ് നടത്തണം. ഞാൻ ഒരു ചെറിയ ഉദാഹരണം പറയാം. ആർ.കെ.വി.വൈ. പദ്ധതിവഴി അനുവദിച്ച 157 കോടി രൂപയിൽ 78 കോടി രൂപയാണ് വാങ്ങിയത്. അതിൽ എത്ര ചെലവഴിച്ചു എന്ന് ഇപ്പോഴും വ്യക്തമല്ല. ഞാൻ കണക്ക് എഴുതി ചോദിച്ചപ്പോൾ 'വിവരം ശേഖരിച്ചുവരുന്നു' എന്നാണ് പറയുന്നത്. ആർ.കെ.വി.വൈ.യിൽ ചെലവഴിച്ച തുക അപ്പോൾത്തന്നെ കിട്ടില്ലേ? എഴുതി തന്നിരിക്കുന്ന ഉത്തരം 'വിവരം ശേഖരിച്ചുവരുന്നു' എന്നാണ്. രണ്ടാമത്തേത്, മൈക്രോ ഇറിഗേഷൻ. മൈക്രോ ഇറിഗേഷന് നമുക്ക് 7 കോടി രൂപ അനുവദിച്ചതിൽ 2 കോടി രൂപയേ റിലീസ് ചെയ്തിട്ടുള്ളൂ. ഇത്രയും വരൾച്ചയും മറ്റുപ്രശ്നങ്ങളുമുണ്ടായിട്ട് ആകെ 2 കോടി രൂപ മാത്രമേ അനുവദിച്ചിട്ടുള്ളൂ; അതിൽ എത്ര ചെലവഴിച്ചിട്ടുണ്ട് എന്നുള്ളതിന് യാതൊരു കണക്കില്ല. അതും ചെലഴിച്ചിട്ടില്ല എന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. ഇത് ഉദ്യോഗസ്ഥരുടെ അനാസ്ഥയാണ്. അതുപോലെ ഹോർട്ടികൾച്ചർ മിഷന് 77 കോടി രൂപ അനുവദിച്ചു. അതിൽ 10 കോടി രൂപയേ റിലീസ് ചെയ്തിട്ടുള്ളൂ. എത്ര വലിയ അനാസ്ഥയാണ് ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുണ്ടായിരിക്കുന്നത്? അത് എന്തുകൊണ്ടാണെന്ന് അന്വേഷിക്കണമെന്നാണ് എനിക്ക് ഈ അവസരത്തിൽ അങ്ങയോട് അഭ്യർത്ഥിക്കാനുള്ളത്. അതുപോലെതന്നെ ഇനി വലിയൊരു അബദ്ധം വരാൻ പോകുകയാണ്. ജൂലൈ മാസം 4-ാം തീയതിയാണെന്ന് തോന്നുന്നു; കൃത്യമായി ഓർക്കുന്നില്ല, 8 ദിവസമാണ് ഹൈദ്രാബാദിൽ ആർ.സി.ഇ.പി. (Regional Comprehensive Economic Partnership) രാഷ്ട്രങ്ങളുടെ സമ്മേളനം നടക്കുന്നത്. അവിടെ വളരെ ഗൗരവമായ നിർദ്ദേശം വച്ചില്ലെങ്കിൽ നമുക്ക് അപകടമാണ്. നാല് കൊല്ലം കഴിഞ്ഞാൽ ആസിയാൻ കരാറിന്റെ എഗ്രിമെന്റ് നമുക്ക് പുനരവലോകനം ചെയ്യാനുള്ള അവസരമുണ്ട്. നമ്മുടെ കാർഷിക മേഖലയുടെ തകർച്ചയെയും ദോഷങ്ങളെയും സംബന്ധിച്ച് ചർച്ച ചെയ്യാനുള്ള നിർദ്ദേശമുണ്ടാക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും കൃഷി വകുപ്പുമന്ത്രിയും മുൻകയ്യെടുത്ത് കൃഷിവകുപ്പുമന്ത്രിമാരുടെ യോഗം വിളിക്കണം; അതിൽ നിർദ്ദേശം വയ്ക്കണം. കാരണം ലൈവ്‌ലിഹുഡിനെ ബാധിക്കുന്നുവെന്ന് തോന്നിയാൽ നമുക്ക് അതിൽ ഇടപെടാനുള്ള സൗകര്യമുണ്ട്. റബ്ബർ നശിച്ചുകൊണ്ടിരിക്കുകയാണ്,

എല്ലാ മേഖലയും നശിച്ചുകൊണ്ടിരിക്കുകയാണ്; അതിനാൽ അതിൽ ഇടപെടാനുള്ള അവസരമുണ്ട്. അത് പരമാവധി അങ്ങ് പ്രയോജനപ്പെടുത്തണം. അതിനെതിരായി ശക്തമായ നടപടിയെടുക്കണം. മൃഗസംരക്ഷണ വകുപ്പ് പാലിനുവേണ്ടി ഒരുപാട് അദ്ധ്വാനിക്കുകയാണ്. ആ കരാറിൽ ഒപ്പിട്ടുകഴിഞ്ഞാൽ പാൽ ഉണ്ടാകില്ല. നെതർലാൻഡിൽനിന്നും ഓസ്ട്രേലിയയിൽനിന്നും പാൽ ഇറക്കുമതി ചെയ്യും; ഗോതമ്പ് ഇറക്കുമതി ചെയ്യും. ഇതൊക്കെ ചെയ്താൽ വലിയൊരു അപകടമാണ് നമുക്ക് വരാൻ പോകുന്നത്. അത് അങ്ങ് വളരെ ഗൗരവമായി ശ്രദ്ധിക്കണം. അതുപോലെതന്നെയാണ് പാൽ ഉല്പാദനം വർദ്ധിപ്പിക്കൽ. ഇപ്പോൾ 9 ലിറ്റർ പാലാണ് ഉൽപ്പാദിപ്പിക്കുന്നത്. അത് 15 ലിറ്ററായി വർദ്ധിപ്പിക്കണമെങ്കിൽ ചെയ്യേണ്ട കുറേ കാര്യങ്ങളുണ്ട്. അതിന് അങ്ങ് തുടക്കം കുറിച്ചിട്ടുണ്ട്, ഞാൻ ഇല്ലെന്ന് പറയുന്നില്ല. അതിൽ ലിംഗനിർണ്ണയം ചെയ്ത ബീജം കൊണ്ടുവരാനുള്ള സംവിധാനം യുദ്ധകാലാടിസ്ഥാനത്തിൽ ചെയ്യണ്ടേ? എന്നാൽ മാത്രമേ നമുക്ക് ഈ 15 ലിറ്ററിലെത്തിക്കാനുള്ള സൗകര്യമുണ്ടാകൂ. ഭ്രൂണമാറ്റം കൊണ്ടുവരണം. അതിനെക്കാൾ വലിയൊരു അപകടമുണ്ട്. എ 2 മിൽക്കിന്റെ വരവ്. കറുപ്പും വെളുപ്പും നിറത്തിലുള്ള Holstein Friesian (HF) പശുക്കളാണ് ഇവിടെ ധാരാളമുള്ളത്. എ 2 മിൽക്ക് യൂറോപ്പ് മുഴുവൻ പ്രചരിപ്പിച്ചുകഴിഞ്ഞു. ഇന്ത്യയിൽത്തന്നെ ചില സ്ഥലത്ത് പ്രചരിച്ചുകഴിഞ്ഞു. അത് വന്നുകഴിഞ്ഞാൽ നമ്മുടെ ഉപജീവനമാർഗ്ഗം, പ്രത്യേകിച്ച് സ്ത്രീകളുടെ ഉപജീവനമാർഗ്ഗം അടയും. സ്ത്രീകൾ രണ്ട് പശുക്കളെ വളർത്തി കുട്ടികളുടെ വിദ്യാഭ്യാസവും മറ്റും നടത്തുന്നത് അതിലൂടെയാണ്. ആ മേഖല മുഴുവൻ തകരാനുള്ള സാദ്ധ്യതയുണ്ട്. അത് മുൻകൂട്ടി കണ്ടുകൊണ്ട് നമ്മുടെ ഈ ജനുസ്സുകളെ എങ്ങനെ വളർത്തി വലുതാക്കാൻ സാധിക്കും; അതിന്റെ വംശവർദ്ധനവ് എങ്ങനെയുണ്ടാക്കാൻ സാധിക്കും എന്നതിനെക്കുറിച്ച് ഒരു തീരുമാനമുണ്ടാകണം.

അതുപോലെയാണ് വരൾച്ച. പാലക്കാട് ജില്ലയിൽ കഴിഞ്ഞ പ്രാവശ്യം ക്രോപ്പ് ചെയ്തില്ല. സെക്കൻഡ് ക്രോപ്പ് ചെയ്യേണ്ടെന്ന് പറഞ്ഞു; ചെയ്തവർക്ക് മുഴുവൻ നഷ്ടം വന്നു. ഒക്ടോബർ മാസം വരെ കൃഷിക്കാർക്കും കർഷകത്തൊഴിലാളികൾക്കും ഒരു വരുമാനവുമില്ല. അവന്റെ കുടുംബം എങ്ങനെയാണ് കഴിയുന്നത്? ഒക്ടോബർ മാസത്തിൽ വരുമാനം വരണമെങ്കിൽ മേയ് അവസാനം അല്ലെങ്കിൽ ജൂൺ മാസം ആദ്യം കൃഷിയിറക്കണം. കൃഷിയിറക്കാൻ യാതൊരു വഴിയുമില്ല. അതിന് വഴിയുണ്ടാകുന്നതിന് വലിയ ബാദ്ധ്യതയില്ലാത്ത ഒരു നിർദ്ദേശം സർക്കാരിന് മുന്നിലുണ്ട്. അങ്ങേയ്ക്കുതന്നെ കത്ത് എഴുതിയിട്ടുണ്ടായിരുന്നു, ഏകദേശം 49,500 രൂപയുണ്ടെങ്കിൽ മാത്രമേ ഇപ്പോൾ കൃഷിയിറക്കാൻ സാധിക്കുകയുള്ളൂ. ആർ.കെ.വി.വൈ.-യിലെ സുസ്ഥിര നെൽക്കൃഷി വികസനം, ഉഴവുകൂലി സഹായം

ഇതെല്ലാംകൂടി ക്ലബ്ബ് ചെയ്താൽ ഇപ്രാവശ്യംതന്നെ നൽകാൻ കഴിയും. സർക്കാരിന് വലിയ ബാദ്ധ്യതയും വരില്ല. അത് അടിയന്തരമായി നൽകണം. അങ്ങ് നെൽവിത്ത് സൗജന്യമായി നൽകാമെന്ന് എഴുതിത്തന്നു; എന്നാൽ അതിന്റെ ട്രാൻസ്പോർട്ടേഷന്റെ ഓർഡർ നൽകിയിട്ടില്ല; വിതരണം നടത്തിയിട്ടില്ല. ഇപ്പോൾ വിതരണം നടത്തിയാൽ മാത്രമേ കൃഷിയിറക്കാൻ കഴിയുകയുള്ളൂ. കൃഷിക്കാരുടെ കാര്യം വല്ലാത്തൊരു കഷ്ടമാണ്, പ്രത്യേകിച്ച് പാലക്കാട്ടെ കൃഷിക്കാരന് എങ്ങനെയാണ് പിടിച്ചുനിൽക്കാൻ സാധിക്കുക? ട്രാൻസ്പോർട്ടേഷനുള്ള ഓർഡർ നൽകിയില്ലെങ്കിൽ നെൽവിത്ത് വിതരണം ചെയ്യാൻ കഴിയില്ല. ഇപ്പോൾത്തന്നെ കൃഷിയിറക്കാൻ തുടങ്ങി. അതിനുള്ള സൗകര്യംകൂടി ഒരുക്കുന്നതിന് ശക്തമായ നടപടിയെടുക്കണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. പുരുഷൻ കടലുണ്ടി: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. ഒരു സർക്കാർ എന്നുപറഞ്ഞാൽ അതിന്റെ നയമാണ് പ്രധാനം. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് ചെയ്തിരുന്നത് ഭൂമി വിറ്റഴിക്കുക, ഭൂമാഫിയകൾക്ക് സൗകര്യം ചെയ്തുകൊടുക്കുക എന്നതായിരുന്നു. അതിന് ഉദാഹരണമാണ് ആറന്മുള, മെത്രാൻ കായൽ, പറവൂർ, സന്തോഷ് മാധവൻ തുടങ്ങിയവ. എത്രയെത്ര പാവങ്ങൾ ഇരുട്ടിൽ നിരായുധരായി നോക്കിനിൽക്കേണ്ടിവന്നു. മുതലാളിത്തത്തിന്റെ ആർത്തിക്ക് ആക്കം കൂട്ടുന്ന തരത്തിലായിരുന്നു യു.ഡി.എഫ്. നയങ്ങൾ; അറിഞ്ഞോ അറിയാതെയോ സാധാരണക്കാരെ പിഴിയുന്ന തരത്തിലുള്ള പ്രവർത്തനങ്ങളുമായാണ് മുന്നോട്ടുപോയത്. ആ നയമല്ല ഇപ്പോൾ എൽ.ഡി.എഫ്. സർക്കാർ മുന്നോട്ടുവയ്ക്കുന്നത്. ചില മാധ്യമങ്ങളുടെ ഇന്ധനമായി മാറാൻ യു.ഡി.എഫ്. സർക്കാർ കിണഞ്ഞു പരിശ്രമിച്ചു എന്നുള്ളത് പരമാർത്ഥമാണ്. അതുകൊണ്ടുതന്നെ നാട്ടിൽ വരുന്ന വികസന പ്രവർത്തനങ്ങളൊക്കെ വേണ്ടത്ര ഗൗരവത്തിൽ ജനങ്ങളുടെ മനസ്സിലേയ്ക്ക് എത്തുന്നതിനുപകരം 'പച്ച' എന്നും മറ്റും പറഞ്ഞ് വിവാദങ്ങളുണ്ടാക്കി അതിന്റെ പിന്നാലെ പോകുന്ന ദൃശ്യ-മാധ്യമങ്ങൾ രാജ്യത്തിന്റെ മാനസികാവസ്ഥ തകർക്കുകയാണ്. പൊമ്പിളൈ, കിങ്കിളൈ എന്നിങ്ങനെ ഓരോ കാര്യങ്ങളാണ് ചർച്ചയ്ക്ക് വരുന്നത്: ജനങ്ങളുടെ ജീവിതപ്രശ്നം ചർച്ചയ്ക്ക് വരുന്നില്ല. ഇതൊക്കെ നമ്മൾ ഇവിടെ ഗൗരവമായി ചർച്ച ചെയ്യുന്നു; അതിന് ഫലം കണ്ടെത്തുന്നില്ല; വികസനം ജനങ്ങളിൽ എത്തുന്നില്ല. അതാണ് എനിക്ക് പറയാനുള്ളത്. 'അദ്ധ്വാനം മനുഷ്യനും പ്രകൃതിയും ഒപ്പം വഹിക്കുന്നൊരു പ്രക്രിയയാണ്. മനുഷ്യൻ ആ പ്രക്രിയയിൽനിന്നും താനും പ്രകൃതിയും തമ്മിലുള്ള ആഘാത പ്രത്യാഘാതങ്ങളെ തന്റെ ഇഷ്ടത്തിനനുസരിച്ചുതന്നെ സ്വയം ആരംഭിക്കുകയും ക്രമീകരിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നു' - ഇത് കാറൽ മാർക്സ് പറഞ്ഞതാണ്. ഇത് അന്വർത്ഥമാക്കാൻ എത്രകാലമായി ശ്രമിക്കുന്നു;

നടക്കുന്നില്ല. എന്താണ് കാരണം? അടിസ്ഥാനപരമായി പ്രശ്നങ്ങളെ കാണാൻ മഹാഭൂരിപക്ഷം ആളുകളല്ല, ചെറിയ വിഭാഗം മാത്രമാണുള്ളത്. നഞ്ച് എന്തിനാ നാനാഴി? അതാണ് നമ്മുടെ രാജ്യത്ത് നടക്കുന്നത്. ഉൽപ്പാദന പ്രക്രിയയിൽ പ്രകൃതിയോ മനുഷ്യനോ തനിച്ചല്ല, മനുഷ്യനും പ്രകൃതിയും ചേർന്ന് കൂട്ടായ പങ്കാണ് നിർവ്വഹിക്കുന്നത്. എന്നുവച്ചാൽ മനുഷ്യനും പ്രകൃതിയും രണ്ടാണ് എന്നാലും ഒന്നായാണ് പ്രവൃത്തിക്കുന്നതെന്ന് നമ്മൾ കാണണം. മനുഷ്യൻ അവന്റെ ചരിത്രം സ്വയം നിർമ്മിക്കുന്നതാണ്. അതുകൊണ്ടാണ് എൽ.ഡി.എഫ്. സർക്കാർ നയം വ്യക്തമാക്കുന്നത്. തരിശു ഭൂമികളെയെല്ലാം ഏറ്റെടുത്ത് കൃഷിയോഗ്യമാക്കി ഈ സർക്കാർ കർഷകരുടെ, അദ്ധ്വാനിക്കുന്നവരുടെ കൂടെ നിന്നു. കണ്ടില്ലേ ബിഗ് സീറോയിൽ നിന്ന് അദ്ധ്വാനിക്കുന്നവനെ, പാവപ്പെട്ടവനെ, നിരാലംബരായവരെ, കുടുംബത്തിൽ നിന്നുപോലും അന്യം നിന്നുപോകാവുന്ന വൃദ്ധരെ തേടിയെത്തി അവർക്ക് ക്ഷേമ പെൻഷനുകൾ നൽകി. വീടുകളിൽ കൊണ്ടുപോയി കൊടുക്കുമെന്ന് പറഞ്ഞപ്പോൾ ഞാൻപോലും വിശ്വസിച്ചിരുന്നില്ല; പക്ഷെ യാഥാർത്ഥ്യമായി. അതാണ് എൽ.ഡി.എഫ്. സർക്കാർ; അതാണ് ഈ സർക്കാരിനെ നയിക്കുന്ന വ്യക്തതയും ധാരണയും കാഴ്ചപ്പാടുമുള്ള നേതൃത്വം. അങ്ങനെയുള്ളൊരു നേതൃത്വത്തിനെതിരെ ചെറിയ കാര്യങ്ങൾ പറഞ്ഞ് ചർച്ച നീട്ടിക്കൊണ്ടുപോകരുതെന്നാണ് എന്റെ അഭിപ്രായം.

സംസ്ഥാനത്തെ പാൽ ഉൽപ്പാദനവും ഉപയോഗവും വർദ്ധിപ്പിക്കുക. ക്ഷീര കർഷകരുടെ ക്ഷേമം, സഹകരണ മേഖലയുടെ സമഗ്ര വികസനം എന്നീ ലക്ഷ്യങ്ങളോടെയാണ് 55 വർഷങ്ങൾക്കുമുമ്പ് ക്ഷീര വികസന വകുപ്പ് നിലവിൽ വന്നത്. 2018-ൽ പാൽ ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുകയെന്നതാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ ലക്ഷ്യം. എല്ലാ ജില്ലകളിലും വ്യാപിച്ചുകിടക്കുന്ന ക്ഷീര സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുകയും ആധുനികവൽക്കരിക്കുകയും ചെയ്തുകൊണ്ട് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിച്ച് മുന്നോട്ടുപോകുകയാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി. ക്ഷീര കർഷക മേഖലയിലേയ്ക്ക് ആകർഷിക്കാൻ ഭക്ഷ്യ സുരക്ഷാ മാനദണ്ഡങ്ങൾക്കനുസരിച്ച് ഗുണനിലവാരം മെച്ചപ്പെടുത്തുകയെന്നത് വളരെ പ്രധാനമാണ്. മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ, ഐസ് ക്രീം, കുട്ടികൾക്കുവേണ്ട എല്ലാ കാര്യങ്ങളും ഇപ്പോൾ മാർക്കറ്റിൽ എത്തുന്നു. സംസ്ഥാനത്ത് ക്ഷീര കർഷകരുടെ പെൻഷൻ 500 രൂപയിൽ നിന്നും 1,100 രൂപയാക്കി വർദ്ധിപ്പിച്ചു. 60 വയസ് കഴിഞ്ഞ ക്ഷേമനിധി അംഗങ്ങൾക്ക് 12 കോടി 78 ലക്ഷം രൂപ അനുവദിച്ചു. 65000 പേർക്കാണ് പെൻഷൻ വിതരണം ചെയ്തത്. ആരറിയുന്നു? കാരണം ദിനപ്പത്രങ്ങൾക്കും ദൃശ്യമാധ്യമങ്ങൾക്കും മറ്റു പൈങ്കിളി കാര്യങ്ങൾ മതിയല്ലോ, ഞാനാരെയും

കുറപ്പെടുത്തുന്നില്ല. ദിനപ്പത്രത്തിൽ നാളെ ഇന്നത് വരുമെന്ന് പറയാൻ കഴിയില്ല. ഗ്രാമീണ വിജ്ഞാന വ്യാപന രംഗത്ത് കാര്യക്ഷമമായാണ് ഈ സർക്കാർ പ്രവർത്തിക്കുന്നത്. 143 ബ്ലോക്ക് ക്ഷീര സംഘങ്ങൾ, 14 ജില്ലകളിൽ ക്ഷീര സംഗമങ്ങൾ, 1456 ചർച്ചാ ക്ലാസ്സുകൾ, സെമിനാറുകൾ, 156 പാൽ ഗുണമേന്മ ബോധവൽക്കരണ പരിപാടികൾ തുടങ്ങിയവ ഈ സർക്കാർ നടത്തിയതാണ്. അതിനുപുറമെ ക്ഷീരവികസന സാദ്ധ്യതയുള്ള 5 പഞ്ചായത്തുകളെ തെരഞ്ഞെടുത്ത് 5 കോടി രൂപയുടെ ക്ഷീരഗ്രാമം പദ്ധതിക്ക് തുടക്കം കുറിച്ചു. ഇത് സർക്കാർ ബുള്ളറ്റിൻ അല്ലാതെ വേറെ ആരാണ് പുറത്തുകൊണ്ടുവരുന്നത്. ആരും പറയുന്നില്ലല്ലോ, പൊമ്പിളൈ ഒരുമയുമായി പോകുകയാണ്. കടക്കെണിയിലായ കർഷകർക്കുള്ള 5 കോടി രൂപയുടെ ധനസഹായ പദ്ധതി നടപ്പിലാക്കിയത് ഈ സർക്കാരാണ്. വയനാട് ബ്രഹ്മഗിരി വികസന സൊസൈറ്റിക്ക് 5 കോടി രൂപ, ഗുണമേന്മ പരിശോധനയ്ക്ക് ചെക്ക് പോസ്റ്റുകൾ, തരിശുഭൂമി ഇവ കണ്ടെത്തി തീറ്റപ്പുൽ കൃഷി വ്യാപകമാക്കി. കോഴിക്കോട് ജില്ലയിലെ തിരുവണ്ണൂർ കോട്ടൺ മില്ലിൽ പ്രതിദിനം 300 മെട്രിക് ടൺ ഉൽപ്പാദന ശേഷിയുള്ള ഹൈടെക്ക് കാലിത്തീറ്റ ഫാക്ടറി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യാൻ പോകുകയാണ്. ഇടുക്കിയിൽ 48.10 കോടി രൂപയുടെ പദ്ധതിയും മലപ്പുറത്ത് 1.35 കോടി രൂപയുടെ പദ്ധതിയും തൃശ്ശൂരിൽ 4.35 കോടി രൂപയുടെ പദ്ധതിയും കരുനാഗപ്പള്ളിയിൽ 5.84 കോടി രൂപയുടെ പദ്ധതിയും കല്ലേറ്റുംകര 5.65 കോടി രൂപയുടെ പദ്ധതിയും വരികയാണ്. ഇതുവഴി കേരളത്തിലെ ക്ഷീര കർഷകർക്ക് ന്യായമായ വിലയ്ക്ക് ഗുണമേന്മയുള്ള കാലിത്തീറ്റ സ്ഥിരമായി ലഭ്യമാക്കാൻ സാധിക്കും. ഇത് വലിയ വിപ്ലവം തന്നെയാണ്. പട്ടികജാതി വിഭാഗത്തിൽ പ്പെട്ടവരുടെ ക്ഷേമത്തിനായി തെരഞ്ഞെടുക്കപ്പെട്ട 155 ഗുണഭോക്താക്കൾക്ക് പ്രത്യേക പദ്ധതിയുണ്ട്. പട്ടികജാതിക്കാർക്ക് തൊഴുത്ത് നിർമ്മിക്കുന്നതിന് 32,500 രൂപ സഹായം നൽകുന്നുണ്ട്. ക്ഷീരവികസന രംഗത്ത് പുത്തൻ ഉണർവ്വും നേട്ടങ്ങളും കൈവരിക്കാൻ ഈ സർക്കാരിന് കഴിഞ്ഞുവെന്നതിന്റെ തെളിവാണ് ഇതെല്ലാം.

<u>ശ്രീ. എസ്. രാജേന്ദ്രൻ</u>: സർ, പൊമ്പിളൈ ഒരുമയെക്കുറിച്ച് പറഞ്ഞല്ലോ; ശ്രീമതി ലതികാ സുഭാഷ് എന്ന ബഹുമാന്യയായ നേതാവ് കോട്ടയത്ത് വിശ്വസിച്ച് നിൽക്കാൻ സാധിക്കാത്തതുകൊണ്ടാണ് മൂന്നാറിൽ വന്ന് താമസിക്കുന്നതെന്ന വിവരം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. പുരുഷൻ കടലുണ്ടി</u>: സർ, ഞാൻ വിഷയത്തിലേയ്ക്ക് വരികയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് ക്ഷീരോൽപ്പാദന രംഗത്ത് സ്വയംപര്യാപ്തതയെന്ന ലക്ഷ്യം കൈവരിച്ചു. ക്ഷീര കർഷകരുടെ ആവശ്യം

പരിഗണിച്ച് പാൽ വില നാല് രൂപ വർദ്ധിച്ചപ്പോൾ അതിൽ 3.35 രൂപ കർഷകനുതന്നെ ലഭിച്ചു. പാൽ വില ചാർട്ടിൽ ശാസ്ത്രീയമായ മാറ്റങ്ങൾ വരുത്തി. ക്ഷീര സഹകരണ സംഘങ്ങളെ കൂടുതൽ ജനകീയമാക്കിയതിലൂടെ മെച്ചപ്പെട്ട സേവനങ്ങൾ കർഷകർക്കും തദ്ദേശവാസികൾക്കും ലഭിക്കുന്ന സാഹചര്യമുണ്ടായി. അടിസ്ഥാന സൗകര്യ വികസനം, ഓട്ടോമേഷൻ, ഹൈജീനിക് മിൽക്ക് റൂം നിർമ്മാണം, ശീതീകരിച്ച പ്ലാന്റുകൾ, ഫെസിലിറ്റേഷൻ സെന്ററുകൾ, ആട്ടോമെറ്റിക് പാൽ സംഭരണ യൂണിറ്റ് എന്നിവ സ്ഥാപിച്ചു. ക്ഷീര വികസന രംഗം സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനും കർഷകരെ സഹായിക്കുന്നതിനും പ്രതിജ്ഞാബദ്ധ മാണെന്ന് തെളിയിക്കുന്ന കാര്യങ്ങളാണ് സർക്കാർ സ്വീകരിക്കുന്നത്. കടക്കെണി യിലായിരുന്ന ക്ഷീരകർഷകർക്കുള്ള ധനാശ്വാസമായി 5 കോടിയിലധികം രൂപ ധനാഭ്യർത്ഥനയിലൂടെ ലഭ്യമാക്കി. 38 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ യാഥാർത്ഥ്യമാക്കി. മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി, ക്ഷീര ഗ്രാമം, തീറ്റപ്പുൽ ഉൽപ്പാദന പദ്ധതി, ക്ഷീര സഹകരണ സംഘങ്ങളുടെ ആധുനികവൽക്കരണം, വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ, തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെയുള്ള പദ്ധതികൾ, ക്ഷീര കർഷക ക്ഷേമനിധിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, പാലുൽപ്പാദനം വർദ്ധിപ്പിക്കാൻ ഗുണമേന്മയുള്ള പ്രവർത്തനങ്ങൾ, ക്ഷീര സഹകരണ സംഘങ്ങളുടെ രൂപീകരണം, പരിശീലന പരിപാടികൾ എന്നിവയാണ് അതിലെ പ്രധാന പദ്ധതികൾ. അങ്ങനെ 5 കൊല്ലംകൊണ്ട് ഹരിത കേരളം സമ്പന്നമാക്കുന്ന ഒരു ക്ഷീര കേരളമായി മാറുമെന്നാണ് എനിക്ക് പറയാനുള്ളത്.

മറ്റൊന്ന് നമ്മുടെ മൃഗങ്ങളൊക്കെ കാട്ടിൽ നിന്നും പുറത്തുവന്നുവെന്നാണ് എല്ലാവരും പറയുന്നത്. എങ്ങനെ വരാതിരിക്കും; കാട് മുഴുവൻ മൊട്ടക്കുന്നാക്കിയില്ലേ; ആരാണ് അതിനുത്തരവാദി? അതൊക്കെ മാറാൻ പോകുകയാണ്. നാട് മുഴുവൻ പച്ചപ്പ് വരാൻ പോകുകയാണ്. മനുഷ്യ-വന്യജീവി സംഘട്ടനം ഫലപ്രദമായി നേരിടാൻ ജനജാഗ്രതാ സമിതി രൂപീകരിച്ചുകഴിഞ്ഞു. ഇതിന്റെ പ്രവർത്തനത്തിലൂടെ മനുഷ്യ-വന്യജീവി സംഘട്ടനം ഒഴിവാക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. കൃഷിയിടങ്ങളിലേയ്ക്ക് വന്യജീവികളുടെ കടന്നുകയറ്റം തടയുന്നതിനായി 100 കോടി രൂപയുടെ പദ്ധതി കിഫ്ബിയിലൂടെ നടപ്പിലാക്കുന്നു. 220.5 കിലോമീറ്റർ സോളാർ ഫെൻസിംഗ്, 2.90 കിലോമീറ്റർ നീളത്തിൽ ആന പ്രതിരോധ മതിൽ, 11.35 കിലോമീറ്റർ റെയിൽ ഫെൻസിംഗ്, 1-8-2016 മുതൽ ഓൺലൈൻ സംവിധാനം എന്നിവ ഏർപ്പെടുത്തി. നാശനഷ്ട പരിഹാരത്തുക എളുപ്പത്തിൽ കർഷകരിൽ എത്തിക്കാനുള്ള ശ്രമമാണ് നടക്കുന്നത്. തിരുവനന്തപുരം മൃഗശാലയിൽ

വന്യജീവി സംരക്ഷണത്തിന് തനത് ആവാസ വ്യവസ്ഥ സൃഷ്ടിച്ചുകൊണ്ട് സന്ദർശകർക്ക് കൂടുതൽ സൗകര്യങ്ങൾ ഒരുക്കുക എന്ന ലക്ഷ്യത്തോടുകൂടി 20 വർഷത്തെ പ്ലാനാണ് തയ്യാറാക്കിയിട്ടുള്ളത്. ഇത് പൂർത്തീകരിക്കാൻ സാവകാശം ലഭിക്കണം. നീർനായകൾക്ക് വാസസ്ഥലമൊരുക്കുന്നു. ജലപക്ഷികൾക്ക് തടാകം, ഹിമവാലൻ കുരങ്ങ്, ഏഷ്യാറ്റിക് ലയൺ ഇതൊക്കെ വരാൻ പോകുകയാണ്. പക്ഷികൾക്ക് യഥേഷ്ടം പറക്കാനും നീന്താനും കാണാനുമുള്ള സൗകര്യം. ഒരു ജോഡി കഴുതപ്പുലികളെ മൃഗശാലയിലേയ്ക്ക് കൊണ്ടുവരുന്നു. കാട്ടുപോത്തുകൾക്ക് വേണ്ടി വാസസ്ഥലത്തിന്റെ നിർമ്മാണവും നടത്തുന്നു. ഹരിത കേരളം സഫലമായി. കൃഷി വകുപ്പിന്റെ വിളവിറക്കൽ ഗ്രാമങ്ങളിൽ ഉത്സവമായിരുന്നു. ഞങ്ങളുടെ പ്രദേശത്ത് വിത്തിറക്കി. ബഹുമാനപ്പെട്ട മന്ത്രിയുടെ സ്ഥലത്ത്, അവളപ്പാണ്ടിയിൽ കൊയ്ത്തിന് അതിലേറെ ആളുകളുണ്ടായി. കൊയ്ത്തിലൂടെ ലഭിച്ച ലാഭം എത്രയാണെന്ന് അറിയാമോ? നിങ്ങൾ കൃഷി ലാഭമല്ല എന്ന് പറയുന്നു; ആ കർഷക സംഘം 6 കോടി രൂപ ലാഭമുണ്ടാക്കി. വലിയൊരു ഗ്രൂപ്പാണ് പ്രവർത്തിച്ചത്. ജനങ്ങളെ അണിനിരത്തി സർക്കാർ 5 വർഷം ഈ നാടിനുവേണ്ടിയുള്ള പ്രവർത്തനങ്ങളിൽ വ്യാപൃതരാകും; ജനങ്ങൾക്കുവേണ്ടി പ്രവർത്തിക്കും; അടിസ്ഥാന സൗകര്യങ്ങളൊരുക്കും; എല്ലാവർക്കും വാസസ്ഥലവും എല്ലാവർക്കും ജോലിയുമുള്ള ഒരു സംസ്ഥാനമാക്കി കേരളത്തെ മാറ്റുമെന്ന് പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

1.00 PM]

<u>ശ്രീ. കെ. എം. മാണി</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ശ്രീ. പുരുഷൻ കടലുണ്ടിയുടെ പ്രസംഗം എത്ര രസമാണ്. ഭരണകക്ഷി ബെഞ്ചുകൾപോലും ചിരിച്ച് ആഹ്ലാദിച്ചു. ഈ ഗവൺമെന്റിന്റെ കീഴിൽ എല്ലാം ഭദ്രം. ഇതിൽ കൂടുതൽ എന്താണ് ഭദ്രമാകാനുള്ളത്; എല്ലാം ഭദ്രമായിരിക്കുന്നു; സമ്പന്നമായിരിക്കുന്നു. കഴുതകളെക്കൂടി ഇറക്കുമതി ചെയ്യുന്നുവെന്നാണ് പറഞ്ഞത്; എത്ര സമ്പന്നമാണ്. ഇറക്കുമതി ചെയ്തിട്ട് കാര്യമില്ല; ഇഷ്ടംപോലെ കഴുതകൾ നമ്മുടെ നാട്ടിലുണ്ട്. ഇനി കഴുതകളെ ഇറക്കുമതി ചെയ്യേണ്ട ആവശ്യമുണ്ടോ? ഏതായാലും നമ്മുടെ നാട് സമ്പന്നമാകട്ടെ. നമുക്കതിൽ ഒരെതിർപ്പുമില്ല.

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u>: സർ, പോയിന്റ് ഓഫ് ഓർഡർ....അങ്ങ് വളരെ സീനിയറായ മെമ്പറാണ്. ഇവിടെ ഇഷ്ടംപോലെ കഴുതകളുണ്ടെന്ന് അങ്ങയെപ്പോലുള്ള ഒരാൾ പറയാൻ പാടില്ല.

<u>ശ്രീ. കെ. എം. മാണി</u>: സർ, ഞാൻ ആരെയും ഉദ്ദേശിച്ച് പറഞ്ഞതല്ല. നമ്മുടെ നാട്ടിൽ കഴുതകളില്ലേ; ധാരാളമുണ്ട്. പിന്നെന്തിനാണ് ഇറക്കുമതി ചെയ്യുന്നത്;

ഞാൻ അതൊന്ന് പരാമർശിച്ചുവെന്നല്ലാതെ വ്യക്തികളെയല്ല പരിഹസിച്ചത്. 'ആർക്കും ഇല്ലപ്പാ മൂക്ക്' എന്നുപറയുന്ന സ്ഥിതിയാണ്. ഞാൻ ഇന്നലെ പറഞ്ഞതുപോലെ ഒരു ഗവൺമെന്റും കൃഷിക്കാർക്ക് നീതി ചെയ്തിട്ടില്ല. യു.ഡി.എഫ്. ആകട്ടെ, എൽ.ഡി.എഫ്. ആകട്ടെ ഒരു ഗവൺമെന്റും കൃഷിക്കാരോട് നീതി ചെയ്തിട്ടില്ലെന്ന് എന്റെ മനസ്സാക്ഷിയനുസരിച്ച് പറയുകയാണ്. കൃഷിക്കാരെ കുറച്ചുകൂടി പരിഗണിക്കണം. എൽ.ഡി.എഫ്. സർക്കാരിനോട് ഞാൻ ചോദിക്കുകയാണ്, നിങ്ങൾ എന്താണ് ചെയ്തത്? 14 മാസമായി കർഷക പെൻഷൻ മുടങ്ങിയിരിക്കുകയാണ്. കൃഷിക്കാരോട് അനുഭാവമുള്ള സർക്കാരാണെങ്കിൽ ഈ പെൻഷൻ നൽകുകയില്ലേ; നെല്ല് സംഭരണത്തിന് തുക നൽകിയിട്ടുണ്ടോ? കുട്ടനാട്ടിൽനിന്നും നെല്ല് സംഭരിച്ചിട്ട് അതിന്റെ വില നൽകിയിട്ടില്ല. റബ്ബർ വിലസ്ഥിരതാ പദ്ധതി എവിടെപ്പോയി? അതൊക്കെ മുടങ്ങിക്കിടക്കുകയാണ്. അതുകൊണ്ട് കർഷകർക്കുവേണ്ടി മുഴുവൻ കാര്യങ്ങളും ഞങ്ങൾ നിറവേറ്റി എന്നൊന്നും പറയാൻ പാടില്ല. ഇവിടെ ശ്രീ. കെ. കൃഷ്ണൻകുട്ടി സംസാരിച്ചു. സഭ പാസ്സാക്കിയ കാർഷിക നയമെങ്കിലും നിങ്ങൾക്ക് നടപ്പിലാക്കാൻ കഴിയുമോ എന്ന് ഞാൻ ചോദിക്കുകയാണ്. പ്രൈമറി സെക്ടർ തകർന്നാൽ സെക്കൻഡറി, ടെർഷ്യറി സെക്ടറുകൾ തകരും. അതുകൊണ്ട് ഏറ്റവും പ്രധാനം പ്രൈമറി സെക്ടറാണ്. 2011-12-ൽ എസ്.ഡി.ജി.പി.-യിലേയ്ക്ക് കാർഷിക മേഖലയുടെ സംഭാവന 14 ശതമാനമായിരുന്നു. 2015-16 ആയപ്പോൾ അത് 10.38-ലേയ്ക്ക് ഇടിഞ്ഞിരിക്കുകയാണ്. അതിനർത്ഥം 48 ശതമാനമാണ് ഇവിടത്തെ കൃഷിക്കാർ, അവർ 10 ശതമാനം വരുമാനംകൊണ്ട് ജീവിക്കണമെന്നുള്ളതാണ് ഇതിന്റെ ആകെത്തുക.

കൃഷിക്കാരെ അഭിവൃദ്ധിപ്പെടുത്തണമെങ്കിൽ കൃഷി ആധുനികവൽക്കരിക്കണം. കാർഷിക മേഖലയിലേയ്ക്ക് ടെക്നോളജി ട്രാൻസ്ഫർ ചെയ്യണം. അത് കൃഷിക്കാർക്ക് സാധിക്കണമെങ്കിൽ സർക്കാരിന്റെ ശക്തമായ ഇടപെടലുകൾ നമുക്കാവശ്യമാണ്. നാനോ ടെക്നോളജിയുടെയും ബയോടെക്നോളജിയുടെയും അനന്തമായ സാദ്ധ്യതകൾ പ്രയോജനപ്പെടുത്താൻ ഒരു സർക്കാരിനും കഴിഞ്ഞിട്ടില്ല; യു.ഡി.എഫ്.-നും എൽ.ഡി.എഫ്.-നും കഴിഞ്ഞില്ല. ആരും ഒരു ശ്രമവും നടത്തിയില്ല. ടെക്നോളജി കൃഷിയിടങ്ങളിൽ എത്തണമെങ്കിൽ നമ്മളെല്ലാവരും ഒരുമിച്ച് അതുസംബന്ധിച്ച് ആലോചിക്കേണ്ടിയിരിക്കുന്നു. നാനോ ടെക്നോളജിയിൽ മിറക്കിൾ സീഡ്സ് എന്ന ഒരു മേൽത്തരം വിത്ത് വികസിപ്പിക്കപ്പെട്ടിട്ടുണ്ട്. അത്യുൽപ്പാദനശേഷിയുള്ളതാണ് ഈ മിറക്കിൾ സീഡ്. കീടങ്ങളെ അതിജീവിക്കാനുള്ള പ്രതിരോധശേഷി അതിനുണ്ട്. അത് കൃഷിയിടങ്ങളിൽ എത്തിയിട്ടില്ല; അതെത്തിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം. ഭക്ഷ്യസംസ്കരണ സാങ്കേതിക വിദ്യയുണ്ട്,

അത് കേരളത്തിൽ എത്തിയിട്ടില്ല; അത് എത്തിക്കാൻ സർക്കാർ ശ്രമിക്കണം. ആന്റിമൈക്രോബയൽ കോട്ടിംഗുള്ള പ്ലാസ്റ്റിക് ക്യാരി ബാഗ് ഉപയോഗിച്ച് കൃഷി ചെയ്താൽ കീടാണുക്കളെ പ്രതിരോധിക്കാൻ കഴിയും. അണുക്കളെ പ്രതിരോധിക്കാൻ കീടനാശിനി വേണ്ട. കോട്ടിംഗുള്ള പ്ലാസ്റ്റിക് ക്യാരി ബാഗ് ഉപയോഗിച്ച് കൃഷി ചെയ്താൽ കീടാണുക്കളെ പ്രതിരോധിക്കാം. ഇലക്ട്രോ സ്പിന്നിംഗ് എന്ന നവീന നാനോ സാങ്കേതിക വിദ്യ ഉപയോഗിച്ച് ചെലവുകുറഞ്ഞ രീതിയിൽ വളങ്ങളും കീടനാശിനികളും നിർമ്മിക്കാം. അതുപോലെതന്നെ നെല്ല് കുത്തിയെടുത്തുകഴിഞ്ഞ് ഉമിയിൽ നിന്ന് ബയോ എഥനോൾ നിർമ്മിക്കാൻ കഴിയും. കൂടാതെ ഉമിയിൽനിന്നും ഗ്ലാസ്സ് നിർമ്മാണത്തിന് ഉപോൽപ്പന്നമായ നാനോ സിലിക്കയും നിർമ്മിക്കാം. ഇങ്ങനെയൊക്കെയുള്ള എത്രയോ കാര്യങ്ങളുണ്ട്. കുറഞ്ഞ ചെലവിൽ നാനോ സെൻസറുകൾ, കാർബൺ നാനോ ട്യൂബുകൾ എന്നിവ കൃഷിഭവനുകളിൽ എത്തിക്കാനും സാങ്കേതികവിദ്യയുണ്ട്. പാടശേഖരങ്ങളിലെ വൈറസ്, ബാക്ടീരിയ, ഫംഗസ് എന്നിവയുടെ സാന്നിദ്ധ്യം അറിയാനും മണ്ണിലെ ന്യൂട്രീഷൻസിന്റെ അളവ് മനസ്സിലാക്കി അനുയോജ്യമായ വിത്തിറക്കാനും കർഷകരെ സഹായിക്കാം. ഇങ്ങനെയുള്ള ടെക്നോളജി ഇന്ന് ലോകത്തിൽ വികസിപ്പിക്കപ്പെട്ടിട്ടുണ്ട്. ആ ടെക്നോളജി നടപ്പിലാക്കുന്നതിനായി സർക്കാർ പ്രത്യേക നടപടി സ്വീകരിക്കണം. ആ ടെക്നോളജി കൃഷിയിടങ്ങളിൽ എത്തിക്കണം. അങ്ങനെയാണെങ്കിൽ നമുക്ക് കൃഷി ആദായകരമാക്കാം. പ്രിസിഷൻ ഫാമിംഗ്, സൺ ഫാമിംഗ്, പോളിഹൗസ് ഫാമിംഗ് മുതലായ നവീന കൃഷി രീതികൾ കൃഷിക്കാരിൽ എത്തിക്കാൻ നടപടി സ്വീകരിക്കണം. നാനോ ടെക്നോളജി ഉപയോഗിച്ചുള്ള ഭക്ഷ്യസംസ്കരണം നടത്തിയാൽ വിത്തുകൾ വില കുറയുന്ന കാലഘട്ടങ്ങളിൽ ഗോഡൗണുകളിൽ സൂക്ഷിക്കാനും വില ഉയരുമ്പോൾ വിൽക്കാനും കഴിയും എന്നുള്ളതിന് യാതൊരു സംശയവുമില്ല. റബ്ബറിന്റെ സാദ്ധ്യതകൾ വികസിപ്പിക്കുന്നതിനുള്ള നടപടി റബ്ബർ ബോർഡ് കൈക്കൊള്ളണം. അവർക്ക് അതിനുള്ള പ്രേരണ നൽകണം. കൃഷി വകുപ്പും അതിനുവേണ്ടി പ്രവർത്തിക്കണം. ബിറ്റുമിൻ ടാറിനുപുറമേ, കെട്ടിട നിർമ്മാണ രംഗത്ത് വാട്ടർപ്രൂഫിംഗ് കോട്ടിംഗിന് റബ്ബർ ഉപയോഗിക്കാം.

അതുപോലെതന്നെ ഒരു ഉൽപ്പന്നത്തിന്റെ വാല്യൂ അഡീഷനെക്കുറിച്ച് ഇവിടെ പറയുകയുണ്ടായി. ഒരു ഉൽപ്പന്ന മൂല്യത്തിന്റെ പത്തിലൊന്ന് വിലപോലും കർഷകന് ഇന്ന് ലഭിക്കുന്നില്ല. ഇടനിലക്കാരായ കച്ചവടക്കാരും വ്യവസായികളുമാണ് അവരെ ചൂഷണം ചെയ്യുന്നത്. അതുകൊണ്ട് വാല്യൂ അഡീഷന് ആവശ്യമായ നടപടി സ്വീകരിക്കണം. നാളികേരം, റബ്ബർ, പഴവർഗ്ഗങ്ങൾ എന്നിവയുടെ വാല്യൂ ആഡ് ചെയ്തുകൊണ്ട് കൃഷിക്കാർക്ക് കൂടുതൽ വരുമാനമുണ്ടാക്കിക്കൊടുക്കാൻ

സർക്കാർ സഹായിക്കണം. ചെറുകിട കർഷകർക്ക് മാസം 1,000 രൂപ പെൻഷൻ ലഭിച്ചുകൊണ്ടിരിക്കുന്നു. ഞാൻ ധനകാര്യ വകുപ്പുമന്ത്രിയായിരിക്കുമ്പോഴാണ് കർഷക പെൻഷൻ നടപ്പിലാക്കിയത്. കൃഷിക്കാർക്ക് അത് ലഭിക്കുന്നത് വലിയ സഹായമാണ്. അതൊന്നും മുടക്കാൻ പാടില്ല, കൃത്യമായും നൽകണം. കേന്ദ്ര സഹായ പദ്ധതികൾക്ക് പുറമേ കർഷകർക്ക് കൂടുതൽ ആശ്വാസ പദ്ധതികളുണ്ടാകണം. കൃഷിക്ക് മാന്യതയും ലാഭവും ഉറപ്പുവരുത്തണം, അഭ്യസ്തവിദ്യരായ ആളുകൾ കൃഷിയിൽ ഉറച്ചു നിൽക്കണമെങ്കിൽ കൃഷി ആദായകരമായൊരു തൊഴിലാകണം; കൃഷിക്ക് മാന്യതയുണ്ടാകണം; കൃഷിയെ ആധുനികവൽക്കരിക്കണം. അതിന് നമ്മൾ ശ്രമിക്കേണ്ടതാണ്. കൃഷിക്കാരുടെ കാർഷികോൽപ്പന്നങ്ങൾക്ക് ന്യായവില ലഭിച്ചാൽ മതി; വേറൊന്നും വേണ്ട. കാർഷികോൽപ്പന്നങ്ങൾക്ക് ന്യായവില ഉറപ്പുവരുത്തുന്നതിന് സർക്കാർ വിപണിയിൽ ഇടപെടണം. ഞാൻ ധനകാര്യ വകുപ്പുമന്ത്രിയായിരുന്നപ്പോൾ റബ്ബറിന് 150 രൂപ ഉറപ്പുവരുത്തി 65 രൂപ ഓരോ കിലോഗ്രാമിനും നഷ്ടം സഹിച്ച് വിലസ്ഥിരതാ പദ്ധതി നടപ്പിലാക്കി. 500 കോടി രൂപ അതിനുവേണ്ടി മാറ്റിവച്ചു. എനിക്കൊരു അപേക്ഷയേയുള്ളൂ, ഇന്ന് ഗവൺമെന്റ് അത്രയും നഷ്ടം സഹിക്കണം. ഒരു കിലോഗ്രാമിന് കുറഞ്ഞത് 200 രൂപയെങ്കിലും വില നിശ്ചയിച്ച് വിപണിയിലിടപെട്ട് റബ്ബർ വാങ്ങാനുള്ള നടപടിയെടുക്കണം. അതുപോലെതന്നെ റബ്ബർ ഇറക്കുമതി ഒരിക്കലും ഉണ്ടാകാൻ പാടില്ല. ഡെഫിസിറ്റില്ലെങ്കിൽ യാതൊരു കാരണവശാലും റബ്ബർ ഇറക്കുമതി അനുവദിക്കാൻ പാടില്ല. ഡെഫിസിറ്റ് നികത്താനല്ലാതെയുള്ള റബ്ബർ ഇറക്കുമതികൾ അവസാനിപ്പിക്കണം. അതിന് കേന്ദ്രഗവൺമെന്റിൽ ശക്തമായ സമ്മർദ്ദം ചെലുത്തണം. അതുപോലെ റബ്ബർ നയം ചർച്ച ചെയ്യണം. കേന്ദ്ര സർക്കാർ റബ്ബർ നയം രൂപീകരിക്കാൻ പോകുന്നുവെന്ന് അറിയാൻ കഴിഞ്ഞു. റബ്ബർ സ്റ്റേറ്റ് ലിസ്റ്റിലുള്ള ഒരു വിഷയമാണ്. പ്രത്യേകിച്ച് റബ്ബർ കേരളത്തിലെ സമ്പദ് വ്യവസ്ഥയുടെ നട്ടെല്ലാണ്. ആ റബ്ബർ നയം രൂപീകരിക്കുന്നതിനുമുമ്പുതന്നെ കേരള ഗവൺമെന്റ് മുൻകയ്യെടുത്ത് വേണമെങ്കിൽ ഒരു സർവ്വകക്ഷി സംഘത്തെ അയച്ച് കേന്ദ്ര സർക്കാരുമായി മുൻകൂട്ടി റബ്ബർ നയത്തെക്കുറിച്ച് ചർച്ച ചെയ്ത് അവർക്ക് ആവശ്യമായ നിർദ്ദേശങ്ങളും ഉപദേശങ്ങളും നൽകണം. റബ്ബർകൃഷി പ്രോത്സാഹനം ലക്ഷ്യംവച്ചുകൊണ്ടുള്ള നടപടികൾ മുന്നോട്ടു നീക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അഞ്ച് വർഷംകൊണ്ട് കാർഷിക വരുമാനം ഇരട്ടിയാക്കുമെന്നാണ് ബഹുമാനപ്പെട്ട പ്രധാനമന്ത്രി പറഞ്ഞത്. അതെവിടെപ്പോയി എന്നെനിക്ക് അറിഞ്ഞുകൂടാ. പ്രധാനമന്ത്രി നൽകിയ വാഗ്ദാനം പാലിക്കാൻ ആത്മാർത്ഥമായി ശ്രമിക്കുക; ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഈ സർക്കാരും ആത്മാർത്ഥമായി കൃഷിക്കാരെ സഹായിക്കുക. യഥാർത്ഥത്തിൽ കൃഷിക്കാരെ സഹായിക്കണം, കൃഷിയെ സ്നേഹിക്കണം, മണ്ണിനെ സ്നേഹിക്കണം അങ്ങനെ ഒരു നയംമാറ്റം ഈ സർക്കാരിലുണ്ടാകണമെന്നുമാത്രം പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ ഞാൻ ഉപസംഹരിക്കുന്നു.

<u>ശ്രീ. എസ്. രാജേന്ദ്രൻ:</u> സർ, '[illegible]

[illegible]
ബ്രിട്ടീഷ് ഇന്ത്യയുടെ ഒരു അവശിഷ്ടമായ മൂന്നാർ പ്രദേശത്താണ് ഞങ്ങളിപ്പോഴും താമസിക്കുന്നത്. തോട്ടം തൊഴിലാളികളും അതുപോലെതന്നെ കേരളത്തിലെ മലയാളികളായ മുൻഗാമികളും എത്തിച്ചേർന്നിട്ടുള്ള ഇടുക്കി - മൂന്നാർ പ്രദേശമായി അറിയപ്പെട്ടിരുന്നത് മീനച്ചിൽ താലൂക്ക് കോട്ടയത്തിന്റെ ഭാഗമായിരുന്നപ്പോൾ ബഹുമാനപ്പെട്ട പി.സി. ജോർജിന്റെ മണ്ഡലം വരെയായിരുന്നു. ദേവികുളം താലൂക്കായപ്പോൾ പെരുവന്താനം വരെയായിരുന്നു മൂന്നാർ. 1972-ൽ ഇടുക്കി ജില്ല രൂപപ്പെട്ടപ്പോഴാണ് ദേവികുളം താലൂക്ക് പിന്നെയും പിരിഞ്ഞത്. ഇങ്ങനെയുള്ള മൂന്നാർ സങ്കൽപ്പത്തിലിപ്പോഴും പരിസ്ഥിതി സംരക്ഷകർ അഥവാ വനം സംരക്ഷിക്കണമെന്ന് ആഗ്രഹിക്കുന്നവർ അതിനുവേണ്ടി നടത്തുന്ന ശ്രമങ്ങളെ ഞങ്ങൾ ചോദ്യം ചെയ്യുകയല്ല. പക്ഷേ അക്കാര്യത്തിൽ വ്യക്തതയില്ലാതെ ധാരാളം കാര്യങ്ങൾ മുമ്പോട്ടുവരുന്നു. അതിലൊരാളായ, ഇവിടെ പലരും സംശയത്തിൽ നിർത്തിക്കൊണ്ട് പറയുന്ന 8 സെന്റിന്റെ ജന്മിയായ എസ്.രാജേന്ദ്രൻ എന്ന ഞാൻ ഇവിടെ നിൽക്കുന്നുണ്ട്. ഇതു പറയുമ്പോൾ 1877-ൽ പാലാ മെർക്കന്റയിൽ ബാങ്ക് ലിക്വിഡേഷനിൽ ഭൂമി ഏറ്റെടുത്തവർ മാങ്കുളത്തെത്തി. ബ്രിട്ടീഷുകാർ ഞങ്ങളുടെ മുൻഗാമികളെ തോട്ടം തൊഴിലാളികളായി കൊണ്ടുവന്നു. കുറ്റിയാർ വാലിയിൽ താമസിക്കുന്നവർക്ക് കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് നൽകിയ ഭൂമിക്കും പട്ടയമുണ്ട്. ഇ.എം.എസ്.-ന്റെ കാലഘട്ടത്തിലാണ് തോട്ടം മേഖലയിലുള്ള മിച്ചഭൂമി ഏറ്റെടുക്കാൻ തീരുമാനിച്ചത്. ഭൂമിയേറ്റെടുക്കലുമായി ബന്ധപ്പെട്ട് മിച്ചഭൂമി എവിടെ കണ്ടെത്തണമെന്നുള്ളതിനെ സംബന്ധിച്ച് വളരെ വ്യക്തമായ നിയമമുണ്ട്. ആ നിലയിൽ 2010-ൽ നൽകിയിട്ടുള്ള 2630 ആളുകൾക്ക് ഇപ്പോഴും ഭൂമിയുണ്ട്; അത് കല്ലിട്ട് വേർതിരിച്ചിട്ടുണ്ട്. എന്നാൽ തോട്ടം തൊഴിലാളികൾക്ക് മുൻ യു.ഡി.എഫ്. സർക്കാരിന്റെ കാലഘട്ടത്തിൽ ഒരിഞ്ചു ഭൂമിപോലും നൽകിയിട്ടില്ല. യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് സീറോ ലാൻഡ്‌ലെസ്സ് സ്കീമിൽപ്പെടുത്തിയും നൽകിയിട്ടില്ല. ഈ സർക്കാർ ഇക്കാര്യങ്ങൾ മനസ്സിലാക്കിക്കൊണ്ടാണ് മുന്നോട്ടുപോകുന്നത്. 1972-ലെ കെ.ഡി.എച്ച്. ആക്ടിനുശേഷം മൂന്നാറിനെ സംബന്ധിച്ചുള്ള 19 റിപ്പോർട്ടുകൾ വന്നിട്ടുണ്ട്. ദേവസ്യാ കമ്മിറ്റി റിപ്പോർട്ട്, നിയമസഭാ കമ്മിറ്റി റിപ്പോർട്ട്, സെൻകുമാർ ഐ.എ.എസ്., ലാൻഡ് ബോർഡ്, സർവ്വേ ഡയറക്ടർ, ശ്രീ. രാജൻ മധേക്കർ, ശ്രീമതി നിവേദിത പി. ഹരൻ, ഗാഡ്ഗിൽ, കസ്തൂരിരംഗൻ, ഇ.എഫ്.എൽ, നീലക്കുറിഞ്ഞി, ഹൈക്കോർട്ട്, കൗശികൻ, വെങ്കിട്ടരാമൻ, പരിസ്ഥിതി കമ്മിറ്റി റിപ്പോർട്ട്, ലാൻഡ് റവന്യൂ കമ്മീഷണർ, ഡെപ്യൂട്ടി

ഡയറക്ടർ, സർവ്വേ തുടങ്ങി എല്ലാവരുടെയും റിപ്പോർട്ടുകൾ കണ്ടു. അതിന്റെ വെളിച്ചത്തിലാണ് കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ സഖാവ് കോടിയേരി ബാലകൃഷ്ണൻ ട്രിബ്യൂണൽ കൊണ്ടുവന്നത്. യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് ആ ട്രിബ്യൂണലിനെപ്പോലും നോക്കുകുത്തിയാക്കി ക്കൊണ്ട് കമ്പനിക്കനുകൂലമായി 300 കേസുകൾ വിധിയായി. അവർക്ക് ഈ കയ്യേറ്റത്തെക്കുറിച്ച് പറയുവാൻ യാതൊരു അവകാശവുമില്ല. അങ്ങനെ ഗവൺമെന്റ് ട്രിബ്യൂണലിനെ അപമാനപ്പെടുത്തിയവരാണ് ഇപ്പോൾ കയ്യേറ്റത്തെ സംബന്ധിച്ച് പറയുന്നത്. അക്കാര്യത്തിലേയ്ക്ക് ഞാൻ പിന്നീട് വരാം. സഖാവ് കെ. പി. രാജേന്ദ്രനും എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ധീരമായ നടപടികളെടുത്തു. അങ്ങനെയാണ് ഓർഡിനൻസ് വന്നത്. ബഹുമാനപ്പെട്ട വി. ഡി. സതീശൻ ഉൾപ്പെടെ അന്നത്തെ നിയമസഭാംഗങ്ങൾ ബയോഡൈവേഴ്സിറ്റിയുമായി ബന്ധപ്പെട്ട് ബഫർ സോണിന്റെ പരിശോധനകൾക്ക് വന്നിട്ടുണ്ട്. ആ പ്രദേശവാസികൾ എപ്പോഴും വനം സംരക്ഷിക്കുന്നതിന്റെ ഭാഗമായി മാത്രമേ നിന്നിട്ടുള്ളൂ. അങ്ങനെ യാഥാർത്ഥ്യം മനസ്സിലാക്കിയിട്ടും എന്തുകൊണ്ടാണ് കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് ഇത്തരത്തിൽ പ്രശ്നങ്ങൾ ഇല്ലായിരുന്നത്; എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ മാത്രമാണല്ലോ പ്രശ്നങ്ങൾ ഉയരുന്നത്. അതിന്റെ പിന്നിൽ രാഷ്ട്രീയ കച്ചവടമാണ്. വിദേശ രാജ്യങ്ങളിലേയ്ക്ക് കാർബൺ ബാലൻസ് ചെയ്യാൻവേണ്ടി ബഹുമാന്യനായ എന്റെ പ്രിയപ്പെട്ട സുഹൃത്ത് പി. ടി. തോമസിനെപ്പോലുള്ളവർ രാഷ്ട്രീയ കച്ചവടം നടത്തരുതെന്നാണ് എന്റെ വിനീതമായ അഭ്യർത്ഥന. 1957-ലെ ഇ.എം.എസ്. ഗവൺമെന്റിന്റെ ഭൂമി ഏറ്റെടുക്കൽ ബില്ലിനെ സംബന്ധിച്ച് അദ്ദേഹം വ്യക്തമായി മനസ്സിലാക്കിയാൽ അറിയാം, ആയിരക്കണക്കിന് ഏക്കർ ഭൂമി എവിടെ കിടക്കുന്നു; ഭൂമി അങ്ങോട്ടുമിങ്ങോട്ടും കൈമാറ്റം വരുമ്പോൾ വിരിവ് കാണിക്കാറുണ്ട്, കൈവശരേഖ കാണിക്കാറുണ്ട്, പട്ടയം ചൂണ്ടിക്കാണിക്കാറുണ്ട്. ഇതൊന്നും അറിയാത്തവരല്ല. അതുകൊണ്ടാണ് രാഷ്ട്രീയക്കച്ചവടം നടത്തരുതെന്ന് പറയുന്നത്. അദ്ദേഹത്തിന്റെ കൂടെ ഒന്നുരണ്ട് ആളുകൾകൂടിയുണ്ട്. മാതൃഭൂമി ചാനലിലെ പി. എസ്. വേണു. പോലീസ് സ്റ്റേഷനിൽ ഇങ്ങനെ ചോദിക്കാറില്ലല്ലോ; കോടതിയിൽ ഇങ്ങനെ ആളുകളോട് പെരുമാറാറില്ലല്ലോ; ഇങ്ങനെ ചാട്ടവാറുകൊണ്ടടിക്കാറില്ലല്ലോ; നാക്കുകൊണ്ട് എന്തടിയാണ് ആളുകളെ അടിക്കുന്നത്; എന്തൊക്കെയാണ് അവർക്ക് അവകാശമുള്ളത്. ചോദ്യം ചോദിക്കാനൊരു നിയന്ത്രണം വേണം. News hour അല്ല, അത് അഡ്വർട്ടൈസ്മെന്റാണ്. ഭൂമി നൽകുന്നതിന് ലഭിക്കുന്ന കാശിന്റെ ഭാഗമായ ഒറ്റിക്കൊടുക്കലാണ്. അത് നിരോധിക്കണം, അന്വേഷണം വേണം. ആരുടെ കയ്യിൽ ഭൂമിയുണ്ടെങ്കിലും എടുക്കാം. അവിടെ ഞങ്ങളാരും എതിരല്ല. വളരെ വ്യക്തമായി മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ,

വനം വകുപ്പുമന്ത്രി ശ്രീ. കെ. രാജു, റവന്യൂ വകുപ്പുമന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരൻ, ശ്രീ. എം. എം. മണി എന്നിവർ 27-ാം തീയതിയിലും 7-ാം തീയതിയിലും സ്വീകരിച്ച തീരുമാനങ്ങൾ സംബന്ധിച്ച് ചാനലുകൾ ചർച്ച ചെയ്യുകയാണ്. 804/57-ൽ ഏലത്തോട്ടത്തെ സംബന്ധിച്ച് വളരെ വ്യക്തമായി എന്താണ് റവന്യൂവെന്നും ഫോറസ്റ്റെന്നും ഏലത്തോട്ടം എങ്ങനെയാണെന്നും പറഞ്ഞിട്ടുണ്ട്. അങ്ങനെയൊരു വസ്തുത നിലനിൽക്കെ എന്തുകൊണ്ട് ഇത് വീണ്ടും റവന്യൂ ഭൂമിയാക്കാൻ ശ്രമിക്കുന്നുവെന്ന് ചർച്ച നടക്കുകയാണ്. വായിക്കാതെയും കാര്യങ്ങൾ മനസ്സിലാക്കാതെയും നിയമങ്ങൾ പഠിക്കാതെയും ചോദ്യം ചോദിക്കുകയാണ്. എന്താണ് നടക്കുന്നത്; കാണുന്നവരെയെല്ലാം തെറ്റിദ്ധരിപ്പിക്കാൻ ഉപകരിക്കുന്ന സാഹചര്യമല്ലേ; ആ നിലയിലേയ്ക്ക് കാര്യങ്ങൾ നീക്കാൻ എന്താണ് കാര്യം? ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള സർക്കാർ ഇച്ഛാശക്തിയോടെ ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിലുള്ള നിലപാടുകളാണ് സ്വീകരിക്കുന്നത്. നിയമം നടപ്പിലാക്കിക്കൊണ്ടാണ് തീരുമാനങ്ങളും നിലപാടുകളും എടുക്കുന്നത്. 27-ാം തീയതി ഇവിടെ പരിസ്ഥിതി വാദികളായ ചില കച്ചവടക്കാർ പറയുന്നതു പോലെ ഒരു തീരുമാനമെടുത്തല്ലോ; കെട്ടിടങ്ങൾ മൂന്നാറിൽ നിയന്ത്രിക്കണം, ഞങ്ങൾ യോജിക്കുന്നു. തോട്ടം തൊഴിലാളികൾക്കോ ഇടുക്കിക്കാർക്കോ ബഹുനില കെട്ടിടങ്ങളുണ്ടോ; ഹൈക്കോടതി അറിയാതെ അവിടെ കെട്ടിടങ്ങൾ വന്നോ; കളക്ടറും സബ് കളക്ടറും അറിയാതെ അവിടെ കെട്ടിടങ്ങൾ വന്നോ; ഇപ്പോൾ പാറ അടർന്നു വീണല്ലോ; പ്ലംജൂഡി ഹോട്ടൽ അടച്ചല്ലോ; തൊട്ടുമുകളിൽ മനോരമയ്ക്ക് ബന്ധമുള്ള കെട്ടിടം എന്തുകൊണ്ടാണ് ഇതുവരെ അടയ്ക്കാത്തത്; ആ കെട്ടിടത്തിൽ പാറ വീണാൽ പ്രശ്നമില്ലേ; കളക്ടറും സബ് കളക്ടറും ഉത്തരം പറയേണ്ട ആളുകളല്ലേ; ഐ.എ.എസ്. പഠിച്ചാൽ മതിയോ; ആർക്കുവേണ്ടിയാണിത്? അത് പറയുമ്പോൾ എല്ലാ ഐ.എ.എസ്.-കാരെയുമല്ല ഞങ്ങൾ പറയുന്നത്. ജനാധിപത്യ രീതിയിലും വ്യവസ്ഥകളോടെയും നിലനിൽക്കുന്ന ഒരു സർക്കാർ ബഹുജനങ്ങൾക്ക് ലഭിക്കേണ്ട അവകാശങ്ങൾ അതേപടി നിലനിർത്തണ്ടേ? സബ് കളക്ടർ ഡോ. ശ്രീറാം വെങ്കിട്ടരാമനെ കുറ്റം പറയാൻ ഞങ്ങൾ ഉദ്ദേശിച്ചതല്ല. പത്രക്കാർ കൊണ്ടുപോയി ചാടിക്കുന്നതല്ലേ; നമുക്ക് ഇവിടെ നിന്നുള്ള ഒരു സംഘത്തിന് വേണമെങ്കിൽ അവിടെ പോകാം; പരിശോധിക്കാം. വസ്തുതകൾ മനസ്സിലാകട്ടെ. പക്ഷെ, അതൊന്നും മനസ്സിലാക്കാൻ താൽപ്പര്യപ്പെടാതെ ഈ ഗവൺമെന്റിനെ മോശമാക്കുവാനുള്ള സമീപനം സ്വീകരിക്കുകയെന്നുള്ളത് നന്നല്ല. ഇവിടെ പ്രിയപ്പെട്ട പി. ടി. തോമസുണ്ട്. ശ്രീ. പി. ടി. തോമസിന്റെ മുൻഗാമികൾ ഇടുക്കിയിലാണോ; ശ്രീ. പി. ടി. തോമസാണ് വാസ്തവത്തിൽ എറണാകുളത്ത് പോയി കയ്യേറിയയാൾ. കയ്യേറ്റം നടത്തിയത് ശ്രീ. പി. ടി. തോമസാണ്. ഞങ്ങളല്ല.

ശ്രീ. എ. പി. അനിൽ കുമാർ: സർ, (മൈക്ക് ഓഫ്) ശ്രീ. പി. ടി. തോമസ് കയ്യേറിയെന്നാണോ അങ്ങ് പറയുന്നത്;

ശ്രീ. എസ്. രാജേന്ദ്രൻ: സർ, ഞങ്ങളുടെ സുഹൃദ്ബന്ധത്തിലല്ലേ പറയുന്നത്. അദ്ദേഹം ഇടുക്കിയിൽ വന്ന് ചായ കുടിച്ചിട്ടുണ്ടെങ്കിൽ കയ്യേറ്റക്കാരുടെ ചായ കൈപ്പറ്റിയിട്ടുണ്ട്. ശ്രീ. ബാബു കുര്യാക്കോസിന് എത്രയേക്കറുണ്ട്; ഞങ്ങളാരെങ്കിലും പറഞ്ഞോ; ഞങ്ങളെക്കൊണ്ട് എന്തിനാണ് പറയിപ്പിക്കുന്നത്? ബഹുമാനപ്പെട്ട പി. പി. തങ്കച്ചനും മറ്റും സ്ഥലം വേണ്ടെങ്കിൽ എഴുതിത്തന്നാൽ സീറോ ലാൻഡിൽ നൽകാമായിരുന്നല്ലോ; 5 സെന്റുവച്ച് കൊടുക്കാമായിരുന്നല്ലോ; 2010-ൽ 770 പേർക്ക് 10 സെന്റ് സ്ഥലം വച്ച് നൽകിയപ്പോഴും എന്റെ 8 സെന്റ് ഭൂമി റെഗുലറൈസ് ചെയ്തിട്ടില്ല. അതിരിനുചുറ്റും പട്ടയം കൊടുത്തപ്പോഴും എന്റെ പട്ടയം ഞാൻ റെഗുലറൈസ് ചെയ്തില്ല. അതാണ് എന്റെ പാർട്ടി എന്നെ പഠിപ്പിച്ചത്. അതാണ് മാർക്സിസ്റ്റ് പാർട്ടി. അല്ലാതെ ഞങ്ങൾ ആരെയും സ്വാധീനിച്ചിട്ടില്ല. കഴിഞ്ഞ കാലത്തുണ്ടായിരുന്ന രണ്ട് മന്ത്രിമാർ ഇവിടെയുണ്ട്. നീതിപൂർവ്വം നിയമം നടപ്പിലാക്കണമെന്ന് കാണിച്ച് ഞാൻ അവർക്കും പെറ്റീഷൻ നൽകിയതാണ്. പക്ഷെ അതിന് കഴിഞ്ഞില്ല. എന്താണ് പറഞ്ഞിരിക്കുന്നത്? അവിടെ ഫയൽ കണ്ടില്ല. എന്റെ ഫയൽ മാത്രമാണോ കാണാതെ പോയത്; ആയിരക്കണക്കിനാളുകളുടെ പട്ടയ ഫയൽ കാണാതെ പോയിട്ടുണ്ട്; എ 2 രജിസ്റ്റർ ഇല്ലാതെ പോയിട്ടുണ്ട്. അപ്പോൾ ഇതെല്ലാം വരുന്നതെന്തിനാണ്? ഞങ്ങൾ വനത്തിനെതിരാണോ; അല്ലല്ലോ; നീലക്കുറിഞ്ഞിക്ക് ഞങ്ങൾ എതിരാണോ? അവിടെ ആളുകൾ താമസിക്കുന്ന സ്ഥലവും വില്ലേജാഫീസുമെല്ലാം ഒഴിവാക്കണം. തിരുത്തൽ വരുത്തണം. 2007 മുതൽ അന്നത്തെ സബ് കളക്ടർ ചില നിലപാടുകൾ സ്വീകരിച്ചല്ലോ; ഞാനൊരു വെല്ലുവിളി ഉയർത്താം. മാസങ്ങൾ വേണമെങ്കിൽ എടുക്കാം. മാങ്കുളത്ത് 1877-ൽ വന്നയാളുകളിൽ 3000 പേർക്ക് പട്ടയവും ഭൂമിയും ഉണ്ടായിട്ടും പോക്കുവരവ് നടക്കുന്നില്ല. അല്ലെങ്കിൽ പട്ടയമുണ്ട്, ഭൂമിയില്ല. ബാങ്കിൽ നിന്ന് ലഭിച്ച ഭൂമി വനഭൂമിയായി മാറിവരുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് എറണാകുളം ജില്ലയിലെ കുട്ടമ്പുഴ താലൂക്കിൽനിന്ന് മാങ്കുളത്തിന്റെ ഭാഗമായി ഇടുക്കിയിൽ വന്ന് പട്ടയം എടുത്തുകൊണ്ടുപോയല്ലോ; ഇപ്പോൾ വേണമെങ്കിൽ റെക്കോർഡ് പരിശോധിക്കാമല്ലോ; ജില്ല വിട്ട് മറ്റൊരു ജില്ലയിൽ എങ്ങനെയാണ് പട്ടയം പതിച്ചുകൊടുക്കുക? അറിയാത്തതുകൊണ്ട് ചോദിക്കുകയാണ്. അപ്പോൾ ഇതൊക്കെ നടക്കുന്ന കാലഘട്ടത്തിലും മാധ്യമങ്ങൾക്ക് ഒരു പ്രശ്നവുമില്ല. മാങ്കുളത്തെ പ്രശ്നം പരിഹരിക്കാൻ സെറ്റിൽമെന്റ് ഓഫീസറായ സബ് കളക്ടർക്ക് സമയമില്ലാത്തതെന്താണ്; നീലക്കുറിഞ്ഞിയിലെ പ്രശ്നം

തീർക്കാൻ എന്താണ് സമയമില്ലാത്തത്; തോട്ടം തൊഴിലാളികൾക്ക് എൽ.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് അതിർത്തി തിരിച്ച നൽകിയ ഭൂമി അവർക്ക് ചൂണ്ടിക്കാണിച്ചുകൊടുക്കാൻ സമയമില്ലാത്തത് എന്താണ്? 1957-ൽ ഏറ്റെടുത്ത തോട്ടഭൂമികൾ വീണ്ടെടുക്കാൻ, മിച്ചഭൂമി ഏറ്റെടുക്കാൻ കഴിയാത്തവർ എന്റെ 8 സെന്റ് വിടുന്നതിൽ ഞങ്ങൾക്ക് ആക്ഷേപമില്ല. കെ.എസ്.ആർ.ടി.സി.യുടെ മുന്നിൽ ഇപ്പോൾ ബഹുനില കെട്ടിടമുയർന്നു. എന്ത് പറയുന്നു? ഇവരിൽ ചിലയാളുകൾക്കുമാത്രം ഒരു ടാർജറ്റുണ്ട്. അത് രാഷ്ട്രീയമാണ്. അങ്ങനെ രാഷ്ട്രീയ പകപോക്കൽ ഒരു കാരണവശാലും പാടില്ല. ശ്രീ. എം. എം. മണിക്കെതിരെ വന്ന സമരം യു.ഡി.എഫ്. ഏറ്റെടുത്തുവെന്ന് വളരെ ആഹ്ലാദപൂർവ്വം പറഞ്ഞല്ലോ. ഞങ്ങൾക്ക് ശ്രീ. എം. എം. മണിയുടെ പ്രശ്നമല്ലായിരുന്നു, അതിനുവേണ്ടി രാജിവയ്ക്കണമെന്ന് പറഞ്ഞ് സമരം ചെയ്തില്ലെന്ന് മീഡിയയിൽ ശ്രീമതി ഗോമതി പറഞ്ഞല്ലോ; പിന്നെ ആർക്കുവേണ്ടിയായിരുന്നു സമരം? എങ്ങനെയെങ്കിലുമൊരു സമരം; അതാണോ രാഷ്ട്രീയം; അങ്ങനെയാണോ രാഷ്ട്രീയം പോകേണ്ടത്? അപ്പോൾ രാഷ്ട്രീയ രംഗത്ത് ഇച്ഛാശക്തിയോടെ, അര നൂറ്റാണ്ടായാലും, പ്രശ്നം പരിഹരിക്കുവാൻ ശ്രമിക്കുന്ന സഖാവ് വി. എസ്. അച്യുതാനന്ദന്റെ നേതൃത്വത്തിലുള്ള സർക്കാരിനെ പിന്തുണയ്ക്കുകയെന്നുള്ളത് ഞങ്ങളെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനം തന്നെയാണ്.

ശ്രീ. വി. ടി. ബൽറാം സർ, (മൈക്ക് ഓഫ്) ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള സർക്കാരല്ലേ ഇപ്പോഴുള്ളത്?

ശ്രീ. എസ്. രാജേന്ദ്രൻ: സർ, അത് വി. എസ്.-ന്റെയും സർക്കാരാണ്. .... (ബഹളം)... നിങ്ങൾക്ക് എന്താണ് സംശയം? അത് ഞാൻ ബോധപൂർവ്വം തന്നെയാണ് പറയുന്നത്. എനിക്ക് ശ്രീ. പി. ടി. തോമസിനെക്കുറിച്ച് കുറച്ച് പറയാനുണ്ടായിരുന്നു. പക്ഷെ, സമയം അനുവദിക്കുന്നില്ല. അവിടെ എത്ര സെമിത്തേരികളുണ്ട്, എത്ര പള്ളികളുണ്ട്, എത്ര ഇടവകകളുണ്ട്? മരിച്ചുപോയവരെ എഴുന്നേൽപ്പിക്കാൻ കഴിയുമോ; അല്ലെങ്കിൽ അവിടെ താമസിക്കുന്നയാളുകളെ ആർക്കെങ്കിലും മാറ്റിയെടുക്കാൻ കഴിയുമോ; ഈ പറഞ്ഞ ആധാരം ചെയ്തതിന്റെ അടിസ്ഥാനത്തിൽ വരുന്ന വിരിവുള്ള സ്ഥലമെല്ലാം കയ്യേറ്റമാണെന്ന് കാണിച്ച് ഒഴിപ്പിക്കാൻ കഴിയുമോ; മിച്ചഭൂമി ഏറ്റെടുക്കാൻ, ലാൻഡ് ബോർഡ് അവാർഡ് നടപ്പിലാക്കാൻ എന്തുകൊണ്ടാണ് ഇന്നുവരെ പറയാൻ നിങ്ങൾക്ക് സാധിക്കാത്തത്? എറണാകുളത്തും പരിസ്ഥിതി സംരക്ഷിക്കണ്ടേ? പട്ടണങ്ങളിൽ ബഹുനില കെട്ടിടങ്ങൾ ഉയരുന്നതിന് ഒരു പ്രശ്നവുമില്ല. കോസ്റ്റൽ സോൺ എന്തായി; തീരപ്രദേശ സംരക്ഷണ നിയമം വന്നല്ലോ; നിങ്ങൾ എന്തുചെയ്തു? അപ്പോൾ ആരും പറയില്ല. ഇവർ അടിമകളായി തുടർന്നാൽ മതി. പക്ഷെ

ഞാനൊരു കാര്യംകൂടി പറയാൻ ആഗ്രഹിക്കുന്നു. സുബ്രഹ്മണ്യ ഭാരതി അപ്പോഴും ഒരു വാക്ക് പറഞ്ഞിട്ടുണ്ട്,

' அச்சமில்லை அச்சமில்லை அச்சமென்பதில்லையே

உச்சிமீது வானிடிந்து வீழுகின்ற போதிலும்

அச்சமில்லை அச்சமில்லை அச்சமென்பதில்லையே '

ഞങ്ങൾ ധീരമായി നിൽക്കും. തൊഴിലാളികളും കർഷകരും കുടിയേറ്റക്കാരുമായിട്ടുള്ളവർ ഈ ജില്ലയുടെ കൂടെ നിലനിൽക്കുവാൻ.......

<u>ശ്രീ. പി. ടി. തോമസ്:</u> സർ, ശ്രീ. എസ്. രാജേന്ദ്രൻ ഒന്ന് വഴങ്ങുമോ;

<u>ശ്രീ. എസ്. രാജേന്ദ്രൻ:</u> ബഹുമാനപ്പെട്ട ചെയർ സമ്മതിക്കുമെങ്കിൽ ഞാൻ വഴങ്ങാം.

<u>മി. ചെയർമാൻ:</u> ശ്രീ. എസ്. രാജേന്ദ്രൻ, അങ്ങയുടെ സമയം കഴിഞ്ഞു. വഴങ്ങാൻ സമയമില്ല.

<u>ശ്രീ. എസ്. രാജേന്ദ്രൻ:</u> സർ, ഞാൻ അധികം സമയമെടുക്കാൻ ഉദ്ദേശിക്കുന്നില്ല. അതുകൊണ്ട് സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഈ സർക്കാർ നടപ്പിലാക്കുന്ന ഇത്തരത്തിലുള്ള പദ്ധതികൾ......

<u>ശ്രീ. പി. ടി. തോമസ്:</u> സർ, പോയിന്റ് ഓഫ് ഓർഡർ.

<u>മി. ചെയർമാൻ:</u> എന്ത് പോയിന്റാണ്;

<u>ശ്രീ. പി. ടി. തോമസ്:</u> സർ, ഞാൻ എന്റെ സ്നേഹിതൻ ശ്രീ. എസ്. രാജേന്ദ്രന്റെ പ്രസംഗത്തിൽ ഇടപെടാൻ വേണ്ടിയല്ല, എന്റെ പേര് പറഞ്ഞതുകൊണ്ടുമല്ല. എന്റെ പേര് പറഞ്ഞിട്ടും ഒന്നും പറയാതിരിക്കുകയാണ്. പക്ഷെ, നാളെ ഇത് ചരിത്ര രേഖയായി നിയമസഭാ രേഖകളിൽ കാണുമെന്നതിനാൽ, എന്നെക്കുറിച്ച് പറഞ്ഞതിന് ഞാൻ മറുപടി പറയുന്നില്ല, രേഖയായി കിടക്കുമെന്നുള്ളതുകൊണ്ട് ഒന്നുരണ്ട് കാര്യങ്ങൾ പറയാം.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ജി. എസ്. ജയലാൽ]

<u>മി. ചെയർമാൻ:</u> ഇതാണോ പോയിന്റ് ഓഫ് ഓർഡർ?

<u>ശ്രീ. പി. ടി. തോമസ്:</u> സർ, പോയിന്റ് ഓഫ് ഓർഡർ, 286 എന്നു പറഞ്ഞാൽ ചർച്ചയ്ക്കിടയിൽ ഉണ്ടാകുന്ന ഒരു പ്രശ്നമാണ്. ശ്രീമതി നിവേദിത പി. ഹരന്റെ റിപ്പോർട്ടാണ് എന്റെ കയ്യിലിരിക്കുന്നത്. അതിന്റെ തുടക്കം ഞാൻ വായിക്കാം,

(1) Badly maintained and systematically tampered revenue records; (2) Non availability of basic land assignment related registers that are crucial for verifying assignments; (3) Assigners occupy lands over than those mentioned in thundaper registers, registration documents, pattayam files etc. ഏറ്റവും വലിയ കൃത്രിമം ഈ മേഖലയിൽ നടന്നതിന്റെ ഭാഗമായിട്ടുള്ളതാണ് ഈ ഭൂമി. ശ്രീ. എസ്. രാജേന്ദ്രന്റെ എട്ട് സെന്റിനെപ്പറ്റി ഞാൻ പറയുന്നില്ല. അദ്ദേഹത്തിന്റെ എട്ട് സെന്റിനെ എതിർക്കാൻ കാരണം, നാളെ തൈക്കാട് ഗസ്റ്റ് ഹൗസിന്റെ മുറ്റത്ത് ആരെങ്കിലും പോയി അഞ്ച് സെന്റ് സ്ഥലം കയ്യേറി ഒരു കുടിൽവച്ചാൽ എന്താണോ സർക്കാരിന്റെ നിലപാട് അത് തന്നെയാണ് ശ്രീ. എസ്. രാജേന്ദ്രന്റെ കയ്യേറ്റത്തെപ്പറ്റി ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി പറഞ്ഞത്. അദ്ദേഹത്തിന്റെ സ്ഥലം പൊതുമരാമത്ത് വകുപ്പിന്റെ സ്ഥലമാണ്. അല്ലാതെ ഭൂമിയില്ലാത്ത പാവപ്പെട്ട ശ്രീ. എസ്. രാജേന്ദ്രൻ എട്ട് സെന്റ് സ്ഥലം കയ്യേറിയെന്ന്....

മി. ചെയർമാൻ : അങ്ങ് ഇങ്ങനെ സമയം അപഹരിക്കരുത്.

ശ്രീ. പി. ടി. തോമസ് : സർ, ഇതെല്ലാം വിശദീകരിക്കേണ്ട കാര്യമാണ്. ദയവായി അങ്ങ് ഇടപെടരുത്.

മി. ചെയർമാൻ: അത് പാടില്ല. അദ്ദേഹം സംസാരിക്കാൻ എഴുന്നേറ്റു.

ശ്രീ. പി. ടി. തോമസ് : വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്.

ശ്രീ. എസ്. രാജേന്ദ്രൻ: സർ, 4-8-2009-ൽ എസ്. രാജേന്ദ്രന്റെ, ഭൂമിയെ സംബന്ധിച്ച് തഹസിൽദാർ ജില്ലാ കളക്ടർക്ക് നൽകിയ റിപ്പോർട്ടിന്റെ സ്കെച്ച് എന്റെ കൈവശമുണ്ട്. എന്റെ ചുറ്റിലും തൊണ്ണൂറ്റിയഞ്ച് പേർക്ക് പട്ടയം നൽകിയിട്ടുണ്ട്. 1957-ൽ അത് പൊതുമരാമത്ത് വകുപ്പിന്റേതായിരുന്നു. അതുകഴിഞ്ഞ് 5.70 ഏക്കർ ഭൂമി പതിച്ചു നൽകാൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചതാണ്. (റിപ്പോർട്ട് ഉയർത്തികാട്ടി) 843 A 14.70 ഏക്കർ ഭൂമിയിൽ 5.70 ഏക്കർ ഭൂമി പതിച്ച് നൽകാൻ ഉത്തരവുണ്ട്. അതുകൊണ്ട് അതൊന്നും നിലനിൽക്കില്ല. ഇതിൽ പട്ടയം നൽകിയതിൽ ആദ്യത്തെ പേര് എസ്. രാജേന്ദ്രൻ, 8 സെന്റ് എന്നാണ്. ഇതുകൂടാതെ ഒരു കാര്യംകൂടി പറയാം. വിജിലൻസിന്റെ റിപ്പോർട്ടിനെ സംബന്ധിച്ചും പറയുന്നുണ്ട്. വിജിലൻസിന്റെ റിപ്പോർട്ടും 23-12-2009-ലെ കത്തും എനിക്ക് ലഭിച്ചിട്ടുണ്ട്. അതിലെ വിഷയം - 'വിജിലൻസ് വകുപ്പ് - വിജിലൻസ് അന്വേഷണം സംബന്ധിച്ച്; സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സർക്കാർ ഭൂമി കയ്യേറിയതുമായി ബന്ധപ്പെട്ട്

PC10/03/IDK, VE9/7/IDK എന്നീ കേസുകളിൽ താങ്കളുടെ സാക്ഷിമൊഴി എടുക്കുകയുണ്ടായതും താങ്കൾ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ നിലവിലുള്ള വിജിലൻസ് കേസുകളിലോ വിജിലൻസ് അന്വേഷണങ്ങളിലോ സംശയിക്കുന്ന ആളോ കുറ്റാരോപിതനോ അല്ലെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തിക്കൊള്ളുന്നു' എന്നാണ്.

മി. ചെയർമാൻ : അങ്ങ് ചുരുക്കണം,

ശ്രീ. എസ്. രാജേന്ദ്രൻ: സർ, ഇവിടെ നമ്മുടെ മന്ത്രിമാരെ ബഹുമാനിച്ചില്ലെങ്കിൽ അതൊരു കുറവല്ലേ? ശ്രീ. പി. ടി. തോമസ് സമയമെല്ലാം എടുത്തതുകൊണ്ടാണ്. അദ്ദേഹം പറഞ്ഞതെല്ലാം തെറ്റാണ്.

മി. ചെയർമാൻ : അങ്ങ് ചുരുക്കണം,

ശ്രീ. എസ്. രാജേന്ദ്രൻ: സർ, ഒറ്റ പോയിന്റ് പറഞ്ഞുകൊണ്ട് ചുരുക്കാം. ഈ രേഖകളെല്ലാം തിരിച്ച് തരണമെന്ന് ആവശ്യപ്പെടുകയാണ്. ഇവിടെ ബയോഡൈവേഴ്സിറ്റിക്ക് കെ.ഡി.എച്ച്.-ൽ 100 ഏക്കർ മിച്ചഭൂമി നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി ആ നൂറ് ഏക്കർ ഭൂമി തിട്ടപ്പെടുത്തി നൽകണമെന്ന് ആവശ്യപ്പെടുകയാണ്. അതുപോലെ എലിഫന്റ് ക്യാമ്പ് രൂപപ്പെടുത്താൻ ബഹുമാനപ്പെട്ട മന്ത്രി ശ്രമിച്ചിരുന്നു. പ്രസ്തുത എലിഫന്റ് ക്യാമ്പിൽ മൂന്നാറിൽ മാത്രം 24 ഒറ്റപ്പെട്ട ആനകളുണ്ട്. ഇപ്പോൾ പകലും രാത്രിയിലും നടക്കാൻ കഴിയില്ല. അതുകൊണ്ട് അത് അവിടെനിന്നും മാറ്റണം. സി.സി.എഫ്.ന്റെ ഒരു ഓഫീസ് മൂന്നാറിൽ കേന്ദ്രീകരിക്കുന്നതാണ് നല്ലത്. അതുപോലെ കൃഷി വകുപ്പ് ധാരാളം കാര്യങ്ങൾ ചെയ്യുന്നു. അതൊന്നും പറയാൻ എനിക്ക് അവസരം ലഭിച്ചില്ല. കൃഷി വകുപ്പുമന്ത്രിയെ ഞാൻ അഭിനന്ദിക്കുന്നു. അതുപോലെ വനം വകുപ്പുമന്ത്രിയേയും അഭിനന്ദിക്കുന്നു. ഇത്തരത്തിലുള്ള പ്രവൃത്തികൾ ചെയ്യുന്ന സർക്കാരിന്റെ എല്ലാവിധ സഹായങ്ങളും ഉണ്ടാകണമെന്ന അഭ്യർത്ഥനയോടുകൂടി ഈ ധനാഭ്യർത്ഥനയെ ഞാൻ പിന്താങ്ങുന്നു.

ശ്രീ. പി. സി. ജോർജ്: സർ, വളരെ പ്രധാനപ്പെട്ട സഭ അറിയേണ്ട കാര്യമാണിത്. ഞാൻ ഇത് പറയാൻ ഉദ്ദേശിച്ചതല്ല, പക്ഷേ പറയാൻ ആഗ്രഹിക്കുകയാണ്. ശ്രീ. പി. ടി. തോമസും ബഹുമാനപ്പെട്ട എസ്. രാജേന്ദ്രനും സഭയിൽ വായിച്ചത് രണ്ടും ഔദ്യോഗിക രേഖകളാണ്. ഒരേ കാര്യത്തിന് വ്യത്യസ്ത അഭിപ്രായങ്ങൾ രണ്ട് ഐ.എ.എസ്.-കാർ എങ്ങനെ എഴുതും? മാറിമാറി വരുന്ന സർക്കാരുകളുടെ സൗകര്യത്തിനായി സൗകര്യമുള്ളത് എഴുതിക്കൊടുക്കുന്ന ഐ.എ.എസ്. ഓഫീസർമാരാണ് ഈ വഴക്കുണ്ടാക്കുന്നതെന്നാണ് എന്റെ അഭിപ്രായം. എന്നോട് ക്ഷമിക്കണം, ശ്രീ. എസ്. രാജേന്ദ്രനെ

തമിഴ്നാട്ടുകാരനായി ഞാൻ കാണുന്നില്ല. അദ്ദേഹത്തെ മലയാളത്തിന്റെ മകനായി ഞാൻ കാണുകയാണ്. അതിൽ ഒരു സംശയവും വേണ്ട. അദ്ദേഹം നാലാമത്തെ തലമുറയിൽപ്പെട്ടയാളാണ്. 1996-ൽ പെറ്റീഷൻ കമ്മിറ്റി ചെയർമാൻ എന്നുള്ള നിലയ്ക്ക് ഈ റിപ്പോർട്ടുമായി ആദ്യം മൂന്നാറിൽ പോയത് ഞാനാണ്. എനിക്ക് നല്ല ഓർമ്മയുണ്ട്. ശ്രീ. എസ്. രാജേന്ദ്രൻ എന്ന് പറയുന്ന മലയാളി നാല് തലമുറകൾക്കുമുമ്പ് തമിഴ്നാട്ടിൽനിന്നും മൂന്നാറിൽ വന്ന ആളാണ്. അദ്ദേഹത്തിന്റെ തലമുറകൾ മുഴുവൻ മൂന്നാറിലാണ്. അദ്ദേഹത്തിന്റെ മക്കളും മാതാപിതാക്കളുമെല്ലാം അവിടെയാണ്. അവർ മലയാളത്തിന്റെ മക്കളാണ്. ആ മക്കളെ അടിച്ചോടിക്കാൻ ആർക്കാണ് അവകാശം? അവർ കേരളത്തിന്റെ സ്വത്താണ്. അവരെ ഒരിക്കലും തമിഴ്നാട്ടുകാരായി കണക്കാക്കാതെ അവർ കേരളത്തിനോടൊപ്പംനിന്ന് പ്രവർത്തിക്കണമെന്നാണ് എനിക്ക് അപേക്ഷിക്കാനുള്ളത്. നിങ്ങൾ ശ്രീ. എസ്. രാജേന്ദ്രന്റെ കാര്യം മാത്രം പറയേണ്ട. ശ്രീ. പി. ടി. തോമസ് പൂഞ്ഞാറിൽനിന്നും ഇടുക്കിയിൽ വന്ന് കുടിയേറിയതാണ്. ശ്രീ. എസ്. രാജേന്ദ്രൻ തമിഴ്നാട്ടിൽനിന്നും വന്നതാണ്. എസ്റ്റേറ്റിൽ തൊഴിലെടുക്കാതെ ടാക്സി ഡ്രൈവർ എന്ന നിലയിലാണ് ശ്രീ. എസ്. രാജേന്ദ്രൻ മൂന്നാർ ടൗണിലേയ്ക്ക് വന്നത്. അന്ന് അദ്ദേഹത്തിന്റെ അമ്മാവന്റെ പേരിൽ കരം തീർത്തിരുന്ന 8 സെന്റിലാണ് ഇപ്പോൾ താമസിക്കുന്നത്. അപ്പോൾ അദ്ദേഹത്തെ ഓടിച്ചിട്ട് എന്താണ് കാര്യം? എന്നിട്ട് ഇവിടെ വന്ന് അങ്ങോട്ടുമിങ്ങോട്ടും പ്രസംഗിക്കുകയാണ്. തമിഴ്നാട്ടിൽ നിന്നും വന്ന നിങ്ങൾ കേരളത്തിന്റെ സന്തതികളാണ്. നിങ്ങൾക്ക് അർഹതപ്പെട്ട ഭൂമി ലഭിക്കും, നിങ്ങൾക്കത് കിട്ടിയേ മതിയാകൂ. ഇവിടെ 60 വർഷമായി ഇടതുപക്ഷവും യു.ഡി.എഫും മാറിമാറി ഭരിക്കുന്നു. ഞാൻ ഇവിടെയിരുന്ന് ശ്രീ. മുഹമ്മദ് മുഹാസിൻ പി.യുമായി കണക്കു കൂട്ടുകയായിരുന്നു. അതിൽ 35 കൊല്ലം യു.ഡി.എഫും 25 കൊല്ലം എൽ.ഡി.എഫും ഭരിച്ചു. ഇവർക്കെന്തായിരുന്നു പണി; ഇടുക്കിയിലെ ഭൂമി കണ്ടെത്താൻ പാടില്ലായിരുന്നോ; ഇടുക്കിയിൽ ജോയിന്റ് വെരിഫിക്കേഷൻ നടത്തി അർഹതപ്പെട്ടവർക്ക് ഭൂമി നൽകാൻ പാടില്ലായിരുന്നോ; കൃഷിക്കാരുടെ ബുദ്ധിമുട്ട് മനസ്സിലാക്കി നടപടി സ്വീകരിക്കാൻ പാടില്ലായിരുന്നോ? എന്നിട്ട് ഇപ്പോൾ ഇവിടെ വന്ന് കർഷകരെ വളർത്താൻ വേണ്ടി പ്രസംഗം നടത്തുകയാണ്. അങ്ങനെ കർഷകൻ വളരില്ല. ബഹുമാനപ്പെട്ട കെ. എം. മാണിയെന്ന് ഞാൻ പറയില്ല, അവർ മാണിയെന്ന് വിളിക്കാൻ പറഞ്ഞതുകൊണ്ട് ഞാൻ മാണി സാറെന്ന് പറയുകയാണ്. മാണിസാറും കൃഷിക്കാരുടെ കാര്യം പ്രസംഗിക്കുകയാണ്. 35 കൊല്ലം ഭരിച്ചതിൽ 23 വർഷത്തോളം അദ്ദേഹം മന്ത്രിയായിട്ട് ഇരുന്നയാളാണ്. കർഷകരുടെ കാര്യം എന്തുകൊണ്ടാണ് അദ്ദേഹം മറന്നു പോയത്? .....(ബഹളം)...... എനിക്ക് എന്തു ചെയ്യാൻ കഴിയും; ഞാൻ വെറുതെ നടക്കുകയല്ലേ; എനിക്ക് വല്ല അധികാരവുമുണ്ടോ? വർത്തമാനം പറയുന്നതിൽ സുഖമുണ്ട്, പക്ഷേ സത്യത്തോട് അൽപ്പം ബന്ധവും നീതിയും പുലർത്താനുള്ള മാന്യത രാഷ്ട്രീയ നേതാക്കൾക്കുണ്ടാകണം.

എനിക്ക് ശ്രീ. വി. എസ്. സുനിൽ കുമാറിനോട് ഒരു കാര്യം പറയാനുള്ളത്, ഇപ്പോൾ പച്ചക്കറി, ആപ്പിൾ തുടങ്ങി പലതിലും വിഷമാണ്. ഇതൊക്കെ കണ്ടെത്താനുള്ള മാർഗ്ഗമുണ്ടോ; ഇവരെയൊക്കെ പിടിച്ച് അകത്തിടാൻ നിയമമില്ലേ? നിങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്ന നല്ലൊരു മന്ത്രിയായതു കൊണ്ട് പറയുകയാണ്. ഇപ്പോൾ നല്ലതാണ് കുറച്ച് കഴിയുമ്പോൾ മോശമാകും, അതാണ് പാരമ്പര്യം. മന്ത്രിയായി കുറച്ച് കാലം കഴിയുമ്പോൾ അഹങ്കാരം കയറും. ഇപ്പോൾ നല്ല നിലയിലാണ്. അത് അങ്ങനെയങ്ങ് പോകട്ടെ. ആപ്പിളെടുത്ത് കത്തികൊണ്ട് ചുരണ്ടുമ്പോൾ അതിൽ നിന്നും മെഴുക് ഇളകിവരികയാണ്. ഇതൊക്കെയാണ് നമ്മുടെ കുഞ്ഞുങ്ങളെ നശിപ്പിക്കുന്നത്. ഇതിനെതിരെ ശക്തമായ നടപടി സ്വീകരിക്കാൻ കഴിയുമോ എന്ന കാര്യം കൃഷി വകുപ്പുമന്ത്രി ശ്രദ്ധിക്കണമെന്ന് മാത്രം സൂചിപ്പിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. കെ. കുഞ്ഞിരാമൻ: സർ, കൃഷി, മൃഗസംരക്ഷണം, ക്ഷീര വികസനം, വനം എന്നീ നാല് ധനാഭ്യർത്ഥനകളെയും ഞാൻ പിന്താങ്ങുന്നു. 2016 മേയ് മാസത്തിൽ അധികാരത്തിൽ വന്ന എൽ.ഡി.എഫ്. സർക്കാർ ഒരു വർഷം തികയ്ക്കുവാൻ പോകുകയാണ്. 'എൽ.ഡി.എഫ്. വരും, എല്ലാം ശരിയാകും' എന്ന മുദ്രാവാക്യം കേരളീയ സമൂഹം ഒന്നാകെ ഏറ്റെടുക്കുകയും സമൂഹത്തിന്റെ പിന്തുണയോടുകൂടി അധികാരത്തിൽവന്ന സർക്കാർ ആ മുദ്രാവാക്യം നടപ്പാക്കുന്നതിന്റെ ഭാഗമായിട്ടാണ് ഇവിടെ ഈ ചർച്ചകളും കാര്യങ്ങളും നടന്നുകൊണ്ടിരിക്കുന്നത്. ഗവൺമെന്റിനെ എങ്ങനെയെങ്കിലും പരാജയപ്പെടുത്തി എന്തെങ്കിലും നേടിയെടു ക്കാനായിരുന്നു നമ്മുടെ പ്രതിപക്ഷ നേതാക്കളും സുഹൃത്തുക്കളും ശ്രമിച്ചുകൊണ്ടിരുന്നത്. എല്ലാം ശരിയാകുമെന്ന മുദ്രാവാക്യം നടപ്പിലാക്കപ്പെടുമ്പോൾ അതിനെക്കുറിച്ച് ഒരാക്ഷേപവും അഭിപ്രായവും പറയാൻ പ്രതിപക്ഷത്ത് ആരുമില്ലെന്നുള്ളത് ഒരു പ്രധാനപ്പെട്ട കാര്യമാണ്. അതിന്റെ ന്യൂനതകൾ കണ്ടുപിടിച്ച് പരിഹരിക്കാനും നിർദ്ദേശിക്കാനുമല്ല അവരുടെ ചർച്ചയെന്ന് നമുക്കെല്ലാം കേട്ടാൽ മനസ്സിലാകും.

ഞാൻ കൃഷിയെ സംബന്ധിച്ച് പറയുകയാണ്. നമ്മുടെ നാട്ടിൽ കൃഷിക്കാർ വളരെ പ്രധാനപ്പെട്ട ഘടകമാണ്. 'ജയ് ജവാൻ ജയ് കിസാൻ' എന്നായിരുന്നു നമ്മുടെ നാട്ടിലെ ഒരു കാലത്തെ മുദ്രാവാക്യം. രാജ്യം കാക്കുന്ന പട്ടാളക്കാർ കഴിഞ്ഞാൽ രണ്ടാം സ്ഥാനം കൃഷിക്കാർക്ക് എന്നതായിരുന്നു നമ്മുടെ നാട്ടിലെ സങ്കൽപ്പം. എന്നാൽ അതിന്ന് കുറഞ്ഞുവരുന്നു എന്നതാണ് ഒരു പ്രധാനപ്പെട്ട വസ്തുത. കൃഷിക്കാരന്റെ താൽപ്പര്യം കൃഷിയിലല്ല, ഇതുപേക്ഷിച്ച് മറ്റേതെങ്കിലും

മേഖലയിലേക്ക് പോകണം എന്നതായിരുന്നു കുറച്ച് കാലമായിട്ടുള്ള അവസ്ഥ. എന്നാൽ കഴിഞ്ഞ ഒരു കൊല്ലക്കാലമായി ഈ സർക്കാർ കാർഷിക രംഗത്ത് ചെയ്തുകൊണ്ടിരിക്കുന്ന ജനോപകാരപ്രദമായ നടപടികൾ കൃഷിക്കാരനെ ആകർഷിക്കുന്നുവെന്ന് മാത്രമല്ല കാർഷിക മേഖലയിലേയ്ക്ക് കൂടുതൽ ആളുകളെ കടന്നുവരാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു. നമ്മുടെ നാട്ടിൽ വ്യവസായത്തെക്കാൾ കൂടുതൽ തൊഴിൽ നൽകുന്നത് കാർഷിക മേഖലയാണ്. നമ്മുടെ നാട്ടിലെ കൃഷി സംരക്ഷിച്ചില്ലെങ്കിൽ നശിച്ചുപോകുമെന്ന് മാത്രമല്ല ലക്ഷക്കണക്കിന് ആളുകൾക്ക് തൊഴിൽ നൽകുന്ന ഒരു വ്യവസായം തകരുകയും ചെയ്യുന്നു. കേരളത്തിൽ ഇന്ന് കാണുന്ന എല്ലാ ചെറുകിട വ്യവസായങ്ങളും നിലനിൽക്കുന്നത് കൃഷിയെ ആശ്രയിച്ചാണ്. ആ കൃഷി സംരക്ഷിക്കുന്നതിനുവേണ്ടി ഇന്ന് നൽകുന്ന ആനുകൂല്യം പോരാ കൂടുതൽ ആനുകൂല്യം നൽകണമെന്നാണ് എനിക്ക് മന്ത്രിയോടും ബഹുമാനപ്പെട്ട സർക്കാരിനോടും ആവശ്യപ്പെടാനുള്ളത്. കൃഷിക്കാരെ സഹായിക്കാൻ സർക്കാർ സ്വീകരിച്ച നടപടി ഏറ്റവും ശ്ലാഘനീയമാണ്. ഈ സർക്കാർ കൃഷിനാശം സംഭവിച്ച കർഷകർക്കുള്ള നഷ്ടപരിഹാരം ഇരട്ടിയാക്കി വർദ്ധിപ്പിച്ചുവെന്നത് ഒരു പ്രധാനപ്പെട്ട കാര്യമാണ്. ഒരു തെങ്ങ് നശിച്ചുപോയാൽ 700 രൂപയാണ് കഴിഞ്ഞ കാലംവരെ നമ്മുടെ നാട്ടിൽ നഷ്ടപരിഹാരമായി നൽകിയിരുന്നത്. അത് ബഹുമാനപ്പെട്ട മന്ത്രി കഴിഞ്ഞ ബഡ്ജറ്റോടുകൂടി 2,000 രൂപയായി പ്രഖ്യാപിച്ചു. എത്ര ഇരട്ടിയാണെന്ന് നിങ്ങൾതന്നെ ഊഹിച്ചാൽമതി. നെല്ലിന്റെ കാര്യത്തിലും അതുതന്നെയാണ് സ്ഥിതി. എല്ലാം ഇരട്ടിയായി വർദ്ധിപ്പിച്ചു എന്നത് ഒരു പ്രധാനപ്പെട്ട കാര്യമാണ്. മുൻപ് 700 രൂപയായിരുന്നു അനുവദിച്ചിരുന്നതെങ്കിലും കൃഷി ഓഫീസിൽ 100 അപേക്ഷ ലഭിച്ചാൽ ആകെയുള്ള കാശിൽനിന്ന് നൂറോ ഇരുനൂറോ രൂപ മാത്രമേ നൽകുമായിരുന്നുള്ളൂ. 700 രൂപ എന്നത് പേരിന് മാത്രമാണുണ്ടായിരുന്നത്. എന്നാൽ ഇപ്പോൾ അങ്ങനെയല്ല. ഇന്ന് 2,000 രൂപ തന്നെ നൽകണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രി അറിയിച്ചിട്ടുള്ളത്. നമ്മുടെ നാട്ടിലെ എല്ലാ കാർഷികോൽപ്പന്നങ്ങളുടെയും നഷ്ടപരിഹാരം ഇരട്ടിയായും അതിലധികമായും വർദ്ധിപ്പിക്കാൻ തീരുമാനിച്ച സർക്കാരിനെയും അതിന് നേതൃത്വം നൽകിയ മന്ത്രിയെയും ഞാൻ ആദ്യമായി അഭിനന്ദിക്കുകയാണ്.

നമ്മുടെ നാട്ടിലെ എല്ലാവരുടെയും പ്രധാനപ്പെട്ട ഭക്ഷണമാണ് അരി. നെല്ലിന്റെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി നെൽപ്പാടങ്ങൾ വർദ്ധിപ്പിക്കാനാണ് ഈ സർക്കാർ ആദ്യം തീരുമാനമെടുത്തത്. അതൊരു നല്ല കാര്യമാണ്. മെത്രാൻ കായൽ, ആറന്മുള വിമാനത്താവളത്തിനുവേണ്ടി നികത്തിയ നിലങ്ങൾ

എന്നിവിടങ്ങളിലെല്ലാം വീണ്ടും നെൽക്കൃഷി ചെയ്യുകയും, അത് നടാനും കൊയ്യാനും ബഹുമാനപ്പെട്ട മന്ത്രി അവിടെപ്പോവുകയും ചെയ്തു എന്നത് കേരളത്തിലെ കാർഷിക മേഖലയോട് കാണിക്കുന്ന ബഹുമാനമാണ്. നെൽപ്പാടം വർദ്ധിപ്പിക്കുക എന്നുള്ളത് ഒരു പ്രധാന വിഷയമായി ഈ സർക്കാർ എടുത്തത് നമ്മുടെ നാട്ടിലെ കൃഷിക്കാർക്ക് മാത്രമല്ല മറ്റുള്ളവർക്കുകൂടി ഉപകാരപ്രദമാകുന്ന ഒരു ഘടകമാണ്. എല്ലാക്കാലത്തും ഹരിയാനയിൽനിന്നും പഞ്ചാബിൽനിന്നും ഉത്തർപ്രദേശിൽ നിന്നുമുള്ള നെല്ലും അരിയും ഗോതമ്പും ചെറിയ വിലയ്ക്ക് ലഭ്യമാകണമെന്നുള്ള നമ്മുടെ നാട്ടിലെ ആഗ്രഹം ശരിയാകാൻ പോകുന്നില്ല. നമ്മളുംകൂടി അദ്ധ്വാനിച്ച് കൃഷിക്കാരന് പ്രോത്സാഹനം നൽകി കൃഷി വകുപ്പിന്റെ സഹായത്തോടുകൂടി നടത്തിയാൽ മാത്രമേ നെല്ലുൽപ്പാദനം വർദ്ധിപ്പിക്കാൻ കഴിയൂ. കഴിഞ്ഞ കൊല്ലം നമ്മുടെ നാട്ടിലെ 40 ലക്ഷത്തിൽപ്പരം വരുന്ന തെങ്ങ് കൃഷിക്കാരുടെ സ്ഥിതി വളരെ പരിതാപകരമായിരുന്നു. തേങ്ങയ്ക്ക് വിലയില്ലാതിരുന്ന സമയത്ത് കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ തേങ്ങ സംഭരിക്കാൻ തീരുമാനിച്ചു. അങ്ങനെ സംഭരിച്ചുവെന്നല്ലാതെ അതിന് വില നൽകിയിട്ടില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര കോടി രൂപയാണ് ഒരു വർഷത്തിനുള്ളിൽ ഓരോ ജില്ലയിലും നൽകിയതെന്ന് കണക്കുകൾ പരിശോധിച്ചാൽ മനസ്സിലാക്കാൻ കഴിയും. എന്റെ ജില്ലയിൽ കുടിശ്ശികയുണ്ടായിരുന്ന 12.72 കോടി രൂപയും ഈ സർക്കാർ കൊടുത്തുതീർത്തു. അതിന് 8 മാസമെടുത്തു എന്നത് ശരിയാണ്. കേരളത്തിൽ ആകെ 68 കോടി രൂപ കൊടുത്തുതീർത്തു. ഒറ്റ രൂപപോലും ഇനി നൽകാൻ ബാക്കിയില്ല. നമ്മുടെ നാട്ടിലെ കൃഷിക്കാരെ സഹായിക്കേണ്ടത് അങ്ങനെയാണ്. സംഭരിച്ചതിന്റെ വിലപോലും നൽകാൻ കഴിയാത്തവരായിരുന്നു കഴിഞ്ഞ യു.ഡി.എഫ്. സർക്കാരെന്ന് എല്ലാവർക്കും അറിയാം. അതുതന്നെയാണ് നെല്ലിന്റെയും സ്ഥിതി. നെല്ല് സംഭരിച്ച വകയിലുണ്ടായ കോടിക്കണക്കിന് രൂപ നൽകാൻ കഴിഞ്ഞിട്ടില്ല. തകർന്നുകൊണ്ടിരിക്കുന്ന കൃഷി സംരക്ഷിക്കുന്നതിന് വേണ്ടി കേരള സർക്കാർ ബഡ്ജറ്റിൽ വകയിരുത്തിയ സംഖ്യ മതിയാകുമോ എന്നുള്ള കാര്യം സംശയമാണ്. കൂടുതൽ സംഖ്യ ചോദിച്ചുവാങ്ങി ഈ രംഗത്തെ ശക്തിപ്പെടുത്താനുള്ള നടപടി സ്വീകരിക്കണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഒരു കാര്യംകൂടി പറയുവാനുള്ളത്, കൃഷിക്കാരെ സഹായിക്കുന്നതിനുവേണ്ടി മുമ്പ് വി. വി. രാഘവൻ കൃഷി വകുപ്പുമന്ത്രിയായിരുന്ന കാലത്ത് പഞ്ചായത്തുകൾതോറും കൃഷി ഭവനുകൾ സ്ഥാപിച്ചു. ബ്ലോക്കിലായിരുന്നു ഈ പദ്ധതികളൊക്കെ നടപ്പിലാക്കിയിരുന്നത്. ഓരോ പഞ്ചായത്തിലും കൃഷിഭവൻ എന്നുള്ളതിനെ തമാശയാക്കിയ പല ആളുകളും അന്നുണ്ടായിരുന്നു.

ഇ. കെ. നായനാരുടെ മന്ത്രിസഭയിൽ വി. വി. രാഘവൻ കൃഷി വകുപ്പുമന്ത്രി ആയിരുന്ന കാലത്താണ് ആ പദ്ധതി നടപ്പിലാക്കിയത്. പഞ്ചായത്തുതോറും ആ പദ്ധതി വന്നുവെങ്കിലും ഇന്ന് എല്ലാ പഞ്ചായത്തുകളിലെയും കൃഷി ഭവനുകളിൽ മതിയായ ഉദ്യോഗസ്ഥരും കൃഷി ഓഫീസർമാരുമില്ല എന്നുള്ളത് ഒരു പ്രധാനപ്പെട്ട പ്രശ്നമാണ്. ഉള്ള ഉദ്യോഗസ്ഥരും കൃഷി ഓഫീസർമാരും ഓഫീസിലിരുന്ന് എന്തെങ്കിലും ജോലി എടുക്കുന്നു എന്നല്ലാതെ പാടത്തേയ്ക്കോ കൃഷിക്കാരെ സഹായിക്കുന്നതിനുള്ള ഏതെങ്കിലും പദ്ധതികൾക്കോ പോകുന്നില്ല. എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് പറയാനുള്ളത്, അങ്ങ് സോണൽ അടിസ്ഥാനത്തിലോ ജില്ലാ അടിസ്ഥാനത്തിലോ കൃഷി ഓഫീസർമാരുടെ യോഗം വിളിച്ച്, അവരോട് പാടത്ത് പോകാനും കൃഷിക്കാരനെ സഹായിക്കാനും ഉപദേശം നൽകാനുമുള്ള നടപടി സ്വീകരിക്കാൻ അടിയന്തരമായി ഇടപെടണം. അതോടൊപ്പം കൃഷി ഓഫീസറും ജീവനക്കാരും ഇല്ലാത്ത ഓഫീസുകളിൽ കൂടുതൽ ജീവനക്കാരെ നിയമിച്ച് കൃഷിക്കാരന്റെ പ്രശ്നം പരിഹരിക്കാൻ അടിയന്തരമായി ഇടപെടണം. ഒരു വർഷം തികയുമ്പോൾ 80 ശതമാനത്തോളം കൃഷിക്കാർക്ക് ആശ്വാസകരമായ നടപടി ഈ സർക്കാരിൽനിന്നും ലഭിക്കുമെന്നാണ് തോന്നുന്നത്. അത് കൂടുതൽ ശക്തിപ്പെടുത്താൻ ഈ ഒരു കൊല്ലക്കാലത്തിനകത്ത് സാധിക്കണമെന്നാണ് എനിക്ക് അതുമായി ബന്ധപ്പെട്ട് പറയാനുള്ളത്.

മറ്റൊരു പ്രധാനപ്പെട്ട കാര്യം വനത്തെ സംബന്ധിച്ചുള്ളതാണ്. വനം വകുപ്പുമന്ത്രി ഈ രംഗത്ത് നടത്തിക്കൊണ്ടിരിക്കുന്ന പ്രവൃത്തികൾ ശ്ലാഘനീയമാണ്. വനം സംരക്ഷിക്കാൻവേണ്ടി ധാരാളം കാര്യങ്ങൾ മന്ത്രി ചെയ്തു എന്നത് പ്രധാനപ്പെട്ടതാണ്. കർണ്ണാടക അതിർത്തി മുതൽ തെക്ക് വരെയുള്ള എല്ലാ വനമേഖലകളും സംരക്ഷിക്കുന്നതോടൊപ്പംതന്നെ കൃഷിക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാനും ബഹുമാനപ്പെട്ട മന്ത്രി ധാരാളം കാര്യങ്ങൾ ചെയ്തുവെന്ന് നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. എന്നാൽ അത് പോരാ. നമ്മുടെ കൃഷി സംരക്ഷിക്കുന്നതിനായി 57 കിലോമീറ്റർ സൗരോർജ്ജ വേലി നിർമ്മിച്ചു എന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഈ റിപ്പോർട്ടിൽ പറഞ്ഞത്. 57 കിലോമീറ്റർ എന്നത് വളരെ ചെറിയ ദൂരമാണ്. നമ്മുടെ വനത്തിന്റെ അതിർത്തി വച്ചുനോക്കുമ്പോൾ എത്രയോ ലക്ഷം കിലോമീറ്റർ പിന്നെയുമുണ്ട്. അതുകൂടി സംരക്ഷിക്കാൻ ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി ഇടപെടണം. എങ്കിൽ മാത്രമേ നമ്മുടെ മലയോരങ്ങളിലെ കൃഷിക്കാരെ രക്ഷിക്കാൻ കഴിയൂ. കിടങ്ങ്, സൗരോർജ്ജ വേലി എന്നിവ നിർമ്മിച്ച് കൃഷിക്കാരെ സഹായിക്കുന്നതിന് നല്ല ഇടപെടലുകൾ നടത്തണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്.

എന്റെ മണ്ഡലത്തിലെ ഒരു കാര്യംകൂടി ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ദേലമ്പാടി പഞ്ചായത്തിലെ വടക്ക ഭാഗവും കിഴക്ക ഭാഗവും കർണ്ണാടക അതിർത്തിയാണ്. ദേലമ്പാടി ഗ്രാമത്തിലേയ്ക്ക് പോകണമെങ്കിൽ കർണ്ണാടക സംസ്ഥാനത്തിലൂടെ പോകണം. കാരണം വനത്തിലൂടെ 1.5 കിലോമീറ്റർ സഞ്ചരിച്ചാൽ മാത്രമേ അവിടെ എത്താൻ കഴിയൂ. വനത്തിലൂടെ റോഡില്ല. അവിടെ റോഡ് നിർമ്മിക്കുന്നതിനായി ബഹുമാനപ്പെട്ട മന്ത്രിയെ ഞാൻ ആ സ്ഥലം കാണിക്കുകയും അതിന് മന്ത്രി പരിഹാരം നിർദ്ദേശിക്കുകയും ചെയ്തിരുന്നു. പക്ഷേ ഇതുവരെ അത് നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. 1.5 കിലോമീറ്റർ യാത്ര ചെയ്യാൻ സൗകര്യമില്ലാത്തതുകൊണ്ട് നമ്മുടെ നാട്ടിലെ ഒരു ഗ്രാമം മുഴുവൻ കർണ്ണാടകത്തെ ആശ്രയിക്കുന്നു. അവിടെ ഹൈസ്കൂൾ, വില്ലേജ് ഓഫീസ്, ആശുപത്രി തുടങ്ങിയ നിരവധി കേരള സർക്കാർ സ്ഥാപനങ്ങളുണ്ട്. പക്ഷേ അവിടേക്ക് യാത്ര ചെയ്യാൻ മാത്രം കഴിയില്ല. അവർക്ക് മലയാളം അറിയില്ല. അവർ കന്നടയും തുളു ഭാഷയും സംസാരിക്കുന്നവരാണ്. അവർ ഇന്ന് കർണ്ണാടകത്തെ ആശ്രയിച്ചാണ് ജീവിക്കുന്നത്. കർണ്ണാടക അതിർത്തിയിൽനിന്ന് ബസ് വരുന്നു. അതുപോലെ മറ്റ് സൗകര്യങ്ങൾക്കും ആനുകൂല്യങ്ങൾക്കും കർണ്ണാടകയിലേയ്ക്ക് പോകണം. വനം സംരക്ഷിക്കണമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. പതിനാലോളം ചെറിയ മരങ്ങൾ പോകുമെന്നതിന്റെ പേരിൽ വനം വകുപ്പ് റോഡ് വെട്ടാൻ സമ്മതിക്കുന്നില്ല എന്നതാണ് പ്രധാനപ്പെട്ട കാര്യം. ആ അതിർത്തിവരെ 4 കോടി രൂപയോളം ചെലവുചെയ്ത് റോഡ് നിർമ്മിച്ചിട്ടുണ്ട്. പക്ഷേ 1.5 കിലോമീറ്റർ വനാതിർത്തിയിൽ റോഡ് വെട്ടാൻ കഴിയാത്തതിന്റെ ഫലമായി ഒരു ഗ്രാമം ഇന്നും കർണ്ണാടകത്തെ ആശ്രയിച്ചാണ് ജീവിക്കുന്നത്. ഞങ്ങളെ കർണ്ണാടക സംസ്ഥാനത്തിൽ ഉൾപ്പെടുത്തിയാൽ മതിയെന്നാണ് അവർ പറയുന്നത്. അങ്ങനെയുള്ള ഒരു പ്രദേശത്തെ എങ്ങനെ സംരക്ഷിക്കാമെന്നും പ്രശ്നം എങ്ങനെ പരിഹരിക്കാമെന്നതും സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിയും ബന്ധപ്പെട്ട വകുപ്പും ഗൗരവമായി ഇടപെട്ട് സഹായിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. നമ്മുടെ നാട്ടിലെ വനം സംരക്ഷിക്കണ്ട എന്ന് ആർക്കും അഭിപ്രായമില്ല. വനം സംരക്ഷിച്ചാൽ നമ്മുടെ പരിസ്ഥിതിക്ക് നിലനിൽക്കാൻ സാധിക്കൂ. അതുകൊണ്ട് വനം ഒരു പ്രധാന വിഷയമായി എടുത്ത് അത് പരിഹരിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

കൃഷി രംഗത്ത് ഉൾപ്പെട്ടതാണ് ക്ഷീര കർഷകർ. ക്ഷീര കൃഷിക്കാരെ സംബന്ധിച്ച് ഈ സർക്കാർ എടുത്ത ആദ്യ നടപടി കഴിഞ്ഞ ബഡ്ജറ്റിൽ അവരുടെ പെൻഷൻ 600 രൂപയിൽ നിന്നും 1,000 രൂപയായി വർദ്ധിപ്പിച്ചു എന്നതാണ്. ഏറ്റവും നല്ല എടുത്തുപറയേണ്ട ഒരു കാര്യമാണത്.

അതോടൊപ്പംതന്നെ എല്ലാ കൃഷിക്കാരെയും അതിൽ ഉൾപ്പെടുത്താൻ കഴിയുന്നില്ല എന്നത് പ്രധാനപ്പെട്ടൊരു കാര്യമാണ്. അതിൽ ചെറിയ സാങ്കേതിക പ്രശ്നങ്ങളും മറ്റുമുണ്ട്. പ്രത്യേകിച്ച്, സംഘങ്ങളിൽ പാൽ അളക്കുന്ന കൃഷിക്കാരന് മാത്രമേ ഈ ആനുകൂല്യം ലഭിക്കൂ എന്നാണ് തോന്നുന്നത്. അത് മാറ്റി, പശുവിനെ സംരക്ഷിക്കുന്ന എല്ലാ കൃഷിക്കാരെയും അതിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. മറ്റൊരു പ്രധാനപ്പെട്ട കാര്യം, ഇൻഷ്വറൻസ് പദ്ധതിയെ സംബന്ധിച്ചാണ്. ഇൻഷ്വറൻസ് പദ്ധതി ഏറ്റവും ശ്ലാഘനീയമാണ്. അതിന്റെ തുക സർക്കാരും പഞ്ചായത്ത് ബോർഡും ചേർന്ന് നൽകാൻ തീരുമാനിച്ചു. അതുപോലെതന്നെ സംഘങ്ങളിൽ പാൽ അളക്കുന്ന കൃഷിക്കാരനല്ലാത്ത പശുവിനെ പോറ്റുന്ന കൃഷിക്കാരനെയുംകൂടി ആ സ്കീമിൽ ഉൾപ്പെടുത്താൻ ആവശ്യമായ നടപടി സ്വീകരിക്കണം. കാർഷിക മേഖലയ്ക്ക് ഉണർവ്വുണ്ടാകുന്ന ഒരു പ്രധാനപ്പെട്ട കാര്യമാണ് നമ്മുടെ നാട്ടിലെ പശുകൃഷി. ക്ഷീരകർഷകരുടെ പാലിന് വില മതിയാകുന്നില്ല എന്ന ആക്ഷേപം അവരുടെ ഇടയിലുണ്ട്. പാലിന് വില കൂട്ടുമ്പോൾ പാൽ വാങ്ങി ഉപയോഗിക്കുന്ന ആളുകൾക്ക് വലിയ ആക്ഷേപം വരികയാണ്. അത് ശരിയല്ല. അവർക്ക് സബ്സിഡിയും മറ്റും നൽകാൻ വേറെ എന്തെങ്കിലും നടപടി സ്വീകരിക്കണം. ക്ഷീരകർഷകന് പാലിന് നല്ല വില ലഭിച്ചാൽ മാത്രമേ പശുവിനെ പോറ്റാൻ കഴിയൂ. അല്ലാതെ ആരെങ്കിലും പശുവിനെ വളർത്തി നമുക്ക് ചെറിയ വിലയ്ക്ക് പാൽ ലഭ്യമാക്കണമെന്നുപറയുന്നത് ശരിയല്ലെന്ന് നമുക്കവരെ ബോദ്ധ്യപ്പെടുത്താൻ കഴിയണം. കൃഷിക്കാരന് ഈ രംഗത്ത് നിലനിൽക്കണമെങ്കിൽ ഇൻഷ്വറൻസിനോടൊപ്പംതന്നെ പാലിന്റെ വില കൂടി വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിക്കണം എന്നുള്ളതാണ് എനിക്ക് അതുമായി ബന്ധപ്പെട്ട് പറയാനുള്ളത്.

ഈ സർക്കാർ അധികാരത്തിൽ വന്നിട്ട് 11 മാസമായി. എന്തൊക്കെ ചെയ്തു എന്ന് ചോദിക്കുന്ന ധാരാളം ആളുകളുണ്ട്. കാർഷിക മേഖലയോടൊപ്പം തന്നെ നമ്മുടെ നാട്ടിലെ പാവപ്പെട്ട ജനങ്ങൾ ആശ്രയിക്കുന്ന പ്രധാനപ്പെട്ട ഒരു സ്ഥാപനമാണ് ആരോഗ്യരംഗം. പണ്ട് കാലങ്ങളിൽ മരുന്നില്ലാത്ത ആശുപത്രി എന്നാണ് പറഞ്ഞിരുന്നത്. ഇപ്പോൾ മരുന്നും ജീവനക്കാരും ഡോക്ടർമാരുമുള്ള ആശുപത്രികളായി കേരളത്തിലെ ആശുപത്രികൾ മാറി. കേരളത്തിലെ വിദ്യാഭ്യാസ രംഗത്ത് അൺ എയ്ഡഡ് സ്ഥാപനം മാത്രം മതി എന്ന നിലയിലേയ്ക്ക് കാര്യങ്ങൾ നീങ്ങിക്കൊണ്ടിരിക്കുകയാണ്. അത് മാറി, പൊതുമേഖലാ വിദ്യാഭ്യാസം നമ്മുടെ നാട്ടിൽ കൊണ്ടുവരണമെന്ന ഈ സർക്കാരിന്റെ നടപടി ഏറ്റവും ശ്ലാഘനീയമാണ്. അത് ബഹുജനങ്ങൾ ഏറ്റെടുത്ത് നടത്തിക്കൊണ്ടി രിക്കുകയാണ്. അവരെല്ലാം ചേർന്ന് ആ സ്ഥാപനങ്ങൾ നിലനിൽക്കണമെന്ന ആഗ്രഹത്തിലേയ്ക്ക് പൊയ്ക്കൊണ്ടിരിക്കുകയാണ്. തൊഴിൽ മേഖലയെ സംബന്ധിച്ച് പറയുമ്പോൾ, നമ്മുടെ നാട്ടിലെ വ്യവസായ സ്ഥാപനങ്ങൾ പൂട്ടിക്കിടക്കുകയായിരുന്നു.

വ്യവസായ സ്ഥാപനങ്ങൾ ശക്തിപ്പെടുത്തുന്നതിന് ഈ സർക്കാർ നടപടി സ്വീകരിച്ചു. 13 പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിപ്പിക്കാൻ സാധിച്ചു. എന്റെ മണ്ഡലത്തിൽ പ്രവർത്തിക്കാതിരുന്ന ഒരു പ്രധാനപ്പെട്ട മില്ലായിരുന്നു ഉദുമ സ്പിന്നിംഗ് മിൽ. അതു മാത്രമല്ല, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മണ്ഡലത്തിൽ ഉണ്ടായിരുന്നതും പൂട്ടി. ആ മൂന്ന് മില്ലുകളും ഇപ്പോൾ തുറന്നു പ്രവർത്തിപ്പിക്കാൻ ഈ സർക്കാർ തീരുമാനമെടുത്തു. അങ്ങനെ എണ്ണിയെണ്ണി പറഞ്ഞാൽ ഈ സർക്കാരിന്റെ കഴിഞ്ഞ 11 മാസത്തെ ഭരണത്തിനിടയിൽ സ്വീകരിച്ച നടപടികൾ ഏറ്റവും ശ്ലാഘനീയമാണ്. അതാണ് എൽ.ഡി.എഫ്. വന്നാൽ എല്ലാം ശരിയാകുമെന്ന് ഞങ്ങൾ പറഞ്ഞത്. ആ മുദ്രാവാക്യം നടപ്പിലാക്കികൊണ്ടിരിക്കുന്നു എന്നാണ് പറയാനുള്ളത്. അതുകൊണ്ടാണ് ഞങ്ങളുടെ മുന്നണി ശക്തിപ്പെടുന്നതും ജനങ്ങൾ ഞങ്ങളുടെ കൂടെ നിൽക്കുന്നതും. നിങ്ങളുടെ മുന്നണി അതിനെ എതിർത്തുകൊണ്ട് പോകുന്നു. XXXXXXXXXXXXXXXXX*

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, പോയിന്റ് ഓഫ് ഓർഡർ. ഞാൻ പറയാത്ത കാര്യം, അദ്ദേഹത്തിന്റെ അഭിപ്രായം എന്റെ പേരിലാക്കി പറയുന്നത് ഓർഡറിലല്ല. അതുകൊണ്ട് അത് സഭാ രേഖകളിൽനിന്ന് നീക്കം ചെയ്യണം. ഞാൻ പറയാത്ത ഒരു കാര്യം പറഞ്ഞുവെന്ന് എവിടെയെങ്കിലും തെളിയിക്കാൻ കഴിയുമോ; ഞാൻ അങ്ങനെ പറഞ്ഞിട്ടില്ല. ചില മര്യാദകളും ചില രൂപത്തിലുള്ള ബഹുമാനങ്ങളുമൊക്കെ ആര് എവിടെ എത്തിയാലും നഷ്ടപ്പെടുത്തരുത് എന്നുള്ള അഭിപ്രായക്കാരനാണ് ഞാൻ. അത് അങ്ങേയ്ക്കും ബാധകമാണ്. അതുകൊണ്ട് എന്റെ പേരിൽ പറഞ്ഞ കാര്യം സഭാ രേഖകളിൽനിന്ന് ഒഴിവാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മി. ചെയർമാൻ: അക്കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. കുഞ്ഞിരാമൻ: സർ, ഞാൻ ആരേയും മോശപ്പെടുത്താനായി പറഞ്ഞതല്ല. ബഹുമാനിക്കേണ്ട ആളെ ബഹുമാനിക്കണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ പറയുകയാണ്. ഞാൻ അത് ടെലിവിഷനിൽ കണ്ടതാണ്; ദിനപത്രത്തിൽ വായിച്ചതുമാണ്. അദ്ദേഹം അങ്ങനെ പറഞ്ഞിട്ടില്ലെന്ന് പറയുകയാണെങ്കിൽ ഞാൻ പറഞ്ഞത് പിൻവലിക്കുന്നു. ഇത്രയും പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ ശക്തമായി എതിർക്കുന്നു. ഒരു വർഷം തികയ്ക്കാൻ പോകുന്ന പിണറായി സർക്കാർ എല്ലാ രംഗത്തും സമ്പൂർണ്ണ പരാജയം ഏറ്റുവാങ്ങിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് ക്രമസമാധാനത്തകർച്ച ഉണ്ടാകുമ്പോൾ അതൊഴിവാക്കാൻ

* പ്രസ്തുത ഭാഗം ബഹുമാനപ്പെട്ട അംഗം പിൻവലിച്ചു.

നേതൃത്വം നൽകേണ്ടത് പോലീസ് മേധാവിയാണ്. പോലീസ് മേധാവിയുടെ നിയമനം നടത്തുന്നതിനുവേണ്ടി ബഹുമാനപ്പെട്ട സുപ്രീംകോടതി ഇടപെടേണ്ടിവന്ന സാഹചര്യം നമ്മുടെ സംസ്ഥാനത്തുണ്ടായി. ജിഷ്ണു പ്രണോയിയുടെ അമ്മ മഹിജയോട് കാണിച്ച സമീപനം, മൂന്നാർ വിഷയത്തിൽ കയ്യേറ്റക്കാരെ ഒഴിപ്പിക്കാൻപോയ ഉദ്യോഗസ്ഥരെ ഭീഷണിപ്പെടുത്തിയത് തുടങ്ങിയ സംഭവങ്ങളു ണ്ടായിട്ടുണ്ട്. ജനപക്ഷ ഗവൺമെന്റാണെന്നുപറഞ്ഞ് അധികാരത്തിൽ വന്നിട്ട് ഇന്ന് ഈ ഗവൺമെന്റ് ജനങ്ങളെ വഞ്ചിക്കുകയാണ്. കഴിഞ്ഞ അഞ്ച് വർഷക്കാലം ശ്രീ. ഉമ്മൻ ചാണ്ടി സർക്കാർ കേരളത്തിൽ ജനപക്ഷത്തുനിന്നാണ് പ്രവർത്തിച്ചിട്ടുള്ളത്. ഇവിടത്തെ പാവപ്പെട്ട രോഗികൾക്ക് നൽകിയ ചികിത്സാ ധനസഹായങ്ങൾ, പാവപ്പെട്ടവർക്കുവേണ്ടി ആവിഷ്കരിച്ച പദ്ധതികൾ തുടങ്ങി നിരവധി പദ്ധതികൾ വിഭാവനം ചെയ്തുകൊണ്ട് കഴിഞ്ഞ സർക്കാർ മുന്നോട്ട് പോയിട്ടുണ്ട്. കഴിഞ്ഞ ദിവസം എന്റെ മണ്ഡലത്തിലെ അമ്പലവയൽ പോലീസ് സ്റ്റേഷനിൽ ഒരു വനിതാ പോലീസ് കോൺസ്റ്റബിൾ തൂങ്ങിമരിക്കാനിടയായി. ആ റിക്കാർഡും ഈ സർക്കാരിന് ലഭിച്ചിരിക്കുകയാണ്. ഈ ഗവൺമെന്റിനെ സംബന്ധിച്ച് ജനങ്ങളുടെ ഇടയിൽ ഒരു പ്രതീക്ഷയുമില്ല.

വനം സംരക്ഷിക്കുന്നതിനുവേണ്ടി ഈ സർക്കാർ ഒരു നിലപാടും സ്വീകരിക്കുന്നില്ല. ഏതാണ്ട് 380 കിലോമീറ്റർ വനത്താൽ ചുറ്റപ്പെട്ടു കിടക്കുന്ന ജില്ലയാണ് വയനാട്. മാത്രമല്ല കർണ്ണാടക, തമിഴ്നാട് എന്നീ അതിർത്തി പ്രദേശങ്ങൾ പങ്കിടുന്നു. എല്ലാ ദിവസവും രാവിലെ ഫോൺ വരുന്നത് ഒരാളെ ആന കൊന്നു, കൃഷിയിടത്തിൽ ആന ഇറങ്ങി തുടങ്ങിയ വാർത്തകൾ അറിയിക്കാനാണ്. ഇത് സംരക്ഷിക്കുവാൻ എന്ത് പദ്ധതിയാണ് വനം വകുപ്പ് ആവിഷ്കരിച്ചിട്ടുള്ളത്? മാത്രമല്ല, ജനജാഗ്രതാ സമിതി രൂപീകരിക്കുന്നതിനായി വനം വകുപ്പ് ഒരു ഓർഡർ പുറപ്പെടുവിച്ചിട്ടുണ്ട്. അതിൽ നിയോജകമണ്ഡലം എം.എൽ.എ.മാരെ ഉൾപ്പെടുത്തിയിട്ടില്ല; പഞ്ചായത്ത് പ്രസിഡന്റുമാർ, മുനിസിപ്പാലിറ്റി ചെയർമാൻമാർ ഉൾപ്പെടെയുള്ളവരാണ് അതിലുള്ളത്. സംസ്ഥാനത്ത് വന മേഖലകളുള്ള ജില്ലകളിലെ ജനപ്രതിനിധികളെ വിളിച്ചുചേർത്ത് അവിടെ ഏതൊക്കെ പദ്ധതികളാണ് ആവിഷ്കരിക്കേണ്ടതെന്ന് ഒരു ചർച്ച നടത്താൻപോലും തയ്യാറാകുന്നില്ല. ഉമ്മൻ ചാണ്ടി സർക്കാരിന്റെ ഭരണകാലത്ത് ജനപ്രതിനിധികളെയും അവിടത്തെ പരിസ്ഥിതി പ്രവർത്തകരെയും വിളിച്ചുചേർത്ത് ചർച്ച നടത്തുകയും പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. അതുപോലും നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യമാണ് ഇന്നുള്ളത്. ഇന്ന് വനം വകുപ്പുദ്യോഗസ്ഥരും കർഷകരും സംഘർഷത്തിൽ ഏർപ്പെടുകയാണ്. കൃഷിയിടങ്ങളിൽ എല്ലാ ദിവസവും ആനയും കാട്ടുപോത്തുമിറങ്ങി കൃഷി നശിപ്പിച്ചു കഴിഞ്ഞാൽ കർഷകർക്ക് സമയബന്ധിതമായി നഷ്ടപരിഹാരത്തുക വിതരണം ചെയ്യാൻ

കഴിയാത്ത സാഹചര്യമാണ്. അതുസംബന്ധിച്ച് കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മന്ത്രി ഒരു യോഗം വിളിക്കുകയും തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്; പക്ഷേ അത് പ്രാബല്യത്തിൽ വന്നിട്ടില്ല. 2011-ൽ വനം വകുപ്പിന്റെ ഉത്തരവുപ്രകാരം കൃഷിയിടങ്ങളിൽ വന്യമൃഗങ്ങളിറങ്ങി കൃഷി നശിപ്പിച്ചാൽ വർഷത്തിൽ ഒരു തവണയാണ് നഷ്ടപരിഹാരത്തുക നൽകുന്നത്. എന്നാൽ ഉമ്മൻ ചാണ്ടി സർക്കാരിന്റെ ഭരണകാലത്ത് അത് നാല് തവണയായിട്ടുയർത്തി. ഇന്നിപ്പോൾ 6 വർഷമായി, അത് പുനഃപരിശോധിക്കാൻ തയ്യാറാകുമോ? കർഷകർക്ക് കൃഷി നാശമുണ്ടായാൽ അതിന് ആനുപാതികമായുള്ള നഷ്ടപരിഹാരം സമയബന്ധിതമായി നൽകി കർഷകരെ സംരക്ഷിക്കാനുള്ള നിലപാട് സർക്കാർ സ്വീകരിക്കേണ്ടതുണ്ട്. അക്കാര്യത്തിൽ ഇന്ന് ദയനീയമായ പരാജയമാണ്. കർണ്ണാടക, തമിഴ്നാട് അതിർത്തി പ്രദേശങ്ങളിൽ 2000-ഓളം ഹെക്ടർ വനഭൂമിയാണ് കത്തി നശിച്ചത്. അതിർത്തി പ്രദേശങ്ങളിൽ വനം വകുപ്പുദ്യോഗസ്ഥർ കാവലാണ്. അത്തരം വനങ്ങൾ ഇനി കത്തി നശിക്കാതിരിക്കുന്നതിനുവേണ്ടി ഒരു സുരക്ഷാ സംവിധാനംപോലും അതിർത്തി പ്രദേശങ്ങളിലുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. കൂടാതെ സ്വാഭാവിക വനം ഇല്ലാതാകുന്നു; വന്യമൃഗങ്ങൾക്ക് വനത്തിന്റെയുള്ളിൽ ഭക്ഷണവും ജലസ്രോതസ്സുകളും ഭക്ഷ്യധാന്യങ്ങളും നഷ്ടപ്പെടുന്നു. ഇതിനൊക്കെ മുൻഗണന നൽകി ജനത്തെയും വനത്തെയും സംരക്ഷിക്കുന്ന സാഹചര്യങ്ങളാണുണ്ടാകേണ്ടത്. ഇതൊന്നും പരിഹരിക്കാൻ കഴിയാതെ ഈ സർക്കാർ മുന്നോട്ട് പോകുകയാണ്. വനസംരക്ഷണ സമിതികൾ വയനാട്ടിലും ഇടുക്കിയിലും പാലക്കാട്ടും മറ്റെല്ലാ ജില്ലകളിലും രൂപീകരിക്കപ്പെട്ടിട്ടുണ്ട്. വി.എസ്.എസ്. എന്നുപറയുന്ന വനസംരക്ഷണ സമിതി ഇന്ന് നോക്കുകുത്തിയായിരിക്കുകയാണ്. അവർക്ക് പരിശീലനമോ പദ്ധതികളോ നിർദ്ദേശങ്ങളോ ലഭിക്കുന്നില്ല. അങ്ങനെ പദ്ധതികൾ നോക്കുകുത്തിയായി നിൽക്കുന്നതുകൊണ്ടാണ് ഈ സർക്കാർ പരാജയമാണെന്ന് പറയുന്നത്. കഴിഞ്ഞ ദിവസം ഇക്കോ ടൂറിസവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മന്ത്രിയുടെ ഒരു മാസിക ഞാൻ കണ്ടു. കൂടുതൽ പട്ടികവർഗ്ഗക്കാരെ ഇക്കോ ടൂറിസത്തിലേയ്ക്ക് കൊണ്ടുവരുന്നതിനുള്ള പരിശീലനം നൽകുമെന്ന് അതിൽ പറയുന്നുണ്ട്. എന്നാൽ കഴിഞ്ഞ കാലങ്ങളിൽ തുടങ്ങിവച്ച ഇക്കോ ടൂറിസം മേഖലയിൽ ഇന്നും ജോലിചെയ്യുന്ന പട്ടികവർഗ്ഗക്കാരെ സ്ഥിരപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. അവരുടെ ദിവസക്കൂലി വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. ഇതൊക്കെ ബഹുമാനപ്പെട്ട മന്ത്രി പരിശോധിക്കേണ്ടതുണ്ട്. 1940-ൽ രണ്ടാം ലോക മഹായുദ്ധകാലത്ത് 'ഹോം ഓർ ഫുഡ്' പദ്ധതി പ്രകാരം ബ്രിട്ടീഷ് സർക്കാർ വനത്തിനുള്ളിലെ ചതുപ്പുസ്ഥലങ്ങളിൽ കൃഷി ചെയ്യുന്നതിനുവേണ്ടി ജനങ്ങളെ വനത്തിനകത്ത് താമസിപ്പിച്ചിട്ടുണ്ട്, അതാണ് ലീസ് ഭൂമി എന്ന് അറിയപ്പെടുന്നത്. 2000 വർഷം വരെയുള്ള പാട്ടവും സ്വീകരിച്ചു. ഇന്ന് അവർ വനത്തിനുള്ളിൽ താമസിക്കുകയാണ്. പക്ഷേ, അവർക്ക്

അവിടെയൊരു റോഡ് നിർമ്മിക്കാനോ, നല്ലൊരു വീടു വയ്ക്കുവാനോ, വൈദ്യുതി കൊണ്ടുപോകാനോ, കുടിവെള്ള പദ്ധതികൾ നടപ്പിലാക്കാനോ കഴിയുന്നില്ല. എല്ലാത്തിനും വനം വകുപ്പുദ്യോഗസ്ഥർ തടസ്സം നിൽക്കുകയാണ്. 2000 വർഷം പാട്ടമടച്ച ലീസ് കർഷകരാണ് അവിടെയുള്ളത്. ഇന്നലെ ഞാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് ഒരു റിക്വസ്റ്റ് നൽകിയിരുന്നു. എന്റെ നിയോജകമണ്ഡലത്തിലെ ഏതാണ്ട് 100-ഓളം കുടുംബങ്ങൾ താമസിക്കുന്ന കോഴൂർ കോളനിയിൽ മെറ്റൽ ചെയ്ത റോഡാണുള്ളത്. ആ റോഡ് ടാർ ചെയ്യുന്നതിനുവേണ്ടി ഞാൻ എം.എൽ.എ. ഫണ്ട് അനുവദിക്കുകയും ആ പദ്ധതി ടെണ്ടർ ചെയ്ത് പ്രവൃത്തി തുടങ്ങിയപ്പോൾ വനം വകുപ്പുദ്യോഗസ്ഥർ തടയുകയും ചെയ്തു. ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട് യോഗം വിളിച്ച് പരിഹരിക്കാമെന്ന് പറഞ്ഞിട്ടുണ്ട്. വയനാട്ടിൽ മാത്രമല്ല, മറ്റു ജില്ലകളിലും ഇത്തരം വിഷയങ്ങൾ നിലനിൽക്കുകയാണ്. ഇത്തരം വിഷയങ്ങളിൽ ഇടപെട്ടുകൊണ്ട്, കർഷകരുടെയും സാധാരണക്കാരുടെയും പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയണം.

മറ്റൊരു പ്രധാനകാര്യം, കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മന്ത്രി വയനാട്ടിൽ വന്നപ്പോൾ ഞങ്ങൾ മുത്തങ്ങ സാംഗ്ച്വറി മേഖല സന്ദർശിച്ചിരുന്നു. ഉൾവനങ്ങളിൽ വർഷങ്ങളോളം പഴക്കമുള്ള ക്ഷേത്രങ്ങളുടെ ശിലകളുണ്ട്. അത് സംരക്ഷിക്കാൻ കഴിയാത്ത സാഹചര്യം നമുക്കുണ്ട്. അത്തരം കാര്യങ്ങളിൽ ഇടപെട്ടുകൊണ്ട്, ക്ഷേത്രശിലകൾ സംരക്ഷിക്കപ്പെടുന്ന സാഹചര്യങ്ങളിലേയ്ക്ക് സർക്കാരും വനം വകുപ്പും എത്തേണ്ടതുണ്ട്. കാർഷികമേഖലയെ സംബന്ധിച്ച് പറയുകയാണെങ്കിൽ, കേരളത്തിൽ ഏറ്റവും കൂടുതൽ വരൾച്ചയുണ്ടായ ജില്ല വയനാട് ആണ്, നിയോജകമണ്ഡലങ്ങൾ പരിശോധിച്ചാൽ അത് സുൽത്താൻ ബത്തേരിയാണ്. 1995 മുതൽ ഇങ്ങോട്ട് പുൽപ്പള്ളി, മുള്ളൻകൊല്ലി, കുതാടി ഗ്രാമപഞ്ചായത്തുകളിലുണ്ടായ വരൾച്ച ഇപ്പോഴും തുടരുകയാണ്. കൃഷി വകുപ്പുമന്ത്രി അവിടെ സന്ദർശിക്കുകയും കർഷകർക്ക് കൊടുക്കാനുള്ള നഷ്ടപരിഹാരം കൊടുത്തു തീർക്കുകയും ചെയ്തു. അന്ന് ബഹുമാനപ്പെട്ട മന്ത്രി പ്രഖ്യാപിച്ച 89 കോടി രൂപയുടെ പദ്ധതി ഇന്ന് യാഥാർത്ഥ്യമായിരിക്കുകയാണ്. അതിന് ബഹുമാനപ്പെട്ട മന്ത്രിയെ ഞാൻ അഭിനന്ദിക്കുന്നു. വയനാട് ജില്ലയിലെ കാർഷികമേഖല ഇന്ന് വലിയ പ്രതിസന്ധിയിലാണ്. അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള അമ്പലവയൽ പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ ഒരു കാർഷിക കോളേജ് വയനാട്ടുകാരുടെ സ്വപ്നമാണ്. കഴിഞ്ഞ യൂണിവേഴ്സിറ്റി യോഗത്തിൽ അദ്ദേഹം അത് പ്രഖ്യാപിച്ചിരുന്നു; അത് യാഥാർത്ഥ്യമാകേണ്ടതുണ്ട്. അതുകൂടാതെ വയനാട്ടിൽ ഒരു സമഗ്ര കാർഷിക പാക്കേജ് നടപ്പാക്കാൻ അങ്ങ് തയ്യാറാകണം. അത്തരത്തിലുള്ള ദീർഘവീക്ഷണത്തോടെയുള്ള പദ്ധതികൾ ആവിഷ്കരിച്ച് മുന്നോട്ട് പോകണമെന്ന് മാത്രം സൂചിപ്പിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

2.00 P.M.]

ശ്രീ. കെ. രാജൻ: സർ, ഇവിടെ രണ്ട് മന്ത്രിമാരും അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്. അപ്പുറത്തിരിക്കുന്ന യു.ഡി.എഫ്. രാഷ്ട്രീയ പാപ്പരത്തത്തിന്റെയും വിഷയ ദാരിദ്ര്യത്തിന്റെയും അടയാളമായി മാറി എന്നത് ബഹുമാനപ്പെട്ട സണ്ണി ജോസഫ് ആരംഭിച്ച ചർച്ചയിൽ നമുക്ക് ബോദ്ധ്യപ്പെട്ടു. ഞങ്ങൾ ഇതൊന്നും പറയേണ്ട എന്ന് കരുതിയിരിക്കുകയായിരുന്നു.

"ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും

ചോരതന്നെ കൊതുകിന്നു കൗതുകം"

എന്നുപറഞ്ഞതുപോലെ നമ്മുടെ സംസ്ഥാനത്തെ പ്രധാനപ്പെട്ട പ്രശ്നങ്ങൾ ചർച്ച ചെയ്യേണ്ടതിനുപകരം മറ്റുവിഷയങ്ങളിലേയ്ക്ക് പോകുന്നത് നിങ്ങളുടെ വിഷയദാരിദ്ര്യം കൊണ്ടാണ്. ഒരു കാര്യം അർദ്ധശങ്കയ്ക്കിടയില്ലാത്തവിധം പ്രതിപക്ഷത്തോട് സൂചിപ്പിക്കുകയാണ്, 'ഈ കട്ടിൽ കണ്ട് ആരും പനിക്കണമെന്നില്ല', ഈ കട്ടിൽ നിങ്ങൾക്ക് കയറിക്കിടക്കാൻ പറ്റിയതല്ല. അതുകൊണ്ട് കോൺഗ്രസ്സ് സ്വന്തം നിലവാരവുമായി മുന്നോട്ടുപോകുന്നതാണ് നല്ലത്. നല്ല പ്രതിപക്ഷത്തെ ലഭിക്കാൻ ആഗോള ടെണ്ടർ വിളിക്കണമെന്ന് ശ്രീ. എ. പ്രദീപ്കുമാർ പറഞ്ഞതായി ഞാൻ വായിച്ചു. പ്രദീപേട്ടൻ കേൾക്കുമെങ്കിൽ ഞാൻ പറയാം, ഇങ്ങനെ ശവത്തിൽ കുത്തരുത്. സ്ഥിരം പ്രസിഡന്റിനെ ലഭിക്കാൻ ആഗോള ടെണ്ടർ വിളിച്ചിരിക്കുന്ന കെ.പി.സി.സി.യോട് ഇനി നല്ല പ്രതിപക്ഷമാകാൻ ആഗോള ടെണ്ടർ വിളിക്കണമെന്ന് പറഞ്ഞാൽ എവിടെപ്പോയാണ് ടെണ്ടർ വിളിക്കുക എന്നൊരു പ്രശ്നമുണ്ട്. ശ്രീ. കെ. എം. മാണി പ്രസംഗിച്ചപ്പോൾ ഞാൻ അത്ഭുതപ്പെട്ടു. ശ്രീ. പി. സി. ജോർജ് ഇവിടെ സൂചിപ്പിച്ചതുപോലെ കേരള നിയമസഭയിൽ 13 ബഡ്ജറ്റ് അവതരിപ്പിച്ചയാളാണ് ശ്രീ. കെ. എം. മാണി. അക്കാലങ്ങളിലൊന്നും കർഷകരെ ഓർക്കാത്ത അദ്ദേഹം ഇപ്പോൾ പറയുന്നത്, യു.ഡി.എഫ്.-ഉം എൽ.ഡി.എഫ്.-ഉം കർഷകർക്കായി ഒന്നും ചെയ്തിട്ടില്ല, അപമാനകരമെന്നാണ്. കോൺഗ്രസ്സ് ഇപ്പോൾ ശ്രീ. കെ. എം. മാണിയെ സാർ എന്ന് വിളിക്കില്ല, മാണി മാഷ് എന്നാണ് വിളിക്കുന്നത്. മാണിസാർ എന്ന വിളി നിർത്തി. ഞാൻ വിഷയത്തിലേയ്ക്ക് വരാം, വൈലോപ്പിള്ളി ശ്രീധരമേനോന്റെ യുഗപരിവർത്തനം എന്ന പ്രധാനപ്പെട്ട കവിത, ഒരുപക്ഷേ കേരളത്തിന്റെ ഇപ്പോഴത്തെ കൃഷി വകുപ്പിനെ എന്തുകൊണ്ടും വായിച്ചെടുക്കാൻ കഴിയുന്ന ഒരു കവിതയാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. സമയമില്ലാത്തതിനാൽ ഞാനത് ദീർഘമായി വായിക്കുന്നില്ല.

"കണ്ടു ഞാൻ ഇന്നാളയൽപ്പാടത്ത്

പെരും കൊഴകൊണ്ടുഴും ഒരുയന്ത്രം.

ആയതിൽ ജയോത്ഘോഷം മൂകമായ് ശ്രദ്ധിച്ച,

മൂവായിരം കൊല്ലങ്ങളും മൂരികൾ, കൃഷിക്കാരും,

മണ്ണും ഉൾത്തരിപ്പാർന്നോ! അറിയില്ലെന്നാലും,

മൃതപ്രായരാം മനുഷ്യർ തൻ കരളിൽ

സ്ഫുരിക്കുന്നുണ്ട്, അന്ധമാം ഒരു ശക്തി."

ഞാനത് മുഴുവനായി വായിക്കുന്നില്ല. ആ കവിത അവസാനിക്കുന്നത് ഇങ്ങനെയാണ്,

"കൂട്ടായ കൃഷിഭൂവിൽ യന്ത്രത്തിൻ കലപ്പയാൽ,

പൂട്ടാനും കതിർ കൊയ്തുകൂട്ടാനും ത്വരിക്കവേ,

ആ മഹാസംരംഭത്തിൽ സംഘഗാനത്തിൽ ചേർന്ന്,

നാം അനുഭവിക്കാം പണ്ടില്ലാത്തൊരഭിമാനം."

ഞങ്ങൾ ഈ അനുഭവം അഭിമാനത്തോടെ ഏറ്റുവാങ്ങുകയാണ്. ഈ നാട്ടിൽ ഒരു പട്ടാളക്കാരൻ അവന്റെ മേജറെ സല്യൂട്ട് ചെയ്യുന്നതുപോലെ, ഒരു പോലീസുകാരൻ ഉയർന്ന ഉദ്യോഗസ്ഥനെ സല്യൂട്ട് ചെയ്യുന്നതുപോലെ, കേരളത്തിലെ കർഷക ജനതയാകെ ഈ സർക്കാരിനും അതിന് നേതൃത്വം നൽകുന്ന കൃഷി വകുപ്പിനും ഒരു ബിഗ് സല്യൂട്ട് നൽകുകയാണ്. കേരളത്തിലെ നെൽക്കൃഷിക്കാരനെ ക്കുറിച്ച് ഇവിടെ ചിലർ സൂചിപ്പിക്കുന്നത് കേട്ടു. കേരളത്തിന്റെ 60 വർഷത്തെ ചരിത്രത്തിൽ നെൽക്കൃഷി മേഖലയിൽ ഏതെങ്കിലും തരത്തിലുള്ള പുരോഗതിയുണ്ടാക്കാൻ കഴിഞ്ഞതും അതിന് ഏറ്റവും കരുത്തായുണ്ടായതും ഇപ്പോഴാണെന്ന് പറയാൻ വളരെ അഭിമാനവും സന്തോഷവുമുണ്ട്. നമ്മുടെ നെല്ല് - നമ്മുടെ വികസനം. തരിശ്ശിട്ട കേരളത്തിലെ 90000 ഹെക്ടറിൽ 15200 ഹെക്ടർ സ്ഥലത്ത് കൃഷിയിറക്കാൻ സാധിച്ചു എന്നുള്ളതാണത്ഭുതം. 3000 ഹെക്ടർ സ്ഥലത്ത് കരനെൽ കൃഷി നടപ്പിലാക്കി. 4953 മെട്രിക് ടൺ നെല്ല് അതിന്റെ ഭാഗമായി ഉൽപ്പാദിപ്പിച്ചു. തരിശു നിലങ്ങളിൽ 15000 ഏക്കറിൽ പുതിയതായി കൃഷി ആരംഭിച്ചു. എത്രയോ ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കാൻ കഴിയും. കോഴിക്കോട് ജില്ലയിൽ ബഹുമാനപ്പെട്ട മന്ത്രി ശ്രീ. റ്റി. പി. രാമകൃഷ്ണന്റെ മണ്ഡലത്തിൽ മൂന്ന് പതിറ്റാണ്ടിനുശേഷം, 'ആവളപാണ്ടിയിൽ' 1100 ഏക്കർ പാടം കതിരണിഞ്ഞു.

ചൂർണ്ണിക്കരയിൽ 15 ഏക്കർ സ്ഥലത്ത് തരിശുഭൂമി കതിരണിഞ്ഞു. എന്റെ മണ്ഡലമായ ഒല്ലൂരിലെ കണിമംഗലത്ത് 220 ഹെക്ടർ സ്ഥലത്ത് നെൽക്കൃഷി ആരംഭിച്ചു. കീഴ്മാട് പാടശേഖരത്തിൽ 30 ഏക്കർ തരിശുനിലം നികത്താനുള്ള സ്ഥിതിയുണ്ടായി.

ബി.ജെ.പി. അധികാരത്തിൽ വന്നിട്ടും ശ്രീ. കുമ്മനം രാജശേഖരൻ പ്രസിഡന്റായിട്ടും ആറന്മുളയിലെ പ്രശ്നം പരിഹരിച്ചില്ലല്ലോ; ആറന്മുളയിലെ പ്രശ്നങ്ങൾ പരിഹരിച്ചതെപ്പോഴാണ്? വിമാനത്താവളത്തിന് തയ്യാറാക്കിയ 101 ഹെക്ടർ സ്ഥലത്ത് ഈ സർക്കാർ നെൽക്കൃഷി പുനരാരംഭിച്ചു. ഒരു ഹെക്ടർ സ്ഥലത്ത് ശരാശരി അഞ്ച് ടൺ വരെ നെല്ലുൽപ്പാദനം സാദ്ധ്യമായി. വിളവെടുത്ത നെല്ല് ഓയിൽപാം മുഖാന്തരം ആറന്മുള ബ്രാൻഡായി അവതരിപ്പിച്ചു. സുഗതകുമാരി ടീച്ചറുൾപ്പെടെ കേരളത്തിന്റെ പ്രകൃതി സ്നേഹികൾ ഇതേറ്റുവാങ്ങി. മെത്രാൻ കായലിൽ എന്തായിരുന്നു സ്ഥിതി? 482 ഏക്കർ സ്ഥലമുള്ള മെത്രാൻ കായലിൽ 7 പേരായി 25 ഹെക്ടർ സ്ഥലം മാത്രമാണ് കൃഷിക്കുവേണ്ടി സംരക്ഷിച്ചിരുന്നത്. അവിടെ കേരളത്തിന്റെ കൃഷി വകുപ്പുമന്ത്രി പോയി. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഇച്ഛാശക്തികൊണ്ട് യു.ഡി.എഫ്. നശിപ്പിച്ച, തെക്കും വടക്കും പടിഞ്ഞാറുമായി കിടക്കുന്ന ആ കായലിൽ 300 ഏക്കർ തരിശു നിലങ്ങളിൽ നെൽക്കൃഷി നടത്തി 600 ടൺ വിളവുണ്ടാക്കി മെത്രാൻ കായൽ അരിയെന്ന പേരിൽ പുതിയ ബ്രാൻഡ് അവതരിപ്പിക്കാൻ കേരള സർക്കാരിന് കഴിഞ്ഞു. റാണി, ചിത്തിര കായൽ നിങ്ങൾ കാണുന്നില്ലേ? 26 വർഷമായി തരിശായി കിടന്ന റാണി കായലിന്റെ 201 ഹെക്ടർ പാടശേഖരത്തിൽ 189 ഹെക്ടറിലും കൃഷിയാരംഭിച്ചു. 780 മെട്രിക് ടൺ നെല്ലുൽപ്പാദിപ്പിക്കാൻ കഴിഞ്ഞു. നെൽവയൽ തണ്ണീർത്തടത്തിന് ഒരു ഡാറ്റാ ബാങ്ക് തയ്യാറാക്കി. എല്ലാവരും കർഷകരാവുക, എല്ലായിടവും കൃഷിയിടമാക്കുക എന്ന പദ്ധതിയിൽ കേരളത്തിന്റെ മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും മന്ത്രിമാരുമുൾപ്പെടെ പങ്കാളികളായി അഭിമാനത്തോടെ മുന്നോട്ടുപോയി. സംസ്ഥാനത്ത് പ്രകൃതിക്ഷോഭത്തിന്റെ വിള ഇൻഷ്വറൻസിലുണ്ടായ അത്ഭുതകരമായ പുരോഗതി കേരളത്തിലെ ജനങ്ങൾ കാണുന്നുണ്ട്. 20 വർഷത്തിലേറെയായി ഇല്ലാതിരുന്ന വർദ്ധനവാണ് ഇപ്പോഴുണ്ടായത്. അത് ചെറിയ വർദ്ധനവല്ല. നെല്ലിന് 45 ദിവസം കഴിഞ്ഞാൽ 12,500 രൂപയിൽ നിന്ന് 35,000 രൂപയിലേയ്ക്ക്, വാഴ 50 രൂപയിൽനിന്ന് 300 രൂപയിലേയ്ക്ക്, കുലയ്ക്കാത്ത വാഴ 20 രൂപയിൽനിന്ന് 150 രൂപയിലേയ്ക്ക്, കുരുമുളക് 40 രൂപയിൽനിന്ന് 200 രൂപയിലേയ്ക്ക്, ജാതി 200 രൂപയിൽനിന്ന് 3,000 രൂപയിലേയ്ക്ക്, ഗ്രാമ്പൂ 150 രൂപയിൽനിന്ന് 10,000 രൂപയിലേയ്ക്ക്, മഞ്ഞൾ 40,000 രൂപയിൽ നിന്ന് 60,000 രൂപയിലേയ്ക്ക്, പയർ വർഗ്ഗങ്ങൾ 10,000 രൂപയിൽനിന്ന് 25,000 രൂപയിലേയ്ക്ക് ഇങ്ങനെ പോവുകയാണ്. ചിലരിവിടെ റബ്ബറിനെക്കുറിച്ച് പറയുന്നത് കേട്ടു.

തീർച്ചയായും റബ്ബർ കർഷകർ സംരക്ഷിക്കപ്പെടണം. യു.ഡി.എഫ്. അഞ്ച് വർഷം കേരളം ഭരിച്ചപ്പോൾ എത്ര രൂപയാണ് റബ്ബറിനുവേണ്ടി ചെലവാക്കിയത്? യു.ഡി.എഫ്. സർക്കാർ 350 കോടി രൂപ പ്രഖ്യാപിച്ചുവെന്ന് മാണി സാർ ഇവിടെ പറഞ്ഞു. ഒരു വർഷംകൊണ്ട് 748 കോടി രൂപ നൽകിയാണ് റബ്ബർ കർഷകരെ എൽ.ഡി.എഫ്. സർക്കാർ സംരക്ഷിച്ചത്. അതുതന്നെയാണ് എൽ. ഡി.എഫ്. വരും, എല്ലാം ശരിയാകുമെന്ന് ഞങ്ങൾ പറഞ്ഞതിനർത്ഥമെന്ന് നിങ്ങൾ മനസ്സിലാക്കണം. ജൈവകൃഷി ഒരു സംസ്കാരമായി മാറണ്ടേ? അതിർത്തി ജില്ലകളിൽനിന്നും നിരോധിത കീടനാശിനികൾ എത്തുന്നത് തടയാൻ 14 ജില്ലകളിലും വിജിലൻസ് സ്ക്വാഡ് രൂപീകരിച്ചു. നിയന്ത്രിത കീടനാശിനിയുടെ വിൽപ്പനയ്ക്ക് കൃഷി ഓഫീസറുടെ ശിപാർശ വേണമെന്നുള്ള നിയമം നടപ്പിലാക്കി. കീടനാശിനികളും കീടനാശിനി വിതരണക്കാരും കർഷകരുടെയടുത്ത് നേരിട്ടെത്താതിരിക്കാനുള്ള സംവിധാനമുണ്ടാക്കി. പച്ചക്കറി രംഗത്തുണ്ടാക്കിയ അത്ഭുതകരമായ കാര്യം, ശീതകാല പച്ചക്കറിയുടെ ഹബ്ബായി മറയൂരിനെ, കാന്തല്ലൂരിനെ, വട്ടവടയെ മാറ്റുന്നതിന് പ്രത്യേക പദ്ധതികൾ ഈ സർക്കാർ നിശ്ചയിച്ചു. ഈ രാജ്യം സ്വതന്ത്രമായതിനുശേഷം ഇതുവരെ ഒരു ബാങ്ക് ഇല്ലാതിരുന്ന സ്ഥലമാണ് വട്ടവട. അവിടെ കേരള ഗ്രാമീണ ബാങ്കിന്റെ ശാഖ ആരംഭിച്ചു; കർഷകർക്ക് ഹരിത കാർഡ് നൽകി. 3 ലക്ഷം രൂപവരെ ഹരിത കാർഡിലൂടെ വായ്പ നൽകാൻ തീരുമാനിച്ചു. ചരിത്രത്തിൽ ആദ്യമായി വട്ടവട - കാന്തല്ലൂർ പ്രദേശങ്ങളിൽ മന്ത്രി നേരിട്ട് പോയി പച്ചക്കറി കൃഷി നടത്തുന്ന കർഷകർക്ക് ബോണസ് നൽകാൻ തീരുമാനിച്ചു. ഹോർട്ടികോർപ്പ് സമാഹരിച്ച 798 മെട്രിക് ടൺ പച്ചക്കറി വിറ്റഴിച്ചതിലൂടെ 15,00,900 രൂപ ബോണസ്സായി വിതരണം ചെയ്തതും കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായിട്ടാണ്. അഗ്രോ സെന്ററുകൾ കേരളത്തിൽ അത്ഭുതം സൃഷ്ടിക്കുകയല്ലേ! ആവശ്യമായ പണിയായുധങ്ങൾ വാടകയ്ക്കെടുക്കാൻ 30 ലക്ഷം രൂപ അനുവദിച്ചു. അതിൽ തൊഴിൽ നൈപുണ്യത്തിനായി പണം അനുവദിച്ചു. ഓണസമൃദ്ധിയും വിഷുക്കണിയും കേരളത്തിന്റെ ചരിത്രത്തിലെ അത്ഭുതകരമായ മാറ്റങ്ങൾക്കാണ് വഴിവച്ചത്. മൂല്യവർദ്ധിത ഉൽപ്പന്നങ്ങളിലൂടെ കേരളത്തിന്റെ അഭിമാനമായി മാറാൻ പോകുന്ന കൃഷി വകുപ്പിന്റെ അഗ്രോ പാർക്കുകൾ വളരെ സജീവമായി നമ്മുടെ നാട്ടിൽ വരാൻ പോകുന്നു. ചക്ക മാത്രം മൂല്യവർദ്ധിത ഉൽപ്പന്നമാക്കി മാറ്റാനാകാത്തതുകൊണ്ട് നമുക്കുള്ള നഷ്ടം 3,000 കോടി രൂപയാണെന്നാണ് കണക്ക്. എന്നാൽ കേരളത്തിന്റെ വിവിധ മേഖലകളിലായി ആരംഭിക്കുന്ന അഗ്രോ പാർക്കുകളിലൂടെ കേരളം ഒരു പുതിയ സംസ്കാരത്തെ കാണുകയാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ കർഷകർക്ക് പണം ലഭിക്കണം. അത് കേവലം കച്ചവടം നടത്തിയതുകൊണ്ടുമാത്രം സാദ്ധ്യമാകില്ല. ഈ സർക്കാർ അത് തിരിച്ചറിയുന്നുണ്ട്.

അതുകൊണ്ടാണ് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളെ പ്രോത്സാഹിപ്പിക്കുന്ന അഗ്രോ പാർക്കുകൾ ആരംഭിക്കാൻ സജീവമായ തീരുമാനമെടുത്തത്. കേരളത്തിന്റെ കാർഷിക സർവ്വകലാശാല കാർഷികമേഖലയുടെ അഭിമാനമാണ്. Package of Practices എന്ന പുസ്തകം മലയാളത്തിൽ പുറത്തിറക്കിക്കൊണ്ട് കേരളത്തിലെ മുഴുവൻ കൃഷിഭവനുകളിലും ഈ രാജ്യത്തെ കൃഷി സമ്പ്രദായത്തിന് പുതിയ ചില ചിന്തകൾ കൊണ്ടുവരാൻ സർക്കാർ തീരുമാനിച്ചിരിക്കുന്നു. ഈ രാജ്യത്തെ വിവിധ മതസ്ഥർ, അവരുടെ അമ്പലങ്ങളിലേയ്ക്ക്, പള്ളികളിലേയ്ക്ക്, മോസ്കുകളിലേയ്ക്ക് വ്രതമെടുത്ത് പോകുന്നതുപോലെ കേരളത്തിലെ കൃഷിക്കാർക്ക് നോമ്പുനോറ്റ് സന്ദർശിക്കാൻ കഴിയുന്ന വലിയൊരു കൃഷി സഹായ കേന്ദ്രമായി കേരളത്തിലെ കാർഷിക സർവ്വകലാശാല ഈ രംഗത്ത് വരുന്നതിന് സമഗ്രമായ പദ്ധതിയാണ് ഇവിടെ സംഘടിപ്പിക്കപ്പെട്ടിട്ടുള്ളത്.

കേരളത്തിന്റെ മൃഗസംരക്ഷണ വകുപ്പിലൂടെ അത്ഭുതകരമായ പ്രവർത്തനങ്ങൾ നടത്തിയ ബഹുമാനപ്പെട്ട മന്ത്രിയെയും വകുപ്പിനെയും ഞാൻ അഭിനന്ദിക്കുന്നു. ക്ഷീരോൽപ്പാദന രംഗത്ത് രണ്ട് വർഷത്തിനുള്ളിൽ സ്വയംപര്യാപ്തത എന്ന ലക്ഷ്യം മൃഗസംരക്ഷണ വകുപ്പ് സാദ്ധ്യമാക്കുകയാണ്. 2016 ഏപ്രിൽ മാസത്തിൽ ക്ഷീരസംഘങ്ങൾ മുഖേനയുള്ള പാൽ സംഭരണം 46677903 ലിറ്റർ ആയിരുന്നത് 2016 നവംബർ ആയപ്പോൾ ഇത് 50010133 ലിറ്ററായി മാറി. കേവലം ആറ് മാസംകൊണ്ട് 3332230 ലിറ്റർ പാലിന്റെ വർദ്ധനവ് സംഭരണരംഗത്തുണ്ടാക്കാൻ കഴിഞ്ഞത് കേരളത്തെ ഈ രംഗത്ത് സ്വയംപര്യാപ്തമാക്കാൻ പോകുന്നതിന്റെ സൂചനയാണ്, ലക്ഷണമാണ്. സംസ്ഥാനത്ത് പത്തിലധികം വരുന്ന പാൽ ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം വർദ്ധിപ്പിക്കാൻ സാധിച്ചു. ചെക്പോസ്റ്റുകളിൽ മായം കലർന്ന പാൽ തടയുന്നതിന് സമഗ്രമായ പദ്ധതികൾ ആരംഭിച്ചു. കറവപ്പശുക്കളെയും കിടാരികളെയും നൽകി കേരളത്തിൽ രണ്ട് വർഷത്തിനുള്ളിൽ പാലിന്റെ കാര്യത്തിൽ കർശനമായ മുന്നോട്ടുപോക്ക് ഉണ്ടാകുമെന്ന് തീരുമാനിച്ചു. ക്ഷീരകർഷകരുടെ ബോണസ്, പെൻഷൻ എന്നിവ സംബന്ധിച്ച് പലതും സൂചിപ്പിക്കുകയുണ്ടായി. ക്ഷീരകർഷകരുടെ പെൻഷൻ 500 രൂപയിൽനിന്ന് 1,100 രൂപയായി വർദ്ധിപ്പിച്ചുവെന്ന് മാത്രമല്ല, കടക്കെണിയിലായി ജപ്തി നേരിടുന്ന ക്ഷീരകർഷകനെ സഹായിക്കാൻ അഞ്ച് കോടി രൂപ അനുവദിക്കുകയും ചെയ്തു എന്നതാണ് ഈ സർക്കാരിന്റെ പ്രത്യേകത. 20,000 രൂപ മുതൽ 1,00,000 രൂപ വരെ നൽകുകയാണ്. യു.ഡി.എഫ്. അംഗങ്ങൾ പ്രയാസപ്പെടേണ്ട, അത് അവതരിപ്പിക്കാൻ ഇടതുപക്ഷ ജനാധിപത്യമുന്നണിക്ക് മനസ്സുണ്ടായി എന്ന ധാരണ നിങ്ങൾക്കുണ്ടാകണം. ക്ഷീരകർഷകർക്ക് വരൾച്ചാദുരിതാശ്വാസത്തിനായി സമഗ്രമായ പദ്ധതിയാണ് ഈ സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളത്.

വനം കയ്യേറ്റങ്ങൾ പൂർണ്ണമായി ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. മനുഷ്യനും മൃഗങ്ങളും തമ്മിലുള്ള സംഘർഷം അഥവാ യുദ്ധം ആരംഭിക്കുന്നതിലെ പ്രശ്നം വനത്തിനകത്ത് വെള്ളം ലഭ്യമല്ല എന്നുള്ളതാണ്. വനത്തിനകത്തെ ജലസംരക്ഷണത്തിനുവേണ്ടി വനം വകുപ്പിന്റെ നേതൃത്വത്തിൽ നടത്തിയ പരിശോധനയിൽ മൂവായിരം ജലസ്രോതസ്സുകൾ കണ്ടെത്തുകയും ഇതിൽ 450 എണ്ണം ഈ വരൾച്ചക്കാലത്ത് ശരിയാക്കുകയും ചെയ്തു. 2016 ഡിസംബർ 8-നാണ് ഹരിത കേരളം ആരംഭിച്ചത്. ആ ഒരുദിവസം 10628 ആളുകൾ പങ്കെടുത്തുകൊണ്ട് 140 സ്ഥലങ്ങളിൽ പ്ലാസ്റ്റിക് മുക്തമാക്കാൻ തീരുമാനിച്ചിരിക്കുന്നു. ഈ സർക്കാർ പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും സാധാരണക്കാരുടെയും പിന്നോക്കക്കാരുടെയും ദുർബ്ബലരുടെയും കൂടെയാണ്. അതുകൊണ്ടാണ് വനത്തിനുള്ളിൽ താമസിക്കുന്ന പാർശ്വവൽക്കരിക്കപ്പെട്ട ആദിവാസികൾക്ക് വനവിഭവങ്ങളിലുള്ള അവകാശം അനുവദിച്ച്, സാമൂഹ്യാവകാശ രേഖ നൽകുന്ന നടപടി ജൂൺ മാസത്തോടെ പൂർത്തിയാക്കാൻ കേരളത്തിലെ സർക്കാരിന് സാധിച്ചത്. എന്റെ നിയോജക മണ്ഡലമായ ഒല്ലൂരിൽ വലിയ പ്രത്യേകതളോടെ സുവോളജിക്കൽ പാർക്ക് ആരംഭിക്കാൻ പോകുകയാണ്. തൃശ്ശൂർ മൃഗശാല സുവോളജിക്കൽ പാർക്കിലേയ്ക്ക് മാറുമ്പോൾ രണ്ട് കാര്യങ്ങൾ സാദ്ധ്യമാകും. ഒന്ന്, കേരളത്തിലെ സർക്കാർ ജില്ലാ കേന്ദ്രങ്ങളിൽ പ്രഖ്യാപിച്ച 40 കോടി രൂപയുടെ സാംസ്കാരിക നിലയം തൃശ്ശൂരിലെ മൃഗശാലാ കേന്ദ്രത്തിൽ വരും; മൃഗങ്ങളുടെ ആവാസവ്യവസ്ഥയ്ക്ക് യാതൊരു കുഴപ്പവും സംഭവിക്കാത്ത തരത്തിൽ മുന്നൂറോളം ഹെക്ടർ വരുന്ന സ്ഥലത്ത് 300 കോടി രൂപ വകയിരുത്തി സുവോളജിക്കൽ പാർക്കിന്റെ പ്രവർത്തനങ്ങൾക്ക് കൃത്യമായ നേതൃത്വം നൽകാൻ സർക്കാരിനും വനം വകുപ്പിനും അഥവാ മൃഗശാലാ വകുപ്പിന്റെ മന്ത്രിക്കും കഴിയുന്നുണ്ട് എന്ന സന്തോഷത്തോടെ ഞാൻ നിർത്തുന്നു.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഭരണകാലാവധിയുടെ ആദ്യത്തെ ഒരു വർഷം പൂർത്തിയാക്കാൻ ഈ സർക്കാരിന് ഇനി പത്ത് ദിവസം മാത്രമേ ബാക്കിയുള്ളൂ. കഴിഞ്ഞ 11 മാസത്തിനിടയിൽ ഒരു ഡസണിലധികം കോടതി വിമർശനങ്ങൾ ഏറ്റുവാങ്ങേണ്ടി വന്ന സർക്കാരാണിത്. ഹൈക്കോടതി, സുപ്രീംകോടതി പോലുള്ള ഉന്നത നീതിപീഠങ്ങൾ ഒരു ദിവസം പ്രവർത്തിച്ചാൽ സർക്കാരിന് ഒരു വിമർശനം ഉറപ്പ് എന്നതാണ് അവസ്ഥ. ഇന്ത്യയുടെ നീതിന്യായ ചരിത്രത്തിലെ ശ്രദ്ധേയമായ കേസുകളിലൊന്നാണ് കേരളത്തിന്റെ ആദ്യമുഖ്യമന്ത്രിയായ ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടിനെതിരെ യുണ്ടായ കോടതിയലക്ഷ്യക്കേസ്. ആ കേസിൽ കോടതി നൽകിയ സത്യവാങ്മൂലത്തിൽ കോടതികളെക്കുറിച്ച് തന്റെ പാർട്ടിക്കുള്ള വിമർശനാത്മക

വിലയിരുത്തൽ അവതരിപ്പിച്ചശേഷം ജുഡീഷ്യറിയോടുള്ള തന്റെ സമീപനം ഇ.എം.എസ്. വ്യക്തമാക്കുന്നുണ്ട്. കോടതിവിധികളെ മാനിക്കുകയും അവ നടപ്പാക്കുകയും വേണമെന്ന് ഉറപ്പിച്ച് പറഞ്ഞതിലൂടെ നീതിപീഠത്തിലുള്ള വിശ്വാസം ഉറപ്പിക്കുകയായിരുന്നു അദ്ദേഹം. അതിന് എത്രയോ കാതം അകലെയാണ് ഇപ്പോൾ കേരളം ഭരിക്കുന്ന എൽ.ഡി.എഫ്. സർക്കാരിന്റെ നിലപാട് എന്നതാണ് സമീപകാല സംഭവങ്ങൾ വെളിപ്പെടുത്തുന്നത്. ഒരു കാര്യം സൂചിപ്പിക്കാനുള്ളത്, പച്ച എന്ന് പറയുമ്പോൾ ചുവപ്പ് കണ്ട കാളയെപ്പോലെ ചിലർ നിയമസഭയിൽ വല്ലാതെ ആക്രോശം കാണിക്കുന്ന സാഹചര്യമുണ്ട്. 'കാലത്തിന്റെ ചുവരെഴുത്ത് വായിക്കണം, വിളക്ക് വയ്ക്കുവിൻ, വിളക്ക് വയ്ക്കുവിൻ, അടുത്തിരിക്കുമോ രന്ധജനെപ്പോലും തടഞ്ഞുവീഴുമാറ് ഇരുണ്ടുപോയി അന്തരംഗം' എന്ന് ഒരു കവി പാടിയിട്ടുണ്ട്. ഇത് ശ്രീ. എ. എൻ. ഷംസീറിനെ പോലെയുള്ളവർ മനസ്സിലാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അത് മനസ്സിലാക്കാനുള്ള ബുദ്ധിയും വിവേകവും അപ്പുറത്തുള്ളവർക്ക് ഉണ്ടാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. മറ്റൊന്ന്, 15,00,900 രൂപ കൊടുത്തിരിക്കുന്നു, ഇതാ മഹാത്ഭുതം സംഭവിച്ചിരിക്കുന്നു, 25,30,000 രൂപ കൊടുത്തിരിക്കുന്നു, ഇത് വലിയൊരു അത്ഭുതമാണ് എന്നൊക്കെ ശ്രീ. കെ. രാജൻ സൂചിപ്പിക്കുകയുണ്ടായി. മൂന്നരക്കോടി ജനങ്ങളുള്ള ഈ രാജ്യത്ത് 15 ലക്ഷം രൂപ നൽകിയത് ഒരു അത്ഭുതമാണെന്ന് പറയുന്നു. ഇത്രയും ചെറുതും വികാസമില്ലാത്തതുമായിപ്പോയി പ്രഖ്യാപനങ്ങളും സഹായങ്ങളും! ഇതൊക്കെയാണ് കാർഷിക മേഖലയോടുള്ള, ഈ രാജ്യത്തെ ജനങ്ങളോടുള്ള സമീപനമെന്നാണ് ഇതുമൂലം വിലയിരുത്തപ്പെടുന്നത്. ശ്രീ. പുരുഷൻ കടലുണ്ടി പ്രസംഗിച്ചപ്പോൾ ധാരാളം പ്രഖ്യാപനങ്ങൾ നടത്തുകയുണ്ടായി. പ്രഖ്യാപനങ്ങൾകൊണ്ട് കാര്യമില്ല. പുസ്തകത്തിലെ പശു പുല്ല് തിന്നില്ല. വെറുതെ പ്രഖ്യാപനങ്ങൾ നടത്തിയിട്ട് എന്താണ് കാര്യം?

സംസ്ഥാനത്ത് വനം കയ്യേറ്റവും വനസമ്പത്തിന്റെ കൊള്ളയും നിർബാധം തുടരുകയാണ്. സംസ്ഥാനത്തുള്ള 1130941.71 ഹെക്ടർ വനഭൂമിയിൽ 7801.11 ഹെക്ടർ കയ്യേറ്റക്കാരുടെ പക്കലാണെന്നാണ് വനം വകുപ്പിൽനിന്നുള്ള റിപ്പോർട്ടിൽ വ്യക്തമാക്കുന്നത്. വനം വകുപ്പിന്റെ മൗനസമ്മതത്തോടെയാണ് ഈ കയ്യേറ്റങ്ങളും കൊള്ളകളും നടക്കുന്നതെന്നാണ് പറയുന്നത്. ഒരു വർഷത്തിനിടെ 2532.99 ഹെക്ടർ വനഭൂമിയാണ് സംസ്ഥാനത്ത് കയ്യേറിയതെന്നാണ് ഔദ്യോഗിക കണക്ക്. ഈ രംഗത്ത് കഴിഞ്ഞ രണ്ടാഴ്ചയ്ക്കുള്ളിലുണ്ടായ ഞെട്ടിക്കുന്ന ഒരു സംഭവം ഞാൻ ഇവിടെ പറയാം. അട്ടപ്പാടി, മൂളിക്കടവ്, ചിറ്റൂരിനടുത്ത് കയ്യേനി എന്ന പ്രദേശം, (സൈലന്റ് വാലി നാഷണൽ പാർക്കിന്റെ കരുതൽ മേഖല) നീലഗിരി (ജൈവകരുതൽ മേഖല) തുടങ്ങിയ സ്വകാര്യ-സർക്കാർ വനഭൂമി, സമ്മിശ്രമായി

കിടക്കുന്ന ഈ പ്രദേശത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് ഇവിടെനിന്നും മരം മുറിച്ച് മാറ്റരുതെന്ന് ഹൈക്കോടതിയുടെ ഉത്തരവ് നിലവിലുണ്ട്. കൂടാതെ, ഈ പ്രദേശത്തിന് പ്രത്യേക സുരക്ഷയും സംരക്ഷണവും ഉറപ്പാക്കണമെന്ന് UNESCO-യുടെ നിർദ്ദേശവുമുണ്ട്. ഈ നിർദ്ദേശങ്ങളെല്ലാം കാറ്റിൽപ്പറത്തി കഴിഞ്ഞ രണ്ടാഴ്ചയ്ക്കുള്ളിൽ രാവും പകലുമായി ഇടതടവില്ലാതെ ഇവിടെനിന്നും അൻപതിലേറെ ലോഡ് മരങ്ങൾ മുറിച്ച് കടത്തിക്കൊണ്ടുപോയി എന്നുള്ളതാണ് വാർത്ത. നൂറ്റാണ്ടുകൾ പഴക്കമുള്ള തേക്ക്, ഈട്ടി, മഹാഗണി എന്നിവയൊക്കെയാണ് മുറിച്ചുമാറ്റിയത്. ഇവിടെനിന്നും എത്രകോടി രൂപയുടെ വനസമ്പത്ത് കൊള്ളയടിച്ചുവെന്നുള്ള കണക്കെടുക്കുകയും ഉന്നതതല അന്വേഷണം നടത്തുകയും കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുകയുംവേണം. സംരക്ഷിത വനത്തിനുള്ളിൽ ബാഹ്യ ഇടപെടലുകൾക്ക് അവസരമൊരുക്കുന്ന രൂപത്തിൽ, അതിന് വഴി തുറക്കുന്ന ഒരു നടപടിക്ക് സർക്കാർ ഇപ്പോഴും ഒരുങ്ങുകയാണ്. വനത്തിലൂടെ ഒഴുകുന്ന നദിയിൽനിന്ന് മണലൂറ്റി വിൽക്കാനാണ് വനം വകുപ്പിന്റെ നീക്കം. നദികളുടെ നിലനിൽപ്പിനെ അപകടത്തിലാക്കുന്ന ഈ നടപടി വന്യജീവികൾക്കും പരിസ്ഥിതിക്കും കോട്ടമുണ്ടാക്കും. വനം കൊള്ളക്കാർക്ക് ഇടപെടാനുള്ള അവസരമൊരുക്കും. വനസംരക്ഷണത്തിന് പുതിയ പദ്ധതികൾ പ്രഖ്യാപിക്കുമ്പോഴും വനവിസ്തൃതി വർഷംതോറും കുറയുകയാണ്. 2005-ൽ കേരളത്തിലെ വനമേഖല 15574 ചതുരശ്രകിലോമീറ്റർ ആയിരുന്നെങ്കിൽ റിസർവ് വനമടക്കം ഇപ്പോഴത്തെ വനമേഖലയുടെ വിസ്തൃതി 11309.47 ചതുരശ്ര കിലോമീറ്ററാണ്. വന്യജീവികളുടെ എണ്ണം വർദ്ധിക്കുന്നു. ഇവ ഉൾക്കൊള്ളാനുള്ള ആവാസവ്യവസ്ഥ ചുരുങ്ങിയതോടെ വന്യമൃഗങ്ങൾ നാട്ടിലേയ്ക്കിറങ്ങുന്നത് പലപ്പോഴും വൻ ദുരന്തങ്ങൾക്ക് കാരണമാകുന്നു. നമ്മുടെ ജൈവസമ്പത്തും വന്യജീവികൾ ഉൾപ്പെടെയുള്ള വനസമ്പത്തും കാർന്നുതിന്നുന്ന ഒരു വൻവിപത്താണ് കാട്ടുതീ. കഴിഞ്ഞ രണ്ട് മാസത്തിനകം 2013 ഹെക്ടർ വനഭൂമി കത്തിനശിച്ചതായി ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. വർഷം 15 കോടി രൂപയാണ് കാട്ടുതീ തടയാൻ വനം വകുപ്പ് ചെലവഴിക്കുന്നത്. എന്നാൽ കാട്ടുതീ കെടുത്താൻ ശാസ്ത്രീയമാർഗ്ഗങ്ങളില്ല. ബ്രിട്ടീഷുകാരുടെ കാലത്തുള്ള പരമ്പരാഗത രീതിയാണ് ഇപ്പോഴും പിന്തുടരുന്നത്. വിലപ്പെട്ട ജൈവസമ്പത്ത് കത്തിയമരുന്നത് കണ്ടുനിൽക്കാർ പാടില്ല. കാട്ടുതീ പ്രതിരോധപ്രവർത്തനങ്ങൾ ശക്തമാക്കണം. വനം കയ്യേറ്റംപോലെ വനഭൂമിയിലെ കുടിയേറ്റവും സംസ്ഥാനത്ത് വ്യാപകമാണ്. 2016 ജൂൺ വരെ റവന്യൂ, വനം വകുപ്പുകൾ നടത്തിയ സംയുക്ത പരിശോധനയിൽ 86163 ഏക്കർ ഭൂമിയിലാണ് കുടിയേറ്റം കണ്ടെത്തിയത്. ചന്ദനക്കൊള്ള സംസ്ഥാനത്ത് വ്യാപകമാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രദേശമായ ആര്യങ്കാവിൽ ചന്ദനക്കൊള്ള വ്യാപകമാണെന്നാണ് വാർത്ത. അവിടെ 2000 ചന്ദനമരങ്ങൾ നിൽക്കുന്ന 177 ഹെക്ടർ സാൻഡൽ യൂണിറ്റിന് കാവലിന് 17 പേരാണുള്ളത്. അതിൽത്തന്നെ എട്ടുപേർ താൽക്കാലിക

ജീവനക്കാരാണ്. 4 തോക്കുകളും ഏതാനും മുള ലാത്തികളുമാണ് ഇവർക്ക് പ്രതിരോധ ഉപകരണമായി നൽകിയിട്ടുള്ളത്. ഇതുകൊണ്ടുതന്നെ പരിശോധന പ്രഹസനവും ചന്ദനക്കൊള്ള തകൃതിയിലുമാണ്.

കേരളത്തിന്റെ മുഖ്യഭക്ഷ്യ വിളയാണ് നെല്ല്. സംസ്ഥാനത്തെ കൃഷി ഭൂവിസ്തൃതിയുടെ 7.46 ശതമാനം നെൽക്കൃഷിയാണ്. എന്നാൽ 1950 മുതൽ നെൽക്കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതി സ്ഥിരമായി കുറഞ്ഞുകൊണ്ടിരിക്കുന്നു. 1974-75-ൽ 8.82 ലക്ഷം ഹെക്ടർ പ്രദേശത്താണ് നെൽക്കൃഷി ചെയ്തിരുന്നത്. എന്നാൽ 2015-16 ആയപ്പോൾ അത് 1.96 ലക്ഷം ഹെക്ടറായി ചുരുങ്ങി. 1972-73-ൽ നെല്ലുൽപ്പാദനം 13.76 ലക്ഷം മെട്രിക് ടൺ ആയിരുന്നെങ്കിൽ 2015-16 ആയപ്പോൾ അത് 5.49 ലക്ഷം മെട്രിക് ടൺ ആയി കുറഞ്ഞു. നമുക്ക് പ്രതിവർഷം 40 ലക്ഷം മെട്രിക് ടൺ അരി ആവശ്യമുള്ളപ്പോഴാണ് തുച്ഛമായ ഉൽപ്പാദനവുമായി നാം മുന്നോട്ടുപോകുന്നത്. ശ്രീ. കെ. എം. മാണി നേരത്തെ പറഞ്ഞതുപോലെ നെല്ലുല്പാദനത്തിൽ പുതിയ ടെക്നോളജി നടപ്പിലാക്കേണ്ടതുണ്ട്. സംസ്ഥാനത്ത് നെല്ലിന്റെ ഉൽപ്പാദനക്ഷമത വളരെ കുറവാണ്. അതിനൊരുദാഹരണം പറയാം, രാജ്യത്തെ നെല്ലിന്റെ ഉൽപ്പാദനക്ഷമതയിൽ മുന്നിൽ നിൽക്കുന്നത് പഞ്ചാബാണ്. ഹെക്ടറിന് 3952 കിലോഗ്രാമാണ് അവരുടെ ഉൽപ്പാദനക്ഷമത. ലോകത്ത് നെല്ലുൽപ്പാദനത്തിൽ മുന്നിൽ നിൽക്കുന്ന ചൈനയുടെ ഉൽപ്പാദനക്ഷമതയാകട്ടെ ഹെക്ടറിന് 6744 കിലോഗ്രാമാണ്. അതാണ് ഇവിടെ നേരത്തെ മാണിസാർ സൂചിപ്പിച്ചത്. എൽ.ഡി.എഫ്. ആയാലും യു.ഡി.എഫ്. ആയാലും ഈ രംഗത്ത് പുതിയ ടെക്നോളജി നടപ്പിലാക്കി കാർഷിക മേഖലയെ രക്ഷപ്പെടുത്താനുള്ള ശ്രമമുണ്ടാകണം. കാലങ്ങളായി അത്തരം ശ്രമങ്ങൾക്ക് തുരങ്കം വയ്ക്കുന്ന നിലപാടാണ് പലപ്പോഴും സി.പി.ഐ.(എം)-ന്റെ ഭാഗത്തുനിന്നുണ്ടാകുന്നത്. വികസനം എന്നുപറയുമ്പോൾ എല്ലാത്തിനെയും എതിർക്കുന്ന നിലപാടാണ് അവർ സ്വീകരിക്കുന്നത്. ഓട്ടോറിക്ഷ വന്നപ്പോൾ മൂരി വണ്ടിക്ക് ആളെ കിട്ടില്ല എന്നുപറഞ്ഞ് സമരം നടത്തുന്ന നിലപാടായിരുന്നു. ഇത്തരം നിലപാടുകൾ മാറിയെങ്കിൽ മാത്രമേ ഈ രംഗത്ത് മാറ്റമുണ്ടാക്കാൻ സാധിക്കുകയുള്ളൂ. 'നാളികേരത്തിന്റെ നാട്ടിലെനിക്കൊരു നാഴിയിടങ്ങഴി മണ്ണുണ്ട് എന്ന് മലയാളി അഭിമാനത്തോടെ പാടിനടന്നിരുന്ന കാലമുണ്ടായിരുന്നു. ഇന്ന് അതില്ല. രാജ്യത്തെ നാളികേരത്തിന്റെ 34 ശതമാനവും ഉൽപ്പാദിപ്പിക്കുന്നത് തമിഴ്നാട്ടിലാണ്. കേരളത്തിൽ ഇത് 24 ശതമാനമാണ്. കൃഷി വിസ്തൃതി നോക്കിയാൽ 7.9 ലക്ഷം ഹെക്ടറിൽ കൃഷി ചെയ്യപ്പെടുന്ന സംസ്ഥാനത്തെ പ്രധാന വിളയാണ് നാളികേരം. രാജ്യത്ത് തെങ്ങുകൃഷിയുടെ വിസ്തൃതിയിൽ കേരളം ഒന്നാമതാണെങ്കിലും ഉൽപ്പാദനത്തിൽ മൂന്നാം സ്ഥാനമാണുള്ളത്. മണ്ണ് ചതിച്ചാലും തെങ്ങ് ചതിക്കില്ലെന്നാണ് പഴമൊഴി. ഇപ്പോൾ കേരഫെഡിന്റെ നാളികേര സംഭരണം അവസാനിച്ച മട്ടാണ്. വെളിച്ചെണ്ണയ്ക്ക് വില കൂടിയിട്ടും നേട്ടമില്ലാതെ കേര കർഷകർ നട്ടംതിരിയുകയാണ്. കേരഫെഡ് സംഭരിച്ച നാളികേരത്തിന്റെ വില കർഷകർക്ക്

നൽകിയിട്ടില്ല. സംഭരണം നിലച്ചതോടെ ഇടനിലക്കാർ സജീവമായി. അവർ പാവപ്പെട്ട കർഷകരെ പല വിധത്തിലും ചൂഷണം ചെയ്യുന്നു. നാളികേര കൃഷിക്ക് വൻകുതിപ്പ് നൽകാൻ കഴിയുമായിരുന്ന നീര ഉൽപ്പാദനം ഇപ്പോൾ വൻ പ്രതിസന്ധി നേരിടുകയാണ്. ഉൽപ്പന്നത്തിന് വിപണി കണ്ടെത്താൻ കഴിയുന്നില്ല. നീര ചെത്തുന്നതിന് വിദഗ്ദ്ധരെ കിട്ടാനില്ല. നാമമാത്രമായ കേന്ദ്രങ്ങളിൽ മാത്രമേ നീര ഇപ്പോൾ ഉൽപ്പാദിപ്പിക്കുന്നുള്ളൂ. ഇക്കാര്യത്തിൽ എന്റെ ചോദ്യത്തിന് സഭയിൽനിന്ന് ലഭിച്ച മറുപടിയിൽ വ്യക്തമായത്, സർക്കാർ അടിയന്തരമായി ഇടപെടും, ഇക്കാര്യത്തിൽ ആളെ കിട്ടുന്നില്ല എന്നാണ്. സർക്കാരിന് നാളികേരത്തിന്റെ കാര്യത്തിൽ താൽപ്പര്യമില്ല. കഴിഞ്ഞ ബഡ്ജറ്റുതന്നെ അതിനുദാഹരണമാണ്. ആനയ്ക്ക് സുഖചികിത്സയ്ക്ക് 15 കോടി രൂപ; റബ്ബർ കർഷക രക്ഷയ്ക്കും വില സ്ഥിരതയ്ക്കും 500 കോടി രൂപ; എന്നാൽ അരക്കോടി വരുന്ന കേരകർഷകർക്കും 15 കോടി വരുന്ന തെങ്ങിനും വട്ടപൂജ്യം. ഇതാണ് സ്ഥിതി. ഈ അവസ്ഥയ്ക്ക് മാറ്റം വരുത്തണം. രൂക്ഷമായ വരൾച്ചയെത്തുടർന്ന് 2016-17 വർഷത്തിൽ സംസ്ഥാനത്തെ നാളികേര ഉൽപ്പാദനം 6.22 ശതമാനം കുറയുമെന്ന് നാളികേര വികസന ബോർഡ് നടത്തിയ സർവ്വേയിൽ കണ്ടെത്തിയിട്ടുണ്ട്. തേങ്ങാക്കൂടയും വയ്ക്കോൽ കൂനയും കാലിത്തൊഴുത്തുമൊക്കെ അന്തസ്സിന്റെയും ആഭിജാത്യത്തിന്റെയും പ്രതീകമായിരുന്ന ഒരു കാലമുണ്ടായിരുന്നു. എന്നാൽ ഇന്ന് അതില്ല. മലബാർ പ്രദേശത്ത് ഇപ്പോൾ ഇത്തരം വീടുകളിലേയ്ക്ക് സംബന്ധം കൂടാൻപോലും ആളുകൾ മടിക്കുന്ന സാഹചര്യമാണുള്ളത്. സംസ്ഥാനത്തെ ക്ഷീര കർഷകർക്ക് വിലകുറച്ച് ഗുണനിലവാരമുള്ള കാലിത്തീറ്റ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ സ്ഥാപിച്ച പൊതുമേഖലാ സ്ഥാപനമായ കേരള ഫീഡ്സിൽ കോടികളുടെ അഴിമതിയാണ് നടക്കുന്നത്. ആ സ്ഥാപനം വൻ നഷ്ടത്തിലേയ്ക്ക് കൂപ്പുകുത്തുകയാണ്. കോഴിക്കോട് കേരള ഫീഡ്സിന്റെ ആസ്ഥാനം ആരംഭിച്ചെങ്കിലും വർഷങ്ങളായി അവിടെ ഒരു പ്രവർത്തനവും നടക്കുന്നില്ല. അക്കാര്യത്തിൽ സർക്കാരിന്റെ ശ്രദ്ധയുണ്ടാകണം. അതുപോലെ രാത്രിസമയങ്ങളിൽ ചെക്ക്പോസ്റ്റിലെ ഉദ്യോഗസ്ഥരുടെ സഹായത്തോടെ യാതൊരു പരിശോധനയുമില്ലാതെ തമിഴ്നാട്ടിൽ നിന്ന് രോഗം ബാധിച്ച കന്നുകാലികളെ വലിയ ലോറികളിൽ കുത്തിനിറച്ച് കേരളത്തിലേയ്ക്ക് കൊണ്ടുവരികയാണ്. ഇത് വലിയ ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകുന്നുണ്ട്. അതുകൊണ്ട് ഈ കാര്യത്തിലും സർക്കാരിന്റെ ഭാഗത്തുനിന്ന് നടപടിയുണ്ടാകണമെന്ന് സൂചിപ്പിച്ചുകൊണ്ട് നിർത്തുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ശ്രീ. ബി. ഡി. ദേവസ്സി: സർ, കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, വനം എന്നീ വകുപ്പുകൾക്കുള്ള ധനാഭ്യർത്ഥനകളെ ഞാൻ ശക്തിയായി പിന്തുണയ്ക്കുകയാണ്. എൽ.ഡി.എഫ്. സർക്കാർ കഴിഞ്ഞ 11 മാസങ്ങളായി എല്ലാ മേഖലകളിലും ചിട്ടയായതും പരസ്പരപൂരകമായതുമായ പ്രവർത്തനങ്ങളാണ്

കാഴ്ചവച്ചത്. അതിലെ നാല് പ്രധാന മേഖലകൾ കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, വനം എന്നിവയാണ്. വനസംരക്ഷണം കാർഷിക സംരക്ഷണമാണ്. ഇവ രണ്ടും മൃഗസംരക്ഷണത്തിന്റെയും ക്ഷീരവികസനത്തിന്റെയും ഊർജ്ജ സ്രോതസ്സുകളാണ്. കാലാവസ്ഥാ വ്യതിയാനവും വരൾച്ചയും ഏറ്റവുമധികം ബാധിക്കുന്ന മേഖല കളാണിതെല്ലാം. എങ്കിൽപ്പോലും ഈ മേഖലകളെ വികസിപ്പിക്കാൻ സാധിച്ചതിൽ ഞാൻ വകുപ്പുമന്ത്രിമാരെ ആത്മാർത്ഥമായി അഭിനന്ദിക്കുന്നു. പച്ചക്കറികൃഷി വികസനം കേരളത്തിന്റെ അഭിമാനമാണ്. മുമ്പ് നമ്മൾ മറ്റ് സംസ്ഥാന വിളകളെ ആശ്രയിച്ചിരുന്നെങ്കിൽ ഇപ്പോൾ ജൈവ പച്ചക്കറി നമ്മുടെ നാട്ടിൽ സുലഭമാണ്. അതുകൊണ്ടുതന്നെ പച്ചക്കറികളുടെ വില കുറെയൊക്കെ പിടിച്ചുനിർത്താനും കഴിഞ്ഞു. ജൈവ പച്ചക്കറി ഉൽപ്പാദനം മാത്രമല്ല സംസ്കാരവും വളർത്താൻ കഴിഞ്ഞു. രാസവസ്തുക്കളുള്ള പച്ചക്കറി ഉപയോഗിക്കരുതെന്ന ആശയം ജനങ്ങളിലേയ്ക്ക് വ്യാപിപ്പിക്കാൻ കഴിഞ്ഞുവെന്നത് ഏറ്റവും വലിയ നേട്ടമാണ്. നെൽക്കൃഷി ചെയ്യുന്ന പാടശേഖരങ്ങൾ തരിശിടരുതെന്ന ആശയം ജനങ്ങൾക്ക് നൽകിയത് ഈ സർക്കാരാണ്. നെൽക്കൃഷി നഷ്ടമാണെന്ന തെറ്റായ ധാരണ തിരുത്തി; നെൽക്കൃഷി ചെയ്യുമ്പോൾ നെല്ലും വയ്ക്കോലും ലഭിക്കുന്നതിനുപുറമേ സമൂഹത്തിന് പല ലാഭവും ഉണ്ടാകുന്നുണ്ട്. അന്തരീക്ഷത്തിലെ കാർബൺ ഡൈ ഓക്സൈഡ് കുറയുകയും ഓക്സിജൻ കൂടുകയും ചെയ്യുന്നു. ഇതിന്റെ ലാഭം കണക്കാക്കണം. മണ്ണിൽ ജലാംശം വർദ്ധിക്കുന്നതോടൊപ്പം ഭൂഗർഭ ജലവും വർദ്ധിക്കുന്നു. ഇതിലൂടെ ആരോഗ്യ രംഗത്തുണ്ടാകുന്ന നേട്ടം കണക്കാക്കപ്പെട്ടിട്ടില്ല. ചുരുക്കത്തിൽ കാർഷികോൽപ്പാദന നേട്ടം മാത്രമല്ല കൃഷി ഒരു സംസ്കാരവു മാണെന്ന ആശയം പ്രചരിപ്പിക്കാൻ കഴിഞ്ഞുവെന്നതാണ് പ്രധാന നേട്ടം. ഈ സംസ്കാരത്തിന് പൂരകമായിട്ടാണ് വനം നിൽക്കേണ്ടത്. വനത്തിന്റെ ആവാസ വ്യവസ്ഥ നിലനിർത്തിയാലെ കൃഷി സംസ്കാരമായി മാറൂ എന്ന അർത്ഥത്തിൽ വനത്തിന് പരിരക്ഷ നൽകാൻ വനം വകുപ്പിന് കഴിഞ്ഞുവെന്നത് ചില്ലറ നേട്ടമല്ല. ഇവയുടെ സ്വാഭാവിക വികാസമാണ് മൃഗസംരക്ഷണത്തിനും ക്ഷീര വികസന ത്തിനുമുണ്ടായിട്ടുള്ളത് എന്നതാണ് പ്രത്യേകത. ചുരുക്കത്തിൽ നാല് മേഖലകളും സ്വാഭാവിക വളർച്ച കൈവരിച്ചു എന്ന കാര്യമാണ് 11 മാസംകൊണ്ട് ഈ സർക്കാരിന് ആർജ്ജിക്കാൻ കഴിഞ്ഞതെന്ന് തിരിച്ചറിയണം. കേന്ദ്ര സർക്കാരിന്റെ കർഷകദ്രോഹ നയങ്ങൾ തുടരുകയാണ്. ഇതിന്റെ ഭാഗമായി കർഷക ആത്മഹത്യ പെരുകുകയാണ്. ഗുജറാത്തിലെ കർഷക സംരക്ഷണ പ്രവർത്തകരുടെ ഒരു സംഘം സുപ്രീംകോടതിയിൽ ഒരു ഹർജി നൽകുകയുണ്ടായി. ആ ഹർജിയിൽ പറയുന്നത് ഏറ്റവും കൂടുതൽ കർഷക ആത്മഹത്യ നടക്കുന്നത് മഹാരാഷ്ട്രയിലാണെന്നാണ്. അതിൽ കേരളത്തിന് ഏഴാം സ്ഥാനമാണ്. 2013, 2014, 2015 വർഷങ്ങളിലെ കർഷക ആത്മഹത്യകളുടെ അടിസ്ഥാനത്തിലാണ്

ഇത് പറഞ്ഞിട്ടുള്ളത്. 1989 കർഷക ആത്മഹത്യകളാണ് ഈ മൂന്ന് വർഷങ്ങളിൽ നടന്നത് എന്നാണ് അതിൽ പറയുന്നത്. ആഗോളവൽക്കരണ നയം കോൺഗ്രസ്സാണ് നമ്മുടെ രാജ്യത്ത് കൊണ്ടുവന്നത്. അതിന്റെ ഭാഗമായാണ് കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇന്നലെ ഇവിടെ അടിയന്തരപ്രമേയമായി കൊണ്ടുവന്നത്. ഇറക്കുമതി തീരുവ വെട്ടിക്കുറച്ചതൊക്കെ ഈ നയങ്ങളുടെ ഭാഗമായിട്ടാണ്. കഴിഞ്ഞ 26 വർഷത്തിനിടയിൽ കോൺഗ്രസ്സും ബി.ജെ.പി.യുംകൂടി നമ്മുടെ രാജ്യം ഭരിച്ചപ്പോൾ രണ്ട് ലക്ഷത്തിലധികം കർഷകരാണ് ആത്മഹത്യ ചെയ്തിട്ടുള്ളതെന്ന കാര്യം വിസ്മരിക്കരുത്. കേന്ദ്ര ഗവൺമെന്റിന്റെ കർഷകദ്രോഹ നയങ്ങളും നോട്ടുപ്രതിസന്ധിയും കടുത്ത വരൾച്ചയുംമൂലം കഷ്ടപ്പെടുന്ന കർഷകരെ സഹായിക്കാനും ആത്മഹത്യയിൽനിന്ന് അവരെ ആത്മവിശ്വാസത്തിലേയ്ക്ക് നയിക്കാനുമാണ് എൽ.ഡി.എഫ്. സർക്കാർ ശ്രമിക്കുന്നത്. ഭൂപരിഷ്കരണവും കാർഷിക കടാശ്വാസ കമ്മീഷനും ഹരിത കേരളം മിഷനുമൊക്കെ കാർഷികമേഖലയെ രക്ഷിക്കാനുള്ള ഇടതുപക്ഷ സർക്കാരിന്റെ സംഭാവനകളാണ്. കാർഷിക പെൻഷൻ 1000 രൂപയാക്കി വർദ്ധിപ്പിക്കാനും കുടിശ്ശിക നൽകാനും എൽ.ഡി.എഫ്. സർക്കാർ നടപടി സ്വീകരിച്ചു. നെല്ല് സംഭരിക്കാനും അതിന്റെ വില നൽകാനും ശക്തമായ നടപടികൾ സ്വീകരിച്ചു എന്ന കാര്യം നമ്മൾ ഓർക്കേണ്ടതുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 700 ഏക്കർ നെൽപ്പാടങ്ങളിൽ കൃഷിയിറക്കി. ഒരിക്കലും കൃഷി സാദ്ധ്യമല്ലെന്ന് കരുതിയ പാടങ്ങളിൽ ജനപങ്കാളിത്തത്തോടെ കൃഷിയിറക്കിയപ്പോൾ നെല്ലുൽപ്പാദനം വർദ്ധിച്ചു. നെൽവയൽ നികത്തുന്നതിനെതിരെ ശക്തമായ നടപടി സ്വീകരിച്ചു. 2016-17-ലെ കണക്കനുസരിച്ച് സംസ്ഥാനത്തെ നെൽക്കൃഷിയുടെ ആകെ വിസ്തീർണ്ണം 202525 ഹെക്ടറായി വർദ്ധിച്ചു. പ്രതിവർഷം 40 ലക്ഷം ടൺ അരി ആവശ്യമാണ്. എന്നാൽ 2015-16-ൽ നെല്ലുൽപ്പാദനം 549275 ടൺ മാത്രമായിരുന്നു. ആറന്മുളയിലും റാണി, മെത്രാൻ കായലുകളിലും കൃഷിയിറക്കാൻ കഴിഞ്ഞത് അഭിമാനകരമായ കാര്യമാണ്. വിഷമയമായ പച്ചക്കറിയിൽനിന്നും മുക്തി നേടുന്നതിന് ഏകമാർഗ്ഗം എല്ലാവരും കർഷകരാവുക, എല്ലാ സ്ഥലത്തും കൃഷിയിറക്കുകയെന്ന സർക്കാരിന്റെ പ്രഖ്യാപിത നയം നടപ്പിലാക്കുകയാണ്. അതിനായി കേരള ഗവർണ്ണർ, മുഖ്യമന്ത്രി, പ്രതിപക്ഷനേതാവ്, മന്ത്രിമാർ എന്നിവരുടെ ഔദ്യോഗിക വസതികളിൽ കൃഷി ആരംഭിച്ച് മാതൃക കാണിക്കുകയുണ്ടായി. പച്ചക്കറികൃഷിക്കായി പ്രത്യേക പ്രവർത്തനങ്ങൾക്ക് രൂപം നൽകി. ശീതകാല പച്ചക്കറികൾക്കായി പ്രത്യേക കാർഷിക സോൺ പ്രഖ്യാപിച്ചു. നാടൻ പച്ചക്കറികളുടെ വിളവുമായി ഓണം സമൃദ്ധി-2016 സംഘടിപ്പിച്ചു. ഓണം, ബക്രീദ് തുടങ്ങിയ ആഘോഷവേളകളിൽ ആവശ്യമായ ഗുണനിലവാരമുള്ള പച്ചക്കറികൾ ഉപഭോക്താക്കൾക്ക് ന്യായവിലയിൽ ലഭ്യമാക്കുന്നതിനും വിലക്കയറ്റം തടയുന്നതിനും

ഹോർട്ടികോർപ്, VFPCK എന്നീ സ്ഥാപനങ്ങളുടെ സഹകരണത്തോടെ കൃഷി വകുപ്പ് ഓണസമൃദ്ധി പദ്ധതി നടപ്പിലാക്കി. തദ്ദേശഭരണ സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ, പഞ്ചായത്തുകൾ എന്നിവ 5 ദിവസം നീണ്ടുനിന്ന 1350 പച്ചക്കറി വിപണികൾ ഈ പദ്ധതിയിലൂടെ നടപ്പിലാക്കി. കർഷകരുടെ ഉൽപ്പന്നങ്ങൾ മൊത്തവ്യാപാരവിലയെക്കാൾ 10 ശതമാനം കൂടിയ വിലയ്ക്ക് സംഭരണം നടത്തുകയും സംഭരിച്ച് ഉപഭോക്താക്കൾക്ക് 30 ശതമാനം വിലക്കുറവിൽ ലഭ്യമാക്കുകയും ചെയ്തു. ഇതുപോലെ വിഷുവിന് വിഷുക്കണി എന്ന പേരിൽ 1090 വിഷു-ഈസ്റ്റർ വിപണികൾ സംഘടിപ്പിച്ചു. വിഷരഹിത നാടൻ പച്ചക്കറികൾ "ഓർഗാനിക്" എന്ന ബ്രാൻഡഡ് നാമത്തിൽ പുറത്തിറക്കി. നല്ല കൃഷിമുറകൾ പാലിച്ച് കൃഷി ചെയ്ത ഉൽപ്പന്നങ്ങൾ വിപണിയിൽ എത്തിച്ചു. നമ്മുടെ നെല്ല്-നമ്മുടെ അന്നം എന്ന മുദ്രാവാക്യമുയർത്തി തരിശിട്ടിരിക്കുന്ന, കൃഷിയോഗ്യമായ 90000 ഹെക്ടറിൽ ഇതുവരെ 15200 ഏക്കർ സ്ഥലത്ത് കൃഷിയിറക്കാൻ സാധിച്ചു. കരനെൽ കൃഷി പ്രോത്സാഹിപ്പിച്ചതിന്റെ ഭാഗമായി നെൽക്കൃഷി അടുത്ത 4 വർഷംകൊണ്ട് 3 ലക്ഷം ഹെക്ടറായി വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തിലേയ്ക്കാണ് കൃഷി വകുപ്പ് നീങ്ങിക്കൊണ്ടിരിക്കുന്നത്. തരിശുനിലം കൃഷിയുടെ ഭാഗമായി 15000 ഏക്കറിൽ പുതിയതായി കൃഷി ചെയ്തു. കാർഷിക മേഖലയിൽ ഒരു പുത്തൻ ഉണർവ്വുണ്ടാക്കാൻ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ കഴിഞ്ഞിട്ടുണ്ട്. കൃഷി ഉപേക്ഷിച്ചുപോയ കൃഷിക്കാരെ കൃഷിയിലേയ്ക്ക് മടക്കിക്കൊണ്ടുവരാനും കൃഷി ലാഭകരമാക്കാനും കഴിഞ്ഞിട്ടുണ്ട്.

മൃഗസംരക്ഷണ മേഖലയിൽ ക്ഷീര കർഷകർക്ക് സഹായകരമായി കറവക്കാരുടെ ക്ഷാമം പരിഹരിക്കുന്നതിന് കറവയന്ത്രം സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കി. ഒരു ഗുണഭോക്താവിന് 25,000 രൂപ വീതം നൽകുകയുണ്ടായി. സംസ്ഥാന സർക്കാരിന്റെ ശക്തമായ ഇടപെടലുകളുടെ ഫലമായി കേന്ദ്ര ഫണ്ടുകൾ ലഭ്യമാക്കി. സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതിയായ "ഗോസമൃദ്ധി" നടപ്പിലാക്കാൻ 5 കോടി രൂപ വകയിരുത്തി. മൃഗാശുപത്രികളുടെ ശാക്തീകരണത്തിന് ഫർണിച്ചർ വാങ്ങാൻ കേന്ദ്ര ഫണ്ട് ലഭ്യമാക്കുന്നതുൾപ്പെടെ മൃഗസംരക്ഷണ മേഖല വികസിപ്പിക്കുന്നതിന് നിരവധി നടപടികൾ സ്വീകരിക്കുകയുണ്ടായി. എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം രണ്ട് വർഷത്തിനുള്ളിൽ ക്ഷീരോൽപ്പാദനത്തിൽ സ്വയംപര്യാപ്തതയെന്ന പ്രഖ്യാപിത ലക്ഷ്യം നടപ്പാക്കുന്നതിനായി നൂതനങ്ങളായ പദ്ധതികൾക്ക് രൂപം നൽകി. 2016 ഏപ്രിൽ മാസത്തിൽ ക്ഷീരസംഘങ്ങൾ വഴിയുള്ള പാൽ സംഭരണം 46677903 ലിറ്റർ ആയിരുന്നു. 2016 നവംബർ ആയപ്പോൾ 7 ശതമാനം വർദ്ധനവുണ്ടായി. സംസ്ഥാനത്തെ പാലിന്റെയും പാൽ ഉൽപ്പന്നങ്ങളുടെയും ഗുണനിലവാരം ഉറപ്പാക്കുന്നതിന് വകുപ്പ്

കൃത്യമായ ഇടപെടൽ നടത്തുകയുണ്ടായി. സംസ്ഥാനത്ത് വിറ്റഴിക്കുന്ന കാലിത്തീറ്റയുടെയും കുടിവെള്ളത്തിന്റെയും രാസാണു ഗുണമേന്മ ഉറപ്പാക്കുന്നതിനായുള്ള NABL അക്രെഡിറ്റേഷനോടുകൂടിയ സ്റ്റേറ്റ് ഡെയറി ലാബുകൾ പ്രവർത്തനക്ഷമമാക്കി. തീറ്റപ്പുൽക്കൃഷി പ്രോത്സാഹിപ്പിക്കാനും ക്ഷീര കർഷകർക്ക് കൂടുതൽ ആനുകൂല്യങ്ങൾ നൽകാനുമുള്ള നടപടി സ്വീകരിച്ചു. വനം കയ്യേറ്റത്തെ പ്രോത്സാഹിപ്പിക്കുന്ന സമീപനമാണ് യു.ഡി.എഫ്. സർക്കാർ സ്വീകരിച്ചിരുന്നത്. കഴിഞ്ഞ 5 വർഷം യു.ഡി.എഫ്. സർക്കാർ വനം കയ്യേറ്റത്തിനെതിരെ ഒരു നടപടിയും സ്വീകരിച്ചില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം മൂന്നാറിലുൾപ്പെടെ പുതിയതായി ഒരു കയ്യേറ്റവും നടന്നില്ല. കഴിഞ്ഞ 5 വർഷം എന്താണ് ചെയ്തത്? ഇതുസംബന്ധിച്ച് അന്ന് "കേന്ദ്ര അനുമതിയില്ലാതെ 1250 ഏക്കർ വനഭൂമി കയ്യേറ്റക്കാർക്ക് നൽകുന്നു," "വനം കയ്യേറ്റം ഒഴിപ്പിക്കൽ വാക്കിൽ മാത്രം", "കയ്യേറ്റക്കാരുടെ പക്കൽ 3250 ഹെക്ടർ വനഭൂമി" , "കാട്ടുമൃഗങ്ങളുടെ ആക്രമണത്തിൽ സംസ്ഥാനത്താകെ കോടികളുടെ നാശനഷ്ടം" , "വനം വകുപ്പ് പ്രവർത്തനം കുത്തഴിഞ്ഞു" , "സർക്കാരും വൻകിട കമ്പനികളും വ്യക്തികളും കയ്യേറിയത് 39000 ഏക്കർ വനം", "സർക്കാർ അനുമതിയില്ലാതെ 754 തേക്കുമരങ്ങൾ മുറിച്ചത് 3 ദിവസംകൊണ്ട്" , "തടിലേലം, വനം വകുപ്പിൽ അധികാരം കവരൽ വിവാദം", "വടക്കൻ ജില്ലകളിൽ 4680 ഹെക്ടർ വനഭൂമി വ്യക്തികൾ കയ്യേറി" , "വനം കയ്യേറ്റത്തെ പ്രോത്സാഹിപ്പിച്ചത് സർക്കാർ" എന്നിങ്ങനെ പത്രവാർത്തകൾ വന്നിട്ടുണ്ട്. ആകെ ഒഴിപ്പിക്കേണ്ടത് 7289 ഹെക്ടർ വനഭൂമിയാണെന്നാണ് ഹൈക്കോടതി വിധി. എന്നാൽ അതിനെതിരെ യാതൊരു നടപടിയും യു.ഡി.എഫ്. സർക്കാർ സ്വീകരിച്ചില്ല. കേന്ദ്ര അനുമതിയില്ലാതെ കോട്ടയത്ത് 1250 ഏക്കർ വനഭൂമി കയ്യേറ്റക്കാർക്ക് പതിച്ചുനൽകാൻ യു.ഡി.എഫ്. സർക്കാർ ഉത്തരവിറക്കി, ജില്ലാ കളക്ടറെ ചുമതലപ്പെടുത്തി. ജണ്ട അനുസരിച്ച് പെരിയാർ കടുവാ സങ്കേതത്തിന്റെ ഭാഗമായ ഭൂമിയാണിത്. യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് വനം കയ്യേറ്റം ഒഴിപ്പിക്കുമെന്ന വാഗ്ദാനം പാഴായി. സ്വകാര്യ വ്യക്തികൾ കയ്യടക്കിയിരിക്കുന്നത് 3250 ഹെക്ടറിലധികം ഭൂമിയാണ്. വനഭൂയിലെ കയ്യേറ്റം സംബന്ധിച്ച് വനംവകുപ്പിലെ ഡി.എഫ്.ഒ.-മാർ 2015-ൽ വനം വകുപ്പിന് റിപ്പോർട്ട് സമർപ്പിച്ചിരുന്നു. കയ്യേറിയ വനഭൂമി തിരിച്ചുപിടിക്കാൻ കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ യാതൊരുവിധ നടപടിയും കൈക്കൊണ്ടില്ല. പാട്ടക്കാലാവധി കഴിഞ്ഞ ഭൂമി തിരിച്ചുപിടിക്കാൻ യു.ഡി.എഫ്. സർക്കാർ താൽപ്പര്യം കാണിച്ചില്ല. വനം കയ്യേറ്റം ഒരു വർഷത്തിനകം ഒഴിപ്പിക്കാൻ 2015-ൽ ഹൈക്കോടതി ഉത്തരവിട്ടിട്ടും യു.ഡി.എഫ്. സർക്കാർ യാതൊരു നടപടിയും സ്വീകരിച്ചില്ല. ഒഴിപ്പിക്കേണ്ടത് 7289 ഹെക്ടർ ആണെന്ന് സൂചിപ്പിക്കുകയുണ്ടായി. എന്റെ നിയോജകമണ്ഡലത്തിൽ RRT (Rapid Response Team)-യുടെ

പ്രവർത്തനം എത്രയുംവേഗം നടപ്പിലാക്കേണ്ടതുണ്ട്. കാട്ടാനകളുടെയും മറ്റ് വന്യമൃഗങ്ങളുടെയും ശല്യം വർദ്ധിച്ചുവരികയാണ്. അതിരപ്പിള്ളിയിൽ ഒരു ഫോറസ്റ്റ് സ്റ്റേഷൻ രൂപീകരിച്ച് RRT-യുടെ സേവനം പ്രയോജനപ്പെടുത്തണം. കൃഷിനാശത്തിനുള്ള നഷ്ടപരിഹാരത്തുക വർദ്ധിപ്പിച്ചത് കർഷകർക്ക് വലിയ ആശ്വാസമാണ്. എന്നാൽ നീലക്കോഴികൾ ഉൾപ്പെടെയുള്ള പക്ഷികൾ കൃഷി നശിപ്പിച്ചാൽ നഷ്ടപരിഹാരം നൽകാനുള്ള വ്യവസ്ഥയില്ലെന്നാണ് കൃഷിവകുപ്പിൽ അന്വേഷിച്ചപ്പോൾ അറിഞ്ഞത്. വലിയ തോതിലുള്ള കൃഷിനാശം പക്ഷികൾ വരുത്തുന്നുണ്ട്, അതിന് നഷ്ടപരിഹാരം നൽകാനുള്ള നടപടി സ്വീകരിക്കണം. കാലടി പ്ലാന്റേഷൻ കോർപ്പറേഷനിൽ കുത്തഴിഞ്ഞ അവസ്ഥയാണുള്ളത്. അതിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തണം. എണ്ണപ്പനക്കുരു സംസ്കരണ ഫാക്ടറി സ്ഥാപിക്കാൻ നടപടി സ്വീകരിക്കണം. ഇപ്പോൾ എണ്ണപ്പനക്കുരു കൊല്ലത്തുകൊണ്ടുപോയാണ് സംസ്കരിക്കുന്നത്. റബ്ബറിന് വില കുറഞ്ഞ സാഹചര്യത്തിൽ പ്ലാന്റേഷൻ കോർപ്പറേഷനെ ലാഭത്തിലാക്കാൻ ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് ബന്ധപ്പെടുത്തി നടപടി സ്വീകരിക്കേണ്ടതുണ്ട്. തുമ്പൂർമൂഴിയിൽ ആരംഭിച്ച ഫുഡ് ടെക്നോളജി കോളേജിന് യാതൊരു അടിസ്ഥാന സൗകര്യങ്ങളുമില്ല. അതിന്റെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം. ഇവിടെ ഫാം ടൂറിസം ശക്തിപ്പെടുത്താനുള്ള നടപടി സ്വീകരിക്കണം. ഏറ്റവും മുന്തിയതരം തീറ്റപ്പുല്ല് ഉൽപ്പാദിപ്പിക്കുന്ന സ്ഥലമാണ് തുമ്പൂർമൂഴി കാറ്റിൽ ബ്രീഡ് ഫാം. ഇതിന് കൂടുതൽ പ്രചാരണം നൽകാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട് 32 വർഷങ്ങൾക്കുമുമ്പ് 15 ഏക്കർ സ്ഥലം പോത്തിറച്ചി സംസ്കരണ ഫാക്ടറിക്കുവേണ്ടി വാങ്ങിയിട്ടുണ്ട്. ആ ഫാക്ടറി അവിടെ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. അതുപോലെ കല്ലേറ്റുംകര കേരള ഫീഡ്സിൽ കുത്തഴിഞ്ഞ സ്ഥിതിയാണ്. കെടുകാര്യസ്ഥതയാണ് അവിടെ നിലനിൽക്കുന്നത്. യഥാസമയം ആവശ്യത്തിന് കാലിത്തീറ്റ വിതരണം ചെയ്യാൻ കഴിയുന്നില്ല. അതുകൊണ്ട് ഇതിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തി ഉൽപ്പാദനം വർദ്ധിപ്പിച്ച് കാലിത്തീറ്റ നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ഈ സർക്കാർ കഴിഞ്ഞ കാലങ്ങളിൽനിന്ന് വ്യത്യസ്തമായി നിയമസഭ കാലേക്കൂട്ടി വിളിച്ചിരിക്കുകയാണ്. മുമ്പ് ബഡ്ജറ്റ് നടപടികൾ പൂർത്തീകരിക്കാൻ ആഗസ്റ്റ് മാസത്തോടുകൂടി നിയമസഭ വിളിച്ചുകൂട്ടി നടപടികൾ പൂർത്തീകരിക്കുന്ന ഒരവസ്ഥയാണ് നിലനിന്നിരുന്നത്. എന്നാൽ പദ്ധതികൾ യഥാസമയം ആരംഭിക്കാനും യഥാസമയം പൂർത്തീകരിക്കാനുംവേണ്ടി വളരെ നേരത്തെതന്നെ നിയമസഭാ സമ്മേളനം ചേർന്ന് അതിനുള്ള നടപടി സ്വീകരിച്ചുവെന്നത് അഭിനന്ദനാർഹമാണ്.

വികസന പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്താനുള്ള സർക്കാരിന്റെ ഇച്ഛാശക്തിയാണ് ഇതിലൂടെ പ്രകടിപ്പിച്ചുകൊണ്ടിരിക്കുന്നത്. ഗവൺമെന്റ് നടത്തുന്ന വികസന പ്രവർത്തനങ്ങളെ തടസ്സപ്പെടുത്താനും അനാവശ്യമായ സമരങ്ങൾ നടത്താനുമുള്ള പരിശ്രമമാണ് പ്രതിപക്ഷം നടത്തിക്കൊണ്ടിരിക്കുന്നത്. ഓരോ ദിവസവും മാധ്യമങ്ങളാണ് പ്രതിപക്ഷത്തിന് അജണ്ട നിശ്ചയിച്ചു കൊടുക്കുന്നത്. ആ അജണ്ട അനുസരിച്ചാണ് ഇവിടെ പ്രവർത്തിക്കുന്നത്. മാധ്യമങ്ങളുടെ പിന്തുണയും ജാതിമത ശക്തികളുടെ സ്വാധീനവുമില്ലെങ്കിൽ പ്രതിപക്ഷത്തിനിവിടെ നിലനിൽക്കാൻതന്നെ കഴിയുമോ എന്ന് നമ്മൾ പരിശോധിക്കേണ്ട കാര്യമാണ്. സർക്കാർ കൊണ്ടുവരുന്ന കിഫ്ബി പോലുള്ള നല്ല പ്രവർത്തനങ്ങളെ ആക്ഷേപിക്കുകയാണ്. എന്നും എൽ.ഡി.എഫ്. സർക്കാർ കൊണ്ടുവന്നിട്ടുള്ള നല്ല കാര്യങ്ങളെ തകർക്കുന്ന സമീപനമാണ് യു.ഡി.എഫ്. അധികാരത്തിൽ വരുമ്പോൾ സ്വീകരിച്ചിട്ടുള്ളത്.

മി. സ്പീക്കർ: ദയവായി കൺക്ലൂഡ് ചെയ്യൂ.

ശ്രീ. ബി. ഡി. ദേവസ്സി: സർ, അതുപോലെതന്നെ ഇപ്പോഴും കിഫ്ബി പോലുള്ള നല്ല പ്രവർത്തനങ്ങളെ, ബഡ്ജറ്റിന് പുറമെ പൈസ കണ്ടെത്തി വികസന പ്രവർത്തനങ്ങൾ നടത്താനുള്ള സർക്കാരിന്റെ ഇച്ഛാശക്തിയെ തകർക്കാനും നിയമസഭയ്ക്കകത്തും പുറത്തും ഇതിനെതിരെ ആക്ഷേപങ്ങൾ ഉന്നയിക്കാനുമുള്ള പരിശ്രമങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഞാൻ ദീർഘിപ്പിക്കുന്നില്ല, എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. അടൂർ പ്രകാശ്: സർ, ഈ സഭയിൽ ബഹുമാന്യനായ കെ. രാജൻ പ്രസംഗിച്ചപ്പോൾ ആറന്മുളയെക്കുറിച്ച് ചില കാര്യങ്ങൾ സൂചിപ്പിച്ചു. ആറന്മുള എയർപോർട്ടിനുവേണ്ടി കൈവശം വച്ചിരിക്കുന്ന ഭൂമി തിരിച്ചുപിടിച്ച് അവിടെ കൃഷിയിറക്കി എന്നാണ് അദ്ദേഹം പറഞ്ഞത്. ഞാൻ ഈ സഭയിൽത്തന്നെ ഒരു ചോദ്യം ചോദിച്ചതാണ്. 2006-2011 കാലഘട്ടത്തിൽ ശ്രീ. വി. എസ്. അച്ചുതാനന്ദൻ കേരളത്തിന്റെ മുഖ്യമന്ത്രിയായിരുന്നപ്പോൾ ആറന്മുള എയർപോർട്ടിന് അനുമതി നൽകിയത് അദ്ദേഹമാണ്. ഗ്രീൻഫീൽഡ് എയർപോർട്ട് എന്നുള്ള നിലയിൽ അത് നടപ്പാക്കണം. അതിലൊരു പ്രത്യേകത കൂടിയുണ്ട്. ആ എയർപോർട്ട് ഒരു വർഷംകൊണ്ട് പൂർത്തീകരിക്കുന്നതിനുവേണ്ടി ചില മന്ത്രിമാരെ ചുമതലപ്പെടുത്തി. മന്ത്രിമാരെ ചുമതലപ്പെടുത്തിയെന്ന് പറയുന്നത് അന്നത്തെ കൃഷി വകുപ്പുമന്ത്രിയായിരുന്ന ശ്രീ. മുല്ലക്കര രത്നാകരനെയാണ്. അദ്ദേഹം അവിടെ പോയി, ദൈനംദിന പ്രവർത്തനങ്ങളിൽ വിലയിരുത്തൽ നടത്തി, എയർപോർട്ട്

എത്രയും വേഗത്തിൽ പൂർത്തീകരിക്കണമെന്നുള്ളതായിരുന്ന തീരുമാനം. എന്നാൽ ആ തീരുമാനം നടക്കാതെ പോയി. കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടത്തിൽ ശ്രീ. മുല്ലക്കര രത്നാകരൻ ഉൾപ്പെടെയുള്ളവർ വന്ന് അവിടെ സമരം നടത്തി. ഇന്ന് ബഹുമാന്യനായ കൃഷി വകുപ്പുമന്ത്രി പറയുന്നതെന്താണ്? ആറന്മുള ബ്രാൻഡ് അരി നൽകിത്തുടങ്ങിയെന്നാണ് അദ്ദേഹം പറയുന്നത്. ആറന്മുള പഞ്ചായത്തിലെ 50 സെന്റ് ഭൂമിയിൽ കൃഷി ചെയ്താൽ ആറന്മുള ബ്രാൻഡ് ആകുമോ; മല്ലപ്പുഴശ്ശേരി പഞ്ചായത്തിൽ കുറേ ഭൂമി കൃഷി ചെയ്യുന്നുണ്ട്, കൃഷി ചെയ്യുന്നില്ലെന്ന് ഞാൻ പറയുന്നില്ല. അന്ന് നിങ്ങൾ മണ്ണിട്ട് നികത്താൻ അനുമതി നൽകിയ സകല ഭൂമിയിലും നെൽക്കൃഷി നടത്തി എല്ലാ സായൂജ്യവും നേടി ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി ഇപ്പോൾ ഇവിടെയിരിക്കുകയാണ്. അദ്ദേഹം ഒരു സ്വകാര്യ വ്യക്തിയുടെ 50 സെന്റ് ഭൂമിയിൽ കൃഷിയിറക്കാൻ നെല്ല് വിതച്ചു. നെല്ല് വിതയ്ക്കുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും കൊണ്ടുപോയി. ചുവന്ന പരവതാനി വിരിച്ച സോക്സും ഒക്കെയിട്ട അദ്ദേഹത്തിന്റെ പടം അവിടെയൊക്കെ കണ്ടു. ബാരിക്കേഡ് കെട്ടി വേറെയാരും ചെല്ലാൻ പാടില്ല എന്നുള്ളതുകൊണ്ട് അദ്ദേഹം അവിടെ കൃഷിയിറക്കി. 50 സെന്റ് ഭൂമിയെക്കുറിച്ച് ഞാനന്വേഷിച്ചപ്പോൾ ഒരു സ്വകാര്യ വ്യക്തിയുടെ ഭൂമിയാണെന്ന് അറിയാൻ കഴിഞ്ഞു. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയും അവിടെയുണ്ടായിരുന്നു. ഇന്ന് ഈ കൃഷിയെക്കുറിച്ച് പറയുമ്പോൾ, നെല്ല് സംഭരണം നടക്കുന്നില്ല. കൊയ്ത നെല്ല് ഒരാഴ്ചയായി പാടത്ത് കൂട്ടിയിട്ടിരിക്കുകയാണ്. ഇന്നും വാർത്തയുണ്ട്. മന്ത്രി പ്രഖ്യാപിച്ചത് നെല്ലെടുത്താൽ വരമ്പത്ത് വില നൽകുമെന്നാണ്. വരമ്പത്ത് വില നൽകിയോ? അതുപോലെ ദീപിക ദിനപ്പത്രത്തിൽ 9-4-2017-ന് വന്ന ഒരു വാർത്തയാണ് 'നെല്ല് സംഭരിക്കുന്നില്ല, കുട്ടനാട്ടിൽ ഹർത്താൽ 10-ന് എന്നത്. അവിടെ പീലിയാരിക്കൽ അച്ചന്റെ നേതൃത്വത്തിൽ ഹർത്താൽ പ്രഖ്യാപിച്ചു. ഇങ്ങനെയുള്ള ചില കാര്യങ്ങൾ പറഞ്ഞ് ആളുകളെ തെറ്റിദ്ധരിപ്പിക്കാൻ, എപ്പോഴും ആറന്മുള, എന്നു പറഞ്ഞ് സ്ഥാപിക്കാൻവേണ്ടി നടക്കുകയാണ്. ഇന്ന് പച്ചക്കറി വിലയ്ക്ക് തീപിടിക്കുന്നു. ഹോർട്ടികോർപ്പിന്റെ എം.ഡി.-യെ മാറ്റി, ഞങ്ങൾക്കാർക്കും പരാതിയില്ല. പുതിയ എം.ഡി.-യെ ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി നിയമിച്ചു, ആരാണെന്നറിയാമോ? അദ്ദേഹത്തിന്റെ ഏറ്റവും അടുത്ത സുഹൃത്ത് ഡോ. രഞ്ജൻ എസ്. കരിപ്പായി, ഹോർട്ടികോർപ്പിൽനിന്ന് അദ്ദേഹം ഇപ്പോൾ രാജിവച്ചു. അദ്ദേഹത്തെക്കുറിച്ച് സി.പി.ഐ.-ൽ ചില അഭിപ്രായ ഭിന്നതയുണ്ടായി എന്നതാണ് രാജിവയ്ക്കാനുള്ള കാരണമായി കേരളകൗമുദി ദിനപ്പത്രത്തിൽ 13-2-2017-ൽ വന്ന വാർത്ത. ഇവിടെ 'നാളികേരത്തിന്റെ നാട്ടിൽ നാഴിയിടങ്ങഴി

മണ്ണുകൊണ്ട് മലയാളി അഭിമാനം കൊണ്ടിരുന്ന കാലമുണ്ടായിരുന്നു. എന്നാലിന്ന് വെളിച്ചെണ്ണ വില വർദ്ധിപ്പിച്ചിട്ടും ലക്ഷക്കണക്കിന് കേര കർഷകർ നേട്ടമില്ലാതെ നട്ടം തിരിയുകയാണ്. സംഭരണവുമില്ല, വിലയുമില്ല; നേട്ടമില്ലാതെ കർഷകരും കേര കർഷകരും. ഇങ്ങനെ പല കാര്യങ്ങളുമുണ്ട്. കേരളത്തിലെ കർഷകർ ഉൽപ്പാദിപ്പിക്കുന്ന സാധനങ്ങൾ ഏറ്റെടുക്കാൻ തുടങ്ങിയത് 2005 ജ്ജൂൺ മാസം 4-ാം തീയതിയാണ്. അന്ന് ഭക്ഷ്യ വകുപ്പിന്റെ ചുമതല വഹിച്ചിരുന്നത് ഞാനും മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയുമാണ്. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ഞങ്ങൾ ഈ കാര്യങ്ങളൊക്കെ ചെയ്തു. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയുടെ നാവില്ലായിരുന്നുവെങ്കിൽ കേരളത്തിലെ കർഷകർ എന്തു ചെയ്യുമായിരുന്നുവെന്ന് അതിശയിച്ചുപോകുകയാണ്. എന്തുപറഞ്ഞാലും അങ്ങയെ സമ്മതിക്കണം, കരണംമറിഞ്ഞു വീണാൽ നാലു കാലിൽ നിൽക്കാൻ അങ്ങേയ്ക്ക് നന്നായി അറിയാം. ഒരു സർക്കസ്സുകാരന്റെ തിളക്കത്തോടെ നിൽക്കുന്ന അങ്ങയെ ഞാൻ ഇക്കാര്യത്തിൽ അഭിനന്ദിക്കുകയാണ്. കാരണം അഭിനന്ദിച്ചില്ലെങ്കിൽ ആളുകൾ തെറ്റിദ്ധരിക്കും. ഒരു നിർദ്ദേശംകൂടി വയ്ക്കുന്നു. കേരളത്തിൽ കൂടുതൽ വിഷരഹിതമായ പച്ചക്കറി ഉൽപ്പാദിപ്പിക്കണം. സമയാസമയങ്ങളിൽ ആവശ്യത്തിന് വേണ്ടുന്നവ വിറ്റഴിക്കണം. ബാക്കി വരുന്ന പച്ചക്കറികൾ കേടുകൂടാതെ സൂക്ഷിക്കുന്നതിന് ഒരു ജില്ലയിൽ ഒരു കേന്ദ്രമെങ്കിലും ആരംഭിക്കാനുള്ള നേതൃത്വം കൊടുക്കണം. കേന്ദ്ര ഗവൺമെന്റിൽനിന്നും അതിനാവശ്യമായ സാമ്പത്തിക സഹായം ലഭിക്കും. ഇവിടെ ഉൽപ്പാദിപ്പിക്കുന്ന ഏത്തൻ കുലകൾ സംഭരിക്കുക മാത്രമല്ല മൂല്യവർദ്ധിത ഉൽപ്പന്നമാക്കി മാറ്റുകയും ചെയ്യണം. അപ്പോൾ കേരളത്തിലെ കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങൾക്ക് കൂടുതൽ വില ലഭിക്കും. കേരളത്തിലെ ഒരു ബ്രാൻഡായി വിദേശ വിപണിയിൽ അവ വിറ്റഴിക്കുവാനും കഴിയും.

അതുപോലെ നമ്മുടെ വനം വകുപ്പുമന്ത്രിയുമായി ബന്ധപ്പെട്ടുകൊണ്ട്, ശ്രീ. ആർ. രാമചന്ദ്രൻ പ്രസംഗിച്ചപ്പോൾ കാട്ടുതീ റിപ്പോർട്ട് ചെയ്തിട്ടില്ലെന്ന് പറഞ്ഞു. ശ്രീ. ആർ. രാമചന്ദ്രന്റെ സ്ഥലത്ത് വലിയ കാടൊന്നും ഇല്ലാത്തതുകൊണ്ട് അദ്ദേഹത്തിനത് പറയാം. ചന്ദനക്കൊള്ള റിപ്പോർട്ട് ചെയ്തിട്ടില്ലെന്ന് പറഞ്ഞു, ഇവിടെ വനംവകുപ്പ് നടപടി സ്വീകരിക്കാത്ത കേസുണ്ട്. 'വനംമന്ത്രിയുടെ നാട്ടിൽ ചന്ദനക്കൊള്ള', പത്ര വാർത്തയാണ്. 'വനഭൂമിയിലെ കുടിയേറ്റം ലക്ഷത്തോളം ഏക്കറിൽ, കുടിയേറ്റം കൂടുതൽ ഇടുക്കിയിൽ' എന്നത് ദേശാഭിമാനി ദിനപത്രത്തിൽ വന്ന ഒരു വാർത്തയാണ്. 1993-ലെ ഭൂപതിവ് ചട്ടമനുസരിച്ചാണ് പരിശോധന നടത്തിയത്. ഇങ്ങനെ പല കാര്യങ്ങളും ഇതുമായി ബന്ധപ്പെട്ടുണ്ടായിട്ടുണ്ട്. ഇടുക്കിയിലെ കയ്യേറ്റത്തെക്കുറിച്ചിവിടെ പലരും സൂചിപ്പിക്കുന്നുണ്ട്. അവിടെ

ആൽബിൻ എന്നുപറയുന്ന വ്യക്തി ഇതുമായി ബന്ധപ്പെട്ട് ഗവേഷണം നടത്തുകയാണ്. അവിടെ ഏതെങ്കിലും വനഭൂമിയിൽനിന്ന് മരം മുറിച്ചുമാറ്റിയാൽ അത് പിറ്റേ ദിവസം അദ്ദേഹത്തിന്റേതാകും. വളച്ചുകെട്ടുന്ന ഒരു സ്വഭാവമാണ് അദ്ദേഹത്തിനുള്ളത്. ഇതൊക്കെ അങ്ങയുടെ ശ്രദ്ധയിൽക്കൊണ്ടുവരുമ്പോഴും ഈ വകുപ്പ് ഭംഗിയായി കൊണ്ടുപോകണമെന്ന് ആഗ്രഹിക്കുന്ന ആളാണ് അങ്ങെന്ന് എനിക്കറിയാം. അങ്ങ് ഉപദേശകരുടെ പിടിയിൽ വീഴാതിരിക്കാൻ ശ്രദ്ധിച്ചാൽ മാത്രംമതി. ഇക്കോ ടൂറിസം പദ്ധതി ഭംഗിയായി കൊണ്ടുപോകണം. അങ്ങയുടെ നിയോജകമണ്ഡലമുൾപ്പെടെയുള്ള പ്രദേശങ്ങളിൽ ഇക്കോ ടൂറിസം പദ്ധതി നടപ്പാക്കി കേരളത്തിന്റെ ടൂറിസം മേഖലയിൽ വലിയ സംഭാവനകൾ നൽകുന്നുണ്ട്. അനേകം ആളുകൾക്ക് പ്രത്യക്ഷമായും പരോക്ഷമായും തൊഴിൽ നൽകാൻ കഴിയുന്ന സംരംഭമാണ് ഇക്കോ ടൂറിസം പദ്ധതി. വനത്തെക്കുറിച്ച് പഠിക്കാൻ കേരളത്തിനകത്തുനിന്നും പുറത്തുനിന്നും വിദേശികളടക്കം അനേകം ആളുകൾ ഇവിടെ എത്തിച്ചേരുന്നുണ്ട്. ഞാൻ ആദ്യമായി എം.എൽ.എ. ആയത് 1996-ലാണ്. അന്നത്തെ ടൂറിസം വകുപ്പുമന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരൻ നായരായിരുന്നു. അങ്ങയുടെ മണ്ഡലത്തിൽ തെന്മല ഇക്കോ ടൂറിസം പദ്ധതിക്ക് തുടക്കം കുറിക്കുന്ന കാലഘട്ടത്തിൽ കോന്നി മേഖലകൂടി ഇതിൽ ഉൾപ്പെടുത്തണമെന്ന് ഞാൻ സഭയിൽ ആവശ്യപ്പെട്ടു. അപ്പോൾ അദ്ദേഹം അനുകൂലമായ മറുപടി പറയുകയും ചെയ്തു. ഈ കാര്യങ്ങളെക്കുറിച്ച് പഠിക്കാൻ അന്നത്തെ ഇക്കോ ടൂറിസം ഡയറക്ടറായിരുന്ന ശ്രീ. മോഹൻലാലിനെ ചുമതലപ്പെടുത്തി റിപ്പോർട്ട് തയ്യാറാക്കി. അന്ന് തുടക്കമെന്ന നിലയിൽ ആനക്കോട് കേന്ദ്രീകരിച്ച് തുടങ്ങിയതാണ് കോന്നി ഇക്കോ ടൂറിസം. ഇന്ന് ലക്ഷക്കണക്കിന് ആളുകൾ വന്നുപോകുന്ന ഒരു ടൂറിസ്റ്റ് കേന്ദ്രമായി അത് മാറിയിട്ടുണ്ട്. 2015-16 വർഷത്തിൽ 174486 ആളുകൾ സന്ദർശകരായി അവിടെയെത്തി. അതുപോലെ അടവിയിലെ കുട്ടവഞ്ചി സഞ്ചാരം തുടങ്ങിയത് 2014 ആഗസ്റ്റ് 25-നാണ്. 2015-16 വർഷത്തിൽ 56552 ആളുകൾ അടവിയിൽ സന്ദർശകരായി എത്തി. 2016 ഏപ്രിൽ ഒന്നുമുതൽ 2017 മാർച്ച് വരെ അവിടെനിന്നും ലഭിച്ച വരുമാനം 2,01,96,770 രൂപയാണ്. അതിൽ അങ്ങ് തന്നിരിക്കുന്ന കണക്കനുസരിച്ച് 1,60,79,264 രൂപ ചെലവായിട്ടുണ്ട്. ടൂറിസം വകുപ്പിൽനിന്നും ഇതിന്റെ അറ്റകുറ്റപ്പണികൾക്കുവേണ്ട പണവും അനുവദിക്കുന്നുണ്ട്. ഇവിടെനിന്നും ലഭിക്കുന്ന വരുമാനം ചെലവഴിക്കുന്നതിനെക്കുറിച്ചൊരു സോഷ്യൽ ഓഡിറ്റ് നടത്തേണ്ടത് അത്യാവശ്യമാണ്. ഇത്തരം കേന്ദ്രങ്ങളിൽ പലയിടത്തും ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കാറുണ്ട്. കോന്നി കേന്ദ്രീകരിച്ച് ഒരു ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കമ്മിറ്റിയുണ്ടാകണമെന്നതാണ് എന്റെ ആവശ്യം. എന്റെ നിയോജകമണ്ഡലത്തിൽ വളരെ വിദഗ്ദ്ധനായ ഒരു ഡി.എഫ്.ഒ.

ഉണ്ടായിരുന്നു. ഒരു വർഷത്തിനുള്ളിൽ നാല് ട്രാൻസ്ഫർ വാങ്ങിയ ഒരു വിദഗ്ധനാണ്. അദ്ദേഹം ആദ്യം വയനാട്ടിലും അതുകഴിഞ്ഞ് തേക്കടിയിലും പോയി. അവിടെനിന്ന് കോന്നിയിൽ വന്നു; ഇപ്പോൾ അദ്ദേഹം തിരുവനന്തപുരത്താണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുനലൂരിലേയ്ക്ക് പോകാൻ ശ്രമം നടത്തി. ഏതായാലും പലരും ഇടപെട്ടതിന്റെ ഫലമായി പുനലൂർക്ക് ട്രാൻസ്ഫർ കിട്ടിയില്ല, ഇപ്പോൾ തിരുവനന്തപുരത്തിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി രക്ഷപ്പെട്ടുവെന്നാണ് എന്റെ അഭിപ്രായം. അനുഭവത്തിന്റെ വെളിച്ചത്തിൽ പറയുന്നതാണ്. സർക്കാർ മാറിക്കഴിഞ്ഞപ്പോൾ കോന്നിയിലെ ഇക്കോ ടൂറിസം പദ്ധതി എങ്ങനെ അട്ടിമറിക്കാൻ കഴിയുമെന്ന് ഗവേഷണം നടത്തിയ ഒരു വ്യക്തിയാണ്. കോന്നിയിലെ ഇക്കോ ടൂറിസം പദ്ധതി കൂടുതൽ ജനാകർഷകമാക്കുന്നതിനുവേണ്ടി ഓണക്കാലത്ത് ഗജവിജ്ഞാനോത്സവം സംഘടിപ്പിച്ചു. അതിന് തുടക്കം കുറിച്ചത് അന്നത്തെ ഡി.എഫ്.ഒ. ആയിരുന്ന അന്തരിച്ച പ്രദീപ് കുമാറാണ്. കഴിഞ്ഞ വർഷം ഗജവിജ്ഞാനോത്സവം നടത്തിയില്ല. ഈ ഡി.എഫ്.ഒ.യുടെ നിരുത്തരവാദപരമായ പ്രവർത്തനത്തിന്റെ ഫലമായിട്ടാണ് അത് നടത്താതെ പോയത്. അതിന് വീണ്ടും ആരംഭം കുറിക്കണമെന്നതാണ് എന്റെ ആവശ്യം. കോന്നി ആനത്താവളം, അടവി, കാട്ടാത്തി, കല്ലേലി, കടമ്പപാറ, ഗവി എന്നീ കേന്ദ്രങ്ങൾ ഒരു സർക്യൂട്ടായി ഈ സഭയിൽ അങ്ങ് പ്രഖ്യാപിച്ചു. അതിന് അങ്ങയോടുള്ള നന്ദി ഞാൻ ഈ അവസരത്തിൽ അറിയിക്കുകയാണ്. അച്ചൻകോവിലിനോട് ചേർന്നുകിടക്കുന്ന ഒരു സ്ഥലമാണ് ആവണിപ്പാറ. അതൊരു പട്ടികവർഗ്ഗ കോളനിയാണ്. അവിടത്തെ പാവപ്പെട്ട ആളുകൾക്ക് ഇപ്പുറത്തുനിന്നും അപ്പുറത്തേയ്ക്കുപോകാൻ ഒരു പാലം വേണം. അതിന് രണ്ട് കോടി രൂപ നബാർഡിൽനിന്നും അനുവദിച്ചു. ഒരു മരംപോലും മുറിക്കാതെതന്നെ അതിന്റെ പണി പൂർത്തീകരിക്കാൻ കഴിയും. ഈ കാര്യങ്ങൾക്കൊക്കെ അങ്ങ് അനുകൂലമായ ഒരു തീരമാനമെടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഗവി എന്റെ നിയോജകമണ്ഡലത്തിലാണ്. അതുമായി ബന്ധപ്പെട്ട് അങ്ങൊരു മീറ്റിംഗ് വിളിച്ചുചേർത്ത് ആവശ്യമായ തീരുമാനങ്ങളെടുക്കണം. ആ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ ഇക്കോ ടൂറിസം പദ്ധതി കൂടുതൽ വിപുലമാക്കാൻ സഹായകമായ നിലപാടുകൾ സ്വീകരിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഇതൊക്കെ പറയുമ്പോഴും ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. എതിർക്കാതിരിക്കാൻ വേറെ വഴിയില്ല. ഈ സർക്കാർ കാണിക്കുന്ന പല തെറ്റായ നയങ്ങളും പ്രവർത്തനങ്ങളും കഴിഞ്ഞ ഒരുവർഷക്കാലംകൊണ്ട് നടന്നുപോകുന്നു എന്നതുകൊണ്ട് എനിക്ക് ഇതിനെ എതിർക്കാതിരിക്കാൻ നിവൃത്തിയില്ല.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ധനാഭ്യർത്ഥനയുമായി ബന്ധപ്പെട്ട് ഇന്നിവിടെ നടന്ന ചർച്ചയിൽ നമ്മുടെ സംസ്ഥാനത്തെ കാർഷിക മേഖലയുമായി ബന്ധപ്പെട്ടുള്ള പ്രതിസന്ധികളെയും കൃഷിക്കാർ നേരിടുന്ന പ്രശ്നങ്ങളെയും കേന്ദ്ര ഗവൺമെന്റിന്റെ നയങ്ങളെയും സംബന്ധിച്ച് പറയുകയുണ്ടായി. അതിൽ ഈ സർക്കാർ കർഷകർക്കുവേണ്ടി നടത്തുന്ന നിരവധി നടപടികളെ അനുകൂലിച്ചും എന്നാൽ കർഷകർക്കുവേണ്ടി ചെയ്യുന്ന കാര്യങ്ങളെ കണ്ടില്ലെന്ന് നടിച്ചും സംസാരിച്ചവർ ഇക്കൂട്ടത്തിലുണ്ട്; അത് സ്വാഭാവികമാണ്. പ്രതിപക്ഷത്തിന്റെ ഉത്തരവാദിത്വമെന്ന നിലയിൽ സർക്കാരിന്റെ നയങ്ങളോടുള്ള അവരുടെ വിയോജിപ്പ് പ്രകടിപ്പിക്കുന്നു, അത് ശക്തമായി അവതരിപ്പിക്കുന്നു, ആ വിമർശനങ്ങൾ ഉന്നയിക്കാനുള്ള ഉത്തരവാദിത്വം അവർ നിറവേറ്റിയതായി മാത്രമേ ഞാൻ കാണുന്നുള്ളൂ. അതുകൊണ്ടുതന്നെ കൃഷിവകുപ്പുമായി ബന്ധപ്പെട്ട് പ്രതിപക്ഷമടക്കം മുന്നോട്ടുവച്ച നിർദ്ദേശങ്ങളെല്ലാം വളരെ ഗൗരവമായിത്തന്നെയാണ് സർക്കാർ കാണുന്നത്. അതിനനുസൃതമായ രീതിയിൽ മാറ്റങ്ങൾ വരുത്താനാണ് ഉദ്ദേശിക്കുന്നത്.

കേരളത്തിലെ കാർഷിക മേഖല ആശാവഹമായ നിലയിലല്ല നിൽക്കുന്നതെന്ന് നമുക്കെല്ലാപേർക്കും അറിയാം. അതൊരു സുപ്രഭാതത്തിലുണ്ടായ കാര്യമല്ല. കേരളത്തിലെ കാർഷിക മേഖലയിലെ വളർച്ചാനിരക്ക് നെഗറ്റീവ് ഗ്രോത്തായി മാറിയിട്ട് കുറച്ചധികം കാലമായി. കേരളത്തിൽ 2015-16 സാമ്പത്തിക വർഷം കൃഷിയിലെ ജി.ഡി.പി. വിഹിതം 12.5 ശതമാനം മാത്രമാണ്. മാത്രമല്ല മൈനസ് 2.8-ലേയ്ക്ക് നമ്മുടെ വളർച്ചാനിരക്ക് പോയിക്കൊണ്ടിരിക്കുകയാണ്. പല മേഖലയിലും നമ്മുടെ സംസ്ഥാനം മുന്നേറുമ്പോഴും വളരെ പുറകിൽപ്പോയ ആശാവഹമല്ലാത്ത നിലയിൽ നിന്ന ഒന്നാണ് കാർഷിക മേഖല. അതിന് പല കാരണങ്ങളുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ട കാരണങ്ങളിലൊന്ന് ഉൽപ്പാദനത്തകർച്ചയാണ്. മറ്റൊന്ന് കാർഷിക മേഖലയിൽ കേന്ദ്ര ഗവൺമെന്റ് അനുവർത്തിക്കുന്ന കയറ്റുമതി/ഇറക്കുമതി നയത്തെത്തുടർന്നുണ്ടായിട്ടുള്ള പല കരാറുകളുടെയും പരിണിതഫലം ഏറ്റവുമധികം ബാധിച്ച ഒരു സംസ്ഥാനം കേരളമാണ്. റബ്ബർ മേഖലയുടെയും നാളികേരത്തിന്റെയും കുരുമുളകിന്റെയും കാര്യത്തിൽ അതാണവസ്ഥ. നാണ്യവിളകളുമായി ബന്ധപ്പെട്ട് ഇന്നലെ ഇവിടെ പ്രതിപക്ഷം അവതരിപ്പിച്ച അടിയന്തരപ്രമേയത്തിൽ അത് ചർച്ച ചെയ്ത വിഷയമാണ്. കേന്ദ്ര സർക്കാർ അനുവർത്തിക്കുന്ന സാമ്പത്തിക നയവും ഇറക്കുമതി നയവും അവർ ഒപ്പിട്ടിരിക്കുന്ന കരാറുകളുമെല്ലാം വളരെ അപകടകരമായ നിലയിൽ കേരളത്തെ ബാധിച്ചുകഴിഞ്ഞിരിക്കുകയാണ്. ഇവിടെ പല ആളുകളും അന്താരാഷ്ട്ര കരാറുകളെപ്പറ്റിയൊക്കെ സംസാരിക്കുകയുണ്ടായി. അന്താരാഷ്ട്ര

കരാറുകൾ ഇനിയും വരാൻ പോവുകയാണ്. ആർ.സി.ഇ.പി. കരാർ വരാൻ പോവുകയാണ്; അതിനെ സംബന്ധിച്ച് അദ്ദേഹം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ആ കരാറിന്റെ കാര്യത്തിൽ ഇപ്പോൾ നടക്കാൻപോകുന്ന മീറ്റിംഗുകളിൽ മറ്റ് രാജ്യങ്ങൾ തമ്മിലുള്ള ചർച്ചയാണ് നടത്തുന്നത്. ആ ചർച്ചയുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിന് അറിയിപ്പുകളൊന്നും ലഭിച്ചിട്ടില്ല. പക്ഷെ അതിനുമുമ്പുതന്നെ ആർ.സി.ഇ.പി. കരാറിൽ സംസ്ഥാന സർക്കാരിന്റെ അഭിപ്രായം വളരെ വ്യക്തമായി അറിയിച്ചിരിക്കുകയാണ്. ആർ.സി.ഇ.പി. കരാർ ഒപ്പുവയ്ക്കുന്നതോടുകൂടി കേരളത്തിലെ റബ്ബറിന്റെയും കുരുമുളകിന്റെയും ഏലത്തിന്റെയും പാലുൽപ്പന്നങ്ങളുടെയുമൊക്കെ കാര്യത്തിൽ ഗുരുതരമായ തകർച്ച സംഭവിക്കാൻ പോകുകയാണ്. അതുകൊണ്ട് നമ്മൾ ഒറ്റക്കെട്ടായിനിന്ന് കേന്ദ്രത്തിന്റെ ഈ നയത്തെ എതിർക്കേണ്ട സാഹചര്യമാണുള്ളത്. റബ്ബർ നയം വരാൻ പോകുകയാണ്. ശ്രീ. കെ. എം. മാണി സൂചിപ്പിച്ചതുപോലെ ഇവിടത്തെ എല്ലാ കർഷകരെയും രാഷ്ട്രീയ പാർട്ടിക്കാരെയും വിളിച്ച് റബ്ബർ നയത്തെ സംബന്ധിച്ചൊരു ചർച്ച നടത്താൻ കൃഷി വകുപ്പ് ആഗ്രഹിക്കുകയാണ്. ഇതിന്റെയടിസ്ഥാനത്തിൽ ഒരു സർവ്വകക്ഷി സംഘത്തെ തന്നെ കേന്ദ്രത്തിലേയ്ക്കയച്ച് നമ്മുടെ അഭിപ്രായം ശക്തമായി രേഖപ്പെടുത്തണമെന്ന് ഉദ്ദേശിക്കുന്നുണ്ട്. കാരണം, ഇന്ത്യയിലെ റബ്ബറിന്റെ 80 ശതമാനവും ഉത്പാദിപ്പിക്കുന്നത് കേരളത്തിലാണ് . ആ ഉൽപ്പാദകരിൽ 90 ശതമാനവും അഞ്ച് ഹെക്ടറിൽ താഴെമാത്രം കൃഷി ചെയ്യുന്ന ചെറുകിട കൃഷിക്കാരാണ്. വളരെ ചെറിയ ശതമാനം ആൾക്കാർ മാത്രമാണ് വൻകിട തോട്ടം ഉടമകളെന്ന് പറയുന്നത്. അതുകൊണ്ട് റബ്ബർ കൃഷിക്കാരെ ബാധിക്കുന്ന ഈ പ്രശ്നം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുമ്പോൾ നമ്മളെല്ലാം ഒറ്റക്കെട്ടായി നിൽക്കണം. ഇതെല്ലാം കണക്കിലെടുത്തുതന്നെയാണ് കേരളത്തിലെ കൃഷി വകുപ്പ് കാർഷിക മേഖലയിൽ മാറ്റം കൊണ്ടുവരാനുദ്ദേശിക്കുന്നത്. ഈ വർഷം ഇവിടെയുണ്ടായ വരൾച്ചമൂലം നാൽപ്പതിനായിരം ഹെക്ടർ പ്രദേശമാണ് പൂർണ്ണമായും നശിച്ചുപോയത്. അത് കാർഷികമേഖലയിലുണ്ടായ നഷ്ടമാണ്. 792 കോടി രൂപയുടെ നഷ്ടമാണ് ഇപ്പോൾ കണക്കാക്കിയിരിക്കുന്നത്. ഇപ്പോഴുണ്ടായിരിക്കുന്ന വരൾച്ചമൂലം റബ്ബറിന്റെയും നാളികേരത്തിന്റെയും ഉൽപ്പാദനത്തിലുണ്ടായ നഷ്ടം കണക്കാക്കണമെങ്കിൽ ഒരു വർഷംകൂടി കാത്തിരിക്കേണ്ടിവരും. അത്രയും ഗൗരവമായ നഷ്ടം നമുക്ക് സംഭവിച്ചിരിക്കുകയാണ്. ഈയൊരു സാഹചര്യത്തിലൂടെയാണ് സംസ്ഥാന സർക്കാർ മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്നത്. അതിന്റെ ഭാഗമായി വിലത്തകർച്ചയുണ്ടാകുമ്പോൾ സ്വാഭാവികമായും കൃഷിക്കാർക്ക് അത് പരിപാലിക്കാൻ കഴിയാത്ത സാഹചര്യം വരും. ഉൽപ്പാദനച്ചെലവുമായി

തട്ടിച്ചുനോക്കുമ്പോൾ അവർക്ക് പിടിച്ചുനിൽക്കാൻ കഴിയില്ല. അതുകൊണ്ടാണ് ശ്രീ. കെ. കൃഷ്ണൻകുട്ടി സൂചിപ്പിച്ചതുപോലെ കൃഷിക്കാർക്ക് ജീവിക്കാൻ സാധിക്കാത്ത സാഹചര്യമുണ്ടാകുന്നത്. ഇത് അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുമ്പോൾ സാഹചര്യത്തിൽ അതിനെ അഭിമുഖീകരിക്കുന്ന വിധത്തിലാണ് കേരളത്തിലെ കാർഷിക മേഖലയിൽ മാറ്റങ്ങളുണ്ടാക്കുന്നത്. കഴിഞ്ഞ സർക്കാരിന്റെ കാർഷിക നയം പൂർണ്ണമായും തള്ളിക്കളയാൻ തീരുമാനിച്ചിട്ടില്ല. പക്ഷെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ ഒരു പുതിയ നയം രൂപീകരിക്കുന്നതിനുള്ള നടപടികളിലേയ്ക്ക് പോകുകയാണ്. കഴിഞ്ഞ കാലങ്ങളിൽ എൽ.ഡി.എഫ്. സർക്കാർ അനുവർത്തിച്ച അതേ പാതയിലൂടെ തന്നെയാണ് കൃഷി വകുപ്പ് മുന്നോട്ടുപോകുന്നത്. കഴിഞ്ഞ യു.പി.എ. ഗവൺമെന്റിന്റെയും നിലവിലെ ബി.ജെ.പി. ഗവൺമെന്റിന്റെയും ഭരണത്തിൽ ഏറ്റവും വലിയ കെടുതി അനുഭവിക്കേണ്ടി വന്നിരിക്കുന്നത് കൃഷിക്കാർക്കാണ്.

റബ്ബർ കർഷകരുടെ പ്രശ്നത്തിൽ കാണിക്കുന്ന സമീപനമല്ല റബ്ബറുമായി ബന്ധപ്പെട്ട വ്യവസായ മേഖലയുടെ കാര്യത്തിൽ കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്. അവർക്കാവശ്യമായ എല്ലാ സഹായങ്ങളും ചെയ്തുകൊണ്ടിരിക്കുകയാണ്; അവർക്കെല്ലാം സബ്സിഡി നൽകിക്കൊണ്ടിരിക്കുകയാണ്. മറ്റെല്ലാ സബ്സിഡികളും വെട്ടിക്കുറയ്ക്കുകയാണ്; സബ്സിഡി നൽകാൻ പാടില്ലെന്ന് പറയുന്നു. നമ്മുടേത് ഒരു ഉപഭോക്തൃ സംസ്ഥാനമല്ല; ഒരു ഉപഭോക്തൃ സംസ്ഥാനമെന്ന നിലയിൽ ഏതെല്ലാം മേഖലയിൽ ഇടപെടാൻ കഴിയുമെന്നത് സംബന്ധിച്ചാണ് സർക്കാർ ആലോചിക്കുന്നത്. ആ നിലയിലുള്ള ചില ഇടപെടലുകളാണ് സംസ്ഥാന സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. നമ്മുടെ കാർഷിക മേഖലയിൽ ഹരിത വിപ്ലവത്തിനുശേഷം പല മാറ്റങ്ങളുമുണ്ടായി. ഉൽപ്പാദന മേഖലയിൽ വളർച്ചയുണ്ടായി. പക്ഷെ ഉൽപ്പാദന മേഖലയിൽ ഒരു നിർമ്മിത മൂലധനത്തിന്റെ വളർച്ച നമുക്കുണ്ടായിട്ടുണ്ട്. ഉൽപ്പാദകന് നേട്ടമുണ്ടായിട്ടുണ്ടെങ്കിലും കൃഷിക്കാർ കൂടുതൽ കടക്കെണിയിലേയ്ക്കു പോയി എന്നുള്ളത് വസ്തുതയാണ്. ഹരിത വിപ്ലവ കാലഘട്ടത്തിൽ ആധുനിക വൽക്കരണവും രാസവളപ്രയോഗവുമെല്ലാം വ്യാപകമായിരുന്നു. അക്കാലത്ത് എത്രമാത്രം രാസവളം ഉപയോഗിക്കുന്നുവെന്നതിനെ അടിസ്ഥാനപ്പെടുത്തിയാണ് വളർച്ച നിശ്ചയിച്ചിരുന്നത്. പക്ഷെ ഈ സഭ ഗൗരവമായി കാണേണ്ട ഒരു കാര്യം നമുക്ക് നഷ്ടപ്പെട്ടുപോയ പ്രകൃതി മൂലധനത്തിന്റെ ശോഷണമാണ്. ശുദ്ധജലവും മണ്ണിന്റെ ഫലഭൂയിഷ്ഠതയും നമുക്ക് നഷ്ടപ്പെട്ടുപോയി. നമ്മുടെ ജലാശയങ്ങളെല്ലാം മലിനമാക്കപ്പെട്ടിരിക്കുകയാണ്. അപ്പോൾ കൃഷി തിരിച്ചുകൊണ്ടുവരാൻ വേണ്ടിയുള്ള ഒരു വലിയ ഉദ്യമത്തിലേക്ക് പോകുകയെന്ന് പറഞ്ഞാൽ നാച്വറൽ ക്യാപ്പിറ്റൽ

എന്ന മാനവരാശിയുടെ അടിസ്ഥാന ഘടകത്തെക്കൂടി തിരിച്ചുകൊണ്ടുവരാൻ വേണ്ടിയുള്ള ഇടപെടൽ കാർഷിക മേഖലയിൽ അനിവാര്യമാണ്. അതിന്റെ അടിസ്ഥാനത്തിലാണ് ഹരിത കേരളം എന്ന ബൃഹത്തായ ദൗത്യം ഈ സർക്കാർ ഏറ്റെടുത്തിരിക്കുന്നത്. അതിന്റെ മുഖ്യഘടകം കൃഷിയും പരിസ്ഥിതി സംരക്ഷണവും ജലസംരക്ഷണവും ഭൂമിയുടെ സംരക്ഷണവുമാണ്. സമയക്കുറവുമൂലം ഞാൻ കണക്കുകളിലേയ്ക്കൊന്നും പോകുന്നില്ല, നമ്മുടെ 890000 ഹെക്ടറുണ്ടായിരുന്ന നെൽവയലാണ് ഇപ്പോൾ 196000 ആയി കുറഞ്ഞിരിക്കുന്നത്. (...ബഹളം...) ഞാൻ രാഷ്ട്രീയം പറയുകയല്ല....(ബഹളം).....

ശ്രീ. അടൂർ പ്രകാശ്: സർ, ......(മൈക്ക് ഓഫ്)......

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഞാൻ അങ്ങയെ പ്രകോപിപ്പിക്കാൻ പറയുന്നതല്ല. അങ്ങേയ്ക്ക് എവിടെയോ എന്തോ പ്രശ്നമുണ്ട്. അത് യു.ഡി.എഫ്. അന്വേഷിക്കേണ്ടതാണ്. കാരണം ആറന്മുള വിമാനത്താവളമെന്ന് പറയുമ്പോൾ ഏറ്റവും കൂടുതൽ ഹാലിളകുന്നത് ശ്രീ. അടൂർ പ്രകാശിനാണ്. അതിന്റെ ദുരൂഹത എന്നെ ഭയപ്പെടുത്തുന്ന കാര്യമാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, സഭയിലെ ഒരംഗത്തെപ്പറ്റി ബഹുമാനപ്പെട്ട മന്ത്രി ഇങ്ങനെ പരാമർശിക്കുന്നത് ശരിയാണോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവേ, ഞാനും ശ്രീ. അടൂർ പ്രകാശും തമ്മിൽ വളരെ അടുത്ത ബന്ധമാണുള്ളത്. എന്നോട് വളരെ സ്നേഹമുണ്ടായിരുന്ന ആളാണ്. ആറന്മുളയിൽ വിത്ത് വിതച്ചതിനുശേഷം ശ്രീ. അടൂർ പ്രകാശിന് എന്നോടുള്ള സമീപനം തന്നെ മാറിയിരിക്കുകയാണ്. അതെനിക്ക് മനസ്സിലാകുന്നില്ല; അതാണ് ഞാൻ ദുരൂഹതയുണ്ടെന്ന് പറഞ്ഞത്. ഏതോ ഒരു കമ്പനിക്കുവേണ്ടി 35-ഓളം വ്യാജ കമ്പനികളുണ്ടാക്കി മെത്രാൻ കായൽ നികത്താൻ അനുമതി നൽകിയത് ആരാണെന്ന് ചോദിച്ചാൽ, അതറിയുമ്പോഴാണ് ഇതിലെ ദുരൂഹത മനസ്സിലാകുന്നത്. ആ ഉത്തരവ് പിൻവലിക്കാൻ കാരണമെന്താണ്? അതിനുള്ള കാരണക്കാർ പിന്നിലിരിക്കുന്നുണ്ട്. മെത്രാൻ കായൽ നികത്താൻ മാത്രമല്ല അനുമതി നൽകിയത്. സന്തോഷ് മാധവന് കൊടുത്തു.....

ശ്രീ. അടൂർ പ്രകാശ്: സർ, ......(മൈക്ക് ഓഫ്)......

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഞാൻ പറഞ്ഞു കഴിഞ്ഞിട്ട് പറയാം. ഇപ്പോൾ വഴങ്ങുന്നില്ല. അങ്ങ് മന്ത്രിയായിരിക്കുമ്പോൾ മെത്രാൻ കായൽ നികത്താൻ അനുമതി നൽകി. സന്തോഷ് മാധവന് അനുമതി നൽകി. അങ്ങനെ

ധാരാളം ആളുകൾക്ക് അനധികൃതമായി നിലം നികത്താൻ അനുവാദം നൽകിയ ഒരാളാണ് അങ്ങ്. അതിനെപ്പറ്റി ഒരു വാർത്ത വന്നു; ഒരു കോൺഗ്രസ്സ് നേതാവ് ഇത് കൊള്ളയാണെന്ന് പറഞ്ഞു.

ശ്രീ. അടൂർ പ്രകാശ്: സർ, പോയിന്റ് ഓഫ് ഓർഡർ, എന്നെക്കുറിച്ച് ഒരു പരാമർശമുണ്ടായി. ആറന്മുള എയർപോർട്ടിനായി എടുത്ത സ്ഥലത്ത് ഒരിഞ്ച് ഭൂമിയിലെങ്കിലും നിങ്ങൾ കൃഷി ചെയ്തോ എന്നതായിരുന്നു എന്റെ ചോദ്യം. ആ ചോദ്യത്തിന് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി തെറ്റിദ്ധരിപ്പിക്കുന്ന തരത്തിൽ മറുപടി പറയുന്നു; ഇപ്പോൾ അദ്ദേഹം വേറെ സ്ഥലത്തേയ്ക്ക് പോയിരിക്കുകയാണ്. അത് ഓർഡറിലാണോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഞാൻ ഓർഡറിൽ തന്നെയാണ്. അതിലേയ്ക്ക് വരാം. ഞാൻ പറഞ്ഞുകഴിഞ്ഞാൽ ഈ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കേണ്ട കാര്യമുണ്ടാകില്ല. അങ്ങ് നൽകിയ ഈ അനുമതി കൊള്ളയാണെന്നാണ് അങ്ങയുടെ ഒരു പാർട്ടി നേതാവ് പറഞ്ഞത്. പത്രക്കാർ ശ്രീ. വി. ഡി. സതീശനോട് ചോദിച്ചു, അദ്ദേഹം ഇതുപോലെയുള്ള കാര്യങ്ങളെ ശക്തമായി എതിർക്കുന്ന ആളാണ്. 'കൊള്ള എന്നുപറയുന്നുണ്ടല്ലോ' എന്ന് പത്രക്കാർ അദ്ദേഹത്തോട് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞത് 'കൊള്ളയൊന്നുമല്ല തീവെട്ടിക്കൊള്ളയാണ് നടക്കുന്നത് എന്നാണ്. അത് അങ്ങയെപ്പറ്റിയാണ് പറഞ്ഞത്. അതുകൊണ്ടാണ് ഇതിന്റെ പിന്നിൽ ദുരൂഹതയുണ്ടെന്ന് ഞാൻ പറഞ്ഞത്. അങ്ങ് ചോദിച്ച ചോദ്യം ആറന്മുളയിൽ വിത്ത് വിതച്ചോ എന്നാണ്. ഞാൻ അങ്ങയോട് പറയുന്നു ആറന്മുളയിൽ 50 സെന്റിലല്ല, 71 ഹെക്ടർ സ്ഥലത്ത് ഞങ്ങൾ കൃഷി ചെയ്തു. 51 ഹെക്ടർ സ്ഥലത്ത് ഞങ്ങൾ ടാർജറ്റ് ചെയ്തു. അവിടെ ഞങ്ങൾ ടാർജറ്റ് ചെയ്തത് 51 ആണെങ്കിൽ 101 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്തു.

ശ്രീ. അടൂർ പ്രകാശ്: സർ, ......(മൈക്ക് ഓഫ്)......

മി. സ്പീക്കർ: ശ്രീ. അടൂർ പ്രകാശ്, അങ്ങ് ഇരിക്കൂ.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, അങ്ങ് യു.ഡി.എഫ്.നുവേണ്ടിയല്ല സംസാരിക്കുന്നത് എന്നെനിക്കറിയാം; അങ്ങ് ആർക്കോവേണ്ടി സംസാരിക്കുകയാണ്. ആറന്മുള വിമാനത്താവളക്കമ്പനി എടുത്തിരിക്കുന്ന സ്ഥലത്തുതന്നെയാണ് കൃഷി ചെയ്തിരിക്കുന്നത്. ഞാൻ അങ്ങയെ രണ്ടുതവണ ക്ഷണിച്ചു, അങ്ങ് വന്നോ; ഈ പരിപാടിയിൽ രണ്ട് തവണ പേരുവച്ചു; അങ്ങ് വന്നോ; ഞാൻ ഇനിയും ക്ഷണിക്കുന്നു, ആറന്മുള വിമാനത്താവളത്തിനടുത്ത് കൃഷിചെയ്തു, 19-ാം തീയതി ആറന്മുള ബ്രാൻഡഡ് അരി വിൽക്കുന്ന അരിക്കടയുടെ ഉദ്ഘാടനത്തിന് അങ്ങയെ ക്ഷണിക്കുന്നു. രണ്ട് കിലോ അരി ഫ്രീയായി ഞാൻ തരാം. അങ്ങ് എന്നെ വെല്ലുവിളിച്ചിട്ട് കാര്യമില്ല, യാഥാർത്ഥ്യം മനസ്സിലാക്കണം. ശ്രീ. അടൂർ പ്രകാശ്

കാര്യങ്ങൾ അറിയാത്ത ആളല്ല. ശ്രീ. അടൂർ പ്രകാശിന്റെ പിതാവും ഞാനുമായി അടുത്ത ബന്ധമാണുള്ളത്. ഞങ്ങളുടെ പാർട്ടിയുടെ നേതാവായിരുന്ന പാരമ്പര്യമുള്ള ആളാണ്.

മി. സ്പീക്കർ: മിനിസ്റ്റർ, നേർക്കുനേർ വേണ്ട.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, അരി ഫ്രീയായി നൽകാമെന്ന് പറഞ്ഞതോടെ പ്രശ്നം തീർന്നു. കേരളത്തിലെ നെൽവയലുകളിൽ കൃഷി ചെയ്യാൻ സർക്കാർ തീരുമാനിച്ചത് നെൽക്കൃഷി ചെയ്യാനുള്ള ആഗ്രഹംകൊണ്ടുമാത്രമല്ല. ഈ ഗവൺമെന്റ് ലക്ഷ്യമിടുന്നത് 1,96,000 ഹെക്ടർ സ്ഥലത്തുനിന്നും മൂന്ന് ലക്ഷം ഹെക്ടറായി കൃഷി വർദ്ധിപ്പിക്കാനാണ്. 40 ലക്ഷം മെട്രിക് ടൺ നെല്ലാണ് നമുക്ക് ആവശ്യം. ഇപ്പോൾ 6 ലക്ഷം മെട്രിക് ടണ്ണിൽ താഴെയാണ് നമ്മുടെ ഉൽപ്പാദനം. മൂന്ന് ലക്ഷം ഹെക്ടറാകുമ്പോൾ ഈ സർക്കാർ ലക്ഷ്യമിടുന്നത് 10 ലക്ഷം മെട്രിക് ടൺ അരി ഉൽപ്പാദനത്തിലേയ്ക്ക് കേരളത്തെ കൊണ്ടുപോകുകയെന്നതാണ്. അത് അഞ്ച് കൊല്ലംകൊണ്ട് സാധിക്കും. കേരളത്തിൽ തരിശുകിടക്കുന്ന 96000 ഹെക്ടർ ഭൂമിയിൽ പൂർണ്ണമായും ഞങ്ങൾ ഘട്ടംഘട്ടമായി കൃഷി ചെയ്തിരിക്കും. അതിന് ഞാൻ എല്ലാ എം.എൽ.എ.-മാരുടെയും സഹായം അഭ്യർത്ഥിക്കുകയാണ്. ഓരോ എം.എൽ.എ.-മാരുടെയും മണ്ഡലത്തിൽ എത്ര തരിശുഭൂമിയുണ്ട്; അവിടെ കൃഷി ചെയ്യാൻ എന്താണ് തടസ്സം; അവിടേയ്ക്ക് വെള്ളത്തിന്റെ ഗമന-നിർഗ്ഗമന സംവിധാനത്തിന്റെ തടസ്സമെന്താണ്; ഏതൊക്കെ ഫണ്ടുകൾ ക്രോഡീകരിക്കണം; എം.എൽ.എ. ഫണ്ട്, എം.പി. ഫണ്ട് ഉപയോഗിക്കേണ്ടതുണ്ടോ; മറ്റ് ഏതൊക്കെ ഫണ്ടുകൾ കൊണ്ടുവരണം തുടങ്ങിയ കാര്യങ്ങളെ സംബന്ധിച്ച് ഓരോ എം.എൽ.എ.-യും പ്രോജക്ടുകൾ തയ്യാറാക്കി നൽകുന്ന മുറയ്ക്ക് അതിനാവശ്യമായ ഫണ്ടും സൗകര്യങ്ങളും ചെയ്തുതരാൻ കൃഷി വകുപ്പ് തയ്യാറാണ്. കഴിഞ്ഞ വർഷം 35 കോടി രൂപയാണ് നെല്ലിനുവേണ്ടി അനുവദിച്ചത്. ഇത്തവണ അത് ഇരട്ടിയായി. 70 കോടി രൂപയിലേക്കുയർത്തിയത് ഈ ലക്ഷ്യം വച്ചുകൊണ്ടാണ്. ഞാൻ പറഞ്ഞത്, 'നമ്മുടെ നെല്ല്, നമ്മുടെ അന്നം' എന്ന മുദ്രാവാക്യമാണ്. 'എല്ലാവരും കൃഷിക്കാരാകണം, എല്ലായിടവും കൃഷിയിടമാക്കണം' എന്നതാണ് ഈ സർക്കാരിന്റെ മുദ്രാവാക്യം. 2200 കോടി രൂപയുടെ പച്ചക്കറിയാണ് ഇതര സംസ്ഥാനങ്ങളിൽ നിന്നും വന്നുകൊണ്ടിരിക്കുന്നത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് ചെയ്ത എല്ലാ നല്ല കാര്യങ്ങളെയും എതിർക്കുകയല്ല, അതെല്ലാം നന്നായി പോകട്ടെ, അതിനകത്ത് എന്തെങ്കിലും കുറവുണ്ടെങ്കിൽ ആ കുറവാണ് സൂചിപ്പിക്കുന്നത്. ഇവിടെ മെത്രാൻ കായലിൽ അങ്ങും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുംകൂടി വിളവെടുക്കുന്നതിനുവേണ്ടി

ചെന്നു. നാട്ടുകാരായ 50 സ്ത്രീകൾ അങ്ങേയ്ക്ക് ഒരു നിവേദനം നൽകാനായി വന്നു. അവർക്കെതിരെ പോലീസ് കേസെടുത്തിരിക്കുകയാണ്. ദയവായി ആ കേസ് പിൻവലിക്കാനെങ്കിലും അങ്ങ് ഉപദേശിക്കുമോ?

ശ്രീ. പി. സി. ജോർജ്: സർ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞത് ശരിയാണ്. 50 സ്ത്രീകളുടെ സത്യാഗ്രഹം, ഞാൻ അവിടെ ചെന്നപ്പോൾത്തന്നെ ബഹുമാന്യരായ ധനകാര്യ വകുപ്പുമന്ത്രിയെയും കൃഷി വകുപ്പുമന്ത്രിയെയും ടെലിഫോണിൽ വിളിച്ചു. കേസ് പിൻവലിക്കാനുള്ള നടപടി സ്വീകരിച്ചതായി ധനകാര്യ വകുപ്പുമന്ത്രി അറിയിച്ചു. കൃഷി വകുപ്പുമന്ത്രി കേസ് പിൻവലിക്കുക മാത്രമല്ല, അവർക്ക് ഏത് ശിക്ഷ വന്നാലും ആകെ 10,000 രൂപയേ വരികയുള്ളൂ; ആ രൂപ നൽകാൻ തയ്യാറാണെന്ന് എന്നെ അറിയിച്ചു. അതനുസരിച്ച് ഞാൻ സമരം തീർത്തിട്ടുണ്ട്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, എന്നുമാത്രമല്ല, ആ പാലം പണിതു നൽകുകയും ചെയ്യും.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, അതൊരു തെറ്റിദ്ധാരണ കൊണ്ടുണ്ടായ കാര്യമാണ്; അത് പരിഹരിച്ചിട്ടുണ്ട്.

കേരളത്തിലെ കാർഷിക മേഖലയുടെ പ്രവർത്തനങ്ങൾ ഹരിത കേരളം മിഷനുമായി ബന്ധപ്പെടുത്തിയുള്ളതാണ്. എം.എൽ.എ.-മാർ പ്രോജക്ട് തരുമ്പോൾ അത് പഞ്ചായത്തുകളിൽ നടക്കുന്ന ഹരിത കേരളം മിഷനുമായി ബന്ധപ്പെടുത്തിവേണം നടപ്പിലാക്കേണ്ടത്. ഹരിത കേരളം മിഷനുമായി ബന്ധപ്പെടുത്തി കായലുകളും പുഴകളും തോടുകളും കനാലുകളും കുളങ്ങളുമെല്ലാം നമ്മൾ തിരിച്ചുകൊണ്ടുവരികയാണ്. ഞാൻ കഴിഞ്ഞ ദിവസം എറണാകുളത്ത് പോയപ്പോൾ അവിടെ കുറെ ചെറുപ്പക്കാർ 40 ഏക്കർ സ്ഥലത്ത് കൃഷിയിറക്കിയിരിക്കുന്നത് കണ്ടു. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിയുടെ മണ്ഡലത്തിലാണെന്നാണ് എനിക്ക് തോന്നുന്നത്; അവിടത്തെ മാലിന്യം നിറഞ്ഞുകിടന്നിരുന്ന തോടിലൂടെ ഇപ്പോൾ തടസ്സമില്ലാതെ വെള്ളമൊഴുകയാണ്. അവിടെയിപ്പോൾ പരൽമീനുകളുള്ള നല്ല വെള്ളമാണ്. 35 വർഷത്തിനുശേഷമാണ് അവർക്ക് ആ അനുഭവമുണ്ടാകുന്നത്. ഏകദേശം 150 ചാക്ക് പ്ലാസ്റ്റിക്കാണ് അവിടത്തെ ചെറുപ്പക്കാർ വാരിയെടുത്തത്. അതിൽ എല്ലാ പാർട്ടിക്കാരുമുണ്ടായിരുന്നു; അതൊരു ട്രെൻഡായി മാറുകയാണ്. നമ്മളെല്ലാവരും ഒരുമിച്ചുനിന്നുകൊണ്ട് കാർഷിക കേരളത്തിനു വേണ്ടി മുന്നേറ്റം നടത്തേണ്ട സമയമാണ്, തർക്കിക്കേണ്ട സമയമല്ല. കാരണം വെള്ളമാണ് പ്രധാനപ്പെട്ട പ്രശ്നം. അതുകൊണ്ടാണ് നെൽക്യഷി ചെയ്യണമെന്ന് പറയുന്നത്. നമ്മുടെ ഭൂഗർഭ ജലസമ്പത്ത് രണ്ട് മീറ്റർ മുതൽ നാല് മീറ്റർ വരെ താഴ്ന്നിരിക്കുകയാണ്. നമ്മുടെ നെൽവയലുകളെ സജീവ

കൃഷിയിടമാക്കി മാറ്റേണ്ടതുണ്ട്. അതിനുവേണ്ട നടപടിയിലേയ്ക്കാണ് സർക്കാർ പോകുന്നത്. നമ്മുടെ കാർഷികോൽപ്പാദനം വർദ്ധിപ്പിച്ചതുകൊണ്ടുമാത്രം കാര്യമില്ല. കാർഷികോൽപ്പാദനത്തിന്റെ എത്ര ശതമാനമാണ് നമുക്ക് മൂല്യവർദ്ധിതമാക്കി മാറ്റാൻ കഴിയുന്നത്? നാളികേരത്തിന്റെ നാല് ശതമാനംപോലും മൂല്യവർദ്ധിതമാക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. റബ്ബറിന്റെ ഒരു ശതമാനംപോലും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുണ്ടാക്കാത്ത സംസ്ഥാനമാണ് കേരളമെന്ന് ശ്രീ. കെ. എം. മാണി ഇവിടെ പറയുകയുണ്ടായി. അതുകൊണ്ട് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുണ്ടാക്കുന്ന കാര്യത്തിൽ ഗവൺമെന്റ് ഒരു പോളിസിയുണ്ടാക്കി. അതിലൂടെ മൂല്യവർദ്ധിത മേഖലിയിലുണ്ടാകുന്ന ഗുണത്തിന്റെ ഒരു ശതമാനമെങ്കിലും കൃഷിക്കാരിലെത്തിക്കുന്നതിനുള്ള നടപടിയാണ് സർക്കാർ സ്വീകരിച്ചത്. അതിന്റെ ഭാഗമായി കേരളത്തിൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ 1000 യൂണിറ്റുകൾ ഈ വർഷം സർക്കാർ ആരംഭിക്കാൻ പോകുകയാണ്.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, തരിശുകിടക്കുന്ന നിലം കൃഷി ചെയ്യുകയാണെങ്കിൽ എല്ലാവിധ സഹായവും ചെയ്യുമെന്ന് അങ്ങ് പ്രസംഗത്തിനിടയ്ക്ക് പറഞ്ഞു. എന്റെ നിയോജകമണ്ഡലത്തിൽ കഴിഞ്ഞ തവണ എല്ലാ പാർട്ടിക്കാരും - കോൺഗ്രസ്സ്, മുസ്ലീം ലീഗ്, സി.പി.ഐ.(എം), സി.പി.ഐ., ബി.ജെ.പി. തുടങ്ങിയ എല്ലാ കക്ഷികളും ചേർന്ന് നിരവധി പാടശേഖരങ്ങളിൽ കൃഷി ചെയ്തു. അതിന്റെ നെറ്റ് റിസൾട്ട് ചിലതൊക്കെ നോ പ്രോഫിറ്റ് നോ ലോസ്സ് ആയിരുന്നു; ചിലതൊക്കെ നഷ്ടത്തിലുമാണ്. അങ്ങനെ തരിശു കിടക്കുന്ന നിലം കൃഷി ചെയ്യുമ്പോൾ കൃഷി വകുപ്പിൽനിന്ന് നമ്മുടെയൊക്കെ ശിപാർശയുടെ അടിസ്ഥാനത്തിൽ എന്തെങ്കിലും സഹായം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, തീർച്ചയായും അത് പരിശോധിക്കുന്നതാണ്. തരിശുനിലം കൃഷിക്കുവേണ്ടി ഇപ്പോൾ ഒറ്റത്തവണയാണ് ആനുകൂല്യം നൽകുന്നത്. തുടർച്ചയായി മൂന്നുവർഷം തരിശുനിലം കൃഷി ചെയ്യുന്ന കൃഷിക്കാർക്ക് ആനുകൂല്യം നൽകുന്ന രീതിയിലാണ് പുതിയ സ്കീമുണ്ടായിരിക്കുന്നത്. മാത്രമല്ല, അങ്ങ് പറയുന്നതുപോലെ നഷ്ടമുണ്ടാകുന്ന കൃഷിക്കാർക്ക് നഷ്ടം പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതുമായിരിക്കും.

മൂല്യവർദ്ധിതവുമായി ബന്ധപ്പെട്ട മേഖലയിൽ 5000 തൊഴിലവസരങ്ങൾ നേരിട്ടുണ്ടാകുന്ന 1000 മൂല്യവർദ്ധിത ഉൽപ്പാദക യൂണിറ്റുകൾ സംസ്ഥാനത്തുണ്ടാക്കാൻ പോകുകയാണ്. അതിനുപുറമെ ഇരുപതോളം വരുന്ന പുതിയ പ്രൊഡ്യൂസർ കമ്പനികളെ ഇതിന്റെ ഭാഗമായി സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ കൊണ്ടുവരാൻ പോകുകയാണ്. ഇന്നത്തെ മലയാള മനോരമ ദിനപ്പത്രത്തിലെ എഡിറ്റോറിയലിൽ നീരയെപ്പറ്റി പറയുന്നുണ്ട്. ഇവിടെയും പല ആളുകൾ

പറയുകയുണ്ടായി. കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് നീര വലിയൊരു സ്വപ്നമായി കൊണ്ടുവന്നതാണ്. പക്ഷെ അത് വിജയിക്കാതിരുന്നതിന്റെ കാരണം പലതാണ്. ആ സർക്കാരിന്റെ കുറ്റംകൊണ്ട് മാത്രമാണെന്ന് പറയുന്നില്ല; അതിന് പ്രധാനപ്പെട്ട കാരണം, അത് പല ടേസ്റ്റാണ്; അത് ബ്ലെൻഡ് ചെയ്യാൻ കഴിയുന്നില്ല; അത് മാർക്കറ്റ് ചെയ്യാൻ കഴിയുന്നില്ല. അങ്ങനെ പല പ്രശ്നങ്ങളുണ്ടായിരുന്നു. എല്ലാ ഉൽപ്പാദക യൂണിറ്റുകളെയും ഞങ്ങൾ വിളിച്ചുചേർത്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കേരള കോക്കനട്ട് ഡെവലപ്മെന്റ് കോർപ്പറേഷന്റെ നേതൃത്വത്തിൽ എല്ലാ ബ്രാൻഡുകൾക്കുമാവശ്യമായ സാങ്കേതിക സഹായങ്ങൾ ചെയ്തുകൊടുക്കാൻ പോകുകയാണ്. അതിനുപുറമെ രണ്ട് കോടി രൂപ ഇതിനായി മാറ്റിവയ്ക്കുകയാണ്. കോമൺ ബ്രാൻഡിലേയ്ക്ക് നീരയുടെ ഉൽപ്പന്നം കൊണ്ടുവന്ന് കേരളത്തിൽ നീര ഉൽപ്പാദിപ്പിക്കുന്ന സംഘങ്ങളെയെല്ലാം ഏകോപിപ്പിക്കാനുമുള്ള ശ്രമങ്ങൾ നടത്തുകയാണ്.

വരൾച്ചമൂലമുണ്ടായിരിക്കുന്ന കാലാവസ്ഥാ വ്യതിയാനത്തെത്തുടർന്ന് അട്ടപ്പാടിയിൽ ആരംഭിച്ച നൂതന സംരംഭത്തെ സംബന്ധിച്ച് ഇവിടെ പറയാതിരിക്കാൻ കഴിയില്ല. ശ്രീ. എ. കെ. ബാലന്റെകൂടി നിർദ്ദേശമനുസരിച്ച് അട്ടപ്പാടി മേഖലയിലെ ആദിവാസി വിഭാഗത്തിനുവേണ്ടി ചെയ്തുകൊണ്ടിരിക്കുന്ന ന്യൂട്രീഷൻ പദ്ധതിയുടെ ഭാഗമായി സംസ്ഥാന കൃഷി വകുപ്പ് അട്ടപ്പാടിയെ ഒരു മില്ലെറ്റ് വില്ലേജായി പ്രഖ്യാപിക്കുകയാണ്. അട്ടപ്പാടിയെ ഒരു പ്രത്യേക മേഖലയായി പ്രഖ്യാപിച്ചു കൊണ്ട് അവിടത്തെ കാലാവസ്ഥയ്ക്ക് അനുസൃതമായ മില്ലെറ്റുകളുടെ ഒരു വലിയ കാർഷിക മേഖലയാക്കി മാറ്റാനും അതിനുവേണ്ടി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മില്ലെറ്റ് റിസർച്ച്, ബാംഗ്ലൂരുമായി സഹകരിച്ചുകൊണ്ട് അതിനാവശ്യമായ നടപടികളിലേയ്ക്കും പോകുകയാണ്. വട്ടവട, കാന്തല്ലൂർ മേഖലയെ ഇപ്പോൾതന്നെ പ്രത്യേക മേഖലയായി പ്രഖ്യാപിച്ചുകഴിഞ്ഞു. പാലക്കാട് ജില്ലയിലെ എരുത്തേമ്പതി, വടകരപ്പതി പോലെയുള്ള പ്രദേശങ്ങളെയും തൃശ്ശൂർ ജില്ലയിലെ ചില പ്രദേശങ്ങളെയും പച്ചക്കറി ഉൽപ്പാദനവുമായി ബന്ധപ്പെട്ട പ്രത്യേക മേഖലയായി പ്രഖ്യാപിച്ചതുപോലെ വയനാട് ജില്ലയെ പരമ്പരാഗതമായ കാർഷിക മേഖലയായി പ്രഖ്യാപിക്കുകയാണ്. അവിടെ പരമ്പരാഗതമായി കൃഷി ചെയ്തുവന്നിരുന്ന ജീരകശാല, ഗന്ധകശാല തുടങ്ങിയ അപൂർവ്വയിനങ്ങളിൽപ്പെട്ട വിശിഷ്ടമായ നെല്ലിനങ്ങളുടെ വ്യാപനത്തിനായി 450 ഹെക്ടർ പ്രദേശത്ത് പുതിയതായി കൃഷിയിറക്കാനുള്ള നടപടി ഈ വർഷം സ്വീകരിക്കുകയാണ്. അതോടൊപ്പം സംസ്ഥാനത്തെ 200-ഓളംവരുന്ന പരമ്പരാഗത നെൽവിത്തുകളെ സംരക്ഷിക്കാനും അത് വ്യാപിപ്പിക്കാനുംവേണ്ടി 3 കോടി രൂപ ചെലവിൽ അന്താരാഷ്ട്ര നിലവാരമുള്ള ഒരു വിത്ത് ബാങ്ക് മണ്ണുത്തി സർവ്വകലാശാലയുമായി സഹകരിച്ച് സ്ഥാപിക്കുന്നതിന് തീരുമാനിക്കുകയാണ്. കേരളത്തിൽ കാർഷിക

മേഖലയെ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി മണ്ണിന്റെ മൈക്രോ ന്യൂട്രിയന്റ്സിന്റെ പരിശോധന നടത്തുന്നതിനുള്ള പദ്ധതി യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് ആരംഭിച്ചിരുന്നു. ആ പദ്ധതി എല്ലാവിധ കാർഷിക മേഖലയിലേയ്ക്കും വ്യാപിപ്പിക്കാൻ സാധിച്ചിട്ടില്ല; 20 ശതമാനം കൃഷിക്കാരിലേയ്ക്കു പോലും എത്തിക്കാൻ കഴിഞ്ഞിട്ടില്ല. അത് വിപുലീകരിച്ച് മണ്ണിന്റെ മൈക്രോ ന്യൂട്രിയന്റ്സിനെ അറിഞ്ഞുകൊണ്ട് ഏത് വിള, എപ്പോൾ, എങ്ങനെ കൃഷി ചെയ്യണമെന്നത് സംബന്ധിച്ച ശാസ്ത്രീയമായ രീതി ശ്രീ. കെ. എം. മാണി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. എങ്ങനെയാണ് ശാസ്ത്രീയമായ കൃഷി രീതി അവലംബി ക്കേണ്ടതെന്നതിന്റെ അടിസ്ഥാനത്തിൽ മണ്ണിന്റെ ഘടന പരിശോധിച്ച് കൃഷിയിറക്കാൻ കഴിയുന്ന രീതിയിൽ ഒരു പുനഃസംഘടനാ സംവിധാനം സോയിൽ മേഖലയിൽ വരുത്തുവാൻ ഉദ്ദേശിക്കുകയാണ്. അതോടൊപ്പം കാർഷിക മേഖലയിൽ പച്ചക്കറി ഉൽപ്പാദിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് കൃഷിക്കാർക്കുണ്ടാകുന്ന വിലത്തകർച്ച നേരിടുന്നതിനായി 52 ആഴ്ചയുള്ള പ്രൊഡക്ഷൻ ഷെഡ്യൂൾ തയ്യാറാക്കിക്കഴിഞ്ഞു. ആ ഷെഡ്യൂളിന്റെ അടിസ്ഥാനത്തിൽ, വി.എഫ്.പി.സി.കെ.യുടെയും ഹോർട്ടികോർപ്പിന്റെയും നേതൃത്വത്തിൽ കേരളത്തിലെ എല്ലാ മേഖലയിലുമുള്ള കൃഷിക്കാർക്കുവേണ്ടി, കൃഷിക്കാരൻ എവിടെയൊക്കെ ഏതൊക്കെ ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നുവെന്നും അതിന്റെ ഡിമാന്റ് എന്താണെന്നും കൃത്യമായി അവരെ അറിയിക്കാൻ കഴിയുന്ന സംവിധാനം ഏർപ്പെടുത്തി.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, വരൾച്ചകൊണ്ട് പൊറുതിമുട്ടുന്ന പാലക്കാട് ജില്ലയിൽ കൃഷിയിറക്കാൻ വഴിയില്ല. കൃഷിക്കാർക്ക് കൃഷി ചെയ്യുന്നതിന് സാമ്പത്തിക സഹായം ചെയ്തുകൊടുക്കാമെന്ന് സർവ്വകക്ഷി യോഗത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ സമ്മതിച്ചതാണ്. അത് ചെയ്ത് കൊടുക്കുമോ? ആർ.സി.ഇ.പി. കരാറുമായി ബന്ധപ്പെട്ട് മറ്റ് സംസ്ഥാനങ്ങളിലെ കൃഷി വകുപ്പ് മന്ത്രിമാരുമായുള്ള മീറ്റിംഗ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻകയ്യെടുത്ത് വിളിക്കണം. ആർ.സി.ഇ.പി. (Regional Comprehensive Economic Partnership) വന്നാൽ ഏറ്റവും വലിയ പ്രശ്നം മരുന്നിനാണ്. മരുന്നിന്റെ പേറ്റന്റായ ജപ്പാനുംകൂടി അതിൽ അംഗമായതുകൊണ്ട് വലിയ രീതിയിലുള്ള വിലക്കയറ്റമാണ് വരാൻ പോകുന്നത്. അതുകൊണ്ട് അക്കാര്യത്തിൽ മുഖ്യമന്ത്രിയുമായി ആലോചിച്ച് നടപടിയെടുക്കുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ആർ.സി.ഇ.പി.-യുടെ കാര്യം ഞാൻ നേരത്തേ പറഞ്ഞതിനാൽ ആവർത്തിക്കേണ്ട കാര്യമില്ല. കർഷകർക്ക് സൗജന്യമായി വിത്ത് നൽകണമെന്നാണ് വരൾച്ചയുമായി ബന്ധപ്പെട്ട് സർക്കാർ തീരുമാനിച്ചിരിക്കുന്നത്. മറ്റ് കാര്യങ്ങൾ ആലോചിച്ചതിനുശേഷം തീരുമാനിക്കാം. അത് എങ്ങനെ ചെയ്യാൻ കഴിയുമെന്നതിനെ സംബന്ധിച്ച് തീരുമാനം എടുത്തിട്ടില്ല.

അങ്ങ് ഒരു നിർദ്ദേശം വച്ചിരുന്നു, ഗവൺമെന്റ് അത് ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്; ചർച്ച ചെയ്തതിനുശേഷം തീരുമാനം എടുക്കുന്നതാണ്. കൃഷിയുമായി ബന്ധപ്പെട്ട ഉൽപ്പന്നങ്ങൾ വിൽപ്പന നടത്തുന്നതിനും സംഭരിക്കുന്നതിനും ട്രാൻസ്പോർട്ട് ചെയ്യുന്നതിനുമെല്ലാം ഏകോപന സംവിധാനമുണ്ടാക്കുന്നതിന്റെ ഭാഗമായി അഗ്രോ ബിസിനസ്സ് കമ്പനി രൂപീകരിക്കുന്നുണ്ട്. അതിന്റെ താഴെ അമൂൽ മോഡലിൽ കൃഷിക്കാരുടെ ചെറിയ ക്ലസ്റ്ററുകൾ രൂപീകരിച്ച് പച്ചക്കറി സംഭരിക്കാനും വിതരണം ചെയ്യാനും മാർക്കറ്റ് ചെയ്യാനുമുള്ള പ്രാദേശിക മാർക്കറ്റുകളും സംഭരണവും ഉൾപ്പെടെയുള്ള സംവിധാനങ്ങൾ സംസ്ഥാന സർക്കാർ ആരംഭിക്കാൻ തീരുമാനമെടുക്കുകയും അതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോയിക്കൊണ്ടിരിക്കുകയുമാണ്. ഇവിടെ ഏറ്റവും പ്രധാനപ്പെട്ട കാര്യം നേരത്തേ സൂചിപ്പിച്ചതുപോലെ ജൈവകൃഷിയുമായി ബന്ധപ്പെട്ടതാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട അംഗം കെ. കൃഷ്ണൻകുട്ടി പ്രസംഗത്തിനിടയിൽ പ്രസക്തമായ ഒരു കാര്യം ചോദിച്ചു. ആർ.കെ.വി.വൈ. പദ്ധതിപ്രകാരമുള്ള ഫണ്ട് ചെലവഴിക്കുന്ന കാര്യത്തിൽ ഗുരുതരമായ വീഴ്ചയാണ് സംഭവിച്ചിട്ടുള്ളത്. അദ്ദേഹം ഭരണകക്ഷിയിൽപ്പെട്ട മെമ്പർ ആയതുകൊണ്ട് ഉദ്യോഗസ്ഥരെയല്ലേ കുറ്റപ്പെടുത്താൻ കഴിയുകയുള്ളൂ; ഇതിന് കാരണം എന്താണെന്ന് അങ്ങ് വിശദീകരിക്കാമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, അദ്ദേഹത്തിന് കാര്യങ്ങൾ കൃത്യമായി മനസ്സിലാകാത്തതുകൊണ്ടാണ്. അദ്ദേഹം അറിഞ്ഞിട്ടും പറയാത്തതാണോയെന്ന് അറിയില്ല. 2016-17 വർഷം കേന്ദ്ര സർക്കാരിൽനിന്നും ഒന്നാം ഗഡുവായി 78.86 കോടി രൂപയും രണ്ടാം ഗഡുവായി 13.90 കോടി രൂപയുമുൾപ്പെടെ ആകെ 92.76 കോടി രൂപയാണ് ലഭിച്ചത്. സംസ്ഥാന വിഹിതവും ചേർത്ത് ആകെ 154 കോടി രൂപയാണ് റിലീസ് ചെയ്തിരിക്കുന്നത്. കൃഷി, മൃഗസംരക്ഷണം, ഫിഷറീസ് തുടങ്ങിയ വകുപ്പുകൾക്ക് കീഴിലുള്ള പൊതുമേഖല സഹകരണ സ്ഥാപനങ്ങൾ, കാർഷിക - മൃഗസംരക്ഷണ സർവ്വകലാശാല എന്നിവയ്ക്കാണ് ആർ.കെ.വി.വൈ. ഫണ്ട് നൽകുന്നത്. അത് പല വകുപ്പുകളുമായി ബന്ധപ്പെട്ടതാണ്; കൃഷി വകുപ്പുമായി ബന്ധപ്പെട്ടതല്ല. 84 കോടി രൂപയുടെ വിനിയോഗ സാക്ഷ്യപത്രം കേന്ദ്ര സർക്കാരിന് നൽകിയിട്ടുണ്ട്. ബാക്കി തുകയുടെ വിനിയോഗം പൂർത്തിയാക്കുന്ന യു.സി. (Utililization Certificate) നൽകാനാവശ്യമായ നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ആർ.കെ.വി.വൈ. പദ്ധതി യൂട്ടിലൈസ് ചെയ്യാത്ത പ്രശ്നം ഉദിക്കുന്നില്ല. അത് കൃത്യമായി യൂട്ടിലൈസ് ചെയ്യപ്പെട്ടതാണ്. അതാണ് തെറ്റിദ്ധരിച്ചതായിരിക്കുമെന്ന് ഞാൻ പറഞ്ഞത്; ഇൻഫർമേഷൻ തെറ്റായി കിട്ടിയതുകൊണ്ടാകാം എന്നാണ് ഞാൻ വിചാരിക്കുന്നത്.

കേരളത്തിലെ കാർഷിക മേഖലയിൽ ഒരു മാറ്റം ഉണ്ടായിക്കൊണ്ടിരിക്കുന്നു എന്നുള്ളത് സത്യമാണ്. കേരളത്തിൽ കൃഷിയിലേയ്ക്കു വരാൻ എല്ലാവരും തയ്യാറാവുക എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. കാർഷിക മേഖലയിൽ പുതിയ തലമുറയെ കൊണ്ടുവരാൻ ആവശ്യമായ നടപടികളിലേയ്ക്ക് പോകേണ്ടതുണ്ട്. പുതിയ തലമുറ ഇപ്പോഴും കൃഷിയിലേയ്ക്ക് വരാതിരിക്കാനുള്ള കാരണം കാർഷിക മേഖല നഷ്ടമാണെന്നുള്ള പ്രചരണമാണ്. കാർഷിക മേഖല നഷ്ടക്കച്ചവടമല്ലെന്ന് വരുത്തിത്തീർക്കാൻ നമുക്ക് സാധിക്കണം. ഒരു വ്യക്തിക്ക് ആത്മാഭിമാനത്തോടു കൂടി തലയുയർത്തിപ്പിടിച്ച് ഞാനൊരു കൃഷിക്കാരനാണെന്ന് പറയാനുള്ള ആത്മവിശ്വാസം ഉണ്ടാക്കിക്കൊടുക്കുക എന്നുള്ളതാണ് ഈ ഗവൺമെന്റിന്റെ ലക്ഷ്യം. അതിന് ആവശ്യമായ നടപടി സ്വീകരിക്കും. പുതിയ തലമുറ കൃഷിയിലേയ്ക്ക് വരും. അതിന് വേണ്ടിയാണ് മൂല്യവർദ്ധിത മേഖലയിലേയ്ക്ക്, ആ ഒരു index തന്നെ develop ചെയ്തുകൊണ്ട്, പുതിയ ടെക്നോളജി ഉപയോഗിക്കുന്ന തലമുറയെ കാർഷിക മേഖലയിലേയ്ക്ക് ആകർഷിക്കാൻ കഴിയുന്ന വിധത്തിലുള്ള സമൂലമായ പരിഷ്കരണം ഇവിടെയുണ്ടാകും. സർവ്വകലാശാലകൾ, ഗവേഷണ സ്ഥാപനങ്ങൾ, കൃഷി വകുപ്പ്, കൃഷിക്കാർ തുടങ്ങിയ ശൃംഖലാബന്ധിതമായ ബന്ധം ഊട്ടിയുറപ്പിച്ചുകൊണ്ട് നാം മുന്നോട്ടുപോകണം. അതിനനുസൃതമായ പദ്ധതിയാണ് സർക്കാർ മുന്നോട്ടുവച്ചിരിക്കുന്നത്. സമയക്കുറവുമൂലം ഞാൻ ഇവിടെ അക്കാര്യം പറയുന്നില്ല. ഈ ഡിമാന്റ് പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, ഇവിടെ ബഹുമാന്യരായ 15 അംഗങ്ങളാണ് ചർച്ചയിൽ പങ്കെടുത്തത്. മിക്കവാറും എല്ലാ അംഗങ്ങളും ഈ വിഷയങ്ങളെ സംബന്ധിച്ച് പ്രതിപാദിക്കുകയും ചെയ്തു. മൃഗസംരക്ഷണവും ക്ഷീരവികസനവും കൃഷിയുമായി അനുബന്ധമായ സംഗതി തന്നെയാണ്. കേന്ദ്ര സർക്കാർ, ഇപ്പോഴുള്ള ഗവൺമെന്റും നേരത്തെയുള്ള ഗവൺമെന്റും, മൃഗസംരക്ഷണ മേഖലയെ പ്രത്യേകിച്ച് ക്ഷീരമേഖലയെ കൃഷിയായി അംഗീകരിക്കാൻ തയ്യാറായിട്ടില്ല. അത് വലിയ നഷ്ടമാണ് കേരളത്തിലെ ക്ഷീര കർഷകർക്ക് ഉണ്ടാക്കിക്കൊണ്ടിരിക്കുന്നത്. പശുവിനെ വാങ്ങുന്നതിന് ലോൺ എടുക്കണമെങ്കിൽ 12 ശതമാനം പലിശ നൽകേണ്ട സ്ഥിതിയാണുള്ളത്. എല്ലാ മേഖലയിലും കൃഷിയ്ക്ക് നൽകുന്ന ആനുകൂല്യങ്ങൾ മൃഗസംരക്ഷണ മേഖലയിലും ക്ഷീരമേഖലയിലും ലഭിക്കേണ്ടതാണ്. പക്ഷെ ലഭിക്കുന്നില്ല. ആ സാഹചര്യത്തിന് പരിഹാരം ഉണ്ടാകണം. അതിന് കൂട്ടായ പരിശ്രമം ആവശ്യമുണ്ട്. നമ്മുടെ നിയമസഭ ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടുവെങ്കിലും യു.പി.എ. സർക്കാരും എൻ.ഡി.എ. സർക്കാരും അത്

ചെവിക്കൊള്ളാൻ തയ്യാറായിട്ടില്ലായെന്ന സ്ഥിതിയാണിപ്പോഴുള്ളത്. അതിന് പരിഹാരം കാണേണ്ടതുണ്ട്. ശ്രീ. സണ്ണി ജോസഫ്, സാധാരണ ഒരു എം.എൽ.എ. മാത്രമല്ല, കോൺഗ്രസ്സിന്റെ സ്പോക്സ്മാനും കൂടിയാണ്. മിക്കവാറും ചാനലുകളിലെല്ലാം കോൺഗ്രസ്സിന്റെ/യു.ഡി.എഫ്.-ന്റെ വക്താവായി അദ്ദേഹം പ്രത്യക്ഷപ്പെടാറുണ്ട്; ചില ചർച്ചകളിലും പങ്കെടുക്കാറുണ്ട്. വനം വകുപ്പുമായോ കൃഷി വകുപ്പുമായോ ബന്ധപ്പെട്ട് സമഗ്രമായ ഒരു ചർച്ച നടത്തിയശേഷം അദ്ദേഹത്തിന്റെ ഭാഗത്തുനിന്ന് നിർദ്ദേശമുണ്ടാകുമെന്ന് കരുതി. കാരണം അദ്ദേഹം പ്രതിനിധാനം ചെയ്യുന്നത് വനാതിർത്തി പങ്കുവയ്ക്കുന്ന നിയോജകമണ്ഡലമാണ്. കണ്ണൂർ ജില്ലയിലെ വനമേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുന്നതിന് കളക്ടറേറ്റിൽ യോഗം ചേരുമ്പോൾ അദ്ദേഹം സജീവമായി ഇടപെടുകയും ചെയ്യും. അദ്ദേഹം യഥാർത്ഥത്തിൽ ആ കാര്യങ്ങൾ ആത്മാർത്ഥതയോടുകൂടിയാണ് പറഞ്ഞതെങ്കിൽ ശ്രീ. ഐ. സി. ബാലകൃഷ്ണനോട് പറഞ്ഞുകൊടുക്കേണ്ടതാണ്, പഴയതുപോലെയല്ല ഇപ്പോഴത്തെ സ്ഥിതിയെന്ന്. ഇപ്പോൾ വന്യജീവികളുടെ ആക്രമണംമൂലം മനുഷ്യജീവന് ആപത്തുണ്ടായാൽ ദിവസങ്ങൾക്കുള്ളിൽതന്നെ നഷ്ടപരിഹാരത്തുക കൃത്യമായി വീട്ടിൽ കൊണ്ടുചെന്ന് കൊടുക്കുന്നുവെന്ന വിവരം ശ്രീ. സണ്ണി ജോസഫിന് അറിയാവുന്നതാണ്. ആറളം ഫാമുമായി ബന്ധപ്പെട്ടുണ്ടായ മരണത്തെ സംബന്ധിച്ച് അദ്ദേഹം അവിടെനിന്ന് ഫോൺ ചെയ്ത് പറഞ്ഞതേയുള്ളൂ, മൂന്നാമത്തെ ദിവസം നഷ്ടപരിഹാരത്തുകയായ അഞ്ച് ലക്ഷം രൂപ, അവിടെ കൊണ്ടെത്തിച്ച കാര്യം അദ്ദേഹത്തിനറിയാം. ഇന്നിപ്പോൾ കേരളമൊട്ടാകെ പരിശോധിച്ചാൽ മരണപ്പെടുന്ന ആളിന്റെ അവകാശി ആരാണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, അല്ലെങ്കിൽ ആ അവകാശി ആരെന്ന് തിട്ടപ്പെടുത്തുന്നതിന് വരുന്ന കാലതാമസം, അത് ലഭിക്കുന്നതിനുള്ള കാലതാമസമേയുള്ളൂ, നഷ്ടപരിഹാരമായി പണം ഉടൻ നൽകുകയാണ്. അതുപോലെതന്നെ വന്യമൃഗങ്ങളുടെ ശല്യംമൂലമുണ്ടാകുന്ന കൃഷി നാശത്തിന് ഓൺലൈനിൽ ഇപ്പോൾ അപേക്ഷിക്കാം. പഴയതുപോലെയല്ല, നേരത്തെ ഒരു വർഷവും രണ്ട് വർഷവുമൊക്കെ ആയാൽപ്പോലും നിശ്ചയിക്കപ്പെട്ടിട്ടുള്ള തുക അനുവദിച്ച് കിട്ടില്ലായിരുന്നു. ഇന്ന് ആ സ്ഥിതി മാറിയിട്ടുണ്ട്. രണ്ട് മാസത്തിനുമുമ്പ് വരെ ലഭിച്ച, തർക്കമുള്ള കേസുകളൊഴികെ, എല്ലാ അപേക്ഷകൾക്കും പൂർണ്ണമായും നഷ്ടപരിഹാരം കൊടുത്ത് തീർത്തിട്ടുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഈ മേഖലയിലുള്ള പ്രധാന നേട്ടമായി ഞാൻ അതിനെ കണക്കാക്കുകയാണ്. മനുഷ്യജീവനുണ്ടാകുന്ന നഷ്ടവും അതുപോലെ അവന്റെ വസ്തുവകകൾക്കും കൃഷിക്കും ഉണ്ടാകുന്ന നഷ്ടവും കൊടുക്കാൻ തീരുമാനിച്ചാൽ എത്രയും പെട്ടെന്ന് എത്തിക്കുക എന്നുള്ളതാണ് ഈ സർക്കാരിന്റെ സമീപനം. അത് കൃത്യമായി നടത്തിവരികയാണ്. സി.പി.ഐ. (എം), സി.പി.ഐ. തർക്കമുള്ളതുകൊണ്ട് ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾ

ശരിയല്ലായെന്നാണ് പ്രധാനമായും ഇവിടെ സൂചിപ്പിച്ചത്. എനിക്ക് ശ്രീ. സണ്ണി ജോസഫിനോട് പറയാനുള്ളത്, എന്തെങ്കിലും മനസ്സിൽ സ്വപ്നം കാണുന്നുണ്ടെങ്കിൽ അത് മാറ്റിവച്ചാൽ മതിയെന്നാണ്. ഈ സർക്കാർ യോജിപ്പോടുകൂടി അഞ്ച് വർഷക്കാലാവധി പൂർത്തിയാക്കുമെന്നുള്ള കാര്യത്തിൽ ഒരു സംശയവും വേണ്ട. അങ്ങനെ പ്രതീക്ഷിച്ച് ശ്രീ. സണ്ണി ജോസഫ് നടന്നിട്ട് കാര്യമില്ലെന്നാണ് എനിക്ക് പറയാനുള്ളത്. അദ്ദേഹം സി.പി.ഐ.യെക്കുറിച്ച് വളരെയേറെ കാര്യങ്ങൾ പറഞ്ഞു. എൽ.ഡി.എഫ്. മുന്നണിയിൽ പല പാർട്ടികളുണ്ട്; സി.പി.ഐ.-യും സി.പി.ഐ.(എം)-ഉം രണ്ട് വ്യത്യസ്ത പാർട്ടികളാണ്. രണ്ടും കമ്മ്യൂണിസ്റ്റാണെങ്കിലും രണ്ട് പാർട്ടിയാണ്. രണ്ട് പാർട്ടി കമ്മിറ്റികൾ സ്വീകരിക്കുന്ന നിലപാടുകളിൽ ചിലപ്പോൾ ചില വ്യത്യാസങ്ങളൊക്കെ ഉണ്ടായെന്ന് വരാം. ഈ ഗവൺമെന്റിലെ മന്ത്രിമാരിലോ ഗവൺമെന്റിലോ ഒരു അഭിപ്രായ വ്യത്യാസവുമില്ല. എല്ലാ കാര്യങ്ങളിലും ഒരേ നിലപാട് സ്വീകരിച്ചാണ് ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. ആ വസ്തുത അദ്ദേഹം കാണുന്നില്ല. അതുകൊണ്ട് അത് പറഞ്ഞുപോയിട്ട് കാര്യമില്ലെന്ന് അങ്ങയെ ഓർമ്മിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

യു.ഡി.എഫ്.-ന്റെ ഭാഗത്തുനിന്നും അവസാനം സംസാരിച്ച ശ്രീ. അടൂർ പ്രകാശിന്റെ മണ്ഡലത്തിലടക്കം കുറേയേറെ കാര്യങ്ങൾ ചെയ്യണമെന്ന് പറഞ്ഞിട്ട് ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നുവെന്നാണ് പറഞ്ഞത്. ഈ ധനാഭ്യർത്ഥനകൾ പാസ്സായില്ലെങ്കിൽ എങ്ങനെയാണ് അതൊക്കെ ചെയ്യുന്നത്? ധനാഭ്യർത്ഥനയെ എതിർക്കുകയും കാര്യങ്ങൾ ചെയ്യണമെന്നും പറഞ്ഞാൽ എങ്ങനെയാണ് നടപ്പിലാക്കാനാകുന്നത്. അതുകൊണ്ട് എതിർക്കുന്നുവെന്ന് പറഞ്ഞതിൽ യാതൊരു കാര്യവുമില്ല. അദ്ദേഹം പറഞ്ഞ പാലത്തിന്റെ വിഷയമടക്കമുള്ള തർക്കം പരിഹരിക്കാം. സംസ്ഥാനത്തൊട്ടാകെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് സ്വീകരിക്കുന്ന ഒരു നയമുണ്ട്. വനത്തിനുള്ളിൽ താമസിക്കുന്ന ആദിവാസി സമൂഹം വനാശ്രിത സമൂഹമാണ്. അവരുടെ നിയമപരമായ ചില അവകാശങ്ങൾ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ആ അവകാശത്തിന്റെ അടിസ്ഥാനത്തിൽ അവർ താമസിക്കുന്ന സെറ്റിൽമെന്റുകളിലേയ്ക്ക് അല്ലെങ്കിൽ കോളനികളിലേയ്ക്ക് നിലവിൽ റോഡുണ്ടെങ്കിൽ ആ റോഡ് ഡെവലപ് ചെയ്യാം. നിലവിലുള്ള നിയമത്തിന്റെ അടിസ്ഥാനത്തിൽ അനുമതി നൽകാം. അവിടെ നിലവിൽ റോഡുണ്ടെന്നും ആ റോഡിലുള്ള പാലത്തിന്റെ വിഷയം മാത്രമേയുള്ളൂ എന്നുമാണ് അദ്ദേഹം പറഞ്ഞതിൽ നിന്നും മനസ്സിലാകുന്നത്. തീർച്ചയായും അത് സെറ്റിൽമെന്റിലേയ്ക്കുള്ള വഴിയാണ്. ആദിവാസികൾക്ക് നല്ല റോഡിൽക്കൂടി നടക്കാനുള്ള അവകാശമില്ലേ? അവർക്ക് വനത്തിനകത്ത് താമസിക്കാനും വനവിഭവങ്ങളെടുക്കാനും അനുമതി നൽകുന്ന നിയമമുണ്ട്. അവരുടെ

സെറ്റിൽമെന്റിലേക്ക് നല്ല വഴിയിലൂടെ യാത്ര ചെയ്യാനുള്ള അവകാശവും അവർക്കുണ്ട്. അതാണ് ഈ സർക്കാരിന്റെ നയം. ചില തർക്കങ്ങൾ ഉണ്ടാകുന്നുണ്ടെന്നുള്ളത് ശരിയാണ്. വനത്തിനകത്തുകൂടിയുള്ള റോഡിന് തടസ്സമുണ്ടാകുന്നുവെന്ന് ശ്രീ. കെ. കുഞ്ഞിരാമനടക്കം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. വനത്തിനകത്തുകൂടിയുള്ള റോഡുകൾ മെയിന്റനൻസ് നടത്താനോ ഡെവലപ് ചെയ്യാനോ പോകുന്നതിനുമുമ്പ് വനംവകുപ്പിനെ അറിയിക്കുകയും നിയമാനുസൃതമായ അപേക്ഷ നൽകുകയും ചെയ്താൽ ഈ നിയമത്തിന്റെ പരിധിക്കുള്ളിൽനിന്ന് ആ തടസ്സങ്ങൾ മാറ്റിക്കൊടുക്കുന്നതിന് സർക്കാരിന് കഴിയും. ആ നില സ്വീകരിച്ചാൽ വനം വകുപ്പ് ഉദ്യോഗസ്ഥരുമായി തർക്കത്തിനോ വഴക്കിനോ പോകേണ്ട ഒരു കാര്യവുമുണ്ടാകില്ലെന്നാണ് എനിക്ക് അതുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാനുള്ളത്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, അട്ടപ്പാടിയിൽ ആനയെ പിടിച്ചില്ല.

ശ്രീ. കെ. രാജു: സർ, ആ ആനയെ പിടിച്ചു. കണ്ണൂർ ആറളം ഫാമിൽ 5 പേരെ കൊലപ്പെടുത്തിയ ചുള്ളിക്കൊമ്പൻ എന്ന ആനയെ ഇന്നലെ മയക്കുവെടിവച്ച് പിടികൂടുകയും താൽക്കാലികമായി തയ്യാറാക്കിയ കൂട്ടിലടയ്ക്കുകയും ചെയ്തു. ശ്രീ. സണ്ണി ജോസഫ് അതിന് അഭിനന്ദനം പറയുമെന്നാണ് ഞാൻ കരുതിയത്. ഈ ആനയെ തളയ്ക്കണമെന്നാണ് അദ്ദേഹം മുമ്പ് പല പ്രാവശ്യം എന്നോട് ആവശ്യപ്പെട്ടത്. വനമേഖലയുമായി ബന്ധപ്പെട്ട് ജനോപകാരപ്രദമായ നിരവധി പ്രവർത്തനങ്ങൾ നടപ്പിലാക്കി സർക്കാർ മുന്നോട്ടുപോകുകയാണ്. മനുഷ്യരും മൃഗങ്ങളും തമ്മിലുള്ള സംഘർഷം ഒഴിവാക്കുന്നതിന് ബഹുജനപങ്കാളിത്തത്തോടെയുള്ള നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത്. അതിനുവേണ്ടിയാണ് ജനജാഗ്രതാ സമിതികൾ രൂപീകരിച്ചത്. 176 പഞ്ചായത്തുകളിൽ ഈ സമിതികൾ നിലവിൽ വന്നുകഴിഞ്ഞു. ആ സമിതികളിൽ പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനും വൈസ് പ്രസിഡന്റ് അംഗവുമാണ്. ആ പ്രദേശത്തെ കർഷക സംഘടനകളുടെ പ്രതിനിധികൾ അതിൽ അംഗങ്ങളാണ്. അവിടെ ചാർജ്ജുള്ള റെയ്ഞ്ച് ആഫീസറോ ഡെപ്യൂട്ടി റെയ്ഞ്ച് ആഫീസറോ ഇതിന്റെ കൺവീനറാണ്. എല്ലാ പഞ്ചായത്തുകളിലും മൂന്ന് മാസത്തിലൊരിക്കൽ സമിതി യോഗം ചേരണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്; അതിൽ കൂടുതലും ചേരാം. അങ്ങനെ സമിതി യോഗം ചേർന്ന് സൗരോർജ്ജവേലി എവിടെ വേണമെന്ന് ആലോചിക്കാം. എവിടെയെങ്കിലും വേലി പൊട്ടിക്കിടന്നാൽ അതിനൊരു ചുമതലക്കാരനെ അവർക്കുതന്നെ നിശ്ചയിക്കാം. അതിനുള്ള പണം വനം വകുപ്പിൽനിന്നും നൽകാം. സോളാർ ഫെൻസിംഗ് ചെയ്തിരിക്കുന്നത് നോക്കാനാളില്ലാത്തതിനാൽ ഫലമില്ലാതായിപ്പോകുകയാണ്. അതേസമയം സോളാർ ഫെൻസിംഗ് സംരക്ഷിക്കപ്പെട്ടാൽ അത് ഫലപ്രദമാണെന്നുള്ളത് വിവിധ ജില്ലകളിൽ

പോയപ്പോൾ എനിക്ക് മനസ്സിലായതാണ്. അതുകൊണ്ട് ആ ഉത്തരവാദിത്തംകൂടി ഈ കമ്മിറ്റിക്ക് നൽകിയിരിക്കുകയാണ്. വന്യമൃഗങ്ങളുടെ ആക്രമണമുണ്ടായാൽ ആർ.ആർ.ടി.യെ (Rapid Response Team) അല്ലെങ്കിൽ ബന്ധപ്പെട്ട റെയിഞ്ചിലറിയിക്കുകയും അവരെക്കൂടി ഉൾപ്പെടുത്തി വന്യജീവികളെ വനത്തിനുള്ളിലേയ്ക്ക് ഓടിച്ചുവിടാനുമുള്ള സംവിധാനമൊരുക്കാൻ കഴിയുന്ന തരത്തിൽ ജനജാഗ്രതാ സമിതികൾ വളരെ സജീവമായി പ്രവർത്തിച്ചാൽ ഇന്നുള്ള വിഷയങ്ങൾക്ക് ഒരു പരിധിവരെ പരിഹാരം കാണാൻ കഴിയും.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇന്ന് കേരളത്തിലെ, പ്രത്യേകിച്ച് കുടിയേറ്റ മേഖലയിലെ ഏറ്റവും വലിയ പ്രശ്നമാണ് മനുഷ്യനും വന്യജീവികളും തമ്മിലുള്ള സംഘർഷം. ഒരു കൃഷിയും ചെയ്യാൻ കഴിയാത്ത സ്ഥിതിയാണ്. കാട്ടുപന്നികളും മറ്റ് മൃഗങ്ങളും കർഷകരെ ഭീകരമായി ഉപദ്രവിക്കുകയാണ്. അങ്ങ് ചില നടപടികൾ സ്വീകരിച്ചുവെന്നുള്ളത് ശരിയാണ്. ഈ കാര്യത്തിൽ കുറച്ചുകൂടി ജാഗ്രതയോടെ എന്ത് ചെയ്യാൻ കഴിയുമെന്ന് പരിശോധിക്കണമെന്നാണ് എന്റെ അഭ്യർത്ഥന. അങ്ങനെയൊരു നടപടി സ്വീകരിക്കാൻ സർക്കാർ ആലോചിക്കുന്നുണ്ടോ?

ശ്രീ. കെ. രാജു: സർ, മനുഷ്യനും മൃഗങ്ങളും തമ്മിലുള്ള സംഘർഷത്തിൽ നിന്ന് ജനങ്ങളെ സംരക്ഷിക്കുന്നതിനുവേണ്ടി 110 കോടി രൂപയുടെ ഒരു പദ്ധതിയാണ് സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത്. കിഫ്ബിയിൽ ഉൾപ്പെടുത്തി ഇപ്പോൾത്തന്നെ 25 കോടി രൂപ അനുവദിച്ചിട്ടുണ്ട്. സോളാർ ഫെൻസിംഗ്, ആനവേലി, റെയിൽ പാളങ്ങളുപയോഗിച്ചുള്ള വേലി, ആനക്കിടങ്ങ് എന്നിവ അതിൽ ചില കാര്യങ്ങളാണ്. ശ്രീ. സണ്ണി ജോസഫിന്റെ മണ്ഡലവുമായി ബന്ധപ്പെടുത്തിയാണ് രണ്ടര കിലോമീറ്റർ ആനവേലി നിർമ്മിച്ചിട്ടുള്ളത്. ആ നിലയിൽ നിരവധി പ്രതിരോധ പ്രവർത്തനങ്ങളാണ് ഇതിനുവേണ്ടി സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. വന്യജീവികളുടെ ആക്രമണം കൂടുതൽ രൂക്ഷമായ പ്രദേശങ്ങളിൽ വേലി കെട്ടുന്നതിനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്. അതിനാവശ്യമായ ഫണ്ട് ഈ വർഷത്തെ ബഡ്ജറ്റിൽ നീക്കിവച്ചിട്ടുണ്ട്. കിഫ്ബിയിൽത്തന്നെ 100 കോടി രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഡോ. എം. കെ. മുനീർ : സർ, അട്ടപ്പാടിയിൽ 10 പേരെ കൊന്ന ആനയെ ഇതുവരെ പിടിച്ചിട്ടില്ല. ഇപ്പോൾ വേറെ കാര്യങ്ങൾ പറഞ്ഞ് ഒഴിയുകയാണ്.

മി. സ്പീക്കർ : 10 പേരെയും കൊന്നത് ഒരു ആനയാണോ?

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഒരു ആനയാണ്.

മി. സ്പീക്കർ: സാദ്ധ്യമായ എല്ലാ കാര്യങ്ങളും മന്ത്രി ഇവിടെ പറഞ്ഞുകഴിഞ്ഞു. വീണ്ടും വീണ്ടും ഇങ്ങനെ പറയിപ്പിക്കണോ?

ശ്രീ. സണ്ണി ജോസഫ്: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസംഗത്തിൽ ആനയ്ക്ക് മയക്കുവെടിവച്ചു; എനിക്കും മയക്കുവെടിവച്ചു. എന്റെ മണ്ഡലത്തിൽ ആറളം, കൊട്ടിയൂർ എന്നീ രണ്ട് വന്യമൃഗ സങ്കേതങ്ങളാണുള്ളത്. അഞ്ച് പഞ്ചായത്തുകൾ വനാതിർത്തി പങ്കിടുന്നവയാണ്. അവിടെ 2017-ൽ ആന കുത്തി നാല് പേരും പന്നി ബൈക്കിന്റെ മുന്നിൽ ചാടി ഒരു യുവാവും ഉൾപ്പെടെ അഞ്ചുപേർ മരിച്ചു. അവിടെ 13 കോടി 60 ലക്ഷം രൂപയ്ക്ക് 10 കിലോ മീറ്റർ നീളത്തിൽ കരിങ്കല്ലുപയോഗിച്ച് ആനമതിൽ കെട്ടുന്നുണ്ട്, അത് മദ്ധ്യഭാഗത്ത് മാത്രമാണ്. വന്യജീവി സങ്കേതത്തിന്റെ ജനവാസ അതിർത്തി മുഴുവനായി കവർ ചെയ്തെങ്കിൽ മാത്രമേ ഈ ഭീകരാന്തരീക്ഷം ഒഴിവാക്കാൻ സാധിക്കുകയുള്ളൂ. അതിന് സർക്കാർ നടപടി സ്വീകരിക്കണം.

മി. സ്പീക്കർ: എന്താണ് നിങ്ങൾ ഓരോ സ്ഥലത്തെയും കാര്യങ്ങൾ പ്രത്യേകിച്ച് പറയുന്നത്?

ശ്രീ. കെ. രാജു: സർ, ഈ കാര്യത്തിൽ ബഹുമാനപ്പെട്ട മെമ്പർ നേരത്തെ നിവേദനം തന്നിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുള്ള തുക ഉപയോഗിച്ച് ചെയ്യാൻ പോകുന്നതിൽ മുൻഗണന ആ പ്രദേശത്തിനുതന്നെ നൽകുമെന്ന് ബഹുമാനപ്പെട്ട മെമ്പറെ അറിയിച്ചിട്ടുള്ളതാണ്.

മി. സ്പീക്കർ: വന്യജീവികളിൽനിന്ന് രക്ഷിക്കാൻ 110 കോടി രൂപയുടെ പാക്കേജ് അദ്ദേഹം പ്രഖ്യാപിച്ചു കഴിഞ്ഞു. ഇനി എന്താണ്? അങ്ങ് കൺക്ലൂഡ് ചെയ്യൂ. വല്ലാതെ നീണ്ടുപോകുന്നു. അദ്ദേഹത്തിന് ഓരോ പ്രദേശം സംബന്ധിച്ചും പ്രത്യേകമായി പറയാൻ കഴിയില്ല.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ബഹുമാനപ്പെട്ട മന്ത്രിക്കറിയാം, അട്ടപ്പാടിയിൽ 10 ആളുകളെ കൊന്ന ഒരാന, 10 പേരെയും ഒരു ദിവസമല്ല വ്യത്യസ്ത സമയങ്ങളിലായിട്ടാണ് കൊന്നത്. അതിൽ എട്ടാമത്തെയോ ഒൻപതാമത്തെയോ ആളെ കൊന്നപ്പോൾ റോഡ് ഉപരോധമുണ്ടായി. ഞാനുൾപ്പെടെയുള്ളവർ മന്ത്രിയുമായി ബന്ധപ്പെട്ടപ്പോൾ മന്ത്രി പറഞ്ഞത് മയക്കുവെടി വച്ച് ഈ ആനയെ പിടിക്കാം; ആനയെ ഐഡന്റിഫൈ ചെയ്തിട്ടുണ്ട്; ഒറ്റക്കൊമ്പൻ തന്നെയാണ് ഈ ആളുകളെയൊക്കെ കൊല്ലുന്നത് എന്നാണ്. 8 മണിയാകുമ്പോൾ അത് അട്ടപ്പാടിയിലിറങ്ങും. അതിന്റെ മുന്നിൽ പലരും പെട്ടുപോയി. അങ്ങനെയാണ് 10 പേർ മരിച്ചത്. അങ്ങനെ ഈ ആനയെ മയക്കു വെടിവച്ച് പിടിച്ച് അട്ടപ്പാടിയിൽ നിന്ന് കൊണ്ടുവരാമെന്ന് മന്ത്രി നൽകിയ ഉറപ്പിന്റെ അടിസ്ഥാനത്തിലാണ്

റോഡ് ഉപരോധം അവസാനിച്ചത്. എല്ലാ സന്നാഹങ്ങളുമായി അട്ടപ്പാടിയിൽ വന്ന് ആനയെ കണ്ടു; ഇപ്പോൾ ആനയ്ക്ക് രോഗമാണ്. അതുകൊണ്ട് പിടിക്കില്ലെന്നാണ് വനം വകുപ്പ് ഉദ്യോഗസ്ഥർ പറയുന്നത്.

ശ്രീ. കെ. രാജു: സർ, ആനയെ മയക്ക വെടിവച്ച് പിടിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമെന്ന് ഞാൻ പറഞ്ഞാലും ആനയിത് കേൾക്കുന്നില്ലല്ലോ? വേണ്ട സജ്ജീകരണങ്ങളുമായി പലവട്ടം അവിടെ ചെന്നതാണ്; പക്ഷെ, ആനയെ കണ്ടെത്താൻ കഴിഞ്ഞില്ല. ആനയെ കണ്ടെത്തുന്ന മുറയ്ക്ക്, ഈ പറയുന്ന രീതിയിൽ വയലന്റായിട്ടുള്ള ആനയാണെങ്കിൽ അതിനെ തളയ്ക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കും; അങ്ങയുടെ സഹായംകൂടി വേണം. ഒരു കാര്യംകൂടി പറയാം, എന്റെ മണ്ഡലവുമായി ബന്ധപ്പെടുത്തി ചന്ദനത്തടി മോഷണം നടക്കുന്നുവെന്നുള്ള നിലയിൽ പറഞ്ഞിരുന്നു. അത് തമിഴ്നാട് പോലീസ് ഒരു കൊലക്കേസുമായി ബന്ധപ്പെട്ട് തമിഴ്നാട്ടിൽ വച്ച് രണ്ട് പ്രതികളെ അറസ്റ്റ് ചെയ്തപ്പോൾ അവർ നൽകിയ മൊഴിയിൽ ആര്യങ്കാവ് മണ്ഡലത്തിൽനിന്ന് വരുന്നതാണെന്നും അവിടെയുള്ള ചന്ദനം ഞങ്ങൾ മുറിച്ചിട്ടുണ്ടെന്നും പറഞ്ഞതാണ്. അങ്ങനെയൊരു ആരോപണം ഉയർന്നു വന്നിട്ടുള്ളതല്ലാതെ ഈ അടുത്ത സമയത്തൊന്നും ആ മേഖലയിൽ ചന്ദനത്തടി മോഷണം, വനം കൊള്ള എന്നിവ നടന്നിട്ടില്ല. ഇതുസംബന്ധിച്ച് ആവശ്യമായ അന്വേഷണം നടത്തുകയാണ്. ആ പ്രതികൾ ഇപ്പോൾ ജയിലിലാണ്. തമിഴ്നാട് പോലീസ് രജിസ്റ്റർ ചെയ്ത കേസുമായി ബന്ധപ്പെട്ട് ജയിലിൽ പ്രതികളെ ചോദ്യം ചെയ്തപ്പോഴാണ് ഈ സംഭവങ്ങളെല്ലാം അറിയുന്നത്. അപ്പോഴാണ് ഇത് മുൻ സർക്കാരിന്റെ ഭരണകാലത്ത് നടന്ന സംഭവമാണെന്ന് മനസ്സിലായത്. ആർ.ആർ.ടി. (Rapid Response Team)-യെ സംബന്ധിച്ച് ശ്രീ. ബി. ഡി. ദേവസ്സി അടക്കമുള്ള മെമ്പർമാർ ഇവിടെ സൂചിപ്പിച്ചു. ഇപ്പോൾ 14 ആർ.ആർ.ടി. ഗ്രൂപ്പുകൾ സംഘടിപ്പിച്ചിട്ടുണ്ട്. കൂടുതൽ വേണമെന്ന ആവശ്യം ഉയർന്നുവന്നിട്ടുണ്ട്. ഒരു വാഹനം, ഏഴെട്ട് സ്റ്റാഫുകൾ, കുറച്ച് ആയുധങ്ങൾ ഇതൊക്കെയുള്ള ഒരു സംവിധാനമാണ് ആർ.ആർ.ടി. നമുക്ക് കൂടുതൽ വാഹനങ്ങളും ജീവനക്കാരും ആവശ്യമുണ്ട്. അത് ലഭിക്കുന്ന മുറയ്ക്ക് മൂന്നാറിൽ ആർ.ആർ. ടീമിനെ പുതുതായി നിയോഗിക്കുമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. അതുപോലെ ഇപ്പോൾ വനം വകുപ്പുമായി ബന്ധപ്പെട്ട് വർക്കുകൾ നടന്നുവരുന്നത് കൺവീനർ സിസ്റ്റത്തിലാണ്. കൺവീനർ സിസ്റ്റം നിരവധി ആരോപണങ്ങൾക്ക് വിധേയമാകുന്നുണ്ട്. അതായത്, ഉദ്യോഗസ്ഥർ ഇഷ്ടംപോലെ കൺവീനർമാരെ നിയമിക്കുന്നു; അവർക്കിഷ്ടമുള്ള ആളിനെ വയ്ക്കുന്നു. അത് മറ്റു ചില താൽപ്പര്യങ്ങളുടെ അടിസ്ഥാനത്തിലാണെന്നുള്ള നിലയിൽ ആരോപണങ്ങൾ വന്നിട്ടുണ്ട്. അതുകൊണ്ട് കൺവീനർ സിസ്റ്റം ഒഴിവാക്കി ഇപ്പോൾ ഇ-ടെണ്ടർ സംവിധാനമൊക്കെയുള്ള സാഹചര്യത്തിൽ, ടെണ്ടർ നടപടിയാക്കുന്നതിനാവശ്യമായ തീരുമാനമെടുത്തുകഴിഞ്ഞു.

മറ്റൊന്ന്, ഇവിടെ പൊതുവികാരമായി ഉയർന്നുവന്ന വിഷയമാണ്. അക്കേഷ്യ, മാഞ്ചിയം, യൂക്കാലിപ്റ്റസ് തുടങ്ങിയ മരങ്ങൾ വനത്തിനുള്ളിലും ജനവാസ മേഖലയോട് ചേർന്നുള്ള പ്രദേശങ്ങളിലും വച്ചുപിടിപ്പിക്കുന്നത് പൂർണ്ണമായും ഒഴിവാക്കണമെന്നുള്ള അഭിപ്രായം ഇവിടെ ഉയർന്നു വരികയുണ്ടായി. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഞാനും വനം വകുപ്പ് ഉദ്യോഗസ്ഥരും പങ്കെടുത്ത യോഗത്തിൽവച്ച് അതുമായി ബന്ധപ്പെട്ട് ഒരു ധാരണയായിട്ടുണ്ട്. അതിന്റെ ഉത്തരവ് ഉടൻതന്നെ പുറപ്പെടുവിക്കുന്നതാണ്. എന്നാൽ ഇൻഡസ്ട്രിയൽ പർപ്പസിനുവേണ്ടി ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷന്റെയും മറ്റും കുറേ സ്ഥലങ്ങളിൽ സോഫ്റ്റ് വുഡ് വച്ചുപിടിപ്പിക്കുന്നതിനുള്ള കരാർ നിലവിലുണ്ട്. ചിലയിടങ്ങളിൽ ആ ബാദ്ധ്യത നിറവേറ്റുന്നതിനുള്ള അത്രയും സമയംകൂടി ആ കൃഷി ചെയ്യേണ്ടി വരും. പാതയോരങ്ങളിലെല്ലാം നേരത്തെ യൂക്കാലിപ്റ്റസ് വച്ചുപിടിപ്പിച്ച ഒരു സ്ഥിതിയുണ്ട്. അത് മേലിൽ തുടരേണ്ട; എന്നുമാത്രമല്ല, വച്ചുപിടിപ്പിച്ചിട്ടുള്ള യൂക്കാലിപ്റ്റസ് മരങ്ങൾ വെട്ടിമാറ്റുന്നതിനാവശ്യമായ നടപടി സ്വീകരിക്കും. മറ്റൊന്ന്, പരിസ്ഥിതി ദിനവുമായി ബന്ധപ്പെട്ട് വനം വകുപ്പ് 72 ലക്ഷം വൃക്ഷത്തൈകൾ ഇപ്പോൾ പരിപാലിച്ചുവരുന്നുണ്ട്. 'ഹരിത കേരളം' പദ്ധതിയുമായി ബന്ധപ്പെടുത്തി പരിസ്ഥിതി ദിനത്തിലും ആ മാസത്തിലുമായി സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥികൾ എന്നിവർവഴി 72 ലക്ഷം വൃക്ഷത്തൈകൾ, മാഞ്ചിയം, യൂക്കാലിപ്റ്റ്സ് ഇവയൊന്നുമില്ല, ഫ്രൂട്ട് ബെയറിംഗ് ട്രീസിന്റെ തൈകൾ നൽകിക്കൊണ്ട് പരിസ്ഥിതി ദിനാചരണം വളരെ വിപുലമായി നടത്തുന്നതിന് ആലോചിച്ചിട്ടുണ്ട്. എല്ലാ അംഗങ്ങളുടെയും സന്നദ്ധ സംഘടനകളുടെയും സഹകരണം അതിനുണ്ടാകണമെന്നുകൂടി ഈ അവസരത്തിൽ ഞാൻ അഭ്യർത്ഥിക്കുകയാണ്. ക്ഷീരമേഖലയുമായി ബന്ധപ്പെടുത്തി ചില പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. കടക്കെണിയിലായ ക്ഷീര കർഷകർക്ക് 5 കോടി രൂപ ധനസഹായം നൽകുന്നത് ചരിത്രത്തിൽ ആദ്യമായിട്ടാണ്. ആ 5 കോടി രൂപയ്ക്കും അപേക്ഷകരുണ്ടായി; ആ പണം പൂർണ്ണമായും ചെലവഴിച്ചു. ആദ്യമായിട്ടാണ് ക്ഷീരകർഷകർക്ക് അങ്ങനെയൊരു പദ്ധതി നമ്മൾ നടപ്പിലാക്കിയത്. പാലിന്റെ വില വർദ്ധനവ് സംബന്ധിച്ച് ശ്രീ. പാറക്കൽ അബ്ദുല്ല അടക്കമുള്ളവർ ഇവിടെ പറയുകയുണ്ടായി. ഈ ഗവൺമെന്റ് അധികാരത്തിൽവന്നതിനുശേഷം പാലിന്റെ വില വർദ്ധിപ്പിച്ചു. പാലിന്റെ വില 4 രൂപ വർദ്ധിപ്പിച്ചപ്പോൾ 3 രൂപ 35 പൈസയും ക്ഷീര കർഷകന് ലഭിക്കുന്ന നിലയിലാണ് നടപടി സ്വീകരിച്ചത്. ചാർട്ട് സംവിധാനം വഴിയാണ് പാൽ വില നിശ്ചയിച്ചിരുന്നത്. എന്നാൽ അതനുസരിച്ചുള്ള ന്യായവില ലഭിക്കുന്നില്ലെന്ന് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ആ ചാർട്ട് പരിഷ്കരിക്കുന്നതിന് തുടക്കം കുറിക്കാനും ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. ഫാറ്റ്, SNF (Solid Not Fat) തുടങ്ങിയ കണ്ടന്റിന്റെ

അടിസ്ഥാനത്തിലാണ് വില നിശ്ചയിക്കുന്നത്. അതിൽ ഫാറ്റിന്റെ അളവ് 3.5 എന്നുള്ളത് 3 ആയി കുറച്ചതുവഴി കർഷകർക്ക് പിന്നീടും നേട്ടമുണ്ടാകുകയാണ്. പാലിന്റെ കാര്യത്തിൽ രണ്ടു വർഷത്തിനുള്ളിൽ സ്വയംപര്യാപ്തത നേടുകയെന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം. ആ ലക്ഷ്യം നേടുന്നതിനുള്ള പ്രവർത്തനത്തിൽ നമുക്ക് നല്ലരീതിയിൽ മുന്നോട്ടുപോകാൻ കഴിഞ്ഞിരിക്കുന്നു. ഈ മേഖലയിലുള്ളവർക്കെല്ലാം ആത്മവിശ്വാസം കൂടിയിട്ടുണ്ട്. കാരണം വരൾച്ച വലിയ തോതിലുണ്ടായിട്ടും കൊല്ലം ജില്ലയിൽ കഴിഞ്ഞ വർഷത്തേക്കാൾ 30 ശതമാനത്തിലേറെയാണ് പാലുൽപ്പാദനത്തിൽ വർദ്ധനവുണ്ടായിട്ടുള്ളത്. തിരുവനന്തപുരം ജില്ലയിൽ 6 ശതമാനത്തിന്റെ വർദ്ധനവുണ്ടായിട്ടുണ്ട്. മൊത്തത്തിൽ സംസ്ഥാനത്ത് കൊടുംവരൾച്ചയുണ്ടായിട്ടും പാലിന്റെ ഉൽപ്പാദനം വർദ്ധിച്ചു. അപ്പോൾ നല്ല മഴകൂടി കിട്ടിയാൽ ഈ ഒരു വർഷത്തനുള്ളിൽ പാലിന്റെ കാര്യത്തിൽ നമുക്ക് സ്വയംപര്യാപ്തത നേടാൻ കഴിയുമെന്ന് തന്നെയാണ് ഞാൻ പ്രതീക്ഷിക്കുന്നത്.

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, പാൽ വിൽപ്പനയിൽ കേരളം നല്ലൊരു മാർക്കറ്റാണ്. പക്ഷെ തമിഴ്നാട്ടിൽ നിന്നും പാൽപ്പൊടി കലർത്തി പായ്ക്കറ്റിലാക്കി മിൽമയിലൂടെ ദിവസവും 6 ലക്ഷം ലിറ്റർ പാലാണ് കേരളത്തിൽ വിതരണം ചെയ്തുകൊണ്ടിരിക്കുന്നത്. ഇത് കേരളത്തിന്റെ പാലുൽപ്പാദന മേഖലയെ ദുർബ്ബലപ്പെടുത്തും. ഇത് തടയാൻ കർശനമായ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കെ. രാജു</u>: സർ, എല്ലാ ജില്ലകളിലും പരിശോധനയ്ക്കുള്ള സംവിധാനങ്ങളൊരുക്കാൻ തീരുമാനിച്ചിട്ടുണ്ട്. ചെക്ക്പോസ്റ്റുകളിൽ ക്ഷീരവികസന വകുപ്പിന്റെ നേതൃത്വത്തിൽത്തന്നെ പരിശോധനയ്ക്കാവശ്യമായ എല്ലാ സംവിധാനങ്ങളും ഒരുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അത് അടിയന്തരമായി നടപ്പിലാക്കും. നടപ്പിലാക്കുന്ന മുറയ്ക്ക് ഈ വിഷയത്തിന് പരിഹാരം കാണാൻ കഴിയും. പരിശോധന നടത്തി നല്ല പാൽ മാത്രം കടത്തിവിടുന്ന സംവിധാനം നടപ്പിലാക്കുമെന്നാണ് എനിക്ക് പറയാനുള്ളത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ക്ഷീര കർഷകന്റെ പെൻഷൻ 500 രൂപയായിരുന്നത് റിവൈസ്ഡ് ബഡ്ജറ്റിലൂടെ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി 1000 രൂപയാക്കി വർദ്ധിപ്പിച്ചു.

<u>മി.സ്പീക്കർ</u>: ബഹുമാനപ്പെട്ട അംഗങ്ങളും മന്ത്രിമാരും പ്രതിപക്ഷ നേതാവും ഉൾപ്പെടെയുള്ളവർ സമയത്തെക്കുറിച്ച് ഓർമ്മിപ്പിക്കുന്നുണ്ട്.

<u>ശ്രീ. കെ. രാജു</u>: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. ആയിരം രൂപയായി വർദ്ധിപ്പിച്ച പെൻഷൻ കുടിശ്ശിക കൊടുത്തുതീർക്കുന്നതിനുവേണ്ടി 12 കോടി രൂപ ധനകാര്യവകുപ്പിൽനിന്നും ക്ഷീരവികസന വകുപ്പിന് അനുവദിച്ച് കഴിഞ്ഞു. എന്നാൽ ഇക്കഴിഞ്ഞ ഏപ്രിൽ മുതൽ ഇത് 1100 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

ക്ഷീരവികസന മേഖലയിൽ നടപ്പിലാക്കുന്ന എല്ലാ പദ്ധതികൾക്കും എല്ലാവരുടെയും പിന്തുണയും സഹകരണവും ഞാൻ ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്. മൃഗസംരക്ഷണ മേഖലയിൽ നിരവധി പ്രവർത്തനങ്ങൾ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. കന്നുകാലികൾക്ക് ഇൻഷ്വറൻസ് സ്കീം നടപ്പിലാക്കി. ഇൻഷ്വർ ചെയ്യുന്ന പശുവിന്റെ ഉടമസ്ഥൻ ഇൻഷ്വറൻസിനുവേണ്ടിവരുന്ന തുകയുടെ 25 ശതമാനം നൽകിയാൽ മതി. ബാക്കി സർക്കാരാണ് നൽകുന്നത്. അങ്ങനെയൊരു സ്കീം നടപ്പാക്കിയിരിക്കുകയാണ്. ഇവിടെ ഉന്നയിച്ച നല്ല നിർദ്ദേശങ്ങളെ സ്വാഗതം ചെയ്യുന്നു. ബാക്കിയുള്ള കാര്യങ്ങൾക്കാവശ്യമായ വിശദീകരണം നൽകിയെന്നാണ് എന്റെ പ്രതീക്ഷ. ഈ ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: സർവ്വശ്രീ പി. ഉബൈദുള്ള, ടി. വി. ഇബ്രാഹിം, എ. പി. അനിൽ കുമാർ, ടി. എ. അഹമ്മദ് കബീർ, പി. ബി. അബ്ദുൽ റസ്സാക്ക്, സണ്ണി ജോസഫ്, എൻ. ഷംസുദ്ദീൻ, പാറക്കൽ അബ്ദുല്ല, എൻ. എ. നെല്ലിക്കുന്ന്, മോൻസ് ജോസഫ്, ഡോ. എം. കെ. മുനീർ എന്നീ അംഗങ്ങൾ കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങളെ

അനുകൂലിക്കുന്നവർ......................

പ്രതികൂലിക്കുന്നവർ.....................

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2017-18 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ................

പ്രതികൂലിക്കുന്നവർ ...............

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീമതി പി. അയിഷാ പോറ്റി

4. ശ്രീ. കെ. ആൻസലൻ
5. ശ്രീ. ആന്റണി ജോൺ
6. ശ്രീ. എ. എം. ആരിഫ്
7. പ്രൊഫ. കെ. യു. അരുണൻ
8. ശ്രീമതി സി. കെ. ആശ
9. ശ്രീ. കെ. ബാബു
10. ശ്രീ. എ. കെ. ബാലൻ
11. ശ്രീമതി ഇ. എസ്. ബിജിമോൾ
12. ശ്രീ. ഇ. ചന്ദ്രശേഖരൻ
13. ശ്രീ. കെ. ദാസൻ
14. ശ്രീ. ബി. ഡി. ദേവസ്സി
15. ശ്രീ. സി. ദിവാകരൻ
16. ശ്രീ. എൽദോ എബ്രഹാം
17. ശ്രീ. ജോർജ് എം. തോമസ്
18. ശ്രീ. ചിറ്റയം ഗോപകുമാർ
19. ശ്രീ. സി. കെ. ഹരീന്ദ്രൻ
20. ഡോ. കെ. ടി. ജലീൽ
21. ശ്രീ. ജെയിംസ് മാത്യു
22. ശ്രീ. ജി. എസ്. ജയലാൽ
23. ശ്രീ. ഇ. പി. ജയരാജൻ
24. ശ്രീ. ജോൺ ഫെർണാണ്ടസ്
25. ശ്രീ. വി. ജോയി
26. ശ്രീ. ഒ. ആർ. കേളു
27. ശ്രീ. സി. കൃഷ്ണൻ

28. ശ്രീ. കെ. കൃഷ്ണൻകുട്ടി
29. ശ്രീ. കെ. കുഞ്ഞിരാമൻ
30. ശ്രീ. കോവൂർ കുഞ്ഞുമോൻ
31. ശ്രീ. വി. കെ. സി. മമ്മത് കോയ
32. ശ്രീ. എം. എം. മണി
33. ശ്രീ. മാത്യു ടി. തോമസ്
34. ശ്രീ. കെ. ജെ. മാക്സി
35. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
36. ശ്രീ. എ. സി. മൊയ്തീൻ
37. ശ്രീ. മുഹമ്മദ് മുഹസിൻ. പി
38. ശ്രീ. ഡി. കെ. മുരളി
39. ശ്രീ. സി. കെ. നാണു
40. ശ്രീ. എം. നൗഷാദ്
41. ശ്രീ. യു. ആർ. പ്രദീപ്
42. ശ്രീ. എ. പ്രദീപ്കുമാർ
43. ശ്രീ. കെ. ഡി. പ്രസേനൻ
44. ശ്രീമതി യു. പ്രതിഭ ഹരി
45. ശ്രീ. പുരുഷൻ കടലുണ്ടി
46. ശ്രീ. പി. ടി. എ. റഹീം
47. ശ്രീ. എം. രാജഗോപാലൻ
48. ശ്രീ. കെ. രാജൻ
49. ശ്രീ. എസ്. രാജേന്ദ്രൻ
50. ശ്രീ. ആർ. രാജേഷ്
51. ശ്രീ. കെ. രാജു

52. ശ്രീ. ആർ. രാമചന്ദ്രൻ:

53. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

54. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ

55. ശ്രീ. മുല്ലക്കര രത്നാകരൻ

56. പ്രൊഫ. സി. രവീന്ദ്രനാഥ്

57. ശ്രീ. കാരാട്ട് റസാഖ്

58. ശ്രീ. എസ്. ശർമ്മ

59. ശ്രീ. എ. കെ. ശശീന്ദ്രൻ

60. ശ്രീ. സി. കെ. ശശീന്ദ്രൻ

61. ശ്രീ. പി. കെ. ശശി

62. ശ്രീ. വി. ശശി

63. ശ്രീ. ഐ. ബി. സതീഷ്

64. ശ്രീ. ബി. സത്യൻ

65. ശ്രീ. എ. എൻ. ഷംസീർ

66. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

67. ശ്രീ. ജി. സുധാകരൻ

68. ശ്രീ. വി. ആർ. സുനിൽ കുമാർ

69. ശ്രീ. വി. എസ്. സുനിൽ കുമാർ

70. ശ്രീ. കടകംപള്ളി സുരേന്ദ്രൻ

71. ശ്രീ. കെ. സുരേഷ് കുറുപ്പ്

72. ശ്രീ. എം. സ്വരാജ്

73. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

74. ശ്രീ. പി. തിലോത്തമൻ

75. ശ്രീ. തോമസ് ചാണ്ടി

76. ഡോ. ടി. എം. തോമസ് ഐസക്
77. ശ്രീ. പി. ഉണ്ണി
78. ശ്രീ. കെ. വി. വിജയദാസ്
79. ശ്രീ. ഇ. കെ. വിജയൻ
80. ശ്രീ. പിണറായി വിജയൻ

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ്. പി.
2. ശ്രീ. അടൂർ പ്രകാശ്
3. ശ്രീ. മഞ്ഞളാംകുഴി അലി
4. ശ്രീ. എ. പി. അനിൽ കുമാർ
5. ശ്രീ. അനൂപ് ജേക്കബ്
6. ശ്രീ. അൻവർ സാദത്ത്
7. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
8. ശ്രീ. വി. ടി. ബൽറാം
9. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
10. ശ്രീ. എൽദോസ് കുന്നപ്പിള്ളി
11. ശ്രീ. ഹൈബി ഈഡൻ
12. ശ്രീ. ടി. വി. ഇബ്രാഹിം
13. ഡോ. എൻ. ജയരാജ്
14. ഡോ. എം. കെ. മുനീർ
15. ശ്രീ. കെ. മുരളീധരൻ
16. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
17. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
18. ശ്രീ. രമേശ് ചെന്നിത്തല

19. ശ്രീ. റോജി എം. ജോൺ
20. ശ്രീ. വി. പി. സജീന്ദ്രൻ
21. ശ്രീ. എൻ. ഷംസുദ്ദീൻ
22. ശ്രീ. വി. ഡി. സതീശൻ
23. ശ്രീ. കെ. എം. ഷാജി
24. ശ്രീ. വി. എസ്. ശിവകുമാർ
25. ശ്രീ. സണ്ണി ജോസഫ്
26. ശ്രീ. പി. ടി. തോമസ്
27. ശ്രീ. പി. ഉബൈദുള്ള
28. ശ്രീ. എം. ഉമ്മർ
29. ശ്രീ. എം. വിൻസെന്റ്

നിഷ്പക്ഷത പാലിക്കുന്നവർ:

ശ്രീ. പി. സി. ജോർജ്

മി. സ്പീക്കർ: അനുകൂലിക്കുന്നവർ - 80

പ്രതികൂലിക്കുന്നവർ - 29

നിഷ്പക്ഷത പാലിക്കുന്നവർ - 1

പ്രമേയം പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സർവ്വശ്രീ ടി. എ. അഹമ്മദ് കബീർ, പി. ബി. അബ്ദുൽ റസ്സാക്ക്, പി. ഉബൈദുള്ള, സി. മമ്മൂട്ടി, എൽദോസ് കുന്നപ്പിള്ളി, എൻ. ഷംസുദ്ദീൻ, പാറക്കൽ അബ്ദുല്ല, എൻ. എ. നെല്ലിക്കുന്ന്, ടി. വി. ഇബ്രാഹിം, മോൻസ് ജോസഫ്, ഡോ. എം. കെ. മുനീർ എന്നീ അംഗങ്ങൾ മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങളെ

അനുകൂലിക്കുന്നവർ......................

പ്രതികൂലിക്കുന്നവർ.....................

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2017-18 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ................

പ്രതികൂലിക്കുന്നവർ ...............

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. ആൻസലൻ
5. ശ്രീ. ആന്റണി ജോൺ
6. ശ്രീ. എ. എം. ആരിഫ്
7. പ്രൊഫ. കെ. യു. അരുണൻ
8. ശ്രീമതി സി. കെ. ആശ
9. ശ്രീ. കെ. ബാബു
10. ശ്രീ. എ. കെ. ബാലൻ
11. ശ്രീമതി ഇ. എസ്. ബിജിമോൾ
12. ശ്രീ. ഇ. ചന്ദ്രശേഖരൻ
13. ശ്രീ. കെ. ദാസൻ
14. ശ്രീ. ബി. ഡി. ദേവസ്സി
15. ശ്രീ. സി. ദിവാകരൻ
16. ശ്രീ. എൽദോ എബ്രഹാം

17. ശ്രീ. ജോർജ് എം. തോമസ്
18. ശ്രീ. ചിറ്റയം ഗോപകുമാർ
19. ശ്രീ. സി. കെ. ഹരീന്ദ്രൻ
20. ഡോ. കെ. ടി. ജലീൽ
21. ശ്രീ. ജെയിംസ് മാത്യു
22. ശ്രീ. ജി. എസ്. ജയലാൽ
23. ശ്രീ. ഇ. പി. ജയരാജൻ
24. ശ്രീ. ജോൺ ഫെർണാണ്ടസ്
25. ശ്രീ. വി. ജോയി
26. ശ്രീ. ഒ. ആർ. കേളു
27. ശ്രീ. സി. കൃഷ്ണൻ
28. ശ്രീ. കെ. കൃഷ്ണൻകുട്ടി
29. ശ്രീ. കെ. കുഞ്ഞിരാമൻ
30. ശ്രീ. കോവൂർ കുഞ്ഞുമോൻ
31. ശ്രീ. വി. കെ. സി. മമ്മത് കോയ
32. ശ്രീ. എം. എം. മണി
33. ശ്രീ. മാത്യു ടി. തോമസ്
34. ശ്രീ. കെ. ജെ. മാക്സി
35. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
36. ശ്രീ. എ. സി. മൊയ്തീൻ
37. ശ്രീ. മുഹമ്മദ് മുഹസിൻ. പി.
38. ശ്രീ. ഡി. കെ. മുരളി
39. ശ്രീ. സി. കെ. നാണു
40. ശ്രീ. എം. നൗഷാദ്

41. ശ്രീ. യു. ആർ. പ്രദീപ്
42. ശ്രീ. എ. പ്രദീപ്കുമാർ
43. ശ്രീ. കെ. ഡി. പ്രസേനൻ
44. ശ്രീമതി യു. പ്രതിഭ ഹരി
45. ശ്രീ. പുരുഷൻ കടലുണ്ടി
46. ശ്രീ. പി. ടി. എ. റഹീം
47. ശ്രീ. എം. രാജഗോപാലൻ
48. ശ്രീ. കെ. രാജൻ
49. ശ്രീ. എസ്. രാജേന്ദ്രൻ
50. ശ്രീ. ആർ. രാജേഷ്
51. ശ്രീ. കെ. രാജു
52. ശ്രീ. ആർ. രാമചന്ദ്രൻ
53. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
54. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ
55. ശ്രീ. മുല്ലക്കര രത്നാകരൻ
56. പ്രൊഫ. സി. രവീന്ദ്രനാഥ്
57. ശ്രീ. കാരാട്ട് റസാഖ്
58. ശ്രീ. എസ്. ശർമ്മ
59. ശ്രീ. എ. കെ. ശശീന്ദ്രൻ
60. ശ്രീ. സി. കെ. ശശീന്ദ്രൻ
61. ശ്രീ. പി. കെ. ശശി
62. ശ്രീ. വി. ശശി
63. ശ്രീ. ഐ. ബി. സതീഷ്
64. ശ്രീ. ബി. സത്യൻ

65. ശ്രീ. എ. എൻ. ഷംസീർ

66. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

67. ശ്രീ. ജി. സുധാകരൻ

68. ശ്രീ. വി. ആർ. സുനിൽ കുമാർ

69. ശ്രീ. വി. എസ്. സുനിൽ കുമാർ

70. ശ്രീ. കടകംപള്ളി സുരേന്ദ്രൻ

71. ശ്രീ. കെ. സുരേഷ് കുറുപ്പ്

72. ശ്രീ. എം. സ്വരാജ്

73. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

74. ശ്രീ. പി. തിലോത്തമൻ

75. ശ്രീ. തോമസ് ചാണ്ടി

76. ഡോ. ടി. എം. തോമസ് ഐസക്

77. ശ്രീ. പി. ഉണ്ണി

78. ശ്രീ. കെ. വി. വിജയദാസ്

79. ശ്രീ. ഇ. കെ. വിജയൻ

80. ശ്രീ. പിണറായി വിജയൻ.

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ്. പി

2. ശ്രീ. അടൂർ പ്രകാശ്

3. ശ്രീ. മഞ്ഞളാംകുഴി അലി

4. ശ്രീ. എ. പി. അനിൽ കുമാർ

5. ശ്രീ. അനൂപ് ജേക്കബ്

6. ശ്രീ. അൻവർ സാദത്ത്

7. ശ്രീ. ഐ. സി. ബാലകൃഷ്ണൻ

8. ശ്രീ. വി. ടി. ബൽറാം
9. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
10. ശ്രീ. എൽദോസ് കുന്നപ്പിള്ളി
11. ശ്രീ. ഹൈബി ഈഡൻ
12. ശ്രീ. ടി. വി. ഇബ്രാഹിം
13. ഡോ. എൻ. ജയരാജ്
14. ഡോ. എം. കെ. മുനീർ
15. ശ്രീ. കെ. മുരളീധരൻ
16. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
17. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
18. ശ്രീ. രമേശ് ചെന്നിത്തല
19. ശ്രീ. റോജി എം. ജോൺ
20. ശ്രീ. വി. പി. സജീന്ദ്രൻ
21. ശ്രീ. എൻ. ഷംസുദ്ദീൻ
22. ശ്രീ. വി. ഡി. സതീശൻ
23. ശ്രീ. കെ. എം. ഷാജി
24. ശ്രീ. വി. എസ്. ശിവകുമാർ
25. ശ്രീ. സണ്ണി ജോസഫ്
26. ശ്രീ. പി. ടി. തോമസ്
27. ശ്രീ. പി. ഉബൈദുള്ള
28. ശ്രീ. എം. ഉമ്മർ
29. ശ്രീ. എം. വിൻസെന്റ്.

<u>നിഷ്പക്ഷത പാലിക്കുന്നവർ:</u>

ശ്രീ. പി. സി. ജോർജ്

മി. സ്പീക്കർ: അനുകൂലിക്കുന്നവർ - 80

പ്രതികൂലിക്കുന്നവർ - 29

നിഷ്പക്ഷത പാലിക്കുന്നവർ - 1

പ്രമേയം പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സർവ്വശ്രീ സി. മമ്മൂട്ടി, പി. ഉബൈദുള്ള, എൻ. ഷംസുദ്ദീൻ, പാറക്കൽ അബ്ദുല്ല, പി. ബി. അബ്ദുൽ റസ്സാക്ക്, തിരുവഞ്ചൂർ രാധാകൃഷ്ണൻ, ടി. എ. അഹമ്മദ് കബീർ, എൻ.എ. നെല്ലിക്കുന്ന്, ടി. വി. ഇബ്രാഹിം, മോൻസ് ജോസഫ്, ഡോ. എം. കെ. മുനീർ എന്നീ അംഗങ്ങൾ ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങളെ

അനുകൂലിക്കുന്നവർ......................

പ്രതികൂലിക്കുന്നവർ.....................

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2017-18 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കന്നവർ ................

പ്രതികൂലിക്കുന്നവർ ...............

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ:

1. ശ്രീ കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. ആൻസലൻ
5. ശ്രീ. ആന്റണി ജോൺ
6. ശ്രീ. എ. എം. ആരിഫ്
7. പ്രൊഫ. കെ. യു. അരുണൻ

8. ശ്രീമതി സി. കെ. ആശ
9. ശ്രീ. കെ. ബാബു
10. ശ്രീ. എ. കെ. ബാലൻ
11. ശ്രീമതി ഇ. എസ്. ബിജിമോൾ
12. ശ്രീ. ഇ. ചന്ദ്രശേഖരൻ
13. ശ്രീ. കെ. ദാസൻ
14. ശ്രീ. ബി. ഡി. ദേവസ്സി
15. ശ്രീ. സി. ദിവാകരൻ
16. ശ്രീ. എൽദോ എബ്രഹാം
17. ശ്രീ. ജോർജ് എം. തോമസ്
18. ശ്രീ. ചിറ്റയം ഗോപകുമാർ
19. ശ്രീ. സി. കെ. ഹരീന്ദ്രൻ
20. ഡോ. കെ. ടി. ജലീൽ
21. ശ്രീ. ജെയിംസ് മാത്യു
22. ശ്രീ. ജി. എസ്. ജയലാൽ
23. ശ്രീ. ഇ. പി. ജയരാജൻ
24. ശ്രീ. ജോൺ ഫെർണാണ്ടസ്
25. ശ്രീ. വി. ജോയി
26. ശ്രീ. ഒ. ആർ. കേളു
27. ശ്രീ. സി. കൃഷ്ണൻ
28. ശ്രീ. കെ. കൃഷ്ണൻകുട്ടി
29. ശ്രീ. കെ. കുഞ്ഞിരാമൻ
30. ശ്രീ. കോവൂർ കുഞ്ഞുമോൻ
31. ശ്രീ. വി. കെ. സി. മമ്മത് കോയ

32. ശ്രീ. എം. എം. മണി
33. ശ്രീ. മാത്യു ടി. തോമസ്
34. ശ്രീ. കെ. ജെ. മാക്സി
35. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
36. ശ്രീ. എ. സി. മൊയ്തീൻ
37. ശ്രീ. മുഹമ്മദ് മുഹസിൻ. പി.
38. ശ്രീ. ഡി. കെ. മുരളി
39. ശ്രീ. സി. കെ. നാണു
40. ശ്രീ. എം. നൗഷാദ്
41. ശ്രീ. യു. ആർ. പ്രദീപ്
42. ശ്രീ. എ. പ്രദീപ്കുമാർ
43. ശ്രീ. കെ. ഡി. പ്രസേനൻ
44. ശ്രീമതി യു. പ്രതിഭ ഹരി
45. ശ്രീ. പുരുഷൻ കടലുണ്ടി
46. ശ്രീ. പി. ടി. എ. റഹീം
47. ശ്രീ. എം. രാജഗോപാലൻ
48. ശ്രീ. കെ. രാജൻ
49. ശ്രീ. എസ്. രാജേന്ദ്രൻ
50. ശ്രീ. ആർ. രാജേഷ്
51. ശ്രീ. കെ. രാജു
52. ശ്രീ. ആർ. രാമചന്ദ്രൻ
53. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
54. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ
55. ശ്രീ. മുല്ലക്കര രത്നാകരൻ
56. പ്രൊഫ. സി. രവീന്ദ്രനാഥ്
57. ശ്രീ. കാരാട്ട് റസാഖ്

58. ശ്രീ. എസ്. ശർമ്മ
59. ശ്രീ. എ. കെ. ശശീന്ദ്രൻ
60. ശ്രീ. സി. കെ. ശശീന്ദ്രൻ
61. ശ്രീ. പി. കെ. ശശി
62. ശ്രീ. വി. ശശി
63. ശ്രീ. ഐ. ബി. സതീഷ്
64. ശ്രീ. ബി. സത്യൻ
65. ശ്രീ. എ. എൻ. ഷംസീർ
66. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
67. ശ്രീ. ജി. സുധാകരൻ
68. ശ്രീ. വി. ആർ. സുനിൽ കുമാർ
69. ശ്രീ. വി. എസ്. സുനിൽ കുമാർ
70. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
71. ശ്രീ. കെ. സുരേഷ് കുറുപ്പ്
72. ശ്രീ. എം. സ്വരാജ്
73. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
74. ശ്രീ. പി. തിലോത്തമൻ
75. ശ്രീ. തോമസ് ചാണ്ടി
76. ഡോ. ടി. എം. തോമസ് ഐസക്
77. ശ്രീ. പി. ഉണ്ണി
78. ശ്രീ. കെ. വി. വിജയദാസ്
79. ശ്രീ. ഇ. കെ. വിജയൻ
80. ശ്രീ. പിണറായി വിജയൻ

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ്. പി.
2. ശ്രീ. അടൂർ പ്രകാശ്

3. ശ്രീ. മഞ്ഞളാംകുഴി അലി
4. ശ്രീ. എ. പി. അനിൽ കുമാർ
5. ശ്രീ. അനൂപ് ജേക്കബ്
6. ശ്രീ. അൻവർ സാദത്ത്
7. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
8. ശ്രീ. വി. ടി. ബൽറാം
9. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
10. ശ്രീ. എൽദോസ് കുന്നപ്പിള്ളി
11. ശ്രീ. ഹൈബി ഈഡൻ
12. ശ്രീ. ടി. വി. ഇബ്രാഹിം
13. ഡോ. എൻ. ജയരാജ്
14. ഡോ. എം. കെ. മുനീർ
15. ശ്രീ. കെ. മുരളീധരൻ
16. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
17. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
18. ശ്രീ. രമേശ് ചെന്നിത്തല
19. ശ്രീ. റോജി എം. ജോൺ
20. ശ്രീ. വി. പി. സജീന്ദ്രൻ
21. ശ്രീ. എൻ. ഷംസുദ്ദീൻ
22. ശ്രീ. വി. ഡി. സതീശൻ
23. ശ്രീ. കെ. എം. ഷാജി
24. ശ്രീ. വി. എസ്. ശിവകുമാർ
25. ശ്രീ. സണ്ണി ജോസഫ്
26. ശ്രീ. പി. ടി. തോമസ്
27. ശ്രീ. പി. ഉബൈദുള്ള
28. ശ്രീ. എം. ഉമ്മർ
29. ശ്രീ. എം. വിൻസെന്റ്

<u>നിഷ്പക്ഷത പാലിക്കുന്നവർ:</u>

ശ്രീ. പി. സി. ജോർജ്

<u>മി. സ്പീക്കർ</u>: അനുകൂലിക്കുന്നവർ - 80

പ്രതികൂലിക്കുന്നവർ - 29

നിഷ്പക്ഷത പാലിക്കുന്നവർ - 1

പ്രമേയം പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സർവ്വശ്രീ എൻ. എ. നെല്ലിക്കുന്ന്, കെ. സി. ജോസഫ്, ടി.വി. ഇബ്രാഹിം, പി. ഉബൈദുള്ള, കെ. മുരളീധരൻ, സി. മമ്മൂട്ടി, ടി. എ. അഹമ്മദ് കബീർ, റോജി എം. ജോൺ, എൻ. ഷംസുദ്ദീൻ, പാറക്കൽ അബ്ദുല്ല, പി. ബി. അബ്ദുൽ റസ്സാക്ക്, മോൻസ് ജോസഫ്, ഡോ. എം. കെ. മുനീർ എന്നീ അംഗങ്ങൾ വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങളെ

അനുകൂലിക്കുന്നവർ......................

പ്രതികൂലിക്കുന്നവർ.....................

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവര പ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2017-18 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ................

പ്രതികൂലിക്കുന്നവർ ...............

<u>ഡോ. എം. കെ. മുനീർ</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

<u>അനുകൂലിക്കുന്നവർ:</u>

1. ശ്രീ കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ

3. ശ്രീമതി പി. അയിഷാ പോറ്റി

4. ശ്രീ. കെ. ആൻസലൻ

5. ശ്രീ. ആന്റണി ജോൺ

6. ശ്രീ. എ. എം. ആരിഫ്

7. പ്രൊഫ. കെ. യു. അരുണൻ

8. ശ്രീമതി സി. കെ. ആശ

9. ശ്രീ. കെ. ബാബു

10. ശ്രീ. എ. കെ. ബാലൻ

11. ശ്രീമതി ഇ. എസ്. ബിജിമോൾ

12. ശ്രീ. ഇ. ചന്ദ്രശേഖരൻ

13. ശ്രീ. കെ. ദാസൻ

14. ശ്രീ. ബി. ഡി. ദേവസ്സി

15. ശ്രീ. സി. ദിവാകരൻ

16. ശ്രീ. എൽദോ എബ്രഹാം

17. ശ്രീ. ജോർജ് എം. തോമസ്

18. ശ്രീ. ചിറ്റയം ഗോപകുമാർ

19. ശ്രീ. സി. കെ. ഹരീന്ദ്രൻ

20. ഡോ. കെ. ടി. ജലീൽ

21. ശ്രീ. ജെയിംസ് മാത്യൂ

22. ശ്രീ. ജി. എസ്. ജയലാൽ

23. ശ്രീ. ഇ. പി. ജയരാജൻ

24. ശ്രീ. ജോൺ ഫെർണാണ്ടസ്

25. ശ്രീ. വി. ജോയി

26. ശ്രീ. ഒ. ആർ. കേളു

27. ശ്രീ. സി. കൃഷ്ണൻ

28. ശ്രീ. കെ. കൃഷ്ണൻകുട്ടി

29. ശ്രീ. കെ. കുഞ്ഞിരാമൻ

30. ശ്രീ. കോവൂർ കുഞ്ഞുമോൻ

31. ശ്രീ. വി. കെ. സി. മമ്മത് കോയ

32. ശ്രീ. എം. എം. മണി

33. ശ്രീ. മാത്യു ടി. തോമസ്

34. ശ്രീ. കെ. ജെ. മാക്സി

35. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ

36. ശ്രീ. എ. സി. മൊയ്തീൻ

37. ശ്രീ. മുഹമ്മദ് മുഹസിൻ. പി.

38. ശ്രീ. ഡി. കെ. മുരളി

39. ശ്രീ. സി. കെ. നാണു

40. ശ്രീ. എം. നൗഷാദ്

41. ശ്രീ. യു. ആർ. പ്രദീപ്

42. ശ്രീ. എ. പ്രദീപ്കുമാർ

43. ശ്രീ. കെ. ഡി. പ്രസേനൻ

44. ശ്രീമതി യു. പ്രതിഭ ഹരി

45. ശ്രീ. പുരുഷൻ കടലുണ്ടി

46. ശ്രീ. പി. ടി. എ. റഹീം

47. ശ്രീ. എം. രാജഗോപാലൻ

48. ശ്രീ. കെ. രാജൻ

49. ശ്രീ. എസ്. രാജേന്ദ്രൻ

50. ശ്രീ. ആർ. രാജേഷ്

51. ശ്രീ. കെ. രാജു
52. ശ്രീ. ആർ. രാമചന്ദ്രൻ
53. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
54. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ
55. ശ്രീ. മുല്ലക്കര രത്നാകരൻ
56. പ്രൊഫ. സി. രവീന്ദ്രനാഥ്
57. ശ്രീ. കാരാട്ട് റസാഖ്
58. ശ്രീ. എസ്. ശർമ്മ
59. ശ്രീ. എ. കെ. ശശീന്ദ്രൻ
60. ശ്രീ. സി. കെ. ശശീന്ദ്രൻ
61. ശ്രീ. പി. കെ. ശശി
62. ശ്രീ. വി. ശശി
63. ശ്രീ. ഐ. ബി. സതീഷ്
64. ശ്രീ. ബി. സത്യൻ
65. ശ്രീ. എ. എൻ. ഷംസീർ
66. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
67. ശ്രീ. ജി. സുധാകരൻ
68. ശ്രീ. വി. ആർ. സുനിൽ കുമാർ
69. ശ്രീ. വി. എസ്. സുനിൽ കുമാർ
70. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
71. ശ്രീ. കെ. സുരേഷ് കുറുപ്പ്
72. ശ്രീ. എം. സ്വരാജ്
73. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
74. ശ്രീ. പി. തിലോത്തമൻ

75. ശ്രീ. തോമസ് ചാണ്ടി
76. ഡോ. ടി. എം. തോമസ് ഐസക്
77. ശ്രീ. പി. ഉണ്ണി
78. ശ്രീ. കെ. വി. വിജയദാസ്
79. ശ്രീ. ഇ. കെ. വിജയൻ
80. ശ്രീ. പിണറായി വിജയൻ.

<u>പ്രതികൂലിക്കുന്നവർ</u>:

1. ശ്രീ. അബ്ദുൽ ഹമീദ്. പി.
2. ശ്രീ. അടൂർ പ്രകാശ്
3. ശ്രീ. മഞ്ഞളാംകുഴി അലി
4. ശ്രീ. എ. പി. അനിൽ കുമാർ
5. ശ്രീ. അനൂപ് ജേക്കബ്
6. ശ്രീ. അൻവർ സാദത്ത്
7. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
8. ശ്രീ. വി. ടി. ബൽറാം
9. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
10. ശ്രീ. എൽദോസ് കുന്നപ്പിള്ളി
11. ശ്രീ. ഹൈബി ഈഡൻ
12. ശ്രീ. ടി. വി. ഇബ്രാഹിം
13. ഡോ. എൻ. ജയരാജ്
14. ഡോ. എം. കെ. മുനീർ
15. ശ്രീ. കെ. മുരളീധരൻ
16. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
17. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
18. ശ്രീ. രമേശ് ചെന്നിത്തല
19. ശ്രീ. റോജി എം. ജോൺ

20. ശ്രീ. വി. പി. സജീന്ദ്രൻ

21. ശ്രീ. എൻ. ഷംസുദ്ദീൻ

22. ശ്രീ. വി. ഡി. സതീശൻ

23. ശ്രീ. കെ. എം. ഷാജി

24. ശ്രീ. വി. എസ്. ശിവകുമാർ

20. ശ്രീ. സണ്ണി ജോസഫ്

21. ശ്രീ. പി. ടി. തോമസ്

22. ശ്രീ. പി. ഉബൈദുള്ള

23. ശ്രീ. എം. ഉമ്മർ

24. ശ്രീ. എം. വിൻസെന്റ്

<u>നിഷ്പക്ഷത പാലിക്കുന്നവർ:</u>

ശ്രീ. പി. സി. ജോർജ്

<u>മി. സ്പീക്കർ</u>: അനുകൂലിക്കുന്നവർ - 80

പ്രതികൂലിക്കുന്നവർ - 29

നിഷ്പക്ഷത പാലിക്കുന്നവർ - 1

പ്രമേയം പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഓർഡർ..... ഓർഡർ...... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2017 മേയ് 12-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 3.56-ന് പിരിഞ്ഞു.)

## X. അനുബന്ധം

### പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങൾ 2017-18

(അടിയന്തരപ്രമേയത്തിന് മറുപടി പറയവെ ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി മേശപ്പുറത്തുവച്ച മറുപടിയുടെ വിശദാംശങ്ങൾ)

കേരളത്തിൽ 2016-17 കാലയളവിൽ വിവിധതരം പകർച്ചവ്യാധികൾ എല്ലാ ജില്ലകളിൽനിന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. വൈറൽപനി, ഡെങ്കിപ്പനി, എലിപ്പനി, മലേറിയ, ജലജന്യ രോഗങ്ങളായ മഞ്ഞപ്പിത്തം, ടൈഫോയിഡ് വയറിളക്കരോഗം തുടങ്ങിയവയും ഇതിൽ പ്രധാനപ്പെട്ടവയാണ്. ശ്വാസകോശരോഗമായ എച്ച്1 എൻ1 പനിമൂലമുള്ള രോഗവും മരണവും മുൻവർഷത്തെ അപേക്ഷിച്ച് അൽപ്പം കൂടുതലായി ഈ വർഷവും റിപ്പോർട്ട് ചെയ്യപ്പെട്ടു.

### വൈറൽപനി

സംസ്ഥാനത്ത് ഏറ്റവും കൂടുതലായി രോഗികൾ ചികിത്സ തേടുന്നത് വൈറൽപനി സംബന്ധമായാണ്. 2017 മേയ് മാസം 8 വരെ 760833 രോഗികൾ വൈറൽപനിക്ക് മാത്രമായി ചികിത്സ തേടിയിരുന്നു. ഇതിൽ ഭൂരിഭാഗവും ഏതാനും ദിവസത്തെ ചികിത്സമൂലം സുഖപ്പെടുകയും ചെയ്തു.

കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് പനിയിൽ അൽപ്പം വർദ്ധനവുണ്ടെങ്കിലും 2013, 2014 വർഷത്തെ അപേക്ഷിച്ച് കുറവാണ്. പനി മരണങ്ങളും കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് കുറവാണ്. ചെള്ളുപനി മുൻവർഷത്തെ അപേക്ഷിച്ച് കുറയ്ക്കുവാൻ സാധിച്ചു. എച്ച്1 എൻ1 വർദ്ധനവുണ്ട്. 421 കേസുകൾ റിപ്പോർട്ട് ചെയ്യുകയും 29 പേർ മരണപ്പെടുകയും ചെയ്തിട്ടുണ്ട്.

വയനാട് ജില്ലയിൽ 2015-ൽ 102 പേരെ ബാധിക്കുകയും 11 പേർ മരിക്കുകയും ചെയ്ത കുരങ്ങുപനി ഈ വർഷം ഉണ്ടായിട്ടേയില്ല. എലിപ്പനിയും ഡിഫ്തീരിയയും കഴിഞ്ഞ വർഷത്തെക്കാൾ കൂടുതൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

### രോഗങ്ങൾക്കെതിരെ കൈക്കൊണ്ട നടപടികൾ

മുൻവർഷങ്ങളിലെ രോഗവിവര കണക്കുകൾ വിശകലനം ചെയ്തതിൽ ഈ വർഷം താരതമ്യേന രോഗബാധിതരുടെ എണ്ണത്തിൽ വർദ്ധനവിന്റെ സൂചന ലഭിച്ചിരുന്നു. കാലാവസ്ഥയിലുള്ള മാറ്റം, കുടിവെള്ള ദൗർലഭ്യം തുടങ്ങിയവകാരണം ജലജന്യരോഗങ്ങളും കൊതുകുജന്യരോഗങ്ങളും വർദ്ധിക്കാനുള്ള സാദ്ധ്യത മുന്നിൽ കണ്ടുകൊണ്ടുള്ള പ്രവർത്തനമാണ് സംസ്ഥാന ആരോഗ്യവകുപ്പ് കൈക്കൊണ്ടത്.

- ജനുവരി മാസത്തിൽത്തന്നെ വിവിധ ജില്ലകൾ 2017-18 കാലയളവിലേക്കായി പകർച്ചവ്യാധി പ്രതിരോധത്തിനും നിയന്ത്രണത്തിനും വാർഷിക മാർഗ്ഗരേഖയ്ക്ക് രൂപം നൽകി.

➢ സംസ്ഥാനത്തിൽ വിളിച്ചുചേർത്ത ജില്ലാതല സർവ്വയലൻസ് ആഫീസർമാരുടേയും മറ്റുദ്യോഗസ്ഥരുടെയും അവലോകന യോഗത്തിൽ സ്പഷ്ടതയുണ്ടാക്കുകയും അതനുസരിച്ചുള്ള തുടർ പ്രവർത്തനങ്ങൾ നടത്തുവാൻ തീരുമാനിക്കുകയും ചെയ്തു.

➢ സംസ്ഥാനത്തെ വിവിധ ജില്ലകളിലുള്ള ഇതര സംസ്ഥാന തൊഴിലാളികളുടെ വാസസ്ഥലങ്ങളെക്കുറിച്ചും ജലവിതരണം, മാലിന്യസംസ്കരണം എന്നിവയെക്കുറിച്ചുമുള്ള വിവരങ്ങൾ ആരോഗ്യവകുപ്പിന് കൈമാറുവാൻ ധാരണയായി.

➢ 9-3-2017-ന് വിവിധ ജില്ലകളിലെ സർക്കാർ സ്വകാര്യ മെഡിക്കൽ കോളേജുകളിലുള്ള ഒരു ഡോക്ടർക്കുവീതം പകർച്ചവ്യാധി നിരീക്ഷണം, റിപ്പോർട്ടിംഗ്, പ്രതിരോധ പ്രവർത്തനങ്ങൾ തുടങ്ങിയവയെക്കുറിച്ച് പരിശീലന ക്ലാസ്സ് നൽകുകയും മഴക്കാലത്തുണ്ടാകാൻ സാദ്ധ്യതയുള്ള പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾക്ക് സഹായം അഭ്യർത്ഥിക്കുകയും ചെയ്തു.

➢ 16-3-2017-ന് തിരുവനന്തപുരം ജില്ലയിലെ രോഗബാധ കൂടുതലായി കണ്ടുവരുന്ന 8 ബ്ലോക്ക് പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലെ മെഡിക്കൽ ഓഫീസർമാരുടെയും സൂപ്പർവൈസർമാരുടേയും ഒരു പ്രത്യേക യോഗം വിളിച്ചുചേർത്ത് നിർദ്ദേശങ്ങൾ നൽകുകയും ആവശ്യമായ പ്രോജക്ടുകൾ രൂപീകരിച്ച് പ്രവർത്തനം തുടങ്ങുവാൻ തീരുമാനിക്കുകയുമുണ്ടായി. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ കമ്മ്യൂണിറ്റി മെഡിസിൻ അസി. പ്രൊഫസറും പ്രസ്തുത ചർച്ചയിൽ പങ്കെടുത്തു.

➢ 24-3-2017-ന് എലിപ്പനി രോഗപ്രതിരോധ പ്രവർത്തനങ്ങളെക്കുറിച്ചുള്ള സംസ്ഥാനതല ശിൽപ്പശാല തൈക്കാട് ട്രെയിനിംഗ് സെന്ററിൽ വച്ച് നടത്തി. വിവിധ ജില്ലകളിലെ സർവ്വയലൻസ് ഓഫീസർമാർ, ജില്ലാ ഓഫീസർമാർ തുടങ്ങിയവർ യോഗത്തിൽ സംബന്ധിച്ചു.

➢ ആൻഡമാൻ നിക്കോബാർ ദ്വീപിലെ കേന്ദ്ര എലിപ്പനി ഗവേഷണ കേന്ദ്രത്തിലെയും പൂക്കോട് വെറ്ററിനറി കോളേജിലെയും ശാസ്ത്രജ്ഞർ ചർച്ചകൾക്ക് നേതൃത്വം നൽകി.

➢ എലിപ്പനി രോഗവ്യാപനം തടയുന്നതിനെക്കുറിച്ചും മനുഷ്യരിലും വളർത്തുമൃഗങ്ങളിലും രോഗനിർണ്ണയം നടത്തുന്നതിലുള്ള വിവിധ ടെസ്റ്റുകളെക്കുറിച്ചും ശിൽപ്പശാലയിൽ ചർച്ച ചെയ്യപ്പെട്ടു.

➢ മാർച്ച്-ഏപ്രിൽ മാസങ്ങളിൽ സംസ്ഥാനത്തിന്റെ വിവിധ ജില്ലകളിൽ ഡെങ്കി, എച്ച്1 എൻ1 എന്നിവ റിപ്പോർട്ട് ചെയ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ ചികിത്സാ സംവിധാനങ്ങളും രോഗനിർണ്ണയത്തിനുള്ള ഉപാധികളും ഉറപ്പുവരുത്തി.

➢ സംസ്ഥാനത്തെ വിവിധ ജില്ലകളിൽപ്പെട്ട ലബോറട്ടറി ടെക്നീഷ്യൻമാർക്ക് ചെന്നൈയിൽനിന്നുള്ള വിദഗ്ധരുടെ നേതൃത്വത്തിൽ മലമ്പനി രോഗനിർണ്ണയത്തിനുള്ള പ്രത്യേക ട്രെയിനിംഗ് നടത്തി.

➢ ജില്ലകളിലെ വെക്ടർ കൺട്രോൾ യൂണിറ്റ് ഉദ്യോഗസ്ഥർക്കും കൊതുക്-പ്രാണി ഗവേഷകർക്കുമുള്ള ശിൽപ്പശാല മാർച്ച് മാസത്തിൽ നടത്തുകയുണ്ടായി.

➢ ഏപ്രിൽ മാസം ആദ്യവാരത്തോടുകൂടി സംസ്ഥാനത്തെ വിവിധ ജില്ലകളിൽ ജലജന്യരോഗമായ ഹെപ്പറ്റൈറ്റിസ് എ, കൊതുകുജന്യരോഗമായ ഡെങ്കി, ശ്വാസകോശരോഗമായ എച്ച്1 എൻ1 എന്നിവ വർദ്ധിച്ചുവരുന്നതിനാൽ അതത് ജില്ലകൾക്കായി മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും രോഗപ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയും രോഗ നിരീക്ഷണവും ദൈനംദിന പ്രവർത്തനങ്ങളും സസൂക്ഷ്മം വിലയിരുത്തിയും വരുന്നു.

➢ ഏപ്രിൽ 21, 22 തീയതികളിൽ കണ്ണൂർ ജില്ലയിലെ മട്ടന്നൂർ മുനിസിപ്പാലിറ്റിയിൽനിന്നും റിപ്പോർട്ട് ചെയ്ത ഡെങ്കിപ്പനിബാധയെത്തുടർന്ന് അഡീഷണൽ ഡയറക്ടറുടെ നേതൃത്വത്തിൽ ഒരു സംഘം സ്ഥലം സന്ദർശിക്കുകയും രോഗപ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു. മട്ടന്നൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ മുനിസിപ്പൽ ആരോഗ്യകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വിവിധ വാർഡുകളിലെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ തീരുമാനിച്ചു.

➢ തുടർന്ന് 23-4-2017-ന് മുനിസിപ്പാലിറ്റിയിലെ 34 വാർഡുകളിലും കുടുംബശ്രീ, അയൽക്കൂട്ടം, മുനിസിപ്പൽ ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ സംയുക്തമായി കൊതുക് ഉറവിട നശീകരണ തീവ്രയജ്ഞം പരിപാടി നടത്തി.

➢ ഏപ്രിൽ 24 മുതൽ 27 വരെ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും കൊതുകുകളുടെ ഉറവിട നശീകരണത്തിനായി തീവ്രയജ്ഞ പരിപാടി നടത്തി.

➢ 26, 27 തീയതികളിൽ തോട്ടം മേഖലയിൽ പ്രത്യേക കൊതുക് കൂത്താടി നശീകരണം നടത്തി.

➢ സംസ്ഥാനത്ത് ഈ വർഷം നടപ്പിലാക്കുന്ന ഊർജ്ജിത പകർച്ചവ്യാധി നിയന്ത്രണ പരിപാടിയുടെ ഭാഗമായി 29-4-2017-ന് സംസ്ഥാന വ്യാപകമായി നടത്തിയ "ഹെൽത്തി കേരളാ ക്യാമ്പയിനിൽ " ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ 1847 ടീമുകളായി തിരിഞ്ഞ് വിവിധ സ്ഥാപനങ്ങൾ, വീടുകൾ, തോട്ടങ്ങൾ, ഇതര സംസ്ഥാന തൊഴിലാളികളുടെ വാസസ്ഥലങ്ങൾ/നിർമ്മാണ സ്ഥലങ്ങൾ എന്നിവിടങ്ങളിൽ നടത്തിയ പരിശോധനയിൽ ഗുരുതരമായ വീഴ്ചകളാണ്

കണ്ടെത്തിയത്. 81695 വീടുകളിലും 5282 സ്ഥാപനങ്ങളിലും 2084 തോട്ടങ്ങളിലും 920 നിർമ്മാണ സ്ഥലങ്ങളിലും 1585 ഇതര സംസ്ഥാന തൊഴിലാളികളുടെ വാസസ്ഥലങ്ങളിലും പരിശോധന നടത്തുകയുണ്ടായി. കൊതുകിന്റെ ഉറവിടങ്ങൾ കാണപ്പെട്ടതിനും പകർച്ചവ്യാധി ഉണ്ടാക്കുന്ന തരത്തിൽ മലിനജലം പുറത്തേക്ക് ഒഴുക്കിയതിനും കക്കൂസുകുഴി മൂടി ഭദ്രമാക്കാത്തതിനും പകർച്ചവ്യാധികളുണ്ടാകുന്ന തരത്തിൽ മാലിന്യം നിക്ഷേപിച്ചതിനും ജലസ്രോതസ്സുകൾ മലിനമാക്കിയതിനും 384 വീടുകൾക്കും 413 സ്ഥാപനങ്ങൾക്കും 108 തോട്ടങ്ങൾക്കും 38 നിർമ്മാണ സ്ഥലങ്ങൾക്കും 119 ഇതര സംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന വാസസ്ഥലങ്ങൾക്കും നിയമപരമായ നോട്ടീസുകൾ നൽകുകയുണ്ടായി. സംസ്ഥാന തലത്തിൽ ആരോഗ്യവകുപ്പ് ഡയറക്ടർ ഡോ. ആർ. എൽ. സരിത, ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ (പി.എച്ച്.) ഡോ. കെ. ജെ. റീന എന്നിവരും ജില്ലാതല പ്രവർത്തനങ്ങൾക്ക് ജില്ലാ മെഡിക്കൽ ഓഫീസർമാരും നേതൃത്വം നൽകുകയുണ്ടായി.

- ➢ തുടർന്നുള്ള മാസങ്ങളിൽ തദ്ദേശസ്വയംഭരണ വകുപ്പ് ശുചിത്വമിഷൻ, ആരോഗ്യകേരളം, ഭക്ഷ്യസുരക്ഷാ വിഭാഗം, ജലവിതരണം തുടങ്ങിയ വകുപ്പുകളുമായി ചേർന്നുകൊണ്ട് ആവശ്യമായ രോഗപ്രതിരോധ പദ്ധതികൾ സമയബന്ധിതമായി നടത്തുന്നതാണ്.

- ➢ പ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ട് വിവിധ ജില്ലകൾക്ക് നൽകിയിട്ടുണ്ട്.

- ➢ എച്ച്1 എൻ1 രോഗത്തിനാവശ്യമായ ഫണ്ട് വിവിധ ജില്ലകൾക്ക് നൽകിയിട്ടുണ്ട്.

- ➢ എച്ച്1 എൻ1 രോഗത്തിനാവശ്യമായ ഒസെൾട്ടാമിവിർ ഗുളികകളുടെ ലഭ്യത എല്ലാ ജില്ലകളിലും ഉറപ്പാക്കിയിട്ടുണ്ട്. വാക്സിനേഷൻ ലഭ്യമാക്കാനുള്ള മേൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

- ➢ എറണാകുളം ജില്ലയിൽനിന്നും കഴിഞ്ഞ ആഴ്ചയിൽ റിപ്പോർട്ട് ചെയ്യപ്പെട്ട ഡിഫ്തീരിയ രോഗത്തിനെതിരായി പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

- ➢ ഡെങ്കിപ്പനി കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെട്ട എറണാകുളം ജില്ലയിലെ പായിപ്ര, കണ്ണൂർ ജില്ലയിലെ മട്ടന്നൂർ, പാലക്കാട് ജില്ലയിലെ മേലാർക്കോട്, തൃശ്ശൂർ ജില്ലയിലെ ഒല്ലൂർ, കോഴിക്കോട് ജില്ലയിലെ കാക്കൂർ, രാമനാട്ടുകര എന്നീ പ്രദേശങ്ങളിൽ രോഗപ്പകർച്ച നിയന്ത്രണ വിധേയമാണ്.

- ➢ മഞ്ഞപ്പിത്തം (ഹെപ്പറ്റൈറ്റിസ് എ) റിപ്പോർട്ട് ചെയ്യപ്പെട്ട മലപ്പുറം ജില്ലയിലെ അങ്ങാടിപ്പുറം, വയനാട് ജില്ലയിലെ തൊണ്ടർനാട്, പടിഞ്ഞാറേത്തറ, എറണാകുളം ജില്ലയിലെ കളമശ്ശേരി തുടങ്ങിയ സ്ഥലങ്ങളിലെ സ്ഥിതി നിയന്ത്രണ വിധേയമാണ്.

<u>രോഗനിയന്ത്രണ പ്രവർത്തനങ്ങൾ</u>

ഈ വർഷം മേയ് മാസം 8 വരെ 2777 ഡെങ്കിപ്പനി കേസുകളും 2 മരണവും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കഴിഞ്ഞ വർഷങ്ങളിൽ ഇതേ കാലയളവിനെക്കാൾ ഈ വർഷം ഡെങ്കിപ്പനിയിൽ വർദ്ധനവുണ്ടായിട്ടുണ്ട്. ഡെങ്കിപ്പനി ബാധയിൽ സംസ്ഥാനത്തുള്ള വർദ്ധനവ് രാജ്യവ്യാപകമായ വർദ്ധനവിന്റെ ഭാഗമായിട്ടുള്ളതാണ്. വേനൽമഴയും മൺസൂൺ കാലത്തെ ഇടവിട്ടുള്ള മഴയും ഡെങ്കിപ്പനി വർദ്ധിക്കാൻ കാരണമായി.

ഡെങ്കിപ്പനി ഈ വർഷം കൂടുതലായി റിപ്പോർട്ട് ചെയ്തത് തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, എറണാകുളം, കണ്ണൂർ ജില്ലകളിലാണ്. രോഗബാധിത പ്രദേശങ്ങളിൽ റാപ്പിഡ് റെസ്പോൺസ് ടീം ഇൻവെസ്റ്റിഗേഷൻ നടത്തുകയും ഊർജ്ജിതമായി കൊതുകിന്റെ ഉറവിട നശീകരണം, ഇൻഡോർ സ്പ്രേ (വീടിനകത്ത് ആരോഗ്യത്തിന് ഹാനികരമല്ലാത്ത പൈറിത്രം എക്സ്ട്രാക്റ്റ് സ്പ്രേ ചെയ്യുന്നത്), വീടിന് പുറത്ത് സ്പ്രേയിംഗ്, ഫോഗിംഗ് കൂടാതെ വ്യക്തിഗത സുരക്ഷാ മാർഗ്ഗങ്ങൾ തുടങ്ങിയവ കാര്യക്ഷമമായി ചെയ്തുവരുന്നു.

ആരോഗ്യപ്രവർത്തകർ ഗൃഹ സന്ദർശനം നടത്തി കൊതുകിന്റെ ഉറവിടങ്ങൾ കണ്ടുപിടിച്ച് ഇല്ലാതാക്കി. കൊതുക് ഉറവിട നശീകരണ ക്യാമ്പെയിനുകളും ആഴ്ചയിൽ ഒരിക്കലുള്ള ഡ്രൈ ഡേ ആചരണവും ഡെങ്കിപ്പനി നിയന്ത്രണത്തിന് സഹായകരമാണ്. ചിക്കൻ ഗുനിയ റിപ്പോർട്ട് ചെയ്തിട്ടില്ല.

<u>എച്ച്1 എൻ1</u>

ഈ വർഷം മേയ് മാസം 8-ാം തീയതിവരെ 421 പേർക്കാണ് എച്ച്1 എൻ1 രോഗമുണ്ടായത്. 29 മരണങ്ങളുണ്ടായിട്ടുണ്ട്. രോഗബാധിതർക്ക് എ.ബി.സി. ചികിത്സാമാർഗ്ഗരേഖകൾക്കനുസരിച്ചുള്ള ചികിത്സ സർക്കാർ ആശുപത്രികളിൽ സൗജന്യമായി ലഭ്യമാക്കിയിട്ടുണ്ട്. ഇതിനുള്ള ഒസെൽട്ടാമിവിർ ഗുളിക കെ.എം.എസ്.സി.എൽ. മുഖേനയും കാരുണ്യ ഫാർമസി സ്റ്റോറുകൾവഴിയും ആവശ്യത്തിന് ലഭ്യമാക്കി. രോഗസ്ഥിരീകരണത്തിന് തൊണ്ടയിലെ സ്രവസാമ്പിൾ പരിശോധനയ്ക്ക് മണിപ്പാലിലെ വൈറോളജി റിസർച്ച് സെന്ററിൽ സൗകര്യം ലഭ്യമാണ്.

<u>എലിപ്പനി</u>

ഈ വർഷം മേയ് മാസം 8-ാം തീയതിവരെ എലിപ്പനി 427 പേർക്കാണ് റിപ്പോർട്ട് ചെയ്യപ്പെട്ടത്. 6 പേർ ഈ രോഗത്താൽ മരിച്ചു. മരണം കഴിഞ്ഞ വർഷത്തേക്കാൾ കുറവാണ്. രോഗബാധിതർ ഏറ്റവും കൂടുതൽ തിരുവനന്തപുരം ജില്ലയിലാണ്. ആലപ്പുഴ, കോഴിക്കോട്, വയനാട്, തൃശ്ശൂർ ജില്ലകളിൽ ഈ രോഗം താരതമ്യേന കൂടുതലാണ്. എലിപ്പനി ചികിത്സാ മാർഗ്ഗരേഖയും ഡോക്സിസൈക്ലിൻ

ഉൾപ്പെടെയുള്ള മരുന്നുകളും സർക്കാർ ആശുപത്രികളിൽ ലഭ്യമാക്കിയിട്ടുണ്ട്. തൊഴിലുറപ്പുപദ്ധതിയിലും കൃഷിയിലും മറ്റും ഉൾപ്പെടുന്ന ഹൈ റിസ്ക് ഗ്രൂപ്പിന് മുൻകരുതൽ പ്രതിരോധ ചികിത്സ നൽകി. പരിസരശുചീകരണം, മാലിന്യ നിർമ്മാർജ്ജനം, ക്ലോറിനേഷൻ വ്യക്തിഗത സുരക്ഷ തുടങ്ങിയവയും നടപ്പിലാക്കി.

## മലമ്പനി

മലമ്പനി കഴിഞ്ഞ വർഷങ്ങളെ അപേക്ഷിച്ച് അൽപ്പം കുറവാണ്. ഈ വർഷം മേയ് മാസം 8-ാം തീയതിവരെ 194 പേർക്ക് മലമ്പനി റിപ്പോർട്ട് ചെയ്തു. കാസർഗോഡ്, കോഴിക്കോട്, മലപ്പുറം ജില്ലകളിലാണ് ഈ രോഗം കൂടുതലായി കാണുന്നത്. രോഗബാധിതർക്ക് സൗജന്യ ചികിത്സ എല്ലാ സർക്കാർ ആശുപത്രികളിലും ലഭ്യമാണ്. രോഗബാധിത പ്രദേശങ്ങളിൽ മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള രോഗനിരീക്ഷണം കൊതുകുനിയന്ത്രണത്തിന് വീടിനുള്ളിൽ സ്പ്രേയിംഗ് (ഇൻഡോർ സ്പെയിസ് സ്പ്രേ-ഐ.എസ്.എസ്.), മുറിക്കകത്തെ ചുവരുകളിൽ സ്പ്രേയിംഗ് (ഇൻഡോർ റസിഡ്യുവൽ സ്പ്രേ-ഐ.ആർ.എസ്.), ജലാശയങ്ങളിൽ കൂത്താടികളെ നിയന്ത്രിക്കാൻ ഗപ്പിമത്സ്യം നിക്ഷേപിക്കൽ തുടങ്ങിയവ നടത്തി. കൂടാതെ ഇതര സംസ്ഥാന തൊഴിലാളികളുടെ രക്തപരിശോധനയും കാര്യക്ഷമമാക്കി.

## മലമ്പനി നിർമ്മാർജ്ജന പ്രവർത്തനങ്ങൾ

2020-ഓടുകൂടി സംസ്ഥാനത്ത് തദ്ദേശീയ മലമ്പനി ഇല്ലാതാക്കുവാനുള്ള പ്രവർത്തനങ്ങളാണ് നടത്താനുദ്ദേശിക്കുന്നത്. അതിനുവേണ്ടി മലമ്പനി നിരീക്ഷണവും നിയന്ത്രണവും കാര്യക്ഷമമാക്കും. മലമ്പനി ഹോട്ട് സ്പോട്ടുകളുടെ മാപ്പിംഗ് നടത്തും. ഇതര സംസ്ഥാന തൊഴിലാളികളെ Rapid Diagnostic Tests (RDTs) ഉപയോഗിച്ച് രക്തപരിശോധന നടത്തും. ഇതര സംസ്ഥാനങ്ങളിൽ പോയിവരുന്ന കേരളീയരെയും പരിശോധിക്കും. ഹോട്സ്പോട്ടുകളിൽ രക്തപരിശോധന വർദ്ധിപ്പിക്കും. സ്വകാര്യ ആശുപത്രികൾ ഉൾപ്പെടെ സെന്റിനൽ രോഗ നിരീക്ഷണ സമ്പ്രദായം നടപ്പാക്കും. മലമ്പനിയുടെ നോട്ടിഫിക്കേഷനും ക്രോസ് നോട്ടിഫിക്കേഷനും പ്രാബല്യത്തിൽ വരുത്തും. ചികിത്സാ പ്രോട്ടോക്കോൾ അനുസരിച്ചുള്ള മലമ്പനി സമ്പൂർണ്ണ ചികിത്സ ഉറപ്പാക്കും. ബോധവൽക്കരണം കാര്യക്ഷമമാക്കും. കൊതുക് നിരീക്ഷണവും നിയന്ത്രണവും ഊർജ്ജിതപ്പെടുത്തും.

## സ്ക്രബ്ടൈഫസ് (ചെള്ളുപനി)

സ്ക്രബ്ടൈഫസ് (ചെള്ളുപനി) സംസ്ഥാനത്ത് ഈ വർഷം മേയ് മാസം 8-ാം തീയതിവരെ 61 പേരെ ബാധിച്ചു. തിരുവനന്തപുരം ജില്ലയിലാണ് സ്ക്രബ്ടൈഫസ് ഏറ്റവും കൂടുതൽ കാണുന്നത്. ഈ രോഗം പരത്തുന്ന ചിഗർമൈറ്റുകൾ (ഒരിനം ചെള്ളുകൾ) എലികളിൽ കണ്ടുവരുന്നു. രോഗബാധിത പ്രദേശങ്ങളിൽ ചെള്ളുനശീകരണത്തിനായി കുറ്റിച്ചെടികൾ നീക്കം ചെയ്യുക, കീടനാശിനി തളിക്കൽ, എലിനശീകരണം എന്നിവ ഊർജ്ജിതപ്പെടുത്തി.

ഈ രോഗം സ്ഥിരീകരിക്കാനുള്ള കിറ്റുകൾ പബ്ലിക് ഹെൽത്ത് ലാബുകളിൽ ലഭ്യമാക്കിയിട്ടുണ്ട്. ചികിത്സയ്ക്കുള്ള ഡോക്സിസൈക്ലിൻ ഉൾപ്പെടെയുള്ള മരുന്നുകളും ലഭ്യമാണ്. ഈ രോഗത്തിന്റെ ചികിത്സാമാർഗ്ഗരേഖ തയ്യാറാക്കി സർക്കാർ/സ്വകാര്യ ഡോക്ടർമാർക്ക് നൽകിയിട്ടുണ്ട്.

<u>വയറിളക്ക രോഗങ്ങൾ</u>

വയറിളക്ക രോഗങ്ങൾ മുൻ വർഷത്തേക്കാൾ അൽപ്പം കൂടുതലാണ്. ഈ വർഷം മേയ് മാസം 8 വരെ 136014 പേർക്ക് വയറിളക്ക രോഗങ്ങൾ ബാധിക്കുകയും 2 പേർ ഇതുമൂലം മരണമടയുകയും ചെയ്തു. മലപ്പുറം, കോഴിക്കോട്, പാലക്കാട്, തൃശ്ശൂർ, തിരുവനന്തപുരം, കണ്ണൂർ ജില്ലകളിലാണ് ഈ രോഗം താരതമ്യേന കൂടുതലായി കാണപ്പെട്ടത്.

<u>ഹെപ്പറ്റൈറ്റിസ് എ</u>

ഹെപ്പറ്റൈറ്റിസ് എ മുൻവർഷത്തെ അപേക്ഷിച്ച് അൽപ്പം കുറഞ്ഞിട്ടുണ്ട്. ഈ വർഷം മേയ് മാസം 8-ാം തീയതിവരെ 253 പേർക്ക് ഹെപ്പറ്റൈറ്റിസ് എ റിപ്പോർട്ട് ചെയ്യുകയും 3 പേർ ഇതുമൂലം മരിക്കുകയുമുണ്ടായി. തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കൊല്ലം എന്നീ ജില്ലകളിലാണ് ഈ രോഗം കൂടുതലായുണ്ടായത്. നിയന്ത്രണ പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. മഴക്കാലപൂർവ്വ ശുചീകരണം, രോഗനിരീക്ഷണം, Oral rehydration salts (ORS) വിതരണം, ജലപരിശോധന, ക്ലോറിനേഷൻ, സൂപ്പർ ക്ലോറിനേഷൻ, ബോധവൽക്കരണം തുടങ്ങിയവ നടത്തിവരുന്നു.

<u>മന്ത്</u>

പാലക്കാട് ജില്ലയിൽ മന്തുരോഗ നിവാരണ സമൂഹ ചികിത്സാ പരിപാടി കഴിഞ്ഞ ഡിസംബറിൽ നടപ്പിലാക്കി. മലപ്പുറത്തെ പൊന്നാനിയിൽ ഫെബ്രുവരിയിൽ മന്ത് രോഗ നിവാരണ സമൂഹ ചികിത്സാ പരിപാടി നടത്തി. കാസർഗോഡ് ജില്ലയിൽ അഡീഷണൽ എം.എഫ്. സർവ്വേ നടത്തി. അതിന്റെ ഫലത്തെ അടിസ്ഥാനപ്പെടുത്തി മന്തുരോഗ സംക്രമണ സാദ്ധ്യതാ സർവ്വേ (ടാസ്) നടപ്പിലാക്കും. ടാസ് നടത്തി ജില്ലകളിൽ പോസ്റ്റ് എം.ഡി.എ. സർവ്വേ നടപ്പിലാക്കും.

പകർച്ചവ്യാധികളെ നേരിടാനായി ആരോഗ്യവകുപ്പ് തയ്യാറാക്കിയ വാർഷിക കർമ്മ പരിപാടി അനുസരിച്ച് മേയ് മാസം മഴക്കാലപൂർവ്വ ശുചീകരണവും കൊതുകുകളുടെ ഉറവിട നശീകരണത്തിനുള്ള വിവിധതരം ക്യാമ്പെയിനുകളും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും ശുചിത്വമിഷന്റെയും മറ്റ് വകുപ്പുകളുടെയും സഹകരണത്തോടെ ആരോഗ്യവകുപ്പ് നടത്തുന്നതിന് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

വാർഡുമെമ്പർമാരുടെ നേതൃത്വത്തിൽ വാർഡുതല ആരോഗ്യശുചിത്വ സമിതികൾ കാര്യക്ഷമമാക്കാനും ഫണ്ട് ലഭ്യത ഉറപ്പാക്കാനുമുള്ള പ്രവർത്തനങ്ങളും ഊർജ്ജിതപ്പെടുത്തി. പകർച്ച വ്യാധികളുടെ ചികിത്സാ മാർഗ്ഗരേഖകൾ സർക്കാർ/സ്വകാര്യ ആശുപത്രികളിലെ ഡോക്ടർമാർക്ക് ലഭ്യമാക്കി ശരിയായ ചികിത്സ ഉറപ്പാക്കി.

സംയോജിത രോഗനിരീക്ഷണ പരിപാടിയുടെയും (IDSP), ദേശീയ പ്രാണിജന്യ രോഗ നിയന്ത്രണ പരിപാടിയുടെയും (NVBDCP) ഭാഗമായി ദിനംപ്രതിയും പ്രതിവാരവും പ്രതിമാസവും പകർച്ച വ്യാധികളുടെ വിവരങ്ങൾ ഓരോ തലത്തിലും വിലയിരുത്തുകയും രോഗ നിയന്ത്രണ പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ചെയ്തു.

സംസ്ഥാനതലത്തിൽ 10000 കൈപ്പുസ്തകങ്ങൾ, 6000 ബോധവൽക്കരണ കലണ്ടറുകൾ, 25000 ബിറ്റ് നോട്ടീസുകൾ തുടങ്ങിയവ തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.

കൂടാതെ ഭക്ഷണശാലകൾ, ക്ലിനിക്കൽ ലബോറട്ടറികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇതര സംസ്ഥാന തൊഴിലാളി ക്യാമ്പുകൾ, വീടുകൾ, സ്ഥാപനങ്ങൾ, തോട്ടങ്ങൾ തുടങ്ങിയവയിൽ ആരോഗ്യ പ്രവർത്തകർ പൊതുജന ആരോഗ്യ നിയമ പ്രകാരം പരിശോധന നടത്തി നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തെ ഇതര സംസ്ഥാന തൊഴിലാളികളുടെ വാസസ്ഥലങ്ങളിൽ പഞ്ചായത്ത്, നഗരകാര്യം, തൊഴിൽ വകുപ്പുകളുമായി ചേർന്ന് മലമ്പനി, മന്ത് തുടങ്ങിയ രോഗങ്ങളുടെ പരിശോധനകളും മെഡിക്കൽ ക്യാമ്പും ബോധവൽക്കരണവും നടത്തി.

<u>ഫണ്ട്</u>

പകർച്ചവ്യാധി നിയന്ത്രണത്തിന് ഈ വർഷം മേയ് മാസം 8-ാം തീയതി വരെ പ്ലാൻ ഫണ്ടിൽ നിന്നും 52 ലക്ഷം രൂപ ജില്ലകളിൽ വിതരണം ചെയ്തു.